ശ്രീമദ്വാല്മീകിരാമായണം

അയോദ്ധ്യാകാണ്ഡം

ഒന്നാം ഭാഗം

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം).

വ്യാഖ്യാതാവ്:

ബ്രഹ്മശ്രീ ജി. എസ്സ്. ശ്രീനിവാസയ്യർ, ബി. ഏ., എൽ. ടി.,

ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, ആലത്തൂർ.

Published with the aid of

Sri M. N. RAMASWAMY IYER,

BANKER

By

R. SUBRAHMANYA VADHYAR & SONS,

BOOK-SELLERS & PUBLISHERS,

KALPATHI-PALGHAT

Price Rs. 5] **1939**

Printed at
THE SCHOLAR PRESS,
PALGHAT
December 1939

വിഷയാനുക്രമണിക.

സൎഗ്ഗം	വിഷയം	ശ്ലോകസംഖ്യ	പേജ്
1.	ശ്രീരാമാഭിഷേകത്തെപ്പററി ചിന്തിപ്പാൻ രാജാക്കന്മാരെ വരുത്തുന്നത്.	51	2
2.	മഹാജനസഭ ശ്രീരാമപട്ടാഭിഷേകത്തെ കുറിച്ച് അനുമോദിക്കുന്നത്.	55	16
3.	പട്ടാഭിഷേകത്തിന്നു വട്ടംകൂട്ടുന്നതും ദശരഥൻ ശ്രീരാമനെ ഉപദേശിക്കുന്നതും.	50	32
4.	അഭിഷേകകാലം നിൎണ്ണയിക്കുന്നതും കൌസല്യാദേവിയുടെ അനുഗ്രഹവും.	45	44
5.	ശ്രീരാമൻ ദീക്ഷകൊള്ളുന്നത്.	26	58
6.	ശ്രീരാമൻ നോററിരിക്കുന്നതും ജനങ്ങളുടെ വരവും.	28	65
7.	മന്ഥരയുടെ ആക്ഷേപം.	36	71
8.	മന്ഥരയുടെ ദുരാലോചന.	39	80
9.	അഭിഷേകത്തെ മുടക്കുവാനുള്ള ഉപായത്തെ ചിന്തിക്കുന്നത്.	66	91
	ഈ കാണ്ഡത്തിൽനിന്നു നാലാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ 396.		
10.	കുപിതയായ കൈകേയിയെ സമാധാനിപ്പിപ്പാൻ ശ്രമിക്കുന്നത്.	40	109
11.	രണ്ടു വരങ്ങളെ നിൎബ്ബന്ധിക്കുന്നത്.	29	118
12.	കൈകേയിയെ പിൻവലിപ്പിപ്പാനുള്ള പ്രയാസം.	115	126
13.	വീണ്ടും കൈകേയിയെ വഴിപ്പെടുത്തുവാൻ യത്നിക്കുന്നത്.	27	156
14.	കൈകേയിയുടെ വിജയം.	69	164
15.	ശ്രീരാമനെ കൂട്ടിക്കൊണ്ടുവരുവാൻ സുമന്ത്രരെ പറഞ്ഞയക്കുന്നത്.	50	180
16.	ശ്രീരാമൻ പുറപ്പെട്ടുവരുന്നത്.	48	193
17.	ശ്രീരാമൻ ദശരഥമഹാരാജാവിന്റെ അടുക്കൽ വരുന്നത്.	22	205
18.	കൈകേയി ശ്രീരാമനോടു വനവാസത്തെപ്പററി പറയുന്നത്.	41	210
19.	ശ്രീരാമൻ വനയാത്രയെക്കുറിച്ച് പ്രതിജ്ഞചെയ്യുന്നത്.	40	221
20.	കൌസല്യാദേവിയുടെ വിലാപം.	55	232
21.	കൌസല്യാദേവിയെയും ലക്ഷ്മണനേയും ശ്രീരാമൻ ബോധിപ്പിപ്പാൻ യത്നിക്കുന്നത്.	65	246
22.	വിധിയുടെ പ്രാബല്യത്തെപ്പററി ശ്രീരാമൻ പറയുന്നത്.	30	269
23.	ലക്ഷ്മണന്റെ കോപം.	42	277
24.	കൌസല്യാദേവിയെ സമാശ്വസിപ്പിക്കുന്നത്.	36	289
25.	കൌസല്യാദേവി അനുഗ്രഹിക്കുന്നത്.	47	299

സൎഗ്ഗം	വിഷയം	ശ്ലോകസംഖ്യ	പേജ്
26.	സീതാദേവിയെ നാട്ടിൽ പാൎപ്പാൻ പറയുന്നത്.	38	310
27.	സീതയുടെ മനസ്സുറപ്പ്.	23	320
28.	വനവാസദുഃഖത്തെ കുറിച്ച് പറയുന്നത്.	26	326
29.	സീത കാട്ടിലേക്കു കൂടെ വരുമെന്നു നിൎബ്ബന്ധിക്കുന്നത്.	25	333
30.	സീതയെ വനത്തിലേക്കു വരുവാൻ സമ്മതിക്കുന്നത്.	47	339
	അഞ്ചാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ	915	
31.	ലക്ഷ്മണനെ കാട്ടിലേക്കു കൂടെ വരുവാൻ സമ്മതിക്കുന്നത്.	35	353
32.	വനയാത്രക്കു മുമ്പുള്ള ധനവിതരണം.	45	362
33.	പൌരന്മാരുടെ വാക്യം.	31	374
34.	ദശരഥമഹാരാജാവിനെ സമാധാനിപ്പിപ്പാൻ ശ്രമിക്കുന്നത്.	61	382
35.	സുമന്ത്രർ കൈകേയിയെ നിന്ദിക്കുന്നത്.	37	399
36.	സിദ്ധാൎത്ഥന്റെ സദുപദേശം.	33	409
37.	മരവുരിയുടുക്കുന്നത്.	37	418
38.	കൌസല്യയെ നല്ലവണ്ണം രക്ഷിപ്പാൻ അപേക്ഷിക്കുന്നത്.	18	427
39.	കൌസല്യ സീതയെ ഉപദേശിക്കുന്നത്.	41	433
40.	പൌരന്മാർ കൂടെ പോകുന്നത്.	51	444
41.	നഗരത്തിലുള്ള കുഴപ്പം.	20	458
42.	രാജാവു കൌസല്യയുടെ ഗൃഹത്തിലേക്കു പോകുന്നത്.	35	464
43.	കൌസല്യയുടെ വിലാപം.	21	472
44.	സുമിത്രാദേവി ആശ്വസിപ്പിക്കുന്നത്.	31	478
45	പൌരന്മാർ കൂടെ പോകുന്നത്.	33	486
46.	പൌരന്മാരെ തെറ്റിച്ചുപോകുന്നത്.	34	495
47.	പൌരന്മാർ മടങ്ങുന്നത്.	19	504
48.	പൌരസ്ത്രീകളുടെ വിലാപം.	37	508
49.	കോസലരാജ്യത്തെ വിടുന്നതു്.	18	517
50.	ഗുഹനെ കാണുന്നതു്.	51	522
51.	ലക്ഷ്മണനും ഗുഹനും തമ്മിൽ സംഭാഷണം.	27	534
	ആറാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ	715	

ശ്രീരാമായണപാരായണോപക്രമശ്ലോകാഃ

വാഗീശാദ്യാഃ സുമനസഃ സൎവ്വാൎത്ഥാനാമുപക്രമേ
യന്നത്വാ കൃതകൃത്യാഃ സ്യുസ്തന്നമാമി ഗജാനനം. 1

ദോൎഭിൎയ്യുക്താ ചതുൎഭിഃ സ്ഫടികമണിമയീമക്ഷമാലാം ദധാനാ
ഹസ്തേനൈകേന പത്മം സിതമപി ച ശുകം പുസ്തകം ചാപരേണ
ഭാസാ കുന്ദേന്ദുശംഖസ്ഫടികമണിനിഭാ ഭാസമാനാഽസമാനാ
സാ മേ വാഗ്ദേവതേയം നിവസതു വദനേ സൎവ്വദാ സുപ്രസന്നാ. 2

കൂജന്തം രാമ രാമേതി മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാം വന്ദേ വാല്മീകികോകിലം. 3

വാല്മീകേൎമ്മുനിസിംഹസ്യ കവിതാവനചാരിണഃ
ശൃണ്വൻ രാമകഥാനാദം കോ ന യാതി പരാം ഗതിം. 4

യഃ പിബൻ സതതം രാമചരിതാമൃതസാഗരം
അതൃപ്തസ്തം മുനിം വന്ദേ പ്രാചേതസമകല്മഷം. 5

ഗോഷ്പദീകൃതവാരാശിം മശകീകൃതരാക്ഷസം
രാമായണമഹാമാലാരത്നം വന്ദേഽനിലാത്മജം. 6

അഞ്ജനാനന്ദനം വീരം ജാനകീശോകനാശനം
കപീശമക്ഷഹന്താരം വന്ദേ ലങ്കാഭയങ്കരം. 7

ഉല്ലംഘ്യ സിന്ധോഃ സലിലം സലീലം യഃ ശോകവഹ്നിം ജനകാത്മജായാഃ
ആദായ തേനൈവ ദദാഹ ലങ്കാം നമാമി തം പ്രാഞ്ജലിരാഞ്ജനേയം. 8

ആഞ്ജനേയമതിപാടലാനനം കാഞ്ചനാദ്രികമനീയവിഗ്രഹം
പാരിജാതതരുമൂലവാസിനം ഭാവയാമി പവമാനനന്ദനം. 9

യത്ര യത്ര രഘുനാഥകീൎത്തനം തത്ര തത്ര കൃതമസ്തകാഞ്ജലിം
ബാഷ്പവാരിപരിപൂൎണ്ണലോചനം മാരുതിം നമത രാക്ഷസാന്തകം. 10

മനോജവം മാരുതതുല്യവേഗം ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം
വാതാത്മജം വാനരയൂഥമുഖ്യം ശ്രീരാമദൂതം ശിരസാ നമാമി. 11

യഃ കൎണ്ണാഞ്ജലിസമ്പുടൈരഹരഹഃ സമ്യക് പിബത്യാദരാ-
ദ്വാല്മീകേൎവ്വദനാരവിന്ദഗളിതം രാമായണാഖ്യം മധു
ജന്മവ്യാധിജരാവിപത്തിമരണൈരത്യന്തസോപദ്രവം
സംസാരം സ വിഹായ ഗച്ഛതി പുമാൻ വിഷ്ണോഃ പദം ശാശ്വതം. 12

തദുപഗതസമാസസന്ധിയോഗം സമമധുരോപനതാൎത്ഥവാക്യബദ്ധം
രഘുവരചരിതം മുനിപ്രണീതം ദശശിരസശ്ച വധം നിശാമയദ്ധ്വം. 13

വാല്മീകിഗിരിസംഭൂതാ രാമസാഗരഗാമിനീ
പുനാതി ഭുവനം പുണ്യാ രാമായണമഹാനദീ. 14

ശ്ലോകസാരജലാകീൎണ്ണം സൎഗ്ഗകല്ലോലസങ്കുലം
കാണ്ഡഗ്രാഹമഹാമീനം വന്ദേ രാമായണാൎണ്ണവം. 15

വേദവേദ്യേ പരേ പുംസി ജാതേ ദശരഥാത്മജേ
വേദഃ പ്രാചേതസാദാസീത്സാക്ഷാദ്രാമായണാത്മനാ. 16

വൈദേഹീസഹിതം സുരദ്രുമതലേ ഹൈമേ മഹാമണ്ഡപേ
മദ്ധ്യേപുഷ്പകമാസനേ മണിമയേ വീരാസനേ സുസ്ഥിതം
അഗ്രേ വാചയതി പ്രഭഞ്ജനസുതേ തത്ത്വം മുനിഭ്യഃ പരം
വ്യാഖ്യാന്തം ഭരതാദിഭിഃ പരിവൃതം രാമം ഭജേ ശ്യാമളം. 17
വാമേ ഭൂമിസുതാ പുരശ്ച ഹനുമാൻ പശ്ചാത്സുമിത്രാസുതഃ
ശത്രുഘ്നോ ഭരതശ്ച പാർശ്വദളയോർവ്വായ്വാദികോണേഷു ച
സുഗ്രീവശ്ച വിഭീഷണശ്ച യുവരാട് താരാസുതോ ജാംബവാൻ
മദ്ധ്യേ നീലസരോജകോമളരുചിം രാമം ഭജേ ശ്യാമളം. 18
നമോഽസ്തു രാമായ സലക്ഷ്മണായ ദേവ്യൈ ച തസ്യൈ ജനകാത്മജായൈ
നമോഽസ്തു രുദ്രേന്ദ്രയമാനിലേഭ്യോ നമോഽസ്തു ചന്ദ്രാർക്കമരുദ്ഗണേഭ്യഃ. 19

പാരായണസമാപനശ്ലോകാഃ

സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം ന്യായ്യേന മാർഗ്ഗേണ മഹീം മഹീശാഃ
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
കാലേ വർഷതു പർജ്ജന്യഃ പൃഥിവീ സസ്യശാലിനീ
ദേശോഽയം ക്ഷോഭരഹിതോ ബ്രാഹ്മണാഃ സന്തു നിർഭയാഃ. 2
അപുത്രാഃ പുത്രിണഃ സന്തു പുത്രിണഃ സന്തു പൌത്രിണഃ
അധനാഃ സധനാഃ സന്തു ജീവന്തു ശരദാം ശതം. 3
ചരിതം രഘുനാഥസ്യ ശതകോടിപ്രവിസ്തരം
ഏകൈകമക്ഷരം പ്രോക്തം മഹാപാതകനാശനം. 4
ശൃണ്വൻ രാമായണം ഭക്ത്യാ യഃ പാദം പദമേവ വാ
സ യാതി ബ്രഹ്മണഃ സ്ഥാനം ബ്രാഹ്മണാ പൂജ്യതേ സദാ. 5
രാമായ രാമഭദ്രായ രാമചന്ദ്രായ വേധസേ
രഘുനാഥായ നാഥായ സീതായാഃ പതയേ നമഃ. 6
യന്മംഗളം സഹസ്രാക്ഷേ സർവ്വദേവനമസ്കൃതേ
വൃത്രനാശേ സമഭവത് തത്തേ ഭവതു മംഗളം 7
യന്മംഗളം സുപർണ്ണസ്യ വിനതാഽകല്പയത് പുരാ
അമൃതം പ്രാർത്ഥയാനസ്യ തത്തേ ഭവതു മംഗളം. 8
അമൃതോത്പാദനേ ദൈത്യാൻ ഘ്നതോ വജ്രധരസ്യ യത്
അദിതിർമ്മംഗളം പ്രാദാത് തത്തേ ഭവതു മംഗളം. 9
ത്രീൻ വിക്രമാൻ പ്രക്രമതോ വിഷ്ണോരമിതതേജസഃ
യദാസീന്മംഗളം രാമ തത്തേ ഭവതു മംഗളം. 10
ഋതവഃ സാഗരാ ദ്വീപാ വേദാ ലോകാ ദിശശ്ച തേ
മംഗളാനി മഹാബാഹോ ദിശന്തു തവ സർവ്വദാ. 11
കായേന വാചാ മനസേന്ദ്രിയൈർവ്വാ ബുദ്ധ്യാത്മനാ വാ പ്രകൃതേഃസ്വഭാവാത്
കരോമി യദ്യത്സകലം പരസ്മൈ നാരായണായേതി സമർപ്പയാമി. 12

ഹരിഃ ഓം ശ്രീഗുരുഭ്യോ നമഃ

ശ്രീ സീതാ ലക്ഷ്മണ ഭരത ശത്രുഘ്ന ഹനുമത്സമേത ശ്രീരാമചന്ദ്ര സ്വാമിനെ നമഃ

ശ്രീമദ്വാല്മീകിരാമായണം

അയോദ്ധ്യാകാണ്ഡം

[പുരാ കുശ വാഭ്യാം ശ്രീരാമസന്നിധൌ അശ്വമേധയജ്ഞവാടേ ദ്വാത്രിംശതി ദിനേഷു ഗീതേ ശ്രീമദ്രാമായണേ ചതുർത്ഥ്ഹനി ബാലകാണ്ഡേ ഷട്ഷഷ്ടിതമസർഗ്ഗമാരഭ്യ യാവത്കാണ്ഡസമാപ്തി, അയോദ്ധ്യാകാണ്ഡ ആദിതഃ നവ സർഗ്ഗാശ്ച ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാശ്ച 754]

[പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധാനത്തിൽ അശ്വമേധയാഗശാലയിൽവെച്ച് 32 ദിവസങ്ങൾകൊണ്ട് ഗാനം ചെയ്യപ്പെട്ട ശ്രീരാമായണത്തിൽ നാലാംദിവസം ബാലകാണ്ഡം 66-ാംസർഗ്ഗംമുതൽ ആ കാണ്ഡം മുഴുവനും അയോദ്ധ്യാകാണ്ഡത്തിൽ ആദ്യത്തെ 9 സർഗ്ഗങ്ങളും ഗാനംചെയ്യപ്പെട്ടു. ആ ദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ 754]

ബാലകാണ്ഡം 15-ാം സ. 16-ാം ശ്ലോ. "എതസ്മിന്നന്തരേ വിഷ്ണുഃ" ഇത്യാദികൊണ്ട്, "യതൊ വാ ഇമാനി ഭൂതാനി ജായന്തെ, യേന ജാതാനി ജീവന്തി, യത്പ്രയന്ത്യഭിസംവിശന്തി," എന്നു മുതലായ ശ്രുതിപ്രതിപാദിതമായ ജഗത്കാരണത്വത്തെയും, ബാല. 19-ാം സ. 16-ാം ശ്ലോ. "അഹം വേദ്മി മഹാത്മാനം" ഇത്യാദികൊണ്ട്, "വേദാഹമേതം പുരുഷം മഹാന്തമാദിത്യവർണ്ണം തമസസ്തു പാരേ," എന്നിത്യാദിയായി പറയപ്പെട്ട പുരുഷസൂക്തവചനപ്രകാരം, മഹാപുരുഷത്വത്തേയും, ബാല. 29-ാം സ. 14-ാം ശ്ലോ. "ത്വമനാദിരനിർദ്ദേശ്യഃ" എന്നിത്യാദിയായ അചിന്ത്യവൈഭവത്തേയും ബാല. 75-ാം സ. 21-ാം ശ്ലോകത്തിൽ "അധികം മേനിരേവിഷ്ണും" എന്നിത്യാദിയായി അന്യദേവന്മാരെക്കാളുള്ള ഉത്കൃഷ്ടതയേയും, ആദ്യത്തെ കാണ്ഡമായ ബാലകാണ്ഡത്തിൽ പറയപ്പെട്ടിരിക്കുന്നു. അയോദ്ധ്യാകാണ്ഡത്തിലാകട്ടെ, വർജ്ജ്യങ്ങളായ ദോഷങ്ങളൊന്നുമില്ലെന്നുള്ളതിനേയും അനിതരസാധാരണങ്ങളായി ശോഭനപ്രദങ്ങളായ തന്റെ ഗുണഗണങ്ങളേയും പറയപ്പെട്ടിരിക്കുന്നു. അഥവാ, ഇനിമേൽ പറവാൻപോകുന്നതായ ധർമ്മാനുഷ്ഠാനത്തിന്നു ഉപയോഗമായ ശ്രീരാമായണകഥാപുരുഷന്മാരുടെ, ഉത്കൃഷ്ടകുലമഹിമ, മഹാഗുരുകൃപകൊണ്ട് ലഭിച്ചതായ ധനുർവ്വേദരഹസ്യങ്ങളും, അതിനെസംബന്ധിച്ചതായ താടകാതാടകേയാദിവധം, ധനുർഭംഗം, വൈഷ്ണവചാപസ്വീകാരം, ഇത്യാദിയും, സഹധർമ്മചാരിണീസമാഗമവും, ബാലകാണ്ഡത്തിൽ പറയപ്പെട്ടു. ഇതിലാകട്ടെ അദ്ദേഹം അനുഷ്ഠിച്ചതായ പിതൃവാക്യപരിപാലനാദി സാമാന്യധർമ്മങ്ങളും, ഭഗവാന്റെ ഭക്തവാത്സല്യം ഭാഗവതോത്തമന്മാരോടു തനിക്കുള്ള പരതന്ത്രത മുതലായ വിശേഷധർമ്മങ്ങളും പറയപ്പെടുന്നു. ബാലകാണ്ഡത്തിൽ ലക്ഷ്മീസമാഗമം പറയപ്പെട്ടു. ഇതിലാകട്ടെ ഭൂമീസമാഗമം പറയപ്പെടുന്നു. ബാലകാണ്ഡത്തിൽ സർവ്വോത്കൃഷ്ടത പറയപ്പെട്ടു. ഇതിൽ സൌലഭ്യം (ഇതരന്മാരാൽ സുലഭമായി പ്രാപിക്കപ്പെടാമെന്നുള്ള അവസ്ഥ) പറയപ്പെടുന്നു. ആദ്യത്തെ കാണ്ഡത്തിൽ ലക്ഷ്മീയുക്തനായി പരമപുരുഷനായി വർത്തിക്കുന്ന സർവ്വജനപ്രാപ്യമായ സ്ഥാനം കഥിക്കപ്പെട്ടു. ഇപ്പോഴാകട്ടെ പ്രാപ്തമായ ജീവസ്വരൂപത്തെ പറയുന്നു. ആയതുകൊണ്ട്, ആദ്യത്തെ ശ്ലോകത്തിൽ അതിരഹസ്യമെന്ന കാരണത്താൽ സർവ്വരാലും അവശ്യം അറിയപ്പെടേണ്ടതായ "ഭഗവത്ഭക്തജനസേവ" എന്നതായ, ആ പ്രാപ്യസ്ഥാനത്തെ എത്തുവാനുള്ള സുലഭമാർഗ്ഗത്തെ, വിവക്ഷിച്ചിരിക്കുന്നു. (ഭരതൻ ശ്രീരാമഭക്തനാകയാൽ, ഭരതശുശ്രൂഷകൊണ്ടുതന്നെ പ്രാപ്യസ്ഥാനത്തിലെത്തുന്നതു അതിസുലഭമായ മാർഗ്ഗമെന്നു താല്പര്യം) (ഗോ.)

ജഗത്പരിപാലനത്തിന്നായിക്കൊണ്ട് തന്നാൽ പ്രതിജ്ഞചെയ്യപ്പെട്ട (രാവണവധാദി) കാര്യനിർവ്വൃത്യർത്ഥം, തന്റെ അഘടിതഘടനാശക്തിയേയും ശോഭനീയഗുണഗണങ്ങളേയും ഇനിമേൽ വിവരിക്കുന്നു. (സ.)]

അയോദ്ധ്യാകാണ്ഡം 1—9 സർഗ്ഗം (2356—2751)

പ്രഥമഃ സർഗ്ഗഃ = ഒന്നാംസർഗ്ഗം.

[ശ്രീരാമാഭിഷേകനിശ്ചയാർത്ഥം രാജ്ഞാമാനയനം = ശ്രീരാമാഭിഷേകത്തെപ്പററി ചിന്തിപ്പാൻ രാജാക്കന്മാരെ വരുത്തുന്നത്.]

ഗച്ഛതാ മാതുലകുലം ഭരതേന തദാഽനഘഃ
ശത്രുഘ്നോ നിത്യശത്രുഘ്നോ നീതഃ പ്രീതിപുരസ്കൃതഃ. 1

തദാ	അക്കാലം	നിത്യശത്രുഘ്നഃ	നിത്യ ശത്രുക്കളായ ഇന്ദ്രിയങ്ങളെ കീഴടക്കിയവനും ആയ
മാതുലകുലം	അമ്മാമന്റെ ഗൃഹത്തിലേക്കു	ശത്രുഘ്നഃ	ശത്രുഘ്നൻ
ഗച്ഛതാ	പോകുന്നവനായ	പ്രീതിപുരസ്കൃതഃ	വാത്സല്യ പുരസ്സരം
ഭരതേന	ഭരതനാൽ,	നീതഃ.	*കൂട്ടിക്കൊണ്ടു പോകപ്പെട്ടു.
അനഘഃ	പരിശുദ്ധനും		

സ തത്ര ന്യവസദ്ഭ്രാത്രാ സഹ സത്കാരസത്കൃതഃ
മാതുലേനാശ്വപതിനാ പുത്രസ്നേഹേന ലാളിതഃ. 2

സഃ	അദ്ദേഹം, (ഭരതൻ)	സത്കാരസത്കൃതഃ	പ്രിയമായവയെല്ലാം നൽകി തൃപ്തിപ്പെടുത്തപ്പെട്ടവനായി,
തത്ര	അവിടെ,	പുത്രസ്നേഹേന	തന്റെ സ്വന്തം പുത്രനെന്നവണ്ണം സ്നേഹത്തോടെ
ഭ്രാത്രാ സഹ	ഭ്രാതാവോടും കൂടി,	ലാളിതഃ	പരിലാളിക്കപ്പെട്ടവനായി,
അശ്വപതിനാ മാതുലേന	അശ്വപതി എന്ന തന്റെ അമ്മാമൻ യുധാജിത്താൽ	ന്യവസത്.	വസിച്ചുവന്നു.

["ന്യവസദ് ഭ്രാത്രാ" എന്നതിന്നു ഭ്രാതാവായ ശ്രീരാമനെ സർവ്വദാ ചിന്തിച്ചുംകൊണ്ട്, എന്നും വ്യംഗ്യം, (എന്ന് ഗോവിന്ദരാജൻ)].

---

*[ഭരതന്റെ കൂടെ ശത്രുഘ്നൻ പോകാനുള്ള കാരണം സ്വേച്ഛയല്ലാതെ, കേവലം ഭരതന്റെ ശുശ്രൂഷമാത്രമാകുന്നുവെന്നു "നിത്യശത്രുഘ്നഃ", എന്ന വിശേഷണം ദ്യോതിപ്പിക്കുന്നു. യുധാജിത്തിന്റെ ക്ഷണനമില്ലാതെ പോകുന്നതു യുക്തമോ എന്നുവെച്ചാൽ, "അനഘഃ", അപ്രകാരമുള്ള യാതൊന്നുമാലോചിക്കാത്തവൻ, അഹംഭാവം, ദുരാലോചന മുതലായ യാതൊന്നും ഇല്ലാത്തവൻ, എന്നു പറയുന്നു: കൂടാതെ "പ്രീതിപുരസ്കൃതഃ", ഭരതന്റെ പ്രീതിക്കു പാത്രീഭവിച്ചവനാകയാൽ, ഭരതനാൽ "നീതഃ" കൂട്ടിക്കൊണ്ടുപോകപ്പെട്ടവൻ എന്നും പറയുന്നു. (സ.)

"ശ്രീരാമവനവാസകാലത്തിൽ രാജ്യത്തെ ഭരിക്കേണ്ടവനാകയാൽ 'ഭരത'നെന്ന നാമധേയത്തോടുകൂടിയവൻ;" "പ്രീതിപുരസ്കൃതഃ" (അയോദ്ധ്യയിലാകട്ടെ ഭരതകൈങ്കര്യത്തിന്നു പലരും പങ്കുള്ളതുകൊണ്ടും മാതുലഗൃഹത്തിൽ അതിന്നു ഭാഗഭാക്കുകളാരുമില്ലാത്തതുകൊണ്ടും പ്രീതിയോടുകൂടിയവനായി) എന്നു താല്പര്യം; "നീതഃ" (ഛായ, വസ്തുവിന്റെകൂടെ പോകുന്നതുപോലെ കൂടെക്കൊണ്ടുപൊകപ്പെട്ടവൻ); എന്നു തനിശ്ലോകി].

തത്രാപി നിവസന്തൌ തൌ തർപ്പ്യമാണൌ ച കാമതഃ
ഭ്രാതരൌ സ്മരതാം വീരൌ വൃദ്ധം ദശരഥം നൃപം. 3

വീരൌ	വീരന്മാരും	അപി ച,	ഇരുന്നു എങ്കിലും,
ഭ്രാതരൌ	സഹോദരന്മാരും ആയ	വൃദ്ധം	വയോധികനായ
തൌ,	ആ രണ്ടുപേരും,	ദശരഥം നൃപം	ദശരഥ ചക്രവർത്തിയെപ്പററി
തത്ര	അവിടെ		
നിവസന്തൌ	വസിക്കുന്നവരായി,	സ്മരതാം.	വിചാരിച്ചു കൊണ്ടുതന്നെയാണ് വർത്തിച്ചത്. (അർത്ഥം)
കാമതഃ	ഇഷ്ടംപോലെ		
തർപ്പ്യമാണൌ	തൃപ്തിപ്പെടുത്തപ്പെട്ടവരായി		

രാജാഽപി തൌ മഹാഭാഗൌ സസ്മാര പ്രോഷിതൌ സുതൌ
ഉഭൌ ഭരതശത്രുഘ്നൌ മഹേന്ദ്രവരുണോപമൌ. 4

രാജാ അപി,	ചക്രവർത്തിയും,	പ്രോഷിതൌ,	അന്യദേശത്ത് വസിക്കുന്നവരും ആയ
മഹേന്ദ്ര-വരുണോ-പമൌ	ഇന്ദ്രനും വരുണനും പോലെ (യോഗ്യന്മാരും) (അത്യന്ത സ്നേഹയുക്തന്മാരും,)	ഭരതശത്രുഘ്നൌ	ഭരതശത്രുഘ്നന്മാരായ
		തൌ ഉഭൌ സുതൌ	ആ രണ്ടു കുമാരന്മാരേയും
മഹാഭാഗൌ	പ്രസിദ്ധന്മാരും	സസ്മാര.	അത്യാശയോടെ ഓർത്തുകൊണ്ടിരുന്നു.

സർവ്വ ഏവ തു തസ്യേഷ്ടാശ്ചത്വാരഃ പുരുഷർഷഭാഃ
സ്വശരീരാദ്വിനിർവൃത്താശ്ചത്വാര ഇവ ബാഹവഃ. 5

തു,	എന്തുകൊണ്ടെന്നാൽ,	വിനിർവൃത്താഃ	ഉണ്ടായ
പുരുഷർഷഭാഃ	പുരുഷോത്തമന്മാരായ	ചത്വാരഃ	നാലു
ചത്വാരഃ	ആ നാലുപേർ	ബാഹവഃ ഇവ,	കൈകൾ പോലെ,
സർവ്വേ ഏവ,	എല്ലാവരും തന്നെ,	തസ്യ	അദ്ദേഹത്തിന്നു
സ്വശരീരാത്	സ്വന്തം ദേഹത്തിൽനിന്നു	ഇഷ്ടാഃ.	പ്രിയപ്പെട്ടവരായിരുന്നു.

തേഷാമപി മഹാതേജാ രാമോ രതികരഃ പിതുഃ
സ്വയംഭൂരിവ ഭൂതാനാം ബഭൂവ ഗുണവത്തരഃ. 6

തേഷാം അപി	അവരിലും വെച്ച്	മഹാതേജാഃ	മഹാതേജസ്വിയായും
രാമഃ,	ശ്രീരാമൻ,	പിതുഃ	അച്ഛന്നു
ഭൂതാനാം	പ്രാണികൾക്കു	രതികരഃ	പരമാനന്ദസന്ദായകനായും
സ്വയംഭൂഃ ഇവ	ബ്രഹ്മാവെന്നവണ്ണം,		
ഗുണവത്തരഃ	വിശിഷ്ട ഗുണഗണങ്ങളോടു കൂടിയവനായും	ബഭൂവ.	ഭവിച്ചു.

[“ഭൂതാനാം” (ഇന്ദ്രാദികളിൽവെച്ച്) “സ്വയംഭൂഃ” (ബ്രഹ്മാവ്) “പിതുഃ” (സ്വപിതാവായ വിഷ്ണുഭഗവാന്ന്), എപ്രകാരം പ്രീതികരനായ്ഭവിച്ചുവോ, അപ്രകാരം പ്രീതികരനായിഭവിച്ചു. പിന്നെ ശ്രീരാമൻ, “പിതുഃ” (സ്വപിതാവിന്നും), “തേഷാമപി” (തന്റെ ഭ്രാതാക്കന്മാരായ അവ

ക്കും), "സ്വയംഭൂഃ" (ബ്രഹ്മാവ്) "പിതുഃ വിഷ്ണോഃ" (പിതാവായ വിഷ്ണുവിന്നും), "ഭൂതാനാം ച," (ഇന്ദ്രാദിദേവന്മാൎക്കും) എങ്ങിനെ പ്രീതികരനായ്ഭവിച്ചുവോ അപ്രകാരം ഭവിച്ചു. വിഷ്ണു, ബ്രഹ്മാവ് മുതലായ സൎവ്വഭൂതജാലങ്ങൾക്കും ജനകനെന്നുള്ളതിനെ "യതൊവാ ഇമാനി ഭൂതാനി ജായന്തെ," ഇത്യാദി ശ്രുതിവാക്യങ്ങളിലും "ആത്മനഃ പ്രഥമം പുത്രം ബ്രഹ്മാണമസൃജദ്വിഭുഃ തതശ്ചരാചരം വിശ്വം വിഷ്ണുൎവ്വിശ്വജഗന്മയഃ" (ആനുശാസനികം) ഇത്യാദിവചനങ്ങളിലും കാണുക. (മുനിഭാവ പ്രകാശികാ വ്യാഖ്യാനം)].

സ ഹി ദേവൈരുദീൎണ്ണസ്യ രാവണസ്യ വധാൎത്ഥിഭിഃ
അൎത്ഥിതോ മാനുഷേ ലോകേ ജജ്ഞേ വിഷ്ണുഃ സനാതനഃ. 7

ഉദീൎണ്ണസ്യ	മദോന്മത്തനായ	വിഷ്ണുഃ ഹി	സാക്ഷാൽ മഹാവിഷ്ണുവും ആയ
രാവണസ്യ	രാവണന്റെ		
വധാൎത്ഥിഭിഃ	വധത്തെ കാംക്ഷിച്ച	സഃ	അദ്ദേഹം
ദേവൈഃ	ദേവന്മാരാൽ [വരായ	മാനുഷേ ലോകേ	മനുഷ്യലോകത്തിൽ
അൎത്ഥിതഃ,	പ്രാൎത്ഥിക്കപ്പെട്ടവനും,	ജജ്ഞേ.	തിരുവവതാരം ചെയ്തരുളി.
സനാതനഃ	അനാദിയും		

["അജായമാനൊ ബഹുധാ വിജായതേ" ഇത്യാദി ശ്രുതിപ്രസിദ്ധവാക്യദ്യോതകമാകുന്നു ഈ ശ്ലോകം (ഗോവിന്ദരാജൻ)].

കൌസല്യാ ശുശുഭേ തേന പുത്രേണാമിതതേജസാ
യഥാ ച ദേവീ ദേവാനാമദിതിൎവ്വജ്രപാണിനാ. 8

അമിതതേജസാ	അളവററ പരാക്രമശാലിയായ	ദേവാനാം	ദേവന്മാരുടെ ഇടയിൽ
		വജ്രപാണിനാ	ദേവേന്ദ്രനാൽ
തേന	ആ	അദിതിഃ ദേവീ	അദിതിദേവി
പുത്രേണ	പുത്രനാൽ,	യഥാ	എന്നപോലെ
കൌസല്യാ ച	കൌസല്യാദേവിയും,	ശുശുഭേ.	ശോഭിച്ചു.

["ഗുണവത്തരഃ" എന്നു പറഞ്ഞതിനെ വൎണ്ണിക്കുന്നു].

സ ഹി രൂപോപപന്നശ്ച വീൎയ്യവാനനസൂയകഃ
ഭൂമാവനുപമഃ സൂനുൎഗ്ഗുണൈൎദ്ദശരഥോപമഃ. 9

ഭൂമൌ	ലോകത്തിൽ	സഃ ;	അദ്ദേഹം ;
ഗുണൈഃ	ഗുണങ്ങളാൽ	രൂപോപപന്നഃ ;	സുന്ദരൻ ;
ദശരഥോപമഃ	ദശരഥനു തുല്യനും	വീൎയ്യവാൻ ;	വീൎയ്യശാലി ;
അനുപമഃ	യതൊന്നിനോടും ഉപമിക്കപ്പെട്ടവാൻ കഴിയാത്തവനുമായ	ച	എങ്കിലും
സൂനുഃ ഹി	പുത്രൻ (ആകുന്നു)	അനസൂയകഃ.	യാതൊരു അഹിതങ്ങൾക്കും കാരണമാകാത്തവൻ.

["ദശഃ പക്ഷീ വിഹംഗമഃ" എന്നു ഹലായുധൻ. 'ദശഃ,' എന്നുവെച്ചാൽ പക്ഷി, അതായത് ഗരുഡൻ. "സഃ രഥോ യസ്യ സഃ ദശരഥഃ". ഗരുഡവാഹനൻ 'ഗഗനം ഗഗനാകാരം' എന്ന മാതിരി, മഹാവിഷ്ണുതന്നെ തനിക്കു തുല്യനായ് പറയപ്പെടാവുന്നവൻ എന്നു "ദശരഥോപമഃ" എന്ന പദത്തിന്റെ അൎത്ഥം].

സ തു നിത്യം പ്രശാന്താത്മാ മൃദുപൂൎവ്വം ച ഭാഷതേ
ഉച്യമാനോഽപി പരുഷം നോത്തരം പ്രതിപദ്യതേ. 10

സഃ	അദ്ദേഹം	ഭാഷതേ;	സംസാരിച്ചിരുന്നു;
നിത്യം	എല്ലായ്പോഴും	പരുഷം ഉച്യമാനഃ	പരുഷമായി സംഭാഷിക്കപ്പെട്ടവൻ
പ്രശാന്താത്മാ,	ശാന്തചിത്തനായി	അപി തു	എന്നിരുന്നാലും
മൃദുപൂൎവ്വം ച	ക്ഷോഭമുണ്ടാകാത്ത മാതിരി	ഉത്തരം	മറുപടിയൊന്നും
		പ്രതിപദ്യതേ ന.	പറയുകയില്ല.

കഥഞ്ചിദുപകാരേണ കൃതേനൈകേന തുഷ്യതി
ന സ്മരത്യപകാരാണാം ശതമപ്യാത്മവത്തയാ. 11

കഥഞ്ചിത്	എപ്രകാരമെങ്കിലും,	അപകാരാണാം	അപകാരങ്ങൾ
കൃതേന	ചെയ്യപ്പെട്ടതായ	ശതം അപി	എത്ര ചെയ്താലും അവയെ
ഏകേന	എന്തെങ്കിലുമൊരു	ആത്മവത്തയാ	തന്റെ മനസ്സ് ഉത്തമഗുണങ്ങളോടുകൂടിയതായിരുന്നതിനാൽ
ഉപകാരേണ	ഉപകാരത്താൽ	സ്മരതി ന.	സ്മരിക്കുകതന്നെ ചെയ്യാറില്ല.
തുഷ്യതി;	സന്തുഷ്ടനായി ഭവിക്കുന്നു (അതിനെ മറക്കുന്നില്ല);		

ശീലവൃദ്ധൈൎജ്ഞാനവൃദ്ധൈൎവ്വയോവൃദ്ധൈശ്ച സജ്ജനൈഃ
കഥയന്നാസ്ത വൈ നിത്യമസ്ത്രയോഗ്യാന്തരേഷ്വപി. 12

നിത്യം വൈ	എല്ലായ്പോഴും	ജ്ഞാനവൃദ്ധൈഃ	ജ്ഞാനപരിപാകതയാൎന്നവരായും
അസ്ത്രയോഗ്യാന്തരേഷു	ആയുധാഭ്യാസം ചെയ്യുന്നതിന്റെ ഇടയിലുണ്ടാകാറുള്ള സമയങ്ങളിൽ	വയോവൃദ്ധൈഃ ച	വയസ്സുമുതിൎന്നവരായ യോഗ്യന്മാരായും ഉള്ള
		സജ്ജനൈഃ അപി	സജ്ജനങ്ങളോടുകൂടി മാത്രം
ശീലവൃദ്ധൈഃ	ധൎമ്മതത്വങ്ങളെ നന്നായറിഞ്ഞവരായും	കഥയൻ	സംഭാഷണം ചെയ്തുകൊണ്ട്
		ആസ്ത.	ഇരുന്നു.

ബുദ്ധിമാൻ മധുരാഭാഷീ പൂൎവ്വഭാഷീ പ്രിയംവദഃ
വീൎയ്യവാൻ ന ച വീൎയ്യേണ മഹതാ സ്വേന വിസ്മിതഃ. 13

ബുദ്ധിമാൻ;	വിവേകമുള്ളവൻ;	വീൎയ്യവാൻ;	പൌരുഷത്തോടുകൂടിയവൻ;
മധുരാഭാഷീ;	മററുള്ളവരുടെ ചിത്തം കുളൎപ്പിക്കുമാറു് സംഭാഷണംചെയ്യുന്നവൻ;	ച,	എങ്കിലും,
		സ്വേന	തന്റെ
പൂൎവ്വഭാഷീ;	നയവിനയോക്തിയാൎന്നവൻ;	മഹതാ	മഹത്തായ
		വീൎയ്യേണ	ആ പൌരുഷംമൂലം
പ്രിയംവദഃ;	നന്മചെയ്യുന്നവയെപ്പററിമാത്രംപറയുന്നവൻ	വിസ്മിതഃ ന.	ഗൎവ്വം കയ്ക്കൊള്ളാത്തവൻ.

ന ചാനൃതകഥോ വിദ്വാൻ വൃദ്ധാനാം പ്രതിപൂജകഃ
അനുരക്തഃ പ്രജാഭിശ്ച പ്രജാശ്ചാപ്യനുരഞ്ജതേ. 14

അനൃതകഥഃ ന;	അസത്യം പറയാത്തവൻ;	പ്രജാഃ ച	പ്രജകളെയെല്ലാം
വിദ്വാൻ;	സകലവിദ്യാപാരംഗതൻ;	അനുരഞ്ജതേ;	സന്തോഷിപ്പിക്കുന്നു;
വൃദ്ധാനാം	യോഗ്യന്മാൎക്ക്	അപി ച	അതിനാൽതന്നെ
പ്രതിപൂജകഃ;	കീഴടങ്ങി വണങ്ങുന്നവൻ;	പ്രജാഭിഃ ച	പ്രജകളാലും
		അനുരക്തഃ.	നല്ലപോലെ സ്നേഹിക്കപ്പെട്ടവൻ.

സാനുക്രോശോ ജിതക്രോധോ ബ്രാഹ്മണപ്രതിപൂജകഃ
ദീനാനുകമ്പീ ധൎമ്മജ്ഞോ നിത്യം പ്രഗ്രഹവാൻ ശുചിഃ. 15

നിത്യം	എല്ലായ്പോഴും	ധൎമ്മജ്ഞഃ;	ധൎമ്മങ്ങളെ അറിഞ്ഞവൻ
സാനുക്രോശഃ;	അഗതികളിൽ ആദരവോടുകൂടിയവൻ;	പ്രഗ്രഹവാൻ;	സൎവ്വദാ സൎവ്വപ്രാണികൾക്കും അഭയത്തെ നൽകുകയെന്ന വ്രതത്തോടുകൂടിയവൻ;
ജിതക്രോധഃ;	കോപത്തെ ജയിച്ചവൻ;	ശുചിഃ.	അന്യന്റേതായ ഒന്നിനെയും ആഗ്രഹിക്കാത്തവനായ പരിശുദ്ധമൂൎത്തി.
ബ്രാഹ്മണപ്രതിപൂജകഃ	ബ്രാഹ്മണരെ ബഹുമാനിക്കുന്നവൻ;		
ദീനാനുകമ്പീ;	കഷ്ടത്തിലകപ്പെട്ടവരുടെ കഷ്ടങ്ങളെ തീൎക്കുന്നവൻ;		

[“പ്രഗ്രഹവാൻ”- ദുഷ്ടനിഗ്രഹം ഇന്ദ്രിയനിഗ്രഹം എന്നിവ സാധിച്ചവൻ എന്നു തിലകം. “അഭയം സൎവ്വഭൂതേഭ്യോ ദദാമ്യേതദ്വ്രതം മമ”. (സൎവ്വപ്രാണികൾക്കും ഞാൻ അഭയപ്രദാതാവാകുന്നു. ഇതാകുന്നു എന്റെ വ്രതം). എന്നു യുദ്ധകാണ്ഡം 18-ാം സൎഗ്ഗത്തിൽ വിഭീഷണനു അഭയംകൊടുക്കുന്ന സംഗതിയെപ്പററി വാനരന്മാരോടു ഭഗവാൻ പറയുന്നതു കാണ്ക. “യോഽൎത്ഥേ ശുചിഃ സഹി ശുചിൎന്ന മൃദ്വാരി ശുചിഃ ശുചിഃ” (യാതൊരുവൻ അൎത്ഥവിഷയത്തിൽ ശുചിയൊ അവനാകുന്നു ശുചിയായവൻ അല്ലാതെ മൃത്തിക ജലം ഇത്യാദികൊണ്ടു് ദേഹത്തെ ശുചിയാക്കുന്നവനല്ല) എന്നു മനു.]

കുലോചിതമതിഃ ക്ഷാത്രം ധൎമ്മം സ്വം ബഹുമന്യതേ
മന്യതേ പരയാ കീൎത്ത്യാ മഹത്സ്വൎഗ്ഗഫലം തതഃ. 16

കുലോചിതമതിഃ;	സ്വകുലത്തിനുററ ദയാദാക്ഷിണ്യാദിസദ്ബുദ്ധിയാൎന്നവൻ;	സ്വൎഗ്ഗഫലം	സ്വൎഗ്ഗപ്രാപ്തിയുണ്ടാകുമെന്നു്
		മന്യതേ;	കരുതുന്നു;
		തതഃ	അതിനാൽ
		സ്വം	തന്റെ
പരയാ	അതിയായ	ക്ഷാത്രം ധൎമ്മം	ക്ഷത്രിയധൎമ്മത്തെ
കീൎത്ത്യാ	യശസ്സുകൊണ്ടു്	ബഹുമന്യതേ.	തെററാതെ അനുഷ്ഠിച്ചുവരുന്നു.
മഹത്	മഹത്തായ		

[“ശ്രേയാൻ സ്വധൎമ്മോ വിഗുണഃ പരധൎമ്മാത്സ്വനുഷ്ഠിതാത്” എന്നു ഗീത.]

നാശ്രേയസി രതോ യശ്ച ന വിരുദ്ധകഥാരുചിഃ
ഉത്തരോത്തരയുക്തൌ ച വക്താ വാചസ്പതിൎയ്യഥാ. 17

അശ്രേയസി	അന്യന്നു ദുഃഖമുണ്ടാക്കുന്ന കാൎയ്യത്തിൽ
രതഃ ന;	പ്രവേശിക്കാത്തവൻ;
വിരുദ്ധ-കഥാരുചിഃ ന;	ധൎമ്മവിരുദ്ധങ്ങളായ മൊഴികൾക്കു അവകാശം നൽകാത്തവൻ;
ഉത്തരോത്തര-യുക്തൌ ച;	മേല്ക്കുമേൽയുക്തിയുക്തമായി വാദങ്ങളെ സാധിക്കേണ്ട സംഗതിയിലും
വക്താ	വാക്യകോവിദനായ
വാചസ്പതിഃ യഥാ	ബൃഹസ്പതിദേവനെന്നപോലെയിരിക്കുന്നവൻ
യഃ ച.	യാതൊരുവനോ, അപ്രകാരമുള്ളവൻ.

അരോഗസ്തരുണോ വാഗ്മീ വപുഷ്മാൻ ദേശകാലവിത്
ലോകേ പുരുഷസാരജ്ഞഃ സാധുരേകോ വിനിൎമ്മിതഃ. 18

അരോഗഃ	ആധിവ്യാധിയററവനും
തരുണഃ	പ്രകാശിച്ചു വിളങ്ങുന്നവനും
ദേശകാലവിത്	ദേശകാലങ്ങളെ അറിഞ്ഞവനും
പുരുഷ-സാരജ്ഞഃ	ജനങ്ങളുടെ അന്തൎഗ്ഗതങ്ങളെ അറിഞ്ഞവനും
ഏകഃ	നിസ്തുല്യനായ
സാധുഃ	പുണ്യാത്മാവുമായ
വാഗ്മീ,	മഹാവിഷ്ണു,
ലോകേ വപുഷ്മാൻ	ലോകത്തിൽ ദേഹം പൂണ്ടവതരിച്ചവനായി
വിനിൎമ്മിതഃ.	സൎവ്വരാലും കൊണ്ടാടപ്പെട്ടവനായിവൎത്തിച്ചു.

[ഈ ശ്ലോകം "യുവാ സ്യാത്സാധു യുവാധ്യായകഃ ആശിഷ്ഠോ ദ്രഢിഷ്ഠോ ബലിഷ്ഠഃ" എന്ന ശ്രുതിവചനത്തെ അനുസരിച്ചതെന്നു ഗോവിന്ദരാജീയം. "അരോഗഃ" എന്നതു "ആശിഷ്ഠഃ എന്നതിനേയും, "തരുണഃ" "വാഗ്മീ" എന്നവ, "യുവാദ്ധ്യായകഃ" എന്നതിനേയും, "വപുഷ്മാൻ" എന്നതു ബലിഷ്ഠഃ"എന്നതിനേയും "ദേശകാലവിത്", എന്നതു "സാധു" എന്നതിനേയും, വിവക്ഷിക്കുന്നു. "വപുഷ്മാൻ, " (സാമുദ്രികാലക്ഷണങ്ങൾക്കൊത്ത ശരീരത്തോടുകൂടിയവൻ) എന്നു സൎവ്വാൎത്ഥസാരം. "വാഗ്മീ" എന്നു ബൃഹസ്പതിക്കും വിഷ്ണുവിന്നും പേരുകൾ. മററു സാധാരണ അൎത്ഥം സ്പഷ്ടം].

സ തു ശ്രേഷ്ഠൈൎഗ്ഗുണൈൎയ്യുക്തഃ പ്രജാനാം പാൎത്ഥിവാത്മജഃ
ബഹിശ്ചര ഇവ പ്രാണോ ബഭൂവ ഗുണവത്തരഃ. 19

പാൎത്ഥിവാത്മജഃ	ചക്രവൎത്തിതനയനും,
ഗുണവത്തരഃ	വിശിഷ്ടതരങ്ങളായ ഗുണങ്ങളാൎന്നവനും,
തു	പ്രത്യേകം പറയാത്തവയായ മററുപലപല
ശ്രേഷ്ഠൈഃ ഗുണൈഃ യുക്തഃ	ഉത്തമ ഗുണഗണങ്ങളോടുകൂടിയവനും ആയ
സഃ,	അദ്ദേഹം,
പ്രജാനാം	പ്രജകൾക്ക്
ബഹിശ്ചരഃ	ദേഹംവിട്ടു വെളിയിൽ സഞ്ചരിക്കുന്ന
പ്രാണഃ ഇവ	പ്രാണൻ എന്നവണ്ണം
ബഭൂവ.	വിളങ്ങി.

സമ്യഗ്വിദ്യാവ്രതസ്നാതോ യഥാവത് സാംഗവേദവിത്
ഇഷ്വസ്ത്രേ ച പിതുഃ ശ്രേഷ്ഠോ ബഭൂവ ഭരതാഗ്രജഃ. 20

ഭരതാഗ്രജഃ	ഭരതജ്യേഷ്ഠനായ അദ്ദേഹം	ഇഷ്വസ്ത്രേ	അസ്ത്രശസ്ത്രവിദ്യയിൽ
സമ്യക്	വഴിപോലെ	പിതുഃ ച	(ദേവാസുരയുദ്ധത്തിൽ ദേവന്മാരെ സഹായിച്ച) തന്റെ പിതാവിനെക്കാളും
വിദ്യാവ്രതസ്നാതഃ;	വിദ്യാഭ്യാസത്തെയും വ്രതങ്ങളേയും പരിപൂൎത്തിയാക്കിയവൻ;	ശ്രേഷ്ഠഃ	ശ്രേഷ്ഠനായി
യഥാവത്	ഉള്ള പ്രകാരംതന്നെ	ബഭൂവ.	വിളങ്ങി.
സാംഗവേദവിത്	വേദവേദാംഗങ്ങളെ അറിഞ്ഞവൻ;		

കല്യാണാഭിജനഃ സാധുരദീനഃ സത്യവാഗൃജുഃ
വൃദ്ധൈരഭിവിനീതശ്ച ദ്വിജൈൎദ്ധൎമ്മാൎത്ഥദൎശിഭിഃ. 21

സാധുഃ;	സത്കുലജാതൻ;	സത്യവാക്,	പറഞ്ഞവാക്കിളക്കാത്തവൻ;
കല്യാണാഭിജനഃ	ശോഭനങ്ങളായ ഗുണഗണങ്ങൾക്കിരിപ്പിടം,	ധൎമ്മാൎത്ഥദൎശിഭിഃ	ധൎമ്മതത്വങ്ങളെ സ്പഷ്ടമായുപദേശിക്കുന്നവരായ
അദീനഃ	സദാ ഉത്സാഹശീലനായി,	ദ്വിജൈഃ വൃദ്ധൈഃ ച	മഹാ ബ്രാഹ്മണന്മാരാൽ തന്നെ
ഋജുഃ,	നേരേമാൎഗ്ഗത്തിൽതന്നെ നടക്കുന്നവനായി,	അഭിവിനീതഃ.	നന്നായ് ശിക്ഷചെയ്യപ്പെട്ടവൻ.

ധൎമ്മകാമാൎത്ഥതത്വജ്ഞഃ സ്മൃതിമാൻ പ്രതിഭാനവാൻ
ലൌകികേ സമയാചാരേ കൃതകല്പോ വിശാരദഃ. 22

സ്മൃതിമാൻ;	യാതൊന്നും ഓൎമ്മയിൽനിന്നു വിട്ടുപോകാത്തവൻ;	ധൎമ്മകാമാൎത്ഥതത്വജ്ഞഃ;	ധൎമ്മം കാമം അൎത്ഥം എന്ന പുരുഷാൎത്ഥങ്ങളുടെ സൂക്ഷ്മതത്വത്തെ അറിഞ്ഞവൻ;
പ്രതിഭാനവാൻ;	മേല്ക്കുമേൽ നവം നവങ്ങളായി ഉണ്ടാവുന്ന ബുദ്ധിചാതുൎയ്യത്തോടുകൂടിയവൻ;	ലൌകികേ സമയാചാരേ	ലോകസമ്മതമായുള്ള സാങ്കേതികാചാരത്തിൽ
		വിശാരദഃ	വിദഗ്ദ്ധനായി,
		കൃതകല്പഃ.	എല്ലാവൎക്കും ഒരു മാതൃകയായിരിക്കുന്നവൻ.

[ധൎമ്മം ഒന്നിൽനിന്നു മാത്രംതന്നെയാണ് നാം ഇച്ഛിക്കുന്ന പുരുഷാൎത്ഥങ്ങളെല്ലാം സിദ്ധിക്കുന്നതെന്നുള്ള തത്വത്തെയറിഞ്ഞവൻ. അൎത്ഥശബ്ദംകൊണ്ട് പരമാൎത്ഥഭൂതമായ മോക്ഷത്തെയും സൂചിപ്പിക്കുന്നു എന്നു രാമാനുജീയം].

നിഭൃതഃ സംവൃതാകാരോ ഗുപ്തമന്ത്രഃ സഹായവാൻ
അമോഘക്രോധഹർഷശ്ച ത്യാഗസംയമകാലവിത്. 23

നിഭൃതഃ; വിനയത്തോടുകൂടിയവൻ;
സംവൃതാകാരഃ മനസ്സിൽ കരുതിയവയെ മനസ്സിൽതന്നെ ഒതുക്കിവെപ്പാൻ കഴിവുള്ളവൻ,
ഗുപ്തമന്ത്രഃ താനുദ്ദേശിച്ച കാൎയ്യം നിറവേറുന്നതുവരെ മററുള്ളവരറിയാതെ ഗൂഢമായി സൂക്ഷിക്കുന്നവൻ;
സഹായവാൻ, ആപ്തന്മാരായ സ്നേഹിതന്മാരോടുകൂടിയവൻ,
അമോഘക്രോധഹർഷഃ നിഷ്ഫലമാകാത്ത കോപത്തോടും സന്തോഷത്തോടും കൂടിയവൻ,
ത്യാഗസംയമകാലവിത് ച. ധനം മുതലായവയെ ചിലവുചെയ്യേണ്ട സന്ദൎഭത്തേയും ശേഖരിച്ചുവെക്കേണ്ടതായ അവസരത്തേയും വഴിപോലെ അറിഞ്ഞവൻ.

ദൃഢഭക്തിഃ സ്ഥിരപ്രജ്ഞോ നാസദ്ഗ്രാഹീ ന ദുൎവ്വചാഃ
നിസ്തന്ദ്രിരപ്രമത്തശ്ച സ്വദോഷപരദോഷവിത്. 24

ദൃഢഭക്തിഃ നിശ്ചലമായ ഭക്തിയോടുകൂടിയവൻ;
സ്ഥിരപ്രജ്ഞഃ നിശ്ചലജ്ഞാനസമ്പന്നൻ,
അസദ്ഗ്രാഹീ ന, അസത്തുക്കളെ അടുപ്പിക്കാത്തവൻ,
ദുൎവ്വചാഃ ന, അനുചിതമായ യാതൊന്നും കഥിക്കാത്തവൻ,
നിസ്തന്ദ്രിഃ, ആലസ്യമില്ലാത്തവൻ,
അപ്രമത്തഃ, അശ്രദ്ധമൂലം തെററൊന്നും ചെയ്യാത്തവൻ,
സ്വദോഷപരദോഷവിത് ച. തനിക്ക് നേരിടാവുന്ന ദോഷങ്ങളേയും അന്യന്റെ ദോഷങ്ങളേയും ഉള്ളവണ്ണം അറിഞ്ഞവൻ.

ശാസ്ത്രജ്ഞശ്ച കൃതജ്ഞശ്ച പുരുഷാന്തരകോവിദഃ
യഃ പ്രഗ്രഹാനുഗ്രഹയോൎയ്യഥാന്യായം വിചക്ഷണഃ. 25

ശാസ്ത്രജ്ഞഃ; സൎവ്വശാസ്ത്രവിശാരദൻ;
കൃതജ്ഞഃ; സൎവ്വസിദ്ധാന്തനിപുണൻ;
പുരുഷാന്തരകോവിദഃ; മനുഷ്യരുടെ സ്വഭാവവ്യത്യാസങ്ങളെ നല്ലപോലെ ഗ്രഹിച്ച [വൻ;
യഥാന്യായം ശാസ്ത്രപ്രകാരം
പ്രഗ്രഹാനുഗ്രഹയോഃ ച ഒരുവനെ മിത്രമായി സ്വീകരിക്കുന്നതിലും അവനെ ആദരിക്കുന്നതിലും
വിചക്ഷണഃ ഏററവും നിപുണൻ
യഃ ച. യാതൊരുവനൊ അപ്രകാരമുള്ളവൻ.

സത്സംഗ്രഹപ്രഗ്രഹണേ സ്ഥാനവിന്നിഗ്രഹസ്യ ച
ആയകർമ്മണ്യുപായജ്ഞഃ സംദൃഷ്ടവ്യയകർമ്മവിത്. 26

സത്സംഗ്രഹപ്രഗ്രഹണേ — സജ്ജനങ്ങളെ അറിഞ്ഞു് സ്വീകരിക്കുന്നതിലും അവരെ രക്ഷിക്കുന്നതിലും
നിഗ്രഹസ്യ ച — ദുഷ്ടന്മാരെത്തക്കപോലെ ശിക്ഷിക്കുന്നതിലും
സ്ഥാനവിത്; — ദേശകാലഭേദങ്ങളെ അറിയുന്നവൻ;
ആയകർമ്മണി — ധനസമ്പാദനവിഷയത്തിൽ
ഉപായജ്ഞഃ; — ന്യായമാർഗ്ഗങ്ങളറിഞ്ഞവൻ;
സംദൃഷ്ടവ്യയകർമ്മവിത്. — ശാസ്ത്രോക്തരീതിയിലുള്ള ധനവ്യയസമ്പ്രദായത്തെ ഗ്രഹിച്ചവൻ.

[“കച്ചിദായസ്യ ചാർദ്ധേന ചതുർഭാഗേന വാ പുനഃ പാദഭാഗൈസ്ത്രിഭിർവ്വാപി വ്യയഃ കാര്യ്യോ നൃപൈരിഹ” എന്നു് സമ്പാദിക്കപ്പെട്ട ധനത്തിന്റെ പകുതി ഭാഗംകൊണ്ടോ കാൽഭാഗംകൊണ്ടോ മുക്കാൽഭാഗംകൊണ്ടോ ചിലവുകൾ മിതമായി കഴിക്കണമെന്നു് രാജനീതി].

ശ്രൈഷ്ഠ്യം ശാസ്ത്രസമൂഹേഷു പ്രാപ്തോ വ്യാമിശ്രകേഷു ച
അർത്ഥധർമ്മൌ ച സംഗൃഹ്യ സുഖതന്ത്രോ ന ചാലസഃ. 27

ശാസ്ത്രസമൂഹേഷു ച — ശാസ്ത്രസമൂഹങ്ങളിലും
വ്യാമിശ്രകേഷു ച — സംസ്കൃതം പ്രാകൃതം, എന്നവയിലുള്ള കാവ്യനാടകാലങ്കാരാദി ഗ്രന്ഥങ്ങളിലും
ശ്രൈഷ്ഠ്യം — ശ്രേഷ്ഠതയെ
പ്രാപ്തഃ; — പ്രാപിച്ചവൻ;
അർത്ഥധർമ്മൌ ച — അർത്ഥത്തെയും ധർമ്മത്തെയും
സംഗൃഹ്യ — നേടി
സുഖതന്ത്രഃ; — സുഖത്തെ അനുഭവിക്കുന്നവൻ;
അലസഃ ന. — വൃഥാകാലക്ഷേപം ചെയ്യാത്തവൻ.

വൈഹാരികാണാം ശില്പാനാം വിജ്ഞാതാർത്ഥവിഭാഗവിത്
ആരോഹേ വിനയേ ചൈവ യുക്തോ വാരണവാജിനാം. 28

വൈഹാരികാണാം — വിനോദത്തിന്നുപയുക്തങ്ങളായ
ശില്പാനാം — ഗീതവാദ്യാദികളുടേയും, ചിത്രവേലകളുടേയും
വിജ്ഞാതാ; — സൂക്ഷ്മങ്ങളറിഞ്ഞവൻ;
അർത്ഥവിഭാഗവിത്; — രാജ്യത്തിലുള്ള മുതലെടുപ്പുകളെ രാജ്യകാര്യങ്ങൾക്കായി ഇന്നിന്നവയ്ക്കു് ഇത്രയെത്ര ചെലവിടണമെന്നുള്ള മുറയെ അറിഞ്ഞവൻ;
വാരണവാജിനാം — ആന കുതിരയെന്നവയുടെ
ആരോഹേ — സവാരിയിലും,
വിനയേ ഏവ ച — അവയെ ഒതുക്കുന്നതിലും
യുക്തഃ. — നൈപുണ്യമാന്നവൻ.

ധനുർവ്വേദവിദാം ശ്രേഷ്ഠോ ലോകേഽതിരഥസമ്മതഃ
അഭിയാതാ പ്രഹർത്താ ച സേനാനയവിശാരദഃ. 29

ധനുൎവ്വേദവിദാം	ധനുൎവ്വേദമറിഞ്ഞവരിൽവെച്ചു്
ശ്രേഷ്ഠഃ;	ഉത്തമൻ;
ലോകേ	ലോകത്തിൽ
അതിരഥസമ്മതഃ;	അതിരഥന്മാരായ വീരന്മാരാൽ കൊണ്ടാടപ്പെട്ടവൻ;
അഭിയാതാ;	ശത്രുക്കളുടെനേരെ യുദ്ധത്തിന്നായി അവരെ അന്വേഷിച്ചു പോകുന്നവൻ;
പ്രഹൎത്താ ച;	ശത്രുക്കളെ എതിൎത്തു പൊരുതി ജയിക്കുന്നവൻ;
സേനാനയവിശാരദഃ.	സേനകളെ അണിവകുത്തുനിൎത്തുന്നതിൽ സമൎത്ഥൻ.

അപ്രധൃഷ്യശ്ച സംഗ്രാമേ ക്രുദ്ധൈരപി സുരാസുരൈഃ. 30

സംഗ്രാമേ	പോരിൽ
ക്രുദ്ധൈഃ	കോപിച്ചവരായ
സുരാസുരൈഃ അപി ച	ദേവാസുരന്മാരാലുംകൂടി
അപ്രധൃഷ്യഃ.	ജയിക്കപ്പെടുവാൻ കഴിയാത്തവൻ.

അനസൂയോ ജിതക്രോധോ ന ദൃപ്തോ ന ച മത്സരീ
ന ചാവമന്താ ഭൂതാനാം ന ച കാലവശാനുഗഃ. 31

അനസൂയഃ;	അസൂയയില്ലാത്തവൻ;
ച	അതിനാൽ
ദൃപ്തഃ ന;	ഗൎവ്വമില്ലാത്തവൻ;
ഭൂതാനാം	പ്രജകളെ
അവമന്താ ന;	അവഗണിക്കാത്തവൻ;
ച	അതിനാൽ
ജിതക്രോധഃ;	ക്രോധത്തെ ഒതുക്കി വേണ്ടടിക്കിൽമാത്രം പ്രയോഗിക്കുന്നവൻ;
മത്സരീ ന;	പരദ്വേഷമില്ലാത്തവൻ;
ച	അതിനാൽ
കാലവശാനുഗഃ ന.	കാലത്തിന്നധീനപ്പെട്ടു നടക്കാത്തവൻ.

ഏവം ശ്രേഷ്ഠൈൎഗ്ഗുണൈൎയ്യുക്തഃ പ്രജാനാം പാൎത്ഥിവാത്മജഃ
സാമതസ്ത്രിഷു ലോകേഷു വസുധായാഃ ക്ഷമാഗുണൈഃ
ബുദ്ധ്യാ ബൃഹസ്പതേസ്തുല്യോ വീൎയ്യേണാപി ശചീപതേഃ. 32

ഏവം	ഇപ്രകാരമുള്ള
ശ്രേഷ്ഠൈഃ ഗുണൈഃ യുക്തഃ	ഉത്തമഗുണങ്ങളോടുകൂടിയ
പാൎത്ഥിവാത്മജഃ	ചക്രവൎത്തികുമാരനായ ശ്രീരാമൻ
ത്രിഷു	മൂന്നു
ലോകേഷു അപി	ലോകങ്ങളിലുമുള്ള
പ്രജാനാം	പ്രജകൾക്കു്
ക്ഷമാഗുണൈഃ	ക്ഷമാഗുണങ്ങളെക്കൊണ്ടു്
വസുധായാഃ,	ഭൂമിദേവിക്കും
ബുദ്ധ്യാ	ബുദ്ധികൊണ്ടു്
ബൃഹസ്പതേഃ,	ബൃഹസ്പതിക്കും,
വീൎയ്യേണ	വീൎയ്യംകൊണ്ടു്
ശചീപതേഃ	ഇന്ദ്രനും
തുല്യഃ,	തുല്യനായി,
സമ്മതഃ.	രഞ്ജിപ്പോടുകൂടിയവനായി വിളങ്ങി.

തഥാ സൎവ്വപ്രജാകാന്തൈഃ പ്രീതിസംജനനൈഃ പിതുഃ
ഗുണൈൎവ്വിരുരുചേ രാമോ ദീപ്തഃ സൂൎയ്യ ഇവാംശുഭിഃ. 33

സൂൎയ്യഃ	സൂൎയ്യൻ	പ്രീതി- സംജനനൈഃ	പ്രിയത്തെ ഉണ്ടാക്കുന്നവയും ആയ
അംശുഭിഃ	തന്റെ കിരണങ്ങളാൽ	ഗുണൈഃ	(തന്റെ) ഗുണങ്ങളാൽ,
ദീപ്തഃ	തേജസ്വിയായി വിളങ്ങുന്നത്	രാമഃ	ശ്രീരാമൻ
ഇവ,	എപ്രകാരമോ അപ്രകാരം,	പിതുഃ	പിതാവിനും
സൎവ്വപ്രജാ- കാന്തൈഃ	സകല പ്രജകളുടെയും ചിത്തങ്ങളെ കവരുന്നവയും	തഥാ	അപ്രകാരംതന്നെ
		വിരുരുചേ.	അതിരഞ്ജകനായി വിളങ്ങി.

തമേവം ഗുണസമ്പന്നമപ്രധൃഷ്യപരാക്രമം
ലോകപാലോപമം നാഥമകാമയത മേദിനീ. 34

ഏവം ഗുണ- സമ്പന്നം	ഇപ്രകാരമുള്ള ഗുണസമൃദ്ധിയാൎന്നവനായി	ലോക- പാലോപമം	ദിക്പാലന്മാൎക്കൊത്തവനായ
അപ്രധൃഷ്യ- പരാക്രമം	ആരാലും ജയിക്കപ്പെടുവാൻ കഴിയാത്ത പരാക്രമശാലിയായി	തം	അദ്ദേഹത്തെ
		മേദിനീ	ഭൂമി
		നാഥം	ഭൎത്താവായി
		അകാമയത.	ആഗ്രഹിച്ചു.

ഏതൈസ്തു ബഹുഭിൎയ്യുക്തം ഗുണൈരനുപമൈഃ സുതം
ദൃഷ്ട്വാ ദശരഥോ രാജാ ചക്രേ ചിന്താം പരന്തപഃ. 35

പരന്തപഃ	ശത്രുഞ്ജയനായ	ഗുണൈഃ	ഉത്തമ ഗുണങ്ങളോടു
ദശരഥഃ രാജാ,	ദശരഥമഹാരാജാവ്,	യുക്തം	കൂടിയവനായി,
സുതം	പുത്രനെ	ദൃഷ്ട്വാ	കണ്ടറിഞ്ഞ്,
ഏതൈഃ	ഇപ്രകാരമുള്ള	തു	ഇക്കാൎയ്യത്തെപ്പററി
ബഹുഭിഃ	പല	ചിന്താം ചക്രേ.	ചിന്തിച്ചു.
അനുപമൈഃ	നിരുപമങ്ങളായ		

അഥ രാജ്ഞോ ബഭൂവൈവം വൃദ്ധസ്യ ചിരജീവിനഃ
പ്രീതിരേഷാ കഥം രാമോ രാജാ സ്യാന്മയി ജീവതി. 36

അഥ	അപ്പോൾ	രാമഃ	ശ്രീരാമൻ
ചിരജീവിനഃ	എത്രയോകാലം കഴിച്ചുകൂട്ടിയവനും	രാജാ	യുവരാജാവായി
വൃദ്ധസ്യ	ശാസ്ത്രജ്ഞനുമായ	സ്യാത് ;	ഇരിക്കട്ടെ ;
രാജ്ഞഃ	ചക്രവൎത്തിക്ക്	കഥം ?	എന്തുകൊണ്ടുപ്രകാരം ചെയ്യാതിരിക്കണം ?
ഏവം	ഇപ്രകാരം	ഏഷാ	ഇതു്
ബഭൂവ ;	മനസ്സിൽതോന്നി ;	പ്രീതിഃ."	എല്ലാററിലുംവെച്ചുത്തമമായ മനോരഥമായിരിക്കുന്നു."
"മയി	"ഞാൻ തന്നെ		
ജീവതി	ജീവനോടിരിക്കുമ്പോൾ		

ഏഷാ ഹ്യസ്യ പരാ പ്രീതിൎഹൃദി സംപരിവൎത്തതേ
കദാ നാമ സുതം ദ്രക്ഷ്യാമ്യഭിഷിക്തമഹം പ്രിയം. 37

"അഹം ഹി	"ഞാൻതന്നെ
കദാ നാമ	എപ്പോഴാണ്
പ്രിയം സുതം	എന്റെ ഓമനമകനെ
അഭിഷിക്തം	രാജ്യാഭിഷിക്തനായ്
ദ്രക്ഷ്യാമി!"	കണ്ടാനന്ദിക്കുക!"
ഏഷാ	ഇങ്ങിനെയുള്ള

പരാ	സൎവ്വോത്കൃഷ്ടമായ
പ്രീതിഃ	മനോരഥം
അസ്യ	ഇദ്ദേഹത്തിന്റെ
ഹൃദി	മനസ്സിൽ
സം- പരിവൎത്തതേ.	സദാ വൎത്തിച്ചുകൊണ്ടിരുന്നു.

വൃദ്ധികാമോ ഹി ലോകസ്യ സൎവ്വഭൂതാനുകമ്പനഃ
മത്തഃ പ്രിയതരോ ലോകേ പൎജ്ജന്യ ഇവ വൃഷ്ടിമാൻ. 38

"വൃഷ്ടിമാൻ	"മഴപൊഴിക്കുന്ന
പൎജ്ജന്യഃ ഇവ	പൎജ്ജന്യദേവനെപ്പോലെ
സൎവ്വ- ഭൂതാനുകമ്പനഃ	സൎവ്വപ്രാണിജാലങ്ങളിലും അനുകമ്പയോടുകൂടിയവനായി,
ലോകസ്യ ഹി	ലോകത്തിനെല്ലാംതന്നെയുള്ള

വൃദ്ധികാമഃ	ക്ഷേമത്തിൽ താല്പൎയ്യമുള്ളവനായി
ലോകേ	ലോകത്തിൽ
മത്തഃ	എന്നെക്കാൾ
പ്രിയതരഃ.	അധികം പ്രിയപ്പെട്ടവനായിരിക്കുന്നു.

യമശക്രസമോ വീൎയ്യേ ബൃഹസ്പതിസമോ മതൌ
മഹീധരസമോ ധൃത്യാം മത്തശ്ച ഗുണവത്തരഃ. 39

"വീൎയ്യേ	"പരാക്രമത്തിൽ
യമശക്രസമഃ,	യമനും ഇന്ദ്രനും തുല്യനായി,
മതൌ	ബുദ്ധിയിൽ
ബൃഹസ്പതിസമഃ,	ബൃഹസ്പതിക്കു തുല്യനായി,
ധൃത്യാം	ലോകസംരക്ഷണവിഷയത്തിൽ

മഹീധരസമഃ	മഹാവിഷ്ണുവിന്നു തുല്യനായി
മത്തഃ ച	എന്നെക്കാളും
ഗുണവത്തരഃ.	മെച്ചമുള്ള ഗുണങ്ങളോടുകൂടിയവനായി വിളങ്ങുന്നു.

മഹീമഹമിമാം കൃത്സ്നാമധിതിഷ്ഠന്തമാത്മജം
അനേന വയസാ ദൃഷ്ട്വാ യഥാ സ്വൎഗ്ഗമവാപ്നുയാം. 40

"അഹം	"ഞാൻ
അനേന	ഈ
വയസാ,	വയസ്സിൽ (ആരോഗ്യത്തോടിരിക്കുമ്പോൾ)
ആത്മജം	പുത്രനെ തന്നെ,
ഇമാം	ഈ
മഹീം	ഭൂമി

കൃത്സ്നാം	മുഴുവനും
അധിതിഷ്ഠന്തം	തനിക്കധീനമാക്കി വാഴുന്നവനായി
ദൃഷ്ട്വാ യഥാ	നേരിൽ കണ്ടതിന്നു ശേഷം മാത്രമെ
സ്വൎഗ്ഗം അവാ- പ്നുയാം"	സ്വൎഗ്ഗം പ്രാപിക്കാവൂ."

ഇത്യേതൈർവ്വിവിധൈസ്തൈസ്തൈരന്യപാർത്ഥിവദുർല്ലഭൈഃ
ശിഷ്ടൈരപരിമേയൈശ്ച ലോകേ ലോകോത്തരൈർഗ്ഗുണൈഃ 41
തം സമീക്ഷ്യ മഹാരാജോ യുക്തം സമുദിതൈഃ ശുഭൈഃ
നിശ്ചിത്യ സചിവൈഃ സാർദ്ധം യുവരാജമമന്യത 42

മഹാരാജഃ	മഹാരാജാവ്,	അപരിമേയൈഃ	അളവററവയും ആയ
ഇതി	ഇപ്രകാരം	തൈഃ	ആ
തം	ആ ശ്രീരാമനെ	ഗുണൈഃ ച	ഗുണങ്ങളോടും
തൈഃ	മുൻപറഞ്ഞ	യുക്തം	കൂടിവിളങ്ങുന്നവനായി
ഏതൈഃ	ഈ	സമീക്ഷ്യ	മനസ്സിൽ കണ്ടറിഞ്ഞു്,
വിവിധൈഃ	പലപല	സചിവൈഃ	മന്ത്രിമാരോടും
ശുഭൈഃ	സദ്ഗുണങ്ങളോടും,	സാർദ്ധം	കൂടി
ലോകേ	ലോകത്തിൽ	നിശ്ചിത്യ	ആലോചിച്ചു് (അവരുടെ അഭിപ്രായത്തെയറിഞ്ഞ്)
അന്യപാർത്ഥിവ-ദുർല്ലഭൈഃ	മറെറാരു രാജാവിന്നും കാണാത്തവയും		
ലോകോത്തരൈഃ	പ്രശസ്തങ്ങളും	യുവരാജം	യുവരാജാവായി വാഴിക്കേണമെന്ന്
ശിഷ്ടൈഃ	സർവ്വോത്കൃഷ്ടങ്ങളും,		
സമുദിതൈഃ	പ്രകൃതിസിദ്ധങ്ങളും	അമന്യത.	ഉള്ളിലുറച്ചു.

ദിവ്യന്തരിക്ഷേ ഭൂമൌ ച ഘോരമുത്പാതജം ഭയം
സംചചക്ഷേ ച മേധാവീ ശരീരേ ചാത്മനോ ജരാം. 43

മേധാവീ	ബുദ്ധിശാലിയായ	ഭയം ച,	മനോവേദനയേയും,
ദിവി	വിണ്ണിലും, [അദ്ദേഹം	ആത്മനഃ	തന്റെ
അന്തരിക്ഷേ	ആകാശത്തിലും	ശരീരേ	ശരീരത്തിന്നു ബാധിച്ചിട്ടുള്ള
ഭൂമൌ ച	ഭൂമിയിലും		
ഉത്പാതജം	(കണ്ടവയായ) അപശകുനങ്ങൾകൊണ്ടുള്ള	ജരാം ച	വയസ്സായ്മയേയും പററി
ഘോരം	ഘോരമായ	സംചചക്ഷേ.	നന്നായാലോചിച്ചറിഞ്ഞു.

പൂർണ്ണചന്ദ്രാനനസ്യാഥ ശോകാപനുദമാത്മനഃ
ലോകേ രാമസ്യ ബുബുധേ സംപ്രിയത്വം മഹാത്മനഃ 44
ആത്മനശ്ച പ്രജാനാം ച ശ്രേയസേ ച പ്രിയേണ ച
യോക്തുകാമഃ സ ധർമ്മാത്മാ ഭക്ത്യാ ത്വരിതവാൻ നൃപഃ 45

സഃ	ആ	ആത്മനഃ	തന്റെ
ധർമ്മാത്മാ	ധർമ്മാത്മാവായ	ശോകാപനുദം ച,	ദുഃഖത്തിന്നു ശാന്തിയേകുന്നതായ,
നൃപഃ	രാജാവ്,		
ലോകേ	ലോകത്തിൽ	പൂർണ്ണ-ചന്ദ്രാനനസ്യ	പൂർണ്ണചന്ദ്രനോടൊത്ത തിരുമുഖമാന്ന
പ്രജാനാം	പ്രജകളുടെ		
ശ്രേയസേ ച,	നന്മക്കായിക്കൊണ്ടുതന്നെ,	മഹാത്മനഃ	മഹാത്മാവായ

രാമസ്യ	ശ്രീരാമന്റെ	യോക്തുകാമഃ,	ചെയ്യാനിച്ഛിച്ചവനായി,
സംപ്രിയതാം,	അത്യന്തപ്രിയത്തെ-	ത്വരിതവാൻ ച	കാലതാമസം വരുത്തുവാനിഷ്ടമില്ലാത്തവനായി
ആത്മനഃ	(ആയത്) തന്റെ	അഥ	ആ സമയം
ഭക്ത്യാ	സ്നേഹയുക്തമായ	ബുബുധേ.	മനസ്സിൽ നിശ്ചയിച്ചു.
പ്രിയേണ ച,	അഭീഷ്ടമെന്നുള്ള കാരണത്താൽ		

നാനാനഗരവാസ്തവ്യാൻ പൃഥഗ്ജാനപദാനപി
സമാനിനായ മേദിന്യാഃ പ്രധാനാൻ പൃഥിവീപതീൻ. 46

മേദിന്യാഃ	ഭൂമിയിൽ	പ്രധാനാൻ	അരികിലുള്ള മുഖ്യപ്രധാനികളേയും
നഗര-വാസ്തവ്യാൻ നാനാ	ഇതരനഗരവാസികളേയും വിട്ട്	പൃഥിവീപതീൻ	രാജാക്കന്മാരേയും
പൃഥഗ്-ജാനപദാൻ അപി	ഇതരഗ്രാമങ്ങളിൽ വസിക്കുന്നവരേയും അപ്രകാരംതന്നെവിട്ട്	സമാനിനായ.	ആളയച്ചുവരുത്തി.

ന തു കേകയരാജാനം ജനകം വാ നരാധിപം
ത്വരയാ ചാനയാമാസ പശ്ചാത്തൌ ശ്രോഷ്യതഃ പ്രിയം. 47

ത്വരയാ	(അഭിഷേകവിഷയത്തിലുള്ള) ബദ്ധപ്പാടുനിമിത്തം	ആനയാമാസ ന;	ആളയച്ചുവരുത്തിയില്ല;
		തൌ തു	അവരിരുവരും
		പശ്ചാത്	കാര്യംനടന്നശേഷം
കേകയരാജാനം	കേകയരാജാവിനെയും	പ്രിയം	പ്രിയവർത്തമാനത്തെ
ജനകം നരാധിപം ച	ജനകമഹാരാജാവിനെയും	ശ്രോഷ്യതഃ വാ.	കേട്ടു സന്തോഷിക്കുമെന്നുകരുതി.

താൻ വേശ്മ നാനാഭരണൈര്യഥാർഹം പ്രതിപൂജിതാൻ
ദദർശാലംകൃതോ രാജാ പ്രജാപതിരിവ പ്രജാഃ. 48

രാജാ	മഹാരാജാവ്	വേശ്മ	അരമനയിൽ
നാനാഭരണൈഃ	പല ആഭരണങ്ങളെക്കൊണ്ട്	പ്രതിപൂജിതാൻ	തന്റെ ആജ്ഞപ്രകാരം വന്നുചേർന്നവരായ
യഥാർഹം	തന്റെ യോഗ്യതയ്ക്കുററപോലെ	താൻ,	അവരെ,
		പ്രജാഃ	പ്രജകളെ
അലംകൃതഃ,	അലങ്കരിക്കപ്പെട്ടവനായി,	പ്രജാപതിഃ ഇവ	ബ്രഹ്മാവെന്നവണ്ണം,
		ദദർശ.	കടാക്ഷിച്ചു.

അഥോപവിഷ്ടേ നൃപതൌ തസ്മിൻ പരബലാർദ്ദനേ
തതഃ പ്രവിവിശുഃ ശേഷാ രാജാനോ ലോകസമ്മതാഃ. 49

തതഃ	അതിൽപിന്നെ	അഥ,	ഉടനെ,
തസ്മിൻ	ആ	ലോകസമ്മതാഃ	ലോകപ്രസിദ്ധന്മാരായ
പരബലാർദ്ദനേ	ശത്രുബലമർദ്ദനനായ	ശേഷാഃ	മററു
നൃപതൌ	രാജാവ് [ന്നരുളിയ	രാജാനഃ	രാജാക്കന്മാർ
ഉപവിഷ്ടേ	സിംഹാസനത്തിലിരു-	പ്രവിവിശുഃ.	വന്നുചേർന്നു.

അഥ രാജ്ഞാ വിതീൎണ്ണേഷു വിവിധേഷ്വാസനേഷു ച
രാജാനമേവാഭിമുഖാ നിഷേദുൎന്നിയതാ നൃപാഃ. 50

നിയതാഃ	ദൃഢരാജഭക്തിയുള്ളവ	രാജ്ഞാ ച	രാജാവിനാൽ തന്നെ
നൃപാഃ,	ആ രാജാക്കന്മാർ,[രായ	വിതീൎണ്ണേഷു	നൽകപ്പെട്ട
രാജാനം	മഹാരാജാവിനു	വിവിധേഷു	വിവിധങ്ങളായ
അഭിമുഖാഃ ഏവ	മുമ്പിൽതന്നെ,	ആസനേഷു	ആസനങ്ങളിൽ
അഥ	ആ സമയം	നിഷേദുഃ.	ഇരുന്നു.

സ ലബ്ധമാനൈൎവ്വിനയാന്വിതൈൎന്നൃപൈഃ
പുരാലയൈൎജ്ജാനപദൈശ്ച മാനവൈഃ
ഉപോപവിഷ്ടൈൎന്നൃപതിൎവൃതോ ബഭൗ
സഹസ്രചക്ഷുൎഭഗവാനിവാമരൈഃ. 51

ലബ്ധമാനൈഃ	നല്ലപോലെ ഉപചരിക്കപ്പെട്ടവരായി	മാനവൈഃ ച	ജനങ്ങളാലും
ഉപോപവിഷ്ടൈഃ	ആസനങ്ങളിലിരുന്ന	വൃതഃ	ചൂഴപ്പെട്ടവനായ
വിനയാന്വിതൈഃ	ഭക്തിവിനീതന്മാരായ	സഃ നൃപതിഃ,	ആ മഹാരാജാവു്,
നൃപൈഃ	രാജാക്കന്മാരാലും,	സഹസ്രചക്ഷുഃ ഭഗവാൻ	സഹസ്രാക്ഷനായ ഇന്ദ്രഭഗവാൻ
പുരാലയൈഃ	നഗരവാസികളും	അമരൈഃ	ദേവന്മാരാൽ
ജാനപദൈഃ	ഗ്രാമവാസികളും ആയ	ഇവ	എന്നവണ്ണം
		ബഭൗ.	ശോഭിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ പ്രഥമഃ സൎഗ്ഗഃ = ഒന്നാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 2406; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 51.

ദ്വിതീയഃ സൎഗ്ഗഃ = രണ്ടാംസൎഗ്ഗം.

[ശ്രീരാമാഭിഷേകംപ്രതി പരിഷദനുമോദനം=മഹാജനസഭ ശ്രീരാമപട്ടാഭിഷേകത്തെ കുറിച്ചു് അനുമോദിക്കുന്നതു്.]

തതഃ പരിഷദം സൎവ്വാമാമന്ത്ര്യ വസുധാധിപഃ
ഹിതമുദ്ധൎഷണം ചൈവമുവാച പ്രഥിതം വചഃ. 1

തതഃ	ആസമയം	പ്രഥിതം ച	എല്ലാവരും അറിയും പ്രകാരംതന്നെ
വസുധാധിപഃ	ചക്രവൎത്തി		
ഏവം	ഇപ്രകാരം	ഉദ്ധൎഷണം	ഉള്ളം കുളൎപ്പിക്കുമാറു്
പരിഷദം	സഭാവാസികൾ	ഹിതം	കുശലപ്രശ്നംചെയ്യുന്ന
സൎവ്വാം ആമന്ത്ര്യ	എല്ലാവരെയും അഭിമുഖീകരിച്ചുംകൊണ്ടു്,	വചഃ	വചനത്തെ
		ഉവാച.	അരുളിച്ചെയ്തു.

ദുന്ദുഭിസ്വനകല്പേന ഗംഭീരേണാനുനാദിനാ
സ്വരേണ മഹതാ രാജാ ജീമൂത ഇവ നാദയൻ. 2
രാജലക്ഷണയുക്തേന കാന്തേനാനുപമേന ച
ഉവാച രസയുക്തേന സ്വരേണ നൃപതിൎന്നൃപാൻ. 3

നൃപതിഃ	നരപാലകനായ	അനുനാദിനാ	പ്രതിധ്വനിയുളവാക്കുന്നതായി,
രാജാ	ചക്രവൎത്തി	രാജലക്ഷണയുക്തേന	രാജലക്ഷണങ്ങൾക്കനുരൂപമായി,
മഹതാ സ്വരേണ	ഉച്ചസ്വരത്തോടുകൂടി	കാന്തേന	ശ്രോത്രാനന്ദകരവും,
നാദയൻ	ഗൎജ്ജിക്കുന്ന	രസയുക്തേന	മനോഹരവും,
ജീമൂതഃ ഇവ	മേഘംപോലെ	അനുപമേന ച	നിസ്തുല്യവുമായ
ഗംഭീരേണ	ഗംഭീരമായ	സ്വരേണ	സ്വരത്തിൽ
ദുന്ദുഭിസ്വനകല്പേന	ദുന്ദുഭിവാദ്യഘോഷം പോലെയുള്ളതായി,	നൃപാൻ	രാജാക്കന്മാരോടായി
		ഉവാച.	അരുളിച്ചെയ്തു.

വിദിതം ഭവതാമേതദ്യഥാ മേ രാജ്യമുത്തമം
പൂൎവ്വകൈൎമ്മമ രാജേന്ദ്രൈഃ സുതവത് പരിപാലിതം. 4

"മേ	"എന്റെ	സുതവത്	സ്വന്തം മക്കളെന്നപോലെ
ഏതത്	ഈ	പരിപാലിതം യഥാ	നന്നായി സംരക്ഷിക്കപ്പെട്ടു എന്നത്
ഉത്തമം	ഏററം വിശാലമായ	ഭവതാം	നിങ്ങൾക്ക്
രാജ്യം	രാജ്യം,	വിദിതം.	അറിവുള്ള സംഗതിയാണല്ലൊ.
മമ	എന്റെ		
പൂൎവ്വകൈഃ	പൂൎവ്വികന്മാരായ		
രാജേന്ദ്രൈഃ	രാജശ്രേഷ്ഠന്മാരാൽ		

സോഽഹമിക്ഷ്വാകുഭിഃ സൎവ്വൈൎന്നരേന്ദ്രൈഃ പരിപാലിതം
ശ്രേയസാ യോക്തുകാമോഽസ്മി സുഖാൎഹമഖിലം ജഗത്. 5

"സഃ	"ആ	സുഖാൎഹം	മേൽക്കുമേൽ അഭിവൃദ്ധിയാകുന്ന ക്ഷേമത്തിന്നു പാത്രമായതും ആയ
അഹം	ഞാൻ	ജഗത് അഖിലം	ലോകത്തെ മുഴുവൻ
ഇക്ഷ്വാകുഭിഃ	ഇക്ഷ്വാകുവംശത്തിലുള്ള	ശ്രേയസാ	ഒരു മഹത്തായ മംഗളകൃത്യത്തോടുകൂടി
നരേന്ദ്രൈഃ	രാജശ്രേഷ്ഠന്മാർ	യോക്തുകാമഃ	യോജിപ്പിപ്പാൻ ആഗ്രഹമുള്ളവനായി
സൎവ്വൈഃ	എല്ലാവരാലും	അസ്മി.	ഭവിച്ചിരിക്കുന്നു.
പരിപാലിതം	പരിപാലിച്ചുവരപ്പെട്ടതും,		

മയാപ്യാചരിതം പൂർവ്വൈഃ പന്ഥാനമനുഗച്ഛതാ
പ്രജാ നിത്യമനിദ്രേണ യഥാശക്ത്യഭിരക്ഷിതാഃ. 6

"പൂർവ്വൈഃ ആചരിതം	"എന്റെ പൂർവ്വികന്മാരാൽ അനുഷ്ഠിക്കപ്പെട്ട	അനിദ്രേണ	ജാഗ്രതയോടുകൂടി (സ്വസുഖത്തെക്കൂടി അവഗണിച്ച്),
നിത്യം	സനാതനവും ആയ [ത്തും	യഥാശക്തി	എന്നാലാവുംവിധം
പന്ഥാനം	മാർഗ്ഗത്തെ	പ്രജാഃ	പ്രജകൾ [ക്കപ്പെട്ടു.
അനുഗച്ഛതാ	അവലംബിച്ചുനടക്കുന്ന	അഭിരക്ഷിതാഃ.	ആദരവോടെ സംരക്ഷി
മയാ അപി,	എന്നാലും,		

ഇദം ശരീരം കൃത്സ്നസ്യ ലോകസ്യ ചരതാ ഹിതം
പാണ്ഡുരസ്യാതപത്രസ്യ ഛായായാം ജരിതം മയാ. 7

"ഇദം	"ഈ	കൃത്സ്നസ്യ ലോകസ്യ	ലോകത്തെ മുഴുവൻ
ശരീരം	എന്റെ ശരീരം		
പാണ്ഡുരസ്യ ആതപത്രസ്യ ഛായായാം	വെൺകൊറ്റക്കുടയുടെ നിഴലിൽ ഏകച്ഛത്രാധിപത്യം വഹിച്ച്	ഹിതം ചരതാ	വഴിപോലെ പരിപാ[ലിച്ചുവന്ന
		മയാ	എന്നാൽ
		ജരിതം.	ഇപ്പോൾ ശക്തിയില്ലാത്തതാക്കപ്പെട്ടിരിക്കുന്നു.

പ്രാപ്യ വർഷസഹസ്രാണി ബഹൂന്യായൂംഷി ജീവതഃ
ജീർണ്ണസ്യാസ്യ ശരീരസ്യ വിശ്രാന്തിമഭിരോചയേ. 8

"ബഹൂനി	"എത്രയോ	ജീർണ്ണസ്യ	വാർദ്ധക്യം പ്രാപിച്ചിരിക്കുന്ന
വർഷ-സഹസ്രാണി	ആയിരം കൊല്ലങ്ങൾ	അസ്യ ശരീരസ്യ	ഈ ശരീരത്തിന്നു
ആയൂംഷി	ആയുസ്സിനെ	വിശ്രാന്തിം	വിശ്രമം നൽകേണമെന്നു
പ്രാപ്യ,	ലഭിച്ച്,		
ജീവതഃ	കാലം കഴിച്ചുകൂട്ടി	അഭിരോചയേ.	ഞാൻ ഉദ്ദേശിക്കുന്നു.

രാജപ്രഭാവജുഷ്ടാം ഹി ദുർവ്വഹാമജിതേന്ദ്രിയൈഃ
പരിശ്രാന്തോऽസ്മി ലോകസ്യ ഗുർവ്വീം ധർമ്മധുരം വഹൻ. 9

അജിത-ന്ദ്രിയൈഃ	രാജ്യകാര്യങ്ങളിൽ തന്നെ ആസക്തമായിരിക്കുന്ന ബുദ്ധി, മനസ്സ് എന്നിവയോടുകൂടിയവനായി,	ലോകസ്യ	ലോകത്തിന്നു
		ധർമ്മധുരം	താൻ ചെയ്യേണ്ടതായ മുറയാകുന്നഭാരത്തെ
രാജപ്രഭാവ-ജുഷ്ടാം	രാജശക്തിക്കു ചേർന്നതായി	വഹൻ	വഹിച്ചുകൊണ്ട്,
ദുർവ്വഹാം	പ്രയാസപ്പെട്ടും നിർവ്വഹിക്കേണ്ടതായും	ഹി	അക്കാരണത്താൽ
ഗുർവ്വീം	സർവ്വോത്കൃഷ്ടമായുമിരിക്കുന്നതായി,	പരിശ്രാന്തഃ	അതിൽതന്നെ മനസ്സു വെച്ചുകൊണ്ടിരിക്കുന്നവനായി
		അസ്മി.	ഞാൻ വർത്തിക്കുന്നു.

[രാജാവിന്റെ പിൻവാഴ്ചക്ക് തക്കതായ യോഗ്യനെ നിശ്ചയിക്കുന്നത് രാജാവിന്റെ മഹത്താ

യ ഭാരമാകയാൽ, അതിനെക്കുറിച്ചുതന്നെ താൻ മനസ്സിൽ സദാ ചിന്തിച്ചുകൊണ്ടിരിക്കയാണ്, എന്നു താല്പൎയ്യം. രാജാക്കന്മാരുടെ ശക്തികൊണ്ട് നിൎവ്വഹിക്കേണ്ടതും വാൎദ്ധക്യാദിഹേതുക്കളാൽ ബുദ്ധി മുതലായ ഇന്ദ്രിയങ്ങൾ തങ്ങളുടെ വശത്തല്ലാത്തതിനാൽ അവരാൽ നിൎവ്വഹിപ്പാൻ പ്രയാസമായതും ആയ രാജ്യഭാരത്തെ വഹിച്ച് ഞാൻ തളൎന്നിരിക്കുന്നു. ഇനി അതിനെ വഹിക്കുന്നത് പ്രയാസമാണ് - എന്നും അൎത്ഥം പറയാം]

സോഽഹം വിശ്രമമിച്ഛാമി പുത്രം കൃത്വാ പ്രജാഹിതേ
സന്നികൃഷ്ടാനിമാൻ സൎവ്വാനനുമാന്യ ദ്വിജൎഷഭാൻ. 10

“ സഃ	“ അപ്രകാരമുള്ള	അനുമാന്യ	സമ്മതിപ്പിച്ച്,
അഹം	ഞാൻ	പ്രജാഹിതേ	പ്രജകൾക്കു ഹിതം ചെയ്യുന്നതായ അധികാരത്തിൽ
സന്നികൃഷ്ടാൻ	ഇവിടെ സന്നിഹിതരായ	പുത്രം കൃത്വാ	പുത്രനെ നിയമിച്ച്
ഇമാൻ	ഈ	വിശ്രമം	വിശ്രാന്തിതേടുവാൻ
ദ്വിജൎഷഭാൻ	ബ്രാഹ്മണോത്തമന്മാർ	ഇച്ഛാമി.	ആഗ്രഹിക്കുന്നു.
സൎവ്വാൻ	എല്ലാവരേയും		

അനുജാതോ ഹി മാം സൎവ്വൈൎഗ്ഗുണൈൎജ്ജ്യേഷ്ഠോ മമാത്മജഃ
പുരന്ദരസമോ വീൎയ്യേ രാമഃ പരപുരഞ്ജയഃ. 11

“ രാമഃ	“ ശ്രീരാമൻ	പരപുരഞ്ജയഃ;	ആരാലും ജയിക്കപ്പെടുവാൻ കഴിയാത്തവൻ;
മമ	എന്റെ	സൎവ്വൈഃ	എല്ലാ
ജ്യേഷ്ഠഃ	മൂത്ത	ഗുണൈഃ ഹി	ഗുണങ്ങളാലും തന്നെ
ആത്മജഃ;	പുത്രൻ;	മാം അനുജാതഃ.	എനിക്ക് സദൃശനായവൻ.
വീൎയ്യേ	വീൎയ്യത്തിൽ		
പുരന്ദരസമഃ;	ഇന്ദ്രതുല്യൻ;		

തം ചന്ദ്രമിവ പുഷ്യേണ യുക്തം ധൎമ്മഭൃതാം വരം
യൌവരാജ്യേ നിയോക്താഽസ്മി പ്രീതഃ പുരുഷപുംഗവം. 12

“ പുഷ്യേണ	“ പുഷ്യനക്ഷത്രത്തോടു	പുരുഷോത്തമം	പുരുഷോത്തമനും ആയ
യുക്തം	കൂടിയ	തം,	അവനെ,
ചന്ദ്രം ഇവ,	ചന്ദ്രനെപോലെയുള്ളവനും,	യൌവരാജ്യേ	യുവരാജ്യാധികാരത്തിൽ,
ധൎമ്മഭൃതാം	ധാൎമ്മികന്മാരിൽ	പ്രീതഃ	പ്രീതനായ ഞാൻ
വരം,	ശ്രേഷ്ഠനും, [വെച്ച്	നിയോക്താ അസ്മി.	നിയോഗിക്കാമെന്നു കരുതുന്നു.

[“പുഷ്യേണ” എന്നതിനു “പുഷ്യനക്ഷത്രദിവസത്തിൽ” എന്നു സൎവ്വാൎത്ഥസാരം. പൂയം നാൾ യുവരാജ്യാഭിഷേകംചെയ്യുവാൻ താല്പൎയ്യപ്പെടുന്നുവെന്നൎത്ഥം. പൂയം നാളോടുകൂടിയ ചന്ദ്രൻ എന്നു പറഞ്ഞതുകൊണ്ട് ചന്ദ്രന്നു കൎക്കടകം സ്വന്തം ക്ഷേത്രമായതുപോലെ, ശ്രീരാമന്നു സ്വയം അധികാരപ്പെട്ടതായ ഈ യുവരാജ്യാധികാരത്തിൽ, എന്നു ഉപമയുടെ ഔചിത്യം.]

അനുരൂപഃ സ വൈ നാഥോ ലക്ഷ്മീവാൻ ലക്ഷ്മണാഗ്രജഃ
ത്രൈലോക്യമപി നാഥേന യേന സ്യാന്നാഥവത്തരം. 13

“ലക്ഷ്മണാഗ്രജഃ	“ലക്ഷ്മണജ്യേഷ്ഠനായ ഈ രാമൻ	നാഥേന	ഒരു നാഥനാൽ
ലക്ഷ്മീവാൻ;	സൎവ്വവും ശുഭമായി ചെയ്തുതീൎപ്പാനുള്ള ഭാഗ്യമുള്ളവൻ;	നാഥവത്തരം	തക്ക നാഥനോടുകൂടിയതായി
		സ്യാത് വൈ,	വിളങ്ങുമോ,
		അനുരൂപഃ	അപ്രകാരമുള്ള യോഗ്യതയാൎന്ന
ത്രൈലോക്യമപി	മൂന്നുലോകവും	നാഥഃ	നാഥനാകുന്ന
യേന	എപ്രകാരമുള്ള	സഃ.	ഇവൻ.

[ഈ ശ്ലോകംകൊണ്ട് ശ്രീരാമന്റെ പരത്വത്തെ വിവക്ഷിക്കുന്നതായും ഗോവിന്ദരാജീയവ്യാഖ്യാനത്തിൽ പറയുന്നു. “അനുകൂലം രൂപം യസ്യ സഃ അനുരൂപഃ” (നിരുപമസൌന്ദൎയ്യയുക്തമായ ദിവ്യമംഗളവിഗ്രഹമാൎന്നവൻ). “അനുകൂലം രൂപം യസ്യ സഃ” (നൂറുനൂറിരട്ടിച്ച് ക്രമത്തിൽ വൎദ്ധിച്ചുവരുന്നതും തൈത്തിരീയോപനിഷത്തിൽ പറയുന്നപ്രകാരമുള്ളതുമായ മനുഷ്യാനന്ദം, ഗന്ധൎവ്വാനന്ദം, ദേവാനന്ദം ഇത്യാദിയുടെ പരമകാഷ്ഠയായ ബ്രഹ്മാനന്ദസ്വരൂപൻ). “അനുരൂഗതം രൂപം യസ്യ സഃ” (രൂപമാൎന്നവയായ സൎവ്വത്തിലും പ്രവേശിച്ച് അന്തൎയ്യാമിയായിരിക്കുന്നവൻ- സൎവ്വവ്യാപി). “അനുപ്രവിഷ്ടചരാചരാദികരൂപഃ” (സൎവ്വശരീരി). “അനുസ്യൂതരൂപഃ” (നാനാവതാരങ്ങളെ എടുത്തവൻ). “ഓഃ, രുദ്രസ്യ, രൂപം ഉരൂപം, തദ്വിലക്ഷണരൂപയുക്തഃ, അനുരൂപഃ” (ശിവന്റെ രൂപത്തിൽനിന്നു വ്യത്യാസപ്പെട്ട രൂപത്തോടുകൂടിയവൻ - പുണ്ഡരീകാക്ഷൻ). “വീനാം പക്ഷിണാം നാഥോ വിനാഥഃ, ഹംസഃ, തത്സംബന്ധീ, വൈനാഥഃ, ഹംസവാഹനഃ, തത്സഹിതഃ സവൈനാഥഃ”(പക്ഷിശ്രേഷ്ഠനായ ഹംസം വാഹനമായുള്ള ബ്രഹ്മാവോടുകൂടിയവൻ സവൈനാഥൻ. അതായത്, നാഭികമലത്തിൽ ബ്രഹ്മാവോടുകൂടിയവൻ, അഥവാ (പക്ഷിശ്രേഷ്ഠനായ ഗരുഡനോടുകൂടിയവൻ സവൈനാഥൻ). “ലക്ഷ്മീവാൻ” (ലക്ഷ്മിയോടുകൂടിയവൻ). “ലക്ഷ്മണാഗ്രജഃ” (ലക്ഷ്മണനെപ്പോലെ കൈങ്കൎയ്യംചെയ്യുന്ന ഭക്തന്മാരിൽ സഹജപ്രേമത്തോടുകൂടിയവൻ).]

അനേന ശ്രേയസാ സദ്യഃ സംയോജ്യൈവമിമാം മഹീം
ഗതക്ലേശോ ഭവിഷ്യാമി സുതേ തസ്മിന്നിവേശ്യ വൈ. 14

“ഏവം	“ഇപ്രകാരം	ഗതക്ലേശഃ,	ലോകവ്യവഹാരങ്ങളിൽ ബന്ധമററവനായി, [ഈ
സദ്യഃ വൈ	ഇപ്പോൾതന്നെ	അനേന	(അതിനാലുണ്ടാകുന്ന)
ഇമാം മഹീം	ഈ ഭൂമിയെ	ശ്രേയസാ	മോക്ഷാനന്ദത്തോടു
തസ്മിൻ സുതേ	ആ പുത്രൻവശം	സംയോജ്യ	കൂടിയവനായി
നിവേശ്യ,	ഭരമേല്പിച്ച്,	ഭവിഷ്യാമി.	ഞാൻ ഭവിക്കാം.

യദീദം മേഽനുരൂപാൎത്ഥം മയാ സാധു സുമന്ത്രിതം
ഭവന്തോ മേഽനുമന്യന്താം കഥം വാ കരവാണ്യഹം. 15

ഇദം മയാ	“ഇത് എന്നാൽ	ഭവന്തഃ	ഭവാന്മാർ
സാധു	നല്ലപോലെ	മേ	എനിക്ക്
സുമന്ത്രിതം;	ആലോചിച്ചു തീൎച്ചപ്പെടുത്തപ്പെട്ട സംഗതിയാകുന്നു;	അനുമന്യന്താം;	സമ്മതം തരുവിൻ;
		വാ	അല്ലാത്തപക്ഷം
മേ	എന്റെ	അഹം	ഞാൻ
അനുരൂപാൎത്ഥം യദി	ആലോചന ശരിയായതാണെന്നുള്ള പക്ഷം,	കഥം	വേറെയെന്താണ്
		കരവാണി?	ചെയ്യേണ്ടത് ?

യദ്യപ്യേഷാ മമ പ്രീതിർഹിതമന്യദ്വിചിന്ത്യതാം
അന്യാ മദ്ധ്യസ്ഥചിന്താ ഹി വിമർദ്ദാഭ്യധികോദയാ. 16

"ഏഷാ	"ഇതാകുന്ന
മമ പ്രീതിഃ;	എന്റെ സർവ്വപ്രീതികരമായ മനോരഥം;
അന്യത്	വേറെ
ഹിതം	തക്കതായതു്
യദ്യപി	വല്ലതുമുണ്ടെങ്കിൽ [ൻ;
വിചിന്ത്യതാം;	ആലോചിച്ചു പറയുവി-
അന്യാ ഹി	ഉത്കൃഷ്ടമായതു തന്നെയാകുന്നു (ഭവാന്മാരെപ്പോലെ)
മദ്ധ്യസ്ഥചിന്താ;	രാഗദ്വേഷാദിയററവരുടെ ആലോചന;
വിമർദ്ദാഭ്യധികോദയാ."	പൂർവ്വാപരങ്ങളെ നന്നായാലോചിക്കുക എന്ന കാരണത്താൽ അപ്രകാരമുള്ള ആലോചന അധികം ക്ഷേമത്തെ ഉണ്ടാക്കുന്നതുമാകുന്നു."

ഇതി ബ്രുവന്തം മുദിതാഃ പ്രത്യനന്ദൻ നൃപാ നൃപം
വൃഷ്ടിമന്തം മഹാമേഘം നർദ്ദന്ത ഇവ ബർഹിണഃ 17

നൃപാഃ,	രാജാക്കന്മാർ,
വൃഷ്ടിമന്തം	മഴപൊഴിക്കുന്ന
മഹാമേഘം	മഹാമേഘത്തെ
നർദ്ദന്തഃ	കേകാരവം മുഴക്കുന്ന
ബർഹിണഃ ഇവ,	മയിലുകളെന്നപോലെ,
മുദിതാഃ	ആനന്ദഭരിതരായി,
ഇതി	ഇപ്രകാരം
ബ്രുവന്തം	അരുളിച്ചെയ്യുന്ന
നൃപം	മഹാരാജാവിനെ
പ്രത്യനന്ദൻ.	പുകഴ്ത്തി, കൊണ്ടാടി.

സ്നിഗ്ദ്ധോऽനുനാദീ സംജജ്ഞേ തത്ര ഹർഷസമീരിതഃ
ജനൌഘോദ്ഘുഷ്ടസന്നാദോ വിമാനം കമ്പയന്നിവ. 18

തത്ര	അപ്പോൾ
ഹർഷസമീരിതഃ	സന്തോഷത്താലുളവായതും
ജനൌഘോദ്ഘുഷ്ടസന്നാദഃ	ജനതതികളാൽ ഉച്ചത്തിൽ ഘോഷിക്കപ്പെട്ടതും ആയ ശബ്ദം,
സ്നിഗ്ദ്ധഃ	ഗംഭീരമായി
അനുനാദീ	മാറെറാലിക്കൊള്ളുന്നതായി,
വിമാനം ഇവ	ഏഴു കെട്ടുകളും ഏഴു നിലകളും ഉള്ള കോവിലകത്തെത്തന്നെ
കമ്പയൻ,	കുലുക്കുന്നതായി,
സംജജ്ഞേ.	ഉത്ഭവിച്ചു.

തസ്യ ധർമ്മാർത്ഥവിദുഷോ ഭാവമാജ്ഞായ സർവ്വശഃ
ബ്രാഹ്മണാ ബലമുഖ്യാശ്ച പൌരജാനപദൈഃ സഹ 19
സമേത്യ മന്ത്രയിത്വാ തു സമതാംഗതബുദ്ധയഃ
ഊചുശ്ച മനസാ ജ്ഞാത്വാ വൃദ്ധം ദശരഥം വചഃ. 20

പൌരജാനപദൈഃ	നഗരനിവാസികളോടും രാജ്യനിവാസികളോടും
സഹ	കൂടി
ബ്രാഹ്മണാഃ	ബ്രാഹ്മണരും
ബലമുഖ്യാഃ ച,	സേനാധിപന്മാരും
തു,	ഈ കാര്യത്തിൽ,
ധർമ്മാർത്ഥവിദുഷഃ	ധർമ്മം ഒന്നിൽനിന്നു തന്നെയാണു് സകല പുരുഷാർത്ഥങ്ങളുടേയും സിദ്ധിയെന്നു നന്നായറിഞ്ഞവനായ

തസ്യ	അദ്ദേഹത്തിന്റെ
ഭാവം	മനോഭാവത്തെ
മനസാ	ഓരോരുത്തരും അവരവരുടെ മനസ്സുകൊണ്ടു്
ജ്ഞാത്വാ ച,	അറിഞ്ഞിരുന്നിട്ടും,
സമേത്യ	പലരും ഒന്നിച്ചുകൂടി
സർവ്വശഃ	പലപ്രകാരത്തിലും
മന്ത്രയിത്വാ	ആലോചനചെയ്തു്
ആജ്ഞായ ച,	അറിഞ്ഞവരായി,
സമതാംഗത-ബുദ്ധയഃ	ഒരേമാതിരിയായ സർവ്വസമ്മതമായ തീർപ്പു ചെയ്തവരായി,
വൃദ്ധം	മഹാനായ
ദശരഥം	ദശരഥചക്രവർത്തി തിരുമുമ്പാകെ
വചഃ ഊചുഃ.	പിൻവരുമാറു് വാക്യത്തെ ഉണർത്തിച്ചു.

അനേകവർഷസാഹസ്രോ വൃദ്ധസ്ത്വമസി പാർത്ഥിവ
സ രാമം യുവരാജാനമഭിഷിഞ്ചസ്വ പാർത്ഥിവം. 21

"പാർത്ഥിവ!	"മഹാരാജാവേ!
സഃ	അപ്രകാരമുള്ളവനായ
ത്വം,	നിന്തിരുവടി,
അനേകവർഷ-സാഹസ്രഃ	അനേകായിരം സംവത്സരങ്ങൾ രാജ്യം ഭരിച്ചു്
വൃദ്ധഃ അസി;	വയസ്സുചെന്നവൻ;
രാമം	ശ്രീരാമനെ
പാർത്ഥിവം	രാജ്യാധികാരം വഹിക്കുന്ന
യുവരാജാനം	യുവരാജാവായി
അഭിഷിഞ്ചസ്വ.	വാഴിപ്പാൻ തിരുവുള്ളമുണ്ടാകേണം.

[“വയസ്സധികമായതുകൊണ്ടും, ഇത്രകാലവും പുത്രന്മാരില്ലാതിരുന്നു് ഒടുവിൽ പുത്രസൌഖ്യം ലഭിച്ചിരിക്കെ, അവരെ വേർപിരിഞ്ഞിരിക്കുന്നതു് യുക്തമല്ലാത്തതുകൊണ്ടും, തൃതീയാശ്രമമായ വാനപ്രസ്ഥം സ്വീകരിക്കാതെ, മഹാരാജാവായ്ത്തന്നെ വർത്തിച്ചു്, ശ്രീരാമനെ രാജ്യംഭരിക്കുന്ന യുവരാജാവായി നിശ്ചയിച്ചാലും” എന്നു സാരം. (സർവ്വാർത്ഥസാരവ്യാഖ്യാനം).]

ഇച്ഛാമോ ഹി മഹാബാഹും രഘുവീരം മഹാബലം
ഗജേന മഹതാഽഽയാന്തം രാമം ഛത്രാവൃതാനനം. 22

"മഹാബാഹും	"ആജാനുബാഹുവും,
രഘുവീരം	രഘുകുലതിലകനും,
മഹാബലം	(ശിവധനുർഭംഗാദിയാൽ വ്യക്തമായ) മഹാ ബലത്തോടുകൂടിയവനും ആയ
രാമം,	ശ്രീരാമനെ,
മഹതാ	വമ്പിച്ച
ഗജേന,	ആന പുറത്തു് ഇരുത്തിക്കൊണ്ടു്,
ഛത്രാ-വൃതാനനം,	പട്ടുകുടയാൽ മറയ്ക്കപ്പെട്ട തിരുമുഖമണ്ഡലത്തോടുകൂടിയവനായി,
ആയാന്തം,	ഘോഷയാത്രയായി എഴുന്നെള്ളിച്ചു് കൊണ്ടുപോകപ്പെടുന്നതിനെ
ഇച്ഛാമഃ ഹി."	കണ്ണുകൾ കുളിക്കുമാറു് കണ്ടാനന്ദിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

[യുവരാജാവായാൽ പുറമെ സഞ്ചരിക്കുക മുതലായവക്കു്, മഹാരാജാവായാലെന്നപോലെ അത്ര, അസൌകര്യങ്ങളില്ലാത്തതുകൊണ്ടു്, ഞങ്ങൾക്കു് നിത്യം എളുപ്പത്തിൽ അദ്ദേഹത്തെ കണ്ടാനന്ദിക്കാം. എന്നു ഭാവം (സർവ്വാർത്ഥസാരം).]

ഇതി തദ്വചനം ശ്രുത്വാ രാജാ തേഷാം മനഃപ്രിയം
അജാനന്നിവ ജിജ്ഞാസുരിദം വചനമബ്രവീത്. 23

ഇതി	ഇപ്രകാരം
തേഷാം	അവരുടെ
മനഃപ്രിയം	മനോഭീഷ്ടത്തെ വെളിവാക്കുന്ന
തത്	ആ
വചനം	വചനത്തെ
ശ്രുത്വാ,	കേട്ടു്,
രാജാ	മഹാരാജാവു്

അജാനൻ	സംഗതിയറിയാത്തവനെപ്പോലെയും
ജിജ്ഞാസുഃ	വിഷയത്തെ അറിവാനാഗ്രഹിക്കുന്നവനെ
ഇവ,	പോലെയും,
ഇദം	ഇപ്രകാരം
വചനം	തിരുമൊഴി
അബ്രവീത്.	അരുളിച്ചെയ്തു.

ശ്രുത്വൈവ വചനം യന്മേ രാഘവം പതിമിച്ഛഥ
രാജാനഃ സംശയോऽയം മേ കിമിദം ബ്രൂത തത്വതഃ 24
കഥം നു മയി ധൎമ്മേണ പൃഥിവീമനുശാസതി
ഭവന്തോ ദ്രഷ്ടുമിച്ഛന്തി യുവരാജം മമാത്മജം. 25

"രാജാനഃ	"അരചന്മാരേ!
മയി	ഞാൻ
ധൎമ്മേണ	നീതിയോടെ
പൃഥിവീം	ഭൂമിയെ
അനുശാസതി,	പരിപാലിച്ചുകൊണ്ടിരിക്കെ,
മേ വചനം	എന്റെ വാക്കു
ശ്രുത്വാ ഏവ	കേട്ട ഉടനെ
ഭവന്തഃ	നിങ്ങൾ
മമ ആത്മജം	എന്റെ പുത്രനായ
രാഘവം	ശ്രീരാമനെ
പതിം	രാജ്യാധികാരം വഹിക്കുന്ന

യുവരാജം ദ്രഷ്ടും	യുവരാജാവായിക്കാണ്മാൻ
കഥം നു	എന്തുകൊണ്ടാണു്
ഇച്ഛന്തി?	ആഗ്രഹിക്കുന്നതു്?
ഇച്ഛഥ,	നിങ്ങൾ ഇച്ഛിക്കുന്നു,
യത് അയം	എന്നുള്ള ഈ സംഗതി
മേ സംശയഃ;	എനിക്കു് സംശയത്തെ ഉണ്ടാക്കുന്നതായിരിക്കുന്നു;
ഇദം കിം?	ഇതെന്തു്?
തത്വതഃ	ഉള്ള സംഗതി മുഴുവൻ വിവരമായി
ബ്രൂത."	പറയുവിൻ."

തേ തമൂചുൎമ്മഹാത്മാനം പൌരജാനപദൈഃ സഹ
ബഹവോ നൃപ കല്യാണാ ഗുണാഃ പുത്രസ്യ സന്തി തേ. 26

പൌരജാനപദൈഃ	ഗ്രാമനഗരവാസികളോടു
സഹ	കൂടിയ
തേ	അവർ,
മഹാത്മാനം	ഗുണവാനായ
തം	ആ ചക്രവൎത്തിയോടു
ഊചുഃ;	ഇങ്ങിനെ ഉണൎത്തിച്ചു;

"നൃപ!	"മഹാരാജാവേ!
തേ	നിന്തിരുവടിയുടെ
പുത്രസ്യ	പുത്രന്നു
ബഹവഃ	അളവററ
കല്യാണാഃ ഗുണാഃ	കല്യാണഗുണഗണങ്ങൾ
സന്തി.	വൎത്തിക്കുന്നു."

[നൃപൻ ഗുണവാനാകുന്നു. എന്നാൽ ശ്രീരാമൻ അനന്തകല്യാണഗുണനിധിയാകുന്നു.]

ഗുണാൻ ഗുണവതോ ദേവ ദേവകല്പസ്യ ധീമതഃ
പ്രിയാനാനന്ദനാൻ കൃത്സ്നാൻ പ്രവക്ഷ്യാമോഽദ്യ താൻ ശൃണു. 27

"ദേവ!	"സ്വാമിൻ!	ആനന്ദനാൻ	എല്ലാവക്കും ആനന്ദത്തെ ഉണ്ടാക്കുന്നവയും ആയ
ദേവകല്പസ്യ	ദൈവത്തോടൊപ്പമുള്ളവനായി	താൻ	ആ
ഗുണവതഃ	സ്വതഃസിദ്ധമായ ഗുണങ്ങളാർന്നവനും	ഗുണാൻ	ഗുണങ്ങൾ
ധീമതഃ	പഠിച്ചറിഞ്ഞവനും ആയ അദ്ദേഹത്തിന്റെ	കൃത്സ്നാൻ	എല്ലാററിനേയും
പ്രിയാൻ	അപൂർവ്വങ്ങളും	അദ്യ	ഇപ്പോൾ
		പ്രവക്ഷ്യാമഃ;	ഞങ്ങൾ വിവരിച്ചുരചെയ്യാം;
		ശൃണു.	കേട്ടാലും.

["ഗുണവതഃ" എന്നതുകൊണ്ട് സ്വാഭാവികഗുണഗണങ്ങളെയും, 'ദേവകല്പഃ' എന്നതുകൊണ്ട് സങ്കല്പിക്കാവുന്ന ഗുണഗണങ്ങളേയും വിവക്ഷിച്ചിരിക്കുന്നു. 'ധീമതഃ' എന്നതുകൊണ്ട് ഗുണങ്ങളിൽവെച്ച് ജ്ഞാനത്തിന്റെ പ്രാധാന്യതയെ പറയുന്നു. "പ്രിയാൻ" എന്നതു് മംഗളദായകത്വത്തെയും, "ആനന്ദനാൻ" എന്നതു് നിരതിശയത്വത്തെയും, "കൃത്സ്നാൻ" എന്നത് അസംഖ്യേയത്വത്തേയും വിവക്ഷിക്കുന്നു. (ഗോവിന്ദരാജൻ) "പ്രിയാൻ" (ഐഹികസുഖപ്രദങ്ങൾ) "ആനന്ദനാൻ" (ആമുഷ്മികസുഖപ്രദങ്ങൾ) എന്നു സർവ്വാർത്ഥസാരം.]

ദിവ്യൈർഗ്ഗുണൈഃ ശക്രസമോ രാമഃ സത്യപരാക്രമഃ
ഇക്ഷ്വാകുഭ്യോഽപി സർവ്വേഭ്യോ ഹ്യതിരിക്തോ വിശാംപതേ 28

"വിശാംപതേ!	"മഹാരാജാവേ!	ഗുണൈഃ	ഗുണങ്ങളെക്കൊണ്ട്
രാമഃ ഹി	ശ്രീരാമനൊരുവൻ മാത്രമാണ്	ശക്രസമഃ;	ഇന്ദ്രനു തുല്യനായവൻ;
സത്യപരാക്രമഃ;	സത്യമായ പരാക്രമത്തോടുകൂടിയവൻ;	ഇക്ഷ്വാകുഭ്യഃ	ഇക്ഷ്വാകുകുലജാതന്മാർ
ദിവ്യൈഃ	ദിവ്യങ്ങളായ	സർവ്വേഭ്യഃ അപി	എല്ലാവരിലും വെച്ച്
		അതിരിക്തഃ.	മേന്മയേറിയവൻ.

രാമഃ സത്പുരുഷോ ലോകേ സത്യധർമ്മപരായണഃ
സാക്ഷാദ്രാമാദ്വിനിർവൃത്തോ ധർമ്മശ്ചാപി ശ്രിയാ സഹ. 29

"രാമഃ അപി	"ശ്രീരാമനൊരുവൻ മാത്രമാണ്	ധർമ്മഃ	മനുഷ്യർ നടക്കേണ്ടതായ ധർമ്മാനുഷ്ഠാനമാർഗ്ഗം
സാക്ഷാത്	മനുഷ്യാകൃതികയ്ക്കൊണ്ട	ശ്രിയാ സഹ	തെററിപ്പോകാതവണ്ണം ഉത്തമഗുണത്തോടുകൂടിയതായി
സത്പുരുഷഃ;	സത്പുരുഷൻ;	രാമാത് ച	ശ്രീരാമനൊരുവങ്കൽനിന്നുമാത്രമാണ്
സത്യധർമ്മപരായണഃ;	സത്യവും ധർമ്മവും ഒരിക്കലും വിടാത്തവൻ;	വിനിർവൃത്തഃ.	അറിയേണ്ടതായി വിലസുന്നതു്.
ലോകേ	ലോകത്തിൽ		

["സത്പുരുഷൻ" (സ്വന്തംകാര്യത്തെ ഉപേക്ഷിച്ചും പരന്മാർക്ക് ഗുണത്തെ ചെയ്യുന്നവൻ); എന്ന് സർവ്വാർത്ഥസാരം. ലോകത്തിൽ ധർമ്മം എന്നുള്ളത് ശ്രുതിസ്മൃത്യാദികളിൽനിന്നു ഗ്രാഹ്യമാകുന്നു. എന്നാൽ ഇപ്പോൾ ആവക ധർമ്മങ്ങളെ ശ്രീരാമന്റെ നടവടികളിൽനിന്നു പ്രത്യക്ഷത്തിൽ ഗ്രഹിക്കാമെന്നു താല്പര്യം.]

പ്രജാസുഖത്വേ ചന്ദ്രസ്യ വസുധായാഃ ക്ഷമാഗുണൈഃ
ബുദ്ധ്യാ ബൃഹസ്പതേസ്തുല്യോ വീര്യേ സാക്ഷാച്ഛചീപതേഃ. 30

“സാക്ഷാത്	“പ്രത്യക്ഷമായി, ഞങ്ങൾക്കറിവുള്ളേടത്തോളം
പ്രജാസുഖത്വേ	പ്രജകളെ സന്തോഷിപ്പിക്കുന്നതിൽ
ചന്ദ്രസ്യ,	ചന്ദ്രഭഗവാനും,
ക്ഷമാഗുണൈഃ	അന്യന്റെ കുറ്റങ്ങളെ സഹിക്കുക, ചിന്തിക്കാതിരിക്കുക, ഇത്യാദിഗുണങ്ങളാൽ
വസുധായാഃ,	ഭൂമിദേവിക്കും,
ബുദ്ധ്യാ	ബുദ്ധികൊണ്ടു്
ബൃഹസ്പതേഃ,	ബൃഹസ്പതിക്കും,
വീര്യേ	വീര്യത്തിൽ
ശചീപതേഃ,	ദേവേന്ദ്രനും
തുല്യഃ.	തുല്യതയുള്ളവൻ.

ധർമ്മജ്ഞഃ സത്യസന്ധശ്ച ശീലവാനനസൂയകഃ
ക്ഷാന്തഃ സാന്ത്വയിതാ ശ്ലക്ഷ്ണഃ കൃതജ്ഞോ വിജിതേന്ദ്രിയഃ
മൃദുശ്ച സ്ഥിരചിത്തശ്ച സദാ ഭവ്യോऽനസൂയകഃ. 31

“ധർമ്മജ്ഞഃ;	“ധർമ്മങ്ങളറിഞ്ഞവൻ;
സത്യസന്ധഃ ച,	പറഞ്ഞവാക്കിളക്കാത്തവൻ,
ശീലവാൻ,	സച്ചരിത്രൻ,
അനസൂയകഃ,	പരശ്രേയസ്സിൽസന്തോഷിക്കുന്നവൻ,
ക്ഷാന്തഃ,	ക്ഷമയുള്ളവൻ,
സാന്ത്വയിതാ,	ആക്കും കോപമുണ്ടാകാത്തവിധം പ്രവൃത്തിക്കുന്നവൻ,
ശ്ലക്ഷ്ണഃ,	മനസ്സിൽ ഉള്ളതിനെ പറയുന്നവൻ,
കൃതജ്ഞഃ,	പ്രത്യുപകാരതല്പരൻ,
വിജിതേന്ദ്രിയഃ,	ഇന്ദ്രിയങ്ങളെ ജയിച്ചവൻ,
മൃദുഃ ച,	ശരണം പ്രാപിച്ചവരെ ഉപേക്ഷിക്കാത്തവൻ,
സ്ഥിരചിത്തഃ ച,	സുഖദുഃഖങ്ങളിൽ ചലിക്കാത്തവൻ,
സദാ	സർവ്വകാലത്തിലും
ഭവ്യഃ,	ഭക്തജനവശ്യൻ,
അനസൂയകഃ.	അഹിതങ്ങൾക്കൊന്നും കാരണമാകാത്തവൻ.

[“അനസൂയകഃ” എന്നു രണ്ടുപ്രാവശ്യം പറഞ്ഞിട്ടുള്ളതിന്നു, തനിക്കു് ആരിലും അസൂയയില്ലാത്തവനെന്നും, തന്റെ പേരിൽ ആക്കും അസൂയയില്ലാത്തവനെന്നും തീർത്ഥീയ വ്യാഖ്യാനം.]

പ്രിയവാദീ ച ഭൂതാനാം സത്യവാദീ ച രാഘവഃ
ബഹുശ്രുതാനാം വൃദ്ധാനാം ബ്രാഹ്മണാനാമുപാസിതാ. 32

“രാഘവഃ	“ശ്രീരാഘവൻ
ഭൂതാനാം	പ്രജകൾക്കു്
പ്രിയവാദീ	പ്രിയമായ് സംഭാഷണംചെയ്യുന്നവനായി
സത്യവാദീ ച;	ന്യായത്തെപറയുന്നവൻ
ബഹുശ്രുതാനാം	നന്നായി പഠിച്ചറിഞ്ഞ
വൃദ്ധാനാം ച	ജ്ഞാനികളായ
ബ്രാഹ്മണാനാം	ബ്രാഹ്മണക്കു്
ഉപാസിതാ.	കീഴ്പ്പെട്ടവൻ (അനുസരിക്കുന്നവൻ).

[“സത്യം പറയുന്നവനെങ്കിലും പ്രിയത്തെ പറയുന്നവൻ”. “സത്യം ബ്രൂയാത് പ്രിയം ബ്രൂയാത് ന ബ്രൂയാത്സത്യമപ്രിയം പ്രിയം ച നാനൃതം ബ്രൂയാദേഷ ധർമ്മഃ സനാതനഃ” (സത്യംപറയുക-പ്രിയത്തെ പറയുക-സത്യമാണെന്നിരുന്നാലും അപ്രിയം പറയായ്ക-പ്രിയമെന്നിരുന്നാലും അസത്യം പറയായ്ക-ഇതാകുന്നു ശാശ്വതമായ ധർമ്മം) എന്നു മനു.]

തേനാസ്യേഹാതുലാ കീൎത്തിൎയ്യശസ്തേജശ്ച വൎദ്ധതേ
ദേവാസുരമനുഷ്യാണാം സൎവ്വാസ്ത്രേഷു വിശാരദഃ. 33

“ദേവാസുര- മനുഷ്യാണാം	“ദേവന്മാർ അസുരന്മാർ മനുഷ്യർ എന്നിവരുടെ
സൎവ്വാസ്ത്രേഷു	എല്ലാ അസ്ത്രങ്ങളിലും
വിശാരദഃ;	നിപുണൻ;
തേന	അതിനാൽ
ഇഹ	ഈ ലോകത്തിൽ
തേജഃ	അമാനുഷമായതും
യശഃ ച	സൎവ്വരാലും സൎവ്വദാ കൊണ്ടാടപ്പെട്ടതുമായ
അസ്യ	ഇദ്ദേഹത്തിന്റെ
കീൎത്തിഃ	കീൎത്തി
അതുലാ	തുല്യമററതായി
വൎദ്ധതേ.	പ്രബലതയോടെ വിളങ്ങുന്നു.

[“തേന” അതിനാൽ, അങ്ങിനെ ജ്ഞാനികളായ ബ്രാഹ്മണരെ ഉപാസിച്ചതിനാൽ (തേജസ്സ്, യശസ്സ് മുതലായവ വൎദ്ധിച്ചവൻ) എന്നു ഗോവിന്ദരാജീയം.]

സമ്യഗ്വിദ്യാവ്രതസ്നാതോ യഥാവത് സാംഗവേദവിത്
ഗാന്ധൎവ്വേ ച ഭുവി ശ്രേഷ്ഠോ ബഭൂവ ഭരതാഗ്രജഃ. 34

“ഭരതാഗ്രജഃ	“ഭരതന്റെ ജ്യേഷ്ഠനായ അദ്ദേഹം
സമ്യക്	നല്ലപോലെ
വിദ്യാവ്രത- സ്നാതഃ;	വിദ്യാഭ്യാസംചെയ്തു ബ്രഹ്മചൎയ്യവ്രതത്തെ പൂൎത്തിയാക്കിയവൻ;
യഥാവത്	സമ്പ്രദായപ്രകാരം
സാംഗ- വേദവിത്;	വേദവേദാംഗങ്ങളെ ഗ്രഹിച്ചവൻ;
ഭുവി	ലോകത്തിൽ
ഗാന്ധൎവ്വേ ച	സംഗീതശാസ്ത്രത്തിലും
ശ്രേഷ്ഠഃ	അതിനിപുണനായി
ബഭൂവ.	ഭവിച്ചിരിക്കുന്നു.

[ശിക്ഷാ വ്യാകരണം ഛന്ദോ നിരുക്തം ജ്യൌതിഷം തഥാ കല്പശ്ചേതി വ്യാഹൃതാനി വേദാംഗാനി മനീഷിഭിഃ (ഇങ്ങിനെ വേദാംഗങ്ങൾ ആറാകുന്നു.]

കല്യാണാഭിജനഃ സാധുരദീനാത്മാ മഹാദ്യുതിഃ
ദ്വിജൈരഭിവിനീതശ്ച ശ്രേഷ്ഠൈൎദ്ധൎമ്മാൎത്ഥനൈപുണൈഃ. 35

“സാധുഃ;	“സ്വയമേവ പരിശുദ്ധൻ;
കല്യാണാഭിജനഃ;	ഉഭയകുലപരിശുദ്ധൻ;
അദീനാത്മാ;	മനസ്സിന്നു ഒരിക്കലും മൌഢ്യംതട്ടാത്തവൻ;
മഹാദ്യുതിഃ;	ഉത്തമമായ രാജലക്ഷ്മിയോടുകൂടിയവൻ;
ധൎമ്മാൎത്ഥ- നൈപുണൈഃ	ധൎമ്മാൎത്ഥങ്ങളിൽ നിപുണന്മാരായ
ശ്രേഷ്ഠദ്വിജൈഃ	ഉത്തമബ്രാഹ്മണരാൽ
അഭിവിനീതഃ.	സുശിക്ഷിതൻ.

യദാ വ്രജതി സംഗ്രാമം ഗ്രാമാൎത്ഥേ നഗരസ്യ വാ
ഗത്വാ സൌമിത്രിസഹിതോ നാവിജിത്യ നിവൎത്തതേ. 36

“സൌമിത്രി- സഹിതഃ	“ലക്ഷ്മണസഹിതനായ അദ്ദേഹം
ഗ്രാമാൎത്ഥേ	ഗ്രാമസംഗതിക്കായാകട്ടെ,
നഗരസ്യ വാ	നഗരത്തിന്നായാകട്ടെ,
ഗത്വാ	ചെന്നു,
സംഗ്രാമം യദാ വ്രജതി	പോർചെയ്യേണ്ടതായ അവസരങ്ങളിലെല്ലാം
അവിജിത്യ	ജയം നേടാതെ
ന നിവൎത്തതേ.	തിരിച്ചെഴുന്നെള്ളുമാറില്ല.

[ഇവിടെ ദുഷ്ടജനനിഗ്രഹമാകുന്നു വിവക്ഷ.]

സംഗ്രാമാത് പുനരാഗമ്യ കുഞ്ജരേണ രഥേന വാ
പൌരാൻ സ്വജനവന്നിത്യം കുശലം പരിപൃച്ഛതി. 37
പുത്രേഷ്വഗ്നിഷു ദാരേഷു പ്രേഷ്യശിഷ്യഗണേഷു ച
നിഖിലേനാനുപൂൎവ്വ്യാച്ച പിതാ പുത്രാനിവൌരസാൻ. 38

"സംഗ്രാമാത്	"യുദ്ധത്തിൽനിന്നു
കുഞ്ജരേണ	ആനപ്പുറത്തോ
രഥേന വാ	തേരിലോ കയറിക്കൊണ്ട്
പുനഃ	തിരിച്ച്
ആഗമ്യ	എഴുന്നെള്ളിയഅദ്ദേഹം
നിത്യം	ഓരോ അവസരത്തിലും
പൌരാൻ	പട്ടണനിവാസികളോടു
പുത്രേഷു	അവരുടെ പുത്രന്മാരുടെ വിഷയത്തിലും
അഗ്നിഷു	അഗ്നിഹോത്രവിഷയത്തിലും
ദാരേഷു	ഭാൎയ്യമാരുടെ വിഷയത്തിലും

പ്രേഷ്യശിഷ്യ-ഗണേഷു, ച	പരിജനങ്ങൾ, ശിഷ്യഗണങ്ങൾ, എന്നവരുടെ സംഗതിയിലും
നിഖിലേന	ഒന്നും വിട്ടുപോകാതെ
പിതാ	ഒരു പിതാവ്
ഔരസാൻ	തന്റെ സ്വന്തം
പുത്രാൻ ഇവ,	പുത്രന്മാരോടെന്നപോലെ,
സ്വജനവത്,	സ്വജനങ്ങളോടെന്നപോലെ,
ആനു-പൂൎവ്വ്യാത് ച	ഓരോരുത്തരോടും പ്രത്യേകം പ്രത്യേകമായി
കുശലം	ക്ഷേമത്തെപ്പററി
പരിപൃച്ഛതി.	അന്വേഷിക്കുക പതിവാകുന്നു.

ശുശ്രൂഷന്തേ ച വഃ ശിഷ്യാഃ കച്ചിത് കൎമ്മസു ദംശിതാഃ
ഇതി നഃ പുരുഷവ്യാഘ്രഃ സദാ രാമോऽഭിഭാഷതേ. 39

"പുരുഷവ്യാഘ്രഃ	"പുരുഷോത്തമനായ
രാമഃ	ശ്രീരാമൻ
നഃ	ഞങ്ങളോട്
ഇതി	ഇങ്ങിനെയും
അഭിഭാഷതേ;	കുശലപ്രശ്നംചെയ്യുന്നു;
'വഃ	'നിങ്ങളുടെ

ശിഷ്യാഃ	ശിഷ്യന്മാർ [ളിൽ
കൎമ്മസു	അവരവരുടെ കൃത്യങ്ങ
സദാ ദംശിതാഃ	സദാ ശ്രദ്ധയോടുകൂടിയവരായി
ശുശ്രൂഷന്തേ കച്ചിത് ച?'	വണക്കത്തോടെ ശുശ്രൂഷിക്കുമാറില്ലെ?'

വ്യസനേഷു മനുഷ്യാണാം ഭൃശം ഭവതി ദുഃഖിതഃ
ഉത്സവേഷു ച സൎവ്വേഷു പിതേവ പരിതുഷ്യതി. 40

"മനുഷ്യാണാം	"മനുഷ്യരുടെ
വ്യസനേഷു	ആപത്തുകളിലെല്ലാം
ഭൃശം	അവരിലും അധികം
ദുഃഖിതഃ	ദുഃഖത്തോടുകൂടിയവനായി
ഭവതി;	ഭവിക്കുന്നു;

സൎവ്വേഷു ച	എല്ലാവരുടെ സംഗതിയിലും
ഉത്സവേഷു	സന്തോഷാവസരങ്ങളിൽ
പിതാ ഇവ	പിതാവെന്നവണ്ണം
പരിതുഷ്യതി.	ഏററവും സന്തോഷിക്കുന്നു.

സത്യവാദീ മഹേഷ്വാസോ വൃദ്ധസേവീ ജിതേന്ദ്രിയഃ
സ്മിതപൂർവ്വാഭിഭാഷീ ച ധൎമ്മം സൎവ്വാത്മനാ ശ്രിതഃ. 41

"ധൎമ്മം ച	"മോക്ഷപ്രാപ്തിഹേതുകമായ പുണ്യാനുഷ്ഠാനമെന്ന ധൎമ്മം ഒന്നിനെ മാത്രം
സൎവ്വാത്മനാ	ഏതു കാൎയ്യത്തിലും, ഏതു സമയത്തിലും
ശ്രിതഃ	അനുസരിക്കുന്നവനായ
സത്യവാദീ ;	സത്യവാദി ;
മഹേഷ്വാസഃ ;	മഹാനായ വില്ലാളി ;
വൃദ്ധസേവീ ;	വൃദ്ധന്മാരെ സേവിക്കുന്നവൻ ;
സ്മിത- പൂൎവ്വാഭിഭാഷീ ;	പുഞ്ചിരിയോടുകൂടി സംഭാഷണം ചെയ്യുന്നവൻ ;
ജിതേന്ദ്രിയഃ.	വിഷയാദികളിൽ വൈരാഗ്യത്തോടുകൂടിയവൻ.

സമ്യഗ്യോക്താ ശ്രേയസാം ച ന വിഗൃഹ്യകഥാരുചിഃ
ഉത്തരോത്തരയുക്തൌ ച വക്താ വാചസ്പതിൎയ്യഥാ. 42

"ശ്രേയസാം ച	"സൎവ്വ ശ്രേയസ്സുകൾക്കും
സമ്യക്	ശരിയായ
യോക്താ ;	കാരണഭൂതൻ ;
വിഗൃഹ്യ- കഥാരുചിഃ ന;	ധൎമ്മ വിരുദ്ധമായ സംഭാഷണത്തിന്നു വഴി കൊടുക്കാത്തവൻ ;
ഉത്തരോത്തര- യുക്തൌ	എല്ലാവരിലും വെച്ച് മുഖ്യനായി കഥനം ചെയ്യുക, കേട്ടതിന്നു മറുപടിയരുളിച്ചെയ്ക, എന്ന രണ്ടിന്നും വേണ്ടതായ യുക്തിവിഷയത്തിൽ,
വക്താ,	വാക്സാമൎത്ഥ്യത്തോടുകൂടിയവനായി,
വാചസ്പതിഃ	ബൃഹസ്പതി
യഥാ ച.	പോലെയുള്ളവൻ.

സുഭ്രൂരായതതാമ്രാക്ഷഃ സാക്ഷാദ്വിഷ്ണുരിവ സ്വയം
രാമോ ലോകാഭിരാമോഽയം ശൌൎയ്യവീൎയ്യപരാക്രമൈഃ. 43

"സുഭ്രൂഃ,	"അഴകേറിയ പുരികക്കൊടിയാൎന്നവനായി,
ആയത- താമ്രാക്ഷഃ,	നീണ്ടു ചുകന്ന കണ്ണുകളോടു കൂടിയവനായി,
ശൌൎയ്യവീൎയ്യ- പരാക്രമൈഃ	തന്നാലസാദ്ധ്യമായതൊന്നുമില്ലെന്നുള്ള ബോധത്താലും, ദിവ്യതേജസ്സാലും, ഇവയ്ക്കേറ്റതായ നടവടികൾ കൊണ്ട്,
ലോകാഭിരാമഃ	ത്രിലോക നിവാസികളാലും അഭിരാമനായ് കൊണ്ടാടപ്പെട്ടവനായി,
സ്വയം	സ്വേച്ഛയായി
സാക്ഷാത്	മനുഷ്യവടിവുകൈക്കൊണ്ട
വിഷ്ണുഃ ഇവ	ശ്രീ മഹാവിഷ്ണുതന്നേയാകുന്നു,
അയം	ഈ
രാമഃ.	ശ്രീരാമൻ.

പ്രജാപാലനതത്വജ്ഞോ ന രാഗോപഹതേന്ദ്രിയഃ
ശക്തസ്ത്രൈലോക്യമപ്യേഷോ ഭോക്തും കിം നു മഹീമിമാം. 44

"പ്രജാപാലനതത്വജ്ഞഃ,	"പ്രജാപാലനതത്വത്തെ നല്ലപോലെ ഗ്രഹിച്ചവൻ,	ഏഷഃ അപി	ഇദ്ദേഹം ഒരുവൻതന്നെ
രാഗാപഹതേന്ദ്രിയഃ ന,	ഇന്ദ്രിയങ്ങളെ രാഗവശങ്ങളാക്കി പശ്ചാത്താപത്തിന്നിടകൊടുക്കാത്തവൻ,	ത്രൈലോക്യം	ത്രൈലോക്യത്തെയും
		ഭോക്തും	കാത്തുരക്ഷിപ്പാൻ
		ശക്തഃ;	ശക്തിയുള്ളവൻ;
		ഇമാം മഹീം	ഈ ഭൂമിയൊന്നിനെപ്പററി
		കിം നു?	പിന്നെപറയേണമോ?

നാസ്യ ക്രോധഃ പ്രസാദശ്ച നിരൎത്ഥോസ്തി കദാചന
ഹന്ത്യേവ നിയമാദ്വദ്ധ്യാൻ യത്രൈഷ പരികുപ്യതി. 45

"ഏഷഃ	"ഇദ്ദേഹം	ഹന്തി;	ശിക്ഷിക്കുന്നു;
പരികുപ്യതി	കുപിതനായ് ഭവിക്കുന്നു	അസ്യ	ഇദ്ദേഹത്തിന്റെ
യത്ര	ആരെക്കുറിച്ചൊ, [ത്തു്	ക്രോധഃ	കോപവും
നിയമാത്	ധൎമ്മശാസ്ത്രവിധിപ്രകാരം,	പ്രസാദഃ ച	പ്രസാദവും
		കദാചന	ഒരിക്കലും
വദ്ധ്യാൻ ഏവ	ദണ്ഡിക്കേണ്ടവരായ അവരെ മാത്രം	നിരൎത്ഥഃ	ഫലമററതായി
		അസ്തി ന.	ഭവിക്കുന്നില്ല.

യുനക്ത്യൎത്ഥൈഃ പ്രഹൃഷ്ടശ്ച തമസൌ യത്ര തുഷ്യതി. 46

"അസൌ	"ഇദ്ദേഹം	തം	അവനെ
യത്ര	ആരെക്കുറിച്ചു്	പ്രഹൃഷ്ടഃ	ഉള്ളം കുളിപ്പിക്കുന്ന
തുഷ്യതി,	പരിതുഷ്ടനായ് ഭവിക്കുന്നുവൊ,	അൎത്ഥൈഃ ച	സൎവ്വാഭീഷ്ടങ്ങളോടും
		യുനക്തി.	കൂടിയവനാക്കുന്നു.

ദാന്തൈഃ സൎവ്വപ്രജാകാന്തൈഃ പ്രീതിസഞ്ജനനൈൎന്നൃണാം
ഗുണൈൎവ്വിരുരുചേ രാമോ ദീപ്തഃ സൂൎയ്യ ഇവാംശുഭിഃ. 47

"സൂൎയ്യഃ	"ആദിത്യൻ	പ്രീതിസഞ്ജനനൈഃ	നന്മചെയ്യുന്നതിനാലുളവാകുന്ന
അംശുഭിഃ	കിരണങ്ങളെക്കൊണ്ടു്	സൎവ്വപ്രജാകാന്തൈഃ	സൎവ്വജനചിത്താകൎഷകങ്ങളായ
ദീപ്തഃ ഇവ,	പ്രകാശിക്കുന്നതു് എപ്രകാരമൊ അപ്രകാരം	ഗുണൈഃ	ഉത്തമഗുണങ്ങളെക്കൊണ്ടു്
രാമഃ,	ശ്രീരാമൻ,		
നൃണാം	മനുഷ്യൎക്കു്		
ദാന്തൈഃ	അനായാസമായി	വിരുരുചേ.	ഏററവും വിളങ്ങുന്നു.

തമേവം ഗുണസമ്പന്നം രാമം സത്യപരാക്രമം
ലോകപാലോപമം നാഥമകാമയത മേദിനീ. 48

"ഏവം	ഇപ്രകാരമുള്ള	ലോകപാലോപമം	ലോകപാലന്മാൎക്കു് തുല്യനായ
ഗുണസമ്പന്നം,	ഗുണസമൃദ്ധിയോടുകൂടിയവനായി,	തം രാമം	ആ ശ്രീരാമനെ
സത്യപരാക്രമം,	ആരാലും ജയിപ്പാൻ കഴിയാത്ത പരാക്രമത്തോടുകൂടിയവനായി	മേദിനീ	ഭൂമി
		നാഥം	തന്റെ പതിയായ്
		അകാമയത.	ആഗ്രഹിച്ചു.

വത്സഃ ശ്രേയസി ജാതസ്തേ ദിഷ്ട്യാസൌ തവ രാഘവ
ദിഷ്ട്യാ പുത്രഗുണൈര്യുക്തോ മാരീച ഇവ കാശ്യപഃ. 49

"രാഘവ !	"ഹേ രഘുകുലോത്തമ !
മാരീചഃ	ബ്രഹ്മപുത്രന്മാരായ പത്തു പ്രജാപതികളിൽ മരീചിപ്രജാപതിയുടെ പുത്രനായ
കാശ്യപഃ	കാശ്യപപ്രജാപതി
ഇവ	എന്നപോലെ
പുത്രഗുണൈഃ	പുത്രന്ന് അനുയോജിച്ച ഗുണങ്ങളോടു
യുക്തഃ	കൂടിയവനായ
അസൌ	ഇദ്ദേഹം
തവ	നിന്തിരുവടിയുടെ
ശ്രേയസി	പുണ്യകൃത്യങ്ങളാലുളവായ ധർമ്മത്തിൽ
ദിഷ്ട്യാ,	പ്രസാദിച്ച ഭഗവാന്റെയനുഗ്രഹത്താലും
ദിഷ്ട്യാ,	ഞങ്ങളുടെ ഭാഗ്യവിശേഷത്താലും,
തേ	നിന്തിരുവടിക്ക്
വത്സഃ	പുത്രനായി
ജാതഃ.	അവതരിച്ചിരിക്കുന്നു.

['പുത്' എന്ന നരകത്തിൽനിന്നും മോചിപ്പിക്കുക, പിതാവിന്റെ മനോവിചാരങ്ങളെ ഇല്ലാതാക്കുക, പിതാവിനെ ശുശ്രൂഷിക്ക, മുതലായവയും പുത്രന്മാൎക്കു വേണ്ടതുക്കവയും ആയ ഗുണങ്ങളോടും കൂടിയവനായി' എന്ന് സാരം.]

ബലമാരോഗ്യമായുശ്ച രാമസ്യ വിദിതാത്മനഃ
ദേവാസുരമനുഷ്യേഷു സഗന്ധർവ്വോരഗേഷു ച 50
ആശംസതേ ജനഃ സർവ്വോ രാഷ്ട്രേ പുരവരേ തഥാ
ആഭ്യന്തരശ്ച ബാഹ്യശ്ച പൌരജാനപദോ ജനഃ. 51

"ദേവാസുരമനുഷ്യേഷു,	"ദേവാസുരമനുഷ്യരിലും,
സഗന്ധർവ്വോരഗേഷു,	ഗന്ധർവ്വന്മാരടക്കം നാഗങ്ങളിലും,
പുരവരേ,	നഗരത്തിലും,
രാഷ്ട്രേ ച,	ദേശത്തിലും, ഉള്ളവ[രായ
സർവ്വഃ ജനഃ,	എല്ലാ ജനവും,
തഥാ	അപ്രകാരംതന്നെ
ആഭ്യന്തരഃ	അന്തഃപുരങ്ങളിലുള്ളതും
ബാഹ്യഃ	മറ്റു, പുറമെയുള്ള
പൌരജാനപദഃ ച	നഗരങ്ങളിലും നാട്ടുകളിലും ഉള്ളതും ആയ
ജനഃ ച,	എല്ലാ ജനവും,
വിദിതാത്മനഃ	ത്രിലോകപ്രസിദ്ധനായ
രാമസ്യ	ശ്രീരാമന്ന്
ബലം	ബലവും
ആരോഗ്യം	ആരോഗ്യവും
ആയുഃ ച	ആയുസ്സും
ആശംസതേ.	മേൽക്കുമേലുണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

സ്ത്രീയോ വൃദ്ധാസ്തരുണ്യശ്ച സായംപ്രാതഃ സമാഹിതാഃ
സർവ്വാൻ ദേവാൻ നമസ്യന്തി രാമസ്യാർത്ഥേ യശസ്വിനഃ. 25

"തരുണ്യഃ	"തരുണികളും
വൃദ്ധാഃ	വൃദ്ധകളും ആയ
സ്ത്രീയഃ ച	സ്ത്രീകളും,
സായം പ്രാതഃ	ദിവസംതോറും കാലത്തും വൈകുന്നേരത്തും
സമാഹിതാഃ	ഏകാഗ്രചിത്തരായി
യശസ്വിനഃ	ലോകോത്തമനെന്നു കൊണ്ടാടപ്പെട്ടവനായ
രാമസ്യ അർത്ഥേ	ശ്രീരാമന്റെ അഭ്യുദയത്തിന്നായി
ദേവാൻ	ദേവന്മാർ
സർവ്വാൻ	എല്ലാവരേയും
നമസ്യന്തി.	വണങ്ങിപ്രാർത്ഥിക്കുന്നു.

തേഷാമഭിമതം ദേവ ത്വത്പ്രസാദാത്സമൃദ്ധ്യതാം. 53

"ദേവ!	"മഹാരാജാവേ!	ത്വത്-പ്രസാദാത്	നിന്തിരുവടിയുടെ പ്രസാദത്താൽ
തേഷാം	അവരുടെ	സമൃദ്ധ്യതാം.	സിദ്ധിയോടുകൂടിയതായി വരട്ടെ.
അഭിമതം	പ്രാൎത്ഥന,		

രാമമിന്ദീവരശ്യാമം സൎവ്വശത്രുനിബൎഹണം
പശ്യാമോ യൌവ്വരാജ്യസ്ഥം തവ രാജോത്തമാത്മജം. 54

"ഇന്ദീവര-ശ്യാമം	"ഇന്ദീവരദളശ്യാമനും,	രാജോത്തമാത്മജം	രാജാക്കന്മാരിലുത്തമനായ പുത്രനും ആയ
സൎവ്വശത്രു-നിബൎഹണം	സൎവ്വ ശത്രുക്കളേയും ജയിക്കത്തക്കവനും,	രാമം,	ശ്രീരാമനെ,
		യൌവ്വരാജ്യസ്ഥം	യുവരാജ്യാധികാരം നടത്തുന്നവനായി
തവ	നിന്തിരുവടിക്ക്	പശ്യാമഃ.	കാണ്മാൻ ഞങ്ങൾ കൊതിക്കുന്നു.

തം ദേവദേവോപമമാത്മജം തേ
സൎവ്വസ്യ ലോകസ്യ ഹിതേ നിവിഷ്ടം
ഹിതായ നഃ ക്ഷിപ്രമുദാരജുഷ്ടം
മുദാഽഭിഷേക്തും വരദ ത്വമൎഹസി. 55

"വരദ!	"ലോകത്തിന്നു നന്മ വിളയിക്കുന്ന പുണ്യാത്മാവായുള്ളോവെ!	ഉദാരജുഷ്ടം	സൽഗുണങ്ങളായ ഗുണങ്ങളോടുകൂടിയവനും
സൎവ്വസ്യ	എല്ലാ	തേ	നിന്തിരുവടിയുടെ [ആയ
ലോകസ്യ	ലോകത്തിന്നും	തം ആത്മജം,	ആ പുത്രനെ,
ഹിതേ,	ക്ഷേമമുളവാക്കുന്ന സംഗതിയിൽ	നഃ ഹിതായ,	ഞങ്ങളുടെ നന്മക്കായി
		ക്ഷിപ്രം	കഴിയുന്നവേഗത്തിൽ
		ത്വം	നിന്തിരുവടി
ദേവദേവോ-പമം	ദേവദേവനായ മഹാവിഷ്ണുവിന്നുതുല്യം	മുദാ	തിരുവുള്ളം പ്രസാദിച്ച്
നിവിഷ്ടം,	ആസക്തിയോടുകൂടിയവനും,	അഭിഷേക്തും	പട്ടാഭിഷേകം ചെയ്യിക്കുവാൻ
		അൎഹസി."	കരുണവുണ്ടാകും."

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ ദ്വിതീയഃ സൎഗ്ഗഃ = രണ്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 2461; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 106.

തൃതീയഃ സൎഗ്ഗഃ = മൂന്നാംസൎഗ്ഗം.

[അഭിഷേകസംഭാരസംഭരണം, ദശരഥകൃത ശ്രീരാമാനുശാസനം ച = പട്ടാഭിഷേകത്തിന്നു വട്ടംകൂട്ടുന്നതും ദശരഥൻ ശ്രീരാമനെ ഉപദേശിക്കുന്നതും.]

തേഷാമഞ്ജലിപദ്മാനി പ്രഗൃഹീതാനി സൎവ്വശഃ
പ്രതിഗൃഹ്യാബ്രവീദ്രാജാ തേഭ്യഃ പ്രിയഹിതം വചഃ 1

രാജാ	മഹാരാജാവായ ദശരഥ	തേഭ്യഃ	അവരോടായി
തേഷാം	അവരുടെ [ചക്രവൎത്തി	സൎവ്വശഃ	സൎവ്വപ്രകാരത്തിലും
പ്രഗൃഹീതാനി	പൊക്കിപ്പിടിച്ച	പ്രിയഹിതം	അവരുടെ അഭീഷ്ടത്തിന്നനുസരിച്ച വിധത്തിലുള്ള
അഞ്ജലി-പദ്മാനി	അഞ്ജലിപദ്മങ്ങളെ		
പ്രതിഗൃഹ്യ,	(ആകാര ചേഷ്ടാവചനാദികളെക്കൊണ്ട്) സ്വീകരിച്ച്,	വചഃ	വാക്കിനെ
		അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.

അഹോഽസ്മി പരമപ്രീതഃ പ്രഭാവശ്ചാതുലോ മമ
യന്മേ ജ്യേഷ്ഠം പ്രിയം പുത്രം യൌവരാജ്യസ്ഥമിച്ഛഥ. 2

“മേ	“എന്റെ	പ്രഭാവഃ ച	രാജ്യലക്ഷ്മിയും
പ്രിയം	പ്രിയപ്പെട്ട	അതുലഃ ;	നിസ്തുല്യമായ ഫലത്തോടു കൂടിയതായി [രിക്കുന്നു ;
ജ്യേഷ്ഠം പുത്രം	മൂത്ത പുത്രനെ		
യൌവ്വ-രാജ്യസ്ഥം	യുവരാജാവാക്കി വെപ്പാൻ	അഹോ !	നല്ലത് !
ഇച്ഛഥ ;	നിങ്ങൾ അഭ്യൎത്ഥിക്കു [ന്നു ;	പരമപ്രീതഃ അസ്മി.”	ഞാൻ എന്റെ മനോരഥം സാധിച്ചവനായി കൃതാൎത്ഥനായ് ഭവിച്ചിരിക്കുന്നു.”
യത്	ഇതിൽ നിന്നു		
മമ	എന്റെ		

[“അഹോഽസ്മി” എന്നതു് ആൎഷസന്ധി.]

ഇതി പ്രത്യൎച്ച്യ താൻ രാജാ ബ്രാഹ്മണാനിദമബ്രവീത്
വസിഷ്ഠം വാമദേവം ച തേഷാമേവോപശൃണ്വതാം. 3

രാജാ	മഹാരാജാവ്	ഉപശൃണ്വതാം ഏവ	കേൾക്കെത്തന്നെ
ഇതി	ഇപ്രകാരം		
താൻ	ആ	വസിഷ്ഠം	വസിഷ്ഠമഹൎഷിയേയും
ബ്രാഹ്മണാൻ	ബ്രാഹ്മണരെ	വാമദേവം ച	വാമദേവമഹൎഷിയേയും
പ്രത്യൎച്ച്യ,	ബഹുമാനിച്ചുരചെയ്ത	ഇദം	ഇപ്രകാരം [നോക്കി
തേഷാം	അവർ [ശേഷം,	അബ്രവീത്.	അരുളിച്ചെയ്തു.

ചൈത്രഃ ശ്രീമാനയം മാസഃ പുണ്യഃ പുഷ്പിതകാനനഃ
യൌവരാജ്യായ രാമസ്യ സർവ്വമേവോപകല്പ്യതാം. 4

"അയം	"ഈ	രാമസ്യ	(അതിനാൽ) ശ്രീരാമന്റെ
ചൈത്രഃ മാസഃ	ചൈത്രമാസം	യൌവരാജ്യായ	യുവരാജ്യാഭിഷേകത്തിന്നു വേണ്ടത്തക്കതായ
പുഷ്പിതകാനനഃ ;	പൂത്തുനില്ക്കുന്ന മരത്തോപ്പുകളോടു കൂടിയ	സർവ്വം ഏവ	സകല സാധനങ്ങളും
ശ്രീമാൻ,	സർവ്വസമ്മതമായി[ത്തും;	ഉപകല്പ്യതാം."	തയ്യാറാക്കപ്പെടട്ടെ."
പുണ്യഃ ;	ഉത്സവാദികൃത്യങ്ങൾക്കേററതുമാകുന്നു;		

[പ്രകൃതിതന്നെ ഉത്സവത്തിന്നു തയ്യാറായി കോപ്പണിഞ്ഞു വർത്തിക്കുന്നതുപോലെ വൃക്ഷങ്ങളെല്ലാം പൂത്തുനില്ക്കുന്നതായ ഈ ചൈത്രമാസം ഉത്സവാദികൾക്കു അത്യുത്തമമെന്നു പറയുന്നു. മുകളിൽ 1-ാംസർഗ്ഗം 34-ാം ശ്ലോകത്തിൽ "തമേവം ഗുണസമ്പന്നമപ്രധൃഷ്യപരാക്രമം ലോകപാലോപമം നാഥമകാമയതമേദിനീ" എന്നു പറഞ്ഞതിന്നനുസരിച്ച്, ഭൂമിതന്നെ തന്റെ നാഥനെ സ്വീകരിപ്പാൻ തയ്യാറായ് അലങ്കാരണാദികളണിഞ്ഞുകൊണ്ട് വർത്തിക്കുന്നു, എന്നു താല്പര്യം.]

രാജ്ഞസ്തൂപരതേ വാക്യേ ജനഘോഷോ മഹാനഭൂത്
ശനൈസ്തസ്മിൻ പ്രശാന്തേ ച ജനഘോഷേ നരാധിപഃ
വസിഷ്ഠം മുനിശാർദ്ദൂലം രാജാ വചനമബ്രവീത്. 5

രാജ്ഞഃ	മഹാരാജാവിന്റെ	ജനഘോഷേ	ജനഘോഷം
വാക്യേ	ഈ വാക്ക്	ശനൈഃ	അല്പം
ഉപരതേ തു	അവസാനിക്കും മുമ്പേ തന്നെ	പ്രശാന്തേ	ഒതുങ്ങിയശേഷം
ജനഘോഷഃ	ജനങ്ങളുടെ ഉത്സാഹഘോഷം	നരാധിപഃ	നരപതിയായ
മഹാൻ	അത്യധികമായി	രാജാ	ചക്രവർത്തി
അഭൂത് ;	ഉണ്ടായി;	വസിഷ്ഠം മുനിശാർദ്ദൂലം	വസിഷ്ഠമുനിവരനോടായി
തസ്മിൻ	ആ	വചനം ച	ഇപ്രകാരവും ഒരു വാക്ക്
		അബ്രവീത്.	അരുളിച്ചെയ്തു.

അഭിഷേകായ രാമസ്യ യത് കർമ്മ സപരിച്ഛദം
തദദ്യ ഭഗവൻ സർവ്വമാജ്ഞാപയിതുമർഹസി. 6

"ഭഗവൻ!	"സ്വാമിൻ!	യത് തത്	എപ്രകാരം വേണമോ അപ്രകാരം
രാമസ്യ	ശ്രീരാമന്റെ	സർവ്വം	എല്ലാം
അഭിഷേകായ	പട്ടാഭിഷേകത്തിന്നുള്ള	അദ്യ	ഇപ്പോൾ തന്നെ
കർമ്മ	വൈദികകർമ്മം,	ആജ്ഞാപയിതും	ആജ്ഞാപിപ്പാൻ
സപരിച്ഛദം	അതിന്നു വേണ്ടത്തക്ക ഉപകരണങ്ങളോടു കൂടിയതായി	അർഹസി."	അങ്ങുന്ന് യത്നം ചെയ്യാലും."

തച്ഛ്രുത്വാ ഭൂമിപാലസ്യ വസിഷ്ഠോ ദ്വിജസത്തമഃ
ആദിദേശാഗ്രതോ രാജ്ഞഃ സ്ഥിതാൻ യുക്താൻ കൃതാഞ്ജലീൻ. 7

ഭൂമിപാലസ്യ	മഹാരാജാവിന്റെ	അഗ്രതഃ	തിരുമുമ്പിൽ
തത് ശ്രുത്വാ	ആ കല്പന കേട്ട്,	കൃതാഞ്ജലീൻ	കൈകൂപ്പി [വരായ
ദ്വിജസത്തമഃ	ബ്രാഹ്മണോത്തമനായ	സ്ഥിതാൻ	കാത്തുനിന്നിരുന്ന-
വസിഷ്ഠഃ,	വസിഷ്ഠമഹർഷി,	യുക്താൻ	കാര്യസ്ഥന്മാരോടായി
രാജ്ഞഃ	മഹാരാജാവിന്റെ	ആദിദേശ.	ഇപ്രകാരമാജ്ഞാപിച്ചു.

സുവർണ്ണാദീനി രത്നാനി ബലീൻ സർവൌഷധീരപി
ശുക്ലമാല്യാംശ്ച ലാജാംശ്ച പൃഥക് ച മധുസർപ്പിഷീ 8
അഹതാനി ച വാസാംസി രഥം സർവ്വായുധാന്യപി
ചതുരംഗബലം ചൈവ ഗജം ച ശുഭലക്ഷണം 9
ചാമരവ്യജനേ ചോഭേ ധ്വജം ഛത്രം ച പാണ്ഡുരം
ശതം ച ശാതകുംഭാനാം കുംഭാനാമഗ്നിവർച്ചസാം 10
ഹിരണ്യശൃംഗമൃഷഭം സമഗ്രം വ്യാഘ്രചർമ്മ ച
യച്ചാന്യത് കിഞ്ചിദേഷ്ടവ്യം തത്സർവ്വമുപകല്പ്യതാം 11
ഉപസ്ഥാപയത പ്രാതരഗ്ന്യഗാരം മഹീപതേഃ. 12

" സുവർണ്ണാദീനി,	" സ്വർണ്ണം മുതലായ	സമഗ്രം	കോട്ടമില്ലാത്ത
രത്നാനി,	രത്നങ്ങളും [വയും,	വ്യാഘ്രചർമ്മ ച	ഒരു പുലിത്തോലും,
ബലീൻ,	നിവേദ്യങ്ങളും,	ഹിരണ്യശൃംഗം	പൊൻകെട്ടിയ കൊ
സർവ്വൌഷധീഃ അപി,	ഹോമം ചെയ്വാനുള്ള ഉണങ്ങിയ ഓഷധികൾ ചമതകൾ മുതലായവയും,	ഋഷഭം ച,	വൃഷഭവും,[മ്പോടുകൂടിയ
		കിഞ്ചിത്	കൂടാതെ
		അന്യത്	വേറെ
		ഏഷ്ടവ്യം യത്	വേണ്ടുന്നത് ഏതൊ
ശുക്ലമാല്യാൻ ച	വെള്ളപ്പൂമാലകളും	തത് സർവ്വം ച	അതും എല്ലാം
ലാജാൻ ച	മലരും,	പ്രാതഃ	പ്രഭാതത്തിൽ
മധുസർപ്പിഷീ ച	തേൻ, നെയ്യ് എന്നിവയും	മഹീപതേഃ	മഹാരാജാവിന്റെ
അഹതാനി വാസാംസി ച	പുതിയതായ കോടി വസ്ത്രങ്ങളും	അഗ്ന്യഗാരം	അഗ്നിഹോത്രശാലയിൽ
		ഉപസ്ഥാപയത ;	തയ്യാറാക്കുക ;
ധ്വജം,	ധ്വജവും,	പൃഥക്	വേറെ സ്ഥലങ്ങളിൽ
ഉഭേ	രണ്ടു	രഥം	രഥത്തെയും
ചാമരവ്യജനേ ച	വെഞ്ചാമരങ്ങളും	സർവ്വായുധാനി അപി	സകല ആയുധങ്ങളേയും
പാണ്ഡുരം ഛത്രം ച	വെൺകൊററക്കുടയും	ചതുരംഗബലം ഏവ	ചതുരംഗസേനയേയും
അഗ്നിവർച്ചസാം	തീപോലെ മിന്നിത്തിള [ങ്ങുന്ന	ശുഭലക്ഷണം	ശുഭലക്ഷണയുക്ത
ശാതകുംഭാനാം കുംഭാനാം ശതം ച,	നൂറു പൊൻകുടങ്ങളും,	ഗജം ച	ആനയേയും [മായ
		ഉപകല്പ്യതാം.	തയ്യാറാക്കിനിർത്തുകയും വേണം.

അന്തഃപുരസ്യ ദ്വാരാണി സൎവ്വസ്യ നഗരസ്യ ച
ചന്ദനസ്രഗ്ഭിരച്ൎയ്യന്താം ധൂപൈശ്ച ഘ്രാണഹാരിഭിഃ. 13

"സൎവ്വസ്യ	"എല്ലാ	ധൂപൈഃ	നല്ല വാസനദ്രവ്യങ്ങളാലും
അന്തഃപുരസ്യ ച	അന്തഃപുരത്തിന്റെയും		
നഗരസ്യ ച	നഗരത്തിന്റെയും	ചന്ദനസ്രഗ്ഭിഃ	ശ്രേഷ്ഠങ്ങളായ പൂമാലകളാലും
ദ്വാരാണി,	മുൻവശങ്ങൾ,		
ഘ്രാണഹാരിഭിഃ	നറുമണം വീശുന്ന	അച്ൎയ്യന്താം.	അലങ്കരിക്കപ്പെടട്ടെ.

പ്രശസ്തമന്നം ഘൃതവദ്ദധിക്ഷീരോപസേചനം
ദ്വിജാനാം ശതസാഹസ്രേ യത് പ്രകാമമലം ഭവേത് 14
സത്കൃത്യ ദ്വിജമുഖ്യാനാം ശ്വഃ പ്രഭാതേ പ്രദീയതാം
ഘൃതം ദധി ച ലാജാശ്ച ദക്ഷിണാശ്ചാപി പുഷ്കലാഃ. 15

"ദ്വിജാനാം	"ബ്രാഹ്മണരുടെ	ദധി ച,	തയിരും
ശതസാഹസ്രേ	അനേകായിരത്തിൽ	ലാജാഃ ച,	പൊരി, മലർ മുതലാ
ദ്വിജമുഖ്യാനാം,	വേദവിത്തുകളായ ബ്രാഹ്മണൎക്കായി,	പുഷ്കലാഃ	ധാരാളം [യവകളും
		ദക്ഷിണാഃ അപി	ദക്ഷിണകളും,
പ്രശസ്തം	ഉത്തമമായതും	അലം പ്രകാമം	മതിയും കൊതിയും
ഘൃതവത്	മൃദുവായതും	യത് ഭവേത്	ആകത്തക്കവണ്ണം,
ക്ഷീരോപ-സേചനം	പാൽചേൎത്തതും ആയ	സത്കൃത്യ,	സത്കരിച്ച്,
		ശ്വഃ	നാളെ
ദധി അന്നം ച,	ദധ്യന്നവും,	പ്രഭാതേ	കാലത്ത് [കുന്നു.
ഘൃതം,	നെയ്യും,	പ്രദീയതാം.	കൊടുക്കപ്പെടേണ്ടതാ

സൂൎയ്യേഽഭ്യുദിതമാത്രേ ശ്വോ ഭവിതാ സ്വസ്തിവാചനം
ബ്രാഹ്മണാശ്ച നിമന്ത്ര്യന്താം കല്പ്യന്താമാസനാനി ച. 16

"ശ്വഃ	നാളെ	ഭവിതാ;	നടക്കുന്നതാണ്;
സൂൎയ്യേ	സൂൎയ്യൻ	ബ്രാഹ്മണാഃ	(അതിന്നു) ബ്രാഹ്മണർ
അഭ്യുദിതമാത്രേ ച	ഉദിച്ചു ഉടനെതന്നെ	നിമന്ത്ര്യന്താം,	ക്ഷണിക്കപ്പെടേണ്ടതാ
		ആസനാനി ച	ആസനങ്ങളും [കുന്നു,
സ്വസ്തിവാചനം	സ്വസ്തിവാചനം	കല്പ്യന്താം.	തയ്യാറാക്കപ്പെടട്ടെ.

ആബദ്ധ്യന്താം പതാകാശ്ച രാജമാൎഗ്ഗശ്ച സിച്യതാം. 17

"പതാകാഃ ച	"കൊടികളും	രാജമാൎഗ്ഗഃ ച	രാജവീഥിയും
ആബദ്ധ്യന്താം,	നാട്ടപ്പെടട്ടെ,	സിച്യതാം.	നനയ്ക്കപ്പെടട്ടെ.

സൎവ്വേ ച താളാവചരാ ഗണികാശ്ച സ്വലംകൃതാഃ
കക്ഷ്യാം ദ്വിതീയാമാസാദ്യ തിഷ്ഠന്തു നൃപവേശ്മനഃ. 18

"സൎവ്വേ	"എല്ലാ	നൃപവേശ്മനഃ	കോവിലകത്തിന്റെ
താളാവചരാഃ ച	നട്ടുവന്മാരും	ദ്വിതീയാം	രണ്ടാമത്തെ
ഗണികാഃ ച	ദാസിമാരും	കക്ഷ്യാം	മതില്ക്കകത്ത്
സ്വലംകൃതാഃ	അലങ്കരിച്ചു തയ്യാറായി	ആസാദ്യ	വന്നു
		തിഷ്ഠന്തു.	നില്ക്കട്ടെ.

ദേവായതനചൈത്യേഷു സാന്നഭക്ഷാഃ സദക്ഷിണാഃ
ഉപസ്ഥാപയിതവ്യാഃ സ്യുർമ്മാല്യയോഗ്യാഃ പൃഥക് പൃഥക്. 19

“ദേവായതന-ചൈത്യേഷു	“ക്ഷേത്രങ്ങളിലും തെരുവുകളിലുള്ള വഴിയമ്പലങ്ങളിലും
സാന്നഭക്ഷാഃ	സദ്യവട്ടങ്ങളും പലഹാരങ്ങളും തെയ്യാറായ് വെച്ചുകൊണ്ടിരിക്കുന്നവരും,
സദക്ഷിണാഃ	ദക്ഷിണകൾ വെച്ചുകൊണ്ടിരിക്കുന്നവരും
മാല്യയോഗ്യാഃ	പൂമാലകൾ വെച്ചുകൊണ്ടിരിക്കുന്നവരും
പൃഥക് പൃഥക്	വേറെ വേറെ
ഉപസ്ഥാപയി-തവ്യാഃ സ്യുഃ.	തയ്യാറാക്കി കാത്തുകൊണ്ടു നിൎത്തപ്പെടേണ്ടതാകുന്നു.

ദീൎഘാസിബദ്ധാ യോധാശ്ച സന്നദ്ധാ മൃഷ്ടവാസസഃ
മഹാരാജാങ്കണം സൎവ്വേ പ്രവിശന്തു മഹോദയം. 20

“യോധാഃ	“രാജഭടന്മാർ
സൎവ്വേ ച	എല്ലാവരും
ദീൎഘാസിബദ്ധാഃ	നെടുവാൾ കയ്യിൽ പിടിച്ചവരായി
സന്നദ്ധാഃ	കവചധാരികളായി
മൃഷ്ടവാസസഃ	അലക്കിയ ഉടുപ്പുകൾ ധരിച്ചവരായി,
മഹോദയം	മഹോത്സവം നടക്കുന്നതായ
മഹാരാജാങ്കണം	രാജധാനിയുടെ തിരുമുററത്തിൽ
പ്രവിശന്തു.”	നിൽക്കട്ടെ.”

ഏവം വ്യാദിശ്യ വിപ്രൌ തൌ ക്രിയാസ്തത്ര വിനിഷ്ഠിതൌ
ചക്രതുശ്ചൈവ യച്ഛേഷം പാൎത്ഥിവായ നിവേദ്യ ച. 21

വിനിഷ്ഠിതൌ	നല്ല പഴക്കവും സാമൎത്ഥ്യവും ഉള്ള
തൌ	ആ രണ്ടു
വിപ്രൌ ച,	ആചാൎയ്യന്മാരും,
ഏവം	മേൽ പ്രകാരം
വ്യാദിശ്യ,	കല്പിച്ച ശേഷം,
തത്ര	അപ്പോൾ നടത്തിയ
ക്രിയാഃ	കാൎയ്യങ്ങളെപ്പററി
പാൎത്ഥിവായ	മഹാരാജാവിനോടു
നിവേദ്യ	ഉണൎത്തിച്ച്,
ശേഷം ച	ബാക്കിയും ചെയ്യേണ്ടതായത്
യത് ഏവ	യാതൊന്നൊ അതിനേയും എല്ലാം
ചക്രതുഃ.	ചെയ്തു തീൎത്തു.

കൃതമിത്യേവ ചാബ്രൂതാമഭിഗമ്യ ജഗത്പതിം
യഥോക്തവചനം പ്രീതൌ ഹൎഷയുക്തൌ ദ്വിജൎഷഭൌ. 22

പ്രീതൌ	സ്നേഹമുള്ളവരും
ഹൎഷയുക്തൌ	അത്യുത്സാഹത്തോടു കൂടിയവരും ആയ
ദ്വിജൎഷഭൌ ച	ആ രണ്ടു ബ്രാഹ്മണോത്തമന്മാരും
ജഗത്പതിം	മഹാരാജാവിന്റെ
അഭിഗമ്യ	തിരുമുമ്പാകെ വീണ്ടും ചെന്ന്
“യഥോക്ത-വചനം ഏവ കൃതം,” ഇതി	“കല്പിച്ചരുളിയപോലെയെല്ലാം തയ്യാറാക്കപ്പെട്ടിരിക്കുന്നു,” എന്ന്
അബ്രൂതാം.	ഉണൎത്തിച്ചു.

തതഃ സുമന്ത്രം ദ്യുതിമാൻ രാജാ വചനമബ്രവീത്
രാമഃ കൃതാത്മാ ഭവതാ ശീഘ്രമാനീയതാമിതി. 23

തതഃ	അനന്തരം
ദ്യുതിമാൻ	രാജശ്രീമാനും
കൃതാത്മാ	പുണ്യശാലിയുമായ
രാജാ	മഹാരാജാവു്,
സുമന്ത്രം	സുമന്ത്രനോടായി
ഇതി	ഇങ്ങിനെ
വചനം അബ്രവീത്;	ആജ്ഞാപിച്ചു :—
"രാമഃ	"ശ്രീരാമൻ,
ഭവതാ	ഭവാനാൽ
ശീഘ്രം	ഇപ്പോൾ തന്നെ
ആനീയതാം."	ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരപ്പെടട്ടെ."

സ തഥേതി പ്രതിജ്ഞായ സുമന്ത്രോ രാജശാസനാത്
രാമം തത്രാനയാംചക്രേ രഥേന രഥിനാം വരം. 24

സഃ	ആ
സുമന്ത്രഃ	സുമന്ത്രരും,
രാജശാസനാത്	രാജാജ്ഞയാകയാൽ
"തഥാ"	" ഉത്തരവുപോലെ ചെയ്യാം,"
ഇതി	എന്നു
പ്രതിജ്ഞായ	പറഞ്ഞു്,
രഥിനാം വരം	തേരാളിമാരിൽവെച്ചു ഉത്തമനായ
രാമം	ശ്രീരാമനെ
രഥേന	തേരിൽ കയററിക്കൊണ്ടു
തത്ര	അവിടെ
ആനയാം ചക്രേ.	കൂട്ടിക്കൊണ്ടുവന്നു.

['രഥിനാം വരം' എന്നു പറഞ്ഞതുകൊണ്ടു് രഥാരോഹണത്തിന്നുള്ള യോഗ്യതയെ വിവക്ഷിക്കുന്നു.]

അഥ തത്ര സമാസീനാസ്തദാ ദശരഥം നൃപം
പ്രാച്യോദീച്യാഃ പ്രതീച്യാശ്ച ദാക്ഷിണാത്യാശ്ച ഭൂമിപാഃ 25
മ്ലേച്ഛാചാൎയ്യാശ്ച യേ ചാന്യേ വനശൈലാന്തവാസിനഃ
ഉപാസാംചക്രിരേ സൎവ്വേ തം ദേവാ ഇവ വാസവം. 26

വാസവം	ദേവേന്ദ്രന്റെഅടുക്കൽ
ദേവാഃ ഇവ,	ദേവന്മാരെന്നവണ്ണം
തം	ആ
ദശരഥം നൃപം	ദശരഥചക്രവൎത്തിയുടെ തിരുമുമ്പിൽ
തത്ര തദാ	അവിടെ, ആ സമയം
സമാസീനാഃ	വൎത്തിച്ചിരുന്നവരായ
പ്രാച്യോദീച്യാഃ	കിഴക്കു, വടക്കു എന്ന പ്രദേശങ്ങളിലുള്ളവരും
പ്രതീച്യാഃ	പടിഞ്ഞാറുള്ളവരും
ദാക്ഷിണാത്യാഃ ച	തെക്കുദിക്കിലുള്ളവരും ആയ
ഭൂമിപാഃ ച	രാജാക്കന്മാരും
മ്ലേച്ഛാചാൎയ്യാഃ	മ്ലേച്ഛപ്രഭുക്കന്മാരും
വനശൈലാന്തവാസിനഃ	കാട്ടാളന്മാരും മലയന്മാരും
അന്യേ	മററു സാധാരണജനങ്ങൾ
യേ ച	യാതൊരുവരൊ
സൎവ്വേ ച	അവർ എല്ലാവരും,
അഥ	ആയിടയിൽ
ഉപാസാംചക്രിരേ.	(ശ്രീരാമന്റെ) വരവിനെ കാത്തുംകൊണ്ടു വൎത്തിച്ചു.

തേഷാം മദ്ധ്യേ സ രാജൎഷിൎമ്മരുതാമിവ വാസവഃ
പ്രാസാദസ്ഥോ രഥഗതം ദദൎശായാന്തമാത്മജം. 27

സഃ രാജൎഷിഃ	ആ രാജൎഷിവൎയ്യൻ,	പ്രാസാദസ്ഥഃ,	രാജധാനിയിൽ വൎത്തിച്ചിരുന്നപ്രകാരംതന്നെ
മരുതാം	ദേവന്മാരുടെ മുമ്പിൽ	രഥഗതം	രഥത്തിൽ കയറി
വാസവഃ	ഇന്ദ്രൻ	ആയാന്തം	വന്നുകൊണ്ടിരുന്ന
ഇവ,	എപ്രകാരമോ അപ്രകാരം,	ആത്മജം	പുത്രനെ
തേഷാം	അവരുടെ	ദദൎശ.	നോക്കിക്കൊണ്ടിരുന്നു.
മദ്ധ്യേ	മുമ്പിൽ		

ഗന്ധൎവ്വരാജപ്രതിമം ലോകേ വിഖ്യാതപൌരുഷം
ദീൎഘബാഹും മഹാസത്ത്വം മത്തമാതംഗഗാമിനം 28
ചന്ദ്രകാന്താനനം രാമമതീവ പ്രിയദൎശനം
രൂപൌദാൎയ്യഗുണൈഃ പുംസാം ദൃഷ്ടിചിത്താപഹാരിണം 29
ഘൎമ്മാഭിതപ്താഃ പൎജ്ജന്യം ഹ്ലാദയന്തമിവ പ്രജാഃ
ന തതൎപ്പ സമായാന്തം പശ്യമാനോ നരാധിപഃ. 30

നരാധിപഃ,	മഹാരാജാവ്,
സമായാന്തം	അടുത്തുവന്നുകൊണ്ടിരുന്നവനായ
രാമം	ശ്രീരാമനെ,
ഗന്ധൎവ്വരാജപ്രതിമം,	ഗന്ധൎവ്വരാജാവിനെപ്പോലിരിക്കുന്നവനായും
ലോകേ	ലോകത്തിൽ
വിഖ്യാതപൌരുഷം	പുകഴാൎന്ന പരാക്രമശാലിയായിരിക്കുന്നവനായും,
മഹാസത്ത്വം,	അതിരററ സൌശീല്യഗുണയുക്തനായും
ദീൎഘബാഹും,	ആജാനുബാഹുവായും,
മത്തമാതംഗഗാമിനം,	മത്തഗജംപോലെയുള്ള ഗതിയാൎന്നവനായും
അതീവ	അത്യന്താ
പ്രിയദൎശനം,	സുന്ദരനായും,
ചന്ദ്രകാന്താനനം	മുഴുമതിയെപ്പോലുള്ള മനോഹരമായ തിരുമുഖമാൎന്നവനായും
രൂപൌദാൎയ്യഗുണൈഃ	സ്വാഭാവികമായ ഔദാൎയ്യഗുണങ്ങളെക്കൊണ്ട്
പുംസാം	(സ്ത്രീപുരുഷന്മാരായ) സൎവ്വാത്മാക്കളുടേയും
ദൃഷ്ടിചിത്താപഹാരിണം	മനോബുദ്ധികളെ അപഹരിക്കുന്നവനായും,
പശ്യമാനഃ,	മനസ്സിൽ ചിന്തിച്ചുകൊണ്ടിരുന്നവനായി
ഘൎമ്മാഭിതപ്താഃ	വേനൽ ചൂടുകൊണ്ടു തപിക്കുന്ന
പ്രജാഃ	ജനങ്ങൾ
ഹ്ലാദയന്തം	(തങ്ങളെ) കുളൎപ്പിക്കുന്ന
പൎജ്ജന്യം ഇവ	കാൎമ്മേഘത്തെപ്പോലെ കണ്ടാനന്ദിച്ചതിൽ
തതൎപ്പ ന.	തൃപ്തിപ്പെടാത്തവനായിത്തന്നെ വൎത്തിച്ചു.

[“ഗന്ധൎവ്വരാജപ്രതിമം” എന്നതുകൊണ്ട് രൂപഗുണവും, “ദീൎഘബാഹും” എന്ന പദംകൊണ്ട്, ദാനം, ശക്തി മുതലായ ഗുണങ്ങളും, “മഹാസത്ത്വം” എന്നതുകൊണ്ട് ബുദ്ധിവികാസതയും, “അതീവപ്രിയദൎശനം” എന്നതുകൊണ്ട് സ്വഭാവഗുണംകൊണ്ടുള്ള വശീകരണസാമൎത്ഥ്യവും, പറയപ്പെട്ടിരിക്കുന്നു. (സ. സാ.) “പുംസാം ദൃഷ്ടിചിത്താപഹാരിണം” എന്നതുകൊണ്ട് “പാഞ്ചാല്യാഃ പദ്മപത്രാക്ഷ്യാഃ സ്നായന്ത്യാ ജഘനം ഘനം-യാഃ സ്ത്രീയോ ദൃഷ്ടവത്യസ്താഃ പുംഭാവം മനസാ യയുഃ”, എന്നു പറഞ്ഞമാതിരി പുരുഷന്മാരുടെ ചിത്തംകൂടി ശ്രീരാമസൌന്ദൎയ്യത്താൽ വശീകരിക്കപ്പെടുന്നു. (ഗോവിന്ദരാജൻ).]

അവതാൎയ്യ സുമന്ത്രസ്തം രാഘവം സ്യന്ദനോത്തമാത്
പിതുഃ സമീപം ഗച്ഛന്തം പ്രാഞ്ജലിഃ പൃഷ്ഠതോഽന്വഗാത്. 31

സുമന്ത്രഃ	സുമന്ത്രൻ	ഗച്ഛന്തം	കാൽനടയായ് ചെന്നുകൊണ്ടിരുന്ന
രാഘവം	ശ്രീരാഘവനെ	തം	അദ്ദേഹത്തെ
സ്യന്ദനോത്തമാത്	ആ ഉത്തമരഥത്തിൽ നിന്നും	പ്രാഞ്ജലിഃ	കൈകൂപ്പിക്കൊണ്ടു തന്നെ
അവതാൎയ്യ,	താഴത്തിറക്കി,	പൃഷ്ഠതഃ അന്വഗാത്.	തുടൎന്നുചെന്നു.
പിതുഃ	പിതാവിന്റെ		
സമീപം	സന്നിധിയിലേക്ക്		

സ തം കൈലാസശൃംഗാഭം പ്രാസാദം രഘുപുംഗവഃ
ആരുരോഹ നൃപം ദ്രഷ്ടും സഹ സൂതേന രാഘവഃ. 32

സഃ	ആ	കൈലാസശൃംഗാഭം	കൈലാസശൃംഗംപോലെ മനോഹരമായ
രഘുപുംഗവഃ	രഘുകുലതിലകനായ	തം പ്രാസാദം	ആ രാജധാനിയിൽ
രാഘവഃ	ശ്രീരാമൻ	സൂതേന സഹ	സൂതനോടുംകൂടി
നൃപം	മഹാരാജാവിനെ	ആരുരോഹ.	കയറിച്ചെന്നു.
ദ്രഷ്ടും	മുഖംകാണിപ്പാൻ		

സ പ്രാഞ്ജലിരഭിപ്രേത്യ പ്രണതഃ പിതുരന്തികേ
നാമ സ്വം ശ്രാവയൻ രാമോ വവന്ദേ ചരണൌ പിതുഃ. 33

സഃ	ആ	പിതുഃ	പിതാവിന്റെ
രാമഃ	ശ്രീരാമൻ	ചരണൌ	രണ്ടു കാലടികളേയും
പിതുഃ	പിതാവിന്റെ	വവന്ദേ;	തൊട്ട് നമസ്കരിച്ചു;
അന്തികേ	സന്നിധിയിൽ	സ്വം നാമ	തന്റെ പ്രവരഗോത്രനാമാദികളെ
പ്രണതഃ	വിനീതനായി	ശ്രാവയൻ.	പറഞ്ഞ് അഭിവാദനം ചെയ്തു.
പ്രാഞ്ജലിഃ	കൈകൂപ്പിക്കൊണ്ട്		
അഭിപ്രേത്യ	ചെന്ന്		

തം ദൃഷ്ട്വാ പ്രണതം പാൎശ്വേ കൃതാഞ്ജലിപുടം നൃപഃ
ഗൃഹ്യാഞ്ജലൌ സമാകൃഷ്യ സസ്വജേ പ്രിയമാത്മജം. 34

നൃപഃ	മഹാരാജാവ്	പ്രിയം ആത്മജം	പ്രിയപുത്രനെ
പാൎശ്വേ	തന്റെ മുമ്പാകെ	ദൃഷ്ട്വാ,	കൺകുളിൎക്കുമാറ് നോക്കി,
പ്രണതം	വണക്കത്തോടെ	അഞ്ജലൌ	കൂപ്പിയകൈകളെ
കൃതാഞ്ജലിപുടം	തൃക്കൈകളെ കൂപ്പിയപോലെതന്നെ വെച്ചുകൊണ്ടിരുന്ന	ഗൃഹ്യ,	ഗ്രഹിച്ച്,
		സമാകൃഷ്യ	(മാറോട്) അണച്ച്
തം	ആ	സസ്വജേ.	തഴുകി.

തസ്മൈ ചാഭ്യുദിതം സമ്യങ്മണികാഞ്ചനഭൂഷിതം
ദിദേശ രാജാ രുചിരം രാമായ പരമാസനം. 35

രാജാ	രാജാവ്	രുചിരം	മനോഹരവും
തസ്മൈ	ആ	അഭ്യുദിതം ച	ഉന്നതവുമായ
രാമായ	ശ്രീരാമന്നായ്ക്കൊണ്ട്,	പരമാസനം	ഒരു ശ്രേഷ്ഠമായ സിംഹാസനത്തെ
സമ്യക്	നല്ലപോലെ		
മണികാഞ്ചനഭൂഷിതം	നവരത്നസ്വർണ്ണഖചിതവും	ദിദേശ ;	(ഇരിപ്പാനായി) കാണിച്ചു കൊടുത്തു.

തദാസനവരം പ്രാപ്യ വ്യദീപയത രാഘവഃ
സ്വയൈവ പ്രഭയാ മേരുമുദയേ വിമലോ രവിഃ. 36

വിമലഃ	പരിപാവനമൂർത്തിയായ	തത്	അതിനെ,
രാഘവഃ,	ശ്രീരാഘവൻ,	രവിഃ	സൂര്യഭഗവാൻ
ആസനവരം	ശ്രേഷ്ഠമായ സിംഹാസനത്തെ	ഉദയേ	ഉദയകാലത്തിൽ
പ്രാപ്യ	പ്രാപിച്ച്,	മേരും	മേരുഗിരിയെ
സ്വയാ	തന്റെ	ഏവ	എന്നവിധം
പ്രഭയാ	തേജസ്സുകൊണ്ട്,	വ്യദീപയത.	പ്രകാശിപ്പിച്ചു.

[''വവാ യഥാതഥൈവൈവം സാമ്യേ'' എന്ന പ്രകാരം 'ഏവ' പദത്തിന്നു സാമ്യാർത്ഥം 'ഉദയെ' എന്ന പദം തീക്ഷ്ണതയില്ലായ്മയെയും, 'വിമലഃ' എന്ന പദം സൂര്യന്റെ മറവില്ലായ്മയെയും വിവക്ഷിക്കുന്നു. (സർവ്വാർത്ഥസാരം).]

തേന വിഭ്രാജതാ തത്ര സാ സഭാഽപി വ്യരോചത
വിമലഗ്രഹനക്ഷത്രാ ശാരദീ ദ്യൌരിവേന്ദുനാ. 37

തത്ര	ആ സമയം	ശാരദീ ദ്യൌഃ	ശരത്കാലത്തിലെ ആകാശം
സാ സഭാ അപി	ആ സഭതന്നെ		
വിഭ്രാജതാ	തേജോമയമായി വിളങ്ങുന്ന	ഇന്ദുനാ	ശശാങ്കനാൽ
തേന	അദ്ദേഹത്താൽ	ഇവ	എന്നപോലെ
വിമലഗ്രഹനക്ഷത്രാ	നിർമ്മലമായ നവഗ്രഹനക്ഷത്രാദികളോടുകൂടിയ	വ്യരോചത.	അത്യധികം പ്രകാശിച്ചു.

[ദശരഥവസിഷ്ഠാദികൾക്കും ഗ്രഹനക്ഷത്രാദികൾക്കും സാമ്യം.]

തം പശ്യമാനോ നൃപതിസ്തുതോഷ പ്രിയമാത്മജം
അലംകൃതമിവാത്മാനമാദർശതലസംസ്ഥിതം. 38

നൃപതിഃ	മഹാരാജാവ്	ആത്മാനം ഇവ	തന്റെ ആകാരമെന്നപോലെതന്നെ
തം	ആ		
പ്രിയം ആത്മജം	ഓമനപുത്രനെ	അലംകൃതം	സർവ്വപ്രകാരേണയും ശോഭിക്കുന്നവനായി
ആദർശതലസംസ്ഥിതം	കണ്ണാടിയിൽ പ്രതിബിംബിച്ചുകാണുന്ന	പശ്യമാനഃ	നിനച്ച്
		തുതോഷ.	അത്യാനന്ദമുൾക്കൊണ്ടു.

സ തം സസ്മിതമാഭാഷ്യ പുത്രം പുത്രവതാം വരഃ
ഉവാചേദം വചോ രാജാ ദേവേന്ദ്രമിവ കശ്യപഃ. 39

പുത്രവതാം	മക്കളെപ്പെററവരിൽ		(മരീചിപുത്രനും അദി
വരഃ	ഉത്തമനായ [വെച്ചു്	കശ്യപഃ	തിദേവിയുടെ ഭർത്താവു
സഃ	ആ		മായ) കശ്യപമഹർഷി
രാജാ,	രാജാവു്,	ദേവേന്ദ്രം	ദേവേന്ദ്രനോടു്
സസ്മിതം	പുഞ്ചിരിപൂണ്ടിരിക്കു	ഇവ	എന്നവണ്ണം
തം	ആ [ന്നവനായ	ഇദം	ഇപ്രകാരം
പുത്രം	പുത്രനോടു്	വചഃ	ഉപദേശത്തെ
ആഭാഷ്യ	എന്തോ ചിലതു് ഉര	ഉവാച,	എല്ലാവരും കേൾക്കത്തെ
	ചെയ്തശേഷം		ക്കവണ്ണം അരുളിച്ചെയ്തു.

['സസ്മിതം', പുഞ്ചിരിപൂണ്ടവനായി എന്നും അർത്ഥം-ദശരഥൻെറ സ്മിതത്തിന്നു കാരണത്തെ 'പുത്രവതാം വരഃ' എന്നു പറയുന്നു. (സ. സാ.)]

ജ്യേഷ്ഠായാം മേ ധർമ്മപത്ന്യാം സദൃശ്യാം സദൃശഃ സുതഃ
ഉത്പന്നസ്ത്വം ഗുണശ്രേഷ്ഠോ മമ രാമാത്മജഃ പ്രിയഃ. 40

"രാമ!	"ഹേ, രാമ!	മേ	എനിക്കു്,
മമ	എനിക്കു്	ജ്യേഷ്ഠായാം	മൂത്തവളും
സദൃശഃ	അനുഗുണനായി	സദൃശ്യാം	അഭിമതാനുവർത്തി
ഗുണശ്രേഷ്ഠഃ	ഉത്തമഗുണങ്ങളോടു		നിയും ആയ
	കൂടിയവനും	ധർമ്മപത്ന്യാം	പട്ടമഹിഷിയിൽ
പ്രിയഃ	സ്നേഹപാത്രവും ആയ	ആത്മജഃ	ഔരസപുത്രനായി
സുതഃ ത്വം	പുത്രനാകുന്ന നീ,	ഉത്പന്നഃ.	പിറന്നു.

യതസ്ത്വയാ പ്രജാശ്ചേമാഃ സ്വഗുണൈരനുരഞ്ജിതാഃ
തസ്മാത്ത്വം പുഷ്യയോഗേന യൗവരാജ്യമവാപ്നുഹി. 41

"ഇമാഃ	"ഇക്കാണുന്ന	തസ്മാത്	അതിനാൽ
പ്രജാഃ	പ്രജകൾ,	ത്വം	ഉണ്ണി
സ്വഗുണൈഃ	സ്വഭാവസിദ്ധമായ	പുഷ്യയോഗേന	പുഷ്യനക്ഷത്രത്തിൽ
ച	സൽഗുണങ്ങൾ കൊ		ചന്ദ്രനുള്ള ദിവസമായ
	ണ്ടുതന്നെ	യതഃ	അന്നുമുതൽ
ത്വയാ	ഉണ്ണിയാൽ	യൗവ്വരാജ്യം	യുവരാജ്യാധികാരത്തെ
അനുരഞ്ജിതാഃ;	അകം കുളുർപ്പിക്കപ്പെട്ടു;	അവാപ്നുഹി.	വഹിച്ചുവന്നാലും.

[പൂയംനാൾ പട്ടാഭിഷേകം നിശ്ചയിച്ചിരിക്കുന്നു, എന്നു താല്പര്യം. "ഭൂപാനാമഭിഷേചനേ ഗുരുരവി ശ്രീനാഥമിത്രോത്തരാ രോഹിണ്യശ്വിഭ ശക്രപൗഷ്ണശശിനഃ ശ്രേഷ്ഠാ പ്രദിഷ്ടാ ബുധൈഃ" എന്ന പ്രമാണപ്രകാരം അഭിഷേകത്തിന്നു അത്യുത്തമമായി ഒന്നാമതായി എടുത്തിട്ടുള്ള നാൾ ഗുരു, അതായതു് പൂയം ആകുന്നു. ശ്രീരാമൻെറ രണ്ടാമത്തെ നക്ഷത്രവും ആണല്ലൊ. ശ്രീരാമന്നു് 25-ാമത്തെ വയസ്സായതുകൊണ്ടു് വ്യാഴനും ചന്ദ്രനും ഉച്ചസ്വക്ഷേത്രഗതന്മാരായി കർക്കടകത്തിൽ തന്നെയാണു് നില്ക്കുന്നതു്.]

കാമതസ്ത്വം പ്രകൃത്യൈവ വിനീതോ ഗുണവാനസി
ഗുണവത്യപി തു സ്നേഹാത് പുത്ര വക്ഷ്യാമി തേ ഹിതം. 42

"ത്വം	"ഉണ്ണി
പ്രകൃത്യാ ഏവ	പ്രകൃത്യാതന്നെ [നിലം;
ഗുണവാൻ;	സദ്ഗുണങ്ങളുടെ വിള
വിനീതഃ അസി;	നല്ലപോലെ അഭ്യസിക്കപ്പെട്ടവനുമാകുന്നു;
പുത്ര!	മകനെ!
അപി,	എന്നിരുന്നാലും,

ഗുണവതി തു	ഗുണവാന്മാരുടെ സംഗതിയിലുംകൂടി
ഹിതം,	ഹിതകരമായുള്ളതിനെ
സ്നേഹാത്	എന്റെ സ്നേഹംമൂലം,
കാമതഃ	സ്വേച്ഛയായി ഞാൻ
തേ	ഉണ്ണിയോടു [തന്നെ
വക്ഷ്യാമി.	ഉപദേശിക്കാം.

ഭൂയോ വിനയമാസ്ഥായ ഭവ നിത്യം ജിതേന്ദ്രിയഃ
കാമക്രോധസമുത്ഥാനി ത്യജേഥാ വ്യസനാനി ച. 43

"ഭൂയഃ	"ഇപ്പോൾ ഉള്ളതിലും അധികമായി,
വിനയം	അവനവന്റെ ധർമ്മാനുഷ്ഠാനത്തിനുള്ള മാർഗ്ഗത്തെത്തന്നെ
ആസ്ഥായ,	അവലംബിച്ച്,
നിത്യം ച	എല്ലായ്പോഴും

ജിതേന്ദ്രിയഃ	ശബ്ദസ്പർശരൂപരസഗന്ധാദികളായവയെ ജയിച്ചവനായി
ഭവ;	വർത്തിക്കുക;
കാമക്രോധ-സമുത്ഥാനി	കാമക്രോധങ്ങളാലുളവാകുന്ന
വ്യസനാനി	സപ്തദോഷങ്ങളെയും
ത്യജേഥാഃ	അടുപ്പിക്കരുത്.

[“സ്ത്രീദ്യൂതമൃഗയാമദ്യവാക്പാരുഷ്യോഗ്രദണ്ഡതാഃ- അർത്ഥസംദൂഷണം ചേതി വ്യസനസപ്തകം രാജ്ഞാം” എന്ന് രാജാക്കന്മാരുടെ സപ്തദോഷങ്ങൾ. അഥവാ, “മൃഗയാഽക്ഷോ ദിവാസ്വാപഃ പരിവാദഃ സ്ത്രിയോ മദഃ. തൌര്യത്രികം വൃഥാട്യാ ച കാമജോ ദശകോ ഗണഃ. ഇവ കാമജങ്ങളായ ദോഷങ്ങളും “പൈശുന്യം സാഹസം ദ്രോഹ ഈർഷ്യാസൂയാർത്ഥദൂഷണം. വാഗ്ദണ്ഡയോശ്ച പാരുഷ്യം ക്രോധജോഽപി ഗണോഽഷ്ടകഃ”. എന്നിവ ക്രോധജങ്ങളായ ദോഷങ്ങളും ആകുന്നു. ഗോ. രാ).]

പരോക്ഷയാ വർത്തമാനോ വൃത്ത്യാ പ്രത്യക്ഷയാ തഥാ
അമാത്യപ്രഭൃതീഃ സർവ്വാഃ പ്രകൃതീശ്ചാനുരഞ്ജയ. 44

"പരോക്ഷയാ,	"പ്രത്യക്ഷത്തിൽ കാണ്മാൻ കഴിയാത്ത ഗുണങ്ങളാലുണ്ടാകുന്നതും
തഥാ	അതുപോലെ
പ്രത്യക്ഷയാ	പ്രത്യക്ഷത്തിൽ കാണപ്പെടാവുന്നവയാൽ ഏർപ്പെടുന്നതും ആയ

വൃത്ത്യാ	നല്ലനടവടിയോടുകൂടി
വർത്തമാനഃ,	വർത്തിക്കുന്നവനായി
അമാത്യപ്രഭൃതീഃ	മന്ത്രിമാർ മുതലായ
പ്രകൃതീഃ	ജനങ്ങൾ
സർവ്വാഃ ച	എല്ലാവരെയും
അനുരഞ്ജയ.	സന്തോഷിപ്പിക്കുക.

[ദാക്ഷിണ്യം, അനുതാപം മുതലായ ആഭ്യന്തരഗുണങ്ങൾ പരോക്ഷം, ശരണാഗതരക്ഷണം ധനവിതരണം മുതലായ ബാഹ്യപ്രവൃത്തികൾ പ്രത്യക്ഷം.]

"പരോക്ഷവൃത്തികൾ, താൻതന്നെ നേരിട്ടുചെയ്യേണ്ടതായ പ്രവൃത്തികളും, അപരോക്ഷവൃത്തികൾ, മററുള്ളവരെക്കൊണ്ട് ചെയ്യിക്കേണ്ട പ്രവൃത്തികളുംആകുന്നു. ചാരന്മാർ മുഖേന സ്വരാജ്യത്തിലുള്ളതും അന്യരാജ്യങ്ങളിലുള്ളതും ആയ വൃത്താന്തങ്ങളെ അറിയുന്നത് പരോക്ഷവൃത്തിയും, അപ്രകാരംതന്നെ ആസ്ഥാനമണ്ഡപത്തിലിരുന്ന് നേരിട്ട് രാജ്യകാൎയ്യം ആലോചനചെയ്യുന്നത്മുതലായവ അപരോക്ഷവൃത്തിയും ആകുന്നു." എന്ന് ഗൊ. രാ).]

കോഷ്ഠാഗാരായുധാഗാരൈഃ കൃത്വാ സന്നിചയാൻ ബഹൂൻ
തുഷ്ടാനുരക്തപ്രകൃതിൎയ്യഃ പാലയതി മേദിനീം 45

തസ്യ നന്ദന്തി മിത്രാണി ലബ്ധ്വാഽമൃതമിവാമരാഃ
തസ്മാദ് ത്വമപി ചാത്മാനം നിയമ്യൈവം സമാചര. 46

"കോഷ്ഠാഗാരായുധാഗാരൈഃ	"ഖജാനകൾ, ആയുധപ്പുരകൾ എന്നിവയോടുകൂടി	മിത്രാണി,	നന്മയിൽ താല്പൎയ്യമുള്ളവരായ ഇതരരാജാക്ക[ന്മാർ,
ബഹൂൻ	പലമാതിരി	അമരാഃ	ദേവന്മാർ
സന്നിചയാൻ	ധനധാന്യാദികളെ	അമൃതം	അമൃതം [വണ്ണം,
കൃത്വാ,	സമ്പാദിച്ചും,	ലബ്ധ്വാ ഇവ	ലഭിച്ചതുകൊണ്ടെന്ന-
തുഷ്ടാനുരക്ത-പ്രകൃതിഃ	ജനങ്ങൾ സന്തോഷിച്ച് സ്നേഹിക്കപ്പെടുന്നവനായും,	നന്ദന്തി;	സന്തോഷിക്കുന്നു;
മേദിനീം	ഭൂമിയെ	തസ്മാത്,	ആകയാൽ,
യഃ	ഏതൊരുവൻ	ത്വം അപി,	ഉണ്ണിയും, [യെല്ലാം
പാലയതി	പരിപാലിക്കുന്നുവോ,	ആത്മാനം ച	സ്വന്താ യത്നങ്ങളെ–
തസ്യ	അവന്റെ	ഏവം	ഇപ്രകാരംതന്നെ
		നിയമ്യ,	അടക്കമാറാക്കിച്ചെയ്തുകൊണ്ട്,
		സമാചര."	പ്രവൃത്തിക്കുക."

തച്ഛ്രുത്വാ സുഹൃദസ്തസ്യ രാമസ്യ പ്രിയകാരിണഃ
ത്വരിതാഃ ശീഘ്രമഭ്യേത്യ കൌസല്യായൈ ന്യവേദയൻ. 47

തത്	അതിനെ	ശീഘ്രം	തത്ക്ഷണംതന്നെ
ശ്രുത്വാ	കേട്ടുകൊണ്ടിരുന്നവരും	ത്വരിതാഃ	ബദ്ധപ്പെട്ടോടി
തസ്യ	ആ	കൌസല്യായൈ	കൌസല്യാദേവിയുടെ
രാമസ്യ	ശ്രീരാമചന്ദ്രന്റെ	അഭ്യേത്യ	ചെന്ന് [സമീപം
സുഹൃദഃ	ആപ്തന്മാരും ആയ	ന്യവേദയൻ.	സംഗതികൾ കേൾപ്പിച്ചു.
പ്രിയകാരിണഃ	സ്നേഹിതന്മാർ,		

സാ ഹിരണ്യം ച ഗാശ്ചൈവ രത്നാനി വിവിധാനി ച
വ്യാദിദേശ പ്രിയാഖ്യേഭ്യഃ കൌസല്യാ പ്രമദോത്തമാ. 48

പ്രമദോത്തമാ	സ്ത്രീരത്നമായ	ഏവ	തത്ക്ഷണംതന്നെ
സാ	ആ	വിവിധാനി	പലപല
കൌസല്യാ	കൌസല്യാദേവി	രത്നാനി ച	രത്നങ്ങളും
പ്രിയാഖ്യേഭ്യഃ	സന്തോഷവൎത്തമാനത്തെ കൊണ്ടുവന്നവരായ അവൎക്ക്,	ഗാഃ ച	പൈക്കളെയും
		ഹിരണ്യം ച	പൊന്നും
		വ്യാദിദേശ.	സമ്മാനിച്ചു.

അഥാഭിവാദ്യ രാജാനം രഥമാരുഹ്യ രാഘവഃ
യയൌ സ്വം ദ്യുതിമദ്വേശ്മ ജനൌഘൈഃ പ്രതിപൂജിതഃ. 49

ജനൌഘൈഃ	ജനതതികളാൽ	സ്വം	തന്റെ
പ്രതിപൂജിതഃ	വണങ്ങപ്പെട്ടവനായ	ദ്യുതിമത്	മനോഹരമായ
രാഘവഃ	ശ്രീരാഘവൻ,	വേശ്മ	കോവിലകത്തേക്ക്
രാജാനം	മഹാരാജാവിനെ	രഥം	രഥത്തിൽ
അഭിവാദ്യ	വണങ്ങി നമസ്കരിച്ച്,	ആരുഹ്യ	കയറിക്കൊണ്ട്,
അഥ	പിന്നെ	യയൌ	എഴുന്നെള്ളി.

തേ ചാപി പൌരാ നൃപതേർവ്വചസ്ത-
ച്ഛ്രുത്വാ തദാ ലാഭമിവേഷ്ടമാശു
നരേന്ദ്രമാമന്ത്ര്യ ഗൃഹാണി ഗത്വാ
ദേവാൻ സമാനർച്ചുരഭിപ്രഹൃഷ്ടാഃ. 50

നൃപതേഃ	മഹാരാജാവിന്റെ	നരേന്ദ്രം	മഹാരാജാവോടു
തത്	ആ	ആമന്ത്ര്യ,	അനുമതി വാങ്ങിക്കൊ[ണ്ട്,
വചഃ ശ്രുത്വാ,	അരുളപ്പാടു കേട്ട്,	തദാ	അനന്തരം
തേ പൌരാഃ അപി	ആ പുരവാസികളെല്ലാവരും	ആശു ച	തൽക്ഷണംതന്നെ
ഇഷ്ടം	പരഹൃദയത്തെ	ഗൃഹാണി	അവരവരുടെ ഗൃഹങ്ങ[ളിൽ
ലാഭം	ഉള്ളവണ്ണം ഗ്രഹിപ്പാൻ കഴിവുള്ളവനെ	ഗത്വാ	പോയി
ഇവ	പൊലെയുള്ളവനായ	അഭിപ്രഹൃഷ്ടാഃ	അത്യാനന്ദഭരിതന്മാ[രായി
		ദേവാൻ	കുലദൈവങ്ങളെ
		സമാനർച്ചുഃ.	ശ്രദ്ധയോടെ പൂജിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
തൃതീയഃ സർഗ്ഗഃ = മൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 2511; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 156.

ചതുർത്ഥഃ സർഗ്ഗഃ = നാലാംസർഗ്ഗം.

[അഭിഷേകകാലനിർണ്ണയോ മാതുരാശീർവ്വാദശ്ച = അഭിഷേകകാലം നിർണ്ണയിക്കുന്നതും കൌസല്യാദേവിയുടെ അനുഗ്രഹവും.]

ഗതേഷ്വഥ നൃപോ ഭൂയഃ പൌരേഷു സഹ മന്ത്രിഭിഃ
മന്ത്രയിത്വാ തതശ്ചക്രേ നിശ്ചയജ്ഞഃ സുനിശ്ചയം. 1

നിശ്ചയജ്ഞഃ	തീർപ്പുകളുടെ ഫലങ്ങളെ നല്ലപോലെ അറിയുന്നവനായ	ഭൂയഃ	വീണ്ടും,
നൃപഃ	മഹാരാജാവ്	സുനിശ്ചയം	സർവ്വാഭീഷ്ട മനോരഥമാകുന്ന അക്കാര്യത്തെപ്പററി
മന്ത്രിഭിഃ സഹ	മന്ത്രിമാരോടുംകൂടി	മന്ത്രയിത്വാ	തന്റെ മനസ്സിൽ തന്നെ ആലോചിച്ച്
പൌരേഷു	പൌരന്മാർ		
ഗതേഷു അഥ,	പോയതിൽ പിന്നെ,	ചക്രേ.	ഇപ്രകാരം തന്നെ ത്താൻ ഉരചെയ്തു.
തതഃ	ആ സമയം		

ശ്വ ഏവ പുഷ്യോ ഭവിതാ ശ്വോഽഭിഷിഞ്ചന്തു മേ സുതം
രാമോ രാജീവതാമ്രാക്ഷോ യുവരാജ ഇതി പ്രഭുഃ. 2

"പുഷ്യഃ	"പൂയം നാളാകുന്ന
ശ്വഃ	നാളത്തെ ദിവസം
മേ	എന്റെ
സുതം	പുത്രനെ
അഭിഷിഞ്ചന്തു ;	അവർ അഭിഷേകം ചെയ്യും ;
ശ്വഃ ഏവ	നാളെത്തന്നെ
രാജീവ-താമ്രാക്ഷഃ	ചെന്താർ നേത്രനായ
രാമഃ	ശ്രീരാമൻ,
യുവരാജഃ ഇതി	യുവരാജാവ് എന്ന
പ്രഭുഃ	രാജ്യാധികാരത്തോടു കൂടിയവനായി
ഭവിതാ."	ഭവിക്കും."

അഥാന്തർഗ്ഗൃഹമാവിശ്യ രാജാ ദശരഥസ്തദാ
സൂതമാമന്ത്രയാമാസ രാമം പുനരിഹാനയ. 3

തദാ	അപ്പോൾ,
ദശരഥഃ രാജാ	ദശരഥമഹാരാജാവ്,
അന്തർഗ്ഗൃഹം	കോവിലകത്തിൽ ഏകാന്തമായ ഒരു മുറിക്കകത്ത്
ആവിശ്യ	പ്രവേശിച്ച്
സൂതം	സാരഥിയായ സുമന്ത്രരോടായി
അഥ	ഇപ്രകാരം
ആമന്ത്രയാമാസ;	കല്പിച്ചു ;
"രാമം	"രാമനെ
പുനഃ	ഒരിക്കൽകൂടി
ഇഹ	ഇങ്ങോട്ട്
ആനയ."	കൂട്ടിക്കൊണ്ടുവരിക."

പ്രതിഗൃഹ്യ സ തദ്വാക്യം സൂതഃ പുനരുപായയൌ
രാമസ്യ ഭവനം ശീഘ്രം രാമമാനയിതും പുനഃ. 4

സഃ സൂതഃ	ആ സാരഥി
തദ്വാക്യം	അദ്ദേഹത്തിന്റെ ആജ്ഞയെ
പ്രതിഗൃഹ്യ,	ശിരസാ വഹിച്ചു
രാമം	ശ്രീരാമനെ [കൊണ്ടു്,
പുനഃ	രണ്ടാമതും
ആനയിതും	കൂട്ടിക്കൊണ്ടുവരുവാനാ
ശീഘ്രം	തത്‌ക്ഷണംതന്നെ [യി
രാമസ്യ	ശ്രീരാമന്റെ
ഭവനം	കോവിലകത്തേക്കു്
പുനഃ	വീണ്ടും
ഉപായയൌ.	പോയ്‌ച്ചേർന്നു.

ദ്വാസ്ഥൈരാവേദിതം തസ്യ രാമായാഗമനം പുനഃ
ശ്രുത്വൈവ ചാപി രാമസ്തം പ്രാപ്തം ശങ്കാന്വിതോഽഭവത്. 5

ദ്വാസ്ഥൈഃ	ദ്വാരപാലകന്മാരാൽ
രാമായ	ശ്രീരാമന്റെ തിരുമുമ്പിൽ
തസ്യ	അദ്ദേഹത്തിന്റെ
പുനഃ	വീണ്ടുമുള്ള
ആഗമനം	ആഗമനം
ആവേദിതം	കേൾപ്പിക്കപ്പെട്ടു ;
ശ്രുത്വാ	അതിനെ കേട്ടു്
രാമഃ	ശ്രീരാമൻ
ഏവ	ഉടനെതന്നെ
തം ച	അദ്ദേഹംതന്നെ
പ്രാപ്തം അപി	വീണ്ടും വന്നിരിക്കുന്നതിനെ
ശങ്കാന്വിതഃ	ആലോചിച്ച് വന്ന സംഗതിയിന്നതെന്നറിയാത്ത അവസ്ഥയിലിരിക്കുന്നവനായി
അഭവത്.	ഭവിച്ചു.

പ്രവേശ്യ ചൈനം ത്വരിതം രാമോ വചനമബ്രവീത്
യദാഗമനകൃത്യം തേ ഭൂയസ്തദ്ബ്രൂഹ്യശേഷതഃ 6

രാമഃ	ശ്രീരാമൻ	ത്വരിതം ച	ബദ്ധപ്പാടോടുകൂടിയ
ഏനം	അദ്ദേഹത്തെ	ഭൂയഃ	ഈ വീണ്ടുമുള്ള
പ്രവേശ്യ	അകത്തുവിളിച്ചുവരു	ആഗമനകൃത്യം	വരവിനുള്ള ഉദ്ദേശം
വചനം	ഇപ്രകാരംചൊല്ലം [ത്തി	യത് തത്	ഏതൊ അതിനെ
അബ്രവീത്;	ചെയ്തു!	അശേഷതഃ	മുഴുവനും
"തേ	"അങ്ങയുടെ	ബ്രൂഹി."	പറഞ്ഞാലും."

തമുവാച തതഃ സൂതോ രാജാ ത്വാം ദ്രഷ്ടുമിച്ഛതി
ശ്രുത്വാ പ്രമാണം തത്ര ത്വം ഗമനായേതരായ വാ. 7

തതഃ	അപ്പോൾ	ത്വാം	നിന്തിരുവടി
സൂതഃ	സാരഥി	ശ്രുത്വാ	ഈ വിവരം ചെവിക്കൊണ്ട്,
തം	അദ്ദേഹത്തോടായി		
ഉവാച;	അറിയിച്ചു;	ഗമനായ	എഴുന്നെള്ളുന്ന കാര്യത്തെപ്പററിയൊ
"രാജാ	"മഹാരാജാവ്		
ത്വാം	നിന്തിരുവടിയെ	ഇതരായ	മററിച്ചൊ
ദ്രഷ്ടും	നേരിട്ടു കാണ്മാൻ	തത്ര വാ	ഏതെങ്കിലും ഒന്ന്
ഇച്ഛതി;	ഇപ്പോൾ ആഗ്രഹിക്കുന്നു;	പ്രമാണം."	തിരുവുള്ളംപോലെ ചെയ്താലും."

ഇതി സൂതവചഃ ശ്രുത്വാ രാമോഽഥ ത്വരയാഽന്വിതഃ
പ്രയയൌ രാജഭവനം പുനർദ്രഷ്ടും നരേശ്വരം. 8

ഇതി	ഇപ്രകാരം	നരേശ്വരം	മഹാരാജാവിനെ
സൂതവചഃ	സാരഥിയുടെ വാക്യ	പുനഃ	വീണ്ടും
ശ്രുത്വാ,	കേട്ട്, [ത്തെ	ദ്രഷ്ടും	സന്ദർശിപ്പാനായി
രാമഃ	ശ്രീരാമൻ	രാജഭവനം	കോവിലകത്തിലേക്ക്
ത്വരയാ	ദ്രുതഗതിയോടു	അഥ	ഉടനെതന്നെ
അന്വിതഃ	കൂടിയവനായി	പ്രയയൌ.	എഴുന്നെള്ളി.

തം ശ്രുത്വാ സമനുപ്രാപ്തം രാമം ദശരഥോ നൃപഃ
പ്രവേശയാമാസ ഗൃഹം വിവക്ഷുഃ പ്രിയമുത്തമം. 9

ദശരഥഃ നൃപഃ	ദശരഥമഹാരാജാവ്		
തം	ആ	പ്രിയം	മനസ്സിന്നു ചാഞ്ചല്യമുണ്ടാകാതിരിക്കത്തക്കവണ്ണം
രാമം	ശ്രീരാമനെ		
സമനുപ്രാപ്തം	സമീപത്തിൽ എത്തി	വിവക്ഷുഃ	പറവാനുദ്ദേശിച്ചവ
ശ്രുത്വാ	അറിഞ്ഞ് [യവനായി	ഗൃഹം	മുറിക്കകത്ത് [നായി,
ഉത്തമം	പ്രധാനമായ കാര്യത്തെപ്പററി	പ്രവേശയാമാസ.	വരുവാൻ കല്പിച്ചു.

പ്രവിശന്നേവ ച ശ്രീമാൻ രാഘവോ ഭവനം പിതുഃ
ദദൎശ പിതരം ദൂരാത് പ്രണിപത്യ കൃതാഞ്ജലിഃ 10

ശ്രീമാൻ	ത്രിലോകപ്രസിദ്ധി	പ്രവിശൻ,	പ്രവേശിച്ചു്,
രാഘവഃ ച	ശ്രീരാഘവനാം [യാൎന്ന	ഏവ	ഉടനെ
ദൂരാത്	ദൂരത്തിൽനിന്നുതന്നെ	പിതരം	പിതാവിനെ
കൃതാഞ്ജലിഃ	അഞ്ജലികൂപ്പിക്കൊണ്ടു്	പ്രണിപത്യ	വണങ്ങിനമസ്കരിച്ചു്,
പിതുഃ	പിതാവിന്റെ	ദദൎശ.	കല്പനയെന്തെന്നു്
ഭവനം	അരമനയ്ക്കകത്തു്		കാത്തുകൊണ്ടുനിന്നു.

പ്രണമന്തം സമുത്ഥാപ്യ പരിഷ്വജ്യ സ ഭൂമിപഃ
പ്രദിശ്യ ചാസ്മൈ രുചിരമാസനം പുനരബ്രവീത്. 11

സഃ ഭൂമിപഃ	ആ മഹാരാജാവു്	ആസനം	ഒരു സിംഹാസനത്തെ
പ്രണമന്തം	കുമ്പിടുന്നവനായ പു	പുനഃ	വീണ്ടും
സമുത്ഥാപ്യ	എഴുന്നേല്പിച്ചു് [ത്രനെ	പ്രദിശ്യ	ഇരിപ്പാനായി കാണി
പരിഷ്വജ്യ	മാറോടുചേൎത്തണച്ചു്		ച്ചുകൊടുത്തു്,
അസ്മൈ	അദ്ദേഹത്തിന്നു്	ച	അതിൽപിന്നെ
രുചിരം	ഉത്തമമായ	അബ്രവീത്.	ഇങ്ങിനെ അരുളിച്ചെയ്തു.

രാമ വൃദ്ധോഽസ്മി ദീൎഘായുൎഭുക്താ ഭോഗാ മയേപ്സിതാഃ
അന്നവദ്ഭിഃ ക്രതുശതൈൎയ്യഥേഷ്ടം ഭൂരിദക്ഷിണൈഃ. 12

"രാമ!	"രാമ!	ഭുക്താഃ ;	അനുഭവിക്കപ്പെട്ടു
ദീൎഘായുഃ	ഏറെനാൾ ജീവിച്ചു്	യഥാ	അപ്രകാരംതന്നെ
വൃദ്ധഃ	(ഇപ്പോൾ) വാൎദ്ധക്യസ്ഥിതിയിലാണല്ലൊ	അന്നവദ്ഭിഃ	അന്നദാനങ്ങളോടും
		ഭൂരിദക്ഷിണൈഃ	അളവറ്റ ദക്ഷിണകളോടുംകൂടിയ
അസ്മി ;	ഞാൻ വൎത്തിക്കുന്നതു്;	ക്രതുശതൈഃ	എത്രയോ യാഗങ്ങളെക്കൊണ്ടു്
മയാ	എന്നാൽ		
ഈപ്സിതാഃ	ആഗ്രഹിക്കപ്പെട്ട	ഇഷ്ടം.	യജിക്കപ്പെട്ട കീൎത്തിയും നേടപ്പെട്ടു.
ഭോഗാഃ	മനോരഥങ്ങൾ എല്ലാം		

ജാതമിഷ്ടമപത്യം മേ ത്വമദ്യാനുപമം ഭുവി
ദത്തമിഷ്ടമധീതം ച മയാ പുരുഷസത്തമ. 13

"പുരുഷസത്തമ!	"ഹേ പുരുഷോത്തമ!	മയാ ഇഷ്ടം	എന്നാൽ പ്രാൎത്ഥിക്കപ്പെട്ടതും
ത്വം മേ	നീയും എനിക്കു്		
ഇഷ്ടം അപത്യം	പ്രിയപ്പെട്ട പുത്രനായി പിറന്നു ;	ദത്തം	ആ പ്രാൎത്ഥനയുടെ ഫലമായി ലഭിക്കപ്പെട്ടതുമായുള്ള ആ പുത്രഭാഗ്യം
ച ഭുവി	തന്മൂലം ലോകത്തിൽ		
അദ്യ	ഇപ്പോൾ	ജാതം	പ്രത്യക്ഷത്തിൽ
അനുപമം	നിസ്തുല്യവും	അധീതം.	അനുഭവിക്കപ്പെട്ടു.

[ഇതിനു മുമ്പിലത്തെ ശ്ലോകത്തിൽ അനേകം യാഗങ്ങൾ ചെയ്യപ്പെട്ടതായി പറയപ്പെട്ടു. ആ

യാഗങ്ങളുടെ ഫലമായി അഭിമതപുത്രന്മാരും ജനിച്ചു. "ദത്തം" എന്നതുകൊണ്ടു അനേകദാനങ്ങളും ചെയ്യപ്പെട്ടു. "അധീതം" എന്നതുകൊണ്ടു വേദാദ്ധ്യായനാദികളും ധനുൎവ്വേദം മുതലായവയും തന്നാൽ വേണ്ടുംപോലെ അഭ്യസിക്കപ്പെട്ടു, എന്നു പറയുന്നു. (ഗോ. രാ).]

അനുഭൂതാനി ചേഷ്ടാനി മയാ വീരസുഖാന്യപി
ദേവൎഷിപിതൃവിപ്രാണാമനൃണോഽസ്മി തഥാഽത്മനഃ. 14

"മയാ	"എന്നാൽ	ദേവൎഷിപിതൃവിപ്രാണാം	ദേവന്മാൎക്കും, ഋഷികൾക്കും, പിതൃക്കൾക്കും, ബ്രാഹ്മണൎക്കും
ഇഷ്ടാനി വീരസുഖാനി അപി	[യായ അനുഗ്രഹിക്കപ്പെട്ടവ- ദാനവീൎയ്യം, ധൎമ്മവീൎയ്യം, ദയാവീൎയ്യം, യുദ്ധവീൎയ്യം എന്ന നാലു അവസ്ഥകളെക്കൊണ്ടു് ഉളവാകുന്ന ഭാഗ്യങ്ങളും	തഥാ	അപ്രകാരംതന്നെ
		ആത്മനഃ	എന്റെ ആത്മാവിന്നും
		അനൃണഃ	ചെയ്യേണ്ടവയായ കടങ്ങളെയെല്ലാം ചെയ്തു തീൎത്തവനായി
അനുഭൂതാനി;	അനുഭവിക്കപ്പെട്ടു;		
ച,	അതിനാൽ,	അസ്മി.	ഞാൻ ഭവിച്ചിരിക്കുന്നു.

[മേല്പറഞ്ഞ മൂന്നു ശ്ലോകങ്ങളെക്കൊണ്ടു് ഒരു മനുഷ്യനായി പിറന്നാലുണ്ടാകുന്നവയായ അഞ്ചു ഋണങ്ങളെയും താൻ നിവൃത്തിച്ചുവെന്നു പറയുന്നു. യജ്ഞയാഗാദികളെക്കൊണ്ടു ദേവന്മാൎക്കുള്ള ഋണവും, പുത്രോത്പാദനംകൊണ്ടു പിതൃക്കൾക്കുള്ളതായ ഋണവും ദാനങ്ങളെക്കൊണ്ടു് ബ്രാഹ്മണൎക്കുള്ള ഋണവും, അദ്ധ്യയനംകൊണ്ടു ഋഷികൾക്കുള്ള ഋണവും, വീരധൎമ്മം അനുഷ്ഠിച്ചതുകൊണ്ടു ആത്മാവിന്നുള്ള ഋണവും, നിവൎത്തിക്കപ്പെട്ടു എന്നു താല്പൎയ്യം.

"ജായമാനൊ വൈ ബ്രാഹ്മണസ്ത്രിഭിർ ഋണവാഞ്ജായതെ. ബ്രഹ്മചൎയ്യേണ ഋഷിഭ്യോ, യജ്ഞേന ദേവേഭ്യഃ, പ്രജയാപിതൃഭ്യഃ" എന്നു വേദങ്ങളിൽ മൂന്നുവിധം ഋണത്തെപ്പററി പറയുന്നു.

"ഋഷിഋണത്തിൽ വിപ്രർണ്ണവും, ദേവൎണ്ണത്തിൽ ആത്മൎണ്ണവും അന്തൎഭവിച്ചിരിക്കുന്നു." എന്നു തിലകം.

"ഇന്ദ്രിയങ്ങൾക്കു അധിഷ്ഠാനങ്ങളാകയാൽ ആ ഇന്ദ്രിയങ്ങളെ ജയിപ്പാനുള്ള മാൎഗ്ഗത്തെ നൽകുന്നതിനാൽ ദേവന്മാൎക്കും, ശ്രുതി സ്മൃതി മുതലായ വാക്യങ്ങളെ നൽകി ഉപകാരംചെയ്തതിനാൽ ഋഷികൾക്കും, ദേഹത്തെ നൽകിയതിനാൽ പിതൃക്കൾക്കും, കൎമ്മത്തിന്നധീനമായ സകല സംസ്കാരങ്ങൾക്കും സാധനമായി, അഘനാശനത്തിന്നു കാരണമാകയാൽ വിപ്രന്മാൎക്കും, ശരീരേന്ദ്രിയസംഘാതത്തിന്നു ജ്ഞാനപ്രകാശകമായ ഹേതുവാകയാൽ ആത്മാവിന്നും ഋണം സംഭവിക്കുന്നു," എന്നു ഗോ. രാ.

"ദേവാനാം ച പിതൄണാം ച ഋഷീണാം ച തഥാ നരഃ
ഋണവാൻ ജായതേ യസ്മാദ് തന്മോക്ഷേ പ്രയതേത്സദാ.
ദേവാനാമനൃണൊ ജന്തുൎയ്യജ്ഞൈൎഭവതി മാനവഃ
അല്പവിത്തശ്ച പൂജാഭിരുപവാസവ്രതൈസ്തഥാ.
ശ്രാദ്ധേന പ്രജയാ ചൈവ പിതൄണാമനൃണൊ ഭവേത്
ഋഷീണാം ബ്രഹ്മചൎയ്യേണ ശ്രുതേന തപസാ തഥാ".

എന്നു വിഷ്ണുധൎമ്മോത്തരത്തിൽ ഋണത്രയങ്ങളെപ്പററി വിവരിച്ചിരിക്കുന്നു. ബ്രാഹ്മണന്നു നിത്യകൎമ്മമായി വിധിച്ചിട്ടുള്ള ബ്രഹ്മയജ്ഞത്തിൽ ദേവൎഷിപിതൃക്കൾക്കായി നിത്യം തൎപ്പിക്കുന്നതും ഈ ഋണത്രയങ്ങളെ നിവൎത്തിക്കുന്നതിനായാകുന്നു.]

ന കിഞ്ചിന്മമ കർത്തവ്യം തവാന്യത്രാഭിഷേചനാത്
അതോ യത്ത്വാമഹം ബ്രൂയാം തന്മേ ത്വം കർത്തുമർഹസി. 15

"തവ	"ഉണ്ണിയുടെ	ത്വാം	ഉണ്ണിയോടു
അഭിഷേചനാത്	പട്ടാഭിഷേകകൃത്യം	യത്	യാതൊരു കാര്യം
അന്യത്ര	മററ് [ഒന്നല്ലാതെ	ബ്രൂയാം	പറവാൻപോകുന്നുവോ
മമ	എനിക്ക്	തത്	അതിനെ,
കർത്തവ്യം	ചെയ്യേണ്ടതായ	ത്വം	ഉണ്ണി
കിഞ്ചിത് ന;	യാതൊന്നുംതന്നെ	മേ	എനിക്കുവേണ്ടി
അതഃ	അതിനാൽ [ഇല്ല;	കർത്തും അർഹസി.	ചെയ്യേണ്ടതാണ്.
അഹം	ഞാൻ		

അദ്യ പ്രകൃതയഃ സർവ്വാസ്ത്വാമിച്ഛന്തി നരാധിപം
അതസ്ത്വാം യുവരാജാനമഭിഷേക്ഷ്യാമി പുത്രക. 16

"പുത്രക!	"മകനേ!	ഇച്ഛന്തി;	ആഗ്രഹിക്കുന്നു;
അദ്യ	ഇപ്പോൾ	അതഃ	അതിനാൽ
പ്രകൃതയഃ	ജനങ്ങൾ	ത്വാം	ഉണ്ണിയെ
സർവ്വാഃ	എല്ലാവരും	യുവരാജാനം	യുവരാജാവായി
ത്വാം	നിന്നെ [വാൻ	അഭിഷേക്ഷ്യാമി.	ഞാൻ പട്ടാഭിഷേകം
നരാധിപം	രാജ്യാധികാരിയാക്കു		ചെയ്യിപ്പാൻ പോകുന്നു.

[“രാജാവാകയാൽ പ്രജകളെ രക്ഷിപ്പാൻതക്ക പിൻവാഴ്ചക്കാരനെ നിശ്ചയിക്കേണമെന്നുള്ള ഋണത്തെയുംകൂടി ഞാൻ തീർത്തുകളയാം.” എന്നു താല്പര്യം, സർവ്വാർത്ഥസാരം).]

അപി ചാദ്യാശുഭാൻ രാമ സ്വപ്നേ പശ്യാമി ദാരുണാൻ
സനിർഘാതാ മഹോല്കാ ച പതിതേഹ മഹാസ്വനാ. 17

"രാമ!	"ശ്രീരാമ!	ച	അതുകൂടാതെ
അപി,	ഇപ്രകാരമിരിക്കെ,	അദ്യ	ഇപ്പോൾ
സ്വപ്നേ	ഞാൻ ഉറങ്ങുമ്പോൾ സ്വപ്നത്തിൽ	ദാരുണാൻ	മനസ്സിന്നു ചാഞ്ചല്യത്തെ ഉളവാക്കുന്നവയായ
സനിർഘാതാ	ഇടിവെട്ടോടുകൂടിയ		
മഹാസ്വനാ	അതിഭയങ്കരശബ്ദമാർന്ന	അശുഭാൻ	അശുഭസൂചകങ്ങളായ
മഹോല്കാ	ഒരു കൊള്ളിമീൻ		ദുർല്ലക്ഷണങ്ങളേയും
ഇഹ പതിതാ ച,	ഇവിടെ വീണതായും,	പശ്യാമി.	ഞാൻ കാണുന്നു.

“അംബരമദ്ധ്യാദ്ബഹ്വ്യോ നിപതന്ത്യോ രാജരാഷ്ട്രനാശായ” എന്ന് ഉല്കാപതനഫലം ബൃഹത്സംഹിതയിൽ പറയപ്പെട്ടിരിക്കുന്നു.]

അവഷ്ടബ്ധം ച മേ രാമ നക്ഷത്രം ദാരുണൈർഗ്രഹൈഃ
ആവേദയന്തി ദൈവജ്ഞാഃ സൂര്യാംഗാരകരാഹുഭിഃ. 18

"രാമ !	"രാമ !	സൂര്യാംഗാരക-രാഹുഭിഃ	സൂര്യൻ, ചൊവ്വ, രാഹു എന്ന
ദൈവജ്ഞാഃ	ജ്യോതിഷികന്മാർ	ദാരുണൈഃ ഗ്രഹൈഃ	ക്രൂരഗ്രഹങ്ങളാൽ
മേ	എന്റെ	അവഷ്ടബ്ധം ച	പീഡിക്കപ്പെട്ടതായും
നക്ഷത്രം	ജന്മനക്ഷത്രം	ആവേദയന്തി.	പറയുന്നു.

[ചാരവശാൽ സൂര്യൻ ചന്ദ്രലഗ്നത്തിൽ നിന്നാൽ ആയാസദാതാവായും (ബുദ്ധിമുട്ടുകളും ദുഃഖവും ഉളവാക്കുന്നവൻ), അർത്ഥനാശംവരുത്തുന്നവനായും, ക്രോധം, രോഗം, യാത്ര എന്നവകൊണ്ടുള്ള ദുഃഖം ഉളവാക്കുന്നവനായും ഭവിക്കുന്നു. "ജന്മന്യായാസദാതാ ക്ഷപയതി വിഭവാൻ ക്രോധരോഗാധ്വതാപം".

ചൊവ്വനിന്നാൽ, "അന്തഃശോകം സ്വജനവിരഹം രക്തപിത്തോഷ്ണരോഗം ലഗ്നേ" എന്ന പ്രമാണപ്രകാരം മനോദുഃഖവും, സ്വജനങ്ങളുമായുള്ള വേർപാടും, മററും ഫലം.

രാഹുനിന്നാൽ, "ദേഹക്ഷയം" ഫലം - ആകയാൽ ദശരഥന്ന് മനോദുഃഖം ദേഹനാശം മുതലായവ ഉണ്ടാകുമെന്ന് ജ്യോതിഷികന്മാർ പറഞ്ഞിരിക്കുന്നു എന്നു താല്പര്യം. അടുത്ത ശ്ലോകം നോക്കുക]

പ്രായേണ ച നിമിത്താനാമീദൃശാനാം സമുദ്ഭവേ
രാജാ ഹി മൃത്യുമാപ്നോതി ഘോരാം വാഽഽപദമൃച്ഛതി. 19

"ഈദൃശാനാം	"ഇപ്രകാരമുള്ള	ആപദം വാ	ആപത്തിനെയൊ
നിമിത്താനാം	അപശകുനങ്ങളുടെ	ആപ്നോതി ;	പ്രാപിക്കുന്നു ;
സമുദ്ഭവേ	ഫലമായി	പ്രായേണ ഹി	ഏതുവിധത്തിലും ഇതിന്നു വശപ്പെട്ട്
രാജാ ച	രാജാവുതന്നെ		
മൃത്യും	മരണത്തെയൊ	ഋച്ഛതി.	സ്വബുദ്ധിയെയുംതന്നെ വെടിയുന്നു.
ഘോരാം	ഘോരമായ		

യദ്യാവദേവ മേ ചേതോ ന വിമുഞ്ചതി രാഘവ
താവദേവാഭിഷിഞ്ചസ്വ ചലാ ഹി പ്രാണിനാം മതിഃ. 20

"രാഘവ !	"രാഘവ !	അഭിഷിഞ്ചസ്വ;	നീ അഭിഷിക്തനായി ഭവിക്കുക ;
മേ	എന്റെ		
ചേതഃ	ജീവൻ	യത് ഏവ	അതില്ലെന്നാൽതന്നെ
വിമുഞ്ചതി ന	എന്റെ ദേഹത്തെ വെടിയാതിരിക്കുന്നത്	പ്രാണിനാം	മനുഷ്യരുടെ [യും,
		മതിഃ	ബുദ്ധി
യാവത് ഹി	ഏതുസമയംവരയ്ക്കുമൊ	ചലാ.	സ്ഥിരമല്ലാത്തതാണല്ലൊ.
താവത് ഏവ	അതിന്നുള്ളിൽതന്നെ,		

[ദുർല്ലക്ഷണങ്ങൾ കണ്ടതിനാൽ തനിക്കു മരണം സംഭവിച്ചേക്കാം. എന്നാൽ തനിക്കു അഭിഷേകം കാണ്മാൻ സാധിക്കയില്ല. അല്ലെന്നാൽ ജനങ്ങൾക്കുതന്നെ ബുദ്ധി മാറിക്കളയാം, എന്നെല്ലാം മഹാരാജാവ് ശങ്കിക്കുന്നു.

ചേതഃ (നിന്നെ അഭിഷേകംചെയ്യിക്കേണമെന്നുള്ള എന്റെ ബുദ്ധി), എന്നെ വിട്ടുപോകുന്നതിന്നുമുമ്പേതന്നെ അഭിഷേകംചെയ്യാലും. എന്തെന്നാൽ മനുഷ്യന്റെ ബുദ്ധി സ്ഥിരമല്ല. എന്റെ ബു

ധിതന്നെ കൈകേയി, സുമിത്ര മുതലായ ഭാര്യമാരുടെ അഃപക്ഷപ്രകാരം മാറിപ്പോയ്ക്കളയാം,"
(ഗോവിന്ദരാജീയം സർവ്വാർത്ഥസാരം.)

ഈ മേൽപറഞ്ഞ അർത്ഥം ദശരഥമഹാരാജാവിന്നു ശ്രീരാമന്റെ പേരിലുള്ള അസാധാരണപ്രേമത്തിന്നു യോജിച്ചതായി തോന്നുന്നില്ല.]

അദ്യ ചന്ദ്രോഽഭ്യുപഗതഃ പുഷ്യാത് പൂർവ്വം പുനർവ്വസും
ശ്വഃ പുഷ്യയോഗം നിയതം വക്ഷ്യന്തേ ദൈവചിന്തകാഃ. 21

"അദ്യ	"ഇന്നു
ചന്ദ്രഃ	ചന്ദ്രൻ
പുഷ്യാത്	പൂയം നക്ഷത്രത്തിന്നു
പൂർവ്വം	മുമ്പുള്ള
പുനർവ്വസും	പുണർതം നക്ഷത്രത്തിലാണ്
അഭ്യുപഗതഃ;	വർത്തിക്കുന്നത്;
ദൈവചിന്തകാഃ	ജ്യോത്സ്യന്മാർ
പുഷ്യയോഗം	പൂയം നക്ഷത്രമായ
ശ്വഃ	നാളത്തെ ദിവസത്തെ
നിയതം	നിശ്ചയിച്ചെട്ടുത്തതായി
വക്ഷ്യന്തേ.	പറയുന്നു.

["നിയതം" = ശുദ്ധഗണിതംകൊണ്ടു നിശ്ചയിക്കപ്പെട്ടത് (തിലകം).]

തത്ര പുഷ്യേഽഭിഷിക്തസ്ത്വം മനസ്ത്വരയതീവ മാം
ശ്വസ്ത്വാഽഹമഭിഷേക്ഷ്യാമി യൌവരാജ്യേ പരന്തപ. 22

"പരന്തപ!	"ഹേ ശത്രുഞ്ജയ!
പുഷ്യേ	പൂയം നാളിൽ
ത്വം	നീ
അഭിഷിക്തഃ;	പട്ടാഭിഷിക്തനാകേണം;
മാം	എന്നെ
മനഃ	എന്റെ ആത്മാവ്
തത്ര ഇവ	മറ്റൊന്നിലും ചെല്ലാതെ അക്കാര്യത്തിൽ തന്നെ നിന്നുകൊണ്ട്
ത്വരയതി;	ബദ്ധപ്പെടുത്തുന്നു;
ത്വാ	നിന്നെ
ശ്വഃ	നാളെ
യൌവരാജ്യേ	യുവരാജ്യാധികാരത്തിൽ
അഹം	ഞാൻ
അഭിഷേക്ഷ്യാമി.	അഭിഷേകംചെയ്തുകളയാം.

തസ്മാത് ത്വയാഽദ്യ വ്രതിനാ നിശേയം നിയതാത്മനാ
സഹ വധ്വാപവസ്തവ്യാ ദർഭപ്രസ്തരശായിനാ. 23

"തസ്മാത്	"അതുകൊണ്ട്
അദ്യ	ഇന്നത്തെ
ഇയം നിശാ	ഈ രാത്രി
വധ്വാ സഹ	ധർമ്മപത്നിയോടുംകൂടി
വ്രതിനാ,	ദീക്ഷിച്ചവനായും,
നിയതാത്മനാ	ഭഗവദ്ധ്യാനനിരതനായി
ദർഭപ്രസ്തര-ശായിനാ	ദർഭശയനത്തിൽ ശയിക്കുന്നവനായും,
ത്വയാ	നിന്നാൽ
ഉപവസ്തവ്യാ.	ഉപവാസത്തോടെ കഴിച്ചുകൂട്ടപ്പെടേണ്ടതാകുന്നു.

സുഹൃദശ്ചാപ്രമത്താസ്ത്വാം രക്ഷന്ത്വദ്യ സമന്തതഃ
ഭവന്തി ബഹു വിഘ്നാനി കാര്യാണ്യേവംവിധാനി ഹി. 24

"ഏവം വിധാനി	" ഇപ്രകാരമുള്ള
കാര്യാണി	കാര്യങ്ങൾ
ബഹുവിഘ്നാനി	അനേകമുടക്കങ്ങൾക്കുൾപ്പെട്ടതായി
ഭവന്തി;	ഇരിക്കുന്നു;
ഹി ത്വാം	അതിനാൽ നിന്നെ
അദ്യ	ഈ സമയം
സുഹൃദഃ	സ്നേഹിതന്മാർ
അപ്രമത്താഃ ച	ജാഗ്രതയോടുകൂടിയവരായ്ത്തന്നെ
സമന്തതഃ	സർവ്വപ്രകാരത്തിലും
രക്ഷന്തു.	കാത്തുകൊള്ളട്ടെ.

വിപ്രോഷിതശ്ച ഭരതോ യാവദേവ പുരാദിതഃ
താവദേവാഭിഷേകസ്തേ പ്രാപ്തകാലോ മതോ മമ. 25

"ഭരതഃ ഏവ	" ഭരതനോ,
പുരാത്	ഇപ്പട്ടണത്തിൽനിന്ന്
വിപ്രോഷിതഃ;	വേറെയാണിരിക്കുന്നതു;
പ്രാപ്തകാലഃ	ശാസ്ത്രപ്രകാരം തക്ക മുഹൂർത്തദിവസമായി
യാവത്;	ഇതുതന്നെയാണുള്ളതു്;
ഇതഃ ഏവ	ഈ ഒരു കാരണം കൊണ്ടുതന്നെ
താവത് ച	(ഭരതനില്ലാതിരുന്നാലും) ഇപ്പോൾതന്നെ
തേ	നിന്റെ
അഭിഷേകഃ	പട്ടാഭിഷേകം
മമ	എന്റെ
മതഃ.	അനുമതിയോടുകൂടിയതായിരിക്കുന്നു.

[“ഭരതൻ ഇപ്പോൾ ഇവിടെ ഇല്ലെന്നിരുന്നാലും, നല്ല തക്ക മുഹൂർത്തമായതുകൊണ്ടു ഇപ്പോൾ തന്നെ പട്ടാഭിഷേകം നടത്തിക്കളയണമെന്നാണ് എന്റെ അഭിപ്രായം”എന്നു താല്പര്യം.]

24-25 എന്ന ശ്ലോകങ്ങൾക്ക് സാധാരണയായി പറഞ്ഞുവരുന്ന അർത്ഥം ഇപ്രകാരമാകുന്നു :-

[“ഇപ്രകാരമുള്ള കൃത്യങ്ങൾക്ക് പല വിഘ്നങ്ങളും നേരിടാവുന്നതാകുന്നു. അതുകയാൽ ഭരതൻ ഈ ദിക്കിലേക്ക് മടങ്ങി എത്തുന്നതിന്നു മുമ്പുതന്നെ പട്ടാഭിഷേകം കഴിക്കേണമെന്നാണ് എന്റെ അഭിപ്രായം.

ഈ അർത്ഥം ദശരഥനു ഭരതന്റെമേലുള്ള അവിശ്വാസത്തെ വ്യഞ്ജിപ്പിക്കുന്നു. അതിന്നു അടിസ്ഥാനമില്ല. ശ്രീരാമനും അക്കാരണത്താൽ, ഭരതൻ വരുന്നതിന്നുമുമ്പുതന്നെ പട്ടാഭിഷേകം നടന്നുകളയട്ടെ, എന്നു സമ്മതിക്കുന്നതുമല്ല.]

കാമം ഖലു സതാം വൃത്തേ ഭ്രാതാ തേ ഭരതഃ സ്ഥിതഃ
ജ്യേഷ്ഠാനുവർത്തീ ധർമ്മാത്മാ സാനുക്രോശോ ജിതേന്ദ്രിയഃ. 26

"കാമം	" എനിക്കു തീർച്ചയായും അറിവുള്ളതായ
ഖലു;	ഇക്കാരണവുമുണ്ട്;
തേ ഭ്രാതാ	നിന്റെ അനുജനായ
ഭരതഃ	ഭരതൻ
സതാം	മഹാത്മാക്കളുടെ
വൃത്തേ	അനുഷ്ഠാനത്തിൽ
സ്ഥിതഃ;	അചഞ്ചലഭക്തിയോടുകൂടിയവൻ;
ജ്യേഷ്ഠാനുവർത്തീ;	തനിക്കു മൂത്തവരുടെ ചിത്തത്തെ അനുവർത്തിച്ചുനടക്കുന്നവൻ;
ജിതേന്ദ്രിയഃ,	ഇന്ദ്രിയങ്ങളെ ജയിച്ചവനായി
സാനുക്രോശഃ,	അലിവാർന്നവനായി വിളങ്ങുന്ന
ധർമ്മാത്മാ.	ധർമ്മൈകനിരതൻ.

കിന്തു ചിത്തം മനുഷ്യാണാമനിത്യമിതി മേ മതിഃ 27
സതാം ച ധർമ്മനിത്യാനാം കൃതശോഭി ച രാഘവ.

"രാഘവ!	"ഹേ രാഘവ!	ഇതി	എന്ന സംഗതി
ധർമ്മനിത്യാനാം	ധർമ്മമൊന്നിൽതന്നെ സദാ ആസക്തിയുള്ള	അനിത്യം;	അപൂർവ്വമായി മാത്രം കാണുന്നതുതന്നെ;
സതാം	ഉത്തമന്മാരായ		
മനുഷ്യാണാം	മനുഷ്യരുടെ	കിന്തു	എങ്കിലും
ചിത്തം	ഹൃദയമാവട്ടെ	മേ ച	എനിക്കു മാത്രം
കൃതശോഭി,	മററുള്ളവരുടെ നന്മയെക്കുറിച്ച് ആനന്ദിക്കുന്നതായിരിക്കുന്നു,	മതിഃ."	അറിവുള്ള സംഗതിയാണ് ഇത്."

[അപ്രകാരം ഭരതൻ അത്യുത്തമസ്വഭാവഗുണമുള്ളവനാണെന്നുള്ള സംഗതി എനിക്ക് അറിവുള്ളതാകുന്നു. ആയതുകൊണ്ട് അവൻ ഈ കൃത്യത്തെ അന്യഥാ ശങ്കിക്കാതെ അനുമോദിക്കുകമാത്രമെ ചെയ്കയുള്ളു, എന്നു താല്പര്യം.

24-25 എന്ന ശ്ലോകങ്ങളുടെ കുറിപ്പിൽ പറഞ്ഞതിന്നനുസരിച്ച് ഇതിന്നുള്ള അർത്ഥം ഇപ്രകാരം പറയുന്നു.

"ഭരതൻ അത്യുത്തമഗുണങ്ങളോടുകൂടിയവനെന്നിരുന്നാലും, മനുഷ്യരുടെ ബുദ്ധിക്ക് സ്ഥിരതയില്ല. ധർമ്മനിരതന്മാരായസജ്ജനങ്ങളുടെയും ചിത്തം അന്യന്മാരാൽ ചെയ്യപ്പെട്ട മിത്രഭേദാദിപ്രവൃത്തികൾക്ക് അധീനപ്പെട്ടതായ്ത്തന്നെയാണ് വർത്തിക്കുന്നത്. (ഭരതൻ ഇവിടെനിന്നു പോയേറെക്കാലമായി. അവന്റെ ചിത്തം ദുർബോധനകൾകൊണ്ട് മാറിപ്പോയെന്നും വരാം". (ഗോ).]

ഇത്യുക്തഃ സോഽഭ്യനുജ്ഞാതഃ ശ്വോ ഭാവിന്യഭിഷേചനേ 28
വ്രജേതി രാമഃ പിതരമഭിവാദ്യാഭ്യയാദ്ഗൃഹം.

ശ്വഃ	നാളെ	ഇതി	എന്നു
ഭാവിനി	നടപ്പാനുള്ള	അഭ്യനുജ്ഞാതഃ,	അനുമതിനൽകപ്പെട്ട
അഭിഷേചനേ	പട്ടാഭിഷേക സംഗതി	പിതരം	പിതാവിനെ [വനായി,
ഇതി	ഇപ്രകാരം [യെക്കുറിച്ച്	അഭിവാദ്യ	നമസ്കരിച്ച്,
ഉക്തഃ	നിയമിക്കപ്പെട്ട	ഗൃഹം	തന്റെ കോവിലകത്തേക്കു
സഃ രാമഃ,	ആ ശ്രീരാമൻ,		
"വ്രജ,"	"ഇപ്പോൾ പൊകാം"	അഭ്യയാത്.	തിരിച്ചെഴുന്നെള്ളി.

പ്രവിശ്യ ചാത്മനോ വേശ്മ രാജ്ഞോദ്ദിഷ്ടേഽഭിഷേചനേ 29
തസ്മിൻ ക്ഷണേ സ നിർഗ്ഗമ്യ മാതുരന്തഃപുരം യയൌ.

സഃ	അദ്ദേഹം,	ആത്മനഃ	തന്റെ
രാജ്ഞാ	മഹാരാജാവിനാൽ	വേശ്മ	കോവിലകത്തു
തസ്മിൻ	ആ	പ്രവിശ്യ ച	എത്തിയ ഉടനെതന്നെ,
അഭിഷേചനേ ക്ഷണേ	പട്ടാഭിഷേക മഹോത്സവത്തിൽ വേണ്ടതായ	നിർഗ്ഗമ്യ	പുറത്തുവന്ന്,
ഉദ്ദിഷ്ടേ,	എല്ലാററിനേയും പററി കല്പിക്കപ്പെട്ടശേഷം,	മാതുഃ	മാതാവിന്റെ
		അന്തഃപുരം	അന്തഃപുരത്തിലേക്കു
		യയൌ.	എഴുന്നെള്ളി.

തത്ര താം പ്രവണാമേവ മാതരം ക്ഷൌമവാസിനീം
വാഗ്യതാം ദേവതാഗാരേ ദദൎശായാചതീം ശ്രിയം. 30

തത്ര	അവിടെ	വാഗ്യതാം ഏവ	ദൈവ പ്രാൎത്ഥനാവിധിയനുസരിച്ചപ്രകാരം തന്നെ ഉച്ചരിക്കുന്നവളായി,
ദേവതാഗാരേ	പൂജാഗൃഹത്തിൽ	ശ്രിയം	മഹാലക്ഷ്മീഭഗവതിയെ
താം	ആ	ആയാചതീം	പ്രാൎത്ഥിച്ചുംകൊണ്ടിരിക്കുന്നവളായി
മാതരം,	മാതാവിനെ,	ദദൎശ.	കണ്ടു
ക്ഷൌമവാസിനീം,	ശുഭ്രമായ പട്ടുവസ്ത്രം ധരിച്ചവളായി,		
പ്രവണാം	അത്യാസക്തിയോടെ		

["പ്രവണാം" (തനിക്കു പതിവില്ലാത്ത ഒരു ദേവങ്കൽ ആസക്തമായ ചിത്തത്തോടുകൂടിയവളായി) "വാഗ്യതാം" (മൌനത്തോടുകൂടിയവളായി), "ശ്രിയം" (സമ്പത്തിനെ), "ആയാചതീം" ശ്രീരാമനുവേണ്ടി പ്രാൎത്ഥിക്കുന്നവളായി)- എന്നു ഗൊവിന്ദരാജീയം. "ശ്രിയം" (രാജലക്ഷ്മിയെ).' എന്നു സൎവ്വാൎത്ഥസാരം.]

പ്രാഗേവ ചാഗതാ തത്ര സുമിത്രാ ലക്ഷ്മണസ്തഥാ
സീതാ ചാനായിതാ ശ്രുത്വാ പ്രിയം രാമാഭിഷേചനം. 31

രാമാഭിഷേചനം	ശ്രീരാമപട്ടാഭിഷേകമാകുന്ന	ആനായിതാ	വൎത്തമാനം അറിയിച്ചു കൂട്ടിക്കൊണ്ടുവരപ്പെട്ടവളായ
പ്രിയം	നല്ലവൎത്തമാനം	സീതാ ഏവ,	സീതാദേവിയും,
ശ്രുത്വാ ച,	കേട്ട ഉടനെതന്നെ,	ലക്ഷ്മണഃ തഥാ,	ലക്ഷ്മണനും
ആഗതാ	സ്വയമായ്ത്തന്നെ വന്നുചേൎന്നിരുന്ന	തത്ര	അവിടെ
സുമിത്രാ ച,	സുമിത്രാദേവിയും,	പ്രാക്.	മുമ്പുതന്നെ ഉണ്ടായിരുന്നു.

തസ്മിൻ കാലേ ച കൌസല്യാ തസ്ഥാവാമീലിതേക്ഷണാ
സുമിത്രയാഽന്വാസ്യമാനാ സീതയാ ലക്ഷ്മണേന ച. 32

തസ്മിൻ	ആ	അന്വാസ്യമാനാ	പൂജയ്ക്കു വേണ്ടവയെ നല്കി ശുശ്രൂഷിക്കുന്നവളായി
കാലേ,	സമയത്തിൽ,	ആമീലിതേക്ഷണാ	കണ്ണടച്ചു ധ്യാനിക്കുന്നവളായി
കൌസല്യാ,	കൌസല്യാദേവി,	തസ്ഥൌ.	വൎത്തിച്ചിരുന്നു.
സുമിത്രയാ	സുമിത്രാദേവിയാലും		
സീതയാ ച	സീതാദേവിയാലും		
ലക്ഷ്മണേന ച	ലക്ഷ്മണനാലും		

ശ്രുത്വാ പുഷ്യേണ പുത്രസ്യ യൌവരാജ്യാഭിഷേചനം
പ്രാണായാമേന പുരുഷം ധ്യായമാനാ ജനാൎദ്ദനം. 33

പുഷ്യേണ	പൂയം നാളിൽ	ജനാൎദ്ദനം	ജനാൎദ്ദനനെ
പുത്രസ്യ	പുത്രന്റെ	പ്രാണായാമേന	പ്രാണായാമവിധിപ്രകാരം നാമങ്ങളെ ജപിച്ചുകൊണ്ടു
യൌവരാജ്യാഭിഷേചനം	യുവരാജ്യാഭിഷേകത്തെ	ധ്യായമാനാ.	ധ്യാനംചെയ്തുകൊണ്ടിരുന്നു.
ശ്രുത്വാ,	ഉദ്ദേശിച്ചു		
പുരുഷം	പരമാത്മാവായ		

"പുരുഷം" (സൎവ്വകാരണഭൂതനായ) എന്നു സൎവ്വാൎത്ഥസാരം.]

തഥാ സനിയമാമേവ സോഽഭിഗമ്യാഭിവാദ്യ ച
ഉവാച വചനം രാമോ ഹൎഷയംസ്താമനിന്ദിതാം. 34

സഃ രാമഃ	ആ ശ്രീരാമൻ	താം	അവളെ
തഥാ	അപ്രകാരം	അഭിഗമ്യ	സമീപിച്ചു്
അനിന്ദിതാം ഏവ	കുററമററവളായിത്തന്നെ	അഭിവാദ്യ	വണങ്ങി നമസ്കരിച്ചു്
സനിയമാം ച	ഭക്തിയോടെ ദൈവധ്യാനനിരതയായ് വൎത്തിക്കുന്ന	ഹൎഷയൻ	സന്തോഷിപ്പിക്കുന്നവനായി
		വചനം	ഇപ്രകാരം വാക്യത്തെ
		ഉവാച.	പറഞ്ഞു.

അംബ പിത്രാ നിയുക്തോഽസ്മി പ്രജാപാലനകൎമ്മണി
ഭവിതാ ശ്വോഽഭിഷേകോ മേ യഥാ മേ ശാസനം പിതുഃ. 35

"അംബ !	"അമ്മ !	മേ പിതുഃ	എന്റെ പിതാവിന്റെ
പിത്രാ	അച്ഛനാൽ	ശാസനം യഥാ	ആജ്ഞപ്രകാരം
പ്രജാപാലനകൎമ്മണി	പ്രജകളെ സംരക്ഷിക്കേണ്ട കാൎയ്യത്തിൽ	മേ	എനിക്കു്
നിയുക്തഃ അസ്മി;	ഞാൻ നിയമിക്കപ്പെട്ടിരിക്കുന്നു;	അഭിഷേകഃ	പട്ടാഭിഷേകം
		ശ്വഃ	നാളെ
		ഭവിതാ.	നടക്കുവാൻപോകുന്നു.

സീതയാപ്യുപവസ്തവ്യാ രജനീയം മയാ സഹ
ഏവമൃത്വിഗുപാദ്ധ്യായൈഃ സഹ മാമുക്തവാൻ പിതാ. 36

"ഋത്വിഗുപാദ്ധ്യായൈഃ	"ഋത്വിക്കുകളും പുരോഹിതന്മാർ ഇവരോടു	ഇയം	ഈ
സഹ	കൂടെയിരുന്ന	രജനീ,	രാത്രി,
പിതാ,	പിതാവു്,	സീതയാ സഹ	സീതയോടുകൂടി
മാം	എന്നോടു	മയാ	എന്നാൽ
ഏവം അപി	ഇപ്രകാരവുംകൂടി	ഉപവസ്തവ്യാ.	ഉപവാസത്തോടുകൂടി വൎത്തിക്കപ്പെടേണ്ടതാണു്.
ഉക്തവാൻ;	ആജ്ഞാപിച്ചു;		

[ഋത്വിക്കുകളും പുരോഹിതന്മാർ എന്നവർ പറഞ്ഞമാതിരി, രാജാവെന്നോടാജ്ഞാപിച്ചു. (ശിരോമണി).]

യാനി യാന്യത്ര യോഗ്യാനി ശ്വോ ഭാവിന്യഭിഷേചനേ
താനി മേ മംഗളാന്യദ്യ വൈദേഹ്യാശ്ചൈവ കാരയ. 37

"ശ്വഃ	"നാളെ	യോഗ്യാനി	ഏൎപ്പെട്ടവ
ഭാവിനി	നടക്കുവാൻപോകുന്ന	യാനി യാനി	ഏതെല്ലാമൊ
അത്ര	ഈ	താനി ഏവ	അവയെല്ലാം
അഭിഷേചനേ,	പട്ടാഭിഷേകത്തിൽ,	അദ്യ	ഇപ്പോൾ
മംഗളാനി	(പ്രാചീനസമ്പ്രദായപ്രകാരം പൂൎവ്വാംഗമായി നടക്കേണ്ടതായ) മംഗളകൃത്യങ്ങളായി	വൈദേഹ്യാഃ	വൈദേഹിക്കും
		മേ ച	എനിക്കും
		കാരയ."	നടത്തിച്ചാലും."

ഏതച്ഛ്രുത്വാ തു കൗസല്യാ ചിരകാലാഭികാംക്ഷിതം
ഹർഷബാഷ്പകലം വാക്യമിദം രാമമഭാഷത. 38

കൗസല്യാ	കൗസല്യാദേവി,	ശ്രുത്വാ	നിനച്ചു്,
ഏതത്	ഈ	ഇദം	താഴെവരുമാറു്,
വാക്യം	വാക്യത്തെയും,	ഹർഷബാഷ്പ-കലം	ആനന്ദബാഷ്പത്തോടു കൂടി മധുരമാംവണ്ണം,
ചിരകാലാഭി-കാംക്ഷിതം തു	ആയതു് ഏറെക്കാല മായുള്ള തന്റെ മനോ രഥം എന്നുള്ളതിനെയും	രാമം	ശ്രീരാമനോടു്
		അഭാഷത.	ഉരചെയ്തു.

വത്സ രാമ ചിരം ജീവ ഹതാസ്തേ പരിപന്ഥിനഃ
ജ്ഞാതീന്മേ ത്വം ശ്രിയാ യുക്തഃ സുമിത്രായാശ്ച നന്ദയ. 39

"വത്സ,	"മകനെ,	ത്വം	നീ
രാമ!	ശ്രീരാമ!	ശ്രിയാ യുക്തഃ	രാജ്യലക്ഷ്മിയോടുകൂടി വിളങ്ങുന്നവനായി
ചിരം ജീവ;	ചിരകാലം വാഴുക;	മേ	എന്റെയും
തേ	നിനക്കു്	സുമിത്രായാഃ ച	സുമിത്രയുടെയും
പരിപന്ഥിനഃ	മുടക്കം ചെയ്യുന്നവൻ	ജ്ഞാതീൻ	ഉററവരെ
ഹതാഃ;	ആഗ്രഹം സാധിക്കാത്തവരായി ഭവിക്കും;	നന്ദയ.	സന്തുഷ്ടരാക്കുക.

കല്യാണേ ബത നക്ഷത്രേ മയി ജാതോഽസി പുത്രക
യേന ത്വയാ ദശരഥോ ഗുണൈരാരാധിതഃ പിതാ. 40

"പിതാ	"പിതാവായ	കല്യാണേ	ശുഭ
ദശരഥഃ	ദശരഥചക്രവർത്തി	നക്ഷത്രെ	നക്ഷത്രത്തിൽ
ഗുണൈഃ	ഉത്തമഗുണങ്ങളെ	മയി	എന്നിൽ
ത്വയാ	നിന്നാൽ [ക്കൊണ്ടു്	ജാതഃ അസി;	നീ ജനിച്ചു എന്നതു് സത്യമാകുന്നു;
ആരാധിതഃ;	തൃപ്തിപ്പെടുത്തപ്പെട്ടവനായിരിക്കുന്നു;		
യേന	ആ ഒരു കാരണത്താൽ	ബത!	എന്റെ സന്തോഷത്തെ ഞാൻ എങ്ങിനെ അറിയിക്കും!
പുത്രക!	അല്ലെ ഉണ്ണി! [തന്നെ		

അമോഘം ബത മേ ക്ഷാന്തം പുരുഷേ പുഷ്കരേക്ഷണേ
യേയമിക്ഷ്വാകുരാജ്യശ്രീഃ പുത്ര ത്വാം സംശ്രയിഷ്യതി. 41

"പുത്ര!	"ഉണ്ണി!	സംശ്രയിഷ്യതി;	ആശ്രയിപ്പാൻപോകുന്നു;
ബത!	എന്റെ ഭാഗ്യത്തെത്തന്നെ ഞാൻ എന്തെന്നുപറയട്ടെ!	പുഷ്കരേക്ഷണേ	പുണ്ഡരീകാക്ഷനായ
		പുരുഷേ	ശ്രീ നാരായണന്റെ
ഇക്ഷ്വാകു-രാജശ്രീഃ	ഇക്ഷ്വാകുവംശ രാജ്യലക്ഷ്മിയാകുന്ന	മേ	എന്റെ [വിഷയത്തിൽ
സാ ഇയം	യാതൊരു ഇവൾ	ക്ഷാന്തം	വ്രതോപാസനാദി പൂജാപരിശ്രമം
ത്വാം	നിന്നെ	അമോഘം."	സഫലമാകുന്നു."

ഇത്യേവമുക്തോ മാത്രേദം രാമോ ഭ്രാതരമബ്രവീത്
പ്രാഞ്ജലിം പ്രഹ്വമാസീനമഭിവീക്ഷ്യ സ്മയന്നിവ. 42

മാത്രാ	മാതാവിനാൽ	ആസീനം	ഇരുന്നിരുന്ന
ഇതി ഏവം	മേൽപ്രകാരം	ഭ്രാതരം	അനുജനെ
ഉക്തഃ	ആശീർവ്വദിക്കപ്പെട്ട	അഭിവീക്ഷ്യ,	നോക്കി,
രാമഃ,	ശ്രീരാമൻ,	ഇവ	അല്പം
പ്രഹ്വം	അതിഭക്തിയോടുകൂടി യവനായി	സ്മയൻ	മന്ദസ്മിതംചെയ്തുകൊ [ണ്ട്
		ഇദം	ഇപ്രകാരം
പ്രാഞ്ജലിം	കൈകൂപ്പിക്കൊണ്ടു്	അബ്രവീത്.	അരുളിച്ചെയ്തു.

ലക്ഷ്മണേമാം മയാ സാർദ്ധം പ്രശാധി ത്വം വസുന്ധരാം
ദ്വിതീയം മേഽന്തരാത്മാനം ത്വാമിയം ശ്രീരുപസ്ഥിതാ. 43

"ലക്ഷ്മണ!	"ലക്ഷ്മണ!	ത്വാം	നിനക്ക്
ഇയം ശ്രീഃ	ഈ രാജ്യലക്ഷ്മി	ഉപസ്ഥിതാ;	അധീനമായതാകുന്നു;
മേ	എന്റെ	ത്വം	നീ
അന്തരാത്മാനം	{ പുറമെ സഞ്ചരിക്കുന്ന ആത്മാവുപോലെയുള്ള വനും	ഇമാം	ഈ
		വസുന്ധരാം	ഭൂമിയെ
		മയാ സാർദ്ധം	എന്നോടുകൂടി
ദ്വിതീയം	സഹോദരനും ആയ	പ്രശാധി.	പരിപാലിച്ചാലും.

[‘ദ്വിതീയം അന്തരാത്മാനം’ = മറ്റൊരു ആത്മാവന്നെവണ്ണം വർത്തിക്കുന്നവനായ (ഗോ. രാ).]

സൌമിത്രേ ഭുങ്ക്ഷ്വ ഭോഗാംസ്ത്വമിഷ്ടാൻ രാജ്യഫലാനി ച
ജീവിതം ച ഹി രാജ്യം ച ത്വദർത്ഥമഭികാമയേ. 44

"സൌമിത്രേ!	"ലക്ഷ്മണ!	ഭുങ്ക്ഷ്വ;	അനുഭവിക്കുക;
രാജ്യഫലാനി	രാജ്യാധികാരഫലങ്ങ	രാജ്യം ച	രാജ്യസമ്പത്തിനെയും,
ഇഷ്ടാൻ	ഇഷ്ടപ്പെട്ട [ളായി	ജീവിതം ച	ജീവിതത്തെത്തന്നെയും
ഭോഗാൻ	ഭോഗങ്ങളെ	ത്വദർത്ഥം ഹി	നിനക്കുവേണ്ടിയാണ്
ത്വം ച,	നീ തന്നെ,	അഭികാമയേ."	ഞാൻ ഇച്ഛിക്കുന്നതു്."

[“രാജ്യഫലാനി” (ധർമ്മാർത്ഥങ്ങൾ) “ഭോഗാൻ” (കാമങ്ങൾ). എന്നു തിലകം.]

ഇത്യുക്ത്വാ ലക്ഷ്മണം രാമോ മാതരാവഭിവാദ്യ ച
അഭ്യനുജ്ഞാപ്യ സീതാം ച ജഗാമ സ്വം നിവേശനം. 45

രാമഃ ഇതി	ശ്രീരാമൻ ഇപ്രകാരം	സീതാം ച	സീതയേയും
ലക്ഷ്മണം	ലക്ഷ്മണനോടായി	അഭ്യനുജ്ഞാപ്യ	പോകുവാൻ വിട
ഉക്ത്വാ,	അരുളിച്ചെയ്തശേഷം,	സ്വം	തന്റെ [കൊടുത്തു്,
മാതരൌ ച	അമ്മമാരിരുവരേയും	നിവേശനം	ഭവനത്തിലേക്ക്
അഭിവാദ്യ	വണങ്ങിനമസ്കരിച്ച്,	ജഗാമ.	എഴുന്നെള്ളി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ചതുർത്ഥഃ സർഗ്ഗഃ = നാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 2556; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 201.

പഞ്ചമഃ സൎഗ്ഗഃ = അഞ്ചാംസൎഗ്ഗം.

[ശ്രീരാമവ്രതചൎയ്യാ = ശ്രീരാമൻ ദീക്ഷകൊള്ളുന്നത്.]

സന്ദിശ്യ രാമം നൃപതിഃ ശ്വോ ഭാവിന്യഭിഷേചനേ
പുരോഹിതം സമാഹൂയ വസിഷ്ഠമിദമബ്രവീത്. 1

നൃപതിഃ,	മഹാരാജാവ്,	സന്ദിശ്യ	പറയേണ്ടതെല്ലാം കല്പിച്ച്, വിടകൊടുത്തയച്ചശേഷം
ശ്വഃ	പിറെറന്നാൾ	പുരോഹിതം	പുരോഹിതനായ
ഭാവിനി	നടക്കുവാൻ പോകുന്ന	വസിഷ്ഠം	വസിഷ്ഠമഹൎഷിയെ
അഭിഷേചനേ	പട്ടാഭിഷേകവിഷയത്തിൽ	സമാഹൂയ	വരുത്തി
		ഇദം	ഇങ്ങിനെ
രാമം	ശ്രീരാമനോടു	അബ്രവീത്.	അരുൾചെയ്തു.

ഗച്ഛോപവാസം കാകുത്സ്ഥം കാരയാദ്യ തപോധന
ശ്രീയശോരാജ്യലാഭായ വധ്വാ സഹ യതവ്രതം. 2

"തപോധന!	"അല്ലയോ തപോനിധേ!	ഉപവാസം	ഉപവസിക്കുന്നവനായും
ശ്രീയശോരാജ്യലാഭായ	സമ്പത്തു, കീൎത്തി, രാജ്യം എന്നിവയെ പ്രാപിപ്പാൻവേണ്ടി,	യതവ്രതം	ദീക്ഷാകാലത്തിൽ ആചാരദോഷം ഏൎപ്പെടാത്തവിധത്തിലും
		കാരയ;	ചെയ്യിക്കുക;
വധ്വാ സഹ	ധൎമ്മപത്നിയോടുംകൂടിത്തന്നെ,	അദ്യ	ഇപ്പോൾതന്നെ
കാകുത്സ്ഥം,	കാകുസ്ഥനെ,	ഗച്ഛ."	നിന്തിരുവടി അങ്ങോട്ടെഴുന്നെള്ളിയാലും."

[തപോധനനാകയാൽ ശ്രീയശോരാജ്യാദികളെ പ്രാപിപ്പിപ്പാൻ തക്കയോഗ്യൻ എന്നു വിവക്ഷ. തപോരാശിയായ വസിഷ്ഠമഹൎഷിയുടെ അനുഗ്രഹത്താൽ ആയവ സിദ്ധിക്കുന്നതാണെന്നു താല്പൎയ്യം. (സൎവ്വാൎത്ഥസാരം).]

തഥേതി ച സ രാജാനമുക്ത്വാ വേദവിദാം വരഃ
സ്വയം വസിഷ്ഠോ ഭഗവാൻ യയൌ രാമനിവേശനം. 3

വേദവിദാം	വേദവിത്തുക്കളിൽ	"തഥാ ച"	"ഉത്തരവുപോലെ,"
വരഃ	ശ്രേഷ്ഠനായ [വെച്ചു	ഇതി	എന്നു
സഃ	ആ	ഉക്ത്വാ,	ഉരചെയ്തു,
വസിഷ്ഠഃ ഭഗവാൻ	വസിഷ്ഠഭഗവാൻ	രാമനിവേശനം	ശ്രീരാമഭവനത്തിലേക്ക്
		സ്വയം	താൻതന്നെ നേരിൽ
രാജാനം	മഹാരാജാവിനോടു	യയൌ.	എഴുന്നെള്ളി.

ഉപവാസയിതും രാമം മന്ത്രവിന്മന്ത്രപാരഗഃ
ബ്രാഹ്മം രഥവരം യുക്തമാസ്ഥായ സുധൃതവ്രതഃ 4
സ രാമഭവനം പ്രാപ്യ പാണ്ഡുരാഭ്രസമപ്രഭം
തിസ്രഃ കക്ഷ്യാ രഥേനൈവ വിവേശ മുനിസത്തമഃ. 5

മന്ത്രപാരഗഃ	മന്ത്രങ്ങളുടെ കരകണ്ടവനും,	രഥവരം	ഉത്തമരഥത്തിൽ
മന്ത്രവിത്	നടക്കുവാൻ പോകുന്നതിനെപ്പററി നല്ലപോലെ ഗ്രഹിച്ചുവനും,	ആസ്ഥായ,	കയറിക്കൊണ്ട്,
സുധൃതവ്രതഃ	അതി കീൎത്തിയാൎന്ന ഭക്തിമാനുമായ	തിസ്രഃ	മൂന്നു
സഃ	ആ	കക്ഷ്യാഃ ഏവ	കെട്ടുകളും
മുനിസത്തമഃ	മുനിശ്രേഷ്ഠൻ,	രഥേന	രഥത്തിലിരുന്നുകൊണ്ടു തന്നെ
യുക്തം	തയ്യാറായ് കാത്തുകൊണ്ടിരുന്നതും	പ്രാപ്യ,	കടന്ന്,
ബ്രാഹ്മം	ബ്രാഹ്മണൎക്കുമാത്രം കയറുവാൻ യോഗ്യമായതും ആയ	രാമം	ശ്രീരാമനെ
		ഉപവാസയിതും	ദീക്ഷിപ്പിക്കുവാൻ വേണ്ടി,
		പാണ്ഡുരാഭ്രസമപ്രഭം	വെൺകാറൊത്ത പ്രഭയോടുകൂടിയ
		രാമഭവനം	ശ്രീരാമഭവനത്തിൽ
		വിവേശ.	വന്നുചേൎന്നു.

തമാഗതമൃഷിം രാമസ്ത്വരന്നിവ സസംഭ്രമഃ
മാനയിഷ്യൻ സ മാനാൎഹം നിശ്ചക്രാമ നിവേശനാത്. 6

സഃ രാമഃ	ആ ശ്രീരാമൻ,	ത്വരൻ,	ബദ്ധപ്പെട്ട്,
സസംഭ്രമഃ,	അത്യന്തബഹുമാനത്തെ മനസ്സിൽ വെച്ചിരിക്കുന്നവനായി,	നിവേശനാത്	ഭവനത്തിൽനിന്ന്,
ഇവ മാനയിഷ്യൻ	ഉള്ളപോലെതന്നെ മനസ്സിലുള്ള ആ ബഹുമാനത്തെ വെളിപ്പെടുത്തുന്നവനായി	മാനാൎഹം	ബഹുമാനാൎഹനും
		ആഗതം	അവിടെ എഴുന്നെള്ളിയിരിക്കുന്നവനും ആയ
		തം	ആ
		ഋഷിം	മഹൎഷിയെ
		നിശ്ചക്രാമ.	എതിരേററുചെന്നു.

അഭ്യേത്യ ത്വരമാണശ്ച രഥാഭ്യാശം മനീഷിണഃ
തതോഽവതാരയാമാസ പരിഗൃഹ്യ രഥാത് സ്വയം. 7

തതഃ	അവിടെനിന്നു	രഥാഭ്യാശം	രഥത്തിന്റെ സമീപത്തിൽ
ത്വരമാണഃ	ബദ്ധപ്പെട്ടു നടന്നുവന്ന അദ്ദേഹം,	അഭ്യേത്യ	വന്ന്,
മനീഷിണഃ	ആ മുനിശ്രേഷ്ഠൻ കയറിയിരുന്ന	രഥാത്	രഥത്തിൽനിന്നു
		സ്വയം ച	താൻതന്നെ
		പരിഗൃഹ്യ	കൈകൊടുത്ത്
		അവതാരയാമാസ.	താഴോട്ടിറക്കി.

സ ചൈനം പ്രശ്രിതം ദൃഷ്ട്വാ സംഭാഷ്യാഭിപ്രസാദ്യ ച
പ്രിയാർഹം ഹർഷയൻ രാമമിത്യുവാച പുരോഹിതഃ. 8

സഃ	ആ	ഏനം	ഈ
പുരോഹിതഃ,	പുരോഹിതനും,	രാമം	ശ്രീരാമനെ നോക്കി
പ്രശ്രിതം	(ശ്രീരാമൻ) വിനയാന്വിതനായിരിക്കുന്നതി[നെ	സംഭാഷ്യ ച,	ഉപചാരവാക്കുകളുരച്ച്
		അഭിപ്രസാദ്യ ച,	ആശീർവ്വദിച്ച്,
ദൃഷ്ട്വാ,	കണ്ടു കൊണ്ടാടിക്കൊണ്ട്,	ഹർഷയൻ	സന്തോഷിപ്പിച്ചുകൊ[ണ്ട്,
പ്രിയാർഹം	പ്രേമത്തിന്നു തക്ക പാത്രമായ	ഇതി	ഇപ്രകാരം
		ഉവാച.	അരുളിച്ചെയ്തു.

പ്രസന്നസ്തേ പിതാ രാമ യൌവരാജ്യമവാപ്സ്യസി
ഉപവാസം ഭവാനദ്യ കരോതു സഹ സീതയാ. 9
പ്രാതസ്ത്വാമഭിഷേക്താ ഹി യൌവരാജ്യേ നരാധിപഃ
പിതാ ദശരഥഃ പ്രീത്യാ യയാതിം നഹുഷോ യഥാ. 10

"രാമ!	"ഹേ ശ്രീരാമ!	ഹി,	എന്ന കാരണത്താൽ,
പിതാ	പിതാവായ	തേ	അവിടുത്തെ
ദശരഥഃ നരാധിപഃ,	ദശരഥ ചക്രവർത്തി,	പിതാ	പിതാവ്
		അദ്യ	ഇപ്പോൾ
നഹുഷഃ	നഹുഷമഹാരാജാവ്	പ്രസന്നഃ;	ആനന്ദഭരിതനായി വർത്തിക്കുന്നു;
യയാതിം യഥാ,	യയാതിയെ എന്ന		
പ്രീത്യാ	പ്രീതിയോടെ [വണ്ണം,	യൌവരാജ്യം	യുവരാജ്യാധികാരത്തെ
പ്രാതഃ,	നാളെ രാവിലെ,	അവാപ്സ്യസി;	അവിടുന്ന് പ്രാപിപ്പാൻ പോകുന്നു;
ത്വാം	നിന്തിരുവടിയെ		
യൌവരാജ്യേ	യുവരാജ്യാധികാരിയായി	ഭവാൻ	അവിടുന്ന്
		സീതയാ സഹ	സീതയോടും കൂടി
അഭിഷേക്താ;	പട്ടാഭിഷേകംചെയ്വാൻ പോകുന്നു;	ഉപവാസം	നോൽമ്പു [ണ്ട്."
		കരോതു."	നോററിരിക്കേണ്ടതാ-

ഇത്യുക്ത്വാ സ തദാ രാമമുപവാസം യതവ്രതം
മന്ത്രവത് കാരയാമാസ വൈദേഹ്യാ സഹിതം മുനിഃ. 11

സഃ മുനിഃ,	ആ മുനിവര്യ്യൻ,	സഹിതം	കൂടി,
ഇതി	മേൽപ്രകാരം	മന്ത്രവത്	ശാസ്ത്രവിധി പ്രകാരം
ഉക്ത്വാ,	അരുളിച്ചെയ്തു	യതവ്രതം	ദീക്ഷ പൂണ്ടവനായി
തദാ	ആ സമയം	ഉപവാസം	ഉപവാസാനുഷ്ഠാനത്തോടു കൂടിയവനായി
രാമം	ശ്രീരാമനെ		
വൈദേഹ്യാ	വൈദേഹിയോടും	കാരയാമാസ.	വർത്തിപ്പിച്ചു.

തതോ യഥാവദ്രാമേണ സ രാജ്ഞോ ഗുരുരൎച്ചിതഃ
അഭ്യനുജ്ഞാപ്യ കാകുത്സ്ഥം യയൗ രാമനിവേശനാത്. 12

രാജ്ഞഃ ഗുരുഃ	രാജ ഗുരുവായ	കാകുത്സ്ഥം	കാകുത്സ്ഥനെ
സഃ,	ആ വസിഷ്ഠമഹൎഷി,	അഭ്യനുജ്ഞാപ്യ	പുകഴ്ന്നുകൊണ്ടാടിയ ശേഷം
രാമേണ	ശ്രീരാമനാൽ	രാമ-നിവേശനാത്	ശ്രീരാമ ഗൃഹത്തിൽ നിന്നു
യഥാവത്	വിധിപ്രകാരം	യയൗ.	അദ്ദേഹം എഴുന്നെള്ളി.
അൎച്ചിതഃ;	പൂജിക്കപ്പെട്ടു;		
തതഃ	അതിൽ പിന്നെ		

സുഹൃദ്ഭിസ്തത്ര രാമോऽപി സുഖാസീനഃ പ്രിയംവദൈഃ
സഭാജിതോ വിവേശാഥ താനനുജ്ഞാപ്യ സൎവ്വശഃ. 13

രാമഃ അപി,	ശ്രീരാമനും,	സഭാജിതഃ,	അവരോടു കൂടിച്ചേൎന്നു സംഭാഷിക്കുന്നവനായി
തത്ര,	അവിടെ,	താൻ	അവരെ
പ്രിയംവദൈഃ	സന്തോഷത്തെ കാട്ടുന്നവരായ	അനുജ്ഞാപ്യ	വിടകൊടുത്തയച്ച്,
സുഹൃദ്ഭിഃ,	സ്നേഹിതന്മാരോടുകൂടി,	അഥ	അതിൽപിന്നെ
സൎവ്വശഃ	സൎവ്വപ്രകാരത്തിലും	വിവേശ.	വീണ്ടും അകത്തു പ്രവേശിച്ചു.
സുഖാസീനഃ,	അവൎക്കു അധികം പ്രിയത്തെ ഉളവാക്കുന്നവനായി,		

ഹൃഷ്ടനാരീനരയുതം രാമവേശ്മ തദാ ബഭൗ
യഥാ മത്തദ്വിജഗണം പ്രഫുല്ലനളിനം സരഃ. 14

തദാ	ആ സമയം	പ്രഫുല്ലനളിനം	വികസിച്ച താമരപ്പൂക്കളോടുകൂടിയതും ആയ
രാമവേശ്മ	ശ്രീരാമഭവനം	സരഃ	പൊയ്ക
ഹൃഷ്ടനാരീ-നരയുതം,	ആനന്ദഭരിതയായ സ്ത്രീകളും, പുരുഷന്മാരും നിറഞ്ഞതായി,	യഥാ	എന്നപോലെ
മത്ത-ദ്വിജഗണം	കളിക്കുന്ന പക്ഷിഗണങ്ങളോടുകൂടിയതും	ബഭൗ.	വിളങ്ങി.

സ രാജഭവനപ്രഖ്യാത് തസ്മാദ്രാമനിവേശനാത്
നിസ്സൃത്യ ദദൃശേ മാൎഗ്ഗം വസിഷ്ഠോ ജനസംവൃതം. 15

സഃ വസിഷ്ഠഃ,	ആ വസിഷ്ഠമഹൎഷി,	നിസ്സൃത്യ,	പുറത്തുവന്നപ്പോൾ,
രാജഭവന-പ്രഖ്യാത്	മഹാരാജാവിന്റെ കോവിലകത്തെപ്പോലെതന്നേയുള്ള	മാൎഗ്ഗം	കണ്ണിന്നെത്താവുന്ന പ്രദേശമെല്ലാം
തസ്മാത്	ആ	ജനസംവൃതം	ജനങ്ങൾ ഇടതിങ്ങി നിറയപ്പെട്ടതായി
രാമ-നിവേശനാത്	ശ്രീരാമഭവനത്തിൽ നിന്നു	ദദൃശേ.	കണ്ടു.

ബൃന്ദംബൃന്ദമയോദ്ധ്യായാം രാജമാൎഗ്ഗാഃ സമന്തതഃ
ബഭൂവുരതിസംബാധാഃ കുതൂഹലജനൈൎവൃതാഃ. 16

അയോദ്ധ്യായാം	അയോദ്ധ്യാപട്ടണത്തിൽ
രാജമാൎഗ്ഗാഃ	രാജവീഥികളും
സമന്തതഃ	എല്ലാ ഇടവഴികളും ചുററിലും
കുതൂഹലജനൈഃ	മഹോത്സവം കാണ്മാൻവന്ന ജനങ്ങ[ളാൽ
ബൃന്ദംബൃന്ദം	കൂട്ടംകൂട്ടമായി
വൃതാഃ	നിറയപ്പെട്ടവയായി
അതിസംബാധാഃ	തിക്കിത്തിരക്കപ്പെട്ടവ[യായി
ബഭൂവുഃ.	വിളങ്ങി.

ജനബൃന്ദോൎമ്മിസംഘൎഷഹൎഷസ്വനവതസ്തദാ
ബഭൂവ രാജമാൎഗ്ഗസ്യ സാഗരസ്യേവ നിസ്വനഃ. 17

തദാ	ആ സമയം
ജന-ബൃന്ദോൎമ്മി-സംഘൎഷ-ഹൎഷ-സ്വനവതഃ	ജനതതിയാകുന്ന തിരമാലകളുടെ ഉരുമ്മൽകൊണ്ടും ആൎപ്പുവിളികൊണ്ടും മുഴങ്ങുന്നതായ
രാജമാൎഗ്ഗസ്യ	രാജമാൎഗ്ഗത്തിലുള്ള
നിസ്വനഃ	ശബ്ദം
സാഗരസ്യ ഇവ	സമുദ്രത്തിന്റെ (ഘോഷം) എന്നപോലെ
ബഭൂവ.	ഭവിച്ചു.

സിക്തസംമൃഷ്ടരഥ്യാ സാ തദാഽഥ വനമാലിനീ
ആസീദയോദ്ധ്യാ നഗരീ സമുച്ഛ്രിതഗൃഹധ്വജാ. 18

തദാ	അപ്പോൾ
സാ	ആ
അയോദ്ധ്യാ നഗരീ അഥ,	അയോദ്ധ്യാപുരം എങ്ങും
സിക്ത-സംമൃഷ്ടരഥ്യാ,	തളിച്ചുമെഴുകി വൃത്തിയാക്കപ്പെട്ട വീഥികളാൎന്നതായി,
വനമാലിനീ	കുലവാഴ തോരണങ്ങൾ മുതലായവയാലലംകൃതമായി
സമുച്ഛ്രിത-ഗൃഹധ്വജാ	വീടുകളിലെല്ലാം ഉയരത്തിൽ കെട്ടപ്പെട്ടധ്വജങ്ങളോടുകൂടിയതായി
ആസീത്.	പരിലസിച്ചു.

തദാ ഹ്യയോദ്ധ്യാനിലയഃ സസ്ത്രീബാലാഖിലോ ജനഃ
രാമാഭിഷേകമാകാംക്ഷന്നാകാംക്ഷദുദയം രവേഃ. 19

തദാ	ആ സമയം
അയോദ്ധ്യാ-നിലയഃ	അയോദ്ധ്യാനിവാസികളായ
സസ്ത്രീ-ബാലാഖിലഃ	സ്ത്രീബാലന്മാരാദിസകലമടങ്ങിയ
ജനഃ,	ജനം,
രാമാഭിഷേകം ഹി	ശ്രീരാമാഭിഷേകത്തെത്തന്നെ
ആകാംക്ഷൻ	മനസ്സിൽ കരുതി
രവേഃ ഉദയം	സൂൎയ്യോദയത്തെ
ആകാംക്ഷത്.	കാത്തുകൊണ്ടിരുന്നു.

പ്രജാഽലങ്കാരഭൂതം ച ജനസ്യാനന്ദവൎദ്ധനം
ഉത്സുകോഽഭൂജ്ജനൊ ദ്രഷ്ടും തമയോദ്ധ്യാമഹോത്സവം. 20

ജനസ്യ	ജനങ്ങൾക്ക്	അയോദ്ധ്യാമഹോത്സവം	അയോദ്ധ്യാപുരീമഹോത്സവത്തെ
ആനന്ദവൎദ്ധനം	സന്തോഷത്തെ വൎദ്ധിപ്പിക്കുന്നതും	ദ്രഷ്ടും,	കണ്ടാനന്ദിപ്പാൻ
പ്രജാഽലങ്കാരഭൂതം ച,	പ്രജകൾ അലങ്കാരത്തോടെ വിളങ്ങുന്ന	ജനഃ	ജനതതി
		ഉത്സുകം	ഔത്സുക്യത്തോടുകൂടി
തം	ആ [തുമായ	അഭൂത്.	ഭവിച്ചു. [യതായി

ഏവം താം ജനസംബാധം രാജമാൎഗ്ഗം പുരോഹിതഃ
വ്യൂഹന്നിവ ജനൌഘം തം ശനൈ രാജകുലം യയൌ. 21

പുരോഹിതഃ	പുരോഹിതൻ	ജനൌഘം	ജനക്കൂട്ടത്തെ
ഏവം	ഇപ്രകാരം	ഇവ	അല്പാല്പമായി
ജനസംബാധം	ജനങ്ങൾ തിക്കിത്തിര	ശനൈഃ	മെല്ലെമെല്ലെ
താം	ആ [ക്കുന്ന	വ്യൂഹൻ	വിലക്കിക്കൊണ്ടു്
രാജമാൎഗ്ഗം	രാജമാൎഗ്ഗത്തിൽ	രാജകുലം	മഹാരാജഭവനത്തിൽ
തം	ആ	യയൌ.	വന്നുചേൎന്നു.

ശുഭ്രാഭ്രശിഖരപ്രഖ്യം പ്രാസാദമധിരുഹ്യ സഃ
സമീയായ നരേന്ദ്രേണ ശക്രേണേവ ബൃഹസ്പതിഃ 22

സഃ	അദ്ദേഹം	ശക്രേണ	ഇന്ദ്രനോടുകൂടി
ശുഭ്രാഭ്രശിഖരപ്രഖ്യം	വെൺകാറൊത്ത ശിഖരത്തോടുകൂടിയ	ബൃഹസ്പതിഃ ഇവ	ബൃഹസ്പതിഎന്നവണ്ണം
പ്രാസാദം	അരമനയിൽ	നരേന്ദ്രേണ	മഹാരാജാവോടുകൂടി
അധിരുഹ്യ	കയറിച്ചെന്നു്	സമീയായ.	വിളങ്ങി.

തമാഗതമഭിപ്രേക്ഷ്യ ഹിത്വാ രാജാസനം നൃപഃ
പപ്രച്ഛ സ ച തസ്മൈ തത് കൃതമിത്യഭ്യവേദയത്. 23

നൃപഃ	ചക്രവൎത്തി	പപ്രച്ഛ;	സംഗതിയെപ്പററി
ആഗതം,	അവിടെ എത്തിച്ചേൎന്ന	സഃ	അദ്ദേഹം [ചോദിച്ചു;
തം	അദ്ദേഹത്തെ	തസ്മൈ	മഹാരാജാവിനോടു
അഭിപ്രേക്ഷ്യ ച,	കണ്ട ഉടനെ,	"തത്	"ആ കൎമ്മം
രാജാസനം	സിംഹാസനത്തെ	കൃതം"	ചെയ്യപ്പെട്ടു കഴിഞ്ഞു"
ഹിത്വാ	വിട്ടെഴുന്നേററ്,	ഇതി	എന്നു്
		അഭ്യവേദയത്.	അറിയിച്ചു.

തേന ചൈവ തദാ തുല്യം സഹാസീനാഃ സഭാസദഃ
ആസനേഭ്യഃ സമുത്തസ്ഥുഃ പൂജയന്തഃ പുരോഹിതം. 24

സഹാസീനാഃ	കൂടെ ഇരുന്നിരുന്നവരായ	പുരോഹിതം	പുരോഹിതനായ ആ വസിഷ്ഠമഹർഷിയെ
സഭാസദഃ ഏവ	സഭാവാസികളെല്ലാവരും	പൂജയന്തഃ ച	കൊണ്ടാടിക്കൊണ്ട്
തദാഃ	അതിനാൽ,	ആസനേഭ്യഃ	ആസനങ്ങളിൽ നിന്നും
തേന തുല്യം	അദ്ദേഹത്തിന്നൊററ	സമുത്തസ്ഥുഃ.	എഴുന്നേററു.

ഗുരുണാ ത്വഭ്യനുജ്ഞാതോ മനുജൌഘം വിസൃജ്യ തം
വിവേശാന്തഃപുരം രാജാ സിംഹോ ഗിരിഗുഹാമിവ. 25

രാജാ	മഹാരാജാവ്	വിസൃജ്യ,	പറഞ്ഞയച്ച ശേഷം,
ഗുരുണാ	ഗുരുവിനാൽ	സിംഹഃ	സിംഹം
അഭ്യനുജ്ഞാതഃ,	വിട നൽകപ്പെട്ടവനായി,	ഗിരിഗുഹാം	ഗിരിയുടെ ഗുഹയിൽ
തു,	പിന്നെ,	ഇവ,	എന്നപോലെ,
തം	ആ	അന്തഃ പുരം	അന്തഃ പുരത്തിൽ
മനുജൌഘം	ജനതതിയെ	വിവേശ.	പ്രവേശിച്ചു.

തദഗ്ര്യവേഷപ്രമദാജനാകുലം
മഹേന്ദ്രവേശ്മപ്രതിമം നിവേശനം
വിദീപയംശ്ചാരു വിവേശ പാർത്ഥിവഃ
ശശീവ താരാഗണസങ്കുലം നഭഃ. 26

പാർത്ഥിവഃ,	മഹാരാജാവ്,	തം	ആ
ചാരു	മനോഹരമായതും	നിവേശനം,	അരമനയിൽ,
മഹേന്ദ്രവേശ്മ-പ്രതിമം	മഹേന്ദ്രന്റെ ഭവനത്തെപ്പോലെയിരിക്കുന്നതും	ശശീ	ചന്ദ്രൻ
അഗ്ര്യവേഷ-പ്രമദാ-ജനാകുലം	അത്യുത്തമമായ അലങ്കാരങ്ങളോടുകൂടിവിളങ്ങുന്നവരായ സ്ത്രീജനങ്ങളാൽ നിറയപ്പെട്ടതും ആയ	താരാഗണ-സംകുലം	നക്ഷത്രഗണങ്ങൾ നിറഞ്ഞ
		നഭഃ	ആകാശത്തിൽ
		ഇവ	എപ്രകാരമോ അപ്രകാരം
		പ്രദീപയൻ,	പ്രകാശിപ്പിച്ചുകൊണ്ട്
		വിവേശ.	വിളങ്ങി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
പഞ്ചമഃ സർഗ്ഗഃ = അഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 2582; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 227

ഷഷ്ഠഃ സൎഗ്ഗഃ = ആറാംസൎഗ്ഗം.

[ശ്രീരാമസ്യ വ്രതാചരണം പൌരോത്സേകശ്ച = ശ്രീരാമൻ നോററിരിക്കുന്നതും ജനങ്ങളുടെ വരവും.]

ഗതേ പുരോഹിതേ രാമഃ സ്നാതോ നിയതമാനസഃ
സഹ പത്ന്യാ വിശാലാക്ഷ്യാ നാരായണമുപാഗമത്. 1

പുരോഹിതേ	പുരോഹിതൻ	നിയതമാനസഃ	ഭഗവദ്ധ്യാനനിരതമാനസനായി
ഗതേ,	പോയശേഷം,	വിശാലാക്ഷ്യാ	ഉത്തമയായ
രാമഃ	ശ്രീരാമൻ	പത്ന്യാ സഹ	ധൎമ്മപത്നിയോടുകൂടി
സ്നാതഃ	സ്നാനംചെയ്തു് നിത്യകൎമ്മാനുഷ്ഠാനങ്ങളെ ചെയ്തുതീൎത്തവനായി	നാരായണം	ശ്രീനാരായണനെ
		ഉപാഗമത്.	തൊഴുതു.

പ്രഗൃഹ്യ ശിരസാ പാത്രീം ഹവിഷോ വിധിവത് തതഃ
മഹതേ ദൈവതായാജ്യം ജുഹാവ ജ്വലിതേനലേ. 2

തതഃ	ആ സമയം	ദൈവതായ,	ദേവന്നായിക്കൊണ്ടു്,
ഹവിഷഃ	ഹവിസ്സിന്റെ	ജ്വലിതേ	ഉജ്ജ്വലിച്ചുതായ
പാത്രീം	പാത്രത്തെ	അനലേ	അഗ്നിയിൽ
ശിരസാ പ്രഗൃഹ്യ,	ശിരസ്സിൽ വഹിച്ചു കൊണ്ടുവന്നു്,	വിധിവത്	ശാസ്ത്രപ്രകാരം
മഹതേ	മഹത്തായ	ആജ്യം	ആജ്യത്തോടുകൂടിയ ഹവിസ്സിനെ
		ജുഹാവ.	ഹോമിച്ചു.

[“ശിരസാ പ്രഗൃഹ്യ” എന്നതു് “ഉപരി ഹി ദേവേഭ്യോ ധാരയതി” എന്ന ശ്രുതിയെ അനുസരിച്ചതാകുന്നു. (ഗോ. രാ.) “ശിരസാ പ്രഗൃഹ്യ പാത്രീം” ശിരസ്സുകൊണ്ടു ഉപലക്ഷിതമായ നമസ്കാരപൂൎവ്വകം പാത്രത്തെ എടുത്തുകൊണ്ടു്. (ശിരോമണി).]

ശേഷം ച ഹവിഷസ്തസ്യ പ്രാശ്യാശാസ്യാത്മനഃ പ്രിയം
ധ്യായന്നാരായണം ദേവം സ്വാസ്തീൎണ്ണേ കുശസംസ്തരേ 3
വാഗ്യതഃ സഹ വൈദേഹ്യാ ഭൂത്വാ നിയതമാനസഃ
ശ്രീമത്യായതനേ വിഷ്ണോഃ ശിശ്യേ നരവരാത്മജഃ 4

നരവരാത്മജഃ,	രാജകുമാരനായ ശ്രീരാമൻ,	നാരായണം ദേവം ധ്യായൻ,	ശ്രീനാരായണമൂൎത്തിയെ മനസ്സിൽ ആവാഹിച്ചുകൊണ്ടു്
വൈദേഹ്യാ	വൈദേഹിയോടും	നിയതമാനസഃ,	ഭഗവദ്ധ്യാനനിരതനായി
സഹ,	കൂടെ,	വാഗ്യതഃ	മന്ത്രോച്ചാരണാദികൾ ചെയ്യുന്നവനായി
തസ്യ ഹവിഷഃ	ആ ഹവിസ്സിന്റെ	ഭൂത്വാ	വൎത്തിച്ചു്,
ശേഷം	(ഹോമിച്ചു)ബാക്കിയെ	വിഷ്ണോഃ	ശ്രീമഹാവിഷ്ണുവിന്റെ
പ്രാശ്യ,	ഭുജിച്ചു്,	ശ്രീമതി	ശ്രേയഃപ്രദായകമായ
ച,	അതിൽപിന്നെ,		
ആത്മനഃ പ്രിയം	തന്റെ ക്ഷേമത്തെ		
ആശാസ്യ	ഉദ്ദേശിച്ചു്,		

ആയതനേ	സന്നിധാനത്തിൽ	കുശസംസ്തരേ	ദർഭശയനത്തിൽ
സ്വാസ്തീർണ്ണേ	താൻതന്നെ പരത്തിയ	ശിശ്യേ.	പള്ളികൊണ്ടു.

["ശ്രീമതി" = വേദത്രയസാരഭൂതമായ പ്രണവാകാരത്തിൽ; ("വിമാനം പ്രണവാകാരം"; "ഋചഃ സാമാനി യജൂംഷി, സാ ഹി ശ്രീരമൃതാസതാം" ഇത്യാദി ശ്രുതി കാണ്ക. ഗോ. രാ.)" ആത്മനഃ പ്രിയം ആശാസ്യ", രാവണവധപ്രയോജകമായ വനഗമനമാകുന്ന കാര്യത്തെ സങ്കല്പിച്ച് (തിലകം)]

ഏകയാമാവശിഷ്ടായാം രാത്ര്യാം പ്രതിവിബുധ്യ സഃ
അലങ്കാരവിധിം കൃത്സ്നം കാരയാമാസ വേശ്മനഃ. 5

സഃ	അദ്ദേഹം	വേശ്മനഃ	ആലയത്തെ
രാത്ര്യാം	രാത്രിയിൽ	അലങ്കാര-	അടിക്കുക, തളിക്കുക,
ഏകയാമാവ-	ഒരു യാമം ബാക്കി	വിധിം	അലങ്കരിക്കുക മുതലായ
ശിഷ്ടായാം	യുള്ളപ്പോൾ	കൃത്സ്നം	മുഴുവനും [ഏർപ്പാടുകൾ
പ്രതിവിബുധ്യ,	പള്ളിയുറക്കുണർന്ന്,	കാരയാമാസ.	ചെയ്യിച്ചു.

തത്ര ശൃണ്വൻ സുഖാ വാചഃ സൂതമാഗധവന്ദിനാം
പൂർവ്വാം സന്ധ്യാമുപാസീനോ ജജാപ യതമാനസഃ. 6

തത്ര,	അപ്പോൾ,	പൂർവ്വാം	പൂർവ്വസന്ധ്യാദൈവ
സൂതമാഗധ-	സൂതർ, മാഗധർ, വന്ദി	സന്ധ്യാം	ത്തെ മനസ്സിൽ ആവാ
വന്ദിനാം	കൾ, എന്നവൈതാളി	ഉപാസീനഃ	ഹിച്ചുകൊണ്ട്
സുഖാഃ	മധുരമായ [കന്മാരുടെ	യതമാനസഃ	ഏകാഗ്രചിത്തനായി
വാചഃ	ഗാനങ്ങളെ	ജജാപ.	ഗായത്രീജപനിഷ്ഠ
ശൃണ്വൻ,	കേട്ട്,		നായി വർത്തിച്ചു.

[സൂതന്മാർ (ദേവന്മാരെ സ്തോത്രംചെയ്യുന്ന പൌരാണികന്മാർ), മാഗധന്മാർ (വംശപരമ്പരയെ കീർത്തിക്കുന്നവർ), വന്ദികൾ (സ്തുതിപാഠകന്മാർ) എന്നു (സർവ്വാർത്ഥസാരം.)]

തുഷ്ടാവ പ്രണതശ്ചൈവ ശിരസാ മധുസൂദനം
വിമലക്ഷൌമസംവീതോ വാചയാമാസ ച ദ്വിജാൻ. 7

വിമലക്ഷൌമ-	വെൺപട്ടുടുത്തിരുന്ന	തുഷ്ടാവ;	സ്തോത്രങ്ങളെക്കൊണ്ടാ
സംവീതഃ,	അദ്ദേഹം,		രാധനചെയ്തു;
ശിരസാ	തലകുമ്പിട്ടു നമസ്കരി	ച,	അതിൽപിന്നെ,
പ്രണതഃ,	ച്ചുകൊണ്ടുതന്നെ,	ദ്വിജാൻ ച	ബ്രാഹ്മണർ എല്ലാവ
മധുസൂദനം	ശ്രീനാരായണമൂർത്തിയെ	വാചയാമാസ.	സ്വസ്തിവാചനം [രോടും
			ചെയ്യാനപേക്ഷിച്ചു.

തേഷാം പുണ്യാഹഘോഷോऽഥ ഗംഭീരമധുരസ്തദാ
അയോദ്ധ്യാം പൂരയാമാസ തൂര്യഘോഷാനുനാദിതഃ. 8

തദാ,	അപ്പോൾ,	തൂര്യഘോഷാനു	വാദ്യഘോഷത്തോടിട
തേഷാം	അവരുടെ	നാദിതഃ	കലർന്നതായി
പുണ്യാഹ-	പുണ്യാഹജപ	അയോദ്ധ്യാം	അയോദ്ധ്യാപട്ടണം
ഘോഷഃ	ഘോഷം	അഥ	എങ്ങും
ഗംഭീരമധുരഃ,	ഗംഭീരവും മധുരവുമായ	പൂരയാമാസ.	മുഴക്കി.
	ശബ്ദത്തോടുകൂടി,		

കൃതോപവാസം തു തദാ വൈദേഹ്യാ സഹ രാഘവം
അയോദ്ധ്യാനിലയഃ ശ്രുത്വാ സൎവ്വഃ പ്രമുദിതോ ജനഃ. 9

അയോദ്ധ്യാനിലയഃ	അയോദ്ധ്യാനിവാസികളായ
ജനഃ സൎവ്വഃ,	ജനങ്ങൾ മുഴുവനും,
തു,	ഈ കാൎയ്യത്തിന്നു വേണ്ടി,
വൈദേഹ്യാ സഹ	വൈദേഹിയോടുംകൂടി
രാഘവം	ശ്രീരാഘവൻ
കൃതോപവാസം	ഉപവാസവ്രതത്തെ പൂൎത്തിയാക്കിയതായി
ശ്രുത്വാ	അറിഞ്ഞ്,
തദാ	അതിനാൽ
പ്രമുദിതാഃ.	അത്യന്തം സന്തോഷിച്ചു.

തതഃ പൌരജനഃ സൎവ്വഃ ശ്രുത്വാ രാമാഭിഷേചനം
പ്രഭാതാം രജനീം ദൃഷ്ട്വാ ചക്രേ ശോഭയിതും പുരീം. 10

രാമാഭിഷേചനം	ശ്രീരാമപട്ടാഭിഷേകത്തെത്തന്നെ
ശ്രുത്വാ	ചിന്തിച്ചുകൊണ്ടിരുന്ന
പൌരജനഃ	പൌരജനം
സൎവ്വഃ,	മുഴുവനും,
രജനീം പ്രഭാതാം	രാത്രിപുലരാറായെന്നു
ദൃഷ്ട്വാ തതഃ	കണ്ട ഉടനെ
പുരീം	നഗരത്തെ
ശോഭയിതും	അലങ്കരിപ്പാൻ
ചക്രേ.	യത്നിച്ചു തുടങ്ങി.

സിതാഭ്രശിഖരാഭേഷു ദേവതായതനേഷു ച
ചതുഷ്പഥേഷു രഥ്യാസു ചൈത്യേഷ്വട്ടാലകേഷു ച. 11
നാനാപണ്യസമൃദ്ധേഷു വണിജാമാപണേഷു ച
കുടുംബിനാം സമൃദ്ധേഷു ശ്രീമത്സു ഭവനേഷു ച 12
സഭാസു ചൈവ സൎവ്വാസു വൃക്ഷേഷ്വാലക്ഷിതേഷു ച
ധ്വജാഃ സമുച്ഛ്രിതാഃ സാധു പതാകാശ്ചാഭവംസ്തദാ. 13

തദാ	ആ സമയം
സിതാഭ്രശിഖരേഷു	വെളുത്ത മേഘങ്ങളോടുകൂടിയ പൎവ്വതശിഖരങ്ങളെപ്പോലെയുള്ള
ദേവതായതനേഷു ച,	ദേവാലയങ്ങളിലും
ചതുഷ്പഥേഷു,	നാലുംകൂടുന്ന വഴികളിലും,
രഥ്യാസു,	തെരുവീഥികളിലും,
ചൈത്യേഷു,	യാഗശാലകളിലും,
അട്ടാലകേഷു ച,	കൊത്തളങ്ങളിലും,
വണിജാം	വ്യാപാരികളുടെ
നാനാപണ്യസമൃദ്ധേഷു	പലപല ചരക്കുകൾ നിറഞ്ഞവയായ
ആപണേഷു ച,	കച്ചവടസ്ഥലങ്ങളിലും
കുടുംബിനാം	ഗൃഹസ്ഥന്മാരുടെ
സമൃദ്ധേഷു	സമൃദ്ധിയുള്ള
ശ്രീമത്സു,	ശ്രീമത്തായ
ഭവനേഷു ച,	ഗൃഹങ്ങളിലും
സൎവ്വാസു	എല്ലാ
സഭാസു ച,	സഭാമണ്ഡപങ്ങളിലും
ആലക്ഷിതേഷു	ഉച്ചത്തിൽ വളൎന്നു നില്ക്കുന്നവയായ
വൃക്ഷേഷു ഏവ	മരങ്ങളിലും
ധ്വജാഃ ച	കൊടികളും
പതാകാഃ ച,	കൊടിക്കൂറകളും,
സാധു	വളരെ ഭംഗിയായി
സമുച്ഛ്രിതഃ അഭവത്.	ഉയൎത്തി കെട്ടപ്പെട്ടു.

നടനർത്തകസംഘാനാം ഗായകാനാം ച ഗായതാം
മനഃകർണ്ണസുഖാ വാചഃ ശുശ്രുവുശ്ച തതസ്തതഃ. 14
രാമാഭിഷേകയുക്താശ്ച കഥാശ്ചക്രുർമ്മിഥോ ജനാഃ
രാമാഭിഷേകം സംപ്രാപ്തേ ചത്വരേഷു ഗൃഹേഷു ച 15
ബാലാ അപി ക്രീഡമാനാഃ ഗൃഹദ്വാരേഷു സംഘശഃ. 16

രാമാഭിഷേകേ	ശ്രീരാമപട്ടാഭിഷേകം
സംപ്രാപ്തേ തതഃ	സമീപിച്ചപ്പോൾ,
ജനാഃ	ജനങ്ങളും,
ഗൃഹേഷു ച,	വീടുകളിലും,
ചത്വരേഷു ച,	നാൽക്കൂട്ടുവഴികളിലും
ഗൃഹദ്വാരേഷു,	വീടുകളുടെ മുൻവശങ്ങളിലും,
സംഘശഃ	കൂട്ടംകൂട്ടമായി
ക്രീഡമാനാഃ	കളിച്ചുകൊണ്ടിരുന്ന
ബാലാഃ അപി	കുട്ടികളുംകൂടി
മിഥഃ	തമ്മിൽ തമ്മിൽ
രാമാഭിഷേകയുക്താഃ	ശ്രീരാമപട്ടാഭിഷേകത്തെക്കുറിച്ചുതന്നെ
കഥാഃ ച	സംഭാഷണങ്ങൾ
ചക്രുഃ;	ചെയ്തുകൊണ്ടിരുന്നു;
തതഃ	ആ സമയം
നടനർത്തകസംഘാനാം	കൂട്ടംകൂട്ടമായിരുന്ന നടന്മാരുടേയും നർത്തകന്മാരുടേയും
ഗായതാം	ഗായകന്മാരുടെയും
ഗായകാനാം ച	വാദ്യക്കാരുടേയും
മനഃകർണ്ണസുഖാഃ	കർണ്ണാനന്ദകരവും മനോഹരങ്ങളും ആയ
വാചഃ ച	സംഗീതവും
ശുശ്രുവുഃ.	അവർ കേട്ടു.

കൃതപുഷ്പോപഹാരശ്ച ധൂപഗന്ധാധിവാസിതഃ
രാജമാർഗ്ഗഃ കൃതഃ ശ്രീമാൻ പൌരേ രാമാഭിഷേചനേ. 17

പൌരേ,	പട്ടണത്തിൽ,
രാമാഭിഷേചനേ,	ശ്രീരാമാഭിഷേകസമയത്തിൽ,
രാജമാർഗ്ഗഃ,	രാജവീഥി,
കൃതപുഷ്പോപഹാരഃ,	പൂക്കൾ തൂവിനിറയപ്പെട്ടതായി,
ധൂപഗന്ധാധിവാസിതഃ ച,	ധൂപക്കൂട്ടുകൾ പുകച്ച് എങ്ങും തിങ്ങിയ സുഗന്ധത്തോടു കൂടിയതായി,
ശ്രീമാൻ കൃതഃ.	ഏററവും അഴകാർന്നതായി അലങ്കരിക്കപ്പെട്ടു.

പ്രകാശീകരണാർത്ഥം ച നിശാഗമനശങ്കയാ
ദീപവൃക്ഷാംസ്തഥാ ചക്രുരനുരഥ്യാസു സർവ്വശഃ. 18

തഥാ	അപ്രകാരംതന്നെ
അനുരഥ്യാസു	വീഥികൾതോറും
സർവ്വശഃ	എല്ലാദിക്കുകളിലും
നിശാഗമനശങ്കയാ,	രാത്രിയായ്ക്കളയുമൊ എന്നുള്ള ശങ്കയാൽ,
പ്രകാശീകരണാർത്ഥം	നല്ലപോലെ കാണുന്നതിനുവേണ്ടി
ദീപവൃക്ഷാൻ ച	ദീപസ്തംഭങ്ങളേയും
ചക്രുഃ.	നിർമ്മിച്ചു.

[“പട്ടാഭിഷേകം കഴിഞ്ഞത് തെരുവീഥികളിൽക്കൂടി ഘോഷയാത്രചെയ്യുമ്പോൾ നേരം ഇരുട്ടായ്പ്പോകുമെന്നു ശങ്കിച്ച് ദീപസ്തംഭങ്ങൾനിർമ്മിച്ചു” (ഗൊ. രാ.) “വിതാനം, തോരണം മുതലായവകൊണ്ട് എങ്ങും ഇരുട്ടടഞ്ഞപോലെ ആയതിനാൽ രാത്രിവന്നുപോയോ എന്നു ശങ്കിച്ച്, അങ്ങിനെ ചെയ്തു.” (സ. സാ).]

അലങ്കാരം പുരസ്യൈവം കൃത്വാ തത്പുരവാസിനഃ
ആകാംക്ഷമാണാ രാമസ്യ യൌവരാജ്യാഭിഷേചനം. 19

തത്പുരവാസിനഃ	ആ നഗരവാസികൾ	രാമസ്യ	ശ്രീരാമന്റെ
പുരസ്യ	പട്ടണത്തിന്നു	യൌവരാജ്യാഭിഷേചനം	യുവരാജ്യപട്ടാഭിഷേക മഹോത്സവസമയത്തെ
ഏവം	ഇപ്രകാരം		
അലങ്കാരം	അലങ്കാരത്തെ	ആകാംക്ഷമാണാഃ	കാത്തുംകൊണ്ടിരുന്നു.
കൃത്വാ,	ചെയ്തുതീർത്തശേഷം,		

സമേത്യ സംഘശഃ സർവ്വേ ചത്വരേഷു സഭാസു ച
കഥയന്തോ മിഥസ്തത്ര പ്രശശംസുർജ്ജനാധിപം. 20

ചത്വരേഷു	നാൽക്കൂട്ടുവഴികളിലും	ജനാധിപം	മഹാരാജാവിനെപ്പററി
സഭാസു ച	സഭാമണ്ഡപങ്ങളിലും	മിഥഃ	തമ്മിൽ തമ്മിൽ
സംഘശഃ	കൂട്ടം കൂട്ടമായി	കഥയന്തഃ	ഇപ്രകാരം സംഭാഷണം ചെയ്തുകൊണ്ട്
സമേത്യ സർവ്വേ,	കൂടിയിരുന്ന എല്ലാ [വരും,		
തത്ര	അപ്പോൾ	പ്രശശംസുഃ.	കൊണ്ടാടി.

അഹോ മഹാത്മാ രാജാഽയമിക്ഷ്വാകുകുലനന്ദനഃ
ജ്ഞാത്വാ യോ വൃദ്ധമാത്മാനം രാമം രാജ്യേഽഭിഷേക്ഷ്യതി. 21

“ യഃ	“ യാതൊരു അദ്ദേഹം,	അഭിഷേക്ഷ്യതി	പട്ടാഭിഷേകംചെയ്യിക്കുവാൻ പോകുന്നുവോ,
വൃദ്ധം	തനിക്കു വാർദ്ധക്യമായ	അയം	ഈ [അ
ആത്മാനം	താൻതന്നെ [തിനെ	ഇക്ഷ്വാകുകുലനന്ദനഃ	ഇക്ഷ്വാകുവംശജനായ
ജ്ഞാത്വാ,	ഗ്രഹിച്ച്,	രാജാ	മന്നവൻ
രാജ്യേ	രാജ്യാധികാരത്തിൽ	മഹാത്മാ,	മഹാത്മാവുതന്നെ,
രാമം	ശ്രീരാമനെ	അഹൊ !	നിശ്ചയം !

സർവ്വേ ഹ്യനുഗൃഹീതാഃ സ്മോ യന്നോ രാമോ മഹീപതിഃ
ചിരായ ഭവിതാ ഗോപ്താ ദൃഷ്ടലോകപരാവരഃ. 22

“ ദൃഷ്ടലോകപരാവരഃ	“ പൂർവ്വിക സമ്പ്രദായങ്ങളിൽ നിപുണനായ	നഃ ഗോപ്താ	നമ്മെ പരിപാലിക്കുന്ന [വനായി
		ഭവിതാ,	വിളങ്ങും,
രാമഃ,	ശ്രീരാമൻ,	യത് ഹി	എന്ന കാരണത്താൽ
മഹീപതിഃ	ചക്രവർത്തിയായി	സർവ്വേ അനുഗൃഹീതാഃ സ്മഃ	നാമെല്ലാവരും അനുഗ്രഹിക്കപ്പെട്ടവർ തന്നെ.
ചിരായ	നീണാൾ		

[“ദൃഷ്ടലോകപരാവരഃ”. ദൃഷ്ടൗ യേ ലോകേ പരാവരേ ഉത്കൃഷ്ടാപകൃഷ്ടവസ്തുനീയേന സഃ (ലോകത്തിൽ ഉത്കൃഷ്ടങ്ങളും അപകൃഷ്ടങ്ങളും ആയവ ഇന്നതെന്നറിഞ്ഞവൻ.) ഗൊ, രാ. “ദൃഷ്ടാ ലോകാ ഭുവനാനി പരാവരാ ഉത്തമാധമാഃ യേന സഃ” (ഉത്തമങ്ങളും അധമങ്ങളും ആയ ലോകങ്ങൾ അറിഞ്ഞവൻ); ശിരോമണി. “ദൃഷ്ടാ ജ്ഞാതാ ലോകാ യേന സഃ, പരാഃ ലോകോത്തമത്വേന പ്രസിദ്ധാഃബ്രഹ്മാദയഃ അവരാഃ യസ്മാദിതി പരാവരഃ, ദൃഷ്ടലോകശ്ചാസൌ പരാവരശ്ചേതി സഃ. (ലോകങ്ങളെ അറിഞ്ഞവനായി ഉത്തമന്മാരായ ബ്രഹ്മാദികളുംകൂടി യാതൊരു തനിക്ക് താഴ്ന്നവനായി, ഉള്ളവൻ) സത്യധർമ്മതീർത്ഥീയം.]

അനഹങ്കൃതമനാ വിദ്വാൻ ധർമ്മാത്മാ ഭ്രാതൃവത്സലഃ
യഥാ ച ഭ്രാതൃഷു സ്നിഗ്ദ്ധസ്തഥാഽസ്മാസ്വപി രാഘവഃ. 23

"രാഘവഃ	"ശ്രീരാഘവൻ
അനഹങ്കൃതമനാഃ;	ഒട്ടുംതന്നെ ഗർവ്വമില്ലാത്തവൻ;
വിദ്വാൻ,	നല്ല വിദ്വാൻ,
ധർമ്മാത്മാ,	ധർമ്മശീലൻ,

ഭ്രാതൃവത്സലഃ	സഹോദരവാത്സല്യമുള്ളവൻ,
ഭ്രാതൃഷു	സഹോദരന്മാരിൽ
യഥാ തഥാ	എന്നപോലെതന്നെ,
അസ്മാസ്വപി ച	നമ്മുടെ പേരിലും
സ്നിഗ്ദ്ധഃ.	അൻപാർന്നവൻ.

ചിരം ജീവതു ധർമ്മാത്മാ രാജാ ദശരഥോഽനഘഃ
യത്പ്രസാദേനാഭിഷിക്തം രാമം ദ്രക്ഷ്യാമഹേ വയം. 24

"യത്-പ്രസാദേന	"യാതൊരുവന്റെ അനുഗ്രഹത്താൽ
വയം	നാം
രാമം അഭിഷിക്തം	ശ്രീരാമനെ പട്ടാഭിഷേകം ചെയ്യപ്പെട്ടവനായി
ദ്രക്ഷ്യാമഹേ	കാണ്മാൻപോകുന്നു, അപ്രകാരമുള്ള

അനഘഃ	കുററമററ
ധർമ്മാത്മാ	ധർമ്മാത്മാവായ
ദശരഥഃ രാജാ	ദശരഥചക്രവർത്തി
ചിരം	ഏറെക്കാലം
ജീവതു."	ജീവിച്ചിരിക്കുമാറാകട്ടെ."

ഏവംവിധം കഥയതാം പൌരാണാം ശുശ്രുവുസ്തദാ
ദിഗ്ഭ്യോഽപി ശ്രുതവൃത്താന്താഃ പ്രാപ്താ ജാനപദാ ജനാഃ. 25

ജാനപദാഃ	നാട്ടുപുറങ്ങളിലുള്ള
ജനാഃ അപി,	ജനങ്ങളും
ശ്രുതവൃത്താന്താഃ	വർത്തമാനം കേട്ടറിഞ്ഞവരായി,
ദിഗ്ഭ്യഃ	എല്ലാദിക്കുകളിൽ [നിന്നും
പ്രാപ്താഃ;	വന്നുചേർന്നു;

ഏവംവിധം	മേൽ പ്രകാരം
പൌരാണാം	പട്ടണനിവാസികൾ
കഥയതാം	സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ,
തദാ	ആ സമയം
ശുശ്രുവുഃ.	അതിനെ അവരും കേട്ടു.

തേ തു ദിഗ്ഭ്യഃ പുരീം പ്രാപ്താ ദ്രഷ്ടും രാമാഭിഷേചനം
രാമസ്യ പൂരയാമാസുഃ പുരീം ജാനപദാ ജനാഃ. 26

രാമസ്യ	ശ്രീരാമന്റെ
രാമാഭിഷേചനം	ആനന്ദകരമായ പട്ടാഭിഷേകത്തെ
ദ്രഷ്ടും,	സന്ദർശിപ്പാൻ,
ദിഗ്ഭ്യഃ	എല്ലാ ദിക്കുകളിൽ [നിന്നും
പുരീം	നഗരത്തിലേക്കു

പ്രാപ്താഃ	വന്നെത്തിയവരായ
തേ ജാനപദാഃ ജനാഃ	ആ നാട്ടുപുറത്ത് വസിക്കുന്ന ജനങ്ങൾ
പുരീം	പട്ടണത്തിലാസകലം
തു	ആ സമയം
പൂരയാമാസുഃ.	ഇടതിങ്ങി നിറഞ്ഞു.

ജനൌഘൈസ്തൈർവ്വിസർപ്പദ്ഭിഃ ശുശ്രുവേ തത്ര നിസ്വനഃ
പർവ്വസൂദീർണ്ണവേഗസ്യ സാഗരസ്യേവ നിസ്വനഃ. 27

വിസൎപ്പദ്ഭിഃ	വന്നുകൂടിക്കൊണ്ടിരുന്ന
തൈഃ	ആ
ജനൌഘൈഃ	ജനതതികളാൽ
തത്ര	അവിടെയുണ്ടായ
നിസ്വനഃ	ആഘോഷം,
പൎവ്വസു	വാവുദിവസങ്ങളിൽ
ഉദീൎണ്ണവേഗസ്യ	പൊങ്ങിമറിയുന്ന
സാഗരസ്യ	സമുദ്രത്തിന്റെ
നിസ്വനഃ ഇവ	ഘോഷം എന്നപോലെ
ശുശ്രുവേ.	മുഴങ്ങി.

തതസ്തദിന്ദ്രക്ഷയസന്നിഭം പുരം ദിദൃക്ഷുഭിൎജ്ജാനപദൈരുപാഗതൈഃ
സമന്തതഃ സസ്വനമാകുലം ബഭൌ സമുദ്രയാദോഭിരിവാൎണ്ണവോദകം. 28

തതഃ,	ആ സമയം,
ദിദൃക്ഷുഭിഃ	കണ്ടാനന്ദിക്കേണമെന്നാഗ്രഹം പൂണ്ട്,
ഉപാഗതൈഃ	വന്നെത്തിയ
ജാനപദൈഃ,	നാട്ടുകാരാൽ,
ഇന്ദ്രക്ഷയസന്നിഭം	ഇന്ദ്രപുരി പോലെയുള്ളതായ
തത്	ആ
പുരം,	നഗരം,
സസ്വനം,	ഘോഷത്തോടു കൂടിയതായി,
സമന്തതഃ	എങ്ങും
ആകുലം	തിങ്ങി നിറയപ്പെട്ടതായി,
അൎണ്ണവോദകം	സമുദ്രജലം
സമുദ്രയാദോഭിഃ	സമുദ്രത്തിലെ ജലജന്തുക്കളാൽ
ഇവ	എന്നവണ്ണം,
ബഭൌ.	വിളങ്ങി.

[യാദസ് (നദി); സമുദ്രത്തിലേക്ക ഒഴുകുന്ന നദികളാൽ സമുദ്രജലമെന്നപോലെ എന്നും ഗോ, രാ.]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഷഷ്ഠഃ സൎഗ്ഗഃ = ആറാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 2610 ; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 254.

സപ്തമഃ സൎഗ്ഗഃ = ഏഴാംസൎഗ്ഗം.

[മന്ഥരാപരിദേവനം = മന്ഥരയുടെ ആക്ഷേപം.]

ജ്ഞാതിദാസീ യതോജാതാ കൈകേയ്യാസ്തു സഹോഷിതാ
പ്രാസാദം ചന്ദ്രസങ്കാശമാരുരോഹ യദൃച്ഛയാ. 1

യതോജാതാ	കുലമേതെന്നും ജനനമെവിടെയെന്നും അറിയാത്തവളും
കൈകേയ്യാഃ	കൈകേയിയുടെ
സഹോഷിതാ	കൂടെത്തന്നെ എപ്പോഴും ഇരിക്കുന്നവളും,
ജ്ഞാതിദാസീ തു	(കൈകേയിയുടെ) പിതാവിനാൽ ദാസിയായയക്കപ്പെട്ടവളുമായ
മന്ഥരാ,	മന്ഥരയെന്നവൾ
യദൃച്ഛയാ	യദൃച്ഛയായി
ചന്ദ്രസങ്കാശം	വെണ്മതിയൊത്ത
പ്രാസാദം	മാളികമുകളിൽ
ആരുരോഹ.	കയറിച്ചെന്നു.

[ദേവന്മാരാൽ സ്വകാൎയ്യാൎത്ഥം കൈകേയിയെ ഭേദിപ്പിപ്പാൻ അയക്കപ്പെട്ടവൾ എന്ന ഗോപ്യമായ രഹസ്യസംഗതിയാൽ "യതോ ജാതാ" എന്നു പ്രയോഗിക്കപ്പെട്ടിരിക്കുന്നു." (എന്നു ഗോ. രാ.) 'ജ്ഞാതിൎജ്ഞാനം തദ്യുക്താ ദാസീതി ജ്ഞാതിദാസീ (ജ്ഞാനയുക്തയായ പരിചാരിക) എന്നു "ശിരോമണി" "മന്ഥരാ നാമ കാൎയ്യാൎത്ഥമപ്സരാ പ്രേഷിതാ സുരൈഃ ദാസീ കാചന കൈകേയ്യാ ദത്താ കേകയഭൎത്തൃതാ" എന്നു പാദ്മപുരാണം.]

സിക്തരാജപഥാം രമ്യാം പ്രകീൎണ്ണകുസുമോത്കരാം
അയോദ്ധ്യാം മന്ഥരാ തസ്മാത് പ്രാസാദാദന്വവൈക്ഷത. 2

തസ്മാത്	ആ	സിക്തരാജപഥാം	തളിച്ചു വൃത്തിയാക്കപ്പെട്ട രാജവീഥികളോടു കൂടിയതായും
പ്രാസാദാത്	മാളികമുകളിൽനിന്ന്	രമ്യാം	അഴകാൎന്നുവിലസുന്നതായും
അയോദ്ധ്യാം	അയോദ്ധ്യാപട്ടണത്തെ	അന്വവൈക്ഷത.	കണ്ടു.
പ്രകീൎണ്ണകുസുമോത്കരാം	പൂനിരവിതറി അലങ്കരിക്കപ്പെട്ടതായും		

പതാകാഭിൎവ്വരാൎഹാഭിൎദ്ധ്വജൈശ്ച സമലംകൃതാം
സിക്താം ചന്ദനതോയൈശ്ച ശിരഃസ്നാതജനൈൎവ്വൃതാം 3
മാല്യമോദകഹസ്തൈശ്ച ദ്വിജേന്ദ്രൈരഭിനാദിതാം
ശുക്ലദേവഗൃഹദ്വാരാം സൎവ്വവാദിത്രനിസ്വനാം 4
സംപ്രഹൃഷ്ടജനാകീൎണ്ണാം ബ്രഹ്മഘോഷാഭിനാദിതാം
പ്രഹൃഷ്ടവരഹസ്ത്യശ്വാം സംപ്രണൎദ്ദിതഗോവൃഷാം 5
പ്രഹൃഷ്ടമുദിതൈഃ പൌരൈരുച്ഛ്രിതധ്വജമാലിനീം
അയോദ്ധ്യാം മന്ഥരാ ദൃഷ്ട്വാ പരം വിസ്മയമാഗതാ. 6

മന്ഥരാ,	മന്ഥര,
അയോദ്ധ്യാം	അയോദ്ധ്യാനഗരത്തെ
പതാകാഭിഃ	പതാകകളാലും
വരാൎഹാഭിഃ	വിലപിടിച്ച
ധ്വജൈഃ ച	ധ്വജങ്ങളാലും
സമലംകൃതാം,	നല്ലപോലെ അലങ്കരിക്കപ്പെട്ടു,
സിക്താം	വെള്ളംതളിക്കപ്പെട്ടതായും,
ശിരഃസ്നാതജനൈഃ	തലമുങ്ങിക്കുളിച്ച ജനങ്ങളാലും
പ്രഹൃഷ്ടമുദിതൈഃ	ആനന്ദപുളകിതരായി
ചന്ദനതോയൈഃ	കളഭക്കൂട്ടണിഞ്ഞവരായ
പൌരൈഃ ച	നഗരവാസികളാലും
യുതാം,	നിറയപ്പെട്ടതായും
മാല്യമോദകഹസ്തൈഃ	മാലകളും മോദകങ്ങളും കയ്യിൽധരിച്ച
ദ്വിജോത്തമൈഃ	ബ്രാഹ്മണോത്തമന്മാരാൽ

ബ്രഹ്മഘോഷാഭിനാദിതാം,	എങ്ങും വേദഘോഷം ഘോഷിക്കപ്പെട്ടു വിളങ്ങുന്നതായും
അഭിനാദിതാം	എങ്ങും മററുപ്രകാരങ്ങളിലുമുള്ള ശബ്ദങ്ങൾ ഘോഷിക്കപ്പെട്ടു വിളങ്ങുന്നതായും
ശുക്ലദേവഗൃഹദ്വാരാം	വെളുവെളെവിലസുന്ന ദേവാലയദ്വാരങ്ങളോടുകൂടിയതായും
സൎവ്വവാദിത്രനിസ്വനാം,	സകലവിധ വാദ്യങ്ങളുടെ ഘോഷങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കുന്നതായും,
സംപ്രഹൃഷ്ടജനാകീൎണ്ണാം,	ഉത്സാഹംപൂണ്ടു പരിലസിക്കുന്ന പുരവാസികളാൽ നിറയപ്പെട്ടതായും,
പ്രഹൃഷ്ടവരഹസ്ത്യശ്വാം,	അതികുതൂഹലമാൎന്ന ആനകളും കുതിരകളും നിറഞ്ഞതായും,

സംപ്രണൎദ്ദിത-ഗോവൃഷാം	ഉത്സാഹംപൂണ്ടു മുക്രയിട്ടുന്ന വൃഷഭങ്ങളോടും പശുക്കളോടും കൂടിയതായും	ദൃഷ്ട്വാ,	കണ്ട്,
ഉച്ഛ്രിത-ധ്വജ-മാലിനീം,	ഉയരെക്കെട്ടിയ മകരതോരണങ്ങളാൽ പരിചസിക്കുന്നതായും,	പരം	വിപരീതമായ
		വിസ്മയം	സംശയ ബുദ്ധിയോടു കൂടിയവളായി
		ആഗതാ.	ഭവിച്ചു.

[സാധാരണ എല്ലാ ജനങ്ങൾക്കും ഉണ്ടായ അഭിമാനസ്നേഹാദിയെന്നപോലെയല്ലാതെ വിപരീതമായ സംശയങ്ങൾ മനസ്സിൽ തോന്നി, എന്നു താല്പൎയ്യം.

"ശിരഃ സ്നാതജനൈഃ" = പട്ടാഭിഷേകംചെയ്യപ്പെട്ട രാജാക്കന്മാരാൽ (ശിരസി സ്നാതം വിധിനാഭിഷേകോ യേഷാം) എന്നു ശിരോമണി വ്യാഖ്യാനം; അഭ്യംഗസ്നാനംചെയ്തവർ (എന്നു തിലകം)]

സാ ഹൎഷോത്ഫുല്ലനയനാം പാണ്ഡുരക്ഷൌമവാസിനീം
അവിദൂരേ സ്ഥിതാം ദൃഷ്ട്വാ ധാത്രീം പപ്രച്ഛ മന്ഥരാ. 7

സാ മന്ഥരാ,	ആ മന്ഥര,	അവിദൂരേ	സമീപത്തിൽ
ഹൎഷോത്-ഫുല്ലനയനാം,	സന്തോഷത്താൽ വിടൎന്ന നേത്രങ്ങളോടുകൂടിയവളായി,	സ്ഥിതാം	നിന്നുകൊണ്ടിരുന്ന
		ധാത്രീം	(ശ്രീരാമന്റെ) പോററമ്മയെ
പാണ്ഡുര-ക്ഷൌമ-വാസിനീം	വെണ്മപട്ടുടുത്തവളായി,	ദൃഷ്ട്വാ,	കണ്ട്,
		പപ്രച്ഛ.	ഇപ്രകാരം ചോദിച്ചു.

ഉത്തമേനാഭിസംയുക്താ ഹൎഷേണാൎത്ഥപരാ സതീ
രാമമാതാ ധനം കിം നു ജനേഭ്യഃ സംപ്രയച്ഛതി. 8

"രാമമാതാ	"ശ്രീരാമമാതാവ്	ജനേഭ്യഃ	ജനങ്ങൾക്കു
അൎത്ഥപരാ സതീ,	ഇത്ര ലോഭമുള്ളവളായിരുന്നിട്ടും,	ധനം	പണത്തെ
ഉത്തമേന ഹൎഷേണ	അത്യാനന്ദംപൂണ്ട്,	സംപ്രയച്ഛതി;	ധാരാളമായ് കൊടുത്തുകൊണ്ടിരിക്കുന്നുവല്ലൊ;
അഭിസംയുക്താ,	വിളങ്ങുന്നവളായി,	കിം നു?	ഇതിന്നെന്താണെടൊ കാരണം?

അതിമാത്രം പ്രഹൎഷോഽയം കിം ജനസ്യ ച ശംസ മേ
കാരയിഷ്യതി കിം വാഽപി സംപ്രഹൃഷ്ടോ മഹീപതിഃ. 9

"ജനസ്യ	"ജനങ്ങളുടെ	മഹീപതിഃ	മഹാരാജാവ്
പ്രഹൎഷഃ	സന്തോഷം	സംപ്രഹൃഷ്ടഃ	അകംകുളൎത്ത്
അതിമാത്രം ച	അളവററതായും	കിം വാ	എന്തുതന്നേയാണ്
അയം;	ഇതാ കാണുന്നു;	കാരയിഷ്യതി?	ചെയ്യിപ്പാൻ ഉദ്ദേശിച്ചിരിക്കുന്നത്?
കിമപി?	ഇതിന്നുമെന്താണ് കാരണം?	മേ ശംസ."	ഞാൻ കേൾക്കട്ടെ."

* 10

വിദീര്യമാണാ ഹർഷേണ ധാത്രീ തു പരയാ മുദാ
ആചചക്ഷേഽഥ കുബ്ജായൈ ഭൂയസീം രാഘവശ്രിയം. 10

പരയാ മുദാ	അത്യാനന്ദത്താൽ	ഭൂയസീം	മഹോത്സവമായ
വിദീര്യമാണാ	വെമ്പുന്നവളായ	രാഘവശ്രിയം	ശ്രീരാമ പട്ടാഭിഷേകത്തെപ്പററി,
ധാത്രീ	ധാത്രിയും,	ഹർഷേണ	ഏററവും സന്തോഷത്തോടെ
കുബ്ജായൈ തു	കൂനിയോടുംകൂടി, (അവൾ ദുഷ്ടയെന്നറിഞ്ഞിരുന്നിട്ടും)	അഥ	ഇപ്രകാരം
		ആചചക്ഷേ.	പറഞ്ഞു.

ശ്വഃ പുഷ്യേണ ജിതക്രോധം യൌവരാജ്യേന രാഘവം
രാജാ ദശരഥോ രാമമഭിഷേചയിതാഽനഘം. 11

"ദശരഥഃ രാജാ,	"ദശരഥമഹാരാജാവ്,	രാഘവം	രഘുകുലകുമാരനുമായ
ശ്വഃ	നാളെ	രാമം	ശ്രീരാമനെ
പുഷ്യേണ,	പൂയം നക്ഷത്രത്തിൽ,	യൌവരാജ്യേന	യുവരാജാവായി
ജിതക്രോധം,	കോപത്തെ ജയിച്ചവനും,	അഭിഷേചയിതാ."	വാഴിപ്പാൻ പോകുന്നു."
അനഘം,	ദോഷരഹിതനും,		

ധാത്ര്യാസ്തു വചനം ശ്രുത്വാ കുബ്ജാ ക്ഷിപ്രമമർഷിതാ
കൈലാസശിഖരാകാരാത് പ്രാസാദാദവരോഹത. 12

കുബ്ജാ	കൂനി,	കൈലാസശിഖരാകാരാത്	കൈലാസശിഖരം പോലെയുള്ള
ധാത്ര്യാഃ	ധാത്രിയുടെ	പ്രാസാദാത്	ആ മാളികമുകളിൽനിന്ന്
വചനം	വാക്ക്	ക്ഷിപ്രം	തൽക്ഷണം
ശ്രുത്വാ തു	കേട്ട ഉടനെ	അവരോഹത.	താഴോട്ടിറങ്ങി.
അമർഷിതാ	കോപംപൂണ്ടവളായി		

സാ ദഹ്യമാനാ കോപേന മന്ഥരാ പാപദർശിനീ
ശയാനാമേത്യ കൈകേയീമിദം വചനമബ്രവീത്. 13

പാപദർശിനീ	ദുഷ്ടചരിത്രയായ	കൈകേയീം	കൈകേയീദേവിയുടെ
സാ മന്ഥരാ	ആ മന്ഥര	ഏത്യ,	അടുത്തുചെന്ന്
കോപേന	കോപംമൂലം	ഇദം	ഇപ്രകാരം
ദഹ്യമാനാ,	വെന്തുരുകുന്നവളായി,	വചനം അബ്രവീത്.	പറഞ്ഞു.
ശയാനാം	കിടന്നുംകൊണ്ടിരുന്ന		

["പാപദർശിനീ" (രാക്ഷസന്മാരാൽ ചെയ്യപ്പെടുന്ന ഉപദ്രവത്തെ മനസ്സിൽ ധരിച്ചവളായി) എന്നു ശിരോമണി]

ഉത്തിഷ്ഠ മൂഢേ കിം ശേഷേ ഭയം ത്വാമഭിവൎത്തതേ
ഉപപ്ലുതമഘൌഘേന കിമാത്മാനം ന ബുദ്ധ്യസേ. 14

“മൂഢേ!	ഒന്നുമറിയാത്ത സാധു വായവളേ!	കിം	എന്താണൊ
ത്വാം	തിരുമേനിയ്ക്കു്	ബുദ്ധ്യസേ ന?	ധരിക്കാതിരിക്കുന്നതു്?
ഭയം	ഒരാപത്തു്	കിം	എന്താണാവൊ
അഭിവൎത്തതേ;	അടുത്തിരിക്കുന്നു!	ശേഷേ	ഇപ്രകാരമുല്ലാസത്തോടെ പള്ളികൊണ്ടിരിക്കുന്നതു്?
അഘൌഘേന	കൊടിയദുഃഖത്താൽ		
ആത്മാനം ഉപപ്ലുതം	താൻ ബാധിക്കപ്പെട്ടിരിക്കുന്നതിനെ	ഉത്തിഷ്ഠ.	എഴുനേല്ക്കുക.

അനിഷ്ടേ സുഭഗാകാരേ സൌഭാഗ്യേന വികത്ഥസേ
ചലം ഹി തവ സൌഭാഗ്യം നദ്യാഃ സ്രോത ഇവോഷ്ണഗേ 15

“സുഭഗാകാരേ!	“ഭൎത്താവിന്നു് ഉത്തമപ്രീതിപാത്രമായിരുന്നവളേ!	അനിഷ്ടേ!	ഉപേക്ഷിക്കപ്പെട്ടവളേ!
		തവ	ഭവതിയുടെപേരിലുള്ള
		സൌഭാഗ്യം	ഭൎത്തൃപ്രേമം
സൌഭാഗ്യേന	മററുള്ളവരിലുള്ളതിനേക്കാൾ തങ്കൽ ഭൎത്താവിന്നുള്ള അധികപ്രേമത്താൽ	ഉഷ്ണഗേ	വേനല്ക്കാലത്തിൽ
		നദ്യാഃ	നദിയുടെ
		സ്രോതഃ	ഒഴുക്കു്
		ഇവ	എന്നപോലെ
വികത്ഥസേ!	നിന്തിരുവടി ഏറെ പെരുമനടിക്കുന്നുവല്ലൊ!	ചലം ഹി.”	കുറഞ്ഞതായിട്ടാണല്ലൊ ഇരിക്കുന്നതു്.”

ഏവമുക്താ തു കൈകേയീ രുഷ്ടയാ പരുഷം വചഃ
കുബ്ജയാ പാപദൎശിന്യാ വിഷാദമഗമത് പരം. 16

പാപദൎശിന്യാ	ദുഷ്ടനടവടിയിൽ പ്രിയമുള്ളവളും	വചഃ	വാക്യം
		ഉക്താ	പറയപ്പെട്ടവളായ
രുഷ്ടയാ	ഏററവും കോപിച്ചിരുന്നവളും ആയ	കൈകേയീ,	കൈകേയീദേവി,
		തു	ഇക്കാൎയ്യത്തിൽ
കുബ്ജയാ	കൂനിയാൽ	പരം	ഏററവും
ഏവം	ഇപ്രകാരം	വിഷാദം	ഉപേക്ഷപൂണ്ടനിലയിൽ
പരുഷം	അസഹ്യമായ	അഗമത്.	ഇരുന്നു.

[കൈകേയി ഈ സംഗതിയെപ്പററി ഒട്ടും ശ്രദ്ധവെക്കാതെതന്നെ വൎത്തിച്ചു എന്നു താല്പൎയ്യം.]

കൈകേയീ ത്വബ്രവീത് കുബ്ജാം കച്ചിത് ക്ഷേമം ന മന്ഥരേ
വിഷണ്ണവദനാം ഹി ത്വാം ലക്ഷയേ ഭൃശദുഃഖിതാം. 17

തു	അപ്രകാരമിരുന്നിട്ടും,	വിഷണ്ണവദനാം	മുഖം വാടിയവളായും
കൈകേയീ	കൈകേയീദേവി	ഭൃശദുഃഖിതാം	ഏററവും ദുഃഖിച്ചുകൊണ്ടിരിക്കുന്നവളായും
കുബ്ജാം	കൂനിയോടു		
അബ്രവീത്;	ഇങ്ങിനെ ഉരചെയ്തു;	ലക്ഷയേ;	ഞാൻകാണുന്നുവല്ലൊ;
“മന്ഥരേ!	“മന്ഥരേ!	ക്ഷേമം ഹി?	എല്ലാവൎക്കും ക്ഷേമം തന്നെയല്ലെ?
ത്വാം	നിന്നെ	കച്ചിത് ന?	അല്ലെ, എന്താണ്?

മന്ഥരാ തു വചഃ ശ്രുത്വാ കൈകേയ്യാ മധുരാക്ഷരം
ഉവാച ക്രോധസംയുക്താ വാക്യം വാക്യവിശാരദാ. 18

ക്രോധസംയുക്താ	കോപം കൈക്കൊണ്ടിരുന്നവളും
വാക്യവിശാരദാ	നല്ല വാക്സാമൎത്ഥ്യമുള്ളവളും ആയ
മന്ഥരാ	ആ മന്ഥര
കൈകേയ്യാഃ	കൈകേയീദേവിയുടെ
മധുരാക്ഷരം	മൃദുതരമായ
വചഃ ശ്രുത്വാ,	ആ വാക്കു കേട്ട്,
തു	അക്കാൎയ്യത്തെപ്പററി
വാക്യം	പറയേണ്ടതായ ഉത്തരം ഇന്നതെന്ന്
ഉവാച.	മനസ്സിൽ വിചാരിച്ചു.

സാ വിഷണ്ണതരാ ഭൂത്വാ കുബ്ജാ തസ്യാ ഹിതൈഷിണീ
വിഷാദയന്തീ പ്രോവാച ഭേദയന്തീ ച രാഘവം. 19

സാ കുബ്ജാ	ആ കൂനി
തസ്യാഃ	അവളുടെ
ഹിതൈഷിണീ,	ഹിതത്തെ ആഗ്രഹിക്കുന്നവളായും.
വിഷാദയന്തീ	ആശാഭംഗത്തെ വിവരിച്ചുകാണിക്കുന്നവളായും
രാഘവം	ശ്രീരാഘവനു
ഭേദയന്തീ	അപജയം വരുത്തുന്നവളായും,
വിഷണ്ണതരാ ച	മുമ്പേത്തെക്കാളും അധികം ദുഃഖിക്കുന്നവളായും
ഭൂത്വാ	ഭവിച്ച്,
പ്രോവാച.	ഇപ്രകാരം മറുപടി പറഞ്ഞു.

അക്ഷയ്യം സുമഹദ്ദേവി പ്രവൃത്തം ത്വദ്വിനാശനം
രാമം ദശരഥോ രാജാ യൗവരാജ്യേഽഭിഷേക്ഷ്യതി. 20

"ദശരഥഃ രാജാ	"ദശരഥമഹാരാജാവ്
രാമം	രാമനെ
യൗവരാജ്യേ	എളമപ്പട്ടത്തിൽ
അഭിഷേക്ഷ്യതി;	ഇതാ അഭിഷേകം ചെയ്വാൻപോകുന്നു;
ദേവി!	രാജ്ഞി!
പ്രവൃത്തം	ഇപ്പോൾ നടപ്പാൻ പോകുന്ന ഈ പ്രവൃത്തി
അക്ഷയ്യം	എന്നെന്നേക്കും അനുഭവിക്കേണ്ടതായും
സുമഹത്	അതിക്രൂരമായും ഉള്ള
ത്വദ്വിനാശനം.	നിന്തിരുവടിയുടെ നാശഹേതുവാകുന്നു.

സാഽസ്മ്യഗാധേ ഭയേ മഗ്നാ ദുഃഖശോകസമന്വിതാ
ദഹ്യമാനാഽനലേനേവ ത്വദ്ധിതാൎത്ഥമിഹാഗതാ. 21

"അഗാധേ	"അഗാധമായ
ഭയേ	വരുവാൻപോകുന്ന നാശത്തെ ഓൎത്ത് ഭയത്തിൽ
മഗ്നാ,	മുഴുകിയവളായി,
ദുഃഖശോകസമന്വിതാ,	ദുഃഖംകൊണ്ടുള്ള വേദനയോടുകൂടിയവളായി,
അനലേന	ചെന്തീയാൽ
ദഹ്യമാനാ	വേവുന്നവൾ
ഇവ	എന്നപോലെയുള്ള
സാ,	ആ ഞാൻ,
ത്വദ്ധിതാൎത്ഥം	നിന്തിരുവടിയുടെ ക്ഷേമത്തിന്നുവേണ്ടി മാത്രമാണ്
ഇഹ	ഇവിടെ
ആഗതാ അസ്മി.	വന്നിരിക്കുന്നത്.

തവ ദുഃഖേന കൈകേയി മമ ദുഃഖം മഹദ്ഭവേത്
ത്വദ്വൃദ്ധൌ മമ വൃദ്ധിശ്ച ഭവേദേവ ന സംശയഃ. 22

"കൈകേയി!	"അല്ലേ കൈകേയീ ദേവി!
തവ	നിന്തിരുവടിക്കു്
ദുഃഖേന	കഷ്ടമെന്നുവന്നാൽ
മമ ഏവ	എനിക്കും
മഹത്	വലുതായ
ദുഃഖം	കഷ്ടംതന്നെ
ഭവേത്;	വന്നുചേരും;
ത്വദ്വൃദ്ധൌ	നിന്തിരുവടിക്കു് ശ്രേയസ്സാണെന്നാൽ
മമ ച	എനിക്കും
വൃദ്ധിഃ	അഭിവൃദ്ധിതന്നെ
ഭവേത്;	ഉണ്ടാകും;
സംശയഃ ന.	സംശയമില്ല.

നരാധിപകുലേ ജാതാ മഹിഷീ ത്വം മഹീപതേഃ
ഉഗ്രത്വം രാജധൎമ്മാണാം കഥം ദേവി ന ബുദ്ധ്യസേ. 23

"ദേവി	"ദേവി!
ത്വം	ഭവതി
നരാധിപകുലേ	രാജകുലത്തിൽ
ജാതാ;	ജനിച്ചു;
മഹീപതേഃ	ചക്രവൎത്തിക്കു്
മഹിഷീ;	മഹിഷിയായും ഭവിച്ചു;
രാജധൎമ്മാണാം	രാജകൃത്യങ്ങളിൽ
ഉഗ്രത്വം	(ഉപേക്ഷകൊണ്ടുളവാകുന്ന) കഷ്ടത്തെ
കഥം	എങ്ങിനെയാണു്
ബുദ്ധ്യസേ ന?	ഭവതി അറിയാതിരിക്കുന്നതു്?

ധൎമ്മവാദീ ശഠോ ഭൎത്താ ശ്ലക്ഷ്ണവാദീ ച ദാരുണഃ
ശുദ്ധഭാവേ ന ജാനീഷേ തേനൈവമതിസന്ധിതാ. 24

"ഭൎത്താ	"ഭൎത്താവു്
ധൎമ്മവാദീ;	(പുറമേക്കുമാത്രം) ധൎമ്മമുറയെ പറയുന്നവൻ;
ശഠഃ;	(അകത്തോ) കപടതയുള്ളവൻ;
ശ്ലക്ഷ്ണവാദീ;	വാക്കിൽമാത്രം മൃദുത്വമുള്ളവൻ;
ദാരുണഃ ച;	പ്രവൃത്തിയിലോ മഹാകാഠിന്യമുള്ളവൻ;
ശുദ്ധഭാവേ	ഭവതിയുടെ ശുദ്ധത കൊണ്ടു്
ന ജാനീഷേ;	ഭവതി വാസ്തവമറിയുന്നില്ല;
തേന	അദ്ദേഹത്താൽ
ഏവം	ഇപ്രകാരം
അതിസന്ധിതാ.	ഭവതി വഞ്ചിക്കപ്പെട്ടുപോയി.

ഉപസ്ഥിതഃ പ്രയുഞ്ജാനസ്ത്വയി സാന്ത്വമനൎത്ഥകം
അൎത്ഥേനൈവാദ്യ തേ ഭൎത്താ കൌസല്യാം യോജയിഷ്യതി 25

"തേ	"നിന്തിരുവടിയുടെ
ഭൎത്താ,	നായകൻ,
ത്വയി	ഭവതിയോടു
സാന്ത്വം	മൃദുവായ വാക്കു
ഏവ	മാത്രം
പ്രയുഞ്ജാനഃ,	അരുൾചെയ്തുകൊണ്ടു്,
അനൎത്ഥകം	അതിനു യാതൊരു പ്രയോജനവും ഇല്ലാതെ
ഉപസ്ഥിതഃ,	ആക്കിത്തീൎത്തു്,
അദ്യ	ഇതാ
കൌസല്യാം	കൌസല്യയെയാണു്
അൎത്ഥേന യോജയിഷ്യതി.	ഭാഗ്യവതിയാക്കുവാൻ തുടങ്ങുന്നതു്.

അപവാഹ്യ സ ദുഷ്ടാത്മാ ഭരതം തവ ബന്ധുഷു
കാല്യേ സ്ഥാപയിതാ രാമം രാജ്യേ നിഹതകണ്ടകേ. 26

"ദുഷ്ടാത്മാ സഃ	"ദുഷ്ടശീലത്തോടുകൂടിയ അദ്ദേഹം,	നിഹതകണ്ടകേ	യാതൊരു തടസ്ഥവുമില്ലാതിരിക്കുന്നതായ
തവ	ഭവതിയുടെ	രാജ്യേ	രാജ്യത്തിൽ
ബന്ധുഷു	പിതാവിന്റെ സമീപത്തിൽ	രാമം	രാമനെ
ഭരതം	ഭരതനെ	കാല്യേ	നാളെ കാലത്ത്
അപവാഹ്യ,	തള്ളിവിട്ട്,	സ്ഥാപയിതാ.	യുവരാജാവായി സ്ഥാപിപ്പാൻ പോകുന്നു.

ശത്രുഃ പതിപ്രവാദേന മാത്രേവ ഹിതകാമ്യയാ
ആശീവിഷ ഇവാങ്കേന ബാലേ പരിഹൃതസ്ത്വയാ. 27

"ബാലേ!	"കളവ്, ചതി, മുതലായ യാതൊന്നുംതന്നെ കണ്ടുപിടിപ്പാൻ കഴിയാത്ത പച്ചക്കുട്ടി[യായയവളെ!	പതിപ്രവാദേന,	ഭർത്താവെന്ന പേരുള്ളതുകൊണ്ട്,
ആശീവിഷഃ	സർപ്പം	ഹിതകാമ്യയാ	ക്ഷേമത്തെ മാത്രം ആഗ്രഹിക്കുന്ന
ഇവ	പോലെ	മാത്രാ	മാതാവിനാൽ
ശത്രുഃ,	ശത്രുവായ ഇദ്ദേഹം,	ഇവ,	എന്നവണ്ണംതന്നെ,
ത്വയാ	നിന്തിരുവടിയാൽ	അങ്കേന	മടിയിൽ
		പരിഹൃതഃ.	കയററിയിരുത്തി ലാളി[ക്കപ്പെട്ടു.

യഥാ ഹി കുര്യാത്സർപ്പോ വാ ശത്രുർവ്വാ പ്രത്യുപേക്ഷിതഃ
രാജ്ഞാ ദശരഥേനാദ്യ സപുത്രാ ത്വം തഥാ കൃതാ. 28

"പ്രത്യുപേക്ഷിതഃ	"ഒന്നും ചെയ്യാതെ വിട്ടയക്കപ്പെട്ട	ദശരഥേന രാജ്ഞാ	ദശരഥ മഹാരാജാവിനാൽ
സർപ്പഃ വാ,	സർപ്പംതന്നെയാകട്ടെ,	അദ്യ	ഇപ്പോൾ
ശത്രുഃ വാ,	ശത്രുതന്നെയാകട്ടെ,	സപുത്രാ	പുത്രനോടുകൂടിയവ[ളായ
യഥാ കുര്യാത്,	എപ്രകാരം ചെയ്യുമൊ,	ത്വം	ഭവതിയും
തഥാ ഹി,	അപ്രകാരം തന്നെ,	കൃതാ.	ചെയ്യപ്പെട്ടു.

[ഒരു സർപ്പത്തെ പോററിവളർത്തി അതിനെ കൊല്ലാതെ വിട്ടയച്ചാൽ അതു വളർത്തിയവനെയുംകൂടി എപ്രകാരം കടിക്കുമൊ, അപ്രകാരം, ദുഷ്ടനായിരുന്നിട്ടും ലാളിക്കപ്പെട്ടവനായ രാജാവ് ഇപ്പോൾ ഭവതിയെ ചതിച്ചു, എന്നു താല്പര്യം.]

പാപേനാനൃതസാന്ത്വേന ബാലേ നിത്യസുഖോചിതേ
രാമം സ്ഥാപയതാ രാജ്യേ സാനുബന്ധാ ഹതാ ഹ്യസി. 29

"നിത്യസുഖോചിതേ	"സദാ പുകഴ്ത്തക്ക സൽബുദ്ധിയോടുകൂടിയവളും	സ്ഥാപയതാ	രാജാവായി വാഴിപ്പാൻ പോകുന്ന
ബാലേ!	കാപട്യമെന്നതറിവാൻ കഴിയാത്തവളും ആയ[വളെ!	പാപേന ഹി	ആ ദുഷ്ടനാൽ തന്നെ
		അനൃതസാന്ത്വേന,	കളവായ സമാധാനവാക്കുകൾ കൊണ്ട്,
രാജ്യേ	രാജ്യത്തിൽ	സാനുബന്ധാ	പുത്രമിത്രാദികളടക്കം
രാമം	രാമനെ	ഹതാ അസി.	ഭവതി നശിപ്പിക്കപ്പെട്ടു.

സാ പ്രാപ്തകാലം കൈകേയി ക്ഷിപ്രം കുരു ഹിതം തവ
ത്രായസ്വ പുത്രമാത്മാനം മാം ച വിസ്മയദർശനേ. 30

"വിസ്മയദർശനേ!	"സമയോചിതബുദ്ധിയാന്നവളായ	ക്ഷിപ്രം	ഇപ്പോൾ തന്നെ
കൈകേയി!	ഹേ കൈകേയി!	കുരു;	ചെയ്തുകൊൾക;
സാ,	അപ്രകാരമുള്ള നിന്തിരുവടി,	ആത്മാനം	നിന്തിരുവടിയേയും
		പുത്രം	പുത്രനേയും
		മാം ച	എന്നെയും
പ്രാപ്തകാലം,	തക്കസമയത്തിൽ,	ത്രായസ്വ."	കഷ്ടത്തിൽ നിന്നു കരകയററിയാലും."
തവ ഹിതം	ഭവതിയുടെ നന്മയെ		

മന്ഥരായാ വചഃ ശ്രുത്വാ ശയാനാ സാ ശുഭാനനാ
ഉത്തസ്ഥൌ ഹർഷസമ്പൂർണ്ണാ ചന്ദ്രലേഖേവ ശാരദീ. 31

മന്ഥരായാഃ	മന്ഥരയുടെ	ചന്ദ്രലേഖാ	ചന്ദ്രക്കല
വചഃ	വാക്യത്തെ	ഇവ	എന്നപോലെ
ശയാനാ	ശയിച്ചുകൊണ്ടുതന്നെ		
ശ്രുത്വാ	കേട്ടുകൊണ്ടിരുന്ന	ശുഭാനനാ,	ആഹ്ലാദസൂചകമായ മുഖത്തോടുകൂടിയവളായി,
സാ,	ആ കൈകേയീദേവി,		
ഹർഷസമ്പൂർണ്ണാ,	സന്തോഷപരിപൂർണ്ണയായി	ഉത്തസ്ഥൌ.	ശയനത്തിൽനിന്നെഴുന്നേററു.
ശാരദീ	ശരത്കാലത്തിലെ		

അതീവ സാ തു സംഹൃഷ്ടാ കൈകേയീ വിസ്മയാന്വിതാ
ഏകമാഭരണം ദത്ത്വാ കുബ്ജായൈ പ്രമദോത്തമാ 32
കൈകേയീ മന്ഥരാം ദൃഷ്ട്വാ പുനരേവാബ്രവീദിദം. 33

പ്രമദോത്തമാ	സ്ത്രീരത്നമായ	ആഭരണം	ആഭരണത്തെ
സാ കൈകേയീ,	ആ കൈകേയീദേവി	കുബ്ജായൈ	കൂനിക്കു
തു	ഇക്കാര്യത്തിൽ	ദത്ത്വാ,	സമ്മാനമായി കൊടുത്തിട്ട്,
വിസ്മയാന്വിതാ	തനിക്കുതന്നെ ഒരു മഹാഭാഗ്യം വന്നിരിക്കുന്നുവെന്ന് നിനച്ച്	പുനഃ ഏവ	അതിൽപിന്നെ
		കൈകേയീ	കൈകേയീദേവി
		മന്ഥരാം	മന്ഥരയെ
അതീവ	അത്യധികം	ദൃഷ്ട്വാ,	നോക്കി,
സംഹൃഷ്ടാ,	സന്തോഷിച്ചവളായി,	ഇദം	ഇപ്രകാരം
ഏകം	ഒരു	അബ്രവീത്.	പറഞ്ഞു.

ഇദം ഹി മന്ഥരേ മഹ്യമാഖ്യാസി പരമം പ്രിയം
ഏതന്മേ പ്രിയമാഖ്യാത്ര്യാഃ കിം വാ ഭൂയഃ കരോമി തേ. 34

"മന്ഥരേ!	"മന്ഥരേ!	ഏതത്	ഈ
മഹ്യം	എനിക്ക്	പ്രിയം	സന്തോഷവർത്തമാനത്തെ
പരമം	അത്യന്തം	ആഖ്യാത്ര്യാഃ	പറയുന്നവളായ
പ്രിയം ഹി	ശുഭമായവർത്തമാനത്തെ	തേ	നിനക്ക്
ഇദം	ഇപ്പോൾ	ഭൂയഃ	ഇനിയും
ആഖ്യാസി;	നീ അറിയിക്കുന്നതു യാണല്ലോ;	കിം വാ	എന്തുവേണമെങ്കിലും
മേ	എന്നോട്	കരോമി.	ഞാൻ ചെയ്യാം.

രാമേ വാ ഭരതേ വാഽഹം വിശേഷം നോപലക്ഷയേ
തസ്മാത് തുഷ്ടാഽസ്മി യദ്രാജാ രാമം രാജ്യേഽഭിഷേക്ഷ്യതി. 35

"രാജാ	"മഹാരാജാവു്	യത്	എന്തെന്നാൽ
രാമം	ശ്രീരാമനെ	അഹം	ഞാൻ
രാജ്യേ	രാജ്യാധികാരിയായി	രാമേ വാ	രാമനിലാവട്ടെ
അഭിഷേക്ഷ്യതി;	പട്ടാഭിഷേകംചെയ്യാൻ	ഭരതേ വാ	ഭരതങ്കൽതന്നെയാക
തസ്മാത്	അതിനാൽ [പോകുന്നു;		ട്ടെ
തുഷ്ടാ അസ്മി;	ഞാൻ സന്തുഷ്ടയായി	വിശേഷം	യാതൊരു വ്യത്യാസവും
	രിക്കുന്നു;	നോപലക്ഷയേ.	കാണുന്നില്ല.

ന മേ പരം കിഞ്ചിദിതസ്ത്വയാ പുനഃ
പ്രിയം പ്രിയാർഹേ സുവചം വചഃ പരം
തഥാ ഹ്യവോചസ്ത്വമതഃ പ്രിയോത്തരം
പരം വരം തേ പ്രദദാമി തം വൃണു. 36

"മേ	"എനിക്ക്	തഥാ	അപ്രകാരമുള്ള
പരം	സർവ്വോത്കൃഷ്ടമായ	തം അവോചഃ;	അതിനെയാണുപറഞ്ഞ
പ്രിയം;	മനോരഥമാകുന്നു ഇത്;	അതഃ	അതുകൊണ്ടു് [ത്;
ഇതഃ പരം	ഇതിനേക്കാൾ ശ്ലാഘ്യ	പ്രിയാർഹേ	അനുഗ്രഹത്തിനു പാ
വചഃ	വാക്ക് [മായ		ത്രമായവളേ !
കിഞ്ചിത് ഹി	ഒന്നുംതന്നെ	പ്രിയോത്തരം	ഇഷ്ടമുള്ള [അതിനെ
ത്വയാ	നിന്നാൽ	പരം വരം	വേറെ എന്തു വേണമൊ
പുനഃ	ഇനി	വൃണു;	ചോദിച്ചുകൊൾക;
സുവചം ന;	പറവാൻ കഴിയുന്ന	തേ	നിനക്ക്
ത്വം	നീ [തല്ല;	പ്രദദാമി."	ഞാൻ തരുന്നുണ്ടു്."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
സപ്തമഃ സർഗ്ഗഃ = ഏഴാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 2646; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 291.

അഷ്ടമഃ സർഗ്ഗഃ = എട്ടാംസർഗ്ഗം.

[മന്ഥരോപജാപഃ = മന്ഥരയുടെ ദുരാലോചന.]

മന്ഥരാ ത്വഭ്യസൂയ്യൈനാമുത്സൃജ്യാഭരണം ച തത്
ഉവാചേദം തതോ വാക്യം കോപദുഃഖസമന്വിതാ. 1

തതഃ	ആ സമയം	തത്	ആ
തു	ഈ സംഗതിയിൽ	ആഭരണം ച	ആഭരണത്തേയും
മന്ഥരാ	മന്ഥര	ഉത്സൃജ്യ	വലിച്ചെറിഞ്ഞ്
കോപദുഃഖ-	കോപവും ദുഃഖവും	ഏനാം	ഈ കൈകേയിയോ
സമന്വിതാ	ഉൾക്കൊണ്ടവളായി	ഇദം	ഇപ്രകാരം [ടായി
അഭ്യസൂയ	ഏറെ വെറുത്തുകൊണ്ടു്	വാക്യം ഉവാച.	പറഞ്ഞു.

ഹർഷം കിമിദമസ്ഥാനേ കൃതവത്യസി ബാലിശേ
ശോകസാഗരമദ്ധ്യസ്ഥമാത്മാനം നാവബുദ്ധ്യസേ. 2

" ബാലിശേ ! — " സമയോചിതം പോലെ വേണ്ടതുചെയ്യാൻ ഉപേക്ഷചെയ്യുന്ന [വളേ !
ആത്മാനം — തന്നെ
ശോകസാഗര-മദ്ധ്യസ്ഥം — ശോകസാഗരത്തിൻ നടുവിൽ ആണ്ടു കിടക്കുന്നവളായി
അവബുദ്ധ്യസേ ന; — അറിയാതിരിക്കുന്നു വല്ലൊ;
ഇദം കിം — ഇതെന്തൊരാശ്ചര്യമാ [ണ്?
അസ്ഥാനേ — അസ്ഥാനത്തിൽ
ഹർഷം — ഇങ്ങിനെ സന്തുഷ്ടിയെ
കൃതവതീ അസി! — ഭവതി കയ്ക്കൊണ്ടിരിക്കുന്നുവല്ലൊ!

മനസാ പ്രഹസാമി ത്വാം ദേവി ദുഃഖാർത്തിതാ സതീ
യച്ഛോചിതവ്യേ ഹൃഷ്ടാഽസി പ്രാപ്യേദം വ്യസനം മഹത്. 3

" ദേവി! — " ഹേ രാജ്ഞി!
ഇദം — ഈ സമയം
മഹത് വ്യസനം — വലുതായ വ്യസനം
പ്രാപ്യ, — ഉണ്ടായിരിക്കെ,
ശോചിതവ്യേ — ദുഃഖിക്കേണ്ടതായ സംഗതിയിൽ
ഹൃഷ്ടാ അസി; — നിന്തിരുവടി സന്തോഷിക്കുകയാണ് ചെയ്യുന്നത്;
യത് — ഇക്കാരണത്താൽ
ദുഃഖാർത്തിതാ സതീ — ഞാൻ ദുഃഖപീഡിതയായിരുന്നിട്ടും
ത്വാം — നിന്തിരുവടിയെ
മനസാ — ഉള്ളുകൊണ്ട്
പ്രഹസാമി. — ഹസിക്കുകയാണ് ചെയ്യുന്നത്.

ശോചാമി ദുർമ്മതിത്വം തേ കാ ഹി പ്രാജ്ഞാ പ്രഹർഷയേത്
അരേഃ സപത്നീപുത്രസ്യ വൃദ്ധിം മൃത്യോരിവാഗതാം. 4

" പ്രാജ്ഞാ — " സ്വബോധമുള്ള
കാ ഹി, — ഏതൊരുവൾതന്നെയാണ്,
സപത്നീപുത്രസ്യ — സപത്നീപുത്രനും
മൃത്യോഃ ഇവ — കാലന്നു തുല്യനുമായ
അരേഃ — ശത്രുവിന്നു
ആഗതാം — ഉണ്ടാകുന്ന
വൃദ്ധിം — ശ്രേയസ്സിനെക്കുറിച്ച്
പ്രഹർഷയേത്? — ആഹ്ലാദിക്കുന്നത്?
തേ — നിന്തിരുവടിയുടെ
ദുർമ്മതിത്വം — ബുദ്ധിമോശത്തെപ്പററി
ശോചാമി. — ഞാൻ ദുഃഖിക്കുന്നു.

ഭരതാദേവ രാമസ്യ രാജ്യസാധാരണാദ്ഭയം
തദ്വിചിന്ത്യ വിഷണ്ണാഽസ്മി ഭയം ഭീതാദ്ധി ജായതേ. 5

" ഭയം — " ഒരുവന്നു ആപത്തെന്നുള്ളത്
ഭീതാത് ഹി — അവനാൽ യാതൊരുവന്നു ഭയമോ അവങ്കൽ നിന്നുതന്നെയാണ്
ജായതേ; — ഉളവാകുന്നത്;
രാജ്യ-സാധാരണാത് — രാജ്യത്തിന്നു ഒപ്പം അവകാശിയായ
ഭരതാത് ഏവ — ഭരതങ്കൽനിന്നുതന്നെ
രാമസ്യ ഭയം; — രാമന്നു ഭയം; [യാണ്
തത് വിചിന്ത്യ — അതിനെആലോചിച്ച്
വിഷണ്ണാ അസ്മി. — ഞാൻ ദുഃഖിക്കുന്നു.

ലക്ഷ്മണോ ഹി മഹേഷ്വാസോ രാമം സർവ്വാത്മനാ ഗതഃ
ശത്രുഘ്നശ്ചാപി ഭരതം കാകുത്സ്ഥാ ലക്ഷ്മണോ യഥാ. 6

"മഹേഷ്വാസഃ	"വില്ലാളിവീരനായ
ലക്ഷ്മണഃ	ലക്ഷ്മണൻ
കാകുത്സ്ഥം	ശ്രീരാമനെ
സർവ്വാത്മനാ ഹി	എല്ലാവിധത്തിലും
ഗതഃ;	അനുകൂലമായവിധത്തിൽ നടക്കുന്നു;
ലക്ഷ്മണഃ	ലക്ഷ്മണൻ
രാമം	രാമങ്കൽ
യഥാ ച	എപ്രകാരമൊ അപ്രകാരംതന്നെയാണു്
ഭരതം അപി	ഭരതൻെറ സംഗതിയിൽ
ശത്രുഘ്നഃ.	ശത്രുഘ്നനുമിരിക്കുന്നതു്.

പ്രത്യാസന്നക്രമേണാപി ഭരതസ്യൈവ ഭാമിനി
രാജ്യക്രമോ വിപ്രകൃഷ്ടസ്തയോസ്താവത് കനീയസോഃ. 7

"ഭാമിനി!	"ഹേ സുന്ദരി!
ഭരതസ്യ അപി	ഭരതനെക്കാളും
കനീയസോഃ	താഴെയുള്ളവരായ
തയോഃ ഏവ,	അവർ രണ്ടുപേൎക്കും
പ്രത്യാസന്നക്രമേണ താവത്	നേരെ അടുത്തുള്ളവനു തന്നെയാകുന്നു മുറയെന്നുള്ള കാരണത്താൽ
രാജ്യക്രമഃ,	രാജ്യാവകാശം,
വിപ്രകൃഷ്ടഃ.	അകന്നിരിക്കുന്നു.

[ഭരതൻ അടുത്ത അവകാശിയായതുകൊണ്ടു അവനുമാത്രമാകുന്നു ഭയം. ലക്ഷ്മണനും ശത്രുഘ്നനും അങ്ങിനെയുള്ള ഭയത്തിന്നു് അവകാശമില്ല എന്നു താല്പൎയ്യം.]

വിദുഷഃ ക്ഷത്രചാരിത്രേ പ്രാജ്ഞസ്യ പ്രാപ്തകാരിണഃ
ഭയാത് പ്രവേപേ രാമസ്യ ചിന്തയന്തീ തവാത്മജം. 8

"തവ	"നിന്തിരുവടിയുടെ
ആത്മജം	പുത്രൻെറ സംഗതിയിൽ
വിദുഷഃ,	നല്ല വിദ്വാനും,
ക്ഷത്രചാരിത്രേ	രാജ്യതന്ത്രത്തിൽ
പ്രാജ്ഞസ്യ	നല്ല നിപുണനും
പ്രാപ്തകാരിണഃ	സമയോചിതംപോലെ പ്രവൃത്തിപ്പാനറിയുന്ന
രാമസ്യ	രാമൻെറ [വനുമായ
ഭയാത്	ഉപദ്രവമുണ്ടാകുമെന്ന ഭയത്താൽ
ചിന്തയന്തീ	ദുഃഖംപൂണ്ടവളായി
പ്രവേപേ.	ഞാൻ നടുങ്ങുന്നു.

സുഭഗാ ഖലു കൌസല്യാ യസ്യാഃ പുത്രോഽഭിഷേക്ഷ്യതേ
യൌവരാജ്യേന മഹതാ ശ്വഃ പുഷ്യേണ ദ്വിജോത്തമൈഃ. 9

"യസ്യാഃ	"യാതൊരുത്തിയുടെ
പുത്രഃ,	പുത്രൻ,
ശ്വഃ	നാളെ
പുഷ്യേണ	പൂയംനാളിൽ
ദ്വിജോത്തമൈഃ	ബ്രാഹ്മണോത്തമന്മാരാൽ
മഹതാ	മഹിമയേറിയ [രാൽ
യൌവരാജ്യേന	യുവരാജാവായി
അഭിഷേക്ഷ്യതേ,	പട്ടാഭിഷിക്തനാകുവാൻ പോകുന്നുവോ,
കൌസല്യാ ഖലു	ആ കൌസല്യയാണല്ലൊ
സുഭഗാ.	സൌഭാഗ്യവതിയായിത്തീൎന്നിരിക്കുന്നതു്.

പ്രാപ്താം സുമഹതീം പ്രീതിം പ്രതീതാം താം ഹതദ്വിഷം
ഉപസ്ഥാസ്യസി കൌസല്യാം ദാസീവത്ത്വം കൃതാഞ്ജലിഃ. 10

"ഹതദ്വിഷം,	"വിരോധികളെയെല്ലാം അടക്കി,
പ്രീതിം	പരമസന്തുഷ്ടിയെ
പ്രാപ്താം,	പ്രാപിച്ചവളായി,
സുമഹതീം	ഉത്കൃഷ്ടപദവിയിൽ വൎത്തിക്കുന്നവളായ
പ്രതീതാം,	എല്ലാവരാലും കൊണ്ടാടപ്പെട്ടവളായി,
താം	ആ
കൌസല്യാം,	കൌസല്യാദേവിയെ,
ത്വം	നിന്തിരുവടി
ദാസീവത്	ദാസിയെന്നപോലെ
കൃതാഞ്ജലിഃ	കൈകൂപ്പിക്കൊണ്ട്
ഉപസ്ഥാസ്യസി;	ഉപചരിക്കുവാൻ പോകുന്നു.

ഏവം ച ത്വം സഹാസ്മാഭിസ്തസ്യാഃ പ്രേഷ്യാ ഭവിഷ്യസി
പുത്രശ്ച തവ രാമസ്യ പ്രേഷ്യഭാവം ഗമിഷ്യതി. 11

"ത്വം	"നിന്തിരുവടി
ഏവം ച	ഇപ്രകാരംതന്നെ,
അസ്മാഭിഃ	ഞങ്ങളോടും
സഹ,	കൂടി,
തസ്യാഃ	അവളുടെ
പ്രേഷ്യാ	ദാസിയായി
ഭവിഷ്യസി;	തീരുവാൻപോകുന്നു;
തവ	നിന്തിരുവടിയുടെ
പുത്രഃ ച,	മകനും,
രാമസ്യ പ്രേഷ്യഭാവം	രാമന്നു അടിമയെന്നുള്ള അവസ്ഥയെ
ഗമിഷ്യതി;	പ്രാപിപ്പാൻപോകുന്നു;

ഹൃഷ്ടാഃ ഖലു ഭവിഷ്യന്തി രാമസ്യ പരമാഃ സ്ത്രിയഃ
അപ്രഹൃഷ്ടാ ഭവിഷ്യന്തി സ്നുഷാസ്തേ ഭരതക്ഷയേ. 12

"രാമസ്യ	"ശ്രീരാമന്റെ
പരമാഃ	ഒന്നിനും കൊള്ളരുതാത്ത
സ്ത്രിയഃ,	സ്ത്രീജനങ്ങൾ,
ഹൃഷ്ടാഃ	സന്തുഷ്ടമാരായി
ഭവിഷ്യന്തി;	ഭവിക്കും;
തേ	നിന്തിരുവടിയുടെ
സ്നുഷാഃ ഖലു	യോഗ്യതയുള്ള സ്ത്രീകളാകട്ടെ
ഭരതക്ഷയേ	ഭരതൻ അവമതിക്കപ്പെട്ടുനില്ക്കെ
അപ്രഹൃഷ്ടാഃ	മനസ്സിടിഞ്ഞവരായി
ഭവിഷ്യന്തി."	തീരുവാൻപോകുന്നു."

[ശ്രീരാമൻ ഏകപത്നീവ്രതമാചരിക്കുന്നവനെന്നസംഗതി പ്രസിദ്ധമായതുകൊണ്ട്, സ്ത്രീജനങ്ങൾ എന്നത് പരിജനങ്ങളെ വിവക്ഷിക്കുന്നു. (ഗൊ. രാ). 'ഭരതക്ഷയേ' (ഭരതഗൃഹത്തിൽ) എന്നു തീൎത്ഥീയം. "സ്നു പ്രസ്രവണേ" എന്ന ധാതുവിൽനിന്ന് "സ്നുഷാ" എന്നതിന്ന് "വീട്ടിൽ വെള്ളം കോരുന്നവൾ", അതായത് 'വേലക്കാരി' എന്നൎത്ഥം.]

താം ദൃഷ്ട്വാ പരമപ്രീതാം ബ്രുവന്തീം മന്ഥരാം തതഃ
രാമസ്യൈവ ഗുണാൻ ദേവീ കൈകേയീ പ്രശശംസ ഹ. 13

പരം	അത്യന്തം
അപ്രീതാം	കൎണ്ണകഠോരമാംവണ്ണം
ബ്രുവന്തീം	പറയുന്നവളായ
താം മന്ഥരാം	ആ മന്ഥരയെ
ദൃഷ്ട്വാ,	നോക്കി
തതഃ	ആ സമയം
കൈകേയീ ദേവീ	കൈകേയീരാജ്ഞി
രാമസ്യ	ശ്രീരാമന്റെ
ഗുണാൻ ഏവ	ശ്ലാഘ്യമായ ഗുണഗണങ്ങളെത്തന്നെ
പ്രശശംസ, ഹ!	ഇപ്രകാരം വൎണ്ണിച്ചു, ആശ്ചൎയ്യം!

ധൎമ്മജ്ഞോ ഗുരുഭിൎദ്ദാന്തഃ കൃതജ്ഞഃ സത്യവാക് ശുചിഃ
രാമോ രാജ്ഞഃ സുതോ ജ്യേഷ്ഠോ യൌവരാജ്യമതോഽൎഹതി. 14

"രാമഃ	"ശ്രീരാമൻ	സത്യവാക്,	സത്യസന്ധൻ,
ധൎമ്മജ്ഞഃ,	ധൎമ്മമാൎഗ്ഗം തെററാത്ത[വൻ,	രാജ്ഞഃ	മഹാരാജാവിന്റെ
ഗുരുഭിഃ	മഹാന്മാരാൽ	ജ്യേഷ്ഠഃ സുതഃ,	ജ്യേഷ്ഠകുമാരൻ,
ദാന്തഃ	വഴിപോലെ അഭ്യസിപ്പിക്കപ്പെട്ടവൻ,	അതഃ	അക്കാരണത്താലും
കൃതജ്ഞഃ,	സൌശീല്യയുക്തനായ പുണ്യാത്മാവ്,	യൌവരാജ്യം	യുവരാജാവായിരിപ്പാൻ
ശുചിഃ,	അന്യനുള്ള ഒന്നിനേയും ആഗ്രഹിക്കാത്ത ശുദ്ധഹൃദയൻ,	അൎഹതി.	തക്കയോഗ്യതയോടു കൂടിയവനായിരിക്കുന്നു.

ഭ്രാതൄൻ ഭൃത്യാംശ്ച ദീൎഘായുഃ പിതൃവത് പാലയിഷ്യതി
സന്തപ്യസേ കഥം കുബ്ജേ ശ്രുത്വാ രാമാഭിഷേചനം. 15

"ഭ്രാതൄൻ	"സഹോദരന്മാരേയും	പാലയിഷ്യതി;	സംരക്ഷിക്കും;
ഭൃത്യാൻ ച	ഭൃത്യന്മാരേയും	കുബ്ജേ!	കൂനി!
പിതൃവത്	അച്ഛൻ എന്ന പോലെ തന്നെ	രാമാഭിഷേചനം	ശ്രീരാമാഭിഷേകവൎത്ത[മാനത്തെ
		ശ്രുത്വാ	കേട്ട്
ദീൎഘായുഃ	തന്റെ ജീവകാലം മുഴുവനും	കഥം	എന്തിനുവേണ്ടിയാണ്
		സന്തപ്യസേ ?	നീ ദുഃഖിക്കുന്നത് ?

ഭരതശ്ചാപി രാമസ്യ ധ്രുവം വൎഷശതാത് പരം
പിതൃപൈതാമഹം രാജ്യമവാപ്സ്യതി നരൎഷഭഃ. 16

"വൎഷശതാത്,	"ഏറെക്കൊല്ലങ്ങൾ	രാജ്യം,	രാജ്യത്തെ,
രാമസ്യ	ശ്രീരാമനു [കഴിഞ്ഞ്	നരൎഷഭഃ	പുരുഷോത്തമനായ
പരം,	ശേഷം,	ഭരതഃ അപി ച	ഭരതനും
പിതൃ-പൈതാമഹം	തലമുറ തലമുറയായ് വന്ന	ധ്രുവം	നിശ്ചയമായും
		അവാപ്സ്യതി.	പ്രാപിക്കും.

സാ ത്വമഭ്യുദയേ പ്രാപ്തേ വൎത്തമാനേ ച മന്ഥരേ
ഭവിഷ്യതി ച കല്യാണേ കിമൎത്ഥം പരിതപ്യസേ. 17

"മന്ഥരേ!	"അല്ലെ മന്ഥരേ!	അഭ്യുദയേ ച	മഹോത്സവമായി
വൎത്തമാനേ	ഇപ്പോൾ നടപ്പാൻ പോകുന്നതും	ഭവിഷ്യതി,	ഇരിക്കുമ്പോൾ,
കല്യാണേ	എല്ലാവരാലും ആഗ്രഹിക്കപ്പെട്ടതും	സാ ത്വം ച	നീയ്യൊരുത്തിമാത്രം
പ്രാപ്തേ	ധൎമ്മശാസ്ത്രത്തെ അനുസരിക്കുന്നതും ആയ	കിമൎത്ഥം	എന്തിന്നായിട്ടാണ്
		പരിതപ്യസേ.	പരിതപിക്കുന്നത്.

യഥാ മേ ഭരതോ മാന്യസ്തഥാ ഭൂയോऽപി രാഘവഃ
കൗസല്യാതോऽതിരിക്തം ച സോऽനുശുശ്രൂഷതേ ഹി മാം. 18

" ഭരതഃ	" ഭരതൻ	ഹി	എന്തെന്നാൽ
മേ	എനിക്ക്	കൗസല്യാതഃ	കൗസല്യാദേവിയെക്കാൾ
മാന്യഃ അപി;	പ്രിയപ്പെട്ടവൻതന്നെ;	അതിരിക്തം ച	അധികമായിത്തന്നെ
യഥാ തഥാ	അപ്രകാരമാണെന്നാലും	മാം	എന്നെ
സഃ	ആ	അനുശുശ്രൂഷതേ.	സ്നേഹിച്ചുപചരിക്കാറുണ്ട്.
രാഘവഃ	ശ്രീരാഘവൻ		
ഭൂയഃ;	അതിലുമേറെയാകുന്നു;		

രാജ്യം ച യദി രാമസ്യ ഭരതസ്യാപി തത് തഥാ
മന്യതേ ഹി യഥാऽऽത്മാനം തഥാ ഭ്രാതൄംശ്ച രാഘവഃ. 19

" രാഘവഃ	" ശ്രീരാമൻ	രാജ്യം	രാജ്യം
ഭ്രാതൄൻ	ഭ്രാതാക്കന്മാരെ	രാമസ്യ യദി	ശ്രീരാമന്റേതായിരുന്നാലും
ആത്മാനം യഥാ ച	തന്റെ പ്രാണനെപ്പോലെ	തത്	അത്
മന്യതേ;	വിചാരിക്കുന്നു;	ഭരതസ്യ തഥാ അപി."	ഭരതന്റേതായും ഇരിക്കുമെന്നതിനു സംശയമില്ല."
ഹി,	അതിനാൽ		

കൈകേയീവചനം ശ്രുത്വാ മന്ഥരാ ഭൃശദുഃഖിതാ
ദീർഘമുഷ്ണം വിനിശ്വസ്യ കൈകേയീമിദമബ്രവീത്. 20

മന്ഥരാ	മന്ഥര,	ഉഷ്ണം	ചുടുചുടെ
കൈകേയീവചനം	കൈകേയീദേവിയുടെ വാക്കു	ദീർഘം വിനിശ്വസ്യ	നെടുവീർപ്പിട്ടുകൊണ്ടു
ശ്രുത്വാ,	കേട്ട്,	കൈകേയീം	കൈകേയിയോടായി
ഭൃശദുഃഖിതാ	മുമ്പേതിലും അധികം ദുഃഖംപൂണ്ടവളായി	ഇദം	ഇപ്രകാരം
		അബ്രവീത്.	ബോധിപ്പിച്ചു.

അനർത്ഥദർശിനീ മൌർഖ്യാദാത്മാനം നാവബുദ്ധ്യസേ
ശോകവ്യസനവിസ്തീർണ്ണേ മജ്ജന്തീം ദുഃഖസാഗരേ. 21

അനർത്ഥദർശിനീ	അജ്ഞതയ്ക്ക് ഒരു ഉദാഹരണമായി വിളങ്ങുന്നവളായ ഭവതി,	ദുഃഖസാഗരേ	അസഹ്യമായതും ആയ കടലിൽ
ആത്മാനം,	നിന്തിരുവടിയെ,	മജ്ജന്തീം,	ആണ്ടുകിടക്കുന്നവളെന്ന്
ശോകവ്യസനവിസ്തീർണ്ണേ	അത്യാപത്തുകൊണ്ടുള്ള ശോകത്താൽ നിറയപ്പെട്ടതും	മൌർഖ്യാത്	മൂഢതകൊണ്ടാണ്
		ന അവബുദ്ധ്യസേ.	അറിയാതിരിക്കുന്നത്;.

ഭവിതാ രാഘവോ രാജാ രാഘവസ്യ ച യഃ സുതഃ
രാജവംശാത്തു ഭരതഃ കൈകേയി പരിഹാസ്യതേ 22

"കൈകേയി!	അല്ലേ കൈകേയിയമ്മേ!	സുതഃ	പുത്രൻ
രാഘവഃ	രാമൻ	യഃ തു;	ആരോ **അവൻ**തന്നെ;
രാജാ	രാജാവായി	ഭരതഃ	ഭരതൻ
ഭവിതാ;	വാഴും;	രാജവംശാത്	രാജാക്കന്മാരുടെ പരമ്പരയിൽനിന്നു
ച,	അതിൽപിന്നെ,	പരിഹാസ്യതേ.	ത്യജിക്കപ്പെടുകതന്നെ ചെയ്യും.
രാമസ്യ	രാമന്റെ		

ന ഹി രാജ്ഞഃ സുതാഃ സൎവ്വേ രാജ്യേ തിഷ്ഠന്തി ഭാമിനി
സ്ഥാപ്യമാനേഷു സൎവ്വേഷു സുമഹാനനയോ ഭവേത്. 23

"ഭാമിനി!	രോഷമാൎന്നവളേ!	ഹി	എന്തെന്നാൽ
രാജ്ഞഃ	ഒരു രാജാവിന്റെ	സൎവ്വേഷു	എല്ലാവരും
സുതാഃ	മക്കൾ	സ്ഥാപ്യമാനേഷു	രാജ്യാവകാശികളായിത്തീൎന്നാൽ
സൎവ്വേ	എല്ലാവരും തന്നെ	സുമഹാൻ	വളരെ
രാജ്യേ	രാജ്യാധികാരാവകാശത്തിൽ	അനയഃ	കുഴപ്പം
തിഷ്ഠന്തി ന;	നില്ക്കുകയില്ല;	ഭവേത്.	ഉണ്ടാകുന്നതാണ്.

[“അനയഃ” (രാജ്യശൈഥില്യരൂപഃ), രാജ്യം ചിന്നിച്ചിതറിപ്പോവുക എന്ന അവസ്ഥ. തീൎത്ഥീയം)]

തസ്മാജ്ജ്യേഷ്ഠേ ഹി കൈകേയി രാജ്യതന്ത്രാണി പാൎത്ഥിവാഃ
സ്ഥാപയന്ത്യനവദ്യാംഗി ഗുണവത്സ്വിതരേഷു ച. 24

"അനവദ്യാംഗി	"ശുദ്ധമനസ്കയായ	ഗുണവത്സു	ഉത്തമ ഗുണങ്ങളാൎന്നവരിൽ വെച്ച്
കൈകേയി!	ഹേ കൈകേയി!	ജ്യേഷ്ഠേ ഹി,	ശ്രേഷ്ഠനായവങ്കൽ മാത്രം,
തസ്മാത് ച	അതിനാൽ തന്നെയാണ്	രാജ്യതന്ത്രാണി	രാജ്യവ്യവഹാരങ്ങളെ
പാൎത്ഥിവാഃ	രാജാക്കന്മാർ	സ്ഥാപയന്തി.	ഭരമേല്പിക്കുന്നത്.
ഇതരേഷു	മററുള്ളവരിലും,		

അസാവത്യന്തനിൎഭഗ്നസ്തവ പുത്രോ ഭവിഷ്യതി
അനാഥവത്സുഖേഭ്യശ്ച രാജവംശാച്ച വത്സലേ. 25

"വത്സലേ!	"പുത്രവാത്സല്യമുള്ളവളേ!	രാജവംശാത്	രാജ്യാവകാശത്തിൽനിന്നും
തവ	നിന്തിരുവടിയുടെ	സുഖേഭ്യഃ ച	രാജ്യസമ്പത്തുകളിൽനിന്നും
പുത്രഃ	ഓമനപ്പുത്രനായ	അത്യന്തനിൎഭഗ്നഃ	തീരേ ഛേദിക്കപ്പെട്ടവനായി
അസൌ ച,	അദ്ദേഹവും,	ഭവിഷ്യതി.	ഭവിച്ചുപോകും.
അനാഥവത്	തന്നെ സഹായിപ്പാൻ ആരും ഇല്ലാതെ,		

[“വത്സലേ” =(സൎവ്വത്രദയാശീലേ) എല്ലാവററിലും ദയയുള്ളവളേ: (വിഷമപദവിവൃതി.)]

സാഽഹം ത്വദർത്ഥേ സംപ്രാപ്താ ത്വം തു മാം നാവബുദ്ധ്യസേ
സപത്നിവൃദ്ധൗ യാ മേ ത്വം പ്രദേയം ദാതുമിച്ഛസി. 26

"അഹം	"ഞാൻ	ന അവ-ബുദ്ധ്യസേ!	ശരിയായി അറിയുന്നില്ല;
ത്വദർത്ഥം	നിന്തിരുവടിയുടെ ക്ഷേമത്തെമാത്രം ഉദ്ദേശിച്ചാണ്	യാ	അപ്രകാരം അറിയാതിരിക്കുന്നയാതൊരു
സംപ്രാപ്താ;	ഇവിടെ വന്നിരിക്കുന്ന[ത്;	ത്വം	ഭവതി,
സാ	അപ്രകാരമുള്ള	മേ	എനിക്ക്, [ദ്ധിയിൽ
ത്വം	ഭവതി	സപത്നീവൃദ്ധൗ	സപത്നിയുടെ അഭിവൃ-
മാം	എന്നെ	പ്രദേയം ദാതും	സമ്മാനം നൽകുവാൻ
തു	ഇക്കാര്യത്തിൽ	ഇച്ഛസി.	ആഗ്രഹിക്കുന്നു.

ധ്രുവം തു ഭരതം രാമഃ പ്രാപ്യ രാജ്യമകണ്ടകം
ദേശാന്തരം നായയിതാ ലോകാന്തരമഥാപി വാ. 27

"രാമം തു,	"രാമനാണെങ്കിൽ	ദേശാന്തരം	വേറെ ദേശത്തിലേക്കാകട്ടെ
രാജ്യം	രാജ്യത്തെ	ലോകാന്തരം വാ	യമലോകത്തിലേക്കാകട്ടെ
പ്രാപ്യ അഥ,	പ്രാപിച്ചശേഷം,		
അകണ്ടകം	യാതൊരു ഉപദ്രവവും ഇല്ലാതിരിപ്പാൻവേണ്ടി	ധ്രുവം	നിശ്ചയമായും
ഭരതം അപി	ഭരതനെ മാത്രം	നായയിതാ.	അയച്ചുകളയും.

ബാല ഏവ ഹി മാതുല്യം ഭരതോ നായിതസ്ത്വയാ
സന്നികർഷാച്ച സൌഹാർദ്ദം ജായതേ സ്ഥാവരേഷ്വപി. 28

"ഭരതഃ ഹി	"ഭരതനൊ	സ്ഥാവരേഷു അപി	സ്ഥാവരസത്തുക്കളുടെ കാര്യത്തിലുംകൂടി
ബാലഃ;	ശുദ്ധമനസ്സനായ യുവാ		
ത്വയാ ഏവ	ഭവതിയാൽതന്നെ[വ്;	സന്നികർഷാത് ച	അടുത്തിരുന്നാൽ മാത്രമേ
മാതുല്യം	അമ്മാമന്റെ ഗൃഹത്തിലേക്ക്	സൌഹാർദ്ദം	സ്നേഹം
നായിതഃ;	അയക്കപ്പെട്ടിരിക്കുന്നു;	ജായതേ.	ഉണ്ടാകുന്നുള്ളു.

[ഭരതനെ കൈകേയി ദൂരദേശത്തിലേക്കയച്ചതിനാൽ വരുത്തിക്കൂട്ടിയ ദോഷത്തെ പറയുന്നു. സ്ഥാവരങ്ങളായ വൃക്ഷഗുല്മാദിവസ്തുക്കളിൽകൂടി അവ തമ്മിൽ സാമീപ്യാവസ്ഥയിൽമാത്രമേ സ്നേഹം ഉണ്ടാകുന്നുള്ളു. അപ്രകാരമിരിക്കെ മനുഷ്യരുടെ സംഗതിയെപ്പററി പറയേണ്ടതില്ല. ഭരതനെ രാജാവും, രാമനും, എല്ലാവരും മറന്നിട്ടുംകൂടിയുണ്ടാകും. "ദൂരപ്പെട്ടാൽ പാതിപ്പെട്ടു", എന്നു താല്പര്യം.]

ഭരതസ്യാപ്യനുവശഃ ശത്രുഘ്നോഽപി സമാഗതഃ
ലക്ഷ്മണോ ഹി യഥാ രാമം തഥാഽസൌ ഭരതം ഗതഃ. 29

"രാമം	"രാമനു	അനുവശഃ	പറഞ്ഞപ്രകാരം
ലക്ഷ്മണഃ	ലക്ഷ്മണൻ	ഗതഃ;	നടക്കുന്നവൻ ആകുന്നു;
യഥാ തഥാ	എങ്ങിനെയൊ അങ്ങിനെതന്നെ	അസൌ അപി	ഇവനും
ഭരതസ്യ	ഭരതനു		
ശത്രുഘ്നഃ ഹി	ശത്രുഘ്നൻ ഒരുവൻ മാത്രം	ഭരതം അപി സമാഗതഃ.	ഭരതന്റെകൂടെത്തന്നെ പോയ്ക്കളഞ്ഞു.

ശ്രൂയതേ ഹി ദ്രുമഃ കശ്ചിത് ഛേത്തവ്യോ വനജീവിഭിഃ
സന്നികർഷാദിഷീകാഭിർമ്മോചിതഃ പരമാദ് ഭയാത്. 30

"വനജീവിഭിഃ	"കാട്ടിൽ വിറകുവെട്ടി ഉപജീവിക്കുന്നവരാൽ	സന്നികർഷാത്	അടുത്തിരുന്നിരുന്ന എന്ന കാരണത്താൽ,
ഛേത്തവ്യഃ	വെട്ടുവാനുദ്ദേശിക്കപ്പെട്ടുതായ	പരമാത്	നാശമാകുന്ന
കശ്ചിത്	ഒരു	ഭയാത്	ആപത്തിൽനിന്നു,
ദ്രുമഃ,	മരം,	മോചിതഃ	രക്ഷിക്കപ്പെട്ടു,
ഇഷീകാഭിഃ	നായ്ക്കുരിമ്പുകളാൽ	ശ്രൂയതേ ഹി;	എന്നു കേൾവിയുണ്ടല്ലൊ;

['ശത്രുഘ്നൻ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ അതുകൊണ്ടെങ്കിലും സമാധാനിക്കാമായിരുന്നു' എന്ന് മുൻശ്ലോകംകൊണ്ട് സമർത്ഥിച്ചിട്ട്, 'വെട്ടുവാനുദ്ദേശിച്ച മരത്തിന്നു ഇഷീകകൾ ഒരു രക്ഷയായിരുന്നപോലെ ഭരതന്റെ നാശത്തിന്നു ശത്രുഘ്നനെങ്കിലും ഒരു രക്ഷയായിരുന്നിരിക്കും. ആ ഒരു ചെറിയ രക്ഷയുംകൂടി ഇപ്പോൾ ഇല്ലാതായ്ത്തീൎന്നു' എന്നു സൂചിപ്പിക്കുന്നു.]

ഗോപ്താ ഹി രാമം സൌമിത്രിർല്ലക്ഷ്മണം ചാപി രാഘവഃ
അശ്വിനോരിവ സൌഭ്രാത്രം തയോർല്ലോകേഷു വിശ്രുതം. 31

"സൌമിത്രിഃ	"ലക്ഷ്മണൻ	അശ്വിനോഃ	(സൂൎയ്യദേവനു സംജ്ഞാ എന്ന ത്വാഷ്ട്രീദേവിയിൽ ഇരട്ടപെററുണ്ടായ) അശ്വിനീദേവന്മാരുടെ
രാമം അപി	രാമനേയും,		
രാഘവഃ	രാമൻ		
ലക്ഷ്മണം ച	ലക്ഷ്മണനേയും		
ഗോപ്താ;	അന്യോന്യം വിട്ടുപിരിയാതിരിക്കുന്നു;	ഇവ	എന്നപോലെ,
		ലോകേഷു	ലോകങ്ങളിലെങ്ങും
തയോഃ	അവരിരുവരുടേയും	വിശ്രുതം;	അറിവുള്ള സംഗതിയാകുന്നു.
സൌഭ്രാത്രം	സഹോദരസ്നേഹം,		

["വിവസ്വാൻ കാശ്യപാജ്ജജ്ഞേ ദാക്ഷായണ്യാമരിന്ദമ
തസ്യ ഭാൎയ്യാഭവത്സംജ്ഞാ ത്വാഷ്ട്രീ ദേവീ വിവസ്വതഃ
ദേവൌ തസ്യാമജായേതാമശ്വിനൌ ഭിഷജാം വരൌ". (ഹരിവംശം)

അശ്വികൾ ഭൂമിയും ആകാശവും ആണെന്നും, പകലും രാത്രിയും ആണെന്നും, സൂൎയ്യചന്ദ്രന്മാരാണെന്നും പക്ഷങ്ങളെ പറയുന്നു. "തത്കാവശ്വിനൌ? ദ്യാവാപൃഥിവ്യാവിത്യേക. അഹോരാത്രാവിത്യേകെ, സൂൎയ്യാചന്ദ്രമസാവിത്യേകെ രാജാനൌ പുണ്യകൃതാവിത്യൈതിഹാസികാഃ" നിരുക്തം).]

തസ്മാന്ന ലക്ഷ്മണേ രാമഃ പാപം കിഞ്ചിത് കരിഷ്യതി
രാമസ്തു ഭരതേ പാപം കുൎയ്യാദേവ ന സംശയഃ. 32

"തസ്മാത്	"അതുകൊണ്ട്	ഭരതേ തു	ഭരതന്റെ കാൎയ്യത്തിലാകട്ടെ
രാമഃ	ശ്രീരാമൻ	രാമഃ	രാമൻ
ലക്ഷ്മണേ	ലക്ഷ്മണന്റെ കാൎയ്യത്തിൽ	പാപം	ദോഷത്തെ
പാപം	ദോഷത്തെ	കുൎയ്യാദേവ	ചെയ്യാതെ ഇരിക്കയില്ല,
കിഞ്ചിത്	ഒരെള്ളോളംകൂടി	സംശയഃ ന.	എന്നതിന്നു സംശയമില്ല.
കരിഷ്യതി ന;	ചെയ്യുകയില്ല;		

തസ്മാദ്രാജഗൃഹാദേവ വനം ഗച്ഛതു തേ സുതഃ
ഏതദ്ധി രോചതേ മഹ്യം ഭൃശം ചാപി ഹിതം തവ. 33

"തസ്മാത്	"അതിനാൽ [ത്രൻ,	രോചതേ;	നല്ലതെന്നു തോന്നുന്ന
തേ സുതഃ,	നിന്തിരുവടിയുടെ പു-	തവ	നിന്തിരുവടിക്ക് [ത് ;
രാജഗൃഹാത്	കോവിലകത്തുനിന്നു	ഹിതം,	ഏററതായും,
വനം ഏവ	കാട്ടിലേക്കുതന്നെ	ഭൃശം ച	ഇതിനേക്കാൾ
ഗച്ഛതു ;	പൊയ്ക്കൊള്ളട്ടെ ;		നല്ലതായും
ഏതത്	ഇതാണ്	അപി ഹി ?	വേറെ എന്തൊന്നാണു
മഹ്യം	എനിക്ക്		ഉള്ളത് ?

[“രാജഗൃഹാത്” = രാജഗൃഹം എന്നു പേരുള്ളതിന്റെ മാതുലപത്തനത്തിൽനിന്നു, എന്നു (സത്യധർമ്മപ്രകാശിക) ഇപ്പോഴത്തെ Rajgarh എന്ന പട്ടണമാകുന്നു]

ഏവം തേ ജ്ഞാതിപക്ഷസ്യ ശ്രേയശ്ചൈവ ഭവിഷ്യതി
യദി ചേദ് ഭരതോ ധർമ്മാത് പിത്ര്യം രാജ്യമവാപ്സ്യതി. 34

"ഏവം ചേത്,	" ഇപ്രകാരമെല്ലാമിരുന്നാലും	അവാപ്സ്യതി യദി,	പ്രാപിക്കുന്നുവെന്നു വരികിൽ,
ഭരതഃ ഏവ	ഭരതൻതന്നെ	തേ ച	നിന്തിരുവടിക്കും
പിത്ര്യം	തന്റെ പൂർവ്വീകന്മാരു	ജ്ഞാതിപക്ഷസ്യ	ഭവതിയെ ചേർന്നവർക്കും
രാജ്യം	രാജ്യത്തെ [ടെ	ശ്രേയഃ	പെരുമ
ധർമ്മാത്	ധർമ്മശാസ്ത്രപ്രകാരം	ഭവിഷ്യതി.	ഉളവാകുന്നതാകുന്നു.

സ തേ സുഖോചിതോ ബാലോ രാമസ്യ സഹജോ രിപുഃ
സമൃദ്ധാർത്ഥസ്യ നഷ്ടാർത്ഥോ ജീവിഷ്യതി കഥം വശേ. 35

" തേ	" നിന്തിരുവടിയുടെ	രിപുഃ,	ശത്രുവും,
ബാലഃ	പുത്രൻ	നഷ്ടാർത്ഥഃ	നിർഭാഗ്യവാനും ആയ
സുഖോചിതഃ ;	എത്രയോ ഓമനയായി വളർത്തപ്പെട്ടവൻ ;	സഃ	അവൻ
സമൃദ്ധാർത്ഥസ്യ	പെരുമയേറിയ	വശേ	(അപ്രകാരമുള്ള രാമന്റെ) വശത്തിൽ
രാമസ്യ	രാമനു	കഥം	എങ്ങിനെയാണ്
സഹജഃ	അടുത്ത അനുജനായ	ജീവിഷ്യതി ?	ജീവിച്ചിരിക്കുക ?

അഭിദ്രുതമിവാരണ്യേ സിംഹേന ഗജയൂഥപം
പ്രച്ഛാദ്യമാനം രാമേണ ഭരതം ത്രാതുമർഹസി. 36

" അരണ്യേ	" കാട്ടിൽ,	പ്രച്ഛാദ്യമാനം	തടയപ്പെട്ടവനായ
ഗജയൂഥപം	ആനത്തലവനെ	ഭരതം,	ഭരതനെ,
സിംഹേന ഇവ	ഒരു സിംഹത്താൽ എന്നവണ്ണം,	ത്രാതും	ആപത്തിൽനിന്നു കരകയറുവാൻ
രാമേണ	രാമനാൽ	അർഹസി.	ഭവതി മനസ്സുവെക്കേണ്ടതാണ്.
അഭിദ്രുതം	എതിക്കപ്പെട്ട്		

ദർപ്പാന്നിരാകൃതാ പൂർവ്വം ത്വയാ സൌഭാഗ്യവത്തയാ.
രാമമാതാ സപത്നീ തേ കഥം വൈരം ന ധാരയേത്. 37

"പൂർവ്വം	"ഇതിന്നുമുമ്പ്	സപത്നീ	സപത്നിയായ
സൌഭാഗ്യവത്തയാ	മററുള്ളഭാര്യമാരെക്കാൾ ഭർത്താവ് തന്നെ സ്നേഹിക്കുന്നുണ്ടെന്നുള്ള	രാമമാതാ	രാമമാതാവ്,
		നിരാകൃതാ;	അവമതിക്കപ്പെട്ടിരിക്കുന്നു;
ദർപ്പാത്	ഗർവ്വത്താൽ	വൈരം	ആ വൈരത്തെക്കരുതി (അവൾ)
ത്വയാ	നിന്തിരുവടിയാൽ	കഥം	എന്തുകൊണ്ട്
തേ	ഭവതിയുടെ	ധാരയേത് ന?	പകരം ചോദിക്കയില്ല?

യദാ ഹി രാമഃ പൃഥിവീമവാപ്സ്യതി
പ്രഭൂതരത്നാകരശൈലപത്തനാം
തദാ ഗമിഷ്യസ്യശുഭം പരാഭവം
സഹൈവ ദീനാ ഭരതേന ഭാമിനി. 38

"ഭാമിനി!	"കോപനശീലേ!	ഭരതേന	ഭരതനോടു
രാമഃ	രാമൻ	സഹ ഹി,	കൂടെത്തന്നെ,
യദാ	എപ്പോൾ	ദീനാ	ദൈന്യദശയിൽപെട്ടവളായി
പ്രഭൂതരത്നാകരശൈലപത്തനാം	ആഴികളും മലകളും നഗരങ്ങളും ഉൾപ്പെട്ട	അശുഭം	അതികഷ്ടതരമായ
പൃഥിവീം	ഭൂമിയെ	പരാഭവം	അവമാനത്തെ
അവാപ്സ്യതി,	പ്രാപിക്കുമോ,	ഗമിഷ്യസി.	ഭവതി പ്രാപിക്കമാറാകും.
തദാ ഏവ,	അപ്പോൾതന്നെ,		

യദാ ഹി രാമഃ പൃഥിവീമവാപ്സ്യതി
ധ്രുവം പ്രനഷ്ടോ ഭരതോ ഭവിഷ്യതി
അതോ ഹി സഞ്ചിന്തയ രാജ്യമാത്മജേ
പരസ്യ ചൈവാദ്യ വിവാസകാരണം. 39

"രാമഃ	"രാമൻ	ആത്മജേ	സ്വന്തം പുത്രന്നു
പൃഥിവീം	ഭൂമിയെ	രാജ്യം ഏവ,	പട്ടാഭിഷേകത്തേയും,
അവാപ്സ്യതി	പ്രാപിക്കും	പരസ്യ	മറെറവന്നു
യദാ,	എന്നുവന്നാൽ,	വിവാസകാരണം ച	നാടുവിട്ടുപോകുവാനുള്ള ഉപായത്തേയും,
ഭരതഃ ധ്രുവം	ഭരതൻ നിശ്ചയമായും	അദ്യ ഹി	ഇപ്പോൾതന്നെ
പ്രനഷ്ടഃ ഹി ഭവിഷ്യതി;	നശിക്കതന്നെചെയ്യും;	സഞ്ചിന്തയ."	നിന്തിരുവടി ആലോചിച്ചുകൊൾക."
അതഃ,	അതിനാൽ,		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ

അഷ്ടമഃ സർഗ്ഗഃ = എട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 2685; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 330

നവമഃ സൎഗ്ഗഃ = ഒമ്പതാംസൎഗ്ഗം.

[അഭിഷേകവിഘ്നോപായചിന്താ = അഭിഷേകത്തെ മുടക്കുവാനുള്ള ഉപായത്തെ ചിന്തിക്കുന്നത്.]

ഏവമുക്താ തു കൈകേയീ ക്രോധേന ജ്വലിതാനനാ
ദീൎഘമുഷ്ണം ച നിശ്വസ്യ മന്ഥരാമിദമബ്രവീത്. 1

ഏവം	ഇപ്രകാരം	ഉഷ്ണം	ചുടുചുടെ
തു	ഇക്കാൎയ്യത്തെക്കുറിച്ച്	ദീൎഘം നിശ്വസ്യ	നെടുവീൎപ്പിട്ട്
ഉക്താ	ഉരചെയ്യപ്പെട്ട		
കൈകേയീ ച,	കൈകേയീദേവിയും,	മന്ഥരാം	മന്ഥരയോടായി
ക്രോധേന	കോപാവേശത്താൽ		
ജ്വലിതാനനാ,	കത്തിജ്വലിക്കുന്ന തീപോലെയുള്ള മുഖത്തോടുകൂടിയവളായി,	ഇദം	ഇപ്രകാരം
		അബ്രവീത്.	അരുളിച്ചെയ്തു.

അദ്യ രാമമിതഃ ക്ഷിപ്രം വനം പ്രസ്ഥാപയാമ്യഹം
യൌവരാജ്യേന ഭരതം ക്ഷിപ്രമേവാഭിഷേചയേ. 2

"അഹം ഏവ	"ഞാൻതന്നെ	പ്രസ്ഥാപയാമി;	അയച്ചുകളയുന്നുണ്ട്;
അദ്യ	ഇന്ന്	ക്ഷിപ്രം	താമസിയാതെ
ക്ഷിപ്രം	ഇതാ	ഭരതം	ഭരതനെ
രാമം	രാമനെ	യൌവരാജ്യേന	യുവരാജാവായി
ഇതഃ	ഇവിടെനിന്നും	അഭിഷേചയേ.	പട്ടംകെട്ടിക്കുന്നതുമുണ്ട്.
വനം	കാട്ടിലേക്ക്		

ഇദം ത്വിദാനീം സമ്പശ്യ കേനോപായേന മന്ഥരേ
ഭരതഃ പ്രാപ്നുയാദ്രാജ്യം ന തു രാമഃ കഥഞ്ചന. 3

"മന്ഥരേ !	"മന്ഥരേ !	തു	അതിന്നുശേഷം
ഇദാനീം	ഇപ്പോൾ	ഭരതഃ	ഭരതൻ
രാമഃ	രാമൻ	രാജ്യം	രാജ്യത്തെയും
കഥഞ്ചന	ഏതുപ്രകാരത്തിലും	പ്രാപ്നുയാത് ?	പ്രാപിക്കുന്നത് ?
കേന	എന്തൊരു	ഇദം	ഇക്കാൎയ്യത്തെപ്പററി
ഉപായേന	ഉപായത്താലാണ്	സമ്പശ്യ."	നന്നായ് ആലോചിക്ക്."
ന തു ?	ഇല്ലാതായ്ത്തീരുന്നതു?		

ഏവമുക്താ തയാ ദേവ്യാ മന്ഥരാ പാപദൎശിനീ
രാമാൎത്ഥമുപഹിംസന്തീ കൈകേയീമിദമബ്രവീത്. 4

ഏവം	ഇപ്രകാരം	പാപദൎശിനീ	ദുഷ്ടനടവടിയിൽ പ്രിയമുള്ളവളും ആയ
തയാ	ആ		
ദേവ്യാ	രാജ്ഞിയാൽ	മന്ഥരാ	ആ മന്ഥര,
ഉക്താ	കല്പിക്കപ്പെട്ടവളും	കൈകേയീം	കൈകേയീദേവിയോടായി
രാമാൎത്ഥം	ശ്രീരാമന്റെ നന്മയ്ക്ക്	ഇദം	ഇപ്രകാരം
ഉപഹിംസന്തീ	വിഘ്നമായിരിക്കുന്നവളും	അബ്രവീത്.	കേൾപ്പിച്ചു.

ഹന്തേദാനീം പ്രവക്ഷ്യാമി കൈകേയി ശ്രൂയതാം ച മേ
യഥാ തേ ഭരതോ രാജ്യം പുത്രഃ പ്രാപ്സ്യതി കേവലം. 5

"കൈകേയി!	"അല്ലേ, കൈകേയീ ദേവി!
ഹന്ത!	നല്ലകാലംതന്നെ!
തേ	നിന്തിരുവടിയുടെ
പുത്രഃ	പുത്രൻ
ഭരതഃ ച,	ഭരതൻതന്നെ,
രാജ്യം	രാജ്യത്തെ
കേവലം	നിർദ്ദോഷമായ വിധ [ത്തിൽ
പ്രാപ്സ്യതി	പ്രാപിക്കും,
യഥാ	എന്നതിനുള്ളവഴി
ഇദാനീം	ഇപ്പോൾതന്നെ
പ്രവക്ഷ്യാമി;	പറഞ്ഞുതരാം;
മേ	ഞാൻ പറയുന്നതിനെ
ശ്രൂയതാം.	ശ്രദ്ധയോടെ കേട്ടു കൊണ്ടാലും.

കിം ന സ്മരസി കൈകേയി സ്മരന്തീ വാ നിഗ്രഹസേ
യദുച്യമാനമാത്മാർത്ഥം മത്തസ്ത്വം ശ്രോതുമിച്ഛസി. 6

"കൈകേയി!	"കൈകേയീദേവി!
ത്വം	നിന്തിരുവടി
ഉച്യമാനം	മുമ്പരുളിച്ചെയ്തിട്ടുള്ള
ആത്മാർത്ഥം	സ്വന്തം രഹസ്യമൊ
മത്തഃ	എങ്കൽനിന്നും [ന്നിനെ
ശ്രോതും	കേട്ടറിവാൻ
ഇച്ഛസി;	ഭവതി ഇപ്പോൾ ആഗ്ര
യത്	ഇതിനാൽ [ഹിക്കുന്നു;
സ്മരസി ന?	നിന്തിരുവടിമറന്നുപൊ
വാ	അല്ല [യ്ക്കളഞ്ഞുവൊ?
സ്മരന്തീ	സ്മരിക്കുന്നവളായിത്ത
നിഗ്രഹസേ കിം?	മറയ്ക്കുന്നുവോ? [ന്നെ

മയോച്യമാനം യദി തേ ശ്രോതും ഛന്ദോ വിലാസിനി
ശ്രൂയതാമഭിധാസ്യാമി ശ്രുത്വാ ചാപി വിമൃശ്യതാം. 7

"വിലാസിനി!	"കളിയാക്കുന്നതിൽ പ്രിയമുള്ളവളേ!
യദി,	അതെങ്ങിനെയായാലും ശരി,
തേ	ഭവതിയുടെ
ഛന്ദഃ	തിരുവുള്ളം
ഉച്യമാനം ച	ഭവതി പറഞ്ഞുതന്ന തിനെത്തന്നെ
മയാ	എങ്കൽനിന്ന്
ശ്രോതും അപി,	വീണ്ടും കേൾക്കേണ മെന്നാകയാൽ
അഭിധാസ്യാമി;	ഞാൻ കേൾപ്പിക്കാം;
ശ്രൂയതാം;	ചെവിക്കൊണ്ടാലും;
ശ്രുത്വാ	കേട്ടതിൽപിന്നെ
വിമൃശ്യതാം."	അതിനെപ്പററി നിരൂ പിച്ചാലും."

ശ്രുത്വേദം വചനം തസ്യാ മന്ഥരായാസ്തു കൈകയീ
കിഞ്ചിദുത്ഥായ ശയനാത് സ്വാസ്തീർണ്ണാദിദമബ്രവീത്. 8

കൈകയീ	കൈകേയിദേവിയും
തസ്യാഃ	ആ
മന്ഥരായാഃ	മന്ഥരയുടെ
ഇദം	ഇപ്രകാരമുള്ള
വചനം	വാക്ക്
ശ്രുത്വാ തു,	കേട്ട ഉടനെ,
സ്വാസ്തീർണ്ണാത്	താൻ കിടന്നിരുന്ന
ശയനാത്	ശയനത്തിൽനിന്ന്
കിഞ്ചിത്	അല്പം
ഉത്ഥായ,	എഴുന്നേററു്,
ഇദം	ഇപ്രകാരം
അബ്രവീത്.	ഉരചെയ്തു.

കഥയ ത്വം മമോപായം കേനോപായേന മന്ഥരേ
ഭരതഃ പ്രാപ്നുയാദ്രാജ്യം ന തു രാമഃ കഥഞ്ചന. 9

"മന്ഥരേ!	"മന്ഥരേ!	രാജ്യം	രാജ്യത്തെ
രാമഃ	രാമൻ	പ്രാപ്നുയാത് ;	പ്രാപിക്കേണം.
കഥഞ്ചന	എപ്രകാരവും	ഉപായം	ആ കാര്യം സാധിപ്പാനുള്ള വഴി
കേന	എന്തൊരു		
ഉപായേന	ഉപായത്താലാണ്	ത്വം	നീ
ന തു?	ഇല്ലാതാകുന്നതു്?	മമ	എനിക്ക്
ഭരതഃ	ഭരതൻ	കഥയ."	പറഞ്ഞുതരിക."

ഏവമുക്താ തു കൈകേയ്യാ മന്ഥരാ പാപദർശിനീ
രാമാർത്ഥമുപഹിംസന്തീ കുബ്ജാ വചനമബ്രവീത്. 10

തു	ഇക്കാര്യത്തിൽ	രാമാർത്ഥം	ശ്രീരാമകാര്യത്തിന്ന്
ഏവം	ഇപ്രകാരം	ഉപഹിംസന്തീ	വിഘ്നമുണ്ടാക്കുന്നവളും
കൈകേയ്യാ	കൈകേയീരാജ്ഞിയാൽ	കുബ്ജാ	കൂനിയുമായ
ഉക്താ,	നിയമിക്കപ്പെട്ടവളും	മന്ഥരാ വചനം അബ്രവീത്.	ആ മന്ഥര ഇപ്രകാരം കേൾപ്പിച്ചു.
പാപദർശിനീ	പാപിഷ്ഠയും		

തവ ദൈവാസുരേ യുദ്ധേ സഹ രാജർഷിഭിഃ പതിഃ
അഗച്ഛത് ത്വാമുപാദായ ദേവരാജസ്യ സാഹ്യകൃത്. 11

"തവ	"നിന്തിരുവടിയുടെ	രാജർഷിഭിഃ സഹ,	രാജർഷികളോടുകൂടി,
പതിഃ,	ഭർത്താവായ ദശരഥ മഹാരാജാവ്	ദേവരാജസ്യ	ദേവേന്ദ്രന്ന്
		സാഹ്യകൃത്	സഹായിയായി
ദൈവാസുരേ	ദേവന്മാർക്കും അസുരന്മാർക്കുംതമ്മിൽ നടന്ന	ത്വാം	നിന്തിരുവടിയെയും
		ഉപാദായ	കൂടെ കൂട്ടിക്കൊണ്ട്
യുദ്ധേ	യുദ്ധത്തിൽ	അഗച്ഛത്.	എഴുന്നെള്ളി.

ദിശമാസ്ഥായ കൈകേയി ദക്ഷിണാം ദണ്ഡകാൻ പ്രതി
വൈജയന്തമിതി ഖ്യാതം പുരം യത്ര തിമിധ്വജഃ 12

"കൈകേയി!	"ഹേ കൈകേയീദേവി	യത്ര	ഏതൊരുദിക്കിലുണ്ടായിരുന്നുവോ,
ദക്ഷിണാം	തെക്കെ		
ദിശം,	ദിക്കിൽ,	വൈജയന്തം	വൈജയന്തം
ദണ്ഡകാൻ പ്രതി	ദണ്ഡകാരണ്യപ്രദേശങ്ങളിൽ	ഇതി	എന്ന
		ഖ്യാതം	പുകഴ്ന്ന
തിമിധ്വജഃ	തിമിധ്വജൻ എന്ന അസുരൻ	പുരം	ആ പട്ടണത്തിൽ
		ആസ്ഥായ.	ചെന്നുചേർന്നു.

സ ശംബര ഇതി ഖ്യാതഃ ശതമായോ മഹാസുരഃ
ദദൌ ശക്രസ്യ സംഗ്രാമം ദേവസംഘൈരനിർജ്ജിതഃ. 13

" ശംബരഃ	" ശംബരൻ	ദേവസംഘൈഃ	ദേവഗണങ്ങളാൽ
ഇതി	എന്ന	അനിർജ്ജിതഃ	ജയിക്കപ്പെടാത്തവനു
ഖ്യാതഃ,	മറെറാരു പേരോടുകൂടി യവനും,	സഃ മഹാസുരഃ,	ആ മഹാസുരൻ, [മായ
		ശക്രസ്യ	ഇന്ദ്രനുമായി
ശതമായഃ,	പലപല മായാപ്രയോഗങ്ങളിൽ നിപുണനും	സംഗ്രാമം	ഘോരയുദ്ധം
		ദദൌ.	ചെയ്തു.

തസ്മിൻ മഹതി സംഗ്രാമേ പുരുഷാൻ ക്ഷതവിക്ഷതാൻ
രാത്രൌ പ്രസുപ്താൻ ഘ്നന്തി സ്മ തരസാഽപാസ്യ രാക്ഷസാഃ 14

" രാക്ഷസാഃ	" രാക്ഷസന്മാർ	അപാസ്യ	ലക്ഷ്യംചെയ്യാതെ
തസ്മിൻ	ആ	ക്ഷത- വിക്ഷതാൻ	പലപല മുറിവേററവരായി
മഹതി	ഘോരമായ		
സംഗ്രാമേ,	യുദ്ധത്തിൽ	പ്രസുപ്താൻ	ഉറങ്ങിക്കിടന്നിരുന്ന
രാത്രൌ	രാത്രിസമയം [വാൽ	പുരുഷാൻ	മനുഷ്യരെ
തരസാ	മനോധൈര്യം ഹേതു-	ഘ്നന്തി സ്മ.	കൊലചെയ്തു.

തത്രാകരോന്മഹദ്യുദ്ധം രാജാ ദശരഥസ്തദാ
അസുരൈശ്ച മഹാബാഹുഃ ശസ്ത്രൈശ്ച ശകലീകൃതഃ. 15

" തദാ	" അപ്പോൾ	യുദ്ധം	യുദ്ധം
മഹാബാഹുഃ	മഹായുദ്ധവീരനായ	അകരോത് ;	ചെയ്തു.
ദശരഥഃ രാജാ	ദശരഥചക്രവർത്തി	അസുരൈഃ	അസുരന്മാരാൽ
ശസ്ത്രൈഃ ച	അസ്ത്രശസ്ത്രങ്ങളെടുത്തു	തത്ര ച	അപ്രകാരമിരുന്നിട്ടുംക്രൂ
മഹത്	വമ്പിച്ച	ശകലീകൃതഃ.	മൂർച്ഛിപ്പിക്കപ്പെട്ടു. [ടെ

അപവാഹ്യ ത്വയാ ദേവി സംഗ്രാമാന്നഷ്ടചേതനഃ
തത്രാപി വിക്ഷതഃ ശസ്ത്രൈഃ പതിസ്തേ രക്ഷിതസ്ത്വയാ. 16

" ദേവി !	" അമ്മേ !	ത്വയാ	നിന്തിരുവടിയാൽ
തത്ര	ആ സമയം	സംഗ്രാമാത്	പോർക്കളത്തിൽനിന്നും
ശസ്ത്രൈഃ	ബാണങ്ങളെക്കൊണ്ട്	അപവാഹ്യ	ദൂരെ എടുത്തുകൊണ്ടു പോകപ്പെട്ട്
വിക്ഷതഃ	വ്രണപ്പെട്ടവനും		
നഷ്ടചേതനഃ	മൂർച്ഛപൂണ്ടിരുന്നവനു	ത്വയാ അപി	ഭവതിയാൽതന്നെ
തേ	ഭവതിയുടെ [മായ	രക്ഷിതഃ.	ശുശ്രൂഷിച്ച് സംരക്ഷിക്കപ്പെട്ടു.
പതിഃ,	ഭർത്താവ്,		

തുഷ്ടേന തേന ദത്തൌ തേ ദ്വൌ വരൌ ശുഭദർശനേ. 17

" ശുഭദർശനേ !	" തനിക്കനന്മയെന്തെന്ന് ഗ്രഹിച്ചവളായ ഹേ ദേവി !	തുഷ്ടേന	സന്തോഷിപ്പിക്കപ്പെട്ട
		തേന	അദ്ദേഹത്താൽ[വനായ
		തേ	നിന്തിരുവടിക്കായി
ദ്വൌ വരൌ,	രണ്ടു വരങ്ങൾ,	ദത്തൌ.	നൽകപ്പെട്ടു.

സ ത്വയോക്തഃ പതിർദ്ദേവി യദേച്ഛേയം തദാ വരൌ
ഗൃഹ്ണീയാമിതി തത്തേന തഥേത്യുക്തം മഹാത്മനാ. 18

"ദേവി!	"ദേവി!	ഇതി	എന്ന്
സഃ പതിഃ,	ആ ചക്രവർത്തിയും	ത്വയാ,	ഭവതിയാൽ,
'യദാ	'ഏതു സമയം	ഉക്തഃ;	പ്രാർത്ഥിക്കപ്പെട്ടു;
ഗൃഹ്ണീയാം	ഞാൻ ഇഷ്ടപ്പെടുന്നു	തത്	അപ്പോൾ [എന്ന്
തദാ	ആ സമയം [വോ	'തഥാ' ഇതി	'അങ്ങിനെയാകട്ടെ'-
വരൌ	രണ്ടുവരങ്ങളെയും ഞാൻ	തേന മഹാത്മനാ	ആ മഹാത്മാവാൽ
ഇച്ഛേയം,'	അപേക്ഷിച്ചുകൊള്ളാം,'	ഉക്തം.	വാഗ്ദത്തം ചെയ്യപ്പെട്ടു.

അനഭിജ്ഞാ ഹ്യഹം ദേവി ത്വയൈവ കഥിതാ പുരാ
കഥൈഷാ തവ തു സ്നേഹാന്മനസാ ധാര്യതേ മയാ. 19

"ദേവി!	"അമ്മേ!	തവ	നിന്തിരുവടിയുടെ
പുരാ,	ഇതിന്നുമുമ്പ്		പേരിലുള്ള
തു	ഇക്കാര്യത്തെപ്പററി	സ്നേഹാത് ഹി	ഉററ സ്നേഹത്താൽ
അനഭിജ്ഞാ	അറിയാതിരുന്നവളായ	ഏഷാ	ഈ [മാത്രം
അഹം	ഞാൻ	കഥാ,	സംഗതി,
ത്വയാ ഏവ,	ഭവതിയാൽതന്നെ,	മയാ	എന്നാൽ
കഥിതാ;	ഇക്കഥ പറഞ്ഞറിയിക്ക	മനസാ	(മറക്കാതെ) ഓർമ്മയിൽ
	പ്പെട്ടിട്ടുണ്ട്;	ധാര്യതേ.	വെക്കപ്പെട്ടിരിക്കുന്നു.

രാമാഭിഷേകസംഭാരാൻ നിഗൃഹ്യ വിനിവർത്തയ
തൌ വരൌ യാച ഭർത്താരം ഭരതസ്യാഭിഷേചനം
പ്രവ്രാജനം ച രാമസ്യ ത്വം വർഷാണി ചതുർദ്ദശ. 20

"ത്വം	"നിന്തിരുവടി	തൌ വരൌ	ഈ രണ്ടു വരങ്ങളെ
രാമസ്യ	ശ്രീരാമനു	യാച;	അപേക്ഷിക്കുക;
ചതുർദ്ദശ	പതിന്നാലു	ഭർത്താരം	ഭർത്താവിനെ
വർഷാണി	സംവത്സരങ്ങൾ	നിഗൃഹ്യ,	സമ്മതിപ്പിച്ച്,
പ്രവ്രാജനം,	വനവാസവും,	രാമാഭിഷേക-	രാമാഭിഷേകത്തിനായി
ഭരതസ്യ	ഭരതനു	സംഭാരാൻ	ഒരുക്കുട്ടുന്നവയെല്ലാം
അഭിഷേചനം	യുവരാജ്യപട്ടാഭിഷേ	വിനിവർത്തയ.	ഭവതി നിർത്തൽ
ച	കവും ആകുന്ന,		ചെയ്യുക.

ചതുർദ്ദശ ഹി വർഷാണി രാമേ പ്രവ്രാജിതേ വനം
പ്രജാഭാവഗതസ്നേഹഃ സ്ഥിരഃ പുത്രോ ഭവിഷ്യതി. 21

"രാമേ	"രാമൻ	പ്രജാഭാവ-	ജനങ്ങളുടെ അന്തരംഗ
ചതുർദ്ദശ	പതിന്നാലു	ഗതസ്നേഹഃ	മായ സ്നേഹത്തോടു
വർഷാണി	കൊല്ലങ്ങൾ		കൂടിയവനായി
വനം	കാട്ടിൽ [കിൽ,	സ്ഥിരഃ	ഇളക്കപ്പെടുവാൻ കഴി
പ്രവ്രാജിതേ ഹി	തപസ്സു ചെയ്യുന്നുവെ-		യാത്തവനായി
പുത്രഃ	പുത്രനായ ഭരതൻ	ഭവിഷ്യതി.	തീരുമാകും.

ക്രോധാഗാരം പ്രവിശ്യാദ്യ ക്രുദ്ധേവാശ്വപതേഃ സുതേ
ശേഷ്വാനന്തർഹിതായാം ത്വം ഭൂമൌ മലിനവാസിനീ. 22

"അശ്വപതേഃ സുതേ!	"ഹേ, അശ്വപതി രാജപുത്രി!	ക്രുദ്ധാ ഇവ	ദ്വേഷ്യപ്പെട്ടിരിക്കുന്നവൾ പോലെ
അദ്യ,	ഇപ്പോൾ തന്നെ,	മലിനവാസിനീ	മുഷിഞ്ഞവസ്ത്രങ്ങൾ ധരിച്ച്,
ത്വം	ഭവതി	അനന്തർഹിതായാം	ഒന്നും വിരിക്കാത്ത
ക്രോധാഗാരം	കോപിച്ചു സമയത്തിലിരിക്കാറുള്ള മുറിയിൽ	ഭൂമൌ	[വെറും നിലത്തിൽ
പ്രവിശ്യ,	ചെന്ന്,	ശേഷ്വ.	കിടക്കുക.

മാ സ്മൈനം പ്രത്യുദീക്ഷേഥാ മാ ചൈനമഭിഭാഷഥാഃ
രുദന്തീ ചാപി തം ദൃഷ്ട്വാ ജഗത്യാം ശോകലാലസാ. 23

"ജഗത്യാം	"വെറും നിലത്ത്	ഏനം	അദ്ദേഹത്തെ
ശോകലാലസാ	ശോകപരവശയായി	മാ സ്മ പ്രത്യുദീക്ഷേഥാഃ;	കണ്ടഭാവം നടിക്കാതിരിക്കണം;
രുദന്തീ ച	കരഞ്ഞുകൊണ്ടിരിക്കുന്നവളായി,	ഏനം ച	അദ്ദേഹത്തോടു
തം	അദ്ദേഹത്തെ	മാ അഭിഭാഷഥാഃ.	ആദ്യം സംസാരിക്കയും അരുത്.
ദൃഷ്ട്വാ അപി	കണ്ടിട്ടും		

ദയിതാ ത്വം സദാ ഭർത്തുരത്ര മേ നാസ്തി സംശയഃ
ത്വത്കൃതേ സ മഹാരാജോ വിശേദപി ഹുതാശനം. 24

"ത്വം	"നിന്തിരുവടി,	ഹുതാശനം അപി	തീയ്യിലും വേണമെന്നാൽ
സദാ	എന്നും	വിശേത്;	ചാടും;
ഭർത്തുഃ	ഭർത്താവിന്റെ	അത്ര	ഇതിൽ
ദയിതാ;	അത്യന്ത പ്രിയത്തിനു [പാത്രമായവൾ;	മേ	എനിക്ക്
സഃ	ആ	സംശയഃ	സംശയം
മഹാരാജഃ	മഹാരാജാവ്	ന അസ്തി.	ഇല്ല.
ത്വത്കൃതേ	ഭവതിക്കുവേണ്ടി		

ന ത്വാം ക്രോധയിതും ശക്തോ ന ക്രുദ്ധാം പ്രത്യുദീക്ഷിതും
തവ പ്രിയാർത്ഥം രാജാ ഹി പ്രാണാനപി പരിത്യജേത് 25

"രാജാ ഹി,	"മഹാരാജാവാകട്ടെ,	ക്രോധയിതും	കോപപ്പെടുത്തുന്ന[തിനും
ക്രുദ്ധാം	കോപം പൂണ്ടിരിക്കുന്ന	ന;	ശക്തനല്ല;
ത്വാം	ഭവതിയെ	തവ	നിന്തിരുവടിയുടെ
പ്രത്യുദീക്ഷിതും	നേരെ നോക്കുവാൻകൂടി	പ്രിയാർത്ഥം	പ്രീതിക്കുവേണ്ടി
ശക്തഃ ന;	ശക്തനല്ല;	പ്രാണാൻ അപി	പ്രാണനെയും കൂടി
		പരിത്യജേത്.	ഉപേക്ഷിച്ചുകളയും.

ന ഹ്യതിക്രമിതും ശക്തസ്തവ വാക്യം മഹീപതിഃ
മന്ദസ്വഭാവേ ബുദ്ധ്യസ്വ സൌഭാഗ്യബലമാത്മനഃ. 26

"മന്ദസ്വഭാവേ	"മനസ്സലിവുള്ളവളേ !	ഹി	അപ്രകാരമായാൽ
ആത്മനഃ	നിന്തിരുവടിയുടെ	മഹീപതിഃ	മഹാരാജാവ്
"സൌഭാഗ്യബലം	ഭർത്താവിന്ന് ഭവതിയുടെ പേരിലുള്ള അത്യധികപ്രേമത്തെ	തവ	ഭവതിയുടെ
		വാക്യം	വാക്കിനെ
		അതിക്രമിതും	നിരസിപ്പാൻ
ബുദ്ധ്യസ്വ ;	ഓർമ്മവെച്ചുകൊള്ളുക ;	ശക്തഃ ന.	ശക്തനാകയില്ല.

മണിമുക്താസുവർണ്ണാനി രത്നാനി വിവിധാനി ച
ദദ്യാദ്ദശരഥോ രാജാ മാ സ്മ തേഷു മനഃ കൃഥാഃ. 27

"ദശരഥഃ രാജാ,	"ദശരഥമഹാരാജാവ്,	രത്നാനി ച	രത്നങ്ങളേയും
വിവിധാനി	പലപല	ദദ്യാത് ;	തരും ;
മണിമുക്താസുവർണ്ണാനി	മാണിക്യം, നന്മുത്ത് സ്വർണ്ണാഭരണങ്ങൾ എന്നവയേയും	തേഷു	അവയൊന്നിലും
		മനഃ	ആഗ്രഹത്തെ
		മാ സ്മ കൃഥാഃ.	വെച്ചുപോകരുത്.

യൌ തൌ ദേവാസുരേ യുദ്ധേ വരൌ ദശരഥോഽദദാത്
തൌ സ്മാരയ മഹാഭാഗേ സോഽർത്ഥോ മാ ത്വാമതിക്രമേത്. 28

"മഹാഭാഗേ !	"മഹാഭാഗ്യവതിയായവളേ !	ദേവാസുരേ യുദ്ധേ	ദേവാസുരയുദ്ധത്തിൽ
സഃ	ആ	യൌ	ഏതൊരു
അർത്ഥഃ	(പട്ടാഭിഷേക) കാര്യം	തൌ വരൌ	രണ്ടു വരങ്ങൾ
ത്വാം	ഭവതിയെ	അദദാത്	തന്നുവോ,
മാ അതിക്രമേത് ;	തട്ടിനടക്കുകയില്ല ;	തൌ	ആ രണ്ടിനേയും
ദശരഥഃ	ദശരഥമഹാരാജാവ്	സ്മാരയ.	ഓർമ്മിച്ചുകൊൾക.

യദാ തു തേ വരം ദദ്യാത് സ്വയമുത്ഥാപ്യ രാഘവഃ
വ്യവസ്ഥാപ്യ മഹാരാജം ത്വമിമം വൃണുയാ വരം. 29

"രാഘവഃ,	"ദശരഥചക്രവർത്തി	ത്വം	നിന്തിരുവടി
സ്വയം	താൻതന്നെ	മഹാരാജം	മഹാരാജാവിനെ
ഉത്ഥാപ്യ	നിലത്തുനിന്ന് ഭവതിയെ എടുത്ത്	തു	ഇക്കാര്യത്തെക്കുറിച്ച്
		വ്യവസ്ഥാപ്യ,	സത്യംചെയ്യുറപ്പിച്ച്
തേ	നിന്തിരുവടിക്ക്	വരം	അഭീഷ്ടത്തെ [ശേഷം
വരം ദദ്യാത് ;	അഭീഷ്ടത്തെ നൽകും ;	ഇമം	ഇപ്രകാരം
യദാ	ആ സമയംവന്നാൽ	വൃണുയാഃ.	കേൾപ്പിച്ചാലും.

രാമം പ്രവ്രാജയാരണ്യേ നവ വർഷാണി പഞ്ച ച
ഭരതഃ ക്രിയതാം രാജാ പൃഥിവ്യാം പാർത്ഥിവർഷഭഃ. 30

“‘രാമം	“‘രാമനെ	ഭരതഃ	ഭരതൻ
നവ പഞ്ച ച	പതിന്നാല്	പൃഥിവ്യാം	നാട്ടിൽ
വർഷാണി	സംവത്സരങ്ങൾ	പാർത്ഥിവർഷഭഃ	യുവരാജാക്കന്മാരിൽ വെച്ചുത്തമനായ
അരണ്യേ	കാട്ടിൽ	രാജാ	രാജാവായി
പ്രവ്രാജയ ;	വസിപ്പിക്കുക ;	ക്രിയതാം.’	നിയമിക്കപ്പെടട്ടെ.’

ചതുർദ്ദശ ഹി വർഷാണി രാമേ പ്രവ്രാജിതേ വനം
രൂഢശ്ച കൃതമൂലശ്ച ശേഷം സ്ഥാസ്യതി തേ സുതഃ. 31

“രാമേ	“ശ്രീരാമൻ	സുതഃ,	കുമാരൻ,
ചതുർദ്ദശ	പതിന്നാല്	രൂഢഃ	വേരൂന്നിയവനായും
വർഷാണി	കൊല്ലങ്ങൾ	കൃതമൂലഃ ച	മൂലബലത്തെ സ്വാധീനമാക്കിയവനായും
വനം	കാട്ടിൽ	ശേഷം ഹി	അതിന്നുശേഷവും
പ്രവ്രാജിതേ ച,	പൊയ്ക്കളയുന്നുവെങ്കിൽ	സ്ഥാസ്യതി.	നിലനിന്ന് രാജ്യം ഭരിക്കുന്നതാകുന്നു.
തേ	നിന്തിരുവടിയുടെ		

രാമപ്രവ്രാജനം ചൈവ ദേവി യാചസ്വ തം വരം
ഏവം സേത്സ്യന്തി പുത്രസ്യ സർവ്വാർത്ഥാസ്തവ ഭാമിനി. 32

“ഭാമിനി !	“രോഷമുള്ള	യാചസ്വ ;	ചാഞ്ചല്യമില്ലാതെ ചോദിച്ചുകൊൾക ;
ദേവി !	ഹേ ദേവി !	ഏവം	അപ്രകാരം ചെയ്താൽ
തം,	അദ്ദേഹത്തോട്,	തവ പുത്രസ്യ	ഭവതിയുടെ പുത്രന്നു
രാമപ്രവ്രാജനം ഏവ	രാമവനവാസം ഒന്നിനെത്തന്നെ	സർവ്വാർത്ഥാഃ ച	സകലവിധ ശ്രേയസ്സു-[കളും
വരം	സർവ്വാഭീഷ്ട മനോരഥമായി	സേത്സ്യന്തി.	സ്വയമായ് തന്നെ സിദ്ധിക്കും.

ഏവം പ്രവ്രാജിതശ്ചൈവ രാമോഽരാമോ ഭവിഷ്യതി
ഭരതശ്ച ഹതാമിത്രസ്തവ രാജാ ഭവിഷ്യതി. 33

“ഏവം	“ഈ മാതിരി	ഭവിഷ്യതി ;	ഭവിക്കും ;
പ്രവ്രാജിതഃ	വനവാസത്തെ പ്രാപി-[ച്ചവനായ	തവ	നിന്തിരുവടിയുടെ
രാമഃ ച	രാമനും	ഭരതഃ ച	ഭരതനും
അരാമഃ ഏവ	പ്രജകളുടെ സ്നേഹബന്ധമററവനായ്ത്തന്നെ	ഹതാമിത്രഃ	ശത്രുക്കളററ
		രാജാ	രാജാവായി
		ഭവിഷ്യതി.	വിളങ്ങുകയും ചെയ്യും.

[“രാമോ രാമോ ഭവിഷ്യതി” എന്നു പദച്ഛേദം ചെയ്ത്, “രാമൻ രാമനായ്മാത്രം ശേഷിക്കും, ഒററയായി ആരും സഹായമില്ലാത്തവനായി ഭവിക്കും” എന്നും അർത്ഥം. (ഗോ. രാ.)]

യേന കാലേന രാമശ്ച വനാത് പ്രത്യാഗമിഷ്യതി
തേന കാലേന പുത്രസ്തേ കൃതമൂലോ ഭവിഷ്യതി
സംഗൃഹീതമനുഷ്യശ്ച സുഹൃദ്ഭിഃ സാൎദ്ധമാത്മവാൻ. 34

"യേന	"ഏതൊരു	തേ	നിന്തിരുവടിയുടെ
കാലേന	കാലത്തിൽ	പുത്രഃ	പുത്രൻ
രാമഃ	രാമൻ	സുഹൃദ്ഭിഃ സാൎദ്ധം	സ്നേഹിതന്മാരോടുംകൂടി
വനാത്	കാട്ടിൽ നിന്നു	ആത്മവാൻ	ധൈൎയ്യംപൂണ്ടവനായും
പ്രത്യാഗമിഷ്യതി	മടങ്ങിവരുമോ,	കൃതമൂലഃ	വേരുറച്ചവനായും
തേന	ആ	സംഗൃഹീതമനുഷ്യഃ ച	ജനങ്ങളെ സ്വാധീനത്തിലാക്കിയവനായും
കാലേന ച,	കാലത്തിനുള്ളിൽ തന്നെ	ഭവിഷ്യതി.	ഭവിക്കും.

പ്രാപ്തകാലം തു തേ മന്യേ രാജാനം വീതസാദ്ധ്വസാ
രാമാഭിഷേകസങ്കല്പാൻ നിഗൃഹ്യ വിനിവൎത്തയ. 35

"തേ	"നിന്തിരുവടിക്ക്	വീതസാദ്ധ്വസാ	നിന്തിരുവടി യാതൊരു ചാഞ്ചല്യവുംകൂടാതെ
തു	ഇക്കാൎയ്യത്തിൽ	നിഗൃഹ്യ,	സമ്മതപ്പെടുത്തി,
പ്രാപ്തകാലം	തക്കസമയം ഇതുതന്നെയെന്ന്	രാമാഭിഷേകസങ്കല്പാൻ	രാമപട്ടാഭിഷേകത്തിനുള്ള പൂൎവ്വ വൈദിക കൃത്യങ്ങളെ
മന്യേ;	ഞാൻ വിചാരിക്കുന്നു;	വിനിവൎത്തയ."	നിൎത്തൽചെയ്യിച്ചാലും."
രാജാനം	മഹാരാജാവിനെ		

അനൎത്ഥമൎത്ഥരൂപേണ ഗ്രാഹിതാ സാ തതസ്തയാ
ഹൃഷ്ടാ പ്രതീതാ കൈകേയീ മന്ഥരാമിദമബ്രവീത്. 36
സാ ഹി വാക്യേന കുബ്ജായാഃ കിശോരീവോത്പഥം ഗതാ
കൈകേയീ വിസ്മയം പ്രാപ്താ പരം പരമദൎശനാ. 37

സാ	ആ	ഗ്രാഹിതാ,	ബോധിപ്പിക്കപ്പെട്ടവ[ളും,
കൈകേയീ ഹി	കൈകേയിയാകട്ടെ	പരം	അതിയായ
പ്രതീതാ	മഹാപ്രസിദ്ധിയാൎന്ന	വിസ്മയം	ദുരഹങ്കാരം
പരമദൎശനാ;	അത്ഭുതകരമായ സൽബുദ്ധിയോടുകൂടിയവൾ;	പ്രാപ്താ,	മുഴുത്തുപോയവളുമായ
തതഃ	ആ സമയം	സാ	ആ
കുബ്ജായാഃ	കൂനിയുടെ	കൈകേയീ,	കൈകേയീദേവി,
വാക്യേന	ദുരുപദേശത്താൽ	ഉത്പഥം	സന്മാൎഗ്ഗംതെററി
കിശോരീ	നന്മതിന്മയെന്നതറിയാത്ത ഇളംകുട്ടി	ഗതാ,	നടപ്പാൻ നിശ്ചയിച്ചവളായി,
ഇവ,	എന്നപോലായിത്തീൎന്ന[വളും,	ഹൃഷ്ടാ,	സന്തോഷമുൾക്കൊണ്ടവളായി,
തയാ	അവളാൽ	മന്ഥരാം	മന്ഥരയെനോക്കി
അനൎത്ഥം	തിന്മയെ	ഇദം	ഇങ്ങിനെ
അൎത്ഥരൂപേണ	നന്മയെന്ന്	അബ്രവീത്.	ഉരചെയ്തു.

കുബ്ജേ ത്വാം നാഭിജാനാമി ശ്രേഷ്ഠാം ശ്രേഷ്ഠാഭിധായിനീം
പൃഥിവ്യാമസി കുബ്ജാനാമുത്തമാ ബുദ്ധിനിശ്ചയേ. 38

"കുബ്ജേ!	"കൂനി!	അസി;	നീ വിലസുന്നു;
പൃഥിവ്യാം	ലോകത്തിൽ	ത്വാം,	നിന്നെ,
കുബ്ജാനാം	കൂനികളിൽ	ശ്രേഷ്ഠാഭി-ധായിനീം	ഹിതത്തെ ഉപദേശിക്കുന്ന
ബുദ്ധിനിശ്ചയേ	ബുദ്ധികൊണ്ടാലോചിച്ച് കാൎയ്യനിശ്ചയം ചെയ്യുന്നതിൽ	ശ്രേഷ്ഠാം	സമൎത്ഥയായി
ഉത്തമാ	ഉത്തമയായിത്തന്നെ	അഭിജാനാമി ന.	ഞാൻ ഇതുവരെ അറിയാതിരുന്നു.

ത്വമേവ തു മമാൎത്ഥേഷു നിത്യയുക്താ ഹിതൈഷിണീ
നാഹം സമവബുദ്ധ്യേയം കുബ്ജേ രാജ്ഞശ്ചികീൎഷിതം. 39

"അഹം	"ഞാൻ	മമ അൎത്ഥേഷു,	എന്റെ കാൎയ്യങ്ങളിൽ,
തു	ഇക്കാൎയ്യത്തിൽ	കുബ്ജേ!	അല്ലേ കൂനി!
രാജ്ഞഃ	മഹാരാജാവിന്റെ	ത്വം ഏവ	നീ ഒരുത്തിമാത്രമാണ്
ചികീൎഷിതം	ഉള്ളിലുള്ള വിചാരത്തെ	നിത്യയുക്താ	സ്ഥിരമായ സ്നേഹത്തോടുകൂടി
സമവ-ബുദ്ധ്യേയം ന;	അറിയാതിരുന്നു;	ഹിതൈഷിണീ.	നന്മയെ ഇച്ഛിക്കുന്നവൾ.

സന്തി ദുസ്സംസ്ഥിതാഃ കുബ്ജാ വക്രാഃ പരമദാരുണാഃ
ത്വം പദ്മമിവ വാതേന സന്നതാ പ്രിയദൎശനാ. 40

കുബ്ജാഃ	കൂനികൾ	പദ്മം ഇവ,	താമരപ്പൂവിനെപ്പോലെ തന്നെ,
പരമദാരുണാഃ	ഏററവും കൊടിയ	സന്നതാ	മുതുകു വളഞ്ഞവളായ
ദുസ്സംസ്ഥിതാഃ	ദുഷ്ടനടവടിയോടുകൂടിയവരായും	ത്വം	നീ ഒരുത്തി
വക്രാഃ	കുടിലബുദ്ധിയുള്ളവരായും ആണ്	പ്രിയദൎശനാ.	സത്തുക്കൾക്കു ഒരു ഉദാഹരണമായി കൊണ്ടാടപ്പെട്ടുമെന്നതു തീൎച്ച തന്നെ.
സന്തി;	കാണപ്പെട്ടുവരുന്നത്;		
വാതേന,	ആരാലും ആഗ്രഹിക്കത്തക്ക ഗുണംകൊണ്ട്,		

[താമരയുടെ പുറം വളഞ്ഞിരുന്നാലും, അതിനുള്ള ഗുണംകൊണ്ടു അതിനെ എല്ലാവരും ആഗ്രഹിക്കുന്നതുപോലെ, നീ കൂനിയായിരുന്നാലും നിന്റെ ഗുണംകൊണ്ട് നീ ഏററം പ്രിയദൎശനതന്നെയെന്നു താല്പൎയ്യം.]

ഉരസ്തേഽഭിനിവിഷ്ടം വൈ യാവത് സ്കന്ധം സമുന്നതം
അധസ്താച്ചോദരം ശാതം സുനാഭമിവ ലജ്ജിതം. 41

"തേ	"നിന്റെ	അധസ്താത്	അതിന്നുചുവട്ടിൽ
ഉരഃ	മാറിടം	സുനാഭം	അഴകിയ നാഭിയോടു
യാവത് സ്കന്ധം വൈ	തോൾവരെയും	ഉദരം ച	വയറും [കൂടിയ
സമുന്നതം	ഉയൎന്നു്	ലജ്ജിതം ഇവ	ലജ്ജിച്ചതെന്നപോലെ
അഭിനിവിഷ്ടം;	അഴകാൎന്നുല്ലസിക്കുന്നു;	ശാതം.	ചടച്ചു് ഉള്ളിലൊതുങ്ങിയിരിക്കുന്നു.

പരിപൂൎണ്ണം ച ജഘനം സുപീനൌ ച പയോധരൌ
വിമലേന്ദുസമം വക്ത്രമഹോ രാജസി മന്ഥരേ. 42

"മന്ഥരേ!	"മന്ഥരേ!	പയോധരൌ ച	കൊങ്കകൾ രണ്ടും
അഹോ	എത്ര അഴകോടെ	സുപീനൌ!	എത്ര തടിച്ചുരുണ്ടവ!
രാജസി!	നീ പരിലസിക്കുന്നു!	വക്ത്രം	മുഖം
ജഘനം	നിന്റെ പൃഷ്ഠഭാഗം	വിമലേന്ദുസമം ച.	കളങ്കമററ ചന്ദ്രനൊത്തതുതന്നെ.
പരിപൂൎണ്ണം	എത്ര വിശാലമായതു്		

ജഘനം തവ നിൎഘുഷ്ടം രശനാദാമശോഭിതം
ജംഘേ ഭൃശമുപന്യസ്തേ പാദൌ ചാപ്യായതാവുഭൌ. 43

"തവ	"നിന്റെ	ജംഘേ ച	കണങ്കാൽ രണ്ടും
ജഘനം	അരക്കെട്ടു്	ഭൃശം	നല്ല
രശനാദാമശോഭിതം	അരഞ്ഞാൺകൊണ്ടു് ശോഭിക്കപ്പെട്ടതായി	ഉപന്യസ്തേ;	യോജിപ്പുള്ളവ;
		പാദൌ	കാലുകൾ
നിൎഘുഷ്ടം	കിലുക്കത്തോടുകൂടിയതായിരിക്കുന്നു;	ഉഭൌ അപി	രണ്ടും
		ആയതൌ.	നല്ല നീളമുള്ളവ.

ത്വമായതാഭ്യാം സക്ഥിഭ്യാം മന്ഥരേ ക്ഷൌമവാസിനി
അഗ്രതോ മമ ഗച്ഛന്തീ രാജഹംസീവ രാജസേ. 44

"മന്ഥരേ!	"മന്ഥരേ!	ക്ഷൌമവാസിനീ	വെൺപട്ടുടുത്തവളാ-
മമ	എന്റെ	ഗച്ഛന്തീ	വന്നു ചേൎന്നിരിക്കയി[ന്നവളായ
അഗ്രതഃ,	മുമ്പിൽ,	ത്വം	നീ
ആയതാഭ്യാം	നീണ്ട	രാജഹംസി ഇവ	രാജഹംസപ്പേടപോ[ലെ
സക്ഥിഭ്യാം	തുടകളോടുകൂടി	രാജസേ.	വിളങ്ങുന്നു.

ആസൻ യാശ്ശംബരേ മായാഃ സഹസ്രമസുരാധിപേ
സർവ്വാസ്ത്വയി നിവിഷ്ടാസ്താ ഭൂയശ്ചാന്യാഃ സഹസ്രശഃ. 45

"അസുരാധിപേ	"അസുരാധിപനായ	താഃ	അവ
ശംബരേ	ശംബരങ്കൽ	സർവ്വാഃ ച	മുഴുവനും എന്നല്ല,
യാഃ	ഏതെല്ലാം	ഭൂയഃ അന്യാഃ	ഇനിയും വേറെ
മായാഃ	മായകൾ,	സഹസ്രശഃ,	അനേകങ്ങളും,
സഹസ്രം	ആയിരക്കണക്കായി	ത്വയി	നിന്റെ കയ്യിൽ
ആസൻ,	ഉണ്ടായിരുന്നുവോ,	നിവിഷ്ടാഃ.	ഇരിപ്പുണ്ട്.

തവേദം സ്ഥഗു യദ്ദീർഘം രഥഘോണമിവായതം
മതയഃ ക്ഷത്രവിദ്യാശ്ച മായാശ്ചാത്ര വസന്തി തേ. 46

"തേ	"നിന്റെ	അത്ര	ഈ
മതയഃ	ദീർഘാലോചനകളും,	സ്ഥഗു	കൂനിൽ
ക്ഷത്രവിദ്യാഃ ച	എല്ലാററിന്നും മേലായി അധികാരത്തോടു കൂടി വിളങ്ങുന്നതിന്നുള്ള സൂത്രവിദ്യകളും	വസന്തി;	കുടികൊണ്ടിരിക്കുന്നു;
		യത്	ആയതുകൊണ്ടുതന്നെ
		ഇദം	ഇത് [യാണ്
		രഥഘോണം	ഒരു തേരിന്റെ ഘോണം
മായാഃ ച	രാജ്യതന്ത്രങ്ങളിലുള്ള ചതികളും,	ഇവ	പോലെ
		ദീർഘം	നീണ്ട്
തവ	നിന്റെ	ആയതം.	പെരുത്തിരിക്കുന്നത്.

അത്ര തേ പ്രതിമോക്ഷ്യാമി മാലാം കുബ്ജേ ഹിരണ്മയീം
അഭിഷിക്തേ ച ഭരതേ രാഘവേ ച വനം ഗതേ. 47

"കുബ്ജേ!	"കൂനി!	അഭിഷിക്തേ ച	പട്ടം കെട്ടപ്പെട്ട ഉടനെ
രാഘവേ	രാമൻ	തേ അത്ര	നിന്റെ ഈ കൂനിൽ
വനം	കാട്ടിലേക്കു	ഹിരണ്മയീം മാലാം	നല്ല പൊന്നിൻമാലയെ
ഗതേ ച	പോയതിൽപിന്നെ,		
ഭരതേ	ഭരതൻ	പ്രതിമോക്ഷ്യാമി.	ഞാൻ അണിയിക്കാം.

ജാത്യേന ച സുവർണ്ണേന സുനിഷ്ടപ്തേന മന്ഥരേ
ലബ്ധാർത്ഥാ ച പ്രതീതാ ച ലേപയിഷ്യാമി തേ സ്ഥഗു. 48

"മന്ഥരേ!	"മന്ഥരേ!	ജാത്യേന	വിശേഷപ്പെട്ട
ലബ്ധാർത്ഥാ ച	കാര്യം സാധിച്ചവളായി	സുവർണ്ണേന ച	പൊൻചന്ദനക്കൂട്ടുകൊ [ണ്ട്
പ്രതീതാ ച	സന്തോഷമാർന്നവളായ ഞാൻ,	തേ	നിന്റെ
		സ്ഥഗു	കൂനിൽ
സുനിഷ്ടപ്തേന	നല്ലപോലെ അരച്ചു	ലേപയിഷ്യാമി.	പൂശുന്നുണ്ട്.

മുഖേ ച തിലകം ചിത്രം ജാതരൂപമയം ശുഭം
കാരയിഷ്യാമി തേ കുബ്ജേ ശുഭാന്യാഭരണാനി ച. 49

"കുബ്ജേ!	"കൂനി!	ജാതരൂപമയം	സ്വൎണ്ണമയവും ആയ
തേ	നിന്റെ	തിലകം ച	തിലകത്തേയും,
മുഖേ	മുഖത്തിൽ	ശുഭാനി	മേന്മയേറിയ
ചിത്രം	നല്ല പ്രകാശത്തോടുകൂടിയതും	ആഭരണാനി ച	ആഭരണങ്ങളേയും
ശുഭം	ഭംഗിയേറിയതും	കാരയിഷ്യാമി.	ഞാൻ അണിയിക്കുന്നുണ്ട്.

പരിധായ ശുഭേ വസ്ത്രേ ദേവതേവ ചരിഷ്യസി. 50

"ശുഭേ	"നല്ല	ദേവതാ	ഒരു ദേവി
വസ്ത്രേ	വസ്ത്രങ്ങൾ	ഇവ	എന്നപോലെ
പരിധായ,	ചുററിക്കൊണ്ടു്,	ചരിഷ്യസി.	നീ ലാത്തുവാൻ പോകുന്നു.

ചന്ദ്രമാഹ്വയമാനേന മുഖേനാപ്രതിമാനനാ
ഗമിഷ്യസി ഗതിം മുഖ്യാം ഗൎവ്വയന്തീ ദ്വിഷജ്ജനം. 51

"ചന്ദ്രം	"ചന്ദ്രനെ	ഗൎവ്വയന്തീ	ദുഃഖപ്പെടുത്തിക്കൊണ്ടു്
ആഹ്വയമാനേന	പോൎക്കുവിളിക്കുന്ന	മുഖ്യാം	ജനങ്ങളെ പുല്ലുപോലെ ഗണിക്കുന്ന
മുഖേന	മുഖത്തോടെ	ഗതിം	നടയോടുംകൂടി
അപ്രതിമാനനാ	നിസ്തുല്യമായമുഖമാൎന്നവളായി	ഗമിഷ്യസി.	നീ നടക്കാറാകും.
ദ്വിഷജ്ജനം	സപത്നിമാരുടെ പരിജനങ്ങളെ		

തവാപി കുബ്ജാഃ കുബ്ജായാഃ സൎവ്വാഭരണഭൂഷിതാഃ
പാദൌ പരിചരിഷ്യന്തി യഥൈവ ത്വം സദാ മമ. 52

"മമ	"എനിക്ക്	സൎവ്വാഭരണഭൂഷിതാഃ	പല പണ്ടങ്ങളും അണിഞ്ഞവരായ
ത്വം	നീ	കുബ്ജാഃ	കൂനികൾ
യഥാ ഏവ	എപ്രകാരമൊ അപ്രകാരംതന്നെ	സദാ	എല്ലായ്പോഴും
കുബ്ജായാഃ	കൂനിയായ	പാദൌ പരിചരിഷ്യന്തി."	കാൽ കുമ്പിട്ടു് പരിചാരകവൃത്തിചെയ്യും."
തവ അപി,	നിനക്കും		

ഇതി പ്രശസ്യമാനാ സാ കൈകേയീമിദമബ്രവീത്
ശയാനാം ശയനേ ശുഭ്രേ വേദ്യാമഗ്നിശിഖാമിവ. 53

ഇതി	ഇപ്രകാരം
പ്രശസ്യമാനാ	പുകഴ്ത്തപ്പെട്ടവളായ
സാ,	ആ കൂനി,
ശുഭ്രേ	നിൎമ്മലമായ
ശയനേ,	ശയനത്തിൽ
വേദ്യാം,	വിവാഹവേദിയിൽ,

അഗ്നിശിഖാം	അഗ്നിജ്വാല
ഇവ,	എന്നപോലെ, [വളായ
ശയാനാം	ശയിച്ചുകൊണ്ടിരുന്ന
കൈകേയീം	കൈകേയിയെ നോക്കി
ഇദം	ഇപ്രകാരം
അബ്രവീത്.	പറഞ്ഞു.

ഗതോദകേ സേതുബന്ധോ ന കല്യാണി വിധീയതേ
ഉത്തിഷ്ഠ കുരു കല്യാണം രാജാനമനുദൎശയ. 54

"കല്യാണി!	ഉത്തമേ! [ശ്രേഷ്ഠം
ഗതോദകേ	വെള്ളം ഒഴിഞ്ഞുപോയ
സേതുബന്ധഃ	അണകെട്ടുന്നതു
വിധീയതേ ന;	വ്യൎത്ഥംതന്നെ;
ഉത്തിഷ്ഠ;	എഴുന്നേല്ക്കുക;

കല്യാണം	നല്ല കാൎയ്യത്തെ
കുരു;	ചെയ്തു പൂൎത്തിയാക്കുക;
രാജാനം	മഹാരാജാവിനെ
അനുദൎശയ."	കാത്തുകൊണ്ടിരിക്കുക."

തഥാ പ്രോത്സാഹിതാ ദേവീ ഗത്വാ മന്ഥരയാ സഹ
ക്രോധാഗാരം വിശാലാക്ഷീ സൌഭാഗ്യമദഗൎവ്വിതാ 55
അനേകശതസാഹസ്രം മുക്താഹാരം വരാംഗനാ
അവമുച്യ മഹാൎഹാണി ശുഭാന്യാഭരണാനി ച 56
തതോ ഹേമോപമാ തത്ര കുബ്ജാവാക്യവശം ഗതാ
സംവിശ്യ ഭൂമൌ കൈകേയീ മന്ഥരാമിദമബ്രവീത്. 57

തതഃ	അപ്പോൾ
തഥാ	അപ്രകാരം
പ്രോത്സാഹിതാ	ഉത്സാഹപ്പെടുത്തപ്പെട്ടവളും,
സൌഭാഗ്യമദഗൎവ്വിതാ,	സൌഭാഗ്യംകൊണ്ടുള്ള മദത്താൽ ഗൎവ്വംപൂണ്ടവളും,
വിശാലാക്ഷീ	അതിപ്രസിദ്ധയും
വരാംഗനാ	സൌന്ദൎയ്യവതിയും
ദേവീ ച	രാജ്ഞിയും ആയ
കൈകേയീ,	ആ കൈകേയീദേവി
കുബ്ജാവാക്യവശം ഗതാ,	കൂനിയുടെ ദുരുപദേശത്തിന്നു കീഴടങ്ങിയവളായി
ക്രോധാഗാരം	കോപഗൃഹത്തിൽ

മന്ഥരയാ സഹ	മന്ഥരയോടുംകൂടി
ഗത്വാ,	പ്രവേശിച്ച്,
അനേകശതസാഹസ്രം	എത്രയോ വിലപിടിച്ച
മുക്താഹാരം	മുത്തുമാലയേയും
മഹാൎഹാണി	വിലയേറിയവയും
ശുഭാനി	അഴകാൎന്നവയുമായ
ആഭരണാനി	ആഭരണങ്ങളേയും
അവമുച്യ	അഴിച്ചെറിഞ്ഞ്
തത്ര	അവിടെ
ഭൂമൌ	വെറുംനിലത്ത്
ഹേമോപമാ	ഒരു സ്വൎണ്ണപ്പാവപോ[ലെ
സംവിശ്യ	കിടന്നുകൊണ്ട്
മന്ഥരാം	മന്ഥരയെനോക്കി
ഇദം അബ്രവീത്.	ഇങ്ങിനെ ഉരചെയ്തു.

ഇഹ വാ മാം മൃതാം കുബ്ജേ നൃപായാവേദയിഷ്യസി
വനം വാ രാഘവേ പ്രാപ്തേ ഭരതഃ പ്രാപ്സ്യതി ക്ഷിതിം. 58

"രാഘവേ	"രാമൻ	കുബ്ജേ!	അല്ലേ കൂനി!
വനം	കാട്ടിലേക്കു	ഇഹ	ഇവിടെത്തന്നെ
പ്രാപ്തേ വാ	പോയെന്നാൽ	മാം	എന്നെ
ഭരതഃ	ഭരതൻ	മൃതാം	മരണമടഞ്ഞവളായി
ക്ഷിതിം	രാജ്യത്തെ	നൃപായ	മഹാരാജാവിനോടു
പ്രാപ്സ്യതി;	പ്രാപിക്കും;	ആവേദ-	നീ ചെന്നറിയിക്കാ
വാ,	അതില്ലെന്നാൽ,	യിഷ്യസി.	റാകും.

ന സുവർണ്ണേന മേ ഹ്യർത്ഥോ ന രത്നൈർന്ന ച ഭോജനൈഃ
ഏഷ മേ ജീവിതസ്യാന്തോ രാമോ യദ്യഭിഷിച്യതേ. 59

"മേ	"എനിക്കു	ന;	ഇല്ല;
സുവർണ്ണേന	സ്വർണ്ണംകൊണ്ടും	രാമഃ	രാമൻ
അർത്ഥഃ ന;	അഭീഷ്ടം സാധിച്ചതാ	അഭിഷിച്യതേ	അഭിഷേകം ചെയ്യപ്പെ
	യിരിക്കയില്ല;	യദി,	എങ്കിൽ, [ടുന്നു
രത്നൈഃ	രത്നങ്ങളെക്കൊണ്ടും	ഏഷഃ ഹി	ഇതുതന്നെ
ന;	ആകയില്ല;	മേ ജീവിതസ്യ	എന്റെ പ്രാണന്നു
ഭോജനൈഃ ച	ഭോജനങ്ങൾകൊണ്ടും	അന്തഃ."	അവസാനം."

അഥോ പുനസ്താം മഹിഷീം മഹീക്ഷിതഃ
വചോഭിരത്യർത്ഥമഹാപരാക്രമൈഃ
ഉവാച കുബ്ജാ ഭരതസ്യ മാതരം
ഹിതം വചോ രാമമുപേത്യ ചാഹിതം. 60

അഥോ	ആ സമയത്തിലും	അഹിതം	അഹിതത്തെ
കുബ്ജാ,	കൂനി,	ഉപേത്യ	ഉദ്ദേശിച്ചു,
മഹീക്ഷിതഃ	മഹാരാജാവിന്റെ	അത്യർത്ഥമഹാ-	അതിസാഹസകൃത്യങ്ങ
മഹിഷീം	പത്നിയും	പരാക്രമൈഃ	ളെ ഉപദേശിക്കുന്നവയാ
ഭരതസ്യ	ഭരതന്റെ	വചോഭിഃ,	വാക്കുകളെക്കൊണ്ടു [യ
മാതരം ച	മാതാവും ആയ	ഹിതം	സമയത്തിന്നു തക്ക
താം,	ആ കൈകേയീദേവി	വചഃ	ഈ വാക്യത്തെ [തായ
	യോടായി,	പുനഃ	വീണ്ടും
രാമം	ശ്രീരാമന്നു	ഉവാച.	ഉപദേശിച്ചു.

പ്രപത്സ്യതേ രാജ്യമിദം ഹി രാഘവോ
യദി ധ്രുവം ത്വം സസുതാ ച തപ്സ്യസേ
അതോ ഹി കല്യാണി യതസ്വ തത്തഥാ
യഥാ സുതസ്തേ ഭരതോഽഭിഷേക്ഷ്യതേ. 61

"കല്യാണി!	"ഉത്തമയായവളേ!	അതഃ,	അതുകൊണ്ടു്,
രാഘവഃ	രാമൻ	യഥാ ഹി	എപ്രകാരമായാൽ
ഇദം രാജ്യം	ഈ രാജ്യത്തെ	തേ	നിന്തിരുവടിയുടെ
പ്രപത്സ്യതേ- യദി,	പ്രാപിച്ചാൽ,	സുതഃ	പുത്രനായ
		ഭരതഃ	ഭരതൻ
ത്വം	ഭവതി	അഭിഷേക്ഷ്യതേ	പട്ടംചൂടുമൊ
സസുതാ ച	പുത്രനോടുകൂടി	തഥാ ഹി	അപ്രകാരംതന്നെ
ധ്രുവം	നിശ്ചയമായും	തത്	അക്കാൎയ്യം [ണ്ടതാണു്."
തപ്സ്യസേ;	ദുഃഖിക്കാറാകും ;	യതസ്വ."	ചെയ്തുപൂൎത്തിയാക്കേ-

തഥാതിവിദ്ധാ മഹിഷീ തു കുബ്ജയാ
സമാഹതാ വാഗിഷുഭിൎമ്മുഹുൎമ്മുഹുഃ
നിധായ ഹസ്തൌ ഹൃദയേഽതിവിസ്മിതാ
ശശംസ കുബ്ജാം കുപിതാം പുനഃ പുനഃ. 62

മഹിഷീ	മഹാരാജ്ഞി,	പുനഃ	മുമ്പത്തിലെക്കാളും
തു	ഈ വിഷയത്തിൽ	അതിവിസ്മിതാ,	അധികം സ്വബുദ്ധി യററുപോയവളായി,
തഥാ	അപ്രകാരം		
കുബ്ജയാ	കൂനിയാൽ	ഹൃദയേ	നെഞ്ഞത്തു
വാഗിഷുഭിഃ	ക്രൂരമ്പൊത്ത വാക്കുകളാൽ	ഹസ്തൌ	ഇരുകൈകളും
		നിധായ,	വെച്ചുകൊണ്ടു്,
അതിവിദ്ധാ,	ദുഃഖിപ്പിക്കപ്പെട്ടവളായി,	കുപിതാം	കോപാവേശംപൂണ്ട
മുഹുൎമ്മുഹുഃ	നന്നായി	കുബ്ജാം	കൂനിയോടായി
സമാഹതാ,	നെഞ്ഞിൽ തറയ്ക്കപ്പെട്ടവളായി,	പുനഃ	വീണ്ടും
		ശശംസ.	ഇപ്രകാരം ഉരചെയ്തു.

യമസ്യ വാ മാം വിഷയം ഗതാമിതോ
നിശാമ്യ കുബ്ജേ പ്രതിവേദയിഷ്യസി
വനം ഗതേ വാ സുചിരായ രാഘവേ
സമൃദ്ധകാമോ ഭരതോ ഭവിഷ്യതി. 63

"കുബ്ജേ!	"ക്രൂരി!	വാ	അതില്ലെന്നാൽ
രാഘവ	രാമൻ	മാം ഇതഃ	എന്നെ ഇവിടെനിന്നും
സുചിരായ	ഏറെക്കാലം	യമസ്യ	യമധർമ്മരാജാവിന്റെ
വനം	കാട്ടിലേക്കു	വിഷയം	ലോകത്തിലേക്ക്
ഗതേ വാ	പൊയ്ക്കളയുന്നുവെ	ഗതാം	പോയവളായി
ഭരതഃ	ഭരതൻ [ങ്കിൽ	നിശാമ്യ	കണ്ട്,
സമൃദ്ധകാമഃ	തന്റെ ഇഷ്ടങ്ങൾ പൂർത്തിയായവനായി	പ്രതിവേദയിഷ്യതി.	നീ (അദ്ദേഹത്തോട് വിവരം) അറിയിക്കുമാറാകും.
ഭവിഷ്യതി;	വിളങ്ങും;		

അഹം ഹി നൈവാസ്തരണാനി ന സ്രജഃ
ന ചന്ദനം നാഞ്ജനപാനഭോജനം
ന കിഞ്ചിദിച്ഛാമി ന ചേഹ ജീവിതം
ന ചേദിതോ ഗച്ഛതി രാഘവോ വനം. 64

"രാഘവഃ	"രാമൻ	ന;	അണിയുകയില്ല;
ഇതഃ	ഇവിടെനിന്ന്	ചന്ദനം	കുറിക്കൂട്ടും
വനം	കാട്ടിലേക്ക്	ന;	പൂശുകയില്ല;
ഗച്ഛതി ന ചേത്	പോകുന്നില്ലെന്നുവരി	അഞ്ജനപാനഭോജനം	കണ്ണെഴുതുകയാകട്ടെ,
അഹം	ഞാൻ [കിൽ		ഉണ്ണുകയാകട്ടെ, വെ
കിഞ്ചിത് ഹി	ഒന്നുംതന്നെ		ള്ളം കുടിക്കുകകൂടിയാ
ഇച്ഛാമി ന;	ആഗ്രഹിക്കുകയില്ല;	ന;	ചെയ്കയില്ല; [കട്ടെ
ആസ്തരണാനി ഏവ	ശയനങ്ങളും	ഇഹ	ഈ ലോകത്തിൽ
		ജീവിതം ച	ജീവനോടിരിക്കുക എന്നതുകൂടി
ന;	ആഗ്രഹിക്കയില്ല;		
സ്രജഃ	പൂമാലകളും	ന."	ആശപ്പെടുകയില്ല."

അഥൈതദുക്ത്വാ വചനം സുദാരുണം
നിധായ സർവ്വാഭരണാനി ഭാമിനീ
അസംവൃതാമാസ്തരണേന മേദിനീം
തദാऽധിശിശ്യേ പതിതേവ കിന്നരീ. 65

ഏതത്	ഈ	പതിതാ	പുണ്യമററതായി ഭൂലോകത്തിലേക്കുതള്ളപ്പെട്ട
സുദാരുണം	അതികഠിനമായ	കിന്നരീ	ഒരു കിന്നരിയെ (ദേവസ്ത്രീയെ)
വചനം	വാക്യത്തെ		
ഉക്ത്വാ,	ഉരചെയ്തശേഷം	ഇവ,	പോലെയുള്ളവളായി,
ഭാമിനീ,	സുന്ദരിയായ അവൾ	ആസ്തരണേന	വിരിപ്പുകൊണ്ട്
അഥ	അതിൽപിന്നെ	അസംവൃതാം	ആവൃതമല്ലാത്ത
സർവ്വാഭരണാനി	ആഭരണങ്ങളെല്ലാം	മേദിനീം	വെറുംനിലത്ത്
		തദാ	ആ സമയം
നിധായ	അഴിച്ചെറിഞ്ഞ്	അധിശിശ്യേ.	കിടന്നു.

ഉദീൎണ്ണസംരംഭതമോവൃതാനനാ
തഥാഽവമുക്തോത്തമമാല്യഭൂഷണാ
നരേന്ദ്രപത്നീ വിമനാ ബഭൂവ സാ
തമോവൃതാ ദ്യൌരിവ മഗ്നതാരകാ. 66

സാ	ആ	അവമുക്തോത്തമമാല്യഭൂഷണാ	ഉത്തമങ്ങളായ മാലകളേയും ആഭരണങ്ങളേയും അഴിച്ചെറിഞ്ഞവളായി
നരേന്ദ്രപത്നീ	മഹാരാജ്ഞി	മഗ്നതാരകാ	കാന്തിയററ നക്ഷത്രങ്ങളോടുകൂടിയ
തഥാ	അപ്രകാരം	തമോവൃതാ	ഇരുട്ടടഞ്ഞ
വിമനാഃ,	(തന്റെ സ്വാഭാവികമായ) സദ്ബുദ്ധിയററവളായി,	ദ്യൌഃ ഇവ	ആകാശംപോലെ
ഉദീൎണ്ണസംരംഭതമോവൃതാനനാ,	അതിയായ കോപമാകുന്ന ഇരുട്ടാൽ മൂടപ്പെട്ട മുഖത്തോടുകൂടിയവളായി,	ബഭൂവ.	വിലസി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ
അയോദ്ധ്യാകാണ്ഡേ
നവമഃ സൎഗ്ഗഃ = ഒമ്പതാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 2751; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 396.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ ശ്രീമദ്രാമായണേ ചതുൎത്ഥേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ

ഇപ്രകാരം പണ്ട് അശ്വമേധമഹായാഗമണ്ഡപത്തിൽ ശ്രീരാമസന്നിധിയിൽവെച്ച് കുശലവന്മാരാൽ 32 ദിവസങ്ങളിലായി ഗാനംചെയ്യപ്പെട്ട ശ്രീരാമായണത്തിൽ നാലാംദിവസം ഗാനംചെയ്ത ശ്ലോകങ്ങളുടെ സംഖ്യ 754.

ദശമഃ സൎഗ്ഗഃ = പത്താംസൎഗ്ഗം.

[കുപിതകൈകേയ്യനുനയയത്നഃ = കുപിതയായ കൈകേയിയെ
സമാധാനിപ്പാൻ ശ്രമിക്കുന്നത്.]

വിദൎശിതാ യദാ ദേവീ കുബ്ജയാ പാപയാ ഭൃശം
തദാ ശേതേ സ്മ സാ ഭൂമൌ ദിഗ്ധവിദ്ധേവ കിന്നരീ. 1

പാപയാ	പാപിഷ്ഠയായ	സാ	അവൾ
കുബ്ജയാ	കൂനിയാൽ	ദിഗ്ധവിദ്ധാ	വിഷംതേച്ച ബാണത്താൽ തറെക്കപ്പെട്ട
ദേവീ,	രാജ്ഞിയായ കൈ[കേയി,	കിന്നരീ ഇവ.	കിന്നരിപ്പക്ഷിയെന്നപോലെ
ഭൃശം	ഏററവും	ഭൂമൌ	നിലത്തു
വിദൎശിതാ;	വിപരീതമായ് പ്രേരണ ചെയ്യപ്പെട്ടവളല്ലൊ;	ശേതേ സ്മ.	കിടന്നരുളിരുന്നു കഷ്ടം!
യദാ തദാ	ആ സമയം മുതല്ക്കു തന്നെ		

നിശ്ചിത്യ മനസാ കൃത്യം സാ സമ്യഗിതി ഭാമിനീ
മന്ഥരായൈ ശനൈഃ സൎവ്വമാചചക്ഷേ വിചക്ഷണാ. 2

ഭാമിനീ	രോഷം പൂണ്ടവളും	"സൎവ്വം	"എല്ലാം
വിചക്ഷണാ	സൂക്ഷ്മദൃഷ്ടിയുള്ളവളും	സമ്യക്,"	വേണ്ടപോലെ,"
സാ	അവൾ [ആയ	ഇതി	എന്നു
കൃത്യം	താൻ ചെയ്യേണ്ടതിനെ	മന്ഥരായൈ	മന്ഥരയോടായി,
മനസാ	മനസ്സിനുള്ളിൽ	ശനൈഃ	പതുക്കെ
നിശ്ചിത്യ,	ആലോചിച്ചുറച്ച്	ആചചക്ഷേ.	ഉരചെയ്തു.

സാ ദീനാ നിശ്ചയം കൃത്വാ മന്ഥരാവാക്യമോഹിതാ
നാഗകന്യേവ നിശ്വസ്യ ദീൎഘമുഷ്ണം ച ഭാമിനീ
മുഹൂൎത്തം ചിന്തയാമാസ മാൎഗ്ഗമാത്മസുഖാവഹം. 3

ഭാമിനീ	രോഷയുക്തയായ	നാഗകന്യാ	നാഗകന്യക
സാ,	അവൾ	ഇവ	എന്നപോലെ
മന്ഥരാവാക്യമോഹിതാ	മന്ഥരയുടെ ഉപദേശത്തിന്നു അധീനപ്പെട്ടവളായി	ഉഷ്ണം	ചുടുചുടെ
നിശ്ചയം കൃത്വാ	ഒരു നിശ്ചയത്തിൽ [എത്തി,	ദീൎഘം നിശ്വസ്യ,	നെടുവീൎപ്പിട്ടു,
ച	എങ്കിലും,	ആത്മസുഖാവഹം	തനിക്ക് ഏററതായ
ദീനാ,	തന്റെ മനഃസാക്ഷിക്കു വിരോധമാകയാൽ മനസ്സിൽ മൌഢ്യത്തോടുകൂടിയവളായി,	മാൎഗ്ഗം	ഉപായത്തെപ്പററി
		മുഹൂൎത്തം	അല്പനേരം
		ചിന്തയാമാസ.	ആലോചിച്ചു.

സാ സുഹൃച്ചാൎത്ഥകാമാ ച തം നിശമ്യ സുനിശ്ചയം
ബഭൂവ പരമപ്രീതാ സിദ്ധിം പ്രാപ്യേവ മന്ഥരാ. 4

സുഹൃച്ച	(കൈകേയിയെക്കുറി	സുനിശ്ചയം	ദൃഢനിശ്ചയത്തെ
	ച്ച്) പ്രിയമുള്ളവളും	നിശമ്യ,	കേട്ട്,
അൎത്ഥകാമാ }	തന്റെ നന്മയിൽ	സിദ്ധിം	കാൎയ്യസാദ്ധ്യം
ച }	തന്നെ നോട്ടമുള്ളവ	പ്രാപ്യ ഇവ	കൈവന്നതുപോലെ
സാ മന്ഥരാ,	ആ മന്ഥര, [ളും ആയ	പരമപ്രീതാ	സന്തോഷം പൂണ്ടവ
തം	ആ	ബഭൂവ.	ഭവിച്ചു. [ളായി

അഥ സാ രുഷിതാ ദേവീ സമ്യക് കൃത്വാ സുനിശ്ചയം
സംവിവേശാബലാ ഭൂമൌ നിവേശ്യ ഭ്രുകുടീം മുഖേ. 5

സാ	ആ	അബലാ,	ഒരു സാധാരണ സ്ത്രീയാ
ദേവീ അഥ	രാജ്ഞിയും,	ഭ്രുകുടീം	പുരികക്കൊടിയെ [യി,
സുനിശ്ചയം	ദൃഢനിശ്ചയത്തെ	മുഖേ	നെററിയിൽ
സമ്യക്	നല്ലപോലെ	നിവേശ്യ,	ചുളുക്കിക്കൊണ്ട്,
കൃത്വാ,	ചെയ്ത്, [കയറിയ	ഭൂമൌ	വെറും നിലത്ത്
രുഷിതാ	കോപംതലയിൽ-	സംവിവേശ.	കിടന്നുകൊണ്ടിരുന്നു.

തതശ്ചിത്രാണി മാല്യാനി ദിവ്യാന്യാഭരണാനി ച
അപവിദ്ധാനി കൈകേയ്യാ താനി ഭൂമിം പ്രപേദിരേ. 6

കൈകേയ്യാ	കൈകേയീ ദേവിയുടെ	ദിവ്യാനി	ഉത്തമങ്ങളായ
അപവിദ്ധാനി	അഴിച്ചെറിയപ്പെട്ട	ആഭരണാനി ച,	ആഭരണങ്ങളും,
താനി	ആ	തതഃ	ആ സമയം
ചിത്രാണി	പല വിശേഷപ്പെട്ട	ഭൂമിം	നിലത്ത്
മാല്യാനി	മാലകളും,	പ്രപേദിരേ.	ചിതറിക്കിടന്നിരുന്നു.

തയാ താന്യപവിദ്ധാനി മാല്യാന്യാഭരണാനി ച
അശോഭയന്ത വസുധാം നക്ഷത്രാണി യഥാ നഭഃ. 7

തയാ	അവളാൽ	നഭഃ	ആകാശത്തെ
അപവിദ്ധാനി	അഴിച്ചെറിയപ്പെട്ട	നക്ഷത്രാണി	നക്ഷത്രങ്ങൾ
താനി	ആ	യഥാ	എന്നപോലെ
മാല്യാനി	മാലകളും	വസുധാം	നിലത്തെ
ആഭരണാനി ച	ആഭരണങ്ങളും	അശോഭയന്ത.	പ്രകാശിപ്പിച്ചു.

ക്രോധാഗാരേ നിപതിതാ സാ ബഭൌ മലിനാംബരാ
ഏകവേണിം ദൃഢം ബദ്ധ്വാ ഗതസത്വേവ കിന്നരീ. 8

ക്രോധാഗാരേ	കോപഗൃഹത്തിൽ	നിപതിതാ	വീണുകിടന്നിരുന്ന
മലിനാംബരാ,	മുഷിഞ്ഞവസ്ത്രം ധരി	സാ	അവൾ [പോയ
	ച്ചവളായി,	ഗതസത്വാ	പുണ്യഫലം തീൎന്നു-
ഏകവേണിം	തലമുടി ഒററക്കെട്ടായി	കിന്നരീ ഇവ	ദേവസ്ത്രീയെപ്പോലെ
ദൃഢം ബദ്ധ്വാ,	മുറുകെ കെട്ടിക്കൊണ്ട്,	ബഭൌ.	വിളങ്ങി.

ആജ്ഞാപ്യ തു മഹാരാജഃ രാഘവസ്യാഭിഷേചനം
ഉപസ്ഥാനമനുജ്ഞാപ്യ പ്രവിവേശ നിവേശനം. 9

മഹാരാജഃ തു,	മഹാരാജാവാകട്ടെ,	ഉപസ്ഥാനം	സദസ്സിനെ പിരിവാൻ
രാഘവസ്യ	ശ്രീരാമന്റെ	അനുജ്ഞാപ്യ	ഉത്തരവാക്കിയശേഷം
അഭിഷേചനം	പട്ടാഭിഷേകത്തെ	നിവേശനം	അരമനയിൽ
ആജ്ഞാപ്യ,	ആജ്ഞാപിച്ച് [പ്പാററി	പ്രവിവേശ.	പ്രവേശിച്ചു.

അദ്യ രാമാഭിഷേകോ വൈ പ്രസിദ്ധ ഇതി ജജ്ഞിവാൻ
പ്രിയാൎഹാം പ്രിയമാഖ്യാതും വിവേശാന്തഃപുരം വശീ. 10

വശീ,	മഹാരാജാവ്	ജജ്ഞിവാൻ	വിചാരിച്ചുംകൊണ്ട്
"രാമാഭിഷേകഃ	"ശ്രീരാമപട്ടാഭിഷേക സംഗതി	പ്രിയാൎഹാം	തന്റെ പ്രേമപാത്രമായ കൈകേയിയോട്
അദ്യ വൈ	ഇപ്പോൾമാത്രമാണല്ലൊ	പ്രിയം	ആ പ്രിയവൎത്തമാന
		ആഖ്യാതും	അറിയിപ്പാനായി [ത്തെ
പ്രസിദ്ധഃ,"	പ്രസിദ്ധപ്പെടുത്തപ്പെ	അന്തഃപുരം	അന്തഃപുരത്തിലേക്ക്
ഇതി	എന്ന് [ട്ടതു്,"	വിവേശ.	എഴുന്നെള്ളി.

സ കൈകേയ്യാ ഗൃഹം ശ്രേഷ്ഠം പ്രവിവേശ മഹായശാഃ
പാണ്ഡുരാഭ്രമിവാകാശം രാഹുയുക്തം നിശാകരഃ 11
ശുകബൎഹിണസംയുക്തം ക്രൌഞ്ചഹംസരുതായുതം
വാദിത്രരവസംഘുഷ്ടം കുബ്ജാവാമനികായുതം 12
ലതാഗൃഹൈശ്ചിത്രഗൃഹൈശ്ചമ്പകാശോകശോഭിതൈഃ
ദാന്തരാജതസൌവൎണ്ണവേദികാഭിഃ സമായുതം 13
നിത്യപുഷ്പഫലൈൎവൃക്ഷൈഃ വാപീഭിശ്ചോപശോഭിതം
ദാന്തരാജതസൌവൎണ്ണൈഃ സംവൃതം പരമാസനൈഃ 14
വിവിധൈരന്നപാനൈശ്ച ഭക്ഷ്യൈശ്ച വിവിധൈരപി
ഉപപന്നം മഹാൎഹൈശ്ച ഭൂഷണൈസ്ത്രിദിവോപമം. 15

മഹായശാഃ	അതികീൎത്തിശാലിയായ	കുബ്ജാവാമനികായുതം	കൂനികളും, കുള്ളികളും നിറഞ്ഞതും,
സഃ,	അദ്ദേഹം		
ശുകബൎഹിണസംയുക്തം	കിളികളും, മയിലുകളും നിറഞ്ഞു് ശോഭിക്കുന്നതും,	ചമ്പകാശോകശോഭിതൈഃ	ചമ്പകം, അശോകം എന്നിവയാൽ ശോഭിക്കപ്പെട്ട
ക്രൌഞ്ചഹംസരുതായുതം,	ക്രൌഞ്ചങ്ങളുടെയും, ഹംസങ്ങളുടെയും ശബ്ദങ്ങൾ നിറഞ്ഞു് വിളങ്ങുന്നതും,	ലതാഗൃഹൈഃ	വള്ളിക്കുടിലുകളാലും,
		ചിത്രഗൃഹൈഃ	ചിത്രവാടങ്ങളാലും
വാദിത്രരവസംഘുഷ്ടം,	അനേകവിധവാദ്യങ്ങളുടെ ശബ്ദത്തോടുകൂടിയതും,	ദാന്തരാജതസൌവൎണ്ണവേദികാഭിഃ	ദന്തംകൊണ്ടും, വെള്ളികൊണ്ടും, സ്വൎണ്ണംകൊണ്ടും നിൎമ്മിക്കപ്പെട്ട മേടകളാലും
		സമായുതം,	നിറയപ്പെട്ടതും,

നിത്യപുഷ്പ-ഫലൈഃ	എല്ലാകാലങ്ങളിലും പൂക്കുന്നവയും കായ്ക്കുന്നവയുമായ
വൃക്ഷൈഃ	വൃക്ഷങ്ങളാലും
വാപീഭിഃ ച	കുളങ്ങളാലും
ഉപശോഭിതം,	നിറയപ്പെട്ടതും,
ദാന്തരാജത-സൌവർണ്ണൈഃ	ദന്തം, വെള്ളി, സ്വർണ്ണം എന്നവകൊണ്ടുണ്ടാക്കപ്പെട്ട
പരമാസനൈഃ	വിശേഷപ്പെട്ട ആസനങ്ങളാൽ
സംവൃതം ച,	നിറയപ്പെട്ടതും
വിവിധൈഃ	പലമാതിരിയായ
അന്നപാനൈഃ	അന്നപാനങ്ങളെക്കൊണ്ടും
വിവിധൈഃ	പലപല
ഭക്ഷ്യൈഃ,	ഭക്ഷ്യങ്ങളെക്കൊണ്ടും
മഹാർഹൈഃ	വിലയേറിയ
ഭൂഷണൈഃ ച	അലങ്കാരങ്ങളെക്കൊണ്ടും
ഉപപന്നം അപി	നിറയപ്പെട്ടതും
ത്രിദിവോപമം	സ്വർഗ്ഗതുല്യമായി
ശ്രേഷ്ഠം ച	അത്യുത്കൃഷ്ടമായതുമായ
കൈകേയ്യാഃ	കൈകേയിയുടെ
ഗൃഹം,	അരമനയിൽ,
പാണ്ഡുരാഭ്രം	വെള്ളക്കാർ നിറഞ്ഞതും
രാഹുയുക്തം	രാഹുവോടു കൂടിയതും
ആകാശം	ആകാശത്തിൽ ആയ
നിശാകരഃ	ചന്ദ്രൻ
ഇവ	എന്നവണ്ണം,
പ്രവിവേശ.	പ്രവേശിച്ചു.

തത് പ്രവിശ്യ മഹാരാജഃ സ്വമന്തഃപുരമൃദ്ധിമത്
ന ദദർശ പ്രിയാം ഭാര്യാം കൈകേയീം ശയനോത്തമേ. 16

മഹാരാജഃ	മഹാരാജാവ്,
തത് ഋദ്ധിമത്	ആ സർവ്വസമൃദ്ധിയാർന്ന
സ്വം	തന്റെ
അന്തഃപുരം	അന്തഃപുരത്തിൽ
പ്രവിശ്യ,	പ്രവേശിച്ച സമയം,
ശയനോത്തമേ	ശ്രേഷ്ഠമായ തന്റെ ശയനത്തിൽ
പ്രിയാം ഭാര്യാം	പ്രിയ ഭാര്യയായ
കൈകേയീം	കൈകേയിയെ
ദദർശ ന.	കണ്ടില്ല.

സ കാമബലസംയുക്തോ രത്യർത്ഥീ മനുജാധിപഃ
അപശ്യൻ ദയിതാം ഭാര്യാം പപ്രച്ഛ വിഷസാദ ച 17

കാമബല-സംയുക്തഃ	ഏററം പ്രേമത്തെ വെച്ചിരുന്നവനായ
മനുജാധിപഃ,	മഹാരാജാവ്,
ദയിതാം	പ്രിയപ്പെട്ട
ഭാര്യാം	ഭാര്യയെ
അപശ്യൻ	കാണാത്തവനായി,
വിഷസാദ;	ദുഃഖിച്ചു;
സഃ	അദ്ദേഹം
രത്യർത്ഥീ ച	പ്രിയപ്പെട്ട അവളെക്കുറിച്ച് അന്വേഷിക്കുന്നവനായി
പപ്രച്ഛ.	ചോദിച്ചു.

ന ഹി തസ്യ പുരാ ദേവീ താം വേലാമത്യവർത്തത
ന ച രാജാ ഗൃഹം ശൂന്യം പ്രവിവേശ കദാചന. 18

ഹി	എന്തെന്നാൽ,
രാജാ	മഹാരാജാവ്
കദാചന ച	ഒരിക്കലെങ്കിലും
ഗൃഹം	അന്തഃപുരത്തിൽ
ശൂന്യം	(രാജ്ഞി) ഇല്ലാതിരുന്ന സമയം
പ്രവിവേശ ന;	പ്രവേശിക്കയുണ്ടായിട്ടില്ല;
പുരാ	ഇതിന്നുമുമ്പ്
തസ്യ	അദ്ദേഹത്തിന്റെ
ദേവീ	മഹിഷി
താം വേലാം	ആ സമയത്തിൽ
അത്യവർത്തത ന.	ഇല്ലാതിരുന്നിട്ടുമില്ല.

തതോ ഗൃഹഗതോ രാജാ കൈകേയീം പര്യ്യപൃച്ഛത
യഥാപുരമവിജ്ഞായ സ്വാത്മലിപ്സുമപണ്ഡിതാം. 19

ഗൃഹഗതഃ	അരമനയിൽ എഴുന്നെള്ളിയ
രാജാ,	മഹാരാജാവു്,
കൈകേയീം	കൈകേയിയെ
തതഃ,	ആ സമയം,
സ്വാത്മലിപ്സും,	സ്വാത്മത്തിൽതന്നെ മനസ്സുവെച്ചവളായും,
അപണ്ഡിതാം	മൂഢകൃത്യത്തിലിറങ്ങിയിരിക്കുന്നവളായും
അവിജ്ഞായ,	ഗ്രഹിക്കാതെ,
യഥാപുരം	പതിവുപോലെ
പര്യ്യപൃച്ഛത.	അന്വേഷിച്ചു.

പ്രതിഹാരീ ത്വഥോവാച സംത്രസ്താ സകൃതാഞ്ജലിഃ
ദേവ ദേവീ ഭൃശം ക്രുദ്ധാ ക്രോധാഗാരമഭിദ്രുതാ. 20

പ്രതിഹാരീ	കാവൽക്കാരി
സംത്രസ്താ,	ഏററം ഭയപ്പെട്ടവളായി
സകൃതാഞ്ജലിഃ,	കൈകൂപ്പിക്കൊണ്ടു്,
തു	അക്കാൎയ്യത്തെപ്പററി
അഥ	ഇപ്രകാരം
ഉവാച;	തിരുമനസ്സറിയിച്ചു;
"ദേവ!	"മഹാരാജാവേ!
ദേവീ,	രാജ്ഞി,
ഭൃശം ക്രുദ്ധാ	ഏറെ കോപം പൂണ്ടവളായി
ക്രോധാഗാരം	കോപഗൃഹത്തിൽ
അഭിദ്രുതാ"	പ്രവേശിച്ചിരിക്കയാകുന്നു."

പ്രതിഹാൎയ്യാ വചഃ ശ്രുത്വാ രാജാ പരമദുൎമ്മനാഃ
വിഷസാദ പുനൎഭൂയോ ലുളിതവ്യാകുലേന്ദ്രിയഃ. 21

രാജാ	മഹാരാജാവു്
പ്രതിഹാൎയ്യാഃ	കാവൽകാക്കുന്നവളുടെ
വചഃ ശ്രുത്വാ,	വാക്കു കേട്ടു്,
പുനഃ ഭൂയഃ	മുമ്പിലേക്കാളധികം
പരമദുൎമ്മനാഃ,	ഏററവും മനോവേദനയോടുകൂടിയവനായി
ലുളിതവ്യാകുലേന്ദ്രിയഃ	ഇന്ദ്രിയങ്ങളെല്ലാം അതാതിൻെറ പ്രവൃത്തികളെ ചെയ്വാൻ കഴിയാതെ ഉഴലുന്നവനായി
വിഷസാദ.	വിഷാദിച്ചു.

തത്ര താം പതിതാം ഭൂമൌ ശയാനാമതഥോചിതാം
പ്രതപ്ത ഇവ ദുഃഖേന സോഽപശ്യജ്ജഗതീപതിഃ. 22

സഃ	ആ
ജഗതീപതിഃ,	ചക്രവൎത്തി,
തത്ര	അവിടെ
ഭൂമൌ	വെറുംനിലത്തു്
പതിതാം	ദേഹത്തെ വെച്ചുകൊണ്ടു്
ശയാനാം	കിടന്നുകൊണ്ടിരിക്കുന്നവളും
അതഥോചിതാം	അതുവരെ ഒരിക്കലുമപ്രകാരം ചെയ്യാതിരുന്നവളുമായ
താം	അവളെ
ദുഃഖേന	ദുഃഖത്താൽ
ഇവ	ഏററം
പ്രതപ്തഃ,	പീഡിക്കപ്പെട്ടവനായി,
അപശ്യത്.	കണ്ടു.

സ വൃദ്ധസ്തരുണീം ഭാൎയ്യാം പ്രാണേഭ്യോഽപി ഗരീയസീം
അപാപഃ പാപസംകല്പാം ദദൎശ ധരണീതലേ 23

ലതാമിവ വിനിഷ്കൃത്താം പതിതാം ദേവതാമിവ
കിന്നരീമിവ നിൎദ്ധൂതാം ച്യുതാമപ്സരസം യഥാ 24

വാമാമിവ പരിഭ്രഷ്ടാം ഹരിണീമിവ സംയതാം
കരേണുമിവ ദിഗ്ധേന വിദ്ധാം മൃഗയുനാ വനേ
മഹാഗജ ഇവാരണ്യേ സ്നേഹാത് പരിമമൎശ താം. 25

സഃ	അദ്ദേഹം
തരുണീം	യൌവനയുക്തയും
പ്രാണേഭ്യഃ അപി	പ്രാണങ്ങളെക്കാളും
ഗരീയസീം	അധികം പ്രിയപ്പെട്ടവളുമായ
ഭാൎയ്യാം,	തന്റെ ഭാൎയ്യയെ
ധരണീതലേ	വെറുംനിലത്തു്
ദദൎശ;	(കിടക്കുന്നതു്) കണ്ടു;
വിനിഷ്കൃത്താം	വേരറുക്കപ്പെട്ട
ലതാം ഇവ,	വള്ളിപോലെയിരിക്കുന്നവളും,
പതിതാം	പുണ്യം ക്ഷയിച്ചതിനാൽ താഴോട്ടുതള്ളപ്പെട്ട
ദേവതാം	ദേവകന്യകയെ
ഇവ,	പോലെയിരിക്കുന്നവളും,
നിൎദ്ധൂതാം	(ബാണമേറ്റു്)തുടിച്ചുകൊണ്ടിരിക്കുന്ന
കിന്നരീം	കിന്നരിപ്പക്ഷിയെ
ഇവ,	പോലെയിരിക്കുന്നവളും
ച്യുതാം	ദേവലോകത്തിൽനിന്നു ഭൂമിയിലേക്കുവീഴ്ത്തപ്പെട്ട
അപ്സരസം	അപ്സരസ്ത്രീയെ
യഥാ,	പോലെയിരിക്കുന്നവളും,

പരിഭ്രഷ്ടാം	ഭ്രഷ്ടു കല്പിക്കപ്പെട്ട
വാമാം	നാരിയെ
ഇവ,	പോലെയിരിക്കുന്നവളും
സംയതാം	വലയിലകപ്പെട്ട
ഹരിണീം	മാൻപേടയെ
ഇവ,	പോലെയിരിക്കുന്നവളും
വനേ	കാട്ടിൽ
മൃഗയുനാ	വേടനാൽ
ദിഗ്ധേന	വിഷം തേക്കപ്പെട്ട ബാണത്താൽ
വിദ്ധാം	എയ്യപ്പെട്ട
കരേണും	പിടിയാനയെ
ഇവ,	പോലെയിരിക്കുന്നവളും
പാപസംകല്പാം	അസഹ്യമായ പ്രവൃത്തി ചെയ്വാൻ നിശ്ചയിച്ചവളുമായ
താം,	അവളെ,
അരണ്യേ	കാട്ടിൽ
മഹാഗജഃ	മദഗജം
ഇവ,	എപ്രകാരമോ അപ്രകാരം,
അപാപഃ	യാതൊരു ദുഷ്കൃത്യവും അറിയാത്ത
വൃദ്ധഃ	ആ വൃദ്ധൻ,
സ്നേഹാത്	സ്നേഹപൂൎവ്വം
പരിമമൎശ.	തലോടി.

[ലത മുതലായ ഉപമകളെക്കൊണ്ടു്, ക്രമത്തിൽ, നിലത്തു തളൎന്നു വീണിരിക്കുന്ന അവസ്ഥ, ആശ്ചൎയ്യത്തെ ഉണ്ടാക്കുന്ന അവസ്ഥ, അനുകമ്പയെ ജനിപ്പിക്കുന്ന അവസ്ഥ, മനസ്സിനെ ഹരിക്കുന്ന അവസ്ഥ, വിളൎത്തുപോയിരിക്കുന്ന അവസ്ഥ, നിശ്ചേഷ്ടാവസ്ഥ, എന്നവ കാണിക്കപ്പെട്ടിരിക്കുന്നു. (ഗോ. രാ.)]

പരിമൃജ്യ ച പാണിഭ്യാമഭിസംത്രസ്തചേതനഃ
കാമീ കമലപത്രാക്ഷീമുവാച വനിതാമിദം. 26

കാമീ,	പത്നിയിൽ ഏററം പ്രിയത്തോടുകൂടിയവനായ അദ്ദേഹം,	പാണിഭ്യാം ച	രണ്ടുകൈകൾകൊണ്ടും
കമലപത്രാക്ഷീം	പത്മദളനേത്രയായ	പരിമൃജ്യ,	തലോടിക്കൊണ്ട്,
വനിതാം	ആ പ്രിയതമയെ	അഭിസംത്രസ്തചേതനഃ	മനശ്ചാഞ്ചല്യത്തോടുകൂടിയവനായി
		ഇദം ഉവാച.	ഇപ്രകാരം ചോദിച്ചു.

ന തേഽഹമഭിജാനാമി ക്രോധമാത്മനി സംശ്രിതം
ദേവി കേനാഭിശപ്താസി കേന വാ ത്വം വിമാനിതാ. 27

"ദേവി!	"ദേവി!	കേന	ഏതൊരുവനാലെങ്കിലും
ആത്മനി	ഭവതിയിൽ	അഭിശപ്താ അസി?	ഭവതി നിന്ദിക്കപ്പെട്ടുവോ?
സംശ്രിതം	വൎത്തിക്കുന്നതായ	ത്വം	ഭവതി
തേ	ഭവതിയുടെ	കേന	ഏതൊരുവനാലെങ്കിലും
ക്രോധം	കോപത്തെപ്പററി	വിമാനിതാ വാ?	ഗണിക്കാതിരിക്കപ്പെട്ടുവൊ?
അഹം	ഞാൻ		
അഭിജാനാമി ന;	ഒന്നും അറിയുന്നില്ല;		

യദൎത്ഥം മമ ദുഃഖായ ശേഷേ കല്യാണി പാംസുഷു. 28

"കല്യാണി!	"ഉത്തമേ!	പാംസുഷു	പൊടിയിൽ,
മമ	എന്റെ	യദൎത്ഥം	എന്തിനുവേണ്ടിയാണ്
ദുഃഖായ	ചിത്തം തപിക്കുമാറ്,	ശേഷേ.	ഭവതി ശയിക്കുന്നത്.

ഭൂമൌ ശേഷേ കിമൎത്ഥം ത്വം മയി കല്യാണചേതസി
ഭൂതോപഹതചിത്തേവ മമ ചിത്തപ്രമാഥിനീ. 29

"മയി	"ഞാൻ	മമ	എന്റെ
കല്യാണചേതസി	സന്തോഷിച്ചുംകൊണ്ടിരിക്കെ,	ചിത്തപ്രമാഥിനീ,	മനസ്സിനെ പീഡിപ്പിക്കുന്നവളായി,
ത്വം	ഭവതി	കിമൎത്ഥം	എന്തിന്നായിട്ടാണ്
ഭൂതോപഹതചിത്താ ഇവ	ഭൂതബാധയേററ ചിത്തത്തോടുകൂടിയവളെന്നപോലെ,	ഭൂമൌ	നിലത്ത്
		ശേഷേ?	ശയിച്ചുകൊണ്ടിരിക്കുന്നത്?

സന്തി മേ കുശലാ വൈദ്യാസ്ത്വഭിതുഷ്ടാശ്ച സൎവ്വശഃ
സുഖിതാം ത്വാം കരിഷ്യന്തി വ്യാധിമാചക്ഷ്വ ഭാമിനി. 30

"മേ	"എങ്കൽ	ഭാമിനി!	സുന്ദരി!
സൎവ്വശഃ	എല്ലാപ്രകാരത്തിലും	വ്യാധിം തു	സുഖക്കേട് ഇന്നതെന്നു
അഭിതുഷ്ടാഃ	പ്രീതിയുള്ളവരും	ആചക്ഷ്വ;	പറഞ്ഞാലും; [ഉടനെ
കുശലാഃ ച	സമൎത്ഥന്മാരുമായ	ത്വാം	ഭവതിയെ
വൈദ്യാഃ	വൈദ്യന്മാർ,	സുഖിതാം കരിഷ്യന്തി.	അവർ വ്യാധിയില്ലാത്തവളാക്കും.
സന്തി;	ഉണ്ട്;		

കസ്യ വാ വിപ്രിയം കാൎയ്യം കേന വാ വിപ്രിയം കൃതം
കഃ പ്രിയം ലഭതാമദ്യ കോ വാ സുമഹദപ്രിയം. 31

"കേന	"ആരാലെങ്കിലും	കഃ	ഏതൊരുവൻ
വിപ്രിയം	കുററം	പ്രിയം	അഭീഷ്ടത്തെയോ
കൃതം വാ?	ചെയ്യപ്പെട്ടുവൊ?	വാ,	അല്ലെന്നാൽ,
കസ്യ	ആൎക്കെങ്കിലും	കഃ	ഏതൊരുവൻ
വിപ്രിയം	ശിക്ഷ	സുമഹത്	കടുതായ
കാൎയ്യം വാ?	നല്കേണമൊ?	അപ്രിയം?	അപ്രിയത്തെയൊ
അദ്യ	ഇപ്പോൾ	ലഭതാം?	ഏല്ക്കേണ്ടത്?

മാ രോദീൎമ്മാ ച കാൎഷീസ്ത്വം ദേഹസംപരിശോഷണം
അവധ്യോ വധ്യതാം കോ വാ വധ്യഃ കോ വാ വിമുച്യതാം. 32

"ത്വം	"ഭവതി	കഃ വാ	എവൻ തന്നേയാണ്
മാ രോദീഃ;	കരയാതിരുന്നാലും;	വധ്യതാം?	വധിക്കപ്പെടേണ്ടത്?
ദേഹസംപരി- ശോഷണം ച	കായക്ലേശവും	വധ്യഃ	വധിക്കപ്പെടേണ്ടവനായ
മാ കാൎഷീഃ;	ചെയ്യാതിരുന്നാലും;	കഃ വാ	ഏവനാണ്
അവധ്യഃ	വധിക്കപ്പെടത്തക്കവനല്ലാത്ത	വിമുച്യതാം?	വിട്ടയക്കപ്പെടേണ്ടത്?

ദരിദ്രഃ കോ ഭവത്വാഢ്യോ ദ്രവ്യവാനപ്യകിഞ്ചനഃ
അഹം ചൈവ മദീയാശ്ച സൎവ്വേ തവ വശാനുഗാഃ. 33

"അഹം ച	"ഞാനും	ആഢ്യഃ	ധനികനായും,
മദീയാഃ	എന്നെച്ചേൎന്നവരായ	അപി വാ	അല്ലെന്നാൽ,
സൎവ്വേ ച,	എല്ലാവരും,	ദ്രവ്യവാൻ	ധനികനായ ഒരുവൻ
തവ	ഭവതിയുടെ	അകിഞ്ചനഃ	ദരിദ്രനായും,
വശാനുഗാഃ ഏവ;	ഇഷ്ടപ്രകാരം നടക്കുന്നവരാണല്ലൊ;	കഃ	ഏവനാണ്
ദരിദ്രഃ	ദരിദ്രനായ ഒരുവൻ	ഭവതു?	ഭവിക്കേണ്ടത്?

ന തേ കിംചിദഭിപ്രായം വ്യാഹന്തുമഹമുത്സഹേ
ആത്മനോ ജീവിതേനാപി ബ്രൂഹി യന്മനസേച്ഛസി. 34

"ആത്മനഃ	"എന്റെ	അഹം	ഞാൻ
ജീവിതേന അപി	ജീവനുവേണ്ടിയുംകൂടി	ഉത്സഹേ ന;	ശ്രമിക്കയില്ല;
തേ	ഭവതിയുടെ	മനസാ	മനസ്സുകൊണ്ട്
അഭിപ്രായം	അഭിപ്രായം	ഇച്ഛസി	ഭവതി ആഗ്രഹിക്കുന്ന
കിംചിത്	ഒന്നെങ്കിലും	യത്	ഏതൊ അതിനെ [ത്
വ്യാഹന്തും	തട്ടിനടപ്പാൻ	ബ്രൂഹി.	അരുൾചെയ്താലും.

ബലമാത്മനി ജാനന്തീ ന മാം ശങ്കിതുമൎഹസി
കരിഷ്യാമി തവ പ്രീതിം സുകൃതേനാപി തേ ശപേ. 35

"ആത്മനി	"ഭവതിയുടെ സംഗതിയിൽ	അൎഹസി ന;	യുക്തമല്ല;
ബലം	(എനിക്കുള്ള) പ്രേമാതിശയത്തെ	തവ	ഭവതിയുടെ
ജാനന്തീ	അറിയുന്നവളായ ഭവ[തി,	പ്രീതിം	അഭീഷ്ടത്തെ
മാം	എന്നെപ്പററി	കരിഷ്യാമി;	ഞാൻ ചെയ്യുന്നുണ്ടു്;
ശങ്കിതും	ശങ്കിക്കുന്നതു്	സുകൃതേന അപി	ഞാൻചെയ്ത പുണ്യ[ത്താണെ
		തേ	ഭവതിയോടു്
		ശപേ.	ഞാൻസത്യംചെയ്യുന്നു.

യാവദാവൎത്തതേ ചക്രം താവതീ മേ വസുന്ധരാ 36
പ്രാചീനാഃ സിന്ധുസൌവീരാഃ സൌരാഷ്ട്രാ ദക്ഷിണാപഥാഃ
വംഗാംഗമഗധാ മത്സ്യാഃ സമൃദ്ധാഃ കാശികോസലാഃ. 37

"യാവത്	"ഏതുദിക്കുവരെ	വംഗാംഗമഗധാഃ	വംഗം, അംഗം, മഗധം എന്ന ദേശങ്ങൾ,
ചക്രം	സൂൎയ്യചക്രം	മത്സ്യാഃ	മത്സ്യദേശങ്ങൾ,
ആവൎത്തതേ	ചുഴലുന്നുവോ	കാശി-കോസലാഃ	കാശി, കോസലം എന്ന ദേശങ്ങൾ, എന്നവ
താവതീ	അത്രത്തോളമുള്ള	സമൃദ്ധാഃ	എല്ലാം
പ്രാചീനാഃ	കിഴക്കരാജ്യങ്ങളും	മേ	എന്റെ അധികാര
സിന്ധു-സൌവീരാഃ	സിന്ധുദേശങ്ങൾ, സൌവീര ദേശങ്ങൾ	വസുംധരാ.	രാജ്യം. [ത്തിൽ പെട്ട
സൌരാഷ്ട്രാഃ	സൌരാഷ്ട്രദേശങ്ങൾ		
ദക്ഷിണാപഥാഃ	തെക്കൻ രാജ്യങ്ങൾ		

തത്ര ജാതം ബഹുദ്രവ്യം ധനധാന്യമജാവികം
തതോ വൃണീഷ്വ കൈകേയി യദ്യത് ത്വം മനസേച്ഛസി. 38

"കൈകേയി!	"കൈകേയി!	മനസാ	മനസ്സിൽ
തത്ര	അവയിൽ	ഇച്ഛസി,	കരുതിയതു്
ബഹുദ്രവ്യം	പല ഉത്തമവസ്തുക്കളും,	തതഃ	അതിൽ
ധനധാന്യം	ധനധാന്യവും,	യത് യത്	ഏതായിരുന്നാലും അതിനെ
അജാവികം	ആട്ടു്, മാട്ടു് എന്നവയും,	വൃണീഷ്വ.	സംശയിക്കാതെ ചോദിച്ചാലും.
ജാതം;	ഉണ്ടു്;		
ത്വം	ഭവതി		

കിമായാസേന തേ ഭീരു ഉത്തിഷ്ഠോത്തിഷ്ഠ ശോഭനേ
തത്ത്വം മേ ബ്രൂഹി കൈകേയി യതസ്തേ ഭയമാഗതം
തത്തേ വ്യപനയിഷ്യാമി നീഹാരമിവ രശ്മിവാൻ. 39

"ഭീരു!	"സങ്കോചപ്പെടുന്നവളെ!	ആഗതം	ഭവിച്ചിട്ടുണ്ടോ
		തത്	അതിനെ
യതഃ	യാതൊന്നുകൊണ്ടു്	ത്വം	ഭവതി
തേ ഭയം	ഭവതിക്കു (ഇപ്രകാരം) മനസ്സിന്നു് കറവു്	മേ ബ്രൂഹി;	എന്നോടു പറഞ്ഞാലും;
		രശ്മിവാൻ	സൂൎയ്യൻ

നീഹാരം	മഞ്ഞിനെ	ഉത്തിഷ്ഠ,	എഴുന്നേല്ക്കുക,
ഇവ	എന്നപോലെ	ഉത്തിഷ്ഠ,	എഴുന്നേല്ക്കുക,
തത്	അതിനെ	കൈകേയി!	കൈകേയി!
തേ	ഭവതിക്ക്	തേ	ഭവതിക്ക്
വ്യപനയിഷ്യാമി;	ഞാൻ നീക്കം ചെയ്യു	ആയാസനം	എന്തിന്നുവേണ്ടിയാണ്
ശോഭനേ!	സുന്ദരി! [നണ്ടു്;	കിം?"	ഈ ദുഃഖം?"

തഥോക്താ സാ സമാശ്വസ്താ വക്തുകാമാ തദപ്രിയം
പരിപീഡയിതും ഭൂയോ ഭൎത്താരമുപചക്രമേ. 40

തത് അപ്രിയം	ആ അനിഷ്ട കാൎയ്യത്തെ തന്നെ	സാ,	അവൾ,
വക്തുകാമാ,	കേൾപ്പിക്കുന്നതിൽ മനസ്സൎപ്പിച്ചുകൊണ്ടിരുന്നവളും,	സമാശ്വസ്താ	മനസ്സിൽ അല്പം ധൈൎയ്യത്തോടു കൂടിയവളായി
		ഭൎത്താരം	ഭൎത്താവിനെ
		ഭൂയഃ	ഇതിലും അധികം
തഥാ	ഇപ്രകാരം	പരിപീഡയിതും	ദുഃഖിപ്പിക്കുന്നതിന്നായി
ഉക്താ	ഉരചെയ്യപ്പെട്ടവളുമായ	ഉപചക്രമേ.	മുതിൎന്നു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ദശമഃ സൎഗ്ഗഃ = പത്താംസൎഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 2791; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 436.

ഏകാദശഃ സൎഗ്ഗഃ = പതിനൊന്നാംസൎഗ്ഗം.

[വരദ്വയനിൎബ്ബന്ധഃ = രണ്ടു വരങ്ങളെ നിൎബ്ബന്ധിക്കുന്നത്.]

തം മന്മഥശരൈൎവ്വിദ്ധം കാമവേഗവശാനുഗം
ഉവാച പൃഥിവീപാലം കൈകേയീ ദാരുണം വചഃ. 1

കൈകേയീ,	കൈകേയി,	തം	ആ
മന്മഥശരൈഃ	മനസ്സിനെ പീഡിപ്പിക്കുന്ന വികാരങ്ങളാകുന്ന ശരങ്ങളാൽ	പൃഥിവീപാലം	ചക്രവൎത്തിയെനോക്കി
വിദ്ധം	ഇളകിയ ചിത്തത്തോടു കൂടിയവനും	ദാരുണം	മനോവേദനയേയും വെറുപ്പിനേയും ഉണ്ടാക്കുന്ന
കാമവേഗ-വശാനുഗം	പ്രേമാതിശയംമൂലം ഒന്നിനേയും നിരസിപ്പാൻ ശക്തിയില്ലാത്തവനുമായ	വചഃ	ഇപ്രകാരമുള്ള വാക്യത്തെ
		ഉവാച.	ഉരചെയ്തു.

[“മന്മഥശരൈഃ, മദം സംസാരദൈന്യം മഥന്തി നിവൎത്തയന്തി ഇതി മന്മഥാഃ, വസിഷ്ഠാദയഃ, തേഷാം ശരൈഃ, ശത്രുനിവൎത്തകശരസദൃശൈരവിദ്യാനിവൎത്തകവചനൈഃ, വിദ്ധം വ്യാപ്തം, അത ഏവ കാമവേഗവശാനുഗം, കാമസ്യ വേഗോ വശോ യേഷാം തേ അനുഗാ അനുചരാ യസ്യ തം.” (സംസാരദുഃഖത്തെ നിവൎത്തിക്കുന്നവർ മന്മഥന്മാർ, വസിഷ്ഠാദികൾ അവരുടെ, അവിദ്യയാകുന്ന ശത്രുവിനെ ഇല്ലാതാക്കുന്ന ശരങ്ങളാകുന്ന വചനങ്ങളെ നന്നായി ധരിച്ചവൻ- അതിനാൽ കാമവേഗത്തെ സ്വാധീനത്തിലാക്കിയ (സുമന്ത്രൻ മുതലായ) അനുചരന്മാരോടുകൂടിയവൻ) എന്നു ശിരോമണി.]

നാസ്മി വിപ്രകൃതാ ദേവ കേനചിന്നാവമാനിതാ
അഭിപ്രായസ്തു മേ കശ്ചിത് തമിച്ഛാമി ത്വയാ കൃതം. 2

“ദേവ!	“മഹാരാജാവേ!	കശ്ചിത്	ഒരു
വിപ്രകൃതാ	സുഖക്കേടൊന്നും ഉള്ളവൾ	അഭിപ്രായഃ;	ആഗ്രഹമുണ്ട്;
അസ്മി ന;	അല്ല ഞാൻ;	ത്വയാ തു	നിന്തിരുവടിയാൽതന്നെ
കേനചിത്	യാതൊരുവനാലും	കൃതം	പൂർത്തിയാക്കപ്പെടേണ്ടതായ
അവമാനിതാ	അവമാനിക്കപ്പെട്ടവളും	തം	അതിനെ
ന;	അല്ല;	ഇച്ഛാമി.	ഞാൻ മനസ്സിൽവെച്ചുകൊണ്ടിരിക്കുകയാകുന്നു.
മേ	എനിക്ക്		

പ്രതിജ്ഞാം പ്രതിജാനീഷ്വ യദി ത്വം കർത്തുമിച്ഛസി
അഥ തദ് വ്യാഹരിഷ്യാമി യദഭിപ്രാർത്ഥിതം മയാ. 3

“ത്വം	“നിന്തിരുവടി	അഥ,	അതിൽപിന്നെ,
കർത്തും	അതിനെ പൂർത്തിയാക്കുവാൻ	മയാ	എന്നാൽ,
ഇച്ഛസി യദി,	സമ്മതിക്കുന്നുവെങ്കിൽ	അഭിപ്രാർത്ഥിതം	മനസ്സിൽ വെക്കപ്പെട്ടിരിക്കുന്ന ആഗ്രഹം
പ്രതിജ്ഞാം	ചോദിച്ചതിനെ തരുന്നു കൊള്ളാമെന്നുള്ള വാഗ്ദത്തത്തെ	യത്	യാതൊന്നോ
		തത്	അതിനെ
		വ്യാഹരിഷ്യാമി.”	ഞാൻ വെളിവായി
പ്രതിജാനീഷ്വ;	പ്രതിജ്ഞചെയ്താലും;		കേൾപ്പിക്കാം.”

താമുവാച മഹാതേജാഃ കൈകേയീമീഷദുത്സ്മിതഃ
കാമീ ഹസ്തേന സംഗൃഹ്യ മൂർദ്ധജേഷു ശുചിസ്മിതാം. 4

മഹാതേജാഃ	മഹാതേജസ്വിയും	മൂർദ്ധജേഷു	പുരിക്രുന്തളിൽ
കാമീ,	ഭാര്യാസക്തനുമായ അദ്ദേഹം,	സംഗൃഹ്യ,	തലോടിക്കൊണ്ട്,
ഈഷത്	അല്പം	ശുചിസ്മിതാം	മന്ദസ്മിതമനോഹരയായ
ഉത്സ്മിതഃ,	പുഞ്ചിരികൊള്ളുന്നവനായി,	താം	അവളോട്
കൈകേയീം	കൈകേയിയെ	ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.
ഹസ്തേന	കൈകൊണ്ട്		

അവലിപ്തേ ന ജാനാസി ത്വത്തഃ പ്രിയതരോ മമ
മനുജോ മനുജവ്യാഘ്രാദ്രാമാദന്യോ ന വിദ്യതേ. 5

“അവലിപ്തേ!	“ഗർവ്വം പൂണ്ടവളേ!	മനുജവ്യാഘ്രാത്	പുരുഷോത്തമനായ
മമ	എനിക്ക്,	രാമാത്	ശ്രീരാമനെക്കാൾ
ത്വത്തഃ	ഭവതിയെക്കാൾ	അന്യഃ	മീതെ മറ്റൊരു
പ്രിയതരഃ	(സ്ത്രീകളിൽവെച്ച്) പ്രിയപ്പെട്ട ഒരാൾ,	മനുജഃ	പുരുഷൻ
ന,	ആരുമില്ലെന്നുള്ളതിനേയും	വിദ്യതേ ന,	ഇല്ല എന്നുള്ളതിനേയും
		ജാനാസി.	ഭവതി അറിയുമല്ലോ.

തേനാജയ്യേന മുഖ്യേന രാഘവേണ മഹാത്മനാ
ശപേ തേ ജീവനാർഹേണ ബ്രൂഹി യന്മനസേച്ഛസി. 6

"അജയ്യേന	"ആരാലും ജയിപ്പാൻ കഴിയാത്തവനും	തേ	ഞാൻ
മഹാത്മനാ	എല്ലാവരേക്കാളും മേന്മയുള്ളവനും	ശപേ;	ഭവതി പറയുന്നതിനെ തരാമെന്നു സത്യം ചെയ്യുന്നു;
മുഖ്യേന	സൎവ്വോത്കൃഷ്ടനും	മനസാ	മനസ്സുകൊണ്ടു്
ജീവനാർഹേണ	പ്രാണനെക്കാളും വില	ഇച്ഛസി	ഭവതി ഇച്ഛിക്കുന്നതു്
തേന	ആ [യേറിയവനുമായ	യത്	യാതൊന്നൊ, അതിനെ
രാഘവേണ	ശ്രീരാഘവനാണെ,	ബ്രൂഹി.	തുറന്നുപറഞ്ഞാലും.

യം മുഹൂൎത്തമപശ്യംസ്തു ന ജീവേയമഹം ധ്രുവം
തേന രാമേണ കൈകേയി ശപേ തേ വചനക്രിയാം. 7

"യം	"യാതൊരുവനെ	തേന	അപ്രകാരമുള്ള
മുഹൂൎത്തം തു	ഒരു നിമിഷമെങ്കിലും	രാമേണ,	ശ്രീരാമനെതൊട്ടു,
അപശ്യൻ,	കാണാതിരുന്നാൽ,	കൈകേയി!	അല്ലയൊ കൈകേയി!
അഹം	ഞാൻ	തേ	ഭവതിയുടെ
ധ്രുവം	തീൎച്ചയായും	വചനക്രിയാം	അഭീഷ്ടത്തെ നിറവേററാമെന്നു
ജീവേയം ന,	ജീവനോടിരിക്കയില്ലയോ,	ശപേ.	ഞാൻ സത്യംചെയ്യുന്നു.

ആത്മനാ വാഽഽത്മജൈശ്ചാന്യൈൎവൃണേ യം മനുജൎഷഭം
തേന രാമേണ കൈകേയി ശപേ തേ വചനക്രിയാം. 8

"ആത്മനാ	"എന്റെ പ്രാണനെ	തേന	അപ്രകാരമുള്ള
വാ	എന്നല്ല [ക്കാളും,	രാമേണ,	ശ്രീരാമനാണെ,
ആത്മജൈഃ	പുത്രന്മാരെക്കാളും,	കൈകേയി!	ഹേ കൈകേയി!
അന്യൈഃ ച	മറെറല്ലാവരെക്കാളും,	തേ	ഭവതിയുടെ
യം	യാതൊരുവനെ	വചനക്രിയാം	അഭീഷ്ടത്തെ നിറവേററാമെന്നു
മനുജൎഷഭം	പുരുഷോത്തമനെന്നു		
വൃണേ,	ഞാൻ പ്രിയത്തോടെ കൊണ്ടാടുന്നുവോ,	ശപേ.	ഞാൻ ശപഥം ചെയ്യുന്നു.

ഭദ്രേ ഹൃദയമപ്യേതദനുമൃശ്യോദ്ധരസ്വ മാം
ഏതത് സമീക്ഷ്യ കൈകേയി ബ്രൂഹി യത് സാധു മന്യസേ. 9

"ഭദ്രേ!	"ഹേ സൌഭാഗ്യവതി!	ഏതത്	ഇതിനെ
ഹൃദയം	(എന്റെ) മനസ്സിൽ ഉള്ളതിനെ	സമീക്ഷ്യ	നല്ലപോലെ ഗ്രഹിച്ചു്
		കൈകേയി!	അല്ലേ കൈകേയി!
സാധു	ഉള്ളപോലെ,	മന്യസേ	നിന്റെ മനസ്സിൽ ഉള്ളതു്
ഏതത്	ഇപ്രകാരമെന്നു്		
അനുമൃശ്യ അപി	നന്നായാലോചിച്ചു്	യത്	യാതൊന്നൊ അതിനെ
മാം ഉദ്ധരസ്വ;	എന്റെ ദുഃഖത്തെ ഇല്ലാതാക്കിയാലും;	ബ്രൂഹി.	വെളിവായ് പറഞ്ഞാലും.

ബലമാത്മനി പശ്യന്തീ ന മാം ശങ്കിതുമൎഹസി
കരിഷ്യാമി തവ പ്രീതിം സുകൃതേനാപി തേ ശപേ. 10

"ആത്മനി	"ഭവതിയുടെവക്കലുള്ള	പ്രീതിം	പ്രിയത്തെ
ബലം	സൌഭാഗ്യബലത്തെ	കരിഷ്യാമി ;	ഞാൻ സാധിപ്പിക്കാം ;
പശ്യന്തീ,	അറിയുന്നവളായഭവതി	സുകൃതേന അപി	എന്റെ പൂൎവ്വപുണ്യത്താണെ
മാം	എന്നെക്കുറിച്ച്		
ശങ്കിതും	ശങ്കിപ്പാൻ	തേ	ഭവതിയോട്
അൎഹസി ന ;	ന്യായമുള്ളതല്ല ;	ശപേ."	ഞാൻ സത്യം ചെയ്യുന്നു."
തവ	ഭവതിയുടെ		

സാ തദൎത്ഥമനാ ദേവീ തമഭിപ്രായമാഗതം
നിൎമ്മദ്ധ്യസ്ഥാച്ച ഹൎഷാച്ച ബഭാഷേ ദുൎവ്വചം വചഃ. 11

തദൎത്ഥമനാഃ	തന്റെ കാൎയ്യത്തിൽതന്നെ ഉദ്ദേശത്തെ വെച്ചുകൊണ്ടിരുന്നവളായ	വചഃ	അറിയിക്കേണ്ടതായ വാക്യത്തെ,
സാ ദേവീ,	ആ കൈകേയി,	നിൎമ്മദ്ധ്യസ്ഥാത്	ന്യായവിരുദ്ധമാണെന്നതുകൊണ്ട്,
അഭിപ്രായം	തന്റെ ഇഷ്ടത്തിന്നു	ദുൎവ്വചം ച	തുറന്നു പറയുന്നതിന്നുള്ളപ്രയാസത്തെപ്പററി
ആഗതം	വഴിപ്പെട്ട		
തം,	അദ്ദേഹത്തോടായി,	ബഭാഷേ.	തന്റെമനസ്സിനുള്ളിൽ ആലോചനചെയ്തു.
ഹൎഷാത് ച	താൻ സന്തുഷ്ടയായ കാരണത്താൽ,		

തേന വാക്യേന സംഹൃഷ്ടാ തമഭിപ്രായമാത്മനഃ
വ്യാജഹാര മഹാഘോരമഭ്യാഗതമിവാന്തകം. 12

തേന	ആ	അഭ്യാഗതം	വഴിപ്പെട്ട
വാക്യേന	(രാജാവിന്റെ) വാക്യത്താൽ,	തം,	അദ്ദേഹത്തോടായി,
സംഹൃഷ്ടാ	ധൈൎയ്യപ്പെട്ടവളായ	അന്തകം ഇവ	മരണത്തിന്നുതന്നേയും കാരണമായ
ആത്മനഃ	തന്റെ [അവൾ,	മഹാഘോരം	കഠോരവചനത്തെ
അഭിപ്രായം	ഇഷ്ടത്തിന്നു	വ്യാജഹാര.	ഇപ്രകാരം കേൾപ്പിച്ചു.

യഥാ ക്രമേണ ശപസി വരം മമ ദദാസി ച
തച്ഛൃണ്വന്തു ത്രയസ്ത്രിംശദ്ദേവാഃ സേന്ദ്രപുരോഗമാഃ 13
ചന്ദ്രാദിത്യൌ നഭശ്ചൈവ ഗ്രഹാ രാത്ര്യഹനീ ദിശഃ
ജഗച്ച പൃഥിവീ ചേയം ഗന്ധൎവ്വാശ്ച സരാക്ഷസാഃ. 14

"ശപസി ;	"നിന്തിരുവടി സത്യം ചെയ്യുന്നു ;	ദദാസി,	നിന്തിരുവടി പ്രദാനം ചെയ്യുന്നുവോ,
ക്രമേണ	അതിന്റെ ഫലമായി	തത്,	അതിനെ,
മമ	എനിക്ക്	സേന്ദ്രപുരോഗമാഃ	ഇന്ദ്രൻ മുതലായ
യഥാ വരം	യാതൊരു വരത്തെ		

ത്രയസ്ത്രിംശത്	മുപ്പത്തിമൂന്നു	ദിശഃ,	ദിക്കുകളും
ദേവാഃ ച,	ദേവന്മാരും	ജഗത് ച,	സ്വൎഗ്ഗലോകവും,
ചന്ദ്രാദിത്യൌ ച,	ചന്ദ്രസൂൎയ്യന്മാരും	ഗന്ധൎവ്വാഃ ച	ഗന്ധൎവ്വന്മാരും,
നഭഃ ഏവ,	ആകാശവും,	സരാക്ഷസാഃ	രാക്ഷസന്മാരടങ്ങിയ
ഗ്രഹാഃ,	നവഗ്രഹങ്ങളും,	ഇയം പൃഥിവീ ച	ഈ ഭൂമിയും [വരും,
രാത്ര്യഹനീ	രാത്രിയും, അഹസ്സും,	ശൃണ്വന്തു.	കേട്ടുകൊള്ളട്ടെ.

നിശാചരാണി ഭൂതാനി ഗൃഹേഷു ഗൃഹദേവതാഃ
യാനി ചാന്യാനി ഭൂതാനി ജാനീയുൎഭാഷിതം തവ. 15

"ഗൃഹേഷു	"ഗൃഹങ്ങളിൽ	ഭൂതാനി	ഭൂതങ്ങൾ
നിശാചരാണി	രാത്രി സഞ്ചരിക്കുന്നവ	യാനി ച,	ഏവയോ അവയും,
ഭൂതാനി,	ഭൂതങ്ങളും, [യായ	തവ	നിന്തിരുവടിയുടെ
ഗൃഹദേവതാഃ	ഗൃഹദേവതകളും,	ഭാഷിതം	വാക്യത്തെ
അന്യാനി	മറ്റുള്ള	ജാനീയുഃ.	അറിഞ്ഞിരിക്കട്ടെ.

സത്യസന്ധോ മഹാതേജാ ധൎമ്മജ്ഞഃ സുസമാഹിതഃ
വരം മമ ദദാത്യേഷ തന്മേ ശൃണ്വന്തു ദേവതാഃ. 16

"സത്യസന്ധഃ	"വാക്കുമാറാത്തവനും,	വരം	വരത്തെ
മഹാതേജാഃ	മഹാതേജസ്വിയും	ദദാതി ;	തരുന്നു ;
ധൎമ്മജ്ഞഃ	ധൎമ്മജ്ഞനും	തത്	അതിനെ
സുസമാഹിതഃ	ശുദ്ധമനസ്കനുമായ	മേ	എനിക്കുവേണ്ടി
ഏഷഃ,	ഇദ്ദേഹം,	ദേവതാഃ	ദേവന്മാർ
മമ	എനിക്കു്	ശൃണ്വന്തു."	കേട്ടുകൊള്ളുമാറാകട്ടെ."

ഇതി ദേവീ മഹേഷ്വാസം പരിഗൃഹ്യാഭിശസ്യ ച
തതഃ പരമുവാചേദം വരദം കാമമോഹിതം. 17

ദേവീ	രാജ്ഞി	പരിഗൃഹ്യ,	തന്റെ സ്വാധീനത്തി
മഹേഷ്വാസം ച	മഹാശൂരനായി	ഇതി	മേൽപ്രകാരം [ലാക്കി,
		അഭിശസ്യ	ഉറപ്പിച്ചിട്ടു്
കാമമോഹിതം	പ്രേമവിവശനായി	തതഃ	അതിൽപിന്നെ
വരദം	ചോദിച്ചതിനെയെല്ലാം കൊടുപ്പാൻതയ്യാറായ അദ്ദേഹത്തെ	പരം	കാൎയ്യത്തിന്റെ സാരമായ ഭാഗത്തെ
		ഇദം ഉവാച.	ഇപ്രകാരം കേൾപ്പിച്ചു.

സ്മര രാജൻ പുരാവൃത്തം തസ്മിൻ ദേവാസുരേ രണേ
തത്ര ചാച്യാവയച്ഛത്രുസ്തവ ജീവിതമന്തരാ. 18

"രാജൻ!	"മഹാരാജാവെ!	തത്ര	അതിന്റെ (യുദ്ധത്തി
ദേവാസുരേ	ദേവന്മാൎക്കും അസുരന്മാൎക്കും തമ്മിൽനടന്ന	അന്തരാ,	ഇടയിൽ, [ന്റെ)
		ശത്രുഃ	ശത്രു
തസ്മിൻ രണേ,	ആ യുദ്ധത്തിൽ,	തവ	അവിടുത്തെ
പുരാവൃത്തം	നടന്നതായ സംഗതി	ജീവിതം ച	പ്രാണനെത്തന്നെ
സ്മര ;	ഓൎമ്മിച്ചാലും ;	അച്യാവയത്.	ചലിപ്പിച്ചുകളഞ്ഞു.

തത്ര ചാപി മയാ ദേവ യത് ത്വം സമഭിരക്ഷിതഃ
ജാഗ്രത്യാ യതമാനായാസ്തതോ മേ പ്രദദൌ വരൌ. 19

"ദേവ!	"ദേവ!	ജാഗ്രത്യാഃ	കണ്ണടക്കാതെ
തത്ര	ആ സമയം	യതമാനായാഃ	ബുദ്ധിമുട്ടിയവളായ
മയാ അപി	എന്നാൽതന്നെ	മേ	എനിക്കായി
ത്വം	നിന്തിരുവടി	തതഃ ച	അപ്പോൾതന്നെ
സമഭിരക്ഷിതഃ;	കാത്തുരക്ഷിക്കപ്പെട്ടു;	വരൌ	രണ്ടുവരങ്ങളെ
യത്	അക്കാരണത്താൽ,	പ്രദദൌ.	നൽകുകയും ചെയ്തു.

തൌ തു ദത്തൌ വരൌ ദേവ നിക്ഷിപ്തൌ മൃഗയാമ്യഹം
തവൈവ പൃഥിവീപാല സകാശേ സത്യസാഗര. 20

"പൃഥിവീപാല!	ലോകപാലനം	നിക്ഷിപ്തൌ	ഏല്പിച്ചുവെക്കപ്പെട്ടവ
സത്യസംഗര!	സത്യസന്ധനമായ	തൌ	ആ രണ്ടു [യും ആയ
ദേവ!	ഹേ ദേവ!	വരൌ ഏവ	വരങ്ങളെത്തന്നെയാകു
ദത്തൌ	നൽകപ്പെട്ടവയും	അഹം	ഞാൻ [ന്നു
തവ	നിന്തിരുവടിയുടെ	തു	ഇപ്പോൾ
സകാശേ	വശത്തിൽതന്നെ	മൃഗയാമി.	ആഗ്രഹിക്കുന്നത്.

തത് പ്രതിശ്രുത്യ ധൎമ്മേണ ന ചേദ്ദാസ്യസി മേ വരം
അദ്യൈവ ഹി പ്രഹാസ്യാമി ജീവിതം ത്വദ്വിമാനിതാ. 21

"തത്,	"അതുകൊണ്ട്	അദ്യ ഏവ	ഇപ്പോൾതന്നെ
ധൎമ്മേണ	ന്യായപ്രകാരം	ത്വദ്വിമാനിതാ	നിന്തിരുവടിയാൽ അവ
പ്രതിശ്രുത്യ,	വാഗ്ദത്തംചെയ്തശേഷം,		മാനിക്കപ്പെട്ടവളായി
മേ വരം	എന്റെ അഭീഷ്ടത്തെ	ജീവിതം	ജീവനെ
ദാസ്യസി ന	തരാതിരിക്കുന്നു	പ്രഹാസ്യാമി,	ഞാൻ ത്യജിച്ചുകളയും,
ചേത്,	വെങ്കിൽ,	ഹി."	നിശ്ചയംതന്നെ."

വാങ്മാത്രേണ തദാ രാജാ കൈകേയ്യാ സ്വവശീകൃതഃ
പ്രചസ്കന്ദ വിനാശായ പാശം മൃഗ ഇവാത്മനഃ 22

രാജാ	മഹാരാജാവ്	വിനാശായ	നാശത്തിന്നായി,
കൈകേയ്യാ	കൈകേയിയാൽ	വാങ്മാത്രേണ	ശബ്ദത്താൽതന്നെ
തദാ	ആ സമയം	പാശം	വലയിൽ
സ്വവശീകൃതഃ,	തന്റെ അധീനത്തിലാ	ഇവ	ഏപ്രകാരമൊ അപ്ര
	ക്കപ്പെട്ടവനായി,		കാരം,
മൃഗഃ	ഒരു മാൻ,	പ്രചസ്കന്ദ.	തന്റെ സ്വാതന്ത്ര്യ
ആത്മനഃ	അതിന്റെ		ത്തെ കളഞ്ഞു.

[ഒരു വേടൻ മാനിന്റെ ശബ്ദത്തെ അനുകരിച്ച് മാനിനെ ആകൎഷിച്ച് വലയിൽപ്പെടുത്തുന്നതുപോലെ, പൂൎവ്വവരത്തെ സ്മരിപ്പിച്ചതായ വാക്കുകൾക്കു വശപ്പെട്ടവനായി രാജാവ് സ്വാതന്ത്ര്യത്തെ ത്യജിച്ചു, എന്നു താല്പൎയ്യം.]

തതഃ പരമുവാചേദം വരദം കാമമോഹിതം
വരൌ യൌ മേ ത്വയാ ദേവ തദാ ദത്തൌ മഹീപതേ. 23
തൌ താവദഹമദ്യൈവ വക്ഷ്യാമി ശൃണു മേ വചഃ. 24

തതഃ,	അനന്തരം,	ത്വയാ	നിന്തിരുവടിയാൽ
കാമമോഹിതം	പ്രേമത്തിന്നധീനനായി	മേ	എനിക്കായി
വരദം	ആവശ്യപ്പെട്ടതിനെ കൊടുപ്പാൻ തയ്യാറായിരുന്ന അദ്ദേഹത്തോടായി,	ദത്തൌ	നൽകപ്പെട്ട
		വരൌ	വരങ്ങൾ
		യൌ ഏവ	ഏവയോ
		തൌ താവത്	അവ രണ്ടിനെ മാത്രമേ,
പരം	കാര്യത്തിന്റെ സാരാംശത്തെ	അദ്യ	ഇപ്പോൾ
ഇദം	ഇപ്രകാരം	അഹം	ഞാൻ
ഉവാച :—	കേൾപ്പിച്ചു :—	വക്ഷ്യാമി;	ആവശ്യപ്പെടുന്നുള്ളു ;
"മഹീപതേ!	"മഹാരാജാവേ!	മേ	എന്റെ
ദേവ!	ദേവ!	വചഃ	അപേക്ഷയെ
തദാ	ആ സമയം	ശൃണു.	കേട്ടരുളിയാലും.

അഭിഷേകസമാരംഭോ രാഘവസ്യോപകല്പിതഃ
അനേനൈവാഭിഷേകേണ ഭരതോ മേഽഭിഷിച്യതാം. 25

"രാഘവസ്യ	"ശ്രീരാമന്റെ	അഭിഷേകേണ ഏവ	അഭിഷേകസാമഗ്രികൊണ്ടുതന്നെ
അഭിഷേകസമാരംഭഃ	അഭിഷേകത്തിന്നുള്ള ഒരുക്കം	മേ ഭരതഃ	എന്റെ ഭരതൻ
ഉപകല്പിതഃ;	തയ്യാറാക്കപ്പെട്ടിരിക്കുന്നുവല്ലൊ;	അഭിഷിച്യതാം.	പട്ടാഭിഷേകം ചെയ്യിക്കപ്പെടട്ടെ.
അനേന	ഈ		

യോ ദ്വിതീയോ വരോ ദേവ ദത്തഃ പ്രീതേന മേ ത്വയാ
തദാ ദേവാസുരേ യുദ്ധേ തസ്യ കാലോഽയമാഗതഃ. 26

"ദേവ!	"മഹാരാജാവേ!	വരഃ	വരം
തദാ	അക്കാലം	യഃ	യാതൊന്നു്
ദേവാസുരേ യുദ്ധേ	ദേവാസുരയുദ്ധത്തിൽ	ദത്തഃ,	നൽകപ്പെട്ടുവോ,
മേ	എങ്കൽ	തസ്യ	അതിന്റെ
പ്രീതേന	പ്രീതനായ	കാലഃ	സമയം
ത്വയാ	നിന്തിരുവടിയാൽ	അയം	ഇതാ
ദ്വിതീയഃ	രണ്ടാമത്തേതായ	ആഗതഃ.	എത്തിയിരിക്കുന്നു.

നവ പഞ്ച ച വർഷാണി ദണ്ഡകാരണ്യമാശ്രിതഃ
ചീരാജിനജടാധാരീ രാമോ ഭവതു താപസഃ. 27

"രാമഃ	"രാമൻ	ചീരാജിന- ജടാധാരീ,	മരവുരി, കൃഷ്ണാജിനം, ജട, എന്നിവധരിച്ചവനായി,
നവ	ഒമ്പതും	താപസഃ,	തപസ്വിയായി,
പഞ്ച	അഞ്ചും	ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിൽ
ച	കൂടി (പതിന്നാലു)	ആശ്രിതഃ	വസിക്കുന്നവനായി
വർഷാണി	സംവത്സരങ്ങൾ	ഭവതു.	വർത്തിക്കട്ടെ.

ഭരതോ ഭജതാമദ്യ യൌവ്വരാജ്യമകണ്ടകം
ഏഷ മേ പരമഃ കാമോ ദത്തമേവ വരം വൃണേ
അദ്യ ചൈവ ഹി പശ്യേയം പ്രയാന്തം രാഘവം വനം. 28

"ദത്തം	"പണ്ടേതന്നെ വാഗ്ദത്തം ചെയ്യപ്പെട്ടതായ	പശ്യേയം ;	ഞാൻ കാണുമാറാകേണം;
വരം ഏവ	വരത്തെത്തന്നെയാകുന്നു	ഏഷഃ ഹി	ഇതുതന്നെയാണ്
അദ്യ	ഇപ്പോൾ	മേ	എനിക്ക്
വൃണേ ;	ഞാൻ ആവശ്യപ്പെടുന്നു ;	പരമഃ	ഏററവുംവലിയ
		കാമഃ ;	ആഗ്രഹം;
അദ്യ ഏവ	ഇന്നുതന്നെ	ച	അതിന്നുശേഷം
രാഘവം	രാമനെ	ഭരതഃ	ഭരതൻ
വനം	വനവാസത്തിന്നായ്	യൌവ്വരാജ്യം	യുവരാജപട്ടത്തെ
പ്രയാന്തം	യാത്രപുറപ്പെട്ടുപോകുന്നവനായി	അകണ്ടകം	നിർബ്ബാധമായി
		ഭജതാം.	പ്രാപിക്കട്ടെ.

ത്വം രാജരാജോ ഭവ സത്യസംഗരഃ
കുലം ച ശീലം ച ഹി രക്ഷ ജന്മ ച
പരത്രവാസേ ഹി വദന്ത്യനുത്തമം
തപോധനാഃ സത്യവചോ ഹിതം നൃണാം. 29

"രാജരാജഃ	"രാജാധിരാജനായ	നൃണാം	മനുഷ്യർക്ക്
ത്വം	നിന്തിരുവടി,	പരത്രവാസേ	സ്വർഗ്ഗപ്രാപ്തി കാര്യത്തിൽ
സത്യസംഗരഃ ഹി	സത്യത്തിൽ നിന്നു വ്യതിചലിക്കാത്തവനായ്ത്തന്നെ	സത്യവചഃ	പറഞ്ഞവാക്കിളക്കാതിരിക്കുക എന്നത്
ഭവ ;	വർത്തിച്ചാലും ;	അനുത്തമം	അത്യാവശ്യകമായ
കുലം ച	കുലമഹിമയേയും	ഹിതം	സാധനമെന്നു
ശീലം ച	സദാചാരത്തേയും	തപോധനാഃ	മഹർഷിമാർ
ജന്മ ച	ജന്മത്തേയും	വദന്തി ഹി!"	അരുളിച്ചെയ്യുന്നുണ്ടല്ലൊ!"
രക്ഷ ;	രക്ഷിച്ചുകൊണ്ടാലും ;		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഏകാദശഃ സർഗ്ഗഃ = പതിനൊന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 2820 ; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 465

ദ്വാദശഃ സർഗ്ഗഃ = പന്ത്രണ്ടാംസർഗ്ഗം.

[കൈകേയീനിവർത്തനപ്രയാസഃ = കൈകേയിയെ പിൻവലിപ്പിപ്പാനുള്ള പ്രയാസം.]

തതഃ ശ്രുത്വാ മഹാരാജഃ കൈകേയ്യാ ദാരുണം വചഃ
ചിന്താമഭിസമാപേദേ മുഹൂർത്തം പ്രതതാപ ച. 1

മഹാരാജഃ	മഹാരാജാവ്	ചിന്താം അഭി സമാപേദേ;	മനസ്സ് കലങ്ങിയവനായ്ഭവിച്ചു;
കൈകേയ്യാഃ	കൈകേയിയുടെ	മുഹൂർത്തം	ഒരു മുഹൂർത്തകാലം
ദാരുണം	കണ്ണുകഠോരമായ	പ്രതതാപ ച.	ബോധമററവനായും ഭവിച്ചു.
വചഃ ശ്രുത്വാ	വാക്യത്തെ കേട്ടിട്ട്		
തതഃ	അതിനാൽ		

കിം നു മേ യദി വാ സ്വപ്നശ്ചിത്തമോഹോഽപി വാ മമ
അനുഭൂതോപസർഗ്ഗോ വാ മാനസോ വാഽപ്യുപദ്രവഃ
ഇതി സംചിന്ത്യ തദ്രാജാ നാധ്യഗച്ഛത്തദാ സുഖം. 2

"യദി വാ	"ഒരു സമയം	മാനസഃ	സ്പഷ്ടമായ് പ്രകാശിക്കാത്ത
മേ	എനിക്ക്	ഉപദ്രവഃ വാ ?"	വല്ല രോഗത്തിൻെറയും വികാരമോ ?"
സ്വപ്നഃ	സ്വപ്നം	ഇതി	എന്നിങ്ങിനെ
കിം നു ?	ആയിരിക്കുമോ ?	രാജാ	മഹാരാജാവ്
അപി വാ	അതല്ല	തത്	അതിനെപ്പററി
മമ	എനിക്ക്	സംചിന്ത്യ	പലപ്രകാരത്തിൽ ആലോചിച്ച്
ചിത്തമോഹഃ ?	ചിത്തഭ്രമമോ ?	തദാ	ആ സമയം
അപി വാ	അഥവാ	സുഖം	മനസ്സമാധാനത്തെ
അനുഭൂതോപസർഗ്ഗഃ ?	ജന്മാന്തരത്തിൽ അനുഭവിച്ചതിൻെറ സ്മരണയോ ?	അധ്യഗച്ഛത് ന.	പ്രാപിക്കാതിരുന്നു.

[സൽസ്വഭാവയായ കൈകേയി ഇപ്രകാരം കഥിക്കാത്തവളാകയാൽ സ്വപ്നമായിരിക്കുമോ. നിദ്രയില്ലാത്തതിനാൽ സ്വപ്നത്തിന്നവകാശമില്ല. അതിനാൽ ചിത്തഭ്രമമൊ ഭ്രമത്തിന്നും കാരണമില്ലാത്തതിനാൽ പൂർവ്വാനുഭവഭാവനയായിരിക്കുമോ. ജന്മാന്തരത്തിലും കൈകേയി മുതലായവരുടെ ഇപ്രകാരമുള്ള സ്ഥിതി അസംഭാവ്യമാകയാൽ രോഗമായിരിക്കുമൊ-എന്നു രാജാവാലോചിക്കുന്നു. (ഗൊ രാ).]

പ്രതിലഭ്യ തതഃ സംജ്ഞാം കൈകേയീവാക്യതാഡിതഃ
വ്യഥിതോ വിക്ലബശ്ചൈവ വ്യാഘ്രീം ദൃഷ്ട്വാ യഥാ മൃഗഃ. 3
അസംവൃതായാമാസീനോ ജഗത്യാം ദീർഘമുച്ഛ്വസൻ
മണ്ഡലേ പന്നഗോ രുദ്ധോ മന്ത്രൈരിവ മഹാവിഷഃ. 4
അഹോ ധിഗിതി സാമർഷോ വാചമുക്ത്വാ നരാധിപഃ
മോഹമാപേദിവാൻ ഭൂയഃ ശോകോപഹതചേതനഃ. 5

നരാധിപഃ	മഹാരാജാവ്,	മഹാവിഷഃ	ഘോരവിഷത്തോടു
തതഃ	അതിൽപിന്നെ	പന്നഗഃ	സർപ്പം [കൂടിയ
സംജ്ഞാം	സ്വബോധത്തെ	ഇവ,	എന്നപോലെ
പ്രതിലഭ്യ,	പ്രാപിച്ചവനായി,	സാമർഷഃ	കോപാവേശത്തോടു കൂടിയവനായി
മൃഗഃ	മാൻ	ദീർഘം	ദീർഘമായി
വ്യാഘ്രീം	പുലിയെ	ഉച്ഛ്വസൻ,	നിശ്വസിച്ചുകൊണ്ട്,
ദൃഷ്ട്വാ യഥാ,	കണ്ടാൽ എപ്രകാരമൊ അപ്രകാരം	അസംവൃതായാം	വെറും
കൈകേയീ-വാക്യതാഡിതഃ	കൈകേയിയുടെ വാക്യത്താൽ പ്രഹരിക്കപ്പെട്ടവനായി	ജഗത്യാം	നിലത്തിൽ
വിക്ലബഃ ച	ചിത്തം തകൎന്നവനായും	ആസീനഃ,	ഇരുന്നുകൊണ്ട്,
വ്യഥിതഃ ഏവ,	അതിദുഃഖിതനായും	"അഹോ ധിക്!"	"ഛീ കഷ്ടം!"
മന്ത്രൈഃ	മന്ത്രങ്ങളെക്കൊണ്ട്	ഇതി	എന്നിങ്ങിനെ
മണ്ഡലേ	വരച്ചതായ ചക്രത്തിനുള്ളിൽ	വാചം	വാക്കിനെ
രുദ്ധഃ	ബന്ധിക്കപ്പെട്ട	ഉക്ത്വാ	പറഞ്ഞ്,
		ശോകോപഹതചേതനഃ	ദുഃഖത്താൽ മനസ്സുമുട്ടിയവനായി
		ഭൂയഃ	പിന്നെയും
		മോഹം	മൂർച്ഛയെ
		ആപേദിവാൻ.	പ്രാപിച്ചു.

ചിരേണ തു നൃപഃ സംജ്ഞാം പ്രതിലഭ്യ സുദുഃഖിതഃ
കൈകേയീമബ്രവീത് ക്രുദ്ധഃ പ്രദഹന്നിവ ചക്ഷുഷാ. 6

നൃപഃ	രാജാവ്	ചക്ഷുഷാ	കണ്ണുകൊണ്ട്
ചിരേണ	വളരെനേരം കഴിഞ്ഞ	പ്രദഹൻ	ദഹിപ്പിക്കുന്നവൻ
സംജ്ഞാം	ബോധം [ശേഷം	ഇവ,	പോലെ,
പ്രതിലഭ്യ,	തെളിഞ്ഞവനായി,	സുദുഃഖിതഃ,	അതിദുഃഖിതനായി,
ക്രുദ്ധഃ,	കോപിച്ചവനായി,	തു	ഇതിനെപ്പററി
കൈകേയീം	കൈകേയിയെ	അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

നൃശംസേ ദുഷ്ടചാരിത്രേ കുലസ്യാസ്യ വിനാശിനി.
കിം കൃതം തവ രാമേണ പാപേ പാപം മയാഽപി വാ. 7

"നൃശംസേ!	"എടി ചണ്ഡാളി!	രാമേണ	രാമനാലാകട്ടെ
ദുഷ്ടചാരിത്രേ!	ദുൎന്നടവടിയുള്ളവളെ!	മയാ വാ	എന്നാലാകട്ടെ
പാപേ!	പാപിഷ്ഠേ!	തവ	നിണക്ക്
അസ്യ	ഈ	കിം	എന്തൊരു
കുലസ്യ അപി	വംശത്തെത്തന്നെ	പാപം	ദോഷമാണ്
വിനാശിനി!	നശിപ്പിപ്പാൻ തുനിയുന്നവളെ!	കൃതം?	ചെയ്യപ്പെട്ടതു്?

സദാ തേ ജനനീതുല്യാം വൃത്തിം വഹതി രാഘവഃ
തസ്യൈവ ത്വമനത്ഥായ കിംനിമിത്തമിഹോദ്യതാ. 8

രാഘവഃ	രാമൻ,	തസ്യ ഏവ	അപ്രകാരമുള്ളവന്നു തന്നെ
തേ	നിനക്കു		
സദാ	എല്ലായ്പോഴും	അനത്ഥായ	അനത്ഥത്തിന്നായി,
ജനനീതുല്യാം	പെററ അമ്മയ്ക്കെന്നപോലെ	കിംനിമിത്തം	എന്തു കാരണത്താലാണ്
വൃത്തിം	ശുശ്രൂഷയെ	ഇഹ	ഇപ്പോൾ
വഹതി;	ചെയ്യുന്നുവല്ലൊ;	ത്വം	നീ
		ഉദ്യതാ?	തുനിഞ്ഞിരിക്കുന്നത്?

ത്വം മയാത്മവിനാശാത്ഥം ഭവനം സ്വം പ്രവേശിതാ
അവിജ്ഞാനാന്നൃപസുതാ വ്യാളീ തീക്ഷ്ണവിഷാ യഥാ. 9

"നൃപസുതാ	"രാജപുത്രിയായ	ആത്മവിനാശാത്ഥം	എനിക്കുതന്നെ നാശത്തെ വരുത്തുമെന്നുള്ളതിനെ
ത്വം	നീ,		
തീക്ഷ്ണവിഷാ	ഘോരവിഷമാന്ന	അവിജ്ഞാനാത്	അറിയാതെ,
വ്യാളീ	സപ്പം	മയാ	എന്നാൽ
യഥാ	എപ്രകാരമോ അപ്രകാരം,	സ്വം ഭവനം	എന്റെ അരമനയിൽ
		പ്രവേശിതാ.	പ്രവേശിപ്പിക്കപ്പെട്ടു.

ജീവലോകോ യദാ സവ്വോഃ രാമസ്യാഹ ഗുണസ്തവം
അപരാധം കമുദ്ദിശ്യ ത്യക്ഷ്യാമീഷ്ടമഹം സുതം. 10

"ജീവലോകഃ	"ജനങ്ങൾ	കം അപരാധം	എന്തു കുററത്തെ
സവ്വഃ,	എല്ലാം,	ഉദ്ദിശ്യ	കണ്ടിട്ട്
രാമസ്യ	രാമന്റെ	അഹം	ഞാൻ
ഗുണസ്തവം	ഗുണപ്രശംസയെ	ഇഷ്ടം	പ്രേമപാത്രമായ
ആഹ;	ചെയ്തു;	സുതം	പുത്രനെ
യദാ,	അപ്രകാരമിരിക്കെ	ത്യക്ഷ്യാമി?	ത്യജിക്കും?

കൌസല്യാം വാ സുമിത്രാം വാ ത്യജേയമപി വാ ശ്രിയം
ജീവിതം വാത്മനോ രാമം ന ത്വേവ പിതൃവത്സലം. 11

"കൌസല്യാം വാ	"കൌസല്യയെയെന്നാലും	ജീവിതം അപി വാ	പ്രാണനെത്തന്നെയെന്നാലും
സുമിത്രാം വാ	സുമിത്രയെയെന്നാലും,	ത്യജേയം;	ഞാൻത്യജിച്ചുകളയാം;
ശ്രിയം വാ	സമ്പത്തിനെയെന്നാലും	പിതൃവത്സലം	പിതൃവത്സലനായ
		രാമം തു	രാമനെയാകട്ടെ
ആത്മനഃ	എന്റെ	ന ഏവ.	ഒരിക്കലും ത്യജിക്കയില്ല.

പരാ ഭവതി മേ പ്രീതിർദൃഷ്ട്വാ തനയമഗ്രജം
അപശ്യതസ്തു മേ രാമം നഷ്ടം ഭവതി ചേതനം. 12

"മേ	"എന്റെ	പ്രീതിഃ	ആനന്ദം
അഗ്രജം തനയം	ജ്യേഷ്ഠപുത്രനായ	ഭവതി;	ഉളവാകുന്നു;
രാമം	ശ്രീരാമനെ	അപശ്യതഃ തു	കാണാതിരിക്കുമ്പോളാ
ദൃഷ്ട്വാ	നേരിൽ കണ്ടാൽ,	മേ ചേതനം	എന്റെ ചിത്തം[കട്ടെ
പരാ	അതിയായ	നഷ്ടം ഭവതി.	വ്യാകുലപ്പെടുന്നു.

തിഷ്ഠേല്ലോകോ വിനാ സൂര്യം സസ്യം വാ സലിലം വിനാ
ന തു രാമം വിനാ ദേഹേ തിഷ്ഠേത്തു മമ ജീവിതം. 13

"സൂര്യം വിനാ	"സൂര്യനില്ലാതെ	വിനാ തു	വിട്ടുപിരിഞ്ഞുവെന്നു
ലോകഃ,	ലോകവും,	മമ	എന്റെ [വെച്ചാൽ,
സലിലം വിനാ	വെള്ളമില്ലാതെ	ദേഹേ	ദേഹത്തിൽ
സസ്യം വാ	സസ്യവും	ജീവിതം	ജീവൻ
തിഷ്ഠേത്;	ഒരുസമയം നിലനിന്നു	തു	നിശ്ചയമായും
രാമം	രാമനെ [വെന്നുവരാം;	തിഷ്ഠേത് ന.	കുടികൊള്ളുകയില്ല.

തദലം ത്യജ്യതാമേഷ നിശ്ചയഃ പാപനിശ്ചയേ
അപി തേ ചരണൌ മൂർദ്ധ്നാ സ്പൃശാമ്യേഷ പ്രസീദ മേ. 14

"പാപ-	"പാപകർമ്മം ചെയ്വാൻ	തേ	നിന്റെ
നിശ്ചയേ!	ഉറച്ചവളെ!	ചരണൌ	കാലിണകളെ
തത് അലം;	ഇപ്പോൾ ഇതുമതി;	മൂർദ്ധ്നാ	ശിരസ്സുകൊണ്ടു
ഏഷഃ	ഈ	അപി	തൊട്ടുനമസ്കരിക്കുക
നിശ്ചയഃ	ബുദ്ധിയെ	സ്പൃശാമി,	കൂടിച്ചെയ്യാം,
ത്യജ്യതാം;	ത്യജിക്കുക;	മേ	എന്റെപേരിൽ
ഏഷഃ	ഈ ഞാൻ	പ്രസീദ.	ദയയുണ്ടാകട്ടെ.

കിമിദം ചിന്തിതം പാപേ ത്വയാ പരമദാരുണം. 15

"പാപേ!	"പാപിഷ്ഠേ!	ത്വയാ	നിന്നാൽ
ഇദം	ഈ	കിം	എന്തുകൊണ്ടാണു
പരമദാരുണം	മഹാകൊടിയതായ നിശ്ചയത്തെ	ചിന്തിതം?	ചിന്തിക്കപ്പെട്ടതു?

അഥ ജിജ്ഞാസസേ മാം ത്വം ഭരതസ്യ പ്രിയാപ്രിയേ
അസ്തു യത്തത്ത്വയാ പൂർവ്വം വ്യാഹൃതം രാഘവം പ്രതി 16
സ മേ ജ്യേഷ്ഠഃ സുതഃ ശ്രീമാൻ ധർമ്മജ്യേഷ്ഠ ഇതീവ മേ
തത്ത്വയാ പ്രിയവാദിന്യാ സേവാർത്ഥം കഥിതം ഭവേത് 17
തച്ഛ്രുത്വാ ശോകസന്തപ്താ സന്താപയസി മാം ഭൃശം
ആവിഷ്ടാസി ഗൃഹം ശൂന്യം സാ ത്വം പരവശം ഗതാ. 18

“ത്വയാ	“നിന്നാൽ
പൂർവ്വം	ഇതിന്നുമുമ്പ്
രാഘവം പ്രതി	രാമനെക്കുറിച്ച്
‘ശ്രീമാൻ	‘ഓമനയായ
സഃ	അവൻ
മേ	എനിക്ക്
ജ്യേഷ്ഠഃ സുതഃ;	മൂത്തമകൻ;
മേ	എനിക്ക്
ധർമ്മജ്യേഷ്ഠഃ,’	ധർമ്മംകൊണ്ട് ഉപരിയായവൻ,’
ഇതി ഇവ	എന്നിപ്രകാരം
യത്	യാതൊന്ന്
വ്യാഹൃതം,	കഥിക്കപ്പെട്ടുവോ,
തത്,	അത്,
പ്രിയവാദിന്യാ	പ്രിയമായി സംസാരിക്കുന്നവളായ
ത്വയാ	നിന്നാൽ
സേവാർത്ഥം	എന്റെ മനസ്സിനെ രഞ്ജിപ്പിപ്പാൻവേണ്ടി
കഥിതം ഭവേത്;	പറഞ്ഞതായിരിക്കണം;
സാ	അപ്രകാരമുള്ള
ത്വം	നീ

പരവശം	മറ്റുവല്ലവരുടേയും ദുർബ്ബോധനയെ
ശ്രുത്വാ,	കേട്ട്,
ഗത്വാ,	(അതിന്നു) വഴിപ്പെട്ടവളായി,
ശോകസന്തപ്താ	ദുഃഖാകുലിതയായി,
ശൂന്യം	ശൂന്യമായ
ഗൃഹം	കോപാഗാരത്തെ
ആവിഷ്ടാ അസി;	പ്രവേശിച്ചിരിക്കുന്നു;
തത്	ആയത്
മാം	എന്നെ
ഭൃശം	വളരെ
സന്താപയസി;	ദുഃഖിപ്പിക്കുന്നു;
തത് അസ്തു;	അതിരിക്കട്ടെ;
ഭരതസ്യ	ഭരതന്റെപേരിൽ
പ്രിയാപ്രിയേ	സ്നേഹമുണ്ടെന്നും ഇല്ലെന്നും ഉള്ള സംഗതിയിൽ
ത്വം	നീ
മാം	എന്നെ
ജിജ്ഞാസസേ അഥ?	പരീക്ഷിച്ചറിയുകയാണോ?

ഇക്ഷ്വാകൂണാം കുലേ ദേവി സംപ്രാപ്തഃ സുമഹാനയം
അനയോ നയസംപന്നേ യത്ര തേ വികൃതാ മതിഃ. 19

“നയസംപന്നേ!	“ന്യായമാർഗ്ഗത്തിൽ തന്നെ വർത്തിച്ചിരുന്നവളേ!
ദേവി!	ഹേ ദേവി!
തേ മതിഃ	നിന്റെ ബുദ്ധി
വികൃതാ	കെട്ടുപോയി
യത്ര,	എന്നുവെച്ചാൽ,

ഇക്ഷ്വാകൂണാം കുലേ	ഇക്ഷ്വാകുവംശത്തിൽ
സുമഹാൻ	അതിഘോരമായ
അനയഃ	ആപത്ത്
അയം	ഇതാ
സംപ്രാപ്തഃ.	വന്നെത്തിക്കഴിഞ്ഞു.

ന ഹി കിംചിദയുക്തം വാ വിപ്രിയം വാ പുരാ മമ
അകരോസ്ത്വം വിശാലാക്ഷി തേന ന ശ്രദ്ദധാമ്യഹം. 20

“വിശാലാക്ഷി!	“ഹേ കീർത്തിശാലിനി!
പുരാ	ഇതുവരെയും
മമ	എനിക്ക്
അയുക്തം വാ	തിന്മയെയാകട്ടെ
വിപ്രിയം വാ	അപ്രിയത്തെയാകട്ടെ
കിംചിത്	ഒട്ടും

ത്വം	നീ
അകരോഃ ന;	ചെയ്തിട്ടില്ല;
തേന ഹി	അതുകൊണ്ടുതന്നെയാണ്
അഹം	ഞാൻ
ശ്രദ്ദധാമി ന.	വിശ്വസിക്കാതിരിക്കുന്നത്.

നനു തേ രാഘവസ്തുല്യോ ഭരതേന മഹാത്മനാ
ബഹുശോ ഹി സ്മ ബാലേ ത്വം കഥാഃ കഥയസേ മമ. 21

"നനു,	"അല്ലേ,	രാഘവഃ	രാമൻ
ബാലേ!	നല്ലതും ചീത്തയും അ	മഹാത്മനാ	മഹാത്മാവായ
	റിയാത്ത സാധുബുദ്ധേ!	ഭരതേന	ഭരതനു്
ത്വം ഹി	നീ തന്നെ	തുല്യഃ	തുല്യൻ, എന്നു്
മമ	എന്റെ അടുക്കൽ	കഥാഃ	സംഗതികളെ
ബഹുശഃ	പലപ്രാവശ്യവും	കഥയസേ സ്മ.	എടുത്തുരചെയ്തിട്ടുണ്ട
തേ	നിനക്കു്		ല്ലോ.

തസ്യ ധൎമ്മാത്മനോ ദേവി വനേ വാസം യശസ്വിനഃ
കഥം രോചയസേ ഭീരു നവ വൎഷാണി പഞ്ച ച. 22

"ഭീരു,	"മനസ്സുറപ്പില്ലാത്ത	പഞ്ച ച	അഞ്ചും
ദേവി!	ഹേ ദേവി! [വളായ	വൎഷാണി	(പതിന്നാലു) സംവ
ധൎമ്മാത്മനഃ	ധൎമ്മാത്മാവെന്നു	വനേ	കാട്ടിൽ [ത്സരങ്ങൾ
യശസ്വിനഃ	ത്രിലോക പ്രസിദ്ധിപൂ	വാസം	വസിക്കുക എന്നുള്ളതു്
തസ്യ,	ആ രാമനു് [ണ്ടവനായ	കഥം	എങ്ങിനെതന്നെയാണു്
നവ	ഒമ്പതും	രോചയസേ?	നീ മനസ്സിലോക്കുന്നതു്?

അത്യൎത്ഥം സുകുമാരസ്യ തസ്യ ധൎമ്മേ ധൃതാത്മനഃ
കഥം രോചയസേ വാസമരണ്യേ ഭൃശദാരുണേ. 23

"സുകുമാരസ്യ	"കഷ്ടമിന്നതെന്നറി യാത്ത ബാല്യദശയി ലിരിക്കുന്നവനും	തസ്യ	അവനു്
		ഭൃശദാരുണേ	അതിഭയങ്കരമായ
		അരണ്യേ	മനുഷ്യസഞ്ചാരമില്ലാ
അത്യൎത്ഥം	അപ്രകാരമിരുന്നിട്ടും		ത്ത വനത്തിൽ
	ഇതിലകത്തുതന്നെ	വാസം	വാസമെന്നുള്ളതിനെ
ധൎമ്മേ	ധൎമ്മമൊന്നിൽമാത്രം	കഥം	എങ്ങിനെതന്നെയാ
ധൃതാത്മനഃ	അചഞ്ചലമായ ആസ ക്തിയോടുകൂടിയവനു മായ		ണൊ
		രോചയസേ.	നീ മനസ്സിൽ കരുതി
			യതു്?

രോചയസ്യഭിരാമസ്യ രാമസ്യ ശുഭദൎശനേ
തവ ശുശ്രൂഷമാണസ്യ കിമൎത്ഥം വിപ്രവാസനം. 24

"ശുഭദൎശനേ!	"ഏതിലും നല്ലതൊന്നി നെമാത്രം കൊണ്ടാടു ന്നവളെ!	അഭിരാമസ്യ	ലോകാഭിരാമനായ്
			വിളങ്ങുന്നവനുമായ
		രാമസ്യ	ശ്രീരാമനു്
തവ	നിനക്കു്	വിപ്രവാസനം	വനവാസത്തെ [ലാണു്
ശുശ്രൂഷ- മാണസ്യ	വിപ്രിയലേശമെന്നി യെ ശുശ്രൂഷ ചെയ്യു ന്നവനും	കിമൎത്ഥം	എന്തുകാരണത്താ–
		രോചയസി.	നീ മനസ്സിൽ കരുതി
			യതു്?

രാമോ ഹി ഭരതാദ്ഭൂയസ്തവ ശുശ്രൂഷതേ സദാ
വിശേഷം ത്വയി തസ്മാത്തു ഭരതസ്യ ന ലക്ഷയേ. 25

"തവ	"ഭവതിക്ക്,	തു	അതുമല്ലാതെ,
സദാ	എല്ലായ്പ്പോഴും,	ത്വയി	ഭവതിയുടെ പേരിൽ
ഭരതാത്	ഭരതനെക്കാൾ	ഭരതസ്യ	ഭരതന്ന്
രാമഃ ഹി	രാമൻതന്നെയാണ്	തസ്മാത്	അവനെക്കാൾ
ഭൂയഃ	അധികമായി	വിശേഷം	അധികമായ പ്രിയത്തെ
ശുശ്രൂഷതേ;	ശുശ്രൂഷചെയ്യുന്നത്;	ന ലക്ഷയേ.	ഞാൻകാണുന്നതുമില്ല.

ശുശ്രൂഷാം ഗൌരവം ചൈവ പ്രമാണം വചനക്രിയാം
കസ്തേ ഭൂയസ്തരം കുര്യാദന്യത്ര മനുജർഷഭാത്. 26

"തേ	"ഭവതിക്ക്	വചനക്രിയാം ഏവ	പറഞ്ഞവണ്ണംതന്നെ ചെയ്തുതീർക്കുന്നതുമായ
ഗൌരവം ച	പൂജാർഹമായും പ്രശംസനീയമായും വിളങ്ങുന്നതും	ശുശ്രൂഷാം	ശുശ്രൂഷയെ
		മനുജർഷഭാത്	പുരുഷോത്തമനായ ശ്രീരാമനേക്കാൾ
പ്രമാണം	ആവശ്യപ്പെട്ടതായ കാര്യം സാദ്ധ്യമാകുമൊ ഇല്ലയൊ എന്നുള്ള സംശയത്തിന്നുംകൂടി വഴിയില്ലാത്തവിധത്തിൽ	ഭൂയസ്തരം	വിശേഷമായി
		അന്യത്ര	വേറെ
		കഃ	എവൻ
		കുര്യാത്?	ചെയ്യും?

ബഹൂനാം സ്ത്രീസഹസ്രാണാം ബഹൂനാം ചോപജീവിനാം
പരിവാദോപവാദോ വാ രാഘവേ നോപപദ്യതേ. 27

"രാഘവേ,	"ശ്രീരാമന്റെ സംഗതിയിൽ,	ഉപജീവിനാം ച	ഭൃത്യജനങ്ങൾക്കുള്ളിലാകട്ടെ,
ബഹൂനാം സ്ത്രീസഹസ്രാണാം	അനേകായിരം സ്ത്രീകൾക്കുള്ളിലാകട്ടെ	പരിവാദഃ	ദോഷപ്രവൃത്തിയെന്നുള്ളതോ
ബഹൂനാം	അനേകം	അപവാദഃ വാ	ദോഷബുദ്ധിയെന്നുള്ളതോ
		ഉപപദ്യതേ ന.	ഏർപ്പെട്ടുകളുണ്ടായിട്ടില്ല.

സാന്ത്വയൻ സർവ്വഭൂതാനി രാമഃ ശുദ്ധേന ചേതസാ
ഗൃഹ്ണാതി മനുജവ്യാഘ്രഃ പ്രിയൈർവ്വിഷയവാസിനഃ. 28

"മനുജവ്യാഘ്രഃ	"പുരുഷോത്തമനായ	സാന്ത്വയൻ	ആദരിച്ചുകൊണ്ട്,
രാമഃ	ശ്രീരാമൻ,	വിഷയവാസിനഃ	നാട്ടുകാരെ
സർവ്വഭൂതാനി	സർവ്വപ്രാണികളേയും,	പ്രിയൈഃ	പ്രിയകൃത്യങ്ങളാൽ
ശുദ്ധേന	പരിശുദ്ധമായ	ഗൃഹ്ണാതി.	സ്വാധീനത്തിലാക്കുന്നു.
ചേതസാ	മനസ്സോടുകൂടി		

സത്യേന ലോകാൻ ജയതി ദീനാൻ ദാനേന രാഘവഃ
ഗുരൂൻ ശുശ്രൂഷയാ വീരോ ധനുഷാ യുധി ശാത്രവാൻ. 29

"വീരഃ	"വീരനായ	ശുശ്രൂഷയാ,	ശുശ്രൂഷകൊണ്ടും,
രാഘവഃ,	ശ്രീരാമൻ,	ദീനാൻ	ദരിദ്രന്മാരെ
ശാത്രവാൻ	അപരാധികളെ	ദാനേന,	ദാനംകൊണ്ടും,
യുധി	യുദ്ധത്തിൽ	ലോകാൻ	ലോകങ്ങളെ
ധനുഷാ,	കോദണ്ഡംകൊണ്ടും,	സത്യേന	സത്യനിഷ്ഠകൊണ്ടും
ഗുരൂൻ	മഹാന്മാരെ	ജയതി.	സ്വാധീനത്തിലാക്കുന്നു.

[ഇതിൽ, ശ്രീരാഘവന്റെ ദയാവീര്യം, ത്യാഗവീര്യം, വിദ്യാവീര്യം, പരാക്രമവീര്യം എന്നിവ പറയപ്പെടുന്നു. ഗൊ. രാ.]

സത്യം ദാനം തപസ്ത്യാഗോ മിത്രതാ ശൌചമാർജ്ജവം
വിദ്യാ ച ഗുരുശുശ്രൂഷാ ധ്രുവാണ്യേതാനി രാഘവേ. 30

"സത്യം,	"പറഞ്ഞവാക്കിളക്കാതിരിക്കുക,	ശൌചം,	ബാഹ്യാഭ്യന്തര പരിശുദ്ധി,
ദാനം,	ശത്രുക്കളെന്നിരുന്നാലും ശരണംപ്രാപിച്ചവരെ രക്ഷിക്കുക,	ആർജ്ജവം,	ഒതുക്കം,
		വിദ്യാ,	തത്വജ്ഞാനം
		ഗുരുശുശ്രൂഷാ,	വലിയവരെ സന്തോഷപ്പെടുത്തി നടക്കുക,
മിത്രതാ,	സ്വജനങ്ങളെ സംര[ക്ഷിക്കുക,		
ത്യാഗഃ,	മനസ്സലിവ്,	ഏതാനി ച	ഇവയെല്ലാം
തപഃ,	സ്വർഗ്ഗാദിസിദ്ധിക്കായി ചെയ്യുന്ന കായക്ലേശം,	രാഘവേ	ശ്രീരാമങ്കൽ
		ധ്രുവാണി.	കുടികൊണ്ടിരിക്കുന്നു.

തസ്മിന്നാർജ്ജവസമ്പന്നേ ദേവി ദേവോപമേ കഥം
പാപമാശംസസേ രാമേ മഹർഷിസമതേജസി. 31

"ദേവി!	"ഹേ ദേവി!	മഹർഷിസമതേജസി	മഹർഷിമാർക്കൊത്ത തേജസ്സോടുകൂടിയവനുമായ
തസ്മിൻ	അപ്രകാരമുള്ള	രാമേ,	ശ്രീരാമന്റെ പേരിൽ,
ആർജ്ജവസമ്പന്നേ	സദ്ഗുണസമ്പന്നനും	പാപം	തിന്മയെന്നുള്ളതിനെ
		കഥം	എങ്ങിനെയാണ്
ദേവോപമേ	ദേവതുല്യനും	ആശംസസേ.	നീ കരുതുന്നത്?

ന സ്മരാമ്യപ്രിയം വാക്യം ലോകസ്യ പ്രിയവാദിനഃ
സ കഥം ത്വത്കൃതേ രാമം വക്ഷ്യാമി പ്രിയമപ്രിയം. 32

"ലോകസ്യ	"ലോകത്തിന്നു	സഃ	അപ്രകാരമുള്ള ഞാൻ
പ്രിയവാദിനഃ	പ്രിയമായ്ത്തന്നെ പറയുന്നവനായ അവന്നു,	ത്വത്കൃതേ	നിനക്കു വേണ്ടിത്തന്നെ
		പ്രിയം	പ്രിയപ്പെട്ടവനായ [യും
		രാമം	ശ്രീരാമനോട്
അപ്രിയം	അഹിതമായ	അപ്രിയം	അനിഷ്ടത്തെ
വാക്യം	നിയമനത്തെ [ലുമില്ല;	കഥം	എങ്ങിനെ
ന സ്മരാമി;	ഞാൻ സ്മരിക്കുകപോ-	വക്ഷ്യാമി?	പറയും?

ക്ഷമാ യസ്മിംസ്തപസ്ത്യാഗഃ സത്യം ധർമ്മഃ കൃതജ്ഞതാ
അവിഹിംസാ ച ഭൂതാനാം തമൃതേ കാ ഗതിർമ്മമ. 33

"ത്യാഗഃ	"സ്വാർത്ഥമില്ലാതിരിക്കുക,
തപഃ,	അന്യരുടെ ഗുണത്തിന്നായി ക്ലേശിക്കുക,
ഭൂതാനാം	ജീവനുള്ള പ്രാണികൾക്ക്
അവിഹിംസാ,	യാതൊരു ഹിംസയും കരുതാതിരിക്കുക,
ക്ഷമാ,	എപ്രകാരമുള്ള അപരാധത്തെയും ക്ഷമിക്കുക,
കൃതജ്ഞതാ,	നിസ്സാരമായ ഉപചാരത്തെയും മറക്കാതിരിക്കുക,
സത്യം,	സത്യം,
ധർമ്മഃ ച	മര്യാദ, എന്നവയെല്ലാം
യസ്മിൻ,	യാതൊരുവങ്കലോ,
തം	അപ്രകാരമുള്ള ശ്രീരാമനെ
ഋതേ	ഒഴിച്ച്
മമ	എനിക്ക്
ഗതിഃ കാ?	എന്തുഗതിയാണുള്ളത്?

മമ വൃദ്ധസ്യ കൈകേയി ഗതാന്തസ്യ തപസ്വിനഃ
ദീനം ലാലപ്യമാനസ്യ കാരുണ്യം കർത്തുമർഹസി. 34

"കൈകേയി!	"അല്ലേ കൈകേയി!
ഗതാന്തസ്യ	ജീവിതത്തിന്റെ അവസാനദശയിലെത്തിയിരിക്കുന്നവനും
വൃദ്ധസ്യ	വൃദ്ധനും
തപസ്വിനഃ	സന്തപിക്കുന്നവനും
ദീനം	ദയനീയമാംവണ്ണം
ലാലപ്യമാനസ്യ	പലവാറായി അപേക്ഷിക്കുന്നവനുമായ
മമ	എന്റെ സംഗതിയിൽ
കാരുണ്യം	കരുണ
കർത്തും	ചെയ്വാൻ
അർഹസി.	നീ മനസ്സുവെച്ചാലും.

പൃഥിവ്യാം സാഗരാന്തായാം യത്കിംചിദധിഗമ്യതേ
തത്സർവ്വം തവ ദാസ്യാമി മാ ച ത്വാം മന്യുരാവിശേത്. 35

"സാഗരാന്തായാം	"ആഴിചൂഴും
പൃഥിവ്യാം,	ഊഴിയിൽ
യത്കിംചിത്	അപ്രകാരമുള്ള വല്ലതും
അധിഗമ്യതേ	ലഭിക്കുന്നുവൊ
തത്സർവ്വം	അതെല്ലാററിനെയും
തവ	നിനക്കായി
ദാസ്യാമി;	ഞാൻ തരുന്നുണ്ട്;
ത്വാം ച	നിനക്കും
മന്യുഃ	ഇച്ഛാഭംഗം
മാ ആവിശേത്.	ഇല്ലാതിരിക്കട്ടെ.

അഞ്ജലിം കുർമ്മി കൈകേയി പാദൌ ചാപി സ്പൃശാമി തേ
ശരണം ഭവ രാമസ്യ മാഽധർമ്മോ മാമിഹ സ്പൃശേത്. 36

"കൈകേയി!	"കൈകേയി!
തേ	നിനക്കായ്ക്കൊണ്ട്
അഞ്ജലിം കുർമ്മി;	ഞാൻ കൈകൂപ്പുന്നു;
പാദൌ ച	രണ്ടുകാലടികളിലും
അപി സ്പൃശാമി?	ഞാൻ വീഴട്ടെയൊ?
രാമസ്യ	ശ്രീരാമന്ന്
ശരണം	രക്ഷയായി
ഭവ;	നീ ഭവിച്ചാലും;
ഇഹ	ഇക്കാര്യത്തിൽ
മാം	എന്നെ
അധർമ്മഃ	ധർമ്മവിരോധമെന്നുള്ളത്
മാ സ്പൃശേത്."	ബാധിക്കാതിരിക്കട്ടെ."

ഇതി ദുഃഖാഭിസന്തപ്തം വിലപന്തമചേതനം
ഘൂർണ്ണമാനം മഹാരാജം ശോകേന സമഭിപ്ലുതം 37
പാരം ശോകാർണ്ണവസ്യാശു പ്രാർത്ഥയന്തം പുനഃ പുനഃ
പ്രത്യുവാചാഥ കൈകേയീ രൌദ്രാ രൌദ്രതരം വചഃ. 38

രൌദ്രാ	വിപത്തിന്നു കാരണഭൂതയായ് വിളങ്ങുന്ന	പാരം	അന്തത്തെ
കൈകേയീ,	കൈകേയി,	പുനഃ പുനഃ	പലവുറായി
അചേതനം,	ബോധഹീനനായി,	ഇതി	മേൽപറഞ്ഞ പ്രകാരം
ദുഃഖാഭിസന്തപ്തം	ദുർഭാഗ്യത്താൽ ഏറെ പരിതപിച്ചുകൊണ്ട്	പ്രാർത്ഥയന്തം	പ്രാർത്ഥിക്കുന്നവനായ
വിലപന്തം	കണ്ണീർ വാർക്കുന്നവനായി,	മഹാരാജം,	മഹാരാജാവിനെ നോക്കി,
ഘൂർണ്ണമാനം,	പരക്കം പായുന്നവനായി,	ആശു	തൽക്ഷണം തന്നെ
ശോകേന	മനോവ്യഥയാൽ	രൌദ്രതരം	മുമ്പേതിലും അധികം കഠോരമായ
സമഭിപ്ലുതം,	വ്യാപിക്കപ്പെട്ടവനായി,	വചഃ	വാക്യത്തെ
ശോകാർണ്ണവസ്യ	ശോകസാഗരത്തിന്റെ	അഥ	ഇപ്രകാരം
		പ്രത്യുവാച.	മറുപടിയായി പറഞ്ഞു.

യദി ദത്വാ വരൌ രാജൻ പുനഃ പ്രത്യനുതപ്യസേ
ധാർമ്മികത്വം കഥം വീര പൃഥിവ്യാം കഥയിഷ്യസി. 39

"വീര!	"ഭർത്താവെ!	യദി	എന്നതുകൊണ്ട്
രാജൻ!	മഹാരാജാവെ!	പൃഥിവ്യാം	ലോകത്തിൽ
വരൌ	രണ്ടു വരങ്ങളെ	ധാർമ്മികത്വം	ധർമ്മമാർഗ്ഗം തെറ്റാതെ നടന്നു എന്ന്
ദത്വാ,	തരാമെന്നരുളിച്ചെയ്തു ശേഷം,	കഥം	എങ്ങിനെയാണ്
പുനഃ	പിന്നെ	കഥയിഷ്യസി?	അവിടുന്ന് പറഞ്ഞുകൊള്ളുക?
പ്രത്യനുതപ്യസേ,	അവിടുന്ന് പശ്ചാത്താപപ്പെടുന്നു,		

യദാ സമേതാ ബഹവസ്ത്വയാ രാജർഷയഃ സഹ
കഥയിഷ്യന്തി ധർമ്മജ്ഞാസ്തത്ര കിം പ്രതിവക്ഷ്യസി. 40

"ത്വയാ സഹ	"നിന്തിരുവടിയോടുകൂടി	കഥയിഷ്യന്തി യദാ	നിർബ്ബന്ധമായ് ചോദിക്കുന്നുവെങ്കിൽ
സമേതാഃ	സഭയിൽ കൂടിയവരായ	തത്ര	ആ സമയം
ധർമ്മജ്ഞാഃ	ധർമ്മജ്ഞന്മാരും	കിം	എങ്ങിനെയാണ്
രാജർഷയഃ	രാജർഷികളും	പ്രതിവക്ഷ്യസി?	ഉത്തരംപറയുക?
ബഹവഃ	മറ്റുപലരും		

യസ്യാഃ പ്രയത്നേ ജീവാമി യാ ച മാമഭ്യപാലയത്
തസ്യാഃ കൃതാ മയാ മിഥ്യാ കൈകേയ്യാ ഇതി വക്ഷ്യസി. 41

"യസ്യാഃ	"യാതൊരുത്തിയുടെ	കൈകേയ്യാഃ	കൈകേയിക്ക്
പ്രയത്നേ	പ്രയത്നംമൂലം	മയാ	എന്നാൽ
ജീവാമി,	ഞാൻ ജീവനോടിരിക്കു	മിഥ്യാ,	വാഗ്ദത്തം നിറവേററാതെ വെറുംവാക്കാക്കി
മാം	എന്നെ [ന്നുവോ,	കൃതാ,'	ചെയ്യപ്പെട്ടു,'
യാ	യാതൊരുവൾ	ഇതി	എന്ന്
അഭ്യപാലയത്	ആപത്തിൽനിന്ന് രക്ഷിച്ചുവൊ	വക്ഷ്യസി ച.	പറയേണ്ടിവരുന്നതാണല്ലൊ.
തസ്യാഃ	അപ്രകാരമുള്ള		

കിൽബിഷത്വം നരേന്ദ്രാണാം കരിഷ്യസി നരാധിപ
യോ ദത്വാ വരമദ്യൈവ പുനരന്യാനി ഭാഷസേ. 42

"നരാധിപ!	" മഹാരാജാവേ!	ഭാഷസേ;	പറയുന്നു;
യഃ	യാതൊരു നിന്തിരുവടി	നരേന്ദ്രാണാം ഏവ	രാജാക്കന്മാർക്കുതന്നെ
വരം	വരത്തെ		
ദത്വാ,	വാഗ്ദത്തംചെയ്തിട്ട്,	കിൽബിഷത്വം	ഒരു കുറവ്
അദ്യ	ഇപ്പോൾ [വാക്കുകളെ	കരിഷ്യസി പുനഃ?	വരുത്തുവാനാണോ ഭാവം?
അന്യാനി	വേറെ പ്രകാരത്തിലുള്ള-		

ശൈബ്യഃ ശ്യേനകപോതീയേ സ്വമാംസം പക്ഷിണേ ദദൗ
അലർക്കശ്ചക്ഷുഷീ ദത്വാ ജഗാമ ഗതിമുത്തമാം. 43

"ശൈബ്യഃ	" ശിബിചക്രവർത്തി,	അലർക്കഃ	അലർക്കനെന്ന രാജർഷി,
ശ്യേന-കപോതീയേ	ഇന്ദ്രൻ ഒരു പരുന്തായും, അഗ്നി പ്രാവായും രൂപമെടുത്ത് വിരോധികളായ് വന്ന ശണ്ഠയിൽ	ചക്ഷുഷീ	തന്റെ രണ്ടുകണ്ണുകളേയും,
സ്വമാംസം	തന്റെ സ്വന്തം ദേഹത്തിലുള്ള മാംസത്തെ	ദത്വാ	(രണ്ടുകണ്ണുകളും പൊയ്പോയ ഒരു ബ്രാഹ്മണനായിക്കൊണ്ട്, മുമ്പേ തന്നെ എന്തും തരാമെന്ന് വാഗ്ദത്തംചെയ്ത കാരണത്താൽ) ചൂന്നെടുത്തു കൊടുത്ത്,
പക്ഷിണേ	പരുന്തായ ഇന്ദ്രനായിക്കൊണ്ട്,	ഉത്തമാം	ഉത്തമമായ
ദദൗ;	(പ്രാവായിരുന്ന അഗ്നിയോടു മുമ്പേതന്നെ വാഗ്ദത്തം ചെയ്ത കാരണത്താൽ) കൊടുത്തു;	ഗതിം	ഗതിയെ
		ജഗാമ.	പ്രാപിച്ചു.

[ശിബിചക്രവർത്തിയുടെ ധർമ്മപരീക്ഷ നടത്തിയതായ ഈ ശ്യേനകപോതോപാഖ്യാനം മഹാഭാരതം വനപർവ്വം 132-133 അദ്ധ്യായങ്ങളിൽ കൊടുത്തിരിക്കുന്നു. അലർക്കനെ പററി വിഷ്ണുമായയെ ജയിച്ചവരുടെ കൂട്ടത്തിൽ ഭാഗവതം ദ്വിതീയസ്കന്ധം 7-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്.]

സാഗരഃ സമയം കൃത്വാ ന വേലാമതിവൎത്തതേ
സമയം മാऽനൃതം കാൎഷീഃ പൂൎവ്വം വൃത്തമനുസ്മരൻ. 44

" സാഗരഃ	" സമുദ്രം,	അതിവൎത്തതേ ന;	അതിക്രമിക്കാതെ വൎത്തിക്കുന്നു;
സമയം	(ദേവന്മാർ കരയെ അതിക്രമിച്ച് വരാതിരിക്കേണമെന്ന് പ്രാൎത്ഥിച്ചതിന്ന് അപ്രകാരം ചെയ്യാമെന്ന്)	പൂൎവ്വം	ഇതുവരെയുള്ളതായ
		വൃത്തം	ധൎമ്മനടവടിയെ
		അനുസ്മരൻ	ഓൎത്ത്
		സമയം	വാഗ്ദത്തം ചെയ്തതിനെ
കൃത്വാ,	ചെയ്ത്, [വാഗ്ദത്തം	അനൃതം	മിഥ്യയാക്കി
വേലാം	കരയെ	മാ കാൎഷീഃ.	ചെയ്യാതിരുന്നാലും.

സത്യം ധൎമ്മം പരിത്യജ്യ രാമം രാജ്യേऽഭിഷിച്യ ച
സഹ കൌസല്യയാ നിത്യം രന്തുമിച്ഛസി ദുൎമ്മതേ. 45

" ദുൎമ്മതേ!	" അധൎമ്മത്തിൽ ബുദ്ധിയേപ്പെട്ടുപോയ ഹേ രാജാവെ!	രാമം	രാമനെ
		അഭിഷിച്യ	പട്ടംകെട്ടിച്ച്,
		കൌസല്യയാ സഹ	കൌസല്യയോടുംകൂടി
സത്യം	പറഞ്ഞവാക്കിളക്കാതിരിക്കുക എന്ന	നിത്യം	എന്നും
ധൎമ്മം	ധൎമ്മത്തെ	രന്തും	സുഖിച്ചിരിക്കുവാൻ
പരിത്യജ്യ,	ഉപേക്ഷിച്ച്,	ഇച്ഛസി ച.	അങ്ങു് ഉദ്ദേശിക്കുന്നു
രാജ്യേ	രാജ്യത്തിൽ		വല്ലൊ!

ഭവത്വധൎമ്മോ ധൎമ്മോ വാ സത്യം വാ യദി വാऽനൃതം
യത്ത്വയാ സംശ്രുതം മഹ്യം തസ്യ നാസ്തി വ്യതിക്രമഃ. 46

" അധൎമ്മഃ	" (ഞാൻ ചോദിക്കുന്നതു്) അധൎമ്മമായിട്ടൊ,	യദി,	എങ്ങിനെയായാലും
		ത്വയാ	അങ്ങയാൽ [ശരി,
ധൎമ്മഃ വാ	ധൎമ്മമായിട്ടൊ,	മഹ്യം	എനിക്ക്
സത്യം വാ	ഹേതുപൂൎവ്വമായ നിബന്ധനയായിട്ടൊ	സംശ്രുതം	പ്രതിജ്ഞചെയ്യപ്പെട്ടതു്
		യത്,	ഒന്നുണ്ടെന്നുവരികിൽ
അനൃതം വാ	ഹേതുപൂൎവ്വമല്ലാത്ത അഭിപ്രായമായിട്ടൊ,	തസ്യ	അതിന്ന്
		വ്യതിക്രമഃ	മാററം
ഭവതു;	ഇരിക്കട്ടെ;	അസ്തി ന.	ഇല്ല.

അഹം ഹി വിഷമദ്യൈവ പീത്വാ ബഹു തവാഗ്രതഃ
പശ്യതസ്തേ മരിഷ്യാമി രാമോ യദ്യഭിഷിച്യതേ. 47

" രാമഃ	" രാമൻ	ബഹു	ഘോരമായ
അഭിഷിച്യതേ യദി	അഭിഷേകം ചെയ്യപ്പെടുന്നുവെങ്കിൽ	വിഷം	വിഷത്തെ
		പീത്വാ	കുടിച്ച്
അഹം	ഞാൻ	തവ	അവിടുത്തെ
അദ്യ ഏവ	ഉടനെതന്നെ	അഗ്രതഃ	തിരുമുമ്പാകെ
തേ	അവിടുത്തെ	മരിഷ്യാമി,	ജീവനെ ത്യജിച്ചുകളയും,
പശ്യതഃ	കൺമുമ്പിൽതന്നെ	ഹി.	നിശ്ചയം.

ഏകാഹമപി പശ്യേയം യദ്യഹം രാമമാതരം
അഞ്ജലിം പ്രതിഗൃഹ്ണന്തീം ശ്രേയോ നനു മൃതിർമ്മമ. 48

"ഏകാഹം	"ഒരു ദിവസമെന്നു	അഹം	ഞാൻ
അപി	വന്നാലും കൂടി	പശ്യേയം യദി	കാണുന്നതിനേക്കാൾ,
രാമമാതരം	രാമമാതാവിനെ,	മമ	എനിക്ക്
അഞ്ജലിം	കൂപ്പുകൈ	മൃതിഃ	മരണമെന്നുള്ളത്
പ്രതി- ഗൃഹ്ണന്തീം,	സ്വീകരിക്കുന്നവളായി	ശ്രേയഃ നനു!	ഉത്തമമാകുന്നു!

ഭരതേനാത്മനാ ചാഹം ശപേ തേ മനുജാധിപ
യഥാ നാന്യേന തുഷ്യേയമൃതേ രാമവിവാസനാത്. 49

"ഭരതേന	"ഭരതനാണെ,	രാമ- വിവാസനാത് ഋതേ	രാമൻ വനത്തിലേക്കു പോയാലല്ലാതെ
ആത്മനാ ച	എന്നാണെ		
അഹം	ഞാൻ		
തേ	അവിടുത്തോട്	അന്യേന യഥാ	വേറെയൊന്നുകൊണ്ടും
ശപേ;	ശപഥം ചെയ്യുന്നു;	തുഷ്യേയം ന."	ഞാൻ തൃപ്തിപ്പെടുക
മനുജാധിപ!	മഹാരാജാവെ!		യില്ല."

ഏതാവദുക്ത്വാ വചനം കൈകേയീ വിരരാമ ഹ
വിലപന്തം ച രാജാനം ന പ്രതിവ്യാജഹാര സാ. 50

ഏതാവത്	ഇത്രത്തോളം	വിലപന്തം	വാവിട്ടു വിലപിക്കുന്ന
വചനം ഉക്ത്വാ	പറഞ്ഞിട്ട്	രാജാനം	രാജാവിനെ [വനായ
കൈകേയീ	കൈകേയി	ന പ്രതിവ്യാജ- ഹാര ച.	ആശ്വസിപ്പിക്കത്തക്ക ഒരു വാക്കുപോലും
വിരരാമ;	മതിയാക്കി;		
ഹ! സാ	എന്തു കഷ്ടം! അവൾ		ഉച്ചരിച്ചില്ല.

ശ്രുത്വാ തു രാജാ കൈകേയ്യാ വൃത്തം പരമദാരുണം
രാമസ്യ ച വനേ വാസമൈശ്വര്യം ഭരതസ്യ ച 51
നാഭ്യഭാഷത കൈകേയീം മുഹൂർത്തം വ്യാകുലേന്ദ്രിയഃ
പ്രൈക്ഷതാനിമിഷോ ദേവീം പ്രിയാമപ്രിയവാദിനീം. 52

ഭരതസ്യ	ഭരതന്ന്	വ്യാകുലേ- ന്ദ്രിയഃ;	പഞ്ചേന്ദ്രിയങ്ങളും കല ക്കംപൂണ്ടവനായി
ഐശ്വര്യം ച	പട്ടാഭിഷേകംചെയ്യേ ണ്ടതിനെക്കുറിച്ചും		ഭവിച്ചു;
രാമസ്യ	ശ്രീരാമന്ന്	അപ്രിയ- വാദിനീം	അഹിതവാക്കുകൾ ക ണിശമായുരചെയ്തവളും
വനേ	കാട്ടിൽ		
പരമദാരുണം	അതികഷ്ടമായ	പ്രിയാം ദേവീം	പ്രിയഭാര്യയായിരുന്നവ
വാസം ച	വാസത്തെപ്പററിയുമുള്ള	കൈകേയീം	കൈകേയിയെ [ളുമായ
കൈകേയ്യാഃ	കൈകേയിയുടെ	അനിമിഷഃ	കണ്ണിമക്കൂട്ടാതെ
വൃത്തം ശ്രുത്വാ,	വാക്യത്തെ കേട്ട്, [യം	പ്രൈക്ഷത;	മിഴിച്ചുനോക്കിക്കൊണ്ടി
രാജാ തു	മഹാരാജാവ് ആ സമ-	അഭ്യഭാഷത ന.	ഒരക്ഷരംപോലും [രുന്നു;
മുഹൂർത്തം	ഒരു മുഹൂർത്തകാലം		അരുളിച്ചെയ്തതേയില്ല.

താം ഹി വജ്രസമാം വാചമാകർണ്ണ്യ ഹൃദയാപ്രിയാം
ദുഃഖശോകമയീം ശ്രുത്വാ രാജാ ന സുഖിതോऽഭവത്. 53

രാജാ	മഹാരാജാവ്		(മനസ്സ് പുണ്ണായിരിക്കുന്നതിനെ)
താം	ആ	ശ്രുത്വാ ഹി	ഓർത്തുകൊണ്ടിരുന്നിരുന്നവണ്ണംതന്നെ
വജ്രസമാം	ഇടിത്തീപോലുള്ളതും	സുഖിതഃ	ഒരു മനഃസമാധാനത്തെ കാണുന്നവനായി
ഹൃദയാപ്രിയാം	ഹൃദയം പിളക്കുന്നതുമാ	അഭവത് ന.	ഭവിച്ചില്ല.
വാചം ആകർണ്ണ്യ	വാക്യത്തെ കേട്ട്, [യ		
ദുഃഖ-ശോകമയീം	ധർമ്മം തെറ്റാതിരിക്കേണമെന്നുള്ള ദുഃഖത്താൽ		

സ ദേവ്യാ വ്യവസായം ച ഘോരം ച ശപഥം കൃതം
ധ്യാത്വാ രാമേതി നിശ്വസ്യ ഛിന്നസ്തരുരിവാപതത്. 54

സഃ	അദ്ദേഹം	"രാമ!"	"ഹാ രാമ!"
ദേവ്യാഃ	രാജ്ഞിയുടെ	ഇതി	എന്ന്
വ്യവസായം ച,	കുയുക്തിയേയും,	നിശ്വസ്യ,	നിലവിളിച്ച്,
ഘോരം കൃതം	ഘോരമായ് ചെയ്ത	ഛിന്നഃ	വെട്ടിമുറിച്ച
ശപഥം ച	ശപഥത്തേയും	തരുഃ ഇവ	മരം എന്നപോലെ
ധ്യാത്വാ,	വിചാരിച്ച്,	അപതത്.	നിലത്തുപതിച്ചു.

നഷ്ടചിത്തോ യഥോന്മത്തോ വിപരീതോ യഥാऽऽതുരഃ
ഹൃതതേജാ യഥാ സർപ്പോ ബഭൂവ ജഗതീപതിഃ. 55

ജഗതീപതിഃ,	മഹാരാജാവ്,	ആതുരഃ യഥാ,	ദീനക്കാരൻ എന്നപോലെയും,
ഉന്മത്തഃ യഥാ,	ഭ്രാന്തനെന്നപോലെയും	ഹൃതതേജാഃ	മന്ത്രത്താൽ മയങ്ങിയ
വിപരീതഃ	താറുമാറായ്	സർപ്പഃ യഥാ	സർപ്പം എന്നപോലെ
നഷ്ടചിത്തഃ	പുലമ്പുന്നവനായ	ബഭൂവ.	ഭവിച്ചു. [യും

ദീനയാ തു ഗിരാ രാജാ ഇതി ഹോവാച കൈകയീം. 56

രാജാ,	മഹാരാജാവ്,	ദീനയാ ഗിരാ	ദീനസ്വരത്തിൽ
കൈകയീം	കൈകേയിയെ നോക്കി	തു	ഈ സംഗതിയെ
ഹ	അതികഷ്ടമായി	ഇതി ഉവാച.	ഇപ്രകാരമരുളിച്ചെയ്തു.

അനർത്ഥമിമമർത്ഥാഭം കേന ത്വമുപദർശിതാ
ഭൂതോപഹതചിത്തേവ ബ്രുവന്തീ ത്വം ന ലജ്ജസേ. 57

"കേന	"ആരാലാണ്	ത്വം	നീ,
ത്വം	നീ	ഭൂതോപഹത-ചിത്താ	ഭൂതബാധയേററ ചിത്തത്തോടു കൂടിയവൾ
ഇമം അർത്ഥാഭം	ഇപ്രകാരമുള്ള നല്ലതെന്നപോലെതോന്നുന്ന	ഇവ	എന്ന പോലെ
അനർത്ഥം	അനർത്ഥത്തെ	ബ്രുവന്തീ	പറയുന്നവളായ്,
ഉപദർശിതാ ?	ഉപദേശിക്കപ്പെട്ടത് ?	ലജ്ജസേ ന.	ലജ്ജിക്കുന്നില്ലല്ലൊ!

ശീലവ്യസനമേതത്തേ നാഭിജാനാമ്യഹം പുരാ
ബാലായാസ്തത്ത്വിദാനീം തേ ലക്ഷയേ വിപരീതവത്. 58

"പുരാ	"ഇതുവരെയ്ക്കും	അഭിജാനാമി ന;	അറിയുന്നില്ല;
ബാലായാഃ	ബാല്യദശയിലിരുന്ന വളായ	തു	ആകയാൽ
		ഇദാനീം	ഇപ്പോൾ
തേ	നിൻെറ അടുത്ത്	തേ	നിങ്കൽ
ഏതത്	ഇമ്മാതിരിയുള്ളതായ	തത്	അതിനെ [ട്ടാണ്
ശീലവ്യസനം	സ്വഭാവദോഷമുണ്ടെ	വിപരീതവത്	വ്യത്യാസപ്പെട്ടതായി–
അഹം	ഞാൻ [ന്നുള്ളതിനെ	ലക്ഷയേ.	ഞാൻ കാണുന്നത്.

കുതോ വാ തേ ഭയം ജാതം യാ ത്വമേവം വിധം വരം
രാഷ്ട്രേ ഭരതമാസീനം വൃണീഷേ രാഘവം വനേ. 59

"യാ	"യാതൊരു അപ്രകാര	വരം	വരത്തെ
ത്വം,	നീ, [മുള്ള	വൃണീഷേ;	ആവശ്യപ്പെടുന്നു;
ഭരതം	ഭരതനെ	തേ	നിനക്ക്
രാഷ്ട്രേ	രാജ്യത്തിലും	ഭയം	മനസ്സിപ്രകാരം മാറുവാനുള്ള
രാഘവം	ശ്രീരാമനെ		
വനേ	കാട്ടിലും	ജാതം കുതഃ	ഭയത്തിനുകാരണം എ
ആസീനം	വസിക്കുന്നതായ	വാ!	ന്തുതന്നെയൊ, ഞാൻ
ഏവം വിധം	ഇപ്രകാരമുള്ള		അറിയുന്നില്ല!

വിരമൈതേന ഭാവേന ത്വമേതേനാനൃതേന വാ
യദി ഭർത്തുഃ പ്രിയം കാര്യം ലോകസ്യ ഭരതസ്യ ച. 60

"ഭർത്തുഃ	"ഭർത്താവിന്നും	കാര്യം യദി,	ചെയ്യാൻ ഇച്ഛിക്കുക
ലോകസ്യ	ലോകത്തിന്നും	ഏതേന	ഈ [യാണെങ്കിൽ,
ഭരതസ്യ ച	ഭരതന്നും	ഭാവേന	അഭിപ്രായത്തോടുകൂടി
പ്രിയം	ഹിതമായുള്ളതിനെ	ഏതേന	ഈ [യും
		അനൃതേന വാ	കുബുദ്ധിയോടുകൂടിയും
ത്വം	നീ	വിരമ.	പ്രവൃത്തിക്കാതിരിക്കുക.

നൃശംസേ പാപസംകല്പേ ക്ഷുദ്രേ ദുഷ്കൃതകാരിണി
കിം നു ദുഃഖമലീകം വാ മയി രാമേ ച പശ്യസി 61

"ദുഷ്കൃത-കാരിണി	ജന്മാന്തരത്തിൽ പാപംചെയ്തവളായി	നൃശംസേ!	ദുഷ്ടേ!
		മയി	എങ്കൽതന്നെയാകട്ടെ
ക്ഷുദ്രേ!	ദ്രോഹംചെയ്യുന്നതിന്നായി ജനിച്ചവളായി	രാമേ വാ	രാമങ്കൽതന്നെയാകട്ടെ
		അലീകം	പ്രിയവിരുദ്ധമായ
പാപ-സംകല്പേ!	മഹാപാപകൃത്യംചെയ്യാൻ തീർച്ചയാക്കിയിരിക്കുന്ന	ദുഃഖം ച	ദോഷത്തേയും
		കിം നു	എന്തുതന്നെയാണ്
		പശ്യസി?	നീ കാണുന്നത്?

ന കഥംചിദൃതേ രാമാത് ഭരതോ രാജ്യമാവസേത്
രാമാദപി ഹി തം മന്യേ ധൎമ്മതോ ബലവത്തരം. 62

"ഭരതഃ	"ഭരതൻ	ഹി	എന്തെന്നാൽ,
രാമാത് ഋതേ	രാമനെക്കൂടാതെ	തം	അവനെ
കഥംചിത്	ഒരിക്കലും	രാമാത് അപി	രാമനെക്കാൾ
രാജ്യം	രാജ്യത്തിൽ	ധൎമ്മതഃ	ധൎമ്മനിഷ്ഠയിൽ
ആവസേത് ന;	വസിക്കുകയില്ല;	ബലവത്തരം	മേന്മയുള്ളവനെന്നു
		മന്യേ.	ഞാൻ അറിയും.

കഥം ദ്രക്ഷ്യാമി രാമസ്യ വനം ഗച്ഛേതി ഭാഷിതേ
മുഖവൎണ്ണം വിവൎണ്ണം തം യഥൈവേന്ദുമുപപ്ലുതം. 63

"'വനം	"'കാട്ടിലേക്കു	ഉപപ്ലുതം	രാഹുഗ്രസ്തനായ
ഗച്ഛ,'	പോ,'	ഇന്ദും	ചന്ദ്രനെ
ഇതി	എന്ന്	യഥാ	എന്നവണ്ണം
ഭാഷിതേ	പറയുമ്പോൾ	വിവൎണ്ണം	മങ്ങിയിരിക്കുന്നതായ്
രാമസ്യ	രാമന്റെ	കഥം ഏവ	എങ്ങിനെതന്നെയാണ്
തം	ആ	ദ്രക്ഷ്യാമി.	ഞാൻ കണ്ടുസഹി
മുഖവൎണ്ണം	മുഖസൌന്ദൎയ്യത്തെ		ക്കുക.

താം ഹി മേ സുകൃതാം ബുദ്ധിം സുഹൃദ്ഭിഃ സഹ നിശ്ചിതാം
കഥം ദ്രക്ഷ്യാമ്യപാവൃത്താം പരൈരിവ ഹതാം ചമൂം. 64

"സുഹൃദ്ഭിഃ	"വേണ്ടപ്പെട്ടവരോട്	പരൈഃ	ശത്രുക്കളാൽ
സഹ	കൂടി	ഹതാം	ഹതമായ
നിശ്ചിതാം	ആലോചിച്ചു നിശ്ചയി	ചമൂം	സൈന്യത്തെ
മേ	എന്റെ [ക്കപ്പെട്ടതും	ഇവ	എന്നവണ്ണം
സുകൃതാം	ധൎമ്മത്തിന്ന് യോജിച്ച	അപാവൃത്താം	തലകീഴാക്കപ്പെട്ടതായി
താം	ആ [തും ആയ	കഥം ഹി	എങ്ങിനെതന്നെയാണ്
ബുദ്ധിം,	(പട്ടാഭിഷേക) നിശ്ചയത്തെ	ദ്രക്ഷ്യാമി?	ഞാൻ കണ്ടു സഹിച്ചിരിക്കുക?

കിം മാം വക്ഷ്യന്തി രാജാനോ നാനാദിഗ്ഭ്യഃ സമാഗതാഃ
ബാലോ ബതായമൈക്ഷ്വാകശ്ചിരം രാജ്യമകാരയത്. 65

"'ഐക്ഷ്വാകഃ	"'ഇക്ഷ്വാകുവംശത്തിൽ ജനിച്ച്	മാം	എന്നെപ്പററി [നും
ബാലഃ	അവിവേകിയായ	നാനാദിഗ്ഭ്യഃ	നാനാദിക്കുകളിൽനി
അയം	ഇവൻ	സമാഗതാഃ	വന്നിരിക്കുന്നവരായ
ചിരം	ഇത്രകാലവും	രാജാനഃ	രാജാക്കന്മാർ
കിം	എപ്രകാരംതന്നെയാ	വക്ഷ്യന്തി;	നിന്ദിക്കും;
രാജ്യം	രാജ്യത്തെ [ണ്	ബത!	{ ഇതിനെക്കാൾ അവമാനം എന്താണ് വരുവാനുള്ളത്! അയ്യോ!
അകാരയത്?'	ഭരിച്ചത്?' എന്ന്		

യദാ തു ബഹവോ വൃദ്ധാ ഗുണവന്തോ ബഹുശ്രുതാഃ
പരിപ്രക്ഷ്യന്തി കാകുത്സ്ഥം വക്ഷ്യാമി കിമഹം തദാ. 66

“ഗുണവന്തഃ	“ഗുണവാന്മാരെന്നും	യദാ	എന്നുവരുമ്പോൾ
ബഹുശ്രുതാഃ	വേദവിത്തുകളെന്നും	തദാ	അതിന്നു്
ബഹവഃ	പ്രസിദ്ധരായ	കിം	തക്കതായ എന്തൊന്നി
വൃദ്ധാഃ	യോഗ്യന്മാർ		നെയാണു്
കാകുത്സ്ഥം തു	ശ്രീരാമനെപ്പററി	അഹം	ഞാൻ
പരിപ്രക്ഷ്യന്തി	അന്വേഷിക്കുന്നു	വക്ഷ്യാമി ?	മറുപടി പറയേണ്ടതു് ?

കൈകേയ്യാ ക്ലിശ്യമാനേന രാമഃ പ്രവ്രാജിതോ മയാ
യദി സത്യം ബ്രവീമ്യേതത് തദസത്യം ഭവിഷ്യതി. 67

“കൈകേയ്യാ	“കൈകേയിയാൽ	സത്യം	യഥാൎത്ഥത്തെ
ക്ലിശ്യമാനേന	ഉപദ്രവിക്കപ്പെട്ട	ബ്രവീമി യദി	ഞാൻ പറയുന്നുവെ
മയാ	എന്നാൽ	തത്	അതു് [ങ്കിൽ
രാമഃ	ശ്രീരാമൻ	അസത്യം	{ മഹാസഭയിൽ വെച്ചു് വാഗ്ദത്തം ചെയ്തതിന്നു വിരുദ്ധമായി
പ്രവ്രാജിതഃ	കാട്ടിലേക്കയക്കപ്പെട്ടു എന്നുള്ള		
ഏതത്	ഈ	ഭവിഷ്യതി.	ഭവിക്കും.

കിം മാം വക്ഷ്യതി കൌസല്യാ രാഘവേ വനമാസ്ഥിതേ
കിം ചൈനാം പ്രതിവക്ഷ്യാമി കൃത്വാ വിപ്രിയമീദൃശം. 68

“ച ;	“ഇതു് ഇപ്രകാരമിരി	ഈദൃശം	ഇപ്രകാരമുള്ള
രാഘവേ	ശ്രീരാമൻ [ക്കട്ടെ ;	വിപ്രിയം	ഹൃദയഭേദിയായ അപ
വനം	കാട്ടിലേക്കു്		ചാരത്തെ
ആസ്ഥിതേ,	പുറപ്പെട്ടാൽ,	കൃത്വാ,	ചെയ്തശേഷം,
കൌസല്യാ	കൌസല്യ	കിം	തക്കതായ എന്തൊന്നി
മാം	എന്നെ		നെയാണു്
കിം വക്ഷ്യതി ?	എന്തു പറയും ?	പ്രതിവക്ഷ്യാമി.	ഞാൻ സമാധാനമായ്
ഏനാം	ഇവൾക്കു്		പറയുക ?

യദാ യദാ ഹി കൌസല്യാ ദാസീവച്ച സഖീവ ച
ഭാൎയ്യാവദ്ഭഗിനീവച്ച മാതൃവച്ചോപതിഷ്ഠതി· 69

“കൌസല്യാ ഹി,	“കൌസല്യയാണെങ്കിൽ,	ഭാൎയ്യാവത്	ഭാൎയ്യയെപ്പോലെയും,
യദാ യദാ	അതാതു സമയത്തിന്നു യോജിച്ചപോലെ,	ഭഗിനീവത് ച	സഹോദരിയെപ്പോലെ
ദാസീവത് ച	ദാസിയെപ്പോലെയും,	മാതൃവത് ച	പെററ അമ്മയെ [യും, പ്പോലെത്തന്നെയും,
സഖീ ഇവ ച	സഖിയെപ്പോലെയും,	ഉപതിഷ്ഠതി.	പെരുമാറിക്കൊണ്ടാണു് വരുന്നതു്.

സതതം പ്രിയകാമാ മേ പ്രിയപുത്രാ പ്രിയംവദാ
ന മയാ സത്കൃതാ ദേവീ സത്കാരാൎഹാ കൃതേ തവ. 70

"പ്രിയപുത്രാ	"ആശപ്പെട്ട് ഒരു പുത്രനെപ്പെററവളും,	പ്രിയകാമാ	(എന്റെ) ഇഷ്ടത്തിന്നനുസരിച്ചുനടക്കുന്നവളും
മേ	എനിക്ക്,	സത്കാരാൎഹാ	ബഹുമാനാൎഹയും ആയ
സതതം	ഏതുസമയത്തിലും	ദേവീ,	പട്ടമഹിഷി,
പ്രിയംവദാ,	മനസ്സിന്നു യോജിച്ച മാതിരിതന്നെ പറയുന്നവളും	തവ കൃതേ	നിന്റെ കാരണമായി
		മയാ	എന്നാൽ
		സത്കൃതാ ന.	വേണ്ടപോലെ കൊണ്ടാടപ്പെട്ടില്ല.

ഇദാനീം തത്തപതി മാം യന്മയാ സുകൃതം ത്വയി
അപഥ്യവ്യഞ്ജനോപേതം ഭുക്തമന്നമിവാതുരം. 71

"മയാ	"എന്നാൽ	അപഥ്യവ്യഞ്ജനോപേതം	ദഹിപ്പാൻ പ്രയാസമുള്ള കാൎയ്യറികളോടുകൂടിയതും ആയ
ത്വയി	നിന്റെപേരിൽ	അന്നം	ആഹാരം
സുകൃതം	വെക്കപ്പെട്ട പ്രേമം	ആതുരം	വയററിൽവേദനക്കാരനെ
യത്	യാതൊന്നോ	ഇവ,	എന്നപോലെ
തത്,	ആയത്,	മാം	എന്നെ
ഭുക്തം	ഭുജിക്കപ്പെട്ടതും	ഇദാനീം	ഇപ്പോൾ
		തപതി.	വേദനിപ്പിക്കുന്നു.

വിപ്രകാരം ച രാമസ്യ സംപ്രയാണം വനസ്യ ച
സുമിത്രാ പ്രേക്ഷ്യ വൈ ഭീതാ കഥം മേ വിശ്വസിഷ്യതി. 72

"രാമസ്യ ച,	"ശ്രീരാമനെതന്നെ,	ഭീതാ	മനസ്സുകലങ്ങിയവളായി
വനസ്യ	കാട്ടിലേക്ക്	കഥം	എപ്രകാരംതന്നെയാണ്
സംപ്രയാണം	അയക്കുന്നതായ	മേ	എന്റെപേരിൽ
വിപ്രകാരം ച	അപരാധത്തെ	വിശ്വസിഷ്യതി.	വിശ്വാസത്തെകയ്യാളുക.
പ്രേക്ഷ്യ വൈ,	കണ്ടഉടനെ,		
സുമിത്രാ	സുമിത്ര		

കൃപണം ബത വൈദേഹീ ശ്രോഷ്യതി ദ്വയമപ്രിയം
മാം ച പഞ്ചത്വമാപന്നം രാമം ച വനമാശ്രിതം. 73

"വൈദേഹീ	"സീത,	അപ്രിയം	മൎമ്മഭേദകമായ
രാമം	ശ്രീരാമനെ	ദ്വയം ച	ഈ രണ്ടിനേയും
വനം ആശ്രിതം	വനത്തിലേക്ക് പോയവനായും	ശ്രോഷ്യതി;	കേൾക്കാറാകും;
ച	അതിനാൽ	ബത,	അയ്യോ,
മാം	എന്നെ	കൃപണം!	അവൾക്കാണൊ ഇമ്മാതിരി കഷ്ടം നേരിടേണ്ടതു്!
പഞ്ചത്വം ആപന്നം	മരണം പ്രാപിച്ചവനായും,		

വൈദേഹീ ബത മേ പ്രാണാൻ ശോചന്തീ ക്ഷപയിഷ്യതി
ഹീനാ ഹിമവതഃ പാൎശ്വേ കിന്നരേണേവ കിന്നരീ. 74

"മേ	"എനിക്ക്
ബത!	എന്തൊരു തലയിലെ
വൈദേഹീ,	വൈദേഹി, [ഴുത്താ!
ഹിമവതഃ	ഹിമാലയപൎവ്വതത്തി
പാൎശ്വേ	പാൎശ്വത്തിൽ [ന്റെ
കിന്നരേണ	കിന്നരനാൽ

ഹീനാ	ഉപേക്ഷിക്കപ്പെട്ട
കിന്നരീ	കിന്നരസ്ത്രീ
ഇവ	എന്നപോലെ
ശോചന്തീ	ദുഃഖത്താൽ തപിക്കുന്ന
പ്രാണാൻ	ജീവനെ [വളായി
ക്ഷപയിഷ്യതി.	ഉപേക്ഷിച്ചുകളയും.

ന ഹി രാമമഹം ദൃഷ്ട്വാ പ്രവസന്തം മഹാവനേ
ചിരം ജീവിതുമാശംസേ രുദന്തീം ചാപി മൈഥിലീം. 75

"രാമം	"ശ്രീരാമനെ
മഹാവനേ	ഘോരമായവിപിനത്തിലേക്കു്
പ്രവസന്തം ച	പോയവനായും
മൈഥിലീം ഹി	മൈഥിലിയെയും

രുദന്തീം	രോദനംചെയ്തുകൊണ്ടി
ദൃഷ്ട്വാ,	കണ്ടു്, [രിക്കുന്നവളായും
അഹം	ഞാൻ
ചിരം അപി	അതിന്നുശേഷവും
ജീവിതും	ജീവനോടിരിപ്പാൻ
ആശംസേ ന.	ആഗ്രഹിക്കുന്നില്ല.

സാ നൂനം വിധവാ രാജ്യം സപുത്രാ കാരയിഷ്യസി
രാമേ പ്രവ്രാജിതേ ദേവി നാഹം ജീവിതുമുത്സഹേ. 76

"രാമേ	"ശ്രീരാമൻ
പ്രവ്രാജിതേ	വനത്തിലേക്കയക്കപ്പെട്ടുകയാണെങ്കിൽ,
അഹം	ഞാൻ,
ജീവിതും	ജീവനെ വെച്ചുകൊണ്ടിരിക്കുന്നതു്
ഉത്സഹേ ന;	സഹിക്കുകയില്ല;

നൂനം,	ആയതുകൊണ്ടു്,
സാ,	അപ്രകാരമുള്ള നീ,
വിധവാ	വിധവയായി
സപുത്രാ	നിന്റെ പുത്രനോടുകൂടി
രാജ്യം	രാജ്യത്തെ
കാരയിഷ്യസി ദേവി.	ഇഷ്ടംപോലെ വാണുകൊണ്ടിരുന്നുകൊൾക.

സതീം ത്വാമഹമത്യന്തം വ്യവസ്യാമ്യസതീം സതീം
രൂപിണീം വിഷസംയുക്താം പീത്വേവ മദിരാം നരഃ. 77

നരഃ	ഒരു മനുഷ്യൻ
മദിരാം	രുചികരമായ ഒരു പാനീയത്തെ
പീത്വാ	കുടിച്ചുശേഷം
വിഷസംയുക്താം	(അതിൽ) വിഷം കലൎന്നിരിക്കുന്നതിനെ
ഇവ	എപ്രകാരമൊ അപ്ര[കാരം
അഹം	ഞാൻ

ത്വാം	നിന്നെ
അത്യന്തം	എത്രയൊ
സതീം	കൊണ്ടാടത്തക്ക
സതീം	സൌശീല്യവതിയായിരുന്നതായും
രൂപിണീം	മനുഷ്യരൂപമെടുത്ത
അസതീം,	രാക്ഷസിയായും
വ്യവസ്യാമി.	ഇപ്പോൾ കണ്ടറിയുന്നു.

അനൃതൈൎബ്ബത മാം സാന്ത്വൈഃ സാന്ത്വയന്തീ സ്മ ഭാഷസേ
ഗീതശബ്ദേന സംരുദ്ധ്യ ലുബ്ധോ മൃഗമിവാവധീഃ. 78

"അനൃതൈഃ	"വഞ്ചനയായുള്ള	സംരുദ്ധ്യ,	സ്തബ്ധമാക്കിയിട്ട്,
സാന്ത്വൈഃ	തേനൊലുന്ന വാക്കുക [ളാൽ	മൃഗം	മാനിനെ
മാം	എന്നെ	ലുബ്ധഃ	വേടൻ [കാരം
സാന്ത്വയന്തീ	ഉത്സാഹപ്പെടുത്തുന്നവ ളായി	ഇവ	എപ്രകാരമൊ അപ്ര-
ഭാഷസേ സ്മ;	നീ സംഭാഷണംചെയ്തു വന്നു;	അവധീഃ;	(എന്നെ) നീ ഒരു ശവ മാക്കിക്കളഞ്ഞു;
ഗീതശബ്ദേന	കുഴൽവിളികൊണ്ട്	ബത!	അയ്യോ, എന്തൊരു മാനക്കേട്!

അനാൎയ്യ ഇതി മാമാൎയ്യാഃ പുത്രവിക്രായികം ധ്രുവം
ധിക്കരിഷ്യന്തി രഥ്യാസു സുരാപം ബ്രാഹ്മണം യഥാ. 79

"ആൎയ്യാഃ,	"മഹാന്മാർ,	പുത്രവിക്രായികം	പുത്രനെ ഉപേക്ഷിച്ചു [വനായ
സുരാപം	മദ്യപിച്ചു	മാം,	എന്നെ,
ബ്രാഹ്മണം	ഒരു ബ്രാഹ്മണനെ	'അനാൎയ്യഃ'	'ഹീനൻ'
രഥ്യാസു	തെരുവീഥികളിൽ	ഇതി,	എന്ന്,
യഥാ	എപ്രകാരമൊ അപ്ര കാരം	ധ്രുവം	തീൎച്ചയായും
		ധിക്കരിഷ്യന്തി.	നിന്ദിക്കും.

അഹോ ദുഃഖമഹോ കൃച്ഛ്രം യത്ര വാചഃ ക്ഷമേ തവ
ദുഃഖമേവംവിധം പ്രാപ്തം പുരാകൃതമിവാശുഭം. 80

"തവ	"നിന്റെ	ഏവം വിധം	ഇപ്രകാരം
വാചഃ	ദുഷ്ടവാക്കുകളെ	പ്രാപ്തം;	ഇപ്പോൾ പ്രത്യക്ഷമായ് അനുഭവിക്കപ്പെട്ടു [ന്നത്;
ക്ഷമേ	ഞാൻ ക്ഷമയോടുകൂടി കേട്ടുകൊണ്ടുവരുന്നു	അഹോ,	ഹാ ഹാ!
യത്ര,	എന്നകാരണംകൊണ്ട്,	ദുഃഖം!	ദുഃഖമെന്നുവെച്ചാലും ഇപ്രകാരമുണ്ടൊ!
പുരാകൃതം	മുജ്ജന്മകൃതമായ		
അശുഭം	അധൎമ്മഫലമായ് നേരി	അഹോ,	അയ്യൊ! [വല്ലൊ!
ദുഃഖം ഇവ	ദുഃഖം തന്നെയാണ് [ട്ട	കൃച്ഛ്രം!	ചിത്രവധമായിരിക്കുന്നു

ചിരം ഖലു മയാ പാപേ ത്വം പാപേനാഭിരക്ഷിതാ
അജ്ഞാനാദുപസമ്പന്നാ രജ്ജുരുദ്ബന്ധിനീ യഥാ. 81

"പാപേ!	"പാപിഷ്ഠേ!	മയാ ഖലു,	എന്നാലും,
ത്വം	നീ [തൂക്കിക്കൊല്ലുന്ന	അജ്ഞാനാത്	വാസ്തവബോധമില്ലാ ത്തതിനാൽ
ഉദ്ബന്ധിനീ	കഴുത്തിൽ ചുറ്റിക്കിട്ട്-		
രജ്ജുഃ യഥാ	കയറായി		
ഉപസമ്പന്നാ;	വന്നു ചേൎന്നിരിക്കുന്നു;	ചിരം	ഇതുകാലംവരേയും
പാപേന	മുജ്ജന്മത്തിലെ അധ ൎമ്മഫലമായി ഈ ജന്മ ത്തിൽ ദുഃഖങ്ങളനുഭ വിക്കേണ്ടവനായ	അഭിരക്ഷിതാ.	നീ കൊണ്ടാടപ്പെട്ടു വന്നു.

രമമാണസ്ത്വയാ സാൎദ്ധം മൃത്യും ത്വാം നാഭിലക്ഷയേ
ബാലോ രഹസി ഹസ്തേന കൃഷ്ണസൎപ്പമിവാസ്പൃശം. 82

“ത്വയാ സാൎദ്ധം	“നിന്നോടൊന്നിച്ച്
ത്വാം	നിന്നെ
രമമാണഃ	പ്രേയസിയായ്നേടി സുഖിച്ചിരുന്ന ഞാൻ
മൃത്യും	മൃത്യുവാണെന്ന്
അഭിലക്ഷയേ ന;	അറിഞ്ഞതേയില്ല;
ബാലഃ	ഒരു ശിശു
രഹസി	ആരുമില്ലാത്ത സ്ഥലത്തിൽ
ഹസ്തേന	കൈകൊണ്ട്
കൃഷ്ണസൎപ്പം ഇവ	മന്ത്രത്തിന്നും മരുന്നിന്നും ഒതുങ്ങാത്ത കൃഷ്ണസൎപ്പത്തെ എന്നപോലെ
അസ്പൃശം.	ഞാൻ കെട്ടിയണച്ചു.

തം തു മാം ജീവലോകോഽയം നൂനമാക്രോഷ്ടുമൎഹതി
മയാ ഹ്യപിതൃകഃ പുത്രഃ സ മഹാത്മാ ദുരാത്മനാ 83
ബാലിശോ ബത കാമാത്മാ രാജാ ദശരഥോ ഭൃശം
സ്ത്രീകൃതേ യഃ പ്രിയം പുത്രം വനം പ്രസ്ഥാപയിഷ്യതി. 84

“സഃ	“ആ
മഹാത്മാ	മഹാത്മാവായ
പുത്രഃ	പുത്രൻ
ദുരാത്മനാ	മഹാപാപിയായ
മയാ	എന്നാൽ
അപിതൃകഃ ഹി,	പിതാവിന്റെ രക്ഷയില്ലാത്തവനാക്കപ്പെട്ടു എന്നതിനാൽ,
തം	അങ്ങിനെയുള്ള
മാം,	എന്നെ
അയം	ഈ
ജീവലോകഃ	ലോകനിവാസിജനം
‘യഃ	‘യാതൊരു
ദശരഥഃ രാജാ	ദശരഥചക്രവൎത്തി
പ്രിയം പുത്രം	പ്രിയപ്പെട്ട പുത്രനെ
സ്ത്രീകൃതേ	പെണ്ണിന്റെ വാക്കുകേട്ട്
വനം	കാട്ടിലേക്ക്
പ്രസ്ഥാപയിഷ്യതി	അയക്കുന്നുവൊ അദ്ദേഹം
ഭൃശം	വലിയ
ബാലിശഃ,	മൂഢൻതന്നെ,
കാമാത്മാ തു’	ഭാൎയ്യാലോലുപൻ’ എന്ന്
നൂനം	നിശ്ചയമായും
ആക്രോഷ്ടും	ദൂഷണംചെയ്വാൻ
അൎഹതി;	അൎഹതയുള്ളതുതന്നെ;
ബത!	അയ്യോ, ഇപ്രകാരമുള്ള അവമാനവും എനിക്കോ ദൈവമേ!

വ്രതൈശ്ച ബ്രഹ്മചൎയ്യൈശ്ച ഗുരുഭിശ്ചോപകൎശിതഃ
ഭോഗകാലേ മഹത്കൃച്ഛ്രം പുനരേവ പ്രപത്സ്യതേ. 85

“ഗുരുഭിഃ ച	“ഉപാദ്ധ്യായന്മാരാലും (ഗുരുശുശ്രൂഷകൊണ്ടും)
ബ്രഹ്മചൎയ്യൈഃ ച	ദൈവഭക്തിയെ ഉളവാക്കുന്നതായ വിദ്യാഭ്യാസങ്ങളെക്കൊണ്ടും
വ്രതൈഃ ച	വൈദികാനുഷ്ഠാനങ്ങൾകൊണ്ടും
ഉപകൎശിതഃ;	വളരെ ശ്രമപ്പെട്ടിട്ടുള്ളവനാകുന്ന ഇവൻ;
ഭോഗകാലേ	സുഖമായിരിക്കേണ്ടതായ കാലത്തിൽ
പുനഃ,	അപ്രകാരമല്ലാതെ
മഹത് കൃച്ഛ്രം	വലുതായകഷ്ടത്തെ
പ്രപത്സ്യതേ ഏവ!	അനുഭവിക്കാനാണല്ലൊ പോകുന്നത്!

നാലം ദ്വിതീയം വചനം പുത്രോ മാം പ്രതി ഭാഷിതും
സ വനം പ്രവ്രജേത്യുക്തോ ബാഢമിത്യേവ വക്ഷ്യതി. 86

" സഃ	" ആ
പുത്രഃ ഏവ	പുത്രൻ മാത്രം
'വനം	'വനത്തിലേക്ക്
പ്രവ്രജ,'	പോയ്ക്കൊള്ളുക,'
ഇതി	എന്ന്
ഉക്തഃ,	കല്പിക്കപ്പെട്ട ഉടനെ,
മാം പ്രതി	എന്നെ നോക്കി

ബാഢം ഇതി	'തിരുവുള്ളം എന്തോ അപ്രകാരം നടക്കുന്നതു തന്നെയാണ് എന്റെ മുറ, അപ്രകാരം ചെയ്യാം' എന്ന്
വക്ഷ്യതി;	മറുപടിപറയും;
ദ്വിതീയം	അല്ലാതെ രണ്ടാമതൊരു
വചനം	വാക്ക്
ഭാഷിതും	പറയുക എന്നതു്
അലം ന.	ഉണ്ടാകയില്ല.

യദി മേ രാഘവഃ കുര്യാദ്വനം ഗച്ഛേതി ചോദിതഃ
പ്രതികൂലം പ്രിയം മേ സ്യാന്ന തു വത്സഃ കരിഷ്യതി. 87

" 'വനം	" 'വനത്തിലേക്ക്
ഗച്ഛ,'	പോവുക,'
ഇതി	എന്നുള്ളതായ
മേ	എന്റെ
ചോദിതഃ	കല്പനകേട്ട
രാഘവഃ,	ശ്രീരാഘവൻ,
പ്രതികൂലം	അതിന്നു വിരോധമായ് അതിനെ കൂട്ടാക്കാതെ

കുര്യാത് യദി	നടക്കുകയാണെന്നാൽ
മേ	എനിക്ക് [അതു്
പ്രിയം	അനുയോജിച്ചതായ്
സ്യാത് ;	ഇരിക്കും ; [തന്നെ
തു	എങ്കിലും
വത്സഃ	എന്റെ ഓമനയായ അവൻ
കരിഷ്യതി ന.	അങ്ങിനെ ചെയ്യുകയേയില്ല.

ശുദ്ധഭാവോ ഹി ഭാവം മേ ന തു ജ്ഞാസ്യതി രാഘവഃ
സ വനം പ്രവ്രജേത്യുക്താ ബാഢമിത്യേവ വക്ഷ്യതി. 88

" രാഘവഃ തു	" ശ്രീരാമനാകട്ടെ
ശുദ്ധഭാവഃ ;	പരിശുദ്ധമനസ്സോടുകൂടി
ഹി,	ആകയാൽ, [യവൻ ;
മേ	എന്റെ (മനസ്സിൽ തുറന്നുപറയാതെ വെച്ചിരിക്കുന്നതായ)
ഭാവം	ഭാവത്തെ
ജ്ഞാസ്യതി ന ;	അറിയുകയില്ല ;
സഃ	അവൻ

'വനം പ്രവ്രജ,'	'കാട്ടിലേക്ക് പോ,'
ഇതി	എന്നു
ഉക്തഃ	പറയപ്പെട്ട ഉടനേ തന്നെ
'ബാഢം' ഇതി ഏവ	'കല്പനയെ ഞാൻ ശിരസാവഹിക്കുന്നു. അപ്രകാരംതന്നെ ചെയ്യുന്നുണ്ട്' എന്നു മാത്രമേ
വക്ഷ്യതി.	മറുപടി പറയുകയുള്ളു.

രാഘവേ ഹി വനം പ്രാപ്തേ സൎവ്വലോകസ്യ ധിക്കൃതം
മൃത്യുരക്ഷമണീയം മാം നയിക്ഷ്യതി യമക്ഷയം. 89

"രാഘവേ	"ശ്രീരാമൻ	അക്ഷമണീയം	ചെയ്ത കുററത്തിന്ന് യാതൊരു ക്ഷമയും (മാപ്പിന്നും) അൎഹനല്ലാത്ത
വനം	വനത്തിലേക്ക്	മാം	എന്നെ [വന്നും ആയ
പ്രാപ്തേ,	പോയെന്നാൽ,	മൃത്യുഃ,	കാലൻ
സൎവ്വലോകസ്യ	എല്ലാ ലോകത്തിന്റെയും	യമക്ഷയം,	യമലോകത്തിലേക്ക്,
ധിക്കൃതം	നിന്ദയ്ക്കു് പാത്രമായ വന്നും	നയിഷ്യതി ഹി.	കൊണ്ടുപോവുക തന്നെചെയ്യും.

["മാം" (എന്നെ), "മൃത്യുഃ", മൃതഃ ഉഃ കാലഃ പരമാത്മാ, (മരണത്തിന്നും കാലനായ പരമാത്മാവ്), "യമക്ഷയം", യമസ്യ കാലസ്യ ക്ഷയഃ അഭാവോ യസ്മിംസ്തം, സാകേതലോകം (കാലൻ ഇല്ലാത്തതായ സാകേതലോകത്തിലേക്ക്, "നയിഷ്യതി" (കൊണ്ടുപോകും) എന്നു ശിരോമണി.]

മൃതേ മയി ഗതേ രാമേ വനം മനുജപുംഗവേ
ഇഷ്ടേ മമ ജനേ ശേഷേ കിം പാപം പ്രതിപത്സ്യസേ. 90

"മനുജപുംഗവേ	"പുരുഷോത്തമനായ	ശേഷേ	മററുള്ള
രാമേ	ശ്രീരാമൻ [പിന്നെ,	ജനേ	ജനത്തിന്റെ സംഗ[തിയിൽ
വനം ഗതേ,	കാട്ടിലേക്കുപോയതിൽ-	കിം	എന്തൊരു
മയി മൃതേ,	ഞാൻ മരിച്ചു ശേഷം,	പാപം	അന്യാപത്തിനെയാണ്
മമ	എന്റെ	പ്രതിപത്സ്യസേ?	നീ വിളയിപ്പാൻ പോകുന്നത്?
ഇഷ്ടേ	പ്രിയപ്പെട്ട		

കൌസല്യാം മാം ച രാമം ച പുത്രൌ ച യദി ഹാസ്യതി
ദുഃഖാന്യസഹതീ ദേവീ മാമേവാനുമരിഷ്യതി. 91

"ദേവീ	"രാജ്ഞിയായ സുമിത്ര,	പുത്രൌ ച	പുത്രന്മാരിരുവരും,
മാം	എന്നെയും	അസഹതീ	യാതൊരു സമാധാനവും കാണാത്തവളായി
രാമം ച	ശ്രീരാമനെയും	മാം അനുമരിഷ്യതി.	എന്നോടൊപ്പം (ചിതയിൽവീണു്) മരിച്ചുപോകും.
ഹാസ്യതി യദി	വിട്ടുപിരിയുന്നുവെങ്കിൽ		
ദുഃഖാനി ഏവ	തന്റെ ദുഃഖങ്ങൾക്കും,		
കൌസല്യാം ച	കൌസല്യക്കും		

കൌസല്യാം ച സുമിത്രാം ച മാം ച പുത്രൈസ്ത്രിഭിഃ സഹ
പ്രക്ഷിപ്യ നരകേ സാ ത്വം കൈകേയി സുഖിതാ ഭവ. 92

"കൈകേയി!	"കൈകേയീ!	നരകേ	വലുതായ ആപത്തിൽ
കൌസല്യാം ച	കൌസല്യയെയും	പ്രക്ഷിപ്യ,	തള്ളിവിട്ടശേഷം
സുമിത്രാം ച	സുമിത്രയെയും,	സാ	അപ്രകാരമുള്ള
ത്രിഭിഃ	മൂന്നു	ത്വം	നീ
പുത്രൈഃ സഹ	പുത്രന്മാരോടുകൂടി	സുഖിതാ	സുഖമായി
മാം ച	എന്നെയും	ഭവ.	വാണുകൊൾക.

മയാ രാമേണ ച ത്യക്തം ശാശ്വതം സത്കൃതം ഗുണൈഃ
ഇക്ഷ്വാകുകുലമക്ഷോഭ്യമാകുലം പാലയിഷ്യസി. 93

"ശാശ്വതം	"അനാദികാലംമുതൽ
അക്ഷോഭ്യം,	മററാരാലും ജയിക്കപ്പെട്ടുവാൻ കഴിയാത്തതും,
മയാ	എന്നാൽ
ഗുണൈഃ	ഉത്തമഗുണങ്ങളാൽ
സത്കൃതം,	സത്കരിക്കപ്പെട്ടതും,
ഇക്ഷ്വാകുകുലം,	ഇക്ഷ്വാകുക്കളാൽ പരിപാലിക്കപ്പെട്ടതും ആയ രാജ്യത്തെ
രാമേണ ച	ശ്രീരാമനാലും
ത്യക്തം	ഉപേക്ഷിക്കപ്പെട്ടതായി
ആകുലം	കുഴപ്പത്തോടുകൂടിയതായി
പാലയിഷ്യസി.	നീതന്നെ പരിപാലിച്ചു കൊൾക.

പ്രിയം ചേദ്ഭരതസ്യൈതദ്രാമപ്രവ്രാജനം ഭവേത്
മാ സ്മ മേ ഭരതഃ കാൎഷീത് പ്രേതകൃത്യം ഗതായുഷഃ. 94

"ഏതത്	"ഈ
രാമപ്രവ്രാജനം	ശ്രീരാമനെ കാട്ടിലേക്കയയ്ക്കുന്നതായ കൃത്യം
ഭരതസ്യ	ഭരതന്നും
പ്രിയം	കുലത്തിന്നുയോജിച്ചതായി
ഭവേത് ചേത്,	തോന്നുന്നുവെന്നാൽ,
ഗതായുഷഃ	പരലോകഗതനായ
മേ,	എനിക്ക്,
ഭരതഃ	ഭരതൻ
പ്രേതകൃത്യം	ചരമകൃത്യങ്ങളെ
മാ സ്മ കാൎഷീത്.	ചെയ്യേണ്ട ആവശ്യമേയില്ല.

ഹന്താനാൎയ്യേ മമാമിത്രേ സകാമാ ഭവ കൈകയി
മൃതേ മയി ഗതേ രാമേ വനം പുരുഷപുംഗവേ. 95

"അനാൎയ്യേ!	"ദുഷ്ടചരിത്രേ!
മമ	എനിക്ക്
അമിത്രേ!	ശത്രുവായ്ത്തീൎന്നവളെ!
പുരുഷപുംഗവേ	പുരുഷോത്തമനായ
രാമേ	ശ്രീരാമൻ
വനം	കാട്ടിലേക്ക്
ഗതേ	പോവുകയും,
മയി	ഞാൻ
മൃതേ	മരിക്കയും ചെയ്തശേഷം,
കൈകയി!	അല്ലേ! കേകയ രാജപുത്രി
സകാമാ	നീ, മനോരഥം സാധിച്ചവളായി,
ഹന്ത,	പരമാനന്ദത്തോടുകൂടി
ഭവ!	വാണു കൊൾക!

സേദാനീം വിധവാ രാജ്യം സപുത്രാ കാരയിഷ്യസി. 96

"വിധവാ,	"വിധവയായി,
ഇദാനീം,	ഇപ്രകാരമെല്ലാമായിട്ടും
സാ	അങ്ങിനെയുള്ള നീ
സപുത്രാ	നിന്റെ പുത്രനോടുകൂടി
രാജ്യം	രാജ്യപരിപാലനം
കാരയിഷ്യസി.	ചെയ്യിക്കമാറാകും.

ത്വം രാജപുത്രീവാദേന ന്യവസേൎമ്മമ വേശ്മനി
അകീൎത്തിശ്ചാതുലാ ലോകേ ധ്രുവഃ പരിഭവശ്ച മേ
സൎവ്വഭൂതേഷു ചാവജ്ഞാ യഥാ പാപകൃതസ്തഥാ. 97

“ലോകേ	“ലോകത്തിൽ,	മേ ച	എനിക്കുതന്നെ
അതുലാ അകീൎത്തിഃ,	നിസ്തുല്യമായ അപകീൎത്തിയോടുകൂടിയവളാ	ധ്രുവഃ	എന്നെന്നേയ്ക്കും നിലനില്പാൻ പോകുന്നതായ
പാപകൃതഃ	പാപംചെയ്തവൾ [യും,	പരിഭവഃ തഥാ ച	ദുഷ്കീൎത്തിവിളയിക്കുന്നതിനു വേണ്ടിത്തന്നെ
യഥാ	എന്നവിധം		
സൎവ്വഭൂതേഷു	എല്ലാലോകരുടെ സംഗതിയിലും	മമ വേശ്മനി,	എന്റെ അരമനയിൽ,
അവജ്ഞാ ച,	നിന്ദയ്ക്കു പാത്രീഭവിച്ചു	രാജപുത്രീ- വാദേന	രാജ്ഞിയെന്ന വ്യാജത്താൽ
ത്വം	നീ [വളായും,	ന്യവസേഃ.	വസിച്ചുവന്നതാകുന്നു.

കഥം രഥൈൎവ്വിഭുൎയ്യാത്വാ ഗജാശ്വൈശ്ച മുഹുൎമ്മുഹുഃ
പദ്ഭ്യാം രാമോ മഹാരണ്യേ വത്സോ മേ വിചരിഷ്യതി. 98

“മേ	“എന്റെ	രഥൈഃ	രഥങ്ങളിലും
വത്സഃ	ഓമനയായ	ഗജാശ്വൈഃ ച	ആനപ്പുറത്തും കുതിരപ്പുറത്തും
രാമഃ,	ശ്രീരാമൻ,	യാത്വാ,	യാത്രചെയ്തിട്ട്,
വിഭുഃ	പെരുമയോടുകൂടിയവനായി	മഹാരണ്യേ	വൻകാട്ടിൽ
		പദ്ഭ്യാം	പാദചാരിയായി
മുഹുഃ മുഹുഃ	ഇതുവരെയും എല്ലാസമയത്തിലും,	കഥം	എങ്ങിനെ
		വിചരിഷ്യതി!	സഞ്ചരിക്കും!

യസ്യ ത്വാഹാരസമയേ സൂദാഃ കുണ്ഡലധാരിണഃ
അഹംപൂൎവ്വാഃ പചന്തി സ്മ പ്രശസ്തം പാനഭോജനം 99
സ കഥം നു കഷായാണി തിക്താനി കടുകാനി ച
ഭക്ഷയൻ വന്യമാഹാരം സുതോ മേ വൎത്തയിഷ്യതി. 100

“കുണ്ഡല- ധാരിണഃ	“കുണ്ഡലങ്ങൾ, വീരചങ്ങല, മുതലായവ സമ്മാനം വാങ്ങി ധരിച്ചുകൊണ്ടിരിക്കുന്ന	മേ	എന്റെ
		സഃ	അപ്രകാരമുള്ളവനായ
		സുതഃ	പുത്രൻ,
		കഷായാണി	ചവൎപ്പായവയും
സൂദാഃ,	പാചകന്മാർ, [വരായ	തിക്താനി	കയ്പായവയും
ആഹാരസമയേ	ഭോജനസമയത്തിൽ	കടുകാനി	എരുവായവയും ആയ
അഹംപൂൎവ്വാഃ തു	‘ഞാനുണ്ടാക്കിയതു് മേൽകടയാകേണം’	വന്യം	കാട്ടിൽലഭിക്കുന്ന
		ആഹാരം ച	ആഹാരത്തെയും
	എന്നു് മത്സരിക്കുന്ന	നു	ഇനിമേൽ
പ്രശസ്തം	രുചികരമായ [വരായി,	ഭക്ഷയൻ	ഭുജിച്ചുകൊണ്ടു്
പാനഭോജനം	പാനഭോജനാദിയെ [ണ്ടു	കഥം	എങ്ങിനെ
യസ്യ	യാതൊരുവന്നായ്ക്കൊ-	വൎത്തയിഷ്യതി!	ജീവിതത്തെ കഴിച്ചു കൂട്ടും
പചന്തി സ്മ,	പാകംചെയ്യുന്നുവോ		

മഹാർഹവസ്ത്രസംവീതോ ഭൂത്വാ ചിരസുഖോഷിതഃ
കാഷായപരിധാനസ്സു കഥം ഭൂമൗ നിവത്സ്യതി. 101

"മഹാർഹ-വസ്ത്ര-സംവീതഃ	"വിലപ്പിടിച്ച വസ്ത്രങ്ങൾ ധരിച്ചവനായി	തു	ഇപ്പോൾ
ചിരസുഖോ-ഷിതഃ	ഇത്രകാലവും സുഖമായ് വാണവനായ്	കാഷായ-പരിധാനഃ	കാവിവസ്ത്രം ധരിച്ചുകൊണ്ട്
ഭൂത്വാ,	ഇരുന്നിട്ട്,	ഭൂമൗ	ലോകത്തിൽ
		കഥം	എങ്ങിനെ
		നിവത്സ്യതി.	കഴിച്ചുകൂട്ടും.

കസ്യൈതദ്ദാരുണം വാക്യമേവംവിധമചിന്തിതം
രാമസ്യാരണ്യഗമനം ഭരതസ്യാഭിഷേചനം. 102

"ഭരതസ്യ	"ഭരതന്ന്	അചിന്തിതം	ഇതുവരെയും നടന്ന കാര്യങ്ങൾക്ക് നേരെ വിരോധമായിരിക്കുന്നതും
അഭിഷേചനം	അഭിഷേകമെന്നുള്ളതു്	ദാരുണം	അതികഠിനമായതുമായ
ഏവംവിധം;	അങ്ങിനെയിരിക്കട്ടെ; (എന്നാൽ)	ആരണ്യഗമനം	വനവാസശിക്ഷയാകുന്ന
രാമസ്യ	ശ്രീരാമന്ന്	ഏതത്	ഈ ഉപദേശം
		വാക്യം കസ്യ?	ആരാണ് നിനക്ക് ചെയ്തതു്?

ധിഗസ്തു യോഷിതോ നാമ ശഠാഃ സ്വാർത്ഥപരായണാഃ
ന ബ്രവീമി സ്ത്രിയഃ സർവ്വാ ഭരതസ്യൈവ മാതരം. 103

"യോഷിതഃ നാമ	"സ്ത്രീകളെന്നുവെച്ചാൽ	സ്ത്രിയഃ	സ്ത്രീകളെപ്പററിയും
ശഠാഃ;	മഹാദുഷ്ടകൾ (വിശ്വാസഘാതകികൾ);	ധിഗസ്തു ന;	ഇപ്രകാരംനിന്ദിക്കുന്നതു് ന്യായമല്ല;
സ്വാർത്ഥ-പരായണാഃ;	തങ്ങളുടെ കാര്യംമാത്രം നോക്കുന്ന സ്വാർത്ഥകൾ;	ഭരതസ്യ	ഭരതന്റെ
സർവ്വാഃ	എല്ലാ	മാതരം ഏവ	മാതാവു് ഒരുത്തിയെക്കുറിച്ചുമാത്രം
		ബ്രവീമി.	ഞാൻ നിശ്ചയമായും പറയുന്നു.

അനർത്ഥഭാവേഽർത്ഥപരേ നൃശംസേ
മമാനുതാപായ നിവിഷ്ടഭാവേ
കിമപ്രിയം പശ്യസി മന്നിമിത്തം
ഹിതാനുകാരിണ്യഥവാഽപി രാമേ. 104

അനൎത്ഥഭാവേ !	അധൎമ്മത്തിൽ ബുദ്ധിയെവെച്ചുപോയവളേ !
അൎത്ഥപരേ !	അൎത്ഥം ഒന്നുമാത്രംതന്നെ സൎവ്വവും എന്നു കരുതി ആ അൎത്ഥത്തിന്നടിമപ്പെട്ടവളേ !
മമ	എനിക്കു്
അനുതാപായ	മനോവേദനയുണ്ടാക്കുവാൻ മാത്രമായ്
നിവിഷ്ടഭാവേ !	ദുരുപദേശത്തെ ഉള്ളിൽ വെച്ചുകൊണ്ടിരിക്കുന്നവളേ !
നൃശംസേ!	ദയാദാക്ഷിണ്യമില്ലാത്തവളേ !
മന്നിമിത്തം	എങ്കൽതന്നെയാകട്ടെ
അഥവാ	അഥവാ
ഹിതാനുകാരിണി	എല്ലാവൎക്കും ഹിതത്തെത്തന്നെ ചെയ്യുന്നവനായ
രാമേ അപി	ശ്രീരാമങ്കൽതന്നെയാകട്ടെ
അപ്രിയം	കുററമെന്നതു്
കിം	എന്തിനെയാകുന്നു
പശ്യസി ?	നീ കാണുന്നതു് ?

പരിത്യജേയുഃ പിതരോ ഹി പുത്രാൻ
ഭാൎയ്യാഃ പതീംശ്ചാപി കൃതാനുരാഗാഃ
കൃത്സ്നം ഹി സൎവ്വം കുപിതം ജഗത് സ്യാത-
ദ്ദൃഷ്ട്വൈവ രാമം വ്യസനേ നിമഗ്നം. 105

" രാമം	" ശ്രീരാമനെ
വ്യസനേ	കാട്ടിലേക്കു തുരത്തിവിട്ടതിൽ
നിമഗ്നം	മരിച്ചവനായി
ദൃഷ്ട്വാ ഏവ,	കണ്ട ഉടനെ,
കൃതാനുരാഗാഃ	പരസ്പരമൎപ്പണം ചെയ്തവരായ
പിതരഃ	പിതാക്കന്മാർ
പുത്രാൻ ച	പുത്രന്മാരെയും
ഭാൎയ്യാഃ	ഭാൎയ്യമാർ
പതീൻ അപി	ഭൎത്താക്കന്മാരെയും,
പരിത്യജേയുഃ	(അവനവന്റെ ദുഃഖമെന്നു വിചാരിച്ചു്) ഉപേക്ഷിച്ചുകളയും,
ഹി ;	നിശ്ചയം ;
കൃത്സ്നം	എല്ലാംതന്നെയും,
സൎവ്വം	സ്ഥാവരജംഗമങ്ങളടക്കം
ജഗത് ഹി	ലോകംതന്നെയും,
കുപിതം	ക്ഷോഭിച്ചു് ഇളകിമറിഞ്ഞതായ്
സ്യാത്.	ഭവിക്കും.

അഹം പുനൎദ്ദേവകുമാരരൂപമലംകൃതം തം സുതമാവ്രജന്തം
നന്ദാമി പശ്യന്നപി ദൎശനേന ഭവാമി ദൃഷ്ട്വാ ച പുനൎയ്യുവേവ.

" അഹം പുനഃ	" ഞാൻതന്നെ,
തം	അപ്രകാരമുള്ള
സുതം	പുത്രനെ
അലംകൃതം	സൌന്ദൎയ്യംതന്നെ മൂൎത്തീകരിച്ചവനായ്
ദേവകുമാരരൂപം	ദൈവംതന്നെ തിരുമകനായ് വടിവു കയ്ക്കൊണ്ടവനായ്
ആവ്രജന്തം	ലഭിച്ചിരിക്കുന്നതിനെ
പശ്യൻ അപി	ആലോചിക്കുന്ന സമയത്തിലെല്ലാം
നന്ദാമി ;	അത്യാനന്ദതുന്ദിലനായ്ത്തീരുന്നു ;
ദൎശനേന	കണ്ണിന്നുമുമ്പാകെ
ദൃഷ്ട്വാ പുനഃ ച	കണ്ടുപോയെന്നാൽ
യുവാ ഇവ	യൌവ്വനയുക്തനെന്നപോലെ
ഭവാമി.	ഞാൻ ആയ്ത്തീരുന്നു.

വിനാ ഹി സൂര്യ്യേണ ഭവേത് പ്രവൃത്തി-
രവർഷതാ വജ്രധരേണ വാऽപി
രാമം തു ഗച്ഛന്തമിതഃ സമീക്ഷ്യ
ജീവേന്ന കശ്ചിത്ത്വിതി ചേതനാ മേ. 107

"സൂര്യ്യേണ വിനാ,	"സൂര്യ്യനുദിക്കാതിരുന്നാലും	ഗച്ഛന്തം	പോകുന്നവനായി
വജ്രധരേണ	ദേവേന്ദ്രനാൽ	സമീക്ഷ്യ തു	അറിഞ്ഞ തത്ക്ഷണം തന്നെ
അവർഷതാ അപി	മഴ വർഷിക്കപ്പെടാതി	കശ്ചിത്	യാതൊരുമനുഷ്യനും
വാ	ഒരുസമയം [രുന്നാലും	ജീവേത് ന,	അവനവൻെറ പ്രവൃത്തി നടത്തുകയില്ല,
പ്രവൃത്തിഃ	ജനങ്ങളുടെ പ്രവൃത്തി	ഇതി	എന്ന്
ഭവേത്;	നടന്നുവെന്നുവരാം;	മേ	എനിക്ക് [യാണ്.
രാമം ഹി	ശ്രീരാമനെയാകട്ടെ	ചേതനാ തു.	അറിയുന്ന സംഗതി-
ഇതഃ	ഇവിടെനിന്ന്		

വിനാശകാമാമഹിതാമമിത്രാമാവാസയം മൃത്യുമിവാത്മനസ്ത്വാം
ചിരം ബതാങ്കേന ധൃതാ ഹി സർപ്പീ മഹാവിഷാ തേന ഹതോऽസ്മി മോഹാത്.

"മഹാവിഷാ	"ഘോരവിഷമുള്ള	അഹിതാം	ധർമ്മമാർഗ്ഗം പിഴച്ചവളായി
സർപ്പീ,	സർപ്പമായ നീ,	അമിത്രാം	ശത്രുവായിരിക്കുന്നവളുമായ
മോഹാത് ഹി,	വാസ്തവസംഗതിഞാൻ അറിയാത്ത കാരണം	ത്വാം	നിൻെറ സമീപത്തിൽ
ചിരം	ഇത്രകാലമായ്	ആവാസയം.	ഞാൻ സ്നേഹത്തോടുകൂടി വർത്തിച്ചുവന്നു;
അങ്കേന	എടുത്ത്	തേന,	അതിനാൽ,
ധൃതാ;	പോററിവളർത്തപ്പെട്ടു;	ബത!	അയ്യോ!
ആത്മനഃ	എനിക്ക്	ഹതഃ അസ്മി.	ഞാൻ ഹതനായി.
മൃത്യും ഇവ	കാലനായിത്തീർന്നവളും		
വിനാശകാമാം	നാശത്തെ സങ്കല്പിച്ചുപോയവളും		

മയാ തു രാമേണ സലക്ഷ്മണേന പ്രശാസ്തു ഹീനോ ഭരതഃ സഹ ത്വയാ
പുരം ച രാഷ്ട്രം ച നിഹത്യ ബാന്ധവാൻ മമാഹിതാനാം ച ഭവാഭിഹർഷിണീ.

"ഭരതഃ	"ഭരതൻ	ബാന്ധവാൻ ച	ബന്ധുക്കളെയും
മയാ	എന്നാലും	നിഹത്യ,	അടക്കി സ്വാധീനത്തിലാക്കിക്കൊണ്ട്,
സലക്ഷ്മണേന	ലക്ഷ്മണസഹിതനായ	പ്രശാസ്തു;	രാജ്യഭാരം നടത്തട്ടെ;
രാമേണ തു	ശ്രീരാമനാൽതന്നെയും,	മമ അഹിതാനാം	എൻെറ ശത്രുക്കൾക്ക്
ഹീനഃ,	വെടിയപ്പെട്ടവനായി,	അഭിഹർഷിണീ ച	സന്തോഷത്തെ ഉണ്ടാക്കുന്നവളായിത്തന്നെ
ത്വയാ സഹ	നിന്നോടുകൂടി	ഭവ.	നീ വാഴ്ക.
പുരം ച	നഗരത്തിനെയും		
രാഷ്ട്രം	നാട്ടിനെയും		

നൃശംസവൃത്തേ വ്യസനപ്രഹാരിണി പ്രസഹ്യ വാക്യം യദിഹാദ്യ ഭാഷസേ
ന നാമ തേ കേന മുഖാത് പതന്ത്യധോ വിശീൎയ്യമാണാ ദശനാഃ സഹസ്രധാ.

"വ്യസന-പ്രഹാരിണി!	"(ധൎമ്മമാൎഗ്ഗത്തിൽനിന്ന് ഇവൻ വ്യതിചലിക്കുകയില്ലെന്നുള്ള കാരണത്താൽ) മേല്ക്കുമേൽ ദുഃഖിപ്പിക്കുന്നവളായ
നൃശംസവൃത്തേ!	നിഷ്ഠുരചരിത്രേ!
അദ്യ	ഇപ്പോൾ
ഇഹ	ഇക്കാൎയ്യത്തിൽ
യത് വാക്യം	യാതൊരു കല്പന
ഭാഷസേ,	നീ ഉരചെയ്യുന്നുവൊ അതു്,
പ്രസഹ്യ;	ധിക്കാരമായതുതന്നെ;
നാമ	അപ്രകാരമിരുന്നിട്ടും
തേ	നിന്റെ
മുഖാത്	വായിൽനിന്ന്
ദശനാഃ	പല്ലുകൾ
സഹസ്രധാ	ആയിരം നുറുങ്ങായി
വിശീൎയ്യമാണാഃ	ചിതറി,
കേന	എന്തുകൊണ്ടാണ്
അധഃ	താഴത്തു
പതന്തി ന!	വീഴാതിരിക്കുന്നതു്!

ന കിംചിദാഹാഹിതമപ്രിയം വചോ ന വേത്തി രാമഃ പരുഷാണി ഭാഷിതും
കഥം നു രാമേ ഹ്യഭിരാമവാദിനി ബ്രവീഷി ദോഷാൻ ഗുണനിത്യസമ്മതേ.

"രാമഃ	"ശ്രീരാമൻ
അഹിതം	ധൎമ്മവിരുദ്ധവും
അപ്രിയം	നന്മയെ വിളയിക്കാത്തതുമായ
കിംചിത്	യാതൊരു
വചഃ	വാക്കിനെയും
ആഹ ന;	പറഞ്ഞിട്ടേ ഇല്ല;
പരുഷാണി	പരുഷമായ വാക്കുകൾ
ഭാഷിതും	സംസാരിപ്പാൻ
വേത്തി ന;	അവൻ ഒരുങ്ങുകയും ഇല്ല;
അഭിരാമ-വാദിനി	ആരുടെയും മനസ്സിനെ ദുഃഖിപ്പിക്കാതെ സംസാരിക്കുന്നവനും,
ഗുണനിത്യ-സമ്മതേ	നിരന്തരമായും സഹജമായും ഉള്ള ഉത്തമ ഗുണങ്ങളാൽതന്നെ ലോകരെല്ലാവരാലും കൊണ്ടാടപ്പെട്ടവനും
രാമേ,	ശ്രീരാമങ്കൽ, [ആയ
ദോഷാൻ	ആപത്തുകളെ
കഥം നു ഹി	എന്തിന്നാണൊ ഇങ്ങിനെ
ബ്രവീഷി.	നീ ശഠിക്കുന്നതു? [നെ

പ്രതാമ്യ വാ പ്രജ്വല വാ പ്രണശ്യ വാ സഹസ്രശോ വാ സ്ഫുടിതാ മഹീം വ്രജ
ന തേ കരിഷ്യാമി വചഃ സുദാരുണം മമാഹിതം കേകയരാജപാംസനി. 112

"പ്രതാമ്യ വാ;	"നീ എത്രയെന്നില്ലാത്ത ദുഃഖത്തിലാണ്ടുപോ;
പ്രജ്വല വാ;	തീയ്യിൽ വീണു വെന്തു വെണ്ണീറായ്പോ;
പ്രണശ്യ വാ;	എങ്ങിനെയെങ്കിലും നശിക്ക്;
സഹസ്രശഃ	തുണ്ടുതുണ്ടായി
സ്ഫുടിതാ	ചിതറി
മഹീം	ഭൂമിയിൽ
വ്രജ വാ;	നീ വീണു കിടക്ക്;
കേകയരാജ-പാംസനി!	കേകയരാജവംശത്തിൽ പിറന്ന മഹാപാതകി!
മമ	എനിക്ക്
അഹിതം	അപ്രിയമായുള്ളതും
സുദാരുണം	ആക്കുംതന്നെ അഹിതമായിരിക്കുന്നതും ആയ
തേ വചഃ	നിന്റെ ആവശ്യത്തെ
കരിഷ്യാമി ന.	ഞാൻ ചെയ്യുയില്ല.

ക്ഷുരോപമാം നിത്യമസത്പ്രിയംവദാം
പ്രദുഷ്ടഭാവാം സ്വകുലോപഘാതിനീം
ന ജീവതീം ത്വാം വിഷഹേऽമനോരമാം
ദിധക്ഷമാണാം ഹൃദയം സബന്ധനം.

"നിത്യം	"എപ്പോഴുംതന്നെ	ക്ഷുരോപമാം	ചുരികപോലായ്ത്തീൎന്നവളായി
അസത്-പ്രിയംവദാം	ചതിയായ് ന്യായം പോലെ പറഞ്ഞു വന്നിരുന്നവളും,	ദിധക്ഷമാണാം	കുത്തിപ്പിളൎക്കുവാനൊരുങ്ങിയിരിക്കുന്നവളും
പ്രദുഷ്ടഭാവാം	ദുഷ്ടഹൃദയത്തോടുകൂടിയവളും,	അമനോരമാം	ഭൎത്തൃസ്നേഹമെന്നതു ഒട്ടുമില്ലാത്തവളും ആയ
സ്വകുലോപഘാതിനീം	എന്റെ കുലത്തെ നശിപ്പിപ്പാനായിവന്ന കോടാലിയായിത്തീൎന്നവളും	ത്വാം	നിന്നെ
		ജീവതീം	ജീവനോടുകൂടിയിരിക്കുന്നവളായി
സബന്ധനം	ജീവൻ വൎത്തിക്കുന്ന	വിഷഹേ ന.	ഞാൻ കണ്ടു് ജീവിച്ചിരിക്കുകയില്ല.
ഹൃദയം	ഹൃദയത്തെ [തായ		

ന ജീവിതം മേऽസ്തി കുതഃ പുനഃ സുഖം
വിനാത്മജേനാത്മവതഃ കുതോ രതിഃ
മമാഹിതം ദേവി ന കൎത്തുമൎഹസി
സ്പൃശാമി പാദാവപി തേ പ്രസീദ മേ. 114

"ആത്മജേന-വിനാ പുനഃ	"എന്റെ പുത്രൻ എന്റെ അടുക്കലില്ലെന്നുവന്നാൽപിന്നെ	ആത്മവതഃ	ആപത്തുവരുവാൻ ഇട വരുത്താതെ മുൻകൂട്ടി കണ്ടു് ധൎമ്മമാൎഗ്ഗത്തിൽ ചരിക്കുന്നവ
സുഖം	സൌഖ്യമെന്നുള്ളതു്	മമ	എനിക്കു് [നായ
കുതഃ ?	എവിടെ ?	അഹിതം	പ്രിയമില്ലാത്തതിനെ
രതിഃ	വാത്സല്യമെന്നുള്ളതു്,	കൎത്തും	വാങ്ങുവാൻ
കുതഃ ?	ഇനി ആരുടെ പക്കൽ ?	അൎഹസി ന ;	നിനക്കു് പാടുള്ളതല്ല ;
മേ	എന്റെ	തേ	നിന്റെ
ജീവിതം	ജീവൻ	പാദൌ അപി സ്പൃശാമി ?	കാലടികളിൽ വീണു് ഞാൻ കുമ്പിടട്ടെയൊ ?
അസ്തി ന ;	നില്ക്കുകയില്ല ;	മേ	എന്നിൽ
ദേവി!	ദേവി!	പ്രസീദ."	കനിഞ്ഞാലും."

സ ഭൂമിപാലോ വിലപന്നനാഥവത്
സ്ത്രിയാ ഗൃഹീതോ ഹൃദയേऽതിമാത്രയാ
പപാത ദേവ്യാശ്ചരണൌ പ്രസാരിതാ-
വുഭാവസംസ്പൃശ്യ യഥാऽऽതുരസ്തഥാ. 115

സഃ — ആ
ഭൂമിപാലഃ — മഹാരാജാവു്
ഹൃദയേ ഗൃഹീതഃ, — വാത്സല്യാതിശയം മൂലം വശത്താക്കംചെയ്തു പോയവനായി,
അതിമാത്രയാ — അതിരുകവിഞ്ഞു പോയവളായ
സ്ത്രിയാ, — തന്റെ ഭാൎയ്യയാൽ
അനാഥവത്, — ഉപേക്ഷിക്കപ്പെട്ടവനായി,
ആതുരഃ — ഭ്രാന്തു പിടിച്ചവൻ
യഥാ തഥാ, — എന്നപോലെ ആയ്ത്തീൎന്നു്,
വിലപൻ, — പലതും പുലമ്പിക്കൊണ്ടു്,
പ്രസാരിതൌ — നീട്ടിയപോലെതന്നെ കിടന്നിരുന്നവയായ
ദേവ്യാഃ — ദേവിയുടെ
ഉഭൌ — രണ്ടു
ചരണൌ — പാദങ്ങളേയും
അസംസ്പൃശ്യ, — തൊടാതെ തന്നെ,
പപാത. — നിലത്തുവീണു കിടന്നു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ദ്വാദശഃ സൎഗ്ഗഃ = പന്ത്രണ്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 2935; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 580.

ത്രയോദശഃ സൎഗ്ഗഃ = പതിമൂന്നാംസൎഗ്ഗം.

[പുനഃ കൈകേയ്യനുനയയത്നഃ = വീണ്ടും കൈകേയിയെ വഴിപ്പെടുത്തുവാൻ യത്നിക്കുന്നതു്]

അതദൎഹം മഹാരാജം ശയാനമതഥോചിതം
യയാതിമിവ പുണ്യാന്തേ ദേവലോകാത് പരിച്യുതം 1
അനൎത്ഥരൂപാഽസിദ്ധാൎത്ഥാ ഹ്യഭീതാ ഭയദൎശിനീ
പുനരാകാരയാമാസ തമേവ വരമംഗനാ. 2

അനൎത്ഥരൂപാ, — ആപത്തിന്നുവേണ്ടിത്തന്നെ രൂപമെടുത്തവളും
അസിദ്ധാൎത്ഥാ, — ന്യായഹീനമായതിനെ ന്യായമെന്നു സ്ഥാപിപ്പാൻ സമൎത്ഥയും
അഭീതാ — അവമാനമെന്നതിനെ തീരെ ഉപേക്ഷിച്ചവളും
ഭയദൎശിനീ — മനസ്സിൽ ഭയംതോന്നിപ്പാൻ കഴിവുള്ളവളുമായ
അംഗനാ, — സ്ത്രീയായ അവൾ,
പുണ്യാന്തേ — പുണ്യാവസാനത്തിൽ
ദേവലോകാത് — ദേവലോകത്തിൽനിന്നു
പരിച്യുതം — താഴോട്ടുതള്ളപ്പെട്ട
യയാതിം ഇവ — യയാതിയെപ്പോലെ
ശയാനം, — നിലത്തു വീണുകിടക്കുന്നവനും,
അതഥോചിതം, — ആ സ്ഥിതിയിൽ കിടപ്പാൻ അൎഹനല്ലാത്ത[വനും,
തം — ആ
വരം — ശ്രേഷ്ഠനായ
മഹാരാജം ഹി — ചക്രവൎത്തിയെത്തന്നെ
പുനഃ ഏവ — മുമ്പേതിലേക്കാളുമധികമായി
അതദൎഹം — അതിരുകവിഞ്ഞ്
ആകാരയാമാസ. — ഇപ്രകാരം നിൎബ്ബന്ധിച്ചു.

[“അഭയദൎശിനീ” എന്നു് എടുത്തു്, ദശരഥമഹാരാജാവിന്നു യാതൊരു ആപത്തിനേയും കാണാത്തവളായി, എന്നൎത്ഥം. ഗൊ. രാ.

"സിദ്ധാർത്ഥാ", ദേവകാര്യത്തെ സാധിച്ചവൾ; "അഭീതാ", വാസ്തവത്തിൽ തൻെറ പതിക്ക് യശസ്സിനെ സാധിക്കുന്നതായ ധർമ്മവൈശിഷ്ട്യത്താൽ ധർമ്മച്യുതിഭീതയല്ലാത്തവൾ. (ശിരോമണി.)

"തം വരം ആകാരയാമാസ" ആ വരത്തെപ്പററി ബോധിപ്പിച്ചു, എന്നും അർത്ഥം. 'വരം' എന്നത് ഏകവചനമായതുകൊണ്ടാകുന്നു മഹാരാജാവിന്നു വിശേഷണമായെടുത്തിരിക്കുന്നത്.]

ത്വം കത്ഥ്യസേ മഹാരാജ സത്യവാദീ ദൃഢവ്രതഃ
മമ ചേമം വരം കസ്മാദ്വിധാരയിതുമിച്ഛസി. 3

" മഹാരാജ !	" മഹാരാജാവേ !	മമ	എനിക്ക്
ത്വം	നിന്തിരുവടി	വരം	ദാനംചെയ്തതായ
സത്യവാദീ	സത്യനിഷ്ഠനെന്നും	ഇമം	ഇതിനെ,
ദൃഢവ്രതഃ	ധർമ്മനിരതനെന്നും	കസ്മാത്	എന്തു കാരണത്താലാ
കത്ഥ്യസേ ;	കീർത്തിക്കപ്പെടുന്നു ;	വിധാരയിതും	തരാതിരിപ്പാൻ [ണ്
ച	അപ്രകാരമിരുന്നിട്ടും	ഇച്ഛസി ? "	വിചാരിക്കുന്നത് ? "

ഏവമുക്തസ്തു കൈകേയ്യാ രാജാ ദശരഥസ്തദാ
പ്രത്യുവാച തതഃ ക്രുദ്ധോ മുഹൂർത്തം വിഹ്വലന്നിവ. 4

കൈകേയ്യാ	കൈകേയിയാൽ	വിഹ്വലൻ,	ഒന്നും അരുൾചെയ്വാൻ കഴിയാത്തവനായി,
ഏവം	ഇപ്രകാരം		
ഉക്തഃ	കേൾപ്പിക്കപ്പെട്ട	തതഃ	അതിൽപിന്നെ
ദശരഥഃ രാജാ,	ദശരഥമഹാരാജാവ്,	ക്രുദ്ധഃ	മനസ്സിൽ ഭയം വിളയിക്കുമാറ്
തദാ	അതിനാൽ,	തു	ഇതിനെപ്പററി ഇപ്ര
മുഹൂർത്തം ഇവ	അല്പനേരത്തേക്കുമാത്രം	പ്രത്യുവാച.	അരുളിച്ചെയ്തു. [കാരം

മൃതേ മയി ഗതേ രാമേ വനം മനുജപുംഗവേ
ഹന്താനാര്യേ മമാമിത്രേ സകാമാ സുഖിനീ ഭവ. 5

" അനാര്യേ !	" ദുഷ്ടചരിത്രേ !	മയി	ഞാൻ
മമ	എനിക്ക്	മൃതേ	മരിക്കയും ചെയ്തതിൽ പിന്നെ
അമിത്രേ !	ദ്വേഷിയായ് വന്ന		
മനുജപുംഗവേ	നരോത്തമനായ [വളേ !	സകാമാ	അഭീഷ്ടം സാധിച്ചവ
രാമേ	ശ്രീരാമൻ	ഹന്ത	അളവററ [ളായി
വനം	കാട്ടിലേക്കു	സുഖിനീ	ആനന്ദത്തോടുകൂടിയവ
ഗതേ	പോവുകയും,	ഭവ.	വാഴുക. [ളായി

സ്വർഗ്ഗേഽപി ഖലു രാമസ്യ കുശലം ദൈവതൈരഹം
പ്രത്യാദേശാദഭിഹിതോ ധാരയിഷ്യേ കഥം ബത. 6

" സ്വർഗ്ഗേ അപി	" സ്വർഗ്ഗത്തിലും	അഹം	ഞാൻ
ദൈവതൈഃ	ദേവന്മാരാൽ	കഥം	ധർമ്മവിരുദ്ധമല്ലാത്തതായ എന്തൊന്നാണ്
പ്രത്യാദേശാത്	അധികാരത്തോടുകൂടി		
രാമസ്യ	ശ്രീരാമൻെറ	ധാരയിഷ്യേ	മറുപടിപറയുക ?
കുശലം ഖലു	ക്ഷേമത്തെപ്പററി	ബത.	അയ്യോ ! അവിടെയും
അഭിഹിതം,	ചോദ്യംചെയ്യപ്പെട്ടപ്പോൾ		കൂടി [illegible]

കൈകേയ്യാഃ പ്രിയകാമേന രാമഃ പ്രവ്രാജിതോ വനം
യദി സത്യം ബ്രവീമ്യേതത് തദസത്യം ഭവിഷ്യതി. 7

"' കൈകേയ്യാഃ	"' കൈകേയിയോടു ചെയ്തിരുന്ന	പ്രവ്രാജിതഃ,'	അയക്കപ്പെട്ടു,' എന്നു്
സത്യം	വാഗ്ദത്തത്തെ	ബ്രവീമി യദി	ഞാൻ മറുപടിപറയു ന്നുവെങ്കിൽ
പ്രിയകാമേന	{ ആവശ്യപ്പെട്ടപ്രകാരം കൊടുപ്പാൻ ബാധ്യത പ്പെട്ടവനായ എന്നാൽ	ഏതത്	ഇപ്രകാരമുള്ള
		തത്	അത്
		അസത്യം	സദസ്സിൽ പറയപ്പെട്ട വാക്കിന്നുവിരോധമായി
രാമഃ	ശ്രീരാമൻ		
വനം	വനത്തിലേക്കു്	ഭവിഷ്യതി.	തീരും.

["ശ്വഃസ്ഥാഹമഭിഷേക്ഷ്യാമി യൌവരാജ്യേ പരന്തപ" എന്നിത്യാദിയായി (4-ാംസൎഗ്ഗത്തിൽ) ശ്രീരാമനോടുപറഞ്ഞതായ വാക്കിന്നു വിരോധമായ്ത്തീരും. ഗൊ. രാ.]

അപുത്രേണ മയാ പുത്രഃ ശ്രമേണ മഹതാ മഹാൻ
രാമോ ലബ്ധോ മഹാബാഹുഃ സ കഥം ത്യജ്യതേ മയാ. 8

" സഃ	" ആ	ശ്രമേണ	യാഗത്താൽ
മഹാൻ	മഹാനും	പുത്രഃ	തിരുമകനായി
മഹാബാഹുഃ	മഹാബാഹുവുമായ	ലബ്ധഃ;	പ്രാപിക്കപ്പെട്ടു;
രാമഃ,	ശ്രീരാമൻ,	മയാ	എന്നാൽ
അപുത്രേണ	പുത്രന്മാരില്ലാതിരുന്ന	കഥം	എങ്ങിനെയാണു്
മയാ,	എന്നാൽ,	ത്യജ്യതേ ?	ദൂരെപ്പിരിഞ്ഞുപോകുവാൻ സമ്മതിക്കപ്പെടുക?
മഹതാ	മഹത്തായ		

ശൂരശ്ച കൃതവിദ്യശ്ച ജിതക്രോധഃ ക്ഷമാപരഃ
കഥം കമലപത്രാക്ഷോ മയാ രാമോ വിവാസ്യതേ. 9

" കമല- പത്രാക്ഷഃ	} " ഇന്ദീവരാക്ഷനും	ക്ഷമാപരഃ ച	{ അപരാധങ്ങളെയെല്ലാം ക്ഷമിക്കുക എന്ന വ്രതത്തെ കയ്ക്കൊണ്ട
കൃതവിദ്യഃ	സകല വിദ്യാപാരംഗതനും	രാമഃ,	ശ്രീരാമൻ, [വനുമായ
ശൂരഃ	ശൂരനും	മയാ	എന്നാൽ
ച	അങ്ങിനെയാണെങ്കിലും	കഥം	എങ്ങിനെയാണു്
ജിതക്രോധഃ	ക്രോധത്തെ കീഴടക്കിയവനായി	വിവാസ്യതേ ?	കാട്ടിലേക്കു് പറഞ്ഞയക്കപ്പെടുക ?

കഥമിന്ദീവരശ്യാമം ദീൎഘബാഹും മഹാബലം
അഭിരാമമഹം രാമം പ്രേഷയിഷ്യാമി ദണ്ഡകാൻ. 10

"ഇന്ദീവരശ്യാമം	" കുവലയദളശ്യാമശരീ	അഹം	ഞാൻ
ദീൎഘബാഹും	ആജാനുബാഹുവും [രനും	കഥം	എങ്ങിനെ
മഹാബലം	അജന്മവീരനും	ദണ്ഡകാൻ	ദണ്ഡകവനപ്രദേശങ്ങളിലേക്കു്
അഭിരാമം	നിസ്തുല്യസുന്ദരനുമായ		
രാമം	ശ്രീരാമനെ	പ്രേഷയിഷ്യാമി?	പറഞ്ഞയക്കട്ടെ ?

സുഖാനാമുചിതസ്യൈവ ദുഃഖൈരനുചിതസ്യ ച
ദുഃഖം നാമാനുപശ്യേയം കഥം രാമസ്യ ധീമതഃ. 11

"ദുഃഖൈഃ അനുചിതസ്യ	"ദുഃഖങ്ങൾ ഒന്നുംതന്നെ നേരിടാതിരിക്കുന്നവനും,	രാമസ്യ ച,	ശ്രീരാമനും,
		ദുഃഖം	ദുഃഖമെന്നുള്ളതിനെ
		കഥം നാമ	എപ്രകാരംതന്നെയാണു്
സുഖാനാം ഏവ	സുഖങ്ങൾക്കുമാത്രം		
ഉചിതസ്യ,	അർഹനും	അനുപശ്യേയം?	ഞാൻ മനസ്സിൽ ഓർത്തു
ധീമതഃ	ധീമാനുമായ		സഹിക്കുക?

യദി ദുഃഖമകൃത്വാദ്യ മമ സംക്രമണം ഭവേത്
അദുഃഖാർഹസ്യ രാമസ്യ തതഃ സുഖമവാപ്നുയാം. 12

"അദുഃഖാർഹസ്യ	"ദുഃഖങ്ങൾക്കു് അനർഹനായ	സംക്രമണം	പരലോകപ്രാപ്തി
രാമസ്യ	ശ്രീരാമനു്	ഭവേത് യദി	സംഭവിക്കുമെങ്കിൽ
ദുഃഖം	ദുഃഖത്തെ	തതഃ	അതിനാൽ
അകൃത്വാ,	ചെയ്യാതെ	സുഖം	വർദ്ധിച്ച സന്തോഷത്തെ
അദ്യ	ഇപ്പോൾതന്നെ	അവാപ്നുയാം.	ഞാൻ പ്രാപിക്കുന്നതാണു്.
മമ	എനിക്കു്		

നൃശംസേ പാപസങ്കല്പേ രാമം സത്യപരാക്രമം
കിം വിപ്രിയേണ കൈകേയി പ്രിയം യോജയസേ മമ 13

"പാപസങ്കല്പേ!	"പാപകൃത്യംചെയ്വാൻ നിശ്ചയിച്ചവളായ	സത്യപരാക്രമം,	ഒരിക്കലും നിഷ്ഫലമാകാത്ത പരാക്രമത്തോടു കൂടിയവനും ആയ
നൃശംസേ!	മഹാദുഷ്ടേ!	രാമം	ശ്രീരാമനെ
കൈകേയി!	കൈകേയി!	വിപ്രിയേണ	മഹാ ദുഃഖവുമായി
മമ	എന്റെ	കിം	എന്തിന്നുവേണ്ടിയാണു്
പ്രിയം	ഓമനയും	യോജയസേ.	നീ ചേർത്തിണക്കുന്നതു?

അകീർത്തിരതുലാ ലോകേ ധ്രുവഃ പരിഭവശ്ച മേ. 14

"മേ ച	"എനിക്കും തന്നെ	അകീർത്തിഃ	ദുഷ്കീർത്തിയും
ലോകേ	ലോകത്തിൽ	പരിഭവഃ	പരിഭവവും
അതുലാ	അതിയായ	ധ്രുവഃ."	എന്നും നിലനില്ക്കും."

തഥാ വിലപതസ്തസ്യ പരിഭ്രമിതചേതസഃ
അസ്തമഭ്യാഗമത് സൂര്യോ രജനീ ചാഭ്യവർത്തത. 15

തഥാ	അപ്രകാരമെല്ലാം	തസ്യ ച	അദ്ദേഹത്തിന്നും
		സൂര്യഃ	സൂര്യഭഗവാൻ
പരിഭ്രമിതചേതസഃ	ചിത്തം കലങ്ങിയവനായി	അസ്തം	അസ്തമനത്തെ
		അഭ്യഗമത ;	പ്രാപിച്ചു ;
വിലപതഃ	വിലപിച്ചുകൊണ്ടു തന്നെയിരുന്ന	രജനീ	രാത്രിയും
		അഭ്യവർത്തത.	ആരംഭിച്ചു.

സാऽത്രിയാമാ തഥാऽऽൎത്തസ്യ ചന്ദ്രമണ്ഡലമണ്ഡിതാ
രാജ്ഞോ വിലപമാനസ്യ ന വ്യഭാസത ശൎവ്വരീ. 16

തഥാ	അപ്രകാരംതന്നെ	ചന്ദ്രമണ്ഡല-മണ്ഡിതാ	ചന്ദ്രമണ്ഡലത്താൽ മനോഹരമായ
ആൎത്തസ്യ	അതിദുഃഖിതനായി	സാ ശൎവ്വരീ	ആ രാത്രി
വിലപമാനസ്യ	വിലപിച്ചുകൊണ്ടിരുന്നവനായ	അത്രിയാമാ	എത്രയൊ യാമങ്ങളോടു കൂടിയതായി
രാജ്ഞഃ,	രാജാവിന്ന്,	വ്യഭാസത ന.	പുലൎന്നതേ ഇല്ല.

തഥൈവോഷ്ണം വിനിശ്വസ്യ വൃദ്ധോ ദശരഥോ നൃപഃ
വിലലാപാൎത്തവദ്ദുഃഖം ഗഗനാസക്തലോചനഃ. 17

വൃദ്ധഃ	വയോധികനായ	ഗഗനാസക്ത-ലോചനഃ തഥാ ഏവ	മേല്പോട്ടുനോക്കിക്കൊണ്ടിരിക്കുന്നവനായി തന്നെ
ദശരഥഃ നൃപഃ,	ദശരഥമഹാരാജാവ്,	ദുഃഖം	ശോചനീയമാംവണ്ണം
ആൎത്തവത്	അത്യാകുലനായി	വിലലാപ.	വീണ്ടും വിലപിച്ചു തുടങ്ങി.
ഉഷ്ണം	ചുടുചുടെ		
വിനിശ്വസ്യ,	നെടുവീൎപ്പിട്ടുകൊണ്ടു്,		

ന പ്രഭാതം തവേച്ഛാമി നിശേ നക്ഷത്രഭൂഷണേ
ക്രിയതാം മേ ദയാ ഭദ്രേ മയാऽയം രചിതോऽഞ്ജലിഃ. 18

"നക്ഷത്ര-ഭൂഷണേ!	"നക്ഷത്രങ്ങൾ അണിഭൂഷണങ്ങളായുള്ള	മയാ	എന്നാൽ
നിശേ!	ഹേ രാത്രി!	അയം	ഈ
തവ	ഭവതിക്ക്	അഞ്ജലിഃ രചിതഃ;	പ്രാൎത്ഥന ചെയ്യപ്പെട്ടുന്നു;
പ്രഭാതം	പുലൎച്ചയുണ്ടാകേണമെന്ന്	മേ	എന്റെ സംഗതിയിൽ
ഇച്ഛാമി ന;	ഞാൻ ആഗ്രഹിക്കുന്നില്ല;	ദയാ	ഈ അനുഗ്രഹം
ഭദ്രേ!	ഹേ സുഖപ്രദേ!	ക്രിയതാം.	ചെയ്യപ്പെടട്ടെ.

അഥവാ ഗമ്യതാം ശീഘ്രം നാഹമിച്ഛാമി നിൎഘൃണാം
നൃശംസാം കൈകയീം ദ്രഷ്ടും യത്കൃതേ വ്യസനം മഹത്. 19

"അഥവാ	"അല്ലെന്നാൽ	നിൎഘൃണാം	കഠിനഹൃദയയായ,
ശീഘ്രം	ശീഘ്രത്തിൽ തന്നെ	നൃശംസാം	ഈ ദുഷ്ടയായ,
ഗമ്യതാം;	ഗമിച്ചാലും;	കൈകയീം	കൈകേയിയെ
മഹത്	സഹിപ്പാൻ കഴിയാത്തതായ	ദ്രഷ്ടും	കണ്ടുകൊണ്ടിരിക്കുവാൻ
വ്യസനം	ദുഃഖം	അഹം	ഞാൻ
യത്കൃതേ	യാതൊരുവൾ മൂലമോ അപ്രകാരമുള്ള	ഇച്ഛാമി ന."	ശക്തനാവുന്നില്ല."

ഏവമുക്ത്വാ തതോ രാജാ കൈകേയീം സംയതാഞ്ജലിഃ
പ്രസാദയാമാസ പുനഃ കൈകേയീം ചേദമബ്രവീത്. 20

രാജാ	മഹാരാജാവു്,	പ്രസാദയാമാസ;	നല്ലവാക്കുകളെപ്പറഞ്ഞു് കരുണ ചെയ്യാൻ അപേക്ഷിച്ചു;
ഏവം ഉക്ത്വാ,	മേൽപ്രകാരം പ്രാർത്ഥി[ച്ചു്,	ച	കൂടാതെ,
തതഃ.	അതിൽപിന്നെ	കൈകേയീം	കൈകേയിയോടായി
കൈകേയീം	കൈകേയിയെനോക്കി,	ഇദം	ഇപ്രകാരം
പുനഃ	അപ്രകാരമിരുന്നിട്ടും,	അബ്രവീത്.	അരുളിച്ചെയ്കയുംചെയ്തു.
സംയതാഞ്ജലിഃ	തൊഴുതു് പ്രാർത്ഥിക്കുന്നവനായി,		

സാധുവൃത്തസ്യ ദീനസ്യ ത്വദ്ഗതസ്യ ഗതായുഷഃ
പ്രസാദഃ ക്രിയതാം ദേവി ഭദ്രേ രാജ്ഞോ വിശേഷതഃ. 21

"ഭദ്രേ!	സർവ്വദാ നന്മയെത്തന്നെ ആഗ്രഹിക്കുന്ന	വിശേഷതഃ	വിശേഷിച്ചും
ദേവി!	ഹേ ദേവി! [വളായ	ത്വദ്ഗതസ്യ	നിന്നെത്തന്നെ ശരണമായ് പ്രാപിച്ചിരിക്കുന്നവനും
സാധുവൃത്തസ്യ	സത്യസന്ധനും	രാജ്ഞഃ	ചക്രവർത്തിയും ആയ എന്റെ പേരിൽ
ഗതായുഷഃ	ആയുസ്സവസാനിക്കാറായവനും,	പ്രസാദഃ	അനുഗ്രഹം
ദീനസ്യ	കഷ്ടദശയിലിരിക്കുന്നവനും,	ക്രിയതാം.	ചെയ്യപ്പെടട്ടെ.

ശൂന്യേ ന ഖലു സുശ്രോണി മയേദം സമുദാഹൃതം
കുരു സാധു പ്രസാദം മേ ബാലേ സഹൃദയാ ഹ്യസി. 22

"സുശ്രോണി!	"സന്മാർഗ്ഗതല്പരയായ	മേ	എന്റെ കാര്യത്തിൽ
ബാലേ!	സാധുവായവളേ!	പ്രസാദം	അനുഗ്രഹത്തെ
മയാ	എന്നാൽ	സാധു	എന്റെ ആവശ്യം എന്നിരിക്കയാൽ
ഇദം	ഇതു്	കുരു,	നീ ചെയ്താലും,
ശൂന്യേ	പറഞ്ഞതുപോലെ ചെയ്കയില്ലെന്നുള്ള ഉദ്ദേശത്തിൽ വെറുതെ	ഹി	എന്തെന്നാൽ
സമുദാഹൃതം ന;	വാഗ്ദത്തം ചെയ്യപ്പെട്ടതല്ല;	സഹൃദയാ	എന്റെ ധർമ്മസങ്കടത്തെ അറിയുന്നവൾ
ഖലു	അപ്രകാരമാണെങ്കിലും	അസി.	ആണല്ലൊനീ.

["ശൂന്യേ ന സമുദാഹൃതം", രാമനെ യുവരാജാവാക്കാമെന്നതു്, എല്ലാവരും നിറഞ്ഞ സദസ്സിൽവെച്ചാണു് എന്നാൽ പറയപ്പെട്ടത. എന്നു് ഗൊ രാ. ഈ അർത്ഥത്തിൽ, ആരും അറിയാതെ പറഞ്ഞതിനെ മാററാമെന്നു സിദ്ധിക്കുന്നു. അതു് ദശരഥമഹാരാജാവിന്റെ സത്യസന്ധതയ്ക്കു് യോജിച്ചതല്ല.]

പ്രസീദ ദേവി രാമോ മേ ത്വദ്ദത്തം രാജ്യമവ്യയം
ലഭതാമസിതാപാംഗേ യശഃ പരമവാപ്നുഹി. 23

"അസിതാപാംഗേ	"സദ്ബുദ്ധിയെ സ്വല്പം വ്യതിചലിപ്പാൻ ഇടകൊടുത്തുപോയവളായ	രാജ്യം	രാജ്യത്തെ
		അവ്യയം	ശാശ്വതമായും
		ത്വദ്ദത്തം	നിന്നാൽതന്നെ നല്കപ്പെട്ടതായും
ദേവി!	ഹേ ദേവി!	ലഭതാം;	പ്രാപിക്കട്ടെ;
മേ	എന്റെ കാൎയ്യത്തിൽ	പരം	അത്യുത്തമമായ
പ്രസീദ!	നീ ദയചെയ്യാലും;	യശഃ	കീൎത്തിയെ
രാമഃ	ശ്രീരാമൻ	അവാപ്നുഹി.	നീ പ്രാപിച്ചാലും.

മമ രാമസ്യ ലോകസ്യ ഗുരൂണാം ഭരതസ്യ ച
പ്രിയമേതദ്ഗുരുശ്രോണി കുരു ചാരുമുഖേക്ഷണേ. 24

"ചാരുമുഖേക്ഷണേ	"പ്രസന്നമുഖിയായ് ഉപചരിച്ചുവന്നവളേ!	ഭരതസ്യ	ഭരതനും
		രാമസ്യ	ശ്രീരാമനും
ഗുരുശ്രോണി!	എല്ലാവരാലും പ്രശംസിക്കത്തക്ക സന്മാൎഗ്ഗനിരതയായുള്ളവളേ!	ലോകസ്യ ച	ലോകത്തിന്നുംതന്നെ
		പ്രിയം	ഹിതകരമായ
മമ	എനിക്കും	ഏതത്	ഇതിനെ
ഗുരൂണാം	ഗുരുജനങ്ങൾക്കും	കുരു."	നീ ചെയ്യാലും."

വിശുദ്ധഭാവസ്യ ഹി ദുഷ്ടഭാവാ
താമ്രേക്ഷണസ്യാശ്രുകലസ്യ രാജ്ഞഃ
ശ്രുത്വാ വിചിത്രം കരുണം വിലാപം
ഭൎത്തുൎന്നൃശംസാ ന ചകാര വാക്യം. 25

വിശുദ്ധഭാവസ്യ	ധൎമ്മമാൎഗ്ഗത്തിൽനിന്നു വ്യതിചലിക്കരുതെന്ന അഗ്രഹത്തോടുകൂടിയവനും	വിചിത്രം	സാന്ത്വനയവും
		കരുണം	ദയനീയവുമായ
		വിലാപം	വിലാപവാക്കിനെ
		ശ്രുത്വാ,	കേട്ടിട്ടും
താമ്രേക്ഷണസ്യ	കലുഷമായ നേത്രങ്ങളോടുകൂടിയവനും	ദുഷ്ടഭാവാ	പാപകൃത്യത്തിൽ മനസ്സിരുത്തിപ്പോയവളായ
അശ്രുകലസ്യ	കണ്ണീർവാൎക്കുന്നവനും	നൃശംസാ	നിൎഘൃണയായ അവൾ
രാജ്ഞഃ	ചക്രവൎത്തിയും ആയ	വാക്യം ഹി	യാതൊരുമറുപടിയും
ഭൎത്തുഃ	ഭൎത്താവിന്റെ	ചകാര ന.	പറഞ്ഞതേയില്ല.

തതഃ സ രാജാ പുനരേവ മൂൎച്ഛിതഃ
പ്രിയാമദുഷ്ടാം പ്രതികൂലഭാഷിണീം
സമീക്ഷ്യ പുത്രസ്യ വിവാസനം പ്രതി
ക്ഷിതൌ വിസംജ്ഞോ നിപപാത ദുഃഖിതഃ. 26

തതഃ ഏവ,	അതിനാലും,
സഃ	ആ
രാജാ,	രാജാവ്,
അദൃഷ്ടാം	ദുഷ്ടസ്വഭാവം തങ്കൽ ഉണ്ടെന്നുള്ളതിനെ ഇതുവരെ ഒരു കാലത്തും കാണിക്കാത്തവളും,
പ്രിയാം	പ്രിയമായ്തന്നെ ഇതേവരെയ്ക്കും നടന്നുവന്നിരുന്നവളും ആയ ഇവളെ,
പ്രതികൂലഭാഷിണീം	അപ്രിയത്തിൽ തന്നെ പിടിവാദമായ് പിടിച്ചുനില്ക്കുന്നവളായിരിക്കുന്നതിനേയും,
പുത്രസ്യ	പുത്രന്റെ
വിവാസനം പ്രതി	വനവാസത്തെപ്പററിയും
പുനഃ സമീക്ഷ്യ	നിനച്ചു നിനച്ച്,
ദുഃഖിതഃ	ദുഃഖിക്കുന്നവനായി,
മൂൎച്ഛിതഃ	എന്തുചെയ്യേണ്ടതെന്നറിയാത്തവനായി,
വിസംജ്ഞഃ	മൂൎച്ഛിച്ചവനായി,
ക്ഷിതൌ	നിലത്തിൽ
നിപപാത.	വീണുകിടന്നു.

ഇതീവ രാജ്ഞോ വ്യഥിതസ്യ സാ നിശാ
ജഗാമ ഘോരം ശ്വസതോ മനസ്വിനഃ
വിബോധ്യമാനഃ പ്രതിബോധനം തദാ
നിവാരയാമാസ സ രാജസത്തമഃ. 27

മനസ്വിനഃ	ഏതുവിധവും ധൎമ്മംതെററരുതെന്ന നിശ്ചയത്തോടുകൂടിയവനും,
ഇതി	മേൽ പ്രകാരം
ശ്വസതഃ	ദീൎഘശ്വാസം വിട്ട്
വ്യഥിതസ്യ	ദുഃഖിച്ചുകൊണ്ടിരുന്നവനും ആയ
രാജ്ഞഃ,	മഹാരാജാവിന്നു,
സാ നിശാ	ആ രാത്രിമുഴുവനും
ഘോരം ഇവ	ഭയങ്കരമായ്ത്തന്നെ
ജഗാമ;	കഴിഞ്ഞുകൂടി;
തദാ	ആ സമയം
വിബോധ്യമാനഃ	പള്ളിയുറക്കുണൎത്തുന്നവരായ വൈതാളികന്മാരുടെ സ്തോത്രധ്വനി ചെവികളിൽ വീണവനായ
സഃ	ആ
രാജസത്തമഃ	രാജശ്രേഷ്ഠൻ,
പ്രതിബോധനം	ആ സ്തോത്രത്തെ
നിവാരയാമാസ.	നിൎത്തുവാൻ കല്പിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ ത്രയോദശഃ സൎഗ്ഗഃ = പതിമൂന്നാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 2962; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 607.

ചതുൎദ്ദശഃ സൎഗ്ഗഃ = പതിന്നാലാംസൎഗ്ഗം.

[കൈകേയീവിജയഃ = കൈകേയിയുടെ വിജയം.]

പുത്രശോകാൎദ്ദിതം പാപാ വിസംജ്ഞം പതിതം ഭുവി
വിവേഷ്ടമാനമുദ്വീക്ഷ്യ സൈക്ഷ്വാകമിദമബ്രവീത്. 1

പാപാ	അപത്തുവിളയിപ്പാൻ തന്നെ നിശ്ചയിച്ചി	ഭുവി	നിലത്തു്
സാ,	അവൾ [രിക്കുന്നവളായ	വിവേഷ്ടമാനം	ഉരുണ്ടുകൊണ്ടു്
ഉദ്വീക്ഷ്യ	ദീൎഘമായാലോചിച്ചു്,	പതിതം	കിടന്നിരുന്നവനായ
പുത്രശോകാൎദ്ദിതം	പുത്രശോകാകുലനായ്,	ഐക്ഷ്വാകം	ഇക്ഷ്വാകുവംശജനായ രാജാവിനോടായി
വിസംജ്ഞം	ബോധമില്ലാത്തവനായ്	ഇദം അബ്രവീത്.	ഇപ്രകാരം പറഞ്ഞു.

പാപം കൃത്വേവ കിമിദം മമ സംശ്രുത്യ സംശ്രവം
ശേഷേ ക്ഷിതിതലേ സന്നഃ സ്ഥിത്യാം സ്ഥാതും ത്വമൎഹസി. 2

"മമ	"എനിക്ക്	ക്ഷിതിതലേ	നിലത്തു്
സംശ്രവം	വാഗ്ദത്തത്തെ	ശേഷേ;	അവിടുന്നു് ശയിക്കുന്നു,
സംശ്രുത്യ,	പ്രതിജ്ഞചെയ്തശേഷം	കിം ഇദം?	ഇതെന്തൊരു ന്യായ
പാപം	അല്പസംഗതിയെ	ത്വം	അവിടുന്നു് [മാണു്?
കൃത്വാ ഇവ,	വലുതായ് നിനച്ചു കൊണ്ടുതന്നെ,	സ്ഥിത്യാം	ധൎമ്മത്തിൽതന്നെ
		സ്ഥാതും	നിലകൊള്ളുന്നതിന്നു്
സന്നഃ	ഇളകാതെ	അൎഹസി.	മനസ്സുവെക്കേണം.

ആഹുഃ സത്യം ഹി പരമം ധൎമ്മം ധൎമ്മവിദോ ജനാഃ
സത്യമാശ്രിത്യ ഹി മയാ ത്വം ച ധൎമ്മേ പ്രചോദിതഃ. 3

"ധൎമ്മവിദഃ	"ധൎമ്മനിപുണന്മാരായ	ത്വം,	നിന്തിരുവടി,
ജനാഃ	ജനങ്ങൾ	സത്യം	വാഗ്ദത്തംചെയ്തതിനെ
സത്യം ഹി	{ പറഞ്ഞവാക്കിളക്കാതിരിക്കുക എന്ന ഒന്നിനെത്തന്നെ	ആശ്രിത്യ ഹി	ലഭിക്കുന്നതിനായ്ത്ത
		മയാ ച	എന്നാലും [ന്നെയാണു്
		ധൎമ്മേ	ധൎമ്മവിരോധമില്ലാതെ
പരമം	അത്യുൽകൃഷ്ടമായ	പ്രചോദിതഃ.	അപേക്ഷിക്കപ്പെടുന്നതു്.
ധൎമ്മം ആഹുഃ;	ധൎമ്മമെന്നു് പറയുന്നു;		

സംശ്രുത്യ ശൈബ്യഃ ശ്യേനായ സ്വാം തനും ജഗതീപതിഃ
പ്രദായ പക്ഷിണേ രാജാ ജഗാമ ഗതിമുത്തമാം. 4

"ജഗതീപതിഃ	"ലോകരക്ഷകനായ	സ്വാം തനും	തന്റെ ദേഹത്തെ
രാജാ ശൈബ്യഃ	ശൈബ്യമഹാരാജാവു്	പ്രദായ,	കൊടുത്തു്,
ശ്യേനായ പക്ഷിണേ	} വെറും പക്ഷിയായ പരുന്തിന്നായ്ക്കൊണ്ടു്	ഉത്തമാം ഗതിം	ഉത്തമഗതിയെ
സംശ്രുത്യ	വാഗ്ദത്തംചെയ്തിട്ടു്	ജഗാമ.	പ്രാപിച്ചു.

[ശിബിചക്രവൎത്തിയുടെ കഥ ഭാരതം വനപൎവ്വം 132, 197 അദ്ധ്യാ. കാണ്ക.]

തഥാ ഹ്യലൎക്കസ്തേജസ്വീ ബ്രാഹ്മണേ വേദപാരഗേ
യാച്യമാനഃ സ്വകേ നേത്രേ ഉദ്ധൃത്യാവിമനാ ദദൌ. 5

“തഥാ	“അപ്രകാരംതന്നെ	അവിമനാഃ ഹി	സന്തോഷത്തോടുകൂടിയ
തേജസ്വീ	മഹാതേജസ്വിയായ		വനായിത്തന്നെ
അലൎക്കഃ,	അലൎക്കനെന്ന രാജൎഷി,	സ്വകേ	തന്റെ
വേദപാരഗേ	വേദപാരഗനായ [ണ്ടു,	നേത്രേ	സ്വന്തം രണ്ടുനേത്രങ്ങ
ബ്രാഹ്മണേ,	ഒരു ബ്രാഹ്മണനന്നായ്ക്കൊ		ളേയും
യാച്യമാനഃ	പ്രാൎത്ഥനചെയ്യപ്പെട്ടു	ഉദ്ധൃത്യ	ചൂന്നെടുത്തു്
	വാഗ്ദത്തംചെയ്തവനായി	ദദൌ.	ദാനംചെയ്തു.

[അലൎക്കന്റെ കഥ ഭാരതം ആനുശാസനികം 31-ാം അദ്ധ്യായത്തിൽ കാണ്ക.]

സരിതാം തു പതിഃ സ്വല്പാം മൎയ്യാദാം സത്യമന്വിതഃ
സത്യാനുരോധാത് സമയേ വേലാം സ്വാം നാതിവൎത്തതേ. 6

“സരിതാം പതിഃ	“സമുദ്രം	സമയേ തു,	വാവിൻദിവസങ്ങളാ
സത്യം	വാഗ്ദത്തത്തെ		കുന്ന സമയത്തിലുംകൂടി
അന്വിതഃ,	നിറവേറുന്നതായി	സ്വാം മൎയ്യാദാം	അതിന്റെ അതിരായ
സത്യാനു-	} പറഞ്ഞവാക്കു മാററരു	സ്വല്പാം	സ്വല്പമായ
രോധാത്,	} തെന്നുള്ള ധൎമ്മവിധി	വേലാം	കരയെ
	പ്രകാരം	അതിവൎത്തതേ ന.	ലംഘിക്കുന്നില്ല.

സത്യമേകപദം ബ്രഹ്മ സത്യേ ധൎമ്മഃ പ്രതിഷ്ഠിതഃ
സത്യമേവാക്ഷയാ വേദാഃ സത്യേനാവാപ്യതേ പരം. 7

“സത്യം	“സത്യമെന്നുള്ളതു്	പ്രതിഷ്ഠിതഃ ;	നിലനില്ക്കുന്നതു് ;
ഏകപദം	ഏകാക്ഷരമായ	സത്യം	സത്യംതന്നെയാകുന്നു
ബ്രഹ്മ ;	ഓങ്കാരമാകുന്നു ;	അക്ഷയാഃ	ഒരുകാലത്തും നശിക്കാ
സത്യേ	സത്യമൊന്നിൽതന്നെ	വേദാഃ ;	വേദങ്ങൾ; [ത്ത
	യാണു്	സത്യേന ഏവ	സത്യം ഒന്നുകൊണ്ടു
ധൎമ്മഃ	ചതുൎവ്വിധപുരുഷാൎത്ഥ	പരം	മോക്ഷം [തന്നെയാണു്
	ദായകമായ ധൎമ്മം	അവാപ്യതേ.	സിദ്ധിക്കുന്നതു്.

[“ഓമിത്യേകാക്ഷരം ബ്രഹ്മ” എന്നു കഠോപനിഷത്ത്.]

സത്യം സമനുവൎത്തസ്വ യദി ധൎമ്മേ ധൃതാ മതിഃ
സ വരഃ സഫലോ മേഽസ്തു വരദോ ഹ്യസി സത്തമ. 8

“സത്തമ !	“ഹേ ധൎമ്മോത്തമ !	സമനു-	} തെററിക്കാതെ അനു
	{ വാഗ്ദത്തംചെയ്തുപോയ	വൎത്തസ്വ ;	} ഷ്ഠിച്ചാലും ;
വരദഃ അസി ;	{ തിനെ തരേണ്ടവനാകു	സഃ വരഃ	ആ വാഗ്ദത്തം
	{ ന്നു നിന്തിരുവടി ;		
ധൎമ്മേ	ധൎമ്മത്തിൽ	മേ	എനിക്കു്
മതിഃ	മനസ്സ്	സഫലഃ ഹി	ഫലത്തെ നൽകുന്ന
ധൃതാ യദി,	നിലനില്ക്കുന്നുവെന്നുവ		തായ്ത്തന്നെ
സത്യം	സത്യത്തെ [രികിൽ,	അസ്തു.	ഭവിക്കട്ടെ.

സ്വധൎമ്മസ്യാഭികാമാൎത്ഥം മമ ചൈവാഭിചോദനാത്
പ്രവ്രാജയ സുതം രാമം ത്രിഃ ഖലു ത്വാം ബ്രവീമ്യഹം. 9

"സ്വധൎമ്മസ്യ	"സ്വധൎമ്മത്തിന്നു	സുതം രാമം,	പുത്രനായ രാമനെ,
അഭികാമാൎത്ഥം ച,	അചഞ്ചലമായ ആസക്തിയുണ്ടെന്നതു കൊണ്ടും,	പ്രവ്രാജയ ;	വനത്തിലേക്ക് പറഞ്ഞയച്ചാലും ;
മമ	എനിക്ക്	അഹം	ഞാൻ
അഭിചോദനാത് ഏവ	ശരിയായ ആഗ്രഹമെന്നിരിക്കകൊണ്ടും	ത്വാം	നിന്തിരുവടിയോടു
		ത്രിഃ ഖലു	മൂന്നുവട്ടം തീൎച്ചയായും
		ബ്രവീമി.	ആവശ്യപ്പെടുന്നു.

സമയം ച മമാൎയ്യേമം യദി ത്വം ന കരിഷ്യസി
അഗ്രതസ്തേ പരിത്യക്താ പരിത്യക്ഷ്യാമി ജീവിതം. 10

"ആൎയ്യ!	"പൂജ്യനായുള്ളോവേ!	തേ	നിന്തിരുവടിയുടെ
മമ	എന്റെ	അഗ്രതഃ ച	തിരുമുമ്പാകെതന്നെ,
ഇമം സമയം	ഈ ആവശ്യത്തെ	പരിത്യക്താ	ഉപേക്ഷിക്കപ്പെട്ടവളായ ഞാൻ
ത്വം	നിന്തിരുവടി	ജീവിതം	ജീവനെ
കരിഷ്യസി ന യദി	നിറവേററുകയില്ലെന്നു വരികിൽ,	പരിത്യക്ഷ്യാമി."	ത്യജിച്ചുകളയും."

ഏവം പ്രചോദിതോ രാജാ കൈകേയ്യാ നിൎവ്വിശങ്കയാ
നാശകത് പാശമുന്മോക്തും ബലിരിന്ദ്രകൃതം യഥാ. 11

കൈകേയ്യാ	കൈകേയിയാൽ,	പാശം	ധൎമ്മസങ്കടത്തിൽ
നിൎവ്വിശങ്കയാ	മാനമെന്നുള്ളതിനെ തീരെ ഉപേക്ഷിച്ചവളായി	ബലിഃ	മഹാബലി ചക്രവൎത്തി
ഏവം	മേൽ പ്രകാരം	യഥാ,	എപ്രകാരമോ അപ്രകാരം,
പ്രചോദിതഃ	നിൎബ്ബന്ധിക്കപ്പെട്ടവനായ		
രാജാ,	മഹാരാജാവ്,	ഉന്മോക്തും	പറഞ്ഞപോലെ ചെയ്യാതെ നിരാകരിപ്പാൻ
ഇന്ദ്രകൃതം	വാമനാവതാരകാലത്തിൽ ഉപേന്ദ്രനാൽ ഏൎപ്പെട്ടതായ	അശകത് ന.	ശക്തനായില്ല.

ഉദ്ഭ്രാന്തഹൃദയശ്ചാപി വിവൎണ്ണവദനോഽഭവത്
സ ധുൎയ്യോ വൈ പരിസ്പന്ദൻ യുഗചക്രാന്തരം യഥാ. 12

സഃ വൈ,	അദ്ദേഹവും,	പരിസ്പന്ദൻ	തുടിക്കുന്നതു്
ധുൎയ്യഃ	ഒരു കന്ന്	യഥാ	എപ്രകാരമൊ അപ്രകാരം
യുഗചക്രാന്തരം	നുകത്തിന്നും വണ്ടിക്കാരന്റെ ചാട്ടമുള്ളിന്നും (അഥവാ ചക്രത്തിന്നും, നുകത്തിന്നും) ഇടയിൽ	വിവൎണ്ണവദനഃ ച	മുഖം വിളൎത്തവനായി
		ഉദ്ഭ്രാന്തഹൃദയഃ അപി	കലങ്ങിയ ചിത്തത്തോടുകൂടിയവനായി,
		അഭവത്.	ദുഃഖിച്ചു.

വിഹ്വലാഭ്യാം ച നേത്രാഭ്യാമപശ്യന്നിവ ഭൂമിപഃ
കൃച്ഛ്രാദ്ധൈൎയ്യേണ സംസ്തഭ്യ കൈകേയീമിദമബ്രവീത്. 13

കൃച്ഛ്രാത്	അസഹ്യമായ വ്യാകുലത മൂലം	ഭൂമിപഃ	മഹാരാജാവു്
വിഹ്വലാഭ്യാം	ധാരധാരയായി കണ്ണീർ വാൎത്തുകൊണ്ടിരുന്ന	ധൈൎയ്യേണ	ധൈൎയ്യം അവലംബിച്ചു്
നേത്രാഭ്യാം ച	ഇരുകണ്ണുകൾകൊണ്ടും	ഇവ	ഒരുവിധം
അപശ്യൻ	മിഴിച്ചുനോക്കുവാൻ സാധിക്കാതിരുന്നവനായ	സംസ്തഭ്യ	മനസ്സിനെ സമാധാനിപ്പിച്ചുകൊണ്ടു്
		കൈകേയീം	കൈകേയിയോടായി
		ഇദം	ഇപ്രകാരം
		അബ്രവീത്.	അരുളിച്ചെയ്തു.

യസ്തേ മന്ത്രകൃതഃ പാണിരഗ്നൌ പാപേ മയാ ധൃതഃ
തം ത്യജാമി സ്വജം ചൈവ തവ പുത്രം സഹ ത്വയാ. 14

"പാപേ!	"ദുഷ്ടേ!	തം ച,	അതിനേയും,
അഗ്നൌ	അഗ്നിസാക്ഷിയായി	തവ	നിങ്കൽ
മന്ത്രകൃതഃ	മന്ത്രപുരസ്സരം	സ്വജം	എനിക്കു് ജനിച്ചവനായ
യഃ തേ പാണിഃ	യാതൊരു നിന്റെ കരം	പുത്രം ഏവ,	പുത്രനെയും,
മയാ	എന്നാൽ	ത്വയാ സഹ	നിന്നോടുകൂടി
ധൃതഃ,	ഗ്രഹിക്കപ്പെട്ടുവൊ,	ത്യജാമി.	ഞാൻ ഉപേക്ഷിക്കുന്നു.

പ്രയാതാ രജനീ ദേവി സൂൎയ്യസ്യോദയനം പ്രതി
അഭിഷേകം ഗുരുജനസ്ത്വരയിഷ്യതി മാം ധ്രുവം. 15

"ദേവി!	"ദേവി!	ധ്രുവം	തീൎച്ചയാക്കപ്പെട്ടിരിക്കുന്നു
രജനീ	രാത്രി		
പ്രയാതാ;	അവസാനിച്ചുകഴിഞ്ഞു;	അഭിഷേകം പ്രതി	പട്ടാഭിഷേകത്തിന്നായി
സൂൎയ്യസ്യ	സൂൎയ്യന്റെ		
ഉദയനം;	ഉദയകാലമായി;	മാം	എന്നെ
ഗുരുജനഃ	കുലഗുരു	ത്വരയിഷ്യതി.	ജാഗ്രതപ്പെടുത്തും.

രാമാഭിഷേകസംഭാരൈസ്തദൎത്ഥമുപകല്പിതൈഃ
രാമഃ കാരയിതവ്യോ മേ മൃതസ്യ സലിലക്രിയാം. 16

"രാമാഭിഷേകസംഭാരൈഃ,	"ശ്രീരാമാഭിഷേകത്തിന്നൊരുക്കിയ സാധനങ്ങളെക്കൊണ്ടു്,	ഉപകല്പിതൈഃ	ഇപ്പോൾ (എന്റെ മരണാനന്തരം) ചെയ്യേണ്ടതായ കൃത്യങ്ങൾക്കു് വിനിയോഗപ്പെടുത്തിയവയായി,
മൃതസ്യ	മൃതനായ		
മേ,	എനിക്കു്,		
രാമഃ	ശ്രീരാമൻ	സലിലക്രിയാം	ഉദകക്രിയ
തദൎത്ഥം	അതിന്നുപകരം	കാരയിതവ്യഃ.	ചെയ്യിക്കപ്പെടേണ്ടതാണു്

[“രാമാഭിഷേകസംഭാരൈഃ”, അഭിഷേകസംഭാരങ്ങളോടുംകൂടി, എന്നൎത്ഥത്തിൽ, പൂൎവ്വശ്ലോകത്തോട് ചേൎത്തുമന്വയിക്കാം. അഭിഷേകസാമഗ്രികളോടുകൂടി ഗുരു വരാറായി എന്നൎത്ഥം. താഴെ 26-ാംശ്ലോകം നോക്കുക.]

സപുത്രയാ ത്വയാ നൈവ കൎത്തവ്യാ സലിലക്രിയാ
വ്യാഹന്താസ്യശുഭാചാരേ യദി രാമാഭിഷേചനം. 17

അശുഭാചാരേ!	ദുഷ്ടചരിത്രേ!
രാമാഭിഷേചനം	രാമന്റെ അഭിഷേക[ത്തെ]
വ്യാഹന്താ അസി യദി	മുടക്കിയവൾ ആകുന്നു നീ എന്ന കാരണത്താൽ
സപുത്രയാ	നിന്റെ മകനോടുകൂടെ
ത്വയാ	നിന്നാൽ
സലിലക്രിയാ ഏവ	പ്രേതകൃത്യം ഒന്നും
കൎത്തവ്യാ ന.	അനുഷ്ഠിപ്പാൻ പാടുള്ളതല്ല.

ന ശക്താഽദ്യാസ്മ്യഹം ദ്രഷ്ടും ദൃഷ്ട്വാ പൂൎവ്വം തഥാസുഖം
ഹതഹൎഷം നിരാനന്ദം പുനൎജ്ജനമവാങ്മുഖം. 18

"പൂൎവ്വം	"ഇതുവരെയെല്ലാം
ജനം	ജനത്തെ
തഥാസുഖം	അപ്രകാരം സന്തോഷത്തോടുകൂടിയതായി
ദൃഷ്ട്വാ	കണ്ടതിൽപിന്നെ
പുനഃ	നേരെ മറിച്ച്
അദ്യ	ഇപ്പോൾ
ഹതഹൎഷം	നിരാശമായി
നിരാനന്ദം	ഉത്സാഹരഹിതമായി
അവാങ്മുഖം	മുഖം വാടിയതായി
ദ്രഷ്ടും	കാണ്മാൻ
അഹം	ഞാൻ
ശക്തഃ	ശക്തൻ
അസ്മി ന."	അല്ല."

താം തഥാ ബ്രുവതസ്തസ്യ ഭൂമിപസ്യ മഹാത്മനഃ
പ്രഭാതാ ശൎവ്വരീ പുണ്യാ ചന്ദ്രനക്ഷത്രശാലിനീ. 19

തഥാ	അപ്രകാരമെല്ലാം
താം	അവളോട്
ബ്രുവതഃ	ഉരചെയ്തുകൊണ്ടിരുന്ന
തസ്യ മഹാത്മനഃ	ആ മഹാത്മാവായ
ഭൂമിപസ്യ,	മഹാരാജാവിന്നു,
ചന്ദ്രനക്ഷത്ര-ശാലിനീ	ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിച്ചിരുന്ന
ശൎവ്വരി,	ആ രാത്രി കഴിഞ്ഞു,
പുണ്യാ	നല്ല കാലത്തിന്ന്
പ്രഭാതാ.	പുലൎന്നു.

[പുലരാതെയിരുന്നാൽ അത്രനേരവും ദുഃഖിച്ചുകൊണ്ടുതന്നെ കാലരാത്രിപോലെ കഴിച്ചുകൂട്ടേണ്ടിവരുമായിരുന്നു എന്നു താല്പൎയ്യം. ശ്രീരാമദൎശനമാകാൻപോകുന്നതുകൊണ്ട് 'പുണ്യാ' എന്നു ഗൊ. രാ.]

തതഃ പാപസമാചാരാ കൈകേയീ പാൎത്ഥിവം പുനഃ
ഉവാച പരുഷം വാക്യം വാക്യജ്ഞാ രോഷമൂൎച്ഛിതാ. 20

തതഃ	അതിൽപിന്നെ
പാപസമാചാരാ	പാപകൎമ്മത്തിൽ മനസ്സൎപ്പിച്ചവളും
വാക്യജ്ഞാ	നല്ല വാക്സാമൎത്ഥ്യമുള്ളവളും ആയ
കൈകേയീ	കൈകേയി,
രോഷമൂൎച്ഛിതാ	കോപാക്രാന്തയായി
പാൎത്ഥിവം	മഹാരാജാവിനെ നോക്കി,
പുനഃ	മുമ്പിലേതിലും അധികം
പരുഷം	കഠിനമായ
വാക്യം	വാക്യത്തെ
ഉവാച.	ഇപ്രകാരം പറഞ്ഞു.

കിമിദം ഭാഷസേ രാജൻ വാക്യമംഗരുജോപമം
ആനായയിതുമക്ലിഷ്ടം പുത്രം രാമമിഹാൎഹസി. 21

“രാജൻ!	“മഹാരാജാവേ!	അക്ലിഷ്ടം	എന്തൊന്നിനും ക്ലേശമില്ലാത്തവനായ
ഇദം കിം?	ഇതെന്താണ്	പുത്രം	പുത്രൻ
അംഗരുജോപമം	ദേഹത്തെ പിളക്കുന്ന മാതിരിയുള്ള	രാമം	ശ്രീരാമനെ
വാക്യം	മറുപടി	ഇഹ	ഇവിടെ
ഭാഷസേ;	അവിടുന്ന് അരുളിച്ചെയ്യുകൊണ്ടിരിക്കുന്നത്;	ആനായയിതും	വരുത്തുവാൻ [താണ്.
		അൎഹസി.	തിരുവുള്ളമുണ്ടാകേണ്ട

സ്ഥാപ്യ രാജ്യേ മമ സുതം കൃത്വാ രാമം വനേചരം
നിഃസപത്നാം ച മാം കൃത്വാ കൃതകൃത്യോ ഭവിഷ്യസി. 22

“രാമം	“ശ്രീരാമനെ	നിഃസപത്നാം	എനിക്ക് എതിരായ് ആരും തന്നെയില്ലാത്ത പ്രകാരം
വനേചരം	വനവാസി	കൃത്വാ	ആക്കിച്ചെയ്തു,
കൃത്വാ,	ആക്കിയശേഷം,	കൃതകൃത്യഃ	ധൎമ്മമാൎഗ്ഗത്തിൽ നിന്ന് ചലിക്കാതെ തന്നെ എല്ലായ്പോഴും നടന്നവനായി
ച	പിന്നെ	ഭവിഷ്യസി.”	നിന്തിരുവടി വിളങ്ങുമാറാകും.”
മമ സുതം	എന്റെ പുത്രനെ		
രാജ്യേ സ്ഥാപ്യ	രാജ്യത്തിൽ അഭിഷേകം ചെയ്തു,		
മാം	എന്നെ		

സ നുന്ന ഇവ തീക്ഷ്ണേന പ്രതോദേന ഹയോത്തമഃ
രാജാ പ്രചോദിതോഽഭീക്ഷ്ണം കൈകേയീമിദമബ്രവീത്. 23

സഃ രാജാ,	ആ രാജാവ്,	ഹയോത്തമഃ ഇവ,	ശ്രേഷ്ഠമായ കുതിര എന്ന പോലെയുള്ളവനായി,
തീക്ഷ്ണേന	വേദനയുണ്ടാക്കുന്ന	കൈകേയീം	കൈകേയിയെ നോക്കി
പ്രതോദേന	ചാട്ടകൊണ്ട് [തായ	ഇദം	ഇപ്രകാരം
നുന്നഃ	ദയയില്ലാതെ അടിക്ക	അബ്രവീത്.	അരുളിച്ചെയ്തു.
അഭീക്ഷ്ണം	കൂടെക്കൂടെ [പ്പെട്ടതും,		
പ്രചോദിതഃ	ആട്ടപ്പെട്ടതും ആയ		

ധൎമ്മബന്ധേന ബദ്ധോഽസ്മി നഷ്ടാ ച മമ ചേതനാ
ജ്യേഷ്ഠം പുത്രം പ്രിയം രാമം ദ്രഷ്ടുമിച്ഛാമി ധാൎമ്മികം. 24

“ധൎമ്മബന്ധേന	“ധൎമ്മപാശത്താൽ	ച,	ആയതുകൊണ്ട്,
ബദ്ധഃ അസ്മി;	ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നു;	ജ്യേഷ്ഠം	ഉത്തമനും
		ധാൎമ്മികം	ധൎമ്മിഷ്ഠനും
മമ ചേതനാ	എന്റെ ജീവനോടിരിക്കുക എന്ന സ്ഥിതി	പ്രിയം പുത്രം	പ്രിയപുത്രനും ആയ
		രാമം	ശ്രീരാമനെ
നഷ്ടാ;	ഇതോടുകൂടി അവസാനിച്ചു:	ദ്രഷ്ടും	നേരിൽ കാണ്മാൻ
		ഇച്ഛാമി.”	ഞാൻ ആഗ്രഹിക്കുന്നു.”

തതഃ പ്രഭാതാം രജനീമുദിതേ ച ദിവാകരേ
പുണ്യേ നക്ഷത്രയോഗേ ച മുഹൂൎത്തേ ച സമാഗതേ 25
വസിഷ്ഠോ ഗുണസമ്പന്നഃ ശിഷ്യൈഃ പരിസമാവൃതഃ
ഉപസംഗൃഹ്യ സംഭാരാൻ പ്രവിവേശ പുരോത്തമം 26
സിക്തസംമാൎജ്ജിതപഥാം പതാകോത്തമഭൂഷിതാം
വിചിത്രകുസുമാകീൎണ്ണാം നാനാസ്രഗ്ഭിൎവ്വിഭൂഷിതാം 27
സംഹൃഷ്ടമനുജോപേതാം സമൃദ്ധവിപണാപണാം
മഹോത്സവസമാകീൎണ്ണാം രാഘവാൎത്ഥേ സമുത്സുകാം 28
ചന്ദനാഗരുധൂപൈശ്ച സൎവ്വതഃ പരിധൂപിതാം
താം പുരീം സമതിക്രമ്യ പുരന്ദരപുരോപമാം 29

തതഃ	ആ സമയം
രജനീം	രാത്രികഴിഞ്ഞു്
പ്രഭാതാം,	പുലൎച്ചയായപ്പോൾ,
ദിവാകരേ ച	സൂൎയ്യഭഗവാനും
ഉദിതേ,	ഉദയമാകുമ്പോൾ,
നക്ഷത്രയോഗേ	ശുഭനക്ഷത്രത്തോടു
പുണ്യേ	ശുഭമായ [കൂടിയ
മുഹൂൎത്തേ	ലഗ്നം
സമാഗതേ ച,	സമീപിച്ചാറെ,
ഗുണസമ്പന്നഃ	വിശിഷ്ടഗുണഗണസമ്പന്നനായ
വസിഷ്ഠഃ,	വസിഷ്ഠഭഗവാൻ,
ശിഷ്യൈഃ	ശിഷ്യന്മാരാൽ
പരിസമാവൃതഃ ച,	ചൂഴപ്പെട്ടവനായും,
സംഭാരാൻ	വൈദികകൎമ്മങ്ങൾക്കു വേണ്ടതായ സാധനങ്ങളെ
ഉപസംഗൃഹ്യ,	ഒരുമിച്ചു എടുപ്പിച്ചുകൊണ്ടു്,
സിക്തസംമാൎജ്ജിതപഥാം,	തളിച്ചുമെഴുകി നന്നാക്കപ്പെട്ട വീഥികളോടുകൂടിയതും,
പതാകോത്തമഭൂഷിതാം,	വിശേഷപ്പെട്ട കൊടിക്കൂറകൾ കെട്ടപ്പെട്ടതും
വിചിത്രകുസുമാകീൎണ്ണാം,	പലപല പുഷ്പങ്ങൾ വിതറപ്പെട്ടു് നിറഞ്ഞിരിക്കുന്നതും,
നാനാസ്രഗ്ഭിഃ	പലപല പൂമാലകൊണ്ടുള്ള തോരണങ്ങളാൽ
വിഭൂഷിതാം,	അലങ്കരിക്കപ്പെട്ടതും,
സംഹൃഷ്ടമനുജോപേതാം	ഉത്സാഹത്തോടുകൂടിയ ജനങ്ങൾ തിങ്ങി നിറഞ്ഞിരിക്കുന്നതും,
സമൃദ്ധവിപണാപണാം,	വിശേഷപ്പെട്ട സാധനങ്ങൾ നിറഞ്ഞവയായ വ്യാപാരശാലകളാൽ ഉപശോഭിക്കുന്നതും,
മഹോത്സവസമാകീൎണ്ണാം,	വാദ്യഘോഷം മുതലായ ഉത്സവാഡംബരങ്ങളെക്കൊണ്ടു് നിറയപ്പെട്ടു് വിളങ്ങുന്നതും,
രാഘവാൎത്ഥേ	ശ്രീരാമനെക്കുറിച്ചു്
സൎവ്വതഃ	എങ്ങും
സമുത്സുകാം	ഭക്തിയുള്ളവരാൽ നിറയപ്പെട്ടതും,
ചന്ദനാഗരുധൂപൈഃ	ചന്ദനം, അകിൽ, മുതലായ ധൂപക്കൂട്ടുകളാൽ
പരിധൂപിതാം	ധൂപിക്കപ്പെട്ടു് നന്മണം വീശുന്നതും
പുരന്ദരപുരോപമാം ച	ഇന്ദ്രപുരിക്കു് തുല്യമായുള്ളതുമായ
താം പുരീം	ആ പട്ടണത്തിൽകൂടി
സമതിക്രമ്യ	കടന്നുചെന്നു്
പുരോത്തമം	ഉത്തമമായ അരമന
പ്രവിവേശ.	പ്രവേശിച്ചു. [യിൽ

ദദൎശാന്തഃപുരം ശ്രേഷ്ഠം നാനാദ്വിജഗണായുതം
പൌരജാനപദാകീൎണ്ണം ബ്രാഹ്മണൈരുപശോഭിതം
യജ്ഞവിദ്ഭിഃ സുസംപൂൎണ്ണം സദസ്യൈഃ പരമദ്വിജൈഃ. 30

ശ്രേഷ്ഠം	ഉത്കൃഷ്ടമായ്ശോഭിക്കുന്ന
അന്തഃപുരം	പട്ടാഭിഷേകമണ്ഡപസ്ഥലത്തെ
പൌരജാനപദാകീൎണ്ണം	നഗരജനങ്ങളും നാട്ടിൻപുറവാസികളും നിറഞ്ഞുവിളങ്ങുന്നതായും
നാനാദ്വിജഗണായുതം	പലപല ബ്രഹ്മക്ഷത്രവൈശ്യഗോഷ്ഠികളെക്കൊണ്ട് വിലസുന്നതായും,
ബ്രാഹ്മണൈഃ	(വൈദികകൃത്യങ്ങളെ നടത്തുവാൻ വന്നവരായ) വേദജ്ഞന്മാരായ ബ്രാഹ്മണരാലും

സദസ്യൈഃ	സദസ്സിൽ പ്രവേശിക്കുന്നതിന്ന് സ്വാതന്ത്ര്യമുള്ളവരായ
പരമദ്വിജൈഃ	ബ്രാഹ്മണോത്തമന്മാരാലും
സുസംപൂൎണ്ണം,	നല്ലപോലെ നിറയപ്പെട്ടതായും,
യജ്ഞവിദ്ഭിഃ	ദീക്ഷിതരായ യോഗ്യന്മാരോടുംകൂടി
ഉപശോഭിതം	വിളങ്ങുന്നതായും
ദദൎശ.	കണ്ടു.

തദന്തഃപുരമാസാദ്യ വ്യതിചക്രാമ തം ജനം
വസിഷ്ഠഃ പരമപ്രീതഃ പരമൎഷിൎവിവേശ ച. 31

പരമപ്രീതഃ	അത്യന്തം സന്തുഷ്ടിപ്പൂണ്ടിരുന്നവനും
പരമൎഷിഃ ച	മുനിശ്രേഷ്ഠനുമായ
വസിഷ്ഠഃ,	വസിഷ്ഠഭഗവാൻ
തം	ആ
ജനം	ജനസമൂഹത്തെ

ആസാദ്യ	പ്രാപിച്ച്
വ്യതിചക്രാമ;	ഉള്ളിൽ പ്രവേശിച്ചു;
തത്	ആ
അന്തഃപുരം	അഭിഷേകമണ്ഡപസ്ഥലത്തിൽ
വിവേശ.	എത്തി.

സ ത്വപശ്യദ്വിനിഷ്ക്രാന്തം സുമന്ത്രം നാമ സാരഥിം
ദ്വാരേ മനുജസിംഹസ്യ സചിവം പ്രിയദൎശനം. 32

സഃ	അദ്ദേഹം
തു	ആ സമയം
ദ്വാരേ	എതിരിൽ, (പോയ്ക്കൊണ്ടിരുന്ന വഴിയിൽ)
വിനിഷ്ക്രാന്തം	പുറത്തേക്കുവന്നുകൊണ്ടിരുന്നവനും,
മനുജസിംഹസ്യ	മഹാരാജാവിന്ന്

പ്രിയദൎശനം	നന്മയെമാത്രം ചെയ്യുന്നവനായ
സചിവം	മന്ത്രിയും
സാരഥിം	സാരഥിയുമായ
സുമന്ത്രം നാമ	സുമന്ത്രനെന്ന അദ്ദേഹത്തെ
അപശ്യത്.	കണ്ടു.

തമുവാച മഹാതേജാഃ സൂതപുത്രോ വിശാരദം
വസിഷ്ഠഃ ക്ഷിപ്രമാചക്ഷ്വ നൃപതേൎമ്മാമിഹാഗതം 33
ഇമേ ഗംഗോദകഘടാഃ സമുദ്രേഭ്യശ്ച കാഞ്ചനാഃ
ഔദുംബരം ഭദ്രപീഠമഭിഷേകാൎത്ഥമാഹൃതം 34
സൎവ്വബീജാനി ഗന്ധാശ്ച രത്നാനി വിവിധാനി ച
ക്ഷൌദ്രം ദധി ഘൃതം ലാജാ ദൎഭാഃ സുമനസഃ പയഃ 35
അഷ്ടൌ ച കന്യാ രുചിരാ മത്തശ്ച വരവാരണഃ
ചതുരശ്വോ രഥഃ ശ്രീമാൻ നിസ്ത്രിംശോ ധനുരുത്തമം 36
വാഹനം നരസംയുക്തം ഛത്രം ച ശശിസന്നിഭം
ശ്വേതേ ച വാലവ്യജനേ ഭൃംഗാരശ്ച ഹിരണ്മയഃ 37
ഹേമദാമപിനദ്ധശ്ച കകുദ്മാൻ പാണ്ഡുരോ വൃഷഃ
കേസരീ ച ചതുൎദ്ദംഷ്ട്രോ ഹരിശ്രേഷ്ഠോ മഹാബലഃ 38
സിംഹാസനം വ്യാഘ്രതനുഃ സമിദ്ധശ്ച ഹുതാശനഃ
സൎവ്വവാദിത്രസംഘാശ്ച വേശ്യാശ്ചാലംകൃതാഃ സ്ത്രിയഃ 39
ആചാൎയ്യാ ബ്രാഹ്മണാ ഗാവഃ പുണ്യാശ്ച മൃഗപക്ഷിണഃ
പൌരജാനപദശ്രേഷ്ഠാ നൈഗമാശ്ച ഗണൈഃ സഹ 40
ഏതേ ചാന്യേ ച ബഹവഃ പ്രീയമാണാഃ പ്രിയംവദാഃ
അഭിഷേകായ രാമസ്യ സഹ തിഷ്ഠന്തി പാൎത്ഥിവൈഃ. 41

മഹാതേജാഃ	മഹാതേജസ്വിയായ
വസിഷ്ഠഃ,	വസിഷ്ഠമഹൎഷി,
വിശാരദം	ലോകപ്രസിദ്ധനും
സൂതപുത്രം	നൃപസാരഥിയായിരുന്നവന്റെ പുത്രനുമായ
തം	അദ്ദേഹത്തോടായി
ഉവാച :—	ഇപ്രകാരം ആജ്ഞാപിച്ചു:—
" ഔദുംബരം	" അത്തികൊണ്ടുണ്ടാക്കിയതായ
ഭദ്രപീഠം	ശുഭാസനവും
കാഞ്ചനാഃ	സ്വൎണ്ണനിൎമ്മിതങ്ങളായവയും
സമുദ്രേഭ്യഃ ച	സമുദ്രങ്ങളിൽനിന്നും
ഗംഗോദകഘടാഃ,	ഗംഗാജലം മുതലായ പുണ്യതീൎത്ഥങ്ങൾ നിറച്ചിട്ടുള്ളതായ കുടങ്ങളും,
സൎവ്വബീജാനി,	എല്ലാ നവധാന്യങ്ങളും,
ഗന്ധാഃ ച,	വാസനദ്രവ്യങ്ങളും,

വിവിധാനി	പലവകയായ
രത്നാനി ച,	രത്നങ്ങളും,
ക്ഷൌദ്രം,	തേനും,
ദധി,	തയിരും,
ഘൃതം,	നെയ്യും,
ലാജാഃ,	പൊരികളും,
ദൎഭാഃ,	ദൎഭകളും,
സുമനസഃ,	പുഷ്പങ്ങളും,
പയഃ,	പാലും,
രുചിരാഃ	സുന്ദരിമാരായ
അഷ്ടൌ	എട്ടു
കന്യാഃ ച,	കന്യകകളും,
ശ്രീമാൻ	പട്ടാഭിഷേകത്തിനു ശേഷം നഗരപ്രവേശസമയത്തിൽ ആരോഹണം ചെയ്യാനുള്ള
മത്തഃ	അത്യുത്സാഹത്തോടു കൂടിയ
വരവാരണഃ ച,	സൎവ്വലക്ഷണസമ്പന്നമായ ഗജവും,

ചതുരശ്വഃ	നാലുകുതിരകൾ പൂട്ടി
രഥഃ,	രഥവും, [ക്കെട്ടിയ
നിസ്ത്രിംശഃ,	ഖഡ്ഗവും,
ഉത്തമം	ഉത്തമമായ
ധനുഃ,	കോദണ്ഡവും,
നരസംയുക്തം	ആളുകൾ വഹിച്ചു കൊണ്ടുപോകുന്നതായ
വാഹനം,	പല്ലക്കും,
ശശിസന്നിഭം	ചന്ദ്രസമാനമായ
ഛത്രം ച,	വെൺകൊററക്കുടയും,
ശ്വേതേ	വെളുവെളുത്ത
വാലവ്യജനേ ച,	രണ്ടു ചാമരങ്ങളും,
ഹിരണ്മയഃ	സ്വർണ്ണമയമായ
ഭൃംഗാരഃ ച,	അർഘ്യപാത്രവും (കിണ്ടിയും)
ഹേമദാമപിനദ്ധഃ	സ്വർണ്ണമാലകളാലലങ്കരിക്കപ്പെട്ടതും
കകുദ്മാൻ	വലുതായ പൂഞ്ഞയുള്ളതും
പാണ്ഡുരഃ,	വെളുവെളുത്തതും ആയ
വൃഷഃ ച,	വൃഷഭവും,
മഹാബലഃ	വളരെ ശക്തിയുള്ളതും
ചതുർദ്ദംഷ്ട്രഃ	നാലുതേററകളുള്ളതും
കേസരീ ച	സിംഹവും [ആയ
ഹരിശ്രേഷ്ഠഃ,	നഗരപ്രവേശസമയത്തിൽ മുമ്പിൽ എഴുന്നെള്ളിപ്പാനുള്ള മനോഹരമായ തുരഗ
വ്യാഘ്രതനുഃ,	പുലിത്തോലും, [വും,
സിംഹാസനം,	സിംഹാസനവും
മൃഗപക്ഷിണഃ ച,	മാനും പക്ഷികളും,
പുണ്യാഃ	ശോഭനങ്ങളായ
ഗാവഃ,	പശുക്കളും,
സർവ്വവാദിത്രസംഘാഃ ച,	സർവ്വവിധ മംഗളവാദ്യങ്ങളും,

ച,	ഇവയെല്ലാം,
അഭിഷേകാർത്ഥം	പട്ടാഭിഷേകത്തിന്നു വേണ്ടി
ആഹൃതം,	തയ്യാറാക്കപ്പെട്ടിരിക്കുന്നുവെന്നും,
അലംകൃതാഃ	മനോഹരകളായ
വേശ്യാഃ സ്ത്രിയഃ ച	വാരസ്ത്രീകളും
ആചാര്യാഃ	ആചാര്യന്മാരും,
ഇമേ ബ്രാഹ്മണാഃ	ഈ ബ്രാഹ്മണരും,
നൈഗമാഃ,	വർത്തകന്മാരും,
പൌരജാനപദശ്രേഷ്ഠാഃ,	നഗരപ്രമാണികളും ദേശപ്രമാണികളും,
പ്രീയമാണാഃ	പ്രീതിയോടുകൂടിയവരായി
പ്രിയംവദാഃ	യോഗ്യതയെ പുക
ഏതേ ച,	ഇവരും, [ഴ്ത്തുന്നവരായ
ഗണൈഃ സഹ	പരിജനങ്ങളോടുകൂടിയവരും
പാർത്ഥിവൈഃ സഹ	രാജാക്കന്മാരോടുകൂടിയവരും ആയ
അന്യേ	മററു്
ബഹവഃ,	പലരും,
രാമസ്യ	ശ്രീരാമന്റെ
അഭിഷേകായ	പട്ടാഭിഷേകത്തിന്നായി
തിഷ്ഠന്തി;	കാത്തുകൊണ്ടിരിക്കുന്നു;
ഇഹ	ഇവിടെ
മാം ആഗതം,	ഞാൻ വന്നിരിക്കുന്ന വിവരത്തെയും,
ഹുതാശനഃ	ഹോമാഗ്നി
സമിദ്ധഃ ച	ഉജ്ജ്വലിപ്പിച്ചു തെയ്യാറാക്കപ്പെട്ടതിനെയും
നൃപതേഃ	മഹാരാജാവിനോടു്
ക്ഷിപ്രം	കാലതാമസമില്ലാതെ
ആചക്ഷ്വ.	അറിയിക്കുക.

["36-ാംശ്ലോകം മൂന്നാം പാദത്തിലെ രണ്ടാമത്തെ അക്ഷരമാകുന്നു ഗായത്രിയുടെ നാലാമത്തെ അക്ഷരമായി വിന്യസിക്കപ്പെട്ടിരിക്കുന്നതു്, എന്നു് ഗോവിന്ദരാജവ്യാഖ്യാനം.]

ത്വരയസ്വ മഹാരാജം യഥാ സമുദിതേऽഹനി
പുണ്യേ നക്ഷത്രയോഗേ ച രാമോ രാജ്യമവാപ്നുയാത്. 42

"സമുദിതേ	"നോക്കിതീൎച്ചയാക്കിയിരിക്കുന്നതായ
നക്ഷത്രയോഗേ	ശുഭനക്ഷത്രത്തോടുകൂടിയ
പുണ്യേ അഹനി,	ശുഭമുഹൂൎത്തത്തിൽ,
രാമഃ	ശ്രീരാമൻ
രാജ്യം	രാജ്യത്തെ
അവാപ്നുയാത്,	പ്രാപിക്കേണം
യഥാ ച	എന്നുള്ളതിനാൽ
മഹാരാജം	മഹാരാജാവിനെ
ത്വരയസ്വ.	വേഗത്തിൽ പുറപ്പെടുവിക്കുക."

ഇതി തസ്യ വചഃ ശ്രുത്വാ സൂതപുത്രോ മഹാത്മനഃ
സ്തുവന്നൃപതിശാൎദ്ദൂലം പ്രവിവേശ നിവേശനം. 43

തസ്യ മഹാത്മനഃ	ആ മഹാത്മാവായ വസിഷ്ഠമഹൎഷിയുടെ
ഇതി	മേൽപ്രകാരമുള്ള
വചഃ	ആജ്ഞ
ശ്രുത്വാ,	കേട്ട്,
സൂതപുത്രഃ	സുമന്ത്രൻ
നൃപതിശാൎദ്ദൂലം	നൃപതിശ്രേഷ്ഠനെ
സ്തുവൻ	പുകഴ്ത്തിക്കൊണ്ട്
നിവേശനം	അരമനയിൽ
പ്രവിവേശ.	പ്രവേശിച്ചു.

തം തു പൂൎവ്വോദിതം വൃദ്ധം ദ്വാരസ്ഥാ രാജസമ്മതം
ന ശേകുരഭിസംരോദ്ധും രാജ്ഞഃ പ്രിയചികീൎഷവഃ. 44

രാജ്ഞഃ	മഹാരാജാവിന്റെ
പ്രിയ-ചികീൎഷവഃ	കല്പനപ്രകാരം നടക്കുന്നവരായ
ദ്വാരസ്ഥാഃ,	ദ്വാരപാലകന്മാർ,
വൃദ്ധം	യോഗ്യനും
രാജസമ്മതം	മഹാരാജാവിന്റെ സ്നേഹപാത്രവും
പൂൎവ്വോദിതം	മുൻകൂട്ടി സമ്മതം ചോദിക്കാതെതന്നെ അകത്തു പ്രവേശിപ്പാൻ അനുമതിയുണ്ടായിരുന്നവനും ആയ
തം	അദ്ദേഹത്തെ,
തു	ആ സമയം,
അഭിസംരോദ്ധും	തടയുവാൻ
ശേകുഃ ന.	അധികാരമില്ലാത്തവരായ് വൎത്തിച്ചു.

സ സമീപസ്ഥിതോ രാജ്ഞസ്താമവസ്ഥാമജജ്ഞിവാൻ
വാഗ്ഭിഃ പരമതുഷ്ടാഭിരഭിഷ്ടോതും പ്രചക്രമേ. 45

രാജ്ഞഃ	രാജാവിന്റെ
താം	ആ
അവസ്ഥാം	ദയനീയസ്ഥിതിയെ
അജജ്ഞിവാൻ	അറിയാതിരുന്നവനായ
സഃ	അദ്ദേഹം,
സമീപസ്ഥിതഃ,	അടുത്തുനിന്നുകൊണ്ട്
പരമതുഷ്ടാഭിഃ	ശ്രോത്രാനന്ദകരങ്ങളായ
വാഗ്ഭിഃ,	പതിവുള്ള സ്തുതിവാക്യങ്ങളെക്കൊണ്ട്,
അഭിഷ്ടോതും	സ്തോത്രം ചെയ്യാൻ
പ്രചക്രമേ.	സമയം കാത്തുനിന്നു.

തതഃ സൂതോ യഥാകാലം പാൎത്ഥിവസ്യ നിവേശനേ
സുമന്ത്രഃ പ്രാഞ്ജലിർഭൂത്വാ തുഷ്ടാവ ജഗതീപതിം. 46

തതഃ	അപ്പോൾ	പ്രാഞ്ജലിഃ ഭൂത്വാ,	കൈകൾ കൂപ്പിക്കൊണ്ട്,
സൂതഃ	സാരഥിയായ	യഥാകാലം	തക്കസമയത്തിൽ
സുമന്ത്രഃ,	സുമന്ത്രൻ,	ജഗതീപതിം	മഹാരാജാവിനെ
പാൎത്ഥിവസ്യ	മഹാരാജാവിന്റെ	തുഷ്ടാവ.	ഇപ്രകാരം സ്തോത്രം ചെയ്തു.
നിവേശനേ,	സന്നിധാനത്തിൽ,		

യഥാ നന്ദതി തേജസ്വീ സാഗരോ ഭാസ്കരോദയേ
പ്രീതഃ പ്രീതേന മനസാ തഥാഽഽനന്ദഘനഃ സ്വതഃ. 47

"തേജസ്വീ	"തേജസ്വിയായ	പ്രീതേന	സംതൃപ്തിപൂണ്ട
സാഗരഃ	സമുദ്രം	മനസാ	മനസ്സോടുകൂടി
ഭാസ്കരോദയേ	പൂൎണ്ണചന്ദ്രൻ ഉദയമാകുമ്പോൾ	സ്വതഃ	സ്വയം
യഥാ	എപ്രകാരം	പ്രീതഃ	സന്തുഷ്ടനായി
നന്ദതി,	വൎദ്ധിച്ച് ആനന്ദിക്കുന്നുവോ,	ആനന്ദഘനഃ.	(നിന്തിരുവടി) ആനന്ദപരിപൂൎണ്ണനായി വിലസുന്നു.
തഥാ,	അപ്രകാരം,		

ഇന്ദ്രമസ്യാം തു വേലായാമഭിതുഷ്ടാവ മാതലിഃ
സോഽജയദ്ദാനവാൻ സൎവ്വാംസ്തഥാ ത്വാം ബോധയാമ്യഹം. 48

"അസ്യാം	"ഈ	സൎവ്വാൻ	എല്ലാവരെയും
വേലായാം തു	സമയത്തിൽതന്നെ	അജയത്;	ജയിച്ചു;
മാതലിഃ	ഇന്ദ്രസാരഥിയായ മാതലി	തഥാ	അപ്രകാരംതന്നെ
ഇന്ദ്രം	ദേവേന്ദ്രനെ	ത്വാം	നിന്തിരുവടിയെ
അഭിതുഷ്ടാവ;	സ്തോത്രം ചെയ്തു;	അഹം	അടിയൻ
സഃ	അദ്ദേഹം	ബോധയാമി.	സ്തോത്രംചെയ്തു പള്ളിക്കുറുപ്പുണൎത്തുന്നു.
ദാനവാൻ	അസുരന്മാർ		

വേദാഃ സഹാംഗവിദ്യാശ്ച യഥാ ഹ്യാത്മഭുവം പ്രഭും
ബ്രഹ്മാണം ബോധയന്ത്യദ്യ തഥാ ത്വാം ബോധയാമ്യഹം. 49

"സഹാംഗ-വിദ്യാഃ	"വേദാംഗങ്ങളുടങ്ങിയതായ	ബോധയന്തി;	പള്ളിയുണൎത്തുന്നു;
വേദാഃ	വേദങ്ങൾ	യഥാ തഥാ ഹി	അപ്രകാരംതന്നെ
ആത്മഭുവം	സ്വയംഭുവും	അദ്യ	ഇപ്പോൾ
പ്രഭും ച	പ്രഭുവും ആയ	ത്വാം	നിന്തിരുവടിയെ
ബ്രഹ്മാണം	ബ്രഹ്മദേവനെ	അഹം ബോധയാമി.	ഞാൻ സ്തോത്രം ചെയ്തു ഉണൎത്തുന്നു.

ആദിത്യഃ സഹ ചന്ദ്രേണ യഥാ ഭൂതധരാം ശുഭാം
ബോധയത്യദ്യ പൃഥിവീം തഥാ ത്വാം ബോധയാമ്യഹം. 50

"ചന്ദ്രേണ സഹ	"ചന്ദ്രനോടുംകൂടി	ബോധയതി;	ഉണൎത്തുന്നു;
ആദിത്യഃ	ആദിത്യൻ	യഥാ തഥാ	അപ്രകാരംതന്നെ
ഭൂതധരാം	പ്രാണിജാലം നിറ	ത്വാം	നിന്തിരുവടിയെ
ശുഭാം	ശുഭമായ [ഞ്ഞതായ	അഹം	അടിയൻ
പൃഥിവീം	ഭൂമിയെ	ബോധയാമി.	പള്ളിയുറക്കുണരുവാൻ
അദ്യ	ഇപ്പോൾ		പ്രാൎത്ഥിക്കുന്നു.

ഉത്തിഷ്ഠാശു മഹാരാജ കൃതകൌതുകമംഗളഃ
വിരാജമാനോ വപുഷാ മേരോരിവ ദിവാകരഃ. 51

"മഹാരാജ!	"മഹാരാജാവേ!	വപുഷാ	ദേഹകാന്തിയാൽ
ആശു	വിരവോടെ	മേരോഃ	മേരുപൎവ്വതത്തിലുള്ള
ഉത്തിഷ്ഠ;	ഉണൎന്നാലും;	ദിവാകരഃ	ആദിത്യൻ
കൃതകൌതുക-മംഗളഃ,	മഹോത്സവത്തിന്നായി തക്ക വസ്ത്രാലങ്കാരാദിയണിഞ്ഞവനായി,	ഇവ	എന്നപോലെ
		വിരാജമാനഃ.	തേജസ്സാൎന്ന് വിലസിയാലും.

സോമസൂൎയ്യൌ ച കാകുത്സ്ഥ ശിവവൈശ്രവണാവപി
വരുണശ്ചാഗ്നിരിന്ദ്രശ്ച വിജയം പ്രദിശന്തു തേ. 52

കാകുത്സ്ഥ!	"ഹേ കാകുത്സ്ഥ!	അഗ്നിഃ	അഗ്നിഭഗവാനും
സോമസൂൎയ്യൌ ച	ചന്ദ്രസൂൎയ്യന്മാരും	ഇന്ദ്രഃ ച	ദേവേന്ദ്രനും
ശിവവൈശ്രവണൌ അപി	പരമശിവനും കുബേരനും,	തേ	നിന്തിരുവടിക്ക്
		വിജയം	വിജയം
വരുണഃ ച	വരുണഭഗവാനും	പ്രദിശന്തു.	നൽകുമാറാകട്ടെ.

ഗതാ ഭഗവതീ രാത്രിരഹഃ ശിവമുപസ്ഥിതം
പ്രതിബുദ്ധ്യസ്വ രാജൎഷേ കുരു കാൎയ്യമനന്തരം. 53

"രാത്രിഃ	"രാത്രി	രാജൎഷേ!	രാജൎഷിവൎയ്യ!
ഭഗവതീ	ഭാഗ്യത്തോടുകൂടിയതാ[യി	പ്രതിബുദ്ധ്യസ്വ	പള്ളിയുണരുക;
ഗതാ;	കഴിഞ്ഞു;	അനന്തരം	മേൽചെയ്യേണ്ടതായ
ശിവം അഹഃ	ശുഭമുഹൂൎത്തദിവസം	കാൎയ്യം	കൃത്യത്തെ
ഉപസ്ഥിതം;	ഉദിച്ചുകഴിഞ്ഞു;	കുരു.	ചെയ്താലും.

ഉപതിഷ്ഠതി രാമസ്യ സമഗ്രമഭിഷേചനം
പൌരജാനപദൈശ്ചാപി നൈഗമൈശ്ച കൃതാത്മഭിഃ. 54

"പൌരജാന-പദൈഃ ച	"നഗരജനങ്ങളോടും നാട്ടുകാരോടും	രാമസ്യ	ശ്രീരാമദേവന്റെ
		അഭിഷേചനം	പട്ടാഭിഷേകത്തിന്ന്
കൃതാത്മഭിഃ	പുണ്യാത്മാക്കളായ	സമഗ്രം അപി	സൎവ്വവും [വേണ്ടതായ
നൈഗമൈഃ ച,	വേദജ്ഞന്മാരോടുംകൂടി	ഉപതിഷ്ഠതി.	തയ്യാറായിരിക്കുന്നു.

അയം വസിഷ്ഠോ ഭഗവാൻ ബ്രാഹ്മണൈഃ സഹ തിഷ്ഠതി
ക്ഷിപ്രമാജ്ഞാപ്യതാം രാജൻ രാഘവസ്യാഭിഷേചനം. 55

"വസിഷ്ഠഃ ഭഗവാൻ	"വസിഷ്ഠഭഗവാൻ	രാജൻ!	മഹാരാജാവേ!
		രാഘവസ്യ	ശ്രീരാമന്റെ
ബ്രാഹ്മണൈഃ സഹ	ബ്രാഹ്മണരോടുകൂടി	അഭിഷേചനം	പട്ടാഭിഷേകം
അയം	ഇതാ	ക്ഷിപ്രം	ഇപ്പോൾതന്നെ
തിഷ്ഠതി;	എഴുന്നള്ളിയിരിക്കുന്നു;	ആജ്ഞാപ്യതാം.	ആജ്ഞാപിക്കപ്പെടട്ടെ.

യഥാ ഹ്യപാലാഃ പശവോ യഥാ സേനാ ഹ്യനായകാ
യഥാ ചന്ദ്രം വിനാ രാത്രിര്യഥാ ഗാവോ വിനാ വൃഷം 56
ഏവം ഹി ഭവതാ രാഷ്ട്രം യത്ര രാജാ ന ദൃശ്യതേ. 57

"രാജാ ഹി	"രാജാവൊരുവൻ	സേനാ യഥാ,	സൈന്യംപോലേയും,
ദൃശ്യതേ ന	ഇല്ലാതിരിക്കുന്നതു്	ചന്ദ്രം വിനാ	ചന്ദ്രനില്ലാത്ത
യത്ര ഏവം	എങ്ങു അപ്രകാരമുള്ള	രാത്രിഃ യഥാ,	രാത്രിപോലേയും,
രാഷ്ട്രം ഹി,	രാജ്യമാകട്ടെ,	വൃഷം വിനാ	വൃഷമില്ലാത്ത
അപാലാഃ	ഇടയനില്ലാത്ത [ലെയും,	ഗാവഃ യഥാ	പശുക്കൾപോലെയും
പശവഃ യഥാ,	കന്നുകാലികൾപോ-	ഭവതാ,	ആയിത്തീരും,
അനായകാ	നായകനില്ലാത്ത	ഹി."	നിശ്ചയം."

ഇതി തസ്യ വചഃ ശ്രുത്വാ സാന്ത്വപൂർവ്വമിവാർത്ഥവത്
അഭ്യകീര്യത ശോകേന ഭൂയ ഏവ മഹീപതിഃ. 58

സാന്ത്വപൂർവ്വം	ശ്രോത്രാനന്ദകരവും	ശ്രുത്വാ,	ചെവിക്കൊണ്ടു്,
അർത്ഥവത് ഇവ	ജയാശംസകവുമായ	മഹീപതിഃ,	മഹാരാജാവു്,
ഇതി	മേൽപ്രകാരമുള്ള	ഭൂയഃ ഏവ	മുമ്പത്തിലും അധിക
തസ്യ	അദ്ദേഹത്തിന്റെ	ശോകേന	ദുഃഖംമൂലം [മായി
വചഃ	സ്തുതിവാക്യത്തെ	അഭ്യകീര്യത.	ചിതറി.

[മുമ്പിലത്തെ ശ്ലോകത്തിൽ "ഭവതാ" എന്നതിന്നു 'നിന്തിരുവടിയാൽ' എന്നർത്ഥംകൊണ്ടു്, അയോദ്ധ്യാരാജ്യത്തിന്റെ വരുവാൻപോകുന്ന അരാജകസ്ഥിതിയെ, അവിചാരിതമാണെങ്കിലും, സൂചിപ്പിക്കുന്നതുകൊണ്ടു്, "അർത്ഥവത് ഇവ" (പരമാർത്ഥമായ) എന്നു കവി പ്രയോഗിച്ചിരിക്കുന്നു.]

തതഃ സ രാജാ തം സൂതം സന്നഹർഷഃ സുതം പ്രതി
ശോകരക്തേക്ഷണഃ ശ്രീമാനുദ്വീക്ഷ്യോവാച ധാർമ്മികഃ. 59

ധാർമ്മികഃ	ധർമ്മിഷ്ഠനെന്നു	സന്നഹർഷഃ,	ജീവിതേച്ഛയെ ത്യജിച്ചവനായി
ശ്രീമാൻ	ത്രിലോകപ്രസിദ്ധനായ		
സഃ രാജാ,	ആ രാജാവു്,	തം	ആ
സുതം പ്രതി	പുത്രനെക്കുറിച്ചു്	സൂതം	സാരഥിയോടായി
ഉദ്വീക്ഷ്യ,	മനസ്സിൽ ഓർത്തു്	തതഃ	ആ സമയം
ശോകരക്തേക്ഷണഃ	ശോകത്താൽ ചുകന്ന നേത്രങ്ങളോടുകൂടിയവനായി	ഉവാച.	ഇപ്രകാരം ഒരുവാക്ക മാത്രം അരുളിച്ചെയ്തു.

വാക്യൈസ്തു ഖലു മർമ്മാണി മമ ഭൂയോ നികൃന്തസി. 60

"തു	"ഇപ്പോഴാകട്ടെ	വാക്യൈഃ ഖലു	സൂക്തികളാൽ
മമ	എന്റെ	ഭൂയഃ	എത്രയൊ അധികമായി
മർമ്മാണി	മർമ്മങ്ങളെയെല്ലാം	നികൃന്തസി.	അങ്ങ് പിളക്കുകയാണ് ചെയ്യുന്നത്.

സുമന്ത്രഃ കരുണം ശ്രുത്വാ ദൃഷ്ട്വാ ദീനം ച പാർത്ഥിവം
പ്രഗൃഹീതാഞ്ജലിഃ കിഞ്ചിത് തസ്മാദ്ദേശാദപാക്രമത്. 61

സുമന്ത്രഃ	സുമന്ത്രർ	ദൃഷ്ട്വാ	കണ്ട്,
കരുണം	ദുഃഖകരമായ ആ വാക്ക	പ്രഗൃഹീതാഞ്ജലിഃ	തൊഴുകൈവിട്ട്,
ശ്രുത്വാ,	കേട്ട്,	തസ്മാത്	ആ
ച	പിന്നെ	ദേശാത്	സ്ഥലത്തുനിന്നും
പാർത്ഥിവം	മഹാരാജാവിനെ[തായും	കിഞ്ചിത്	അല്പം
ദീനം	വ്യാകുലനായിരിക്കുന്ന-	അപാക്രമത്.	ഒതുങ്ങിനിന്നു.

യദാ വക്തും സ്വയം ദൈന്യാന്ന ശശാക മഹീപതിഃ
തദാ സുമന്ത്രം മന്ത്രജ്ഞാ കൈകേയീ പ്രത്യുവാച ഹ. 62

മഹീപതിഃ,	മഹാരാജാവ്,	മന്ത്രജ്ഞാ	മനോഭാവത്തെ അറിഞ്ഞവളായ
ദൈന്യാത്	ദുഃഖാധിക്യത്താൽ	കൈകേയീ,	കൈകേയി,
സ്വയം	തന്നത്താൻ	യദാ	അക്കാരണത്താൽ
വക്തും	ഒന്നും പറവാൻ	തദാ	ആ സമയം
ശശാക ന;	ശക്തനായില്ല;	സുമന്ത്രം പ്രതി	സുമന്ത്രരോടായി
ഹ!	എന്തൊരു കഷ്ടം!	ഉവാച.	ഇപ്രകാരം ആജ്ഞാപിച്ചു.

സുമന്ത്ര രാജാ രജനീം രാമഹർഷസമുത്സുകഃ
പ്രജാഗരപരിശ്രാന്തോ നിദ്രായാ വശമേയിവാൻ. 63

"സുമന്ത്ര!	"സുമന്ത്രരേ!	പ്രജാഗര- പരിശ്രാന്തഃ	ഉറക്കമൊട്ടുമില്ലാതെ ക്ഷീണിച്ചവനായി
രാജാ	മഹാരാജാവ്		
രജനീം,	രാത്രിമുഴുവനും,	നിദ്രായാഃ	ആലസ്യത്തിന്ന്
രാമഹർഷ- സമുത്സുകഃ	ശ്രീരാമനിലുള്ള സ്നേഹത്താൽചിന്താകുലനായി	വശം ഏയിവാൻ.	വശപ്പെട്ട് ബോധഹീനതപൂണ്ടിരിക്കുന്നു.

തദ്ഗച്ഛ ത്വരിതം സൂത രാജപുത്രം യശസ്വിനം
രാമമാനയ ഭദ്രം തേ നാത്ര കാര്യാ വിചാരണാ. 64

"സൂത!	"സൂത!	ആനയ;	കൂട്ടിക്കൊണ്ടുവരിക;
തത്	ആകയാൽ	അത്ര	ഇക്കാര്യത്തിൽ
യശസ്വിനം	കീർത്തിശാലിയും	വിചാരണാ	ഒന്നും ആലോചന
രാജപുത്രം	രാജകുമാരനുമായ	കാര്യാ ന;	ചെയ്യേണ്ടതില്ല;
രാമം	ശ്രീരാമനെ	തേ ഭദ്രം	അങ്ങേക്കു നല്ലതുവരട്ടെ;
ത്വരിതം	ഉടനെ	ഗച്ഛ."	പോയ്‌വരിക."

സ മന്യമാനഃ കല്യാണം ഹൃദയേന നനന്ദ ച
നിൎജ്ജഗാമ ച സംപ്രീത്യാ ത്വരിതോ രാജശാസനാത്. 65

സഃ	അദ്ദേഹം
രാജശാസനാത് ച	രാജകല്പനതന്നെയെന്നുള്ള വിചാരത്താലും
കല്യാണം ച	നല്ലകാൎയ്യംതന്നെയെ
മന്യമാനഃ,	വിചാരിച്ചിട്ടും,
നനന്ദ;	സന്തോഷിച്ചു;
ഹൃദയേന	അക്കാരണമായി
സംപ്രീത്യാ	പരിപൂൎണ്ണഭക്തിയോടുകൂടിയവനായി
ത്വരിതഃ	താമസിയാതെ
നിൎജ്ജഗാമ.	അവിടെനിന്നും പുറപ്പെട്ടു.

സുമന്ത്രശ്ചിന്തയാമാസ ത്വരിതം ചോദിതസ്തയാ
വ്യക്തം രാമാഭിഷേകാൎത്ഥമിഹായാസ്യതി ധൎമ്മഭാക്. 66

തയാ	ആ കൈകേയിയാൽ
ചോദിതഃ	ആജ്ഞാപിക്കപ്പെട്ടവനായ
സുമന്ത്രഃ,	സുമന്ത്രർ,
"ധൎമ്മഭാക്	"ധൎമ്മനിഷ്ഠനായ ശ്രീരാമൻ
വ്യക്തം	തീൎച്ചയാക്കപ്പെട്ടതായ
രാമാഭിഷേകാൎത്ഥം	ശ്രീരാമപട്ടാഭിഷേകത്തിന്നായി
ഇഹ	ഇവിടെ
ത്വരിതം	ഇപ്പോൾതന്നെ
ആയാസ്യതി,"	എഴുന്നെള്ളും," എന്നു
ചിന്തയാമാസ.	വിചാരിച്ചു.

ഇതി സൂതോ മതിം കൃത്വാ ഹൎഷേണ മഹതാ വൃതഃ
നിൎജ്ജഗാമ മഹാബാഹൂ രാഘവസ്യ ദിദൃക്ഷയാ. 67

മഹാബാഹുഃ	മഹാബാഹുവായ
സൂതഃ,	സാരഥി,
ഇതി	ഇപ്രകാരം
മതിം കൃത്വാ,	കരുതിയിട്ടു,
രാഘവസ്യ	ശ്രീരാഘവന്റെ
ദിദൃക്ഷയാ	സന്ദൎശനാൎത്ഥം
മഹതാ ഹൎഷേണ വൃതഃ	വൎദ്ധിച്ച ഉത്സാഹത്തോടുകൂടിയവനായി
നിൎജ്ജഗാമ.	പുറത്തു കടന്നുവന്നു.

സാഗരഹ്രദസങ്കാശാത് സുമന്ത്രോഽന്തഃപുരാച്ഛുഭാത്
നിഷ്ക്രമ്യ ജനസംബാധം ദദൎശ ദ്വാരമഗ്രതഃ. 68

സുമന്ത്രഃ	സുമന്ത്രർ
സാഗരഹ്രദസങ്കാശാത്	സമുദ്രത്തിൽ വേറിട്ടു നില്ക്കുന്ന ജലാശയം പോലെയുള്ള
ശുഭാത്	മനോഹരമായ
അന്തഃപുരാത്	അന്തഃപുരത്തിൽനിന്നും
നിഷ്ക്രമ്യ,	പുറത്തുവന്നു,
ദ്വാരം	വഴിയിൽ,
അഗ്രതഃ	അദ്ദേഹത്തിന്നുമുമ്പിൽ
ജനസംബാധം	ജനസമൂഹം ഇടതിങ്ങി നിറന്നുനില്ക്കുന്നതായി
ദദൎശ.	കണ്ടു.

തതഃ പുരസ്താത് സഹസാ വിനിഃസൃതോ
മഹീപതീൻ ദ്വാരഗതാൻ വിലോകയൻ
ദദർശ പൌരാൻ വിവിധാൻ മഹാധനാ-
നുപസ്ഥിതാൻ ദ്വാരമുപേത്യ വിഷ്ഠിതാൻ. 69

വിനിഃസൃതഃ	പുറത്തുവന്ന അദ്ദേഹം	വിലോകയൻ;	അവലോകനം ചെയ്തു;
മഹാധനാൻ	മഹാധനികന്മാരും	തതഃ	അതിൽപിന്നെ
ഉപസ്ഥിതാൻ	മഹാകീർത്തിമാന്മാരും	ഉപേത്യ	നടന്നുകൊണ്ടുതന്നെ
മഹീപതീൻ	രാജാക്കന്മാരെ ആയ	ദ്വാരം	വഴിയിൽ
പുരസ്താത്	ആദ്യം	വിഷ്ഠിതാൻ	ഭക്തിയോടുകൂടിയ
ദ്വാരഗതാൻ	അരമനമുററത്തിൽ നില്ക്കുന്നവരായി	വിവിധാൻ	പലവരായ
		പൌരാൻ	പൌരജനങ്ങളേയും
സഹസാ	മന്ദസ്മിതപൂർവ്വം	ദദർശ.	മുമ്പാകെ കണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ ചതുർദ്ദശഃ സർഗ്ഗഃ = പതിനാലാം സർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3031; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 676.

പഞ്ചദശഃ സർഗ്ഗഃ = പതിനഞ്ചാം സർഗ്ഗം.

[രാമാഹ്വാനായ സുമന്ത്രപ്രേഷണം = ശ്രീരാമനെ കൂട്ടിക്കൊണ്ടുവരുവാൻ സുമന്ത്രരെ പറഞ്ഞയക്കുന്നത്.]

തേ തു താം രജനീമുഷ്യ ബ്രാഹ്മണാ വേദപാരഗാഃ
ഉപതസ്ഥുരുപസ്ഥാനം സഹ രാജപുരോഹിതാഃ. 1

തേ	ആ	താം	ആ
വേദപാരഗാഃ	വേദപാരഗന്മാരും	രജനീം	രാത്രി
സഹ രാജപുരോഹിതാഃ	മഹാരാജാവിന്റെ കുലഗുരുവിന്റെകൂടെയുള്ള പുരോഹിതന്മാരും ആയ	ഉഷ്യ,	കഴിച്ചശേഷം,
		ഉപസ്ഥാനം	സഭാമണ്ഡപത്തിൽ
		തു	ഇതേസമയം
ബ്രാഹ്മണാഃ	ബ്രാഹ്മണർ	ഉപതസ്ഥുഃ.	വന്നുചേർന്നു.

അമാത്യാ ബലമുഖ്യാശ്ച മുഖ്യാ യേ നിഗമസ്യ ച
രാഘവസ്യാഭിഷേകാർത്ഥം പ്രീയമാണാസ്തു സംഗതാഃ. 2

അമാത്യാഃ,	മന്ത്രിമാരും	രാഘവസ്യ	ശ്രീരാഘവന്റെ
ബലമുഖ്യാഃ,	സേനാനായകന്മാരും	അഭിഷേകാർത്ഥം	പട്ടാഭിഷേകത്തിൽ
നിഗമസ്യ	നഗരത്തിലുള്ള	പ്രീയമാണാഃ	അതിയായ പ്രീതി പൂണ്ടവരായി,
മുഖ്യാഃ ച,	പ്രധാനികളും,		
യേ ച	യാതൊരുവരൊ അവരെല്ലാം	തു	ആ സമയം
		സംഗതാഃ.	വന്നുചേർന്നു.

ഉദിതേ വിമലേ സൂൎയ്യേ പുഷ്യേ ചാഭ്യാഗതേഽഹനി
ലഗ്നേ കൎക്കടകേ ജന്മ രാമസ്യ സമുപസ്ഥിതേ
അഭിഷേകായ രാമസ്യ ദ്വിജേന്ദ്രൈരുപകല്പിതം 3
കാഞ്ചനാ ജലകുംഭാശ്ച ഭദ്രപീഠം സ്വലംകൃതം
രഥശ്ച സമ്യഗാസ്തീൎണ്ണോ ഭാസ്വതാ വ്യാഘ്രചൎമ്മണാ. 4

വിമലേ	പ്രകാശമാനനായ
സൂൎയ്യേ	ആദിത്യഭഗവാൻ
ഉദിതേ	ഉദിക്കുമ്പോൾ,
ദ്വിജേന്ദ്രൈഃ	ബ്രാഹ്മണോത്തമന്മാരാൽ
രാമസ്യ അഭിഷേകായ	ശ്രീരാമപട്ടാഭിഷേകത്തിനായി
സമുപസ്ഥിതേ	നിശ്ചയിക്കപ്പെട്ടതായ
അഹനി,	ദിവസത്തിൽ
പുഷ്യേ	പൂയംനാളിൽ
രാമസ്യ	ശ്രീരാമന്റെ
ജന്മ ലഗ്നേ	തിരുവവതാരലഗ്നമായ
കൎക്കടകേ	കടകലഗ്നം
അഭ്യാഗതേ	സമീപിച്ചസമയം
കാഞ്ചനാഃ	സ്വൎണ്ണമയമായ
ജലകുംഭാഃ ച,	തീൎത്ഥകുംഭങ്ങളും,
സ്വലംകൃതം	നന്നായലങ്കരിക്കപ്പെട്ടതായ
ഭദ്രപീഠം,	മംഗളകരമായ സിംഹാസനവും,
ഭാസ്വതാ	മിന്നുന്ന
വ്യാഘ്രചൎമ്മണാ	പുലിത്തോൽകൊണ്ടു്
സമ്യക്	ഭംഗിയിൽ
ആസ്തീൎണ്ണഃ	വിരിക്കപ്പെട്ടു് വിലസുന്നതായ
രഥഃ ച	രഥവും
ഉപകല്പിതം.	തെയ്യാറാക്കപ്പെട്ടു.

ഗംഗായമുനയോഃ പുണ്യാത് സംഗമാദാഹൃതം ജലം
യാശ്ചാന്യാഃ സരിതഃ പുണ്യാ ഹ്രദാഃ കൂപാഃ സരാംസി ച. 5

ഗംഗാ-യമുനയോഃ	ഗംഗയുടെയും യമുനയുടെയും
പുണ്യാത്	പരിപാവനമായ
സംഗമാത്	സംഗമസ്ഥലത്തിൽ നിന്നും
അന്യാഃ	മററുള്ള
പുണ്യാഃ	പുണ്യങ്ങളായ്
സരിതഃ	നദികളും
ഹ്രദാഃ	കയങ്ങളും
കൂപാഃ	കിണറുകളും
സരാംസി ച	പൊയ്കകളും
യാഃ ച	എവയൊ അവകളിൽ നിന്നും,
ജലം	തീൎത്ഥം
ആഹൃതം.	കൊണ്ടുവന്നുവെക്കപ്പെട്ടിരുന്നു.

പ്രാഗ്വാഹാശ്ചോദഗ്വാഹാശ്ച തിൎയ്യഗ്വാഹാശ്ച സംഗതാഃ
താഭ്യശ്ചൈവാഹൃതം തോയം സമുദ്രേഭ്യശ്ച സൎവ്വശഃ. 6

സൎവ്വശഃ	എല്ലാ
സമുദ്രേഭ്യഃ ച	സമുദ്രങ്ങളിൽനിന്നും
സംഗതാഃ	സംഗമസ്ഥലങ്ങൾ
പ്രാഗ്വാഹാഃ ച	കിഴക്കോട്ടൊഴുകുന്ന നദികൾ,
ഉദഗ്വാഹാഃ ച	പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ,
തിൎയ്യഗ്വാഹാഃ ച	മദ്ധ്യപ്രദേശങ്ങളിൽ തെക്കോട്ടും വടക്കോട്ടും ഒഴുകുന്ന നദികൾ,
താഭ്യഃ ഏവ ച	എന്നവയിൽനിന്നു തന്നേയും
തോയം	തീൎത്ഥം
ആഹൃതം.	കൊണ്ടുവന്നുവെക്കപ്പെട്ടിരുന്നു.

സജലാഃ ക്ഷീരിഭിശ്ഛന്നാ ഘടാഃ കാഞ്ചനരാജതാഃ
പദ്മോത്പലയുതാ ഭാന്തി പൂർണ്ണാഃ പരമവാരിണാ. 7

കാഞ്ചന- രാജതാഃ	പൊന്നുകൊണ്ടും വെള്ളികൊണ്ടും ഉണ്ടാക്കിയ	പരമവാരിണാ	ഉത്തമമായ വാസനദ്രവ്യത്താൽ
ഘടാഃ	കുടങ്ങൾ	പൂർണ്ണാഃ	സുഗന്ധത്തോടുകൂടിയവയായും,
സജലാഃ,	തീർത്ഥം നിറഞ്ഞവയായും	ക്ഷീരിഭിഃ	നാല്പാമരം മുതലായവയുടെ ചില്ലകളാൽ
പദ്മോത്- പലയുതാഃ,	താമര, നീലോത്പലം എന്നവ ഇണങ്ങിയവയായും,	ഛന്നാഃ	മൂടപ്പെട്ടവയായും
		ഭാന്തി.	വിളങ്ങുന്നു.

ക്ഷൌദ്രം ദധി ഘൃതം ലാജാ ദർഭാഃ സുമനസഃ പയഃ
വേശ്യാശ്ചൈവ ശുഭാചാരാഃ സർവ്വാഭരണഭൂഷിതാഃ 8
ചന്ദ്രാംശുവികചപ്രഖ്യം കാഞ്ചനം രത്നഭൂഷിതം
സജ്ജം തിഷ്ഠതി രാമസ്യ വാലവ്യജനമുത്തമം. 9

ക്ഷൌദ്രം	തേനും	വേശ്യാഃ	ക്ഷേത്രദാസിമാരും
ദധി,	തയിരും,	ചന്ദ്രാംശു- വികചപ്രഖ്യം	ചന്ദ്രരശ്മിപോലെ വികസിച്ച് വിലസുന്നതും
ഘൃതം,	നെയ്യും,	രത്നഭൂഷിതം	നവരത്നഖചിതവും
ലാജാഃ,	പൊരികളും,	കാഞ്ചനം	സ്വർണ്ണപ്പിടിയുള്ളതുമായ
ദർഭാഃ,	ദർഭകളും,	ഉത്തമം	ഉത്തമമായ
സുമനസഃ	പുഷ്പങ്ങളും,	വാലവ്യജനം,	വെഞ്ചാമരവും
പയഃ	പാലും,	രാമസ്യ ഏവ ച	ശ്രീരാമന്നായ്ത്തന്നെ
ശുഭാചാരാഃ	ധർമ്മമാർഗ്ഗത്തിൽ നടക്കുന്നവരും,	സജ്ജം	തയ്യാറാക്കി
സർവ്വാഭരണ- ഭൂഷിതാഃ	സർവ്വാലങ്കാരഭൂഷിതകളുമായ	തിഷ്ഠതി.	വെക്കപ്പെട്ടിരിക്കുന്നു.

ചന്ദ്രമണ്ഡലസങ്കാശമാതപത്രം ച പാണ്ഡുരം
സജ്ജം ദ്യുതികരം ശ്രീമദഭിഷേകപുരസ്കൃതം. 10

അഭിഷേക- പുരസ്കൃതം	പട്ടാഭിഷേകത്തിന്നുവേണ്ടി ഉണ്ടാക്കപ്പെട്ടതും	ശ്രീമത്	മഹത്വത്തെക്കാണിക്കുന്നതും ആയ
ചന്ദ്രമണ്ഡല- സങ്കാശം	ചന്ദ്രമണ്ഡലംപോലെ	പാണ്ഡുരം ആതപത്രം ച	വെൺകൊററക്കുടയും
ദ്യുതികരം	തേജോമയമായി വിളങ്ങുന്നതും	സജ്ജം.	തയ്യാറാക്കപ്പെട്ടിരുന്നു.

പാണ്ഡുരശ്ച വൃഷഃ സജ്ജഃ പാണ്ഡുരോऽശ്വശ്ച സംസ്ഥിതഃ
പ്രസ്രുതശ്ച ഗജഃ ശ്രീമാനൌപവാഹ്യഃ പ്രതീക്ഷതേ. 11

പാണ്ഡുരഃ	വെളുത്തതായ
വൃഷഃ ച സജ്ജഃ ;	വൃഷഭവും തയ്യാറായി നിർത്തപ്പെട്ടിരുന്നു ;
പാണ്ഡുരഃ അശ്വഃ ച	വെള്ളക്കുതിരയും
സംസ്ഥിതഃ ;	തയ്യാറായി നിർത്തപ്പെട്ടിരുന്നു ;
പ്രസ്രുതഃ	ആനക്കാരന്നൊതുങ്ങിയതും
ഔപവാഹ്യഃ	കോവിലകംവകയും
ശ്രീമാൻ	ശുഭലക്ഷണങ്ങളോടുകൂടിയതും ആയ
ഗജഃ ച	ആനയും
പ്രതീക്ഷതേ.	എതിരിൽ നിന്നുകൊണ്ടിരിക്കുന്നു.

അഷ്ടൌ ച കന്യാ മാംഗല്യാഃ സർവ്വാഭരണഭൂഷിതാഃ
വാദിത്രാണി ച സർവ്വാണി വന്ദിനശ്ച തഥാഽപരേ. 12

സർവ്വാഭരണഭൂഷിതാഃ	സർവ്വാലങ്കാരഭൂഷിതകളായ
അഷ്ടൌ	എട്ട്
മാംഗല്യാഃ	സുമംഗലികളായ
കന്യാഃ ച,	സ്ത്രീകളും,
സർവ്വാണി	സകലവിധ
വാദിത്രാണി ച	വാദ്യസംഘങ്ങളും,
വന്ദിനഃ ച	സ്തുതിപാഠകന്മാരും,
അപരേ	മററുള്ളവരും
തഥാ.	അപ്രകാരംതന്നെ തയ്യാറായി നിന്നുകൊണ്ടിരുന്നു.

ഇക്ഷ്വാകൂണാം യഥാ രാജ്യേ സംഭ്രിയേതാഭിഷേചനം
തഥാജാതീയമാദായ രാജപുത്രാഭിഷേചനം 13
തേ രാജവചനാത്തത്ര സമവേതാ മഹീപതിം
അപശ്യന്തോഽബ്രുവൻ കോ നു രാജ്ഞോ നഃ പ്രതിവേദയേത്. 14
ന പശ്യാമശ്ച രാജാനമുദിതശ്ച ദിവാകരഃ
യൌവരാജ്യാഭിഷേകശ്ച സജ്ജോ രാമസ്യ ധീമതഃ. 15

ഇക്ഷ്വാകൂണാം	ഇക്ഷ്വാകുവംശരാജാക്കന്മാരുടെ
രാജ്യേ	വാഴ്ചയിൽ
അഭിഷേചനം	പട്ടാഭിഷേകത്തിന്ന്
യഥാ സംഭ്രിയേത	രാജാക്കന്മാർ ഏതെല്ലാം കൊണ്ടുവരേണ്ടതായുണ്ടോ
തഥാജാതീയം	അപ്രകാരമുള്ള എല്ലാ തിരുമുൽകാഴ്ചകളേയും
ആദായ,	എടുത്തുംകൊണ്ട്,
രാജവചനാത്,	മഹാരാജാവിന്റെ വിളംബരപ്രകാരം,
രാജപുത്രാഭിഷേചനം	രാജകുമാരന്റെ പട്ടാഭിഷേകത്തിന്നായി
തത്ര സമവേതാഃ	ആ സമയം വന്നു ചേർന്നവരായ
തേ,	അവർ,
മഹീപതിം	മഹാരാജാവിനെ
അപശ്യന്തഃ	കാണാഞ്ഞതിനാൽ
അബ്രുവൻ :—	ഇപ്രകാരം അന്യോന്യം പറഞ്ഞു:—
"രാജാനം	"മഹാരാജാവിനെ
ച	ഇനിയും
പശ്യാമഃ ന ;	കാണുമാനില്ലല്ലോ ;
ദിവാകരഃ ച	ആദിത്യനും
ഉദിതഃ ;	ഉദിച്ചു കഴിഞ്ഞു ;
ധീമതഃ	ധീമാനായ
രാമസ്യ	ശ്രീരാമന്റെ
യൌവരാജ്യാഭിഷേകഃ ച	പട്ടാഭിഷേക സമയമാകട്ടെ
സജ്ജഃ ;	സമീപിച്ചുകഴിഞ്ഞു ;
രാജ്ഞഃ	മഹാരാജാവിനോടു,
നു	ഇപ്പോൾ കാലതാമസമില്ലാതെ,
കഃ	ആരാണ്
നഃ പ്രതിവേദയേത്?"	നമുക്ക് വേണ്ടി ചെന്നറിയിക്കുക?"

ഇതി തേഷു ബ്രുവാണേഷു സാർവ്വഭൗമാൻ മഹീപതീൻ
അബ്രവീത്താനിദം വാക്യം സുമന്ത്രോ രാജസത്കൃതഃ. 16

ഇതി	ഇപ്രകാരം	സുമന്ത്രഃ,	സുമന്ത്രൻ
തേഷു	അവർ	താൻ	ആ
ബ്രുവാണേഷു,	അന്യോന്യം കഥിച്ചു കൊണ്ടിരിക്കുമ്പോൾ,	മഹീപതീൻ	രാജാക്കന്മാരേയും
രാജസത്കൃതഃ	രാജസന്നിധിയിൽ തടസ്ഥമില്ലാതെ എല്ലായ്പോഴും പോകാൻ സമ്മതമുള്ളവനായ	സാർവ്വഭൗമാൻ	രാജാധിരാജന്മാരേയും നോക്കി
		ഇദം	ഇപ്രകാരം
		വാക്യം അബ്രവീത്.	പറഞ്ഞു.

രാമം രാജ്ഞോ നിയോഗേന ത്വരയാ പ്രസ്ഥിതോഽസ്മ്യഹം
പൂജ്യാ രാജ്ഞോ ഭവന്തസ്തു രാമസ്യ ച വിശേഷതഃ 17

"അഹം	"ഞാൻ	തു	എങ്കിലും,
രാജ്ഞഃ	മഹാരാജാവിന്റെ	ഭവന്തഃ	ഭവാന്മാരെല്ലാം
നിയോഗേന	ആജ്ഞപ്രകാരം	രാമസ്യ ച	ശ്രീരാമചന്ദ്രന്റെയും,
രാമം,	ശ്രീരാമസന്നിധിയിലേക്ക്,	വിശേഷതഃ	പ്രത്യേകിച്ചും
ത്വരയാ	ബദ്ധപ്പെട്ട്	രാജ്ഞഃ	മഹാരാജാവിന്റെയും
പ്രസ്ഥിതഃ അസ്മി;	പോകയാണ്;	പൂജ്യാഃ.	ആദരവിന്നു പാത്രീഭവിച്ചവരാകുന്നു.

അയം പൃച്ഛാമി വചനാത് സുഖമായുഷ്മതാമഹം
രാജ്ഞഃ സംപ്രതിബുദ്ധസ്യ യച്ചാഗമനകാരണം. 18

"ച,	"ആയതുകൊണ്ട്,	സംപ്രതിബുദ്ധസ്യ	പള്ളിയുറക്കുണർന്നവനായ
ആയുഷ്മതാം	മഹാന്മാരായ നിന്തിരുവടികളുടെ	രാജ്ഞഃ	മഹാരാജാവ്
വചനാത്,	ആവശ്യമാകയാൽ,	ആഗമനകാരണം	എഴുന്നെള്ളാതിരിക്കുന്നതിന്നുള്ള കാരണം
സുഖം,	സന്തോഷപുരസ്സരം,	യത്	യാതൊന്നോ ആയത്
അഹം	ഞാൻ	പൃച്ഛാമി."	അറിഞ്ഞുകൊണ്ടുവരാം."
അയം,	ഇക്ഷണംതന്നെ,		

ഇത്യുക്ത്വാഽന്തഃപുരദ്വാരമാജഗാമ പുരാണവിത്
സദാഽസക്തം ച തദ്വേശ്മ സുമന്ത്രഃ പ്രവിവേശ ഹ. 19

പുരാണവിത്	വംശപൂർവ്വവൃത്താന്തങ്ങളെ നല്ലപോലെ അറിഞ്ഞവനായ	ആജഗാമ;	പ്രാപിച്ചു;
സുമന്ത്രഃ	സുമന്ത്രൻ	സദാ	എല്ലായ്പോഴും
ഇതി	ഇപ്രകാരം	അസക്തം	(തനിക്ക്) സമ്മതംകൂടാതെതന്നെ അകത്തു പ്രവേശിക്കാവുന്നതായ
ഉക്ത്വാ ച,	ഉരചെയ്തുശേഷം,	തദ്വേശ്മ ഹ	ആ അരമനയ്ക്കകത്ത്
അന്തഃപുരദ്വാരം	അന്തഃപുരദ്വാരത്തെ	പ്രവിവേശ.	പ്രവേശിച്ചു.

തുഷ്ടാവാസ്യ തദാ വംശം പ്രവിശ്യ സ വിശാംപതേഃ
ശയനീയം നരേന്ദ്രസ്യ തദാസാദ്യ വ്യതിഷ്ഠത. 20

സഃ	അദ്ദേഹം	വ്യതിഷ്ഠത ;	വെളിയിൽനിന്നു ;
തദാ	ആ സമയം	തത്,	അപ്പോൾ,
അസ്യ നരേന്ദ്രസ്യ	ഈ മഹാരാജാവിന്റെ	വിശാംപതേഃ	മഹാരാജാവിന്റെ
ശയനീയം	പള്ളിയറയെ	വംശം	വംശപരമ്പരയെ
പ്രവിശ്യ,	പ്രാപിച്ച്, [ചെന്ന്	തുഷ്ടാവ.	പറഞ്ഞ് സ്തോത്രം ചെയ്തു.
ആസാദ്യ	അതിന്റെ അടുത്തു		

[ഇതിലെ ആദ്യക്ഷരമാണ് ഗായത്രിയുടെ നാലാംഅക്ഷരം എന്ന് വിദ്യാരണ്യമതം.]

സോഽത്യാസാദ്യ തു തദ്വേശ്മ തിരസ്കരണിമന്തരാ
ആശീർഭിർഗ്ഗുണയുക്താഭിരഭിതുഷ്ടാവ രാഘവം. 21

തു	അതിൽപിന്നെ	രാഘവം	ദശരഥമഹാരാജാവിനെ,
സഃ,	അദ്ദേഹം,	ഗുണയുക്താഭിഃ	ഗുണഗണങ്ങളെ വർണ്ണിക്കുന്നവയായ
തദ്വേശ്മ	ആ പള്ളിയറയിൽ	ആശീർഭിഃ	ആശീർവ്വചനങ്ങളെകൊണ്ടു്
തിരസ്കരണിം അന്തരാ	തിരശ്ശീലയിട്ടിരുന്നതു വരെയ്ക്കും	അഭിതുഷ്ടാവ.	വീണ്ടും സ്തോത്രം ചെയ്തു.
അത്യാസാദ്യ,	മുമ്പേതിലും അധികമായി		

സോമസൂര്യൌ ച കാകുത്സ്ഥ ശിവവൈശ്രവണാവപി
വരുണശ്ചാഗ്നിരിന്ദ്രശ്ച വിജയം പ്രദിശന്തു തേ. 22

"കാകുത്സ്ഥ!	"കാകുത്സ്ഥ!	അഗ്നിഃ	അഗ്നിഭഗവാനും,
സോമസൂര്യൌ ച	ചന്ദ്രനും, സൂര്യനും,	ഇന്ദ്രഃ ച	ദേവേന്ദ്രനും
ശിവ വൈശ്രവണൌ അപി	പരമശിവനും, കുബേരനും,	തേ	നിന്തിരുവടിക്ക്
വരുണഃ ച	വരുണഭഗവാനും	വിജയം	വിജയം
		പ്രദിശന്തു !	അരുളുമാറാകട്ടെ !

യഥാ സാംഗാശ്ച വേദാ വൈ ബ്രഹ്മാണം ബോധയന്തി തേ
തഥാ ത്വാം ധീര ബോദ്ധ്യാമി ഹ്യുത്തിഷ്ഠ പുരുഷർഷഭ. 23

"സാംഗാഃ ച	"വേദാംഗങ്ങളുടങ്ങിയ	ധീര!	ഹേ പുണ്യാത്മാവേ!
തേ വേദാഃ	ആ വേദങ്ങൾ	ത്വാം	നിന്തിരുവടിയെ
ബ്രഹ്മാണം	ബ്രഹ്മദേവനെ	ബോദ്ധ്യാമി ;	ഉണർത്തുവാൻ ഞാൻ സ്തോത്രം ചെയ്യുന്നു ;
ബോധയന്തി വൈ ;	സ്തോത്രം ചെയ്ത് ഉണർത്തുന്നുവല്ലോ ;	പുരുഷർഷഭ !	പുരുഷോത്തമ !
യഥാ തഥാ ഹി	അപ്രകാരം തന്നെ	ഉത്തിഷ്ഠ !	ഉത്ഥാനം ചെയ്യാലും !

ഗതാ ഭഗവതീ രാത്രിരഹഃ ശിവമുപസ്ഥിതം
ബുദ്ധ്യസ്വ നരശാർദ്ദൂല കുരു കാര്യമനന്തരം. 24

"രാത്രിഃ	"രാത്രി	നരശാർദ്ദൂല!	ഹേ പുരുഷശ്രേഷ്ഠ!
ഭഗവതീ	ശുഭമായി	ബുദ്ധ്യസ്വ;	നിന്തിരുവടി പള്ളിയുറക്കുണർന്നാലും;
ഗതാ;	കഴിഞ്ഞു;	അനന്തരം	ഇനി ചെയ്യേണ്ടതായ
ശിവം അഹഃ	ശുഭമുഹൂർത്തദിവസം	കാര്യം	കാര്യത്തെ
ഉപസ്ഥിതം;	ഉദിച്ചുകഴിഞ്ഞു;	കുരു.	ചെയ്താലും.

ബ്രാഹ്മണാ ബലമുഖ്യാശ്ച നൈഗമാശ്ചാഗതാ നൃപാഃ
ദർശനം തേഽഭികാംക്ഷന്തേ പ്രതിബുദ്ധ്യസ്വ രാഘവ. 25

"രാഘവ!	"ഹേ രഘുകുലോത്തമ!	ആഗതാഃ,	വന്നുകൂടിയവരായി
നൃപാഃ	രാജാക്കന്മാരും	തേ ദർശനം	നിന്തിരുവടിയെ മുഖം കാണിപ്പാൻ
ബ്രാഹ്മണാഃ	ബ്രാഹ്മണരും	അഭികാംക്ഷന്തേ;	കാത്തുനില്ക്കുന്നു;
ബലമുഖ്യാഃ ച	സേനാധിപന്മാരും	പ്രതിബുദ്ധ്യസ്വ!"	നിദ്രയുണർന്നാലും!"
നൈഗമാഃ ച	പുരവാസികളും		

സംസ്തുവന്തം തദാ സൂതം സുമന്ത്രം മന്ത്രകോവിദം
പ്രതിബുദ്ധ്യ തതോ രാജാ ഇദം വചനമബ്രവീത്. 26

തദാ	ആ സമയം	തതഃ	ഇരുന്നിരുന്ന ദിക്കിൽ നിന്നുതന്നെ
രാജാ	മഹാരാജാവ്	പ്രതിബുദ്ധ്യ,	മനസ്സിലാക്കീട്ട്,
സംസ്തുവന്തം	സ്തോത്രം ചെയ്തുകൊണ്ടിരിക്കുന്നവനെ	സുമന്ത്രം	സുമന്ത്രരോടായി
മന്ത്രകോവിദം	രാജ്യനടവടികളിൽ വിദഗ്ദ്ധനായ	ഇദം	ഇപ്രകാരം
സൂതം	സാരഥിയാണെന്ന്	വചനം അബ്രവീത്.	അരുളിച്ചെയ്തു.

രാമമാനയ സൂതേതി യദസ്യഭിഹിതോ മയാ
കിമിദം കാരണം യേന മമാജ്ഞാ പ്രതിഹന്യതേ. 27

"സൂത!	"ഹേ സുമന്ത്ര!	യത്,	അപ്രകാരമിരിക്കെ,
'രാമം	'ശ്രീരാമനെ	മമ ആജ്ഞാ	എന്റെ കല്പന
ആനയ' ഇതി	ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരിക, എന്ന്	യേന	എന്തു കാരണത്താലാണ്
മയാ	എന്നാൽ	പ്രതിഹന്യതേ?	ലംഘിക്കപ്പെടുന്നത്?
അഭിഹിതഃ അസി;	അങ്ങ് ആജ്ഞാപിക്കപ്പെട്ടു;	ഇദം	ഇതിന്ന്
		കാരണം കിം?"	എന്തുദ്ദേശം?"

ന ചൈവ സംപ്രസുപ്തോഽഹമാനയേഹാശു രാഘവം
ഇതി രാജാ ദശരഥഃ സൂതം തത്രാന്വശാത് പുനഃ. 28

ദശരഥഃ രാജാ	ദശരഥമഹാരാജാവ്	സംപ്രസുപ്തഃ ഏവ ന;	ഒട്ടും ഉറങ്ങിക്കൊണ്ടിരിക്കുന്നില്ല;
തത്ര	അപ്പോൾ		
സൂതം	സുമന്ത്രരോടായി	രാഘവം	ശ്രീരാമനെ
പുനഃ ഇതി	ഒരിക്കൽകൂടി ഇപ്രകാരം	അദ്യ ച	ഇക്ഷണംതന്നെ
അനുശാത് :-	കണിശമായി ആജ്ഞാപിച്ചു :-	ഇഹ	ഇങ്ങോട്ടു
"അഹം	"ഞാൻ	ആനയ."	കൂട്ടിക്കൊണ്ടുവരിക."

സ രാജവചനം ശ്രുത്വാ ശിരസാ പ്രതിപൂജ്യ തം
നിൎജ്ജഗാമ നൃപാവാസാന്മന്യമാനഃ പ്രിയം മഹത്. 29

സഃ	അദ്ദേഹം	തം	അദ്ദേഹത്തെ
രാജവചനം	മഹാരാജാവിന്റെ കല്പനയെ	ശിരസാ	തലകുമ്പിട്ട്
ശ്രുത്വാ,	വഹിച്ചുകൊണ്ട്,	പ്രതിപൂജ്യ,	വണങ്ങിയശേഷം,
മഹത്	മഹത്തായ	നൃപാവാസാത്	രാജാവിന്റെ അരമനയിൽനിന്ന്
പ്രിയം	ക്ഷേമവൎത്തമാനമെന്ന്		
മന്യമാനഃ,	കരുതിക്കൊണ്ട്	നിൎജ്ജഗാമ.	പുറത്തുവന്നു.

പ്രപന്നോ രാജമാൎഗ്ഗം ച പതാകാധ്വജശോഭിതം
ഹൃഷ്ടഃ പ്രമുദിതഃ സൂതോ ജഗാമാശു വിലോകയൻ. 30

സൂതഃ	സാരഥിയായ സുമന്ത്രൻ	വിലോകയൻ,	നോക്കിക്കൊണ്ട്,
രാജമാൎഗ്ഗം	രാജവീഥിയെ	ഹൃഷ്ടഃ	പുളകിതശരീരനായി,
പ്രപന്നഃ ച	പ്രാപിച്ചവനായി,	പ്രമുദിതഃ	ആനന്ദംപൂണ്ടവനായി,
പതാകാധ്വജശോഭിതം	കൊടി, കൊടിക്കൂറ എന്നിവയാൽശോഭിച്ചുവിലസുന്നതായ അതിനെ	ആശു	വേഗത്തിൽ
		ജഗാമ.	നടകൊണ്ടു.

സ സൂതസ്തത്ര ശുശ്രാവ രാമാധികരണാഃ കഥാഃ
അഭിഷേചനസംയുക്താഃ സൎവ്വലോകസ്യ ഹൃഷ്ടവത്. 31

സഃ സൂതഃ,	ആ സുമന്ത്രൻ,	സൎവ്വലോകസ്യ	ജനസമൂഹത്തിന്റെ
തത്ര,	ആ സമയം,	കഥാഃ	സംഭാഷണങ്ങളെ
രാമാധികരണാഃ	ശ്രീരാമ ഗുണഗണങ്ങളെപ്പററിയവയും	ഹൃഷ്ടവത്	സന്തോഷത്തോടു കൂടി
അഭിഷേചനസംയുക്താഃ	പട്ടാഭിഷേകത്തെപ്പററിയുള്ളവയും ആയ	ശുശ്രാവ.	കേട്ടു.

തതോ ദദൎശ രുചിരം കൈലാസശിഖരപ്രഭം
രാമവേശ്മ സുമന്ത്രസ്തു ശക്രവേശ്മസമപ്രഭം. 32

സുമന്ത്രഃ	സുമന്ത്രൻ	ശക്രവേശ്മസമപ്രഭം	ദേവേന്ദ്രന്റെ രാജധാനിപോലെ വിളങ്ങുന്നതുമായ
തതഃ തു	അവിടെ നിന്നുതന്നെ		
രുചിരം	രമണീയവും		
കൈലാസശിഖരപ്രഭം	കൈലാസശിഖരം പോലെ വിലസുന്നതും	രാമവേശ്മ	ശ്രീരാമന്റെ കോവിലകത്തെ
		ദദൎശ.	കണ്ടു.

മഹാകവാടവിഹിതം വിതർദ്ദിശതശോഭിതം
കാഞ്ചനപ്രതിമൈകാഗ്ര്യം മണിവിദ്രുമതോരണം 33
ശാരദാഭ്രഘനപ്രഖ്യം ദീപ്തമേരുഗുഹോപമം
മണിഭിർവ്വരമാല്യാനാം സുമഹദ്ഭിരലംകൃതം 34
മുക്താമണിഭിരാകീർണ്ണം ചന്ദനാഗരുധൂപിതം
ഗന്ധാൻ മനോജ്ഞാൻ വിസൃജദ്ദാർദ്ദുരം ശിഖരം യഥാ 35
സാരസൈശ്ച മയൂരൈശ്ച വിനദദ്ഭിർവ്വിരാജിതം
സുകൃതേഹാമൃഗാകീർണ്ണം സുകീർണ്ണം ഭക്തിഭിസ്തഥാ 36
മനശ്ചക്ഷുശ്ച ഭൂതാനാമാദദത്തിഗ്മതേജസാ
ചന്ദ്രഭാസ്കരസങ്കാശം കുബേരഭവനോപമം 37
മഹേന്ദ്രധാമപ്രതിമം നാനാപക്ഷിസമാകുലം
മേരുശൃംഗസമം സൂതോ രാമവേശ്മ ദദർശ ഹ 38
ഉപസ്ഥിതൈഃ സമാകീർണ്ണം ജനൈരഞ്ജലികാരിഭിഃ
ഉപാദായ സമാക്രാന്തൈസ്തഥാ ജാനപദൈർജ്ജനൈഃ 39
രാമാഭിഷേകസുമുഖൈരുന്മുഖൈഃ സമലംകൃതം
മഹാമേഘസമപ്രഖ്യമുദഗ്രം സുവിഭൂഷിതം 40
നാനാരത്നസമാകീർണ്ണം കുബ്ജകൈരാതകാവൃതം. 41

സൂതഃ,	സാരഥിയായ സുമന്ത്രൻ
രാമവേശ്മ,	ശ്രീരാമന്റെ രാജധാനിയെ,
ചന്ദ്രഭാസ്കര-സങ്കാശം	ചന്ദ്രൻ, സൂര്യൻ എന്നവയ്ക്കൊത്തതായും
മേരുശൃംഗസമം	മേരുശിഖരംപോലെ
ഉദഗ്രം,	ഉന്നതമായും,
മഹാകവാട-വിഹിതം,	ഗംഭീരമായ വാതിൽപണികളോടുകൂടിയതായും
വിതർദ്ദിശത-ശോഭിതം	അനേകം മുഖപ്പുരകളോടുകൂടിയതായും,
കാഞ്ചന-പ്രതിമൈ-കാഗ്ര്യം,	സ്വർണ്ണപ്രതിമകൾകൊണ്ട് അവിടവിടെ വിലസുന്നതായും,
മണിവിദ്രുമ-തോരണം	രത്നങ്ങളെക്കൊണ്ടും പവിഴങ്ങളെക്കൊണ്ടും നിർമ്മിക്കപ്പെട്ട തോരണക്കെട്ടുകളോടുകൂടിയതായും,
ശാരദാഭ്രഘന-പ്രഖ്യം,	ശരത്കാലമേഘംപോലെ വിളങ്ങുന്നതായും
ദീപ്തമേരു-ഗുഹോപമം,	പ്രകാശമാനമായ മേരുപർവ്വതഗുഹപോലെ വിലസുന്നതായും
വരമാല്യാനാം	വിലപ്പിടിച്ച മാലകളിലുള്ളതായ
സുമഹദ്ഭിഃ	അതിമനോഹരങ്ങളായ
മണിഭിഃ	രത്നങ്ങളാൽ
അലംകൃതം,	അലങ്കരിക്കപ്പെട്ട് വിലസുന്നതായും,
മുക്താമണിഭിഃ	നന്മുത്ത്, രത്നങ്ങൾ എന്നവയാൽ
ആകീർണ്ണം,	നിറയപ്പെട്ടതായും,
ചന്ദനാഗരു-ധൂപിതം	ചന്ദനം, അകിൽ എന്നവ പുകയ്ക്കപ്പെട്ടതായ്
ദാർദ്ദുരം ശിഖരം യഥാ	(ചന്ദനവനങ്ങൾ നിറഞ്ഞതായ) ദർദ്ദുരപർവ്വതശിഖരംപോലെ

മനോജ്ഞാൻ	അതിമനോഹരമായ
ഗന്ധാൻ	സുഗന്ധവാസനകൾ
വിസൃജത്	വീശുന്നതായും,
വിനദദ്ഭിഃ	കളകൂജനംചെയ്യുന്ന
സാരസൈഃ ച	അരയന്നങ്ങളാലും
മയൂരൈഃ ച	മയിലുകളാലും
വിരാജിതം,	പരിശോഭിക്കുന്നതായും
സുകൃതേഹാ-മൃഗാകീർണ്ണം	വിചിത്രതരമായി പണിചെയ്യപ്പെട്ട മാൻപ്രതിമകളോടുകൂടിയതായും,
തഥാ	അപ്രകാരംതന്നെ
ഭക്തിഭിഃ	അണിയൽ മുതലായ അലങ്കാരങ്ങളാൽ
സുകീർണ്ണം,	നിറയപ്പെട്ട് വിലസുന്നതായും
തിഗ്മതേജസാ	തീവ്രമായശോഭകൊണ്ട്
ഭൂതാനാം	ജനങ്ങളുടെ
മനഃ	മനസ്സിനേയും
ചക്ഷുഃ ച	നേത്രത്തെയും
ആദദത്	കവരുന്നതായി
സുവിഭൂഷിതം	അതിരമണീയമായലങ്കരിക്കപ്പെട്ടതായി
കുബേര-ഭവനോപമം,	കുബേരരാജധാനിക്ക് സദൃശമായുള്ളതായും
മഹേന്ദ്രധാമ-പ്രതിമം,	മഹേന്ദ്രരാജധാനിയ്ക്കു തുല്യമായും
സമലംകൃതം,	ഭംഗിയിൽ ഉല്ലസിക്കുന്നതായും,
രാമാഭിഷേക-സുമുഖൈഃ	ശ്രീരാമപട്ടാഭിഷേകത്തെ സന്ദർശിച്ച് ആനന്ദിപ്പാൻ കൊതിപൂണ്ടവരായി
ഉന്മുഖൈഃ	ഉത്സാഹഭരിതന്മാരായി
ഉപാദായ	കാഴ്ചദ്രവ്യങ്ങളേയും എടുത്തുകൊണ്ട്
ഉപസ്ഥിതൈഃ	സന്നിഹിതരായ
ജനൈഃ	ജനങ്ങളാലും
തഥാ	അപ്രകാരംതന്നെ
സമാക്രാന്തൈഃ	വന്നിരിക്കുന്നവരും
അഞ്ജലികാരിഭിഃ	കൈകൂപ്പിനില്ക്കുന്നവരും ആയ
ജാനപദൈഃ	നാട്ടുപുറങ്ങളിലുള്ള
ജനൈഃ	ജനങ്ങളാലും
സമാകീർണ്ണം,	എങ്ങും ഇടതിങ്ങി നിറയപ്പെട്ടതായും,
നാനാപക്ഷി-സമാകുലം,	അനേകം പക്ഷികളുടെ ശബ്ദത്തോടുകൂടിയതായും,
മഹാമേഘ-സമപ്രഖ്യം,	മഹാമേഘത്തിനൊത്ത കാന്തിയോടുകൂടി വിലസുന്നതായും,
നാനാരത്ന-സമാകീർണ്ണം,	പലപല രത്നങ്ങളെക്കൊണ്ട് എങ്ങും നിറയപ്പെട്ടതായും,
കുബ്ജകൈ-രാതകാവൃതം-ഹ	കുള്ളന്മാരാലും കൂനുള്ളവരാലും നിറയപ്പെട്ടു വിളങ്ങുന്നതായും
ദദർശ.	കണ്ടു.

സ വാജിയുക്തേന രഥേന-സാരഥിർന്നരാകുലം രാജകുലം വിരാജയൻ
വരൂഥിനാ രാജഗൃഹാഭിപാതിനാ പുരസ്യ സർവ്വസ്യ മനാംസി ഹർഷയൻ.

സഃ സാരഥിഃ	ആ സാരഥിയായ സുമന്ത്രൻ
രാജഗൃഹാഭി-പാതിനാ	ശ്രീരാമരാജധാനിക്കഭിമുഖമായി ചെല്ലുന്നതും
വരൂഥിനാ	വെയിൽ, മഴ മുതലായതു കൊള്ളാതിരിപ്പാനുള്ള കൂടോടുകൂടിയതും,
വാജിയുക്തേന	കുതിരകൾ പൂട്ടിക്കെട്ടിയതും ആയ
രഥേന,	തേരിൽ കയറിക്കൊണ്ടു
വിരാജയൻ,	പ്രകാശിപ്പിക്കുന്നവനായി,
നരാകുലം	ജനങ്ങളാൽനിറയപ്പെട്ട
രാജകുലം,	രാജസംഘത്തേയും,
സർവ്വസ്യ	എല്ലാ
പുരസ്യ	ജനത്തിന്റെ
മനാംസി	ചിത്തങ്ങളേയും
ഹർഷയൻ.	സന്തോഷപ്പെടുത്തി.

തതഃ സമാസാദ്യ മഹാധനം മഹത്
പ്രഹൃഷ്ടരോമാ സ ബഭൂവ സാരഥിഃ
മൃഗൈർമ്മയൂരൈശ്ച സമാകുലോൽബണം
ഗൃഹം വരാർഹസ്യ ശചീപതേരിവ. 43

തതഃ	ആ സമയം	മഹാധനം	വിലയേറിയതും ആയ
സഃ സാരഥിഃ,	ആ സുമന്ത്രൻ,	വരാർഹസ്യ	സർവ്വസ്വാമിയായ ശ്രീരാമന്റെ
മൃഗൈഃ	മാനുകളാലും	മഹത്	മഹത്തായ
മയൂരൈഃ ച	മയിലുകളാലും	ഗൃഹം	രാജധാനിയെ
സമാകുലോൽബണം	അങ്ങുമിങ്ങും വിളങ്ങുന്നതും,	സമാസാദ്യ,	പ്രാപിച്ച്,
ശചീപതേഃ ഇവ	ഇന്ദ്രന്റേതെന്നപോലെ	പ്രഹൃഷ്ടരോമാ	ആനന്ദപുളകിതനായി
		ബഭൂവ.	ഭവിച്ചു.

[“വരാർഹസ്യ”, ശ്രേഷ്ഠവസ്ത്വർഹസ്യ (ശ്രേഷ്ഠങ്ങളായ വസ്തുക്കൾക്ക് അർഹനായുള്ള ശ്രീരാമന്റെ) ഗോ. രാ. വരാണാം, സർവ്വശ്രേഷ്ഠാനാം ബ്രഹ്മാദീനാം, അർഹഃ, തത്കർത്തൃകപൂജാ യസ്മിംസ്തസ്യ രാമസ്യ, (സർവ്വശ്രേഷ്ഠന്മാരായ ബ്രഹ്മാദികളുടേയും പൂജയ്ക്കു് പാത്രീഭവിച്ചവനായ ശ്രീരാമന്റെ) ശിരോമണി.]

സ തത്ര കൈലാസനിഭാഃ സ്വലംകൃതാഃ
പ്രവിശ്യ കക്ഷ്യാസ്ത്രിദശാലയോപമാഃ
പ്രിയാന്നരാൻ രാമമതേ സ്ഥിതാൻ ബഹൂ-
നപോഹ്യ ശുദ്ധാന്തമുപസ്ഥിതോ രഥീ. 44

സഃ രഥീ	ആ സാരഥിയായ സുമന്ത്രൻ	രാമമതേ	ശ്രീരാമകടാക്ഷ വീക്ഷണത്തിനു
തത്ര,	അപ്പോൾ,	സ്ഥിതാൻ	പാത്രീഭവിച്ചവരായ
കൈലാസനിഭാഃ	കൈലാസസദൃശങ്ങളും	പ്രിയാൻ	ഭക്തന്മാരായ
സ്വലങ്കൃതാഃ	അതിമനോഹരങ്ങളും	ബഹൂൻ	അനേകം
ത്രിദശാലയോപമാഃ	സ്വർഗ്ഗലോക വസതികൾക്കൊത്തവയും ആയ	നരാൻ	ജനങ്ങളേയും
കക്ഷ്യാഃ	കെട്ടുകളിൽ	അപോഹ്യ,	കടന്ന്,
പ്രവിശ്യ,	പ്രവേശിച്ച്,	ശുദ്ധാന്തം	അന്തഃപുര ഭവനത്തിൽ
		ഉപസ്ഥിതഃ.	വന്നു ചേർന്നു.

സ തത്ര ശുശ്രാവ ച ഹർഷയുക്താ രാമാഭിഷേകാർത്ഥകൃതാ ജനാനാം
നരേന്ദ്രസൂനോരഭിമംഗളാർത്ഥാഃ സർവ്വസ്യ ലോകസ്യ ഗിരഃ പ്രഹൃഷ്ടഃ.

സഃ	അദ്ദേഹം,	നരേന്ദ്രസൂനോഃ	രാജകുമാരന്ന്
തത്ര	അവിടെ	അഭിമംഗളാർത്ഥാഃ	മംഗളാർത്ഥം ചെയ്യുന്ന പ്രാർത്ഥനകളായുള്ളവയും
സർവ്വസ്യ ലോകസ്യ	ലോകത്തിന്റെ എല്ലാ ഭാഗത്തിൽ നിന്നും	ഹർഷയുക്താഃ ച	സന്തുഷ്ടിയെ കാട്ടുന്നവയുമായ
ജനാനാം	വന്നു കൂടിയവരായ ജനങ്ങളുടെ,	ഗിരഃ	സ്തുതികളെ
രാമാഭിഷേകാർത്ഥകൃതാഃ	ശ്രീരാമാഭിഷേകത്തെക്കുറിച്ചുള്ളവയും	പ്രഹൃഷ്ടഃ	അത്യാനന്ദയുക്തനായി
		ശുശ്രാവ.	ശ്രവിച്ചു.

മഹേന്ദ്രസദ്മപ്രതിമം തു വേശ്മ
രാമസ്യ രമ്യം മൃഗപക്ഷിജുഷ്ടം
ദദൎശ മേരോരിവ ശൃംഗമുച്ചം
വിഭ്രാജമാനം പ്രഭയാ സുമന്ത്രഃ. 46

സുമന്ത്രഃ	സുമന്ത്രൻ,	ഉച്ചം,	ഉന്നതമായി,
രാമസ്യ വേശ്മ,	ശ്രീരാമഭവനത്തെ,	വിഭ്രാജമാനം	പ്രകാശമാനമായി,
പ്രഭയാ	കാന്തിയാൽ	മൃഗപക്ഷിജുഷ്ടം	മാൻകൂട്ടങ്ങളും പക്ഷിസംഘങ്ങളും നിറഞ്ഞതായി,
മഹേന്ദ്രസദ്മപ്രതിമം	ദേവേന്ദ്രഭവനോപമമായി,	രമ്യം തു	അതിമനോഹരമാംവണ്ണം വിലസുന്നതായി
മേരോഃ ശൃംഗം ഇവ	മേരുപൎവ്വതശിഖരം പോലെ	ദദൎശ.	കണ്ടു.

ഉപസ്ഥിതൈരഞ്ജലികാരകൈശ്ച
സോപായനൈൎജ്ജാനപദൈശ്ച മൎത്ത്യൈഃ
കോട്യാ പരാൎദ്ധൈശ്ച വിമുക്തയാനൈഃ
സമാകുലം ദ്വാരപഥം ദദൎശ. 47

ദ്വാരപഥം	രാജധാനിയുടെ ദ്വാരപ്രദേശത്തെ,	ജാനപദൈഃ ച	ഗ്രാമജനങ്ങളാലും,
ഉപസ്ഥിതൈഃ,	മുഖംകാണിപ്പാൻ വന്നിരിക്കുന്നവരാലും,	സോപായനൈഃ	കാഴ്ചദ്രവ്യങ്ങളെ വെച്ചുകൊണ്ടിരിക്കുന്നവരായ
അഞ്ജലികാരകൈഃ	കൈകൂപ്പിനില്ക്കുന്നവരായി,	മൎത്ത്യൈഃ	ആളുകളാലും,
കോട്യാ	കോടിക്കണക്കായും	വിമുക്തയാനൈഃ	അഴിച്ചുവിട്ടു ദൂരെ നിൎത്തപ്പെട്ടവയായ വാഹനങ്ങളാലും
പരാൎദ്ധൈഃ ച	അസംഖ്യേയമായ പരാൎദ്ധക്കണക്കായുമുള്ള	സമാകുലം	ഇടതിങ്ങി നിരന്നുനില്ക്കുന്നതായി
		ദദൎശ.	കണ്ടു.

തതോ മഹാമേഘമഹീധരാഭം പ്രഭിന്നമത്യങ്കുശമപ്രസഹ്യം
രാമൌപവാഹ്യം രുചിരം ദദൎശ ശത്രുഞ്ജയം നാഗമുദഗ്രകായം. 48

തതഃ	അവിടെ	പ്രഭിന്നം	ശ്രേഷ്ഠവും,
മഹാമേഘമഹീധരാഭം	മഹാമേഘംപോലേയും, പൎവ്വതംപോലേയും ഉള്ള	രുചിരം	അതിഭംഗിയുള്ളതും
ഉദഗ്രകായം,	വമ്പിച്ച ശരീരത്തോടുകൂടിയതും,	രാമൌപവാഹ്യം	ശ്രീരാമന്റെ വാഹനമായുള്ളതും ആയ
അപ്രസഹ്യം,	വേദനപ്പെടുത്തപ്പെടാത്തതും,	ശത്രുഞ്ജയം	ശത്രുഞ്ജയം എന്ന
അത്യങ്കുശം	തോട്ടിതന്നെ ആവശ്യമില്ലാത്തതും,	നാഗം	ആനയെ
		ദദൎശ.	കണ്ണിന്നുമുമ്പിൽ കണ്ടു.

[‘അപ്രസഹ്യം’ (തടുപ്പാൻ കഴിയാത്തത്), ‘അത്യങ്കുശം’ (തോട്ടിയെ കൂട്ടാക്കാത്തത്), ‘പ്രഭിന്നം’ (മദപ്പാടൊടുകൂടിയത്.) ഗൊ. രാ.]

സ്വലംകൃതാൻ സാശ്വരഥാൻ സകുഞ്ജരാ-
നമാത്യമുഖ്യാൻ ശതശശ്ച വല്ലഭാൻ
വ്യപോഹ്യ സൂതഃ സഹിതാൻ സമന്തതഃ
സമൃദ്ധമന്തഃപുരമാവിവേശ. 49

സൂതഃ	സാരഥിയായ സുമന്ത്രൻ
സാശ്വരഥാൻ	കുതിരകൾ പൂട്ടിക്കെട്ടിയ രഥങ്ങളോടും
സകുഞ്ജരാൻ	ആനകളോടുംകൂടി
സമന്തതഃ	എല്ലാ ദിക്കുകളിൽനിന്നും
സഹിതാൻ	വന്നുചേൎന്നിരിക്കുന്നവരായ
അമാത്യമുഖ്യാൻ	രാജാക്കന്മാരുടെ പ്രധാന അനുചരന്മാരേയും,
ശതശഃ	നൂറുക്കണക്കായി
സ്വലംകൃതാൻ	ഭംഗിയിൽ അലങ്കരിച്ചുകൊണ്ടിരിക്കുന്നവരായ
വല്ലഭാൻ ച,	രാജഃസ്വമാരേയും,
വ്യപോഹ്യ,	കടന്ന്,
സമൃദ്ധം	ശുഭകരമായ
അന്തഃപുരം	ഉൾക്കെട്ടിൽ
ആവിവേശ.	പ്രവേശിച്ചു.

തദദ്രികൂടാചലമേഘസന്നിഭം
മഹാവിമാനോത്തമവേശ്മസംഘവത്
അവാൎയ്യമാണഃ പ്രവിവേശ സാരഥിഃ
പ്രഭൂതരത്നം മകരോ യഥാൎണ്ണവം. 50

സാരഥിഃ	സാരഥിയായ സുമന്ത്രർ
പ്രഭൂതരത്നം	രത്നങ്ങൾ നിറഞ്ഞതായ
അൎണ്ണവം,	സമുദ്രത്തിൽ
മകരഃ	മകരമത്സ്യം
യഥാ,	എപ്രകാരമൊ അപ്രകാരം
അദ്രികൂടാചല-മേഘസന്നിഭം	പൎവ്വതാഗ്രശിഖരംപോലെയും മേഘംപോലെയും വിളങ്ങുന്നതും,
മഹാവിമാനോത്തമവേശ്മസംഘവത്	ഉത്തമവിമാനങ്ങളെപ്പോലെ ശ്രേഷ്ഠമായുള്ള അനേകം മേടകളോടുകൂടിയതുമായ
തത്	അതിൽ
അവാൎയ്യമാണഃ	സ്വച്ഛപോലെ
പ്രവിവേശ.	പ്രവേശിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ
ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
പഞ്ചദശഃ സൎഗ്ഗഃ = പതിനഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3081 ; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 726.

ഷോഡശഃ സർഗ്ഗഃ = പതിനാറാംസർഗ്ഗം.

[ശ്രീരാമപ്രസ്ഥാനം = ശ്രീരാമൻ പുറപ്പെട്ടുവരുന്നത്.]

സ തദന്തഃപുരദ്വാരം സമതീത്യ ജനാകുലം
പ്രവിഭക്താം തതഃ കക്ഷ്യാമാസസാദ പുരാണവിത്
പ്രാസകാർമ്മുകബിഭ്രദ്ഭിര്യുവഭിർമൃഷ്ടകുണ്ഡലൈഃ
അപ്രമാദിഭിരേകാഗ്രൈരനുരക്തൈരധിഷ്ഠിതാം. 2

പുരാണവിത്	അരമനയുടെ സൂക്ഷ്മസ്ഥിതി അറിഞ്ഞ വ[നായ
സഃ	അദ്ദേഹം
ജനാകുലം	ജനങ്ങൾ തിങ്ങിനില്ക്കു[ന്നതായ
തത്	ആ
അന്തഃപുരദ്വാരം	ഉൾക്കെട്ടിന്റെ ദ്വാര
സമതീത്യ	കടന്ന്, [പ്രദേശത്തെ
തതഃ	അതിൽപിന്നെ
പ്രാസകാർമ്മുക-ബിഭ്രദ്ഭിഃ	ബാണം, ധനുസ്സ് എന്നിവ ധരിച്ചവരും

മൃഷ്ട-കുണ്ഡലൈഃ	മിനുന്ന കുണ്ഡലങ്ങളണിഞ്ഞിരുന്നവരും
അപ്രമാദിഭിഃ	അതിജാഗ്രതയോടുകൂടി
ഏകാഗ്രൈഃ	ഏകാഗ്രമായ [യവരും,
അനുരക്തൈഃ	സ്വാമിഭക്തിയോടുകൂടിയവരും ആയ
യുവഭിഃ	പുണ്യാത്മാക്കളാൽ
അധിഷ്ഠിതാം	കാവൽ കാക്കപ്പെട്ട
പ്രവിഭക്താം	ഏകാന്തമായ [തായ
കക്ഷ്യാം	കെട്ടിൽ
ആസസാദ.	പ്രവേശിച്ചു.

[“പുരാണാം അണഃ, ഗതിഃ, തം വേത്തി ഇതി പുരാണവിത്”. സത്യധർമ്മതീർത്ഥീയം.]

തത്ര കാഷായിണോ വൃദ്ധാൻ വേത്രപാണീൻ സ്വലംകൃതാൻ
ദദർശ വിഷ്ഠിതാൻ ദ്വാരി സ്ത്ര്യധ്യക്ഷാൻ സുസമാഹിതാൻ. 3

തത്ര	ആ
ദ്വാരി	ദ്വാരപ്രദേശത്തിൽ
കാഷായിണഃ	കാഷായവസ്ത്രധാരികളും
വേത്രപാണീൻ	കോൽക്കാരന്മാരും (ചൂരൽ കയ്യിൽ പിടിച്ചിരിക്കുന്നവരും),

സ്വലംകൃതാൻ,	നന്നായലംകരിച്ചവരും,
സുസമാഹിതാൻ	പുണ്യംചെയ്തവരും
വൃദ്ധാൻ	വൃദ്ധന്മാരുമായ
സ്ത്ര്യധ്യക്ഷാൻ	അന്തഃപുരത്തിലെ കാവൽക്കാരെ
വിഷ്ഠിതാൻ	ഇരുന്നുകൊണ്ടിരിക്കുന്ന [വരായി
ദദർശ.	കണ്ടു,

തേ സമീക്ഷ്യ സമായാന്തം രാമപ്രിയചികീർഷവഃ
സഹസോത്പതിതാഃ സർവ്വേ ഹ്യാസനേഭ്യഃ സുസംഭ്രമാഃ. 4

രാമപ്രിയ-ചികീർഷവഃ	ശ്രീരാമന്നു പ്രിയത്തെ ചെയ്വാൻ ആഗ്രഹത്തോടുകൂടിയവരും
സുസംഭ്രമാഃ ഹി	ബഹുമാനത്തോടുകൂടി
തേ	അവർ [യവരുമായ
സർവ്വേ	എല്ലാവരും,

സമായാന്തം	എതിരിൽ വന്നുകൊണ്ടിരുന്നവനായ അ
സമീക്ഷ്യ,	കണ്ടിട്ട്, [ദ്ദേഹത്തെ
ആസനേഭ്യഃ	ഇരുന്നേടങ്ങളിൽനിന്ന്
സഹസാ	ധൃതിയോടെ
ഉത്പതിതാഃ.	എഴുന്നേറ്റു.

താനുവാച വിനീതാത്മാ സൂതപുത്രഃ പ്രദക്ഷിണഃ
ക്ഷിപ്രമാഖ്യാത രാമായ സുമന്ത്രോ ദ്വാരി തിഷ്ഠതി. 5

വിനീതാത്മാ	വിനയയുക്തനും	തിഷ്ഠതി	മുഖം കാണിപ്പാൻ കാത്തു നില്ക്കുന്നുവെന്ന്
പ്രദക്ഷിണഃ	പൂജാർഹനുമായ		
സൂതപുത്രഃ	സുമന്ത്രൻ	രാമായ	ശ്രീരാമനോട്
താൻ	അവരോടായി	ക്ഷിപ്രം	ഇപ്പോൾതന്നെ
"സുമന്ത്രഃ	"സുമന്ത്രൻ	ആഖ്യാത,"	ഉണർത്തിപ്പിൻ," എന്ന്
ദ്വാരി	ദ്വാരപ്രദേശത്തിൽ	ഉവാച.	പറഞ്ഞു.

[“പ്രദക്ഷിണഃ”, സേവാനിപുണഃ. (ഗൊ. രാ.) മന്ത്രാദികർമ്മസു അതിനിപുണഃ (ശിരോ.)]

തേ രാമമുപസംഗമ്യ ഭർത്തുഃ പ്രിയചികീർഷവഃ
സഹഭാര്യായ രാമായ ക്ഷിപ്രമേവാചചക്ഷിരേ. 6

ഭർത്തുഃ	പ്രഭുവിന്റെ	ഉപസംഗമ്യ	തിരുമുമ്പിൽചെന്ന്
പ്രിയ-ചികീർഷവഃ	പ്രിയേച്ഛുക്കളായ	സഹഭാര്യായ	ദേവിയോടുകൂടി വർത്തിക്കുന്നവനായ
തേ,	അവർ,	രാമായ	ശ്രീരാമനോട്
ക്ഷിപ്രം ഏവ	അക്ഷണംതന്നെ	ആചചക്ഷിരേ.	വിവരം ഉണർത്തിച്ചു.
രാമം	ശ്രീരാമന്റെ		

[“സഭാര്യായ”, ഭാര്യാസഹിതനായ; സഭാസു ആര്യഃ സഃ (സഭകളിൽശ്രേഷ്ഠനായ് വിളങ്ങുന്നവൻ); സഭാനാം സകാന്തീനാം ആര്യായ (തേജസ്വികളിൽവെച്ചു ശ്രേഷ്ഠൻ). സത്യ. ധ. തീ.]

പ്രതിവേദിതമാജ്ഞായ സൂതമഭ്യന്തരം പിതുഃ
തത്രൈവാനായയാമാസ രാഘവഃ പ്രിയകാമ്യയാ. 7

രാഘവഃ	ശ്രീരാഘവൻ	പിതുഃ	പിതാവിന്ന്
അഭ്യന്തരം	പ്രിയപ്പെട്ട	പ്രിയകാമ്യയാ	പ്രിയത്തെ ചെയ്വാനിച്ഛിച്ചവനായി
സൂതം	സാരഥിയെ		
പ്രതിവേദിതം	വന്ന് കാത്തുകൊണ്ടിരിക്കുന്നവനായി	തത്ര	അങ്ങോട്ട്
ആജ്ഞായ ഏവ	അറിഞ്ഞ ഉടനെ	ആനായയാമാസ.	കൂട്ടിക്കൊണ്ടുവരുവാൻ കല്പിച്ചു.

തം വൈശ്രവണസങ്കാശമുപവിഷ്ടം സ്വലംകൃതം
ദദർശ സൂതഃ പര്യങ്കേ സൗവർണ്ണേ സോത്തരച്ഛദേ 8
വരാഹരുധിരാഭേണ ശുചിനാ ച സുഗന്ധിനാ
അനുലിപ്തം പരാർദ്ധ്യേന ചന്ദനേന പരന്തപം 9
സ്ഥിതയാ പാർശ്വതശ്ചാപി വാലവ്യജനഹസ്തയാ
ഉപേതം സീതയാ ഭൂയശ്ചിത്രയാ ശശിനം യഥാ. 10

സൂതഃ	സുമന്ത്രൻ
പരന്തപം	ശത്രുസംഹാരകനായ
തം	അദ്ദേഹത്തെ
സോത്തരച്ഛദേ	വിചിത്രമായ മേൽവിരിപ്പിട്ട
സൌവർണ്ണേ	സ്വർണ്ണമയമായ
പര്യങ്കേ	കട്ടിലിൽ
വൈശ്രവണസങ്കാശം	കുബേരനെപ്പോലെ
സ്വലംകൃതം	സ്വാഭാവികസൌന്ദര്യയുക്തനായി
ഉപവിഷ്ടം,	വർത്തിക്കുന്നവനായും,
വരാഹരുധിരാഭേണ	ചെങ്കാർ നിറമുള്ളതും
ശുചിനാ	പരിശുദ്ധമായതും
സുഗന്ധിനാ ച	പരിമളംവീശുന്നതും
പരാർദ്ധ്യേന	ഉത്തമമായ [ആയ
ചന്ദനേന	ചന്ദനംകൊണ്ട്
അനുലിപ്തം	അനുലേപനംചെയ്യപ്പെട്ടവനായും
പാർശ്വതഃ	അരികിൽ
ഭൂയഃ	പതിവുപ്രകാരം
വാലവ്യജനഹസ്തയാ	ചാമരഹസ്തയായി
സ്ഥിതയാ	നിന്നിരുന്നവളായ
സീതയാ അപി	സീതാദേവിയോടുംകൂടി
ചിത്രയാ	ചിത്രനക്ഷത്രത്തോട്
ഉപേതം	കൂടിയ
ശശിനം യഥാ ച	ചന്ദ്രനെയെന്നപോലെ
ദദർശ.	സന്ദർശിച്ചു.

["വരാഹരുധിരാഭേണ" (പന്നിയുടെ ചോരപോലെ നിറമാർന്നതും) ഗോ. രാ. "വരം, അതിശ്രേഷ്ഠം, നജഹാനിപ്രയത്നമന്തരാ, അനുലേപന കർത്താർ ന ത്യജതി ഇതി അഹം, രുധിരാ അരുണാ ആഭാ യസ്യ തത്, തേന" (ശ്രേഷ്ഠവും മാഞ്ഞുപോകാത്തതും കുങ്കുമവർണ്ണമുള്ളതും ആയ), എന്നു ശിരോമണി.]

തം തപന്തമിവാദിത്യമുപപന്നം സ്വതേജസാ
വവന്ദേ വരദം വന്ദീ വിനയജ്ഞോ വിനീതവത്. 11

വിനയജ്ഞഃ	താൻ ചെയ്യേണ്ട മുറകളെ അറിഞ്ഞവനും
വന്ദീ	വംശപരമ്പരയെ സ്തുതിക്കുന്നവനുമായ അദ്ദേ
സ്വതേജസാ	സ്വതേജസ്സിനാൽ [ഹം
തപന്തം	ഉജ്ജ്വലിക്കുന്ന
ആദിത്യം ഇവ,	ആദിത്യനെപ്പോലെ
ഉപപന്നം,	ശോഭിക്കുന്നവനും,
വരദം	ലോകോപകാരിയുമായ
തം	അദ്ദേഹത്തെ
വിനീതവത്	ബഹുമാനപുരസ്സരം
വവന്ദേ.	വന്ദിച്ചു.

["സ്വതേജസാ, സ്വനിത്യപ്രകാശേന ഉപപന്നം, അത ഏവ ആദിത്യമപി തപന്തം പ്രകാശയന്തം തം രാമം" (സ്വനിത്യപ്രകാശയുക്തനായി തന്മൂലം ആദിത്യനുംകൂടെ പ്രകാശത്തെ നൽകുന്നവൻ) എന്നു ശിരോമണി. "ഭയാത്തപതി സൂര്യഃ", "ഭീഷോദേതി സൂര്യഃ", "തമേവ ഭാന്തമനുഭാതി സർവ്വം തസ്യ ഭാസാ സർവ്വമിദം വിഭാതി". ഇത്യാദി ശ്രുതിവാക്യങ്ങൾ കാൺക]

പ്രാഞ്ജലിസ്തു സുഖം പൃഷ്ട്വാ വിഹാരശയനാസനേ
രാജപുത്രമുവാചേദം സുമന്ത്രോ രാജസത്കൃതഃ. 12

സുമന്ത്രഃ	സുമന്ത്രൻ
രാജസത്കൃതഃ തു,	രാജാവിനാൽ സൽക്കരിക്കപ്പെട്ടവനായി,
രാജപുത്രം	രാജകുമാരനെനോക്കി
പ്രാഞ്ജലിഃ	അഞ്ജലിഹസ്തനായി,
വിഹാരശയനാസനേ	ക്രീഡ, ശയനം, ആസനം, എന്നിവയെപ്പറ്റി
സുഖം പൃഷ്ട്വാ	കുശലപ്രശ്നം ചെയ്ത്
ഇദം ഉവാച.	ഇപ്രകാരം ഉണർത്തിച്ചു.

["വിഹാരശയനാസനേ" കിടപ്പാനുള്ള ചാരുകസേലയിൽ വർത്തിക്കുന്ന (ശിരോ.)]

കൌസല്യാസുപ്രജാ രാമ പിതാ ത്വാം ദ്രഷ്ടുമിച്ഛതി
മഹിഷ്യാ സഹ കൈകേയ്യാ ഗമ്യതാം തത്ര മാ ചിരം. 13

"കൌസല്യാ-സുപ്രജഃ	കൌസല്യാസത്പുത്രനായ	ത്വാം	നിന്തിരുവടിയെ
രാമ!	ഹേ ശ്രീരാമ!	ദ്രഷ്ടും	കാണേണമെന്ന്
കൈകേയ്യാ മഹിഷ്യാ സഹ	കൈകേയീരാജ്ഞിയോടുംകൂടി	ഇച്ഛതി;	കല്പിച്ചിരിക്കുന്നു;
		തത്ര	അങ്ങോട്ടേക്ക്
		ഗമ്യതാം,	എഴുന്നെള്ളിയാലും,
പിതാ	അച്ഛൻ തിരുമേനി	ചിരം മാ."	കാലതാമസം അരുത്."

ഏവമുക്തസ്തു സംഹൃഷ്ടോ നരസിംഹോ മഹാദ്യുതിഃ
തതഃ സംമാനയാമാസ സീതാമിദമുവാച ഹ. 14

ഏവം	മേൽപ്രകാരം	സംമാനയാമാസ;	തന്നത്താൻ അല്പം ആലോചിച്ചു;
ഉക്തഃ	ഉണർത്തിക്കപ്പെട്ടവനും		
മഹാദ്യുതിഃ	മഹാതേജസ്വിയുമായ	തതഃ	അനന്തരം
നരസിംഹഃ,	പുരുഷോത്തമൻ,	സീതാം	സീതാദേവിയോടായി
തു	ഇക്കാര്യത്തിൽ [നായി	ഇദം ഹ	ഇപ്രകാരംതന്നെ
സംഹൃഷ്ടഃ	സന്തോഷം പൂണ്ടവ	ഉവാച.	അരുളിച്ചെയ്തു.

ദേവി ദേവശ്ച ദേവീ ച സമാഗമ്യ മദന്തരേ
മന്ത്രയേതേ ധ്രുവം കിഞ്ചിദഭിഷേചനസംഹിതം. 15

"ദേവി!	"ദേവി!	അഭിഷേചന-സംഹിതം	പട്ടാഭിഷേക വിഷയത്തെക്കുറിച്ച്
ദേവഃ ച	മഹാരാജാവും		
ദേവീ ച	രാജ്ഞിയും	കിഞ്ചിത്	എന്തോ
സമാഗമ്യ	ഒന്നിച്ച്,	മദന്തരേ	എന്നോടായി
ധ്രുവം	മുഹൂർത്തം നിശ്ചയിക്കപ്പെട്ടതായ	മന്ത്രയേതേ.	കല്പിപ്പാൻ ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നു.

ലക്ഷയിത്വാ ഹ്യഭിപ്രായം പ്രിയകാമാ സുദക്ഷിണാ
സഞ്ചോദയതി രാജാനം മദർത്ഥം മദിരേക്ഷണേ. 16

"മദിരേക്ഷണേ!	"ജഗന്മോഹന ചാരുനേത്രേ!	അഭിപ്രായം	നിശ്ചയിച്ചിരിക്കുന്ന ഈ സംഗതിയെപ്പററി
സുദക്ഷിണാ	മഹാപുണ്യവതിയും	ലക്ഷയിത്വാ,	പര്യാലോചന ചെയ്തു,
പ്രിയകാമാ,	എല്ലാവർക്കും ഹിതംചെയ്യുന്നതിൽ തന്നെ അനുഗ്രഹമുള്ളവളും ആയ അവൾ,	ഹി	അക്കാരണത്താൽ,
		രാജാനം	മഹാരാജാവിനോട്
		സഞ്ചോദയതി.	ഇപ്പോൾ എന്തോ ചിലത് ആവശ്യപ്പെട്ടിരിക്കുന്നു.
മദർത്ഥം	എനിക്കുവേണ്ടി		

സാ പ്രഹൃഷ്ടാ മഹാരാജം ഹിതകാമാഽനുവർത്തിനീ
ജനനീ ചാർത്ഥകാമാ മേ കേകയാധിപതേഃ സുതാ. 17

“സാ	“അവൾ	പ്രഹൃഷ്ടാ	എങ്കൽ സന്തുഷ്ടിപൂണ്ടവളായി,
കേകയാധിപതേഃ	കേകയ മഹാരാജാവിന്റെ	മേ	എനിക്ക്,
സുതാ	പുത്രിയും	ഹിതകാമാ,	എല്ലായ്പ്പോഴും നന്മയെ ചെയ്യുന്നവളും
മഹാരാജം അനുവർത്തിനീ	മഹാരാജാവിന്റെ ഇഷ്ടപ്രകാരം നടക്കുന്നവളും,	അർത്ഥകാമാ ച	ക്ഷേമത്തെത്തന്നെ ആഗ്രഹിക്കുന്നവളും ആയ
		ജനനീ.	മാതാവാകുന്നു.

ദിഷ്ട്യാ ഖലു മഹാരാജോ മഹിഷ്യാ പ്രിയയാ സഹ
സുമന്ത്രം പ്രാഹിണോദ്ദൂതമർത്ഥകാമകരം മമ. 18

“പ്രിയയാ	“പ്രിയപ്പെട്ട	മമ	എന്നോട്
മഹിഷ്യാ സഹ	രാജ്ഞിയോടു കൂടിയവനായ്	ദൂതം	വർത്തമാനം അറിയിപ്പാനായി
മഹാരാജഃ,	മഹാരാജാവ്,	പ്രാഹിണോത്;	പറഞ്ഞയച്ചിരിക്കുന്നു;
അർത്ഥകാമകരം	അഭീഷ്ടപ്രകാരം തന്നെ എല്ലാം ചെയ്യുന്നവനായ	ദിഷ്ട്യാ ഖലു.	ഇത് നല്ലവർത്തമാനം തന്നെ സംശയമില്ല.
സുമന്ത്രം,	സുമന്ത്രരെ,		

യാദൃശീ പരിഷത്തത്ര താദൃശോ ദൂത ആഗതഃ
ധ്രുവമദ്യൈവ മാം രാജാ യൌവരാജ്യേഽഭിഷേക്ഷ്യതി. 19

“തത്ര	“അവിടെ	താദൃശഃ;	അപ്രകാരമുള്ളവൻ തന്നെ;
പരിഷത് ഏവ,	കൂടിയിരിക്കുന്ന ജനങ്ങളാകട്ടെ	അദ്യ	ഇന്ന്
യാദൃശീ;	അപ്രകാരമുള്ളവർ തന്നെ;	രാജാ	മഹാരാജാവ്
ആഗതഃ ദൂതഃ	വർത്തമാനം കൊണ്ടുവന്നിരിക്കുന്ന ഇദ്ദേഹവും	മാം	എന്നെ
		യൌവരാജ്യേ	യുവരാജാവായി
		ധ്രുവം	നിശ്ചയായും
		അഭിഷേക്ഷ്യതി.	പട്ടാഭിഷേകം ചെയ്യാൻ പോകുന്നു.

ഹന്ത ശീഘ്രമിതോ ഗത്വാ ദ്രക്ഷ്യാമി ച മഹീപതിം
സഹ ത്വം പരിവാരേണ സുഖമാസ്സ്വ രമസ്വ ച. 20

“ഇതഃ	“ഇവിടെ നിന്ന്	ഹന്ത ച!	ഭവതിയുടെ ഭാഗ്യം എന്തുപറയട്ടെ!
ശീഘ്രം	ഇപ്പോൾ തന്നെ	ത്വം	ഭവതി
ഗത്വാ,	പോയി,	പരിവാരേണ സഹ	പരിവാരജനത്തോടുകൂടി
മഹീപതിം	മഹാരാജാവിനെ	സുഖം	ചഞ്ചലം കൂടാതെ
ദ്രക്ഷ്യാമി;	ഞാൻ മുഖം കാണിക്കാം;	ആസ്സ്വ;	ഇരിക്കുക;
		രമസ്വ ച.”	അല്പം കാത്തിരിക്കുക.”

പതിസമ്മാനിതാ സീതാ ഭർത്താരമസിതേക്ഷണാ
ആദ്വാരമനുവവ്രാജ മംഗളാന്യഭിദധ്യുഷീ 21

രാജ്യം ദ്വിജാതിഭിർജ്ജുഷ്ടം രാജസൂയാഭിഷേചനം
കർത്തുമർഹതി തേ രാജാ വാസവസ്യേവ ലോകകൃത് 22

ദീക്ഷിതം വ്രതസമ്പന്നം വരാജിനധരം ശുചിം
കുരംഗശൃംഗപാണിം ച പശ്യന്തീ ത്വാം ഭജാമ്യഹം 23

പൂർവ്വാം ദിശം വജ്രധരോ ദക്ഷിണാം പാതു തേ യമഃ
വരുണഃ പശ്ചിമാമാശാം ധനേശസ്തൂത്തരാം ദിശം. 24

"പതി-സമ്മാനിതാ	"ഭർത്താവിനാൽ കൊണ്ടാടപ്പെട്ടവളും
അസിതേക്ഷണാ	അസിതാക്ഷിയുമായ
സീതാ,	സീതാദേവി,
'ലോകകൃത്	'ബ്രഹ്മദേവൻ
വാസവസ്യ ഇവ	ഇന്ദ്രന് എപ്രകാരമോ അപ്രകാരം,
രാജാ,	മഹാരാജാവ്,
തേ	നിന്തിരുവടിയ്ക്കായ്ക്കൊണ്ട്,
ദ്വിജാതിഭിഃ	ബ്രാഹ്മണരാൽ
ജുഷ്ടം	മംഗളകരമായി ചെയ്യപ്പെട്ടതായ
രാജസൂയാ-ഭിഷേചനം	സാർവ്വഭൌമപദവിയിൽ വിളങ്ങുന്നതായ അഭിഷേകത്തെ
രാജ്യം	ലോകപരിപാലനത്തിന്നായി
കർത്തും	ചെയ്തുവെപ്പാൻ
അർഹതി;	കനിഞ്ഞരുളട്ടെ ;
വജ്രധരഃ	ഇന്ദ്രൻ
പൂർവ്വാം ദിശം,	കിഴക്കെ ദിക്കിനെയും,
യമഃ	യമൻ
ദക്ഷിണാം,	തെക്കെ ദിക്കിനെയും,
വരുണഃ	വരുണഭഗവാൻ
പശ്ചിമാം ആശാം,	പടിഞ്ഞാറെ ദിക്കിനെയും,
ധനേശഃ	കുബേരൻ
ഉത്തരാം ദിശം	വടക്കെ ദിക്കിനെയും
തേ തു	നിന്തിരുവടിക്കായ്ത്തന്നെ
പാതു ;	വെവ്വേറെ രക്ഷിക്കട്ടെ ;
അഹം	ഞാൻ
ത്വാം	നിന്തിരുവടിയെ
ദീക്ഷിതം	ദീക്ഷപൂണ്ടവനായി
വ്രതസമ്പന്നം	വ്രതാനുഷ്ഠാനയുക്തനായി,
വരാജിനധരം,	കൃഷ്ണാജിനധാരിയായി,
ശുചിം	പരിശുദ്ധമൂർത്തിയായി,
കുരംഗശൃംഗ-പാണിം ച	കലക്കൊമ്പിനെകയ്യിൽ പിടിച്ചുകൊണ്ടിരിക്കുന്നവനായി
പശ്യന്തീ,	സന്ദർശിച്ച്,
ഭജാമി,'	സേവിക്കാം,' എന്ന്
മംഗളാനി	മംഗളവചനങ്ങളെ
അഭിദധ്യുഷീ,	മനസ്സിൽ പ്രാർത്ഥിക്കുന്നവളായി,
ആദ്വാരം	ദ്വാരംവരെ
ഭർത്താരം	ഭർത്താവിനെ
അനുവവ്രാജ.	പിന്തുടർന്നു.

അഥ സീതാമനുജ്ഞാപ്യ കൃതകൌതുകമംഗളഃ
നിശ്ചക്രാമ സുമന്ത്രേണ സഹ രാമോ നിവേശനാത്. 25

അഥ	ആ സമയം
കൃത-കൌതുക-മംഗളഃ	പട്ടാഭിഷേകത്തിന്ന് വേണ്ടതായ വൈദിക പൂർവ്വാംഗച്ചടങ്ങുകളെ കഴിച്ചവനായ
രാമഃ,	ശ്രീരാമൻ,
സീതാം	സീതാദേവിക്ക്
അനുജ്ഞാപ്യ,	നിന്നുകൊള്ളുവാൻ വിടനല്കിയശേഷം
സുമന്ത്രേണ സഹ	സുമന്ത്രരോടുംകൂടി
നിവേശനാത്	അരമനയിൽനിന്നും
നിശ്ചക്രാമ.	എഴുന്നെള്ളി.

പർവ്വതാദിവ നിഷ്ക്രമ്യ സിംഹോ ഗിരിഗുഹാശയഃ
ലക്ഷ്മണം ദ്വാരി സോऽപശ്യത് പ്രഹ്വാഞ്ജലിപുടം സ്ഥിതം. 26

സഃ	അദ്ദേഹം
പർവ്വതാത്	ഒരുപർവ്വതത്തിൽനിന്ന്
ഗിരിഗുഹാശയഃ	ഗിരിഗുഹയിൽ വസിക്കുന്ന
സിംഹഃ ഇവ,	ഒരു സിംഹം എപ്രകാരമോ അപ്രകാരം
നിഷ്ക്രമ്യ	പുറത്തുവന്ന്
ദ്വാരി	ദ്വാരദേശത്തിൽ
പ്രഹ്വാഞ്ജലി-പുടം	വണക്കത്തോടെ കൈകൂപ്പിയവനായി
സ്ഥിതം	നിന്നിരുന്ന
ലക്ഷ്മണം	ലക്ഷ്മണനെ
അപശ്യത്.	കടാക്ഷിച്ചു.

അഥ മദ്ധ്യമകക്ഷ്യായാം സമാഗച്ഛത് സുഹൃജ്ജനൈഃ
സ സർവ്വാനർത്ഥിനോ ദൃഷ്ട്വാ സമേത്യ പ്രതിനന്ദ്യ ച 27
തതഃ പാവകസങ്കാശമാരുരോഹ രഥോത്തമം
വൈയാഘ്രം പുരുഷവ്യാഘ്രോ രാജന്തം രാജനന്ദനഃ. 28

സഃ രാജനന്ദനഃ	ആ രാജകുമാരനായ
പുരുഷവ്യാഘ്രഃ,	പുരുഷോത്തമൻ,
അഥ	ആ സമയം
മദ്ധ്യമ-കക്ഷ്യായാം	നടുവിലുള്ള കെട്ടിൽ
അർത്ഥിനഃ	ദർശനത്തിന്നായി കാത്തുകൊണ്ടിരുന്ന
സർവ്വാൻ	എല്ലാവരേയും
സമേത്യ	സമീപിച്ച്
ദൃഷ്ട്വാ	കടാക്ഷിച്ചശേഷം,
സുഹൃജ്ജനൈഃ	മിത്രജനങ്ങളുമായി
സമാഗച്ഛത് ;	സംഭാഷണംചെയ്തു ;
ച	അതിനാൽ
പ്രതിനന്ദ്യ,	സന്തുഷ്ടനായി,
തതഃ	അനന്തരം
വൈയാഘ്രം	പുലിത്തോൽ വിരിക്കപ്പെട്ട് വിലസുന്നതും
പാവകസങ്കാശം	അഗ്നിക്കുസമമായി
രാജന്തം	തേജോമയമായി പരിലസിക്കുന്നതുമായ
രഥോത്തമം	ഉത്തമമായ രഥത്തെ
ആരുരോഹ.	ആരോഹണംചെയ്തു.

മേഘനാദമസംബാധം മണിഹേമവിഭൂഷിതം
മുഷ്ണന്തമിവ ചക്ഷൂംഷി പ്രഭയാ സൂര്യവർച്ചസം 29
കരേണുശിശുകല്പൈശ്ച യുക്തം പരമവാജിഭിഃ
ഹരിയുക്തം സഹസ്രാക്ഷോ രഥമിന്ദ്ര ഇവാശുഗം 30
പ്രയയൌ തൂർണ്ണമാസ്ഥായ രാഘവോ ജ്വലിതഃ ശ്രിയാ. 31

മേഘനാദം,	മേഘംപോലെ ഗംഭീര ധ്വനിയോടുകൂടിയ
അസംബാധം,	വിശാലമായതും, [തും
മണിഹേമ-വിഭൂഷിതം,	രത്നം, സ്വൎണ്ണം ഇവ കൊണ്ട് അലങ്കരിക്കപ്പെട്ടു വിളങ്ങുന്നതും,
പ്രഭയാ	കാന്തിയാൽ
സൂൎയ്യവൎച്ചസം	സൂൎയ്യതേജസ്സിന്നു
ഇവ	തുല്യമായി
ചക്ഷൂംഷി	കാണികളുടെ നേത്രങ്ങളെ
മുഷ്ണന്തം,	കവരുന്നതും,
കരേണുശിശു-കല്പൈഃ	ആനക്കുട്ടികളെപ്പോലെയുള്ള
പരമവാജിഭിഃ	ഉത്തമങ്ങളായ തുരഗങ്ങളാൽ
യുക്തം,	പൂട്ടിക്കെട്ടപ്പെട്ടു വിലസുന്നതും
ഹരിയുക്തം	കപിലവൎണ്ണത്തോടു കൂടിയതായി
ആശുഗം ച	ദ്രുതഗതിയുള്ളതായ
രഥം,	രഥത്തിൽ,
സഹസ്രാക്ഷഃ	സഹസ്രാക്ഷനായ
ഇന്ദ്രഃ ഇവ	ഇന്ദ്രൻ എന്നവണ്ണം,
ശ്രിയാ	അമാനുഷപ്രഭാവത്താൽ
ജ്വലിതഃ	പരിലസിച്ചു വിളങ്ങുന്നവനായ
രാഘവഃ,	ശ്രീരാഘവൻ,
തൂൎണ്ണം	വിരവിൽ
ആസ്ഥായ	കയറി,
പ്രയയൌ.	എഴുന്നെള്ളി.

സ പൎജ്ജന്യ ഇവാകാശേ സ്വനവാനഭിനാദയൻ
നികേതാന്നിൎയ്യയൌ ശ്രീമാൻ മഹാഭ്രാദിവ ചന്ദ്രമാഃ. 32

സഃ	ആ
ശ്രീമാൻ,	ശ്രീമാനായ ശ്രീരാമൻ,
ആകാശേ	ആകാശത്തിൽ
സ്വനവാൻ	ശബ്ദിക്കുന്ന
പൎജ്ജന്യഃ	മേഘം
ഇവ	എന്നപോലെ,
അഭിനാദയൻ,	(രഥശബ്ദം കൊണ്ട്) എങ്ങും മാറെറാലി ച്ചെയ്തുകൊണ്ട്,
മഹാഭ്രാത്	മഹാമേഘത്തിന്നിടയിൽ നിന്ന്
ചന്ദ്രമാഃ ഇവ,	ചന്ദ്രൻ എന്നപോലെ,
നികേതാത്	അരമനയിൽ നിന്ന്
നിൎയ്യയൌ.	എഴുന്നെള്ളി.

ഛത്രചാമരപാണിസ്തു ലക്ഷ്മണോ രാഘവാനുജഃ
ജുഗോപ ഭ്രാതരം ഭ്രാതാ രഥമാസ്ഥായ പൃഷ്ഠതഃ. 33

രാഘവാനുജഃ	ശ്രീരാഘവന്റെ എളയ
ഭ്രാതാ	സഹോദരനായ
ലക്ഷ്മണഃ തു,	ലക്ഷ്മണനും,
രഥം ആസ്ഥായ,	രഥത്തിൽ കയറി,
പൃഷ്ഠതഃ	പിൻഭാഗത്തിൽ നിന്നുകൊണ്ട്,
ഛത്രചാമര-പാണിഃ	കുടയും ചാമരവും കയ്യിൽ പിടിച്ചുകൊണ്ട്
ഭ്രാതരം	ജ്യേഷ്ഠനെ
ജുഗോപ.	വെയിൽ തട്ടാതെ കാത്തു.

തതോ ഹലഹലാശബ്ദസ്തുമുലഃ സമജായത
തസ്യ നിഷ്ക്രമമാണസ്യ ജനൌഘസ്യ സമന്തതഃ. 34

തസ്യ	അദ്ദേഹം	ജനൌഘസ്യ	ജനസംഘത്തിന്റെ
നിഷ്ക്രമമാണസ്യ,	എഴുന്നെള്ളിയ സമയം,	തുമുലഃ	ഉത്സാഹഭരിതമായ
തതഃ,	അതിനാൽ,	ഹലഹലാശബ്ദഃ	കോലാഹലശബ്ദം
സമന്തതഃ	ചുററും	സമജായത.	ഉണ്ടായി.

തതോ ഹയവരാ മുഖ്യാ നാഗാശ്ച ഗിരിസന്നിഭാഃ
അനുജഗ്മുസ്തദാ രാമം ശതശോഽഥ സഹസ്രശഃ. 35

തദാ,	അപ്പോൾ,	ഹയവരാഃ	ശ്രേഷ്ഠങ്ങളായ കുതിരകളും
തതഃ,	അവിടെനിന്നും,		
ശതശഃ	നൂറുകണക്കായും	ഗിരിസന്നിഭാഃ	മലകൾക്കൊത്ത
അഥ	അപ്രകാരംതന്നെ	നാഗാഃ ച	ഗജങ്ങളും
സഹസ്രശഃ	ആയിരക്കണക്കായുമുള്ള	രാമം	ശ്രീരാമനെ
മുഖ്യാഃ	വിശേഷപ്പെട്ട	അനുജഗ്മുഃ.	അനുഗമിച്ചു.

അഗ്രതശ്ചാസ്യ സന്നദ്ധാശ്ചന്ദനാഗരുഭൂഷിതാഃ
ഖഡ്ഗചാപധരാഃ ശൂരാ ജഗ്മുരാശംസവോ ജനാഃ. 36

അസ്യ	അദ്ദേഹത്തിന്റെ	ചന്ദനാഗരുഭൂഷിതാഃ,	ചന്ദനം, അകിൽ എന്നവ പൂശിയിരിക്കുന്നവരായി
അഗ്രതഃ,	മുൻഭാഗത്തിലായി		
സന്നദ്ധാഃ	പലവിധ ആയുധപാണികളും	ആശംസവഃ	മഹോത്സവമർന്നോത്സുകന്മാരായ
ഖഡ്ഗചാപധരാഃ	ഖഡ്ഗം, ധനുസ്സ് എന്നവ കയ്യിലേന്തിയവരുമായ	ജനാഃ ച	ജനങ്ങളും
ശൂരാഃ,	പടയാളികളും,	ജഗ്മുഃ.	ഗമിച്ചു.

["ആശംസവഃ". ശ്രീരാമന്ന് വിജയാശീർവ്വാദങ്ങളെ ആശംസിക്കുന്നവർ ഗൊ. രാ. വംശാവലികളെ പ്രശംസിക്കുന്നവർ, എന്നു ശിരോമണി.]

തതോ വാദിത്രശബ്ദാശ്ച സ്തുതിശബ്ദാശ്ച വന്ദിനാം
സിംഹനാദാശ്ച ശൂരാണാം തദാ ശുശ്രുവിരേ പഥി. 37

തതഃ	അവിടെ	വന്ദിനാം	വന്ദികളുടെ
തദാ	ആ സമയം	സ്തുതിശബ്ദാഃ ച	സ്തുതിഘോഷങ്ങളും
പഥി	വഴിയിൽ	ശൂരാണാം	യോദ്ധാക്കളുടെ
വാദിത്രശബ്ദാഃ ച	മംഗളവാദ്യഘോഷങ്ങളും	സിംഹനാദാഃ ച	സിംഹനാദങ്ങളും
		ശുശ്രുവിരേ.	കേൾക്കപ്പെട്ടു.

ഹർമ്മ്യവാതായനസ്ഥാഭിർഭൂഷിതാഭിഃ സമന്തതഃ
കീൎയ്യമാണഃ സുപുഷ്പൗഘൈൎയ്യയൗ സ്ത്രീഭിരരിന്ദമഃ. 38

ഹർമ്മ്യ-വാതായന-സ്ഥാഭിഃ	മാളികമുകളിൽ ജനലിന്നരികെ നിന്നിരുന്നവരും,
ഭൂഷിതാഭിഃ	അലംകൃതകളുമായ
സ്ത്രീഭിഃ	സ്ത്രീകളാൽ
സുപുഷ്പൗഘൈഃ	സുഗന്ധപുഷ്പങ്ങളാൽ
സമന്തതഃ	എങ്ങും
കീൎയ്യമാണഃ,	അഭിവർഷിക്കപ്പെട്ടവനായി
അരിന്ദമഃ	ജയശാലിയായ അദ്ദേഹം
യയൗ.	പൊയ്ക്കൊണ്ടിരുന്നു.

രാമം സൎവ്വാനവദ്യാംഗ്യോ രാമപ്രിയചികീൎഷവഃ
വചോഭിരഗ്ര്യൈർഹർമ്മ്യസ്ഥാഃ ക്ഷിതിസ്ഥാശ്ച വവന്ദിരേ. 39

ഹർമ്മ്യസ്ഥാഃ	മേടകളിലിരുന്നിരുന്നവരും,
ക്ഷിതിസ്ഥാഃ	ചുവട്ടിൽ നിലത്തു നിന്നിരുന്നവരും,
രാമപ്രിയ-ചികീൎഷവഃ	ശ്രീരാമപ്രസാദത്തെ കാംക്ഷിക്കുന്നവരും,
സൎവ്വാ-നവദ്യാംഗ്യഃ ച	പരിശുദ്ധമായ അന്തഃകരണത്തോടുകൂടിയവരുമായ സ്ത്രീകൾ,
അഗ്ര്യൈഃ	ഉത്തമങ്ങളായ
വചോഭിഃ	ഈ സ്തോത്രങ്ങളെക്കൊണ്ടു
രാമം	ശ്രീരാമനെ
വവന്ദിരേ.	സേവചെയ്തു!

നൂനം നന്ദതി തേ മാതാ കൗസല്യാ മാതൃനന്ദന
പശ്യന്തീ സിദ്ധയാത്രം ത്വാം പിത്ര്യം രാജ്യമവസ്ഥിതം. 40

“മാതൃനന്ദന!	“അല്ലയോ മാതൃപ്രീതികരനായുള്ളോവെ!
തേ മാതാ	നിന്തിരുവടിയുടെ മാതാവായ
കൗസല്യാ,	കൗസല്യാദേവി,
പിത്ര്യം	പൂൎവ്വീകന്മാർ നടത്തിവന്നിരുന്നതായ
രാജ്യം	രാജ്യാധികാരത്തിൽ
അവസ്ഥിതം,	നിയമിക്കപ്പെട്ടവനായി,
സിദ്ധയാത്രം,	പരിപാവനമായ മഹോത്സവയുക്തനായ,
ത്വാം	നിന്തിരുവടിയെ
നൂനം	ഇക്ഷണത്തിൽ
പശ്യന്തീ	കൺകളുക്കൊണ്ടു
നന്ദതി,”	ആനന്ദസാഗരനിമഗ്നയായിത്തീരും.”

[“സിദ്ധയാത്രം” (യാത്ര, എഴുന്നെള്ളത്ത് സഫലമായ്ഭവിച്ചവനായ) ഗൊ. രാ.]

സൎവ്വസീമന്തിനിഭ്യശ്ച സീതാം സീമന്തിനീം വരാം
അമന്യന്ത ഹി താ നാൎയ്യോ രാമസ്യ ഹൃദയപ്രിയാം 41
തയാ സുചരിതം ദേവ്യാ പുരാ നൂനം മഹത്തപഃ
രോഹിണീവ ശശാങ്കേന രാമസംയോഗമാപ യാ. 42

ച	അതിൽ പിന്നെ,
താഃ നാൎയ്യഃ	ആ നാരിമാർ,
നൂനം	ആ സമയം
രാമസ്യ	ശ്രീരാമന്റെ
ഹൃദയപ്രിയാം	മനഃകാന്തയും
സൎവ്വ-സീമന്തിനീഭ്യഃ	സൎവ്വ സ്ത്രീജനങ്ങളിലും വെച്ച്
വരാം സീമന്തിനീം	ഉത്തമയുമായ
സീതാം ഹി	സീതാദേവിയെപ്പററിയും
അമന്യന്ത:—	ഇപ്രകാരം പുകഴ്ത്തി:—
“	“

രാമസംയോഗം,	ശ്രീരാമനുമായുള്ള ബന്ധത്തെ,
രോഹിണീ	രോഹിണീദേവി
ശശാങ്കേന ഇവ,	ചന്ദ്രനോട് എന്നപോലെ,
അപ,	പ്രാപിച്ചുവോ,
തയാ	അപ്രകാരമുള്ള
ദേവ്യാ,	ദേവിയാൽ,
പുരാ	പൂൎവ്വജന്മത്തിൽ
മഹത്	എത്രയോ
തപഃ	തപസ്സ്
സുചരിതം."	ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കണം."

ഇതി പ്രാസാദശൃംഗേഷു പ്രമദാഭിൎന്നരോത്തമഃ
ശുശ്രാവ രാജമാൎഗ്ഗസ്ഥഃ പ്രിയാ വാച ഉദാഹൃതാഃ. 43

രാജമാൎഗ്ഗസ്ഥഃ	രാജമാൎഗ്ഗത്തിൽ എഴുന്നെള്ളത്ത് പോയിക്കൊണ്ടിരുന്ന
നരോത്തമഃ,	പുരുഷോത്തമൻ,
പ്രാസാദശൃംഗേഷു	മാളികകളുടെ മുകളിൽ
പ്രമദാഭിഃ	സ്ത്രീകളാൽ
ഇതി	ഇപ്രകാരം
ഉദാഹൃതാഃ	ഉരചെയ്യപ്പെട്ട
പ്രിയാഃ വാചഃ	പ്രിയവചനങ്ങളെ
ശുശ്രാവ.	ചെവിക്കൊണ്ടു.

സ രാഘവസ്തത്ര കഥാപ്രലാപാൻ
ശുശ്രാവ ലോകസ്യ സമാഗതസ്യ
ആത്മാധികാരാ വിവിധാശ്ച വാചഃ
പ്രഹൃഷ്ടരൂപസ്യ പുരോ ജനസ്യ. 44

സഃ രാഘവഃ,	ആ ശ്രീരാഘവൻ,
തത്ര	ആ സമയം
പ്രഹൃഷ്ടരൂപസ്യ	അത്യാനന്ദഭരിതരായ
പുരഃ	പുരത്തിലുള്ള
ജനസ്യ,	ജനത്തിന്റെയും,
സമാഗതസ്യ	വന്നുചേൎന്നവരായ
ലോകസ്യ,	നാട്ടാരുടേയും,
ആത്മാധികാരാഃ	തന്നെപ്പറ്റിയുള്ള
വിവിധാഃ വാചഃ	വിവിധങ്ങളായ ഇപ്രകാരമുള്ള സ്തോത്രവചനങ്ങളേയും
കഥാപ്രലാപാൻ ച	അന്യോന്യസംഭാഷണങ്ങളേയും
ശുശ്രാവ.	ശ്രവിച്ചു.

ഏഷ ശ്രിയം ഗച്ഛതി രാഘവോഽദ്യ
രാജപ്രസാദാദ്വിപുലാം ഗമിഷ്യൻ
ഏതേ വയം സൎവ്വസമൃദ്ധകാമാ
യേഷാമയം നോ ഭവിതാ പ്രശാസ്താ. 45

"ഏഷഃ	"ഈ
രാഘവഃ,	ശ്രീരാഘവൻ,
രാജപ്രസാദാത്	മഹാരാജാവിന്റെ പ്രസാദത്താൽ
അദ്യ	ഇന്ന്
വിപുലാം	മഹത്തായ
ശ്രിയം	ഭാഗ്യത്തെ
ഗമിഷ്യൻ	പ്രാപിക്കുന്നവനായി
ഗച്ഛതി;	ഭവിപ്പാൻ പോകുന്നു;
യേഷാം നഃ	യാതൊരു നമ്മൾക്ക്
അയം	ഇദ്ദേഹം
പ്രശാസ്താ	രാജാവായി
ഭവിതാ,	ഭവിപ്പാൻ പോകുന്നുവോ,
ഏതേ	അപ്രകാരമുള്ള ഈ
വയം	നമ്മൾ
സൎവ്വസമൃദ്ധകാമാഃ.	സൎവ്വാഭീഷ്ടങ്ങളും സാധിച്ചവർതന്നെ.

ലാഭോ ജനസ്യാസ്യ യദേഷ സർവ്വം പ്രപത്സ്യതേ രാഷ്ട്രമിദം ചിരായ
ന ഹ്യപ്രിയം കിഞ്ചന ജാതു കശ്ചിത് പശ്യേന്ന ദുഃഖം മനുജാധിപേഽസ്മിൻ.

“ഏഷഃ	“ഇദ്ദേഹം	മനുജാധിപേ,	മഹാരാജാവായിരിക്കുമ്പോൾ,
ഇദം സർവ്വം	ഈ എല്ലാ		
രാഷ്ട്രം ഹി	രാജ്യത്തെയും	കശ്ചിത്	യാതൊരുവനും
ചിരായ	ഏറെക്കാലം	കിഞ്ചന	ഒട്ടെങ്കിലും
പ്രപത്സ്യതേ,	ഭരിക്കുമാറാകും,	ജാതു	ഒരിക്കലും
യത്	എന്നുള്ള യാതൊന്നത	ദുഃഖം	കഷ്ടമെന്നുള്ളത്
അസ്യ ജനസ്യ	ഈ ജനത്തിന്റെ[ന്നെ	പശ്യേത് ന;	അനുഭവിക്കയില്ല;
ലാഭഃ;	ഭാഗ്യം;	അപ്രിയം ന.”	അപ്രിയത്തെയും അനുഭവിക്കയില്ല.”
അസ്മിൻ	ഇദ്ദേഹം		

സ ഘോഷവദ്ഭിശ്ച ഹയൈശ്ച നാഗൈഃ
പുരസ്സരൈഃ സ്വസ്തികസൂതമാഗധൈഃ
മഹീയമാനഃ പ്രവരൈശ്ച വാദകൈഃ
അഭിഷ്ടുതോ വൈശ്രവണോ യഥാ യയൌ. 47

ഘോഷവദ്ഭിഃ	ശബ്ദിക്കുന്നവയായ	മഹീയമാനഃ,	സ്തുതിക്കപ്പെട്ടവനായി,
ഹയൈഃ ച	കുതിരകളോടും	പ്രവരൈഃ	ശ്രേഷ്ഠരായ
നാഗൈഃ ച	ആനകളോടുംകൂടി	വാദകൈഃ ച	ഗായകന്മാരാലും
പുരസ്സരൈഃ	മുമ്പിൽ ഗമിച്ചിരുന്ന	അഭിഷ്ടുതഃ	പുകഴ്ത്തപ്പെട്ടവനായി,
സ്വസ്തിക- സൂതമാഗധൈഃ	സ്വസ്തിവാചകരായ സൂതർ, മാഗധർ എന്നവരാൽ	സഃ	അദ്ദേഹം
		വൈശ്രവണഃ യഥാ	കുബേരസദൃശനായ്
		യയൌ.	വിളങ്ങി.

കരേണുമാതംഗരഥാശ്വസങ്കുലം മഹാജനൌഘപ്രതിപൂർണ്ണചത്വരം
പ്രഭൂതരത്നം ബഹുപണ്യസഞ്ചയം ദദർശ രാമോ രുചിരം മഹാപഥം 48

രാമഃ,	ശ്രീരാമൻ, [വീഥിയെ,	പ്രഭൂതരത്നം,	നവരത്നങ്ങൾ നിറഞ്ഞിരിക്കുന്നതായി,
മഹാപഥം,	മഹത്തായ രാജ-		
കരേണു- മാതംഗ- രഥാശ്വ- സങ്കുലം,	പിടിയാനകൾ, കൊമ്പനാനകൾ, രഥങ്ങൾ, തുരഗങ്ങൾ ഇവകളാൽ നിറയപ്പെട്ട്,	ബഹു- പണ്യസഞ്ചയം	പലപല വില്പനച്ചരക്കുകൾ കുന്നിച്ചിരിക്കുന്നവയാൽ നിറയപ്പെട്ടുവിളങ്ങുന്നതായി,
മഹാജനൌഘ പ്രതിപൂർണ്ണ- ചത്വരം,	വമ്പിച്ച ജനതതിയാൽ നിറയപ്പെട്ട് വിളങ്ങുന്നതായ നാൽക്കൂട്ടവഴികളോടുകൂടിയതായി,	രുചിരം	അതിരമണീയമായിരി[ക്കുന്നതായി,
		ദദർശ.	കണ്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഷോഡശഃ സർഗ്ഗഃ = പതിനാറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 3129; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 774.

സപ്തദശഃ സൎഗ്ഗഃ = പതിനേഴാംസൎഗ്ഗം.

[ശ്രീരാമാഗമനം = ശ്രീരാമൻ ദശരഥമഹാരാജാവിന്റെ അടുക്കൽ വരുന്നത്.]

സ രാമോ രഥമാസ്ഥായ സംപ്രഹൃഷ്ടസുഹൃജ്ജനഃ
പതാകാധ്വജസമ്പന്നം മഹാൎഹാഗരുധൂപിതം
അപശ്യന്നഗരം ശ്രീമാൻ നാനാജനസമാകുലം. 1

രഥം	രഥത്തിൽ
ആസ്ഥായ,	കയറിക്കൊണ്ട്,
സംപ്രഹൃഷ്ട-സുഹൃജ്ജനഃ	സൎവ്വപ്രകാരത്തിലും സന്തോഷത്തോടുകൂടിയവരായ ശോഭനമനസ്സന്മാരായ ജനങ്ങളോടുകൂടിയവനായ
ശ്രീമാൻ	ശ്രീമാനായ
സഃ രാമഃ	ആ ശ്രീരാമൻ,
നഗരം	നഗരത്തെ
പതാകാധ്വജ-സമ്പന്നം	പതാക, ധ്വജം എന്നവയോടുകൂടിയതായും,
മഹാൎഹാഗരു-ധൂപിതം	അത്യുത്തമമായ അകിൽ പുകയ്ക്കപ്പെട്ടതായും,
നാനാജന-സമാകുലം	നാനാജനങ്ങളാൽ നിറയപ്പെട്ടതായും
അപശ്യത്.	കണ്ടു.

[“നാനാജനസമാകുലം”, പല അജനന്മാരായ, ജരാമരണരഹിതന്മാരായ, ജനങ്ങളോടുകൂടിയ സ്വൎഗ്ഗം എന്നപോലെ (സത്യ. തീ.]

സ ഗൃഹൈരഭ്രസങ്കാശൈഃ പാണ്ഡുരൈരുപശോഭിതം
രാജമാൎഗ്ഗം യയൌ രാമോ മദ്ധ്യേനാഗരുധൂപിതം. 2

സഃ രാമഃ	ആ ശ്രീരാമൻ
അഭ്രസങ്കാശൈഃ	മേഘത്തിനൊത്തവയായ
പാണ്ഡുരൈഃ	വെളുവെളുത്ത
ഗൃഹൈഃ	ഭവനങ്ങളാൽ
ഉപശോഭിതം	ഇരുപാടുംവിളങ്ങുന്നതും
അഗരുധൂപിതം	അകിൽ പുകച്ചതും ആയ
രാജമാൎഗ്ഗം	രാജവീഥിയിൽ
മദ്ധ്യേന	നടുവിൽ കൂടി
യയൌ.	എഴുന്നെള്ളി.

ചന്ദനാനാം ച മുഖ്യാനാമഗരൂണാം ച സഞ്ചയൈഃ
ഉത്തമാനാം ച ഗന്ധാനാം ക്ഷൌമകൌശാംബരസ്യ ച 3
അവിദ്ധാഭിശ്ച മുക്താഭിരുത്തമൈഃ സ്ഫാടികൈരപി
ശോഭമാനമസംബാധം തം രാജപഥമുത്തമം 4
സംവൃതം വിവിധൈഃ പണ്യൈൎഭക്ഷ്യൈരുച്ചാവചൈരപി
ദദൎശ തം രാജപഥം ദിവി ദേവപഥം യഥാ 5
ദധ്യക്ഷതഹവിർല്ലാജൈൎദ്ധൂപൈരഗരുചന്ദനൈഃ
നാനാമാല്യോപഗന്ധൈശ്ച സദാഭ്യൎച്ചിതചത്വരം. 6

ദിവി	ദേവലോകത്തിൽ
തം	ശ്രേഷ്ഠവും
സദാ ദേവപഥം യഥാ	എല്ലായ്പോഴും ദേവന്മാർ സഞ്ചരിക്കുന്ന മാൎഗ്ഗം പോലെയുള്ളതും
രാജപഥം	നഗരവീഥികളിൽവെച്ച് വിശേഷപ്പെട്ടതും
ഉത്തമം	ഉത്തമവും
അസംബാധം	വിസ്താരമുള്ളതുമായ
തം രാജപഥം,	ആ രാജമാൎഗ്ഗത്തെ

മുഖ്യാനാം	നല്ല
ചന്ദനാനാം ച	ചന്ദനങ്ങളോടെയും
അഗരൂണാം ച	അകില്കളോടെയും
ഉത്തമാനാം	ശ്രേഷ്ഠങ്ങളായ
ഗന്ധാനാം ച	വാസനദ്രവ്യങ്ങളോടെയും
ക്ഷൌമ- കൌശാം- ബരസ്യ ച	കലൎപ്പില്ലാത്ത പട്ടും, പട്ടുകലൎന്നവയും ആയ വസ്ത്രങ്ങളോടെയും
സഞ്ചയൈഃ,	സമൂഹങ്ങളാലും,
അവിദ്ധാഭിഃ	തുളയ്ക്കാത്ത പുതിയ
മുക്താഭിഃ ച	നന്മുത്തുകളാലും
ഉത്തമൈഃ	ശ്രേഷ്ഠങ്ങളായ
സ്ഫാടികൈഃ അപി	സ്ഫടികങ്ങളാലും,
ശോഭമാനം,	വിളങ്ങുന്നതായും,
വിവിധൈഃ	വിധംവിധമായ

പണ്യൈഃ	വ്യാപാരച്ചരക്കുകളാലും
ഉച്ചാവചൈഃ	പലമാതിരിയായ
ഭക്ഷ്യൈഃ അപി	ഭക്ഷ്യങ്ങളാലും
ദധ്യക്ഷത- ഹവിൎല്ലാജൈഃ	തയിർ, അക്ഷത, നെയ്യ്, പൊരി എന്നവയാലും
സംവൃതം,	നിറയപ്പെട്ടതായും,
ധൂപൈഃ	പരിമളവസ്തുക്കളാലും
അഗരു- ചന്ദനൈഃ	അകിൽ, ചന്ദനം എന്നവയാലും
നാനാ- മാല്യോപ- ഗന്ധൈഃ	നാനാമാതിരിയായ മണമാൎന്ന മാലകളാലും,
അഭ്യൎച്ചിത- ചത്വരം ച	പൂജിക്കപ്പെട്ട ചത്വരങ്ങളോടുകൂടിയതായും
ദദൎശ.	സന്ദൎശിച്ചു.

ആശീൎവ്വാദാൻ ബഹൂൻ ശൃണ്വൻ സുഹൃദ്ഭിഃ സമുദീരിതാൻ
യഥാൎഹം ചാപി സംപൂജ്യ സൎവ്വാനേവ നരാൻ യയൌ. 7

സുഹൃദ്ഭിഃ	പുണ്യാത്മാക്കളാൽ
സമുദീരിതാൻ	ഉരചെയ്യപ്പെട്ട
ബഹൂൻ	പല
ആശീൎവ്വാദാൻ	ആശീൎവ്വാദവചനങ്ങളെ
ശൃണ്വൻ	കേട്ടുകൊണ്ടു് അദ്ദേഹം

നരാൻ സൎവ്വാൻ അപി	എല്ലാ ജനങ്ങളെയും
യഥാൎഹം ഏവ	അവരവൎക്കു് യോജിച്ച മാതിരിതന്നെ
ച	അങ്ങിനെ
സംപൂജ്യ	കടാക്ഷിച്ചുകൊണ്ടു്
യയൌ.	എഴുന്നെള്ളി.

പിതാമഹൈരാചരിതം തഥൈവ പ്രപിതാമഹൈഃ
അദ്യോപാദായ തം മാൎഗ്ഗമഭിഷിക്തോഽനുപാലയ 8
യഥാ സ്മ ലാളിതാഃ പിത്രാ യഥാ പൂൎവ്വൈഃ പിതാമഹൈഃ
തതഃ സുഖതരം സൎവ്വേ രാമേ വത്സ്യാമ രാജനി 9
അലമദ്യ ഹി ഭുക്തേന പരമാൎത്ഥൈരലം ച നഃ
യഥാ പശ്യാമ നിൎയ്യാന്തം രാമം രാജ്യേ പ്രതിഷ്ഠിതം 10
അതോ ഹി നഃ പ്രിയതരം നാന്യത്കിഞ്ചിദ്ഭവിഷ്യതി
യഥാഽഭിഷേകോ രാമസ്യ രാജ്യേനാമിതതേജസഃ 11
ഏതാശ്ചാന്യാശ്ച സുഹൃദാമുദാസീനഃ കഥാഃ ശുഭാഃ
ആത്മസംപൂജനീഃ ശൃണ്വൻ യയൌ രാമോ മഹാപഥം. 12

“ അദ്യ	“ ഇന്നദിവസം
അഭിഷിക്തഃ	പട്ടാഭിഷേകംചെയ്യപ്പെട്ടവനായി,
പിതാമഹൈഃ	മുത്തശ്ശന്മാരാലും
പ്രപിതാമഹൈഃ	മുതുമുത്തശ്ശന്മാരാലും
ആചരിതം	അനുഷ്ഠിക്കപ്പെട്ടതായ
താം മാർഗ്ഗം ഏവ	ആ മുറയെത്തന്നെ
ഉപാദായ	അനുസരിച്ച്,
തഥാ	അതുവിധംതന്നെ
അനുപാലയ ;	നിന്തിരുവടി പരിപാലിക്കുമാറാകേണം ;
പിത്രാ	അച്ഛൻതിരുമേനിയാൽ
യഥാ	എപ്രകാരം
പൂർവ്വൈഃ	മുമ്പുള്ള
പിതാമഹൈഃ	കാരണവന്മാരാലും
യഥാ	എപ്രകാരം
ലാളിതാഃ സ്മ	ഞങ്ങൾ പരിപാലനം ചെയ്യപ്പെട്ടുവൊ,
തതഃ	അതിലും
സുഖതരം	അതിസുഖമായി
സർവ്വേ	നാമെല്ലാവരും
രാമേ	ശ്രീരാമൻ
രാജനി	രാജാവായി വാഴുന്നകാലം
വത്സ്യാമഃ ;	വസിക്കുമാറാകും ;
രാജ്യേ	രാജ്യപരിപാലനത്തിൽ
പ്രതിഷ്ഠിതം	നിയമിക്കപ്പെട്ടവനായി
നിർയ്യാന്തം	എഴുന്നെള്ളുന്നവനായ
രാമം	ശ്രീരാമനെ
അദ്യ	ഇപ്പോൾ
പശ്യാമഃ;	നാം കൺകുളുർക്കെ പ്രത്യക്ഷത്തിൽ കാണുന്നു ;
യഥാ	ആകയാൽ

നഃ	നമുക്ക്
ഭുക്തേന അലം	ഐഹികസുഖത്തിൽ ആഗ്രഹമില്ല ;
പരമാർത്ഥൈഃ ച ഹി	ഉത്തമങ്ങളായ സ്വർഗ്ഗാദിസുഖങ്ങളിലുംകൂടി
അലം ;	ഇച്ഛയില്ല ;
അമിതതേജസഃ	അളവററ തേജസ്സോടുകൂടിയവനായ
രാമസ്യ	ശ്രീരാമന്റെ
രാജ്യേന അഭിഷേകഃ	യൌവരാജ്യാഭിഷേകം എന്നുള്ളത്
യഥാ	എപ്രകാരമായുള്ളതോ അപ്രകാരമുള്ളതും
അതഃ	അതിനും മേലെയുള്ളതും ആയ
നഃ	നമുക്ക്
പ്രിയതരം	അത്യന്തപ്രിയമായുള്ള
അന്യത് കിഞ്ചിത്	മറെറാന്നും
ഭവിഷ്യതി ന ഹി,"	ഉണ്ടാകതന്നേയില്ല,"
ഏതാഃ ച	എന്നിങ്ങിനെയും
അന്യാഃ ച	മററും
ആത്മസംപൂജനീഃ	തന്നെ ബഹുമാനിക്കുന്നവയായ
ശുഭാഃ	മംഗളകരങ്ങളായ
സുഹൃദാം	പുണ്യജനങ്ങളുടെ
കഥാഃ	വാക്കുകളെ
ശൃണ്വൻ,	ചെവിക്കൊണ്ടവനായി
രാമഃ	ശ്രീരാമൻ
ഉദാസീനഃ	പ്രീതിദ്വേഷരഹിതനായി (നിർവ്വികാരനായി)
മഹാപഥം	രാജവീഥിയിൽക്കൂടി
യയൌ.	എഴുന്നെള്ളി.

ന ഹി തസ്മാന്മനഃ കശ്ചിച്ചക്ഷുഷീ വാ നരോത്തമാത്
നരഃ ശക്നോത്യപാക്രഷ്ടുമതിക്രാന്തേഽപി രാഘവേ 13

രാഘവേ	ശ്രീരാഘവൻ
അതിക്രാന്തേ അപി	വളരെ ദൂരത്തെത്തിക്കഴിഞ്ഞിട്ടുംകൂടി
നരോത്തമാത്	പുരുഷോത്തമനായ
തസ്മാത്,	അദ്ദേഹത്തെവിട്ട്,

നരഃ ഹി	നരനും
മനഃ	മനസ്സിനെയാകട്ടെ
ചക്ഷുഷീ വാ,	ഇരുകണ്ണുകളെയാകട്ടെ
അപാക്രഷ്ടും	വേറെദിക്കിലേക്കാക്കുവാൻ

യശ്ച രാമം ന പശ്യേത്തു യം ച രാമോ ന പശ്യതി
നിന്ദിതഃ സ വസേല്ലോകേ സ്വാത്മാപ്യേനം വിഗർഹതേ. 14

യഃ	യാതൊരുവൻ	ലോകേ	ലോകത്തിൽ
രാമം, തു	ശ്രീരാമനെ, ഉള്ളവണ്ണം	നിന്ദിതഃ	ദുഷ്ടനായി
പശ്യേത് ന ച,	അറിയാതിരിക്കുന്നുവൊ	വസേത് ;	ജീവിതത്തെ നയിക്കും;
രാമഃ	ശ്രീരാമൻ	സ്വാത്മാ	തന്റെ സ്വന്തം ആ[ത്മാവുതന്നെ
യം	യാതൊരുവനെ	ഏനം	ഇവനെ
പശ്യതി ന ച,	അനുഗ്രഹിക്കുന്നില്ല[യൊ,	അപി	കാലക്രമത്തിൽ
സഃ	അവൻ	വിഗർഹതേ.	നിന്ദിക്കും.

സർവ്വേഷാം ഹി സ ധർമ്മാത്മാ വർണ്ണാനാം കുരുതേ ദയാം
ചതുർണ്ണാം ഹി വയഃസ്ഥാനാം തേന തേ തമനുവ്രതാഃ. 15

ധർമ്മാത്മാ ഹി	കൃപചെയ്തനുഗ്രഹിക്കുന്നതുതന്നെ വ്രതമായി കയ്ക്കൊണ്ട പുണ്യാ[ത്മാവായ	സർവ്വേഷാം	എല്ലാവർക്കും
സഃ	അദ്ദേഹം	ദയാം കുരുതേ ;	ശരണംനൽകുന്നു;
ചതുർണ്ണാം	നാല്	തേന ഹി	അക്കാരണത്താൽ തന്നെ
വർണ്ണാനാം	ജാതികൾക്കും	തേ	അവർ
വയഃസ്ഥാനാം	(ശൈശവംമുതൽ വാർദ്ധക്യംവരെയുള്ള) ഏതുവയസ്സിലുള്ള	തം	അദ്ദേഹത്തെക്കുറിച്ച്
		അനുവ്രതാഃ.	അചഞ്ചലഭക്തിയുക്തന്മാരായിരിക്കുന്നു.

[“സർവ്വേഷാം” (നാലുജാതിയിൽപെടാത്ത അവർണ്ണർക്കും.) ശിരോ.]

ചതുഷ്പഥാൻ ദേവപഥാംശ്ചൈത്യാന്യായതനാനി ച
പ്രദക്ഷിണം പരിഹരഞ്ജഗാമ നൃപതേഃ സുതഃ. 16

നൃപതേഃ സുതഃ	രാജകുമാരനായ ശ്രീരാ[മൻ	ആയതനാനി ച	യാഗശാലകളേയും
ചതുഷ്പഥാൻ	സന്ന്യാസിമാരേയും	പ്രദക്ഷിണം	പ്രദക്ഷിണമായ്
ചൈത്യാനി	അരയാൽത്തറകളേയും	പരിഹരൻ	ചെന്നുകൊണ്ട്
ദേവപഥാൻ	ദേവാലയങ്ങളേയും	ജഗാമ.	എഴുന്നെള്ളി.

സ രാജകുലമാസാദ്യ മേഘസംഘോപമൈഃ ശുഭൈഃ
പ്രാസാദശൃംഗൈർവ്വിവിധൈഃ കൈലാസശിഖരോപമൈഃ 17
ആവാരയദ്ഭിർഗ്ഗഗനം വിമാനൈരിവ പാണ്ഡുരൈഃ
വർദ്ധമാനഗൃഹൈശ്ചാപി രത്നജാലപരിഷ്കൃതൈഃ 18
തത്പൃഥിവ്യാം ഗൃഹവരം മഹേന്ദ്രസദനോപമം
രാജപുത്രഃ പിതുർവ്വേശ്മ പ്രവിവേശ ശ്രിയാ ജ്വലൻ. 19

ശ്രിയാ	സ്വാഭാവികമായ ശ്രീ കൊണ്ട്
ജ്വലൻ	തേജോമയമായി വിള
രാജപുത്രഃ	രാജകുമാരനായ [ങ്ങുന്ന
സഃ,	അദ്ദേഹം,
മേഘസംഘോപമൈഃ	മേഘനിവഹമൊത്തവയും,
ശുഭ്രൈഃ	ഭംഗിയേറിയവയും,
കൈലാസശിഖരോപമൈഃ	കൈലാസ ശിഖരം പോലെയുള്ളവയും
പാണ്ഡുരൈഃ	വെളുവെളുത്തവയും
ഗഗനം ഇവ	ആകാശത്തെത്തന്നെ
ആവാരയദ്ഭിഃ	മറയ്ക്കുന്നവയും ആയ
വിമാനൈഃ,	വിമാനങ്ങളാലും,
വിവിധൈഃ	പലവിധങ്ങളായ
പ്രാസാദശൃംഗൈഃ,	മണിമേടകളാലും,
രത്നജാലപരിഷ്കൃതൈഃ	രത്നസമൂഹങ്ങളാൽ നിൎമ്മിക്കപ്പെട്ടവയും
വൎദ്ധമാനഗൃഹൈഃ,	അഭിവൃദ്ധിയുണ്ടാകത്തക്കവണ്ണം ശില്പശാസ്ത്രപ്രകാരം കെട്ടപ്പെട്ടവയുമായഭവനങ്ങളാലും,
മഹേന്ദ്രസദനോപമം	ഇന്ദ്രഭവനത്തെപ്പോലെയിരിക്കുന്നതും
പൃഥിവ്യാം	ലോകത്തിൽ
ഗൃഹവരം	ഗൃഹങ്ങളിൽവെച്ച് ഉത്തമമായതും
പിതുഃ	പിതാവിന്റെ
വേശ്മ ച	വസതിയായും
രാജകുലം അപി	പാരമ്പൎയ്യമായിത്തന്നെ പൂൎവ്വരാജാക്കന്മാരുടെ അരമനയായുള്ളതും ആയ
തത്	അതിനെ
ആസാദ്യ	നോക്കി
പ്രവിവേശ.	എഴുന്നെള്ളി.

സ കക്ഷ്യാ ധന്വിഭിൎഗ്ഗുപ്താസ്തിസ്രോഽതിക്രമ്യ വാജിഭിഃ
പദാതിരപരേ കക്ഷ്യേ ദ്വേ ജഗാമ നരോത്തമഃ. 20

നരോത്തമഃ	പുരുഷോത്തമനായ
സഃ	അദ്ദേഹം
ധന്വിഭിഃ	വില്ലാളികളാൽ
ഗുപ്താഃ	കാവൽ കാക്കപ്പെട്ട
തിസ്രഃ കക്ഷ്യാഃ	മൂന്നുകെട്ടുകളെ
വാജിഭിഃ	(തേരിൽ പൂട്ടിയ) കുതിരകളോടുകൂടി
അതിക്രമ്യ	കടന്നുചെന്ന്,
അപരേ	മറു
ദ്വേ	രണ്ടു
കക്ഷ്യേ	കെട്ടുകളെ
പദാതിഃ	കാൽനടയായി
ജഗാമ.	കടന്നു.

സ സൎവ്വാഃ സമതിക്രമ്യ കക്ഷ്യാ നരവരാത്മജഃ
സംനിവൎത്ത്യ ജനം സൎവ്വം ശുദ്ധാന്തഃപുരമഭ്യഗാത്. 21

നരവരാത്മജഃ	ചക്രവൎത്തിസുതനായ
സഃ	അദ്ദേഹം
കക്ഷ്യാഃ സൎവ്വാഃ	കെട്ടുകൾ എല്ലാം
സമതിക്രമ്യ	കടന്നുചെന്ന്,
ജനം സൎവ്വം	എല്ലാ ജനത്തെയും
സംനിവൎത്ത്യ	മെല്ലെ വിലക്കിക്കൊണ്ട്,
ശുദ്ധാന്തഃപുരം	മഹാരാജ്ഞിയുടെ അന്തഃപുരത്തിൽ
അഭ്യഗാത്.	പ്രവേശിച്ചു.

തതഃ പ്രവിഷ്ടേ പിതുരന്തികം തദാ
ജനഃ സ സർവ്വോ മുദിതോ നൃപാത്മജേ
പ്രതീക്ഷതേ തസ്യ പുനശ്ച നിർഗ്ഗമം
യഥോദയം ചന്ദ്രമസഃ സരിത്പതിഃ. 22

നൃപാത്മജേ	മഹാരാജകുമാരൻ	ചന്ദ്രമസഃ ഉദയം യഥാ,	ചന്ദ്രന്റെ ഉദയത്തെ എന്നപോലെ,
പിതുഃ അന്തികം	താതസമീപത്തിൽ	തസ്യ	അദ്ദേഹത്തിന്റെ
പ്രവിഷ്ടേ തദാ,	എഴുന്നെള്ളിയ സമയം,	പുനഃ നിർഗ്ഗമം	പുനരാഗമനത്തെ
സഃ	ആ	തതഃ ച	അവിടെനിന്നുതന്നെ
മുദിതഃ ജനഃ	ആനന്ദഭരിതരായ ജനം	പ്രതീക്ഷതേ.	പ്രതീക്ഷിച്ചുംകൊണ്ടു നിന്നു.
സർവ്വഃ,	മുഴുവനും,		
സരിത്പതിഃ	സമുദ്രം		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
സപ്തദശഃ സർഗ്ഗഃ = പതിനേഴാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3151; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 796.

അഷ്ടാദശഃ സർഗ്ഗഃ= പതിനെട്ടാം സർഗ്ഗം.

[കൈകേയ്യാ രാമവനവാസനിവേദനം = കൈകേയി ശ്രീരാമനോട് വനവാസത്തെപ്പററി പറയുന്നത്.]

സ ദദർശാസനേ രാമോ നിഷണ്ണം പിതരം ശുഭേ
കൈകേയീസഹിതം ദീനം മുഖേന പരിശുഷ്യതാ. 1

സഃ രാമഃ	ആ ശ്രീരാമൻ,	പിതരം	പിതാവിനെ
കൈകേയീസഹിതം	കൈകേയിയോടൊന്നിച്ചിരിക്കുന്നവനും,	പരിശുഷ്യതാ	വാടിയ
ശുഭേ	ശ്രേഷ്ഠമായ	മുഖേന	മുഖമണ്ഡലത്തോടെ
ആസനേ	ആസനത്തിൽ	ദീനം	എന്തോ മനസ്സിൽ വേദനപ്പെട്ടുകൊണ്ടിരിക്കുന്ന
നിഷണ്ണം	ഇരിക്കുന്നവനും ആയ	ദദർശ.	കണ്ടറിഞ്ഞു. [വനായി

സ പിതുശ്ചരണൌ പൂർവ്വമഭിവാദ്യ വിനീതവത്
തതോ വവന്ദേ ചരണൌ കൈകേയ്യാഃ സുസമാഹിതഃ. 2

വിനീതവത്	സത്കുലജാതന്മാൎക്കുററ ആചാരത്തോടു കൂടിയവനായ	ചരണൌ	പാദയുഗളത്തെ
		അഭിവാദ്യ,	തൊട്ടു നമസ്കരിച്ച് അഭിവാദനംചെയ്തു,
സഃ	അദ്ദേഹം	തതഃ	അതിൽപിന്നെ
സുസമാഹിതഃ	അല്പവും മനശ്ചാഞ്ചല്യംകൂടാതെ	കൈകേയ്യാഃ	കൈകേയീദേവിയുടെ
		ചരണൌ	തിരുവടികളെ
പൂർവ്വം	മുമ്പിൽ	വവന്ദേ.	തലകുനിച്ചു നമസ്കരിച്ചു.
പിതുഃ	പിതാവിന്റെ		

രാമേത്യുവാച വചനം ബാഷ്പപര്യാകുലേക്ഷണഃ
ശശാക നൃപതിർദ്ദീനോ നേക്ഷിതും നാഭിഭാഷിതും. 3

നൃപതിഃ,	മഹാരാജാവ്,
ദീനഃ	അത്യന്തദുഃഖിതനായി
ബാഷ്പപര്യാകുലേക്ഷണഃ,	കണ്ണീരൊലുന്ന നേത്രങ്ങളാർന്നവനായി
'രാമ' ഇതി	'രാമ' എന്ന
വചനം	ഒരു വാക്കു മാത്രം
ഉവാച;	ഉച്ചരിച്ചു;
ഈക്ഷിതും	കൺതുറന്നുനോക്കുവാൻ
ശശാക ന;	ശക്തനായില്ല;
അഭിഭാഷിതും	വായ് തുറന്നു സംസാരിപ്പാനും
ന.	ശക്തനായില്ല.

തദപൂർവ്വം നരപതേഃ ദൃഷ്ട്വാ രൂപം ഭയാവഹം
രാമോഽപി ഭയമാപന്നഃ പദാ സ്പൃഷ്ട്വേവ പന്നഗം 4
ഇന്ദ്രിയൈരപ്രഹൃഷ്ടൈസ്തം ശോകസന്താപകർശിതം
നിശ്വസന്തം മഹാരാജം വ്യഥിതാകുലചേതസം 5
ഊർമ്മിമാലിനമക്ഷോഭ്യം ക്ഷുഭ്യന്തമിവ സാഗരം
ഉപപ്ലുതമിവാദിത്യമുക്താനൃതമൃഷിം യഥാ. 6

രാമഃ,	ശ്രീരാമൻ,
നരപതേഃ	മഹാരാജാവിന്റെ
രൂപം,	സ്വരൂപത്തെ,
അപ്രഹൃഷ്ടൈഃ	തളർന്നുകുഴങ്ങിയവയായ
ഇന്ദ്രിയൈഃ	ഇന്ദ്രിയങ്ങൾ മൂലം
ശോകസന്താപകർശിതം,	അസഹ്യമായ ശോകത്താൽ പീഡിക്കപ്പെട്ടതായും,
തത്	അതിനെ
അപൂർവ്വം	ഒരിക്കലും ഇപ്രകാരം ഇല്ലാത്തമാതിരി
ഭയാവഹം,	മനസ്സിന്നു ഭയത്തെ ഉണ്ടാക്കുന്നതായും,
തം	ആ
മഹാരാജം അപി	മഹാരാജാവിനേയും
വ്യഥിതാകുലചേതസം	ദുഃഖിച്ചുഴലുന്ന മനതാരോടു കൂടിയവനായും,
നിശ്വസന്തം,	ദീർഘമായ് നിശ്വസിക്കുന്നവനായും,
ഊർമ്മിമാലിനം	തിരമാലകളോടു കൂടിയതും
അക്ഷോഭ്യം	കലക്കപ്പെടുവാൻ കഴിയാത്തതും
ക്ഷുഭ്യന്തം	കലങ്ങിയതും ആയ
സാഗരം ഇവ,	ആഴിയെപ്പോലെയും,
ഉപപ്ലുതം	രാഹുഗ്രസ്തനായ
ആദിത്യം ഇവ,	രവിയെപ്പോലെയും,
ഉക്താനൃതം	കളവോതിയ
ഋഷിം യഥാ	ഋഷിയെപ്പോലെയുമിരിക്കുന്നവനായും,
ദൃഷ്ട്വാ,	കണ്ട്,
പന്നഗം	സർപ്പത്തെ
പദാ	കാൽ കൊണ്ട്
സ്പൃഷ്ട്വാ ഇവ	ചവിട്ടിയാലെന്നപോലെ
ഭയം ആപന്നഃ.	ചഞ്ചലം പൂണ്ടു.

അചിന്ത്യകല്പം ഹി പിതുസ്തം ശോകമുപധാരയൻ
ബഭൂവ സംരബ്ധതരഃ സമുദ്ര ഇവ പർവ്വണി. 7

പിതുഃ	പിതാവിന്റെ
തം ശോകം	ആ ശോകത്തിന്ന്
അചിന്ത്യകല്പം ഹി	കാരണമെന്തെന്നറിയാത്തതിനാൽ
ഉപധാരയൻ,	എന്തുതന്നെയായിരിക്കാമെന്ന് മനസ്സിൽ ചിന്തിക്കുന്നവനായി,
പർവ്വണി	പർവ്വകാലത്തിൽ
സമുദ്രഃ ഇവ	സമുദ്രം എപ്രകാരമൊ അപ്രകാരം
സംരബ്ധതരഃ	മനസ്സു കലങ്ങിയവനായി
ബഭൂവ.	ഭവിച്ചു.

ചിന്തയാമാസ ച തതോ രാമഃ പിതൃഹിതേ രതഃ
കിംസ്വിദദ്യൈവ നൃപതിന്ന മാം പ്രത്യഭിനന്ദതി 8
അന്യദാ മാം പിതാ ദൃഷ്ട്വാ കുപിതോഽപി പ്രസീദതി
തസ്യ മാമദ്യ സംപ്രേക്ഷ്യ കിമായാസഃ പ്രവൎത്തതേ. 9

പിതൃഹിതേ	പിതാവിൻെറ ഹിതം പോലെ നടക്കുന്നതിൽ
രതഃ	വ്രതംപൂണ്ടവനായ
രാമഃ,	ശ്രീരാമൻ,
തതഃ	അക്കാരണത്താൽ
“ കിം സ്വിത്	“ എന്താണൊ
അദ്യ ഏവ	ഇന്നുമാത്രം
നൃപതിഃ	മഹാരാജാവ്
മാം	എന്നെക്കുറിച്ച്
പ്രത്യഭിനന്ദതി ന ?	സന്തോഷിക്കാതിരിക്കുന്നതു് ?
പിതാ	പിതാവ്
അന്യദാ	ഇതിന്നുമുമ്പെല്ലാം

കുപിതഃ അപി	കോപിച്ചിരുന്നാലും
മാം	എന്നെ [കൂടി
ദൃഷ്ട്വാ	കണ്ടു്
പ്രസീദതി ;	കോപത്തെ മറന്നുക
അദ്യ	ഇന്ന് [ളയുമല്ലോ ;
മാം സംപ്രേക്ഷ്യ ച	എന്നെ കണ്ടിട്ടും
തസ്യ	അദ്ദേഹത്തിന്ന്
ആയാസഃ	മനോവേദന
കിം പ്രവൎത്തതേ ?”	എന്തുകൊണ്ടാണ് നിലനില്ക്കുന്നതു് ?” എന്നിങ്ങിനെ
ചിന്തയാമാസ.	തന്നത്താൻ ചിന്തിച്ചു.

സ ദീന ഇവ ശോകാൎത്തോ വിഷണ്ണവദനദ്യുതിഃ
കൈകേയീമഭിവാദ്യൈവ രാമോ വചനമബ്രവീത്. 10

സഃ രാമഃ	ആ ശ്രീരാമൻ
ദീനഃ ഇവ	ദീനനെന്നപോലെ
ശോകാൎത്തഃ,	ദുഃഖംമൂലം ഉത്സാഹഹീനനായി
വിഷണ്ണവദനദ്യുതിഃ,	തിരുമുഖകാന്തി മങ്ങിയവനായി

കൈകേയീം ഏവ	കൈകേയിദേവിയെ മാത്രം
അഭിവാദ്യ,	നോക്കി,
വചനം അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.

കച്ചിന്മയാ നാപരാദ്ധമജ്ഞാനാദ്യേന മേ പിതാ
കുപിതസ്തന്മമാചക്ഷ്വ ത്വം ചൈവൈനം പ്രസാദയ. 11

“ യേന	“ എന്തുകാരണംകൊ
മേ	എൻെറ [ണ്ടാണ്
പിതാ	അച്ഛൻതിരുമേനി
കുപിതഃ ?	ദ്വേഷ്യപ്പെട്ടിരിക്കുന്ന
തത്	അതിനെ [തു് ?
മമ ആചക്ഷ്വ ;	എന്നോടു് അരുളി
മയാ	എന്നാൽ [ചെയ്താലും ;
അജ്ഞാനാത് ഏവ	അറിയാതെയുംകൂടി

അപരാദ്ധം ന	യാതൊരു അപരാധവും ചെയ്യപ്പെട്ടിട്ടില്ലെന്നു്
കച്ചിത് ;	ഞാൻ കരുതുന്നു ;
ച	എന്തായിരുന്നാലും
ത്വം	നിന്തിരുവടി
ഏനം	ഇദ്ദേഹത്തെ
പ്രസാദയ.	സമാധാനപ്പെടുത്തി പ്രസാദിപ്പിച്ചാലും.

അപ്രസന്നമനാഃ കിം ന സദാ മാം പ്രതി വത്സലഃ
വിഷണ്ണവദനോ ദീനോ ന ഹി മാമഭിഭാഷതേ. 12

"സദാ	"എല്ലായ്പ്പോഴും
മാം	എങ്കൽ
വത്സലഃ,	വാത്സല്യത്തോടുകൂടിയ ഇദ്ദേഹം
ദീനഃ	അതിദുഃഖിതനായി,
വിഷണ്ണവദനഃ	മുഖം വാടിയവനായി,
അപ്രസന്നമനാഃ,	അതൃപ്തിപൂണ്ടമനസ്സോടുകൂടിയവനായി,
മാം പ്രതി ഹി	എന്നെ നേരെ കണ്ടിട്ടും
കിം	എന്തുകൊണ്ടാണ്
ന	ഇപ്പോൾ [രിക്കുന്നതു് ?
അഭിഭാഷതേ ന?	ഒന്നും അരുളിച്ചെയ്യാതി

ശാരീരോ മാനസോ വാഽപി കച്ചിദേനം ന ബാധതേ
സന്താപോ വാഽഭിതാപോ വാ ദുർല്ലഭം ഹി സദാ സുഖം. 13

"ശാരീരഃ	"ദേഹസംബന്ധമായ
സന്താപഃ വാ,	പീഡയാകട്ടെ,
മാനസഃ	മാനസികമായ
അഭിതാപഃ വാ,	ദുഃഖംതന്നെയാകട്ടെ,
ദുർല്ലഭം	പ്രാകൃതജനങ്ങൾക്കു് കിട്ടാത്തതായ
സദാ സുഖം	നിത്യാനന്ദയുക്തനായ
ഏനം വാ	ഇദ്ദേഹത്തെ മാത്രം
ബാധതേ ന ഹി,	ബാധിക്കുന്നില്ലെന്നു്
കച്ചിത് അപി.	ഞാൻ കരുതുന്നു.

കച്ചിന്ന കിഞ്ചിദ് ഭരതേ കുമാരേ പ്രിയദർശനേ
ശത്രുഘ്നേ വാ മഹാസത്വേ മാതൄണാം വാ മമാശുഭം. 14

"പ്രിയദർശനേ	"എല്ലാവർക്കും എപ്പോഴും പ്രിയംതന്നെ ചെയ്യുന്നവനായ
കുമാരേ ഭരതേ,	കുമാരനായ ഭരതന്റെ സംഗതിയിലാകട്ടെ,
മഹാസത്വേ	സദാചാരയുക്തനായ
ശത്രുഘ്നേ വാ,	ശത്രുഘ്നന്റെ സംഗതിയിലാകട്ടെ,
മമ	എന്റെ
മാതൄണാം വാ	മാതാക്കൾക്കാകട്ടെ
അശുഭം കിഞ്ചിത്	യാതൊരു സുഖക്കേടും
ന കച്ചിത്.	ഇല്ലെന്നു് ഞാൻ കരുതുന്നു.

അതോഷയന്മഹാരാജമകുർവ്വൻ വാ പിതുർവ്വചഃ
മുഹൂർത്തമപി നേച്ഛേയം ജീവിതും കുപിതേ നൃപേ. 15

"നൃപേ	"മഹാരാജാവു്
കുപിതേ,	കലുഷത പൂണ്ടിരിക്കുമ്പോൾ,
പിതുഃ	പിതാവിന്റെ
വചഃ	ആജ്ഞ
അപി	എന്തായിരുന്നാലും,
അകുർവ്വൻ	അതിനെ ചെയ്യുതിക്കാത്തവനായി
മഹാരാജം	മഹാരാജാവിനു
അതോഷയൻ	സന്തുഷ്ടിയുളവാക്കാതിരിക്കുന്നവനായി
മുഹൂർത്തം വാ	ഒരു ക്ഷണനേരമെങ്കിലും
ജീവിതും	ജീവനോടിരിപ്പാൻ
ഇച്ഛേയം ന.	ഞാൻ ആഗ്രഹിക്കുകയില്ല.

യതോമൂലം നരഃ പശ്യേത് പ്രാദുർഭാവമിഹാത്മനഃ
കഥം തസ്മിന്ന വർത്തേത പ്രത്യക്ഷേ സതി ദൈവതേ. 16

"ഇഹ	"ഈ ലോകത്തിൽ
നരഃ	ഒരു മനുഷ്യൻ
ആത്മനഃ	തന്റെ
പ്രാദുർഭാവം	ജനനത്തിന്നു
യതോമൂലം	കാരണഭൂതനായ യാതൊരുവനെ
പശ്യേത്,	സൂക്ഷ്മമായി അറിയേണമോ അപ്രകാരമുള്ള
പ്രത്യക്ഷേ	പ്രത്യക്ഷ
ദൈവതേ സതി	ദൈവമായ
തസ്മിൻ,	അദ്ദേഹത്തിന്റെ സം
കഥം	എങ്ങിനെ [ഗതിയിൽ
ന വർത്തേത.	അനുസരിക്കാതിരിക്കും.

[ഈ ശ്ലോകത്തിൽതന്നെ ജഗത്കാരണനായ ലോകപിതാവിനെപ്പററിയും കവി സൂചിപ്പിക്കുന്നു. മൂലവും തന്റെ കർമ്മഫലമായ പുനർജ്ജന്മാദിയും യാതൊരുവങ്കൽനിന്നു് എന്നു് ഒരു നരൻ കാണുന്നുവോ, എന്നിത്യാദി ഈ പക്ഷത്തിൽ, 'സതി' എന്നു് കൈകേയീസംബോധന. സത്യ. ധ. തി.]

കച്ചിത്തേ പരുഷം കിഞ്ചിദഭിമാനാത് പിതാ മമ
ഉക്തോ ഭവത്യാ കോപേന യത്രാസ്യ ലുളിതം മനഃ. 17

"അസ്യ	"ഇദ്ദേഹത്തിന്റെ
മനഃ	മനസ്സ്
ലുളിതം	കലങ്ങിയിരിക്കുന്നതി
യത്ര?	കാരണം എന്ത്? [ന്നു
മമ	എന്റെ
പിതാ	പിതാവ്
തേ	നിന്തിരുവടിയുടെ
അഭിമാനാത്	സ്നേഹത്താലൊ
കോപേന	കോപത്താലൊ
ഭവത്യാ	നിന്തിരുവടിയാൽ
കിഞ്ചിത്	വല്ലതും
പരുഷം	പരുഷമായി
ഉക്തഃ കച്ചിത്?	ഉരചെയ്യപ്പെട്ടുവോ?

ഏതദാചക്ഷ്വ മേ ദേവി തത്ത്വേന പരിപൃച്ഛതഃ
കിം നിമിത്തമപൂർവ്വോഽയം വികാരോ മനുജാധിപേ. 18

"ദേവി!	"മാതാവേ!
മനുജാധിപേ	മഹാരാജാവിന്റെ സംഗതിയിൽ
അയം വികാരഃ	ഇപ്രകാരമുള്ള മനോവേദന
അപൂർവ്വഃ;	ഇതുവരെയും ഉണ്ടായിട്ടില്ലാത്തതാണല്ലൊ;
ഏതത്	ഇത്
കിം നിമിത്തം?	എന്തു കാരണത്താലാണ്?
പരിപൃച്ഛതഃ	സംഗതി അറിവാൻ ചോദിക്കുന്നവനായ
മേ	എന്നോട്
തത്ത്വേന	സൂക്ഷ്മമായി
ആചക്ഷ്വ."	അരുളിച്ചെയ്താലും."

ഏവമുക്താ തു കൈകേയീ രാഘവേണ മഹാത്മനാ
ഉവാചേദം സുനിർല്ലജ്ജാ ധൃഷ്ടമാത്മഹിതം വചഃ. 19

ഏവം	മേൽപ്രകാരം
തു	ഇതിനെപ്പററി
മഹാത്മനാ	മഹാത്മാവായ
രാഘവേണ ഉക്താ	ശ്രീരാമനാൽ ചോദിക്കപ്പെട്ടവളായ
കൈകേയീ,	കൈകേയിരാജ്ഞി,
സുനിർല്ലജ്ജാ,	'ചെയ്യത്തക്കതല്ലാത്തതു് ചെയ്യുന്നതിനാൽ ലോകനിന്ദയ്ക്കു് പാത്രമാകുമല്ലോ' എന്നുള്ള ലജ്ജ ചെററുമില്ലാത്തവളായി,
ധൃഷ്ടം	അതികഠിനമായതും
ആത്മഹിതം	തന്റെ ആഗ്രഹത്തെ നല്ലപോലെ വെളിപ്പെടുത്തുന്നതുമായ
ഇദം വചഃ	ഈ വാക്യത്തെ
ഉവാച.	ഉരചെയ്തു.

ന രാജാ കുപിതോ രാമ വ്യസനം നാസ്യ കിഞ്ചന
കിഞ്ചിന്മനോഗതം ത്വസ്യ ത്വദ്ഭയാന്നാഭിഭാഷതേ. 20

"രാമ!	"ശ്രീരാമ!
രാജാ	മഹാരാജാവു്
കുപിതഃ ന;	കോപിച്ചിട്ടും ഇല്ല;
അസ്യ	ഇദ്ദേഹത്തിന്നു്
വ്യസനം തു	യാതൊരുഭാഗ്യക്കുറവും
കിഞ്ചന ന;	ഒട്ടും ഇല്ല;
കിഞ്ചിത്	ഒരു സംഗതി
അസ്യ	ഇദ്ദേഹത്തിന്റെ
മനോഗതം;	അന്തരത്തിൽ ഇപ്പോൾ കിടക്കുന്നുണ്ടു്;
ത്വദ്ഭയാത്	നിനക്കാപത്താകുമൊ എന്ന കാരണത്താൽ
അഭിഭാഷതേ ന.	അരുളിച്ചെയ്യാൻ കഴിയാത്തവനായിരിക്കുകയാണു്.

പ്രിയം ത്വാമപ്രിയം വക്തും വാണീ നാസ്യോപവർത്തതേ
തദവശ്യം ത്വയാ കാൎയ്യം യദനേനാശ്രുതം മമ. 21

"പ്രിയം	"പുത്രവാത്സല്യത്തിന്നു് പാത്രീഭവിച്ചിരിക്കുന്നവനായ
ത്വാം	നിന്നോടു്
അപ്രിയം	സ്നേഹമില്ലാത്ത വാക്കിനെ
വക്തും	അരുളിച്ചെയ്യാൻ
അസ്യ	ഇദ്ദേഹത്തിന്നു്
വാണീ ന ഉപവർത്തതേ;	വായതുറന്നുപറയുന്നതിന്നുള്ള ശക്തിയില്ലാതിരിക്കുന്നു;
മമ യത്	എനിക്കായി യാതൊന്നു്
അനേന	ഇദ്ദേഹത്താൽ
ആശ്രുതം	വാഗ്ദത്തം ചെയ്യപ്പെട്ടുവൊ
തത്	അതു്
ത്വയാ അവശ്യം	നീ ഒരുവനാൽതന്നെ
കാൎയ്യം.	പൂർത്തിയാക്കേണ്ടതാണു്.

ഏഷ മഹ്യം വരം ദത്ത്വാ പുരാ മാമഭിപൂജ്യ ച
സ പശ്ചാത്തപ്യതേ രാജാ യഥാഽന്യഃ പ്രാകൃതസ്തഥാ. 22

"ഏഷഃ	"ഇദ്ദേഹം
പുരാ	മുമ്പൊരിക്കൽ
മാം	എന്നെ
അഭിപൂജ്യ	പ്രശംസിച്ചു്
മഹ്യം	എന്നോടു്
വരം	ഒരു വാഗ്ദത്തം
ദത്ത്വാ	ചെയ്തരുളിയശേഷം
സഃ ച	അതേ ഈ
രാജാ	രാജാവു്
പ്രാകൃതഃ	അജ്ഞനായ
അന്യഃ യഥാ തഥാ	ഏതോ ഒരു സാധാരണ മനുഷ്യനെന്നപോലെ
പശ്ചാത്തപ്യതേ.	പശ്ചാത്തപിക്കുന്നു.

പ്രതിശ്രുത്യ ദദാമീതി വരം മമ വിശാംപതിഃ
സ നിരർത്ഥം ഗതജലേ സേതും ബന്ധിതുമിച്ഛതി. 23

“ വിശാംപതിഃ	“ മഹാരാജാവ്	സഃ	അദ്ദേഹം
മമ	എന്നോട്	ഗതജലേ	(പുത്രവാത്സല്യമാകുന്ന) ജലതത്വത്തിൽ അകപ്പെട്ടകാരണം
‘ വരം	‘ ആഗ്രഹത്തെ		
ദദാമി,’	ആവശ്യപ്പെടുന്ന സമയം ഞാൻ സാധിപ്പിക്കാം,’	സേതും	ധർമ്മനിബന്ധനയെ
		നിരർത്ഥം	ഫലഹീനമാക്കി
ഇതി	എന്ന്	ബന്ധിതും	ചെയ്വാൻ
പ്രതിശ്രുത്യ	വാഗ്ദത്തംചെയ്തിട്ട്	ഇച്ഛതി.	ഉദ്ദേശിക്കുന്നു.

[“ഗതജലേ സേതും ബന്ധിതുമിച്ഛതി” വെള്ളം വാർന്നുപോയതിന്നുശേഷം അണ കെട്ടുവാൻ ആഗ്രഹിക്കുന്നു, എന്നും അർത്ഥം. അതായത് വരം മുമ്പുതന്നെ തന്നിരിക്കുന്നതുകൊണ്ട്, ഇപ്പോൾ അതിന്നു പരിഹാരം ആലോചിക്കുന്നത് വ്യർത്ഥംതന്നെയെന്നു താല്പര്യം]

ധർമ്മമൂലമിദം രാമ വിദിതം ച സതാമപി
തത്സത്യം ന ത്യജേദ്രാജാ കുപിതസ്ത്വത്കൃതേ യഥാ. 24

“ രാമ !	“ ശ്രീരാമ !	ധർമ്മമൂലം	മോക്ഷത്തിന്നുള്ള അസ്ഥിവാരം ;
ഇദം	ഇത്	യഥാ	ആയതുകൊണ്ട്
വിദിതം ;	പണ്ടേതന്നെ വാഗ്ദത്തം ചെയ്യപ്പെട്ടതെന്ന് അറിയപ്പെട്ടത് ;	കുപിതഃ	കുപിതനായിരിക്കുന്ന
		രാജാ	മഹാരാജാവ്
സത്യം അപി	പറഞ്ഞവാക്കിളക്കാതിരിക്കുക എന്നതുതന്നെയാണ്	ത്വത്കൃതേ ച	നിനക്ക് നന്മചെയ്യണമെന്നുള്ള കാരണം [കൊണ്ടുംകൂടി
		തത്	അതിനെ
സതാം	സത്തുക്കൾക്ക്	ത്യജേത് ന.	ലംഘിക്കരുത്.

[“ഇദം വിദിതം” താഴെപ്പറയുന്ന ധർമ്മതത്വം സജ്ജനങ്ങൾക്ക് അറിവുള്ളതാണല്ലോ. ഗൊ. രാ.]

യദി തദ്വക്ഷ്യതേ രാജാ ശുഭം വാ യദി വാऽശുഭം
കരിഷ്യസി തതഃ സർവ്വമാഖ്യാസ്യാമി പുനസ്ത്വഹം. 25

“ രാജാ	“ മഹാരാജാവ്	അശുഭം	മനസ്സിന്നുരുചിക്കാത്ത
തത്	അതിനെ	യദി വാ	ആയിരുന്നതായാലും [ത്
പുനഃ	വീണ്ടും	കരിഷ്യസി യദി,	നീ ഇപ്പോൾതന്നെ ചെയ്യുമെങ്കിൽ,
വക്ഷ്യതേ ;	ഉള്ളിൽ ഉദ്ദേശിച്ചുകൊണ്ടിരിക്കയാണ് ;	സർവ്വം	എല്ലാററിനേയും
		തതഃ	പിന്നെ
ശുഭം വാ	മനസ്സിന്നൊത്തപോലെയുള്ളതായാലും	അഹം തു	ഞാൻതന്നെ
		ആഖ്യാസ്യാമി.	പറയുന്നുണ്ട്.

യദി ത്വഭിഹിതം രാജ്ഞാ ത്വയി തന്ന വിപത്സ്യതേ
തതോഽഹമഭിധാസ്യാമി ന ഹ്യേഷ ത്വയി വക്ഷ്യതി. 26

"ത്വയി	"നിന്നോട്	അഭിഹിതം,—	വാഗ്ദത്തം ചെയ്യപ്പെട്ട
ഏഷഃ	ഇദ്ദേഹം	തത്	അത് [ആയതിനെ,—
വക്ഷ്യതി ന;	അരുളിച്ചെയ്കയില്ല;	ത്വയി	നിന്റെ സംഗതിയിൽ
തതഃ	ആയതുകൊണ്ട്	വിപത്സ്യതേ	നിഷ്പ്രയോജനമായ്
അഹം ഹി	ഞാൻ തന്നെ,		തീരുക
രാജ്ഞാ തു	മഹാരാജാവിനാൽ	ന യദി—	ഇല്ലെന്നുവരികിൽ—
	നേരിട്ട്	അഭിധാസ്യാമി."	പറഞ്ഞുതരാം."

[നിന്നോടു പറഞ്ഞാൽ നിഷ്പ്രയോജനമായ്തീൎന്നേക്കുമോ എന്നുള്ള ശങ്കകൊണ്ടാണ് രാജാവ് നിന്നോട് പറയാതിരിക്കുന്നത്. എന്നു താല്പൎയ്യം. ഗൊ. രാ.]

ഏതത്തു വചനം ശ്രുത്വാ കൈകേയ്യാ സമുദാഹൃതം
ഉവാച വ്യഥിതോ രാമസ്താം ദേവീം നൃപസന്നിധൌ. 27

നൃപസന്നിധൌ	മഹാരാജാവിന്റെ	രാമഃ	ശ്രീരാമൻ
	തിരുമുമ്പിൽവെച്ച്	വ്യഥിതഃ,	സന്താപം പൂണ്ടവനാ
കൈകേയ്യാ	കൈകേയീരാജ്ഞിയാൽ	താം ദേവീം	ആ മാതാവിനെ [യി,
സമുദാഹൃതം	ഉരചെയ്യപ്പെട്ടതായ		നോക്കി
ഏതത്	ഈ	തു	ഈ സംഗതിയിൽ
വചനം	വാക്ക്		ഇപ്രകാരം
ശ്രുത്വാ,	കേട്ട്,	ഉവാച.	അരുളിച്ചെയ്തു.

[തന്നെക്കുറിച്ച് ഇങ്ങിനെ ശങ്ക ജനിച്ചുവല്ലൊ, എന്ന് സന്താപത്തിന്നു കാരണം. ഗൊ. രാ]

അഹോ ധിങ് നാൎഹസേ ദേവി വക്തും മാമീദൃശം വചഃ
അഹം ഹി വചനാദ്രാജ്ഞഃ പതേയമപി പാവകേ
ഭക്ഷയേയം വിഷം തീക്ഷ്ണം മജ്ജേയമപി ചാൎണ്ണവേ. 28

"രാജ്ഞഃ	"മഹാരാജാവിന്റെ	മജ്ജേയം;	ആണ്ടുകളയാം;
വചനാത്	ആജ്ഞയെന്നുവെച്ചാൽ	ഹി	ആകയാൽ
അഹം	ഞാൻ	ദേവി!	മാതാവേ!
പാവകേ അപി	തീയ്യിലുംകൂടി	മാം	എന്നെനോക്കി
പതേയം;	പതിക്കാം;	ഈദൃശം വചഃ	ഇപ്രകാരമുള്ള വാക്കി
തീക്ഷ്ണം	കൊടിയ	വക്തും	ഉരചെയ്വാൻ [നെ
വിഷം അപി	വിഷവും കൂടി	അൎഹസേ ന;	പാടുള്ളതല്ല;
ഭക്ഷയേയം;	വിഴുങ്ങാം;	അഹോ ധിക്!	ഇപ്രകാരം ശങ്കിക്കാമോ! എനിക്ക് അപമാനകരമല്ല്യേയോ!
അൎണ്ണവേ ച	സമുദ്രത്തിലും		

നിയുക്തോ ഗുരുണാ പിത്രാ നൃപേണ ച ഹിതേന ച. 29

"ഹിതേന ച	"നിത്യമായ ക്ഷേമത്തെ തന്നെ ഇച്ഛിക്കുന്നവനായ്,	പിത്രാ ച	പിതാവായ
		നൃപേണ	ചക്രവർത്തിയാൽ
ഗുരുണാ	അജ്ഞാനത്തെ നീക്കി ബ്രഹ്മോപദേശം ചെയ്തരുളിയവനായ	നിയുക്തഃ.	ആജ്ഞാപിക്കപ്പെടേണ്ടവനായ അടിമയാകുന്ന ഞാൻ.

[ഗുരുവെന്നുള്ള അവസ്ഥ, പിതാവെന്നുള്ള അവസ്ഥ, രാജാവെന്നുള്ള അവസ്ഥ, ഹിതകാരി എന്ന അവസ്ഥ, ഇവയെല്ലാം ആജ്ഞയെചെയ്യുന്നതിന്നുള്ള കാരണങ്ങളാകുന്നു. ഗൊ. രാ.

"ഗുരുണാ" (വസിഷ്ഠമഹർഷിയാൽ), എന്നു ശിരോമണി.]

തദ്ബ്രൂഹി വചനം ദേവി രാജ്ഞോ യദഭികാംക്ഷിതം
കരിഷ്യേ പ്രതിജാനേ ച രാമോ ദ്വിർന്നാഭിഭാഷതേ. 30

"രാമഃ	"രാമൻ	അഭികാംക്ഷിതം	തിരുവുള്ളത്തിൽ ഉള്ള
ദ്വിഃ	ഒരിക്കൽ ഒന്ന്, പിന്നെ മാറി ഒന്ന് എന്നുള്ളത്	വചനം	ആജ്ഞ
		യത് തത്	യാതൊന്നോ അതിനെ
അഭിഭാഷതേ ന;	ഒരിക്കലും പറകയില്ല;	ബ്രൂഹി;	അരുളിച്ചെയ്താലും;
ദേവി!	മാതാവേ!	കരിഷ്യേ;	ഞാൻ ചെയ്യുന്നുണ്ട്;
രാജ്ഞഃ	മഹാരാജാവിന്റെ	പ്രതിജാനേ ച."	ശപഥവും ചെയ്യുന്നു."

["രാമൻ" എന്നു പറഞ്ഞതിൽനിന്നു തന്റെ യഥാർത്ഥവാദിത്വമെന്നുള്ളത് സുപ്രസിദ്ധമെന്നു താല്പര്യം. (സത്യ. തി.)

"ദ്വിഃ", ഒരേ സംഗതിയെപ്പററി രണ്ടാമതൊരിക്കൽ; പറഞ്ഞതു പറഞ്ഞതുതന്നെയെന്നു താല്പര്യം. (തിലകം).]

തമാർജ്ജവസമായുക്തമനാര്യാ സത്യവാദിനം
ഉവാച രാമം കൈകേയീ വചനം ഭൃശദാരുണം. 31

ആർജ്ജവസമായുക്തം	ധർമ്മാനുഷ്ഠാനം ഒന്നിൽ തന്നേ നിരന്തരമായ ആസക്തിയോടു കൂടിയവനും	തം രാമം,	ആ ശ്രീരാമനോടായി,
		അനാര്യാ	ലോകമര്യാദയെ ലംഘിച്ച് നടക്കുന്നവളായ് കാണപ്പെട്ടവളായ
സത്യവാദിനം	മനസ്സിൽ ഉള്ളതിനെ തന്നെ പ്രത്യക്ഷമായ് വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രകടിപ്പിക്കുന്നവനുമായ	കൈകേയീ	കൈകേയി
		ഭൃശദാരുണം	അതികഠിനമായ
		വചനം	വാക്യത്തെ
		ഉവാച.	ഇപ്രകാരം ഉരചെയ്തു.

["അനാര്യാ", (ഉത്കൃഷ്ടയായ) എന്നും, ശിരോമണി.]

പുരാ ദേവാസുരേ യുദ്ധേ പിത്രാ തേ മമ രാഘവ
രക്ഷിതേന വരൌ ദത്തൌ സശല്യേന മഹാരണേ. 32

"രാഘവ	"ശ്രീരാമ!	രക്ഷിതേന	(എന്നാൽ) ഉപചരിക്കപ്പെട്ടു രക്ഷിക്കപ്പെട്ട
പുരാ	പണ്ടൊരിക്കൽ	തേ	നിന്റെ [വനായ
ദേവാസുരേ	ദേവന്മാക്കും അസുരന്മാക്കും തമ്മിൽ നടന്നതായ	പിത്രാ,	പിതാവിനാൽ,
		മമ	എനിക്കു്
യുദ്ധേ,	യുദ്ധത്തിൽ	മഹാരണേ	ആ വൻപോക്കളത്തിൽ
സശല്യേന	ബാണങ്ങളേറ്റു് വിവശനായി	വരൌ	രണ്ടു വരങ്ങൾ [വെച്ചു്
		ദത്തൌ.	നല്കപ്പെട്ടു.

തത്ര മേ യാചിതോ രാജാ ഭരതസ്യാഭിഷേചനം
ഗമനം ദണ്ഡകാരണ്യേ തവ ചാദ്യൈവ രാഘവ. 33

"രാഘവ!	"ശ്രീരാമ!	ഗമനം	വാസവും
തത്ര	അതിനെപ്പററി	മേ ഭരതസ്യ	എന്റെ ഭരതന്നു്
അദ്യ ഏവ	തല്ക്കാലംമാത്രം	അഭിഷേചനം ച	പട്ടാഭിഷേകവും
തവ	നിനക്കു്	രാജാ	രാജാവു്
ദണ്ഡകാരണ്യേ	ദണ്ഡകാരണ്യത്തിൽ	യാചിതഃ.	പ്രാത്ഥിക്കപ്പെട്ടു.

["അദ്യ ഏവ", ഇന്നുതന്നെ ദണ്ഡകാരണ്യത്തിലേക്ക് യാത്രയും, എന്നും "അദ്യ ഏവ യാചിതഃ" അന്നു തന്നതായ വരം ഇന്നുമാത്രമാണ് എന്നാൽ ആവശ്യപ്പെടപ്പെട്ടത്. എന്നും (ശിരോമണി).]

യദി സത്യപ്രതിജ്ഞം ത്വം പിതരം കർത്തുമിച്ഛസി
ആത്മാനം ച നരശ്രേഷ്ഠ മമ വാക്യമിദം ശൃണു. 34

"നരശ്രേഷ്ഠ!	"പുരുഷോത്തമനായ	സത്യപ്രതിജ്ഞം കർത്തും	സത്യസന്ധനാക്കി ച്ചെയ്യാൻ
ത്വം	നീ	ഇച്ഛസി യദി	ആഗ്രഹിക്കുന്നുവെങ്കിൽ
ആത്മാനം	വിചാരപ്പെട്ടുകൊണ്ടിരിക്കുന്ന	മമ ഇദം	എന്റെ ഈ
		വാക്യം	വാക്കിനെ
പിതരം	പിതാവിനെ	ശൃണു ച.	അനുസരിക്കുക.

സന്നിദേശേ പിതുസ്തിഷ്ഠ യഥാ തേന പ്രതിശ്രുതം
ത്വയാऽരണ്യം പ്രവേഷ്ടവ്യം നവ വർഷാണി പഞ്ച ച. 35

"പിതുഃ	"പിതാവിന്റെ	യഥാ,	എന്നുള്ള കാരണത്താൽ
സന്നിദേശേ	ആജ്ഞയിൽ	ത്വയാ	നിന്നാൽ
തിഷ്ഠ;	ശ്രദ്ധയോടുകൂടി വർത്തിക്കുക;	നവ ച പഞ്ച	ഒമ്പതോടുകൂടി അഞ്ചു്
		വർഷാണി	സംവത്സരങ്ങൾ
തേന	അദ്ദേഹത്താൽ	അരണ്യം	കാട്ടു്
പ്രതിശ്രുതം	വാഗ്ദത്തംചെയ്യപ്പെട്ടതു്	പ്രവേഷ്ടവ്യം.	പൂകപ്പെടേണ്ടതാകുന്നു.

[രാജമയ്യാദപ്രകാരം പന്ത്രണ്ടുസംവത്സരങ്ങൾ വനവാസമെന്നിരിക്കിലും രാവണന്റെ ആയുഷ്കാലത്തെ അനുസരിച്ച് പതിന്നാല് എന്ന് ദേവന്മാർ പറയിച്ചതാണെന്നു. (സത്യ. ധ. തീ.]

ഭരതശ്ചാഭിഷിച്യേത യദേതദഭിഷേചനം
ത്വദർത്ഥേ വിഹിതം രാജ്ഞാ തേന സർവ്വേണ രാഘവ. 36

"രാഘവ!	"ശ്രീരാമ!	അഭിഷേചനം	യുവരാജ്യപട്ടാഭിഷേകം
സർവ്വേണ	ഇപ്പറഞ്ഞ	യത്	യാതൊരു [എന്നുള്ള
തേന,	എല്ലാകാരണത്താലും,	ഏതത് ച	ഇതുതന്നെ
രാജ്ഞാ	മഹാരാജാവിനാൽ	ഭരതഃ	ഭരതൻ
ത്വദർത്ഥേ	നിനക്കായി	അഭിഷിച്യേത.	നിനക്കുപകരം അഭിഷേകം ചെയ്യപ്പെടട്ടെ.
വിഹിതം	നിയമിക്കപ്പെട്ടതായ		

സപ്ത സപ്ത ച വർഷാണി ദണ്ഡകാരണ്യമാശ്രിതഃ
അഭിഷേകമിമം ത്യക്ത്വാ ജടാജിനധരോ വസ. 37

"ഇമം അഭിഷേകം	"ഈ അഭിഷേകത്തെ	സപ്ത ച സപ്ത	ഏഴും ഏഴും
		വർഷാണി	സംവത്സരങ്ങൾ
ത്യക്ത്വാ,	വേണ്ടെന്നുവെച്ച്	ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിൽ
ജടാജിനധരഃ	ജടയും മാൻതോലും ധരിച്ചവനായി,	ആശ്രിതഃ	വാസംചെയ്യുന്നവനായി
		വസ.	കാലംകഴിക്കുക.

ഭരതഃ കോസലപുരേ പ്രശാസ്തു വസുധാമിമാം
നാനാരത്നസമാകീർണ്ണാം സവാജിരഥകുഞ്ജരാം. 38

"കോസലപുരേ	"അയോദ്ധ്യാപുരിയിൽ	സവാജിരഥ-കുഞ്ജരാം	രഥഗജതുരഗയുക്തവും ആയ
ഭരതഃ,	ഭരതൻ,		
നാനാരത്ന-സമാകീർണ്ണാം	സർവ്വവസ്തുക്കളിലും ഉത്തമങ്ങളായുള്ളവയാൽ നിറയപ്പെട്ടതും	ഇമാം	ഈ
		വസുധാം	ഭൂമിയെ
		പ്രശാസ്തു.	ആണ്ടുവരട്ടെ.

ഏതേന ത്വാം നരേന്ദ്രോऽയം കാരുണ്യേന സമാപ്ലുതഃ
ശോകസംക്ലിഷ്ടവദനോ ന ശക്നോതി നിരീക്ഷിതും. 39

"അയം	"ഈ	ശോക-സംക്ലിഷ്ട-വദനഃ	ശോകംമൂലം മുഖം മങ്ങിയവനായി
നരേന്ദ്രഃ,	മഹാരാജാവ്,		
ഏതേന,	ഈ വരദ്വയ പ്രദാനം മൂലം,	ത്വാം	നിന്നെ
		നിരീക്ഷിതും	നോക്കുവാൻ കൂടി
കാരുണ്യേന സമാപ്ലുതഃ	കനിവോലുന്നവനായി,	ശക്നോതി ന.	സാധിക്കാതിരിക്കുകയാണ്.

ഏതത് കുരു നരേന്ദ്രസ്യ വചനം രഘുനന്ദന
സത്യേന മഹതാ രാമ താരയസ്വ നരേശ്വരം. 40

"രഘുനന്ദന!	"രഘുതിലകനായ	മഹതാ	മഹത്തായ
രാമ!	ശ്രീരാമ!	സത്യേന	ധർമ്മാനുഷ്ഠാനത്താൽ
നരേന്ദ്രസ്യ	മഹാരാജാവിന്റെ	നരേശ്വരം	മഹാരാജാവിനെ
ഏതത് വചനം	ഈ ആജ്ഞപ്രകാരം	താരയസ്വ."	കഷ്ടത്തിൽ നിന്നും കരയേറ്റുക."
കുരു;	ചെയ്യുക;		

ഇതീവ തസ്യാം പരുഷം വദന്ത്യാം
ന ചൈവ രാമഃ പ്രവിവേശ ശോകം
പ്രവിവ്യഥേ ചാപി മഹാനുഭാവോ
രാജാ സ പുത്രവ്യസനാഭിതപ്തഃ. 41

ഇതി	ഇപ്രകാരം	അപി ച	എന്നാൽ
തസ്യാം	അവൾ	സഃ രാജാ ച	ആ മഹാരാജാവു മാത്രം
പരുഷം	രൂക്ഷമായി	പുത്രവ്യസനാഭിതപ്തഃ	പുത്രവാത്സല്യദുഃഖത്താൽ പീഡിക്കപ്പെട്ടവനായി
വദന്ത്യാം,	പറഞ്ഞപ്പോൾ,		
മഹാനുഭാവഃ	സച്ചിദാനന്ദസ്വരൂപിയായ		
രാമഃ	ശ്രീരാമൻ	ഇവ	മുമ്പേത്തിലും അധികമായി
ശോകം ഏവ	ഒട്ടും മനശ്ചാഞ്ചല്യത്തെ		
പ്രവിവേശ ന;	കയ്ക്കൊള്ളാതിരുന്നു;	പ്രവിവ്യഥേ.	വ്യാകുലപ്പെട്ടു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
അഷ്ടാദശഃ സർഗ്ഗഃ = പതിനെട്ടാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3192; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 837.

ഏകോനവിംശഃ സർഗ്ഗഃ = പത്തൊമ്പതാംസർഗ്ഗം

[ശ്രീരാമസ്യ വനയാത്രാപ്രതിജ്ഞാ = ശ്രീരാമൻ വനയാത്രയെക്കുറിച്ച് പ്രതിജ്ഞചെയ്യുന്നത്.]

തദപ്രിയമമിത്രഘ്നോ വചനം മരണോപമം
ശ്രുത്വാ ന വിവ്യഥേ രാമഃ കൈകേയീം ചേദമബ്രവീത്. 1

അമിത്രഘ്നഃ	സർവ്വശത്രുക്കളേയും നശിപ്പിപ്പാൻ കഴിവുള്ളവനായ	തത്	ആ
		വചനം	നിയമനത്തെ
		ശ്രുത്വാ,	കേട്ട്,
രാമഃ ച,	ശ്രീരാമനും,	വിവ്യഥേ ന;	ഒട്ടും വ്യഥ കയ്ക്കൊള്ളാതിരുന്നു;
മരണോപമം	വിഷത്തിനുതുല്യമായതും	കൈകേയീം	കൈകേയിയോടായി
അപ്രിയം	പ്രിയവിരുദ്ധമായതും ആയ	ഇദം	ഇപ്രകാരം
		അബ്രവീത്.	അരുളിച്ചെയ്തു.

['അപ്രിയം, മരണോപമം' എന്നവ, പിതാവിനു, എന്നു താല്പര്യം. (ശിരോമണി). ലോകദ്വേഷ്യാം, എന്നു (ഗോ. രാ.) കൈകേയിക്ക്, എന്നു (സർവ്വാർത്ഥസാരം)]

ഏവമസ്തു ഗമിഷ്യാമി വനം വസ്തുമഹം ത്വിതഃ
ജടാജിനധരോ രാജ്ഞഃ പ്രതിജ്ഞാമനുപാലയൻ. 2

"ഏവം അസ്തു;	"അപ്രകാരംതന്നെ ആകട്ടെ;	അനുപാലയൻ	ശിരസാ വഹിക്കുന്നവനായി
അഹം	ഞാൻ	തു	ഇക്ഷണംതന്നെ
ജടാജിനധരഃ	ജടമുടിധരിച്ച് മാൻതോലുടുത്തുകൊണ്ട്	ഇതഃ	ഇവിടെനിന്നും
		വനം	വനത്തിൽ
രാജ്ഞഃ	മഹാരാജാവിന്റെ	വസ്തും	വസിപ്പാനായി
പ്രതിജ്ഞാം	പ്രതിജ്ഞയെ	ഗമിഷ്യാമി.	പോകുന്നുണ്ട്.

ഇദം തു ജ്ഞാതുമിച്ഛാമി കിമർത്ഥം മാം മഹീപതിഃ
നാഭിനന്ദതി ദുർദ്ധർഷോ യഥാപൂർവമരിന്ദമഃ 3

" ദുർദ്ധർഷഃ	" ഒരിക്കലും മനസ്സിന്നു വാട്ടംതട്ടാത്തവനും	കിമർത്ഥം	എന്തുകൊണ്ടാണ്
അരിന്ദമഃ	ജയശാലിയും ആയ	അഭിനന്ദതി ന?	കടാക്ഷിക്കാതിരിക്കുന്ന
മഹീപതിഃ	മഹാരാജാവ്	ഇദം തു	ഇതൊന്നു മാത്രം [ത്?
യഥാപൂർവം	പതിവുപോലെ	ജ്ഞാതും	അറിയുവാൻ
മാം	എന്നെ	ഇച്ഛാമി.	ഞാൻ ആഗ്രഹിക്കുന്നു.

മന്യുർന ച ത്വയാ കാര്യോ ദേവി ബ്രൂമി തവാഗ്രതഃ
യാസ്യാമി ഭവ സുപ്രീതാ വനം ചീരജടാധരഃ. 4

" ദേവി !	" മാതാവേ ! [ധരിച്ച്	ത്വയാ	ഭവതിയാൽ
ചീരജടാധരഃ	മരവുരിയും ജടയും–	മന്യുഃ ച	യാതൊരു വിചാരവും (ശങ്കയും)
വനം	വനവാസത്തിന്നായി		
യാസ്യാമി ;	ഞാൻ പോകാം ;	കാര്യഃ ന ;	മനസ്സിൽ കരുതപ്പെടേണ്ടതില്ല;
തവ	ഭവതിയുടെ		
അഗ്രതഃ	തിരുമുമ്പിൽ	സുപ്രീതാ	അഭീഷ്ടം സാധിച്ചവളായി
ബ്രൂമി ;	ഞാൻ സത്യമായും പറയുന്നു ; (ആഷം)	ഭവ.	ഭവിച്ചാലും.

ഹിതേന ഗുരുണാ പിത്രാ കൃതജ്ഞേന നൃപേണ ച
നിയുജ്യമാനോ വിസ്രബ്ധഃ കിം ന കുര്യാമഹം പ്രിയം. 5

" ഹിതേന	" എല്ലായ്പോഴും ക്ഷേമത്തെത്തന്നെ ഇച്ഛിക്കുന്നവനും	നൃപേണ	മഹാരാജാവിനാൽ
		നിയുജ്യമാനഃ	കല്പിക്കപ്പെടുന്നവനായ
		അഹം	ഞാൻ,
ഗുരുണാ	അജ്ഞാനത്തെ നീക്കി ബ്രഹ്മോപദേശം ചെയ്തവനും	വിസ്രബ്ധഃ	കാര്യകാരണങ്ങളാലോചിക്കാതെതന്നെ
		പ്രിയം	(അദ്ദേഹത്തിന്റെ) അഭീഷ്ടത്തെ
കൃതജ്ഞേന	ധർമ്മമാർഗ്ഗങ്ങളറിഞ്ഞവനും	കിം ച	എന്തായിരുന്നാലും
പിത്രാ	പിതാവുമായ	കുര്യാം ന ?	ചെയ്യാതിരിക്കുമോ ?

അലീകം മാനസം ത്വേകം ഹൃദയം ദഹതീവ മേ
സ്വയം യന്നാഹ മാം രാജാ ഭരതസ്യാഭിഷേചനം. 6

" രാജാ	" മഹാരാജാവ്	ആഹ ന	കല്പിച്ചില്ലല്ലോ, എന്ന
മാനസം,	തന്റെ മനസ്സിലുള്ളതായ,	യത്	അ
		ഏകം തു	ഒരു സംഗതിമാത്ര[മാണ്
ഭരതസ്യ അഭിഷേചനം	'ഭരതന്നു പട്ടാഭിഷേകം ചെയ്യിക്കുക' എന്ന കാര്യത്തെ,	മേ	എന്റെ
		ഹൃദയം	ഹൃദയത്തെ
		അലീകം ഇവ	സഹിപ്പാൻ കഴിയാത്തവിധത്തിൽ
സ്വയം	യാതൊരു സംശയവും		
മാം	എന്നോട് [കൂടാതെ	ദഹതി.	ദുഃഖിപ്പിക്കുന്നത്.

അഹം ഹി സീതാം രാജ്യം ച പ്രാണാനിഷ്ടാൻ ധനാനി ച
ഹൃഷ്ടോ ഭ്രാത്രേ സ്വയം ദദ്യാം ഭരതായാപ്രചോദിതഃ. 7

"ഭ്രാത്രേ	"അനുജനായ	അപ്രചോദിതഃ	അന്യനിൎബ്ബന്ധമില്ലാതെ തന്നെ
ഭരതായ ഹി,	ഭരതന്നാണെന്നുവെച്ചാൽ,	സ്വയം	സംശയലേശമെന്നിയെ
സീതാം	സീതയേയും	ഹൃഷ്ടഃ ച	സന്തോഷത്തോടു കൂടി
രാജ്യം	രാജ്യത്തേയും	അഹം	ഞാൻ
ധനാനി	ധനങ്ങളേയും		
ഇഷ്ടാൻ	ഭക്തന്മാരായ്		
പ്രാണാൻ ച	പരസമൎപ്പണം ചെയ്തവരായ പ്രജകളേയും,	ദദ്യാം.	യവനായി പരിപാലിക്കുന്നതിന്നായി ഏല്പിച്ചുകൊടുക്കുന്നതാണ്.

[ഭരതൻ ശുഭബുദ്ധിയോടുകൂടിയവനാകയാൽ സീതയേയുംകൂടി തദ്വശത്തിൽ സമൎപ്പിക്കുന്നതിൽ യാതൊരു സംശയവും തനിക്കില്ലെന്നു അഭിപ്രായം. (സ. തി.) "സീതാം ഭരതായ" (ഭരതന്റെവക്കൽ മാതാവിനെ എന്നപോലെ സീതയെ), എന്നു സൎവ്വാൎത്ഥസാരം.]

കിം പുനൎമ്മനുജേന്ദ്രേണ സ്വയം പിത്രാ പ്രചോദിതഃ
തവ ച പ്രിയകാമാൎത്ഥം പ്രതിജ്ഞാമനുപാലയൻ. 8

"ച	"അപ്രകാരമിരിക്കെ,	മനുജേന്ദ്രേണ	മഹാരാജാവിനാൽ
തവ	നിന്തിരുവടിയുടെ	പ്രചോദിതഃ,	ആജ്ഞാപിക്കപ്പെട്ടവനായ ഞാൻ,
പ്രിയകാമാൎത്ഥം	മനോരഥസിദ്ധിക്കായി		
പ്രതിജ്ഞാം	പ്രതിജ്ഞയെ	സ്വയം	തിരുവുള്ള പ്രകാരം നടക്കുമെന്നതിനെപ്പററി
അനുപാലയൻ	പരിപാലിച്ചുകൊണ്ടു്		
പിത്രാ	പിതാവായ	കിം പുനഃ ?	പറയേണ്ടതുമുണ്ടോ ?

തദാശ്വാസയ ഭീതം ത്വം കിം ന്വിദം യന്മഹീപതിഃ
വസുധാസക്തനയനോ മന്ദമശ്രൂണി മുഞ്ചതി. 9

"മഹീപതിഃ,	"മഹാരാജാവ്,	കിം ?	എന്തിന്നു് ?
വസുധാസക്തനയനഃ	നിലത്തെത്തന്നെ നോക്കിക്കൊണ്ടു്,	ഭീതം	മനോവേദനയോടിരിക്കുന്ന അദ്ദേഹത്തെ
അശ്രൂണി	അശ്രുക്കളെ	ത്വം	നിന്തിരുവടി
മന്ദം മുഞ്ചതി,	ഇററിററുവീഴ്ത്തുന്നു,	തത് ന	ഇനിമേലെങ്കിലും
യത് ഇദം	എന്നുള്ളതായ ഇത്	ആശ്വാസയ.	സമാശ്വസിപ്പിച്ചാലും.

ഗച്ഛന്തു ചൈവാനയിതും ദൂതാഃ ശീഘ്രജവൈൎഹയൈഃ
ഭരതം മാതുലകുലാദദ്യൈവ നൃപശാസനാത്. 10

"ദൂതാഃ	"ദൂതന്മാർ	മാതുലകുലാത്	അമ്മാമന്റെരാജധാനിയിൽനിന്നു്
നൃപശാസനാത് ഏവ	രാജാജ്ഞയെ വഹിച്ചുംകൊണ്ടു്	ഭരതം	ഭരതനെ
		ആനയിതും	കൂട്ടിക്കൊണ്ടുവരുവാൻ
ശീഘ്രജവൈഃ	അതിവേഗതയുള്ള	അദ്യ ഏവ	ഇപ്പോൾതന്നെ
ഹയൈഃ ച,	കുതിരകളിൽകയറി	ഗച്ഛന്തു.	പോകട്ടെ.

ദണ്ഡകാരണ്യമേഷോഽഹമിതോ ഗച്ഛാമി സത്വരഃ
അവിചാര്യ്യ പിതുർവാക്യം സമാ വസ്തും ചതുർദശ. 11

"പിതുഃ	"പിതാവിന്റെ	ഏഷഃ	ഇതാ
വാക്യം	ശാസനത്തെ,	ഇതഃ	ഇവിടെനിന്നുതന്നെ
അവിചാര്യ്യ	ശങ്കകൂടാതെ,	ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിൽ
	ഒന്നാമതായി ചെയ്യേ	ചതുർദശ	പതിന്നാലു
സത്വരഃ	ണ്ടതാണെന്നു	സമാഃ	സംവത്സരങ്ങൾ
	കരുതിയവനായി	വസ്തും	വസിപ്പാനായി
അഹം	ഞാൻ,	ഗച്ഛാമി."	പോകുന്നു."

സാ ഹൃഷ്ടാ തസ്യ തദ്വാക്യം ശ്രുത്വാ രാമസ്യ കൈകയി
പ്രസ്ഥാനം ശ്രദ്ദധാനാ ഹി ത്വരയാമാസ രാഘവം. 12

തസ്യ	ആ	ഹി	തന്മൂലം
രാമസ്യ	ശ്രീരാമചന്ദ്രന്റെ	ഹൃഷ്ടാ	സന്തുഷ്ടയായി
തത്	ആ	രാഘവം	ശ്രീരാമനെ,
വാക്യം ശ്രുത്വാ,	തിരുമൊഴികേട്ട്,	പ്രസ്ഥാനം	പ്രയാണംചെയ്യേണ്ടു
സാ കൈകയി	ആക്കൈകേയീരാജ്ഞി		ന്ന സംഗതിയിൽ
ശ്രദ്ദധാനാ,	കാര്യ്യം സഫലമായെന്നു	ത്വരയാമാസ.	ഇപ്രകാരം
	വിശ്വസിച്ചവളായി,		ബദ്ധപ്പെടുത്തി.

ഏവം ഭവതു യാസ്യന്തി ദൂതാഃ ശീഘ്രജവൈർഹയൈഃ
ഭരതം മാതുലകുലാദുപാവർത്തയിതും നരാഃ. 13

"ദൂതാഃ	"വർത്തമാനമറിയിപ്പാ നുള്ള	ഉപാവർത്തയിതും	തിരിയെ കൂട്ടിക്കൊണ്ടു വരുവാൻ
നരാഃ	ആളുകൾ	ശീഘ്രജവൈഃ	ശീഘ്രഗതിയോടുകൂടിയ
ഭരതം	ഭരതനെ	ഹയൈഃ	കുതിരകളിൽ കയറി
മാതുലകുലാത്	മാതുല ഗൃഹത്തിൽ നിന്നു്	യാസ്യന്തി;	ചെല്ലും; [ക്കൊണ്ടു്
		ഏവം ഭവതു.	അതിരിക്കട്ടെ.

തവ ത്വഹം ക്ഷമം മന്യേ ചോത്സുകസ്യ വിലംബനം
രാമ തസ്മാദിതഃ ശീഘ്രം വനം ത്വം ഗന്തുമർഹസി. 14

"രാമ!	"രാമ!	മന്യേ ന;	വിചാരിക്കുന്നില്ല;
ഉത്സുകസ്യ	(ഗുരു) ഭക്തിയുള്ളവ നായ	തസ്മാത്	അതുകൊണ്ടു്,
തവ,	നിനക്കു്,	ത്വം	നീ
തു	ഇതു നിമിത്തം	ഇതഃ	ഇപ്പോൾ മുതല്ക്കുതന്നെ
വിലംബനം	കാലതാമസം	ശീഘ്രം	കാലവിളംബം വരു
ക്ഷമം ച	വേണമെന്നു്	വനം	കാട്ടിലേക്കു [ത്താതെ
അഹം	ഞാൻ	ഗന്തും	പുറപ്പെടുവാൻ
		അർഹസി.	യത്നിച്ചുകൊള്ളുക.

വ്രീഡാന്വിതഃ സ്വയം യച്ച നൃപസ്ത്വാം നാഭിഭാഷതേ
നൈതത് കിഞ്ചിന്നരശ്രേഷ്ഠ മന്യുരേഷോഽപനീയതാം. 15

“ നരശ്രേഷ്ഠ! — “ പുരുഷോത്തമ!
നൃപഃ — മഹാരാജാവ്
വ്രീഡാന്വിതഃ; — (പുത്രവാത്സല്യത്താലുള്ള) മനോദുഃഖത്തോടുകൂടിയവനായിരിക്കുന്നു;
യത് — ആയതുകൊണ്ടുതന്നെ
ത്വാം — നിന്നോട് [യാണ്
സ്വയം — താൻതന്നെ
അഭിഭാഷതേ ന; — സംഭാഷണം ചെയ്യാതിരിക്കുന്നത്;
ഏതത് — ഇതിന്ന്
കിഞ്ചിത് — വേറെ കാരണമൊന്നും
ന; — ഇല്ല; [തന്നെ
ഏഷഃ — ഈ
മന്യുഃ ച — മനോദുഃഖവും
അപനീയതാം. — നീക്കംചെയ്യപ്പെടട്ടെ.

യാവത് ത്വം ന വനം യാതഃ പുരാദസ്മാദഭിത്വരൻ
പിതാ താവന്ന തേ രാമ സ്നാസ്യതേ ഭോക്ഷ്യതേഽപി വാ. 16

“ രാമ! — “ രാമ!
ത്വം — നീ
അസ്മാത് — ഈ
പുരാത് — നഗരത്തിൽനിന്ന്
അഭിത്വരൻ — ജാഗ്രതയോടുകൂടിയവ [നായി
വനം — വനത്തിലേക്ക്
യാതഃ — പോകുന്നത്
യാവത് താവത് — ഏതു സമയത്തിലൊ,
തേ — നിന്റെ [അതുവരെയ്ക്കും
പിതാ — പിതാവ്
സ്നാസ്യതേ ന; — സ്നാനം ചെയ്കയില്ല;
അപി വാ — എന്നുതന്നെയല്ല
ഭോക്ഷ്യതേ ന.” — ഭക്ഷണം കഴിക്കയുമില്ല.”

ധിക് കഷ്ടമിതി നിശ്വസ്യ രാജാ ശോകപരിപ്ലുതഃ
മൂർച്ഛിതോ ന്യപതത്തസ്മിൻ പൎയ്യങ്കേ ഹേമഭൂഷിതേ. 17

രാജാ, — മഹാരാജാവ്, [മാനം!
“ ധിക്! — “ അയ്യോ എന്തൊരപ
കഷ്ടം!” — ഈ ശത്രുവിനെമാത്രം എനിക്ക് ജയിപ്പാൻ കഴിഞ്ഞില്ലല്ലൊ!”
ഇതി, — എന്നു ചിന്തിച്ചുകൊണ്ട്
ശോകപരിപ്ലുതഃ — അളവററ ദുഃഖത്തിൽ നിമഗ്നനായി
നിശ്വസ്യ, — ദീൎഘമായി നിശ്വസിച്ച്,
മൂർച്ഛിതഃ — മോഹാലസ്യം പൂണ്ടവനായി,
ഹേമഭൂഷിതേ — സുവൎണ്ണഭൂഷിതമായ
തസ്മിൻ — ആ
പൎയ്യങ്കേ — മഞ്ചത്തിൽ
ന്യപതത്. — വീണുകളഞ്ഞു.

രാമോഽപ്യുത്ഥാപ്യ രാജാനം കൈകേയ്യാഭിപ്രചോദിതഃ
കശയേവാഹതോ വാജീ വനം ഗന്തും കൃതത്വരഃ. 18

“ രാമഃ — “ ശ്രീരാമൻ
രാജാനം — മഹാരാജാവിനെ
ഉത്ഥാപ്യ അപി, — ഉപചരിച്ച് എഴുന്നേല്പിച്ചിരുന്ന സമയത്തിലുംകൂടി,
വാജീ — ഒരു കുതിര
കശയാ — ചാട്ടകൊണ്ട്
ആഹതഃ — അടിക്കപ്പെട്ടന്നു്
ഇവ, — പോലെ,
വനം — കാട്ടിലേക്ക്
ഗന്തും — യാത്രപുറപ്പെടുവാൻ
കൃതത്വരഃ, — ബദ്ധപ്പെടുത്തപ്പെട്ടവനായി,
കൈകേയ്യാ — കൈകേയിയാൽ
അഭിപ്രചോദിതഃ. — പലപ്രാവശ്യം അവശ്യപ്പെടപ്പെട്ടു.

തദപ്രിയമനാൎയ്യായാ വചനം ദാരുണോദയം
ശ്രുത്വാ ഗതവ്യഥോ രാമഃ കൈകേയീം വാക്യമബ്രവീത്. 19

അനാൎയ്യായാഃ	ലോകമൎയ്യാദകളെ അതിക്രമിച്ചുനടന്നുകൊണ്ടിരുന്ന അവളുടെ
അപ്രിയം	അസഹ്യവും
ദാരുണോദയം	മൎമ്മഭേദകവുമായ
തത് വചനം	ആ വാക്ക്
ശ്രുത്വാ,	കേട്ട്
രാമഃ	ശ്രീരാമൻ
ഗതവ്യഥഃ	മനസ്സുകലുങ്ങാതെ
കൈകേയീം	കൈകേയിയെ നോക്കി
വാക്യം അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.

നാഹമൎത്ഥപരോ ദേവി ലോകമാവസ്തുമുത്സഹേ
വിദ്ധി മാമൃഷിഭിസ്തുല്യം കേവലം ധൎമ്മമാസ്ഥിതം. 20
യദത്രഭവതഃ കിഞ്ചിച്ഛക്യം കൎത്തും പ്രിയം മയാ
പ്രാണാനപി പരിത്യജ്യ സൎവ്വഥാ കൃതമേവ തത് 21

"ദേവി!	"മാതാവേ!
അഹം	ഞാൻ
ലോകം	ലോകത്തിൽ
അൎത്ഥപരഃ	പുരുഷാൎത്ഥങ്ങളിൽ അൎത്ഥം ഒന്നിൽമാത്രം താല്പൎയ്യത്തോടുകൂടിയവനായി
ആവസ്തും	വസിപ്പാൻ
ഉത്സഹേ ന;	ആഗ്രഹിക്കുന്നില്ല;
ധൎമ്മം	ധൎമ്മം
കേവലം	ഒന്നിനെമാത്രം
ആസ്ഥിതം,	എല്ലായ്പോഴും അവലംബിച്ചവനായ,
മാം	എന്നെ
ഋഷിഭിഃ	ഋഷികൾക്ക്
തുല്യം,	തുല്യനെന്നുള്ളതിനേയും,
അത്രഭവതഃ	പൂജ്യപാദനായ പിതാവിന്റെ
പ്രിയം	അഭീഷ്ടം
കിഞ്ചിത്	ഏതായിരുന്നാലും,
കൎത്തും	മനുഷ്യനാൽ ചെയ്തുതീൎപ്പാൻ
ശക്യം	സാദ്ധ്യമായത്
യത്	യാതൊന്നോ
തത്	അത്
മയാ	എന്നാൽ
പ്രാണാൻ	പ്രാണങ്ങളെ
പരിത്യജ്യ അപി	പരിത്യജിച്ചിട്ടെന്നാലും
സൎവ്വഥാ	ഏതുവിധത്തിലും,
കൃതം ഏവ	പൂൎത്തിയായ് ചെയ്യപ്പെട്ടതാകം എന്നതിനേയും
വിദ്ധി.	ധരിച്ചാലും.

[''അഹമൎത്ഥപരഃ'' എന്ന്, 'സ്വാൎത്ഥതല്പരനായി, എന്നൎത്ഥത്തിൽ ഒററപ്പദമായും എടുക്കാം.]

ന ഹ്യതോ ധൎമ്മചരണം കിഞ്ചിദസ്തി മഹത്തരം
യഥാ പിതരി ശുശ്രൂഷാ തസ്യ വാ വചനക്രിയാ. 22

"ഹി,	"എന്തെന്നാൽ,
പിതരി	പിതാവിന്റെ വിഷയത്തിൽ
ശുശ്രൂഷാ,	ശുശ്രൂഷ,
തസ്യ	അദ്ദേഹത്തിന്റെ
വചനക്രിയാ,	ആജ്ഞയെ ലംഘിക്കാതെ നടക്കുക,
യഥാ വാ,	എന്നുള്ളത് യാതൊന്നൊ,
അതഃ	അതിനെക്കാളും
മഹത്തരം	മഹത്തായ ഫലത്തെ നൽകുന്നതായ
ധൎമ്മചരണം	ധൎമ്മാനുഷ്ഠാനം
കിഞ്ചിത്	മറെറാന്നും
അസ്തി ന.	ഇല്ല.

[‘അധൎമ്മചരണം’, ‘അവചനക്രിയാ’ ‘ന ഹി ശുശ്രൂഷാ’, എന്നിങ്ങിനേയും എടുത്ത്, പിതാവിനെ ശുശ്രൂഷിക്കാതിരിക്കുക, പറഞ്ഞതു കേൾക്കാതിരിക്കുക, എന്നവയെക്കാൾ അധൎമ്മപ്രവൃത്തി വല്ലതും ഉണ്ടോ? എന്നും അൎത്ഥം. (സത്യധൎമ്മതീൎത്ഥീയം).]

അനുജ്ഞാതോഽപ്യത്രഭവതാ ഭവത്യാ വചനാദഹം
വനേ വത്സ്യാമി വിജനേ വൎഷാണീഹ ചതുൎദ്ദശ. 23

“ അഹം	“ ഞാൻ
ഇഹ	ഇപ്പോൾ
അത്രഭവതാ	ഇദ്ദേഹത്താൽ
അനുജ്ഞാതഃ അപി,	നേരിട്ട് കല്പിക്കപ്പെട്ടാതിരിക്കിലും,
ഭവത്യാഃ	നിന്തിരുവടിയുടെ
വചനാത്,	ആജ്ഞയെന്ന കാരണത്താൽ,
വിജനേ	ജനസഞ്ചാരഹീനമായ
വനേ	വനത്തിൽ
ചതുൎദ്ദശ	പതിനാലു
വൎഷാണി	സംവത്സരങ്ങൾ
വത്സ്യാമി.	വസിക്കുന്നുണ്ട്.

ന നൂനം മയി കൈകേയി കിംചിദാശംസസേ ഗുണം
യദ്രാജാനമവോചസ്ത്വം മമേശ്വരതരാ സതീ. 24

“ കൈകേയി!	“ കൈകേയീമാതാവേ;
മമ	എന്നെ
ഈശ്വരതരാ	കല്പിപ്പാൻ അധികാരമുള്ളവളായി
സതീ	വൎത്തിക്കുന്ന
ത്വം,	നിന്തിരുവടി,
മയി	എന്നിൽ
ഗുണം	ഗുണം
കിംചിത്	അല്പമെങ്കിലും
ആശംസസേ ന;	ഉണ്ടെന്നോൎക്കുന്നില്ല;
യത് നൂനം	അക്കാരണംകൊണ്ടു തന്നെയാണല്ലൊ
രാജാനം	മഹാരാജാവിനോട്
അവോചഃ.	നിന്തിരുവടി പ്രാൎത്ഥിച്ചത്.

യാവന്മാതരമാപൃച്ഛേ സീതാം ചാനുനയാമ്യഹം
തതോഽദ്യൈവ ഗമിഷ്യാമി ദണ്ഡകാനാം മഹദ്വനം. 25

“ അഹം	“ ഞാൻ
മാതരം	അമ്മയെ
ആപൃച്ഛേ;	കണ്ടുവന്ദിച്ച് യാത്ര പറയട്ടെ;
ച	അതിൽപിന്നെ
സീതാം	സീതയെ
അനുനയാമി;	പറഞ്ഞു സമാധാനിപ്പിക്കുന്നുണ്ട്;
യാവത്	അതു കഴിഞ്ഞ ഉടനെ
തതഃ	അവിടെനിന്നും [നെ,
അദ്യ ഏവ	ഇന്നുതന്നെ,
ദണ്ഡകാനാം	ദണ്ഡന്റെ രാജ്യമായിരുന്നതായ പ്രദേശങ്ങ[ളിലുള്ള
മഹത്	മഹത്തായ
വനം	വനത്തിലേക്ക്
ഗമിഷ്യാമി.	ഞാൻ പോകുന്നുണ്ട്.

[നൎമ്മദ, ഗോദാവരി എന്ന നദികൾക്കിടയിലുള്ള ഇക്ഷ്വാകുവംശജനായ ദണ്ഡന്റെ രാജ്യം ശുക്രശാപത്താൽ അരണ്യമായ്പോയ കഥ ആരണ്യകാണ്ഡം 1-ാംസൎഗ്ഗം, 1-ാംശ്ലോകത്തിന്റെ കുറിപ്പിൽ കാണുക.]

ഭരതഃ പാലയേദ്രാജ്യം ശുശ്രൂഷേച്ച പിതുര്യഥാ
തഥാ ഭവത്യാ കത്തവ്യം സ ഹി ധമ്മഃ സനാതനഃ. 26

"ഭരതഃ	ഭരതൻ	യഥാ തഥാ	ഇത് അപ്രകാരംതന്നെ നടക്കുമാറ്
പിതുഃ	പിതാവിനെ	ഭവത്യാ ച	നിന്തിരുവടിയാലും
ശുശ്രൂഷേത്;	ശുശ്രൂഷചെയ്യുവരട്ടെ;	കത്തവ്യം;	ശ്രദ്ധിക്കപ്പെടേണ്ടതാണ്;
സഃ ഹി	അതുതന്നെയാണ്	രാജ്യം	രാജ്യത്തെയും [വരട്ടെ."
സനാതനഃ	ശാശ്വതമായ	പാലയേത്."	പരിപാലനംചെയ്യു-
ധമ്മഃ;	ധമ്മം;		

['സനാതന: ധമ്മ,' ചതുവ്വിധപുരുഷാത്ഥങ്ങളും യാതൊരു അനുഷ്ഠാനത്താൽ ലഭിക്കപ്പെടുമോ, അപ്രകാരമുള്ള മുഖ്യമായ്പറയപ്പെട്ട ധമ്മാനുഷ്ഠാനം.]

സ രാമസ്യ വചഃ ശ്രുത്വാ ഭൃശം ദുഃഖഹതഃ പിതാ
ശോകാദശക്നുവൻ ബാഷ്പം പ്രരുരോദ മഹാസ്വനം. 27

രാമസ്യ	ശ്രീരാമന്റെ	ശോകാത്	പെട്ടെന്നുണ്ടായ മനോവേദനമൂലം
വചഃ	ആ വചനത്തെ		
ശ്രുത്വാ,	കേട്ട്,	ബാഷ്പം	കണ്ണീരിനെ
സഃ പിതാ,	പിതാവായ അദ്ദേഹം,	അശക്നുവൻ,	ഒതുക്കുവാൻ കഴിയാത്തവനായി,
ഭൃശം	മുമ്പേതിലുമധികമായി		
ദുഃഖഹതഃ,	ദുഃഖത്താൽ മതിമറന്നവനായി,	മഹാസ്വനം	വാവിട്ട്
		പ്രരുരോദ.	പൊട്ടിക്കരഞ്ഞുപോയി.

വന്ദിത്വാ ചരണൌ രാമോ വിസംജ്ഞസ്യ പിതുസ്തദാ
കൈകേയ്യാശ്ചാപ്യനാര്യായാ നിഷ്പപാത മഹാദ്യുതിഃ. 28

മഹാദ്യുതിഃ	മഹാതേജസ്വിയായ	അനാര്യായാഃ	ലോകമര്യാദയെ ലംഘിച്ച് നടന്നവളായ
രാമഃ	ശ്രീരാമൻ		
തദാ	ആ സമയം	കൈകേയ്യാഃ അപി	കൈകേയിയുടേയും
വിസംജ്ഞസ്യ	പ്രജ്ഞയററിരുന്നവനായ	ചരണൌ	കാലിണകളെ
		വന്ദിത്വാ	വന്ദിച്ച്
പിതുഃ ച,	പിതാവിന്റെയും,	നിഷ്പപാത.	പുറത്തെക്കെഴുന്നെള്ളി.

[അനാര്യായാഃ (കനിഷ്ഠയായ) കൈകേയ്യാഃ ച (കൈകേയിയുടെ പാദങ്ങളിലും) നിഷ്പപാത (വീണുതൊഴുതു). ശിരോമണി സത്യ. തീ.]

സ രാമഃ പിതരം കൃത്വാ കൈകേയീം ച പ്രദക്ഷിണം
നിഷ്ക്രമ്യാന്തഃപുരാത് തസ്മാത്സ്വം ദദശ സുഹൃജ്ജനം. 29

പിതരം	പിതാവിനേയും	നിഷ്ക്രമ്യ	പുറത്തേയ്ക്കെഴുന്നെള്ളി
കൈകേയീം ച	കൈകേയീരാജ്ഞിയേയും	സഃ രാമഃ	ആ ശ്രീരാമൻ [യ
പ്രദക്ഷിണം കൃത്വാ	പ്രദക്ഷിണംചെയ്തു	സ്വം സുഹൃജ്ജനം	തനിക്ക് എല്ലായ്പോഴും കൂടെയിരുന്നുകൊണ്ടു തന്നെ പരിചരിക്കുന്നവനായ ലക്ഷ്മണനെ
തസ്മാത്	ആ		
അന്തഃപുരാത്	അന്തഃപുരത്തിൽനിന്ന്	ദദശ.	കണ്ടു.

തം ബാഷ്പപരിപൂർണ്ണാക്ഷഃ പൃഷ്ഠതോऽനുജഗാമ ഹ
ലക്ഷ്മണഃ പരമക്രുദ്ധഃ സുമിത്രാനന്ദവർദ്ധനഃ. 30

സുമിത്രാനന്ദവർദ്ധനഃ	സുമിത്രാദേവിക്ക് സന്തോഷത്തെ വർദ്ധിപ്പിക്കുന്നവനായ	ബാഷ്പപരിപൂർണ്ണാക്ഷഃ	അശ്രുക്കൾ നിറഞ്ഞ നേത്രങ്ങളോടുകൂടിയവനായി
		തം	അദ്ദേഹത്തിന്ന്
ലക്ഷ്മണഃ	ലക്ഷ്മണൻ	പൃഷ്ഠതഃ ഹ	പിന്നാലെതന്നെ
പരമക്രുദ്ധഃ	അതിക്രുദ്ധനായി	അനുജഗാമ.	അനുഗമിച്ചു.

[ശ്രീരാമനെ ലക്ഷ്മണൻ അനുവർത്തിക്കുന്നതുതന്നെയാണ് സുമിത്രാദേവിക്ക് പ്രീതി. എന്നു സൂചനാ. (സർവ്വാർത്ഥസാരം).]

ആഭിഷേചനികം ഭാണ്ഡം കൃത്വാ രാമഃ പ്രദക്ഷിണം
ശനൈർജ്ജഗാമ സാപേക്ഷോ ദൃഷ്ടിം തത്രാവിചാലയൻ. 31

രാമഃ,	ശ്രീരാമൻ,	അവിചാലയൻ	ഒട്ടുംവ്യതിചലിക്കുവാൻ സമ്മതിക്കാത്തവനായി
തത്ര	അക്കാര്യത്തെപ്പററി		
ശനൈഃ	പതർച്ചയില്ലാതെ	ആഭിഷേചനികം	അഭിഷേക
സാപേക്ഷഃ	അതിനെ ഒരു വലുതായ കാര്യമായി കരുതാത്തവനായി,	ഭാണ്ഡം	സാമഗ്രിയെ
		പ്രദക്ഷിണം കൃത്വാ	പ്രദക്ഷിണംചെയ്തു
ദൃഷ്ടിം	ബുദ്ധിയെ	ജഗാമ.	പുറത്തേക്കെഴുന്നെള്ളി.

ന ചാസ്യ മഹതീം ലക്ഷ്മീം രാജ്യനാശോऽപകർഷതി
ലോകകാന്തസ്യ കാന്തത്വം ശീതരശ്മേരിവ ക്ഷപാ. 32

രാജ്യനാശഃ,	രാജ്യാധികാരമില്ലാതായ്പ്പോയെന്നുള്ള സംഗതി	മഹതീം	അത്യത്ഭുതകരമായ
		ലക്ഷ്മീം ച	തിരുമുഖമണ്ഡലകാന്തിയേയും
ലോകകാന്തസ്യ	ലോകാഭിരാമനായ	ക്ഷപാ	രാത്രി
അസ്യ	ഇദ്ദേഹത്തിന്റെ	ശീതരശ്മേഃ	ചന്ദ്രന്റെ കാന്തിയെ
കാന്തത്വം	സർവ്വജനവശ്യമായ വിശേഷഗുണത്തെയും	ഇവ	എന്നവണ്ണം
		അപകർഷതി ന.	കുറയ്ക്കുന്നതേയില്ല.

[“ക്ഷപാ”, ക്ഷയിപ്പിക്കുന്നത്, അതായത് രാത്രി എന്നർത്ഥം. ചന്ദ്രന്റെ ലക്ഷ്മി (കാന്തി) ക്ഷയിക്കുന്നതുപോലെ, രാജ്യനാശംകൊണ്ട് ശ്രീരാമന്റെ കാന്തിക്ക് യാതൊരു ക്ഷയവും ഇല്ല. (സത്യംതീർത്ഥീയം). യാതൊരുവൻ, മഹതിയായ ലക്ഷ്മിയെ (സ്വഭാര്യയെ, അഥവാ സമ്പത്തിനെ), അപകർഷം ചെയ്യുന്നു, അതായത് കൂടെത്തന്നെ കൊണ്ടുപോകുന്നു, അപ്രകാരമുള്ള ശ്രീരാമന്ന് രാജ്യനാശമെന്നുള്ളതുതന്നെയില്ല. (സ. തീ.)]

ന വനം ഗന്തുകാമസ്യ ത്യജതശ്ച വസുന്ധരാം
സർവ്വലോകാതിഗസ്യേവ ലക്ഷ്യതേ ചിത്തവിക്രിയാ. 33

വസുന്ധരാം ച	രാജ്യത്തെയെല്ലാം	ചിത്തവിക്രിയാ	മനസ്സിൽ വികാരമെന്നുള്ളത്,
ത്യജതഃ	ത്യജിച്ചവനായി,		
വനം	വനത്തിലേക്ക്	സർവ്വലോകാതിഗസ്യ	നിസ്സംഗനായ്, സർവ്വലോകാതീതനായവന്ന്
ഗന്തുകാമസ്യ	എഴുന്നെള്ളുവാൻ നിശ്ചയിച്ചവനായ അദ്ദേഹത്തിന്ന്,	ഇവ	എന്നപോലെ,
		ലക്ഷ്യതേ ന.	ഉണ്ടായതേ ഇല്ല.

പ്രതിഷിദ്ധ്യ ശുഭം ഛത്രം വ്യജനേ ച സ്വലംകൃതേ
വിസർജയിത്വാ സ്വജനം രഥം പൌരാംസ്തഥാ ജനാൻ 34
ധാരയൻ മനസാ ദുഃഖമിന്ദ്രിയാണി നിഗൃഹ്യ ച
പ്രവിവേശാത്മവാൻ വേശ്മ മാതുരപ്രിയശംസിവാൻ. 35

ആത്മവാൻ	പരമാത്മാവായ അദ്ദേഹം
അപ്രിയശംസിവാൻ	ദുഃഖകരമായവൎത്തമാനത്തെ അറിയിപ്പാൻ പോകുന്നവനായി
മാതുഃ	പെററ മാതാവിൻെറ
ദുഃഖം	ദുഃഖത്തെ
മനസാ	തിരുവുള്ളത്തിൽ,
ധാരയൻ,	ചിന്തിക്കുന്നവനായി,
ഇന്ദ്രിയാണി ച	പ്രകൃത്യാ ഉല്പന്നങ്ങളായ സ്വശക്തികളെ
നിഗൃഹ്യ,	പ്രകാശിപ്പിക്കാതെ ഒതുക്കിക്കൊണ്ട്,
ശുഭം ഛത്രം	അഴകേറിയ വെൺകൊററക്കുടയേയും,
സ്വലംകൃതേ	നന്നായലങ്കരിക്കപ്പെട്ട
വ്യജനേ	ചാമരദ്വയങ്ങളേയും,
രഥം ച	രഥത്തേയും
സ്വജനം തഥാ	തൻെറ പരിജനങ്ങളേയും,
പ്രതിഷിദ്ധ്യ,	അകററി,
പൌരാൻ	നഗരവാസികളേയും
ജനാൻ	ഗ്രാമവാസികളേയും
വിസർജയിത്വാ	ഒതുക്കിവിലക്കിക്കൊണ്ട്,
വേശ്മ	അരമനയിലേക്ക്
പ്രവിവേശ.	എഴുന്നെള്ളി.

[ദുഃഖം (സുഹൃത്തുക്കളുടെ ദുഃഖം). എന്നു ഗൊ. രാ. 'അദുഃഖം' എന്നു പാഠഃ ശ്ലഥം, എന്ന് (സത്യ. തീ.)]

സൎവ്വോ ഹ്യഭിജനഃ ശ്രീമാൻ ശ്രീമതഃ സത്യവാദിനഃ
നാലക്ഷയത രാമസ്യ കിംചിദാകാരമാനനേ. 36

അഭിജനഃ	പ്രസിദ്ധന്മാരായ
ശ്രീമാൻ	മഹാന്മാർ
സൎവ്വഃ ഹി	ആരുംതന്നെ
സത്യവാദിനഃ	സത്യവാദിയും
ശ്രീമതഃ	ശ്രീമാനുമായ
രാമസ്യ	ശ്രീരാമൻെറ
ആനനേ,	തിരുമുഖത്തിൽ,
ആകാരം	മുമ്പില്ലാതിരുന്ന യാതൊരു മുഖഭാവത്തെയും
കിംചിത്	ഒട്ടെങ്കിലും
അലക്ഷയത ന.	വീക്ഷിച്ചില്ല.

["അഭിജനഃ" പുറമുള്ള ജനം. തീൎത്ഥീയം; 'സ്വജനം' എന്ന് (സത്യ. തീ.) "ശ്രീമാൻ" ഉത്സവത്തിന്നായ് അലങ്കരിച്ചിരിക്കുന്നവൻ. (ഗൊ. രാ.)]

ഉചിതം ച മഹാബാഹുൎന ജഹൌ ഹൎഷമാത്മനഃ
ശാരദഃ സമുദീൎണ്ണാംശുശ്ചന്ദ്രസ്തേജ ഇവാത്മജം. 37

മഹാബാഹുഃ	മഹാബാഹുവായ അദ്ദേഹം
ആത്മനഃ	തനിക്ക്
ഉചിതം	പ്രകൃതിസിദ്ധമായുള്ള
ഹൎഷം	ആനന്ദത്തെ
സമുദീൎണ്ണാംശുഃ	പൂൎണ്ണകിരണങ്ങളാൎന്ന
ശാരദഃ ചന്ദ്രഃ	ശരച്ചന്ദ്രൻ
ആത്മജം	സ്വാഭാവികമായി തനിക്കുള്ള
തേജഃ	തേജസ്സിനെ
ഇവ,	എന്നപോലെ,
ജഹൌ ന.	ത്യജിച്ചതേയില്ല.

വാചാ മധുരയാ രാമഃ സൎവ്വം സംമാനയൻ ജനം
മാതുഃ സമീപം ധീരാത്മാ പ്രവിവേശ മഹായശാഃ. 38

ധീരാത്മാ	ധീരാത്മാവും	വാചാ	വാക്കിനാൽ
മഹായശാഃ	മഹാകീൎത്തിശാലിയും	സംമാനയൻ	ഉത്സാഹപ്പെടുത്തിക്കൊ
രാമഃ,	ശ്രീരാമൻ, [ആയ	മാതുഃ	മാതാവിന്റെ [ണ്ടു
സൎവ്വം ജനം	എല്ലാ ജനത്തെയും	സമീപം	സന്നിധിയിൽ
മധുരയാ	ഇമ്പം കലൎന്ന	പ്രവിവേശ.	പ്രവേശിച്ചു.

തം ഗുണൈഃ സമതാം പ്രാപ്തോ ഭ്രാതാ വിപുലവിക്രമഃ
സൌമിത്രിരനുവവ്രാജ ധാരയൻ ദുഃഖമാത്മജം.. 39

ഗുണൈഃ	സുഖദുഃഖാദിഗുണങ്ങ	സൌമിത്രിഃ,	ലക്ഷ്മണൻ,
സമതാം	ളെ ഒപ്പം അനുഭവി	ആത്മജം	ഉള്ളിൽ ഉണ്ടായ
പ്രാപ്തഃ	ക്കുന്നവനും	ദുഃഖം	ദുഃഖത്തെ
ഭ്രാതാ	ഭ്രാതാവും	ധാരയൻ	ഒതുക്കിക്കൊണ്ടു,
വിപുലവിക്രമഃ	മഹാപരാക്രമശാലിയുമായ	തം	അദ്ദേഹത്തെ
		അനുവവ്രാജ.	അനുഗമിച്ചു.

പ്രവിശ്യ വേശ്മാതിഭൃശം മുദാഽന്വിതം
സമീക്ഷ്യ താം ചാൎത്ഥവിപത്തിമാഗതാം
ന ചൈവ രാമോഽത്ര ജഗാമ വിക്രിയാം
സുഹൃജ്ജനസ്യാത്മവിപത്തിശങ്കയാ. 40

അതിഭൃശം	അത്യന്തം	സുഹൃജ്ജനസ്യ	തന്നെ ചേൎന്നതായ ജനത്തിന്നു
മുദാന്വിതം	ഉത്സാഹത്തോടുകൂടിയിരുന്നതായ	ആത്മ-വിപത്തി-ശങ്കയാ ച	മനസ്സിൽ കഷ്ടം നേരിടുമെന്നുള്ള കാരണത്താൽ,
വേശ്മ	അരമനയിൽ		
പ്രവിശ്യ,	പ്രവേശിച്ചു		
രാമഃ, ആഗതാം	ശ്രീരാമൻ, അപ്പോൾ	അത്ര ച	ഈ സംഗതിയെപ്പറ്റി
താം	ആ [നേരിട്ടതായ	വിക്രിയാം ഏവ	തന്റെ ഉള്ളിൽ വല്ലതുമൊരു കുറവു് നേരിട്ടുവെന്ന ഭാവത്തെത്തന്നെ
അൎത്ഥവിപത്തിം	ഉദ്ദിഷ്ടകാൎയ്യവിഘാതത്തെപ്പറ്റി		
സമീക്ഷ്യ,	ദീൎഘമായി പൎയ്യാലോചനചെയ്തു	ജഗാമ ന.	പ്രാപിച്ചതേയില്ല.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഏകോനവിംശഃ സൎഗ്ഗഃ = പത്തൊമ്പതാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3232; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 877.

വിംശഃ സൎഗ്ഗഃ = ഇരുപതാംസൎഗ്ഗം.

[കൌസല്യാവിലാപഃ = കൌസല്യാദേവിയുടെ വിലാപം]

തസ്മിംസ്തു പുരുഷവ്യാഘ്രേ നിഷ്ക്രാമതി കൃതാഞ്ജലൌ
ആൎത്തശബ്ദോ മഹാൻ ജജ്ഞേ സ്ത്രീണാമന്തഃപുരേ തദാ. 1

തസ്മിൻ	ആ	തു	ഒരുമാതിരിസംഗതി മനസ്സിലാക്കിക്കഴിഞ്ഞവ
പുരുഷവ്യാഘ്രേ	പുരുഷശ്രേഷ്ഠൻ	സ്ത്രീണാം	സ്ത്രീകളുടെ, [രായ
കൃതാഞ്ജലൌ	കൈകൂപ്പിക്കൊണ്ട്	ആൎത്തശബ്ദഃ	ദുഃഖത്തെ പ്രദൎശിപ്പിക്കുന്നതായ താഴെയുള്ള സംഭാഷണം
നിഷ്ക്രാമതി തദാ	കാൽനടയായി എഴുന്നെള്ളിയിരുന്ന സമയത്തിൽതന്നെ,	മഹാൻ	ഉച്ചസ്വരത്തിൽ
അന്തഃപുരേ	അന്തഃപുരത്തിൽ	ജജ്ഞേ.	നടന്നു.

കൃത്യേഷ്വചോദിതഃ പിത്രാ സൎവ്വസ്യാന്തഃപുരസ്യ ച
ഗതിൎയ്യഃ ശരണം ചാപി സ രാമോഽദ്യ പ്രവത്സ്യതി. 2

"അന്തഃപുരസ്യ	"അന്തഃപുരസ്ത്രീജനത്തിന്ന്	അചോദിതഃ അപി	ആജ്ഞാപിക്കപ്പെടാത്തവനെന്നിരുന്നാലും,
സൎവ്വസ്യ ച	(യാതൊരു വ്യത്യാസവുമില്ലാതെ) എല്ലാവൎക്കും	ഗതിഃ	ഭാരവാഹിയായി
കൃത്യേഷു ച	സകല മനോരഥങ്ങളിലും,	ശരണം,	ആശ്രയഭൂതനായി വൎത്തിച്ചിരുന്നുവോ,
യഃ	യാതൊരുവൻ,	സഃ രാമഃ	ആ ശ്രീരാമൻ
പിത്രാ	പിതാവിനാൽ	അദ്യ	ഇന്ന് [പോകുന്നു.
		പ്രവത്സ്യതി.	നഗരം വിട്ടുവാൻ-

കൌസല്യായാം യഥാ യുക്തോ ജനന്യാം വൎത്തതേ സദാ
തഥൈവ വൎത്തതേഽസ്മാസു ജന്മപ്രഭൃതി രാഘവഃ. 3

"രാഘവഃ	"ശ്രീരാഘവൻ	യുക്തഃ	അളിനിഃവശത്തോടു കൂടിയവനായി
ജന്മപ്രഭൃതി	ജനനംമുതല്ക്കുതന്നെ	വൎത്തതേ യഥാ	ഏതുപ്രകാരം വൎത്തിക്കുന്നുവോ,
സദാ	എല്ലാസമയത്തിലും	തഥാ ഏവ	അപ്രകാരംതന്നെ
ജനന്യാം	പെററമ്മയായ	അസ്മാസു	നമ്മുടെ സംഗതിയിലും
കൌസല്യായാം	കൌസല്യാദേവിയിങ്കൽ	വൎത്തതേ.	വൎത്തിക്കുന്നു.

ന ക്രുദ്ധ്യത്യഭിശപ്തോഽപി ക്രോധനീയാനി വൎജ്ജയൻ
ക്രുദ്ധാൻ പ്രസാദയൻ സൎവ്വാൻ സ ഇതോഽദ്യ പ്രവത്സ്യതി. 4

"ക്രോധ- നീയാനി	കോപത്തെ ഉണ്ടാക്കു ന്ന വാക്കുകളേയും പ്ര വൃത്തികളേയും
വൎജ്ജയൻ,	വൎജ്ജിക്കുന്നവനായ അവൻ,
അഭിശപ്തഃ അപി	ന്യായരഹിതമായി ശ കാരിക്കപ്പെട്ടാലുംകൂടി
ക്രുദ്ധ്യതി ന;	കോപിക്കയില്ല;
ക്രുദ്ധാൻ	കോപിച്ചവർ ആരെ ന്നാലും അവരെ
സൎവ്വാൻ	എല്ലാവരേയും
പ്രസാദയൻ;	സാന്ത്വവാക്കുകളാൽ സമാധാനപ്പെടുത്തുന്നു;
സഃ	അപ്രകാരമുള്ള അവൻ
അദ്യ	ഇന്ന്
ഇതഃ	ഇവിടെനിന്നും
പ്രവത്സ്യതി.	വേർപിരിയുവാൻ പോകുന്നു.

അബുദ്ധിൎബ്ബത നോ രാജാ ജീവലോകം ചരത്യയം
യോ ഗതിം സൎവ്വഭൂതാനാം പരിത്യജതി രാഘവം. 5

"സൎവ്വഭൂതാനാം	"ആശ്രയിച്ചവരായ എല്ലാവൎക്കും
ഗതിം	ശരണ്യനായ
രാഘവം	ശ്രീരാഘവനെ
യഃ	യാതൊരുവൻ
പരിത്യജതി.	പരിത്യജിക്കുന്നുവൊ
അയം	അപ്രകാരമുള്ള ഈ
നഃ	നമ്മുടെ
രാജാ,	രാജാവ്,
അബുദ്ധിഃ	ഭ്രാന്തനായി
ജീവലോകം	ഈമനുഷ്യലോകത്തിൽ
ചരതി,	കാലംകഴിപ്പാൻ പോ കുന്നു,
ബത!"	എന്തൊരു കഷ്ടം!"

ഇതി സൎവ്വാ മഹിഷ്യസ്താ വിവത്സാ ഇവ ധേനവഃ
പതിമാചുക്രുശുശ്ചൈവ സസ്വരം ചാപി ചുക്രുശുഃ. 6

താഃ മഹിഷ്യഃ	ആ രാജമഹിഷികൾ
സൎവ്വാഃ അപി,	എല്ലാവരും
പതിം ച	പതിയെക്കുറിച്ച്
ഇതി ആചുക്രുശുഃ ച.	മേൽപ്രകാരം (മനോവ്യ ഥയെ വെളിപ്പെടുത്തു മാറ്) തമ്മിൽ തമ്മിൽ സംഭാഷണം ചെയ്തു;
വിവത്സാഃ	കുട്ടികൾപോയ
ധേനവഃ	പശുക്കൾ
ഇവ	എന്നപോലെ,
സസ്വരം ഏവ	വാവിട്ട്
ചുക്രുശുഃ.	മുറയിട്ടു.

സ ഹി ചാന്തഃപുരേ ഘോരമാൎത്തശബ്ദം മഹീപതിഃ
പുത്രശോകാഭിസന്തപ്തഃ ശ്രുത്വാ വ്യാലീയതാസനേ. 7

സഃ	ആ
പുത്രശോകാഭി സന്തപ്തഃ	പുത്രവാത്സല്യംകൊണ്ടു ണ്ടായ ദുഃഖാധിക്യ ത്താൽ സന്തപ്തനായ
മഹീപതിഃ ച,	മഹാരാജാവും,
അന്തഃപുരേ	അന്തഃപുരത്തിൽ
ഘോരം	ഘോരമായ
ആൎത്തശബ്ദം	കരച്ചൽ
ശ്രുത്വാ,	കേട്ട്,
ഹി	അക്കാരണത്താലും
ആസനേ	ഇരുന്നിരുന്ന ദിക്കിൽ തന്നെ
വ്യാലീയത.	ദുഃഖത്താൽ ഉരുകി.

രാമസ്തു ഭൃശമായസ്തോ വിശ്വസന്നിവ കുഞ്ജരഃ
ജഗാമ സഹിതോ ഭ്രാത്രാ മാതുരന്തഃപുരം വശീ. 8

വശീ	ആൎക്കും വശപ്പെട്ടവനും	വിശ്വസൻ,	നെടുവീൎപ്പുകുടി വിടാത്തവനായി,
ഭൃശം	എത്രയെങ്കിലും	ഭ്രാത്രാ	അനുജനായ ലക്ഷ്മണനാൽ
ആയസ്തഃ	മററുള്ളവൎക്കുവേണ്ടി കഷ്ടപ്പെടുന്നവനുമായ	സഹിതഃ,	അനുഗമിക്കപ്പെട്ടവനായി,
രാമഃ	ശ്രീരാമൻ	മാതുഃ	മാതാവിന്റെ
തു	ഈ സംഗതിയെക്കുറിച്ച്	അന്തഃപുരം	അന്തഃപുരത്തെ
കുഞ്ജരഃ ഇവ	അരയാലെന്നപോലെ	ജഗാമ.	പ്രാപിച്ചു.

സോഽപശ്യത് പുരുഷം തത്ര വൃദ്ധം പരമപൂജിതം
ഉപവിഷ്ടം ഗൃഹദ്വാരി തിഷ്ഠതശ്ചാപരാൻ ബഹൂൻ. 9

സഃ,	അദ്ദേഹം,	പുരുഷം	കാവല്ക്കാരനെ
തത്ര	അവിടെ	ഉപവിഷ്ടം	ഇരുന്നുംകൊണ്ടിരുന്നവനായും,
ഗൃഹദ്വാരി,	ഗൃഹദ്വാരത്തിൽ	അപരാൻ	മററു
പരമപൂജിതം	ഏററവും മാനിക്കത്തക്കവനായി	ബഹൂൻ	പലരേയും
		തിഷ്ഠതഃ ച	നിന്നുകൊണ്ടിരുന്നവരായും
വൃദ്ധം	വയസ്സുചെന്നവനായ	അപശ്യത്.	കണ്ടു.

ദൃഷ്ട്വൈവ തു തദാ രാമം തേ സൎവ്വേ സമുപസ്ഥിതാഃ
ജയേതി ജയതാം ശ്രേഷ്ഠം വൎദ്ധയന്തി സ്മ രാഘവം. 10

തദാ	ആ സമയം	രാമം	ശ്രീരാമനെ
തേ	അവർ	ദൃഷ്ട്വാ ഏവ,	കണ്ണിൽകണ്ട ക്ഷണത്തിൽതന്നെ,
സൎവ്വേ,	എല്ലാവരും,		
ജയതാം	ചിത്തം കവരുന്നവരിൽവെച്ച്	സമുപസ്ഥിതാഃ	വിരവിൽ എഴുന്നേററ്
		"ജയ"	"വിജയിച്ചാലും,"
ശ്രേഷ്ഠം തു	ഉത്തമനായ	ഇതി	എന്ന്
രാഘവം	രഘുവംശജനായ	വൎദ്ധയന്തി സ്മ.	കീൎത്തിച്ചു.

പ്രവിശ്യ പ്രഥമാം കക്ഷ്യാം ദ്വിതീയായാം ദദൎശ സഃ
ബ്രാഹ്മണാൻ വേദസംപന്നാൻ വൃദ്ധാൻ രാജ്ഞാഽഭിസത്കൃതാൻ. 11

സഃ	അദ്ദേഹം	വൃദ്ധാൻ	അതിയോഗ്യന്മാരായ
പ്രഥമാം	ആദ്യത്തെ	വേദസംപന്നാൻ	വേദവിത്തുകളെന്ന്
കക്ഷ്യാം	കെട്ട്	അഭി- സത്കൃതാൻ	വിശേഷവിധിയായി സത്കരിക്കപ്പെട്ടവരായ
പ്രവിശ്യ,	കടന്നുചെന്ന്,		
ദ്വിതീയായാം	രണ്ടാമത്തേതിൽ	ബ്രാഹ്മണാൻ	ബ്രാഹ്മണരെ
രാജ്ഞാ	മഹാരാജാവിനാൽ,	ദദൎശ.	കണ്ടു.

പ്രണമ്യ രാമസ്താൻ വൃദ്ധാൻ തൃതീയായാം ദദൎശ സഃ
സ്ത്രിയോ വൃദ്ധാശ്ച ബാലാശ്ച ദ്വാരരക്ഷണതത്പരാഃ. 12

സഃ	ആ	ദ്വാരരക്ഷണ-തത്പരാഃ	കാവൽകാക്കുന്നതിൽ ശ്രദ്ധയോടുകൂടിയവരായ
രാമഃ,	ശ്രീരാമൻ,	വൃദ്ധാഃ ച,	വയോധികന്മാരേയും,
താൻ	ആ	ബാലാഃ ച	ചെറുപ്പക്കാരികളായ
വൃദ്ധാൻ	മഹാന്മാരേയും	സ്ത്രിയഃ	സ്ത്രീകളേയും
പ്രണമ്യ,	വണങ്ങി,	ദദൎശ.	കണ്ടു.
തൃതീയായാം	മൂന്നാമത്തെ കെട്ടിൽ		

വൎദ്ധയിത്വാ പ്രഹൃഷ്ടാസ്താഃ പ്രവിശ്യ ച ഗൃഹം സ്ത്രിയഃ
ന്യവേദയന്ത ത്വരിതാ രാമമാതുഃ പ്രിയം തദാ. 13

താഃ	ആ	ഗൃഹം	അരമനയ്ക്കകത്ത്
സ്ത്രിയഃ,	സ്ത്രീകൾ,	ത്വരിതാഃ	വേഗത്തിൽ
തദാ,	അപ്പോൾ	പ്രവിശ്യ	പ്രവേശിച്ച്,
പ്രഹൃഷ്ടാഃ	സന്തോഷംപൂണ്ടവരായി	രാമമാതുഃ	ശ്രീരാമമാതാവിനോട്
വൎദ്ധയിത്വാ ച,	ജയഘോഷം മുഴക്കി,	പ്രിയം	സന്തോഷവൎത്തമാനത്തെ
		ന്യവേദയന്ത.	അറിയിച്ചു.

കൌസല്യാഽപി തദാ ദേവീ രാത്രിം സ്ഥിത്വാ സമാഹിതാ
പ്രഭാതേ ചാകരോത് പൂജാം വിഷ്ണോഃ പുത്രഹിതൈഷിണീ. 14

പുത്രഹിതൈഷിണീ	പുത്രന്നു നന്മയെത്തന്നെ കാംക്ഷിച്ചവളായ	സ്ഥിത്വാ	വസിച്ച്,
കൌസല്യാദേവീ	കൌസല്യാദേവി	തദാ	അപ്പോൾ
രാത്രിം അപി	രാത്രി മുഴുവനും	പ്രഭാതേ	പ്രഭാതത്തിൽ
സമാഹിതാ	ഈശ്വരധ്യാനത്തോടെ വ്രതനിയമാദിയോടു കൂടിയവളായി	വിഷ്ണോഃ	മഹാവിഷ്ണുവിന്ന്
		പൂജാം	പൂജയെ
		അകരോത് ച.	ചെയ്തു.

[''വിഷ്ണോഃ'' സൂൎയ്യഭഗവാന്ന് (എന്ന് ശിരോമണി).]

സാ ക്ഷൌമവസനാ ഹൃഷ്ടാ നിത്യം വ്രതപരായണാ
അഗ്നിം ജുഹോതി സ്മ തദാ മന്ത്രവത് കൃതമംഗലാ. 15

നിത്യം	എപ്പോഴും	ഹൃഷ്ടാ,	ആനന്ദമുൾക്കൊണ്ടവളായി,
വ്രതപരായണാ	ധൎമ്മാനുഷ്ഠാനനിരത	മന്ത്രവത്	ശാസ്ത്രവിധിപ്രകാരം
കൃതമംഗലാ	പുണ്യവതിയായ[യായി	അഗ്നിം	അഗ്നിയിൽ
സാ,	അവൾ,	ജുഹോതി സ്മ.	ഹോമം ചെയ്യിക്കയായിരുന്നു.
തദാ	ആ സമയം		
ക്ഷൌമവസനാ	വെൺപട്ടുടുത്തവളായി		

[ഇനിയത്തെ ശ്ലോകത്തിലെ ''ഹാവയന്തീം'' എന്നതിന്നനുസരിച്ച് ഇവിടെ ''ജുഹോതി'' എന്നതിന്നൎത്ഥം പറഞ്ഞിരിക്കുന്നു.]

പ്രവിശ്യ തു തദാ രാമോ മാതുരന്തഃപുരം ശുഭം
ദദൎശ മാതരം തത്ര ഹാവയന്തീം ഹുതാശനം. 16

തദാ	ആ സമയം	തത്ര	അവിടെ
രാമഃ	ശ്രീരാമൻ	മാതരം	മാതാവിനെ
മാതുഃ	മാതാവിന്റെ	ഹുതാശനം	അഗ്നിയിൽ
ശുഭം	മംഗളകരമായ	ഹാവയന്തീം തു	ഹോമം ചെയ്യിച്ചുകൊണ്ടിരിക്കുന്നവളായ്
അന്തഃപുരം	അന്തഃപുരത്തിൽ		
പ്രവിശ്യ,	പ്രവേശിച്ച്,	ദദൎശ.	കണ്ടു.

ദേവകാൎയ്യനിമിത്തം ച തത്രാപശ്യത് സമുദ്യതം. 17

തത്ര	അപ്പോൾ	സമുദ്യതം ച	എല്ലാം തയ്യാറാക്കപ്പെട്ടതിനേയും
ദേവകാൎയ്യനിമിത്തം	ദൈവപൂജയെ ഉദ്ദേശിച്ച്	അപശ്യത്.	കണ്ടു.

ദധ്യക്ഷതം ഘൃതം ചൈവ മോദകാൻ ഹവിഷസ്തദാ
ലാജാൻ മാല്യാനി ശുക്ലാനി പായസം കൃസരം തഥാ
സമിധഃ പൂൎണ്ണകുംഭാംശ്ച ദദൎശ രഘുനന്ദനഃ. 18

രഘുനന്ദനഃ	ശ്രീരാമൻ	ശുക്ലാനി മാല്യാനി	വെള്ളപ്പൂമാലകളും
തദാ	അപ്പോൾ		
ദധി	തയിരും	പായസം തഥാ	പായസവും
അക്ഷതം	അക്ഷതയും	കൃസരം ച	തിലോദനവും (എള്ളുണ്ട)
ഘൃതം ച	നെയ്യും	സമിധഃ	ചമതകളും
മോദകാൻ	മോദകങ്ങളും	പൂൎണ്ണകുംഭാൻ ഏവ	പൂൎണ്ണകുംഭങ്ങളും
ഹവിഷഃ	ഹവിസ്സുകളും		
ലാജാൻ	പൊരിയും	ദദൎശ.	കണ്ടു.

താം ശുക്ലക്ഷൌമസംവീതാം വ്രതയോഗേന കൎശിതാം
തൎപ്പയന്തീം ദദൎശാദ്ഭിഃ ദേവതാം വരവൎണ്ണിനീം. 19

വരവൎണ്ണിനീം	ഉത്തമയായ	ശുക്ലക്ഷൌമസംവീതാം	വെൺപട്ടുടുത്തവളായും
താം	അവളെ	ദേവതാം	ദേവനെ
വ്രതയോഗേന	ഉപവാസാദിവ്രതാനുഷ്ഠാനംമൂലം	അദ്ഭിഃ	തീൎത്ഥങ്ങൾകൊണ്ട്
		തൎപ്പയന്തീം	തൎപ്പിക്കുന്നവളായും
കൎശിതാം	തളൎന്നവളായും	ദദൎശ.	കണ്ടു.

സാ ചിരസ്യാത്മജം ദൃഷ്ട്വാ മാതൃനന്ദനമാഗതം
അഭിചക്രാമ സംഹൃഷ്ടാ കിശോരം ബഡബാ യഥാ. 20

സാ	അവൾ	ദൃഷ്ട്വാ,	കണ്ടു്,
ചിരസ്യ	എല്ലായ്പോഴും	സംഹൃഷ്ടാ,	ആനന്ദഭരിതയായി
മാതൃനന്ദനം	മാതാവിന്നു് പ്രീതികര	ബഡബാ	പെൺകുതിര
	മായിത്തന്നെ നടക്കു	കിശോരം	കുട്ടിയെ
ആത്മജം	പുത്രനെ [ന്നവനായ	യഥാ	എന്നപോലെ
ആഗതം	മുമ്പിൽനില്ക്കുന്നവനായി	അഭിചക്രാമ.	അടുത്തു.

സ മാതരമഭിക്രാന്താമുപസംഗൃഹ്യ രാഘവഃ
പര്യഷ്വജത ധർമ്മാത്മാ മാത്രാ ചൈവ പരന്തപഃ
പരിഷ്വക്തശ്ച ബാഹുഭ്യാമുപാഘ്രാതശ്ച മൂർദ്ധ്നി. 21

പരംതപഃ	സർവ്വജയശാലിയും	പര്യഷ്വജത ;	ആലിംഗനംചെയ്തു;
ധർമ്മാത്മാ	ധർമ്മാത്മാവും ആയ	മാത്രാ ച ഏവ	മാതാവിനാലും
സഃ രാഘവഃ,	ആ ശ്രീരാഘവൻ,	ബാഹുഭ്യാം	ഇരുകൈകളെക്കൊണ്ടും
അഭിക്രാന്താം	നേക്കു വരുന്നവളായ	പരിഷ്വക്തഃ ച	കെട്ടിപ്പുണരപ്പെട്ടു
മാതരം	മാതാവിനെ	മൂർദ്ധ്നി ച	ശിരസ്സിൽ
ഉപസംഗൃഹ്യ	വണങ്ങി നമസ്കരിച്ചു്	ഉപാഘ്രാതഃ.	മുകരപ്പെടുകയുംചെയ്തു.

തമുവാച ദുരാധർഷം രാഘവം സുതമാത്മനഃ
കൌസല്യാ പുത്രവാത്സല്യാദിദം പ്രിയഹിതം വചഃ. 22

കൌസല്യാ	കൌസല്യാദേവി	പുത്ര-വാത്സല്യാത്	പുത്രവാത്സല്യത്താൽ
ആത്മനഃ	സ്വന്തം		
സുതം	തിരുമകനും	പ്രിയഹിതം	പ്രിയവും ഹിതവുമായ
ദുരാധർഷം	ആരെയും പുച്ഛിക്കാത്ത	ഇദം	ഈ
തം	ആ [വനുമായ	വചഃ	വചനത്തെ
രാഘവം	ശ്രീരാഘവനോടായി	ഉവാച.	ഉരചെയ്തു.

വൃദ്ധാനാം ധർമ്മശീലാനാം രാജർഷീണാം മഹാത്മനാം
പ്രാപ്നുഹ്യായുശ്ച കീർത്തിം ച ധർമ്മം ചാപ്യുചിതം കുലേ. 23

"കുലേ	"ഈ ഉത്കൃഷ്ടകുല	മഹാത്മനാം	മഹാത്മാക്കളുടെ
വൃദ്ധാനാം	മഹാന്മാരുടെ [ത്തിൽ	കീർത്തിം ച	കീർത്തിയേയും
ഉചിതം അപി	നടവടിയേയും	രാജർഷീണാം	രാജർഷികളുടെ
ധർമ്മശീലാനാം	ധർമ്മാത്മാക്കളുടെ	ആയുഃ ച	ആയുസ്സിനെയും
ധർമ്മം ച	ധർമ്മത്തെയും	പ്രാപ്നുഹി.	പ്രാപിച്ചാലും.

സത്യപ്രതിജ്ഞം പിതരം രാജാനം പശ്യ രാഘവ
അദ്യൈവ ഹി ത്വാം ധർമ്മാത്മാ യൌവരാജ്യേഽഭിഷേക്ഷ്യതി. 24

"രാഘവ!	"ശ്രീരാമ!	ഹി	അതിനാൽ
അദ്യ ഏവ	ഇപ്പോൾതന്നെ	സത്യപ്രതിജ്ഞം	പറഞ്ഞവാക്കിനെ ഇള
ധർമ്മാത്മാ	ധർമ്മാത്മാവായ അച്ഛ		ക്കാത്തവനും
ത്വാം	നിന്നെ [ഹം	പിതരം	പിതാവുമായ
യൌവരാജ്യേ	യുവരാജാവായി	രാജാനം	മഹാരാജാവിനെ [ക."
അഭിഷേക്ഷ്യതി;	വാഴിപ്പാൻ പോകുന്നു;	പശ്യ."	സേവിച്ചുകൊണ്ടിരിക്കു-

ദത്തമാസനമാലഭ്യ ഭോജനേന നിമന്ത്രിതഃ
മാതരം രാഘവഃ കിംചിത് വ്രീഡാത് പ്രാഞ്ജലിരബ്രവീത്. 25
സ സ്വഭാവവിനീതശ്ച ഗൌരവാച്ച തദാ നതഃ
പ്രസ്ഥിതോ ദണ്ഡകാരണ്യമാപ്രഷ്ടുമുപചക്രമേ. 26

ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിലേക്ക്
പ്രസ്ഥിതഃ	യാത്രപുറപ്പെട്ടവനും,
സ്വഭാവ-വിനീതഃ	പ്രകൃത്യാ സദ്ഗുണസമ്പന്നനും,
ഭോജനേന	അല്പമായ വല്ല ആഹാരവും കഴിപ്പാനായി
നിമന്ത്രിതഃ	ക്ഷണിക്കപ്പെട്ടവനു
രാഘവഃ,	ശ്രീരാഘവൻ, [മായ
തദാ	അതിന്നായി
ദത്തം	നൽകപ്പെട്ട
ആസനം	ആസനത്തെ,
ഗൌരവാത്	വലിയവരെക്കുറിച്ചുള്ള ബഹുമാനത്താലും,
വ്രീഡാത് ച	ചെറിയവർ അനുഷ്ഠിക്കേണ്ടതായ മര്യാദ
കിംചിത്	കുറഞ്ഞൊന്ന് [യാലും
ആലഭ്യ,	സ്വീകരിച്ച്,
ആപ്രഷ്ടും	യാത്രപറയുന്നതിന്ന്
ഉപചക്രമേ;	തക്കസമയം തന്നെയെന്ന് മനസ്സിലുറച്ചു;
സഃ	അദ്ദേഹം
നതഃ	തലതാഴ്ത്തിക്കൊണ്ട്,
പ്രാഞ്ജലിഃ ച	കൂപ്പുകയ്യോടുകൂടിയവനായി,
മാതരം	മാതാവിനോടായി
അബ്രവീത്.	ഇപ്രകാരം അരുളിച്ചെയ്തു.

ദേവി നൂനം ന ജാനീഷേ മഹദ്ഭയമുപസ്ഥിതം
ഇദം തവ ച ദുഃഖായ വൈദേഹ്യാ ലക്ഷ്മണസ്യ ച. 27

"ദേവി!	"മാതാവേ!
തവ	നിന്തിരുവടിക്കും
വൈദേഹ്യാഃ ച	സീതയ്ക്കും
ലക്ഷ്മണസ്യ ച	ലക്ഷ്മണനും
ദുഃഖായ	ദുഃഖത്തെ വിളയിക്കുന്നതിന്നായി
മഹത് ഭയം	മഹത്തായ കഷ്ടം,
നൂനം	ഇപ്പോൾ പുതിയതായി
ഉപസ്ഥിതം;	സംഭവിച്ചിരിക്കുന്നു;
ഇദം	ഇതെന്തെന്ന്
ജാനീഷേ ന.	നിന്തിരുവടി അറികയില്ല.

ഗമിഷ്യേ ദണ്ഡകാരണ്യം കിമനേനാസനേന മേ
വിഷ്ടരാസനയോഗ്യോ ഹി കാലോഽയം മാമുപസ്ഥിതഃ. 28

"ദണ്ഡ-കാരണ്യം	"ദണ്ഡകാരണ്യത്തിലേക്ക്
ഗമിഷ്യേ!	ഇതാ ഞാൻ പോക
അയം	ഈ ഞാൻ [യാണ്;
വിഷ്ടരാസന-യോഗ്യഃ;	മുനിമാൎക്കുചിതമായ ദൎഭാസനത്തിന്നു അൎഹനാകുന്നു;
മാം ഹി,	എനിക്കും,
കാലഃ	കൎമ്മഫലമായി ഞാൻ നടക്കേണ്ടതായ വിധി
ഉപസ്ഥിതഃ;	വിധിക്കപ്പെട്ടിരിക്കുന്നു;
അനേന	ഇങ്ങിനെ
ആസനേന	കാലതാമസംചെയ്തു ഞാൻ ഇവിടെ ഇരിക്കു
മേ	എനിക്ക് [ന്നതുകൊണ്ട്
കിം?	എന്തു പ്രയോജനം?

["പഞ്ചാശദ്ഭിൎഭവേദ്ബ്രഹ്മാ തദൎദ്ധേന തു വിഷ്ടരഃ" എന്ന സ്മൃതിവചനപ്രകാരം, 25 ദൎഭകളുള്ളതാകുന്നു മുനിമാരുടെ ദൎഭാസനം.]

ചതുർദശ ഹി വർഷാണി വത്സ്യാമി വിജനേ വനേ
മധുമൂലഫലൈർജ്ജീവൻ ഹിത്വാ മുനിവദാമിഷം. 29

"ചതുർദശ	"പതിന്നാലു	മധുമൂല ഫലൈഃ ഹി	ശുദ്ധജലം, കിഴങ്ങുകൾ, ഫലങ്ങൾ എന്നിവയെക്കൊണ്ടു മാത്രം
വർഷാണി	സംവത്സരങ്ങൾ		
വിജനേ	ജനസഞ്ചാരമില്ലാത്ത		
വനേ,	കാട്ടിൽ,	ജീവൻ	ജീവനംകഴിച്ചുകൊണ്ടിരിക്കുന്നവനായി
ആമിഷം	രാജയോഗ്യമായ ഏതു ഭോഗ്യവസ്തുവിനേയും		
ഹിത്വാ	ഉപേക്ഷിച്ച്	വത്സ്യാമി.	ഞാൻ കാലയാപനം ചെയ്യാൻപോകുന്നു.
മുനിവത്	പരമാത്മധ്യാനനിരത-[നായി]		

["ആമിഷം പുംനപുംസകം ഭോഗ്യവസ്തുനി സംഭോഗേ". എന്നു മേദിനീകോശം. "ആമിഷം ഫലലേ ലോഭേ സംഭോഗോൽകോചയോരപി" എന്നു വിശ്വൻ. "വിജനേ" (വിശിഷ്ടജനങ്ങളുള്ളതായ), എന്നു ശിരോമണി,]

ഭരതായ മഹാരാജോ യൌവരാജ്യം പ്രയച്ഛതി
മാം പുനർദണ്ഡകാരണ്യേ വിവാസയതി താപസം. 30

"മഹാരാജഃ	"മഹാരാജാവ്	ദണ്ഡകാരണ്യേ	ദണ്ഡകാരണ്യത്തിൽ
ഭരതായ	ഭരതന്ന്	താപസം	തപസ്വിയായി
പുനഃ	ഇപ്പോൾ	മാം	എന്നെ
യൌവരാജ്യം	യുവരാജാധികാരത്തെ	വിവാസയതി.	അയപ്പാൻ കല്പിച്ചിരിക്കുന്നു.
പ്രയച്ഛതി;	നൽകുന്നു ;		

സ ഷട് ചാഷ്ടൌ ച വർഷാണി വത്സ്യാമി വിജനേ വനേ
ആസേവമാനോ വന്യാനി ഫലമൂലൈശ്ച വർത്തയൻ. 31

"സഃ	"അപ്രകാരമുള്ള ഞാൻ	ആസേവമാനഃ	അനുഷ്ഠിക്കുന്നവനായി
വിജനേ	ജനസഞ്ചാരമില്ലാത്ത	ഫലമൂലൈഃ ച	കായ്കനികളെക്കൊണ്ട് മാത്രം
വനേ	വനത്തിൽ		
ഷട് ച	ആറും	വർത്തയൻ	ഉപജീവനം ചെയ്യുന്നവനായി
അഷ്ടൌ ച	എട്ടും കൂടിയ		
വർഷാണി,	സംവത്സരങ്ങൾ,	വത്സ്യാമി."	കാലംകഴിപ്പാൻ പോകുന്നു."
വന്യാനി	വാനപ്രസ്ഥധർമ്മത്തെ		

സാ നികൃത്തേവ സാലസ്യ യഷ്ടിഃ പരശുനാ വനേ
പപാത സഹസാ ദേവീ ദേവതേവ ദിവശ്ച്യുതാ. 32

സാ ദേവീ	ആ ദേവി,	ദിവഃ	ആകാശത്തിൽനിന്നു
വനേ	കാട്ടിൽ	ച്യുതാ	തള്ളപ്പെട്ട
പരശുനാ	കോടാലികൊണ്ട്	ദേവതാ ഇവ,	ഒരു(നക്ഷത്രരൂപിണിയായ) ദേവതപോലെയും,
നികൃത്താ	മുറിക്കപ്പെട്ട		
സാലസ്യ	ഒരു മരത്തിന്റെ	സഹസാ	പെട്ടെന്ന്
യഷ്ടിഃ ഇവ,	കൊമ്പുപോലെയും,	പപാത.	നിലത്ത് പതിച്ചു.

താമദുഃഖോചിതാം ദൃഷ്ട്വാ പതിതാം കദളീമിവ
രാമസ്തൂത്ഥാപയാമാസ മാതരം ഗതചേതസം. 33

അദുഃഖോചിതാം	ദുഃഖമെന്നുള്ളതിനെത്തന്നെ അനുഭവിക്കാത്ത	ഗതചേതസം	മോഹാലസ്യം പൂണ്ടവ[ളായി
താം മാതരം	ആ മാതാവിനെ [വളായ	ദൃഷ്ട്വാ,	കണ്ട്,
കദളീം ഇവ	കദളിപോലെ	രാമഃ	ശ്രീരാമൻ
പതിതാം	വീണവളായി,	തു	ഉടനെ
		ഉത്ഥാപയാമാസ.	താങ്ങിയിരുത്തി.

[“കദളീ” കദളിവാഴ എന്നും, ഒരു മാതിരി മാൻ എന്നും.]

ഉപാവൃത്യോത്ഥിതാം ദീനാം ബഡവാമിവ വാഹിതാം
പാംസുഗുണ്ഠിതസർവ്വാംഗീം വിമമർശ ച പാണിനാ. 34

വാഹിതാം	അതിയായ ദുഃഖത്തെ വഹിക്കുന്നവളായി	പാംസുഗുണ്ഠിതസർവ്വാംഗീം ച	ദേഹത്തിലെല്ലാം (കർപ്പൂരം മുതലായ പൂജാദ്രവ്യങ്ങളുടെ) ധൂളിപുരണ്ടിരിക്കുന്നവളുമായ
ദീനാം	പ്രജ്ഞയററ അവസ്ഥ		അവളെ
ഉപാവൃത്യ	പ്രാപിച്ച് [യെ		
ഉത്ഥിതാം	ബോധംതെളിഞ്ഞവളും		
ബഡവാം ഇവ	അശ്വിനീദേവതയെപ്പോലെയിരിക്കുന്നവളും	പാണിനാ	തൃക്കൈകൊണ്ട്
		വിമമർശ.	തലോടി.

[“ബഡവാ” (പെൺകുതിര) എന്നും അർത്ഥം. ഭാരം ചുമന്ന്, തളന്ന്, മണലിൽ കിടന്നുരുണ്ടതുകൊണ്ട് മേലെല്ലാം പൊടിപുരണ്ട പെൺകുതിരയെ തുടയ്ക്കുന്നതുപോലെ എന്നു ഉപമാർത്ഥം സ്പഷ്ടം.]

സാ രാഘവമുപാസീനമദുഃഖാർഹാ സുഖോചിതാ
ഉവാച പുരുഷവ്യാഘ്രമുപശൃണ്വതി ലക്ഷ്മണേ. 35

സുഖോചിതാ	എല്ലായ്പോഴും സൌഖ്യത്തിന്നുതന്നെ അർഹയായവളും	പുരുഷവ്യാഘ്രം	പുരുഷോത്തമനായ
		രാഘവം	ശ്രീരാമനെനോക്കി
		ലക്ഷ്മണേ	ലക്ഷ്മണൻ
അദുഃഖാർഹാ	ദുഃഖത്തിന്നു് അനർഹ	ഉപശൃണ്വതി	അടുത്തുനിന്നു് കേട്ടുകൊണ്ടിരിക്കെ
സാ	അവൾ [യുമായ		
ഉപാസീനം	അടുത്തിരുന്നിരുന്ന	ഉവാച.	ഇപ്രകാരം ഉരചെയ്തു.

യദി പുത്ര ന ജായേഥാ മമ ശോകായ രാഘവ
ന സ്മ ദുഃഖമതോ ഭൂയഃ പശ്യേയമഹമപ്രജാഃ. 36

‘ പുത്ര !	“ ഉണ്ണീ !	അപ്രജാഃ	മലടിയായിത്തന്നെ വർത്തിച്ച്
രാഘവ !	ശ്രീരാമ !		
മമ	എനിക്ക്	ശോകായ	ദുഃഖത്തെ വിളയിക്കു[ന്നതായ
ജായേഥാഃ ന യദി,	നീ പിറക്കാതിരുന്നുവെങ്കിൽ	ഭൂയഃ	പെരുതായ
		ദുഃഖം	ഈ കഷ്ടത്തെ
അതഃ	അക്കാരണത്താൽ	പശ്യേയം സ്മ ന.	അനുഭവിക്കയില്ലായിരുന്നു.
അഹം	ഞാൻ		

ഏക ഏവ ഹി വന്ധ്യായാഃ ശോകോ ഭവതി മാനസഃ
അപ്രജാऽസ്മീതി സംതാപോ ന ഹ്യന്യഃ പുത്ര വിദ്യതേ. 37

"പുത്ര!	"മകനേ!	ശോകഃ	ദുഃഖം
വന്ധ്യായാഃ	മക്കളില്ലാത്തവൾക്ക്,	ഏകഃ ഏവ	ഒന്നുമാത്രമാണ്
അപ്രജാഃ അസ്മി	'ഞാൻ വന്ധ്യയാകുന്നു,'	ഭവതി;	ഉള്ളത്;
		അന്യഃ ഹി	വേറെ യാതൊരു
ഇതി	എന്നുള്ള	സന്താപഃ ഹി	മനസ്താപവും
മാനസഃ	മാനസികമായ	വിദ്യതേ ന.	ഉണ്ടാകുന്നില്ല.

ന ദൃഷ്ടപൂൎവ്വം കല്യാണം സുഖം വാ പതിപൌരുഷേ
അപി പുത്രേ വിപശ്യേയമിതി രാമാസ്ഥിതം മയാ. 38

"രാമ!	"ശ്രീരാമ!	പുത്രേ അപി	പുത്രങ്കൽ മാത്രം
പതിപൌരുഷേ,	ഭൎത്താവിന്റെ യോഗ്യത കൊണ്ടുള്ള	ആസ്ഥിതം വാ	സദാ സ്ഥിതിചെയ്യുന്നതായ
കല്യാണം	ഭാഗ്യത്തെ	സുഖം	പരമാനന്ദത്തെ
മയാ	എന്നാൽ,	വിപശ്യേയം ഇതി.	ഞാൻ അനുഭവിക്കേണമെന്നാണ് കൊതിച്ചിരുന്നത്.
ദൃഷ്ടപൂൎവ്വം ന;	അതിനുമേലെയൊന്നുമില്ലെന്നുള്ളതായി അനുഭവിക്കപ്പെട്ടില്ല;		

സാ ബഹൂന്യമനോജ്ഞാനി വാക്യാനി ഹൃദയച്ഛിദാം
അഹം ശ്രോഷ്യേ സപത്നീനാമവരാണാം വരാ സതീ. 39

"വരാ സതീ	"മൂത്തവളായ	സപത്നീനാം	സപത്നിമാരുടെ
സാ അഹം	ആ ഞാൻ	ബഹൂനി	പലമാതിരിയായ
അവരാണാം	ഇളയവരും	അമനോജ്ഞാനി	നിഷ്ഠുര
ഹൃദയച്ഛിദാം	ഹൃദയത്തെ ഭേദിക്കുന്നവരും ആയ	വാക്യാനി	ഭാഷണങ്ങളെ
		ശ്രോഷ്യേ.	ഇപ്പോൾമുതല്ക്ക് കേൾക്കാറാകും.

അതോ ദുഃഖതരം കിം നു പ്രമദാനാം ഭവിഷ്യതി
മമ ശോകോ വിലാപശ്ച യാദൃശോऽയമനന്തകഃ 40

"മമ	"എനിക്ക്	പ്രമദാനാം	സ്ത്രീകൾക്ക്
വിലാപഃ	കണ്ണീർ ഒഴുകിപ്പിക്കുന്നതായ	അതഃ	ഇതിനെക്കാൾ
അയം ശോകഃ	ഈ മനോവേദന	ദുഃഖതരം	അധികം കഷ്ടമായത്
അനന്തകഃ;	അളവററതുതന്നെ;	കിം നു	എന്തൊന്നുതന്നെയാണ്
യാദൃശഃ ച;	എപ്രകാരമുള്ളതെന്നും പറയപ്പെട്ടുവാൻ കഴിയാത്തതു;	ഭവിഷ്യതി!	ഉണ്ടാവുക!

ത്വയി സംനിഹിതേഽപ്യേവമഹമാസം നിരാകൃതാ
കിം പുനഃ പ്രോഷിതേ താത ധ്രുവം മരണമേവ മേ. 41

"താത!	"പുത്ര!	ആസം;	ഇരിക്കുന്നു;
ത്വയി	നീ	പ്രോഷിതേ	അന്യദിക്കിലാണെ
സന്നിഹിതേ	ഇവിടെയുള്ളപ്പോൾ		ന്നാൽ
അപി	തന്നെ	കിം പുനഃ?	പിന്നെ പറയേണ്ടതു
അഹം	ഞാൻ	മേ	എനിക്ക് [ണ്ടോ?
ഏവം	ഇപ്രകാരം [ളായി	മരണം	മരണം
നിരാകൃതാ	അവമാനിക്കപ്പെട്ടവ–	ധ്രുവം ഏവ.	തീർച്ചതന്നെ.

അത്യന്തം നിഗൃഹീതാഽസ്മി ഭർത്തുർന്നിത്യമസംമതാ
പരിവാരേണ കൈകേയ്യാഃ സമാ വാഽപ്യഥവാഽവരാ. 42

"ഭർത്തുഃ	"ഭർത്താവിന്റെ	പരിവാരേണ	വേലക്കാരിയോട്
അസംമതാ,	വെറുപ്പിന്ന് പാത്രീഭ	സമാ വാ,	തുല്യതയാന്നവളായൊ
നിത്യം -	എന്നും [വിച്ചവളായി	അഥവാ	അല്ല [ളായൊ
അത്യന്തം	എല്ലാ പെരുമയും	അവരാ അപി	അതിലും താഴ്ന്നവ-
നിഗൃഹീതാ,	പോയവളായി	അസ്മി.	ളാണു ഞാനിരിക്കു
കൈകേയ്യാഃ	കൈകേയിയുടെ		ന്നതു്.

യോ ഹി മാം സേവതേ കശ്ചിദഥവാപ്യനുവൎത്തതേ
കൈകേയ്യാഃ പുത്രമന്വീക്ഷ്യ സ ജനോ നാഭിഭാഷതേ. 43

"അഥവാ,	"അതില്ലെന്നാലുംകൂടി,	സഃ അപി	അപ്രകാരമുള്ള ജനവും
യഃ കശ്ചിത്	ഏതെങ്കിലും ഒരു		കൂടി,
ജനഃ	ജനം	കൈകേയ്യാഃ	കൈകേയിയുടെ
മാം	എന്നെ	പുത്രം	പുത്രനെ
സേവതേ ഹി,	ആശ്രയിക്കുന്നുണ്ടൊ,	അന്വീക്ഷ്യ	കരുതി
അനുവൎത്തതേ,	എന്റെ ചൊല്പടിക്ക്	അഭിഭാഷതേ ന.	നേരിട്ട് നോക്കുകകൂടി
	നടക്കുന്നുവൊ,		യില്ല.

നിത്യക്രോധതയാ തസ്യാഃ കഥം നു ഖരവാദി തത്
കൈകേയ്യാ വദനം ദ്രഷ്ടും പുത്ര ശക്ഷ്യാമി ദുൎഗ്ഗതാ. 44

"പുത്ര!	"പുത്ര!	തത്	ആ
നിത്യക്രോധതയാ	സദാ ശുണ്ഠിയുള്ളവളാ	വദനം	മുഖം
തസ്യാഃ	ആ [കയാൽ	ദ്രഷ്ടും	കാണ്മാൻ
കൈകേയ്യാഃ	കൈകേയിയുടെ	ദുൎഗ്ഗതാ	നിർഭാഗ്യയായ ഞാൻ
ഖരവാദി	മൂർഖതയെ വെളിപ്പെ	കഥം നു	എങ്ങിനെതന്നെയാണ്
	ടുത്തുന്ന	ശക്ഷ്യാമി?	സഹിക്കുക?

ദശ സപ്ത ച വൎഷാണി തവ ജാതസ്യ രാഘവ
ആസിതാനി പ്രകാംക്ഷന്ത്യാ മയാ ദുഃഖപരിക്ഷയം. 45

"രാഘവ!	"ശ്രീരാമ!	മയാ	എന്നാൽ
തവ ജാതസ്യ	നീ ജനിച്ചതുമുതൽ	ദുഃഖപരിക്ഷയം	ദുഃഖപൎയ്യവസാനത്തെ
സപ്ത ച ദശ	ഇരുപത്തിനാല്	പ്രകാംക്ഷന്ത്യാ	കാംക്ഷിക്കുന്നവളായി
വൎഷാണി,	സംവത്സരങ്ങൾ,	ആസിതാനി.	കഴിച്ചുകൂട്ടപ്പെട്ടു.

[ശ്രീരാമൻ വിശ്വാമിത്രമുനിയുടെ കൂടെ പോയി, സീതാവിവാഹം കഴിയുന്നകാലം, പന്ത്രണ്ടു വയസ്സാണെന്ന് ബാലകാണ്ഡം 20-ാംസൎഗ്ഗം, 2-ാം ശ്ലോകത്തിന്റെ കുറിപ്പിൽ വിവരിച്ചിട്ടുണ്ട്. പിന്നെ വിവാഹംകഴിഞ്ഞ് 12 കൊല്ലം കഴിഞ്ഞുവെന്ന് സുന്ദരകാണ്ഡം 33-ാം സൎഗ്ഗത്തിലും, ആരണ്യകാണ്ഡം 47-ാം സൎഗ്ഗത്തിലും ഉള്ള സീതയുടെ വാക്യത്തിൽനിന്നു കിട്ടുന്നു. ആകയാൽ ഈ സമയം ശ്രീരാമന്ന് 24 വയസ്സാണെന്ന് തീൎച്ചയാകുന്നു. അപ്രകാരം "സപ്ത ച ദശ" എന്നതിന്ന് "ഏഴ്, പിന്നെയൊരേഴ്, പത്ത്" എന്ന് അൎത്ഥം കല്പിച്ചിരിക്കുന്നു. ഗോവിന്ദരാജീയവ്യാഖ്യാനത്തിൽ "ജാതസ്യ" എന്നതിന്ന് "ഉപനയിച്ച" എന്നൎത്ഥം പറഞ്ഞ്, അതിന്നുശേഷം പതിനേഴുകൊല്ലങ്ങൾ, എന്നു കല്പിച്ച് ഈ വിരോധത്തെ പരിഹരിക്കുന്നു, എന്ന് മേലുറഞ്ഞ കുറിപ്പിൽതന്നെ വിവരിച്ചിട്ടുള്ളതു കാണുക.]

തദക്ഷയം മഹദ്ദുഃഖം നോത്സഹേ സഹിതും ചിരം
വിപ്രകാരം സപത്നീനാമേവം ജീൎണ്ണാപി രാഘവ. 46

"രാഘവ!	"ശ്രീരാമ!	ഏവം	ഇപ്രകാരമുള്ള
ജീൎണ്ണാ	പ്രായംചെന്നവളായ ഞാൻ,	മഹത്	പെരുതായ
		തത്	ആ
സപത്നീനാം	സപത്നിമാരുടെ	ദുഃഖം അപി	ദുഃഖത്തേയും
വിപ്രകാരം	അവമതിയാകുന്നതും	സഹിതും,	സഹിച്ചിരിപ്പാൻ,
അക്ഷയം	നിരന്തരമായുണ്ടായ്ക്കൊണ്ടിരിക്കുന്നതും ആയ	ചിരം	അന്ത്യകാലത്തിൽ
		ഉത്സഹേ ന.	ആഗ്രഹിക്കുന്നില്ല.

അപശ്യന്തീ തവ മുഖം പരിപൂൎണ്ണശശിപ്രഭം
കൃപണാ വൎത്തയിഷ്യാമി കഥം കൃപണജീവികാ. 47

"കൃപണാ,	"ഗതിയററവളായി,	കൃപണജീവികാ	മററുള്ളവരുടെ നിഷ്ഠുരഭാഷണങ്ങൾക്ക് ഇടവരുത്താതിരിപ്പാൻ തക്ക ഒന്നും ചെയ്വാൻ കഴിയാത്തവളായി,
തവ	നിന്റെ		
പരിപൂൎണ്ണശശിപ്രഭം	മുഴുമതിക്കെതിരായ		
മുഖം	വദനത്തെ		
അപശ്യന്തീ	കാണ്മാൻകഴിയാത്തവളായി	കഥം	എങ്ങിനെ [കഴിക്കും?
		വൎത്തയിഷ്യാമി?	ഞാൻ ഇനി കാലം

ഉപവാസൈശ്ച യോഗൈശ്ച ബഹുഭിശ്ച പരിശ്രമൈഃ
ദുഃഖം സംവൎദ്ധിതോ മോഘം ത്വം ഹി ദുൎഗ്ഗതയാ മയാ. 48

"ത്വം	"നീ	ദുൎഗ്ഗതയാ	ഭാഗ്യഹീനയായ
ഉപവാസൈഃ ച,	നോൽമ്പുകളോടുകൂടി	മയാ	എന്നാൽ
പരിശ്രമൈഃ	ശ്രദ്ധയോടുകൂടിയ [യും,	ദുഃഖം ച	അനുഭവിക്കപ്പെട്ട കഷ്ടം മുഴുവനും
ബഹുഭിഃ	പല (ദേവന്മാൎക്കുള്ള)		
യോഗൈഃ ച,	നേൎച്ചകളോടുകൂടിയും	മോഘം ഹി!	നിഷ്ഫലമായിട്ടാണല്ലോ ഭവിച്ചിരിക്കുന്നത്!
സംവൎദ്ധിതഃ;	പോററി വളൎത്തപ്പെട്ടു;		

സ്ഥിരം തു ഹൃദയം മന്യേ മമേദം യന്ന ദീര്യ്യതേ
പ്രാവൃഷീവ മഹാനദ്യാഃ സ്പൃഷ്ടം കൂലം നവാംഭസാ. 49

"മമ	"എന്റെ	നവാംഭസാ	പുതിയ പെരുവെള്ളം
ഇദം	ഈ	സ്പൃഷ്ടം ഇവ	തട്ടീട്ടെന്നപോലെ,
ഹൃദയം	ഹൃദയം	ദീര്യ്യതേ ന	പൊട്ടിപ്പോകുന്നില്ലെ
മഹാനദ്യാഃ	വൻനദിയുടെ	യത്	ന്നുള്ളതിനാൽ
കൂലം,	കര,	സ്ഥിരം തു	കല്ലാണെന്നുതന്നെ
പ്രാവൃഷി	മഴക്കാലത്തിൽ	മന്യേ.	ഞാൻ വിചാരിക്കുന്നു.

മമൈവ നൂനം മരണം ന വിദ്യതേ
ന ചാവകാശോഽസ്തി യമക്ഷയേ മമ
യദന്തകോഽദ്യൈവ ന മാം ജിഹീർഷതി
പ്രസഹ്യ സിംഹോ രുദതീം മൃഗീമിവ. 50

"സിംഹഃ	"സിംഹം	യത്	എന്നകാരണത്താൽ
മൃഗീം	മാൻപേടയെ	മമ	എനിക്ക്
ഇവ,	എന്നപോലെ	മരണം ഏവ	മരണം എന്നതുതന്നെ
അന്തകഃ	കാലൻ	വിദ്യതേ ന ?	ഇല്ലെന്നൊ ?
പ്രസഹ്യ	പൊട്ടിക്കരഞ്ഞുകൊ	മമ	എനിക്ക്
രുദതീം	ണ്ടിരിക്കുന്ന	യമക്ഷയേ ച	യമലോകത്തിലുംകൂടി
മാം	എന്നെ	അവകാശഃ	സ്ഥലം
അദ്യ ഏവ	ഇപ്പോൾതന്നെ [ക്കുന്നു,	അസ്തി ന നൂനം?	ഇല്ലെന്നോ ?
ജിഹീർഷതി ന,	കൊണ്ടുപോകാതിരി—		

സ്ഥിരം ഹി നൂനം ഹൃദയം മമായസം
ന ഭിദ്യതേ യദ്ഭുവി നാവദീര്യ്യതേ
അനേന ദുഃഖേന ച ദേഹമർപ്പിതം
ധ്രുവം ഹ്യകാലേ മരണം ന വിദ്യതേ. 51

"അനേന	"ഈ വിധമുള്ള	ആയസം	ഇരുമ്പുകൊണ്ടുണ്ടാക്കി
			യതെന്നപോലെ
ദുഃഖേന	ദുഃഖത്താൽ	ഭുവി	ഭൂമിയിൽ
അർപ്പിതം	തുളയ്ക്കപ്പെട്ടതായ	അവദീര്യ്യതേ ന ;	മുറിഞ്ഞുവീഴുന്നില്ല ;
മമ	എന്റെ	യത് നൂനം	ഇതിനാലും
ഹൃദയം	ഹൃദയം	അകാലേ ഹി	(മരിപ്പാനുള്ള) സമയം
			എത്തിയാലല്ലാതെ
സ്ഥിരം	കരിങ്കല്ലെന്നവണ്ണം	മരണം	മരണം
ഭിദ്യതേ ന ;	പിളക്കുന്നില്ല ;	വിദ്യതേ ന	ഇല്ലെന്നുള്ളത്
ദേഹം ച	ഉടലും	ധ്രുവം ഹി.	തീർച്ചതന്നെ.

ഇദം തു ദുഃഖം യദനർത്ഥകാനി മേ വ്രതാനി ദാനാനി ച സംയമാശ്ച ഹി
തപശ്ച തപ്തം യദപത്യകാരണാത്സുനിഷ്ഫലം ബീജമിവോപ്തമൂഷരേ. 52

“ഇദം	“ഈ	സംയമാഃ ച	ദേവപ്രാർത്ഥനകളും
ദുഃഖം തു	ദുഃഖം ഒന്നുമാത്രമാണ്	അനർത്ഥകാനി;	നിഷ്പ്രയോജനമായിപ്പോയി;
ഹി;	എല്ലാററിലുംവെച്ച് കഠിനമായി ശേഷിച്ചത്;	തപ്തം	ചെയ്ത
യത്	അതിനാൽ	തപഃ	തപസ്സ്
അപത്യ-കാരണാത്	പുത്രൻെറ ഭാഗ്യത്തെ ഉദ്ദേശിച്ചുചെയ്ത	യത് ച	യാതൊന്നൊ അതും
മേ	എൻെറ	ഊഷരേ	മരുഭൂമിയിൽ
വ്രതാനി	വ്രതാനുഷ്ഠാനങ്ങളും	ഉപ്തം	വിതച്ച
ദാനാനി ച	ദാനങ്ങളും	ബീജം	വിത്ത്
		ഇവ	പോലെ
		സുനിഷ്ഫലം.	ഫലഹീനമായിപ്പോയി.

യദി ഹ്യകാലേ മരണം സ്വയേച്ഛയാ ലഭേത കശ്ചിദ് ഗുരുദുഃഖകർശിതഃ
ഗതാഽഹമദ്യൈവ പരേതസംസദം വിനാ ത്വയാ ധേനുരിവാത്മജേന വൈ.

“ഗുരുദുഃഖ-കർശിതഃ	“പെരുതായ ദുഃഖത്താൽ കഷ്ടപ്പെടുന്ന	ത്വയാ ഹി വിനാ	നിന്നെ വിട്ടുപിരിഞ്ഞവളായി
കശ്ചിത്	ഒരുവൻ	ആത്മജേന	കിടാവിനെ(പിരിഞ്ഞ)
സ്വയാ	തൻെറ	ധേനുഃ ഇവ	പശുവെന്നപോലെയുള്ള
ഇച്ഛയാ	ഇഷ്ടപ്രകാരം	അഹം	ഞാൻ
അകാലേ	സമയംവരാതെതന്നെ	അദ്യ ഏവ	ഇക്ഷണംതന്നെ
മരണം	മരണത്തെ	പരേതസംസദം	മരിച്ചവരുടെകൂട്ടത്തിൽ
ലഭേത യദി	പ്രാപിക്കുമെങ്കിൽ	ഗതാ വൈ.	ചെന്ന് ചേർന്നിട്ടുണ്ടായിരിക്കും.

അഥാപി കിം ജീവിതമദ്യ മേ വൃഥാ ത്വയാ വിനാ ചന്ദ്രനിഭാനനപ്രഭ
അനുവ്രജിഷ്യാമി വനം ത്വയൈവ ഗൌഃ സുദുർബ്ബലാ വത്സമിവാനുകാംക്ഷയാ.

“ചന്ദ്ര-നിഭാനനപ്രഭ!	“ചന്ദ്രനെപ്പോലെ കാന്തിയുള്ള മുഖമണ്ഡലമാർന്ന ശ്രീരാമ!	സുദുർബ്ബലാ	യാതൊരുവിധസന്തോഷവുമില്ലാത്തവളായ ഞാൻ,
ത്വയാ വിനാ	നിന്നെപ്പിരിഞ്ഞവളായ	അഥ അപി	അപ്രകാരമാകയാൽ,
മേ	എനിക്ക്	ഗൌഃ	പശു
		അനുകാംക്ഷയാ	സ്നേഹംമൂലം
അദ്യ	ഇപ്പോൾ	വത്സം ഇവ	കുട്ടിയെ എന്നവണ്ണം
കിം	നികൃഷ്ടമായ	ത്വയാ ഏവ	നിൻെറ ഒന്നിച്ചുതന്നെ
ജീവിതം	ഇവിടെയുള്ള ജീവിതം	വനം	കാട്ടിലേക്ക്
വൃഥാ;	നിഷ്ഫലം;	അനുവ്രജി-ഷ്യാമി.”	തുടർന്നുവരുന്നുണ്ട്.”

ഭൃശമസുഖമമർഷിതാ തദാ ബഹു വിലലാപ സമീക്ഷ്യ രാഘവം
വ്യസനമുപനിശാമ്യ സാ മഹത്സുതമിവ ബദ്ധമവേക്ഷ്യ കിന്നരീ.

ബദ്ധം	വലയിലകപ്പെട്ട
സുതം അവേക്ഷ്യ	കുഞ്ഞിനെ കണ്ട
കിന്നരീ ഇവ,	കിന്നരിപ്പക്ഷി എന്ന
തദാ	ആ സമയം [പോലെ
രാഘവം	ശ്രീരാഘവനെ
സമീക്ഷ്യ,	നോക്കി,
മഹത്	കഠിനവും
അസുഖം	അസഹ്യവുമായ
വ്യസനം	ആ നാട്ടുകടത്തലിനെക്കു
ഭൃശം	വീണ്ടുംവീണ്ടും [റിച്ച്
ഉപനിശാമ്യ,	ചിന്തിച്ച്,
അമർഷിതാ	ദുഃഖത്തെ ഒതുക്കുവാൻ കഴിയാതിരുന്ന
സാ,	അവൾ,
ബഹു വിലലാപ.	പലവാറ് കണ്ണീർവാർത്ത് വിലപിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
വിംശഃ സർഗ്ഗഃ = ഇരുപതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 3287; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 932.

ഏകവിംശഃ സർഗ്ഗഃ = ഇരുപത്തൊന്നാംസർഗ്ഗം.

[കൌസല്യാലക്ഷ്മണപ്രതിബോധനം = കൌസല്യാദേവിയേയും ലക്ഷ്മണനേയും ശ്രീരാമൻ ബോധിപ്പിപ്പാൻ യത്നിക്കുന്നത്.]

തഥാ തു വിലപന്തീം താം കൌസല്യാം രാമമാതരം
ഉവാച ലക്ഷ്മണോ ദീനസ്തത്കാലസദൃശം വചഃ. 1

ലക്ഷ്മണഃ	ലക്ഷ്മണൻ
തഥാ തു	അപ്രകാരം ഇതിനെക്കുറിച്ച്
വിലപന്തീം	വിലപിച്ചുകൊണ്ടിരിക്കുന്നവളും
രാമമാതരം	ശ്രീരാമമാതാവും ആയ
താം	ആ
കൌസല്യാം,	കൌസല്യാദേവിയെ നോക്കി,
ദീനഃ	പരിതപിക്കുന്നവനായി
തത്കാല-സദൃശം	തൽക്കാലോചിതമായ
വചഃ	വാക്യത്തെ
ഉവാച.	ഉരചെയ്തു.

[“തത്കാലസദൃശം” “പിതാവിനെ കൊന്നുകളയാമെന്നും, മററും താഴെ പറയുന്നതിനാൽ കലിയുഗം അടുക്കാറായെന്നുള്ളതിനെ സൂചിപ്പിക്കുന്നതായ” എന്നും.]

ന രോചതേ മമാപ്യേതദാര്യേ യദ്രാഘവോ വനം
ത്യക്ത്വാ രാജ്യശ്രിയം ഗച്ഛേത് സ്ത്രിയാ വാക്യവശം ഗതഃ. 2

“ആര്യേ!	“അമ്മേ!
രാഘവഃ	ജ്യേഷ്ഠൻ,
സ്ത്രിയാഃ	ഒരു സ്ത്രീയുടെ
വാക്യവശം-ഗതഃ	കല്പനയ്ക്കു വശപ്പെട്ടവനായി,
രാജ്യശ്രിയം	രാജ്യലക്ഷ്മിയെ
ത്യക്ത്വാ	വലിച്ചെറിഞ്ഞ്
വനം	കാട്ടിലേക്ക്
ഗച്ഛേത്	പോകുവാൻ പോകുന്നു,
യത് ഏതത്	എന്നുള്ളത്
മമ അപി	എനിക്കും ഒട്ടും [തന്നെ.
രോചതേ ന.	സമ്മതമില്ലാത്തതു

വിപരീതശ്ച വൃദ്ധശ്ച വിഷയൈശ്ച പ്രധൎഷിതഃ
നൃപഃ കിമിവ ന ബ്രൂയാത് ചോദ്യമാനഃ സമന്മഥഃ. 3

"നൃപഃ	"മഹാരാജാവ്	പ്രധൎഷിതഃ;	വിമൂഢനായിരിക്കുന്നു;
വൃദ്ധഃ;	പ്രായാധിക്യത്താൽ ഒന്നിനുംവയ്യാതിരിക്കുന്നു;	ച,	എന്നുതന്നെയല്ല,
വിപരീതഃ;	ബുദ്ധിമാറിയിരിക്കുന്നു;	സമന്മഥഃ	ഭാൎയ്യാസക്തനായി
ച	ആയതുകൊണ്ട്	ചോദ്യമാനഃ;	ആവശ്യപ്പെട്ടതെല്ലാം കൊടുക്കുന്നവനായുമിരിക്കുന്നു;
വിഷയൈഃ	രാജ്യകാൎയ്യങ്ങളിൽ ധൎമ്മാധൎമ്മങ്ങളിന്നതെന്ന് അറിയുന്നതിലും അവയെ അനുഷ്ഠിക്കുന്നതിലും	ച	അതിനാൽ
		കിം ഇവ	എന്തുതന്നെയാണ്
		ബ്രൂയാത് ന?	കല്പിക്കാതിരിക്കുക?

നാസ്യാപരാധം പശ്യാമി നാപി ദോഷം തഥാവിധം
യേന നിൎവ്വാസ്യതേ രാഷ്ട്രാദ്വനവാസായ രാഘവഃ. 4

"രാഘവഃ,	"ശ്രീരാഘവൻ,	തഥാവിധം	അപ്രകാരമുള്ള
യേന	ഏതൊരു കാരണംകൊണ്ട്	അപരാധം	യാതൊരു അധൎമ്മകൃത്യത്തെയും
വനവാസായ	വനത്തിൽ വാസംചെയ്യുന്നതിന്നായി	പശ്യാമി ന;	ഞാൻ കാണുന്നില്ല;
രാഷ്ട്രാത്	രാജ്യത്തിൽനിന്ന്	ദോഷം അപി	അന്യന്നു അഹിതം ചെയ്യുക എന്ന ചിന്തകൂടി
നിൎവ്വാസ്യതേ,	പറഞ്ഞയക്കപ്പെടുന്നുവോ,	ന.	ഞാൻ ഉള്ളതായി അറിയുന്നില്ല.
അസ്യ	ഇദ്ദേഹത്തിന്ന്		

അഹം ഹനിഷ്യേ പിതരം വൃദ്ധം കാമവശം ഗതം
സ്ത്രിയാ യുക്തം ച നിൎല്ലജ്ജം ധൎമ്മായുക്തം നൃപം യഥാ. 5

"പിതരം	"പിതാവായ	ഗതം	സ്വബുദ്ധിയററവനായും,
വൃദ്ധം	വയോധികനായ		
നൃപം,	മഹാരാജാവിനെ,	നിൎല്ലജ്ജം	ലോകാപവാദത്തെ ഗണിക്കാത്തവനായി
സ്ത്രിയാ	ഒരു ഭാൎയ്യയാൽ		
യുക്തം,	സ്വാധീനപ്പെടുത്തപ്പെട്ടവനായും,	ധൎമ്മായുക്തം ച	ധൎമ്മവിരുദ്ധമായി പ്രവൃത്തിക്കുന്നവനായും
കാമവശം	ഭാൎയ്യയെന്ന കാരണത്താൽ പ്രേമത്തിന്നു വശഗനായ്	യഥാ	ഇരിക്കുന്നതിനാൽ
		അഹം	ഞാൻ
		ഹനിഷ്യേ.	നിരോധിക്കുന്നുണ്ട്.

ന തം പശ്യാമ്യഹം ലോകേ പരോക്ഷമപി യോ നരഃ
സ്വമിത്രോഽപി നിരസ്തോഽപി യോഽസ്യ ദോഷമുദാഹരേത്. 6

" യഃ	" ആരെങ്കിലുമൊരുവൻ
സ്വമിത്രഃ	പരമശത്രുവാണെന്നാലും,
യഃ നരഃ	ആരെങ്കിലുമൊരുത്തൻ
നിരസ്തഃ അപി	നിരസിക്കപ്പെട്ടവനെന്നിരുന്നാലുംകൂടി,
അസ്യ	ജ്യേഷ്ഠന്ന്
ദോഷം	ഒരു കുററമുള്ളതായി
പരോക്ഷം അപി	ജ്യേഷ്ഠനില്ലാത്ത സമയത്തിലെങ്കിലും
ഉദാഹരേത് ;	പറയാമല്ലൊ ;
തം അപി	അപ്രകാരമുള്ള ഒരുവനെയെങ്കിലും
ലോകേ	ലോകത്തിൽ
അഹം	ഞാൻ
പശ്യാമി ന.	കാണുന്നില്ല.

ദേവകല്പമൃജും ദാന്തം രിപൂണാമപി വത്സലം
അവേക്ഷമാണഃ കോ ധർമ്മം ത്യജേത് പുത്രമകാരണാത്. 7

" ധർമ്മം	" ധർമ്മത്തെ
അവേക്ഷമാണഃ	ത്യജിക്കാതിരിക്കുന്ന
കഃ	ഏവൻതന്നെയാണ്,
ദേവകല്പം	ദൈവത്തിന്നുസദൃശനും
ഋജും	സന്മാർഗ്ഗനിരതനും
രിപൂണാം അപി	ശത്രുക്കളുടെ സംഗതിയിലുംകൂടി
ദാന്തം	കൃപയോടുകൂടിയവനായി
വത്സലം,	നന്മചെയ്യുന്നവനും, ആയ
പുത്രം	പുത്രനെ
അകാരണാത്	കാരണംകൂടാതെ
ത്യജേത് ?	ത്യജിക്കുക ?

തദിദം വചനം രാജ്ഞഃ പുനർബാല്യമുപേയുഷഃ
പുത്രഃ കോ ഹൃദയേ കുര്യാദ്രാജവൃത്തമനുസ്മരൻ. 8

" തത്	" അതിനാൽ
ബാല്യം	ധർമ്മാധർമ്മങ്ങളെ വേർതിരിച്ച് അറിവാൻ കഴിയാത്ത ദശയെ
ഉപേയുഷഃ	പ്രാപിച്ചിരിക്കുന്നവനായ
രാജ്ഞഃ	മഹാരാജാവിന്റെ
ഇദം	ഈ
വചനം	ആജ്ഞയെ,
രാജവൃത്തം	രാജാവിന്റെ ഇപ്പോഴത്തെ അവസ്ഥയേയും നടവടിയേയും
അനുസ്മരൻ	ഉള്ളപോലെ അറിയുന്നവനായ
കഃ,	ഏതൊരുവനാണ് —
പുത്രഃ പുനഃ,	അവൻ പുത്രൻ തന്നെയായിരുന്നാലും—
ഹൃദയേ കുര്യാത് ?	മനസ്സിൽ ശരിയെന്ന് സമ്മതിക്കുക ?

യാവദേവ ന ജാനാതി കശ്ചിദർത്ഥമിമം നരഃ
താവദേവ മയാ സാർദ്ധമാത്മസ്ഥം കുരു ശാസനം 9

മയാ പാൎശ്വേ സധനുഷാ തവ ഗുപ്തസ്യ രാഘവ
കഃ സമൎത്ഥോഽധികം കൎത്തും കൃതാന്തസ്യൈവ തിഷ്ഠതഃ. 10

"രാഘവ!	"ശ്രീരാഘവ!
കശ്ചിത് നരഃ ഏവ,	(ന്യായമായ അവകാശിയല്ലാത്ത) ആരെന്നാലുമൊരുവൻ (ഭരതനെന്നു് താല്പൎയ്യം)
അൎത്ഥം	ന്യായമായി ലഭിച്ചതു്, മിശ്രമായി ലഭിച്ചതു്, അന്യായമായി ലഭിച്ചതു് എന്നു് മൂന്നുമാതിരിയായുള്ള ശുക്ലാൎത്ഥം ശബളാൎത്ഥം, കൃഷ്ണാൎത്ഥം, എന്ന മൂന്നിൽ ശബളാൎത്ഥമായി ലഭിച്ചിട്ടുള്ള
ശാസനം	രാജ്യാധികാരത്തെ
ജാനാതി ന	തന്റേതു് എന്നു് അഭിമാനിക്കാതിരിക്കുന്ന
യാവത് താവത് ഏവ,	ആ സമയത്തിന്നുള്ളിൽ തന്നെ
ഇമം	ഈ രാജ്യാധികാരത്തെ
ആത്മസ്ഥം	ജ്യേഷ്ഠന്റതന്നെ ചേൎന്നതായി
മയാ സാൎദ്ധം	എന്നോടുകൂടി
കുരു;	ആക്കിക്കൊണ്ടാലും;
തിഷ്ഠതഃ,	(ശരിയായി അവകാശപ്പെട്ടതെന്ന കാരണത്താൽ അതിനെ) അനുഭവിച്ചുവരുന്നവനായി
കൃതാന്തസ്യ	തുടങ്ങിയ കൃത്യത്തെ പൂൎത്തിയാക്കിയവനായി
സധനുഷാ	ധനുഷ്പാണിയായ
മയാ	എന്നാൽ
പാൎശ്വേ	അരികിൽ
ഗുപ്തസ്യ	സംരക്ഷിക്കപ്പെട്ടവ
തവ	നിന്തിരുവടിയുടെ [നായ
അധികം	കല്പനയെ കവിച്ചു്
കൎത്തും	നടപ്പാൻ
കഃ ഏവ	ആർ തന്നെയാണു്
സമൎത്ഥഃ?	കഴിവുള്ളവനാവുക?

["അധികം"(തവാജ്ഞോല്ലംഘനപൂൎവ്വകമഭിഷേകവിഘ്നം). എന്നു് വിഷമപദവിവൃതി; ഭരതന്നു് രാജ്യത്തിന്നുള്ള അവകാശം ന്യായാൎത്ഥമല്ല എന്നും ആരംഭിച്ചതായ അഭിഷേകകൃത്യത്തെ പൂൎത്തിയാക്കേണ്ടതാണെന്നും അഭിപ്രായം.]

നിൎമ്മനുഷ്യാമിമാം സൎവ്വാമയോദ്ധ്യാം മനുജൎഷഭ
കരിഷ്യാമി ശരൈസ്തീക്ഷ്ണൈൎയ്യദി സ്ഥാസ്യതി വിപ്രിയേ. 11

"മനുജൎഷഭ!	"പുരുഷോത്തമ!
വിപ്രിയേ	അന്യായമായ കൃത്യത്തിൽ,
അയോദ്ധ്യാം	അയോദ്ധ്യയെ
സ്ഥാസ്യതി	തന്റെ സ്വാധീനത്തിലാക്കിത്തീൎക്കുന്നു
യദി,	എങ്കിൽ,
ഇമാം	ഇതിനെ
സൎവ്വാം	മുഴുവൻ
തീക്ഷ്ണൈഃ	കൂൎത്ത
ശരൈഃ	അമ്പുകൾകൊണ്ടു്
നിൎമ്മനുഷ്യാം	മനുഷ്യരഹിതമാക്കി
കരിഷ്യാമി.	ചെയ്യുന്നുണ്ടു്.

ഭരതസ്യാഥ പക്ഷ്യോ വാ യോ വാഽസ്യ ഹിതമിച്ഛതി
സർവ്വാനേതാൻ വധിഷ്യാമി മൃദുർഹി പരിഭൂയതേ. 12

"മൃദുഃ വാ	"പൌരുഷത്തെ ഒതുക്കി ഏതിന്നും വഴിപ്പെട്ടുകൊണ്ടു് സാധുവായിരിക്കുന്നൊരുവൻ
അഥ	തീരെ
പരിഭൂയതേ;	അവമാനിക്കപ്പെടുന്നു;
ഹി	ആകയാൽ
അസ്യ	ഈ

ഭരതസ്യ	ഭരതന്നു
ഹിതം	പെരുമയുണ്ടാക്കുന്നതി[ന്നു
ഇച്ഛതി വാ	ഇച്ഛിക്കുന്നതായി
പക്ഷ്യഃ	സഹായിക്കുന്നതായ
യഃ	യാതൊരു ജനസമൂഹമോ,
ഏതാൻ സർവ്വാൻ	അതിനെയെല്ലാം
വധിഷ്യാമി.	ഞാൻ തുലച്ചുകളയാം.

പ്രോത്സാഹിതോഽയം കൈകേയ്യാ സ ദുഷ്ടോ യദി നഃ പിതാ
അമിത്രഭൂതോ നിഃസംഗം വദ്ധ്യതാം വദ്ധ്യതാമപി 13

"നഃ	"നമ്മുടെ
അയം	ഈ
പിതാ,	പിതാവു്,
കൈകേയ്യാ	കൈകേയിയാൽ
പ്രോത്സാഹിതഃ	ദുർബ്ബോധനചെയ്യപ്പെട്ടവനായി
ദുഷ്ടഃ	നീതിന്യായരഹിതനായി
യദി	ഇരിക്കുന്നുവെങ്കിൽ

വദ്ധ്യതാം	ബന്ധനത്തിൽ വെക്ക[പ്പെടട്ടെ;
സഃ	അദ്ദേഹം
അമിത്രഭൂതഃ അപി	ശത്രുവിനെ സഹായിക്കുന്നുവെന്നുവരികിൽ
നിഃസംഗം	അച്ഛനാണെന്നുള്ള സ്നേഹത്തെകണക്കാക്കാതെ
വദ്ധ്യതാം.	വധിക്കപ്പെടട്ടെ.

ഗുരോരപ്യവലിപ്തസ്യ കാര്യാകാര്യമജാനതഃ
ഉത്പഥം പ്രതിപന്നസ്യ കാര്യം ഭവതി ശാസനം. 14

"കാര്യാകാര്യം	"ധർമ്മത്തേയും അധർമ്മത്തേയും
അജാനതഃ,	അറിവാനുള്ള ശക്തി ക്ഷയിച്ചവനായി,
അവലിപ്തസ്യ	ബുദ്ധിമന്ദിച്ചവനായി,
ഉത്പഥം	ധർമ്മവിരുദ്ധമായ മാർഗ്ഗത്തിൽകൂടി

പ്രതിപന്നസ്യ	നടക്കുന്നവനായ
ഗുരോഃ അപി	പിതാവിന്നുംകൂടി
ശാസനം	ശിക്ഷ
കാര്യം ഭവതി.	നല്കപ്പെടേണ്ടതാകുന്നു (എന്നാണല്ലൊ ധർമ്മശാസ്ത്രം).

ബലമേഷ കിമാശ്രിത്യ ഹേതും വാ പുരുഷോത്തമ
ദാതുമിച്ഛതി കൈകേയ്യൈ രാജ്യം സ്ഫീതമിദം തവ. 15

"പുരുഷോത്തമ!	"പുരുഷോത്തമ!
ഏഷഃ	ഇദ്ദേഹം
കിം	എന്തൊരു
ബലം	ബലത്തെയാകട്ടെ
ഹേതും വാ	കാരണത്തെത്തന്നെയാകട്ടെ
ആശ്രിത്യ,	ആശ്രയിച്ചാണു്

തവ	നിന്തിരുവടിക്കു് അവകാശപ്പെട്ടതായ
സ്ഫീതം രാജ്യം	മഹത്തായ രാജ്യത്തെ
കൈകേയ്യൈ	കൈകേയിക്കായിക്കൊ[ണ്ടു്
ദാതും	നൽകുവാൻ
ഇദം	ഇപ്പോൾ
ഇച്ഛതി?	വിചാരിക്കുന്നതു്?

ത്വയാ ചൈവ മയാ ചൈവ കൃത്വാ വൈരമനുത്തമം
കാഽസ്യ ശക്തിഃ ശ്രിയം ദാതും ഭരതായാരിശാസന. 16

"അരിശാസന!	"എന്തുകുററംചെയ്തവൎക്കും തക്കശിക്ഷ കൊടുക്കുന്നവനേ!
ത്വയാ ഏവ ച	നിന്തിരുവടിയോടും
മയാ ഏവ ച	എന്നോടും
അനുത്തമം വൈരം	പരമശത്രുത്വത്തെ
കൃത്വാ,	കാണിച്ച്,
ഭരതായ	ഭരതന്ന്
ശ്രിയം	രാജ്യാധികാരത്തെ
ദാതും	നല്കുവാൻ
അസ്യ	ഇദ്ദേഹത്തിന്ന്
ശക്തിഃ കാ?	എന്തൊരുശക്തിയാണുള്ളത്?

[രാജത്വം അല്ലെങ്കിൽ പ്രഭുത്വംകൊണ്ട് ധൎമ്മാവിരുദ്ധമായി അധികാരം കാണിപ്പാനുള്ള ശക്തി, പ്രഭുശക്തി. ന്യായമാൎഗ്ഗത്തെ ചിന്തിച്ച് ഉപദേശിക്കുന്നവരായ മന്ത്രികൾമൂലമുണ്ടാകുന്നത് മന്ത്രശക്തി. അന്ധതമൂലം തൻെറ ഊക്കിൽ ഗൎവ്വംപൂണ്ട്, ന്യായരഹിതമായമാൎഗ്ഗത്തിൽ ഇറങ്ങിക്കളയാമെന്നു വിചാരിക്കുന്നത് ഉത്സാഹശക്തി. ഇങ്ങിനെ രാജാക്കന്മാൎക്ക് മൂന്നുവിധം ശക്തികൾ.]

അനുരക്തോഽസ്മി ഭാവേന ഭ്രാതരം ദേവി തത്ത്വതഃ
സത്യേന ധനുഷാ ചൈവ ദത്തേനേഷ്ടേന തേ ശപേ. 17

"ദേവി!	"മാതാവേ!
ഭ്രാതരം	ജ്യേഷ്ഠൻെറ പേരിൽ
തത്ത്വതഃ ഭാവേന	അന്തരമായഭക്തി ഒന്നുകൊണ്ടുതന്നെ
അനുരക്തഃ അസ്മി	യാതൊരു അസംതൃപ്തിയും വരുത്താതെ നടക്കുന്നവനാണ്ഞാനെന്ന്
സത്യേന	സത്യത്തെത്തൊട്ടും
ധനുഷാ	വില്ലുതൊട്ടും
ദത്തേന ച	ദാനത്തെത്തൊട്ടും
തേ	നിന്തിരുവടിക്ക്
ഇഷ്ടേന ഏവ	മററെന്തെന്തു ഇഷ്ടമോ അതിനെത്തൊട്ടും
ശപേ.	ശപഥംചെയ്യുന്നു.

ദീപ്തമഗ്നിമരണ്യം വാ യദി രാമഃ പ്രവേക്ഷ്യതി
പ്രവിഷ്ടം തത്ര മാം ദേവി ത്വം പൂൎവ്വമവധാരയ. 18

"ദേവി!	"ദേവി!
ദീപ്തം അഗ്നിം	ജ്വലിക്കുന്നതീയ്യിലാ[കട്ടെ
അരണ്യം വാ	കാട്ടിലാകട്ടെ
രാമഃ	ശ്രീരാമൻ
പ്രവേക്ഷ്യതി യദി,	പ്രവേശിപ്പാൻ പോകുന്നുവെങ്കിൽ
തത്ര	അതിൽ
മാം	എന്നെ
പൂൎവ്വം പ്രവിഷ്ടം	അദ്ദേഹത്തിന്നുമുമ്പിൽ തന്നെ പ്രവേശിച്ചവ[നായി
ത്വം	നിന്തിരുവടി
അവധാരയ.	ധരിച്ചുകൊണ്ടാലും.

ഹരാമി വീൎയ്യാദ് ദുഃഖം തേ തമഃ സൂൎയ്യ ഇവോദിതഃ
ദേവീ പശ്യതു മേ വീൎയ്യം രാഘവശ്ചൈവ പശ്യതു. 19

"രാഘവഃ ഏവ പശ്യതു;	"ശ്രീരാഘവൻ മാത്രം ആലോചിച്ച് തീൎച്ചയാക്കിക്കൊള്ളട്ടെ;
ഉദിതഃ സൂൎയ്യഃ	ഉദിച്ചുയരുന്നസൂൎയ്യൻ
തമഃ ഇവ,	ഇരുളിനെഎന്നപോലെ,
വീൎയ്യാത്	പൌരുഷംകൊണ്ട്
തേ	നിന്തിരുവടിയുടെ
ദുഃഖം	ദുഃഖത്തെ
ഹരാമി;	ഞാൻ ഇല്ലാതാക്കു[ന്നുണ്ട്;
ദേവീ ച	ദേവിയും
മേ വീൎയ്യം	എൻെറ സാമൎത്ഥ്യത്തെ
പശ്യതു.	കണ്ടുകൊള്ളട്ടെ.

ഹനിഷ്യേ പിതരം വൃദ്ധം കൈകേയ്യാസക്തമാനസം
കൃപണം ച സ്ഥിതം ബാല്യേ വൃദ്ധഭാവേന ഗൎഹിതം. 20

"വൃദ്ധം	"വയസ്സുചെന്നവനും,	സ്ഥിതം,	വൎത്തിക്കുന്നവനും,
കൈകേയ്യാസക്തമാനസം	കൈകേയിക്ക് അസന്തുഷ്ടി വരാതിരിക്കുന്നതിനേത്തന്നെ സൎവ്വസ്വമായി കരുതിയിരിക്കുന്നവനും,	കൃപണം	അവശനും
വൃദ്ധഭാവേന	വാൎദ്ധക്യം ഹേതുവാൽ	ഗൎഹിതം ച	എല്ലാവരുടെയും നിന്ദക്ക് പാത്രീഭവിച്ചിരിക്കുന്നവനും ആയ
ബാല്യേ	ധൎമ്മാധൎമ്മവിവേചനബുദ്ധിയില്ലാത്തതായ അവസ്ഥയിൽ	പിതരം	പിതാവിനെ
		ഹനിഷ്യേ."	ഞാൻ നിരോധിക്കാമല്ലൊ."

ഏതത്തു വചനം ശ്രുത്വാ ലക്ഷ്മണസ്യ മഹാത്മനഃ
ഉവാച രാമം കൌസല്യാ രുദന്തീ ശോകലാലസാ. 21

ശോകലാലസാ	ദുഃഖപരവശയായി	ശ്രുത്വാ	ചെവിക്കൊണ്ടവളും ആയ
രുദന്തീ,	വിലപിക്കുന്നവളും	കൌസല്യാ,	കൌസല്യാദേവി,
മഹാത്മനഃ	മഹാത്മാവായ	രാമം	ശ്രീരാമനോടായി
ലക്ഷ്മണസ്യ	ലക്ഷ്മണന്റെ	തു	ഈ വിഷയത്തെക്കുറിച്ച്
ഏതത്	ഈ		
വചനം	വാക്യത്തെ	ഉവാച.	ഇപ്രകാരം ഉരചെയ്തു.

ഭ്രാതുസ്തേ വദതഃ പുത്ര ലക്ഷ്മണസ്യ ശ്രുതം ത്വയാ
യദത്രാനന്തരം കാൎയ്യം കുരുഷ്വ യദി രോചതേ. 22

"പുത്ര!	"പുത്ര!	യത്	യാതൊന്നൊ, അത്
തേ	നിന്റെ	രോചതേ യദി,	നന്നെന്നുതോന്നുന്നുണ്ടെങ്കിൽ,
ഭ്രാതുഃ	അനുജൻ		
ലക്ഷ്മണസ്യ	ലക്ഷ്മണൻ	അത്ര	ഇവിടെത്തന്നെ,
വദതഃ,	പറയുമ്പോൾ,	അനന്തരം	താമസംകൂടാതെ,
ത്വയാ	നിന്നാൽ	കാൎയ്യം	ചെയ്യേണ്ടതായിട്ടുള്ളതിനെ
ശ്രുതം,	കേൾക്കപ്പെട്ടത്	കുരുഷ്വ.	ചെയ്തുതീൎക്കുക.

[“അനന്തരം” (കാലവ്യത്യമില്ലാത്തത്), എന്നു ശിരോമണി.]

ന ചാധൎമ്മ്യം വചഃ ശ്രുത്വാ സപത്ന്യാ മമ ഭാഷിതം
വിഹായ ശോകസന്തപ്താം ഗന്തുമൎഹസി മാമിതഃ. 23

"ശോകസന്തപ്താം	"ദുഃഖത്താൽ തപിക്കുന്നവളായ	അധൎമ്മ്യം	ധൎമ്മവിരുദ്ധമായ
മാം ച	എന്നെയും	വചഃ	വാക്യത്തെ
വിഹായ,	വിട്ട്,	ശ്രുത്വാ	ശിരസാവഹിച്ചുകൊണ്ട്,
മമ	എന്റെ	ഇതഃ	ഇവിടെനിന്ന്
സപത്ന്യാ	സപത്നിയാൽ	ഗന്തും	പൊയ്ക്കളവാൻ
ഭാഷിതം	പറയപ്പെട്ട	അൎഹസി ന.	നീ സമ്മതിക്കാൻ പാടുള്ളതല്ല.

ധൎമ്മജ്ഞ യദി ധൎമ്മിഷ്ഠ ധൎമ്മം ചരിതുമിച്ഛസി
ശുശ്രൂഷ മാമിഹസ്ഥസ്ത്വം ചര ധൎമ്മമനുത്തമം. 24

“ധൎമ്മജ്ഞ!	“ധൎമ്മങ്ങളെല്ലാം അറിഞ്ഞവനേ!	ത്വം	നീ
ധൎമ്മിഷ്ഠ!	ധൎമ്മത്തെത്തന്നെ അനുഷ്ഠിക്കുന്നവനേ!	ധൎമ്മം	ധൎമ്മത്തെത്തന്നെ
അനുത്തമം	സൎവ്വോത്തമമായുള്ള	ചരിതും	അനുഷ്ഠിപ്പാൻ
ധൎമ്മം	ധൎമ്മം യാതൊന്നോ അതിനെ	ഇച്ഛസി യദി,	നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു്,
ചര;	നീ അനുഷ്ഠിച്ചാലും;	ഇഹസ്ഥഃ	ഇവിടെ വൎത്തിച്ചുകൊണ്ടുതന്നെ
		മാം	എന്നെ
		ശുശ്രൂഷ.	ശുശ്രൂഷിച്ചാലും.

[“ഏഭ്യോ മാതാ ഗരീയസീ” എന്ന വാക്യത്തെ മനസ്സിൽവെച്ചുകൊണ്ടു് പറയുന്നു ഗൊ. രാ.]

ശുശ്രൂഷുർജ്ജനനീം പുത്ര സ്വഗൃഹേ നിയതോ വസൻ
പരേണ തപസാ യുക്തഃ കാശ്യപസ്ത്രിദിവം ഗതഃ. 25

“പുത്ര!	“വത്സ!	തപസാ	കായക്ലേശത്തോടുകൂടി
കാശ്യപഃ	കശ്യപപുത്രൻ	യുക്തഃ	പരിശ്രമിക്കുന്നവനായി
സ്വഗൃഹേ	സ്വഗൃഹത്തിൽ	ജനനീം	മാതാവിനെ
നിയതഃ	സ്ഥിരമായി	ശുശ്രൂഷുഃ	ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നവനായി,
വസൻ,	വസിച്ചുകൊണ്ടു്,	ത്രിദിവം	സ്വൎഗ്ഗലോകത്തെ
പരേണ	അതിയായ	ഗതഃ.	പ്രാപിച്ചു.

[ഇവിടെ കശ്യപപുത്രൻ എന്നു പറഞ്ഞതു് ഗരുഡനാണെന്നും തന്റെ മാതാവായ വിനതയ്ക്കു് അമൃതം കൊണ്ടുവന്നു കൊടുത്തതിനാൽ തനിക്കു് വേറെ കാരണത്താൽ വിരോധിക്കപ്പെട്ടതായ സ്വൎഗ്ഗം, ലഭിപ്പാനിടയായെന്നുമുള്ള ഭാരതകഥയാകുന്നു വിവക്ഷിക്കപ്പെട്ടിരിക്കുന്നതു്, (സ. ധ. തീ.)]

യഥൈവ രാജാ പൂജ്യസ്തേ ഗൌരവേണ തഥാ ഹ്യഹം
ത്വാം നാഹമനുജാനാമി ന ഗന്തവ്യമിതോ വനം. 26

“തേ	“നിനക്കു്	ഇതഃ	ഇവിടംവിട്ടു്
രാജാ	രാജാവു്	വനം	കാട്ടിലേക്കു്
ഗൌരവേണ	ഗൌരവംമൂലം	ഗന്തവ്യം ന;	പോകേണ്ടതില്ല;
യഥാ പൂജ്യഃ	എത്രബഹുമാനിക്കത്തക്കവനൊ,	ത്വാം	നിനക്കു്
തഥാ	അത്രതന്നെ	അഹം	ഞാൻ
അഹം ഏവ ഹി	ഞാനും ആകുന്നുവല്ലൊ;	അനുജാനാമി ന.	സമ്മതം തരികയില്ല.

[“പിതുഃ സഹസ്രം മാതാ തു ഗൌരവേണാതിരിച്യതേ,” എന്നു സ്മൃതി.]

ത്വദ്വിയോഗാന്ന മേ കാൎയ്യം ജീവിതേന സുഖേന വാ
ത്വയാ സഹ മമ ശ്രേയസ്തൃണാനാമപി ഭക്ഷണം. 27

“മേ	“എനിക്കു്,	മമ	എനിക്കു്
ത്വദ്വിയോഗാത്	നിന്നെപ്പിരിഞ്ഞാൽ,	ത്വയാ സഹ	നിന്നോടുകൂടി
ജീവിതേന	ജീവിതംകൊണ്ടും	തൃണാനാം ഭക്ഷണം അപി	പുല്ലുതിന്നുപജീവിക്കുന്നതുംകൂടി
സുഖേന വാ	സുഖങ്ങൾകൊണ്ടും	ശ്രേയഃ.	ഉത്തമമായതുതന്നെ.
കാൎയ്യം ന;	ഒരു പ്രയോജനവുമില്ല;		

യദി ത്വം യാസ്യസി വനം ത്യക്ത്വാ മാം ശോകലാലസാം
അഹം പ്രായമിഹാസിഷ്യേ ന ഹി ശക്ഷ്യാമി ജീവിതും. 28

"ത്വം	"നീ
ശോകലാലസാം	ദുഃഖപരവശയായ
മാം ത്യക്ത്വാ	എന്നെവിട്ടു്
വനം	കാട്ടിലേക്കു്
യാസ്യസി യദി	പോയ്ക്കളയുന്നുവെങ്കിൽ,
അഹം	ഞാൻ
ഇഹ	ഇവിടെത്തന്നെയിരുന്നുകൊണ്ടു്
പ്രായം	പട്ടിണികിടന്നു് ദേഹത്യാഗംചെയ്യുക എന്ന വ്രതത്തെ
ആസിഷ്യേ;	കയ്ക്കൊള്ളുന്നതാകുന്നു;
ജീവിതും	ജീവനോടിരിപ്പാൻ
ശക്ഷ്യാമി ന,	എനിക്കു് സാധിക്കയി [ല്ല,
ഹി.	നിശ്ചയംതന്നെ.

തതസ്ത്വം പ്രാപ്സ്യസേ പുത്ര നിരയം ലോകവിശ്രുതം
ബ്രഹ്മഹത്യാമിവാധർമ്മാത് സമുദ്രഃ സരിതാം പതിഃ. 29

"പുത്ര!	"മകനേ!
തതഃ	അപ്രകാരമായാൽ
ത്വം,	നീ
സരിതാം പതിഃ	നദികൾക്കു് പതി
സമുദ്രഃ,	സമുദ്രരാജാവു് [യായ
അധർമ്മാത്	(തന്നെ പെററെടുത്ത അമ്മയ്ക്കു് മനസ്താപം ഉണ്ടാക്കിയതിനാൽ സംഭവിച്ചു) അധർമ്മത്തിന്നു പാത്രീഭവിച്ചുവെന്ന കാരണത്താൽ
ബ്രഹ്മഹത്യാം	ബ്രഹ്മഹത്യാദോഷത്തെ പ്രാപിച്ചതു്
ഇവ	എപ്രകാരമോ അപ്രകാരം,
ലോകവിശ്രുതം	ലോകർക്കെല്ലാം അറിവുള്ളതായ
നിരയം	നരകത്തെ
പ്രാപ്സ്യസേ."	പ്രാപിക്കും."

[സമുദ്രരാജാവു് മാതാവിന്നു മനസ്താപംഉണ്ടാക്കിയകാരണം പിപ്പലാദമഹർഷി ആഭിചാരം ചെയ്തതായും അതിന്നു നിവാരണത്തിന്നായി പ്രതിമന്ത്രണംചെയ്കയാൽ സമുദ്രരാജാവിന്നു ബ്രഹ്മഹത്യാദോഷം ബാധിച്ചതായും, (സത്യ. ധ. തീ.) "പിപ്പലാദസമുത്പന്നേ കൃത്യേ ലോകഭയങ്കരി. പാഷാണം തേ മയാ ദത്തമാഹാരാർത്ഥം പ്രകല്പിതം" എന്ന മന്ത്രത്തെ സമുദ്രസ്നാനകാലത്തിൽ പറയുന്നതിനെ ഗോ. രാ വ്യാഖ്യാനത്തിൽ കൊടുത്തിട്ടുണ്ടു്. ഗംഗാദിപരിപാവനതീർത്ഥങ്ങളുടെ നിത്യസംബന്ധമുണ്ടായിട്ടും, സമുദ്രത്തിന്നു ഈ ബ്രഹ്മഹത്യാദോഷം നീങ്ങാത്തതുപോലെ, മാതൃദുഃഖമാകുന്ന ദോഷം നിനക്കും നിലനിന്നുപോകുന്നതാണു്. (എന്നു് സർവ്വാർത്ഥസാരം.)]

വിലപന്തീം തഥാ ദീനാം കൌസല്യാം ജനനീം തതഃ
ഉവാച രാമോ ധർമ്മാത്മാ വചനം ധർമ്മസംഹിതം. 30

ധർമ്മാത്മാ	ധർമ്മാത്മാവായ
രാമഃ	ശ്രീരാമൻ
തതഃ	അപ്പോൾ
തഥാ	അപ്രകാരം
ദീനാം	മനസ്താപം കയ്ക്കൊണ്ടവളായി
വിലപന്തീം	പ്രലപിക്കുന്നവളായ
ജനനീം	മാതാവായ
കൌസല്യാം,	കൌസല്യയെനോക്കി,
ധർമ്മസംഹിതം	ധർമ്മവിധികളെ നല്ലപോലെ സ്പഷ്ടീകരിക്കു [ന്നതായ
വചനം	വചനത്തെ
ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.

നാസ്തി ശക്തിഃ പിതുർവ്വാക്യം സമതിക്രമിതും മമ
പ്രസാദയേ ത്വാം ശിരസാ ഗന്തുമിച്ഛാമ്യഹം വനം. 31

"പിതുഃ	"പിതാവിന്റെ	വനം	കാട്ടിലേക്ക
വാക്യം	ആജ്ഞയെ	ഗന്തും	പോവാൻ
സമതിക്രമിതും	ഉല്ലംഘിച്ചുനടപ്പാനുള്ള	ഇച്ഛാമി;	തയ്യാറായിക്കഴിഞ്ഞു;
ശക്തിഃ	അധികാരം	ത്വാം	നിന്തിരുവടിയെ
മമ	എനിക്ക്	ശിരസാ	താണുകുമ്പിട്ട് എന്നെ
അസ്തി ന;	ഇല്ല;	പ്രസാദയേ	അനുഗ്രഹിപ്പാൻ
അഹം	ഞാൻ		ഞാൻ പ്രാർത്ഥിക്കുന്നു.

["മാന്യഃ പിതാ സമസ്താനാം ഗുരൂണാം പരമോ ഗുരുഃ", (വിഷ്ണുപുരാണം.) "പിതാപരം ദൈവതം മാനവാനാം മാതുർവ്വിശിഷ്ടം പരമം വദന്തി" (ഭാരതം മോക്ഷധർമ്മം.) "മാതുർഭരണമാത്രേണ പ്രീതിഃ സ്നേഹഃ പിതുഃ പ്രജാഃ. പിത്രാജ്ഞാ പരോധർമ്മഃ സ്വധർമ്മോ മാതൃരക്ഷണം" (ഭാരതം) ഇത്യാദി വാക്യങ്ങളാൽ പിതാവിന്റെ ആജ്ഞതന്നെ പരമധർമ്മം എന്നു ധരിക്ക.]

ഋഷിണാ ച പിതുർവ്വാക്യം കുർവ്വതാ വ്രതചാരിണാ
ഗൌർഹതാ ജാനതാ ധർമ്മം കണ്ഡുനാऽപി വിപശ്ചിതാ. 32

"ധർമ്മം	"ധർമ്മം ഇന്നതെന്ന്	കുർവ്വതാ	അനുസരിച്ച് നടക്കുന്നവനായി
ജാനതാ,	നല്ലപോലെ അറിഞ്ഞവനും	വ്രതചാരിണാ	അതൊന്നിനെത്തന്നെ സർവ്വധർമ്മമായ് കയ്യേറ്റിരുന്നവനും ആയ
വിപശ്ചിതാ,	മഹാജ്ഞാനിയാകയാൽ ധർമ്മോപദേശകനും,	കണ്ഡുനാ-ഋഷിണാ	കണ്ഡുമഹർഷിയാൽ
പിതുഃ	പിതാവിന്റെ	ഗൌഃ അപി	ഒരു പശുക്കുട്ടി
വാക്യം ച	ആജ്ഞയെന്തായാലും	ഹതാ.	വധിക്കപ്പെട്ടിരിക്കുന്നു.

[കണ്ഡു എന്ന മഹർഷി ഗോമതീതീരത്തിൽ തപസ്സുചെയ്തിരുന്നതും പ്രമ്ലോചയെന്ന അപ്സരസ്ത്രീ ദേവേന്ദ്രനാൽ തപോവിഘ്നം ചെയ്യാനായി അയക്കപ്പെട്ടതും മററുമുള്ള കഥ വിഷ്ണുപുരാണം പ്രഥമാംശം 15-ാംഅദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. ഗോഹത്തിചെയ്ത കഥയെപ്പററി വ്യാഖ്യാതാക്കന്മാർ പ്രസ്താവിക്കുന്നില്ല.]

അസ്മാകം ച കുലേ പൂർവ്വം സഗരസ്യാജ്ഞയാ പിതുഃ
ഖനദ്ഭിഃ സാഗരൈർഭൂമിമവാപ്തഃ സുമഹാൻ വധഃ. 33

"പൂർവ്വം	"പണ്ട്	ഭൂമിം	ഭൂമിയെ
അസ്മാകം	നമ്മുടെ	ഖനദ്ഭിഃ	കുഴിക്കുന്നവരായ
കുലേ ച,	വംശത്തിൽതന്നെ,	സാഗരൈഃ	സഗരപുത്രന്മാരാൽ
പിതുഃ	പിതാവായ	സുമഹാൻ	ഒരുത്തനെങ്കിലും ശേഷിക്കാത്തതായ
സഗരസ്യ	സഗരമഹാരാജാവിന്റെ		
ആജ്ഞയാ	ആജ്ഞപ്രകാരം	വധഃ അവാപ്തഃ.	മരണം പ്രാപിക്കപ്പെട്ടു.

[സഗരപുത്രന്മാർ സ്വനാശത്തെയുംകൂടി ഗണിക്കാതെ പിതൃവാക്യപരിപാലനംചെയ്തു എന്നു താല്പര്യം.]

ജാമദഗ്ന്യേന രാമേണ രേണുകാ ജനനീ സ്വയം
കൃത്താ പരശുനാഽരണ്യേ പിതുർവ്വചനകാരിണാ. 34

"പിതുഃ	പിതാവിന്റെ	സ്വയം	തന്റെ
വചനകാരിണാ	ആജ്ഞയനുസരിച്ചു് പ്രവർത്തിക്കുന്നവനും	ജനനീ	അമ്മയായ
ജാമദഗ്ന്യേന	ജമദഗ്നിമഹർഷിയുടെ പുത്രനുമായ	രേണുകാ,	രേണുകാദേവി,
		അരണ്യേ	കാട്ടിൽ
		പരശുനാ	കോടാലികൊണ്ടു്
രാമേണ	പരശുരാമനാൽ	കൃത്താ.	വെട്ടിയിടപ്പെട്ടു.

[രേണുക, പദ്മത്തിൽനിന്നു് അയോനിജയായി ജനിച്ചു് പ്രസേനജിത്തെന്ന രാജാവിനാൽ എടുത്തുവളർത്തപ്പെട്ടവളെന്നു് (ഭാരതം വനപർവ്വം-ആനുശാസനികം) ഇക്ഷ്വാകുവംശ്യനായ രേണുവിന്റെ പുത്രിയെന്നു് (ഭാഗവതം IX-25, ഹരിവംശം 1-27) രേണുക മററു സ്ത്രീകളോടൊന്നിച്ചു് ജലക്രീഡചെയ്യുമ്പോൾ, ചിത്രരഥൻ എന്ന ഗന്ധർവ്വരാജാവിനെകണ്ടു് കാമവികാരംജനിച്ചതിനാലുണ്ടായ പാതിവ്രത്യഭംഗത്തെ ഭർത്താവായ ജമദഗ്നിമഹർഷി അറിഞ്ഞു് പുത്രനായ പരശുരാമനോടു് അവളുടെ ശിരശ്ഛേദംചെയ്വാൻ ആജ്ഞാപിക്കുന്നതും, അപ്രകാരം പരശുരാമൻ വധിക്കുന്നതും, ഭാരതം-വന-117 ഭാഗവതം IX 16 എന്നവയിൽ വിവരിച്ചിരിക്കുന്നു.

പിതാവിന്റെ ആജ്ഞയാൽ മാതൃവധംചെയ്യുന്നതിൽക്കൂടി ദോഷമില്ലെന്നുവന്നാൽ, പിന്നെ മാതൃദുഃഖംമാത്രം ഉളവാക്കുന്നതിൽ എന്താണുള്ളതു്. എന്നു താല്പര്യം

"അഥ യദി തേ വൃത്തചികിത്സാ ധർമ്മവിചികിത്സാ വാ സ്യാത്" ഇത്യാദി ശ്രുതിവാക്യപ്രകാരം, ശിഷ്ടാചാരംതന്നെയാണു്, ധർമ്മം ഇന്നതെന്നു് സംശയംജനിക്കുന്ന ഘട്ടങ്ങളിൽ പ്രമാണമായതു്, എന്നതുകൊണ്ടു് ശിഷ്ടാചാരത്തെ പറയുന്നു. സ. സാ.]

ഏതൈരന്യൈശ്ച ബഹുഭിർദ്ദേവി ദേവസമൈഃ കൃതം
പിതുർവ്വചനമക്ലീബം കരിഷ്യാമി പിതുർഹിതം. 35

"ദേവി!	"അമ്മേ	വചനം	ആജ്ഞ
ദേവസമൈഃ	ദേവതുല്യന്മാരായ	അക്ലീബം	പാഴാകാത്തവിധത്തിൽ
ഏതൈഃ	ഇവരാലും	കൃതം;	നടത്തപ്പെട്ടിട്ടുണ്ടു്;
ബഹുഭിഃ	കൂടാതെ ഇവരെപ്പോലെയുള്ള മററു പല	പിതുഃ	പിതാവിനു
		ഹിതം	മനസ്താപം വരുത്താത്തവിധത്തിൽ
അന്യൈഃ ച,	സാധാരണ മനുഷ്യരാലും	കരിഷ്യാമി.	ഞാൻ നടക്കുകതന്നെ ചെയ്യും.
പിതുഃ	പിതാവിന്റെ		

ന ഖല്വേതന്മയൈകേന ക്രിയതേ പിതൃശാസനം
ഏതൈരപി കൃതം ദേവി യേ മയാ തവ കീർത്തിതാഃ. 36

"ദേവി!	"മാതാവേ!	ക്രിയതേ ന,	അനുഷ്ഠിക്കപ്പെടുന്നതല്ല
ഏതത്	ഈ	ഖലു;	നിശ്ചയം;
		മയാ	എന്നാൽ
പിതൃശാസനം	പിതൃവാക്യപരിപാലനമെന്നുള്ളതു്	തവ കീർത്തിതാഃ	നിന്തിരുവടിയോടു് പറയപ്പെട്ടവരായ
മയാ ഏകേന അപി	എന്നാൽ ഒരുവനാൽ മാത്രം	യേ ഏതൈഃ	എത്രയോ ആളുകളാലും
		കൃതം.	അനുഷ്ഠിക്കപ്പെട്ടിട്ടുണ്ടു്.

നാഹം ധൎമ്മമപൂൎവ്വം തേ പ്രതികൂലം പ്രവൎത്തയേ
പൂൎവ്വൈരയമഭിപ്രേതോ ഗതോ മാൎഗ്ഗോഽനുഗമ്യതേ. 37

"തേ	"നിന്തിരുവടിയുടെ	പ്രവൎത്തയേ ന ;	പുതിയതായി ആരംഭി
പ്രതികൂലം	മനസ്സിന്നു ശരിയെന്നു	അയം	ഈ [ക്കുന്നതല്ല ;
	തോന്നാത്തതും	മാൎഗ്ഗഃ	ധൎമ്മമാൎഗ്ഗം,
അപൂൎവ്വം	മുമ്പുള്ളവരനുഷ്ഠിക്കാ	പൂൎവ്വൈഃ	പണ്ടുള്ളവരാലും
	ത്തതും ആയ	അഭിപ്രേതഃ	സൎവ്വോൽകൃഷ്ടമായി
ധൎമ്മം	ഒരു ധൎമ്മാനുഷ്ഠാനത്തെ	ഗതഃ	സമ്മതിക്കപ്പെട്ടതായി,
അഹം	ഞാൻ	അനുഗമ്യതേ.	അനുഷ്ഠിക്കപ്പെട്ടുവരുന്നു.

തദേതത്തു മയാ കാൎയ്യം ക്രിയതേ ഭുവി നാന്യഥാ
പിതുൎഹി വചനം കുൎവ്വൻ ന കശ്ചിന്നാമ ഹീയതേ. 38

"ഭുവി	"ലോകത്തിൽ		ധൎമ്മശാസ്ത്രങ്ങൾ തെ
പിതുഃ	പിതാവിന്റെ	നാമ !	റെറന്ന് ആൎതന്നെ
വചനം തു	ആജ്ഞ എന്തായാലും അ		യാണ് വിശ്വസിക്കുക!
കുൎവ്വൻ	തിനെ അനുസരിക്കുന്ന	തത്	ആകയാൽ
കശ്ചിത്	ഒരുവൻ	മയാ	എന്നാൽ
ഹീയതേ ന ;	ഭാഗ്യരഹിതനാകയില്ല;	ഏതത്	ഈ
അന്യഥാ ന ;	ഇതിന്നു ഒരിക്കലും	കാൎയ്യം ഹി	ധൎമ്മംതന്നെ
	മറിച്ചില്ല ;	ക്രിയതേ."	അനുഷ്ഠിക്കപ്പെടുന്നു."

[ഇതിൽനിന്ന് "പിതുഃ ശതഗുണം മാതാ" എന്നിത്യാദിവാക്യങ്ങൾ ശുശ്രൂഷയെമാത്രംസംബന്ധിച്ചവയാണെന്നും, നിയാമകത്വം പിതാവിന്നുതന്നെയാണെന്നും ഗ്രാഹ്യം. എന്ന് ഗൊ. രാ. "ന കശ്ചിന്നാമഹീയതേ", കശ്ചിത് നാ, (ഒരു പുരുഷനും) അമഹീയതേ ന (പൂജിക്കപ്പെടുന്നില്ലെന്നില്ല) എന്നു സ. തി]

താമേവമുക്ത്വാ ജനനീം ലക്ഷ്മണം പുനരബ്രവീത്
വാക്യം വാക്യവിദാം ശ്രേഷ്ഠഃ ശ്രേഷ്ഠഃ സൎവ്വധനുഷ്മതാം. 39

സൎവ്വധനുഷ്മതാം	എല്ലാ വില്ലാളികളിലും	ഏവം	ഇപ്രകാരം
ശ്രേഷ്ഠഃ	ഉത്തമനും [വെച്ച്	ഉക്ത്വാ പുനഃ,	ഉരചെയ്തശേഷം,
വാക്യവിദാം	ധൎമ്മജ്ഞന്മാരിൽവെച്ച്	ലക്ഷ്മണം	ലക്ഷ്മണനോടായി
ശ്രേഷ്ഠഃ,	ശ്രേഷ്ഠനുമായ അദ്ദേഹം	വാക്യം	ഇപ്രകാരം അരുളി
താം ജനനീം	ആ മാതാവിനോട്	അബ്രവീത്.	ച്ചെയ്തു.

തവ ലക്ഷ്മണ ജാനാമി മയി സ്നേഹമനുത്തമം
വിക്രമം ചൈവ സത്വം ച തേജശ്ചൈവ ദുരാസദം. 40

"ലക്ഷ്മണ !	"ലക്ഷ്മണ !	സത്വം ഏവ	സാമൎത്ഥ്യത്തേയും
ദുരാസദം	അടുപ്പാൻ കഴിയാത്ത	മയി ച	എന്നിൽ വെച്ചിരി
തവ	നിന്റെ [തായ	അനുത്തമം	എതിരില്ലാത്ത [ക്കുന്ന
വിക്രമം ഏവ	പരാക്രമത്തേയും	സ്നേഹം ച	പ്രേമത്തേയും
തേജഃ ച	പ്രകൃത്യാതന്നെയുള്ള	ജാനാമി.	ഞാൻ അറിയുന്നുണ്ട്.

മമ മാതുർമഹദ്ദുഃഖമതുലം ശുഭലക്ഷണ
അഭിപ്രായമവിജ്ഞായ സത്യസ്യ ച ശമസ്യ ച. 41

“ശുഭലക്ഷണ!	“സർവ്വവേദങ്ങളിലും നിപുണനെന്ന് ലോകപ്രസിദ്ധിയുള്ളവനേ!
സത്യസ്യ ച	സത്യത്തിന്റെയും,
ശമസ്യ ച	ഇന്ദ്രിയങ്ങളെ അടക്കി എല്ലാം ഈശ്വരാജ്ഞയെന്നുവെച്ച് ശാന്തിയോടെ ധർമ്മാനുഷ്ഠാനംചെയ്യുന്ന സ്വഭാവത്തിന്റെയും
അഭിപ്രായം	തത്വത്തെ
അവിജ്ഞായ	നല്ലപോലെ അറിയാതിരിക്കുന്നതുകൊണ്ട്
മമ	എന്റെ
മാതുഃ	മാതാവിനുള്ള
ദുഃഖം	ദുഃഖം
അതുലം	അളവററതും
മഹത്.	എത്രയോകാലത്തേക്കുള്ളതുംതന്നെ.

[“ശുഭാനി, ശുഭകരാണി, ലക്ഷണാനി, ശാസ്ത്രാണി, യസ്മിൻ സഃ ശുഭലക്ഷണഃ”. ‘സത്യസ്യ (സർവ്വധർമ്മപ്രധാനമായ സത്യത്തിന്റെ) ‘ശമസ്യ’ (സർവ്വസുഖസാധനപ്രധാനമായ ശമത്തിന്റെ)’ തത്വത്തെ അറിയാത്ത മാതാവ് ദുഃഖിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ സർവ്വശാസ്ത്രജ്ഞനായ നീ ഇങ്ങിനെ അധർമ്മത്തെ പറയരുത്. എന്നു താല്പര്യം. (സർവ്വാർത്ഥസാരം.)]

ധർമ്മോ ഹി പരമോ ലോകേ ധർമ്മേ സത്യം പ്രതിഷ്ഠിതം
ധർമ്മസംശ്രിതമേതച്ച പിതുർവ്വചനമുത്തമം. 42

“ധർമ്മഃ ഹി	“ഏതൊരു ധർമ്മത്തിൽനിന്ന് എല്ലാ പുരുഷാർത്ഥങ്ങളും സിദ്ധിക്കുമോ, ആ ഒരു ധർമ്മംതന്നെയാണ്
ലോകേ	ലോകത്തിൽ
പരമഃ;	അത്യുത്തമമായി സർവ്വരാലും അനുഷ്ഠിക്കത്തക്കതു;
ധർമ്മേ,	ഇപ്രകാരമുള്ള ധർമ്മവർഗ്ഗത്തിൽ
‘സത്യം’	‘പറഞ്ഞവാക്കിളക്കാതിരിക്കുക’ എന്നതു
ഉത്തമം	ഉത്തമമെന്ന്
പ്രതിഷ്ഠിതം;	കൊണ്ടാടപ്പെട്ടിരിക്കുന്നു;
പിതുഃ	പിതാവിന്റെ
ഏതത്	ഈ
വചനം	ആജ്ഞ
ധർമ്മസംശ്രിതം ച.	ധർമ്മവിധികൾക്കനുസരിച്ചതുതന്നെ.

[“സത്യം വദ, ധർമ്മം ചര”, എന്ന ശ്രുതിവാക്യത്താൽ, സത്യത്തിൽ സ്ഥിതിചെയ്യുന്നതുതന്നെയാണ് ശാശ്വതമായ ധർമ്മാചരണം, എന്നു ഗ്രാഹ്യം. കൈകേയിക്ക് വരദാനപ്രധാനമാകുന്ന പൂർവ്വകൃതസത്യത്തെ അനുവർത്തിക്കുന്നതാകുന്നു ഇപ്പോഴത്തെ ഈ ആജ്ഞയെന്നുള്ളതുകൊണ്ട്, സത്യപ്രതിഷ്ഠിതമായ ധർമ്മത്തോടുകൂടിയതാകുന്നു അത്. അതുകൊണ്ട്, “പുഷ്യേണ യൌവ്വരാജ്യേ നിയോക്താഽസ്മി” എന്നിത്യാദിയായ പ്രേമകൃതമായ വാക്കിനെ തിരസ്കരിക്കുന്നതിൽ ദശരഥമഹാരാജാവ് അധർമ്മത്തെ പ്രവൃത്തിക്കുന്നില്ല, എന്നും ഗ്രാഹ്യം.]

സംശ്രുത്യ ച പിതുൎവ്വാക്യം മാതുൎവ്വാ ബ്രാഹ്മണസ്യ വാ
ന കൎത്തവ്യം വൃഥാ വീര ധൎമ്മമാശ്രിത്യ തിഷ്ഠതാ. 43

"വീര!	"പുരുഷോത്തമ!	മാതുഃ വാ	മാതാവിന്റെയാകട്ടെ,
ധൎമ്മം	ചതുൎവ്വിധപുരുഷാൎത്ഥപ്രദമായ ധൎമ്മം ഒന്നിനെത്തന്നെ	ബ്രാഹ്മണസ്യ വാ	ബ്രാഹ്മണന്റെയാകട്ടെ,
ആശ്രിത്യ	സൎവ്വസ്വമായി കരുതി	വാക്യം	വാക്കിനെ
തിഷ്ഠതാ,	ലോകത്തിൽ വസിക്കുന്നവനായ ഒരുവനാൽ,	സംശ്രുത്യ	ചെയ്യാമെന്നു വാഗ്ദത്തം
പിതുഃ	പിതാവിന്റെയാകട്ടെ	ച	പിന്നെ [ചെയ്തശേഷം
		വൃഥാ	നിഷ്ഫലമാക്കി
		കൎത്തവ്യം ന.	ചെയ്യാൻപാടുള്ളതല്ല.

സോഽഹം ന ശക്ഷ്യാമി പിതുൎന്നിയോഗമതിവൎത്തിതും
പിതുൎഹി വചനാദ്വീര കൈകേയ്യാഽഹം പ്രചോദിതഃ. 44

"വീര!	"പുരുഷോത്തമ!	പ്രചോദിതഃ;	ആജ്ഞാപിക്കപ്പെട്ടതു് ;
പിതുഃ	പിതാവിന്റെ	സഃ	അപ്രകാരമുള്ള
വചനാത് ഹി,	വാക്യത്താൽതന്നെയാണു്	അഹം,	ഞാൻ,
		പിതുഃ	പിതാവിന്റെ
കൈകേയ്യാ	കൈകേയിമാതാവിനാൽ	നിയോഗം	കല്പനയെ
		അതിവൎത്തിതും	ലംഘിച്ചുനടപ്പാൻ
അഹം	ഞാൻ	ശക്ഷ്യാമി ന.	വഴിപ്പെടുകയില്ല.

തദേതാം വിസൃജാനാൎയ്യാം ക്ഷത്രധൎമ്മാശ്രിതാം മതിം
ധൎമ്മമാശ്രയ മാ തൈക്ഷ്ണ്യം മദ്ബുദ്ധിരനുഗമ്യതാം. 45

"തത്	"അതിനാൽ	വിസൃജ;	വിട്ടുകളഞ്ഞാലും;
അനാൎയ്യാം	സൎവ്വോത്കൃഷ്ടമായ ധൎമ്മത്തിന്നു ഒക്കാത്തതും	ധൎമ്മം	ധൎമ്മം ഒന്നിനെത്തന്നെ
ക്ഷത്രധൎമ്മാശ്രിതാം	തങ്കലുള്ള ക്ഷാത്രസ്വഭാവങ്ങളായ ശൌൎയ്യം ശാഠ്യം എന്നിത്യാദിയോടുകൂടിയതും ആയ	ആശ്രയ;	സൎവ്വാശ്രയമായി കയ്ക്കൊണ്ടാലും;
		തൈക്ഷ്ണ്യം	ക്രൌൎയ്യമെന്നുള്ളത്
		മാ;	വേണ്ട;
		മദ്ബുദ്ധിഃ	എന്റെ അഭിപ്രായം
ഏതാം മതിം	ഈ അഭിപ്രായത്തെ,	അനുഗമ്യതാം."	അനുവൎത്തിക്കപ്പെടട്ടെ."

[“ക്ഷത്രധൎമ്മോ മഹാരൌദ്രഃ ശഠകൃത്യ ഇതി സമ്മതഃ” എന്നു് ക്ഷത്രിയസ്വഭാവത്തെപ്പറ്റി മഹാഭാരതവചനം.

ധൎമ്മസ്ഥാപനത്തിന്നായുള്ള ശാസ്ത്രമായ ഈ രാമായണത്തിൽ, ലൌകികങ്ങളായ അൎത്ഥങ്ങളെ സാധിക്കുന്നവയായ കേവലനീതികളെ അനുഷ്ഠിക്കുന്നതല്ല ശ്രേയസ്കരമായതെന്നു്, ലക്ഷ്മണമുഖേന ആ നീതികളെ ഉദ്ധരിച്ചു് അവയെ ശ്രീരാമമുഖേന നിരസനംചെയ്തു്, സാധിക്കുന്നതായി അവിടവിടെ കണ്ടുകൊൾക. ഗൊ. രാ.]

തമേവമുക്ത്വാ സൌഹാർദ്ദാദ് ഭ്രാതരം ലക്ഷ്മണാഗ്രജഃ
ഉവാച ഭൂയഃ കൌസല്യാം പ്രാഞ്ജലിഃ ശിരസാ നതഃ. 46

ലക്ഷ്മണാഗ്രജഃ	ശ്രീരാഘവൻ	ഭൂയഃ	വീണ്ടും
തം ഭ്രാതരം	ആ അനുജനോട്	കൌസല്യാം	കൌസല്യാദേവിയെ
സൌഹാർദ്ദാത്	സ്നേഹാതിശയംമൂലം	ശിരസാ നതഃ	കുമ്പിട്ട്
ഏവം	മേൽപ്രകാരം	പ്രാഞ്ജലിഃ	കൈകൂപ്പിക്കൊണ്ട്
ഉക്ത്വാ,	ഉപദേശിച്ചശേഷം,	ഉവാച.	ഇപ്രകാരം ഉരചെയ്തു.

അനുമന്യസ്വ മാം ദേവി ഗമിഷ്യന്തമിതോ വനം
ശാപിതാസി മമ പ്രാണൈഃ കുരു സ്വസ്ത്യയനാനി മേ. 47

"ദേവി!	"അമ്മേ!	മമ	എന്റെ
ഇതഃ	ഇവിടെനിന്നും	പ്രാണൈഃ	പ്രാണങ്ങളെതൊട്ട്
വനം	വനത്തിലേക്ക്	ശാപിതാസി;	നിന്തിരുവടി പ്രാർത്ഥി
ഗമിഷ്യന്തം	പോകുവാൻ മുതിരുന്ന	മേ	എനിക്ക് [ക്കപ്പെടുന്നു;
മാം	എനിക്ക്	സ്വസ്ത്യയനാനി	വഴിയിൽ നന്മയുണ്ടാകു മാറ് ആശീർവ്വദിച്ച് സ്വസ്ത്യയനങ്ങളെ
അനുമന്യസ്വ;	നിന്തിരുവടി മനഃപൂർവ്വമായി അനുമതി നൽകിയാലും;	കുരു.	ചെയ്താലും.

തീർണ്ണപ്രതിജ്ഞശ്ച വനാത് പുനരേഷ്യാമ്യഹം പുരീം
യയാതിരിവ രാജർഷിഃ പുരാ ഹിത്വാ പുനർദ്ദിവം. 48

"പുരാ	"പണ്ട്	വനാത്	വനത്തിൽനിന്ന്
യയാതിഃ	യയാതിയെന്ന	അഹം ച	ഞാനും
രാജർഷിഃ	രാജർഷി	പുനഃ	വീണ്ടും
ഹിത്വാ	(സ്വർഗ്ഗലോകത്തിൽനിന്ന്) ഭ്രഷ്ടനാക്കപ്പെട്ട്	പുരീം	നഗരത്തിലേക്ക്,
		തീർണ്ണപ്രതിജ്ഞഃ	പ്രതിജ്ഞയെ പൂർത്തിയാക്കിയവനായി
പുനഃ ദിവം ഇവ,	വീണ്ടും സ്വർഗ്ഗത്തെ പ്രാപിച്ച പ്രകാരം,	ഏഷ്യാമി.	വന്നുചേരുന്നുണ്ട്.

[നഹുഷപുത്രനായ യയാതി, ശുക്രാചാര്യപുത്രിയായ ദേവയാനിയെയും, പിന്നെ വൃഷപർവ്വപുത്രിയായ ശർമ്മിഷ്ഠയേയും വിവാഹംചെയ്തു. മൂത്തവളിൽ യദു, തുർവ്വസു, എന്നവരും, കനിഷ്ഠയിൽ ദ്രുഹ്യു, അനു, പൂരു, എന്നവരും ജനിച്ചു. ഭാര്യമാർ രണ്ടുപേരും കലഹിക്കുകയും, ശുക്രാചാര്യരുടെ ശാപത്താൽ യയാതിക്ക് ജരബാധിക്കുകയും, അതിനെ ആദ്യത്തെ നാലുപുത്രന്മാരും ഏല്ക്കുവാൻ സമ്മതിക്കാതെ, ഒടുവിലത്തെ പുത്രൻ പൂരു ഏററുവാങ്ങുകയുംചെയ്യുന്നു. വളരെ സംവത്സരങ്ങൾക്കുശേഷം പൂരുവിങ്കൽനിന്നു അതിനെ തിരിയെ ഏററ്, പൂരുവിനെ രാജ്യത്തിൽ വാഴിച്ച്, തപസ്സിന്നായ് യയാതി പോകുന്നു. തപോവൈഭവത്താൽ സ്വർഗ്ഗത്തെപ്രാപിക്കുന്നു. ഏറെക്കാലത്തിനുശേഷം ഇന്ദ്രനും യയാതിയുംതമ്മിൽ സംഭാഷണംചെയ്തുകൊണ്ടിരിക്കെ, യയാതിക്കു തപസ്സിൽ തുല്യനായാരുണ്ടെന്ന് ഇന്ദ്രൻ ചോദിച്ചപ്പോൾ, ദേവർഷിഗന്ധർവ്വമനുഷ്യരിൽ താൻ ആരേയും കാണുന്നില്ലെന്ന് യയാതി പറകയാൽ, "യദാവമംസ്ഥാഃ സദൃശഃ ശ്രേയസശ്ച, അല്പീയസശ്ചാവിദിതപ്രഭാവഃ. തസ്മാല്ലോകാദന്തവന്തസ്തവേമേ ക്ഷീണേ പുണ്യേ പതിതാഽസ്യദ്യ രാജൻ," എന്നിങ്ങിനെ അഹങ്കാരം ശമിച്ചിട്ടില്ലാത്തതിനാൽ സ്വർഗ്ഗഭ്രംശത്തെ ഇന്ദ്രൻ കല്പിക്കയും, തിരിയെ

ഭൂമിയിൽ പതിക്കുകയും, അഷ്ടകനെന്ന രാജർഷിയെ സന്ദർശിക്കുകയും, അഷ്ടകൻ തന്റെ പുണ്യങ്ങളെ യയാതിക്കായി ദാനംചെയ്തു് യയാതി വീണ്ടും സ്വർഗ്ഗത്തെപ്രാപിക്കയുംചെയ്യുന്നു. മഹാഭാരതം ആദിപർവ്വം 65മുതൽ 87വരെ അദ്ധ്യായങ്ങൾ. ഉത്തരകാണ്ഡം 58-59 സർഗ്ഗങ്ങളിലും കാണുക.]

ശോകഃ സംധാര്യതാം മാതർഹൃദയേ സാധു മാ ശുചഃ
വനവാസാദിഹൈഷ്യാമി പുനഃ കൃത്വാ പിതുർവ്വചഃ. 49

" മാതഃ!	" അമ്മേ!	പിതുഃ	അച്ഛൻതിരുമേനിയുടെ
ശോകഃ	ശോകം	വചഃ	ആജ്ഞയെ
സാധു,	ഇത്രകൊണ്ടു് മതി,	കൃത്വാ	ചെയ്തുതീർത്തശേഷം,
ഹൃദയേ	മനസ്സിൽ	വനവാസാത്	വനവാസം കഴിഞ്ഞു്
ശുചഃ മാ;	ഒരുവിധത്തിലുമുള്ള ദുഃഖം കയ്ക്കൊള്ളാതിരുന്നാലും,	പുനഃ	വീണ്ടും
സംധാര്യതാം;	എപ്രകാരവും ജീവനെ ധരിച്ചുകൊണ്ടിരുന്നാലും;	ഇഹ	ഇവിടെ
		ഏഷ്യാമി.	ഞാൻ വന്നുചേരും.

[‘ഞാൻ മടങ്ങിവരുമെന്നതുകൊണ്ടു് ദുഃഖിക്കാതിരിക്കുക’, എന്നു് ഹേതു.]

ത്വയാ മയാ ച വൈദേഹ്യാ ലക്ഷ്മണേന സുമിത്രയാ
പിതുർനിയോഗേ സ്ഥാതവ്യമേഷ ധർമ്മഃ സനാതനഃ. 50

" മയാ	" എന്നാലും,	നിയോഗേ	മനസ്സിനു വിരോധം വരാത്തമാതിരി നടക്കുന്നതിൽ
വൈദേഹ്യാ	വൈദേഹിയാലും	സ്ഥാതവ്യം;	ആസക്തിപൂണ്ടു വർത്തിക്കപ്പെടേണ്ടതാണു്;
ലക്ഷ്മണേന	ലക്ഷ്മണനാലും	ഏഷഃ	ഇതു്
സുമിത്രയാ	സുമിത്രാദേവിയാലും	സനാതനഃ	ശാശ്വതമായ
ത്വയാ ച	നിന്തിരുവടിയാലും	ധർമ്മഃ.	ധർമ്മമാകുന്നു.
പിതുഃ	അച്ഛന്റെ		

അംബ സംഹൃത്യ സംഭാരാൻ ദുഃഖം ഹൃദി നിഗൃഹ്യ ച
വനവാസകൃതാ ബുദ്ധിർമ്മമ ധർമ്മ്യാനുവർത്ത്യതാം. 51

" അംബ!	" മാതാവേ!	വനവാസകൃതാ	വനവാസോദ്ദേശത്തോടുകൂടിയതും
സംഭാരാൻ	ശാസ്ത്രങ്ങളെ	ധർമ്മ്യാ	പിതൃവാക്യപരിപാലനമാകുന്ന ധർമ്മത്തെ നിലനിർത്തുന്നതുമായ
സംഹൃത്യ,	മനസ്സിൽ ഓർത്തു്,	ബുദ്ധിഃ	ഈ നിശ്ചയം
ഹൃദി	ഹൃദയത്തിൽ	അനുവർത്ത്യതാം."	നിന്തിരുവടിയാൽ അംഗീകരിക്കപ്പെടട്ടെ."
ദുഃഖം ച	ദുഃഖമെന്നുള്ളതിനെയെല്ലാം		
നിഗൃഹ്യ,	തീരെക്കളഞ്ഞു്,		
മമ	എന്റെ		

ഏതദ്വചസ്തസ്യ നിശമ്യ മാതാ സുധർമ്മ്യമവ്യഗ്രമവിക്ലബം ച
മൃതേവ സംജ്ഞാം പ്രതിലഭ്യ ദേവീ സമീക്ഷ്യ രാമം പുനരിത്യുവാച. 52

ദേവീ	ഉത്തമയായ	വചഃ	തിരുമൊഴി
തസ്യ	അദ്ദേഹത്തിന്റെ	നിശമ്യ,	കേട്ട്,
മാതാ,	മാതാവ്,	സമീക്ഷ്യ,	ഉള്ളിൽ നന്നായ് ചിന്തിച്ച ശേഷം,
ഏതത്	ഇപ്രകാരം	പുനഃ	അതിൽ പിന്നീടും
സുധർമ്മ്യം	പിതൃവാക്യപരിപാലനധർമ്മത്തെ വിശദീകരിക്കുന്നതും	മൃതാ ഇവ,	സ്വല്പനേരത്തോളം പ്രജ്ഞയററവളായി,
അവിക്ലബം	ദൃഢനിശ്ചയത്തെ നല്ലപോലെ പ്രതിപാദിക്കുന്നതും	സംജ്ഞാം	ബോധം
		പ്രതിലഭ്യ,	തെളിഞ്ഞ്,
		രാമം	ശ്രീരാമനെനോക്കി
അവ്യഗ്രം ച	ചിത്തത്തിലുള്ള അനാകുലതയെ സ്പഷ്ടീകരിക്കുന്നതുമായ	ഇതി	ഇപ്രകാരം
		ഉവാച.	ഉരചെയ്തു.

യഥൈവ തേ പുത്ര പിതാ തഥാഽഹം
ഗുരുഃ സ്വധർമ്മേണ സുഹൃത്തയാ ച
ന ത്വാഽനുജാനാമി ന മാം വിഹായ
സുദുഃഖിതാമർഹസി ഗന്തുമേവം. 53

"പുത്ര!	"ഉണ്ണി!	തഥാ	അപ്രകാരംതന്നെ
സ്വധർമ്മേണ	ഈ ലോകത്തിൽ അവനവൻ ചെയ്യേണ്ടതായ ധർമ്മത്തെ ആലോചിച്ചാലും,	അഹം ഏവ;	ഞാനും; [യാണല്ലൊ
		ത്വാ	നിന്നെ
		അനുജാനാമി ന;	ഞാൻ പോകുവാൻ സമ്മതിക്കയില്ല;
സുഹൃത്തയാ ച,	പ്രേമത്തെ ആലോചി[ച്ചാലും,	ഏവം	ഇങ്ങിനെ
തേ	നിന്റെ	സുദുഃഖിതാം	ദുഃഖാകുലിതയായിരി[ക്കുന്ന
പിതാ	പിതാവ്	മാം	എന്നെ
യഥാ	എങ്ങിനെ	വിഹായ	തിരസ്കരിച്ച്
ഗുരുഃ,	ആദരവിന്ന് പാത്രമായ് ഭവിച്ചിരിക്കുന്നുവോ,	ഗന്തും	പോകുന്നത്
		അർഹസി ന.	നിനക്ക് ഉചിതമല്ല.

[''സ്വധർമ്മേണ'' (പാലനാദിരൂപമായ മാതൃധർമ്മത്തെ ആലോചിക്കുമ്പോഴും), എന്നു തിലകം.]

കിം ജീവിതേനേഹ വിനാ ത്വയാ മേ
ലോകേന വാ കിം സ്വധയാഽമൃതേന
ശ്രേയോ മുഹൂർത്തം തവ സന്നിധാനം
മമേഹ കൃത്സ്നാദപി ജീവലോകാത്. 54

"കൃത്സ്നാത്	"എല്ലാ	ഇഹ	ഈ ലോകത്തിൽ
ജീവലോകാത്	ജീവലോകത്തെക്കാളും,	ത്വയാ വിനാ	നിന്നെപ്പിരിഞ്ഞവളായ
ഇഹ	ഇഹലോകത്തിൽ	മേ,	എനിക്ക്,
മമ	എനിക്ക്	ലോകേന	ലോകരീതിയിലുള്ള
തവ	നിന്റെ	അമൃതേന	അതിരുചികരമായ
സന്നിധാനം അപി	സാന്നിദ്ധ്യം ഒന്നുമാത്രമാണ്	സ്വധയാ വാ	ആഹാരംകൊണ്ട്
ശ്രേയഃ;	സർവ്വോത്കൃഷ്ടമായ മനസ്തൃപ്തി നൽകുന്നത്;	കിം ?	എന്തു പ്രയോജനം ?
		ജീവിതേന	ജീവിച്ചിരിക്കുന്നതുകൊണ്ടുതന്നെ
മുഹൂർത്തം	ഒരു നിമിഷമെന്നാലും	കിം ?	എന്തു പ്രയോജനം ?"

[പരലോകംകൊണ്ടും, സ്വർഗ്ഗലോകപ്രാപ്തികരമായ അമൃതംകൊണ്ടും, പിതൃലോകപ്രാപ്തിഹേതുകമായ സ്വധകൊണ്ടും എന്തു പ്രയോജനം" എന്നു ഗോ. രാ. "അമൃതേന" (അമൃതത്വസാധനമായ ജ്ഞാനംകൊണ്ട്) എന്നു തിലകം.]

നരൈരിവോല്കാഭിരപോഹ്യമാനോ
മഹാഗജോഽധ്വാനമനുപ്രവിഷ്ടഃ
ഭൂയഃ പ്രജജ്വാല വിലാപമേനം
നിശമ്യ രാമഃ കരുണം ജനന്യാഃ. 55

രാമഃ,	ശ്രീരാമൻ,	ഏനം	ഈ
മഹാഗജഃ	ഒരു മഹാഗജം	വിലാപം	പ്രലാപയുക്തമായ
നരൈഃ	ആളുകളാൽ	കരുണം	ദൈന്യമൊഴി
ഉല്കാഭിഃ	പന്തങ്ങൾകൊണ്ട്	നിശമ്യ,	കേട്ടിട്ട്,
അപോഹ്യമാനഃ	തടുക്കപ്പെടുമ്പോഴും	ഭൂയഃ	എന്നിട്ടും
അധ്വാനം	അതിന്റെ വഴിക്കുതന്നെ		
അനുപ്രവിഷ്ടഃ	ചെല്ലുന്നതു്	പ്രജജ്വാല.	മനസ്സു ചലിക്കാതെ ദൃഢനിശ്ചയത്തോടുകൂടിയവനായിത്തന്നെ വർത്തിച്ചു.
ഇവ,	എപ്രകാരമൊ അപ്രകാരം,		
ജനന്യാഃ	മാതാവിന്റെ		

സ മാതരം ചൈവ വിസംജ്ഞകല്പാ-
മാർത്താം ച സൌമിത്രിമഭിപ്രതപ്തം
ധർമ്മേ സ്ഥിതോ ധർമ്മ്യമുവാച വാക്യം
യഥാ സ ഏവാർഹതി തത്ര വക്തും. 56

സഃ ഏവ,	അദ്ദേഹം ഒരുവൻ മാത്രമാണ്	യഥാ വക്തും	തക്കതായ സമാധാനം പറവാൻ
വിസംജ്ഞകല്പാം	ഭ്രാന്തചിത്തയെന്നപോലെയിരിക്കുന്നവളായ	അർഹതി;	ശക്തനായുള്ളതു്;
		ധർമ്മേ	ധർമ്മത്തിൽതന്നെ
മാതരം ച,	മാതാവിനും,	സ്ഥിതഃ	അവസ്ഥിതിചെയ്യുന്നവനായ
ആർത്താം	ആർത്തനായി	സഃ	അദ്ദേഹം
അഭിപ്രതപ്തം	നാവും ചുണ്ടും വരണ്ടിരിക്കുന്ന	ധർമ്മ്യം	ധർമ്മത്തെ നല്ലപോലെ സ്പഷ്ടമാക്കുന്നതായ
സൌമിത്രിം ച	ലക്ഷ്മണനും,	വാക്യം	ഈ വാക്യത്തെ
തത്ര ഏവ	ആ സമയത്തിലുംകൂടി	ഉവാച.	അരുളിച്ചെയ്തു.

അഹം ഹി തേ ലക്ഷ്മണ നിത്യമേവ
ജാനാമി ഭക്തിം ച പരാക്രമം ച
മമ ത്വഭിപ്രായമസംനിരീക്ഷ്യ
മാത്രാ സഹാഭ്യർദസി മാം സുദുഃഖം. 57

"ലക്ഷ്മണ!	"ലക്ഷ്മണ!	അഭിപ്രായം	ഇപ്പോഴുള്ള മനോഭാവത്തെ
തേ	നിന്റെ	അസംനിരീക്ഷ്യ	ഒട്ടും മനസ്സിലാക്കാതെ,
നിത്യം	നിരന്തരമായുള്ള	മാത്രാ സഹ	അമ്മയോടുകൂടി
ഭക്തിം ച	ഭക്തിയേയും	സുദുഃഖം	ഏറെ ദുഃഖിക്കുന്നവനായ
പരാക്രമം ച	പരാക്രമത്തേയും	മാം ഹി	എന്നേയും,
അഹം	ഞാൻ	തു	ഇപ്പോൾ
ജാനാമി;	നല്ലവണ്ണം ഓർമ്മയിൽ വെച്ചിട്ടുണ്ട്;	അഭ്യർദസി ഏവ.	നീയും വേദനിപ്പിക്കുകയാണ് ചെയ്യുന്നത്.
മമ	എന്റെ		

ധർമ്മാർത്ഥകാമാഃ കില താത ലോകേ
സമീക്ഷിതാ ധർമ്മഫലോദയേഷു
തേ തത്ര സർവ്വേ സ്യുരസംശയം മേ
ഭാര്യേവ വശ്യാഽഭിമതാ സുപുത്രാ. 58

"താത!	"വത്സ!	കില;	എന്നുള്ള സംഗതി പരമ്പരയായി എല്ലാവർക്കും അറിവുള്ളതാണല്ലോ;
ലോകേ	ലോകത്തിൽ	തേ സർവ്വേ,	അവയെല്ലാം,
ധർമ്മഫലോദയേഷു	യാതൊരു ഒരേ ധർമ്മ പുരുഷാർത്ഥത്തിൽ നിന്നു ഫലങ്ങളായി നാലു പുരുഷാർത്ഥങ്ങളും സിദ്ധിക്കുന്നുവോ, അപ്രകാരമുള്ള ധർമ്മഫലങ്ങൾ പരിപക്വതയെ പ്രാപിച്ച്, സിദ്ധിക്കാറാകുന്ന സമയങ്ങളിൽ	തത്ര,	ആ ധർമ്മത്തിന്റെ ഫലമായി,
		വശ്യാ	സ്വാധീനയും
		അഭിമതാ	സ്നേഹ പാത്രവും
		സുപുത്രാ	സത്പുത്രവതിയും ആയ
ധർമ്മാർത്ഥകാമാഃ	ധർമ്മം, അർത്ഥം കാമം എന്ന മൂന്നു പുരുഷാർത്ഥങ്ങളും	ഭാര്യാ ഇവ	ഭാര്യയിൽ നിന്നെന്നപോലെ,
		സ്യുഃ	ഒരുവന്നു സിദ്ധിക്കുന്നു;
സമീക്ഷിതാഃ	പ്രത്യക്ഷത്തിൽ കാണപ്പെടുന്നവയായിരിക്കുന്നു,	മേ അസംശയം.	ഇക്കാര്യത്തിൽ എനിക്ക് സംശയം തന്നെയില്ല.

[ഭാര്യ, ഗൃഹസ്ഥന്ന് സഹധർമ്മചാരിണിയാകയാൽ, അവൾ വശ്യയായാൽ, അതായത് അനുകൂലയെന്നിരുന്നാൽമാത്രമേ ധർമ്മോപാർജ്ജനം സാദ്ധ്യമാകയുള്ളൂ. അങ്ങിനെയുള്ള ഭാര്യ സത്പുത്രവതിയായിരുന്നാൽ തന്മൂലം അർത്ഥസമ്പാദനവും, നേരേമറിച്ച് കുപുത്രവതിയായാൽ അർത്ഥനാശവുമാണല്ലൊ ഫലം. ബീജത്തിന്റെ ഗുണത്തിന്നു കാരണം ക്ഷേത്രമെന്നതുപോലെ, പുത്രന്റെ ഗുണത്തിന്നും മാതാവാകയാൽ, ആ ഭാര്യതന്നെയാകുന്നു പുത്രദ്വാരാ അർത്ഥസിദ്ധിക്കും കാരണമാകുന്നത്.

ആ ഭാര്യ അഭിമതയെന്നാൽ, രൂപലാവണ്യാദികൊണ്ട് പ്രിയന്ന് മനോഹാരിണിയായി, തൃതീയ പുരുഷാർത്ഥഹേതുകയായും ഭവിക്കുന്നു. ആകയാൽ പുണ്യംകൊണ്ട് ലഭിക്കപ്പെട്ടവളായ ഒരേ ഭാര്യയിൽനിന്ന് ധർമ്മകാമാർത്ഥങ്ങൾ ലഭിക്കുന്നതുപോലെ ധർമ്മത്തിൽനിന്നും ആ മൂന്നു പുരുഷാർത്ഥങ്ങളും സിദ്ധിക്കുന്നതിനാൽ, ധർമ്മത്തെ ഭാര്യയോടുപമിച്ചിരിക്കുന്നു.

ധർമ്മാർത്ഥകാമങ്ങൾ നമുക്ക് പ്രത്യക്ഷസിദ്ധങ്ങളായതുകൊണ്ടും, ധർമ്മം മോക്ഷമാകുന്ന തുരീയ പുരുഷാർത്ഥത്തിന്നും കാരണമെന്നിരുന്നാലും, അത് ശാസ്ത്രസിദ്ധമായ്, പ്രത്യക്ഷസിദ്ധമല്ലാത്തതിനാൽ, "ലോകേ" എന്ന പദംകൊണ്ട്, അതിനെ വ്യാവർത്തിച്ച്, "ധർമ്മാർത്ഥകാമാഃ" എന്ന മൂന്നു പുരുഷാർത്ഥങ്ങളെമാത്രം പറഞ്ഞിരിക്കുന്നു.]

യസ്മിംസ്തു സർവ്വേ സ്യുരസംനിവിഷ്ടാ
ധർമ്മോ യതഃ സ്യാത്തദുപക്രമേത
ദ്വേഷ്യോ ഭവത്യർത്ഥപരോ ഹി ലോകേ
കാമാത്മതാ ഖല്വപി ന പ്രശസ്താ. 59

"യസ്മിൻ	"യാതൊരുധർമ്മത്തിൽ (അനുഷ്ഠാനത്തിൽ)	തത് ഖലു	അതിനെത്തന്നെയാണ്
		ഉപക്രമേത.	ഒരുവൻ അനുഷ്ഠിക്കേണ്ടതു്.
സർവ്വേ	ധർമ്മം, അർത്ഥം, കാമം എന്ന മൂന്നുപുരുഷാർത്ഥങ്ങളും	ലോകേ	ലോകത്തിൽ
അസം-നിവിഷ്ടാഃ സ്യുഃ	ഇല്ലാതിരിക്കുന്നുവോ,	അർത്ഥപരഃ	അർത്ഥസമ്പാദനത്തിൽ മാത്രം തല്പരനായ ഒരുവൻ
യതഃ	യാതൊരു ധർമ്മത്തിൽ നിന്ന്	ദ്വേഷ്യഃ ഭവതി;	എല്ലാവരാലും വെറുക്കപ്പെട്ടവനായിഭവിക്കുന്നു;
ധർമ്മഃ തു	പ്രഥമപുരുഷാർത്ഥമായ ധർമ്മം നിശ്ചയമായും	കാമാത്മതാ അപി	അപ്രകാരംതന്നെ കാമമൊന്നിൽതന്നെ അഭിരുചിവെക്കുന്നതും
സ്യാത് ഹി	ഉണ്ടാകുന്നുവോ,	പ്രശസ്താ ന.	പ്രശസ്തമായതല്ല.

[ധർമ്മം ഫലമായ് അല്ലാത്തതായ യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടുള്ളതല്ല. ധർമ്മം ഇല്ലാതെ കേവലം അർത്ഥത്തിന്നായോ, കേവലം കാമത്തിന്നായോ യാതൊരു കർമ്മവും ചെയ്യാൻ പാടുള്ളതല്ല എന്നു താല്പര്യം. "ധർമ്മസ്യ ഹ്യാപവർഗ്ഗ്യസ്യ നാർത്ഥോƒർത്ഥായോപകല്പതേ. നാർത്ഥസ്യ ധർമ്മൈകാന്തസ്യ കാമോ ലാഭായ ഹി സ്മൃതഃ. കാമസ്യ നേന്ദ്രിയപ്രീതിർല്ലാഭോ ജീവേത യാവതാ. ജീവസ്യ തത്ത്വജിജ്ഞാസാ നാർത്ഥോ യശ്ചേഹ കർമ്മഭിഃ വദന്തി തത്തത്ത്വവിദസ്തത്ത്വം യജ്ജ്ഞാനമദ്വയം," ഭാഗവതം I-ii (9-11); പരിത്യജേദർത്ഥകാമൌ യൌ സ്യാതാം ധർമ്മവർജ്ജിതൌ" (മനു); "പരിത്യജേദർത്ഥകാമൌ ധർമ്മപീഡാകരൌ നൃപ" (വിഷ്ണുപുരാണം). ബൃഹദാരണ്യകോപനിഷത്തിൽ യജ്ഞാദികർമ്മസാധനമായി അർത്ഥം സമ്പാദിക്കേണ്ടതാണെന്നു പറയുന്നു. "അഥ വിത്തം മേ സ്യാദഥ കർമ്മ കുർവ്വീയേതി". വിഷ്ണുപുരാണത്തിലും "സോമസംസ്ഥാ ഹവിഃസംസ്ഥാഃ പാകസംസ്ഥാസ്തഥാപരാഃ സംസ്ഥിതാഃ. ധനേന യേന താ മനുഷ്യാണാം യതസ്തതോ ധനാർജ്ജനേ," എന്നിങ്ങിനെതന്നെ അർത്ഥസമ്പാദനത്തിന്റെ ആവശ്യകതയെപ്പററി പറയുന്നു. "ദാനം യജ്ഞഃ സതാം പൂജാ വേദധാരണമാർജ്ജവം. ഏഷ ധർമ്മഃ പരോ രാജൻ ബലവാൻ പ്രേത്യ ചേഹ ച. ഏഷ നാർത്ഥവിഹീനേന ശക്യോ രാജൻ നിഷേവിതും. ധർമ്മമൂലം ജഗദ്രാജൻ നാന്യദ്ധർമ്മോ വിശിഷ്യതേ. ധർമ്മശ്ചാർത്ഥേന മഹതാ ശക്യോ രാജന്നിഷേവിതും. ന ചാർത്ഥോ ഭൈക്ഷചര്യേണ നാപി ക്ലൈബ്യേന കർഹിചിത്. വേത്തും ശക്യഃ സദാ രാജൻ കേവലം ധർമ്മബുദ്ധിനാ". എന്നു മഹാഭാരതം ആരണ്യപർവ്വത്തിൽ ഭീമസേനൻ യുധിഷ്ഠിരനോടു ഉപദേശിക്കുന്നതും കാണ്മിൻ.]

ഗുരുശ്ച രാജാ ച പിതാ ച വൃദ്ധഃ
ക്രോധാത് പ്രഹർഷാദ്യദി വാഽപി മോഹാത്
യദ്വ്യാദിശേത് കാൎയ്യമവേക്ഷ്യ ധൎമ്മം
കസ്തം ന കുൎയ്യാദനൃശംസവൃത്തിഃ. 60

"ഗുരുഃ ച	"തങ്കലുള്ള ഉത്തമഗുണങ്ങൾകൊണ്ട് എല്ലാവരാലും ഭക്തിപൂൎവ്വം സേവിക്കപ്പെടുന്ന ഗുരുവും,
വൃദ്ധഃ	സൎവ്വശാസ്ത്രതത്വജ്ഞനും, ഹിതത്തെ ഉപദേശിക്കുന്നവനും,
രാജാ ച	ചക്രവൎത്തിയും ആയ
പിതാ,	പിതാവ്,
ക്രോധാത്	കോപത്താലാകട്ടെ,
പ്രഹർഷാത്	സന്തോഷത്താലാകട്ടെ
മോഹാത് വാ	മനസ്താപത്താലാകട്ടെ
യദി അപി	ഏതുകാരണംകൊണ്ടായാലും,

ധൎമ്മം ച	യാതൊരു പുരുഷാൎത്ഥത്തിൽനിന്ന് ധൎമ്മം ഒന്നുമാത്രം ഉണ്ടാകുന്നുവൊ, അപ്രകാരമുള്ള ധൎമ്മത്തെമാത്രം
അവേക്ഷ്യ,	സൎവ്വോത്കൃഷ്ടമായി അവലംബിച്ച്,
യത് കാൎയ്യം	യാതൊരു കൃത്യത്തെ
വ്യാദിശേത്	ആജ്ഞാപിക്കുന്നുവോ,
തം	അതിനെ
അനൃശംസവൃത്തിഃ	സന്മാൎഗ്ഗാനുഷ്ഠാനനിരതനായ
കഃ	ഏതൊരുവനാണ്
കുൎയ്യാത് ന ?	ചെയ്യാതിരിക്കുക ?

["യഃ സാവയതി യാ സൂതേ യേന വിദ്യോപദിശ്യതേ. ജ്യേഷ്ഠഭ്രാതാ ച ഭൎത്താ ച പഞ്ചൈതേ ഗുരവസ്സ്മൃതാഃ. ആത്മനഃ സൎവ്വയത്നേന പ്രാണത്യാഗേന വാ പുനഃ പൂജനീയാ വിശേഷേണ പഞ്ചൈതേ ഭൂതിമിച്ഛതാ" (ഉശനസ്) "മാതൃദേവോ ഭവ, പിതൃദേവോ ഭവ ആചാൎയ്യദേവോ ഭവ". ഇത്യാദി വാക്യപ്രകാരം മാതാവ്, പിതാവ്, ഗുരു എന്നവർ ദൈവമെന്ന് വിചാരിക്കപ്പെടേണ്ടവരാകുന്നു. മാതാപിതാക്കന്മാർ ശരീരജനകത്വംകൊണ്ടും ആചാൎയ്യൻ വിദ്യാജനകത്വംകൊണ്ടും പൂജനീയന്മാരാകുന്നു. "സഹി വിദ്യാതസ്തം ജനയതി. തച്ഛ്രേഷ്ഠം ജന്മ. ശരീരമേവ മാതാപിതരൌ ജനയതഃ," (ആപസ്തംബൻ.)

നീതിശാസ്ത്രം, ധനുൎവ്വേദം മുതലായവയിലും മററനേകവിഷയങ്ങളിലും ഉപദേശകൎത്താവാകയാൽ ദശരഥൻ തനിക്ക് ഗുരുവാണെന്നു വിവക്ഷ.

"ബ്രഹ്മാ ജനാൎദ്ദനഃ ശംഭുരിന്ദ്രോ വായുൎയ്യമോ രവിഃ, ഹുതഭുഗ്വരുണോധാതാ പൂഷാ ഭൂമിൎന്നിശാകരഃ നൃപസ്യൈതേ ശരീരസ്ഥാഃ സൎവ്വദേവമയോ നൃപഃ. ഭൎത്തൃശുശ്രൂഷണം ധൎമ്മോ യഥാ സ്ത്രീണാം പരോ മതഃ. മമാജ്ഞാപാലനം ധൎമ്മോ ഭവതാം ച തഥാ ദ്വിജാഃ" എന്നു സൎവ്വദേവസ്വരൂപനായ രാജാവിന്റെ ആജ്ഞ അനുവൎത്തിക്കപ്പെടേണ്ടതാണെന്ന് വിഷ്ണുപുരാണം. ആകയാൽ "നിയുക്താ ഗുരുണാ പിത്രാ നൃപേണ ച ഹിതേന ച," എന്നിത്യാദിയായി മുമ്പ് 18-ാം സൎഗ്ഗത്തിൽ കൈകേയിയോടു പറഞ്ഞപ്രകാരം, ഗുരുവും, രാജാവും, പിതാവും, ഹിതകാരിയും ആയ പിതാവിനാൽ ആജ്ഞാപിക്കപ്പെട്ടതിനെ താൻ സൎവ്വപ്രകാരേണയും അനുഷ്ഠിപ്പാൻ ബാദ്ധ്യതപ്പെട്ടവനാണെന്നു താല്പൎയ്യം.]

സ വൈ ന ശക്നോമി പിതുഃ പ്രതിജ്ഞാ-
മിമാമകൎത്തും സകലാം യഥാവത്
സ ഹ്യാവയോസ്താത ഗുരുൎന്നിയോഗേ
ദേവ്യാശ്ച ഭൎത്താ സ ഗതിഃ സ ധൎമ്മഃ. 61

"സഃ	"അപ്രകാരമുള്ള ഞാൻ	ആവയോഃ വൈ	നമ്മൾ രണ്ടുപേൎക്കും
പിതുഃ	പിതാവിന്റെ	നിയോഗേ	ആജ്ഞ നൽകുന്ന വിഷയത്തിൽ
ഇമാം	ഈ	ഗുരുഃ;	പൂർണ്ണാധികാരിയാകുന്നു;
പ്രതിജ്ഞാം	പ്രതിജ്ഞയെ,	ദേവ്യാഃ ച	മാതാവിന്നും
യഥാവത്	ഒരു കുറവും വരുത്താതെ	സഃ	അദ്ദേഹം
സകലാം	പൂർത്തിയായി	ഭർത്താ	ആജ്ഞയരുളുവാൻതക്ക
അകർത്തും	ചെയ്യാതിരിക്കുവാൻ,	ഗതിഃ;	ഗതിയാകുന്നു;
ശക്നോമി ന;	സമ്മതിക്കയില്ല;	ധർമ്മഃ ഹി	ധർമ്മസ്വരൂപിതന്നേ
താത;	വത്സ!		
സഃ	അദ്ദേഹം	സഃ.	അദ്ദേഹം. [യാകുന്നു

തസ്മിൻ പുനർജ്ജീവതി ധർമ്മരാജേ വിശേഷതഃ സ്വേ പഥി വർത്തമാനേ
ദേവീ മയാ സാർദ്ധമിതോഽപഗച്ഛേത് കഥം സ്വിദന്യാ വിധവേവ നാരീ.

"സ്വേ	"തന്റെ കടമയായുള്ള	പുനഃ	മററുള്ളതെല്ലാം എപ്രകാരമിരുന്നാലും
പഥി	ധർമ്മമാർഗ്ഗത്തിൽ	ദേവീ	പട്ടമഹിഷിയായ ദേവി
വർത്തമാനേ	വ്യതിചലിക്കാതെ വർത്തിക്കുന്നവനും,	മയാ സാർദ്ധം	എന്നോടുകൂടി
വിശേഷതഃ	പ്രത്യേകിച്ചും	വിധവാ	പതിയില്ലാത്ത
ധർമ്മരാജേ	ധർമ്മമൊന്നിനെത്തന്നെ സർവ്വവുമായ്ക്കരുതിയ ചക്രവർത്തിയുമായ	അന്യാ	ഏതോ ഒരു
		നാരീ ഇവ	വെറും സ്ത്രീയെന്നപോലെ
		കഥംസ്വിത്	എങ്ങിനെയാണ് [ചെ
തസ്മിൻ	അദ്ദേഹം	ഇതഃ	ഇവിടംവിട്ട്
ജീവതി,	ജീവനോടിരിക്കുമ്പോൾ,	അപഗച്ഛേത്?	പോവുക?

സാ മാഽനുമന്യസ്വ വനം വ്രജന്തം കുരുഷ്വ നഃ സ്വസ്ത്യയനാനി ദേവി
യഥാ സമാപ്തേ പുനരാവ്രജേയം യഥാ ഹി സത്യേന പുനർയ്യയാതിഃ.

"ദേവി!	"മാതാവേ!	സമാപ്തേ,	കാര്യം പൂർത്തിയായ ശേഷം
സാ	അപ്രകാരമുള്ള നിന്തിരുവടി	യയാതിഃ യഥാ	യയാതിരാജർഷി എപ്രകാരമോ അപ്രകാരം
മാ	എനിക്ക്	പുനഃ ആവ്രജേയം	ഞാൻ തിരിച്ചുവരുന്നുണ്ട്;
വനം	വനത്തിലേക്ക്		
വ്രജന്തം	പോകുവാൻ	പുനഃ	ആകയാൽ
അനുമന്യസ്വ;	അനുമതിനൽകിയാലും;	നഃ ഹി	ഞങ്ങളെല്ലാവൎക്കും
സത്യേന യഥാ	പറഞ്ഞവാക്കിന്നിളക്കംവരാതെതന്നെ	സ്വസ്ത്യയനാനി	ആശീർവ്വാദങ്ങൾ
		കുരുഷ്വ.	അരുളിയാലും.

[“നഃ” ഏകവചനത്തിന്നുപകരം ബഹുവചനം ആർഷമാണെന്നു ചിലർ. ഞങ്ങൾ മൂന്നുപേൎക്കും (രാമൻ, ലക്ഷ്മണൻ, സീത) എന്നു സത്യ. ധ. തീ.;. “ദീപ്തമഗ്നിമരണ്യം വാ” എന്നിത്യാദി 18-ാം ശ്ലോകത്തിൽ ലക്ഷ്മണവാക്യംകൊണ്ട്, ലക്ഷ്മണനേയും ഉദ്ദേശിച്ചിരിക്കുന്നു എന്ന് ഗോ. രാ. അമ്മയുടെ വാക്യത്തെ അനുസരിക്കാത്ത എനിക്കും, കൈകേയി, ഭരതൻ മുതലായവൎക്കും അനുഗ്രഹം നൽകിയാലും എന്നും ചിലർ.]

യശോ ഹ്യഹം കേവലരാജ്യകാരണാ-
ന്ന പൃഷ്ഠതഃ കര്ത്തുമലം മഹോദയം
അദീര്ഘകാലേ ന തു ദേവി ജീവിതേ
വൃണേऽവരാമദ്യ മഹീമധര്മ്മതഃ. 64

"ദേവി!	"മാതാവേ!
അഹം	ഞാൻ
മഹോദയം	ധര്മ്മം, മോക്ഷം എന്നവ രണ്ടിനേയും നല്കുന്നതായ
യശഃ	ശ്രേയസ്സിനെ
പൃഷ്ഠതഃ കര്ത്തും	അവഗണിപ്പാൻ
അലം ന;	സമ്മതിക്കുകയില്ല;
ഹി	ആകയാൽ
അദ്യ	ഇപ്പോൾ
അദീര്ഘകാലേ	അല്പകാലംമാത്രം നിലനില്ക്കുന്നതായ
ജീവിതേ	ഈ ജീവിതത്തിൽ
അവരാം	തുച്ഛമായ പ്രയോജനത്തോടുകൂടിയ
മഹീം,	ഭൂമിയെ
കേവലരാജ്യ-കാരണാത് തു	ധര്മ്മയുക്തമല്ലാതെയുള്ള കേവലം രാജ്യത്തിനുവേണ്ടിമാത്രം
അധര്മ്മതഃ	അനീതിയായി
ന വൃണേ."	ഞാൻ കയ്യേല്ക്കയില്ല."

പ്രസാദയന്നരവൃഷഭഃ സ്വമാതരം
പരാക്രമാജ്ജിഗമിഷുരേവ ദണ്ഡകാൻ
അഥാനുജം ഭൃശമനുശാസ്യ ദര്ശനം
ചകാര താം ഹൃദി ജനനീം പ്രദക്ഷിണം. 65

പരാക്രമാത്	പരാക്രമത്താൽ
ദണ്ഡകാൻ	ദണ്ഡകാവനപ്രദേശങ്ങളിലേക്ക്
ജിഗമിഷുഃ	പോകുവാൻ തീര്ച്ചയാക്കിയവനായ
നരവൃഷഭഃ,	ആ പുരുഷശ്രേഷ്ഠൻ,
ഏവ,	ഇപ്രകാരം
സ്വമാതരം	തന്റെ മാതാവിനെ
പ്രസാദയൻ,	സമാധാനിപ്പിക്കുന്നവനായി,
താം	ആ മാതാവിനും
അനുജം	അനുജനും
ഭൃശം	സര്വ്വോത്കൃഷ്ടമായ
ദര്ശനം	ധര്മ്മാനുഷ്ഠാനമിന്നതെന്ന്
അനുശാസ്യ,	അരുളിച്ചെയ്തു
അഥ	ഇപ്പോൾ
ജനനീം	മാതാവിനെ
ഹൃദി	തിരുവുള്ളത്തിൽ
പ്രദക്ഷിണം ചകാര.	പ്രദക്ഷിണംചെയ്തു.

ഇത്യാര്ഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഏകവിംശഃ സര്ഗ്ഗഃ = ഇരുപത്തൊന്നാംസര്ഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3352; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 997.

ദ്വാവിംശഃ സൎഗ്ഗഃ = ഇരുപത്തിരണ്ടാംസൎഗ്ഗം.

[ദൈവപ്രാബല്യകഥനം = വിധിയുടെ പ്രാബല്യത്തെപ്പററി ശ്രീരാമൻ പറയുന്നത്.]

അഥ തം വ്യഥയാ ദീനം സവിശേഷമമൎഷിതം
ശ്വസന്തമിവ നാഗേന്ദ്രം ക്രോധവിസ്ഫാരിതേക്ഷണം 1
ആസാദ്യ രാമഃ സൌമിത്രിം സുഹൃദം ഭ്രാതരം പ്രിയം
ഉവാചേദം സ ധൈൎയ്യേണ ധാരയൻ സത്വമാത്മവാൻ. 2

അഥ	അതിൽപിന്നെ
സഃ ആത്മവാൻ	ആ വിവേകയുക്തനായ
രാമഃ	ശ്രീരാമൻ,
സത്വം	പ്രകൃതിസിദ്ധമായ ഗുണത്തെ
ധൈൎയ്യേണ ധാരയൻ,	മനസ്സുറപ്പുകൊണ്ട് പ്രകടിപ്പിക്കുന്നവനായി,
വ്യഥയാ	മനശ്ചാഞ്ചല്യം മൂലം
ദീനം	പരിതപിക്കുന്നവനും
അമൎഷിതം	കുററം ക്ഷമിപ്പാൻ മനസ്സുവരാത്തവനായി,
ക്രോധവിസ്ഫാരിതേക്ഷണം	കോപത്താൽ വിടൎന്ന നേത്രങ്ങളാൎന്നവനായി,
നാഗേന്ദ്രം ഇവ	സൎപ്പേന്ദ്രനെപ്പോലെ
ശ്വസന്തം,	നെടുവീൎപ്പിടുന്നവനും,
പ്രിയം	ഒരിക്കലും മനസ്സു മാറാതെ
സുഹൃദം,	ഹിതത്തെത്തന്നെ ചെയ്യുന്നവനും,
സവിശേഷം,	ഭ്രാതാവിന്ന് ശുശ്രൂഷ ചെയ്യുന്നതിന്നുമീതെയായി ഒന്നുമില്ലെന്നുള്ള സ്വഭാവവൈശിഷ്ട്യത്തോടുകൂടിയവനും
ഭ്രാതരം	അനുജനും ആയ
തം സൌമിത്രിം	ആ ലക്ഷ്മണനെ
ആസാദ്യ,	നോക്കി,
ഇദം ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.

നിഗൃഹ്യ രോഷം ശോകം ച ധൈൎയ്യമാശ്രിത്യ കേവലം
അവമാനം നിരസ്യേമം ഗൃഹീത്വാ ഹൎഷമുത്തമം 3
ഉപക്ലൃപ്തം ഹി യത് കിഞ്ചിദഭിഷേകാൎത്ഥമദ്യ മേ
സൎവ്വം വിസൃജ്യ ക്ഷിപ്രം കുരു കാൎയ്യം നിരത്യയം. 4

"ക്ഷിപ്രം	"ഇക്ഷണംതന്നെ
രോഷം	കോപത്തെയും
ശോകം ച	ദുഃഖത്തെയും
നിഗൃഹ്യ,	തീരെ ജയിച്ച്,
കേവലം	സാധാരണജനങ്ങളിൽ കാണാത്തതായ
ധൈൎയ്യം	മനോദാർഢ്യത്തെ
ആശ്രിത്യ,	അവലംബിച്ച്,
ഇമം അവമാനം	ഈ അനാദരവിനെ
നിരസ്യ,	വകവെക്കാതെ
ഉത്തമം	സൎവ്വോത്കൃഷ്ടമായ
ഹൎഷം	മനസ്സന്തുഷ്ടിയെ
ഗൃഹീത്വാ,	പ്രാപിച്ച്
മേ	എന്റെ
അഭിഷേകാൎത്ഥം	പട്ടാഭിഷേകത്തിന്നായി
ഉപക്ലൃപ്തം	ഏൎപ്പെടുത്തിയതായ
യത് കിഞ്ചിത് ഹി	യാതൊന്നോ അതിനെ
സൎവ്വം	എല്ലാം
വിസൃജ്യ ;	തൃണീകരിച്ചാലും ;
അദ്യ	ഇപ്പോൾ
നിരത്യയം	സ്വാൎത്ഥലേശമില്ലാത്ത
കാൎയ്യം	ധൎമ്മാനുഷ്ഠാനത്തെ
കുരു.	നീ സ്വീകരിച്ചാലും.

സൌമിത്രേ യോഽഭിഷേകാൎത്ഥേ മമ സംഭാരസംഭ്രമഃ
അഭിഷേകനിവൃത്ത്യൎത്ഥേ സോഽസ്തു സംഭാരസംഭ്രമഃ. 5

"സൌമിത്രേ!	"ലക്ഷ്മണ!
മമ	എന്റെ [ത്തിൽ
അഭിഷേകാൎത്ഥേ	പട്ടാഭിഷേക വിഷയ-
സംഭാരസംഭ്രമഃ	ഒരുക്കൂട്ടുവാനുള്ള ഉത്സാഹം
യഃ,	(നിനക്ക്) യാതൊന്നുണ്ടായിരുന്നുവോ,
സഃ സംഭാരസംഭ്രമഃ	അപ്രകാരമുള്ള ഉത്സാഹം
അഭിഷേകനിവൃത്ത്യൎത്ഥേ	അഭിഷേകത്തെ ഉപേക്ഷിച്ച് വനവാസത്തിനു പോകുന്ന സംഗതിയിലും
അസ്തു.	ഉണ്ടാവട്ടെ.

യസ്യാ മദഭിഷേകാൎത്ഥേ മാനസം പരിതപ്യതേ
മാതാ മേ സാ യഥാ ന സ്യാത് സവിശങ്കാ തഥാ കുരു. 6

"മദഭിഷേകാൎത്ഥേ	"എന്റെ പട്ടാഭിഷേകകാൎയ്യത്തിൽ
യസ്യാഃ	യാതൊരുവളുടെ
മാനസം	ചിത്തം
പരിതപ്യതേ	വെന്തുരുകുന്നുവോ, അ
മേ	എന്റെ [പ്രകാരമുള്ള
മാതാ	മാതാക്കന്മാരിലൊരു
സാ,	അവൾ, [ത്തിയായ
യഥാ	എപ്രകാരമായാൽ
സവിശങ്കാ ന	ചെറുതും ശങ്കയില്ലാത്ത
സ്യാത്	ഭവിക്കുമോ, [വളായി
തഥാ കുരു.	അപ്രകാരം നീ വൎത്തിക്കേണ്ടതാണ്.

തസ്യാഃ ശങ്കാമയം ദുഃഖം മുഹൂൎത്തമപി നോത്സഹേ
മനസി പ്രതിസംജാതം സൌമിത്രേഽഹമുപേക്ഷിതും. 7

"സൌമിത്രേ!	"ലക്ഷ്മണ!
തസ്യാഃ	അവളുടെ
മനസി	ചിത്തത്തിൽ
പ്രതിസംജാതം	ഈ സംഗതിയെക്കുറിച്ചുണ്ടായിരിക്കുന്നതായ
ശങ്കാമയം	സ്വാഭീഷ്ടസിദ്ധിയെക്കുറിച്ചുള്ള സംശയത്താ
ദുഃഖം	ദുഃഖത്തെ [ലുളവായ
മുഹൂൎത്തം അപി,	ഒരു നിമിഷമെങ്കിലും
ഉപേക്ഷിതും	നോക്കിക്കൊണ്ടിരി
അഹം	ഞാൻ [പ്പാൻ
ഉത്സഹേ ന.	സഹിക്കുകയില്ല.

["തസ്യാഃ ശങ്കാമയം ദുഃഖം" (ഞാൻ ജീവനോടുകൂടി തിരിച്ചെത്തുമോ ഇല്ലയോ എന്നുള്ള ശങ്കയെ) എന്ന് സ.]

ന ബുദ്ധിപൂൎവ്വം നാബുദ്ധം സ്മരാമീഹ കദാചന
മാതൄണാം വാ പിതുൎവ്വാഽഹം കൃതമല്പം ച വിപ്രിയം. 8

"മാതൄണാം	"മാതാക്കൾക്കാകട്ടെ
പിതുഃ വാ	പിതാവിന്നാകട്ടെ
ഇഹ	ഈ ലോകത്തിൽ
കദാചന	ഒരിക്കലും
വിപ്രിയം	ഇഷ്ടമില്ലാത്തകൃത്യം
അബുദ്ധം ച	ബുദ്ധിപൂൎവ്വകമല്ലാതേയും കൂടി
കൃതം	ചെയ്യപ്പെട്ടു എന്നുള്ളത്
ന;	ഉണ്ടായിട്ടില്ല;
ബുദ്ധിപൂൎവ്വം വാ	ബുദ്ധിപൂൎവ്വകമെന്നു
അഹം	ഞാൻ [വെച്ചാലോ
അല്പം	എള്ളോളം കൂടി
സ്മരാമി ന.	മനസ്സിൽ ചിന്തിക്കയില്ല

സത്യഃ സത്യാഭിസന്ധശ്ച നിത്യം സത്യപരാക്രമഃ
പരലോകഭയാദ്ഭീതോ നിൎഭയോഽസ്തു പിതാ മമ 9

"നിത്യം	"എല്ലായ്പോഴും	പരലോക-ഭയാത്	സ്വൎഗ്ഗപ്രാപ്തിക്ക് ഹാനി നേരിട്ടേക്കുമെന്നുള്ള ഭീതി മൂലം
സത്യഃ	സത്യം മാത്രം പറയുന്നവനും,	ഭീതഃ ച	ചിത്തം തപിക്കുന്ന
സത്യാഭിസന്ധഃ	പറഞ്ഞവാക്കിനെ ഇളക്കാത്തവനും,	മമ	എന്റെ [വനും ആയ
സത്യപരാക്രമഃ	സത്യമായ പരാക്രമത്തോടു കൂടിയവനും	പിതാ,	പിതാവ്,
		നിൎഭയഃ	സന്താപരഹിതനായി
		അസ്തു.	ഭവിക്കേണം.

തസ്യാപി ഹി ഭവേദസ്മിൻ കൎമ്മണ്യപ്രതിസംഹൃതേ
സത്യം നേതി മനസ്താപസ്തസ്യ താപസ്തപേച്ച മാം. 10

"അസ്മിൻ	"ഈ	മനസ്താപഃ ഭവേത്;	മനസ്താപത്തിന്നിട വരും;
കൎമ്മണി	കൃത്യം	തസ്യ	അദ്ദേഹത്തിന്റെ
അപ്രതി-സംഹൃതേ,	ചെയ്യാതെ നിൎത്തപ്പെട്ടാൽ,	താപഃ ഹി	ദുഃഖം തന്നെ
സത്യം ന ഇതി	പറഞ്ഞവാക്കു തെററിപ്പോയെന്നു വെച്ച്,	മാം ച	എന്നേയും
തസ്യ അപി	അദ്ദേഹത്തിനും	തപേത്.	തപിപ്പിക്കും.

അഭിഷേകവിധാനം തു തസ്മാത് സംഹൃത്യ ലക്ഷ്മണ
അന്വഗേവാഹമിച്ഛാമി വനം ഗന്തുമിതഃ പുനഃ. 11

"ലക്ഷ്മണ!	"ലക്ഷ്മണ!	അന്വക് ഏവ	സൎവ്വാഭീഷ്ടസിദ്ധിയുണ്ടായ സന്തുഷ്ടിയോടെ,
തസ്മാത്	ആകയാൽ	ഇതഃ	ഇവിടെനിന്ന്
തു	ഇപ്പോൾ	വനം	വനത്തിലേക്ക്
അഭിഷേക-വിധാനം	അഭിഷേകകൃത്യത്തെ	ഗന്തും	പോകുവാൻ
സംഹൃത്യ,	തീരെ ഉപേക്ഷിച്ച്,	അഹം	ഞാൻ
പുനഃ	അതിന്നു പകരം	ഇച്ഛാമി.	നിശ്ചയിച്ചിരിക്കുന്നു.

മമ പ്രവ്രാജനാദദ്യ കൃതകൃത്യാ നൃപാത്മജ
സുതം ഭരതമവ്യഗ്രമഭിഷേചയിതാ തതഃ. 12

"നൃപാത്മജ	"രാജപുത്രിയായ കൈകേയീമാതാവ്	കൃതകൃത്യാ,	ആഗ്രഹപൂൎത്തിയുണ്ടായ [വളായി,
അദ്യ	ഇപ്പോൾ	സുതം	പുത്രനായ
മമ	എന്റെ	ഭരതം,	ഭരതന്ന്,
പ്രവ്രാജനാത് തതഃ	വനത്തിലേക്കുള്ള യാത്ര കൊണ്ട്,	അവ്യഗ്രം	യാതൊരായാസവും കൂടാതെ
		അഭിഷേചയിതാ.	പട്ടാഭിഷേകം ചെയ്യിക്കും.

മയി ചീരാജിനധരേ ജടാമണ്ഡലധാരിണി
ഗതേഽരണ്യം ച കൈകേയ്യാ ഭവിഷ്യതി മനഃസുഖം. 13

“മയി	“ഞാൻ	അരണ്യം	വനത്തിലേക്ക്
ചീരാജിനധരേ	മരവുരിയും മാൻതോലും ഉടുത്ത്	ഗതേ ച,	പോയാൽമാത്രമെ
ജടാമണ്ഡലധാരിണി	ജടമുടിധരിച്ചവനായി	കൈകേയ്യാഃ	കൈകേയിമാതാവിന്ന്
		മനഃസുഖം	മനസ്സമാധാനം
		ഭവിഷ്യതി.	ഉണ്ടാകയുള്ളു.

ബുദ്ധിഃ പ്രണീതാ യേനേയം മനശ്ച സുസമാഹിതം
തം തു നാർഹാമി സംക്ലേഷ്ടും പ്രവ്രജിഷ്യാമി മാ ചിരം. 14

“തു	“ഇക്കാര്യത്തിൽ	സുസമാഹിതം	അത്യന്തസമാധാനപൂർണ്ണതയായി സ്ഥിതിചെയ്യുന്നു
യേന	യാതൊരു (പിതൃവാക്യപരിപാലനമെന്ന) കാരണത്താൽ	തം	അതിനെ [വൊ
		സംക്ലേഷ്ടും	നിഷ്പ്രയോജനമാക്കുവാൻ
ഇയം	ഈ	അർഹാമി ന ;	ഞാൻസമ്മതിക്കയില്ല;
ബുദ്ധിഃ	നിശ്ചയം	ചിരം	കാലതാമസം
പ്രണീതാ,	(എന്നാൽ) ചെയ്യപ്പെട്ടുവൊ,	മാ ;	അരുത് ;
മനഃ ച	മനസ്സും	പ്രവ്രജിഷ്യാമി.	ഞാനിതാ കാട്ടിലേക്ക് പുറപ്പെടുകയാണ്.

[“യാതൊരു മന്ഥരയുടെ കാരണത്താൽ ഈ നിശ്ചയം ചെയ്യപ്പെട്ടുവോ അവളുടെ സംഗതിയിൽ എൻെറ മനസ്സ് ചലിക്കാതെ സ്ഥിരമായ്ത്തന്നെ വർത്തിക്കുന്നു. അഥവാ, യാതൊരു പിതാവിൻെറ സംഗതിയിൽ എന്നും” (മാഹേശ്വരതീർത്ഥിയം.) “കൈകേയിക്ക് ഈ കാര്യത്തിൽ അപരാധമില്ല. ഇത് അന്യപ്രേരിതമാണ് ‘യേന ഈശ്വരേണ,’ യാതൊരു ഈശ്വരനാൽ ഈ ബുദ്ധി പ്രേരിതമായോ, ആ സംഗതിയിൽ എൻെറ ബുദ്ധി സ്ഥിരമായിരിക്കുന്നു. എൻെറ സങ്കല്പംതന്നെയാകുന്നു ഈ പ്രവൃത്തി, എന്ന, ഗൂഢാർത്ഥം” (തിലകം.) “യേന (എൻെറ വിജയകാലത്തെ ഉദ്ദേശിച്ച്) ബുദ്ധിഃ (ആ വിജയനിമിത്തകമായ ബുദ്ധി) പ്രണിഹിതാ (സമ്പാദിതമായ്) അനു (അതിൽ പിന്നെ) മനഃ (ആ കൈകേയിയുടെ സങ്കല്പം) സമാഹിതം (ചെയ്യപ്പെട്ടുവോ), തം (ആ കാലത്തെ) സംക്ലേഷ്ടും (അതിവർത്തിപ്പാൻ) ന അർഹാമി (ഞാൻ ഇഷ്ടപ്പെടുന്നില്ല.) എന്നു ഗൂഢാർത്ഥം (ശിരോമണി).]

കൃതാന്തസ്ത്വേവ സൌമിത്രേ ദ്രഷ്ടവ്യോ മത്പ്രവാസനേ
രാജ്യസ്യ ച വിതീർണ്ണസ്യ പുനരേവ നിവർത്തനേ. 15

“സൌമിത്രേ!	“ലക്ഷ്മണ!	മത്പ്രവാസനേ ഏവ,	എൻെറ വനവാസസംഗതിയിലും,
വിതീർണ്ണസ്യ	കയ്യിൽ കിട്ടിയതായ	കൃതാന്തഃ ഏവ	പൂർവ്വജന്മാർജ്ജിതകർമ്മഫലമായ അദൃഷ്ടം തന്നെയാണ്
രാജ്യസ്യ നിവർത്തനേ ച	രാജ്യം പൊയ്പ്പോയെന്നുള്ള സംഗതിയിലും		
പുനഃ	അതോടുകൂടെ	ദ്രഷ്ടവ്യഃ.	കാരണമെന്ന് ധരിക്കേണ്ടതാണ്.
തു	ഇപ്പോൾ		

[“കൃതാന്തഃ” (ഇന്ദ്രാദിദേവന്മാരുടെ ദുഃഖനിവർത്തകനായ അദൃഷ്ടമായ ദൈവം) എന്നു ഗൂഢാർത്ഥം (തിലകം.) ഈശ്വരൻ, എന്നു (ഗൊ. രാ).]

കൈകേയ്യ്യാഃ പ്രതിപത്തിൎഹി കഥം സ്യാന്മമ പീഡനേ
യദി ഭാവോ ന ദൈവോऽയം കൃതാന്തവിഹിതോ ഭവേത്. 16

"അയം	"ഇതാ ഇപ്പോൾ	കൈകേയ്യ്യാഃ ഹി	കൈകേയിമാതാവി ന്നുതന്നെ
ഭാവഃ	സംഭവിച്ചിരിക്കുന്നത്	മമ	എനിക്ക്
ദൈവഃ	ദൈവായത്തമായി	പീഡനേ	ദുഃഖം വിളയിക്കു
കൃതാന്ത-വിഹിതഃ	അലംഘ്യമായ പൂൎവ്വക ൎമ്മാൎജ്ജിതഫലമായുള്ള	പ്രതിപത്തിഃ	താല്പൎയ്യം [ന്നതിൽ
		കഥം	മറെറന്തു കാരണത്താ
ഭവേത് ന യദി	അല്ലെന്നിരിക്കിൽ, [ത്	സ്യാത്?	സംഭവിക്കുക ? [ലാണ്

["പീഡനേ" ലക്ഷ്മണൻെറ ദൃഷ്ടിക്ക് പീഡനമെന്നുതോന്നുന്നതായ ഈ കൃത്യത്തിൽ. എന്നു (ഗൊ. രാ.) "കൃതാന്തവിഹിതഃ," കൃതം അന്തോ യേന സഃ കൃതാന്തഃ കാലഃ, (കാലചോദിതമായി.) എന്നു (രാമാനുജീയം).]

ജാനാസി ഹി യഥാ സൌമ്യ ന മാതൃഷു മമാന്തരം
ഭൂതപൂൎവ്വം വിശേഷോ വാ തസ്യാ മയി സുതേऽപി വാ. 17

"സൌമ്യ!	"വത്സ!	മയി അപി	എൻെറ പേരിലും
ഭൂതപൂൎവ്വം	ഇതിന്നു മുമ്പ് ഒരു കാ ലത്തിലെങ്കിലും,	വിശേഷഃ	സ്നേഹവിഷയത്തിൽ ഒരുവനെക്കാൾ മറെറാരുവൻെറ പേരിൽ വ്യത്യാസം എന്നുള്ളത്
മാതൃഷു	അമ്മമാരുടെ സംഗതി യിൽ		
അന്തരം യഥാ	ഒരുത്തിയെക്കാൾ മറെറാരുവളിൽ ഭേദ മെന്നുള്ളത്	തസ്യാഃ വാ	അവൾക്കുതന്നെയാ കട്ടെ,
		ന ഹി	ഉണ്ടായിട്ടുതന്നേയില്ലെ ന്നുള്ളത്
മമ വാ	എനിക്കു തന്നേയാകട്ടേ,		
സുതേ	സ്വന്തം പുത്രൻെറ പേരിലും	ജാനാസി.	നീ അറിയുന്ന സംഗതി യാണല്ലൊ.

സോऽഭിഷേകനിവൃത്ത്യൎത്ഥൈഃ പ്രവാസാൎത്ഥൈശ്ച ദുൎവ്വചൈഃ
ഉഗ്രൈൎവ്വാക്യൈരഹം തസ്യാ നാന്യദ്ദൈവാത്സമൎത്ഥയേ. 18

"ദുൎവ്വചൈഃ	"പറയാൻ കൂടി കൊ ള്ളാത്തതും	പ്രവാ-സാൎത്ഥൈഃ ച	കാലാവധിയോടുകൂടിയ വനവാസം ഏല്പെട്ടതു കൊണ്ടും
ഉഗ്രൈഃ	മനസ്സിനെ പുണ്ണാക്കു		
തസ്യാഃ	അവളുടെ [ന്നതും ആയ	ദൈവാത്	ദൈവവിധിയല്ലാതെ
വാക്യൈഃ	വാക്കുകളെക്കൊണ്ടും,	അന്യത് ന	മറെറാന്നും കാരണമ ല്ലെന്ന്
അഭിഷേക-നിവൃത്ത്യൎത്ഥൈഃ	പട്ടാഭിഷേകം മുടങ്ങി യ കാരണങ്ങൾ കൊണ്ടും,	സഃ അഹം	ആ ഞാൻ
		സമൎത്ഥയേ.	ദൃഢമായും പറയുന്നു.

കഥം പ്രകൃതിസമ്പന്നാ രാജപുത്രീ തഥാഗുണാ
ബ്രൂയാത് സുപ്രാകൃതേവ സ്ത്രീ മത്പീഡാം ഭർത്തൃസന്നിധൌ. 19

"പ്രകൃതി-സമ്പന്നാ	"പ്രകൃതി സദ്ഗുണങ്ങളോടും സത്പ്രവൃത്തികളോടും കൂടിയവളായി	സുപ്രാകൃതാ സ്ത്രീ ഇവ	മാനംമര്യാദയെന്നതറിയാത്ത മൂഢസ്ത്രീയെന്നപോലെ
രാജപുത്രീ	രാജകുലത്തിൽ ജനിച്ചവളായി	ഭർത്തൃസന്നിധൌ	ഭർത്താവിന്റെ മുമ്പിൽ വെച്ച്
തഥാഗുണാ	സർവ്വരാലും പ്രശംസിക്കപ്പെട്ട ഉത്തമഗുണങ്ങളാർന്ന അവൾ,	മത്പീഡാം	എന്നെ പീഡിപ്പിക്കുന്നതിനെപ്പററി
		കഥം	മറെറന്തുകാരണത്താലാണ്
		ബ്രൂയാത് ?	പറയുക ?

യദചിന്ത്യം തു തദ്ദൈവം ഭൂതേഷ്വപി ന ഹന്യതേ
വ്യക്തം മയി ച തസ്യാം ച പതിതോ ഹി വിപര്യയഃ. 20

"യത്	"യാതൊന്ന്	ദൈവം;	വിധിയെന്ന് പറയപ്പെടുന്നതു് ;
അചിന്ത്യം	ആരാലും കാര്യകാരണങ്ങൾ അറിയപ്പെടാത്തതായി	ഹി	ഇതിന്നു ദൃഷ്ടാന്തം
		വ്യക്തം	പ്രത്യക്ഷത്തിൽ
ഭൂതേഷു അപി	സർവ്വ ചരാചരങ്ങളിലും	മയി ച	എന്റെ സംഗതിയിലും
ഹന്യതേ ന,	തടുക്കപ്പെടാത്തതായി വർത്തിക്കുന്നുവൊ,	തസ്യാം ച	അവളുടെ സംഗതിയിലും
		വിപര്യയഃ	വൈപരീത്യം
തത് തു	അതുതന്നെയാണ്	പതിതഃ.	സംഭവിച്ചുതന്നെ.

[വൈപരീത്യം, എന്റെ സംഗതിയിൽ ഹസ്തപ്രാപ്തമായ രാജ്യാധികാരത്തിന്റെ ഭ്രംശവും, അവളുടെ സംഗതിയിൽ പൂർവ്വസ്ഥിതമായ വാത്സല്യത്തിന്റെ അഭാവവും. ഗൊ. രാ.]

കശ്ച ദൈവേന സൌമിത്രേ യോദ്ധുമുത്സഹതേ പുമാൻ
യസ്യ ന ഗ്രഹണം കിഞ്ചിത് കർമ്മണോഽന്യത്ര ദൃശ്യതേ. 21

"സൌമിത്രേ!	"ലക്ഷ്മണ!	ദൃശ്യതേ ന,	കാണപ്പെടുന്നില്ലയോ, അപ്രകാരമുള്ള
യസ്യ	യാതൊരു		
കർമ്മണഃ	കാര്യത്തിന്ന്	ദൈവേന	വിധിയോടുകൂടി
അന്യത്ര	മററു യാതൊന്നും കാരണമാണെന്ന്	കഃ പുമാൻ ച	ഏതൊരുവൻ തന്നെയാണ്
ഗ്രഹണം	മനസ്സിൽ സമാധാനം	യോദ്ധും	മല്ലിടുവാൻ
കിഞ്ചിത്	ഒട്ടും	ഉത്സഹതേ ?	യത്നിക്കുക ?

സുഖദുഃഖേ ഭയക്രോധൌ ലാഭാലാഭൌ ഭവാഭവൌ
യച്ച കിഞ്ചിത്തഥാഭൂതം നനു ദൈവസ്യ കർമ്മ തത്. 22

യത്,	യാതൊന്ന്,	കിഞ്ചിത്	ഒട്ടും
സുഖദുഃഖേ	സുഖത്തിന്നാകട്ടെ ദുഃഖത്തിന്നാകട്ടെ,	തഥാഭൂതം	കാരണമിന്നതെന്ന് അറിയപ്പെടുവാൻ കഴിയാതിരിക്കുന്നുവോ
ഭയക്രോധൌ	വ്യാധിക്കാകട്ടെ കോപത്തിന്നാകട്ടെ,	തത് ച	അതുതന്നെയാകുന്നു
ലാഭാലാഭൌ	ലാഭത്തിന്നാകട്ടെ, നഷ്ടത്തിന്നാകട്ടെ,	ദൈവസ്യ	വിധിയുടെ
ഭവാഭവൌ	ജനനത്തിന്നാകട്ടെ മരണത്തിന്നാകട്ടെ	കൎമ്മ ;	അനുഭവം ;
		നനു.	നിശ്ചയംതന്നെ

[“ഭവാഭവൌ”, ബന്ധമോക്ഷങ്ങൾ (തിലകം); മംഗളവും അമംഗളവും (സത്യ. തി.)]

ഋഷയോഽപ്യുഗ്രതപസോ ദൈവേനാഭിപ്രചോദിതാഃ
ഉത്സൃജ്യ നിയമാംസ്തീവ്രാൻ ഭ്രശ്യന്തേ കാമമന്യുഭിഃ. 23

“ഉഗ്രതപസഃ	“പഞ്ചേന്ദ്രിയങ്ങളേയും നിരോധിച്ച് ഘോരതപസ്സ ചെയ്യുന്നവരായ	തീവ്രാൻ	തീവ്രങ്ങളായ
ഋഷയഃ അപി,	ഋഷിമാരുംകൂടി,	നിയമാൻ	നിഷ്ഠകളെ
ദൈവേന	വിധിയാൽ	ഉത്സൃജ്യ,	കൈവെടിഞ്ഞ്,
അഭിപ്രചോദിതാഃ	അവശരാക്കപ്പെട്ടവരായി	കാമമന്യുഭിഃ	കാമക്രോധങ്ങളാൽ
		ഭ്രശ്യന്തേ.	ഭ്രഷ്ടന്മാരാക്കപ്പെടുന്നു.

അസംകല്പിതമേവേഹ യദകസ്മാത് പ്രവൎത്തതേ
നിവൎത്ത്യാരംഭമാരബ്ധം നനു ദൈവസ്യ കൎമ്മ തത്. 24

“ഇഹ	“ഈ ലോകത്തിൽ,	അകസ്മാത് ഏവ	അകസ്മാത്തായ്ത്തന്നെ
അസംകല്പിതം	അവിചാരിതമായ	പ്രവൎത്തതേ,	നേരിടുന്നുവൊ,
യത്	യാതൊന്ന്	തത്	അത്
ആരബ്ധം	ആരംഭിക്കപ്പെട്ടതായ	ദൈവസ്യ	ദൈവത്തിന്റെ
ആരംഭം	കൃത്യത്തെ	കൎമ്മ നനു.	പ്രവൃത്തിയല്ലാതെ മറ്റൊന്നല്ല.
നിവൎത്ത്യ,	തടഞ്ഞ്,		

ഏതയാ തത്ത്വയാ ബുദ്ധ്യാ സംസ്തഭ്യാത്മാനമാത്മനാ
വ്യാഹതേഽപ്യഭിഷേകേ മേ പരിതാപോ ന വിദ്യതേ. 25

“മേ,	“എനിക്ക്,	ആത്മനാ,	സ്വഭാവത്താലും,
വ്യാഹതേ	നിരസിക്കപ്പെട്ടതായ	ആത്മാനം സംസ്തഭ്യ,	മനസ്സിൽ ഉന്മേഷമുണ്ടായി,
അഭിഷേകേ,	അഭിഷേകകാൎയ്യത്തിൽ,		
ഏതയാ	ഈ മേൽപറഞ്ഞതായ	പരിതാപഃ അപി	ചാഞ്ചല്യമെന്നുള്ളത് ഒട്ടുംതന്നെ
തത്ത്വയാ	സൎവ്വശാസ്ത്രാൎത്ഥസാരമായ		
ബുദ്ധ്യാ,	അറിവിനാലും,	വിദ്യതേ ന.	ഉണ്ടാകുന്നില്ല.

[“അഭിഷേകേ വ്യാഹൃതേ,” (പട്ടാഭിഷേകം മുടക്കപ്പെട്ടിരിക്കെ), എന്നു ഗോ. രാ.]

തസ്മാദപരിതാപഃ സംസ്ത്വമപ്യനുവിധായ മാം
പ്രതിസംഹാരയ ക്ഷിപ്രമാഭിഷേചനകീം ക്രിയാം. 26

"തസ്മാത്	"അതിനാൽ,	ക്ഷിപ്രം	ഉടനെതന്നെ
ത്വം അപി	നീയും	ആഭിഷേചനകീം	പട്ടാഭിഷേകസംബന്ധമായ
മാം	എന്നെ	ക്രിയാം	ഉദ്യമത്തെ
അനുവിധായ	അനുസരിച്ച്	പ്രതിസംഹാരയ.	തീരെ വേണ്ടെന്നുവെച്ചാലും.
അപരിതാപഃ സൻ	മനശ്ചാഞ്ചല്യത്തിന്ന് അവകാശംനല്കാതെ		

ഏഭിരേവ ഘടൈഃ സർവ്വൈരഭിഷേചനസംഭൃതൈഃ
മമ ലക്ഷ്മണ താപസ്യേ വ്രതസ്നാനം ഭവിഷ്യതി. 27

"ലക്ഷ്മണ !	"ലക്ഷ്മണ !	ഏഭിഃ	ഈ
മമ	എനിക്ക്	സർവ്വൈഃ	എല്ലാ
താപസ്യേ	തപോവൃത്തിക്കുവേണ്ടതായ കൃത്യത്തിൽ	ഘടൈഃ ഏവ	ഘടങ്ങളെക്കൊണ്ടുതന്നെ
അഭിഷേചനസംഭൃതൈഃ	പട്ടാഭിഷേകത്തിന്നായി തയ്യാറാക്കപ്പെട്ട	വ്രതസ്നാനം	പൂർവ്വസങ്കല്പസ്നാനം
		ഭവിഷ്യതി.	ഇപ്പോൾതന്നെ നടക്കേണ്ടതാണ്.

അഥവാ കിം മമൈതേന രാജദ്രവ്യമയേന തു
ഉദ്ധൃതം മേ സ്വയം തോയം വ്രതാദേശം കരിഷ്യതി. 28

"രാജദ്രവ്യമയേന	"യുവരാജാവിന്ന് ഉപയുക്തങ്ങളായ മംഗളദ്രവ്യങ്ങൾ ചേർന്നതായ	അഥവാ	അയതു് ഉചിതമല്ലെന്ന കാരണത്താൽ
ഏതേന	ഇതിനെക്കൊണ്ട്	മേ	എന്റെ
മമ	എനിക്ക്	വ്രതാദേശം	വനവാസസങ്കല്പവൈദികകൃത്യത്തിന്ന്,
തു	ഇപ്പോൾ വേണ്ടതായ തപോവൃത്തിസ്വീകാരകാർയ്യത്തിന്ന്	സ്വയം	അതിനെത്തന്നെ
കിം ?	എന്തുപ്രയോജനം ?	ഉദ്ധൃതം	പ്രത്യേകം ഉദ്ദേശിച്ചു കൊണ്ടുവരപ്പെട്ട
		തോയം	തീർത്ഥം
		കരിഷ്യതി.	ഉപയോഗിക്കപ്പെടട്ടെ.

മാ ച ലക്ഷ്മണ സന്താപം കാർഷീർല്ലക്ഷ്മ്യാ വിപർയ്യയേ
രാജ്യം വാ വനവാസോ വാ വനവാസോ മഹോദയഃ. 29

"ലക്ഷ്മണ!	"ലക്ഷ്മണ!	രാജ്യം വാ	ചക്രവർത്തിയായി രാജ്യം ഭരിക്കുക,
ലക്ഷ്മ്യാ	രാജ്യലക്ഷ്മിയോടുകൂടി	വനവാസഃ വാ	ചിന്തയററ്, യാതൊരു ഭാരവുമില്ലാതെ ദേശാന്തരങ്ങളിൽ സഞ്ചരിക്കുക, എന്നു രണ്ടിൽ,
വിപർയ്യയേ	ബന്ധമില്ലാതിരിക്കുന്ന കാർയ്യത്തിൽ,	വനവാസഃ ച	വനവാസം തന്നെയാ[ണ്
സന്താപം	യാതൊരു മനഃക്ലേശത്തേയും	മഹോദയഃ.	എത്രയോ നല്ലത്.
മാ കാർഷീഃ;	നീ പ്രാപിക്കാതിരുന്നാലും;		

ന ലക്ഷ്മണാസ്മിൻ ഖലു കൎമ്മവിഘ്നേ മാതാ യവീയസ്യതിശങ്കിതവ്യാ
ദൈവാഭിപന്നാ ഹി വദത്യനിഷ്ടം ജാനാസി ദൈവം ച തഥാപ്രഭാവം.

"ലക്ഷ്മണ!	"ലക്ഷ്മണ!	ഹി,	ആയതുകൊണ്ട്,
അസ്മിൻ	ഈ	ദൈവാഭിപന്നാ	ദൈവപ്രേരിതയായ
കൎമ്മവിഘ്നേ	കാൎയ്യം മുടക്കപ്പെട്ട സംഗതിയിൽ	അനിഷ്ടം	അനിഷ്ടത്തെ [അവൾ
യവീയസീ മാതാ	എളയമ്മ	വദതി;	ഇപ്പോൾ വിധിക്കുന്നു;
അതിശങ്കിതവ്യാ	കാരണഭൂതയെന്ന് ഒട്ടും ശങ്കിക്കപ്പെടേണ്ടവൾ	ദൈവം	വിധി
ന;	ആകയില്ല;	തഥാപ്രഭാവം ച	അത്ര ബലമുള്ളതാണെന്ന്
		ജാനാസി ഖലു?"	നീ അറികയില്ലയോ?"

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ദ്വാവിംശഃ സൎഗ്ഗഃ = ഇരുപത്തിരണ്ടാംസൎഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 3382; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1027.

ത്രയോവിംശഃ സൎഗ്ഗഃ = ഇരുപത്തിമൂന്നാംസൎഗ്ഗം.

[ലക്ഷ്മണക്രോധഃ = ലക്ഷ്മണന്റെ കോപം.]

ഇതി ബ്രുവതി രാമേ തു ലക്ഷ്മണോഽധഃശിരാ മുഹുഃ
ശ്രുത്വാ മദ്ധ്യം ജഗാമേവ മനസാ ദുഃഖഹൎഷയോഃ 1

രാമേ	ശ്രീരാമൻ	ദുഃഖഹൎഷയോഃ	ദുഃഖം ഹൎഷം എന്ന രണ്ടിന്റെയും
തു	ഇക്കാൎയ്യത്തെക്കുറിച്ച്	മദ്ധ്യം	നടുവിൽ
ഇതി	ഇപ്രകാരം	ഇവ	ഉറയ്ക്കാത്തവനായി
ബ്രുവതി,	അരുളിച്ചെയ്യുമ്പോൾ,	മുഹുഃ	അല്പനേരം
ലക്ഷ്മണഃ	ലക്ഷ്മണൻ	മനസാ ജഗാമ.	മനസ്സുകൊണ്ട് ആലോചനചെയ്തു.
അധഃശിരാഃ	തലതാഴ്ത്തിക്കൊണ്ട്		
ശ്രുത്വാ,	കേട്ട്,		

[" ധൎമ്മത്തിൽ സ്ഥിതിചെയ്കതിനാൽ ഹൎഷം, രാജ്യത്യാഗത്താൽ ദുഃഖം". (ഗോ. രാ.) "അഭിഷേകപ്രതിജ്ഞാഭംഗമൂലം ദൈന്യവും, രാക്ഷസവധാദിസാന്നിധ്യം മൂലം ഹൎഷം." (ശിരോമണി.)]

തദാ തു ബദ്ധ്വാ ഭ്രുകുടീം ഭ്രുവോൎമ്മദ്ധ്യേ നരൎഷഭഃ
നിശശ്വാസ മഹാ സൎപ്പോ ബിലസ്ഥ ഇവ രോഷിതഃ. 2

നരൎഷഭഃ	പുരുഷോത്തമനായ ലക്ഷ്മണൻ	ബിലസ്ഥഃ	പോട്ടിലുള്ള
തദാ തു,	ആ സമയത്തിലാകട്ടെ,	രോഷിതഃ	ക്രുദ്ധിച്ച
ഭ്രുവോഃ മദ്ധ്യേ	നടുനെററിയിൽ	മഹാസൎപ്പഃ	മഹാസൎപ്പം
ഭ്രുകുടീം ബദ്ധ്വാ	പുരികക്കൊടി ചുളിച്ച്	ഇവ	എന്നപോലെ
		നിശശ്വാസ.	നിശ്വസിച്ചു.

[സൎപ്പനിദൎശനംകൊണ്ട് ശേഷാവതാരസ്വരൂപത്തെ ഗൂഢമായി കവി വ്യഞ്ജിപ്പിക്കുന്നു. (സത്യ.)]

തസ്യ ദുഷ്പ്രതിവീക്ഷം തദ് ഭ്രുകുടീസഹിതം തദാ
ബഭൌ ക്രുദ്ധസ്യ സിംഹസ്യ മുഖസ്യ സദൃശം മുഖം. 3

തദാ	അപ്പോൾ	ദുഷ്പ്രതിവീക്ഷം	കാണ്മാൻ ഭയങ്കരമായി
തസ്യ	ആ ലക്ഷ്മണന്റെ	ക്രുദ്ധസ്യ	ക്രുദ്ധിച്ച
മുഖം	മുഖം	സിംഹസ്യ	സിംഹത്തിന്റെ
തദ് ഭ്രുകുടീസഹിതം	അപ്രകാരമുള്ള പുരികത്തോട്ടുകൂടിയതായി	മുഖസ്യ സദൃശം	മുഖത്തിന്ന് തുല്യമായി
		ബഭൌ.	വിളങ്ങി.

അഗ്രഹസ്തം വിധുന്വംസ്തു ഹസ്തിഹസ്തമിവാത്മനഃ
തിര്യ്യഗൂർദ്ധ്വം ശരീരേ ച പാതയിത്വാ ശിരോധരാം
അഗ്രാക്ഷ്ണാ വീക്ഷമാണസ്തു തിര്യ്യഗ് ഭ്രാതരമബ്രവീത്. 4

ആത്മനഃ	തന്റെ	തിര്യ്യക് ച	വിലങ്ങത്തിലും
അഗ്രഹസ്തം	മുൻകയ്യിനെ	പാതയിത്വാ,	ഉലച്ച്,
ഹസ്തിഹസ്തം	ആനത്തുമ്പിക്കയ്യിനെ	ഭ്രാതരം	ജ്യേഷ്ഠനെ
ഇവ	എന്നപോലെ	അഗ്രാക്ഷ്ണാ	കടക്കണ്ണുകൊണ്ട്
വിധുന്വൻ തു	കുടഞ്ഞുകൊണ്ട്	തിര്യ്യക്	വിലങ്ങത്തിൽ
ശിരോധരാം	കഴുത്തിനെ	വീക്ഷമാണഃ	നോക്കുന്നവനായി
ശരീരേ	ശരീരത്തിൽ താഴോട്ടും	തു	ഇക്കാര്യ്യത്തെക്കുറിച്ച്
ഊർദ്ധ്വം	മേല്പോട്ടും	അബ്രവീത്.	ഉരചെയ്തു. [ഇങ്ങിനെ

അസ്ഥാനേ സംഭ്രമോ യസ്യ ജാതോ വൈ സുമഹാനയം
ധർമ്മദോഷപ്രസംഗേന ലോകസ്യാനതിശങ്കയാ. 5

"ധർമ്മദോഷപ്രസംഗേന	"ധർമ്മനിയമങ്ങൾക്ക് അപവാദം നേർന്നേക്കുമെന്ന കാരണം കൊണ്ടും,	യസ്യ	പ്രഖ്യാതനായ നിന്തിരുവടിക്ക്
ലോകസ്യ	ലോകർക്ക്	അയം	ഇപ്പോൾ
അനതിശങ്കയാ	അധർമ്മാനുഷ്ഠാനങ്ങളെ ധർമ്മാനുഷ്ഠാനങ്ങളെന്ന് കയ്ക്കൊള്ളുവാൻ അവകാശം കൊടുക്കരുതെന്ന കാരണം കൊണ്ടും,	ജാതഃ	ഉണ്ടായിരിക്കുന്ന
		സുമഹാൻ	പ്രബലമായ
		സംഭ്രമഃ	ഈ അഭിനിവേശം
		അസ്ഥാനേ വൈ.	പാത്രമല്ലാത്തവർക്ക്, വഴികൊടുത്ത് സഹായിക്കുന്നതിനാൽ അസ്ഥാനത്തിലാണല്ലൊ.

[ശ്രീരാമൻ രാജ്യത്തെ കയ്ക്കൊണ്ടാൽ പിതൃവാക്യ പരിപാലനാദി ധർമ്മങ്ങൾക്ക് ദോഷം നേർന്നേക്കുമെന്നു വെച്ചും, താൻ അധർമ്മത്തെ അനുഷ്ഠിക്കാതിരിക്കുന്നുവെങ്കിൽ, ലോകവും ആ അധർമ്മത്തെ ധർമ്മമെന്നു കയ്ക്കൊള്ളുമെന്നുള്ള ശങ്കകൊണ്ടും ആണ് അദ്ദേഹത്തിന്ന് കൈകേയീഭരതന്മാരുടെ പേരിൽ ഈ അഭിനിവേശം ഉണ്ടായിരിക്കുന്നത് എന്നു അഭിപ്രായം.]

കഥം ഹ്യേതദസംഭ്രാന്തസ്ത്വദ്വിധോ വക്തുമൎഹതി
യഥാ ദൈവമശൌണ്ഡീരം ശൌണ്ഡീര ക്ഷത്രിയൎഷഭ. 6

“ക്ഷത്രിയൎഷഭ!	“ക്ഷത്രിയധൎമ്മാനുഷ്ഠാനത്തിൽ നിപുണനായി
ശൌണ്ഡീര!	മേന്മപൂണ്ടുള്ളോവേ!
അസംഭ്രാന്തഃ	അന്തഃകരണങ്ങളിൽ കാൎയ്യവിവേചനം ചെയ്തു് നിശ്ചയിക്കുന്നതായ ബുദ്ധി എന്നതിനെ ചലിപ്പാൻ സമ്മതിക്കാത്തവനായ
ത്വദ്വിധഃ	നിന്തിരുവടിയെപ്പോലെയുള്ള ഒരുവൻ,
അശൌണ്ഡീരം	നിസ്സാരമായ
ദൈവം യഥാ	ദുൎവ്വിധിയെക്കുറിച്ച്
കഥം ഹി	എങ്ങിനെയാണ്
ഏതത്	ഇപ്രകാരം
വക്തും അൎഹതി.	അരുളിച്ചെയ്യാൻ പാടുള്ളത്?

[ചിത്തം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്ന നാലു് അന്തഃകരണങ്ങൾ.]

കിം നാമ കൃപണം ദൈവമശക്തമഭിശംസസി
പാപയോസ്തേ കഥം നാമ തയോഃ ശങ്കാ ന വിദ്യതേ. 7

“കൃപണം	“അന്യായമായ രാജ്യലോഭംകൊണ്ടുണ്ടായതും
അശക്തം	എളുപ്പത്തിൽ ജയിക്കപ്പെടുവാൻ കഴിയുന്ന
ദൈവം	ഉപദ്രവത്തെ[ത്തും ആയ
കിം നാമ	എന്തൊരു കാരണത്താൽ തന്നെയാണ്
അഭിശംസസി?	നിന്തിരുവടി പ്രശംസിക്കുന്നത്?
തേ	നിന്തിരുവടിക്ക്
പാപയോഃ	അപരാധികളായ
തയോഃ	അവർ രണ്ടുപേരുടെയും കാൎയ്യത്തിൽ
ശങ്കാ നാമ	അന്യായകൃത്യത്തിൽ ഏൎപ്പെട്ടിരിക്കുന്നവരെന്നുള്ള ശങ്കാലേശം കൂടി
കഥം	എന്തുകൊണ്ടാണ്
വിദ്യതേ ന?	ഉണ്ടാകാതിരിക്കുന്നത്?

സന്തി ധൎമ്മോപധാഃ ശ്ലക്ഷ്ണാ ധൎമ്മാത്മൻ കിം ന ബുദ്ധ്യസേ
തയോഃ സുചരിതം സ്വാൎത്ഥം ശാഠ്യാത് പരിജിഹീൎഷതോഃ. 8

“ധൎമ്മാത്മൻ!	“ധൎമ്മാത്മാവായുള്ളോവേ!
ധൎമ്മോപധാഃ	പുറത്തേയ്ക്കു മാത്രമുള്ള ധൎമ്മം അകത്തുള്ള ദുഷ്ടതയ്ക്കു് ഒരു മറവായ് കൈക്കൊണ്ടവരായി
ശ്ലക്ഷ്ണാഃ	ധൎമ്മിഷ്ഠരെന്ന് നടിക്കുന്ന സമൎത്ഥന്മാർ
സന്തി;	ഈ ലോകത്തിൽ എത്രയോ ഉണ്ടു്;
സ്വാൎത്ഥം	നിന്തിരുവടിക്കു ചേരേണ്ടതായതിനെ
ശാഠ്യാത്	വഞ്ചനയായി
പരിജിഹീൎഷതോഃ	ഇല്ലാതാക്കുവാൻ നിശ്ചയിച്ചിരിക്കുന്നവരായ
തയോഃ	അവർ രണ്ടുപേരുടേയും
സുചരിതം	ദീൎഘാലോചനയുടെ ഫലമാണിതെന്ന്
കിം	എന്തുകൊണ്ടാണ്
ബുദ്ധ്യസേ ന?	നിന്തിരുവടി മനസ്സിൽ കൈക്കൊള്ളാതിരിക്കുന്നത്?

യദി നൈവം വ്യവസിതം സ്യാദ്ധി പ്രാഗേവ രാഘവ
തയോഃ പ്രാഗേവ ദത്തശ്ച സ്യാദ്വരഃ പ്രകൃതശ്ച സഃ. 9

"രാഘവ!	"രഘുകുലതിലക!
തയോഃ	അവർ രണ്ടുപേരുടേയും
ഏവം	ഇപ്രകാരമുള്ള
വ്യവസിതം	ചതിയായ ഉദ്ദേശം
സ്യാത് ന യദി	ഇല്ലെന്നുവരികിൽ,
പ്രാക് ഏവ	പണ്ടേതന്നെ
ദത്തഃ	കൊടുത്തതായ
സഃ വരഃ ച	ആ വരവും
പ്രാക് ഏവ	ഇതിന്നു എത്രയോ മുമ്പുതന്നെ
ഹി	നിശ്ചയമായും
പ്രകൃതഃ ച	വാങ്ങി പൂർത്തിയാക്കപ്പെട്ടതായി
സ്യാത്.	ഇരിക്കുമായിരുന്നു.

ലോകവിദ്വിഷ്ടമാരബ്ധം ത്വദന്യസ്യാഭിഷേചനം
നോത്സഹേ സഹിതും വീര തത്ര മേ ക്ഷന്തുമർഹസി. 10

"വീര!	"മഹാത്മാവേ!
ലോകവിദ്വിഷ്ടം	സർവ്വലോകരാലും തിരസ്കരിക്കപ്പെട്ടതും
ആരബ്ധം	പുതുതായി ആരംഭിക്കപ്പെട്ടിരിക്കുന്നതുമായ
ത്വദന്യസ്യ	നിന്തിരുവടിയല്ലാതെയുള്ള മറെറാരുത്തന്റെ
അഭിഷേചനം	പട്ടാഭിഷേകം
സഹിതും	നടക്കുവാൻ
ഉത്സഹേ ന;	ഞാൻ സമ്മതിക്കയില്ല;
തത്ര	ഇക്കാര്യത്തിൽ
മേ	എനിക്ക്
ക്ഷന്തും അർഹസി.	നിന്തിരുവടി അനുമതി നൽകേണ്ടതാണ്.

യേനേയമാഗതാ ദ്വൈധം തവ ബുദ്ധിർമഹാമതേ
സ ഹി ധർമ്മോ മമ ദ്വേഷ്യഃ പ്രസംഗാദ്യസ്യ മുഹ്യസി. 11

"മഹാമതേ!	"ഉദാരഹൃദയ!
യേന	യാതൊന്നു നിമിത്തം
തവ	നിന്തിരുവടിക്ക്
ഇയം ബുദ്ധിഃ	ഇപ്പോഴുള്ള ഈനിശ്ച[യം
ദ്വൈധം	വിരുദ്ധമായി
ആഗതാ	നേരിട്ടിരിക്കുന്നുവൊ,
യസ്യ പ്രസംഗാത്	യാതൊന്നിന്ന് വഴിപ്പെട്ട വേറെവിധത്തിൽ നടപ്പാൻ മനസ്സുവരാതിരിക്കുന്നകാരണം
മുഹ്യസി ഹി	നിന്തിരുവടി ഈ ആശാഭംഗത്തിന്നു വഴിപ്പെട്ടു[ന്നുവൊ
സഃ	അപ്രകാരമുള്ള
ധർമ്മഃ	പിതൃവാക്യപരിപാലനമെന്നുള്ള ധർമ്മാനു[ഷ്ഠാനം
മമ	എനിക്ക്
ദ്വേഷ്യഃ.	വെറുപ്പിനെയാണുണ്ടാക്കുന്നത്.

കഥം ത്വം കർമ്മണാ ശക്തഃ കൈകേയീവശവർത്തിനഃ
കരിഷ്യസി പിതുർവാക്യമധർമ്മിഷ്ഠം വിഗർഹിതം. 12

"കൈകേയീവശവർത്തിനഃ	"കൈകേയിയമ്മ കല്പിക്കുന്നതിന്നനുസരിച്ചു ആടിക്കൊണ്ടിരിക്കുന്ന
പിതുഃ	അച്ഛന്റെ
അധർമ്മിഷ്ഠം	ധർമ്മവിരുദ്ധവും
വിഗർഹിതം	ലോകനിന്ദക്ക് പാത്രീഭവിച്ചതുമായ
വാക്യം	ആജ്ഞയെ
കർമ്മണാ	സ്വപ്രയത്നംകൊണ്ട്
ശക്തഃ	തിരസ്കരിപ്പാൻ ശക്തിയുള്ള[വനായ
ത്വം	നിന്തിരുവടി
കഥം കരിഷ്യസി?	എന്തിന്നാണ് അതിനെ അനുസരിക്കുന്നത്?

യദ്യയം കിൽബിഷാദ്ഭേദഃ കൃതോഽപ്യേവം ന ഗൃഹ്യതേ
ജായതേ തത്ര മേ ദുഃഖം ധർമ്മസംഗശ്ച ഗർഹിതഃ
തവായം ധർമ്മസംയോഗോ ലോകസ്യാസ്യ വിഗർഹിതഃ. 13

"തവ	"നിന്തിരുവടിയുടെ
അയം	ഇപ്പോഴുള്ള ഈ
ധർമ്മസംയോഗഃ	ധർമ്മാനുഷ്ഠാനം
അസ്യ	ഈ
ലോകസ്യ	ലോകത്തിനു
വിഗർഹിതഃ;	പരിഹാസയോഗ്യമായ
കിൽബിഷാത്	ചതിയാൽ [താകുന്നു;
കൃതഃ	നേരിട്ടിരിക്കുന്നതും
ധർമ്മസംഗഃ ച	ധർമ്മവിരുദ്ധമായതും
അയം ഭേദഃ	ഈ മുടക്കം [ആയ
ഗർഹിതഃ!	തിരസ്കരിക്കപ്പെടേണ്ട
യദി അപി	എങ്കിലും [താകുന്നു;
ഏവം ന	ഇപ്രകാരമല്ലെന്ന്
ഗൃഹ്യതേ	നിന്തിരുവടിക്ക് തോന്നിയിരിക്കുന്നു എന്നുള്ളതായ
തത്ര	അക്കാര്യത്തിൽ
മേ	എനിക്ക്
ദുഃഖം	ദുഃഖമാണ്
ജായതേ.	ഉണ്ടാകുന്നത്.

മനസാഽപി കഥം കാമം കുര്യാസ്ത്വം കാമവൃത്തയോഃ
തയോസ്ത്വഹിതയോർന്നിത്യം ശത്ര്വോഃ പിതൃഭിധാനയോഃ. 14

"പിതൃഭി-ധാനയോഃ	"അച്ഛൻ, അമ്മ, എന്നു പേരുമാത്രം വെച്ചുകൊണ്ടു
അഹിതയോഃ	അക്രമം ചെയ്യുന്നവരും
കാമവൃത്തയോഃ	തോന്നിയപോലെ നടക്കുന്നവരും
ശത്ര്വോഃ തു	അപചാരം ചെയ്യുന്നവരും ആയ
തയോഃ	അവർ രണ്ടുപേരുടേയും
കാമം,	മനോരഥത്തെ,
ത്വം അപി,	നിന്തിരുവടിയും കൂടി,
നിത്യം	ലംഘിപ്പാൻ പാടില്ലാത്ത ശാശ്വത ധർമ്മമാണെന്ന്
കഥം	എങ്ങിനെയാണ്
മനസാ കുര്യാഃ?	മനസ്സിൽ വിചാരിപ്പാൻ പാടുള്ളത്?

യദ്യപി പ്രതിപത്തിസ്തേ ദൈവീ ചാപി തയോർമ്മതം
തഥാപ്യുപേക്ഷണീയം തേ ന മേ തദപി രോചതേ. 15

"തയോഃ	"അവർ രണ്ടുപേരുടേയും
പ്രതിപത്തിഃ	അഭിപ്രായപ്രകാരമുള്ള ഈ നിയമനം
ദൈവീ ച	ദൈവത്തിന്റെ പ്രവൃത്തിയാണെന്നാണ്
തേ	നിന്തിരുവടിയ്ക്കുള്ള
മതം;	അഭിപ്രായം;
യദി അപി	അപ്രകാരമാണെങ്കിലും
മേ	എനിക്ക്
രോചതേ ന;	അത് ന്യായമാണെന്ന് തോന്നുന്നില്ല;
തഥാ അപി	ഏതുപ്രകാരവും
തത് അപി	അതിനെപ്പറ്റിത്തന്നെ
തേ	നിന്തിരുവടിയുടെ
ഉപേക്ഷണീയം അപി.	തിരുവുള്ളത്തിൽ ഇനിയും ആലോചനചെയ്യേണ്ടതാണ്.

വിക്ലബോ വീര്യഹീനോ യഃ സ ദൈവമനുവർത്തതേ
വീരാഃ സംഭാവിതാത്മാനോ ന ദൈവം പര്യുപാസതേ. 16

"വിക്ലബഃ	"മനഃശക്തിയില്ലാത്തവനായി
വീര്യഹീനഃ	യാതൊന്നുംതന്നെ പ്രവൃത്തിപ്പാൻ ധൈര്യമില്ലാതിരിക്കുന്നവൻ
യഃ	യാതൊരുവനോ
സഃ,	അപ്രകാരമുള്ളവൻ,

ദൈവം അനുവർത്തതേ;	ആകസ്മികമായുണ്ടാവുന്നകഷ്ടമനുഭവിക്കുന്നു;
സംഭാവിതാത്മാനഃ	വേണ്ടത്തക്ക സ്വഭാവഗുണങ്ങളാന്നവരായിരിക്കുന്ന
വീരാഃ	വീരന്മാർ
ദൈവം	ആകസ്മികമായുള്ള കഷ്ടത്തിന്ന്
പര്യുപാസതേ ന.	വഴിപ്പെടുന്നില്ല.

[കയ്യേറ്റുകൊണ്ട കൃത്യത്തെ നിർവ്വഹിപ്പാനുള്ള പരാക്രമവും, സന്ദർഭാനുസൃതമായി കാര്യനിശ്ചയം ചെയ്യുവാൻ കഴിവുള്ള മനോബലവും ഏതിനേയും ധർമ്മമാർഗ്ഗം തെററാതെ നടത്തുവാനുള്ള ധർമ്മശീലത്വവുമുള്ളവർ, വീരന്മാർ.]

ദൈവം പുരുഷകാരേണ യഃ സമർത്ഥഃ പ്രബാധിതും
ന ദൈവേന വിപന്നാർത്ഥഃ പുരുഷഃ സോऽവസീദതി. 17

"പുരുഷകാരേണ	"മനുഷ്യയത്നത്താൽ
ദൈവം	അദൃഷ്ടമായ ഒരു തടസ്ഥത്തെ
പ്രബാധിതും	വിലക്കുവാൻ
സമർത്ഥഃ	സാമർത്ഥ്യമുള്ളവൻ
യഃ	ആരോ

സഃ പുരുഷഃ,	ആ മനുഷ്യൻ,
ദൈവേന	അകാരണമായ് നേന്ന ആ തടസ്ഥം നിമിത്തം,
വിപന്നാർത്ഥഃ	കയ്യേറ്റുകൊണ്ട കൃത്യത്തെ ഉപേക്ഷിച്ചവനായി
അവസീദതി ന.	അധൈര്യപ്പെടുന്നില്ല.

ദ്രക്ഷ്യന്തി ത്വദ്യ ദൈവസ്യ പൌരുഷം പുരുഷസ്യ ച
ദൈവമാനുഷയോരദ്യ വ്യക്താ വ്യക്തിർഭവിഷ്യതി. 18

"ദൈവസ്യ തു	"അദൃഷ്ടമായ തടസ്ഥത്തിന്നു എതിരായി
പുരുഷസ്യ	ഒരു പുരുഷന്റെ
പൌരുഷം ച	യത്നത്തിനുള്ള ശക്തിയേയും,
അദ്യ	ഇപ്പോൾ
ദ്രക്ഷ്യന്തി;	ജനങ്ങൾ പ്രത്യക്ഷത്തിൽ കണ്ടറിയും;

ദൈവമാനുഷയോഃ	ദൈവേച്ഛയുടേയും മനുഷ്യയത്നത്തിന്റെയും
വ്യക്തിഃ	വാസ്തവസ്വരൂപം
വ്യക്താ	ഉള്ളപ്രകാരം
അദ്യ	ഇപ്പോൾ
ഭവിഷ്യതി.	അറിയപ്പെടും.

അദ്യ മത്പൌരുഷഹതം ദൈവം ദ്രക്ഷ്യന്തി വൈ ജനാഃ
യദ്ദൈവാദാഹതം തേऽദ്യ ദൃഷ്ടം രാജ്യാഭിഷേചനം. 19

"ദൃഷ്ടം	"ആലോചിച്ചുറപ്പിക്കപ്പെട്ട
തേ രാജ്യാഭിഷേചനം,	നിന്തിരുവടിയുടെ രാജ്യാഭിഷേകമെന്നത്
യത് ദൈവാത്	യാതൊരു അദൃഷ്ടത്താൽ
അദ്യ ആഹതം	ഇപ്പോൾ വിഘ്നപ്പെടുത്തപ്പെട്ടതായിരിക്കുന്നുവോ, അപ്രകാരമുള്ള

ദൈവം	ഈശ്വരേച്ഛയെന്നത്
മത്പൌരുഷഹതം	എന്റെ മനുഷ്യപ്രയത്നത്താൽ അതിക്രമിക്കപ്പെട്ടതായി
ജനാഃ	ജനങ്ങൾ
അദ്യ വൈ	ഇപ്പോൾതന്നെ
ദ്രക്ഷ്യന്തി.	കണ്ടുകൊള്ളട്ടെ.

അത്യങ്കുശമിവോദ്ദാമം ഗജം മദബലോദ്ധതം
പ്രധാവിതമഹം ദൈവം പൌരുഷേണ നിവൎത്തയേ. 20

"അത്യങ്കുശം	"തോട്ടിക്ക് വഴിപ്പെടാത്തതായി	ഗജം	ഗജത്തെ
മദ-ബലോദ്ധതം	മദപ്പാട്ടുകൊണ്ടും ശക്തികൊണ്ടും കൊഴുത്തിരിക്കുന്നതായി	ഇവ	എന്നപോലെ
ഉദ്ദാമം	ചങ്ങലപൊട്ടിച്ച് ഊക്കോടെ	അഹം	ഞാൻ
പ്രധാവിതം	അങ്ങുമിങ്ങും ഓടുന്ന	ദൈവം	ഈ വിധിയെന്നുപറയുന്ന ആകസ്മികമായ തടസ്ഥത്തെ
		പൌരുഷേണ,	പുരുഷപ്രയത്നംകൊണ്ട്
		നിവൎത്തയേ.	ഒതുക്കുന്നുണ്ട്.

ലോകപാലാസ്സമസ്താസ്തേ നാദ്യ രാമാഭിഷേചനം
ന ച കൃത്സ്നാസ്ത്രയോ ലോകാ വിഹന്യുഃ കിം പുനഃ പിതാ. 21

"രാമ!	"ലോകാഭിരാമനായുള്ളോവേ!	കൃത്സ്നാഃ ച	സൎവ്വരും
തേ	നിന്തിരുവടിയുടെ	വിഹന്യുഃ ന;	വേണ്ടെന്നു പറകയില്ല;
അഭിഷേചനം	അഭിഷേകത്തെ	പിതാ	അച്ഛൻ ഒരുത്തൻ മാത്രം
ലോകപാലാഃ	അഷ്ടദിക്പാലന്മാർ	'അദ്യ ന'	'ഇപ്പോൾ വേണ്ട,' എന്ന്
സമസ്താഃ,	എല്ലാവരും,	കിം പുനഃ?	എങ്ങിനെ പറയും?
ത്രയഃ ലോകാഃ	ത്രിലോകവാസികൾ		

യൈൎവ്വിവാസസ്തവാരണ്യേ മിഥോ രാജൻ സമൎത്ഥിതഃ
അരണ്യേ തേ വിവത്സ്യന്തി ചതുൎദ്ദശ സമാസ്തഥാ. 22

"രാജൻ!	"രാജാവേ!	സമൎത്ഥിതഃ,	ആജ്ഞാപിക്കപ്പെട്ടുവോ
യൈഃ	യാതൊരുവരാൽ	തേ തഥാ,	അവർതന്നെ നിശ്ചയമായും
മിഥഃ	ഒളിവായി തമ്മിൽ ദുരാലോചനചെയ്ത്	ചതുൎദ്ദശ സമാഃ	പതിന്നാലുകൊല്ലങ്ങൾ
തവ	നിന്തിരുവടിക്ക്	അരണ്യേ	കാട്ടിൽ
അരണ്യേ വിവാസഃ	അരണ്യവാസം	വിവത്സ്യന്തി.	വസിക്കുമാറാകും.

അഹം തദാശാം ഛേത്സ്യാമി പിതുസ്തസ്യാശ്ച യാ തവ
അഭിഷേകവിഘാതേന പുത്രരാജ്യായ വൎത്തതേ. 23

"തത്	"ആകയാൽ	വൎത്തതേ,	കരുതിക്കൊണ്ടിരിക്കുന്നുവൊ,
യാ	യാതൊരുവൾ	തസ്യാഃ ച	അവളുടെയും
തവ	നിന്തിരുവടിയുടെ	പിതുഃ ച	അച്ഛന്റെയും
അഭിഷേക-വിഘാതേന	പട്ടാഭിഷേകം മുടക്കിയതിനാൽ	ആശാം	ദുരാശയെ
പുത്രരാജ്യായ	പുത്രന്ന് രാജ്യംകിട്ടുമെന്ന്	അഹം	ഞാൻ
		ഛേത്സ്യാമി.	വേരറുത്തുകളയുന്നുണ്ട്.

മദ്ബലേന വിരുദ്ധായ ന സ്യാദ്ദൈവബലം തഥാ
പ്രഭവിഷ്യതി ദുഃഖായ യഥോഗ്രം പൌരുഷം മമ. 24

"മദ്ബലേന	"എന്റെ ധൈൎയ്യത്തെ അവലംബിച്ച്	ദുഃഖായ	ദുഃഖം വിളയിപ്പാൻ
ഉഗ്രം	ഒന്നിനും മടിക്കാത്തതായ	യഥാ	എത്രത്തോളം
മമ	എന്റെ	പ്രഭവിഷ്യതി	ശക്തിയുള്ളതൊ
പൌരുഷം	പൌരുഷം	തഥാ	അത്രത്തോളം (ദുഃഖത്തെ)
വിരുദ്ധായ	കെട്ടിയകെട്ടിൽനിൎത്തി	ദൈവബലം	ദൈവേച്ഛയുടെ ശക്തി
		സ്യാത് ന.	വിളയിക്കയില്ല.

ഊൎദ്ധ്വം വൎഷസഹസ്രാന്തേ പ്രജാപാല്യമനന്തരം
ആൎയ്യപുത്രാഃ കരിഷ്യന്തി വനവാസം ഗതേ ത്വയി. 25

"ത്വയി	"നിന്തിരുവടി	അനന്തരം	'മൂത്ത പുത്രനുതന്നെ രാജ്യം' എന്ന നിയമത്തിനു വ്യത്യാസംവരാതെ,
വൎഷസഹസ്രാന്തേ	അനേകായിരം കൊല്ലങ്ങൾക്കു ശേഷം	ആൎയ്യപുത്രാഃ	നിന്തിരുവടിയുടെ സന്തതികൾ
വനവാസം	വാനപ്രസ്ഥാശ്രമത്തെ	പ്രജാപാല്യം	രാജ്യാധികാരത്തെ
ഗതേ ഊൎദ്ധ്വം,	സ്വീകരിച്ചതിൽ പിന്നെ,	കരിഷ്യന്തി.	വഹിക്കുമാറാകും.

പൂൎവ്വരാജൎഷിവൃത്ത്യാ ഹി വനവാസോ വിധീയതേ
പ്രജാ നിക്ഷിപ്യ പുത്രേഷു പുത്രവത് പരിപാലനേ. 26

"പ്രജാഃ	"പ്രജകളെ	പുത്രേഷു	പുത്രന്മാർ വക്കൽ
പുത്രവത്	മക്കളെപ്പോലെ	നിക്ഷിപ്യ ഹി	ഏല്പിച്ച ശേഷം മാത്രമേ
പരിപാലനേ	രക്ഷിക്കുന്ന കാൎയ്യത്തിൽ	വനവാസഃ	വാനപ്രസ്ഥാശ്രമസ്വീകാരം
പൂൎവ്വരാജൎഷിവൃത്ത്യാ	നമ്മുടെ പൂൎവ്വന്മാരായ രാജൎഷികളുടെ നടവടി പ്രകാരം	വിധീയതേ.	വിധിക്കപ്പെടുന്നുള്ളു.

സ ചേദ്രാജന്യനേകാഗ്രേ രാജ്യവിഭ്രമശങ്കയാ
നൈവമിച്ഛസി ധൎമ്മാത്മൻ രാജ്യം രാമ ത്വമാത്മനി 27
പ്രതിജാനേ ച തേ വീര മാ ഭൂവം വീരലോകഭാക്
രാജ്യം ച തവ രക്ഷേയമഹം വേലേവ സാഗരം. 28

"വീര!	"എന്തും ചെയ്വാൻ ത്രാണിയുള്ളവനെന്നും	രാമ!	എല്ലാരാലും കൊണ്ടാടപ്പെട്ടുള്ളോവെ!
		സഃ	അപ്രകാരമുള്ള
ധൎമ്മാത്മൻ!	പരിശുദ്ധമൂൎത്തിയെന്നും	ത്വം,	നിന്തിരുവടി,

രാജനി	മഹാരാജാവ്
ഏവം	ഇത്രത്തോളം
ആത്മനി	നിന്തിരുവടിയുടെ സംഗതിയിൽ
അനേകാഗ്രേ	ചപലതയുള്ളവനായിരിക്കുമ്പോൾ,
രാജ്യവിഭ്രമശങ്കയാ	രാജ്യം നിലയ്ക്കുകയില്ലെന്നുള്ള ശങ്കകൊണ്ടാണ്
രാജ്യം	രാജ്യത്തെ
ഇച്ഛസി ന ചേത്,	സ്വീകരിക്കാതിരിക്കുന്നതെങ്കിൽ,
അഹം	ഞാൻ
തവ	നിന്തിരുവടിയുടെ
രാജ്യം ച,	രാജ്യമാസകലം,
സാഗരം	സമുദ്രത്തെ
വേലാ	കര
ഇവ,	എപ്രകാരമോ അപ്രകാരം,
രക്ഷേയം;	രക്ഷിക്കുന്നുണ്ട്;
വീരലോകഭാക്	(അല്ലെന്നാൽ) വീരസ്വർഗ്ഗത്തിന്ന് അവകാശപ്പെട്ടവനായി
മാ ഭൂവം ച	ഞാൻ ഭവിക്കുകയില്ലെന്ന്
തേ	നിന്തിരുവടിയോടു
പ്രതിജാനേ.	ശപഥംചെയ്യുന്നു.

മംഗളൈരഭിഷിഞ്ചസ്വ തത്ര ത്വം വ്യാപൃതോ ഭവ
അഹമേകോ മഹീപാലാനലം വാരയിതും ബലാത്. 29

"ത്വം	"നിന്തിരുവടി
മംഗളൈഃ	മംഗളദ്രവ്യങ്ങളെക്കൊണ്ട്
അഭിഷിഞ്ചസ്വ;	അഭിഷേകം ചെയ്വാൻ സമ്മതിച്ചാലും;
തത്ര	ഇക്കാര്യത്തിൽ
വ്യാപൃതഃ	ഉദ്ധതയോടുകൂടിയവനായി
ഭവ;	ഭവിച്ചാലും;
അഹം ഏകഃ	ഞാനൊരുവൻതന്നെ
ബലാത്	പൌരുഷംകൊണ്ട്
മഹീപാലാൻ	രാജാക്കന്മാരെ
വാരയിതും	ഓടിപ്പാൻ
അലം.	മതിയാവുന്നതാണ്.

ന ശോഭാർത്ഥാവിമൌ ബാഹൂ ന ധനുർഭൂഷണായ മേ
നാസിരാബന്ധനാർത്ഥായ നശരാഃ സ്തംഭഹേതവഃ 30
അമിത്രദമനാർത്ഥം മേ സർവ്വമേതച്ചതുഷ്ടയം. 31

"മേ	"എൻെറ
ഇമൌ	ഈ രണ്ട്
ബാഹൂ	കൈകളും
ശോഭാർത്ഥൌ ന;	ശോഭിക്കുവേണ്ടിയല്ല;
ധനുഃ	വില്ല്
ഭൂഷണായ ന;	അലങ്കാരത്തിന്നുവേണ്ടിയല്ല;
അസിഃ	വാൾ
ആബന്ധനാർത്ഥായ ന;	അരയിൽ കെട്ടിത്തൂക്കുവാനായിമാത്രം അല്ല;
ശരാഃ	ബാണങ്ങൾ
സ്തംഭഹേതവഃ ന;	ഊന്നിനടപ്പാനുള്ള വടികൾ അല്ല;
മേ	എനിക്ക്
ഏതത്	ഈ
ചതുഷ്ടയം	നാലുകൂട്ടവും
സർവ്വം	എല്ലാം
അമിത്രദമനാർത്ഥം.	ശത്രുക്കളെ ജയിപ്പാനാകുന്നു.

ന ചാഹം കാമയേऽത്യർത്ഥം യഃ സ്യാച്ഛത്രുർമ്മതോ മമ
അസിനാ തീക്ഷ്ണധാരേണ വിദ്യുച്ചലിതവർച്ചസാ 32
പ്രഗൃഹീതേന വൈ ശത്രും വജ്രിണം വാ ന കല്പയേ. 33

" അഹം	" ഞാൻ	വിദ്യുച്ചലിതവർച്ചസാ	മിന്നൽ പോലെ തിളങ്ങുന്ന
മമ	എന്റെ	തീക്ഷ്ണധാരേണ	മൂൎച്ചയുള്ള
അത്യർത്ഥം ശത്രുഃ	പരമശത്രുവായി	പ്രഗൃഹീതേന വൈ	കയ്യിലേന്തിയ
മതഃ യഃ സ്യാത് ച	തീൎന്നിരിക്കുന്നവൻ യാതൊരുവനോ അവനെ	അസിനാ	വാൾകൊണ്ട്
കാമയേ ന;	ജീവനോടെ വെച്ചേക്കുവാനാഗ്രഹിക്കുന്നില്ല;	കല്പയേ ന.	അനങ്ങുവാൻ സമ്മതിക്കയില്ല.
ശത്രും	ശത്രുവായവനെ,		
വജ്രിണം വാ	അവൻ ദേവേന്ദ്രൻ തന്നെ ആയിരുന്നാലും,		

ഖഡ്ഗനിഷ്പേഷനിഷ്പിഷ്ടൈർഗ്ഗഹനാ ദുശ്ചരാ ച മേ
ഹസ്ത്യശ്വനരഹസ്തോരുശിരോഭിർഭവിതാ മഹീ. 34

" മഹീ,	" ഭൂമി,	ഹസ്ത്യശ്വനരഹസ്തോരുശിരോഭിഃ,	ആന, കുതിര, കാലാൾ എന്നവയുടെ കൈ, കാൽ തല എന്നിവയാൽ
മേ	എന്റെ	ദുശ്ചരാ ച	നടപ്പാൻവഴിയില്ലാത്തതായി,
ഖഡ്ഗനിഷ്പേഷനിഷ്പിഷ്ടൈഃ	വാൾകൊണ്ട് വെട്ടേറ്റ് ചിതറിക്കിടക്കുന്ന	ഗഹനാ	ഇടതൂൎന്നതായി
		ഭവിതാ.	ഭവിക്കും.

ഖഡ്ഗധാരാഹതാ മേऽദ്യ ദീപ്യമാനാ ഇവാദ്രയഃ
പതിഷ്യന്തി ദ്വിപാ ഭൂമൗ മേഘാ ഇവ സവിദ്യുതഃ. 35

" ദീപ്യമാനാഃ	" ജ്വലിക്കുന്ന	അദ്യ	ഇപ്പോൾ
അദ്രയഃ ഇവ,	കുന്നുകൾ പോലെയും,	മേ	എന്റെ
സവിദ്യുതഃ	മിന്നൽ പിണരുകളാൎന്ന	ഖഡ്ഗധാരാഹതാഃ	ഖഡ്ഗത്തിന്റെ മൂൎച്ചകൊണ്ട് വെട്ടിമുറിക്കപ്പെട്ടവയായി
മേഘാഃ ഇവ	മേഘങ്ങൾ പോലെയും ഉള്ള	ഭൂമൗ	നിലത്ത്
ദ്വിപാഃ,	ആനകൾ,	പതിഷ്യന്തി.	പതിക്കും.

[വെട്ടപ്പെട്ട ആനകൾ രക്തംപുരണ്ടവയായി, മിന്നലോടുകൂടിയ മേഘങ്ങൾക്ക് സാമ്യം. തില.]

ബദ്ധഗോധാംഗുലിത്രാണേ പ്രഗൃഹീതശരാസനേ
കഥം പുരുഷമാനീ സ്യാത് പുരുഷാണാം മയി സ്ഥിതേ. 36

" മയി	" ഞാൻ	പുരുഷാണാം	പുരുഷന്മാൎക്ക്
ബദ്ധഗോധാംഗുലിത്രാണേ	ഉടുമ്പിൻതോൽ കയ്യുറ കളിട്ടവനായി	പുരുഷമാനീ	(എന്നെ) എതിൎപ്പാനുള്ള ധൈൎയ്യം തങ്ങൾക്ക് ഉണ്ടെന്നുള്ള വിചാരം,
പ്രഗൃഹീതശരാസനേ	കോദണ്ഡപാണിയായി	കഥം സ്യാത്?	എങ്ങിനെ ഉണ്ടാകും?
സ്ഥിതേ,	നില്ക്കുമ്പോൾ,		

ബഹുഭിശ്ചൈകമത്യസ്യന്നേകേന ച ബഹൂൻ ജനാൻ
വിനിയോക്ഷ്യാമ്യഹം ബാണാന്നൃവാജിഗജമർമ്മസു. 37

"അഹം	"ഞാൻ
ബാണാൻ	ബാണങ്ങളെ
നൃവാജിഗജ-മർമ്മസു	യോദ്ധാവ്, കുതിര, ആന, എന്നവയുടെ മർമ്മങ്ങളിൽ
അത്യസ്യൻ,	ഊക്കോടെ എയ്യുന്നവനായി,
ബഹുഭിഃ	അനേകം ബാണങ്ങളെക്കൊണ്ട്
ഏകം ച	(ശൂരനായ)ഒരുവനേയും,
ഏകേന	ഒരേ ഒരു ബാണംകൊണ്ട്
ബഹൂൻ ജനാൻ ച	(ക്ഷുദ്രന്മാരായ) അനേകം പേരേയും,
വിനിയോക്ഷ്യാമി.	തുലച്ചുകളയും.

അദ്യ മേഽസ്ത്രപ്രഭാവസ്യ പ്രഭാവഃ പ്രസരിഷ്യതി
രാജ്ഞശ്ചാപ്രഭുതാം കർത്തും പ്രഭുത്വം തവ ച പ്രഭോ. 38

"പ്രഭോ!	"പ്രഭോ!
അദ്യ	ഇപ്പോൾ
രാജ്ഞഃ	മഹാരാജാവിന്ന്
അപ്രഭുതാം,	രാജ്യാധികാരമില്ലായ്മയേയും
തവ	നിന്തിരുവടിക്ക്
പ്രഭുത്വം ച	രാജ്യാധികാരത്തേയും
കർത്തും ച	ഉണ്ടാക്കുവാൻ വേണ്ടി,
മേ	എന്റെ
അസ്ത്രപ്രഭാവസ്യ	അസ്ത്രപ്രഭാവത്തിന്റെ
പ്രഭാവഃ	മഹിമ
പ്രസരിഷ്യതി.	എങ്ങും പരക്കുവാൻ പോകുന്നു.

അദ്യ ചന്ദനസാരസ്യ കേയൂരാമോക്ഷണസ്യ ച
വസൂനാം ച വിമോക്ഷസ്യ സുഹൃദാം പാലനസ്യ ച 39
അനുരൂപാവിമൗ ബാഹൂ രാമ കർമ്മ കരിഷ്യതഃ
അഭിഷേചനവിഘ്നസ്യ കർത്തൄണാം തേ നിവാരണേ. 40

"രാമ!	"ആശ്രിതജനപ്രിയ!
ചന്ദനസാരസ്യ	കളഭക്കൂട്ടണിയുന്നതിന്നും
കേയൂരാ-മോക്ഷണസ്യ ച	തോൾവളകളണിയുന്നതിന്നും
വസൂനാം	അർത്ഥങ്ങളുടെ
വിമോക്ഷസ്യ ച	വിതരണത്തിന്നും
സുഹൃദാം	സുഹൃത്തുകളുടെ
പാലനസ്യ ച	സഹായത്തിന്നും
അനുരൂപൗ	ഉപയോഗപ്പെടുത്തപ്പെട്ട
ഇമൗ	ഈ
ബാഹൂ	രണ്ടു ബാഹുക്കളും,
അദ്യ	ഇപ്പോൾ
തേ	നിന്തിരുവടിയുടെ
അഭിഷേചന-വിഘ്നസ്യ	പട്ടാഭിഷേകവിഘ്നത്തിന്ന്
കർത്തൄണാം	കർത്താക്കന്മാരായവരുടെ
നിവാരണേ	നിർമ്മൂലനാശത്തിൽ
കർമ്മ	ചെയ്യേണ്ടതായ കൃത്യത്തെ
കരിഷ്യതഃ.	ചെയ്യാൻ പോകുന്നു.

[ഇതിൽനിന്ന് ശ്രീരാമകൈങ്കര്യമല്ലാതെ സർവ്വകർമ്മങ്ങളും നിരർത്ഥകമെന്ന് സൂചിപ്പിക്കുന്നു. (ശിരോമണി).]

ബ്രവീഹി കോऽദ്യൈവ മയാ വിയുജ്യതാം
തവാസുഹൃത് പ്രാണയശസ്സുഹൃജ്ജനൈഃ
യഥാ തവേയം വസുധാ വശേ ഭവേത്
തഥൈവ മാം ശാധി തവാസ്മി കിങ്കരഃ. 41

"തവ	"നിന്തിരുവടിയുടെ
കിങ്കരഃ	ആജ്ഞാകരൻ
അസ്മി;	ആകുന്നു ഞാൻ ;
അദ്യ	ഇപ്പോൾ
തവ	നിന്തിരുവടിക്ക്
അസുഹൃത്	അപകാരംചെയ്യുന്ന
കഃ,	ഏതൊരുവനാണ്
മയാ	എന്നാൽ
പ്രാണയശസ്സുഹൃജ്ജനൈഃ	പ്രാണൻ, യശസ്സ്, ബന്ധുക്കളെന്നവയുമായി
വിയുജ്യതാം?	വേർപിരിക്കപ്പെടേണ്ടത്?
ബ്രവീഹി;	നിന്തിരുവടി കല്പിച്ചാലും;
ഇയം	ഈ
വസുധാ ഏവ	ഭൂമി മുഴുവനും
തവ	നിന്തിരുവടിയുടെ
വശേ	അധീനത്തിൽ
യഥാ ഭവേത്	എപ്രകാരമായാൽ വർത്തിക്കുമോ,
തഥാ	അപ്രകാരം
മാം ഏവ	എന്നെ ഒരുവനെ തന്നെ
ശാധി."	ആജ്ഞാപിച്ചാലും."

വിമൃജ്യ ബാഷ്പം പരിസാന്ത്വ്യ ചാസകൃത്
സ ലക്ഷ്മണം രാഘവവംശവർദ്ധനഃ
ഉവാച പിത്ര്യേ വചനേ വ്യവസ്ഥിതം
നിബോധ മാമേവ ഹി സൌമ്യ സത്പഥേ. 42

രാഘവവംശവർദ്ധനഃ	രഘുകുലവംശവർദ്ധകനായ
സഃ	ശ്രീരാമൻ
ലക്ഷ്മണം,	ലക്ഷ്മണനെ കടാക്ഷിച്ച്,
ബാഷ്പം	കണ്ണീരിനെ
വിമൃജ്യ,	തൃക്കൈകൾകൊണ്ടു തുടച്ച്
അസകൃത്	പലവാറ്
പരിസാന്ത്വ്യ ച	ഹിതോപദേശംചെയ്തു സമാധാനപ്പെടുത്തിയശേഷം,
ഉവാച;	ഇപ്രകാരം അരുളിച്ചെയ്തു;
"സൌമ്യ!	"പുണ്യശീല!
പിത്ര്യേ	പിതാവിന്റെ സംഗതിയിൽ
വചനേ,	മനസ്താപം വരുത്താതെ നടക്കുന്നതിൽ,
സത്പഥേ ഏവ ഹി	എല്ലാ ധർമ്മങ്ങളും അടങ്ങിയിരിക്കുന്നുവെന്നുള്ള ധർമ്മാനുഷ്ഠാനത്തിൽ
വ്യവസ്ഥിതം	പൂർണ്ണവിശ്വാസത്തോടുകൂടിയവനെന്ന്
മാം	എന്നെ
നിബോധ."	നീ ധരിച്ചാലും."

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ത്രയോവിംശഃ സർഗ്ഗഃ = ഇരുപത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3424 ; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1069.

ചതുർവിംശഃ സർഗ്ഗഃ = ഇരുപത്തിനാലാംസർഗ്ഗം

[കൗസല്യാപരിസാന്ത്വനം = കൗസല്യാദേവിയെ സമാശ്വസിപ്പിക്കുന്നത്.]

തം സമീക്ഷ്യ ത്വവഹിതം പിതുർന്നിർദ്ദേശപാലനേ
കൗസല്യാ ബാഷ്പസംരുദ്ധാ വചോ ധർമ്മിഷ്ഠമബ്രവീത്. 1

കൗസല്യാ	കൗസല്യാദേവി	അവഹിതം	നിശ്ചലമായ ഉറപ്പോടു
തം	ശ്രീരാമനെ	സമീക്ഷ്യ,	കണ്ടു്, [കൂടിയവനായി
ധർമ്മിഷ്ഠം	ധർമ്മസ്വരൂപിയായി	ബാഷ്പസംരുദ്ധാ	തേങ്ങിത്തേങ്ങി
പിതുഃ നിർദ്ദേശ-	പിതാവിന്റെ ആജ്ഞ	വചഃ	ഇപ്രകാരം ഉരചെയ്തു.
പാലനേ തു	ചെയ്യുന്നതിൽതന്നെ	അബ്രവീത്.	

[“ബാഷ്പസംരുദ്ധാ”, മംഗളഭംഗഭീതിമൂലം ബാഷ്പത്തെ നിരോധിച്ചവളായി, എന്നു മാ. തീ.]

അദൃഷ്ടദുഃഖോ ധർമ്മാത്മാ സർവ്വഭൂതപ്രിയംവദഃ
മയി ജാതോ ദശരഥാത് കഥമുഞ്ഛേന വർത്തയേത്. 2

“ദശരഥാത്	“ദശരഥമഹാരാജാവിനു	സർവ്വഭൂത-	സർവ്വജീവികൾക്കും ഹിതത്തെത്തന്നെ ഉപദേ
മയി	എങ്കൽ	പ്രിയംവദഃ	ശിക്കുന്നവനായ ഇവൻ
ജാതഃ,	ജാതനായ ഇവൻ,	ഉഞ്ഛേന	പെറുക്കിയെടുത്ത ധാന്യാദികൊണ്ടു്
അദൃഷ്ടദുഃഖഃ;	ദുഃഖമിന്നതെന്നു് അറിയാത്തവൻ;	കഥം	എങ്ങിനെ
ധർമ്മാത്മാ	ധർമ്മസ്വരൂപിയായി	വർത്തയേത്!	ജീവിച്ചിരിക്കും!

യസ്യ ഭൃത്യാശ്ച ദാസാശ്ച മൃഷ്ടാന്യന്നാനി ഭുഞ്ജതേ
കഥം സ ഭോക്ഷ്യതേ നാഥോ വനേ മൂലഫലാന്യയം. 3

“യസ്യ	“യാതൊരുവന്റെ	സഃ	അപ്രകാരമുള്ള
ഭൃത്യാഃ ച	ഭൃത്യന്മാരും	അയം നാഥഃ,	ഈ പ്രഭു,
ദാസാഃ ച	സേവകന്മാരും	വനേ	കാട്ടിൽ
മൃഷ്ടാനി	നല്ല വിശേഷപ്പെട്ട	മൂലഫലാനി	കായ്കിഴങ്ങുകളെ
അന്നാനി	ആഹാരങ്ങളെ	കഥം	എങ്ങിനെ
ഭുഞ്ജതേ,	ഭുജിക്കുന്നുവോ,	ഭോക്ഷ്യതേ.	ഭുജിക്കും.

ക ഏതച്ഛ്രദ്ദധേച്ഛ്രുത്വാ കസ്യ വാ ന ഭവേദ്ഭയം
ഗുണവാൻ ദയിതോ രാജ്ഞോ രാഘവോ യദ്വിവാസ്യതേ. 4

“ഗുണവാൻ	“സദ്ഗുണവും സദ്വൃത്തിയും ഉള്ളവനും,	ഏതത്	ഇതിനെ
		ശ്രുത്വാ,	കേട്ടു്,
രാജ്ഞഃ	മഹാരാജാവിന്റെ	കഃ	ആർതന്നെയാണു്
ദയിതഃ	അത്യന്തസ്നേഹപാത്രവു	ശ്രദ്ദധേത്!	വിശ്വസിക്കുക!
രാഘവഃ,	ശ്രീരാഘവൻ, [മായ	കസ്യ വാ	ആർക്കുതന്നെയാണു്
വിവാസ്യതേ	വനത്തിലേക്കു് അയക്ക	ഭയം	ഭയം
യത്,	പ്പെടുന്നുവെന്നാൽ,	ഭവേത് ന;	ഉണ്ടാകാതിരിക്കുക!

[“ഭയം”, അവനവന്റെ പിത്രാദികളിൽനിന്നു്. (എന്നു തിലകം) ശ്രീരാമൻ ഇല്ലാതിരുന്നാൽ അയോദ്ധ്യാവാസികൾ എങ്ങിനെ കഴിച്ചുകൂട്ടും എന്നുള്ള ഭയം. (എന്നു ശിരോമണി)]

നൂനം തു ബലവാൻ ലോകേ കൃതാന്തഃ സൎവ്വമാദിശേത്
ലോകേ രാമാഭിരാമസ്ത്വം വനം യത്ര ഗമിഷ്യസി. 5

"രാമ!	"ശ്രീരാമ!
ലോകേ	ലോകത്തിൽ
അഭിരാമഃ	സൎവ്വമനോഹരനായി
ത്വം തു,	നീ തന്നെ, [വിളങ്ങുന്ന
വനം	വനവാസത്തെ
നൂനം	ഇപ്പോൾ
ഗമിഷ്യസി	അനുഭവിപ്പാൻ പോകുന്നു
യത്ര,	എന്ന കാരണത്താൽ,
ലോകേ	ലോകത്തിൽ
സൎവ്വം,	സൎവ്വത്തെയും,
കൃതാന്തഃ	പൂൎവ്വകൎമ്മഫലമാകുന്ന വിധിയെന്നുള്ളത്
ബലവാൻ,	സൎവ്വോപരി ശക്തിമത്തായ്,
ആദിശേത്.	നിയന്ത്രിക്കുന്നു.

അയം തു മാമാത്മഭവസ്ത്വാദൎശനമാരുതഃ
വിലാപദുഃഖസമിധോ രുദിതാശ്രുഹുതാഹുതിഃ
ചിന്താബാഷ്പമഹാധൂമസ്ത്വാദൎശനചിത്തജഃ 6
കൎശയിത്വാഽധികം പുത്ര നിശ്വാസായാസസംഭവഃ
ത്വയാ വിഹീനാമിഹ മാം ശോകാഗ്നിരതുലോ മഹാൻ
പ്രധക്ഷ്യതി യഥാ കക്ഷം ചിത്രഭാനുൎഹിമാത്യയേ. 7

"പുത്ര!	"പുത്ര!
ഇഹ	ഈ ലോകത്തിൽ
ത്വയാ	നിന്നെ
വിഹീനാം	വിട്ടുപിരിഞ്ഞവളായ
മാം,	എനിക്ക്
തവ അദൎശനചിത്തജഃ	നിന്നെ കാണാതിരിക്കുമെന്നതുകൊണ്ടു മനസ്സിലുണ്ടായതും
ആത്മഭവഃ	മനസ്സിൽ ഉറച്ചുപോയതും
സഹ ത്വയാ ഗമിഷ്യാമി വനമദ്യ ന സംശയഃ
നാഹം ശക്യാ മഹാഭാഗ നിവൎത്തയിതുമുദ്യതാ. 14

"മഹാഭാഗ!	"പുണ്യാത്മാവായുള്ളോവേ!	സംശയഃ ന;	സംശയമില്ല;
ത്വയാ സഹ	നിന്തിരുവടിയോടുകൂടെ	ഉദ്യതാ	അതിന്നായി തുനിഞ്ഞിരിക്കുന്ന
അദ്യ	ഇപ്പോൾ	അഹം	ഞാൻ
വനം	കാട്ടിലേക്ക്	നിവൎത്തയിതും	തടഞ്ഞുനിൎത്തപ്പെടുവാൻ
ഗമിഷ്യാമി;	ഞാൻ വരും;	ന ശക്യാ.	ശക്യയല്ല.

ഫലമൂലാശനാ നിത്യം ഭവിഷ്യാമി ന സംശയഃ
ന തേ ദുഃഖം കരിഷ്യാമി നിവസന്തീ സഹ ത്വയാ. 15

"ഫലമൂലാശനാ,	"കായ്കനികൾ തിന്നുന്നവളായി	തേ	നിന്തിരുവടിക്ക്
ത്വയാ സഹ	നിന്തിരുവടിയോടുംകൂടി	ദുഃഖം	യാതൊരു ബുദ്ധിമുട്ടും
നിത്യം	സദാ	കരിഷ്യാമി ന;	ഞാൻ ഉണ്ടാക്കുകയില്ല;
നിവസന്തീ,	വൎത്തിക്കുന്നവളായി	സംശയഃ ന.	നിന്തിരുവടിക്ക് യാതൊരു സംശയവും വേണ്ടതില്ല.
ഭവിഷ്യാമി;	ഞാൻ ഇരിക്കുന്നുണ്ട്;		

ഇച്ഛാമി സരിതഃ ശൈലാൻ പല്വലാനി വനാനി ച
ദ്രഷ്ടും സർവ്വത്ര നിർഭീതാ ത്വയാ നാഥേന ധീമതാ. 16

"ധീമതാ	"ബുദ്ധിമാനും	സരിതഃ	നദികളേയും
നാഥേന	പ്രാണനാഥനും ആയ	ശൈലാൻ	മലകളേയും
ത്വയാ	നിന്തിരുവടിയോടുകൂടി	പല്വലാനി	പൊയ്കകളേയും
നിർഭീതാ,	ഭയരഹിതയായി	വനാനി ച	കാടുകളേയും
സർവ്വത്ര	അവിടവിടെയുള്ള	ദ്രഷ്ടും	കണ്ടാനന്ദിപ്പാൻ
		ഇച്ഛാമി.	ഞാൻ ആഗ്രഹിക്കുന്നു.

ഹംസകാരണ്ഡവാകീർണ്ണാഃ പത്മിനീഃ സാധുപുഷ്പിതാഃ
ഇച്ഛേയം സുഖിനീ ദ്രഷ്ടും ത്വയാ വീരേണ സംഗതാ. 17

"വീരേണ	"ഭർത്താവായ	സാധുപുഷ്പിതാഃ	ഭംഗിയിൽ പൂത്തുനില്ക്കുന്നവയും ആയ
ത്വയാ	നിന്തിരുവടിയോടു	പത്മിനീഃ	താമരപ്പൊയ്കകളെ
സംഗതാ	ഒന്നിച്ച്	ദ്രഷ്ടും	കണ്ടാനന്ദിപ്പാൻ
സുഖിനീ,	സുഖിതയായി,	ഇച്ഛേയം.	ഞാൻ ആശിക്കുന്നു.
ഹംസകാരണ്ഡവാകീർണ്ണാഃ	ഹംസങ്ങളും കുളക്കോഴികളും നിറഞ്ഞവയും		

അഭിഷേകം കരിഷ്യാമി താസു നിത്യം യതവ്രതാ
സഹ ത്വയാ വിശാലാക്ഷ രംസ്യേ പരമനന്ദിനീ. 18

"വിശാലാക്ഷ!	"സർവ്വജ്ഞനായുള്ളോവേ!	പരമനന്ദിനീ,	പരമസന്തുഷ്ടയായി,
ത്വയാ	നിന്തിരുവടിയോടു കൂടി	താസു	അവയിൽ
നിത്യം	എല്ലായ്പോഴും	അഭിഷേകം കരിഷ്യാമി!	ഞാൻ നീരാടും!
സഹ,	വർത്തിക്കുന്നവളായി,	രംസ്യേ.	ഉത്സാഹത്തോടെ കാലം കഴിക്കും.
യതവ്രതാ	മോക്ഷത്തെ നൽകുന്നതായ ധർമ്മാനുഷ്ഠാനത്തോടു കൂടിയവളായി		

ഏവം വർഷസഹസ്രാണാം ശതം വാഽഹം ത്വയാ സഹ
വ്യതിക്രമം ന വേത്സ്യാമി സ്വർഗ്ഗോഽപി ന ഹി മേ മതഃ. 19

"ഏവം	"ഇപ്രകാരം	വേത്സ്യാമി ന;	അറിയാതെതന്നെ കഴിച്ചുകൂട്ടും;
ത്വയാ സഹ	നിന്തിരുവടിയോടുകൂടി	സ്വർഗ്ഗഃ അപി	സ്വർഗ്ഗമെന്നിരുന്നാലും
അഹം	ഞാൻ,	മേ	എനിക്ക്
ശതം വർഷസഹസ്രാണാം വാ	അനേകായിരം സംവത്സരങ്ങളെന്നാലും	മതഃ ന	വല്യതല്ല;
വ്യതിക്രമം	കഴിഞ്ഞുപോകുന്നത്	ഹി.	നിശ്ചയം.

സ്വർഗ്ഗേഽപി ച വിനാ വാസോ ഭവിതാ യദി രാഘവ
ത്വയാ മമ നരവ്യാഘ്ര നാഹം തമപി രോചയേ. 20

"നരവ്യാഘ്ര!	"പുരുഷോത്തമ!	വാസഃ	വാസം എന്നുള്ളത്
രാഘവ!	ശ്രീരാഘവ!	ഭവിതാ യദി	ഉണ്ടാകുന്നതായാൽ
സ്വർഗ്ഗേ അപി ച	സ്വർഗ്ഗത്തിലുംകൂടി	തം അപി	അതിനേയും
ത്വയാ വിനാ	നിന്തിരുവടിയെ വിട്ട്	അഹം	ഞാൻ
മമ	എനിക്ക്	രോചയേ ന.	അനുഗ്രഹിക്കുന്നില്ല.

അഹം ഗമിഷ്യാമി വനം സുദുർഗ്ഗമം
മൃഗായുതം വാനരവാരണൈര്യുതം
വനേഽപി വത്സ്യാമി യഥാ പിതുർഗൃഹേ
തവൈവ പാദാവുപഗൃഹ്യ സർവ്വദാ. 21

"മൃഗായുതം,	"മൃഗങ്ങൾ നിറഞ്ഞുള്ളതും,	വനേ അപി	കാട്ടിലും
		സർവ്വദാ	എപ്പോഴും
വാനര-വാരണൈഃ	കപികൾ, ആനകൾ എന്നിവയോടു	തവ	നിന്തിരുവടിയുടെ
		പാദൌ ഏവ	തൃപ്പാദയുഗളത്തെ [ത്തന്നെ
യുതം,	കൂടിയതും,	ഉപഗൃഹ്യ	ആശ്രയിച്ച്
സുദുർഗ്ഗമം	ഗഹനവുമായ	പിതുഃ	പിതാവിന്റെ
വനം	വനത്തിലേക്ക്	ഗൃഹേ യഥാ	ഗൃഹത്തിലെന്നവണ്ണം
അഹം	ഞാൻ	വത്സ്യാമി.	സുഖമായി കഴിച്ചുകൂട്ടും.
ഗമിഷ്യാമി;	കൂടെവരും;		

അനന്യഭാവാമനുരക്തചേതസം
ത്വയാ വിയുക്താം മരണായ നിശ്ചിതാം
നയസ്വ മാം സാധു കുരുഷ്വ യാചനാം
ന തേ മയാഽതോ ഗുരുതാ ഭവിഷ്യതി. 22

"അനുരക്ത-ചേതസം	"ചിത്തത്തിൽ ഭക്തിയോടുകൂടി	മാം	എന്നെ
		നയസ്വ;	കൂട്ടിക്കൊണ്ടുപോയാലും;
അനന്യഭാവാം,	മററൊന്നിനേയും ധ്യാനിക്കാത്തവളും,	യാചനാം	പ്രാർത്ഥനയെ
		സാധു	ധർമ്മാനുസൃതമായി
ത്വയാ വിയുക്താം	നിന്തിരുവടിയെ പിരിഞ്ഞിരിക്കുക എന്നുവന്നാൽ	കുരുഷ്വ,	നിറവേററിയാലും,
		അതഃ	അതിനാൽ
		തേ	നിന്തിരുവടിക്ക്
മരണായ	മരിപ്പാൻ	മയാ	എന്നെക്കൊണ്ട്
നിശ്ചിതാം	തീർച്ചയാക്കിയിരിക്കുന്നവളുമായ	ഗുരുതാ	ബുദ്ധിമുട്ടെന്നുള്ളത്
		ഭവിഷ്യതി ന."	ഉണ്ടാവുകയില്ല."

["ത്വയാ വിയുക്താം" എന്നതുകൊണ്ട് വരുവാൻപോകുന്ന വേർപാടിനേയും, "മരണായ നിശ്ചിതാം" എന്നതുകൊണ്ട് തലമുടികെട്ടി തൂങ്ങിമരിപ്പാൻ തീർച്ചയാക്കുന്നതിനേയും, "അനന്യഭാവാമനുരക്തചേതസം," എന്നതുകൊണ്ട് രാവണൻ അപഹരിച്ചാലും ഭഗവാങ്കൽതന്നെ ചിത്തത്തെ വെച്ചുകൊണ്ടിരിക്കുന്നതിനേയും, "നയസ്വ" എന്നതുകൊണ്ട് ഹനുമത്പ്രേഷണാദികൊണ്ട്തന്നെ നയിക്കുന്നതിനേയും, "യാചനാം" എന്നതുകൊണ്ട് ദേവന്മാരാൽ ചെയ്യപ്പെട്ട രാവണപ്രാർത്ഥനയേയും സൂചിപ്പിക്കുന്നു. എന്ന് ഗൊ. രാ.]

തഥാ ബ്രുവാണാമപി ധമ്മവത്സലോ
ന ച സ്മ സീതാം നൃവരോ നിനീഷതി
ഉവാച ചൈനാം ബഹു സംനിവത്തനേ
വനേ നിവാസസ്യ ച ദുഃഖിതാം പ്രതി 23

ധമ്മവത്സലഃ ച	ധമ്മവത്സലനും
നൃവരഃ	പുരുഷോത്തമനും ആയ അദ്ദേഹം,
ദുഃഖിതാം	ദുഃഖിച്ചുവളായി
തഥാ	ഇപ്രകാരം
ബ്രുവാണാം ച	യാചിക്കുന്നവളായ
ഏനാം	ഈ
സീതാം	സീതാദേവിയെ
അപി	എന്തായാലും
നിനീഷതി സ്മ ന;	കൂടെക്കൊണ്ടു പോകുവാൻ ആഗ്രഹിച്ചില്ല;
വനേ	കാട്ടിൽ
നിവാസസ്യ	കൂടെ വസിപ്പാനുള്ള വിചാരത്തെ
സംനിവത്തനേ പ്രതി	മാററുന്ന സംഗതിയിൽ
ബഹു ച	പലവാററായി
ഉവാച.	ആലോചിച്ചു.

ഇത്യാഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
സപ്തവിംശഃ സഗ്ഗഃ = ഇരുപത്തേഴാംസഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3568; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1213.

അഷ്ടാവിംശഃ സഗ്ഗഃ = ഇരുപത്തെട്ടാംസഗ്ഗം

[വനവാസദുഃഖകഥനം = വനവാസദുഃഖത്തെക്കുറിച്ച് പറയുന്നത്.]

സ ഏവം ബ്രുവതീം സീതാം ധമ്മജ്ഞോ ധമ്മവത്സലഃ
ന നേതും കുരുതേ ബുദ്ധിം വനേ ദുഃഖാനി ചിന്തയൻ. 1

ധമ്മജ്ഞഃ	ധമ്മജ്ഞനും
ധമ്മവത്സലഃ	ധമ്മവത്സലനും ആയ
സഃ,	അദ്ദേഹം
ഏവം	ഇപ്രകാരം
ബ്രുവതീം	ഉണത്തിച്ചുവളായ
സീതാം,	സീതാദേവിയെ,
വനേ	കാട്ടിലുള്ള
ദുഃഖാനി	ബുദ്ധിമുട്ടുകളെ
ചിന്തയൻ,	ആലോചിച്ച്
നേതും	കൂടെ കൊണ്ടുപോവാൻ
ബുദ്ധിം കുരുതേ ന.	ഒരുങ്ങാതിരുന്നു.

സാന്ത്വയിത്വാ തതസ്താം തു ബാഷ്പദൂഷിതലോചനാം
നിവത്തനാത്ഥേ ധമ്മാത്മാ വാക്യമേതദുവാച ഹ. 2

ധമ്മാത്മാ	ധമ്മാത്മാവായ അദ്ദേഹം
തതഃ	അപ്പോൾ
ബാഷ്പദൂഷിതലോചനാം ഹ	കണ്ണീർനിറഞ്ഞ നേത്രങ്ങളോടുകൂടിയവളായ
താം	അവളെ
സാന്ത്വയിത്വാ	സമാധാനപ്പെടുത്തി
നിവത്തനാത്ഥേ തു	കൂടെ വരുവാനുള്ള ഉദ്ദേശത്തിൽനിന്ന് പിൻതിരിക്കുവാനായി
ഏതത്	ഇപ്രകാരം
വാക്യം	വാക്യത്തെ
ഉവാച.	അരുളിച്ചെയ്തു.

സീതേ മഹാകുലീനാഽസി ധർമ്മേ ച നിരതാ സദാ
ഇഹാചര സ്വധർമ്മം ത്വം മമ കൃത്വാ മനഃസുഖം. 3

"സീതേ!	"സീതേ!	മമ	എന്റെ
മഹാകുലീനാ	ഉത്കൃഷ്ടകുലജാതയാ	മനഃസുഖം	മനസ്സിന്നു ഇഷ്ടമായ
ത്വം	നീ [യ	സദാ	എപ്പോഴും [തിനെ
ധർമ്മേ	ധർമ്മത്തിൽ	കൃത്വാ	അനുഷ്ഠിച്ചുകൊണ്ടു്,
നിരതാ	ശ്രദ്ധയോടുകൂടിയവൾ	ഇഹ	ഇവിടെ
അസി;	ആണല്ലോ;	സ്വധർമ്മം	സ്വധർമ്മത്തെ
ച	ആകയാൽ	ആചര.	അനുഷ്ഠിക്കുക.

സീതേ യഥാ ത്വാം വക്ഷ്യാമി തഥാ കാര്യം ത്വയാഽബലേ
വനേ ദോഷാ ഹി ബഹവോ വദതസ്താന്നിബോധ മേ. 4

"അബലേ!	"സുകുമാരഗാത്രിയായ	കാര്യം;	ചെയ്യപ്പെടേണ്ടതാകുന്നു;
സീതേ!	സീതേ!	വനേ ഹി	കാട്ടിലെന്നുവെച്ചാൽ
ത്വാം	ഭവതിയോടു്	ദോഷാഃ	ദുഃഖങ്ങൾ
യഥാ	എപ്രകാരം	ബഹവഃ;	അനേകങ്ങളാകുന്നു;
വക്ഷ്യാമി	ഞാൻ ഉരചെയ്യുന്നു	താൻ	അവയെ
	വൊ	വദതഃ	വിസ്തരിച്ചു് കഥിക്കുന്ന
തഥാ	അപ്രകാരം,	മേ	എനിക്കു്
ത്വയാ	ഭവതിയാൽ	നിബോധ.	ശ്രദ്ധിച്ചാലും.

സീതേ വിമുച്യതാമേഷാ വനവാസകൃതാ മതിഃ
ബഹുദോഷം ഹി കാന്താരം വനമിത്യഭിധീയതേ. 5

"സീതേ!	"സീതേ!	കാന്താരം	മനുഷ്യസഞ്ചാരഹീന
വനവാസകൃതാ	വനത്തിൽ വസിക്കേ		മായും
ഏഷാ മതിഃ	ഈ ബുദ്ധി [ണമെന്നുള്ള	ഹി	ഇരിക്കുന്നതിനാലാണ്
വിമുച്യതാം;	ഉപേക്ഷിക്കപ്പെടട്ടെ;	വനം	വനം
ബഹുദോഷം	അനേകബുദ്ധിമുട്ടുകളു	ഇതി	എന്നു്
	ള്ളതായും	അഭിധീയതേ.	പറയപ്പെടുന്നതു്.

ഹിതബുദ്ധ്യാ ഖലു വചോ മയൈതദഭിധീയതേ
സദാ സുഖം ന ജാനാമി ദുഃഖമേവ സദാ വനം. 6

"ഏതത്	"ഈ	വനം	കാടു്
വചഃ	വാക്കു്	സദാ	ഒരിക്കലും
മയാ	എന്നാൽ	സുഖം	സൌഖ്യപ്രദമാണെന്നു്
ഹിതബുദ്ധ്യാ }	നന്മയെ ഉദ്ദേശിച്ചു്	ന ജാനാമി	ഞാൻ കരുതുന്നില്ല;
ഖലു }	മാത്രമാണ്	സദാ	എല്ലായ്പ്പോഴും
അഭിധീയതേ;	പറയപ്പെടുന്നതു്;	ദുഃഖം ഏവ.	ദുഃഖകരംതന്നെ.

ഗിരിനിർഝരസംഭൂതാ ഗിരികന്ദരവാസിനാം
സിംഹാനാം നിനദാ ദുഃഖാഃ ശ്രോതും ദുഃഖമതോ വനം 7

"ഗിരി-	മലയരുവികൾമൂലം	നിനദാഃ	ശബ്ദങ്ങൾ
നിർഝര-	ഉണ്ടാകുന്നവയും,	ശ്രോതും	കേൾപ്പാൻ
സംഭൂതാഃ,		ദുഃഖാഃ;	അതിഘോരങ്ങളായവ
ഗിരികന്ദര-	ഗിരിഗഹ്വരങ്ങളിൽ	അതഃ	അതിനാൽ [യാകുന്നു;
വാസിനാം	വസിക്കുന്ന	വനം	കാട്
സിംഹാനാം	സിംഹങ്ങളുടേതും ആയ	ദുഃഖം.	ദുഃഖപ്രദംതന്നെ.

ക്രീഡമാനാശ്ച വിസ്രബ്ധാ മത്താഃ ശൂന്യേ മഹാമൃഗാഃ
ദൃഷ്ട്വാ സമഭിവൎത്തന്തേ സീതേ ദുഃഖമതോ വനം. 8

"സീതേ!	"സീതേ!	മഹാമൃഗാഃ,	വൻ മൃഗങ്ങൾ,
ശൂന്യേ	മനുഷ്യസഞ്ചാരമില്ലാ	ദൃഷ്ട്വാ ച	കണ്ട ഉടനെ
	ത്തടിക്കിൽ	സമഭിവൎത്തന്തേ;	നേൎക്കോടിയെത്തും;
വിസ്രബ്ധാഃ	നിർഭയമായി	അതഃ	അതിനാൽ
മത്താഃ	മദിച്ചു പുളച്ച്	വനം	കാട്
ക്രീഡമാനാഃ	കളിക്കുന്നവയായ	ദുഃഖം.	ദുഃഖകരമാകുന്നു.

സഗ്രാഹാഃ സരിതശ്ചൈവ പങ്കവത്യശ്ച ദുസ്തരാഃ
മത്തൈരപി ഗജൈൎന്നിത്യം സീതേ ദുഃഖമതോ വനം. 9

"സീതേ!	"സീതേ!	ദുസ്തരാഃ;	കടക്കപ്പെട്ടുവാൻ കഴി
സരിതഃ	നദികൾ [യായി,		യാത്തവയാകുന്നു;
സഗ്രാഹാഃ ച	മുതലകളോടു കൂടിയവ-	അതഃ	അതിനാൽ
പങ്കവത്യഃ ച	ചേറുള്ളവയായി,	വനം	കാട്
മത്തൈഃ	മദിച്ച	നിത്യം ഏവ	എതുകാലത്തും
ഗജൈഃ അപി	ആനകളാലും കൂടി	ദുഃഖം.	ദുഃഖകരം തന്നെ.

ലതാകണ്ടകസംകീൎണ്ണാഃ കൃകവാകൂപനാദിതാഃ
നിരപാശ്ച സുദുൎഗ്ഗാശ്ച മാൎഗ്ഗാ ദുഃഖമതോ വനം. 10

"മാൎഗ്ഗാഃ	"നടക്കുന്നവഴികളെ	കൃകവാകൂപ-	കാട്ടുകോഴികളാൽ ശ
	ല്ലാം	നാദിതാഃ;	ബ്ദിക്കപ്പെട്ടവ;
ലതാകണ്ടക-	വള്ളികളും മുള്ളുകളും	നിരപാഃ ച;	കുടിപ്പാൻ വെള്ളംകൂടി
സംകീൎണ്ണാഃ	നിറഞ്ഞവയായി	അതഃ	അതിനാൽ [കിട്ടാത്തവ;
സുദുൎഗ്ഗാഃ;	നടപ്പാൻ കഷ്ടമുള്ളവ	വനം	കാട്ട്
	യാകുന്നു;	ദുഃഖം.	ദുഃഖപ്രദമാകുന്നു.

സുപ്യതേ പൎണ്ണശയ്യാസു സ്വയം ഭഗ്നാസു ഭൂതലേ
രാത്രിഷു ശ്രമഖിന്നേന സീതേ ദുഃഖമതോ വനം 11

"സീതേ!	"സീതേ!
ശ്രമഖിന്നേന	ക്ഷീണംകൊണ്ട് കഷ്ടപ്പെട്ട ഒരുവനാൽ
രാത്രിഷു	രാത്രികാലങ്ങളിൽ
ഭൂതലേ	നിലത്ത്
സ്വയം	സ്വയമായി
ഭഗ്നാസു	കൊഴിഞ്ഞുവീണവയായ
പർണ്ണശയ്യാസു	ഇലകളാകുന്ന ശയ്യകളിൽ
സുപ്യതേ;	നിദ്രചെയ്യപ്പെടേണ്ടതാണ്;
അതഃ	ആകയാൽ
വനം	കാട്
ദുഃഖം.	ദുഃഖപ്രദമാകുന്നു.

അഹോരാത്രം ച സന്തോഷഃ കർത്തവ്യോ നിയതാത്മനാ
ഫലൈർവൃക്ഷാവപതിതൈഃ സീതേ ദുഃഖമതോ വനം. 12

"സീതേ!	"സീതേ!
നിയതാത്മനാ	ജിതേന്ദ്രിയനായ ഒരുവനാൽ
അഹോരാത്രം ച	രാവുപകൽ
വൃക്ഷാവപതിതൈഃ	മരങ്ങളിൽനിന്ന് പഴുത്തുവീണ
ഫലൈഃ	പഴങ്ങളെക്കൊണ്ട്
സന്തോഷഃ	ആഹാരസംതൃപ്തി
കർത്തവ്യഃ;	പ്രാപിക്കപ്പെടേണ്ടതാകുന്നു;
അതഃ	അതിനാൽ
വനം	കാട്
ദുഃഖം.	ദുഃഖകരമാകുന്നു.

ഉപവാസശ്ച കർത്തവ്യോ യഥാപ്രാണേന മൈഥിലി
ജടാഭാരശ്ച കർത്തവ്യോ വല്ക്കലാംബരധാരിണാ. 13

"മൈഥിലി!	"മൈഥിലി!
വല്ക്കലാംബരധാരിണാ	മരവുരിയുടുത്ത ഒരുവനാൽ
യഥാപ്രാണേന	യഥാശക്തി
ഉപവാസഃ ച	ആഹാരമില്ലാതെതന്നെ ഉപവാസമായും
കർത്തവ്യഃ;	വർത്തിക്കപ്പെടേണ്ടതാകുന്നു;
ജടാഭാരഃ ച	തലമുടി പിരിച്ച് ജടയാക്കി
കർത്തവ്യഃ.	ധരിക്കപ്പെടേണ്ടതും ആകുന്നു.

ദേവതാനാം പിതൄണാം ച കർത്തവ്യം വിധിപൂർവ്വകം
പ്രാപ്താനാമതിഥീനാം ച നിത്യശഃ പ്രതിപൂജനം. 14

"ദേവതാനാം	"ദേവകൾക്കും,
പിതൄണാം ച	പിതൃക്കൾക്കും,
പ്രാപ്താനാം	വന്നുചേർന്നവരായ
അതിഥീനാം ച	അതിഥികൾക്കും
നിത്യശഃ	ഏതു സമയത്തിലും
വിധിപൂർവ്വകം	ശാസ്ത്രപ്രകാരം
പ്രതിപൂജനം	അതിഥിസൽക്കാരം
കർത്തവ്യം.	ചെയ്യപ്പെടേണ്ടതാകുന്നു.

കാർയ്യസ്ത്രിരഭിഷേകശ്ച കാലേ കാലേ ച നിത്യശഃ
ചരതാ നിയമേനൈവ തസ്മാദ്ദുഃഖതരം വനം. 15

"നിത്യശഃ ഏവ	"നാൾതോറും
ത്രിഃ ച	മൂന്നു പ്രാവശ്യം
കാലേ കാലേ ച	അതാത് ഉചിതസമയങ്ങളിൽ
അഭിഷേകഃ	സ്നാനം എന്നത്,
നിയമേന	നിയമത്തോടുകൂടി
ചരതാ	വർത്തിക്കുന്നഒരുവനാൽ
കാർയ്യഃ;	ചെയ്യപ്പെടേണ്ടതാകുന്നു;
തസ്മാത്	ആകയാൽ
വനം	വനം
ദുഃഖതരം.	അതിദുഃഖകരമാകുന്നു.

ഉപഹാരശ്ച കൎത്തവ്യഃ കുസുമൈഃ സ്വയമാഹൃതൈഃ
ആൎഷേണ വിധിനാ വേദ്യാം ബാലേ ദുഃഖമതോ വനം. 16

" ബാലേ!	" കഷ്ടങ്ങളൊന്നും അറിയാത്തവളെ!	ആൎഷേണ	ഋഷിപ്രോക്തമായ
സ്വയം	താൻതന്നെ	വിധിനാ,	വിധിപ്രകാരം,
ആഹൃതൈഃ	അറുത്തുകൊണ്ടുവന്ന	ഉപഹാരഃ	പൂജ
കുസുമൈഃ ച	പുഷ്പങ്ങളെക്കൊണ്ടു്,	കൎത്തവ്യഃ;	ചെയ്യപ്പെടേണ്ടതാകുന്നു;
വേദ്യാം	വേദിയിൽ	അതഃ	അതിനാൽ
		വനം ദുഃഖം.	കാട്ടു് ദുഃഖകരമാകുന്നു.

യഥാലബ്ധേന കൎത്തവ്യഃ സന്തോഷസ്തേന മൈഥിലി
യതാഹാരൈൎവ്വനചരൈൎന്നിത്യം ദുഃഖമതോ വനം. 17

" മൈഥിലി!	മൈഥിലി!	നിത്യം	എല്ലായ്പോഴും
വനചരൈഃ	വനവാസികളാൽ,	സന്തോഷഃ	ആഹാരസംതൃപ്തി
യതാഹാരൈഃ	നിയതമായ ആഹാരത്തോടുകൂടിയവരായി,	കൎത്തവ്യഃ;	കയ്ക്കൊള്ളേണ്ടതാകുന്നു;
യഥാലബ്ധേന	തത്കാലം കിട്ടിയതു് ഏതൊ	അതഃ	അതിനാൽ
തേന,	അതുകൊണ്ടു്,	വനം	വനവാസം
		ദുഃഖം.	ദുഃഖകരംതന്നെ.

അതീവ വാതാസ്തിമിരം ബുഭുക്ഷാ ചാത്ര നിത്യശഃ
ഭയാനി ച മഹാന്ത്യത്ര തതോ ദുഃഖതരം വനം. 18

" അത്ര	" ഇവിടെ	അത്ര	ഇവിടെ
നിത്യശഃ	എല്ലായ്പോഴും	ഭയാനി ച	ആപത്തുകളും
വാതാഃ	കൊടുങ്കാററും	മഹാന്തി;	അനേകങ്ങൾ;
തിമിരം	ഇരുട്ടും	തതഃ	അതിനാൽ
ബുഭുക്ഷാ ച	വിശപ്പും	വനം	വനം
അതീവ;	അധികമായിരിക്കും;	ദുഃഖതരം.	അതിദുഃഖകരമാകുന്നു.

സരീസൃപാശ്ച ബഹവോ ബഹുരൂപാശ്ച ഭാമിനി
ചരന്തി പൃഥിവീം ദൎപ്പാത്തതോ ദുഃഖതരം വനം. 19

" ഭാമിനി!	" സ്നേഹവായ്പാൎന്നുള്ളവളേ!	ദൎപ്പാത്	പതുങ്ങി
ബഹുരൂപാഃ	ക്രൂരന്മാരായ (പലമാതിരിയായ)	പൃഥിവീം ച	നിലത്തു്
ബഹവഃ സരീസൃപാഃ ച	അനവധി മലമ്പാമ്പുകളും (ഇഴജാതികളും)	ചരന്തി;	ഇഴയും;
		തതഃ	അതിനാൽ
		വനം	കാടു്
		ദുഃഖതരം.	അത്യന്ത ദുഃഖകരമാകുന്നു.

നദീനിലയനാഃ സൎപ്പാ നദീകുടിലഗാമിനഃ
തിഷ്ഠന്ത്യാവൃത്യ പന്ഥാനം തതോ ദുഃഖതരം വനം. 20

"നദീ-നിലയനാഃ	"പുഴയോരങ്ങളിൽ വസിക്കുന്നവയും	പന്ഥാനം	വഴി
"നദീകുടില-ഗാമിനഃ	പുഴപോലെത്തന്നെ വളഞ്ഞുപിരിഞ്ഞു ഗമിക്കുന്നവയും ആയ	ആവൃത്യ	മുടക്കിക്കൊണ്ടു്
		തിഷ്ഠന്തി;	കിടക്കും;
		തതഃ	അതിനാൽ
		വനം	വനം
സൎപ്പാഃ	സൎപ്പങ്ങൾ	ദുഃഖതരം.	അതിദുഃഖതരംതന്നെ.

പതങ്ഗാ വൃശ്ചികാഃ കീടാ ദംശാശ്ച മശകൈഃ സഹ
ബാധന്തേ നിത്യമബലേ സൎവ്വം ദുഃഖമതോ വനം. 21

"പതങ്ഗാഃ	"പാററകളും	ബാധന്തേ;	പീഡയുണ്ടാക്കും;
വൃശ്ചികാഃ	തേളുകളും	അബലേ!	നാരീമൌലിയായവളേ!
കീടാഃ	പുഴുക്കളും	അതഃ	അതിനാൽ
മശകൈഃ സഹ	കൊതുക്കളോടുകൂടിയ	വനം	വനം
ദംശാഃ ച	കാട്ടീച്ചകളും	സൎവ്വം	എല്ലാംകൊണ്ടും
നിത്യം	എപ്പോഴും	ദുഃഖം.	ദുഃഖകരംതന്നെ.

ദ്രുമാഃ കണ്ടകിനശ്ചൈവ കുശകാശാശ്ച ഭാമിനി
വനേ വ്യാകുലശാഖാഗ്രാസ്തേന ദുഃഖതരം വനം. 22

"ഭാമിനി!	"പ്രേമവായ്പുള്ളവളേ!	വ്യാകുല-ശാഖാഗ്രാഃ;	തഴഞ്ഞകൊമ്പുകളും അഗ്രങ്ങളും ഉള്ളവയായിരിക്കും;
വനേ	കാട്ടിൽ		
കണ്ടകിനഃ ദ്രുമാഃ ച	മുള്ളൻ മരങ്ങളും	തേന	അതിനാൽ
		വനം	കാട്ടു്
കുശകാശാഃ ച ഏവ	ദൎഭകളും ഞാങ്ങണപ്പുല്ലുകളും	ദുഃഖതരം.	അതിദുഃഖപ്രദമാകുന്നു.

കായക്ലേശാശ്ച ബഹവോ ഭയാനി വിവിധാനി ച
അരണ്യവാസേ വസതോ ദുഃഖമേവ സദാ വനം. 23

"അരണ്യവാസേ	"കാട്ടിൽ വസിക്കുന്നതിൽ	ഭയാനി ച	ആപത്തുകളും
		വിവിധാനി;	എത്രയെന്നില്ല;
വസതഃ	കാലംകഴിക്കുന്ന ഒരു	സദാ	അതിനാൽ എപ്പോഴും
കായക്ലേശാഃ ച	കായക്ലേശങ്ങളും [വന്നു്	വനം	വനവാസം
ബഹവഃ;	അനവധിയുണ്ടാകും;	ദുഃഖം ഏവ.	ദുഃഖകരംതന്നെ.

ക്രോധലോഭൗ വിമോക്തവ്യൗ കർത്തവ്യാ തപസേ മതിഃ
ന ഭേതവ്യം ച ഭേതവ്യേ നിത്യം ദുഃഖമതോ വനം. 24

"ക്രോധലോഭൗ	"ക്രോധം, ആശ എന്ന രണ്ടും	ഭേതവ്യേ ച	ഭയമുണ്ടാക്കുന്നവയിൽ
വിമോക്തവ്യൗ;	ത്യജിക്കപ്പെടേണ്ടവയാകുന്നു;	ഭേതവ്യം ന	ഭയം പാടുള്ളതല്ല
തപസേ	തപസ്സിന്നായിക്കൊണ്ടു്	അത്	അതിനാൽ
മതിഃ	മനസ്സ്	വനം	വനം
കർത്തവ്യാ;	ഏൎപ്പെട്ടിരിക്കേണ്ടതാകുന്നു;	നിത്യം	എന്നും
		ദുഃഖം.	ദുഃഖകരമാകുന്നു.

തദലം തേ വനം ഗത്വാ ക്ഷമം ന ഹി വനം തവ
വിമൃശന്നിഹ പശ്യാമി ബഹുദോഷതരം വനം. 25

"ഇഹ	"ഈ സംഗതിയെക്കുറിച്ച്	തവ	ഭവതിക്ക്
വിമൃശൻ	നല്ലപോലെ പൎയ്യാലോചനചെയ്യുന്നവനായി	വനം ഹി	വനവാസംതന്നെ
വനം	വനവാസമെന്നുള്ളതു്	ക്ഷമം ന;	ഒക്കുകയില്ല;
ബഹുദോഷതരം	വളരെ ബുദ്ധിമുട്ടുകളെ ഉണ്ടാക്കുന്നതെന്നു്	തത്	അതിനാൽ
പശ്യാമി;	ഞാൻ നല്ലവണ്ണം അറിയുന്നുണ്ടു്;	വനം	കാട്ടിലേക്ക്
		ഗത്വാ	പോകുന്നതിൽ
		തേ	ഭവതിക്കുള്ള ആഗ്രഹത്തെ
		അലം."	മതിയാക്കുക."

വനം തു നേതും ന കൃതാ മതിസ്തദാ
ബഭൂവ രാമേണ തദാ മഹാത്മനാ
ന തസ്യ സീതാ വചനം ചകാര തത്
തതോऽബ്രവീദ്രാമമിദം സുദുഃഖിതാ. 26

സീതാ	സീതാദേവി	തസ്യ	അദ്ദേഹത്തിന്റെ
തദാ	ആ സമയം	തത്	ആ
മഹാത്മനാ	മഹാത്മാവായ	വചനം	വാക്കിന്നു്
രാമേണ,	ശ്രീരാമനാൽ,	ചകാര ന;	വഴിപ്പെട്ടില്ല;
വനം	കാട്ടിലേക്ക്	തതഃ	അതിനാൽ
നേതും ന	കൂട്ടിക്കൊണ്ടുപോകാതിരിക്കുന്നതിൽ	രാമം	ശ്രീരാമനോടായി
മതിഃ	ഉദ്ദേശം	'സുദുഃഖിതാ'	'ഞാൻ വളരെ കഷ്ടദശയിലാണിരിക്കുന്നത്,'
കൃതാ	വെച്ചിരിക്കപ്പെട്ടതായി		
ബഭൂവ;	ധരിച്ചു;	ഇദം തു	എന്ന ഒരു വാക്കുമാത്രം
തദാ	അപ്രകാരമിരുന്നിട്ടും	അബ്രവീത്.	അരുളിച്ചെയ്തു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
അഷ്ടാവിംശഃ സൎഗ്ഗഃ = ഇരുപത്തെട്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3594; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1239.

ഏകോനത്രിംശഃ സൎഗ്ഗഃ = ഇരുപത്തൊമ്പതാംസൎഗ്ഗം.

[വനാനുഗമനയാച്ഞാ നിർബ്ബന്ധഃ = സീത കാട്ടിലേക്കു കൂടെവരുമെന്ന് നിർബ്ബന്ധിക്കുന്നത്.]

ഏതത്തു വചനം ശ്രുത്വാ സീതാ രാമസ്യ ദുഃഖിതാ
പ്രസക്താശ്രുമുഖീ മന്ദമിദം വചനമബ്രവീത്. 1

സീതാ	സീതാദേവി
രാമസ്യ	ശ്രീരാമന്റെ
ഏതത്	ഈ
വചനം	നിർദ്ദേശത്തെക്കുറിച്ച്
ശ്രുത്വാ തു,	വളരെ ആലോചന ചെയ്തിട്ടും,
ദുഃഖിതാ,	മാഴ്കിയവളായി,

പ്രസക്താശ്രു-മുഖീ	ധാരധാരയായി ഒഴുകുന്ന കണ്ണീരാന്ന വദനത്തോടുകൂടിയവളായി
ഇദം വചനം	ഇപ്രകാരം വാക്യത്തെ
മന്ദം	തന്റെ ആജ്ഞയെ ധിക്കരിക്കുന്നു എന്നു തോന്നാതിരിക്കുമാറ് മെല്ലെന്ന്,
അബ്രവീത്.	അരുളിച്ചെയ്തു.

യേ ത്വയാ കീൎത്തിതാ ദോഷാ വനേ വസ്തവ്യതാം പ്രതി
ഗുണാനിത്യേവ താൻ മന്യേ തവ സ്നേഹപുരസ്കൃതാ. 2

"വനേ വസ്തവ്യതാം പ്രതി	"വനത്തിൽ വാസംചെയ്യുന്നതിനെക്കുറിച്ച്
ത്വയാ	നിന്തിരുവടിയാൽ
കീൎത്തിതാഃ	അരുളിച്ചെയ്യപ്പെട്ട
ദോഷാഃ	ബുദ്ധിമുട്ടുകൾ
യേ	യതൊരുവയോ

താൻ,	അവയെ,
തവ	നിന്തിരുവടിയുടെ
സ്നേഹ-പുരസ്കൃതാ,	ദയയ്ക്കു പാത്രീഭവിച്ചവളായ ഞാൻ,
ഇതി ഏവ,	ഇക്കാരണത്താൽ തന്നെ,
ഗുണാൻ	നന്മകളെന്ന്
മന്യേ.	കരുതുന്നു.

മൃഗാഃ സിംഹാ ഗജാശ്ചൈവ ശാൎദ്ദൂലാഃ ശരഭാസ്തഥാ
പക്ഷിണഃ സൃമരാശ്ചൈവ യേ ചാന്യേ വനചാരിണഃ 3
അദൃഷ്ടപൂൎവ്വരൂപത്വാത്സൎവ്വേ തേ തവ രാഘവ
രൂപം ദൃഷ്ട്വാഽപസൎപ്പേയുൎഭയേ സൎവ്വേ ഹി ബിഭ്യതി. 4

"രാഘവ!	"ശ്രീരാഘവ!
മൃഗാഃ	മാനുകളും
സിംഹാഃ	സിംഹങ്ങളും
ഗജാഃ ച	ആനകളും
ശാൎദ്ദൂലാഃ ഏവ	നരികളും
ശരഭാഃ തഥാ	എട്ടടിമാനുകളും
പക്ഷിണഃ ച	പക്ഷികളും
സൃമരാഃ ഏവ	ചമരിമൃഗങ്ങളും,
വനചാരിണഃ	വനചാരികളായ
അന്യേ യേ	മററുള്ളവ ഏവയൊ
തേ സൎവ്വേ ച,	അവ എല്ലാംതന്നെയും

തവ	നിന്തിരുവടിയുടെ
രൂപം	രൂപത്തെ
ദൃഷ്ട്വാ ഹി	കണ്ട ഉടനെ
അദൃഷ്ടപൂൎവ്വ-രൂപത്വാത്	മുമ്പ് ഇമ്മാതിരി കാണപ്പെട്ടിട്ടില്ലെന്ന കാരണത്താൽ
അപസൎപ്പേയുഃ;	വിലകിപ്പോയ്ക്കളയും;
ഭയേ	ഭയപ്പെടേണ്ട സംഗതിയിൽ
സൎവ്വേ	എല്ലാം
ബിഭ്യതി.	ഭയപ്പെടുകതന്നെ ചെയ്യുന്നു.

ത്വയാ ച സഹ ഗന്തവ്യം മയാ ഗുരുജനാജ്ഞയാ
ത്വദ്വിയോഗേന മേ രാമ ത്യക്തവ്യമിഹ ജീവിതം. 5

"രാമ!	"ശ്രീരാമ!	ഇഹ	ഇക്കാര്യത്തിൽ
ത്വയാ സഹ	നിന്തിരുവടിയോടുകൂടി,	ത്വദ്വിയോഗേന	നിന്തിരുവടിയെ പിരിഞ്ഞിരിക്കുക എന്നുവന്നാൽ
മയാ ച	എന്നാലും	മേ	എനിക്ക്
ഗുരുജനാജ്ഞയാ	അച്ഛനമ്മമാരുടെ കല്പനയെന്നതിനാൽ	ജീവിതം	ജീവനെ
ഗന്തവ്യം;	ഒന്നിച്ചുതന്നെ വരേണ്ടതാകുന്നു;	ത്യക്തവ്യം.	വിട്ടൊഴിക്കേണ്ടതായ്വരും.

ന ഹി മാം ത്വത്സമീപസ്ഥാമപി ശക്നോതി രാഘവ
സുരാണാമീശ്വരഃ ശക്രഃ പ്രധർഷയിതുമോജസാ. 6

"രാഘവ!	"ശ്രീരാഘവ!	ഈശ്വരഃ	നാഥനായ
ത്വത്സമീപസ്ഥാം	നിന്തിരുവടിയുടെ സന്നിധാനത്തിൽ വർത്തിക്കുന്നവളായ	ശക്രഃ അപി	ഇന്ദ്രനുംകൂടി
മാം,	എന്നെ,	ഓജസാ ഹി	ശക്തികൊണ്ടു്
സുരാണാം	ദേവകൾക്ക്	പ്രധർഷയിതും	ഹിംസിപ്പാൻ
		ശക്നോതി ന.	ശക്തനാകയില്ല.

പതിഹീനാ തു യാ നാരീ സാ ന ശക്ഷ്യതി ജീവിതും
കാമമേവംവിധം രാമ ത്വയാ മമ വിദർശിതം. 7

"രാമ!	"ശ്രീരാമചന്ദ്ര!	ശക്ഷ്യതി ന,	തക്കവളല്ലെന്നും,
യാ	ഏതെങ്കിലും	ഏവംവിധം	ഇപ്രകാരമെല്ലാം
നാരീ	ഒരു കുലസ്ത്രീ	ത്വയാ	നിന്തിരുവടിയാൽ
പതിഹീനാ തു	ഭർത്താവിനെ പിരിഞ്ഞവളായിരിക്കുന്നുവെന്നാൽ	മമ	എനിക്ക്
സാ	അവൾ	കാമം	പലവാറു്
ജീവിതും	ജീവനോടിരിപ്പാൻ	വിദർശിതം.	ഉപദേശിക്കപ്പെട്ടിരിക്കുന്നു.

അഥവാऽപി മഹാപ്രാജ്ഞ ബ്രാഹ്മണാനാം മയാ ശ്രുതം
പുരാ പിതൃഗൃഹേ സത്യം വസ്തവ്യം കില മേ വനേ. 8

"മഹാപ്രാജ്ഞ!	"എല്ലാമറിഞ്ഞുള്ളോവേ!	വസ്തവ്യം	വസിക്കേണ്ടിവരുമെന്നു്
അഥവാ,	എന്നുതന്നെയല്ല,	ബ്രാഹ്മണാനാം	ബ്രാഹ്മണരുടെ
പുരാ	പണ്ടേതന്നെ	സത്യം,	പാഴാകാത്ത അരുളപ്പാടു്,
പിതൃഗൃഹേ	പിതൃഗൃഹത്തിൽ	മയാ	എന്നാൽ
മേ	എനിക്ക്	കില	നിശ്ചയമായും
അപി	എപ്രകാരവും ഒരുകാലത്തിൽ	ശ്രുതം.	ശ്രവിക്കപ്പെട്ടിട്ടുണ്ടു്.
വനേ	വനത്തിൽ		

ലക്ഷണിഭ്യോ ദ്വിജാതിഭ്യഃ ശ്രുത്വാഽഹം വചനം ഗൃഹേ
വനവാസകൃതോത്സാഹാ നിത്യമേവ മഹാബല. 9

"മഹാബല! — "മഹാസമൎത്ഥനായുള്ളോവേ!
ഗൃഹേ — കോവിലകത്തിൽ
ലക്ഷണിഭ്യഃ — ജ്യോതിഃശാസ്ത്രവിദഗ്ദ്ധന്മാരായ
ദ്വിജാതിഭ്യഃ — ബ്രാഹ്മണരിൽനിന്നുള്ള
വചനം — വചനത്തെ
ശ്രുത്വാ, — കേട്ടശേഷം,
അഹം — ഞാൻ
നിത്യം ഏവ, — അന്നുമുതൽ എപ്പോഴും
വനവാസകൃതോത്സാഹാ. — വനവാസത്തിൽ ആഗ്രഹം പൂണ്ടവളായ് വൎത്തിക്കയാണ്.

["ബാലത്വേ കരരേഖാം മേ ദൃഷ്ട്വാ കശ്ചിദ്ദ്വിജാഗ്രണീഃ വനപ്രയാണം മാമാഹ സഭൎത്ത്രാ സത്യവാഗ്ദ്വിജഃ" എന്നു ആനന്ദരാമായണം. സാരകാണ്ഡം സൎഗ്ഗം 5.]

ആദേശോ വനവാസസ്യ പ്രാപ്തവ്യഃ സ മയാ കില
സാ ത്വയാ സഹ തത്രാഹം യാസ്യാമി പ്രിയ നാന്യഥാ. 10

"സഃ — "ആയതു്
ആദേശഃ — ദൈവവിധി
കില, — എന്നുള്ള കാരണത്താൽ
മയാ — എന്നാൽ
പ്രാപ്തവ്യഃ; — നിശ്ചയമായും അനുഭവിക്കപ്പെടേണ്ടതാണ്;
പ്രിയ! — പ്രാണനാഥ!
സാ — ആ
അഹം, — ഞാൻ,
തത്ര — അപ്രകാരമുള്ള
വനവാസസ്യ, — വനവാസത്തിന്നായി,
ത്വയാ സഹ — നിന്തിരുവടിയോടും
യാസ്യാമി; — വരും; [കൂടെ
അന്യഥാ ന. — മറിച്ചൊന്നും തിരുവുള്ളത്തിൽ കരുതാതിരുന്നാലും.

കൃതാദേശാ ഭവിഷ്യാമി ഗമിഷ്യാമി സഹ ത്വയാ
കാലശ്ചായം സമുത്പന്നഃ സത്യവാഗ്ഭവതു ദ്വിജഃ. 11

"കൃതാദേശാ — "ശാസ്ത്രങ്ങളെ ആലോചിച്ചു് പറയപ്പെട്ടതായ അതിനെ പൂൎത്തിയാക്കിയവളായി
ഭവിഷ്യാമി; — ഞാൻ ഭവിക്കട്ടെ;
അയം കാലഃ ച — ഈ പറഞ്ഞ കാലവും
സമുത്പന്നഃ; — അടുത്തിരിക്കുന്നു;
ദ്വിജഃ — ബ്രാഹ്മണൻ
സത്യവാക് — സത്യവാക്കായി
ഭവതു; — ഭവിക്കട്ടെ;
ത്വയാ സഹ — നിന്തിരുവടിയോടുകൂടി
ഗമിഷ്യാമി. — ഞാൻ വരും. [തന്നെ

[ഇതിന്നും പുറമേ ശ്രീരാമൻ ധനുൎഭംഗത്തിന്നായി പുറപ്പെട്ടപ്പോൾ, അദ്ദേഹത്തെകണ്ടു്, അദ്ദേഹം വില്ലിനെ സജ്യമാക്കിയാൽ താൻ അദ്ദേഹത്തിൻെറകൂടെ മുനിവൃത്തിയായി പതിന്നാലു സംവത്സരങ്ങൾ കാട്ടിൽ വസിപ്പാൻ നേൎന്നിട്ടുണ്ടെന്നും ആനന്ദരാമായണത്തിൽ പറയുന്നു.

"യദാ ചാപാന്തികം പ്രാപ്തഃ സജ്ജിതും ത്വം സഭാംഗണേ. ചതുൎദ്ദശവത്സരാണി മുനിവൃത്ത്യനുവൎത്തിനീ വിചരിഷ്യാമ്യരണ്യേഽഹം ധനുഃ സജ്യം കരോതു യഃ. തത്സത്യം കുരു മദ്വാക്യം പ്രയാണാദ്ദണ്ഡകം ത്വയാ". ആനന്ദരാ. സാര.]

വനവാസേ ഹി ജാനാമി ദുഃഖാനി ബഹുധാ കില
പ്രാപ്യന്തേ നിയതം വീര പുരുഷൈരകൃതാത്മഭിഃ. 12

"വനവാസേ	"വനവാസത്തിൽ
ബഹുധാ	എത്രയോ
ദുഃഖാനി ഹി	ദുഃഖങ്ങൾ ഉണ്ടെന്നുള്ളതിനേയും
ജാനാമി;	ഞാൻ അറിയുന്നുണ്ട്;
വീര!	നാഥ!
അകൃതാത്മഭിഃ	(അപ്രകാരമുള്ള ദുഃഖങ്ങൾ) ആത്മബോധമില്ലാത്തവരായ
പുരുഷൈഃ	ആളുകളാൽ മാത്രം
നിയതം കില	മനഃസമാധാനമില്ലാതെതന്നെ
പ്രാപ്യന്തേ.	അനുഭവിക്കപ്പെടുന്നു.

കന്യയാ ച പിതുർഗ്ഗേഹേ വനവാസഃ ശ്രുതോ മയാ
ഭിക്ഷിണ്യാഃ സാധുവൃത്തായാ മമ മാതുരിഹാഗ്രതഃ 13
പ്രസാദിതശ്ച വൈ പൂർവ്വം ത്വം വൈ ബഹുവിധം പ്രഭോ
ഗമനം വനവാസസ്യ കാങ്ക്ഷിതം ഹി സഹ ത്വയാ. 14

"പ്രഭോ!	നാഥ!
പിതുഃ	പിതാവിന്റെ
ഗേഹേ	അരമനയിൽ
മമ	എന്റെ
മാതുഃ	മാതാവിന്റെ
അഗ്രതഃ	മുമ്പിൽവെച്ചുതന്നെ
കന്യയാ	വിവാഹത്തിന്നുമുമ്പ്
മയാ ച	എന്നാൽതന്നെ
പൂർവ്വം	മുമ്പൊരുകാലത്തിൽ
ഇഹ	ഇവിടെ
സാധുവൃത്തായാഃ	സദ്വൃത്തയായ
ഭിക്ഷിണ്യാഃ	ഒരു ഭിക്ഷുകിവക്കൽ നിന്ന്
വനവാസഃ വൈ	വനവാസമുണ്ടെന്ന സംഗതി
ശ്രുതഃ ച;	കേൾക്കപ്പെട്ടിട്ടുണ്ട്;
ത്വയാ സഹ	നിന്തിരുവടിയോടുകൂടിത്തന്നെ
വനവാസസ്യ	വനവാസത്തിന്റെ
ഗമനം	അനുഭവം
കാങ്ക്ഷിതം;	എന്നാൽ കാംക്ഷിക്കപ്പെട്ടതാണ്;
ഹി	അതിനാൽ
ബഹുവിധം	പലവിധമായി
ത്വം വൈ	നിന്തിരുവടിയും
പ്രസാദിതഃ.	എന്നാൽ പ്രാർത്ഥിക്കപ്പെടുന്നു.

കൃതക്ഷണാഽഹം ഭദ്രം തേ ഗമനം പ്രതി രാഘവ
വനവാസസ്യ ശൂരസ്യ ചര്യ്യാ ഹി മമ രോചതേ. 15

"രാഘവ!	"ശ്രീരാഘവ!
അഹം	ഞാൻ
ഗമനം പ്രതി	പോകുന്നതിനെക്കുറിച്ചു
കൃതക്ഷണാ;	തക്ക അവസരത്തെ കാത്തുകൊണ്ടിരിക്കയാണ്
വനവാസസ്യ	വനത്തിൽ വസിക്കുന്നവനായ
ശൂരസ്യ	ശൂരനായ നിന്തിരുവടിക്ക്
ചര്യ്യാ ഹി	കൈങ്കര്യ്യം ചെയ്യുക എന്നതിൽമാത്രമാണ്
മമ	എനിക്ക്
രോചതേ;	സർവ്വാഭീഷ്ടസിദ്ധിയുള്ളത്;
തേ ഭദ്രം.	(നിന്തിരുവടിക്ക് ഞാൻ മൂലം യാതൊരു തിന്മയും പറ്റുകയില്ല, നന്മതന്നെയുണ്ടാകും.

ശുദ്ധാത്മൻ പ്രേമഭാവാദ്ധി ഭവിഷ്യാമി വികല്മഷാ
ഭർത്താരമനുഗച്ഛന്തീ ഭർത്താ ഹി മമ ദൈവതം. 16

"ശുദ്ധാത്മൻ	"പരിശുദ്ധമൂർത്തിയായുള്ളോവേ!	അനുഗച്ഛന്തീ ഹി	അനുഗമിക്കുന്നവളായിത്തന്നെ
പ്രേമഭാവാത്	പ്രേമാധിക്യത്താൽ	ഭവിഷ്യാമി;	ഭവിക്കും;
വികല്മഷാ	അപരാധലേശമില്ലാത്തവളായ ഞാൻ,	ഭർത്താ ഹി	ഭർത്താവുതന്നെയാണ്
		മമ	എനിക്ക്
ഭർത്താരം	നാഥനെ	ദൈവതം.	ദൈവം.

പ്രേത്യഭാവേऽപി കല്യാണഃ സങ്ഗമോ മേ സഹ ത്വയാ. 17

"പ്രേത്യഭാവേ അപി	"പരലോകത്തിലും,	സംഗമഃ	വസിക്കുക എന്നുള്ളത്
മേ	എനിക്ക്	കല്യാണഃ.	സർവ്വോത്തമമായതാകുന്നു.
ത്വയാ സഹ	നിന്തിരുവടിയോടുകൂടി		

പിതാ രക്ഷതി കൌമാരേ ഭർത്താ രക്ഷതി യൌവനേ
പുത്രാ രക്ഷന്തി വാർദ്ധക്യേ ന സ്ത്രീ സ്വാതന്ത്ര്യമർഹതി. 18

"സ്ത്രീ	"സ്ത്രീയായിജനിച്ചു ഒരുവൾ	കൌമാരേ	ശൈശവകാലത്തിൽ
		രക്ഷതി;	സംരക്ഷിക്കുന്നു;
സ്വാതന്ത്ര്യം	ഒരുവന്റെ കീഴിലല്ലാതിരിക്കുക എന്ന അവസ്ഥയെ	യൌവനേ	യൌവനദശയിൽ
		ഭർത്താ	ഭർത്താവ്
		രക്ഷതി;	സംരക്ഷിക്കുന്നു;
അർഹതി ന;	അർഹിക്കുന്നില്ല;	വാർദ്ധക്യേ	വാർദ്ധക്യദശയിൽ
പിതാ	പിതാവ്	പുത്രാഃ രക്ഷന്തി.	പുത്രന്മാർ രക്ഷിക്കുന്നു.

ശ്രുതിർഹി ശ്രൂയതേ പുണ്യാ ബ്രാഹ്മണാനാം യശസ്വിനാം
ഇഹ ലോകേ ച പിതൃഭിര്യാ സ്ത്രീ യസ്യ മഹാമതേ
അദ്ഭിർദ്ദത്താ സ്വധർമ്മേണ പ്രേത്യഭാവേऽപി തസ്യ സാ. 19

"മഹാമതേ!	"ഉദാരബുദ്ധേ!	സാ ച	അവൾതന്നെ
ഇഹ	ഈ	പുണ്യാ അപി,	ചാരിത്രവതിയായിരുന്നാൽ,
ലോകേ	ലോകത്തിൽ		
പിതൃഭിഃ	പിത്രാദികളാൽ	പ്രേത്യഭാവേ	പരലോകത്തിലും
യാ	യാതൊരു കന്യക	തസ്യ	അദ്ദേഹത്തിന്ന്
യസ്യ	യാതൊരുപുരുഷന്ന്	സ്ത്രീ	ഭാര്യയെന്ന്
സ്വധർമ്മേണ	തന്റെ കുലാചാരപ്രകാരം	ശ്രൂയതേ ഹി	വേദത്തിൽ പറയപ്പെട്ടിരിക്കുന്നു എന്നാണ്
അദ്ഭിഃ	വെള്ളംകയ്യിൽപകർന്ന്	യശസ്വിനാം	യോഗ്യന്മാരായ
ദത്താ	ദാനംചെയ്യപ്പെട്ടവളായിരിക്കുന്നുവോ	ബ്രാഹ്മണാനാം	അന്തണോത്തമന്മാ
		ശ്രുതിഃ.	വചനം.

[രുടെ

ഏവമസ്മാത് സ്വകാം നാരീം സുവൃത്താം ഹി പതിവ്രതാം
നാഭിരോചയസേ നേതും ത്വം മാം കേനേഹ ഹേതുനാ. 20

"ഏവം ഹി	"ഇപ്രകാരമിരിക്കെ
സ്വകാം നാരീം	നിന്തിരുവടിയുടെ സ്വന്തം പത്നിയും
സുവൃത്താം	അചഞ്ചലഭക്തി പൂണ്ടവളും
പതിവ്രതാം	പതിയെത്തന്നെ സദാ ചിന്തിച്ചുകൊണ്ടിരിക്കുന്നവളും ആയ
മാം	എന്നെ
അസ്മാത്	ഇവിടെനിന്നും
നേതും,	കൂട്ടിക്കൊണ്ടുപോകുവാൻ,
കേന	എന്തു
ഹേതുനാ	കാരണത്താലാണ്,
ഇഹ	ഇപ്പോൾ
ത്വം	നിന്തിരുവടി
അഭിരോചയസേ ന?	ഇഷ്ടപ്പെടാതിരിക്കുന്നതു?

ഭക്താം പതിവ്രതാം ദീനാം മാം സമാം സുഖദുഃഖയോഃ
നേതുമർഹസി കാകുത്സ്ഥ സമാനസുഖദുഃഖിനീം. 21

"കാകുത്സ്ഥ!	"കാകുത്സ്ഥ!
ഭക്താം	ഭക്തയും
പതിവ്രതാം	പതിശുശ്രൂഷയിൽ തന്നെ താല്പര്യമുള്ളവളും
സുഖദുഃഖയോഃ	സുഖത്തിലും ദുഃഖത്തിലും
സമാം	നിന്തിരുവടിയോടൊപ്പം പങ്കുകൊള്ളുന്നവളും
സമാനസുഖദുഃഖിനീം	സുഖദുഃഖങ്ങളെ ഒരുപോലെ കരുതുന്നവളും
ദീനാം	അനന്യശരണയും ആയ
മാം	എന്നെ
നേതും അർഹസി.	നിന്തിരുവടികൂടെ കൊണ്ടുപോകുവാൻ കനിഞ്ഞാലും.

യദി മാം ദുഃഖിതാമേവം വനം നേതും ന ചേച്ഛസി
വിഷമഗ്നിം ജലം വാഽഹമാസ്ഥാസ്യേ മൃത്യുകാരണാത്. 22

"ഏവം	"ഇപ്രകാരം
ദുഃഖിതാം	ദുഃഖിതയായ
മാം	എന്നെ
വനം	വനത്തിലേക്ക്
നേതും	കൂടെക്കൊണ്ടുപോവാൻ
ച	ഇനിയും
ഇച്ഛസി ന യദി	ഇഷ്ടപ്പെടാത്തപക്ഷം
അഹം	ഞാൻ
മൃത്യുകാരണാത്	മരിക്കുന്നതിന്നായി,
വിഷം	വിഷത്തിന്നോ
അഗ്നിം	അഗ്നിയ്ക്കോ
ജലം	ജലത്തിന്നോ
വാ	വല്ലതിന്നും
ആസ്ഥാസ്യേ."	ഇരയാകുന്നതാണ്."

ഏവം ബഹുവിധം തം സാ യാചതേ ഗമനം പ്രതി
നാനുമേനേ മഹാബാഹുസ്താം നേതും വിജനം വനം. 23

സാ ഏവം	അവൾ ഇപ്രകാരം
ബഹുവിധം	പലവാറായി
തം	അദ്ദേഹത്തോട്
ഗമനം പ്രതി	വനത്തിലേക്കുകൂടെപ്പോകുന്നതിനെക്കുറിച്ച്
യാചതേ;	യാചിച്ചു;
മഹാബാഹുഃ	മഹാബാഹുവായ അദ്ദേഹം
താം	അവളെ
വിജനം	ജനരഹിതമായ
വനം	കാട്ടിലേക്കു
നേതും	കൊണ്ടുപോകുവാൻ
അനുമേനേ ന.	സമ്മതിക്കയുണ്ടായില്ല.

ഏവമുക്താ തു സാ ചിന്താം മൈഥിലീ സമുപാഗതാ
സ്നാപയന്തീവ ഗാമുഷ്ണൈരശ്രുഭിർന്നയനച്യുതൈഃ. 24

സാ	ആ	ഉഷ്ണൈഃ	ഉഷ്ണമായ
മൈഥിലീ	മൈഥിലി	അശ്രുഭിഃ,	അശ്രുധാരകളാൽ,
ഏവം ഉക്താ തു,	ആ സംഗതിയെപ്പററി ഉരചെയ്യപ്പെട്ടവളായി,	ഗാം	ഭൂമിയെ
നയനച്യുതൈഃ	നേത്രങ്ങളിൽ നിന്നു പെരുകിയ	സ്നാപയന്തീ ഇവ,	നനയ്ക്കുന്നവളായി,
		ചിന്താം	അതിയായ മനസ്താപത്തെ
		സമുപാഗതാ.	കയ്ക്കൊണ്ടു.

[“ഇവ” എന്ന പദംകൊണ്ടു് സീതയുടെ ദുഃഖം നാട്യമാണെന്നു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു, എന്നു് തിലകം.]

ചിന്തയന്തീം തഥാ താം തു നിവർത്തയിതുമാത്മവാൻ
ക്രോധാവിഷ്ടാം തു വൈദേഹീം കാകുത്സ്ഥോ ബഹ്വസാന്ത്വയത്.

ആത്മവാൻ	ധൈര്യശാലിയായ	നിവർത്തയിതും തു,	അഭിപ്രായത്തെ മാററുവാനായി,
കാകുത്സ്ഥഃ	കാകുത്സ്ഥൻ	താം	അവളോടു്
തഥാ	അപ്രകാരം	ബഹു	പലവിധത്തിൽ,
ചിന്തയന്തീം	ദുഃഖിക്കുന്നവളായി	തു	ആ സമയം,
ക്രോധാവിഷ്ടാം	കോപിച്ചിരിക്കുന്നവളായ	അസാന്ത്വയത്.	സാന്ത്വവാക്കുകളരുളിച്ചെയ്തു.
വൈദേഹീം	വൈദേഹിയുടെ		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഏകോനത്രിംശഃ സർഗ്ഗഃ = ഇരുപത്തൊമ്പതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 3619; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1264.

ത്രിംശഃ സർഗ്ഗഃ = മുപ്പതാംസർഗ്ഗം.

[സീതാവനഗമനാനുവാദഃ = സീതയെ വനത്തിലേക്കു വരുവാൻ സമ്മതിക്കുന്നതു്.]

സാന്ത്വ്യമാനാ തു രാമേണ മൈഥിലീ ജനകാത്മജാ
വനവാസനിമിത്തായ ഭർത്താരമിദമബ്രവീത്. 1

ജനകാത്മജാ	ജനകരാജകുമാരിയായ	വനവാസനിമിത്തായ	വനവാസത്തിന്നായിത്തന്നെ
മൈഥിലീ,	മൈഥിലി,	ഭർത്താരം	ഭർത്താവിനോടായി
രാമേണ	ശ്രീരാമനാൽ	ഇദം	ഇപ്രകാരം
സാന്ത്വ്യമാനാ തു	നല്ലവാക്കുപറയപ്പെടുന്നവളായി ഇരുന്നിട്ടും,	അബ്രവീത്.	അരുളിച്ചെയ്തു.

സാ തമുത്തമസംവിഗ്നാ സീതാ വിപുലവക്ഷസം
പ്രണയാച്ചാഭിമാനാച്ച പരിചിക്ഷേപ രാഘവം. 2

സാ	ആ	പ്രണയാത് ച	അന്യോന്യപരിചയം കൊണ്ടും
സീതാ	സീതാദേവി	അഭിമാനാത് ച	ഭർത്താവെന്നുള്ള പ്രിയത്താലും
ഉത്തമസംവിഗ്നാ	ഏററവും ഭയപ്പെട്ടവളായി	പരിചിക്ഷേപ.	കാൎയ്യകാരണസഹിതം മറുക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ അരുളിച്ചെയ്തു.
വിപുലവക്ഷസം	വിശാലമായ വക്ഷസ്സോന്നവനായ		
തം	ആ		
രാഘവം	ശ്രീരാഘവനോടായി		

[“ഉത്തമസംവിഗ്നാ” വിറച്ചുകൊണ്ട്, “അഭിമാനാത്” കോപംകൊണ്ട്, എന്ന് വിറയലിന്ന് കാരണം.

“പരിചിക്ഷേപ”, നിന്ദിച്ചു, പരിഹാസവാക്കുപറഞ്ഞു. ഇപ്രകാരം ഇതിന്നും ഇനിയുള്ള ശ്ലോകങ്ങൾക്കും സീത ശ്രീരാമനെ നിന്ദിക്കുന്നതായിട്ടാണ് ഗോവിന്ദരാജീയം മുതലായ എല്ലാ വ്യാഖ്യാനങ്ങളിലും കാണുന്നത്.]

കിം ത്വാऽമന്യത വൈദേഹഃ പിതാ മേ മിഥിലാധിപഃ
രാമ ജാമാതരം പ്രാപ്യ സ്ത്രീയം പുരുഷവിഗ്രഹം. 3

“രാമ!	“ശ്രീരാമ!	പ്രാപ്യ,	വാസ്തവത്തെ ഗ്രഹിച്ചു
വൈദേഹഃ	വിദേഹവംശത്തിൽ ശ്രേഷ്ഠനായ	ജാമാതരം	ജാമാതാവായ (മരുമക[നായ)
മിഥിലാധിപഃ	മിഥിലാധിപതിയായ	ത്വാ	നിന്തിരുവടിയെ
മേ	എന്റെ	പുരുഷവിഗ്രഹം	പുരുഷരൂപം മാത്രമുള്ള
പിതാ,	പിതാവു്,	സ്ത്രീയം	ഒരു പെണ്ണാണെന്നാ[ണോ
		അമന്യത കിം?	കരുതിയതു് ?

[“എന്നെ ഇവിടെ വിട്ടേച്ച് കാട്ടിലേക്ക് പോയതായി നിന്തിരുവടിയെപ്പററി എന്റെ അച്ഛൻ കേൾക്കുമ്പോൾ, തന്റെ ഭാൎയ്യയെ രക്ഷിക്കുന്നതിന്ന് ശക്തിയില്ലാതെ കാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകാത്തവനായ നിന്തിരുവടിയെ, പുരുഷവടിവുമാത്രമുള്ള ഒരു സ്ത്രീയെന്ന് വിചാരിക്കയില്ലയോ?” എന്ന് ഗോവിന്ദരാജീയം മുതലായ എല്ലാ വ്യാഖ്യാനങ്ങളിലും അൎത്ഥം പറഞ്ഞിട്ടുണ്ട്. ഇവിടെ “അമന്യത കിം?” എന്നതിന്നു “മന്യേത കിം” എന്ന് ക്ലിഷ്ടമായി വ്യാകരണവിരുദ്ധമായ്ക്കൂന്നേ “വിചാരിക്കയില്ലേ?” എന്നൎത്ഥം കല്പിക്കുന്നു. ഇത് സീത ദ്വേഷ്യപ്പെട്ട് ശ്രീരാമനെ നിന്ദിച്ചുപറഞ്ഞു എന്ന് പൂൎവ്വശ്ലോകത്തിൽ പറഞ്ഞതിനെ സാധൂകരിപ്പാനായിട്ടാകുന്നു. ഈ നിന്ദന സീതയുടെ പതിഭക്തിയ്ക്കു യോജിക്കാത്തതുതന്നെ. സൎവ്വാൎത്ഥസാരവ്യാഖ്യാനത്തിലാകട്ടെ ഇപ്രകാരം പറയുന്നു:- “രൂപമേവാസ്യൈ തന്മഹിമാനം വ്യാചഷ്ടേ”, എന്ന ശ്രുതിവാക്യപ്രകാരം ദൎശനമാത്രത്തിൽതന്നെ ദേവതുല്യപരാക്രമനായ്, സൎവ്വജനമനോഹരനായി, താടകാവധം, കൌശികമഖസംരക്ഷണം, അഹല്യാശാപവിമോചനം ഇത്യാദികളെ ചെയ്തവനായ നിന്തിരുവടിയെ, ശിവധനുൎഭംഗംമൂലം ജാമാതാവായിപ്രാപിച്ച്, മിഥിലാധിപനും, കാണ്ഡത്രയപ്രതിപാദ്യങ്ങളായ താത്പൎയ്യങ്ങളെ അറിഞ്ഞവനാകയാൽ വൈദേഹനും ആയ എന്റെ പിതാവ് എന്താണ് വിചാരിച്ചത്: ” എന്ന ചോദ്യത്തിന്ന് സീതതന്നെ മറുപടിപറയുന്നു. “പുരുഷവിഗ്രഹം സ്ത്രീയം അമന്യത.” പുരുഷരൂപമെടുത്ത മററെല്ലാ ജനത്തെയും സ്ത്രീയെന്ന് വിചാരിച്ചു. അത്ര തേജസ്സുള്ളവനാണല്ലോ നിന്തിരുവടി എന്നു താല്പൎയ്യം.]

അനൃതം ബത ലോകോഽയമജ്ഞാനാദ്യദ്ധി വക്ഷ്യതി
തേജോ നാസ്തി പരം രാമേ തപതീവ ദിവാകരേ. 4

"രാമേ	"ലോകാഭിരാമനായ നിന്തിരുവടിയിങ്കൽ	ഇവ,	ഇല്ലെന്നു പറഞ്ഞാലെന്നപോലെ
പരം	അനിതരസാധാരണ	അനൃതം ഹി;	വാസ്തവമല്ലാത്തതു
തേജഃ;	തേജസ്സുണ്ടല്ലൊ; [മായ	അയം ലോകഃ	ഈ ലോകം [തന്നെ;
ന അസ്തി,	ഇല്ല,	അജ്ഞാനാത്	അനുഭവമില്ലായ്കയാൽ
യത്,	എന്നുള്ളത്	വക്ഷ്യതി ബത!	അപ്രകാരം പറവാനിട വരുമെന്നുള്ളത് കഷ്ടമല്ലെ!
തപതി	ഉജ്ജ്വലിക്കുന്ന		
ദിവാകരേ	ആദിത്യങ്കൽ		

(സീതയെ വനത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാതിരിക്കുന്നുവെങ്കിൽ, ശ്രീരാമൻെറ തേജസ്സിൻെറ അനുഭവം ലോകൎക്ക് സിദ്ധിപ്പാനിടവരാതിരുന്നേക്കുമെന്നുള്ളത് കഷ്ടമാണ് എന്നു താല്പൎയ്യം.

ശ്രീരാമനെ നിന്ദിക്കുന്ന എന്ന വ്യാഖ്യാതാക്കന്മാരുടെ പക്ഷത്തിൽ "ശ്രീരാമങ്കൽ, സൂൎയ്യങ്കൽ എന്നപോലെ, തേജസ്സുണ്ട് എന്നു പറയുന്നത് സത്യമല്ല. അപ്രകാരമുള്ള തേജസ്സ് ഇല്ല. അത് അജ്ഞാനംകൊണ്ടു പറയുന്നതുമാത്രമാണ്," എന്നു ഗോവിന്ദരാജീയത്തിൽ പറയുന്നു. ഇവിടെ "തേജോ നാസ്തി" എന്നതിന്ന് 'തേജസ്സുണ്ട്, അതു ശരിയല്ല' എന്നു ക്ലിഷ്ടമായും, "വക്ഷ്യതി" എന്ന ഭാവക്രിയയ്ക്കു് 'പറയുന്നു' എന്ന വൎത്തമാനാൎത്ഥത്തെയും പറയുന്നു. തിലകത്തിൽ 'നാസ്തി' എന്നതിനെ ഇങ്ങിനെ വേർപിരിക്കാതെ 'രാമേ ഇവ, ദിവാകരേ നാസ്തി ഇതി അനൃതം', 'രാമങ്കൽ തേജസ്സുള്ളപോലെ ആദിത്യങ്കൽ ഇല്ല എന്നുള്ളത് അനൃതമാകുന്നു,' എന്നൎത്ഥം പറയുന്നു.]

കിം ഹി കൃത്വാ വിഷണ്ണസ്ത്വം കുതോ വാ ഭയമസ്തി തേ
യത് പരിത്യക്തുകാമസ്ത്വം മാമനന്യപരായണാം. 5

"ത്വം	"നിന്തിരുവടി	ത്വം	നിന്തിരുവടി
അനന്യ-പരായണാം	മററാരും ആശ്രയമില്ലെന്നു വിശ്വസിച്ചിരി	വിഷണ്ണഃ?	ദുഃഖിതനായിരിക്കുന്ന
മാം ഹി	എന്നെത്തന്നെ [ക്കുന്ന	തേ	നിന്തിരുവടിക്കു [ത്?
കിം	എന്തുകൊണ്ടാണ്	ഭയം	കഷ്ടമുണ്ടാകുമെന്നഭയം
പരിത്യക്തു-കാമഃ?	വിട്ടേച്ചുപോകുവാൻ കരുതുന്നത്?	കുതഃ	യാതൊന്നിനാലാണ്
യത് കൃത്വാ,	എന്തിനെകരുതിയാണ്	അസ്തി?	ഉണ്ടായിരിക്കുന്നത്?
		വാ.	ഒന്നു കേട്ടാൽ കൊള്ളാമായിരുന്നു

ദ്യുമത്സേനസുതം വീര സത്യവന്തമനുവ്രതാം
സാവിത്രീമിവ മാം വിദ്ധി ത്വമാത്മവശവൎത്തിനീം. 6

"വീര!	"പ്രാണനാഥ!	ആത്മവശ-വൎത്തിനീം	നിന്തിരുവടിക്ക് അധീനയാണെന്ന്
ദ്യുമത്സേനസുതം	ദ്യുമത്സേനപുത്രനായ	മാം	ഇവളെ
സത്യവന്തം	സത്യവാനെ	ത്വം	നിന്തിരുവടി
അനുവ്രതാം	ആശ്രയിച്ചവളായ	വിദ്ധി.	അറിഞ്ഞാലും.
സാവിത്രീം	സാവിത്രിയെ		
ഇവ,	എന്നപോലെ,		

[സാവിത്ര്യുപാഖ്യാനം മഹാഭാരതം വനപൎവ്വം 294-300വരെ അദ്ധ്യായങ്ങളിൽ കാണുക.]

ന ത്വഹം മനസാഽപ്യന്യം ദ്രഷ്ടാസ്മി ത്വദൃതേഽനഘ
ത്വയാ രാഘവ ഗച്ഛേയം യഥാഽന്യാ കുലപാംസിനീ. 7

"അനഘ	"പാപരഹിതനായ	അന്യാ തു യഥാ	സാധാരണ സ്ത്രീ യെന്നപോലെ
രാഘവ!	ശ്രീരാഘവ!	മനസാ അപി	മനസ്സുകൊണ്ടുംകൂടി
അഹം	ഞാൻ [തെ,	ദ്രഷ്ടാസ്മി ന;	നിനയ്ക്കുന്നവളല്ല;
ത്വദൃതേ,	നിന്തിരുവടിയെയല്ലാ-	ത്വയാ	നിന്തിരുവടിയോടുകൂടി
അന്യം,	മറ്റൊരുവസ്തുവിനേയും	ഗച്ഛേയം.	ഞാൻ വന്നുകൊള്ളട്ടെ.
കുലപാംസിനീ	കുലടയായ		

സ്വയം തു ഭാര്യാം കൌമാരീം ചിരമധ്യുഷിതാം സതീം
ശൈലൂഷ ഇവ മാം രാമ പരേഭ്യോ ദാതുമിച്ഛസി. 8

"രാമ!	"ശ്രീരാമ!	അധ്യുഷിതാം	കൂടെ ഉപചരിച്ചവളും
ശൈലൂഷഃ ഇവ	വിശ്വസിച്ചവരെ കൈ വിടുന്നവനെന്നപോലെ	സതീം	സുഖംഇച്ഛിക്കാത്തവളും
		ഭാര്യാം	ധർമ്മപത്നിയും ആയ
സ്വയം,	നിന്തിരുവടിതന്നെ,	മാം തു	എന്നെത്തന്നെ,
കൌമാരീം	ഏകപത്നീവ്രതനായ	പരേഭ്യഃ	ശത്രുക്കളുടെ അധീന
	അവിടുത്തെ ഭാര്യയും,	ദാതും	വെച്ചേക്കുവാൻ[ത്തിൽ
ചിരം	ഏറെക്കാലമായി	ഇച്ഛസി.	കരുതുന്നുവല്ലൊ.

[‘ശൈലൂഷഃ’ ഭാര്യയെ വിററുപജീവിക്കുന്നവൻ. ‘പരേഭ്യഃ’ അന്യന്മാൎക്ക് (ഗൊ. രാ.) അഥവാ “ഭാര്യാം” ഭരിക്കപ്പെടേണ്ടതായ, “സതീം” അനശ്വരമായ, “ചിരമധ്യുഷിതാം” പരമ്പരപ്രാപ്തമായ, “കൌമാരീം” യൌവനയുക്തനായ ഭവാനാൽ പ്രാപിക്കത്തക്കതായ, “മാം” യുവരാജ്യാധികാരമായ രാജ്യലക്ഷ്മിയെ, എന്നും അൎത്ഥം, തീൎത്ഥീയം.]

യസ്യ പഥ്യം ച രാമാത്ഥ യസ്യ ചാൎത്ഥേഽവരുദ്ധ്യസേ
ത്വം തസ്യ ഭവ വശ്യശ്ച വിധേയശ്ച സദാഽനഘ. 9

"അനഘ!	"നിർദ്ദോഷവാനായ	അവരുദ്ധ്യസേ ച	അങ്ങ് നിയന്ത്രിക്കപ്പെട്ടവനായിരിക്കുന്നുവോ,
രാമ!	ശ്രീരാമ!		
യസ്യ	യാതൊരു (പിതാവിന്ന്)	തസ്യ	അദ്ദേഹത്തിന്ന്
പഥ്യം	ഹിതമായതെന്ന്	വശ്യഃ ച,	വിരോധമുണ്ടാകാത്തമാതിരിനടക്കുന്നവനായും,
ആത്ഥ ച	നിന്തിരുവടി ഇപ്പോൾ അരുളിച്ചെയ്തുവോ,	വിധേയഃ ച	കല്പിച്ചപോലെ അനുഷ്ഠിക്കുന്നവനായും
യസ്യ	യാതൊരുവന്റെ	സദാ	എന്നും [ല്ലും.
അൎത്ഥേ	ആജ്ഞയിൽ	ത്വം ഭവ.	നിന്തിരുവടി ഭവിച്ചാ-

[യാതൊരു ഭരതന്റെ ഗുണത്തിന്നുവേണ്ടി നിന്തിരുവടി ഇപ്പോൾ ആജ്ഞാപിച്ചുവോ, യാതൊരുവന്നുവേണ്ടി നിന്തിരുവടി ഇപ്പോൾ പട്ടാഭിഷേകകൃത്യത്തിൽനിന്ന് തടുക്കപ്പെട്ടിരിക്കുന്നുവോ, ആ ഭരതന്ന് നിന്തിരുവടിതന്നെ അധീനനായി പ്രേഷ്യനായി വൎത്തിച്ചാലും. എന്നു ഗൊ. രാ. മുതലായ വ്യാഖ്യാനങ്ങൾ.]

[“യസ്യ” (യാതൊരു ധൎമ്മത്തിന്ന്), “യസ്യ അൎത്ഥേ” (യാതൊരു ധൎമ്മത്തിന്റെ നിബന്ധനയിൽ); “തസ്യ വശ്യഃ” (ആ ധൎമ്മത്തിന്ന് വിരോധംവരാതെ); എന്നും, വളരെ യോജിച്ചതായ അൎത്ഥമാകുന്നു. ധൎമ്മപത്നിയെ കൂടെകൊണ്ടുപോകാതിരിക്കുക എന്ന അധൎമ്മത്തെ ചെയ്യരുത് എന്നു താല്പൎയ്യം.]

സ മാമനാദായ വനം ന ത്വം പ്രസ്ഥാതുമൎഹസി
തപോ വാ യദി വാരണ്യം സ്വൎഗ്ഗോ വാ സ്യാത് സഹ ത്വയാ. 10

"യദി	"എങ്കിലും	സ്യാത് വാ	സിദ്ധിക്കുന്നത് ഏതായാലും
സഃ	അപ്രകാരമുള്ള	ത്വയാ സഹ	നിന്തിരുവടിയോടുകൂടി
ത്വം	നിന്തിരുവടി	മാം	എന്നെ [ത്തന്നെ
അരണ്യം വാ	കാടുതന്നെയാകട്ടെ,	അനാദായ	കൂട്ടിക്കൊണ്ടുപോകാതെ
തപഃ	തപോലോകം തന്നെയാകട്ടെ,	വനം	കാട്ടിലേക്ക്
		പ്രസ്ഥാതും	എഴുന്നെള്ളുവാൻ
സ്വൎഗ്ഗഃ വാ	സ്വൎഗ്ഗലോകം തന്നെയാകട്ടെ,	അൎഹസി ന.	തിരുവുള്ളത്തിൽ കരുതാതിരുന്നാലും.

ന ച മേ ഭവിതാ തത്ര കശ്ചിത് പഥി പരിശ്രമഃ
പൃഷ്ഠതസ്തവ ഗച്ഛന്ത്യാ വിഹാരശയനേഷ്വിഹ. 11

"ഇഹ	"അങ്ങിനെയായാൽ	തവ	നിന്തിരുവടിയുടെ
പഥി	ധൎമ്മമാൎഗ്ഗത്തിൽ	പൃഷ്ഠതഃ	പാദച്ഛായയിൽ വൎത്തിക്കുന്നവളായ
ഗച്ഛന്ത്യാഃ	വൎത്തിക്കുന്നവളായി		
തത്ര	അവിടെ (കാട്ടിൽ)	മേ,	എനിക്ക്
വിഹാര-ശയനേഷു	നേരംപോക്കായി കാലം കഴിക്കുമ്പോഴും കണ്ട സ്ഥലങ്ങളിൽ കിടന്നുറങ്ങുമ്പോഴും	കശ്ചിത് ച	സ്വല്പമെങ്കിലും
		പരിശ്രമഃ	മനസ്താപമെന്നുള്ളത്
		ഭവിതാ ന.	ഉണ്ടാകയില്ല.

കുശകാശശരേഷീകാ യേ ച കണ്ടകിനോ ദ്രുമാഃ
തൂലാജിനസമസ്പൎശാ മാൎഗ്ഗേ മമ സഹ ത്വയാ. 12

"മാൎഗ്ഗേ	"വഴിയിൽ	ത്വയാ സഹ	നിന്തിരുവടിയോടുകൂടിയിരിക്കുന്നവളായ
കുശകാശ-ശരേഷീകാ	ദൎഭയും, യമയും, ഞാങ്ങണയും, നായ്ക്കരിമ്പും	മമ	എനിക്ക്
കണ്ടകിനഃ	മുള്ളുള്ള	തൂലാജിന-സമസ്പൎശാഃ.	പഞ്ഞി, മാന്തോൽ എന്നവപോലെ മൃദുവായിത്തോന്നും.
ദ്രുമാഃ	മരങ്ങളും		
യേ ച,	ഏവയോ അവയും,		

മഹാവാതസമുദ്ധൂതം യന്മാമപകരിഷ്യതി
രജോ രമണ തന്മന്യേ പരാൎദ്ധ്യമിവ ചന്ദനം. 13

"രമണ!	"നാഥ!	യത്	യാതൊന്നൊ
മാം	എന്റെമേൽ	തത്	അതിനെ
മഹാവാത-സമുദ്ധൂതം	കൊടുങ്കാററടിച്ചുണ്ടായ	പരാൎദ്ധ്യം	ശ്രേഷ്ഠമായ
		ചന്ദനം	കളഭക്കൂട്ട്
രജഃ	പൂഴി	ഇവ	എന്നപോലെ,
		മന്യേ	ഞാൻ കരുതും.

ശാദ്വലേഷു യഥാ ശിശ്യേ വനാന്തേ വനഗോചര
കഥാസ്തരണതല്പേഷു കിം സ്യാത് സുഖതരം തതഃ. 14

"വനഗോചര!	"വനത്തെ കോവിലകമെന്നപോലെ കരുതുന്നവനായ നാഥ!	തതഃ	അതിനെക്കാളും
വനാന്തേ	വനമദ്ധ്യത്തിൽ	സുഖതരം	അധികമായ മനഃസന്തോഷം
ശാദ്വലേഷു	ഇളംപുൽത്തറകളിൽ	കഥാസ്തരണതല്പേഷു	പട്ടും പരവതാനിയും വിരിച്ച മെത്തകളിൽ
യഥാ	എപ്രകാരം	സ്യാത് കിം?	ഉണ്ടാകുന്നതെങ്ങിനെ?
ശിശ്യേ,	ഞാൻ ശയിക്കുമൊ,		

പത്രം മൂലം ഫലം യത് ത്വമല്പം വാ യദി വാ ബഹു
ദാസ്യസി സ്വയമാഹൃത്യ തന്മേഽമൃതരസോപമം. 15

"ത്വം	"നിന്തിരുവടി	ആഹൃത്യ	കൊണ്ടുവന്ന്
യത്	യാതൊരു	യദി ദാസ്യസി	നൽകുന്നത് എപ്പോഴായിരുന്നാലും,
പത്രം	താളിനെയൊ	തത്	ആയത്
മൂലം വാ	കിഴങ്ങിനേയൊ	മേ	എനിക്ക്
ഫലം വാ	പഴത്തെയൊ,	ബഹു	മഹത്തായി
സ്വയം	സ്വയമായി	അമൃതരസോപമം.	അമൃതരസതുല്യമായിരിക്കും.
അല്പം	ശ്രമമില്ലാതെ		

ന മാതുർന പിതുസ്തത്ര സ്മരിഷ്യാമി ന വേശ്മനഃ
ആർത്തവാന്യുപഭുഞ്ജാനാ പുഷ്പാണി ച ഫലാനി ച. 16

"തത്ര	"അവിടെ	സ്മരിഷ്യാമി ന;	സ്മരണയ്ക്കുപോലും ഞാൻ അവകാശം നൽകുകയില്ല;
ആർത്തവാനി	അതാത് ഋതുക്കളിൽ		
പുഷ്പാണി ച	പൂക്കളേയും [ഉണ്ടാകുന്ന		
ഫലാനി ച	പഴങ്ങളേയും	മാതുഃ	മാതാവിന്റെയും
ഉപഭുഞ്ജാനാ	സുഖമായി അനുഭവിച്ചുകൊണ്ട്,	ന;	ഇല്ല;
		പിതുഃ	പിതാവിന്റെയും
വേശ്മനഃ	കോവിലകത്തിന്റെ	ന.	ഇല്ല.

ന ച തത്ര ഗതഃ കിഞ്ചിദ്ദ്രഷ്ടുമർഹസി വിപ്രിയം
മത്കൃതേ ന ച തേ ശോകോ ന ഭവിഷ്യാമി ദുർഭരാ. 17

"ദുർഭരാ	"ബുദ്ധിമുട്ടി രക്ഷിക്കപ്പെടേണ്ടവളായി	ഗതഃ	എഴുന്നെള്ളിയവനായ നിന്തിരുവടി
ഭവിഷ്യാമി ന;	ഞാൻ ഭവിക്കുകയില്ല;	മത്കൃതേ	എന്റെ സംഗതിയിൽ
തേ	നിന്തിരുവടിക്ക്	വിപ്രിയം	അസൌകര്യമെന്നുള്ളതിനെ
ശോകഃ ച	ഒരു വിചാരവും	കിഞ്ചിത് ച	ഒട്ടുതന്നെ
ന;	വേണ്ടതില്ല;	ദ്രഷ്ടും അർഹസി ന.	കാണുകയില്ല.
തത്ര	അവിടെ		

യസ്ത്വയാ സഹ സ സ്വൎഗ്ഗോ നിരയോ യസ്ത്വയാ വിനാ
ഇതി ജാനൻ പരാം പ്രീതിം ഗച്ഛ രാമ മയാ സഹ. 18

"രാമ!	"സുജനാഭിരാമ!
'ത്വയാ സഹ	'നിന്തിരുവടിയോടുകൂടി ഇരിക്കുക എന്നതു്
യഃ	യാതൊന്നോ
സഃ	അതു്
സ്വൎഗ്ഗഃ;	സ്വൎഗ്ഗമാകുന്നു;
ത്വയാ വിനാ	നിന്തിരുവടിയെ പിരിഞ്ഞിരിക്കുക എന്നതു്
യഃ	ഏതോ അതു

നിരയഃ,	നരകംതന്നെയാണു്,
ഇതി	എന്നിപ്രകാരമുള്ള
പരാം	സൎവ്വോത്കൃഷ്ടമായ
പ്രീതിം	എന്റെ അനുഗ്രഹത്തെ
ജാനൻ	തിരുവുള്ളത്തിൽ കയ്ക്കൊണ്ടവനായി
മയാ സഹ	എന്നോടുകൂടി
ഗച്ഛ.	എഴുന്നെള്ളിയാലും.

അഥ മാമേവമവ്യഗ്രാം വനം നൈവ നയിഷ്യസി
വിഷമദ്യൈവ പാസ്യാമി മാ ഗമം ദ്വിഷതാം വശം. 19

"ഏവം	"ഇപ്രകാരം
അവ്യഗ്രാം	മനസ്സുരുകി അപേക്ഷിക്കുന്നവളായ
മാം	എന്നെ
വനം	കാട്ടിലേക്കു്
നയിഷ്യസി ന അഥ,	കൂട്ടിക്കൊണ്ടുപോകാതിരിക്കുന്നുവെങ്കിൽ,

അദ്യ ഏവ	ഇപ്പോൾതന്നെ
വിഷം	വിഷത്തെ
പാസ്യാമി;	ഞാൻ കുടിച്ചുകളയും;
ദ്വിഷതാം	ശത്രുക്കളുടെ
വശം	അധീനത്തിൽ
ഏവ	നിശ്ചയമായും
മാ ഗമം.	ഞാൻ ഇരിക്കയില്ല.

പശ്ചാദപി ഹി ദുഃഖേന മമ നൈവാസ്തി ജീവിതം
ഉജ്ഝിതായാസ്ത്വയാ നാഥ തദൈവ മരണം വരം. 20

"നാഥ!	"നാഥ!
ത്വയാ അപി	നിന്തിരുവടിയാലും
ഉജ്ഝിതായാഃ	ഉപേക്ഷിക്കപ്പെട്ടവളായ
മമ,	എനിക്കു്,
പശ്ചാത്	അതിന്നുശേഷം
ദുഃഖേന ഏവ	ദുഃഖംകൊണ്ടുതന്നെ

ജീവിതം	ജീവൻ
അസ്തി ന;	നിലനില്ക്കുകയില്ല;
ഹി	അതിനാൽ
തദാ	ഇപ്പോൾതന്നെ
മരണം	മരിക്കുന്നതു്
വരം ഏവ.	ഉത്തമമായിരിക്കും.

ഇമം ഹി സഹിതും ശോകം മുഹൂൎത്തമപി നോത്സഹേ
കിം പുനൎദ്ദശവൎഷാണി ത്രീണി ചൈകം ച ദുഃഖിതാ. 21

"ഇമം	"ഈ
ശോകം	ദുഃഖത്തെ
സഹിതും	സഹിച്ചിരിപ്പാൻ
മുഹൂൎത്തം അപി	ഒരുക്ഷണനേരമെങ്കിലും
ഉത്സഹേ ന;	ഞാൻ യത്നിക്കയില്ല;
ഹി,	അപ്രകാരമിരിക്കെ,

ദുഃഖിതാ	അഴലാൎന്നവളായി
ഏകം	ഒരു കൊല്ലം,
ത്രീണി ച	പിന്നെ മൂന്നു്
ദശവൎഷാണി ച	പിന്നെ പത്തു്, എന്നുവന്നാൽ
കിം പുനഃ?"	പറയേണ്ടതുണ്ടോ?"

ഇതി സാ ശോകസന്തപ്താ വിലപ്യ കരുണം ബഹു
ചുക്രോശ പതിമായസ്താ ഭൃശമാലിംഗ്യ സസ്വരം. 22

ആയസ്താ	അത്യന്തദുഃഖിതയായ	ശോകസന്തപ്താ	ശോകത്താൽ വാടിയ
സാ,	അവൾ,	പതിം	ഭർത്താവിനെ [വളായി
ഇതി	ഇപ്രകാരം	ആലിംഗ്യ,	ആലിംഗനംചെയ്തു
കരുണം,	മനസ്സലിയുമാറ്,	ഭൃശം	ഉറക്കെ [കൊണ്ട്,
ബഹു	പലവാറായി	സസ്വരം	തേങ്ങി
വിലപ്യ,	അരുളിച്ചെയ്തുശേഷം,	ചുക്രോശ.	കരഞ്ഞു.

സാ വിദ്ധാ ബഹുഭിർവാക്യൈർദിഗ്ദ്ധൈരിവ ഗജാംഗനാ
ചിരസംനിയതം ബാഷ്പം മുമോചാഗ്നിമിവാരണിഃ. 23

സാ	അവൾ	ചിരസംനിയതം	വളരെനേരമായി അടക്കിനിർത്തിയിരുന്ന
ബഹുഭിഃ	കഷ്ടതരങ്ങളായ	ബാഷ്പം,	ബാഷ്പത്തെ,
വാക്യൈഃ,	ആജ്ഞകളാൽ,	അരണിഃ	അരണി
ഗജാംഗനാ	പിടിയാന	അഗ്നിം	തീയിനെ
ദിഗ്ദ്ധൈഃ	വിഷംതേച്ച ബാണങ്ങ [ളാൽ	ഇവ,	എന്നവണ്ണം,
ഇവ,	എന്നപോലെ,	മുമോച.	ചൊരിഞ്ഞു.
വിദ്ധാ,	പുണ്ണായ ചിത്തത്തോടു കൂടിയവളായി,		

തസ്യാഃ സ്ഫടികസങ്കാശം വാരി സന്താപസംഭവം
നേത്രാഭ്യാം പരിസുസ്രാവ പങ്കജാഭ്യാമിവോദകം. 24

തസ്യാഃ	അവളുടെ	വാരി,	കണ്ണുനീർതുള്ളി
നേത്രാഭ്യാം	രണ്ടുകണ്ണുകളിൽ നിന്നും	പങ്കജാഭ്യാം	രണ്ടുതാമരകളിൽ നിന്ന്
സന്താപസംഭവം	ദുഃഖംകൊണ്ടുണ്ടായതും	ഉദകം	നീർത്തുള്ളി
സ്ഫടിക- സങ്കാശം	പളുങ്കിന്നു സദൃശവും ആയ	ഇവ	എന്നപോലെ
		പരിസുസ്രാവ.	ഒഴുകി.

തച്ചൈവാമലചന്ദ്രാഭം മുഖമായതലോചനം
പര്യശുഷ്യത ബാഷ്പേണ ജലോദ്ധൃതമിവാംബുജം. 25

അമലചന്ദ്രാഭം	കളങ്കമററ ചന്ദ്രനെ പ്പോലുള്ളതും	ബാഷ്പേണ,	കണ്ണീരിനാൽ
ആയത- ലോചനം ച	നീണ്ട നേത്രങ്ങളാന്ന തും ആയ	ജലോദ്ധൃതം	വെള്ളത്തിൽനിന്ന് പറിച്ചിടപ്പെട്ട
തത്	ആ	അംബുജം	താമരപ്പൂ
മുഖം ഏവ	തിരുമുഖവും	ഇവ	എന്നപോലെ
		പര്യശുഷ്യത.	വാടിയതായി പ്രഭയ ററിരുന്നു.

താം പരിഷ്വജ്യ ബാഹുഭ്യാം വിസംജ്ഞാമിവ ദുഃഖിതാം
ഉവാച വചനം രാമഃ പരിവിശ്വാസയംസ്തദാ. 26

രാമഃ	ശ്രീരാമൻ	പരി- വിശ്വാസയൻ	ആശ്വസിപ്പിച്ച് ഉത്സാഹപ്പെടുത്തുന്നവനായി
തദാ	ആ സമയം		
ഇവ	ഇപ്രകാരം		
ദുഃഖിതാം	മാഴ്കിയവളായി	ബാഹുഭ്യാം	ഇരുകൈകളാലും
വിസംജ്ഞാം	പ്രജ്ഞയററവളായ	പരിഷ്വജ്യ	പുണൎന്നുകൊണ്ട്
താം	അവളെ	വചനം ഉവാച.	ഇപ്രകാരമരുളിച്ചെയ്തു.

ന ദേവി തവ ദുഃഖേന സ്വൎഗ്ഗമപ്യഭിരോചയേ
ന ഹി മേഽസ്തി ഭയം കിഞ്ചിത് സ്വയംഭോരിവ സൎവ്വതഃ. 27

"ദേവി!	"പ്രാണനാഥേ!	സ്വയംഭോഃ ഇവ,	സാക്ഷാൽ മഹാവിഷ്ണുവിനെന്നവണ്ണം
തവ	ഭവതിക്ക്		
ദുഃഖേന	ദുഃഖകരമെന്നുവന്നാൽ	കിഞ്ചിത്	ഒരെള്ളോളമെങ്കിലും
സ്വൎഗ്ഗം അപി	സ്വൎഗ്ഗത്തേയും	സൎവ്വതഃ	ഏതുസമയത്തിലും, ഏതുവിധത്തിലുമുള്ള
അഭിരോചയേ ന;	ഞാൻ ഗണിക്കയില്ല;	ഭയം ഹി	ഭയമെന്നുള്ളതുതന്നെ
മേ	എനിക്ക്	അസ്തി ന.	ഇല്ല.

തവ സൎവ്വമഭിപ്രായമവിജ്ഞായ ശുഭാനനേ
വാസം ന രോചയേഽരണ്യേ ശക്തിമാനപി രക്ഷണേ. 28

"ശുഭാനനേ!	"അന്തരംഗപ്രേമത്തെ പ്രത്യക്ഷമാക്കുന്ന തിരുമുഖമാൎന്ന നാഥേ!	അഭിപ്രായം	അന്തരാഭിപ്രായത്തെ
		സൎവ്വം	മുഴുവൻ
		അവിജ്ഞായ	അറിയാതെകണ്ട്
രക്ഷണേ	രക്ഷിപ്പാൻ	അരണ്യേ	കാട്ടിൽ
ശക്തിമാൻ അപി,	സമൎത്ഥനെന്നിരിക്കിലും,	വാസം	വസിക്കുക എന്നതിനെ
തവ	ഭവതിയുടെ	രോചയേ ന.	ഞാൻ സമ്മതിക്കാതിരുന്നതാണ്.

യത്സൃഷ്ടാഽസി മയാ സാൎദ്ധം വനവാസായ മൈഥിലി
ന വിഹാതും മയാ ശക്യാ പ്രീതിരാത്മവതാ യഥാ. 29

"മൈഥിലി!	"മൈഥിലി!	മയാ	എന്നാൽ,
മയാ സാൎദ്ധം	എന്നോടു കൂടി	പ്രീതിഃ യഥാ	പ്രീതിദേവിയെപ്പോലെയുള്ളവളായ ഭവതി
വനവാസായ	വനവാസത്തിന്നായി		
സൃഷ്ടാ അസി;	നീ സൃഷ്ടിക്കപ്പെട്ടവൾ തന്നെ;	വിഹാതും	ഇവിടെ വിട്ടേച്ചുപോകപ്പെടുവാൻ
യത്	ആകയാൽ		
ആത്മവതാ	ദൃഢചിത്തനായ	ശക്യാ ന.	പാടുള്ളവളല്ല.

[“പ്രീതി” (മന്മഥന്റെ ഭാൎയ്യ) “ആത്മവതാപ്രീതിഃ യഥാ”, (ധീമാനായവന്ന് കീൎത്തിയെന്ന പോലെ) എന്നും അൎത്ഥം. “പ്രീതിഃ” (ദയ) എന്നു തിലകം. “സൃഷ്ടാ” (സമ്മതിക്കപ്പെട്ടവൾ)]

ധര്മ്മസ്തു ഗജനാസോരു സദ്ഭിരാചരിതഃ പുരാ
തം ചാഹമനുവര്ത്തേƒദ്യ യഥാ സൂര്യ്യം സുവര്ച്ചലാ. 30

"ഗജനാസോരു!	"തുമ്പിക്കയ്യൊത്ത ഊരുക്കളോടുകൂടിയവളെ!
സുവര്ച്ചലാ	സുവര്ച്ചലാദേവി
സൂര്യ്യം യഥാ,	സൂര്യ്യഭഗവാനെ എന്നപോലെ,
പുരാ	പണ്ട്
സദ്ഭിഃ	മഹാന്മാരാൽ, (പത്നീസമേതരായിക്കൊണ്ടു)
തു	ഈ വാനപ്രസ്ഥാശ്രമവിഷയത്തിൽ
ധര്മ്മഃ	ധര്മ്മം
ആചരിതഃ;	അനുഷ്ഠിക്കപ്പെട്ടു;
അഹം	ഞാൻ
തം ച	ആ ധര്മ്മത്തെത്തന്നെ
അദ്യ	ഇപ്പോൾ [യാണ്
അനുവര്ത്തേ.	ആചരിക്കുന്നത്.

["പണ്ടുള്ള മഹാന്മാർ വാനപ്രസ്ഥാശ്രമത്തെ പത്നീസമേതന്മാരായി സ്വീകരിച്ചപോലെതന്നെ, ഞാനും സ്വീകരിക്കുന്നു. പത്നിയോടുകൂടിയുള്ളതായ ഈ വനവാസം ശിഷ്ടാചാരപ്രാപ്തമാണ് അല്ലാതെ കാമപ്രാപ്തമല്ല" എന്നു സാരം. ഗൊ. രാ.]

ന ഖല്വഹം ന ഗച്ഛേയം വനം ജനകനന്ദിനി
വചനം നയതി മാം പിതുഃ സത്യോപബൃംഹിതം. 31

"ജനകനന്ദിനി!	"ഹേ ജനകപുത്രി!
പിതുഃ വചനം,	പിതാവിന്റെ ആജ്ഞ,
സത്യോപബൃംഹിതം,	('ഞാൻ ശിരസാവഹിക്കുന്നുണ്ട്' എന്ന് ഞാൻ ചെയ്ത) സത്യത്തോടുകൂടി വിളങ്ങുന്നതായി,
മാം	എന്നെ
വനം	വനത്തിലേക്ക്
നയതി;	നയിക്കുന്നു;
തത്	ആകയാൽ
അഹം	ഞാൻ
ഗച്ഛേയം ന	പോകയില്ല എന്നുള്ളതു
ന ഖലു.	ഒരിക്കലും ഇല്ലതന്നെ.

ഏഷ ധര്മ്മസ്തു സുശ്രോണി പിതുര്മ്മാതുശ്ച വശ്യതാ
ആജ്ഞാമഹം വ്യതിക്രമ്യ നാഹം ജീവിതുമുത്സഹേ. 32

"സുശ്രോണി!	"സന്മാര്ഗ്ഗനിരതയായ വളേ!
പിതുഃ	പിതാവിന്റേയും
മാതുഃ ച	മാതാവിന്റേയും
ആജ്ഞാം	ആജ്ഞക്ക്
വശ്യതാ,	വശപ്പെട്ടു നടക്കുക എന്നുള്ള
ഏഷഃ തു	ഇതുതന്നെയാണ്
ധര്മ്മഃ;	ധര്മ്മശാസ്ത്രവിധി;
അഹം	ഞാൻ
അഹം വ്യതിക്രമ്യ	അഹംഭാവംമൂലം അതിനെ അതിക്രമിച്ച്
ജീവിതും	നടപ്പാൻ
ഉത്സഹേ ന.	യത്നിക്കുകയില്ല.

അസ്വാധീനം കഥം ദൈവം പ്രകാരൈരഭിരാധ്യതേ
സ്വാധീനം സമതിക്രമ്യ മാതരം പിതരം ഗുരും. 33

"സ്വാധീനം	"പ്രത്യക്ഷമായുള്ള
മാതരം	മാതാവിനേയും
പിതരം	പിതാവിനേയും
ഗുരും	ഗുരുവിനേയും
സമതിക്രമ്യ,	തട്ടിനടന്ന്,
അസ്വാധീനം	അപ്രത്യക്ഷമായ
ദൈവം	ദൈവത്തെ
പ്രകാരൈഃ	പലവിധം
കഥം	എന്താവശ്യത്തിനുവേണ്ടിയാണ്
അഭിരാധ്യതേ?	ഒരുവൻ ആരാധിക്കുന്നതു?

യത്ര തത്ര ത്രയോ ലോകാഃ പവിത്രം തത്സമം ഭുവി
നാന്യദസ്തി ശുഭാപാംഗേ തേനേദമഭിരാദ്ധ്യതേ. 34

"ത്രയഃ ലോകാഃ	"മൂന്നുലോകങ്ങളും
യത്ര	യാതൊന്നിൽ വ്യവസ്ഥിതമായിരിക്കുന്നുവൊ
തത്ര,	അപ്രകാരമുള്ളതും,
ഭുവി	ഭൂലോകത്തിൽ
തത്സമം,	ആ (ത്രിലോകങ്ങളായ) ഫലത്തെത്തന്നെ തരുന്നതും ആയി
പവിത്രം	സകലപാപനിവൎത്തകമായി സകല പുണ്യപ്രദമായിരിക്കുന്നതു്
അന്യത് അസ്തി ന;	പിതൃവാക്യപരിപാലനമല്ലാതെവേറൊന്നുമില്ല;
ശുഭാപാംഗേ!	ഹേ ശോഭാപാംഗി!
തേന	അതുകൊണ്ടുതന്നെ
ഇദം	ഇതു് [യാണു്
അഭിരാദ്ധ്യതേ.	ഇഷ്ടപ്പെട്ടതായിരിക്കുന്നതു്.

ന സത്യം ദാനമാനൌ വാ ന യജ്ഞാശ്ചാപ്തദക്ഷിണാഃ
തഥാ ബലകരാഃ സീതേ യഥാ സേവാ പിതുൎഹിതാ. 35

"സീതേ!	"സീതേ!
പിതുഃ	പിതാവിന്റെ
സേവാ	ഇഷ്ടംപോലെ നടന്നു്, ഉപചരിക്കുന്നതു്
ഹിതാ	നന്മ വിളയിക്കുന്നതാ [യി
യഥാ	എത്രകണ്ടുള്ളതോ
തഥാ ന,	അത്രകണ്ടുള്ളതല്ല,
സത്യം ച;	മററുള്ള ധൎമ്മങ്ങളെ നിത്യമായനുഷ്ഠിക്കുന്നതു്;
ദാനമാനൌ	ദാനവും പൂജയും
ആപ്തദക്ഷിണാഃ	വിശേഷ ദക്ഷിണക
യജ്ഞാഃ വാ	യാഗങ്ങളും [ളോടുകൂടിയ
ബലകരാഃ ന.	അത്ര ഫലപ്രദങ്ങളല്ല.

സ്വൎഗ്ഗോ ധനം വാ ധാന്യം വാ വിദ്യാഃ പുത്രാഃ സുഖാനി ച
ഗുരുവൃത്ത്യനുരോധേന ന കിംചിദപി ദുൎല്ലഭം. 36

"സ്വൎഗ്ഗഃ	"സ്വൎഗ്ഗമാകട്ടെ
ധനം	ധനമാകട്ടെ
ധാന്യം	ധാന്യമാകട്ടെ
വിദ്യാഃ	വിദ്യകളാകട്ടെ
പുത്രാഃ	പുത്രഭാഗ്യമാകട്ടെ
സുഖാനി വാ	ലൌകികസുഖങ്ങളാകട്ടെ
കിംചിത് വാ അപി	ഒന്നായാലും എല്ലാംതന്നെയായാലും
ഗുരുവൃത്ത്യനുരോധേന ച	പിതാവിന്റെ ഇഷ്ടമനുസരിച്ചുനടക്കുക എന്നതിനാൽമാത്രം
ദുൎല്ലഭം ന.	ലഭിക്കപ്പെടുവാൻ പ്രയാസമായതല്ല.

ദേവഗന്ധൎവ്വഗോലോകാൻ ബ്രഹ്മലോകാംസ്തഥാ നരാഃ
പ്രാപ്നുവന്തി മഹാത്മാനോ മാതാപിതൃപരായണാഃ. 37

"മാതാപിതൃപരായണാഃ	"അച്ഛനമ്മമാരുടെ ഇഷ്ടപ്രകാരം നടക്കുന്നതിൽനിഷ്ഠയോടുകൂടിയ
മഹാത്മാനഃ	മഹാത്മാക്കളായ
നരാഃ	മനുഷ്യർ
ദേവഗന്ധൎവ്വഗോലോകാൻ	ദേവലോകം, ഗന്ധൎവ്വലോകം, ഗോലോകം എന്നവയേയും
തഥാ	അവയ്ക്കും ഉപരിയായി
ബ്രഹ്മലോകാൻ	ബ്രഹ്മലോകങ്ങളേയും
പ്രാപ്നുവന്തി.	പ്രാപിക്കുന്നു.

സ മാം പിതാ യഥാ ശാസ്തി സത്യധൎമ്മപഥേ സ്ഥിതഃ
തഥാ വൎത്തിതുമിച്ഛാമി സ ഹി ധൎമ്മഃ സനാതനഃ. 38

''സഃ	''അപ്രകാരമുള്ള
പിതാ	പിതാവ്
മാം യഥാ	എന്നെ എപ്രകാരം
ശാസ്തി,	ആജ്ഞാപിക്കുന്നുവോ,
തഥാ,	അപ്രകാരംതന്നെ,
സത്യധൎമ്മപഥേ	സത്യമായ ധൎമ്മമാൎഗ്ഗത്തിൽ
സ്ഥിതഃ	വ്യവസ്ഥിതനായി
വൎത്തിതും	വൎത്തിപ്പാൻ
ഇച്ഛാമി;	ഞാൻ നിശ്ചയിച്ചിരിക്കുന്നു;
സഃ ഹി	അതുതന്നെയാണ്
സനാതനഃ	ശാശ്വതമായ
ധൎമ്മഃ.	ധൎമ്മം.

മമ സന്നാ മതിഃ സീതേ ത്വാം നേതും ദണ്ഡകാവനം.
വസിഷ്യാമീതി സാ ത്വം മാമനുയാതും സുനിശ്ചിതാ. 39

''സീതേ!	''സീതേ!
സാ	സാക്ഷാൽ ലക്ഷ്മിയായ
ത്വം,	ഭവതി,
'ദണ്ഡകാവനം	'ദണ്ഡകാവനത്തിൽ
വസിഷ്യാമി,'	ഞാൻ വസിക്കും,'
ഇതി	എന്ന്
സുനിശ്ചിതാ	ദൃഢമായിനിശ്ചയിച്ചവളായി
സന്നാ;	മൌഢ്യത്തോടുകൂടിയിരിക്കുന്നു;
ത്വാം	ഭവതിയെ
നേതും	കൂടെ കൂട്ടിക്കൊണ്ടുപോകുന്നതിന്നും
മാം	എന്നെ
അനുയാതും	ഭവതി അനുവൎത്തിക്കുന്നതിന്നും
മമ മതിഃ.	ഞാൻ തീൎച്ചയാക്കിക്കഴിഞ്ഞു.

[''മുമ്പ് നിന്റെ മനോഭാവം സൂക്ഷ്മമായി ഇന്നതെന്ന് അറിയാതിരുന്നതിനാൽ 'സന്ന' യായിരുന്ന, (ക്ഷീണിച്ചതായിരുന്ന) എന്റെ ബുദ്ധി, ഇപ്പോൾ നീ എന്റെ കൂടെത്തന്നെ വസിക്കാൻപോകുന്നു എന്നു അറിഞ്ഞതിനാൽ, നിന്നെ കൂടെ കൂട്ടിക്കൊണ്ടുപോകുന്ന വിഷയത്തിൽ നിശ്ചയത്തോടുകൂടിയതായി ഭവിച്ചിരിക്കുന്നു; എന്റെ കൂടെ വന്നാലും.'' (ഗോ. രാ; തീൎത്ഥീയം) ''യതസ്ത്വം അനുയാതും സുനിശ്ചിതാ, അതസ്ത്വാം നേതും മമ യാ അമതിഃ സാ സന്നാ വിശീൎണ്ണാ'' (നിന്റെ നിശ്ചയം ദൃഢമായിരിക്കുന്നതിനാൽ, നിന്നെ കൂട്ടിക്കൊണ്ടുപോകുന്നതിലുള്ള എന്റെ വൈമുഖ്യം ശിഥിലമായിപ്പോയിരിക്കുന്നു. അതിനാൽ നീ എന്റെ കൂടെത്തന്നെ വരിക.) എന്നു, സത്യധൎമ്മതീൎത്ഥീയം.]

സാ ഹി സൃഷ്ടാഽനവദ്യാംഗി വനായ മദിരേക്ഷണേ
അനുഗച്ഛസ്വ മാം ഭീരു സഹധൎമ്മചരീ ഭവ. 40

''അനവദ്യാംഗി!	''സൎവ്വലക്ഷണസമ്പന്നേ!
മദിരേക്ഷണേ!	ഭ്രമിക്കത്തക്ക നേത്രങ്ങളോടുകൂടിയവളേ!
ഭീരു!	എന്റെ നിഴലെന്നപോലെ വൎത്തിക്കുന്നവളേ!
വനായ	വനവാസത്തിന്നായി
സൃഷ്ടാ;	ഭവതി സമ്മതിക്കപ്പെട്ടിരിക്കുന്നു;
ഹി	ആയതുകൊണ്ട്
സാ	അപ്രകാരമുള്ള ഭവതി,
മാം	എന്നെ
അനുഗച്ഛസ്വ;	പിൻതുടൎന്നുവന്നാലും;
സഹധൎമ്മചരീ	കൂടെത്തന്നെ വൎത്തിച്ച് വാനപ്രസ്ഥധൎമ്മങ്ങളെ അനുഷ്ഠിക്കുന്നവളായി
ഭവ.	ഭവിച്ചാലും.

സൎവ്വഥാ സദൃശം സീതേ മമ സ്വസ്യ കുലസ്യ ച
വ്യവസായമനുപ്രാപ്താ കാന്തേ ത്വമതിശോഭനം. 41

"കാന്തേ!	"പ്രാണനാഥേ!	കുലസ്യ ച	കുലത്തിന്നും
സീതേ!	സീതേ!	സൎവ്വഥാ സദൃശം	ഏററവും യോഗ്യവും
ത്വം	ഭവതി,	അതിശോഭനം	സന്മാൎഗ്ഗബോധകവും
മമ	എനിക്കും	വ്യവസായം	കൃത്യത്തെ [ആയ
സ്വസ്യ	ഭവതിക്കും	അനുപ്രാപ്താ.	ഇപ്പോൾ അനുഷ്ഠിച്ചു.

ആരഭസ്വ ശുഭശ്രോണി വനവാസക്ഷമാഃ ക്രിയാഃ
നേദാനീം ത്വദൃതേ സീതേ സ്വൎഗ്ഗോപി മമ രോചതേ. 42

"ശുഭശ്രോണി!	"സന്മാൎഗ്ഗനിപുണയായ	ഇദാനീം	ഇപ്പോൾതന്നെ
സീതേ!	സീതേ!	വനവാസക്ഷമാഃ	വനവാസത്തിന്നുവേണ്ടതായ
ത്വദൃതേ	ഭവതിയില്ലാതെ	ക്രിയാഃ	ദാനംമുതലായ വൈദികക്രിയകളെ
മമ	എനിക്ക്		
സ്വൎഗ്ഗഃ അപി	സ്വൎഗ്ഗലോകവും		
രോചതേ ന;	ഇഷ്ടമില്ല;	ആരഭസ്വ.	തുടങ്ങുവാൻശ്രമിക്കുക.

ബ്രാഹ്മണേഭ്യശ്ച രത്നാനി ഭിക്ഷുകേഭ്യശ്ച ഭോജനം
ദേഹി ചാശംസമാനേഭ്യഃ സന്ത്വരസ്വ ച മാ ചിരം. 43

"ആശംസമാനേഭ്യഃ	"യാചിക്കുന്നവരായ	ഭോജനം ച	അവരവൎക്കുവേണ്ടത്തക്ക ഭോഗ്യവസ്തുവിനെയും
ബ്രാഹ്മണേഭ്യഃ ച	ബ്രാഹ്മണൎക്കും	ദേഹി;	ദാനംചെയ്താലും;
ഭിക്ഷുകേഭ്യഃ ച	ഭിക്ഷയെടുക്കുന്നവൎക്കും	സന്ത്വരസ്വ,	വേഗത്തിലാവട്ടെ,
രത്നാനി ച	ദ്രവ്യങ്ങളേയും	മാ ചിരം.	കാലതാമസം അരുത്.

ഭൂഷണാനി മഹാൎഹാണി വരവസ്ത്രാണി യാനി ച
രമണീയാശ്ച യേ കേചിത് ക്രീഡാൎത്ഥാശ്ചാപ്യുപസ്കരാഃ 44
ശയനീയാനി യാനാനി മമ ചാന്യാനി യാനി ച
ദേഹി സ്വഭൃത്യവൎഗ്ഗസ്യ ബ്രാഹ്മണാനാമനന്തരം. 45

"മഹാൎഹാണി	"വിലപിടിച്ച	മമ	എന്റെ
ഭൂഷണാനി	ആഭരണങ്ങൾ	അന്യാനി	വിശേഷപ്പെട്ട
യാനി ച	ഏവയോ അവയേയും	ശയനീയാനി	മഞ്ചങ്ങൾ
വരവസ്ത്രാണി ച	ഉത്തമവസ്ത്രങ്ങളേയും	യാനി ച,	ഏവയോ അവയേയും
ഉപസ്കരാഃ	ആസനം പെട്ടകം മുതലായ വീട്ടുസാമാനങ്ങൾ	യാനാനി,	വാഹനങ്ങളേയും,
		ബ്രാഹ്മണാനാം	ബ്രാഹ്മണൎക്കായും,
യേ ച,	ഏവയൊ അവയേയും	അനന്തരം	പിന്നെ
കേചിത്	എത്രയെങ്കിലും		
രമണീയാഃ	മനോഹരങ്ങളായ	സ്വഭൃത്യവൎഗ്ഗസ്യ ച	സ്വന്തം ഭൃത്യവൎഗ്ഗത്തിന്നായും
ക്രീഡാൎത്ഥാഃ അപി,	ക്രീഡാപദാൎത്ഥങ്ങളെയും,	ദേഹി."	കൊടുത്തേക്കുക."

അനുകൂലം തു സാ ഭർത്തുർജ്ഞാത്വാ ഗമനമാത്മനഃ
ക്ഷിപ്രം പ്രമുദിതാ ദേവീ ദാതുമേവോപചക്രമേ. 46

സാ	ആ	അനുകൂലം തു	അനുഗ്രഹമെന്ന്
ദേവീ,	ദേവി,	ജ്ഞാത്വാ,	ധരിച്ച്,
ആത്മനഃ	തന്റെ	പ്രമുദിതാ	അത്യന്തസന്തുഷ്ടയായി
ഗമനം	അനുയാത്രയെ	ക്ഷിപ്രം ഏവ	തൽക്ഷണംതന്നെ
ഭർത്തുഃ	ഭർത്താവിന്റെ	ദാതും	ദാനംചെയ്വാൻ
		ഉപചക്രമേ.	യത്നിച്ചു.

തതഃ പ്രഹൃഷ്ടാ പ്രതിപൂർണ്ണമാനസാ
യശസ്വിനീ ഭർത്തുരവേക്ഷ്യ ഭാഷിതം
ധനാനി രത്നാനി ച ദാതുമംഗനാ
പ്രചക്രമേ ധർമ്മഭൃതാം മനസ്വിനീ. 47

മനസ്വിനീ	ശുദ്ധാന്തഃകരണയുക്തയെന്ന്	ഭർത്തുഃ	ഭർത്താവിന്റെ
യശസ്വിനീ	ത്രിലോകപ്രസിദ്ധയായ	ഭാഷിതം	ആജ്ഞയെ
അംഗനാ,	ആ സ്ത്രീരത്നം,	അവേക്ഷ്യ,	ശിരസാ വഹിച്ച്
പ്രതിപൂർണ്ണമാനസാ,	മനോരഥം സാധിച്ചവളായി,	ധർമ്മഭൃതാം	ധർമ്മനിഷ്ഠന്മാർക്കായി
തതഃ	തന്മൂലം	ധനാനി	ദ്രവ്യങ്ങളേയും
പ്രഹൃഷ്ടാ,	അത്യന്തസംതൃപ്തി പൂണ്ടവളായി,	രത്നാനി ച	വിശേഷവസ്തുക്കളേയും
		ദാതും	ദാനം ചെയ്വാൻ
		പ്രചക്രമേ.	ആരംഭിച്ചു.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ ത്രിംശഃ സർഗ്ഗഃ = മുപ്പതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3666 ; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1311.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ
ദ്വാത്രിംശദ്ദിനേഷു ഗീതേ ശ്രീമദ്രാമായണേ പഞ്ചമേഽഹനി
ഗീതാഃ ശ്ലോകാഃ സമാപ്താഃ.

ഇപ്രകാരം പണ്ട് അശ്വമേധയാഗമണ്ഡപത്തിൽ ശ്രീരാമസന്നിധിയിൽവെച്ച്
കുശലവന്മാരാൽ 32 ദിവസങ്ങളിലായി ഗാനംചെയ്യപ്പെട്ട
ശ്രീരാമായണത്തിൽ അഞ്ചാംദിവസം ഗാനംചെയ്ത
ശ്ലോകങ്ങളുടെ സംഖ്യ 915.

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ഷഷ്ഠേ/ഹനി അയോദ്ധ്യാകാണ്ഡ
ഏകത്രിംശസർഗ്ഗമാരഭ്യ ഏകപഞ്ചാശത്സർഗ്ഗപര്യന്തം (3667—4381 ശ്ലോകാഃ)
ഗീതം. തസ്മിൻദിനേ ഗീതാഃ ശ്ലോകാശ്ച 715.

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗശാലയിൽവെച്ച് ആറാമത്തെ ദിവസം അയോദ്ധ്യാകാണ്ഡത്തിൽ 31-ാംസർഗ്ഗം തുടങ്ങി 51-ാംസർഗ്ഗംവരെ (3667 മുതൽ 4381 കൂടി ശ്ലോകങ്ങൾ) ഗാനംചെയ്യപ്പെട്ടു.
അന്ന് ആകെ ഗാനംചെയ്യപ്പെട്ട ശ്ലോകസംഖ്യ 715.

ഏകത്രിംശഃ സർഗ്ഗഃ = മുപ്പത്തൊന്നാം സർഗ്ഗം.

[ലക്ഷ്മണവനാനുഗമനാഭ്യനുജ്ഞാ = ലക്ഷ്മണനെ കാട്ടിലേക്കു കൂടെവരുവാൻ സമ്മതിക്കുന്നത്.]

ഏവം ശ്രുത്വാ തു സംവാദം ലക്ഷ്മണഃ പൂർവ്വമാഗതഃ
ബാഷ്പപര്യാകുലമുഖഃ ശോകം സോഢുമശക്നുവൻ. 1

പൂർവ്വം	മുമ്പെതന്നെ	ശ്രുത്വാ,	കേട്ടറിഞ്ഞ്,
ആഗതഃ	അവിടെ എത്തിയിരുന്ന	ബാഷ്പ-പര്യാകുലമുഖഃ	കണ്ണീരൊഴുകുന്ന മുഖത്തോടുകൂടിയവനായി
ലക്ഷ്മണഃ	ലക്ഷ്മണൻ		
ഏവം	മേൽപ്രകാരം	ശോകം	ദുഃഖം
സംവാദം തു	തീർച്ചപ്പെടുത്തിയതായ തല്ക്കാലവർത്തമാനത്തെ	സോഢും	സഹിപ്പാൻ
		അശക്നുവൻ.	അശക്തനായി ഭവിച്ചു.

[“ശോകം,” (‘അദ്ധശരീരഭൂതയായ സീതാദേവിയുടെ വനാനുഗമനവുംകൂടി വളരെ പ്രയാസപ്പെട്ടാണല്ലോ അംഗീകരിക്കപ്പെട്ടത്. എന്റെ അനുഗമനം എങ്ങിനെയാണ് സമ്മതിക്കപ്പെടുവാൻ പോകുന്നത്,’ എന്ന മനോവിചാരം) എന്ന് ഗോ. രാ.]

സ ഭ്രാതുശ്ചരണൌ ഗാഢം നിപീഡ്യ രഘുനന്ദനഃ
സീതാമുവാചാതിയശാ രാഘവം ച മഹാവ്രതം. 2

അതിയശാഃ	അതികീർത്തിമാനും	സീതാം	സീതാദേവിയുടെസന്നിധിയിൽ
രഘുനന്ദനഃ	രഘുകുലതിലകനുമായ		
സഃ	ആ ലക്ഷ്മണൻ,	മഹാവ്രതം	ആശ്രയിച്ചവൎക്ക് അഭയം നൽകുക എന്ന മഹാവ്രതത്തെ കയ്ക്കൊണ്ടവനായ
ഭ്രാതുഃ	ജ്യേഷ്ഠന്റെ		
ചരണൌ	പാദാരവിന്ദങ്ങളെ		
ഗാഢം നിപീഡ്യ	ഗാഢമായി പിടിച്ചുംകൊണ്ട്	രാഘവം ച	ശ്രീരാഘവനോടായി
		ഉവാച.	ഉണർത്തിച്ചു.

[“സഃ” ശ്രീരാമന്റെ കൂടെ വനത്തിലേക്കു പോകുന്നതായ പ്രയോജനത്തിന്ന് ഉപായാന്തരത്തെ കാണാത്തവനായ ലക്ഷ്മണൻ; “ഭ്രാതുഃ” അവജ്ജനീയമായ സംബന്ധത്താൽ ശരണ്യനായ; “ചരണൌ നിപീഡ്യ” എന്നതുകൊണ്ട് ശരണാഗതി പറയപ്പെടുന്നു: “അതിയശാഃ” ആനുകൂല്യമായ സങ്കല്പത്തിന്നു പ്രാതികൂല്യമില്ലാത്തവൻ: “സീതാം” ആദ്യം സീതാദേവിയെ പുരുഷകാരരൂപേണ സ്വീകരിച്ച്; “മഹാവ്രതം” ‘സകൃദേവപ്രപന്നായ തവാസ്മീതി ച യാചതേ. അഭയം സർവ്വഭൂതേഭ്യോ ദദാമ്യേതദ്വ്രതം മമ,’ (യുദ്ധകാണ്ഡം 18-ാം സ.) എന്നിത്യാദിയായ് ശരണാഗതരക്ഷണമാകുന്ന മഹാവ്രതത്തോടുകൂടിയവൻ; ഗോ. രാ.

“ഭ്രാതുഃ” ശരണാഗതന്മാരെ ഭരിപ്പാൻ ശക്തിയുള്ളവൻ; ശ്രീമഹാവിഷ്ണു. (തനിശ്ലോകി).]

യദി ഗന്തും കൃതാ ബുദ്ധിർവ്വനം മൃഗഗജായുതം
അഹം ത്വാനുഗമിഷ്യാമി വനമഗ്രേ ധനുർദ്ധരഃ. 3

"വനം	"വനത്തിലേക്ക്	മൃഗഗജായുതം	മാനുകളാലും ആനകളാലും നിറയപ്പെട്ട
ഗന്തും	എഴുന്നെള്ളുവാൻ	വനം,	കാട്ടിൽ
ബുദ്ധിഃ	നിശ്ചയം	ത്വാ	നിന്തിരുവടിക്ക്
കൃതാ യദി,	ചെയ്തു എന്നുള്ളതുകൊണ്ട്,	അഗ്രേ	മുമ്പിലായി
അഹം	ഞാൻ	അനുഗമിഷ്യാമി.	വഴികാട്ടിക്കൊണ്ട് കൂടെ വരുന്നുണ്ട്.
ധനുർദ്ധരഃ	ധനുഷ്പാണിയായി		

"പിതേവ പാലയേത് പുത്രാൻ ജ്യേഷ്ഠോ ഭ്രാതാ യവീയസഃ, പുത്രവച്ചാപി വർത്തേരൻ ജ്യേഷ്ഠേ ഭ്രാതരി ധർമ്മതഃ" മനു. "കനിഷ്ഠാസ്തം നമസ്യേരൻ സർവ്വേ ഛന്ദാനുവർത്തിനഃ, തമേവ ചോപജീവേരൻ യഥൈവ പിതരം തഥാ." എന്നു ജ്യേഷ്ഠാനുവർത്തനത്തെക്കുറിച്ച് പുരാണസാരം.]

മയാ സമേതോഽരണ്യാനി ബഹൂനി വിചരിഷ്യസി
പക്ഷിഭിർമൃഗയൂഥൈശ്ച സംഘുഷ്ടാനി സമന്തതഃ 4

"പക്ഷിഭിഃ	"പക്ഷികളാലും	മയാ ച	ഞാൻ ഒരുവനാൽ തന്നെ
മൃഗയൂഥൈഃ	മൃഗഗണങ്ങളാലും	സമേതഃ	കൈങ്കര്യം ചെയ്യപ്പെട്ടവനായി
സമന്തതഃ	എങ്ങുംനോക്കിയാലും	വിചരിഷ്യസി.	നിന്തിരുവടി കാലം കഴിച്ചാലും.
സംഘുഷ്ടാനി	ഘോഷിക്കപ്പെട്ടതായ		
ബഹൂനി അരണ്യാനി	മഹാരണ്യങ്ങളിൽ		

ന ദേവലോകാക്രമണം നാമരത്വമഹം വൃണേ
ഐശ്വര്യം വാഽപി ലോകാനാം കാമയേ ന ത്വയാ വിനാ. 5

"ത്വയാ വിനാ	"നിന്തിരുവടിയില്ലാതെ	അമരത്വം വാ	മരണമില്ലാത്ത ദേവത്വത്തേയും
അഹം	ഞാൻ	ന;	അനുഗ്രഹിക്കുന്നില്ല;
ദേവലോകാക്രമണം അപി	ദേവലോകവാസവും	ലോകാനാം ഐശ്വര്യം	ത്രിലോകാധിപത്യത്തേയും
വൃണേ ന;	കൊതിക്കുന്നില്ല;	കാമയേ ന."	ഞാൻ കാമിക്കുന്നില്ല."

["ദേവാനാം പൂരയോദ്ധ്യാ" എന്ന പ്രകാരം അങ്ങയുടെ കൈങ്കര്യമില്ലാത്ത മോക്ഷപദത്തേയും, ജരാമരണത്വമില്ലാത്ത കൈവല്യത്തേയും, ബ്രഹ്മപദത്തേയും ഞാൻ ആഗ്രഹിക്കുന്നില്ല. ഗോ. രാ.]

ഏവം ബ്രുവാണഃ സൌമിത്രിർവ്വനവാസായ നിശ്ചിതഃ
രാമേണ ബഹുഭിഃ സാന്ത്വൈർന്നിഷിദ്ധഃ പുനരബ്രവീത്. 6

വനവാസായ	വനവാസത്തിന്നായി	രാമേണ	ശ്രീരാമനാൽ
നിശ്ചിതഃ	ദൃഢനിശ്ചയം കയ്ക്കൊണ്ടവനായ	ബഹുഭിഃ	പലമാതിരി
സൌമിത്രിഃ	ലക്ഷ്മണൻ	സാന്ത്വൈഃ	സമാധാനവാക്കുകളാൽ
ഏവം	മേൽപ്രകാരം	നിഷിദ്ധഃ,	തടുക്കപ്പെട്ടവനായി,
ബ്രുവാണഃ,	അപേക്ഷിക്കുമ്പോൾ,	പുനഃ	വീണ്ടും
		അബ്രവീത്.	ഇപ്രകാരം ഉണർത്തിച്ചു.

സ്ത്രീസഹസ്രനിനാദശ്ച സഞ്ജജ്ഞേ രാജവേശ്മനി
ഹാ ഹാ രാമേതി സഹസാ ഭൂഷണധ്വനിമൂൎച്ഛിതഃ. 19

രാജവേശ്മനി	രാജഭവനത്തിൽ	ഭൂഷണധ്വനി-മൂൎച്ഛിതഃ	ആഭരണധ്വനിയോടു കൂടികലൎന്നതായി
സഹസാ	ഏകകാലത്തിൽ	സ്ത്രീസഹസ്ര-നിനാദഃ ച	അനേകം സ്ത്രീകളുടെ ആൎത്തനാദം
"ഹാ ഹാ രാമ!"	"ഹാ ഹാ രാമ!"		
ഇതി	എന്നിങ്ങിനെ	സഞ്ജജ്ഞേ.	ഉണ്ടായി.

[സ്ത്രീസഹസ്രമെന്നുപറഞ്ഞതുകൊണ്ടു് രാജ്ഞിമാർ 350 പേരും ദാസിമാരും വിവക്ഷിക്കപ്പെട്ടിരിക്കുന്നു. സ.]

തം പരിഷ്വജ്യ ബാഹുഭ്യാം താവുഭൌ രാമലക്ഷ്മണൌ
പൎയ്യങ്കേ സീതയാ സാൎദ്ധം രുദന്തഃ സമവേശയൻ. 20

തൌ	ആ	തം	അദ്ദേഹത്തെ
രാമലക്ഷ്മണൌ	ശ്രീരാമലക്ഷ്മണന്മാരായ	ബാഹുഭ്യാം	ഇരുഭുജങ്ങളാലും
ഉഭൌ	രണ്ടുപേരും	പരിഷ്വജ്യ	താങ്ങി അണച്ചുകൊണ്ടു്
സീതയാ സാൎദ്ധം	സീതാദേവിയോടുംകൂടി	പൎയ്യങ്കേ	മഞ്ചത്തിൽ
രുദന്തഃ	രോദനംചെയ്യുന്നവരായി	സമവേശയൻ.	മെല്ലെ കിടത്തി.

അഥ രാമോ മുഹൂൎത്താന്തം ലബ്ധസംജ്ഞം മഹീപതിം
ഉവാച പ്രാഞ്ജലിൎഭൂത്വാ ശോകാൎണ്ണവപരിപ്ലുതം 21

രാമഃ,	ശ്രീരാമൻ,	തം മഹീപതിം	ആ മഹാരാജാവിനെ നോക്കി
മുഹൂൎത്താത്	അല്പനേരംചെന്നു്		
ലബ്ധസംജ്ഞം	ബോധംതെളിഞ്ഞവനായി	പ്രാഞ്ജലിഃ ഭൂത്വാ	അഞ്ജലിബന്ധം ചെയ്തുകൊണ്ടു്
ശോകാൎണ്ണവ-പരിപ്ലുതം	ദുഃഖസാഗരനിമഗ്നനായിരിക്കുന്ന	അഥ	ഇപ്രകാരം
		ഉവാച.	ഉണൎത്തിച്ചു.

ആപൃച്ഛേ ത്വാം
പ്രസ്ഥിതം ദണ്ഡകാരണ്യം   ത്വാം കുശലേന പശ്യ.

" മഹാരാജ!	" മഹാരാജാവേ!
നഃ	ഞങ്ങൾ
സൎവ്വേഷാം	എല്ലാവൎക്കും
ഈശ്വരഃ അസി;	നിന്തിരുവടി പ്രത്യക്ഷ ദൈവമാണല്ലോ;
ദണ്ഡകാരണ്യം	ദണ്ഡകാരണ്യത്തിലേക്ക്
പ്രസ്ഥിതം	യാത്രപുറപ്പെട്ടവന്നിരിക്കുന്നവനായ
മാം	എന്നെ
ത്വം,	നിന്തിരുവടി,
കുശലേന പശ്യ;	കൺകുളിൎക്കുമാറ് കടാക്ഷിച്ചരുളിയാലും;
ത്വാം	നിന്തിരുവടിയോട്
ആപൃച്ഛേ.	ഞാൻ അനുമതി ചോദിക്കുന്നു.

ലക്ഷ്മണം ചാനുജാനീഹി സീതാ ചാന്വേതു മാം വനം
കാരണൈൎബ്ബഹുഭിസ്തഥ്യൈൎവ്വാൎയ്യമാണൌ ന ചേച്ഛതഃ. 23

" സീതാ ച	" സീതയും
മാം	എന്നെ
വനം	വനത്തിലേക്ക്
അന്വേതു;	തുടൎന്നുവരട്ടെ;
ലക്ഷ്മണം ച	ലക്ഷ്മണനെയും
അനുജാനീഹി;	നിന്തിരുവടി വിടനൽകിയാലും;
ബഹുഭിഃ	പലവാറായ
തഥ്യൈഃ	ശരിയായ
കാരണൈഃ	കാരണങ്ങളാൽ
വാൎയ്യമാണൌ ച	നിവാരണം ചെയ്യപ്പെട്ടിട്ടും
ഇച്ഛതഃ ന.	അവർ രണ്ടുപേരും സമ്മതിക്കുന്നില്ല.

അനുജാനീഹി സൎവ്വാൻ നഃ ശോകമുത്സൃജ്യ മാനദ
ലക്ഷ്മണം മാം ച സീതാം ച പ്രജാപതിരിവപ്രജാഃ. 24

" മാനദ!	" ഞങ്ങളുടെയെല്ലാം സൌഭാഗ്യത്തിന്നു ഹേതുഭൂതനായുള്ളോവേ!
ച	ആയതുകൊണ്ടു്
ശോകം	ശോകത്തെ
ഉത്സൃജ്യ	കൈവെടിഞ്ഞ്
മാം	എനിക്കും
ലക്ഷ്മണം	ലക്ഷ്മണനും
സീതാം	സീതക്കും
നഃ	ഞങ്ങൾ
സൎവ്വാൻ ച,	എല്ലാവൎക്കും,
പ്രജാപതിഃ	ബ്രഹ്മാവ്
പ്രജാഃ	പ്രജകൾക്ക്
ഇവ,	എന്നപോലെ,
അനുജാനീഹി."	വിടനൽകിയാലും."

പ്രതീക്ഷമാണമവ്യഗ്രമനുജ്ഞാം ജഗതീപതേഃ
ഉവാച രാജാ സംപ്രേക്ഷ്യ വനവാസായ രാഘവം. 25

രാജാ	മഹാരാജാവ്
വനവാസായ	വനവാസത്തിന്നായി
ജഗതീപതേഃ	ചക്രവൎത്തിയായ തന്റെ
അനുജ്ഞാം	അനുജ്ഞയെ
പ്രതീക്ഷമാണം	പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവനും
അവ്യഗ്രം	ഒട്ടെങ്കിലും മനസ്സിളകാതിരിക്കുന്നവനുമായ
രാഘവം	ശ്രീരാമനെ
സംപ്രേക്ഷ്യ	നോക്കി
ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.

[illegible]ഹം രാഘവ കൈകേ[illegible] [illegible] മോഹിതഃ
[illegible] [illegible]ഹ്യ [illegible] 26

"രാഘവ !	"ശ്രീരാ[illegible]
അഹം	ഞാൻ
കൈകേയ്യാഃ	കൈകേയിക്ക്
വരദാനേന	വരംകൊടുത്തകാരണം
മോഹിതഃ ;	വഞ്ചിക്കപ്പെട്ടുപോയി ;
അദ്യ	ഇപ്പോൾ
മാം [illegible]	[illegible]ന്നെ
നിഗൃഹ്യ	നിരാകരിച്ച്
ത്വം ഏവ	നീ തന്നെ
അയോദ്ധ്യായാഃ	അയോദ്ധ്യയ്ക്കു"
രാജാ	നൃപതിയായി
ഭവ."	വാണാലും."

[വനത്തിലേക്കു ഗമിക്കുന്നവനായ പുത്രന്റെ മഹത്തായ ക്ലേശങ്ങളെ ആലോചിച്ച് സ്നേഹത്താൽമാത്രം ഇങ്ങിനെ പറഞ്ഞതല്ലാതെ, ഇപ്രകാരം ചെയ്യേണമെന്നു താല്പൎയ്യമല്ലാത്തതിനാൽ, ഇവിടെ പിതൃവാക്യനിരസനദോഷമില്ലെന്ന്, (ധൎമ്മാകൂതം.)]

ഏവമുക്തോ നൃപതിനാ രാമോ ധൎമ്മഭൃതാം വരഃ
പ്രത്യുവാചാഞ്ജലിം കൃത്വാ പിതരം വാക്യകോവിദഃ. 27

ധൎമ്മഭൃതാം	ധൎമ്മിഷ്ഠന്മാരിൽവെച്ച്
വരഃ,	ഉത്തമനും,
വാക്യ-കോവിദഃ	കേട്ടതിന്റെ തത്വത്തെ നന്നായ് ഗ്രഹിപ്പാൻ സാമൎത്ഥ്യമുള്ള വനും
നൃപതിനാ	മഹാരാജാവിനാൽ
ഏവം	മേൽപ്രകാരം
ഉക്തഃ	ആജ്ഞാപിക്കപ്പെട്ട വനും ആയ
രാമഃ,	ശ്രീരാമൻ,
അഞ്ജലിം കൃത്വാ	അഞ്ജലി കൂപ്പിക്കൊണ്ട്
പിതരം	പിതാവിനോടായി
പ്രത്യുവാച.	ഇങ്ങിനെ മറുപടിയുണൎത്തിച്ചു.

ഭവാൻ വൎഷസഹസ്രായുഃ പൃഥിവ്യാ നൃപതേ പതിഃ
അഹം ത്വരണ്യേ വത്സ്യാമി ന മേ കാൎയ്യം ത്വയാഽനൃതം. 28

"നൃപതേ !	"മഹാരാജാവേ !
ഭവാൻ	നിന്തിരുവടി
വൎഷ-സഹസ്രായുഃ	ഇനിയും അനേകായിരം സംവത്സരംകാലം
പൃഥിവ്യാഃ	ഭൂമിക്ക്
പതിഃ ;	പതിയായിരിക്കേണം ;
ത്വയാ	നിന്തിരുവടിയാൽ,
മേ തു	എനിക്കുവേണ്ടിയെന്നാലുംകൂടി
അനൃതം	സത്യലംഘനമെന്നുള്ളത്
കാൎയ്യം ന ;	ചെയ്യപ്പെടത്തക്കതല്ല ;
അഹം	ഞാൻ
അരണ്യേ	കാട്ടിൽ
വത്സ്യാമി.	വാസംചെയ്തുകൊള്ളാം.

["നിന്തിരുവടി അനേകായിരം സംവത്സരകാലം പൃഥിവീപതിയായിരുന്നവനാകുന്നു. നിന്തിരുവടിയെ നിരസിക്കുന്നത് ഉചിതമല്ല". എന്നിത്യാദി സ.]

നവ പഞ്ച ച വർഷാണി വനവാസേ വിഹൃത്യ തേ
പുനഃ പാദൌ ഗ്രഹീഷ്യാമി പ്രതിജ്ഞാന്തേ നരാധിപ. 29

"നരാധിപ!	നൃപതിരാജനായുള്ളോവേ!	പ്രതിജ്ഞാന്തേ	പ്രതിജ്ഞയെ നിറവേ
പഞ്ച ച നവ	അഞ്ചും ഒമ്പതും	പുനഃ,	പിന്നെ, [റ്റിയതിൽ
വർഷാണി	സംവത്സരങ്ങൾ	തേ	നിന്തിരുവടിയുടെ
വനവാസേ	വനവാസത്തിൽ	പാദൌ	പാദയുഗളങ്ങളെ
വിഹൃത്യ,	സുഖമായി കഴിച്ചുകൂട്ടി	ഗ്രഹീഷ്യാമി."	ഞാൻ വണങ്ങാം."

["മഹാദേവവചഃ ശ്രുത്വാ രാഘവഃ സഹലക്ഷ്മണഃ വിമാനശിഖരസ്ഥസ്യ പ്രണാമമകരോത് പിതുഃ" എന്ന് യുദ്ധകാണ്ഡം 122-ാംസർഗ്ഗത്തിൽ പറഞ്ഞിരിക്കുന്നതിനെ ഇവിടെ സൂചിപ്പിക്കുന്നു. സ.]

രുദന്നാർത്തഃ പ്രിയം പുത്രം സത്യപാശേന സംയതഃ
കൈകേയ്യാ ചോദ്യമാനസ്തു മിഥോ രാജാ തമബ്രവീത്. 30

തു	ഈ സമയത്തിലും	ആർത്തഃ	അത്തൽപ്പെട്ടുകൊണ്ടി രിക്കുന്നവനും
കൈകേയ്യാഃ	കൈകേയീദേവിയാൽ		
മിഥഃ	ഇടക്കിടെ സ്വകാര്യ മായി	രുദൻ	കണ്ണീർ ധാരധാരയായി വാർത്തുകൊണ്ടിരിക്കു
ചോദ്യമാനഃ	നിർബ്ബന്ധിക്കപ്പെടുന്ന വനും	രാജാ,	രാജാവ്, [ന്നവനുമായ
		പ്രിയം	പ്രിയപ്പെട്ട
സത്യപാശേന	സത്യമാകുന്ന പാശ ത്താൽ	തം പുത്രം	ആ പുത്രനെനോക്കി
		അബ്രവീത്.	ഇപ്രകാരം അരുളി
സംയതഃ	ബന്ധിക്കപ്പെട്ടവനായി		ച്ചെയ്തു.

["സത്യപാശേന" സത്യസ്യ യഃ പരിപാലനം, തസ്യ യഃ അശോവ്യാപ്തിഃ തേന, (സത്യത്തെ പാലനംചെയ്യാനുള്ള വ്യാപ്തി, അതായത് പരിപൂർണ്ണത) എന്ന് (ശിരോമണി).]

ശ്രേയസേ വൃദ്ധയേ താത പുനരാഗമനായ ച
ഗച്ഛസ്വാരിഷ്ടമവ്യഗ്രഃ പന്ഥാനമകുതോഭയം. 31

"താത!	"ഓമനക്കുമാര!	അവ്യഗ്രഃ	നിശ്ചയത്തോടുകൂടിയ വനായി
ശ്രേയസേ	പരത്തിൽ ശ്രേയസ്സി ന്നായും	അകുതോഭയം	ഭയരഹിതമായ
വൃദ്ധയേ	ഇഹത്തിൽ നന്മക്കായും	അരിഷ്ടം	} സന്മാർഗ്ഗത്തിൽ
പുനഃ	വീണ്ടും	പന്ഥാനം	
ആഗമനായ ച	തിരിച്ചെത്തുന്നതിന്നും	ഗച്ഛസ്വ.	നീ വർത്തിച്ചാലും.

ന ഹി സത്യാത്മനസ്താത ധർമ്മാഭിമനസസ്തവ
വിനിവർത്തയിതും ബുദ്ധിഃ ശക്യതേ രഘുനന്ദന. 32

"രഘുനന്ദന!	"രഘുകുലതിലകനായ	തവ	നിന്റെ
താത!	വത്സ!	ബുദ്ധിഃ	നിശ്ചയം
സത്യാത്മനഃ	സത്യസ്വരൂപനും	വിനിവർത്തയിതും	മാററപ്പെടുവാൻ
ധർമ്മാഭി- മനസഃ	} ധർമ്മം ഒന്നിൽതന്നെ മനസ്സുവെച്ചിരിക്കുന്ന വനുമായ	ശക്യതേ ന ഹി.	ആരാലും സാദ്ധ്യപ്പെട്ട ന്നതല്ല.

അദ്യ ത്വിദാനീം രജനീം പുത്ര മാ ഗച്ഛ സൎവ്വഥാ
ഏകാഹദൎശനേനാപി സാധു താവച്ചരാമ്യഹം. 33

“പുത്ര!	“പുത്ര!	അഹം	ഞാൻ
തു	എങ്കിലും	ഏകാഹ-ദൎശനേന അപി	ഒരു ദിവസം കണ്ടുകൊണ്ടെന്നാലും
ഇദാനീം	ഇപ്പോൾതന്നെ		
അദ്യ	ഇന്നത്തെ		
രജനീം	രാത്രിയിൽ	താവത്	അത്രയെങ്കിലും
സൎവ്വഥാ	എന്തായാലും	സാധു	സുഖമായി
മാ ഗച്ഛ ;	പുറപ്പെടേണ്ടതില്ല ;	ചരാമി.	കാലംകഴിക്കട്ടെ.

[പ്രഭാതത്തിന്നുശേഷം കൈകേയിയാൽ ആജ്ഞാപിക്കപ്പെട്ട് പ്രസ്ഥിതനായ്, മാതാവിനെയും മററും അനുനയവാക്യങ്ങളാൽ സമാധാനിപ്പിച്ച്, ഇപ്പോൾ പിതാവിന്റെ സമീപത്തിൽ എത്തിയ സമയം പകൽ നാലാമത്തെ യാമമായതിനാൽ, രാത്രി താമസിച്ച് രാവിലെ യാത്രയാകാമെന്നു രാജാവു പറയുന്നു. എന്ന് തിലകം.]

മാതരം മാം ച സംപശ്യൻ വസേമാമദ്യ ശൎവ്വരീം
തൎപ്പിതഃ സൎവ്വകാമൈസ്ത്വം ശ്വഃ കാലേ സാധയിഷ്യസി. 34

“അദ്യ	“ഇപ്പോൾ	സൎവ്വകാമൈഃ	സകല ഭോഗങ്ങളെക്കൊണ്ടും
ഇമാം	ഈ		
ശൎവ്വരീം ച	ഒരു രാത്രി മാത്രം	തൎപ്പിതഃ,	തൃപ്തിപ്പെട്ടവനായി,
ത്വം	നീ	വസ ;	വസിച്ചാലും ;
മാം	എന്നേയും	ശ്വഃ കാലേ.	നാളെ രാവിലെ
മാതരം	അമ്മയേയും	സാധയിഷ്യസി.	ഇഷ്ടപ്രകാരം പുറപ്പെട്ടുപോകാം.
സംപശ്യൻ,	നോക്കിക്കൊണ്ട്,		

ദുഷ്കരം ക്രിയതേ പുത്ര സൎവ്വഥാ രാഘവ ത്വയാ
മത്പ്രിയാൎത്ഥം പ്രിയാംസ്ത്യക്ത്വാ യദ്യാസി വിജനം വനം. 35

“പുത്ര!	“കുമാര!	വനം	വനത്തിലേക്ക്
രാഘവ!	ശ്രീരാമ!	യാസി.	നീ പോകുന്നു.
മത്പ്രിയാൎത്ഥം	എന്റെ ഇഷ്ടം ഒന്നിന്നുവേണ്ടിമാത്രം	യദി	ആകയാൽ
		ത്വയാ	നിന്നാൽ
പ്രിയാൻ	പ്രിയവൎഗ്ഗങ്ങളെ	സൎവ്വഥാ	സൎവ്വപ്രകാരത്തിലും
ത്യക്ത്വാ,	വെടിഞ്ഞ് [യെല്ലാം	ദുഷ്കരം	ദുഷ്കരമായ പ്രവൃത്തിയാണ്
വിജനം	മനുഷ്യസഞ്ചാരമില്ലാത്ത	ക്രിയതേ.	ചെയ്യപ്പെടുന്നത്.

[“മത്പ്രിയാൎത്ഥം”. എന്റെ പരലോകപ്രീതിക്കായി. എന്നു ഗോ. രാ.]

ന ചൈതന്മേ പ്രിയം പുത്ര ശപേ സത്യേന രാഘവ
ഛന്നയാ ചലിതസ്ത്വസ്മി സ്ത്രിയാ ഛന്നാഗ്നികല്പയാ. 36

"പുത്ര!	"മകനെ!
രാഘവ	ശ്രീരാമ!
ഏതത്	ഇത്
മേ	എനിക്ക്
പ്രിയം ച ന;	ഇഷ്ടമുള്ളതേ അല്ല;
സത്യേന ശപേ;	ഞാൻ സത്യമായും പറയുന്നു;
ഛന്നാഗ്നി- കല്പയാ	ചാരംകൊണ്ടു മറയ്ക്കപ്പെട്ട തീയെന്നപോലെയായി
ഛന്നയാ	ഉള്ളിൽ ദുഷ്ടവിചാരം കയ്ക്കൊണ്ടവളായ
സ്ത്രിയാ,	ഭാര്യയാൽ,
തു	ഇപ്പോൾ
ചലിതഃ അസ്മി.	ഞാൻ അസ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നു.

വഞ്ചനാ യാ തു ലബ്ധാ മേ താം ത്വം നിസ്തർത്തുമിച്ഛസി
അനയാ വൃത്തസാദിന്യാ കൈകേയ്യാഽഭിപ്രചോദിതഃ. 37

"യാ	"യാതൊരു
വഞ്ചനാ	ചതി
മേ	എനിക്ക്
ലബ്ധാ,	പററിയോ,
താം തു,	അതിനേയും,
വൃത്തസാദിന്യാ	കുലാചാരത്തെ കെടുക്കുന്നവളായ
അനയാ	ഈ
കൈകേയ്യാ	കൈകേയിയാൽ
അഭി- പ്രചോദിതഃ,	നേരിൽ ആവശ്യപ്പെടപ്പെട്ടവനായി,
ത്വം	നീ
നിസ്തർത്തും	പൂർത്തിയാക്കുവാൻ
ഇച്ഛസി.	മുതിർന്നിരിക്കുന്നു.

ന ചൈതദാശ്ചര്യതമം യസ്ത്വം ജ്യേഷ്ഠഃ സുതോ മമ
അപാനൃതകഥം പുത്ര പിതരം കർത്തുമിച്ഛസി. 38

"പുത്ര!	"വത്സ!
മമ	എനിക്ക്
ജ്യേഷ്ഠഃ	സർവ്വോൽകൃഷ്ടനായ
സുതഃ	പുത്രൻ
യഃ ത്വം,	യാതൊരുവനൊ, അ[നീയും
പിതരം	പിതാവിനെ
അപാനൃത- കഥം കർത്തും	സത്യസന്ധനാക്കുവാൻ
ഇച്ഛസി;	ദൃഢനിശ്ചയത്തോടുകൂടിയവനായിരിക്കുന്നു;
ച	അതിനാൽ
ഏതത്	ഇതു
ആശ്ചര്യതമം ന."	നിന്റെ പ്രകൃതിക്ക് വിരുദ്ധമാണെന്നു പറയപ്പെടാവുന്ന ആശ്ചര്യംതന്നെയല്ല."

അഥ രാമസ്തഥാ ശ്രുത്വാ പിതുരാർത്തസ്യ ഭാഷിതം
ലക്ഷ്മണേന സഹ ഭ്രാത്രാ ദീനോ വചനമബ്രവീത്. 39

തഥാ	ഇപ്രകാരം
ആർത്തസ്യ	മാഴ്കുന്നവനായ
പിതുഃ ഭാഷിതം	പിതാവിന്റെ വാക്യ[ത്തെ
ഭ്രാത്രാ	അനുജനായ
ലക്ഷ്മണേന സഹ	ലക്ഷ്മണനോടുംകൂടി
ശ്രുത്വാ,	കേട്ട്,
രാമഃ	ശ്രീരാമൻ
ദീനഃ	അഴൽപൂണ്ടവനായി
അഥ	ഇപ്രകാരം
വചനം	വാക്യത്തെ
അബ്രവീത്.	ഉണർത്തിച്ചു.

പ്രാപ്സ്യാമി യാനദ്യ ഗുണാൻ കോ മേ ശ്വസ്താൻ പ്രദാസ്യതി
അപക്രമണമേവാതഃ സർവ്വകാമൈരഹം വൃണേ. 40

"യാൻ	"യാതൊരു	കഃ	ആരാണ്
ഗുണാൻ	ഉത്കൃഷ്ടങ്ങളായ നന്മകളെ	പ്രദാസ്യതി?	തരുവാൻപോകുന്നത്?
അദ്യ	ഇന്ന്	അതഃ	ആകയാൽ
പ്രാപ്സ്യാമി	ഞാൻ പ്രാപിക്കാൻ പോകുന്നുവോ,	സർവ്വകാമൈഃ	പൂർണ്ണമനസ്സോടെ
താൻ	അവയെ	അഹം	ഞാൻ
ശ്വഃ	നാളെ	അപക്രമണം ഏവ	വനത്തിലേക്കു പോകുന്നതിനായ്ത്തന്നെ
മേ	എനിക്ക്	വൃണേ.	അനുമതിക്കായ് പ്രാർത്ഥിക്കുന്നു."

ഇയം സരാഷ്ട്രാ സജനാ ധനധാന്യസമാകുലാ
മയാ വിസൃഷ്ടാ വസുധാ ഭരതായ പ്രദീയതാം. 41

"സരാഷ്ട്രാ	"ദേശങ്ങളോടുകൂടിയതും,	വിസൃഷ്ടാ,	മനഃപൂർവ്വമായി ത്യജിക്കപ്പെട്ടതും ആയ
സജനാ	പ്രജകളോടുകൂടിയതും	ഇയം	ഈ
ധനധാന്യസമാകുലാ	ധനധാന്യസമൃദ്ധിയാർന്നതും,	വസുധാ	രാജ്യം
		ഭരതായ	ഭരതന്നായി
മയാ	എന്നാൽ	പ്രദീയതാം.	നൽകപ്പെടട്ടെ.

["മണിമുക്താപ്രവാളാനാം സർവ്വസ്യൈവ പിതാപ്രഭുഃ. സ്ഥാവരസ്യ തു സർവ്വസ്യ ന പിതാ ന പിതാമഹഃ" എന്നിത്യാദി വചനങ്ങൾകൊണ്ട്, പിതാവിന്ന് പുത്രന്റെ സമ്മതത്തോടുകൂടിമാത്രമേ സ്ഥാവരങ്ങളായ രാജ്യാദി ദാനാദ്യധികാരങ്ങളുള്ളു എന്നതിനാൽ, ഭരതന്നു രാജ്യത്തെ കൊടുക്കുന്നത് തനിക്കു സമ്മതമാണെന്ന് പറയുന്നു. (ധർമ്മാകൂതം).]

വനവാസകൃതാ ബുദ്ധിർന്ന ച മേഽദ്യ ചലിഷ്യതി. 42

"അദ്യ	"ഇന്നുതന്നെ	മേ	എന്റെ
വനവാസകൃതാ	വനവാസത്തിന്നു പുറപ്പെടുക എന്നതായ	ബുദ്ധിഃ ചലിഷ്യതി ച ന.	നിശ്ചയത്തിന്ന് യാതൊരു മാററവും ഇല്ല.

യസ്തുഷ്ടേന വരോ ദത്തഃ കൈകേയ്യൈ വരദ ത്വയാ
ദീയതാം നിഖിലേനൈവ സത്യസ്ത്വം ഭവ പാർത്ഥിവ. 43

"വരദ!	"വാഗ്ദത്തം ചെയ്തവരോട് അപ്രകാരം തന്നെ നടക്കുന്നവ	വരഃ	വരം
		യഃ	യാതൊന്നോ, അയത്
		നിഖിലേന ഏവ	യാതൊരു കുറവുമില്ലാതെതന്നെ
പാർത്ഥിവ!	നൃപോത്തമ! [നായ,	ദീയതാം;	പൂർത്തിയാക്കപ്പെടട്ടെ;
തുഷ്ടേന	സന്തുഷ്ടിപൂണ്ടിരുന്നവനായ	ത്വം	നിന്തിരുവടി
ത്വയാ	നിന്തിരുവടിയാൽ	സത്യഃ	സത്യസന്ധനായ്ത്തന്നെ
കൈകേയ്യൈ	കൈകേയീമാതാവിന്നു		
ദത്തഃ	നൽകപ്പെട്ടതായ	ഭവ.	വിളങ്ങുമാറാകട്ടെ.

അഹം നിദേശം ഭവതോ യഥോക്തമനുപാലയൻ
ചതുർദ്ദശ സമാ വത്സ്യേ വനേ വനചരൈഃ സഹ. 44

"അഹം	"ഞാൻ
ഭവതഃ	നിന്തിരുവടിയുടെ
നിദേശം	ആജ്ഞയെ,
യഥോക്തം	വാഗ്ദത്തം ചെയ്തപ്രകാരംതന്നെ
അനുപാലയൻ,	പരിപൂർത്തിയാക്കുന്നവനായി,
ചതുർദ്ദശ	പതിന്നാലു
സമാഃ	സംവത്സരങ്ങൾ
വനേ	വനത്തിൽ
വനചരൈഃ സഹ	വനവാസികളോടുകൂടി
വത്സ്യേ.	വസിക്കുന്നുണ്ട്.

മാ വിമർശോ വസുമതീ ഭരതായ പ്രദീയതാം
ന ഹി മേ കാംക്ഷിതം രാജ്യം സുഖമാത്മനി വാ പ്രിയം
യഥാ നിദേശം കർത്തും വൈ തവൈവ രഘുനന്ദന. 45

"രഘുനന്ദന!	"ഹേ രഘുകുലതിലക!
വിമർശഃ	യാതൊരുവിചാരവും
മാ;	വേണ്ട;
മേ	എന്റെ
ആത്മനി	മനസ്സിൽ
തവ	നിന്തിരുവടിയുടെ
നിദേശം	ആജ്ഞയെ
യഥാ വാ	കല്പിച്ചപോലെതന്നെ
പ്രിയം	അപ്രിയമെന്നിയെ
സുഖം	നന്നായി
കർത്തും ഏവ	ചെയ്യുന്നതിന്നുവേണ്ടിതന്നെയാണ്
രാജ്യം ഹി	രാജ്യംതന്നെ,
കാംക്ഷിതം ന വൈ;	കാംക്ഷിക്കപ്പെടാത്തതു്;
വസുമതീ	ഭൂമി
ഭരതായ	ഭരതന്നായിക്കൊണ്ടു്
പ്രദീയതാം.	കൊടുക്കപ്പെടട്ടെ.

അപഗച്ഛതു തേ ദുഃഖം മാ ഭൂർബാഷ്പപരിപ്ലുതഃ
ന ഹി ക്ഷുഭ്യതി ദുർദ്ധർഷഃ സമുദ്രഃ സരിതാം പതിഃ. 46

തേ	നിന്തിരുവടിയുടെ
ദുഃഖം	ദുഃഖം
അപഗച്ഛതു;	നീങ്ങുമാറാകട്ടെ;
ബാഷ്പപരിപ്ലുതഃ	കണ്ണീർ വാർത്തുകൊണ്ടു്
മാ ഭൂഃ;	ഇരിക്കാതിരുന്നാലും;
സരിതാം	നദികളുടെ
പതിഃ	പതിയായ
സമുദ്രഃ	ആഴി
ക്ഷുഭ്യതി ന;	കലങ്ങുമാറില്ല;
ദുർദ്ധർഷഃ ഹി.	കലക്കപ്പെടാത്തതും അല്ലല്ലൊ.

നൈവാഹം രാജ്യമിച്ഛാമി ന സുഖം ന ച മൈഥിലീം
നൈവ സർവ്വാനിമാൻ കാമാൻ ന സ്വർഗ്ഗം നൈവ ജീവിതം. 47

"അഹം	"ഞാൻ
രാജ്യം	രാജ്യത്തെ
ഇച്ഛാമി ന;	വിലവെക്കുന്നില്ല;
സുഖം ഏവ	ഏതുമാതിരി സമ്പത്തിനേയും
ന;	ഗണിക്കുന്നില്ല;
മൈഥിലീം ച	മൈഥിലിയേയും
ന;	ഇല്ല;
കാമാൻ	സ്നേഹത്തിന്നു പാത്രീഭവിച്ചവരായ
ഇമാൻ	ഈ
സർവ്വാൻ ഏവ	എല്ലാവരേയും
ന;	ഇല്ല;
സ്വർഗ്ഗം	സ്വർഗ്ഗത്തേയും
ന;	ഇല്ല;
ജീവിതം ഏവ ന.	ജീവിതത്തെത്തന്നെയും ഇല്ല.

ത്വാമഹം സത്യമിച്ഛാമി നാനൃതം പുരുഷർഷഭ
പ്രത്യക്ഷം തവ സത്യേന സുകൃതേന ച തേ ശപേ. 48

"പുരുഷർഷഭ!	"പുരുഷോത്തമ!	തവ	നിന്തിരുവടിയുടെ
അഹം	ഞാൻ	പ്രത്യക്ഷം,	തിരുമുമ്പാകെതന്നെ,
ത്വാം	നിന്തിരുവടിയെ	സത്യേന	സത്യത്താണെ
സത്യം ച	സത്യസന്ധനായ്ക്കാണ്ക എന്ന ഒന്നിനെമാത്ര	സുകൃതേന	പുണ്യത്താണെ
ഇച്ഛാമി;	ആഗ്രഹിക്കുന്നുള്ളു; [മെ	തേ	നിന്തിരുവടിയോട്
അനൃതം ന;	മറിച്ചൊന്നും വിചാരിക്കാതിരുന്നാലും;	ശപേ.	ഞാൻ ശപഥംചെയ്യുന്നു.

ന ച ശക്യം മയാ താത സ്ഥാതും ക്ഷണമപി പ്രഭോ
ന ശോകം ധാരയസ്വൈനം ന ഹി മേऽസ്തി വിപര്യയഃ. 49

"താത!	"പിതാവേ!	ഏനം	ഈ
പ്രഭോ!	മഹാരാജാവായുള്ളോവേ!	ശോകം	ദുഃഖത്തെ
ക്ഷണം അപി,	ഇനി ക്ഷണനേരമെങ്കി	ധാരയസ്വ ന ച;	ഇനിയും നിന്തിരുവടി വെച്ചിരിക്കരുത്;
സ്ഥാതും	ഇവിടെനില്പാൻ [ലും	മേ	എന്റെ
മയാ	എന്നാൽ	വിപര്യയഃ	നിശ്ചയത്തിന്ന് മാററം
ശക്യം ന;	സാദ്ധ്യമല്ല;	അസ്തി ന ഹി.	ഇല്ലതന്നെ.

അർത്ഥിതോ ഹ്യസ്മി കൈകേയ്യാ വനം ഗച്ഛേതി രാഘവ
മയാ ചോക്തം വ്രജാമീതി തത്സത്യമനുപാലയേ. 50

"കൈകേയ്യാ,	"കൈകേയീമാതാ	മയാ ച,	എന്നാലും
'രാഘവ!	'രാമ! [വിനാൽ'	വ്രജാമി	'ഞാൻ പോകാം'
വനം	കാട്ടിലേക്ക്	ഇതി	എന്ന്
ഗച്ഛ,'	നീ പോയാലും,'	ഉക്തം;	പ്രതിജ്ഞചെയ്യപ്പെട്ടു;
ഇതി	എന്ന്	തത്	ആ
അസ്മി	ഞാൻ	സത്യം ഹി	പ്രതിജ്ഞയെത്തന്നെ
അർത്ഥിതഃ;	ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു;	അനുപാലയേ.	ഞാൻ പരിപാലിക്കുന്നു.

മാ ചോത്കണ്ഠാം കൃഥാ ദേവ വനേ രംസ്യാമഹേ വയം
പ്രശാന്തഹരിണാകീർണ്ണേ നാനാശകുനനാദിതേ. 51

"ദേവ!	"മഹാരാജാവേ!	നാനാശകുന-നാദിതേ	പലപല പക്ഷികളാൽ ശബ്ദിക്കപ്പെട്ടതും ആയ
ഉത്കണ്ഠാം ച	യാതൊരു വ്യാകുലതയേയും		
മാ കൃഥാഃ;	പ്രാപിക്കാതിരുന്നാലും;		
വയം	ഞങ്ങൾ	വനേ	വനത്തിൽ
പ്രശാന്ത-ഹരിണാ-കീർണ്ണേ	സാധുക്കളായ മാനുകളാൽ നിറയപ്പെട്ടതും	രംസ്യാമഹേ.	സുഖമായി കാലം കഴിക്കുന്നുണ്ട്.

പിതാ ഹി ദൈവതം താത ദേവതാനാമപി സ്മൃതം
തസ്മാദ്ദൈവതമിത്യേവ കരിഷ്യാമി പിതുർവ്വചഃ. 52

" താത!	" പിതാവേ;	തസ്മാത്	അതിനാൽ
പിതാ ഹി	അച്ഛൻ മാത്രമാണ്	ദൈവതം	പ്രത്യക്ഷദൈവം
ദേവതാനാം അപി	എല്ലാദൈവങ്ങൾക്കും ഉപരിയായ	ഇതി ഏവ	എന്ന ഒരു കാരണം കൊണ്ടുതന്നെ
ദൈവതം	ദൈവം എന്നാണ്	പിതുഃ	പിതാവിന്റെ
സ്മൃതം;	ശാസ്ത്രങ്ങളിൽ പറയപ്പെട്ടിരിക്കുന്നത്;	വചഃ	ആജ്ഞയെ
		കരിഷ്യാമി.	ഞാൻ അനുസരിക്കുന്നു.

ചതുർദ്ദശസു വർഷേഷു ഗതേഷു നരസത്തമ
പുനർദ്രക്ഷ്യസി മാം പ്രാപ്തം സംതാപോഽയം വിമുച്യതാം. 53

" നരസത്തമ!	" പുരുഷോത്തമ!	പ്രാപ്തം	ഇവിടെ വന്നുചേർന്നവനായി
ചതുർദ്ദശസു	പതിന്നാലു		
വർഷേഷു	കൊല്ലങ്ങൾ	ദ്രക്ഷ്യസി;	നിന്തിരുവടി കടാക്ഷിക്കുമാറാകും;
ഗതേഷു,	കഴിഞ്ഞശേഷം,	അയം	ഈ
പുനഃ	വീണ്ടും	സന്താപഃ	വ്യാകുലതയെ
മാം	എന്നെ	വിമുച്യതാം.	വെടിഞ്ഞാലും.

['ഇവിടെ ദശരഥമഹാരാജാവിന്റെ സർവ്വലോകകാമചാരിത്വം സൂചിപ്പിക്കപ്പെടുന്നു,' (ശിരോ.)]

യേന സംസ്തംഭനീയോഽയം സർവ്വോ ബാഷ്പഗളോ ജനഃ
സ ത്വം പുരുഷശാർദ്ദൂല കിമർത്ഥം വിക്രിയാം ഗതഃ 54

"പുരുഷശാർദ്ദൂല!	" പുരുഷോത്തമ!	സംസ്തംഭനീയഃ	സമാധാനിപ്പിക്കപ്പെടേണമോ,
ബാഷ്പഗളഃ	കണ്ണീർവാർത്തുകൊണ്ടിരിക്കുന്ന	സഃ	അപ്രകാരമുള്ള
അയം ജനഃ	ഈ ജനം	ത്വം	നിന്തിരുവടിതന്നെ
സർവ്വഃ,	എല്ലാം,	കിമർത്ഥം	എങ്ങിനെ
യേന	യാതൊരുവനാൽ	വിക്രിയാം ഗതഃ?	ഇപ്രകാരം വ്യാകുലപ്പെട്ടവനായിരിക്കാം?

മയാ വിസൃഷ്ടാം ഭരതോ മഹീമിമാം
സശൈലഷണ്ഡാം സപുരാം സകാനനാം
ശിവാം സുസീമാമനുശാസ്തു കേവലം
ത്വയാ യദുക്തം നൃപതേ തഥാഽസ്തു തത്. 55

" സശൈലഷണ്ഡാം,	" പലമലകളാർന്നതും,	സുസീമാം,	നല്ലഅതൃത്തികളുള്ളതും
സപുരാം,	നഗരങ്ങളാർന്നതും	മയാ	എന്നാൽ
സകാനനാം	വനങ്ങളിണങ്ങിയതും	വിസൃഷ്ടാം	മനഃപൂർവ്വമായി നല്കപ്പെട്ടതുമായ
ശിവാം	സകലഭാഗ്യങ്ങളോടുകൂടിയതും		

ഇമാം	ഈ	ഉക്തം	വാഗ്ദത്തം ചെയ്യപ്പെട്ടു[വോ
മഹീം,	ഭൂമിയെ,	തത്	അത്,
ഭരതഃ	ഭരതൻ	തഥാ	പറഞ്ഞപ്രകാരം തന്നെ
അനുശാസ്തു;	വാഴട്ടെ;		
നൃപതേ!	മഹാരാജാവേ!	കേവലം	യാതൊരു കുറവും വരാതെ
ത്വയാ	നിന്തിരുവടിയാൽ		
യത്	യാതൊന്ന്	അസ്തു.	നടത്തപ്പെടട്ടെ.

പുരം ച രാഷ്ട്രം ച മഹീ ച കേവലാ
മയാ വിസൃഷ്ടാ ഭരതായ ദീയതാം
അഹം നിദേശം ഭവതോഽനുപാലയൻ
വനം ഗമിഷ്യാമി ചിരായ സേവിതും. 56

"മയാ	"എന്നാൽ	അഹം	ഞാൻ
വിസൃഷ്ടാ	മനഃപൂൎവ്വമായി നൽകപ്പെട്ടതായ	ഭവതഃ	നിന്തിരുവടിയുടെ
		നിദേശം	ആജ്ഞയെ
മഹീ	ഈ പാൎത്തലം	അനുപാലയൻ	പരിപാലിക്കുന്നവ[നായി,
കേവലാ ച	മുഴുവനും,	വനം	കാട്ടിലേക്ക്
പുരം ച	നഗരവും	ചിരായ	ഏറെക്കാലം
രാഷ്ട്രം ച	നാടും,	സേവിതും	നിഷ്പ്രയാസം കാലംകഴിക്കുന്നതിന്നായി
ഭരതായ	ഭരതന്നായിക്കൊണ്ട്		
ദീയതാം;	നൽകപ്പെടട്ടെ;	ഗമിഷ്യാമി.	പോകുന്നുണ്ട്.

ന മേ തഥാ പാൎത്ഥിവ ധീയതേ മനോ
മഹത്സു കാമേഷു ന ചാത്മനഃ പ്രിയേ
യഥാ നിദേശേ തവ ശിഷ്ടസമ്മതേ
വ്യപൈതു ദുഃഖം തവ മത്കൃതേഽനഘ. 57

"അനഘ!	"നിൎദ്ദോഷവാനായ	തഥാ	അപ്രകാരം
പാൎത്ഥിവ!	മഹാരാജാവേ!	മഹത്സു	വിശിഷ്ടങ്ങളായ
മേ	എന്റെ	കാമേഷു	രാജ്യഭോഗങ്ങളിൽ
മനഃ,	ചിത്തം,	ന;	വൎത്തിക്കുന്നില്ല;
ശിഷ്ടസമ്മതേ	യോഗ്യന്മാരാൽ ഇതേവരെയും അനുഷ്ഠിക്കപ്പെട്ടതായ	ആത്മനഃ	ദേഹത്തിന്നു
		പ്രിയേ ച	പ്രീതികരമായതിലും
		ന;	ഇല്ല;
തവ	നിന്തിരുവടിയുടെ	മത്കൃതേ,	എന്നെക്കുറിച്ച്
നിദേശേ	ആജ്ഞാനുസരണവിഷ[യത്തിൽ	തവ	നിന്തിരുവടിക്കുള്ള
യഥാ	എപ്രകാരം	ദുഃഖം	ദുഃഖം
ധീയതേ,	ഉത്സാഹത്തോടുകൂടിയതായിരിക്കുന്നുവോ,	വ്യപൈതു.	ഇല്ലാതിരിക്കേണ്ടതാണ്.

തദദ്യ നൈവാനഘ രാജ്യമവ്യയം
ന സർവ്വകാമാന്ന സുഖം ന മൈഥിലീം
ന ജീവിതം ത്വാമനൃതേന യോജയൻ
വൃണീയ സത്യം വ്രതമസ്തു തേ തഥാ. 58

“അനഘ!	“പുണ്യാത്മാവായു	സുഖം	മോക്ഷസുഖത്തേയും
അദ്യ	ഇപ്പോൾ [ള്ളോവേ!	ന;	ഇല്ല;
ത്വാം	നിന്തിരുവടിയെ	മൈഥിലീം	മൈഥിലിയേയും
അനൃതേന	പ്രതിജ്ഞാഭംഗം	ന;	ഇല്ല;
യോജയൻ	ചെയ്യിച്ചുകൊണ്ട്,	ജീവിതം	ജീവിതത്തേയും
തത്	അക്കാരണത്താൽ,	ന;	ഇല്ല;
രാജ്യം ഏവ	രാജ്യത്തെത്തന്നെ	തേ	നിന്തിരുവടിയുടെ
വൃണീയ ന;	ഞാൻ വരിക്കുകയില്ല;	വ്രതം	വാഗ്ദത്തം,
സർവ്വകാമാൻ	എന്തുമാതിരി ഭോഗങ്ങ	തഥാ	പറഞ്ഞവണ്ണംതന്നെ,
ന	ഇല്ല; [ളേയും	സത്യം	പൂർത്തിയാക്കപ്പെട്ടതായി
അവ്യയം	അക്ഷയമായ	അസ്തു.	ഭവിക്കട്ടെ.

ഫലാനി മൂലാനി ച ഭക്ഷയൻ വനേ
ഗിരീംശ്ച പശ്യൻ സരിതഃ സരാംസി ച
വനം പ്രവിശ്യൈവ വിചിത്രപാദപം
സുഖീ ഭവിഷ്യാമി തവാസ്തു നിർവൃതിഃ. 59

“വിചിത്ര- പാദപം	“പലപല ഭംഗിയുള്ള വൃക്ഷങ്ങളാർന്ന	സരിതഃ ച	നദികളേയും
		സരാംസി ച	ജലാശയങ്ങളേയും
വനം പ്രവിശ്യ,	കാട്ടിൽ ചെന്ന്,	പശ്യൻ	സന്ദർശിച്ചുകൊണ്ട്
ഫലാനി	പഴങ്ങളേയും	സുഖീ ഏവ	സംതൃപ്തിപൂണ്ടവനായി
മൂലാനി ച	കിഴങ്ങുകളേയും	ഭവിഷ്യാമി;	ഞാൻ ഭവിക്കും;
ഭക്ഷയൻ	ഭുജിച്ചുകൊണ്ട്,	തവ	നിന്തിരുവടിക്ക്
വനേ	വനത്തിൽ	നിർവൃതിഃ	ശാന്തി
ഗിരീൻ	ഗിരികളേയും	അസ്തു.”	ഉണ്ടാകട്ടെ.”

ഏവം സ രാജാ വ്യസനാഭിപന്നഃ
ശോകേന ദുഃഖേന ച പീഡ്യമാനഃ
ആലിംഗ്യ പുത്രം സുവിനഷ്ടസംജ്ഞോ
മോഹം ഗതോ നൈവ ചിചേഷ്ട കിംചിത്. 60

ഏവം ച	ഇപ്രകാരമായിട്ടും	ആലിംഗ്യ	ആലിംഗനംചെയ്തുകൊണ്ട്
സഃ രാജാ,	ആ മഹാരാജാവ്,		
വ്യസനാഭി- പന്നഃ	വിരഹദുഃഖാസഹിഷ്ണുവായി	സുവിനഷ്ട- സംജ്ഞഃ	തീരെ പ്രജ്ഞയററവനായി
ശോകേന	അന്തലാൽ	മോഹം ഗതഃ;	മൂർച്ഛിച്ചുപോയി;
പീഡ്യമാനഃ,	മാഴ്കുന്നവനായി	കിംചിത് ഏവ	ഒട്ടുംതന്നെ
പുത്രം	പുത്രനെ	ചിചേഷ്ട ന.	അനക്കമില്ലാത്തവനായിക്കിടന്നു.
ദുഃഖേന	കഷ്ടപ്പെട്ട്		

ദേവ്യസ്തതഃ സംരുരുദുഃ സമേതാ-
സ്താം വൎജ്ജയിത്വാ നരദേവപത്നീം
രുദൻ സുമന്ത്രോഽപി ജഗാമ മൂൎച്ഛാം
ഹാഹാകൃതം തത്ര ബഭൂവ സൎവ്വം. 61

തതഃ	അപ്പോൾ	രുദൻ	കരഞ്ഞുംകൊണ്ടു തന്നെ
നരദേവപത്നീം	രാജ്ഞിയായ	മൂൎച്ഛാം ജഗാമ;	മൂൎച്ഛിച്ചുപോയി;
താം	ആ ഒരുത്തി	തത്ര	അവിടെ
വൎജ്ജയിത്വാ,	ഒഴികെ,	സൎവ്വം	എല്ലാം
സമേതാഃ	വന്നുചേൎന്നവരായ	ഹാഹാകൃതം	'അയ്യോ! 'അയ്യോ! എന്ന ശബ്ദംമാത്രം
ദേവ്യഃ	എല്ലാ രാജ്ഞിമാരും		
സംരുരുദുഃ;	മുറവിളികൂട്ടി;		
സുമന്ത്രഃ അപി	സുമന്ത്രരും	ബഭൂവ.	ഉണ്ടായി.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ചതുസ്ത്രിംശഃ സൎഗ്ഗഃ = മുപ്പത്തിനാലാംസൎഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 3838; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1483.

പഞ്ചത്രിംശഃ സൎഗ്ഗഃ = മുപ്പത്തഞ്ചാംസൎഗ്ഗം.

[സുമന്ത്രഗൎഹണം – സുമന്ത്രർ കൈകേയിയെ നിന്ദിക്കുന്നത്.]

തതോ നിൎദ്ധൂയ സഹസാ ശിരോ നിശ്വസ്യ ചാസകൃത്
പാണിം പാണൌ വിനിഷ്പിഷ്യ ദന്താൻ കടകടാപ്യ ച 1
ലോചനേ കോപസംരക്തേ വൎണ്ണം പൂൎവ്വോചിതം ജഹത്
കോപാഭിഭൂതഃ സഹസാ സന്താപമശുഭം ഗതഃ 2

സഃ	ആ	കടകടാപ്യ ച	'കടകട' എന്നു ഞെരിച്ചുകൊണ്ടു
സൂതഃ	സാരഥിയായ		
സുമന്ത്രഃ	സുമന്ത്രൻ	ലോചനേ	കണ്ണുകൾ രണ്ടും
തതഃ	അപ്പോൾ	കോപസംരക്തേ,	കോപത്താൽ തുടുത്തവനായി,
സഹസാ	പെട്ടെന്നെഴുന്നേററു	പൂൎവ്വോചിതം	സാധാരണയുള്ളതായ
ശിരഃ	തല	വൎണ്ണം	മുഖകാന്തിയെ
നിൎദ്ധൂയ	കുലുക്കിക്കൊണ്ടു	ജഹത്,	ത്യജിച്ചവനായി,
അസകൃത്	ഇടയ്ക്കിടെ	സഹസാ	താനറിയാതെതന്നെ
നിശ്വസ്യ	ദീൎഘമായി നിശ്വസിച്ചുകൊണ്ടു	കോപാഭിഭൂതഃ,	കോപത്താൽ മതിമറന്നവനായി,
പാണൌ	ഒരു കരത്തിൽ		
പാണിം	മറെറ കരത്തെ	അശുഭം	അസഹ്യമായ
വിനിഷ്പിഷ്യ ച	ചേൎത്തു തിരുമ്മിക്കൊണ്ടു	സന്താപം	വ്യാകുലത
ദന്താൻ	പല്ലുകളെ	ഗതഃ,	പൂണ്ടവനായി,

മനഃ സമീക്ഷമാണശ്ച സൂതോ ദശരഥസ്യ സഃ
കമ്പയന്നിവ കൈകേയ്യാ ഹൃദയം വാക്ച്ഛരൈഃ ശിതൈഃ 3
വാക്യവജ്രൈരനുപമൈഃ നിർഭിന്ദന്നിവ ചാശുഗൈഃ
കൈകേയ്യാഃ സർവ്വമർമ്മാണി സുമന്ത്രഃ പ്രത്യഭാഷത. 4

ദശരഥസ്യ	ദശരഥമഹാരാജാവിൻെറ	ആശുഗൈഃ	കൊടിയവയും
മനഃ	അഭിപ്രായത്തെ	അനുപമൈഃ ച	നിസ്തുല്യങ്ങളും ആയ
സമീക്ഷമാണഃ ച,	നല്ലവണ്ണം അറിയുന്നവനായി,	വാക്യവജ്രൈഃ	വാക്യങ്ങളാകുന്ന വജ്രായുധങ്ങളാൽ
ശിതൈഃ	കൂർത്തുമൂർത്ത	കൈകേയ്യാഃ	കൈകേയീദേവിയുടെ
വാക്ച്ഛരൈഃ	വാക്കാകുന്ന ശരങ്ങളാൽ	സർവ്വമർമ്മാണി	സർവ്വമർമ്മങ്ങളേയും
കൈകേയ്യാഃ	കൈകേയീരാജ്ഞിയുടെ	നിർഭിന്ദൻ ഇവ	പിളക്കുന്നവനെപ്പോലെയും,
ഹൃദയം	ഹൃദയത്തെ	പ്രത്യഭാഷത.	ഇപ്രകാരം നിന്ദിച്ചു.
കമ്പയൻ ഇവ,	കലുക്കുന്നവനെന്നപോലെയും,		

യസ്യാസ്തവ പതിസ്ത്യക്തോ രാജാ ദശരഥഃ സ്വയം
ഭർത്താ സർവ്വസ്യ ജഗതഃ സ്ഥാവരസ്യ ചരസ്യ ച
ന ഹ്യകാര്യതമം കിഞ്ചിത് തവ ദേവീഹ വിദ്യതേ. 5

"ദേവി!	"രാജ്ഞി!	രാജാ	ചക്രവർത്തിയും ആയ
യസ്യാഃ	യാതൊരു	ദശരഥഃ ഹി	ദശരഥമഹാരാജാവു തന്നെ
തവ	നിന്തിരുവടിയുടെ	ത്യക്തഃ;	തിരസ്കരിക്കപ്പെട്ടു;
സ്വയം	സാക്ഷാൽ	തവ	നിന്തിരുവടിക്ക്
പതിഃ,	പതിയും,	ഇഹ	ഈ ലോകത്തിൽ
സ്ഥാവരസ്യ	സ്ഥാവരങ്ങളും	അകാര്യതമം	ചെയ്യപ്പെടാവുന്നതല്ലാത്ത കഠിനകൃത്യം
ചരസ്യ ച	ജംഗമങ്ങളും അടങ്ങിയ	കിഞ്ചിത്	യാതൊന്നുംതന്നെ
സർവ്വസ്യ	എല്ലാ	വിദ്യതേ ന.	ഇല്ല.
ജഗതഃ	ജഗത്തിന്നും		
ഭർത്താ	സംരക്ഷകനായി		

പതിഘ്നീം ത്വാമഹം മന്യേ കുലഘ്നീമപി ചാന്തതഃ. 6

"അഹം	"ഞാൻ	അന്തതഃ	പര്യവസാനത്തിൽ
ത്വാം	നിന്തിരുവടിയെ	കുലഘ്നീം അപി	കുലത്തിന്നുതന്നെ മൂലനാശിനിയായും
പതിഘ്നീം ച,	ഭർത്തൃഘാതകിയായും,	മന്യേ.	കരുതുന്നു.

[“പതിരേകോ ഗുരുഃ സ്ത്രീണാം സർവ്വസ്യാഭ്യാഗതോ ഗുരുഃ” (വൃദ്ധമനു) “ഗുരൂണാമവമാനോ ഹി വധ ഇത്യഭിധീയതേ, അഥർവ്വാംഗിരസീ ഹ്യേഷാ ശ്രുതിരേഷാ സനാതനീ” (ഭാരതം-കർണ്ണപർവ്വം). ഇത്യാദ്യാലോചനയാ ‘പതിഘ്നീ’ എന്നു താല്പര്യം.]

യന്മഹേന്ദ്രമിവാജയ്യം ദുഷ്പ്രകമ്പ്യമിവാചലം
മഹോദധിമിവാക്ഷോഭ്യം സന്താപയസി കൎമ്മഭിഃ. 7

“യത്,	“എന്തെന്നാൽ
അജയ്യം	ജയിക്കപ്പെട്ടുവാൻ കഴിയാത്ത
മഹേന്ദ്രം ഇവ	മഹേന്ദ്രനെപ്പോലെയുള്ളവനും
ദുഷ്പ്രകമ്പ്യം	ഇളക്കപ്പെട്ടുവാൻ കഴിയാത്ത
അചലം ഇവ	പൎവ്വതംപോലെയുള്ളവനും
അക്ഷോഭ്യം	കലക്കപ്പെട്ടുവാൻ കഴിയാത്ത
മഹോദധിം ഇവ	വൻസമുദ്രംപോലെയുള്ളവനുമായവനെ
കൎമ്മഭിഃ	പ്രവൃത്തികൾകൊണ്ടു്
സന്താപയസി.	ഭവതി തപിക്കുമാറാക്കിക്കളഞ്ഞു.

മാഽവമംസ്ഥാ ദശരഥം ഭൎത്താരം വരദം പതിം
ഭൎത്തുരിച്ഛാ ഹി നാരീണാം പുത്രകോട്യാ വിശിഷ്യതേ. 8

“നാരീണാം	“സ്ത്രീകൾക്കു്
ഭൎത്തുഃ	ഭൎത്താവിന്റെ
ഇച്ഛാ	ഇഷ്ടത്തിനൊത്തു നടക്കുക എന്നതു്
പുത്രകോട്യാഃ	മക്കളുള്ള പെരുമയെക്കാളും
വിശിഷ്യതേ;	വലുതാകുന്നു;
ഹി	ആകയാൽ
ഭൎത്താരം	ലോകരക്ഷകനും
വരദം	ചോദിച്ചതിനെ നൽകുന്നവനും
പതിം	ഭൎത്താവും ആയ
ദശരഥം	ദശരഥമഹാരാജാവിനെ
മാ അവമംസ്ഥാഃ	ഇനിയും നിരാകരിക്കുന്നതു് ഉചിതമല്ല.

യഥാവയോ ഹി രാജ്യാനി പ്രാപ്നുവന്തി നൃപക്ഷയേ
ഇക്ഷ്വാകുകുലനാഥേഽസ്മിൻ തല്ലോപയിതുമിച്ഛസി. 9

“നൃപക്ഷയേ	“ഒരു രാജാവിന്റെ അവസാനദശയിൽ
യഥാവയഃ	വയസ്സിന്റെ ക്രമമനുസരിച്ചു്
രാജ്യാനി	രാജ്യങ്ങളെ
പ്രാപ്നുവന്തി;	(പുത്രന്മാർ) പ്രാപിക്കുന്നു;
അസ്മിൻ	ഈ
ഇക്ഷ്വാകുകുലനാഥേ ഹി	ഇക്ഷ്വാകുകുലനാഥന്റെ സംഗതിയിൽ തന്നെ
തത്	ആ മുറയെ
ലോപയിതും	മാററുവാൻ
ഇച്ഛസി.	നിന്തിരുവടി ഇച്ഛിക്കുന്നുവല്ലൊ.

രാജാ ഭവതു തേ പുത്രോ ഭരതഃ ശാസ്തു മേദിനീം
വയം തത്ര ഗമിഷ്യാമോ യത്ര രാമോ ഗമിഷ്യതി. 10

“തേ	“നിന്തിരുവടിയുടെ
പുത്രഃ	പുത്രനായ
ഭരതഃ	ഭരതൻ
രാജാ ഭവതു;	ചക്രവൎത്തിയായി ഭവിക്കട്ടെ;
മേദിനീം	ലോകത്തെ
ശാസ്തു;	ഭരിച്ചുകൊള്ളട്ടെ;
വയം	ഞങ്ങൾ,
രാമഃ	ശ്രീരാമൻ
യത്ര	ഏതുദിക്കിലേക്കു്
ഗമിഷ്യതി,	പോകുന്നുവോ,
തത്ര	അവിടേക്കു്
ഗമിഷ്യാമഃ.	പൊയ്ക്കൊള്ളുവാം.

അയോദ്ധ്യാവാസിനഃ പൌരാ യേ ച ജാനപദാ ജനാഃ
നൂനം സൎവ്വേ ഗമിഷ്യാമോ മാൎഗ്ഗം രാമനിഷേവിതം. 11

"അയോദ്ധ്യാവാസിനഃ	"അയോദ്ധ്യാ നിവാസികളും	സൎവ്വേ	ഞങ്ങൾ എല്ലാവരും
പൌരാഃ	നഗരത്താരും	രാമനിഷേവിതം	ശ്രീരാമൻ എഴുന്നെള്ളുന്ന
ജാനപദാഃ	നാട്ടാരും	മാൎഗ്ഗം	പ്രദേശത്തിലേക്ക്
ജനാഃ	മററു ജനങ്ങൾ	നൂനം	ഇക്ഷണംതന്നെ
യേ ച	യാതൊരുവരോ അവരും	ഗമിഷ്യാമഃ.	പൊയ്ക്കളയുന്നുണ്ട്.

ത്യക്തായാ ബാന്ധവൈഃ സൎവ്വൈൎബ്രാഹ്മണൈഃ സാധുഭിഃ സദാ
കാ പ്രീതി രാജ്യലാഭേന തവ ദേവി ഭവിഷ്യതി 12

"ദേവി!	"രാജ്ഞി	തവ,	നിന്തിരുവടിക്ക്,
സദാ	എന്നും	രാജ്യലാഭേന	രാജ്യം ഒന്നുമാത്രം ലഭിക്കുന്നതുകൊണ്ടു്
ബാന്ധവൈഃ	നന്മചെയ്യുന്നവരും	കാ	എന്തൊരു
സാധുഭിഃ	പുണ്യാത്മാക്കളും ആയ	പ്രീതിഃ	പെരുമയാണ്
ബ്രാഹ്മണൈഃ	ബ്രാഹ്മണർ	ഭവിഷ്യതി?	ഉണ്ടാകുവാൻപോകുന്നതു്?
സൎവ്വൈഃ,	എല്ലാവരാലും,		
ത്യക്തായാഃ	നീക്കിവെക്കപ്പെട്ട		

ന ഹി തേ വിഷയേ കശ്ചിദ്ബ്രാഹ്മണോ വസ്തുമൎഹതി
താദൃശം ത്വമമൎയ്യാദമദ്യ കൎമ്മ ചികീൎഷസി. 13

"തേ	"നിന്തിരുവടിയുടെ	താദൃശം	അപ്രകാരമുള്ള
വിഷയേ	രാജ്യത്തിൽ	അമൎയ്യാദം	ശാസ്ത്രവിരുദ്ധവും ലോകാചാരവിരുദ്ധവുമായ
ബ്രാഹ്മണഃ	ബ്രാഹ്മണൻ		
കശ്ചിത്	ഒരുവനും	കൎമ്മ	ദുഷ്പ്രവൃത്തിയെയാകുന്നു
വസ്തും	വാസംചെയ്വാൻ	ത്വം	ഭവതി
അൎഹതി ന;	യോഗ്യതയുള്ളതല്ല;	അദ്യ	ഇപ്പോൾ
ഹി	എന്തെന്നാൽ	ചികീൎഷസി.	ചെയ്വാൻതുനിയുന്നതു്.

[''ചതുൎണ്ണാം യത്ര വൎണ്ണാനാം ധൎമ്മവ്യതികരോ ഭവേത്. ന തത്ര വാസം കുൎവ്വീത ശ്രേയോൎത്ഥീ വൈ കഥഞ്ചന. യത്ര സംലോളിതാ ലുബ്ധൈഃ പ്രായശോ ധൎമ്മസേതവഃ പ്രദീപ്തമിവ ചേലാന്തം കസ്തം ദേശം ന സംത്യജേത്. കൎമ്മണാ യത്ര പാപേന വൎത്തന്തേ ജീവിതേപ്സവഃ. വ്യവധാവേത്തതസ്തൂൎണ്ണം സസൎപ്പാച്ഛരണാദിവ.'' എന്നു ധൎമ്മലോപമുള്ള രാജ്യവിവാസത്തെപ്പററി മോക്ഷധൎമ്മം.]

ആശ്ചൎയ്യമിവ പശ്യാമി യസ്യാസ്തേ വൃത്തമീദൃശം
ആചരന്ത്യാ ന വിവൃതാ സദ്യോ ഭവതി മേദിനീ. 14

"ഈദൃശം	"ഇപ്രകാരമുള്ള	സദ്യഃ	ഇതിന്നുമുമ്പുതന്നെ
വൃത്തം ആചരന്ത്യാഃ	തൊഴിലോട്ടുകൂടിയവൾ	വിവൃതാ	പാഴായി
		ഭവതി ന	തീരാതിരിക്കുന്നു എന്നുള്ള
യസ്യാഃ	യാതൊരുവളൊ		
തേ	ആ ഭവതി വസിക്കുന്ന	ആശ്ചൎയ്യം ഇവ	ആശ്ചൎയ്യത്തെമാത്രം
മേദിനീ	രാജ്യം [തായ	പശ്യാമി.	ഞാൻ കാണുന്നു.

മഹാബ്രഹ്മൎഷിസൃഷ്ടാ വാ ജ്വലന്തോ ഭീമദൎശനാഃ
ധിഗ്വാഗ്ദണ്ഡാ ന ഹിംസന്തി രാമപ്രവ്രാജനേ സ്ഥിതാ. 15

" മഹാ-ബ്രഹ്മൎഷി-സൃഷ്ടാഃ	" മഹാ ബ്രഹ്മൎഷികളാൽ അരുളിച്ചെയ്യപ്പെടുന്നവയും	രാമ-പ്രവ്രാജനേ	ശ്രീരാമനെ രാജ്യത്തിൽ നിന്നു് അകററുന്ന സംഗതിയിൽ
ജ്വലന്തഃ	ചുട്ടു് ഭസ്മമാക്കുന്നവയും	സ്ഥിതാം	മുതിൎന്നവളായ ഭവതിയെ
ഭീമദൎശനാഃ	സഹിപ്പാൻ കഴിയാത്തവയുമായ	ഹിംസന്തി ന വാ ?	വ്യാകുലപ്പെടുത്തുന്നില്ലെന്നൊ ?
ധിഗ്വാഗ്ദണ്ഡാഃ	നിന്ദാവചനങ്ങൾ		

ആമ്രം ഛിത്വാ കുഠാരേണ നിംബം പരിചരേത്തു യഃ
യശ്ചൈനം പയസാ സിഞ്ചേന്നൈവാസ്യ മധുരോ ഭവേത്. 16

" ആമ്രം	" ഒരു തേന്മാവിനെ	യഃ	യാതൊരു അവൻ
കുഠാരേണ	കോടാലികൊണ്ടു്	ഏനം	ഇതിനെ
ഛിത്വാ,	വെട്ടിമുറിച്ചു്,	പയസാ ഏവ	പാൽകൊണ്ടുതന്നെ
തു	അതിന്നുപകരം	സിംചേത് ച	നനയ്ക്കയാണെന്നാലും
നിംബം	ഒരു വേപ്പിനെ	അസ്യ	ഇതിന്നു
യഃ	യാതൊരുവൻ	മധുരഃ	മാധുൎയ്യം എന്നുള്ളതു്
പരിചരേത്,	നട്ടുവളൎത്തുന്നുവോ,	ഭവേത് ന.	ഉണ്ടാകയില്ല.

അഭിജാതം ഹി തേ മന്യേ യഥാ മാതുസ്തഥൈവ ച
ന ഹി നിംബാത് സ്രവേത് ക്ഷൌദ്രം ലോകേ നിഗദിതം വചഃ. 17

" തേ ച	" നിന്തിരുവടിയുടെ സംഗതിയിലും	മന്യേ;	ഞാൻ വിചാരിക്കുന്നു;
മാതുഃ	മാതാവിന്നു്	' നിംബാത്	' വേപ്പിൽനിന്നു്
യഥാ തഥാ ഏവ	യാതൊരു സ്വഭാവം ഉണ്ടായിരുന്നുവോ അതുതന്നെ	ക്ഷൌദ്രം	തേൻ
അഭിജാതം ഹി	പ്രത്യക്ഷത്തിൽ കാണപ്പെടുന്നു എന്നു്	സ്രവേത് ന ഹി'	ഒഴുകുകയില്ല' എന്നാണല്ലൊ
		ലോകേ	ലോകത്തിൽ
		നിഗദിതം	പറയപ്പെടുന്നതായ
		വചഃ.	ആപ്തവാക്യം.

തവ മാതുരസദ്ഗ്രാഹം വിദ്മ പൂൎവ്വം യഥാ ശ്രുതം. 18

" തവ	" നിന്തിരുവടിയുടെ	പൂൎവ്വം യഥാ	അക്കാലത്തു് നടന്നപോലെതന്നെ
മാതുഃ	മാതാവിന്റെ	ശ്രുതം	പറയപ്പെട്ടു്
അസദ്ഗ്രാഹം	പാപേച്ഛയെപ്പററി	വിദ്മഃ.	ഞങ്ങൾക്കറിവുണ്ടു്.

പിതുസ്തേ വരദഃ കശ്ചിദ്ദദൗ വരമനുത്തമം
സർവ്വഭൂതരുതം തസ്മാത് സഞ്ജജ്ഞേ വസുധാധിപഃ
തേന തിര്യ്യഗ്ഗതാനാം ച ഭൂതാനാം വിദിതം വചഃ. 19

" തേ	" ഭവതിയുടെ	സർവ്വഭൂതരുതം	സർവ്വപ്രാണികളുടെയും സംഭാഷണത്തിന്റെ താല്പര്യത്തെ
പിതുഃ	പിതാവിന്ന്	സഞ്ജജ്ഞേ ;	നല്ലപോലെ അറിഞ്ഞിരുന്നു ;
കശ്ചിത്	ഒരു	തേന	അതുകൊണ്ടു്
വരദഃ	പുണ്യാത്മാവു്	തിര്യ്യഗ്ഗതാനാം	ഈച്ച, ഉറുമ്പ് മുതലായ തിര്യ്യക്കുകളായ
അനുത്തമം	ഉത്തമമായ	ഭൂതാനാം	പ്രാണികളുടെ
വരം	ഒരു വരത്തെ	വചഃ ച	വാക്കുകളുംകൂടി
ദദൗ ;	നല്കി;	വിദിതം.	അറിയപ്പെട്ടു.
തസ്മാത്	അതിനാൽ		
വസുധാധിപഃ	അരചൻ		

തതോ ജൃംഭസ്യ ശയനേ വിരുതാദ്ഭൂരിവർച്ചസഃ
പിതുസ്തേ വിദിതോ ഭാവഃ സ തത്ര ബഹുധാഽഹസത്. 20

" തേ	" നിന്തിരുവടിയുടെ	തത്ര	അതിന്റെ
ഭൂരിവർച്ചസഃ	മഹാതേജസ്വിയായ	ഭാവഃ	ആശയം
പിതുഃ,	പിതാവിന്ന്	വിദിതഃ ;	അറിയപ്പെട്ടു ;
ശയനേ	ശയിച്ചുകൊണ്ടിരിക്കുമ്പോൾ	തതഃ	തന്മൂലം
		സഃ	അദ്ദേഹം
ജൃംഭസ്യ	ഒരു ഉറുമ്പിന്റെ	ബഹുധാ	പലവാറു്
വിരുതാത്	ശബ്ദത്തിൽനിന്ന്	അഹസത്.	ചിരിച്ചു.

തത്ര തേ ജനനീ ക്രുദ്ധാ മൃത്യുപാശമഭീപ്സതീ
ഹാസം തേ നൃപതേ സൌമ്യ ജിജ്ഞാസാമീതി ചാബ്രവീത്. 21

" തേ	" നിന്തിരുവടിയുടെ	അബ്രവീത് ;	പറഞ്ഞു ;
ജനനീ,	മാതാവു്,	' സൌമ്യ	' പ്രിയനായ
തത്ര	ഇതുകാരണം	നൃപതേ !	രാജാവേ !
മൃത്യുപാശം ച	മരണത്തെത്തന്നെയും	തേ	നിന്തിരുവടിയുടെ
അഭീപ്സതീ	കയ്യെക്കൊൾവാൻ ഇച്ഛിക്കുന്നവളായി,	ഹാസം	ഹാസകാരണം എന്തെന്നു്
ക്രുദ്ധാ	കോപത്തോടെ		
ഇതി	ഇപ്രകാരം	ജിജ്ഞാസാമി.'	അറിഞ്ഞാൽകൊള്ളാം.'

[" മൃത്യുപാശം അഭീപ്സതീ." ചിരിച്ചതിന്റെ കാരണം പറകയില്ലെങ്കിൽ താൻ തൂങ്ങിമരിപ്പാൻകൂടി തയ്യാറായിരുന്നു എന്നു താല്പര്യം.]

നൃപശ്ചോവാച താം ദേവീം ദേവി ശംസാമി തേ യദി
തതോ മേ മരണം സദ്യോ ഭവിഷ്യതി ന സംശയഃ. 22

" നൃപഃ	" രാജാവ്	യദി,	എന്നുവരികിൽ,
താം	ആ	തതഃ	അതുകാരണം
ദേവീം	രാജ്ഞിയോടായി	മേ ച	എനിക്ക്
ഉവാച;	ഇപ്രകാരം അരുൾ	സദ്യഃ	തത്ക്ഷണം
' ദേവി!	' ദേവി! [ചെയ്തു;	മരണം	മരണം
തേ	നിന്നോട്	ഭവിഷ്യതി	സംഭവിക്കും
ശംസാമി	പറയുന്നു	സംശയഃ ന.'	സംശയമില്ല.'

മാതാ തേ പിതരം ദേവി തതഃ കേകയമബ്രവീത്
ശംസ മേ ജീവ വാ മാ വാ ന മാമപഹസിഷ്യസി 23

" ദേവി!	" രാജ്ഞി!	മാ വാ;	ചത്താലും ശരി;
തേ	ഭവതിയുടെ	മേ	എന്നോട്
മാതാ,	മാതാവ്,	ശംസ;	പറകതന്നെവേണം;
പിതരം	അച്ഛനായ	തതഃ	ഇനിമേൽ
കേകയം	കേകയരാജാവിനോട്	മാം	എന്നെ
അബ്രവീത്;	പറഞ്ഞു;	അപഹസി- ഷ്യസി ന.'	അങ്ങ് പരിഹസിക്ക യില്ല.'
' ജീവ വാ	' ജീവിച്ചാലും ശരി		

പ്രിയയാ ച തഥോക്തഃ സൻ കേകയഃ പൃഥിവീപതിഃ
തസ്മൈ തം വരദായാൎത്ഥം കഥയാമാസ തത്വതഃ. 24

" പൃഥിവീപതിഃ	" ഭൂപതിയായ	തസ്മൈ	അദ്ദേഹത്തോട്,
കേകയഃ,	കേകയ രാജാവ്,	തം	ആ
പ്രിയയാ ച	ഭാൎയ്യയാൽ തന്നെ	അൎത്ഥം	സംഗതിയെപ്പററി
തഥാ	ഇപ്രകാരം	തത്വതഃ	ഉള്ളപോലെ
ഉക്തഃ സൻ,	പറയപ്പെട്ടവനായി,	കഥയാമാസ.	(ജ്ഞാനശക്തിയാൽ)
വരദായ	വരം നൽകിയ		അറിയിച്ചു.

തതഃ സ വരദഃ സാധു രാജാനം പ്രത്യഭാഷത
മ്രിയതാം ധ്വംസതാം ചേയം മാ കൃഥാസ്ത്വം മഹീപതേ. 25

" സാധുഃ	" പുണ്യാത്മാവും	ഇയം	ഇവൾ
വരദഃ	വരപ്രദാനം ചെയ്ത	മ്രിയതാം;	വിഷം കുടിച്ചു് ചത്താ
സഃ	അദ്ദേഹം [വന്നു ആയ		ലും ചാവട്ടെ;
രാജാനം	രാജാവിനോടായി	ധ്വംസതാം ച;	കത്തികൊണ്ടു് മരിച്ചാ
തതഃ	അതിന്നു		ലും മരിക്കട്ടെ;
പ്രത്യഭാഷത;	ഇങ്ങിനെ അരുളി	ത്വം	അങ്ങ്
' മഹീപതേ!	' രാജാവേ! [ചെയ്തു;	മാ കൃഥാഃ.'	പറയേണ്ടതില്ല.'

സ തച്ഛ്രുത്വാ വചസ്തസ്യ പ്രസന്നമനസോ നൃപഃ
മാതരം തേ നിരസ്യാശു വിജഹാര കുബേരവത്. 26

“ സഃ	“ ആ	തേ	ഭവതിയുടെ
നൃപഃ,	അരചൻ,	മാതരം	മാതാവിനെ
പ്രസന്നമനസഃ	നിർദ്ദോഷമനസ്സനായ	ആശു	തൽക്ഷണം
തസ്യ	അദ്ദേഹത്തിന്റെ	നിരസ്യ,	നിരസിച്ച്,
തത് വചഃ	ആ ആജ്ഞ	കുബേരവത്	കുബേരനെപ്പോലെ
ശ്രുത്വാ,	കേട്ട്,	വിജഹാര.	സുഖമായിവാണു.

തഥാ ത്വമപി രാജാനം ദുർജ്ജനാചരിതേ പഥി
അസദ്ഗ്രാഹമിമം മോഹാത് കുരുഷേ പാപദർശിനി. 27

“ പാപദർശിനി!	“ പാപകൃത്യം ചെയ്വാൻ തുനിഞ്ഞവളെ!	ദുർജ്ജനാചരിതേ	ദുർജ്ജനങ്ങൾ അനുഷ്ഠിക്കുന്ന
ത്വം അപി	ഭവതിയും,	പഥി,	സമ്പ്രദായത്തിൽ,
തഥാ	അപ്രകാരം തന്നെ	അസദ്ഗ്രാഹം	(തീ, പാമ്പ്, മുതലായവയെക്കൊണ്ട് കളിപ്പാനായി കുട്ടികൾക്കുണ്ടാകുന്ന മാതിരി) അജ്ഞാനം കൊണ്ടുണ്ടാകുന്ന ആഗ്രഹത്തെ
മോഹാത്	കാര്യത്തിന്റെ ദോഷഫലത്തെ ഗ്രഹിക്കാത്തവളായി,		
ഇമം	ഈ		
രാജാനം	മഹാരാജാവിന്റെ സംഗതിയിൽ,	കുരുഷേ.	പ്രദർശിപ്പിക്കുകയാകുന്നു.

സത്യശ്ചാദ്യ പ്രവാദോഽയം ലൌകികഃ പ്രതിഭാതി മാം
പിതൄൻ സമനുജായന്തേ നരാ മാതരമംഗനാഃ. 28

“ ‘നരാഃ	“ ‘ആൺ കുട്ടികൾ	ലൌകികഃ	ലോകർ പറയുന്ന
പിതൄൻ	പിതാക്കന്മാരെയും	പ്രവാദഃ	പഴമൊഴി
അംഗനാഃ	പെൺകുട്ടികൾ	അദ്യ	ഇപ്പോൾ
മാതരം	മാതാക്കന്മാരെയും	മാം	എനിക്ക്
സമനുജായന്തേ,’	അനുകരിക്കുന്നു (കൊള്ളുന്നു,)’ എന്ന	സത്യഃ ച	വാസ്തവം തന്നെയെന്ന്
അയം	ഈ	പ്രതിഭാതി.	തോന്നുന്നു.

നൈവം ഭവ ഗൃഹാണേദം യദാഹ വസുധാധിപഃ
ഭർത്തുരിച്ഛാമുപാസ്യേഹ ജനസ്യാസ്യ ഗതിർഭവ. 29

“ ഏവം	“ ഇപ്രകാരം	ഭർത്തുഃ	ഭർത്താവിന്റെ
ഭവ ന;	നിന്തിരുവടി ആകരുത്;	ഇഷ്ടാം	ഇഷ്ടപ്രകാരം
വസുധാധിപഃ	മഹാരാജാവ്	ഉപാസ്യ;	നടന്നാലും;
യത്	എതിനെ	ഇഹ	ഇപ്പോൾ
ആഹ,	മനഃപൂർവ്വമായി അരുളിച്ചെയ്തുവോ,	അസ്യ	ഈ
		ജനസ്യ	ജനസമൂഹത്തിന്ന്
ഇദം	ഇതിനെ	ഗതിഃ	ശരണമായി
ഗൃഹാണ;	സമ്മതിച്ചാലും;	ഭവ.	ഭവിക്കുക.

മാ ത്വം പ്രോത്സാഹിതാ പാപൈൎദ്ദേവരാജസമപ്രഭം
ഭൎത്താരം ലോകഭൎത്താരമസദ്ധൎമ്മമുപാദധാഃ. 30

"പാപൈഃ	"പാപിഷ്ഠന്മാരാൽ
പ്രോത്സാഹിതാ	ദുൎബ്ബോധന ചെയ്യപ്പെട്ട
ത്വം,	ഭവതി,
ദേവരാജ-സമപ്രഭം	ഇന്ദ്രതുല്യതേജസ്വിയും
ലോകഭൎത്താരം	ലോകരക്ഷകനും ആയ
ഭൎത്താരം	ഭൎത്താവിനെ
അസദ്ധൎമ്മം	യാതൊരു ധൎമ്മശാസ്ത്രത്തിലും ഇല്ലാത്ത വഴിയിൽ
മാ ഉപാദധാഃ.	നടത്തിക്കാതിരുന്നാലും.

ന ഹി മിഥ്യാ പ്രതിജ്ഞാതം കരിഷ്യതി തവാനഘഃ
ശ്രീമാൻ ദശരഥോ രാജാ ദേവി രാജീവലോചനഃ. 31

"ദേവി!	"ദേവി!
രാജീവലോചനഃ	ചെന്താർ നേത്രനും
ശ്രീമാൻ	ശ്രീമാനും ആയ
ദശരഥഃ രാജാ	ദശരഥ ചക്രവൎത്തി
അനഘഃ ഹി	ഒട്ടും ദോഷവാനല്ലെന്നുള്ളതിനാൽ
തവ	ഭവതിയോട്
പ്രതിജ്ഞാതം	ചെയ്ത പ്രതിജ്ഞയെ
മിഥ്യാ കരിഷ്യതി ന.	വ്യൎത്ഥമാക്കുകയില്ല.

ജ്യേഷ്ഠോ വദാന്യഃ കൎമ്മണ്യഃ സ്വധൎമ്മസ്യാപി രക്ഷിതാ
രക്ഷിതാ ജീവലോകസ്യ ബലീ രാമോऽഭിഷിച്യതാം. 32

"ബലീ	"മഹാബലിഷ്ഠനായി,
കൎമ്മണ്യഃ	എന്തു ചെയ്യുന്നതിന്നും സമൎത്ഥനും,
വദാന്യഃ	ദാതാവും,
ജീവലോകസ്യ	പ്രാണിജാലത്തിന്നു
രക്ഷിതാ	സംരക്ഷകനും,
സ്വധൎമ്മസ്യ	സ്വധൎമ്മത്തിന്നു
രക്ഷിതാ	രക്ഷകനും,
ജ്യേഷ്ഠഃ അപി	ജ്യേഷ്ഠപുത്രനും ആയ
രാമഃ	ശ്രീരാമൻ
അഭിഷിച്യതാം.	പട്ടാഭിഷേകം ചെയ്യിക്കപ്പെടട്ടെ.

പരിവാദോ ഹി തേ ദേവി മഹാൻ ലോകേ ചരിഷ്യതി
യദി രാമോ വനം യാതി വിഹായ പിതരം നൃപം. 33

"ദേവി!	"ദേവി!
രാമഃ	ശ്രീരാമൻ
പിതരം	പിതാവായ
നൃപം	മഹാരാജാവിനെ
വിഹായ	പിരിഞ്ഞ്
വനം	കാട്ടിലേക്കു
യാതി യദി,	പോകുന്നു എങ്കിൽ,
തേ ഹി	ഭവതിക്കുതന്നെയാണ്
ലോകേ	ലോകത്തിൽ
മഹാൻ	എന്നെന്നും നിലനില്ക്കുന്ന
പരിവാദഃ	അപവാദം കൊണ്ടുള്ള മാനക്കേട്
ചരിഷ്യതി.	ഉണ്ടാവുക.

സ്വരാജ്യം രാഘവഃ പാതു ഭവ ത്വം വിഗതജ്വരാ
ന ഹി തേ രാഘവാദന്യഃ ക്ഷമഃ പുരവരേ വസേത്. 34

"രാഘവഃ	"ശ്രീരാമൻ	പുരവരേ	ഈ ഉത്തമനഗരത്തിൽ
സ്വരാജ്യം	തന്റെ രാജ്യത്തെ	രാഘവാത്	ശ്രീരാമനെക്കാൾ
പാതു;	സംരക്ഷിച്ചുവരട്ടെ;	തേ	നിന്തിരുവടിക്ക്
ത്വം	നിന്തിരുവടി	ക്ഷമഃ	കീഴടങ്ങി നടക്കുന്നവനായ
വിഗതജ്വരാ	സന്താപമററവളായി	അന്യഃ	മററൊരുവൻ
ഭവ;	ഭവിച്ചാലും;	വസേത് ന.	വസിക്കയില്ല.
ഹി	എന്തെന്നാൽ		

രാമേ ഹി യൌവ്വരാജ്യസ്ഥേ രാജാ ദശരഥോ വനം
പ്രവേക്ഷ്യതി മഹേഷ്വാസഃ പൂർവ്വവൃത്തമനുസ്മരൻ. 35

"രാമേ	"ശ്രീരാമൻ	പൂർവ്വവൃത്തം	മുമ്പുള്ളവരുടെ ആചാരത്തെ
യൌവ്വരാജ്യസ്ഥേ	യുവരാജ്യാധികാരത്തിൽ വർത്തിച്ചാൽ	അനുസ്മരൻ	ഓർത്ത്
ഹി,	മാത്രമേ,	വനം	വനത്തിലേക്ക്
മഹേഷ്വാസഃ	മഹാവില്ലാളിയായ	പ്രവേക്ഷ്യതി."	എഴുന്നെള്ളുകയുണ്ടാകയുള്ളു."
ദശരഥഃ രാജാ	ദശരഥമഹാരാജാവ്		

ഇതി സാന്ത്വൈശ്ച തീക്ഷ്ണൈശ്ച കൈകേയീം രാജസംസദി
സുമന്ത്രഃ ക്ഷോഭയാമാസ ഭൂയ ഏവ കൃതാഞ്ജലിഃ. 36

സുമന്ത്രഃ	സുമന്ത്രർ [യ്തവനായി	ഭൂയഃ ഏവ	പലവാറായി,
കൃതാഞ്ജലിഃ	അഞ്ജലിബന്ധം ചെ-	സാന്ത്വൈഃ ച	നല്ലവാക്കുകളാലും
രാജസംസദി	മഹാരാജാവിന്റെ തിരുമുമ്പിൽ	തീക്ഷ്ണൈഃ ച	ക്രൂരവാക്യങ്ങളാലും
കൈകേയീം	കൈകേയീദേവിയെ	ക്ഷോഭയാമാസ.	മനസ്സിനെ ചലിപ്പിപ്പാൻ ശ്രമിച്ചു.
ഇതി	മേൽപ്രകാരം,		

നൈവ സാ ക്ഷുഭ്യതേ ദേവീ ന ച സ്മ പരിദൂയതേ
ന ചാസ്യാ മുഖവർണ്ണസ്യ ലക്ഷ്യതേ വിക്രിയാ തദാ. 37

സാ ദേവീ ച,	ആ ദേവിയാകട്ടെ,	അസ്യാഃ	ഇവളുടെ
പരിദൂയതേ സ്മ ന;	ഒട്ടും പരിതപിച്ചതേയില്ല;	മുഖവർണ്ണസ്യ	മുഖവർണ്ണത്തിന്ന്
ക്ഷുഭ്യതേ ന ഏവ;	ക്ഷോഭിക്കതന്നെയുണ്ടായില്ല;	വിക്രിയാ ച	(ലജ്ജ, ദുഃഖം മുതലായവകൊണ്ട്) യാതൊരു വികാരഭേദവും
തദാ	അപ്പോൾ	ലക്ഷ്യതേ ന.	കാണപ്പെട്ടതുമില്ല.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
പഞ്ചത്രിംശഃ സർഗ്ഗഃ = മുപ്പത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3875; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1520.

ഷട്ത്രിംശഃ സൎഗ്ഗഃ = മുപ്പത്താറാംസൎഗ്ഗം

[സിദ്ധാൎത്ഥവചനം = സിദ്ധാൎത്ഥന്റെ സദുപദേശം.]

തതഃ സുമന്ത്രമൈക്ഷ്വാകഃ പീഡിതോഽത്ര പ്രതിജ്ഞയാ
സബാഷ്പമതിനിശ്വസ്യ ജഗാദൈനം പുനഃ പുനഃ. 1

തതഃ	അപ്പോൾ
ഐക്ഷ്വാകഃ	ഇക്ഷ്വാകുവംശസ്ഥപതിയായ അദ്ദേഹം
അത്ര,	ഇക്കാൎയ്യത്തിൽ,
പ്രതിജ്ഞയാ	പ്രതിജ്ഞയെന്നുള്ള കാരണത്താൽ
പീഡിതഃ,	ബന്ധിക്കപ്പെട്ടവനായി,
സബാഷ്പം,	കണ്ണീർ ഒഴുക്കിക്കൊണ്ട്,
പുനഃ പുനഃ	ഇടയ്ക്കിടെ
അതിനിശ്വസ്യ,	ദീൎഘമായി നിശ്വസിച്ച്,
ഏനം	ഈ
സുമന്ത്രം	സുമന്ത്രരോടായി
ജഗാദ.	അരുളിച്ചെയ്തു.

സൂത രത്നസുസംപൂൎണ്ണാ ചതുൎവ്വിധബലാ ചമൂഃ
രാഘവസ്യാനുയാത്രാൎത്ഥം ക്ഷിപ്രം പ്രതിവിധീയതാം. 2

"സൂത !	"സുമന്ത്ര !
രാഘവസ്യ	ശ്രീരാമന്റെ
അനുയാത്രാൎത്ഥം	കൂടെപ്പോകുവാനായി
രത്നസു-സംപൂൎണ്ണാ	ധാരാളം ഉത്തമവസ്തുക്കളോടുംകൂടിയതായി
ചതുൎവ്വിധബലാ	ചതുരംഗപ്പടയോടുകൂടിയതായ
ചമൂഃ	ഒരു സൈന്യം
ക്ഷിപ്രം	താമസമെന്നിയെ
പ്രതി-വിധീയതാം.	സജ്ജമാക്കപ്പെടട്ടെ.

രൂപാജീവാശ്ച ശാലിന്യോ വണിജശ്ച മഹാധനാഃ
ശോഭയന്തു കുമാരസ്യ വാഹിനീം സുപ്രസാരിതാഃ. 3

"ശാലിന്യഃ	"വീട്ടുവേലചെയ്യുന്നവരായ
രൂപാജീവാഃ ച	ദാസിമാരും
സുപ്രസാരിതാഃ	കച്ചവടത്തെ എങ്ങും പരത്തിയവരായി
മഹാധനാഃ	മഹാധനികന്മാരായ
വണിജഃ ച,	കച്ചവടക്കാരും
കുമാരസ്യ	കുമാരന്റെ
വാഹിനീം	സൈന്യത്തെ
ശോഭയന്തു.	അനുയാനംചെയ്യട്ടെ.

യേ ചൈനമുപജീവന്തി രമതേ യൈശ്ച വീൎയ്യതഃ
തേഷാം ബഹുവിധം ദത്ത്വാ താനപ്യത്ര നിയോജയ. 4

"യേ ച	"യാതൊരുവർ
ഏനം	രാമനെ ആശ്രയിച്ച്
ഉപജീവന്തി,	ഉപജീവിക്കുന്നുവോ
യൈഃ ച	യാതൊരുവരോടുകൂടി
വീൎയ്യതഃ	പെരുമകൊണ്ട്
രമതേ,	സന്തോഷിക്കുന്നുവോ
തേഷാം അപി	അവൎക്കും
ബഹുവിധം	പലവകയായ
ദത്ത്വാ	സമ്മാനങ്ങൾകൊടുത്തു
താൻ	അവരെ
അത്ര	അവിടെ
നിയോജയ.	പാൎക്കാനായേല്പിക്കുക.

ആയുധാനി ച മുഖ്യാനി നാഗരാഃ ശകടാനി ച
അനുഗച്ഛന്തു കാകുത്സ്ഥം വ്യാധാശ്ചാരണ്യഗോചരാഃ. 5

"മുഖ്യാനി	"മുഖ്യങ്ങളായ	അരണ്യഗോചരാഃ	കാടുകളെ നല്ലപോലെ പരിചയിച്ചുവരായ
ആയുധാനി ച	ആയുധങ്ങളും	വ്യാധാഃ ച	വേടരും
നാഗരാഃ	നഗരവാസികളും	കാകുത്സ്ഥം	ശ്രീരാമനെ
ശകടാനി ച	വണ്ടികളും	അനുഗച്ഛന്തു.	പിൻതുടരട്ടെ.

നിഘ്നൻ മൃഗാൻ കുഞ്ജരാംശ്ച പിബംശ്ചാരണ്യകം മധു
നദീശ്ച വിവിധാഃ പശ്യൻ ന രാജ്യസ്യ സ്മരിഷ്യതി. 6

"മൃഗാൻ	"മൃഗങ്ങളെയും	പിബൻ ച	ആസ്വദിച്ചുകൊണ്ടും,
കുഞ്ജരാൻ ച	ആനകളെയും	വിവിധാഃ നദീഃ	പലപല നദികളെ
നിഘ്നൻ	കൊന്നുകൊണ്ടും,	പശ്യൻ ച	നോക്കിക്കൊണ്ടും
ആരണ്യകം	കാട്ടിലുള്ള	രാജ്യസ്യ	രാജ്യത്തിന്റെ
മധു	തേൻ	സ്മരിഷ്യതി ന.	സ്മരണയില്ലാതിരിക്കും.

ധാന്യകോശശ്ച യഃ കശ്ചിദ്ധനകോശശ്ച മാമകഃ
തൌ രാമമനുഗച്ഛേതാം വസന്തം നിൎജ്ജനേ വനേ. 7

"മാമകഃ	"നമ്മുടെ	നിൎജ്ജനേ	മനുഷ്യസഞ്ചാരമില്ലാത്ത
ധാന്യകോശഃ,	പത്തായം,	വനേ	വനത്തിൽ
യഃ കശ്ചിത്	യാതൊന്നോ അതും,	വസന്തം	വസിക്കുന്നവനായ
ധനകോശഃ ച	ഭണ്ഡാരവും,	രാമം	ശ്രീരാമനെ
തൌ ച,	ഇവ രണ്ടും,	അനുഗച്ഛേതാം.	അനുഗമിക്കട്ടെ.

യജൻ പുണ്യേഷു ദേശേഷു വിസൃജംശ്ചാപ്തദക്ഷിണാഃ
ഋഷിഭിശ്ച സമാഗമ്യ പ്രവത്സ്യതി സുഖം വനേ. 8

"പുണ്യേഷു ദേശേഷു	"പുണ്യക്ഷേത്രങ്ങളിൽ	വിസൃജൻ,	കൊടുത്തുകൊണ്ട്,
ഋഷിഭിഃ	ഋഷിമാരോടും കൂടി	യജൻ	യാഗങ്ങളെ ചെയ്തുകൊണ്ട്,
സമാഗമ്യ	പാൎത്തുകൊണ്ട്,	വനേ ച	വനത്തിലും
ആപ്തദക്ഷിണാഃ	ധാരാളം ദക്ഷിണകൾ	സുഖം ച	സുഖമായി
		പ്രവത്സ്യതി.	വസിച്ചുവരട്ടെ.

ഭരതശ്ച മഹാബാഹുരയോദ്ധ്യാം പാലയിഷ്യതി
സൎവ്വകാമൈഃ പുനഃ ശ്രീമാൻ രാമഃ സംസാദ്ധ്യതാമിതി. 9

"രാമഃ പുനഃ	"ശ്രീരാമനാകട്ടെ	മഹാബാഹുഃ	മഹാബാഹുവായ
ഇതി	ഇപ്രകാരം	ഭരതഃ	ഭരതൻ
ശ്രീമാൻ	ശ്രീമാനായി	അയോദ്ധ്യാം ച	അയോദ്ധ്യയെയും
സൎവ്വകാമൈഃ	വേണ്ടുന്നവ എല്ലാം ഉള്ളവനായി	പാലയിഷ്യതി."	പരിപാലിച്ചുകൊള്ളട്ടെ."
സംസാദ്ധ്യതാം-	വിളങ്ങട്ടെ-		

ഏവം ബ്രുവതി കാകുത്സ്ഥേ കൈകേയ്യാ ഭയമാഗതം
മുഖം ചാസ്യാഗമച്ഛോഷം സ്വരശ്ചാപി ന്യരുദ്ധ്യത. 10

ഏവം	മേൽപ്രകാരം	ആഗതം-	പിടിച്ചു-
കാകുത്സ്ഥേ,	ദശരഥമഹാരാജാവു്,	മുഖം ച	മുഖവും
ബ്രുവതി,	അരുളിച്ചെയ്തോറെ,	ശോഷം	വാട്ടം
അസ്യാഃ	ഈ	അഗമത്-	പൂണ്ടു-
കൈകേയ്യാഃ ച	കൈകേയീദേവിക്കും	സ്വരഃ അപി	ഒച്ചയും
ഭയം	ഏക്കം	ന്യരുദ്ധ്യത.	പൊങ്ങാതായി.

സാ വിവർണാ സുസംത്രസ്താ മുഖേന പരിശുഷ്യതാ
രാജാനമേവാഭിമുഖീ കൈകേയീ വാക്യമബ്രവീത്. 11

സാ	ആ	മുഖേന	മുഖത്തോടുകൂടി
കൈകേയീ ഏവ	കൈകേയീരാജ്ഞിയും	അഭിമുഖീ,	എതിരിൽ നിന്നുകൊണ്ടു്,
സുസംത്രസ്താ	ഉള്ളം ഉടലും നടുങ്ങിയവളായി	രാജാനം	മഹാരാജാവിനോടായി
വിവൎണ്ണാ	വിളൎത്തു്	വാക്യം	ഇപ്രകാരം വാക്യത്തെ
പരിശുഷ്യതാ	വാടിയ	അബ്രവീത്.	ഉണൎത്തിച്ചു.

രാജ്യം ഗതജനം സാധോ പീതമണ്ഡാം സുരാമിവ
നിരാസ്വാദ്യതമം ശൂന്യം ഭരതോ നാഭിപത്സ്യതേ. 12

"സാധോ!	"സുമതിയായുള്ളോവെ!	പീതമണ്ഡാം	സത്തെല്ലാം കുടിച്ചു് കീടംമാത്രം ബാക്കിയുള്ള
ഭരതഃ	ഭരതൻ	സുരാം ഇവ,	മദ്യത്തെഎന്നപോലെ,
രാജ്യം	രാജ്യത്തെ	നിരാസ്വാദ്യതമം	അനുഭവിപ്പാൻ ഒട്ടും കൊള്ളരുതാത്തതായി
ഗതജനം,	പ്രജകളററതായി,	അഭിപത്സ്യതേ ന.	കൈയേല്ക്കുകയില്ല."
ശൂന്യം,	ഭോഗ്യവസ്തുക്കളില്ലാത്തതായി,		

["പീതമണ്ഡാം" മദ്യം മുഴുവനും കുടിച്ചു് ശേഷിച്ച, "സുരാം ഇവ," പാനപാത്രംപോലെ (എന്നു്, സ.)]

കൈകേയ്യാം മുക്തലജ്ജായാം വദന്ത്യാമതിദാരുണം
രാജാ ദശരഥോ വാക്യമുവാചായതലോചനാം. 13

മുക്തലജ്ജായാം	ലജ്ജയെ വെടിഞ്ഞു്	വദന്ത്യാം,	പറഞ്ഞപ്പോൾ
കൈകേയ്യാം	കൈകേയീരാജ്ഞി	ദശരഥഃ രാജാ	ദശരഥമഹാരാജാവു്
അതിദാരുണം	കടുതായ	ആയതലോചനാം	ആയതനേത്രയായ അവളോടായി
വാക്യം	ഈ വാക്യത്തെ	ഉവാച.	ഇപ്രകാരം അരുളിച്ചെയ്തു.

["ആയതലോചനാം" കോപംകൊണ്ടു് ആയതമായ ലോചനത്തോടുകൂടിയവളെ. (സൎവ്വാ. സാ.)]

വഹന്തം കിം തുദസി മാം നിയുജ്യ ധുരി മാഽഹിതേ
അനാര്യേ കൃത്യമാരബ്ധം കിം ന പൂർവ്വമുപാരുധഃ. 14

"അഹിതേ!	"ശത്രുവായിത്തീൎന്ന	ആരബ്ധം	തുടങ്ങിയ
ധുരി	കഷ്ടത്തിൽ [വളേ!	കൃത്യം	കാൎയ്യത്തിൽ
നിയുജ്യ	തള്ളിവിട്ടു്	പൂർവ്വം	മുൻകൂട്ടിത്തന്നെ
വഹന്തം	ബുദ്ധിമുട്ടുന്നവനായ	കിം	എന്തുകൊണ്ടാണു്
മാം	എന്നെ	ഉപാരുധഃ ന;	പ്രത്യേകിച്ചു് ഇതിനെ പാടില്ലെന്നു് തടുക്കാത്തതു്?
കിം	എന്തിന്നായി		
തുദസി?	ഇനിയും ദുഃഖിപ്പിക്കുന്നു?		
അനാര്യേ!	ഉത്തമസ്ത്രീകളുടെ നട വടിവെടിഞ്ഞവളേ!	മാ.	ഇപ്പോഴം മിണ്ടരുതു്."

[“ആരബ്ധം കിം കൃത്യം ന പൂർവ്വമുപാരുധഃ” തുടങ്ങിയ ഏതു കൃത്യത്തെയാണ് നീ മുടക്കാതിരിക്കുന്നത്? ആദ്യം പട്ടാഭിഷേകത്തെ മുടക്കിയിട്ട്, ഇപ്പോഴം സഹായത്തിന്നായി സൈന്യത്തെ അയക്കുന്നതിനേയും മുടക്കുകയാണ്. (തീൎത്ഥീയം.)

“ധുരി” (ഭരതാഭിഷേചനം, രാമപ്രവാസം എന്ന ഭാരത്തെ) “നിയുജ്യ” ചുമപ്പിച്ച്, “വഹന്തം” അപ്രകാരം ബുദ്ധിമുട്ടി വഹിക്കുന്നവനായ എന്നെ, “കിം തുദസി” എന്തിന്നായി വേദനപ്പെടുത്തുന്നു. (ഗോ. രാ.)]

തസ്യൈതത് ക്രോധസംയുക്തമുക്തം ശ്രുത്വാ വരാംഗനാ
കൈകേയീ ദ്വിഗുണം ക്രുദ്ധാ രാജാനമിദമബ്രവീത്. 15

തസ്യ	അദ്ദേഹത്തിന്റെ	കൈകേയീ,	കൈകേയീരാജ്ഞി,
ക്രോധസംയുക്തം	ക്രോധത്താലുണ്ടായ	ദ്വിഗുണം	ഇരട്ടി
ഏതത്	ഈ	ക്രുദ്ധാ,	കോപിച്ചവളായി,
ഉക്തം	വാക്കു	രാജാനം	മഹാരാജാവിനോടായി
ശ്രുത്വാ,	കേട്ടു,	ഇദം	ഇങ്ങിനെ
വരാംഗനാ	സ്ത്രീരത്നമായ	അബ്രവീത്.	പറഞ്ഞു.

തവൈവ വംശേ സഗരോ ജ്യേഷ്ഠം പുത്രമുപാരുധത്
അസമഞ്ജ ഇതി ഖ്യാതം തഥാഽയം ഗന്തുമർഹതി. 16

"തവ	"നിന്തിരുവടിയുടെ	ജ്യേഷ്ഠം പുത്രം	മൂത്തപുത്രനെ
വംശേ ഏവ	വംശത്തിൽതന്നെ	ഉപാരുധത് -	നാട്ടിൽനിന്നു് ആട്ടിപ്പുറത്താക്കിയിട്ടുണ്ടു് -
സഗരഃ	സഗരമഹാരാജാവു്,		
അസമഞ്ജഃ	അസമഞ്ജൻ	തഥാ	അപ്രകാരംതന്നെ
ഇതി	എന്നു്	അയം	ഇവൻ
ഖ്യാതം	പേരുള്ള	ഗന്തും അർഹതി."	പോകേണ്ടതാകുന്നു."

[അസമഞ്ജന്റെ കഥ ബാലകാണ്ഡം 38-ാംസൎഗ്ഗത്തിൽ കാണുക.]

ഏവമുക്തോ ധിഗിത്യേവ രാജാ ദശരഥോഽബ്രവീത്
വ്രീഡിതശ്ച ജനഃ സൎവ്വഃ സാ ച തം നാവബുദ്ധ്യതേ. 17

ഏവം	ഇപ്രകാരം
ഉക്തഃ	ഉരചെയ്യപ്പെട്ട
ദശരഥഃ രാജാ	ദശരഥ മഹാരാജാവ്
'ധിക്'	'ഛീ'
ഇതി ഏവ	എന്നു മാത്രം
അബ്രവീത് ;	ഉരചെയ്തു;
ജനഃ	ജനസമൂഹം
സർവ്വഃ ച	മുഴുവനും
വ്രീഡിതഃ ;	ഇങ്ങിനെയുമുണ്ടോ എന്ന് ലജ്ജിച്ചു;
സാ ച	അവൾ മാത്രം
തം	അതിനെ
അവബുദ്ധ്യതേ ന.	ഒട്ടും വകവെച്ചില്ല.

തത്ര വൃദ്ധോ മഹാമാത്രഃ സിദ്ധാർത്ഥോ നാമ നാമതഃ
ശുചിർബ്ബഹുമതോ രാജ്ഞഃ കൈകേയീമിദമബ്രവീത്. 18

തത്ര	ആ സമയം
വൃദ്ധഃ,	വയോധികനും,
മഹാമാത്രഃ,	മന്ത്രിശ്രേഷ്ഠനും,
ശുചിഃ,	പരിശുദ്ധാത്മാവും,
രാജ്ഞഃ	മഹാരാജാവിന്ന്
ബഹുമതഃ	ഏറെ പ്രിയപ്പെട്ടവനും ആയ
സിദ്ധാർത്ഥഃ	സിദ്ധാർത്ഥൻ
നാമ	എന്ന
നാമതഃ,	പേരോടുകൂടിയവൻ,
കൈകേയീം	കൈകേയീരാജ്ഞിയോടായി
ഇദം	ഇങ്ങിനെ
അബ്രവീത്.	ബോധിപ്പിച്ചു.

അസമഞ്ജോ ഗൃഹീത്വാ തു ക്രീഡതഃ പഥി ദാരകാൻ
സരയ്വാഃ പ്രക്ഷിപന്നപ്സു രമതേ തേന ദുർമ്മതിഃ. 19

"ദുർമ്മതിഃ	"ദുർബ്ബുദ്ധിയായ
അസമഞ്ജഃ തു	അസമഞ്ജനാകട്ടെ,
പഥി	വഴിയിൽ
ക്രീഡതഃ	കളിച്ചുകൊണ്ടിരുന്ന
ദാരകാൻ	കുട്ടികളെ
ഗൃഹീത്വാ	എടുത്തു്
സരയ്വാഃ	സരയൂനദിയുടെ
അപ്സു	ജലത്തിൽ
പ്രക്ഷിപൻ,	വലിച്ചെറിഞ്ഞു്,
തേന	അതിനാൽ
രമതേ.	രസിച്ചുകൊണ്ടിരുന്നു.

തം ദൃഷ്ട്വാ നാഗരാഃ സർവ്വേ ക്രുദ്ധാ രാജാനമബ്രുവൻ
അസമഞ്ജം വൃണീഷ്വൈകമസ്മാൻ വാ രാഷ്ട്രവർദ്ധന. 20

"തം	"അതു
ദൃഷ്ട്വാ	കണ്ടു്
ക്രുദ്ധാഃ	ക്രുദ്ധിച്ചവരായ
നാഗരാഃ	നഗരജനങ്ങൾ
സർവ്വേ	എല്ലാവരും
രാജാനം	രാജാവിൻെറ അടുക്കൽ ചെന്നു്
അബ്രുവൻ	ഇപ്രകാരം ആവലാതികൂട്ടി
'രാഷ്ട്രവർദ്ധന!	'ഹേ രാജ്യസംവർദ്ധക !
അസമഞ്ജം	അസമഞ്ജൻ
ഏകം	ഒരുത്തനെയോ, [യോ
അസ്മാൻ വാ	അല്ലെങ്കിൽ ഞങ്ങളെ-
വൃണീഷ്വ'.	നാട്ടിൽവെച്ചാൽമതി'.

താനുവാച തതോ രാജാ കിംനിമിത്തമിദം ഭയം
താശ്ചാപി രാജ്ഞാ സംപൃഷ്ടാ വാക്യം പ്രകൃതയോഽബ്രുവൻ. 21

“ തതഃ	“ അതിന്നു്
രാജാ	രാജാവു്
താൻ	അവരോടായി
ഉവാച ;	ഇപ്രകാരം ചോദിച്ചു;
‘ ഇദം ഭയം	‘ ഈ ഭയത്തിന്നു്
കിംനിമിത്തം ?’	കാരണമെന്തു് ?’

രാജ്ഞാ ച	രാജാവിനാൽതന്നെ
സംപൃഷ്ടാഃ	ഇപ്രകാരം ചോദിക്കപ്പെട്ട
താഃ	ആ
പ്രകൃതയഃ അപി	ജനങ്ങളും
വാക്യം	ഇങ്ങിനെ മറുപടി
അബ്രുവൻ.	ബോധിപ്പിച്ചു.

ക്രീഡതസ്ത്വേഷ നഃ പുത്രാൻ ബാലാനുദ്ഭ്രാന്തചേതസഃ
സരയ്വാം പാതയൻ മൌർഖ്യാദതുലാം പ്രീതിമശ്നുതേ. 22

“ ‘ ഏഷഃ	“ ‘ ഇവൻ
ക്രീഡതഃ	കളിച്ചുംകൊണ്ടിരിക്കുന്നവരും
ഉദ്ഭ്രാന്ത-ചേതസഃ	ഭയപ്പെട്ടു് വിറക്കുന്നവരും ആയ
നഃ	ഞങ്ങളുടെ
ബാലാൻ	ചെറു

പുത്രാൻ	കുട്ടികളെ
സരയ്വാം	സരയൂനദിയിൽ
പാതയൻ	ഇട്ടു്
മൌർഖ്യാത് തു	മൂർഖത്വം ഹേതുവാൽ
അതുലാം	അതിയായ
പ്രീതിം	സന്തോഷത്തെ
അശ്നുതേ.’	പ്രാപിക്കുന്നു.’

സ താസാം വചനം ശ്രുത്വാ പ്രകൃതീനാം നരാധിപഃ
തം തത്യാജാഹിതം പുത്രം താസാം പ്രിയചികീർഷയാ. 23

“ താസാം	“ ആ
പ്രകൃതീനാം	ജനങ്ങളുടെ
വചനം	വാക്കു്
ശ്രുത്വാ,	കേട്ടു്,
സഃ	ആ
നരാധിപഃ,	അരചൻ,

താസാം	അവക്കു്
പ്രിയചികീർഷയാ	നന്മചെയ്യേണമെന്നുള്ള ഒരു കാരണത്താൽ
അഹിതം	ദ്രോഹിയായ
തം പുത്രം	ആ പുത്രനെ
തത്യാജ.	കൈവെടിഞ്ഞു.

തം യാനം ശീഘ്രമാരോപ്യ സഭാര്യം സപരിച്ഛദം
യാവജ്ജീവം വിവാസ്യോഽയമിതി സ്വാനന്വശാത് പിതാ. 24

“ പിതാ	“ പിതാവു്
തം	അവനെ
ശീഘ്രം	തത്ക്ഷണംതന്നെ
സഭാര്യം	ഭാര്യാസമേതനായും
സപരിച്ഛദം	വേണ്ട സാമഗ്രികളോടു കൂടിയവനായും
യാനം	ഒരു വാഹനത്തിൽ
ആരോപ്യ,	കയററി,

സ്വാൻ	തന്റെ പരിജനങ്ങളോടായി
ഇതി	ഇങ്ങിനെ
അന്വശാത് ;	ആജ്ഞാപിച്ചു ;
‘ അയം	‘ ഇവൻ
യാവജ്ജീവം	ജീവപര്യന്തം
വിവാസ്യഃ’.	കാട്ടിൽ വസിക്കപ്പെടേണ്ടവനാകുന്നു.

സഹാലപിടകം ഗൃഹ്യ ഗിരിദുൎഗ്ഗാണ്യലോലയത്
ദിശഃ സൎവ്വാസ്ത്വനുചരൻ സ യഥാ പാപകൎമ്മകൃത്. 25

"യഥാ	"ഇപ്രകാരം	സൎവ്വാഃ	എല്ലാ
പാപകൎമ്മകൃത്	പാപകൃത്യം ചെയ്തവനായ	ദിശഃ	ദിക്കുകളിലും
സഃ	അവൻ	അനുചരൻ,	സഞ്ചരിച്ച്,
സഹാലപിടകം	കയ്ക്കോട്ടോടുകൂടി ഒരു കൊട്ടയെ	ഗിരിദുൎഗ്ഗാണി തു	മലകളിലും കാട്ടുകളിലും ഏകനായി
ഗൃഹ്യ,	എടുത്തുകൊണ്ട്,	അലോലയത്.	ചുററിത്തിരിഞ്ഞു.

ഇത്യേനമത്യജദ്രാജാ സഗരോ വൈ സുധാൎമ്മികഃ
രാമഃ കിമകരോത് പാപം യേനൈവമുപരുദ്ധ്യതേ. 26

"സുധാൎമ്മികഃ	"മഹാധൎമ്മിഷ്ഠനായ	രാമഃ	ശ്രീരാമൻ
സഗരഃ രാജാ	സഗരമഹാരാജാവ്,	ഏവം	ഇങ്ങിനെ
ഇതി,	ഇപ്രകാരം,	ഉപരുദ്ധ്യതേ?	കാട്ടിൽ പാൎപ്പിക്കപ്പെടുന്നത്?
ഏനം	ഇവനെ	കിം	എന്തു
അത്യജത്-	ത്യജിച്ചു-	പാപം വൈ	ദുഷ്കൃത്യംതന്നെയാണ്
യേന	എന്തുകാരണത്താലാണ്	അകരോത്?	അദ്ദേഹം ചെയ്തത്?

ന ഹി കഞ്ചന പശ്യാമോ രാഘവസ്യാഗുണം വയം
ദുൎല്ലഭോ ഹ്യസ്യ നിരയഃ ശശാങ്കസ്യേവ കല്മഷം. 27

"രാഘവസ്യ	"ശ്രീരാമന്ന്	കല്മഷം	കളങ്കം
അഗുണം	ദുൎഗ്ഗുണം	ഇവ	എന്നപോലെ,
കഞ്ചന	ഒന്നുംതന്നെ	അസ്യ ഹി,	ഇദ്ദേഹത്തിന്നും,
വയം	ഞങ്ങൾ	നിരയഃ	നരകഹേതുകമായ പാപമെന്നുള്ളത്
പശ്യാമഃ ന;	കാണുന്നില്ല;		
ശശാങ്കസ്യ	രണ്ടാംപറ ചന്ദ്രന്ന്	ദുൎല്ലഭഃ ഹി.	അടുക്കുകയില്ലല്ലോ.

അഥവാ ദേവി ദോഷം ത്വം കഞ്ചിത് പശ്യസി രാഘവേ
തമദ്യ ബ്രൂഹി തത്ത്വേന തതോ രാമോ വിവാസ്യതാം. 28

"ദേവി!	"ദേവി!	തം	ആയതിനെ
അഥവാ	ഇപ്രകാരമല്ലെന്നാൽ,	തത്ത്വേന	ഒട്ടും മറയ്ക്കാതെ
രാഘവേ	ശ്രീരാമങ്കൽ	ബ്രൂഹി;	പറഞ്ഞുകൊള്ളുക;
ത്വം	ഭവതി	അദ്യ	അങ്ങിനെയുണ്ടെന്നാൽ ഇപ്പോൾ തന്നെ
കഞ്ചിത്	വല്ലതും ഒരു	രാമഃ	ശ്രീരാമൻ
ദോഷം	കുററത്തെ	വിവാസ്യതാം.	കാട്ടിലേക്ക് അയക്കപ്പെട്ടുകൊള്ളട്ടെ.
പശ്യസി തതഃ	കാണുന്നുവെങ്കിൽ		

അദുഷ്ടസ്യ ഹി സന്ത്യാഗഃ സത്പഥേ നിരതസ്യ ച
അപ്രാപ്തസ്യ വിവാസോऽയം വനേഷു സുയശസ്വിനഃ
നിർദ്ദഹേദപി ശക്രസ്യ ദ്യുതിം ധർമ്മനിരോധനാത്. 29

"അദുഷ്ടസ്യ,	"യാതൊരു ദോഷവും ചെയ്യാത്തവനായി,	വനേഷു	വനങ്ങളിൽ
ഹി	അക്കാരണത്താൽ	അയം	ഇപ്രകാരം
അപ്രാപ്തസ്യ,	യാതൊരു ശിക്ഷയ്ക്കും പാത്രീഭവിക്കാത്തവനായി,	സന്ത്യാഗഃ,	ത്യജിക്കപ്പെട്ടു്,
സുയശസ്വിനഃ,	മഹായശസ്വിയായി,	വിവാസഃ	വസിക്കുക എന്നുള്ളതു്
സത്പഥേ	സന്മാർഗ്ഗത്തിൽ	ധർമ്മനിരോധനാത്,	ധർമ്മത്തിന്നു വിരോധമെന്നുള്ളതിനാൽ,
നിരതസ്യ ച,	എല്ലായ്പ്പോഴും സ്ഥിതി ചെയ്യുന്നവനു്	ശക്രസ്യ അപി	ദേവേന്ദ്രന്റെയുംകൂടി
		ദ്യുതിം	തേജസ്സിനെ
		നിർദ്ദഹേത്.	ദഹിപ്പിച്ചുകളയുന്നതാകുന്നു.

തദലം ദേവി രാമസ്യ ശ്രിയാ വിഹതയാ ത്വയാ
ലോകതോऽപി ഹി തേ രക്ഷ്യഃ പരിവാദഃ ശുഭാനനേ. 30

"ശുഭാനനേ!	"നല്ലതിനെത്തന്നെ അരുളിച്ചെയ്യുന്നവളായ	തേ അപി	ഭവതിക്കു
ദേവി!	ഹേ ദേവി!	ലോകതഃ	ലോകവാസിജനത്തിൽനിന്നുള്ള
തത്	അതുകയാൽ	പരിവാദഃ	നിന്ദയെന്നുള്ളതു്
ത്വയാ	ഭവതിയാൽ	അലം	ഒട്ടും
വിഹതയാ	നിരോധിക്കപ്പെട്ടതായ	രക്ഷ്യഃ ഹി."	ഉണ്ടാകാതിരിക്കത്തക്കവണ്ണം നോക്കേണ്ടതാണു്."
രാമസ്യ	ശ്രീരാമന്റെ		
ശ്രിയാ	ഈ പട്ടാഭിഷേകത്താൽ		

ശ്രുത്വാ തു സിദ്ധാർത്ഥവചോ രാജാ ശ്രാന്തതരസ്വനഃ
ശോകോപഹതയാ വാചാ കൈകേയീമിദമബ്രവീത്. 31

സിദ്ധാർത്ഥവചഃ	സിദ്ധാർത്ഥവാക്യത്തെ	ശോകോപഹതയാ	ദുഃഖംകൊണ്ടു് ഇടറുന്നതായ
ശ്രുത്വാ,	കേട്ടു്	വാചാ	വാക്കുകൊണ്ടു്,
രാജാ,	മഹാരാജാവു്,	തു	ഇതിനെക്കുറിച്ചു്
ശ്രാന്തതരസ്വനഃ	ഒച്ചപൊങ്ങാത്തവനായി	ഇദം	ഇപ്രകാരം
കൈകേയീം	കൈകേയീദേവിയെ നോക്കി,	അബ്രവീത്.	അരുളിച്ചെയ്തു.

ഏതദ്വചോ നേച്ഛസി പാപവൃത്തേ
ഹിതം ന ജാനാസി മമാത്മനോ വാ
ആസ്ഥായ മാർഗ്ഗം കൃപണം കുചേഷ്ടാ
ചേഷ്ടാ ഹി തേ സാധുപഥാദപേതാ. 32

"പാപവൃത്തേ!	"പാപത്തിന്നു തുനിഞ്ഞവളേ!	ഇച്ഛസി ന-	കയ്ക്കൊള്ളുന്നില്ല-
കൃപണം	ഒരു കാര്യംകൊണ്ടുണ്ടാകുന്നതായ തിന്മയെത്തെന്നറിയാതിരിക്കുന്ന	മമ	എന്റേയും
മാർഗ്ഗം	മാർഗ്ഗത്തെ	ആത്മനഃ വാ	നിന്റേയും
ആസ്ഥായ,	അവലംബിച്ചു്,	ഹിതം	ഹിതമിന്നതെന്നു്
കുചേഷ്ടാ	ദുഷ്ടവൃത്തി കയ്ക്കൊണ്ടവളായ നീ	ജാനാസി ന-	നീ അറിയുന്നില്ല-
ഏതത്	ഈ	തേ	നിന്റെ
വചഃ	സദുപദേശത്തെ	ചേഷ്ടാ	തത്കാലപ്രവൃത്തി
		സാധുപഥാത്	സജ്ജനങ്ങളുടെ മാർഗ്ഗത്തിൽനിന്നു്
		അപേതാ ഹി.	എത്രയോ ദൂരെക്കിടക്കുന്നു.

അനുവ്രജിഷ്യാമ്യഹമദ്യ രാമം
രാജ്യം പരിത്യജ്യ സുഖം ധനം ച
സഹൈവ രാജ്ഞാ ഭരതേന ച ത്വം
യഥാസുഖം ഭുങ്ക്ഷ്വ ചിരായ രാജ്യം. 33

"അദ്യ	"ഇപ്പോൾതന്നെ	രാജ്ഞാ	രാജാവായ
അഹം	ഞാൻ	ഭരതേന സഹ	ഭരതനോടുംകൂടിയിരുന്നുകൊണ്ടു്,
രാജ്യം	രാജ്യത്തെയും	രാജ്യം	രാജ്യവിഭവത്തെ
സുഖം	സുഖത്തെയും	ചിരായ	ഏറെക്കാലം
ധനം ച	ധനത്തെയും	യഥാസുഖം ഏവ	നിന്റെ ഇഷ്ടംപോലെ തന്നെ
പരിത്യജ്യ	ഉപേക്ഷിച്ചു്,	ഭുങ്ക്ഷ്വ."	അനുഭവിച്ചു് സുഖിച്ചുകൊള്ളുക."
രാമം	ശ്രീരാമനെ		
അനുവ്രജിഷ്യാമി	അനുഗമിച്ചുകളയാം;		
ത്വം ച	നീ മാത്രം		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ ഷട്ത്രിംശഃ സർഗ്ഗഃ = മുപ്പത്താറാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 3908; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1553.

സപ്തത്രിംശഃ സൎഗ്ഗഃ = മുപ്പത്തേഴാം സൎഗ്ഗം.

[ചീരപരിധാനം = മരവുരിയുടുക്കുന്നത്.]

മഹാമാത്രവചഃ ശ്രുത്വാ രാമോ ദശരഥം തദാ
അന്വഭാഷത വാക്യം തു വിനയജ്ഞോ വിനീതവത്. 1

തദാ	ആ സന്ദൎഭത്തിൽ,	രാമഃ,	ശ്രീരാമൻ,
മഹാമാത്രവചഃ	മന്ത്രിമുഖ്യന്റെ വാക്യത്തെ	ദശരഥം	ദശരഥമഹാരാജാവിനോടായി
ശ്രുത്വാ	ചെവിക്കൊണ്ട്,	വിനീതവത്	വിനയപുരസ്സരം
വിനയജ്ഞഃ	{ അൎത്ഥം, ദേശം, കാലം, എന്നിവയുടെ ഭേദമനുസരിച്ച് വൎത്തിക്കേണ്ടതായ നടവടിയെ നന്നായറിഞ്ഞവനായ	തു	ഈ സംഗതിയെക്കുറിച്ച്
		വാക്യം	ഇപ്രകാരം വാക്യത്തെ
		അന്വഭാഷത.	അരുളിച്ചെയ്തു.

[“മഹാമാത്രവചഃ” (മഹാൻ അമാത്യഃ അമാത്യഃ യസ്യ സഃ തസ്യ വചഃ) മഹാനായ അമാത്യൻ ആരുടേയോ, അപ്രകാരമുള്ള മഹാരാജാവിന്റെ വാക്ക് എന്നും, (ശിരോമണി).]

ത്യക്തഭോഗസ്യ മേ രാജൻ വനേ വന്യേന ജീവതഃ
കിം കാൎയ്യമനുയാത്രേണ ത്യക്തസംഗസ്യ സൎവ്വതഃ. 2

“രാജൻ!	“മഹാരാജാവേ!	വന്യേന	വനത്തിൽ ലഭിക്കുന്നവയായ ഫലമൂലാദികൊണ്ട്
ത്യക്തഭോഗസ്യ,	} ഭോഗങ്ങളെ പരിത്യജിച്ചവനും,	വനേ	വനത്തിൽ
സൎവ്വതഃ	സൎവ്വപ്രകാരത്തിലും	ജീവതഃ	കാലം കഴിക്കുന്നവനും ആയ
ത്യക്തസംഗസ്യ,	} സൎവ്വത്തിലും ബന്ധമററവനും,	മേ	എനിക്ക്,
		അനുയാത്രേണ	പരിവാരങ്ങളെക്കൊണ്ട്
		കിം കാൎയ്യം?	എന്തു പ്രയോജനം?

യോ ഹി ദത്ത്വാ ദ്വിപശ്രേഷ്ഠം കക്ഷ്യായാം കുരുതേ മനഃ
രജ്ജുസ്നേഹേന കിം തസ്യ ത്യജതഃ കുഞ്ജരോത്തമം. 3

“യഃ	“യാതൊരുവൻ	കുഞ്ജരോത്തമം	ഗജശ്രേഷ്ഠനെ
ദ്വിപശ്രേഷ്ഠം	ശ്രേഷ്ഠമായ ആനയെ	ത്യജതഃ	വെടിഞ്ഞ
ദത്ത്വാ,	കൊടുത്ത ശേഷം,	തസ്യ	അവന്ന്
കക്ഷ്യായാം	ചങ്ങലയിൽ	രജ്ജുസ്നേഹേന	ചങ്ങലയിലുള്ള ആശകൊണ്ട്
മനഃ കുരുതേ ഹി,	ആശപ്പെടുന്നു എങ്കിൽ,	കിം.	എന്തുപ്രയോജനം?

തഥാ മമ സതാം ശ്രേഷ്ഠ കിം ധ്വജിന്യാ ജഗത്പതേ
സൎവ്വാണ്യേവാനുജാനാമി ചീരാണ്യേവാനയന്തു മേ. 4

“സതാം ശ്രേഷ്ഠ!	“സജ്ജനശ്രേഷ്ഠനായ	സൎവ്വാണി ഏവ	എല്ലാവററിനേയും
ജഗത്പതേ!	മഹാരാജാവേ!	അനുജാനാമി;	ഞാൻ സമ്മതിക്കുന്നു;
തഥാ	അപ്രകാരംതന്നെ,	മേ	എനിക്കുള്ള
ധ്വജിന്യാ	സേനകൊണ്ട്	ചീരാണി ഏവ	മരവുരികൾ മാത്രം
മമ കിം?	എനിക്ക് എന്തുപ്രയോജനം?	ആനയന്തു.	കൊണ്ടുവരട്ടെ.

ഖനിത്രപിടകേ ചോഭേ മമാനയത ഗച്ഛതഃ
ചതുൎദ്ദശ വനേ വാസം വൎഷാണി വസതോ മമ. 5

“വനേ	“വനത്തിൽ
ചതുൎദ്ദശ	പതിന്നാലു
വൎഷാണി	സംവത്സരങ്ങൾ
വസതഃ	വസിപ്പാൻപോകുന്നവനായി
ഗച്ഛതഃ	പുറപ്പെട്ടുവന്നിരിക്കുന്നവനായ
മമ	എനിക്ക്
വാസം	വാസംചെയ്യുന്നതിന്നായി
മമ ച	എനിക്കു വേണ്ടുന്നതായ
ഖനിത്രപിടകേ	ഒരു കയ്ക്കോട്ടും കൊട്ടയും
ഉഭേ	രണ്ടും
ആനയത.”	കൊണ്ടുവരപ്പെടട്ടെ.”

അഥ ചീരാണി കൈകേയീ സ്വയമാഹൃത്യ രാഘവം
ഉവാച പരിധത്സ്വേതി ജനൌഘേ നിരപത്രപാ. 6

അഥ	ഈ സന്ദൎഭത്തിൽ
കൈകേയീ,	കൈകേയീരാജ്ഞി,
ജനൌഘേ	ജനസമൂഹത്തിൽ
നിരപത്രപാ	മാനക്കേടിനെ ഓൎക്കാത്തവളായി
സ്വയം	താൻതന്നെ
ചീരാണി	മരവുരികളെ
ആഹൃത്യ	കൊണ്ടുവന്ന്
രാഘവം	ശ്രീരാഘവനെനോക്കി
“പരിധത്സ്വ”	“ധരിച്ചുകൊൾക”
ഇതി	എന്ന്
ഉവാച.	ആജ്ഞാപിച്ചു.

[“വസീത ചൎമ്മ ചീരം വാ സായം സ്നായാത് പ്രഗേ തഥാ. ജടാശ്ച ബിഭൃയാന്നിത്യം ശ്മശ്രുലോമനഖാനി ച, യദ്ഭക്ഷ്യേയത്തതോ ദദ്യാദ്ബലിം ഭിക്ഷാം ച ശക്തിതഃ അമ്മൂലഫലഭിക്ഷാഭിരൎച്ചയേദാശ്രമാഗതം.” എന്ന് ചീരപരിധാനാദി വാനപ്രസ്ഥാശ്രമധൎമ്മങ്ങളെക്കുറിച്ച് മനു. “ബ്രഹ്മചാരി ഭവേന്നിത്യം ന പത്നീം പ്രതിസംശ്രയേത്” കൂൎമ്മപുരാണം.]

സ ചീരേ പുരുഷവ്യാഘ്രഃ കൈകേയ്യാഃ പ്രതിഗൃഹ്യ തേ
സൂക്ഷ്മവസ്ത്രം പരിക്ഷിപ്യ മുനിവസ്ത്രാണ്യവസ്ത ഹ. 7

പുരുഷവ്യാഘ്രഃ	പുരുഷോത്തമനായ
സഃ,	അദ്ദേഹം,
കൈകേയ്യാഃ	കൈകേയിവക്കൽനിന്ന്
തേ	ആ
ചീരേ	രണ്ടുമരവുരികളേയും
പ്രതിഗൃഹ്യ	വാങ്ങിക്കൊണ്ട്
സൂക്ഷ്മവസ്ത്രം ഹ	നേരിയ പീതാംബരത്തെ
പരിക്ഷിപ്യ,	കളഞ്ഞ്
മുനിവസ്ത്രാണി	താപസോചിതമായ ആ വസ്ത്രങ്ങളെ
അവസ്ത.	ധരിച്ചു.

ലക്ഷ്മണശ്ചാപി തത്രൈവ വിഹായ വസനേ ശുഭേ
താപസാച്ഛാദനേ ചൈവ ജഗ്രാഹ പിതുരഗ്രതഃ. 8

ലക്ഷ്മണഃ അപി	ലക്ഷ്മണനും
ശുഭേ	വിലയേറിയ
വസനേ ച	വസ്ത്രത്തേയും ഉത്തരീയത്തേയും
തത്ര ച	അപ്പോൾതന്നെ
പിതുഃ	പിതാവിന്റെ
അഗ്രതഃ ഏവ	തിരുമുമ്പിൽവെച്ചുതന്നെ
വിഹായ	ത്യജിച്ച്
താപസാച്ഛാദനേ ഏവ	താപസോചിതവസ്ത്രങ്ങളെത്തന്നെ
ജഗ്രാഹ.	ധരിച്ചു.

അഥാത്മപരിധാനാത്ഥം സീതാ കൌശേയവാസിനീ
സമീക്ഷ്യ ചീരം സംത്രസ്താ പൃഷതീ വാഗുരാമിവ. 9

കൌശേയവാസിനീ	പട്ടുവസ്ത്രം ധരിക്കുന്നവളായ	സമീക്ഷ്യ,	കണ്ടു്,
സീതാ,	സീതാദേവി,	പൃഷതീ	പെൺമാൻ
ചീരം	ഒരു മരവുരിയെ	വാഗുരാം	തന്നെപ്പിടിപ്പാൻ ഇട്ടന്ന വലയെ കണ്ടാൽ
അഥ	അപ്പോൾ	ഇവ,	എന്നപോലെ,
ആത്മപരിധാനാത്ഥം	തനിക്കുധരിപ്പാൻവേണ്ടികൊണ്ടുവരപ്പെട്ടന്നതു്	സംത്രസ്താ.	നടുങ്ങി.

സാ വ്യപത്രപമാണേവ പ്രഗൃഹ്യ ച സുദുമ്മനാഃ
കൈകേയ്യാഃ കുശചീരേ തേ ജാനകീ ശുഭലക്ഷണാ. 10
അശ്രുസമ്പൂണ്ണനേത്രാ ച ധമ്മജ്ഞാ ധമ്മദശിനീ
ഗന്ധവ്വരാജപ്രതിമം ഭത്താരമിദമബ്രവീത്. 11

ശുഭലക്ഷണാ	ഉത്തമഗുണസമ്പന്നയും	പ്രഗൃഹ്യ,	വാങ്ങിക്കൊണ്ടു്,
ധമ്മജ്ഞാ	പാതിവ്രത്യധമ്മത്തെ നന്നായറിഞ്ഞവളും	സുദുമ്മനാഃ	ഏററ മനസ്താപം പൂണ്ടവളായി
ധമ്മദശിനീ ച	ആ ധമ്മത്തെ അനുഷ്ഠാനം കൊണ്ടു് കാണിക്കുന്നവളുമായ	അശ്രുസമ്പൂണ്ണനേത്രാ,	കണ്ണീർ തുളുമ്പുന്ന നേത്രങ്ങളാന്നവളായി,
സാ	ആ	ഗന്ധവ്വരാജപ്രതിമം	ഗന്ധവ്വരാജോപമനായ
ജാനകീ,	ജാനകീദേവി,	ഭത്താരം	ഭത്താവിനെ നോക്കി,
തേ	ആ	വ്യപത്രപമാണാ ഇവ	അല്പം ലജ്ജയോടുകൂടിയവളായി,
അഭ്യുദയഃ;	മോക്ഷസാധനമായ ഇഹത്തിൽ ചെയ്യേണ്ടതായ വൈദികകൃത്യം;	സ്വർഗ്ഗസ്യ	പരമപദപ്രാപ്തിക്കുള്ള
		മാർഗ്ഗഃ ച."	ഉപായംതന്നെയാണല്ലോ."

ഏവം വദന്തസ്തേ സോഢും ന ശേകുർബ്ബാഷ്പമാഗതം
നരാസ്തമനുഗച്ഛന്തഃ പ്രിയമിക്ഷ്വാകുനന്ദനം. 27

തേ	ആ	വദന്തഃ	പറഞ്ഞുകൊണ്ടുതന്നെ
നരാഃ,	ആളുകൾ,	അനുഗച്ഛന്തഃ,	പിൻതുടരുന്നവനായി,
തം	ആ	ആഗതം	ഒഴുകിയ
പ്രിയം	അപൂൎവ്വലബ്ധനായ	ബാഷ്പം	കണ്ണീരിനെ
ഇക്ഷ്വാകു-നന്ദനം	ഇക്ഷ്വാകുകുലപ്രസൂതനെ	സോഢും	നിൎത്തുവാൻ
ഏവം	ഇപ്രകാരം	ശേകുഃ ന.	കഴിയാത്തവരായി ഭവിച്ചു.

അഥ രാജാ വൃതഃ സ്ത്രീഭിർദ്ദീനാഭിർദ്ദീനചേതനഃ
നിൎജ്ജഗാമ പ്രിയം പുത്രം ദ്രക്ഷ്യാമീതി ബ്രുവൻ ഗൃഹാത്. 28

അഥ	അതേസമയത്തിൽ	വൃതഃ	ചൂഴപ്പെട്ടവനായി,
ദീനചേതനഃ	ബുദ്ധിക്ഷയിച്ചിരുന്നവനായ	'പ്രിയം പുത്രം ദ്രക്ഷ്യാമി'	ഓമനക്കുമാരനെ ആവോളം നോക്കാമല്ലൊ,'
രാജാ,	ചക്രവൎത്തിമഹാരാജാവ്,	ഇതി	എന്നു
		ബ്രുവൻ	അരുളിച്ചെയ്തുകൊണ്ട്
ദീനാഭിഃ	ദുഃഖിതകളായ	ഗൃഹാത്	അരമനയിൽനിന്ന്
സ്ത്രീഭിഃ	രാജ്ഞിമാരാൽ	നിൎജ്ജഗാമ.	പുറത്തെക്കെഴുന്നെള്ളി.

ശുശ്രുവേ ചാഗ്രതഃ സ്ത്രീണാം രുദന്തീനാം മഹാസ്വനഃ
യഥാ നാദഃ കരേണൂനാം ബദ്ധേ മഹതി കുഞ്ജരേ. 29

മഹതി	ഒരു വമ്പിച്ച	യഥാ	എപ്രകാരമൊ, അപ്രകാരം
കുഞ്ജരേ	കാട്ടാന		
ബദ്ധേ	കെട്ടിലകപ്പെട്ടതു കാണുമ്പോൾ,	രുദന്തീനാം	വാവിട്ടു മുറയിടുന്ന
		സ്ത്രീണാം	സ്ത്രീകളുടെ
കരേണൂനാം	പിടിയാനകളുടെ	മഹാസ്വനഃ	വലുതായ ആൎത്തസ്വരം
നാദഃ	ശബ്ദം	അഗ്രതഃ ച	മുമ്പിൽതന്നെ
		ശുശ്രുവേ.	കേൾക്കപ്പെട്ടു.

പിതാ ച രാജാ കാകുത്സ്ഥഃ ശ്രീമാൻ സന്നസ്തദാ ബഭൌ
പരിപൂൎണ്ണഃ ശശീ കാലേ ഗ്രഹേണോപപ്ലുതോ യഥാ. 30

തദാ	ആ സമയം	ഗ്രഹേണ ഉപപ്ലുതഃ	രാഹുഗ്രസ്തനായ
പിതാ ച	പിതാവും		
ശ്രീമാൻ	ശ്രീമാനും	പരിപൂൎണ്ണഃ ശശീ	പൂൎണ്ണചന്ദ്രൻ
രാജാ	മഹാരാജാവുമായ	യഥാ,	എന്നപോലെ
കാകുത്സ്ഥഃ,	ദശരഥചക്രവൎത്തി,	സന്നഃ	നിഷ്പ്രഭനായി
കാലേ	പൎവ്വകാലത്തിൽ	ബഭൌ.	ഭവിച്ചു.

സ ച ശ്രീമാനചിന്ത്യാത്മാ രാമോ ദശരഥാത്മജഃ
സൂതം സംചോദയാമാസ ത്വരിതം വാഹ്യതാമിതി. 31

അചിന്ത്യാത്മാ	അഗോചരകർമ്മാവും,	സൂതം	സാരഥിയെ നോക്കി
ശ്രീമാൻ	ശ്രീയുക്തനും,	"ത്വരിതം	"വേഗത്തിൽ
സഃ ച	മഹാവിഷ്ണുവും	വാഹ്യതാം,"	തെളിക്കപ്പെടട്ടെ,"
ദശരഥാത്മജഃ	ദശരഥാത്മജനായി വിലസുന്നവനും ആയ	ഇതി	എന്ന്
രാമഃ,	ശ്രീരാമൻ,	സംചോദയാമാസ.	ആവശ്യപ്പെട്ടു.

രാമോ യാഹീതി സൂതം തം തിഷ്ഠേതി സ ജനസ്തദാ
ഉഭയം നാശകത് സൂതഃ കർത്തുമദ്ധ്വനി ചോദിതഃ. 32

രാമഃ	ശ്രീരാമൻ	ഇതി;	എന്നും പറകയായി;
തം	ആ	അദ്ധ്വനി	യാത്രയെപ്പററി
സൂതം	സാരഥിയോടായി	ഉഭയം	അന്യോന്യവിരുദ്ധങ്ങളായ ഇവ രണ്ടും
"യാഹി,"	"തെളിച്ചാലും,"	ചോദിതഃ	ചെയ്യേണമെന്ന് ആവശ്യപ്പെടപ്പെട്ടവനായ
ഇതി,	എന്നും	സൂതഃ,	സൂതൻ,
തദാ	അതേസമയം	കർത്തും അശകത് ന.	ഒന്നും ചെയ്യാൻ കഴിയാതെവത്തിച്ചു.
സഃ	ആ		
ജനഃ	ജനതതി		
"തിഷ്ഠ"	"നില്ക്കുക,"		

നിർഗ്ഗച്ഛതി മഹാബാഹൌ രാമേ പൌരജനാശ്രുഭിഃ
പതിതൈരഭ്യവഹിതം പ്രശശാമ മഹീരജഃ. 33

മഹാബാഹൌ	മഹാബാഹുവായ	പതിതൈഃ	കണ്ണിൽ നിന്നു ഒഴുകിയ
രാമേ	ശ്രീരാമൻ	പൌരജനാശ്രുഭിഃ	നാട്ടാരുടെ അശ്രുക്കൾ കൊണ്ട്
നിർഗ്ഗച്ഛതി,	എഴുന്നെള്ളുന്നസമയം,	പ്രശശാമ.	നനയ്ക്കപ്പെട്ടതായി, അമന്നു.
അഭ്യവഹിതം	പൊങ്ങിയതായ		
മഹീരജഃ	പൂഴി,		

രുദിതാശ്രുപരിക്ലിന്നം ഹാഹാകൃതമചേതനം
പ്രയാണേ രാഘവസ്യാസീത് പുരം പരമപീഡിതം. 34

രാഘവസ്യ	ശ്രീരാമന്റെ	ഹാഹാകൃതം	'ഹാ, ഹാ' എന്ന ശബ്ദത്തോടു കൂടിയതായി,
പ്രയാണേ	യാത്രയിൽ	പരമപീഡിതം	ഏററവും ദുഃഖിച്ചതായി
പുരം	ആ പട്ടണം,	അചേതനം	പ്രജ്ഞയററതായി
രുദിതാശ്രുപരിക്ലിന്നം	കണ്ണീരാൽ നനയ്ക്കപ്പെട്ടതായി,	ആസീത്.	ഭവിച്ചു.

സുസ്രാവ നയനൈഃ സ്ത്രീണാമാസ്രമായാസസംഭവം
മീനസംക്ഷോഭചലിതൈഃ സലിലം പങ്കജൈരിവ. 35

സ്ത്രീണാം	സ്ത്രീകളുടെ	മീനസംക്ഷോഭചലിതൈഃ	മത്സ്യങ്ങളാൽ കലക്കപ്പെട്ടു് ചലിക്കുന്ന
നയനൈഃ	നയനങ്ങളിൽ നിന്നു്	പങ്കജൈഃ	താമരകളിൽ നിന്നു്
ആയാസ-സംഭവം	അസഹ്യമായ ദുഃഖത്താലുണ്ടായതായ	സലിലം	(അവയിൽ തങ്ങിയ) വെള്ളം
		ഇവ	എന്നപോലെ
ആസ്രം	അശ്രുജലം	സുസ്രാവ.	നാലുപാടും ചിതറി.

ദൃഷ്ട്വാ തു നൃപതിഃ ശ്രീമാനേകചിത്തഗതം പുരം
നിപപാതൈവ ദുഃഖേന ഹതമൂല ഇവ ദ്രുമഃ. 36

ശ്രീമാൻ	ശ്രീമാനായ	തു	തന്മൂലമുള്ള
നൃപതിഃ	മഹാരാജാവു്,	ദുഃഖേന	ദുഃഖത്താൽ,
പുരം	നഗരത്തെ	ഹതമൂലഃ	വേരറുത്ത
ഏകചിത്തഗതം	ഒരേ ഒരു വിചാരത്തോടു കൂടിയതായി	ദ്രുമഃ	വൃക്ഷം
		ഇവ ഏവ	എന്ന പോലെതന്നെ
ദൃഷ്ട്വാ,	കണ്ടു്,	നിപപാത.	നിലത്തു പതിച്ചു.

തതോ ഹലഹലാശബ്ദോ ജജ്ഞേ രാമസ്യ പൃഷ്ഠതഃ
നരാണാം പ്രേക്ഷ്യ രാജാനം സീദന്തം ഭൃശദുഃഖിതം. 37

രാജാനം	മഹാരാജാവിനെ	രാമസ്യ	ശ്രീരാമന്റെ
ഭൃശദുഃഖിതം	ഏററവും ദുഃഖിക്കുന്നവനായി	പൃഷ്ഠതഃ,	പിൻ ഭാഗത്തിൽ,
സീദന്തം	പ്രജ്ഞയററു് വീണു കിടക്കുന്നവനായി	നരാണാം	ജനങ്ങളുടെ
പ്രേക്ഷ്യ,	കണ്ടിട്ടു്,	ഹലഹലാശബ്ദഃ	'അയ്യോ അയ്യോ' എന്നകുഴപ്പം
തതഃ,	അക്കാരണത്താൽ,	ജജ്ഞേ.	ഉണ്ടായി.

ഹാ രാമേതി ജനാഃ കേചിദ്രാമമാതേതി ചാപരേ
അന്തഃപുരം സമൃദ്ധം ച ക്രോശന്തഃ പര്യദേവയൻ. 38

		ഇതി,	എന്നും,
സമൃദ്ധം	എപ്പോഴും സന്തോഷമായ്ത്തന്നെ വർത്തിച്ചിരുന്ന	അപരേ ച	മററുചിലർ
		'ഹാ	'അയ്യോ
അന്തഃപുരം ച	അന്തഃപുരത്തിലും	രാമമാതഃ'	രാമമാതാവേ!'
കേചിത്	ചില	ഇതി	എന്നും
ജനാഃ,	ജനങ്ങൾ,	ക്രോശന്തഃ	മുറയിട്ടുകൊണ്ടു്
'രാമ'	'രാമ!'	പര്യദേവയൻ.	ദുഃഖിച്ചു.

["രാമമാതഃ ഇതി" എന്നുള്ളതിന്റെ സന്ധി, "രാമമാതേതി" എന്നു്, ആർഷം.]

അന്വീക്ഷമാണോ രാമസ്തു വിഷണ്ണം ഭ്രാന്തചേതസം
രാജാനം മാതരം ചൈവ ദദൎശാനുഗതൌ പഥി. 39

ഭ്രാന്തചേതസം	ബുദ്ധിയററവനായി	രാജാനം	മഹാരാജാവിനേയും
വിഷണ്ണം ഏവ,	ദുഃഖിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചുതന്നെ	മാതരം ച	മാതാവിനേയും
		പഥി	വഴിയിൽ
തു	ഈ സമയത്തിലും		
അന്വീക്ഷമാണഃ	ചിന്തിച്ചുകൊണ്ടിരുന്നവനായ	അനുഗതൌ	പിന്നാലെ എഴുന്നെള്ളിക്കൊണ്ടിരിക്കുന്നവരായി
രാമഃ,	ശ്രീരാമൻ,	ദദൎശ.	കണ്ടു.

സ ബദ്ധ ഇവ പാശേന കിശോരോ മാതരം യഥാ
ധൎമ്മപാശേന സംയുക്തഃ പ്രകാശം നാഭ്യുദൈക്ഷത. 40

പാശേന ബദ്ധഃ	വലയിലകപ്പെട്ട	സംയുക്തഃ	ബന്ധിക്കപ്പെട്ടവനായ
കിശോരഃ	മാൻകുട്ടി	സഃ	ആ ശ്രീരാമൻ,
മാതരം	തള്ളയോട്		
യഥാ ഇവ	എപ്രകാരമോ, അപ്രകാരം,	പ്രകാശം ന	അവക്ക് കണ്ണിലകപ്പെടാത്ത വിധത്തിലിരിപ്പാൻ
ധൎമ്മപാശേന	ധൎമ്മപാശത്താൽ	അഭ്യുദൈക്ഷത.	നിശ്ചയിച്ചു.

പദാതിനൌ ച യാനാൎഹാവദുഃഖാൎഹൌ സുഖോചിതൌ
ദൃഷ്ട്വാ സംചോദയാമാസ ശീഘ്രം യാഹീതി സാരഥിം. 41

യാനാൎഹൌ	വാഹനത്തിൽ മാത്രം സഞ്ചരിപ്പാൻ അൎഹന്മാരും	പദാതിനൌ ച	കാൽ നടയായിവന്നുകൊണ്ടിരിക്കുന്നവരും ആയ അവർ രണ്ടു പേരേയും
		ദൃഷ്ട്വാ,	കണ്ടിട്ട്,
അദുഃഖാൎഹൌ	ദുഃഖത്തിന്നു പാത്രമല്ലാത്തവരും	സാരഥിം	സാരഥിയോടായി
		"ശീഘ്രം	"വേഗത്തിൽ
		യാഹി"	പോവുക,"
സുഖോചിതൌ	സുഖത്തിന്നു മാത്രം അൎഹതയുള്ളവരും	ഇതി	എന്ന്
		സംചോദയാമാസ.	ആവശ്യപ്പെട്ടു.

ന ഹി തത് പുരുഷവ്യാഘ്രോ ദുഃഖജം ദൎശനം പിതുഃ
മാതുശ്ച സഹിതും ശക്തസ്തോത്രാൎദ്ദിത ഇവ ദ്വിപഃ. 42

പുരുഷവ്യാഘ്രഃ	പുരുഷോത്തമനായ അദ്ദേഹം	ദൎശനം	അനുഭവത്തെ,
		തോത്രാൎദ്ദിതഃ	കുന്തംകൊണ്ടു കുത്തപ്പെട്ട
പിതുഃ	പിതാവിന്റെയും	ദ്വിപഃ	ആന
മാതുഃ ച	മാതാവിന്റെയും	ഇവ	എന്ന പോലെ,
തത്	ആ	സഹിതും ഹി	ഒട്ടും സഹിപ്പാൻ
ദുഃഖജം	കഷ്ടംകൊണ്ടുണ്ടായ	ശക്തഃ ന.	ശക്തനായില്ല.

പ്രത്യഗാരമിവായാന്തീ വത്സലാ വത്സകാരണാത്
ബദ്ധവത്സാ യഥാ ധേനു രാമമാതാഽഭ്യധാവത. 43

വത്സലാ	പുത്രവാത്സല്യവതി	അഗാരം പ്രതി	തൊഴുത്തിന്നു നേരെ
രാമമാതാ,	ശ്രീരാമമാതാവ്, [യായ	ആയാന്തീ	ഓടുന്നത്
ബദ്ധവത്സാ	കെട്ടിയിട്ട പശുക്കുട്ടി	യഥാ ഇവ	എപ്രകാരമോ അപ്രകാരം
ധേനുഃ	പശു [യോടു കൂടിയ		
വത്സ-കാരണാത്	കുട്ടിക്കുവേണ്ടി	അഭ്യധാവത.	പിന്നാലെ ഓടിക്കൊണ്ടിരുന്നു.

തഥാ രുദന്തീം കൌസല്യാം രഥം തമനുധാവതീം
ക്രോശന്തീം രാമ രാമേതി ഹാ സീതേ ലക്ഷ്മണേതി ച. 44
രാമലക്ഷ്മണസീതാർത്ഥം സ്രവന്തീം വാരി നേത്രജം
അസകൃത് പ്രൈക്ഷത തദാ നൃത്യന്തീമിവ മാതരം. 45

മാതരം	മാതാവായ	'ലക്ഷ്മണ!'	'ലക്ഷ്മണ!'
കൌസല്യാം	കൌസല്യാദേവിയെ,	ഇതി	എന്നും
രാമലക്ഷ്മണ-സീതാർത്ഥം	ശ്രീരാമനേയും ലക്ഷ്മണനേയും സീതയേയും ചിന്തിച്ചുകൊണ്ട്,	ക്രോശന്തീം	ഉറക്കെ
		രുദന്തീം,	മുറയിടുന്നവളായും,
		തഥാ	മേൽവിവരിച്ചപ്രകാരം
നേത്രജം	കണ്ണിൽനിന്ന് പെരു	തം രഥം	ആ രഥത്തെ നോക്കി
വാരി	കണ്ണുനീർ [കിയ	നൃത്യന്തീം ഇവ	കാലിടറിവെച്ചുകൊണ്ട്
സ്രവന്തീം,	വാർത്തുകൊണ്ടിരിക്കുന്നവളായും,	അനുധാവതീം,	പിന്നിലോടിവരുന്നവ
'ഹാ രാമ! രാമ!'	'ഹാ രാമ! രാമ!'	തദാ	അപ്പോൾ [ളായും,
ഇതി	എന്നിങ്ങിനെയും	അസകൃത്	പലപ്രാവശ്യം
'സീതേ!' ച	'സീതേ!' എന്നും	പ്രൈക്ഷത.	കണ്ടു.

തിഷ്ഠേതി രാജാ ചുക്രോശ യാഹി യാഹീതി രാഘവഃ
സുമന്ത്രസ്യ ബഭൂവാത്മാ ചക്രയോരിവ ചാന്തരാ. 46

രാജാ ച	മഹാരാജാവാകട്ടെ	രാഘവഃ;	ശ്രീരാമൻ;
'തിഷ്ഠ'	'നിൽക്കുക'	സുമന്ത്രസ്യ	സുമന്ത്രരുടെ
ഇതി	എന്ന്	ആത്മാ	ചിത്തം
ചുക്രോശ;	നിലവിളിച്ചു;	ചക്രയോഃ	രണ്ടു ചക്രങ്ങളുടെ
'യാഹി,	'പോകട്ടെ	അന്തരാ ഇവ	ഇടയിൽപെട്ടതുപോ
യാഹി' ഇതി	പോകട്ടെ,' എന്നായി	ബഭൂവ.	ആയ്ത്തീർന്നു. [ലെ

നാശ്രൌഷമിതി രാജാനമുപാലബ്ധോഽപി വക്ഷ്യസി
ചിരം ദുഃഖസ്യ പാപിഷ്ഠമിതി രാമസ്തമബ്രവീത്. 47

“ ഉപാലബ്ധഃ	“ നിത്താതിരുന്നതിന്ന് കുററം കല്പിക്കപ്പെടുന്നു
അപി	എന്നുവരികിൽ,
ചിരം	താമസിക്കുന്നതുകൊണ്ട്
ദുഃഖസ്യ	ദുഃഖത്തിൻെറ
പാപിഷ്ഠം	അസഹ്യത വദ്ധിക്കും
ഇതി,	എന്നുള്ളതിനാൽ,
ന അശ്രൌഷം,	ഞാൻ കല്പനയെ കേട്ടാക്കാത്തതാണ്,
ഇതി	എന്ന്
രാജാനം	മഹാരാജാവിനോടു,
വക്ഷ്യസി,'	ഉണത്തിക്കാമല്ലോ, 'എന്ന്
രാമഃ	ശ്രീരാമൻ
തം	ആ സൂതനോടു
അബ്രവീത്.	അരുളിച്ചെയ്തു.

[“ന അശ്രൌഷം” ഞാൻ കേട്ടില്ല എന്നു രാജാവിനോടു പറയുക. അങ്ങിനെ കളവുപറയുന്നതെന്തിനാണെന്നാൽ 'ദുഃഖസ്യ ചിരം', ദുഃഖത്തിൻെറ വിളംബം, അതിദുഃസഹമാകുന്നു.ഗോ. രാ.

“ദുഃഖസ്യ പാപിഷ്ഠം ചിരം ഇതി ഹേതോഃ ശീഘ്രം ഗച്ഛ ഇതി രാമസ്തമബ്രവീത്” കാലതാമസം അതിയായ ദുഃഖത്തിന്നു ഹേതുവാകയാൽ വേഗം പോവുക എന്ന് ശ്രീരാമൻ പറഞ്ഞു. തിലകം.

“ ചിരകാലവിളംബനംകൊണ്ട് ദുഃഖത്തെ അധികമാക്കുന്നത് കളവുപറയുന്നതിനെക്കാൾ പാപിഷ്ഠമാണ്, ദോഷകരമാണ് ” സവ്വാത്ഥസാരം.

മേല്പറഞ്ഞ വ്യാഖ്യാനങ്ങളിലെല്ലാം ശ്രീരാമൻ സുമന്ത്രരോടു അസത്യംപറവാനായി പറയുന്നു എന്നുള്ളതുകൊണ്ട്, അത് ആദശ്പുരുഷനായ ശ്രീരാമന്ന് യോജിക്കുന്നതല്ലെന്നു കാണുക.

“ശ്രു” ധാതുവിന്ന് “അനുസരിക്കുക” എന്നത്ഥം സാധാരണയാണ്. ഭാഷയിലുംകൂടി, “ അവൻ പറഞ്ഞതു കേട്ടില്ല ” എന്നതിന്ന് ‘ അനുസരിച്ചില്ല ’ എന്ന അത്ഥം സ്പഷ്ടമാണല്ലൊ.]

രാമസ്യ സ വചഃ കുവ്വന്നനുജ്ഞാപ്യ ച തം ജനം
വ്രജതോഽപി ഹയാൻ ശീഘ്രം ചോദയാമാസ സാരഥിഃ. 48

സഃ	ആ
സാരഥിഃ	സാരഥി
രാമസ്യ	ശ്രീരാമൻെറ
വചഃ അപി	ഇഷ്ടപ്രകാരംതന്നെ
കുവ്വൻ,	ചെയ്യുന്നവനായി,
തം	ആ
ജനം ച	ആൾക്കൂട്ടത്തെയും
അനുജ്ഞാപ്യ,	വിലക്കിക്കൊണ്ട്,
വ്രജതഃ	പോയ്ക്കൊണ്ടിരുന്ന
ഹയാൻ	കുതിരകളെ
ശീഘ്രം,	വേഗത്തിൽ,
ചോദയാമാസ.	തെളിച്ചു

ന്യവത്തത ജനോ രാജ്ഞോ രാമം കൃത്വാ പ്രദക്ഷിണം
മനസാഽപ്യശ്രുവേഗൈശ്ച ന ന്യവത്തത മാനുഷം. 49

രാജ്ഞഃ	രാജാവിൻെറ
ജനഃ,	ആളുകൾ,
രാമം	ശ്രീരാമനെ
പ്രദക്ഷിണം കൃത്വാ,	പ്രദക്ഷിണംചെയ്തു,
ന്യവത്തത ;	അവിടെത്തന്നെനിന്നു;
മനസാ	അദ്ദേഹത്തിലുള്ള പ്രേമാതിശയത്താൽ
അശ്രുവേഗൈഃ	തെരുതെരെ വീഴുന്ന അശ്രുക്കൾകാരണം,
മാനുഷം അപി ച	മനുഷ്യപ്രയത്നംകൊണ്ടു ചെയ്യപ്പെടാവുന്നതിൽ (കണ്ണീർവാക്കുക എന്ന) ഇതൊന്നുമാത്രം
ന്യവത്തത ന.	നില്ക്കാതിരുന്നു.

[“ മാനുഷം ” (മനുഷ്യസമൂഹം) “ മനസാ അശ്രുവേഗൈഃ ച ” (മനസ്സുകൊണ്ടും അശ്രുക്കൾകൊണ്ടും മാത്രം) “ന ന്യവത്തത,” (പിൻതിരിഞ്ഞില്ല ; അശ്രുക്കൾ ഒഴുകിക്കൊണ്ടിരുന്നു : മനസ്സും പിന്നാലെ പൊയ്ക്കൊണ്ടിരുന്നു എന്നു സാരം.(ഗോ. രാ.)]

യമിച്ഛേത് പുനരായാന്തം നൈനം ദൂരമനുവ്രജേത്
ഇത്യമാത്യാ മഹാരാജമൂചുർദശരഥം വചഃ 50

അമാത്യാഃ	മന്ത്രിമാർ	ഇച്ഛേത്	ഇച്ഛിക്കുന്നുവോ,
ദശരഥം മഹാരാജം	ദശരഥമഹാരാജാവിനോടായി	ഏനം	അവനെ
		ദൂരം	വളരെ ദൂരം
ഊചുഃ;	ഉണർത്തിച്ചു;	അനുവ്രജേത് ന"	അനുഗമിക്കരുത്"
"യം	"യാതൊരുവനെ		
പുനഃ	വീണ്ടും	ഇതി	എന്നാണ്
ആയാന്തം	തിരിച്ചെത്തേണ്ടവനെന്ന്	വചഃ.	മൊഴി.

തേഷാം വചഃ സർവ്വഗുണോപപന്നം
പ്രസ്വിന്നഗാത്രഃ പ്രവിഷണ്ണരൂപഃ
നിശമ്യ രാജാ കൃപണഃ സഭാര്യോ
വ്യവസ്ഥിതസ്തം സുതമീക്ഷമാണഃ. 51

കൃപണഃ	എന്തു ചെയ്യേണമെന്നറിയാതിരുന്നവനായ	ഈക്ഷമാണഃ	നോക്കിക്കൊണ്ടുതന്നെ
രാജാ,	മഹാരാജാവ്,	പ്രസ്വിന്നഗാത്രഃ	വിയർത്തൊലിച്ച്
സർവ്വഗുണോപപന്നം	സകലനന്മകളും ഉണ്ടാകുന്നതിന്ന് ആവശ്യകമായ	പ്രവിഷണ്ണരൂപഃ	അതിയായ ദുഃഖം കൊണ്ടുള്ള വിവശതയെ പ്രദർശിപ്പിക്കുന്നവനായി
തേഷാം	അവരുടെ		
വചഃ	ആ വാക്കിനെ	സഭാര്യഃ	കൌസല്യാദേവിയോടുംകൂടി
നിശമ്യ,	കേട്ട്,		
തം	ആ	വ്യവസ്ഥിതഃ.	നിന്ന ദിക്കിൽ തന്നെ നിന്നുപോയി.
സുതം	പ്രിയപുത്രനെ		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ ചത്വാരിംശഃ സർഗ്ഗഃ = നാല്പതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 4055; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1700.

ഏകചത്വാരിംശഃ സർഗ്ഗഃ = നാല്പത്തൊന്നാംസർഗ്ഗം

[നഗരസംക്ഷോഭഃ = നഗരത്തിലുള്ള കുഴപ്പം].

തസ്മിംസ്തു പുരുഷവ്യാഘ്രേ വിനിര്യാതേ കൃതാഞ്ജലൌ
ആർത്തശബ്ദോ ഹി സംജജ്ഞേ സ്ത്രീണാമന്തഃപുരേ മഹാൻ. 1

തസ്മിൻ	ആ	മഹാൻ ഹി	പെരുതായ
പുരുഷവ്യാഘ്രേ	പുരുഷോത്തമൻ	ആർത്തശബ്ദഃ	ആർത്തസ്വരത്തിലുള്ള സംഭാഷണം
കൃതാഞ്ജലൌ	അഞ്ജലികൂപ്പിക്കൊണ്ട്		
വിനിര്യാതേ തു,	പ്രയാണംചെയ്ത സമയം,	അന്തഃപുരേ	അന്തഃപുരത്തിൽ
സ്ത്രീണാം	രാജ്ഞിമാരുടെ	സംജജ്ഞേ.	ഇപ്രകാരം ഉണ്ടായി.

അനാഥസ്യ ജനസ്യാസ്യ ദുൎബ്ബലസ്യ തപസ്വിനഃ
യോ ഗതിഃ ശരണം ചാസീത് സ നാഥഃ ക്വ നു ഗച്ഛതി. 2

"യഃ	"യാതൊരുവൻ
അനാഥസ്യ	അനാഥയായും
ദുൎബ്ബലസ്യ	ബലഹീനനായും
തപസ്വിനഃ,	പരിതപിക്കത്തക്കവനായും ഉള്ളവനും,
അസ്യ	ഈയുള്ള
ജനസ്യ,	ജനത്തിനു,
ശരണം	ആശ്രയവും
ഗതിഃ ച	ഗതിയുമായി
ആസീത്,	വൎത്തിച്ചിരുന്നുവോ,
സഃ	അപ്രകാരമുള്ള
നാഥഃ,	ലോകരക്ഷകൻ
ക്വ നു	എവിടേയ്ക്കോ
ഗച്ഛതി.	പോകയാണ്.

ന ക്രുധ്യത്യഭിശപ്തോഽപി ക്രോധനീയാനി വൎജ്ജയൻ
ക്രുദ്ധാൻ പ്രസാദയൻ സൎവ്വാൻ സമദുഃഖഃ ക്വചിദ് ഗതഃ 3
കൌസല്യായാം മഹാതേജാ യഥാ മാതരി വൎത്തതേ
തഥാ യോ വൎത്തതേഽസ്മാസു മഹാത്മാ ക്വ നു ഗച്ഛതി. 4

"യഃ	"യാതൊരുവൻ
ക്രോധനീയാനി	മററുള്ളവൎക്ക് അപരാധമായ്ത്തീരുന്നവയെ
വൎജ്ജയൻ,	തീരെ വൎജ്ജിച്ച്,
ക്രുദ്ധാൻ	കോപിച്ചവരായ
സൎവ്വാൻ	സൎവ്വരേയും
പ്രസാദയൻ,	സമാധാനപ്പെടുത്തുന്നവനായി,
അഭിശപ്തഃ അപി	ദൂഷ്യം പറയപ്പെട്ടവനെന്നാലും
ക്വചിത്	അല്പമെങ്കിലും
ക്രുധ്യതി ന,	കോപിക്കാതിരിക്കുന്നുവോ,
സമദുഃഖഃ	മറെറാരുത്തന്റെ ദുഃഖത്തെ, തനിക്കെന്നപോലെ, കൂടെയിരുന്ന് അനുഭവിക്കുന്നുവോ,
മാതരി	പെററമ്മയായ
കൌസല്യായാം	കൌസല്യാദേവിയിങ്കൽ
യഥാ	എപ്രകാരം
വൎത്തതേ,	നടന്നുവരുന്നുണ്ടോ,
തഥാ	അപ്രകാരംതന്നെ
അസ്മാസു	നമ്മുടെ സംഗതിയിലും
വൎത്തതേ,	നടക്കുന്നുവോ,
ഗതഃ	എല്ലാവരാലും അറിയപ്പെട്ട
മഹാതേജാഃ	മഹാതേജസ്വിയും
മഹാത്മാ	മഹാത്മാവായും ആയ അവൻ
ക്വ നു	എങ്ങോ
ഗച്ഛതി.	പോകുന്നു.

കൈകേയ്യാ ക്ലിശ്യമാനേന രാജ്ഞാ സംചോദിതോ വനം
പരിത്രാതാ ജനസ്യാസ്യ ജഗതഃ ക്വ നു ഗച്ഛതി. 5

"ജഗതഃ	"ജഗത്തിന്നും,
അസ്യ	ഈ
ജനസ്യ,	ജനസമൂഹത്തിന്നും,
പരിത്രാതാ	രക്ഷകനായ രാമൻ,
കൈകേയ്യാ	കൈകേയീദേവിയാൽ
ക്ലിശ്യമാനേന	ക്ലേശപ്പെടുത്തപ്പെട്ട
രാജ്ഞാ	മഹാരാജാവിനാൽ
വനം	വനവാസത്തിന്നായി
സംചോദിതഃ	നിയമിക്കപ്പെട്ടവനായി,
ക്വ നു ഗച്ഛതി.	എങ്ങോ പോകുന്നു.

അഹോ നിശ്ചേതനോ രാജാ ജീവലോകസ്യ സംപ്രിയം
ധൎമ്മ്യം സത്യവ്രതം രാമം വനവാസേ പ്രവത്സ്യതി. 6

"അഹോ!	"എന്തത്ഭുതം!	ധൎമ്മ്യം	ധൎമ്മനിഷ്ഠനും
രാജാ	മഹാരാജാവ്, [യി	സത്യവ്രതം	പറഞ്ഞവാക്കിളക്കാത്തവനും ആയ
നിശ്ചേതനഃ	സ്വബോധമററവനാ-		
ജീവലോകസ്യ	സൎവ്വജീവജാലത്തിന്നും	രാമം	ശ്രീരാമനെ
സംപ്രിയം	അത്യന്തപ്രീതിഭാജനവും	വനവാസേ	വനവാസത്തിന്നായി
		പ്രവത്സ്യതി."	പറഞ്ഞയക്കുന്നു."

ഇതി സൎവ്വാ മഹിഷ്യസ്താ വിവത്സാ ഇവ ധേനവഃ
രുരുദുശ്ചൈവ ദുഃഖാൎത്താഃ സസ്വരം ച വിചുക്രുശുഃ. 7

താഃ മഹിഷ്യഃ	ആ രാജ്ഞിമാർ	ദുഃഖാൎത്താഃ	പരിതപിക്കുന്നവരായി,
സൎവ്വാഃ ച,	എല്ലാവരും,	സസ്വരം	വാവിട്ട്,
വിവത്സാഃ	കുട്ടികളെ വിട്ടുപിരിഞ്ഞ	ഇതി ഏവ	മേൽപ്രകാരം
ധേനവഃ	പശുക്കൾ	വിചുക്രുശുഃ	മുറവിളികൂട്ടി
ഇവ,	എന്നപോലെ,	രുരുദുഃ ച.	വിലപിച്ചു.

സ തമന്തഃപുരേ ഘോരമാൎത്തശബ്ദം മഹീപതിഃ
പുത്രശോകാഭിസംതപ്തഃ ശ്രുത്വാ ചാസീത് സുദുഃഖിതഃ. 8

പുത്രശോകാഭി-സംതപ്തഃ	പുത്രശോകത്താലുരുകുന്നവനായ	ഘോരം	ഘോരമായ
		തം ആൎത്തശബ്ദം	ആ ആൎത്തനാദത്തെ
സഃ	ആ	ശ്രുത്വാ,	കേട്ട്,
മഹീപതിഃ ച	മഹാരാജാവും	സുദുഃഖിതഃ	അത്യന്തദുഃഖിതനായി
അന്തഃപുരേ	അന്തഃപുരത്തിൽ,	ആസീത്.	ഭവിച്ചു.

നാഗ്നിഹോത്രാണ്യഹൂയന്ത നാപചൻ ഗൃഹമേധിനഃ
അകുൎവ്വന്ന പ്രജാഃ കാൎയ്യം സൂൎയ്യശ്ചാന്തരധീയത. 9

അഗ്നി-ഹോത്രാണി	അഗ്നിഹോത്രം മുതലായ വൈദികകൃത്യങ്ങൾ	പ്രജാഃ	ജനങ്ങൾ
		കാൎയ്യം	അവരവർ ചെയ്യേണ്ടതായ കൃത്യങ്ങളെ
അഹൂയന്ത ന;	ചെയ്യപ്പെട്ടില്ല;		
ഗൃഹമേധിനഃ	ഗൃഹസ്ഥന്മാർ	അകുൎവ്വൻ ന;	ചെയ്കയുണ്ടായില്ല;
അപചൻ ന	തങ്ങടെ വീട്ടിൽ ആഹാരം പാകംചെയ്തില്ല;	സൂൎയ്യഃ ച	സൂൎയ്യഭഗവാനും
		അന്തരധീയത.	അന്തൎദ്ധാനം ചെയ്തു.

[തങ്ങടെ ദുഃഖംകൊണ്ടും അഗ്നി കെട്ടുപോയതുകൊണ്ടും ഹോമം ചെയ്യാതിരുന്നു. (ഗോ. രാ.) പകൽ ഇനിയും ബാക്കിയുണ്ടായിരുന്നിട്ടും ദുൎദ്ദിവസംപോലെ സൂൎയ്യൻ മറഞ്ഞു. (തിലകം).]

വ്യസൃജൻ കബലാന്നാഗാ ഗാവോ വത്സാന്ന പായയൻ
പുത്രം പ്രഥമജം ലബ്ധ്വാ ജനനീ നാഭ്യനന്ദത. 10

നാഗാഃ	സർപ്പങ്ങൾ	ജനനീ	പെററമാതാവും,
കബലാൻ	ഇരകളെ	പ്രഥമജം	സർവ്വോത്കൃഷ്ടനായ
വ്യസൃജൻ;	വിട്ടുകളഞ്ഞു; [കളെ	പുത്രം	സ്വപുത്രനെ
ഗാവഃ വത്സാൻ	പശുക്കൾ പശുക്കുട്ടി-	ലബ്ധ്വാ	കണ്ണുമ്പിൽ കണ്ടിട്ടും
പായയൻ ന;	കുടിപ്പിക്കാതിരുന്നു;	അഭ്യനന്ദത ന.	സന്തോഷിക്കാതിരുന്നു.

ത്രിശങ്കുർല്ലോഹിതാംഗശ്ച ബൃഹസ്പതിബുധാവപി
ദാരുണാഃ സോമമഭ്യേത്യ ഗ്രഹാഃ സർവ്വേ വ്യവസ്ഥിതാഃ. 11

ത്രിശങ്കുഃ	ത്രിശങ്കുനക്ഷത്രവും,	അഭ്യേത്യ	ബാധിച്ചുകൊണ്ട്
ലോഹിതാംഗഃ	ചൊവ്വയും,	സർവ്വേ ഗ്രഹാഃ	എല്ലാ ഗ്രഹങ്ങളും
ബൃഹസ്പതി- ബുധൌ ച }	വ്യാഴബുധന്മാരും,	ദാരുണാഃ	ലോകത്തിന്നു നാശത്തെ വിളയിക്കുന്നവ
സോമം അപി	ചന്ദ്രനേയും	വ്യവസ്ഥിതാഃ.	സ്ഥിതിചെയ്തു. [യായി

[എല്ലാ ഗ്രഹങ്ങളും ചന്ദ്രനോടുകൂടിച്ചേർന്നു എന്നു പറഞ്ഞത് അസാധാരണ ഗതികൊണ്ടോ വക്രഗതികൊണ്ടോ ആണെന്നു ചിലരുടെ പക്ഷം. 'അഭ്യേത്യ' എന്നത് ദൃഷ്ടിയും, യോഗവും രണ്ടിനേയും കുറിക്കുന്നു എന്നു, പക്ഷാന്തരം. 'ദാരുണാഃ' എന്നു പറഞ്ഞതുകൊണ്ടു, 6, 8, 12, എന്നിത്യാദിയായ ദുഃസ്ഥാനങ്ങളിൽ നില്ക്കുന്നവ എന്നും പറയുന്നു. "ത്രിശങ്കുഃ" ഇക്ഷ്വാകുകുലകൂടസ്ഥനായ നക്ഷത്രം എന്നു ഗോ. രാ. "ത്രിഷു ശങ്കുരിവ ശങ്കുഃ" ദ്വാദശാഷ്ടമജന്മസ്ഥാനങ്ങളിൽ മുള്ളുപോലെ പാപകരനായിനില്ക്കുന്ന ശനി എന്നു (സ) ഇങ്ങിനെ ത്രിശങ്കുവും ചന്ദ്രനുമായ് സമാഗമിക്കുകയില്ല എന്നതിനെ പരിഹരിക്കുന്നു.]

നക്ഷത്രാണി ഗതാർച്ചീംഷി ഗ്രഹാശ്ച ഗതതേജസഃ
വിശാഖാശ്ച സധൂമാശ്ച നഭസി പ്രചകാശിരേ. 12

നഭസി	ആകാശത്തിൽ	ഗതതേജസഃ	തേജസ്സററിരുന്നു;
നക്ഷത്രാണി	നക്ഷത്രങ്ങൾ	വിശാഖാഃ ച	വിശാഖനക്ഷത്രങ്ങളും
ഗതാർച്ചീംഷി;	പ്രകാശമില്ലാതിരുന്നു;	സധൂമാഃ ച	ധൂമകേതുക്കളോടുകൂടിയ
ഗ്രഹാഃ ച	ഗ്രഹങ്ങളും	പ്രചകാശിരേ.	കാണപ്പെട്ടു. [വയായി

[ഇക്ഷ്വാകുകുലനക്ഷത്രമായ വിശാഖം ധൂമഗ്രസ്തമാകയാൽ ചക്രവർത്തിക്കുള്ള ആപത്തിനെ സൂചിപ്പിക്കുന്നു. ഗോ. രാ. "വിശാഖാഃ" (മാർഗ്ഗത്തിൽനിന്നു തെററിയവയായി), എന്നു തിലകം.]

കാലികാനിലവേഗേന മഹോദധിരിവോദ്ധതഃ
രാമേ വനം പ്രവ്രജിതേ നഗരം പ്രചചാല തത്. 13

രാമേ വനം പ്രവ്രജിതേ, }	ശ്രീരാമൻ കാട്ടിലേക്ക് എഴുന്നെള്ളുമ്പോൾ,	മഹോദധിഃ	വൻകടൽ
തത് നഗരം,	ആ നഗരം,	ഉദ്ധതഃ ഇവ	ക്ഷോഭിച്ച് പൊങ്ങിക്കലങ്ങുന്നതുപോലെ
കാലികാനില- വേഗേന }	കാർമേഘങ്ങളോടുകൂടിയ കൊടുങ്കാററിനാൽ	പ്രചചാല.	ഇളകിമറിഞ്ഞു.

ദിശഃ പര്യാകുലാഃ സർവ്വാസ്തിമിരേണ സമാവൃതാഃ
ന ഗ്രഹോ നാപി നക്ഷത്രം പ്രചകാശേ ന കിംചന. 14

സർവ്വാഃ ദിശഃ	എല്ലാപ്രദേശങ്ങളും	ന;	പ്രകാശിച്ചില്ല;
തിമിരേണ	കൂരിരുൾകൊണ്ട്	നക്ഷത്രം	നക്ഷത്രം
സമാവൃതാഃ,	മൂടപ്പെട്ടവയായി,	ന;	പ്രകാശിച്ചില്ല;
പര്യാകുലാഃ;	കുഴഞ്ഞു;	കിംചന അപി	(സപ്തർഷികൾ മുതലായ) യാതൊന്നുംതന്നെ
ഗ്രഹഃ	നവഗ്രഹമൊന്നും	പ്രചകാശേ ന.	പ്രകാശിച്ചില്ല.

അകസ്മാന്നാഗരഃ സർവ്വോ ജനോ ദൈന്യമുപാഗമത്
ആഹാരേ ച വിഹാരേ ച ന കശ്ചിദകരോന്മനഃ. 15

നാഗരഃ	നഗരത്തിലുള്ള	കശ്ചിത്	ഒരുത്തനെങ്കിലും
ജനഃ	ജനം	ആഹാരേ ച	ഊണിലാവട്ടെ
സർവ്വഃ,	എല്ലാം,	വിഹാരേ ച	കൈകാലനക്കുന്നതിലും കൂടിയാവട്ടെ
അകസ്മാത്	ദൈവേച്ഛയാൽ പെ		
ദൈന്യം	ദീനതയെ [ട്ടെന്നു,	മനഃ അകരോത് ന.	മനസ്സിനെ ചെലുത്തിയതേയില്ല.
ഉപാഗമത്;	പ്രാപിച്ചു;		

ശോകപര്യായസംതപ്തഃ സതതം ദീർഘമുച്ഛ്വസൻ
അയോദ്ധ്യായാം ജനഃ സർവ്വഃ ശുശോച ജഗതീപതിം. 16

അയോദ്ധ്യായാം	അയോദ്ധ്യയിൽ	ഉച്ഛ്വസൻ	നിശ്വസിച്ചുകൊണ്ട്
സർവ്വഃ ജനഃ	സർവ്വജനവും	ജഗതീപതിം	ലോകനായകനെ ചിന്തിച്ച്,
ശോകപര്യായസംതപ്തഃ	ശോകാധിക്യത്താൽ ഉരുകി	സതതം	ഇടവിടാതെ
ദീർഘം	ദീർഘമായി	ശുശോച.	ദുഃഖിച്ചു.

ബാഷ്പപര്യാകുലമുഖോ രാജമാർഗ്ഗഗതോ ജനഃ
ന ഹൃഷ്ടോ ലക്ഷ്യതേ കശ്ചിത് സർവ്വഃ ശോകപരായണഃ
ന വാതി പവനഃ ശീതോ ന ശശീ സൌമ്യദർശനഃ. 17

രാജമാർഗ്ഗഗതഃ	രാജവീഥിയിലുണ്ടായിരുന്ന	കശ്ചിത്	ഒരുവനും
ജനഃ സർവ്വഃ,	ജനം എല്ലാം,	ലക്ഷ്യതേ ന;	കാണപ്പെടുന്നില്ല;
ബാഷ്പപര്യാകുലമുഖഃ	കണ്ണീർ കൊണ്ട് കലങ്ങിയ മുഖത്തോടുകൂടിയതായി,	പവനഃ	മാരുതൻ
		ശീതഃ	ശീതളമായി
ശോകപരായണഃ;	ശോകത്തിലാണ്ടിരിക്കയായി;	വാതി ന;	വീശുന്നില്ല;
		ശശീ	ചന്ദ്രനും
ഹൃഷ്ടഃ	മററുവല്ല കാരണത്താലും സന്തുഷ്ടനായി	സൌമ്യദർശനഃ ന.	കാണ്മാൻ കൌതുകപ്രദനല്ലാതിരുന്നു.

ന സൂൎയ്യസ്തപതേ ലോകം സൎവ്വം പൎയ്യാകുലം ജഗത്
അനൎത്ഥിനഃ സുതാഃ സ്ത്രീണാം ഭൎത്താരോ ഭ്രാതരസ്തഥാ
സൎവ്വേ സൎവ്വം പരിത്യജ്യ രാമമേവാന്വചിന്തയൻ. 18

സൂൎയ്യഃ	സൂൎയ്യൻ	സ്ത്രീണാം	(കൈകേയിയുടെ ദുഷ്ടതയെ ഓൎത്ത്) സ്ത്രീകളെക്കുറിച്ച്
ലോകം	ലോകത്തെ	അനൎത്ഥിനഃ;	അനൎത്ഥബുദ്ധികളാ
തപതേ ന;	പ്രകാശിപ്പിക്കുന്നില്ല;	സൎവ്വേ	സൎവ്വരും [യ്ത്തീൎന്നു;
ജഗത് സൎവ്വം	ലോകം മുഴുവനും	സൎവ്വം പരിത്യജ്യ	സൎവ്വത്തിനേയും മറന്ന്
പൎയ്യാകുലം;	കുഴപ്പം പൂണ്ടിരുന്നു;	രാമം ഏവ	ശ്രീരാമനെമാത്രം
സുതാഃ	പുത്രന്മാരായാലും	അന്വചിന്തയൻ.	സദാ ചിന്തിച്ചുകൊണ്ടിരുന്നു.
ഭ്രാതരഃ	സഹോദരന്മാരായാലും		
ഭൎത്താരഃ തഥാ	ഭൎത്താക്കന്മാരായാലും		

യേ തു രാമസ്യ സുഹൃദഃ സൎവ്വേ തേ മൂഢചേതസഃ
ശോകഭാരേണ ചാക്രാന്താഃ ശയനം ന ജഹുസ്തദാ. 19

രാമസ്യ	ശ്രീരാമന്റെ	ആക്രാന്താഃ,	ബാധിക്കപ്പെട്ടവരായി,
സുഹൃദഃ	ആപ്തമിത്രന്മാർ	മൂഢചേതസഃ,	മനസ്സുമുട്ടിയവരായി,
യേ തു	യാതൊരുവരോ	തദാ	ആ സമയം [നിന്ന്
തേ സൎവ്വേ	അവർ എല്ലാവരും	ശയനം	കിടന്ന കിടപ്പിൽ-
ശോകഭാരേണ	ശോകാധിക്യത്താൽ	ജഹുഃ ന ച.	എഴുന്നേററതേയില്ല.

തതസ്ത്വയോദ്ധ്യാ രഹിതാ മഹാത്മനാ
പുരന്ദരേണേവ മഹീ സപൎവ്വതാ
ചചാല ഘോരം ഭയശോകപീഡിതാ
സനാഗയോധാശ്വഗണാ നനാദ ച. 20

സപൎവ്വതാ	മണ്ഡപങ്ങളാന്തും	രഹിതാ	ത്യജിക്കപ്പെട്ടതായി,
സനാഗയോധാശ്വഗണാ ച	ആന, യോദ്ധാവ്, കുതിര എന്നവയുടെ കൂട്ടങ്ങളോട്ടുകൂടിയതും ആയ	തതഃ	തന്മൂലം,
അയോദ്ധ്യാ മഹീ തു,	അയോദ്ധ്യാനഗരം,	ഭയശോകപീഡിതാ	ആപത്തുകൊണ്ടും ദുഃഖംകൊണ്ടും പീഡിക്കപ്പെട്ടതായി
മഹാത്മനാ	മഹാത്മാവായ	ഘോരം	അതിഘോരമായി
ഇവ	സാക്ഷാൽ	നനാദ;	മുറവിളി കൂട്ടി;
പുരന്ദരേണ	മഹാവിഷ്ണുവിനാൽ	ചചാല.	തലകീഴായി മറിഞ്ഞു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഏകചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തൊന്നാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 4075; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1720.

ദ്വിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിരണ്ടാംസർഗ്ഗം.

[രാജ്ഞഃ കൌസല്യാഗൃഹപ്രവേശഃ = രാജാവ് കൌസല്യയുടെ ഗൃഹത്തിലേക്കു പോകുന്നതു്.]

യാവത്തു നിർയ്യതസ്തസ്യ രജോരൂപമദൃശ്യത
നൈവേക്ഷ്വാകുവരസ്താവത് സംജഹാരാത്മചക്ഷുഷീ 1
യാവദ്രാജാ പ്രിയം പുത്രം പശ്യത്യത്യന്തധാർമ്മികം
താവദ്വ്യവർദ്ധതേവാസ്യ ധരണ്യാം പുത്രദർശനേ. 2

ഇക്ഷ്വാകുവരഃ	ഇക്ഷ്വാകുവംശശ്രേഷ്ഠ
രാജാ,	മഹാരാജാവ്, [നായ
പ്രിയം	പ്രിയപ്പെട്ടവനും
അത്യന്ത-ധാർമ്മികം	അത്യന്തധർമ്മശാലിയും ആയ
പുത്രം ഇവ	പുത്രനെത്തന്നെ
യാവത്	ഏതുവരെ
പശ്യതി,	നോക്കിക്കൊണ്ടിരുന്നു
താവത്	അതുവരെയും, [വോ,
അസ്യ	ഇദ്ദേഹത്തിന്നു്
പുത്രദർശനേ	പുത്രനെ കാണുന്ന സംഗതിയിൽ
നിർയ്യതഃ	യാത്രപൊയ്ക്കൊണ്ടിരുന്നവനായ
തസ്യ	ആ ശ്രീരാമന്റെ
രജോരൂപം	രഥവേഗത്താലുണ്ടായ പൊടിപടലം
ധരണ്യാം	ഭൂമിയിൽ
വ്യവർദ്ധത ;	പൊങ്ങിക്കാണപ്പെട്ടു ;
യാവത് താവത്	എത്രത്തോളം അങ്ങിനെ
അദൃശ്യത	കാണപ്പെട്ടുവോ
താവത്	അത്രത്തോളം
ആത്മചക്ഷുഷീ	തന്റെ രണ്ടു നേത്രങ്ങളേയും
തു ഏവ സംജഹാര ന.	അദ്ദിക്കിൽനിന്നു അദ്ദേഹം തിരിച്ചതേ ഇല്ല.

ന പശ്യതി രജോഽപ്യസ്യ യദാ രാമസ്യ ഭൂമിപഃ
തദാഽഽർത്തശ്ച വിഷണ്ണശ്ച പപാത ധരണീതലേ. 3

ഭൂമിപഃ	മഹാരാജാവ്
അസ്യ	ഈ
രാമസ്യ	ശ്രീരാമന്റെ
രജഃ അപി	(രഥഗതികൊണ്ടുണ്ടായ) ധൂളിയുംകൂടി
യദാ	എപ്പോൾ
പശ്യതി ന,	കാണാതിരുന്നുവോ,
തദാ	അപ്പോൾ
ആർത്തഃ ച	അത്തൽപ്പെട്ടു്
വിഷണ്ണഃ ച	മനസ്സുമുട്ടിയവനായി
ധരണീതലേ	നിലത്തു്
പപാത.	പതിച്ചുപോയി.

തസ്യ ദക്ഷിണമന്വാഗാത് കൌസല്യാ ബാഹുമംഗനാ
വാമം ചാസ്യാന്വഗാത് പാർശ്വം കൈകേയീ ഭരതപ്രിയാ. 4

അംഗനാ	സ്ത്രീരത്നമായ
കൌസല്യാ	കൌസല്യാദേവി
തസ്യ	അദ്ദേഹത്തിന്റെ
ദക്ഷിണം	വലത്തെ
ബാഹും	കൈതൊട്ടു്
അന്വാഗാത് ;	പൊന്തിപ്പാൻ അടുത്തു;
ഭരതപ്രിയാ	ഭരതപ്രിയയായ
കൈകേയീ ച	കൈകേയിയും
അസ്യ	അദ്ദേഹത്തിന്റെ
വാമം	ഇടതു
പാർശ്വം	ഭാഗത്തിൽ
അന്വഗാത്.	നിന്നു.

താം നയേന ച സംപന്നോ ധൎമ്മേണ വിനയേന ച
ഉവാച രാജാ കൈകേയീം സമീക്ഷ്യ വ്യഥിതേന്ദ്രിയഃ. 5

നയേന	രാജനീതിയോടും
ധൎമ്മേണ	ധൎമ്മാനുഷ്ഠാനത്തോടും
വിനയേന ച	സദാചാരത്തോടും
സംപന്നഃ	കൂടിയവനും,
വ്യഥിതേന്ദ്രിയഃ ച	ഇന്ദ്രിയങ്ങൾ തളൎന്നിരുന്നവനും ആയ

രാജാ,	മഹാരാജാവ്,
താം	ആ
കൈകേയീം	കൈകേയീദേവിയെ
സമീക്ഷ്യ	നോക്കി
ഉവാച.	ഇങ്ങിനെ കല്പിച്ചരുളി.

കൈകേയി മാ മമാംഗാനി സ്പ്രാക്ഷീസ്ത്വാം ദുഷ്ടചാരിണീ
ന ഹി ത്വാം ദ്രഷ്ടുമിച്ഛാമി ന ഭാൎയ്യാ ന ച ബാന്ധവീ. 6

"കൈകേയി!	"കൈകേയി!
ദുഷ്ടചാരിണീ	പാപംചെയ്യാൻ തുനിഞ്ഞവളായ
ത്വം,	നീ,
ബാന്ധവീ ന ഹി	ബന്ധുവല്ലെന്നുള്ള കാരണത്താൽ
ഭാൎയ്യാ	ഭാൎയ്യയായി
ന;	ഇരിക്കേണ്ടതില്ല;

മമ	എന്റെ
അംഗാനി	അംഗങ്ങളെ
മാ സ്പ്രാക്ഷീഃ;	നീ തൊടേണ്ടതില്ല;
ത്വാം ദ്രഷ്ടും ച	നിന്നെ കണ്ണിന്നെതിരിൽ കാണ്മാൻകൂടി
ഇച്ഛാമി ന.	എനിക്കിഷ്ടമില്ല.

യേ ച ത്വാമനുജീവന്തി നാഹം തേഷാം ന തേ മമ
കേവലാൎത്ഥപരാം ഹി ത്വാം ത്യക്തധൎമ്മാം ത്യജാമ്യഹം. 7

"ത്വാം ച	"നിന്നേയും
യേ	യാതൊരുവൻ
അനുജീവന്തി	ദ്വേഷബുദ്ധിയില്ലാതെ നോക്കുന്നുവോ
തേഷാം	അവൎക്കുചേൎന്നവൻ
അഹം ന;	അല്ല ഞാൻ;
തേ	അവരും
മമ ന	എന്നെ ചേൎന്നവരല്ല.

കേവലാൎത്ഥപരാം	നിസ്സാരമായ അൎത്ഥം ഒന്നിനെമാത്രം ഇഷ്ടപ്പെട്ടവളായി
ത്യക്തധൎമ്മാം	ധൎമ്മത്തെ തീരെ ഉപേക്ഷിച്ചവളായി
ഹി	ഇരിക്കുന്നകാരണം,
ത്വാം	നിന്നെ
അഹം	ഞാൻ
ത്യജാമി.	ത്യജിച്ചിരിക്കുന്നു.

അഗ്രഹ്ണാം യച്ച തേ പാണിമഗ്നിം പൎയ്യണയം ച യത്
അനുജാനാമി തത്സൎവ്വമസ്മിൻ ലോകേ പരത്ര ച. 8

"അസ്മിൻ	"ഈ
ലോകേ	ലോകത്തിലും,
പരത്ര ച	പരലോകത്തിലല്ലെന്നാൽ ഇനിയുള്ള ജന്മത്തിലും,
തേ	നിന്റെ
പാണിം	പാണിഗ്രഹണം
അഗ്രഹ്ണാം	ഞാൻചെയ്തു
യത് ച,	എന്നതിനേയും

അഗ്നിം	അഗ്നിയെ
പൎയ്യണയം	പ്രദക്ഷിണം ചെയ്യിച്ച് പരിഗ്രഹിച്ചു
യത് ച	എന്നതിനേയും,
തത് സൎവ്വം	അതെല്ലാററിനേയും
അനുജാനാമി.	ഞാൻ ത്യജിക്കുന്നു.

ഭരതശ്ചേത് പ്രതീതഃ സ്യാദ്രാജ്യം പ്രാപ്യേദമവ്യയം
യന്മേ സ ദദ്യാത് പ്രീത്യർത്ഥം മാം മാ തദ്ദത്തമാഗമത്. 9

" പ്രതീതഃ	" സന്തോഷത്തോടുകൂടി	മേ	എന്റെ
ഭരതഃ,	ഭരതൻ, [യവനായി	പ്രീത്യർത്ഥം	ഹിതത്തിന്നായി
ഇദം രാജ്യം	ഈ രാജ്യത്തെ	യത്	യാതൊരു ചരമകൃത്യ
അവ്യയം	അമോഘഫലപ്രദമായ്	ദദ്യാത്,	ചെയ്യുമാറാവോ, [ത്തെ
പ്രാപ്യ }	പ്രാപിച്ച് കയ്യേല്ക്കുന്നു	തത് ദത്തം	അങ്ങിനെ ചെയ്തത്
സ്യാത് ചേത് }	വെങ്കിൽ,	മാം	എന്നെ
സഃ	അവൻ	മാ ആഗമത്."	പ്രാപിക്കാതിരിക്കട്ടെ."

[" ഭരതൻ, നിന്നാൽ നൽകപ്പെട്ട രാജ്യത്തെപ്രാപിച്ച്, (പ്രതീതഃ സ്യാത്) വിവേകയുക്തനായിരുന്നാൽ, (അതദ്ദത്തം) എന്നാൽ പ്രീതിപൂർവ്വം നൽകപ്പെടാത്ത ആ രാജ്യത്തെ, (മേ പ്രീത്യർത്ഥം ദദ്യാത് ചേത്) എന്റെ പ്രീതിക്കായി കയ്യേല്ക്കാതിരിക്കുന്നപക്ഷംമാത്രം, (മാം പ്രീത്യാ ആഗമത്) എനിക്ക് പ്രീതിപാത്രമായി ഭവിക്കുന്നതാകുന്നു. അല്ലെന്നാൽ അവനാൽ ദത്തമായ യാതൊന്നും എന്നെ തൃപ്തിപ്പെടുത്തുകയില്ല. (കതകം).]

അഥ രേണുസമുദ്ധ്വസ്തം തമുത്ഥാപ്യ നരാധിപം
ന്യവർത്തത തദാ ദേവീ കൌസല്യാ ശോകകർശിതാ. 10

തദാ	ആ സമയം	തം നരാധിപം	ആ അരചനെ
ശോകകർശിതാ	ശോകാക്രാന്തയായ	ഉത്ഥാപ്യ അഥ	താങ്ങിയെഴുന്നേല്പിച്ച
കൌസല്യാദേവീ	കൌസല്യാദേവി,		ശേഷം,
രേണു- }	പൊടിപുരണ്ടുകിടന്നി	ന്യവർത്തത.	ഒന്നുംപറയാതെ അടു
സമുദ്ധ്വസ്തം }	രുന്ന		ത്തുനിന്നുകൊണ്ടിരുന്നു.

ഹത്വേവ ബ്രാഹ്മണം കാമാത് സ്പൃഷ്ട്വാഽഗ്നിമിവ പാണിനാ
അന്വതപ്യത ധർമ്മാത്മാ പുത്രം സംചിന്ത്യ താപസം. 11

ധർമ്മാത്മാ	ആ പുണ്യാത്മാവ്	ബ്രാഹ്മണം	പരതത്വത്തെ
കാമാത്,	ലോകവ്യാപാരങ്ങളിലു	ഹത്വാ ഇവ	കൈ വെടിഞ്ഞപോ
	ള്ള അഭിനിവേശംമൂലം,		ലെയായി,
അഗ്നിം	തീയ്യിനെ	താപസം	താപസവേഷം കയ്ക്കൊ
പാണിനാ	കൈകൊണ്ട്	പുത്രം	പുത്രനെ [ണ്ടവനായ
സ്പൃഷ്ട്വാ }	തൊട്ടവനെന്നപോലെ	സംചിന്ത്യ	ഓർത്ത്
ഇവ, }	യായി,	അന്വതപ്യത.	അനുതപിച്ചു.

[‘ബ്രാഹ്മണം ഹത്വാ ഇവ’ ബ്രഹ്മഹത്തിചെയ്തവനെന്നപോലെ, എന്നും.]

നിവൃത്ത്യൈവ നിവൃത്ത്യൈവ സീദതോ രഥവർത്മസു
രാജ്ഞോ നാതിബഭൗ രൂപം ഗ്രസ്തസ്യാംശുമതോ യഥാ. 12

രഥവർത്മസു	രഥംപോയ മാർഗ്ഗങ്ങ	രാജ്ഞഃ രൂപം	രാജാവിന്റെ ദേഹം
	ളിൽ	ഗ്രസ്തസ്യ	രാഹുഗ്രസ്തനായ
നിവൃത്ത്യ ഏവ }	തിരിഞ്ഞു തിരിഞ്ഞു	അംശുമതഃ }	സൂര്യന്റേതെന്ന
നിവൃത്ത്യ ഏവ }	നോക്കിക്കൊണ്ട്,	യഥാ }	പോലെ
സീദതഃ	ദുഃഖിക്കുന്നവനായ	അതിബഭൗ ന.	ശോഭിച്ചതേയില്ല.

വിലലാപ ച ദുഃഖാൎത്തഃ പ്രിയം പുത്രമനുസ്മരൻ
നഗരാന്തമനുപ്രാപ്തം ബുദ്ധ്വാ പുത്രമഥാബ്രവീത്. 13

പ്രിയം	തനിക്ക് പ്രിയമായി നടന്നുവന്നിരുന്ന	പുത്രം	പുത്രനെ
പുത്രം	പുത്രനെ	നഗരാന്തം	നഗരത്തിന്റെ അതിൎത്തി
അനുസ്മരൻ,	ചിന്തിച്ചുചിന്തിച്ച്,	അനുപ്രാപ്തം	കടന്നവനായി
ദുഃഖാൎത്തഃ	ദുഃഖത്തെ ഒതുക്കുവാൻ കഴിയാത്തവനായി	ബുദ്ധ്വാ	മനസ്സിലോൎത്ത്,
		അഥ ച	ഇപ്രകാരം
വിലലാപ;	വിലപിച്ചു;	അബ്രവീത്.	അരുളിച്ചെയ്തു.

വാഹനാനാം ച മുഖ്യാനാം വഹതാം തം മമാത്മജം
പദാനി പഥി ദൃശ്യന്തേ സ മഹാത്മാ ന ദൃശ്യതേ. 14

"മമ	"എന്റെ	പദാനി	കുളമ്പടികൾ
തം	ആ	പഥി	വഴിയിൽ
ആത്മജം,	പ്രിയപുത്രനെ,	ദൃശ്യന്തേ;	കാണപ്പെടുന്നുണ്ട്;
വഹതാം	വഹിച്ചുകൊണ്ടുപോയ	സഃ	ആ
മുഖ്യാനാം	ശ്രേഷ്ഠങ്ങളായ	മഹാത്മാ ച	മഹാത്മാവാകട്ടെ
വാഹനാനാം	കുതിരകളുടെ	ദൃശ്യതേ ന.	കാണപ്പെടുന്നില്ല.

യഃ സുഖേഷൂപധാനേഷു ശേതേ ചന്ദനരൂഷിതഃ
വീജ്യമാനോ മഹാൎഹാഭിഃ സ്ത്രീഭിൎമ്മമ സുതോത്തമഃ 15
സ നൂനം ക്വചിദേവാദ്യ വൃക്ഷമൂലമുപാശ്രിതഃ
കാഷ്ഠം വാ യദി വാഽശ്മാനമുപധായ ശയിഷ്യതേ. 16

"മമ	"എന്റെ	ശേതേ,	ശയിച്ചിരുന്നുവോ,
സുതോത്തമഃ,	ഉത്തമപുത്രനായി,	സഃ ഏവ	അവൻ തന്നെ,
ചന്ദനരൂഷിതഃ,	കളഭക്കൂട്ടണിഞ്ഞവനായി,	അദ്യ നൂനം	ഇതു മുതൽക്ക്
		ക്വചിത്	വല്ലതുമൊരു
മഹാൎഹാഭിഃ	ഉത്തമകളായ	വൃക്ഷമൂലം	വൃക്ഷമൂലത്തെ
സ്ത്രീഭിഃ	സ്ത്രീകളാൽ	ഉപാശ്രിതഃ,	പ്രാപിച്ചവനായി,
വീജ്യമാനഃ	ചാമരങ്ങൾ കൊണ്ട് വീശപ്പെട്ടവനായി,	കാഷ്ഠം വാ	വല്ലമുട്ടിയോ
		യദി വാ	അല്ലെന്നാൽ
സുഖേഷു ഉപധാനേഷു	മൃദുമെത്തകളിൽ	അശ്മാനം	കല്ലോ
		ഉപധായ	തലയണയായി വെച്ച്
യഃ	യാതൊരുവൻ	ശയിഷ്യതേ.	ഉറങ്ങുന്നതായിരിക്കും.

ഉത്ഥാസ്യതി ച മേദിന്യാഃ കൃപണഃ പാംസുകുണ്ഠിതഃ
വിനിശ്വസൻ പ്രസ്രവണാത് കരേണൂനാമിവർഷഭഃ. 17

"കൃപണഃ	"കഷ്ടദശയിലിരിക്കുന്ന അവൻ	പ്രസ്രവണാത്	മലഞ്ചോലകളിൽ നിന്നു
മേദിന്യാഃ	വെറും നിലത്തിലുള്ള	കരേണൂനാം ഋഷഭഃ	പിടിയാനകളുടെ കൊമ്പൻ
പാംസുകുണ്ഠിതഃ ച,	പൊടിപുരണ്ടവനായി,	ഇവ	എന്നപോലെ
വിനിശ്വസൻ	ദീർഘമായി നിശ്വസിച്ചുകൊണ്ട്,	ഉത്ഥാസ്യതി.	ഉറക്കമുണരുമാറാകും.

ദ്രക്ഷ്യന്തി നൂനം പുരുഷാ ദീർഘബാഹും വനേചരാഃ
രാമമുത്ഥായ ഗച്ഛന്തം ലോകനാഥമനാഥവത്. 18

"അനാഥവത്	"സ്വപിതാവിനാൽ ഉപേക്ഷിക്കപ്പെട്ട്,	രാമം	ശ്രീരാമനെ
ഉത്ഥായ	പുറപ്പെട്ട്	വനേചരാഃ	വനത്തിൽ വസിക്കുന്നവരായ
ഗച്ഛന്തം	പോകുന്നവനും,	പുരുഷാഃ	പുണ്യവാന്മാർ
ദീർഘബാഹും	ആജാനുബാഹുവും	നൂനം	ഇനി
ലോകനാഥം	ലോകനാഥനുമായ	ദ്രക്ഷ്യന്തി.	കണ്ടാനന്ദിക്കും.

സാ നൂനം ജനകസ്യേഷ്ടാ സുതാ സുഖസദോചിതാ
കണ്ടകാക്രമണക്ലാന്താ വനമദ്യ ഗമിഷ്യതി. 19

"ജനകസ്യ ഇഷ്ടാ സുതാ	"ജനകമഹാരാജാവിൻെറ പ്രിയസുതയും	അദ്യ നൂനം	ഇതുമുതല്ക്കു
സുഖസദോചിതാ	എന്നും സുഖത്തിന്നുമാത്രം പാത്രീഭവിക്കേണ്ടവളും ആയ	വനം	കാട്ടിൽ
സാ,	അവൾ,	കണ്ടകാക്രമണക്ലാന്താ	മുള്ളുകൾതറച്ച് വേദനപ്പെട്ടുന്നവളായി
		ഗമിഷ്യതി.	കഴിച്ചുകൂട്ടേണ്ടിവരുമല്ലോ.

അനഭിജ്ഞാ വനാനാം സാ നൂനം ഭയമുപൈഷ്യതി
ശ്വാപദാനർദ്ദിതം ശ്രുത്വാ ഗംഭീരം രോമഹർഷണം. 20

"വനാനാം	"വനങ്ങളെക്കുറിച്ച്	ശ്രുത്വാ,	കേട്ട്,
അനഭിജ്ഞാ	പരിചയമില്ലാത്ത	രോമഹർഷണം	രോമാഞ്ചമുണ്ടാകുന്ന
സാ,	അവൾ,	ഭയം	ഭീതിയെ
ഗംഭീരം	ഘോരമായ	നൂനം	ഇനി
ശ്വാപദാനർദ്ദിതം	കാട്ടുമൃഗങ്ങളുടെ ശബ്ദത്തെ	ഉപൈഷ്യതി.	പ്രാപിക്കേണ്ടിവരുമല്ലോ.

സകാമാ ഭവ കൈകേയി വിധവാ രാജ്യമാവസ
ന ഹി തം പുരുഷവ്യാഘ്രം വിനാ ജീവിതുമുത്സഹേ. 21

"കൈകേയി!	"കൈകേയി!
തം	ആ
പുരുഷവ്യാഘ്രം	പുരുഷോത്തമനെ
വിനാ,	വെടിഞ്ഞ്,
ജീവിതും	ജീവിച്ചിരിപ്പാൻ
ഉത്സഹേ ന;	ഞാൻ ഉദ്യമിക്കുന്നില്ല;
ഹി,	ആകയാൽ,
വിധവാ	വിധവയായി
രാജ്യം	രാജ്യത്തിൽ
ആവസ;	നീ വാണുകൊൾക;
സകാമാ	അഭീഷ്ടം സാധിച്ചവളായി
ഭവ."	നീ വൎത്തിച്ചുകൊൾക."

ഇത്യേവം വിലപൻ രാജാ ജനൌഘേനാഭിസംവൃതഃ
അപസ്നാത ഇവാരിഷ്ടം പ്രവിവേശ ഗൃഹോത്തമം. 22

ജനൌഘേന	ജനതതിയാൽ
അഭിസംവൃതഃ	ചൂഴപ്പെട്ട
രാജാ	മഹാരാജാവ്,
ഇതി ഏവം	ഇപ്രകാരമെല്ലാം
വിലപൻ,	പ്രലപിക്കുന്നവനായി,
അരിഷ്ടം	കാണ്മാൻ കൊള്ളാതെ അമംഗളകരമായിരുന്ന
ഗൃഹോത്തമം	അരമനയിലേക്ക്,
അപസ്നാതഃ ഇവ	പുലകുളിച്ചവൻ എന്നപോലെ
പ്രവിവേശ.	മടങ്ങി.

ശൂന്യചത്വരവേശ്മാന്താം സംവൃതാപണദേവതാം
ക്ലാന്തദുൎബ്ബലദുഃഖാൎത്താം നാത്യാകീൎണ്ണമഹാപഥാം 23
താമവേക്ഷ്യ പുരീം സൎവ്വാം രാമമേവാനുചിന്തയൻ
വിലപൻ പ്രാവിശദ്രാജാ ഗൃഹം സൂൎയ്യ ഇവാംബുദം 24
മഹാഹ്രദമിവാക്ഷോഭ്യം സുപൎണ്ണേന ഹൃതോരഗം
രാമേണ രഹിതം വേശ്മ വൈദേഹ്യാ ലക്ഷ്മണേന ച. 25

രാജാ,	മഹാരാജാവ്,
താം	ആ
പുരീം	പട്ടണം
സൎവ്വാം	മുഴുവനും,
ശൂന്യചത്വരവേശ്മാന്താം	ചത്വരങ്ങളിലുള്ള ഭവനദ്വാരങ്ങളെല്ലാം ആളില്ലാതെ ശൂന്യമായിരിക്കുന്നതായും
സംവൃതാപണദേവതാം	അങ്ങാടികളും അമ്പലങ്ങളും ഇരുണ്ട് കിടക്കുന്നതായും
നാത്യാകീൎണ്ണമഹാപഥാം	രാജവീഥികൾ അങ്ങിങ്ങുമാത്രം ചിലരോടു കൂടിയതായും
ക്ലാന്തദുൎബ്ബലദുഃഖാൎത്താം	ദുഃഖത്താൽ തളൎന്ന് ഒന്നിനും വയ്യാതിരിക്കുന്നവരോടുകൂടിയതായും
അവേക്ഷ്യ,	കണ്ട്
രാമം ഏവ	ശ്രീരാമൻ ഒരുവനെ മാത്രം
അനുചിന്തയൻ,	ചിന്തിക്കുന്നവനായി,
വിലപൻ,	കണ്ണീർവാൎത്തു വിലപിക്കുന്നവനായി,
സുപൎണ്ണേന	ഗരുഡനാൽ
ഹൃതോരഗം	സൎപ്പങ്ങളില്ലാതാക്കപ്പെട്ട
അക്ഷോഭ്യം	അഗാധമായ
മഹാഹ്രദം ഇവ	വൻതടാകത്തെ എന്നപോലെ
രാമേണ	ശ്രീരാമനോടും
വൈദേഹ്യാ	വൈദേഹിയോടും
ലക്ഷ്മണേന ച	ലക്ഷ്മണനോടും
രഹിതം	കൂടാതിരിക്കുന്നതായ
വേശ്മ ഗൃഹം,	അരമനമന്ദിരത്തിൽ,
സൂൎയ്യഃ	സൂൎയ്യൻ
അംബുദം ഇവ	കാൎമ്മേഘത്തിൽ എന്നപോലെ
പ്രാവിശത്.	പ്രവേശിച്ചു. [വിധം

അഥ ഗദ്ഗദശബ്ദസ്തു വിലപൻ മനുജാധിപഃ
ഉവാച മൃദു മന്ദാൎത്ഥം വചനം ദീനമസ്വരം. 26

അഥ	അതിൽപിന്നെ
മനുജാധിപഃ,	മഹാരാജാവ്,
വിലപൻ തു	വിലപിച്ചുകൊണ്ടിരിക്കുന്നവനായ്ത്തന്നെ
ഗദ്ഗദശബ്ദഃ	അസ്പഷ്ടമായി,
മൃദു	വയ്യായ്മയെ കാണിക്കുന്നതും

ദീനം	മനോവേദനയെ വെളിപ്പെടുത്തുന്നതും
മന്ദാൎത്ഥം	ജീവിതത്തിലുള്ള നിരാശയെ കാണിക്കുന്ന
വചനം	വാക്യത്തെ [ത്തും ആയ
അസ്വരം	പതുക്കെ
ഉവാച.	അരുളിച്ചെയ്തു.

കൌസല്യായാ ഗൃഹം ശീഘ്രം രാമമാതുൎന്നയന്തു മാം
ന ഹ്യന്യത്ര മമാശ്വാസോ ഹൃദയസ്യ ഭവിഷ്യതി. 27

“ രാമമാതുഃ	“ ശ്രീരാമമാതാവായ
കൌസല്യായാഃ	കൌസല്യയുടെ
ഗൃഹം	മന്ദിരത്തിൽ
മാം	എന്നെ
ശീഘ്രം	ഉടനെ
നയന്തു;	കൊണ്ടുപോയാക്കട്ടെ;
ഹി	എന്തെന്നാൽ

മമ	എന്റെ
ഹൃദയസ്യ	ചിത്തത്തിന്ന്
അന്യത്ര	മറെറാരേടിക്കിലും
ആശ്വാസഃ	ദുഃഖത്തിന്ന് അല്പമെങ്കിലും ആശ്വാസമെന്നുള്ളത്
ഭവിഷ്യതി ന.”	ഉണ്ടാകയില്ല.”

ഇതി ബ്രുവന്തം രാജാനമനയൻ ദ്വാരദൎശിനഃ
കൌസല്യായാ ഗൃഹം തത്ര ന്യവേശ്യത വിനീതവത്. 28

ഇതി	ഇപ്രകാരം
ബ്രുവന്തം	ഉരചെയ്യുന്ന
രാജാനം,	മഹാരാജാവിനെ,
ദ്വാരദൎശിനഃ,	ദ്വാരപാലകന്മാർ,
കൌസല്യായാഃ	കൌസല്യയുടെ

ഗൃഹം	അരമനയിലേക്ക്
അനയൻ;	എടുത്തുകൊണ്ടുപോയി;
തത്ര	അവിടെ
വിനീതവത്	ആജ്ഞയെ പ്രീതിയോടെ ചെയ്യുന്നവരായി
ന്യവേശ്യത.	കിടത്തപ്പെട്ടു.

തതസ്തസ്യ പ്രവിഷ്ടസ്യ കൌസല്യായാ നിവേശനം
അധിരുഹ്യാപി ശയനം ബഭൂവ ലുലിതം മനഃ. 29

കൌസല്യായാഃ	കൌസല്യാദേവിയുടെ
നിവേശനം	മന്ദിരത്തിൽ
പ്രവിഷ്ടസ്യ,	പ്രവേശിച്ചവനായി,
ശയനം	മഞ്ചത്തിൽ
അധിരുഹ്യതതഃ,	ശയിച്ചിരുന്നവനായിട്ടും,

തസ്യ	അദ്ദേഹത്തിന്റെ
മനഃ	ചിത്തം
ലുലിതം അപി	പുണ്ണാക്കപ്പെട്ടതായ്ത്തന്നെ
ബഭൂവ.	വൎത്തിച്ചു.

പുത്രദ്വയവിഹീനം ച സ്നുഷയാപി വിവൎജ്ജിതം
അപശ്യദ്ഭവനം രാജാ നഷ്ടചന്ദ്രമിവാംബരം. 30

രാജാ	മഹാരാജാവ്	ഭവനം,	മന്ദിരത്തെ,
പുത്രദ്വയ-വിഹീനം	രണ്ടുപുത്രന്മാരുമില്ലാതിരിക്കുന്നതും	നഷ്ടചന്ദ്രം	ചന്ദ്രനില്ലാത്ത
സ്നുഷയാ ച	മരുമകളാലും	അംബരം	ആകാശം
വിവൎജ്ജിതം അപി	വെടിയപ്പെട്ടതും ആയ	ഇവ	എന്നപോലെ
		അപശ്യത്.	കണ്ടു ദുഃഖിച്ചു.

തച്ച ദൃഷ്ട്വാ മഹാരാജോ ഭുജമുദ്യമ്യ വീൎയ്യവാൻ
ഉച്ചൈഃസ്വരേണ ചുക്രോശ ഹാ രാഘവ ജഹാസി മാം 31
സുഖിതാ ബത തം കാലം ജീവിഷ്യന്തി നരോത്തമാഃ
പരിഷ്വജന്തോ യേ രാമം ദ്രക്ഷ്യന്തി പുനരാഗതം. 32

വീൎയ്യവാൻ	ധൈൎയ്യശാലിയായ	ബത!	ഞാനെന്തുപാപം ചെയ്തു!
മഹാരാജഃ	മഹാരാജാവ്	പുനഃ	വീണ്ടും
തത്	അതിനെ	ആഗതം	തിരിച്ചെത്തിയവനായ
ദൃഷ്ട്വാ ച	ചിന്തിച്ചുതന്നെ	രാമം	ശ്രീരാമനെ
ഭുജം	കൈ	പരിഷ്വജന്തഃ	ചൂഴ്ന്നുകൊണ്ട്,
ഉദ്യമ്യ	പൊന്തിച്ചുകൊണ്ട്	തം	ആ
ഉച്ചൈഃ-സ്വരേണ	ഉച്ചസ്വരത്തിൽ	കാലം	കാലംവരെക്കും
		യേ	ആർ
ചുക്രോശ;	ഇങ്ങിനെ വിലപിച്ചു;	ജീവിഷ്യന്തി	ജീവിച്ചിരിക്കുമോ,
"ഹാ!	"അയ്യോ!	ദ്രക്ഷ്യന്തി	കണ്ടാനന്ദിക്കുമോ, അപ്രകാരമുള്ളവർതന്നെ
രാഘവ!	ശ്രീരാമ!		
മാം	എന്നെ	നരോത്തമാഃ;	പുരുഷശ്രേഷ്ഠന്മാർ;
ജഹാസി!	നീ വെടിയുന്നുവല്ലൊ!	സുഖിതാഃ."	അഭീഷ്ടംസാധിച്ചവർ."

അഥ രാത്ര്യാം പ്രപന്നായാം കാളരാത്ര്യാമിവാത്മനഃ
അൎദ്ധരാത്രേ ദശരഥഃ കൌസല്യാമിദമബ്രവീത്. 33

അഥ	അതിൽപിന്നെ	പ്രപന്നായാം	അസഹ്യമായ ദുഃഖത്തെ വിളയിക്കുന്നതായ
ദശരഥഃ	ദശരഥമഹാരാജാവ്,	രാത്ര്യാം	ആ രാത്രിയിൽ,
ആത്മനഃ	തന്റെ	അൎദ്ധരാത്രേ	പാതിരസമയത്തിൽ
കാളരാത്ര്യാം	ആപ്തബന്ധുവിനെ ദഹിപ്പിച്ചരാത്രിയിൽ	കൌസല്യാം	കൌസല്യാദേവിയോടായി
		ഇദം	ഇപ്രകാരം
ഇവ,	എന്നപോലെ,	അബ്രവീത്.	അരുളിച്ചെയ്തു.

രാമം മേऽനുഗതാ ദൃഷ്ടിരദ്യാപി ന നിവൎത്തതേ
ന ത്വാ പശ്യാമി കൌസല്യേ സാധു മാം പാണിനാ സ്പൃശ 34

മേ ദൃഷ്ടിഃ അപി	"ഇന്ദ്രിയങ്ങളെക്കൊണ്ട് ഗ്രഹിപ്പാനുള്ളതായ എന്റെ ശക്തി മുഴുവനും	കൌസല്യേ	കൌസല്യേ
		ത്വാ	നിന്നെ
		പശ്യാമി ന ;	ഞാൻ കണ്ണുകൊണ്ട് കാണുന്നില്ല ;
രാമം അനുഗതാ ;	ശ്രീരാമന്റെ കൂടെപോയിരിക്കുന്നു ;	മാം	എന്നെ
		സാധു	മെല്ലെയൊന്ന്
അദ്യ	ഇനിയും	പാണിനാ	കരത്താൽ
നിവൎത്തതേ ന ;	തിരിച്ചെത്തുന്നില്ല ;	സ്പൃശ."	തടലാടിയാലും."

[‘എന്റെ സൎവ്വേന്ദ്രിയങ്ങളും പരപുരുഷനായ ശ്രീരാമങ്കൽ ലയിച്ചിരിക്കുന്നു.’ എന്നു വ്യംഗ്യം.]

തം രാമമേവാനുവിചിന്തയന്തം
സമീക്ഷ്യ ദേവീ ശയനേ നരേന്ദ്രം
ഉപോപവിശ്യാധികമാൎത്തരൂപാ
വിനിശ്വസന്തീ വിലലാപ കൃച്ഛ്രം. 35

ദേവി,	കൌസല്യാദേവി	സമീക്ഷ്യ,	കണ്ട്
തം നരേന്ദ്രം	ആ പുരുഷോത്തമനായ	ശയനേ	മഞ്ചത്തിൽ
രാമം ഏവ	ശ്രീരാമനെത്തന്നെ	ഉപോപവിശ്യ	അടുത്തിരുന്ന്,
അനുവിചിന്തയന്തം,	സദാ ചിന്തിച്ചുകൊണ്ടിരിക്കുന്നവനായി,	അധികം	മുമ്പിലും അധികമായി
		ആൎത്തരൂപാ	ആൎത്തിപൂണ്ടവളായി
കൃച്ഛ്രം	അസഹ്യമായ ദൈന്യതയിൽ വൎത്തിക്കുന്നവനായി	വിനിശ്വസന്തീ	നിശ്വസിച്ചുകൊണ്ട്,
		വിലലാപ.	വിലപിച്ചു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ദ്വിചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിരണ്ടാംസൎഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 4110 ; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1755.

ത്രിചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിമൂന്നാംസൎഗ്ഗം.

[കൌസല്യാവിലാപഃ = കൌസല്യാദേവിയുടെ വിലാപം.]

തതഃ സമീക്ഷ്യ ശയനേ സന്നം ശോകേന പാൎത്ഥിവം
കൌസല്യാ പുത്രശോകാൎത്താ തമുവാച മഹീപതിം. 1

പുത്രശോകാൎത്താ	പുത്രശോകത്താൽ മാഴ്കിയവളായ	സന്നം	കൈകാലുകൾ ഇളകാതെ കിടന്നിരുന്ന
		തം	ആ
കൌസല്യാ,	കൌസല്യാദേവി,	പാൎത്ഥിവം	ഭൂമിപനായ
തതഃ	അതിനാൽ,	മഹീപതിം	അരചനെ
ശയനേ	മഞ്ചത്തിൽ	സമീക്ഷ്യ	നോക്കി
ശോകേന	ശോകത്താൽ	ഉവാച.	ഇപ്രകാരം ഉരചെയ്തു.

രാഘവേ നരശാർദ്ദൂലേ വിഷം മുക്ത്വാ ഹി ജിഹ്മഗാ
വിചരിഷ്യതി കൈകേയീ നിർമ്മുക്തേവ ഹി പന്നഗീ. 2

ജിഹ്മഗാ ഹി	“ചതിപ്രവൃത്തി ചെയ്യുന്നവളായ	വിഷം	വിഷത്തെ
		മുക്ത്വാ,	കക്കിയശേഷം,
കൈകേയീ	കൈകേയി,	നിർമ്മുക്താ	ഇഷ്ടംപോലെ ഇഴയുന്ന
നരശാർദ്ദൂലേ	പുരുഷോത്തമനായ	പന്നഗീ ഇവ	സർപ്പം എന്നപോലെ
രാഘവേ ഹി	ശ്രീരാമനിൽതന്നെ	വിചരിഷ്യതി.	കഷ്ടത്തെ വിളയിക്കും.

വിവാസ്യ രാമം സുഭഗാ ലബ്ധകാമാ സമാഹിതാ
ത്രാസയിഷ്യതി മാം ഭൂയോ ദുഷ്ടാഹിരിവ വേശ്മനി. 3

രാമം	“ശ്രീരാമനെ	സുഭഗാ,	പെരുമയേറിയ അമ്മ
വിവാസ്യ	കാട്ടിലേക്കയച്ച്,	മാം,	എന്നെ, [റാണിയായി,
		വേശ്മനി	ഗൃഹത്തിനുള്ളിൽ
ലബ്ധകാമാ,	അഭീഷ്ടസിദ്ധിവന്നവളായ്,	ദുഷ്ടാഹിഃ ഇവ	മൂർഖസർപ്പമെന്നപോലെ,
സമാഹിതാ	എല്ലാവരാലും സമ്മതിക്കപ്പെട്ട	ഭൂയഃ	മുമ്പത്തിലും അധികം
		ത്രാസയിഷ്യതി.	കഴക്കുവാൻപോകുന്നു.

അഥ സ്മ നഗരേ രാമശ്ചരൻ ഭൈക്ഷം ഗൃഹേ വസേത്
കാമകാരോ വരം ദാതുമപി ദാസം മമാത്മജം. 4

രാമഃ	“ശ്രീരാമൻ,	മമ ആത്മജം	എന്റെ പ്രിയ പുത്രനെ
നഗരേ	നഗരത്തിൽ	ദാസം	അടിമയായി
ഭൈക്ഷം ചരൻ	യാചിച്ചുപജീവിക്കുന്ന	ദാതും	നിയമിപ്പാനാണ്
ഗൃഹേ	ഗൃഹത്തിൽ [വനായി,	കാമകാരഃ അപി	തിരുവുള്ളമെങ്കിൽകൂടി
വസേത് സ്മ;	വസിക്കാമായിരുന്നു	വരം.	അത് എത്രയോ ഭേദമായിരുന്നു.
അഥ	കൂടാതെ [വല്ലോ;		

പാതയിത്വാ തു കൈകേയ്യാ രാമം സ്ഥാനാദ്യഥേഷ്ടതഃ
പ്രദിഷ്ടോ രക്ഷസാം ഭാഗഃ പർവ്വണീവാഹിതാഗ്നിനാ. 5

രാമം	“ശ്രീരാമനെ	ഭാഗഃ	ദേവന്മാർക്കുള്ള ഹവിർഭാഗം,
സ്ഥാനാത്	തന്റെ പദവിയിൽ [നിന്നു		
പാതയിത്വാ തു	ബഹിഷ്കരിച്ച്,	പർവ്വണി	ഏതൊ ഒരു സമയത്തിൽ
കൈകേയ്യാഃ	കൈകേയിക്കായി,		
യഥേഷ്ടതഃ	ഇഷ്ടംപോലെ		
പ്രദിഷ്ടഃ,	നൽകപ്പെട്ട എന്നത്,	രക്ഷസാം	രാക്ഷസർക്കായി നൽകപ്പെട്ട
ആഹിതാഗ്നിനാ	വിവാഹം മുതൽ ഔപാസാഗ്നി കെടാതെ സൂക്ഷിച്ച് പൂജിച്ചുവരുന്ന ഒരുവനാൽ	ഇവ.	എന്നു പോലെയിരിക്കുന്നു.

[“പർവ്വണി” ദർശപൂർണ്ണമാസങ്ങളിൽ, “രക്ഷോഭ്യഃ സ്വാഹാ” എന്നു രക്ഷസ്സുകൾക്കായി ഉമിയ ഹോമിക്കുന്നതുപോലെ രാക്ഷസഭാഗമായ വനപ്രദേശം ശ്രീരാമന്നായ് നൽകപ്പെട്ടു. (മാ. തി.)]

ഗജരാജഗതിർവ്വീരോ മഹാബാഹുർദ്ധനുർദ്ധരഃ
വനമാവിശതേ നൂനം സഭാര്യ്യഃ സഹലക്ഷ്മണഃ. 6

"ഗജരാജഗതിഃ	"ആനത്തലവന്റെ ഗതിയോടുകൂടിയവനും
മഹാബാഹുഃ	ആജാനുബാഹുവും ആയ
വീരഃ,	പ്രിയസുതൻ,
സഭാര്യ്യഃ	ഭാര്യ്യയോടും

സഹലക്ഷ്മണഃ	ലക്ഷ്മണനോടും കൂടി
ധനുർദ്ധരഃ	ധനുഷ്പാണിയായി
നൂനം	ഇനിമേൽ
വനം	കാട്ടിനെ
ആവിശതേ.	വസതിയാക്കിയിരിക്കുന്നു.

വനേ ത്വദൃഷ്ടദുഃഖാനാം കൈകേയ്യാനുമതേ ത്വയാ
ത്യക്താനാം വനവാസായ കാ ന്വവസ്ഥാ ഭവിഷ്യതി. 7

"ത്വയാ	"നിന്തിരുവടിയാൽ
കൈകേയ്യാനുമതേ	കൈകേയിയുടെ ഇഷ്ടപ്രകാരം
വനവാസായ	വനവാസത്തിന്നായി
ത്യക്താനാം	അയക്കപ്പെട്ടവരും

അദൃഷ്ടദുഃഖാനാം	ദുഃഖമെന്തെന്നറിയാത്തവരും ആയവക്ക്
വനേ,	വനത്തിൽ,
നു	ഇപ്പോൾ
കാ നു അവസ്ഥാ	എന്തൊരു ഗതിയാണോ
ഭവിഷ്യതി?	നേരുക?

തേ രത്നഹീനാസ്തരുണാഃ ഫലകാലേ വിവാസിതാഃ
കഥം വത്സ്യന്തി കൃപണാഃ ഫലമൂലൈഃ കൃതാശനാഃ. 8

"തരുണാഃ	"യൌവ്വനദശയിലിരിക്കുന്ന
തേ,	അവർ,
ഫലകാലേ	സുഖങ്ങളെ അനുഭവിക്കേണ്ടകാലത്തിൽ
രത്നഹീനാഃ	സകലഭാഗ്യവിഹീനന്മാരായി

കൃപണാഃ	അനാഥകളായി
വിവാസിതാഃ	വനവാസത്തിന്നയക്കപ്പെട്ടവരായി
ഫലമൂലൈഃ	പഴങ്ങളും കിഴങ്ങുകളും
കൃതാശനാഃ	തിന്നുന്നവരായി
കഥം	എങ്ങിനെയാണോ
വത്സ്യന്തി?	ജീവിച്ചിരിക്കുക?

അപീദാനീം സ കാലഃ സ്യാന്മമ ശോകക്ഷയഃ ശിവഃ
സഭാര്യ്യം ച സഹ ഭ്രാത്രാ പശ്യേയമിഹ രാഘവം. 9

"രാഘവം	"ശ്രീരാമനെ
ഭ്രാത്രാ സഹ	അനുജനോടുകൂടിയും
സഭാര്യ്യം	പത്നീസമേതനായും
ഇഹ	ഇങ്ങു
പശ്യേയം;	എനിക്ക് കാണുമാറാകേണം;
സഃ	ആ
കാലഃ ച	കാലം മാത്രമാണ്

മമ	എനിക്ക്
ശോകക്ഷയഃ;	ശോകത്തിന്റെ അവസാനം;
ശിവഃ	മംഗളകരമായ ഇത്
ഇദാനീം	ഇപ്പോൾ
അപി സ്യാത്?	വരുമെന്നതുമുണ്ടാകുമോ?

ശ്രുത്വൈവോപസ്ഥിതൌ വീരൌ കദാഽയോദ്ധ്യാ ഭവിഷ്യതി
യശസ്വിനീ ഹൃഷ്ടജനാ സൂച്ഛ്രിതധ്വജമാലിനീ. 10

"യശസ്വിനീ	"കീർത്തിയാർന്ന
അയോദ്ധ്യാ	അയോദ്ധ്യാപുരം,
വീരൌ	പുരുഷോത്തമന്മാരായ അവർ രണ്ടുപേരും
ഉപസ്ഥിതൌ	തിരിച്ചെത്തിയവരായി
ശ്രുത്വാ	അറിഞ്ഞ്,
കദാ ഏവ	ഏതുകാലത്താണോ
ഹൃഷ്ടജനാ	സന്തുഷ്ടരായ ജനങ്ങളോടുകൂടിയതായി
സൂച്ഛ്രിത-ധ്വജമാലിനീ	ഉയരെക്കെട്ടപ്പെട്ട ധ്വജങ്ങളാർന്നതായി
ഭവിഷ്യതി?	ഭവിപ്പാൻപോകുന്നത്?

കദാ പ്രേക്ഷ്യ നരവ്യാഘ്രാവരണ്യാത് പുനരാഗതൌ
നന്ദിഷ്യതി പുരീ ഹൃഷ്ടാ സമുദ്ര ഇവ പർവ്വണി. 11

"പുരീ	"ഈ പട്ടണം,
അരണ്യാത്	കാട്ടിൽനിന്ന്
പുനഃ ആഗതൌ	തിരിച്ചെത്തിയവരായ
നരവ്യാഘ്രൌ	ആ രണ്ടു പുരുഷോത്തമന്മാരെ
പ്രേക്ഷ്യ,	കണ്ട്,
പർവ്വണി	പർവ്വകാലത്തിൽ
സമുദ്രഃ	സമുദ്രം
ഇവ	എന്നപോലെ,
കദാ	ഏതുകാലത്താണോ
ഹൃഷ്ടാ	ഉത്സാഹംപൂണ്ടതായി
നന്ദിഷ്യതി.	ഉത്സവംകൊണ്ടാടുവാൻ പോകുന്നത്?

കദാഽയോദ്ധ്യാം മഹാബാഹുഃ പുരീം വീരഃ പ്രവേക്ഷ്യതി
പുരസ്കൃത്യ രഥേ സീതാം വൃഷഭോ ഗോവധൂമിവ. 12

"മഹാബാഹുഃ	"ആജാനുബാഹുവും
വൃഷഭഃ	സർവ്വോത്തമനും ആയ
വീരഃ,	പ്രിയപുത്രൻ,
രഥേ	രഥത്തിൽ
ഇവ	സാക്ഷാൽ
ഗോവധൂം	ഭൂസുതയായ
സീതാം	സീതയെ
പുരസ്കൃത്യ	പാർശ്വഭാഗത്തിൽ വെച്ചുകൊണ്ട്
അയോദ്ധ്യാം പുരീം	അയോദ്ധ്യാനഗരത്തിൽ
കദാ	ഏതുകാലത്തിലാണോ
പ്രവേക്ഷ്യതി.	പ്രവേശിപ്പാൻപോകുന്നത്?

കദാ പ്രാണിസഹസ്രാണി രാജമാർഗ്ഗേ മമാത്മജൌ
ലാജൈരവകിരിഷ്യന്തി പ്രവിശന്താവരിന്ദമൌ. 13

"പ്രാണി-സഹസ്രാണി	"അനേകം ജനതതികൾ,
അരിന്ദമൌ	ജയശാലികളും
രാജമാർഗ്ഗേ	രാജവീഥിയിൽ
പ്രവിശന്തൌ	എഴുന്നെള്ളുന്നവരും ആയ
മമ ആത്മജൌ	എന്റെ രണ്ടു കുമാരന്മാരെയും
ലാജൈഃ	പൊരികൾ കൊണ്ട്
കദാ	എപ്പോഴാണോ
അവ-കിരിഷ്യന്തി?	വർഷിപ്പാൻ പോകുന്നത്?

പ്രവിശന്തൌ കദാഽയോദ്ധ്യാം ദ്രക്ഷ്യാമി ശുഭകുണ്ഡലൌ
ഉദഗ്രായുധനിസ്ത്രിംശൌ സശൃംഗാവിവ പർവ്വതൌ. 14

"സശൃംഗൌ	"ശിഖരങ്ങളോടു
പർവ്വതൌ	രണ്ടു പർവ്വതങ്ങൾ
ഇവ,	പോലെയുള്ള അവരെ
ശുഭകുണ്ഡലൌ	അണികുണ്ഡലങ്ങൾ ധരിച്ചവരായി
ഉദഗ്രായുധ-നിസ്ത്രിംശൌ	ധനുസ്സുകളും ഖഡ്ഗങ്ങളും ധരിച്ചവരായി
അയോദ്ധ്യാം	അയോദ്ധ്യയിൽ
പ്രവിശന്തൌ	പ്രവേശിക്കുന്നവരായി
കദാ	എന്നാണോ
ദ്രക്ഷ്യാമി?	ഞാൻ കാണുക?

കദാ സുമനസഃ കന്യാ ദ്വിജാതീനാം ഫലാനി ച
പ്രദിശന്ത്യഃ പുരീം ഹൃഷ്ടാഃ കരിഷ്യന്തി പ്രദക്ഷിണം 15

"ദ്വിജാതീനാം	"ബ്രഹ്മക്ഷത്രവൈശ്യജാതികളിലുള്ള
കന്യാഃ,	സുമംഗലികൾ,
ഹൃഷ്ടാഃ	സന്തുഷ്ടിയാർന്നവരായി,
പുരീം	പട്ടണത്തിൽ,
സുമനസഃ	പുഷ്പങ്ങളെയും
ഫലാനി ച	ഫലങ്ങളെയും
പ്രദിശന്ത്യഃ	സമർപ്പിക്കുന്നവരായി,
പ്രദക്ഷിണം	മംഗളകരമായ ആരാത്തികത്തെ
കദാ	എപ്പോഴാണ്
കരിഷ്യന്തി?	ചെയ്യുക?

[ആരാത്തികം എന്നത്, വീഥികളിൽക്കൂടി ഘോഷയാത്രചെയ്യുന്ന സമയത്തിലും മററും, മഞ്ഞളും നൂറും കലക്കിയ വെള്ളംകൊണ്ട് സുമംഗലികളായ സ്ത്രീകൾ ഉഴിയുന്നതായ മംഗളകൃത്യമാകുന്നു.]

കദാ പരിണതോ ബുദ്ധ്യാ വയസാ ചാമരപ്രഭഃ
അഭ്യുപൈഷ്യതി ധർമ്മജ്ഞഃ സുവർഷ ഇവ ലാലയൻ. 16

"ബുദ്ധ്യാ	"ജ്ഞാനം കൊണ്ട്
പരിണതഃ	പരിപക്വതയെ പ്രാപിച്ചവനും,
വയസാ	വയസ്സുകൊണ്ട്
അമരപ്രഭഃ	ദേവതുല്യനും
ധർമ്മജ്ഞഃ ച,	ധർമ്മജ്ഞനുമായ അവൻ,
സുവർഷഃ	ആദ്യത്തെവൃഷ്ടി
ഇവ	എന്നപോലെ,
ലാലയൻ,	ഉള്ളം കുളുർപ്പിച്ചുകൊണ്ട്
കദാ	എപ്പോഴാണ്
അഭ്യുപൈഷ്യതി.?	വന്നുചേരുന്നത്.?

[വയസ്സുകൊണ്ട് ദേവതുല്യൻ, എന്നതുകൊണ്ട് ഇരുപത്തഞ്ച് വയസ്സ്, എന്നു താല്പര്യം. ദേവന്മാർക്ക് എന്നും ഇരുപത്തഞ്ചുവയസ്സാകുന്നു. ഗോ. രാ.]

നിസ്സംശയം മയാ മന്യേ പുരാ വീര കദർയ്യയാ
പാതുകാമേഷു വത്സേഷു മാതൄണാം ശാതിതാഃ സ്തനാഃ. 17

"വീര!	"നാഥ!
പുരാ	മുമ്പൊരിക്കൽ
കദർയ്യയാ മയാ	ദുഃസ്വഭാവയായ എന്നാൽ
പാതുകാമേഷു	പാൽകുടിക്കുന്നതിന്നായ് ഓടിവന്ന
വത്സേഷു	പശുക്കുട്ടികളുടെ സംഗതിയിൽ,
മാതൄണാം	പശുക്കളുടെ
സ്തനാഃ	അകിടുകൾ
നിസ്സംശയം	നിശ്ചയമായി
ശാതിതാഃ	തടുക്കപ്പെട്ടിരിക്കേണമെന്ന്
മന്യേ.	ഞാൻ വിചാരിക്കുന്നു.

സാഽഹം ഗൌരിവ സിംഹേന വിവത്സാ വത്സലാ കൃതാ
കൈകേയ്യാ പുരുഷവ്യാഘ്ര ബാലവത്സേവ ഗൌൎബ്ബലാത്. 18

"പുരുഷവ്യാഘ്ര!	"പുരുഷോത്തമനായുള്ളോവേ!	അഹം,	ഞാൻ,
ബാലവത്സാ	ഇളംകുട്ടിയോടുകൂടിയതും	സിംഹേന	ഒരു സിംഹത്താൽ
വത്സലാ	കുട്ടിയിൽ അതിവാത്സല്യത്തോടുകൂടിയതും	ഗൌഃ	പശു
ഗൌഃ	പശു [ആയ	ബലാത്	ബലാത്കാരമായി
ഇവ	എന്നപോലുള്ളവളായ	വിവത്സാ	കുട്ടിയില്ലാതാക്കപ്പെട്ട
സാ	ആ	ഇവ	പോലെ, [ന്നു
		കൈകേയ്യാ	കൈകേയിയാൽ
		കൃതാ.	ആക്കപ്പെട്ടു.

ന ഹി താവദ്ഗുണൈൎജ്ജുഷ്ടം സൎവ്വശാസ്ത്രവിശാരദം
ഏകപുത്രാ വിനാ പുത്രമഹം ജീവിതുമുത്സഹേ. 19

"ഏകപുത്രാ	"ഒരേ ഒരു പുത്രനുള്ളവളായ	സൎവ്വശാസ്ത്രവിശാരദം	സൎവ്വശാസ്ത്രനിപുണനും ആയ
അഹം	ഞാൻ	പുത്രം ഹി	ആ ഒരു പുത്രനേയും
താവദ്ഗുണൈഃ	സൎവ്വോത്കൃഷ്ടങ്ങളായ ഗുണങ്ങളെക്കൊണ്ട്	വിനാ	വേർ പിരിഞ്ഞ്
		ജീവിതും	ജീവിച്ചിരിപ്പാൻ
ജുഷ്ടം,	കൊണ്ടാടപ്പെട്ടവനും,	ഉത്സഹേ ന.	യത്നിക്കുന്നില്ല.

ന ഹി മേ ജീവിതേ കിംചിത് സാമൎത്ഥ്യമിഹ കല്പ്യതേ
അപശ്യന്ത്യാഃ പ്രിയം പുത്രം മഹാബാഹും മഹാബലം. 20

"മഹാബാഹും	"ആജാനുബാഹുവും	മേ,	എനിക്ക്,
മഹാബലം	അതിബലവാനും ആയ	ജീവിതേ	ജീവിച്ചിരിക്കുന്നതിൽ
പ്രിയം പുത്രം	ഓമനക്കുമാരനെ	കിംചിത് ഹി	യാതൊന്നും തന്നെ
ഇഹ	ഈ ലോകത്തിൽ	സാമൎത്ഥ്യം	പ്രയോജനമായി
അപശ്യന്ത്യാഃ	കാണ്മാൻ സാധിക്കാതായ്പ്പോയ	കല്പ്യതേ ന.	കരുതപ്പെടുന്നില്ല.

അയം ഹി മാം ദീപയതേ സമുത്ഥിതസ്തനൂജശോകപ്രഭവോ ഹുതാശനഃ
മഹീമിമാം രശ്മിഭിരുദ്ധതപ്രഭോ യഥാ നിദാഘേ ഭഗവാൻ ദിവാകരഃ. 21

"സമുത്ഥിതഃ	"നട്ടുച്ചയിലുള്ള	യഥാ,	എപ്രകാരമോ അപ്ര
ഉദ്ധതപ്രഭഃ	ഉഗ്രതേജസ്സാന്ന	അയം	ഈ [കാരം,
ദിവാകരഃ ഭഗവാൻ	സൂൎയ്യഭഗവാൻ	തനൂജശോകപ്രഭവഃ	പുത്രശോകത്താലുണ്ടായിരിക്കുന്ന
രശ്മിഭിഃ	സ്വരശ്മികളെക്കൊണ്ട്	ഹുതാശനഃ	അഗ്നി
നിദാഘേ	വേനൽ കാലത്തിൽ	മാം	എന്നെ
ഇമാം മഹീം ഹി	ഈ ഭൂമിയെയാസകലം	ദീപയതേ."	ദഹിപ്പിക്കുന്നു."

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ത്രിചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിമൂന്നാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 4131; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1776.

ചതുശ്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിനാലാംസർഗ്ഗം.

[സുമിത്രാശ്വാസനം = സുമിത്രാദേവി ആശ്വസിപ്പിക്കുന്നത്.]

വിലപന്തീം തഥാ താം തു കൌസല്യാം പ്രമദോത്തമാം
ഇദം ധർമ്മേ സ്ഥിതാ ധർമ്മ്യം സുമിത്രാ വാക്യമബ്രവീത്. 1

തഥാ	ഇപ്രകാരം	സ്ഥിതാ,	ഉപദേശം സിദ്ധിച്ചവ
വിലപന്തീം	പ്രലപിച്ചുകൊണ്ടിരു	സുമിത്രാ,	സുമിത്രാദേവി, [ളായ
പ്രമദോത്തമാം	നാരീരത്നമായ [ന്ന	തു	ആ സമയം
താം കൌസല്യാം,	ആ കൌസല്യാദേവി	ഇദം	ഇപ്രകാരം
	യോടായി,	ധർമ്മ്യം വാക്യം	സൂക്ഷ്മജ്ഞാനത്തെ പ്രദ ശിപ്പിക്കുന്ന വാക്യത്തെ
ധർമ്മേ	ധർമ്മരഹസ്യങ്ങളിൽ	അബ്രവീത്.	ഉരചെയ്തു.

തവാര്യേ സദ്ഗുണൈര്യുക്തഃ സ പുത്രഃ പുരുഷോത്തമഃ
കിം തേ വിലപിതേനൈവം കൃപണം രുദിതേന വാ. 2

"ആര്യേ!	"ജ്യേഷ്ഠത്തി;	കൃപണം	വാസ്തവമറിയാതെ
സദ്ഗുണൈഃ	അനന്തകല്യാണ ഗുണ	ഏവം	ഇങ്ങിനെ
യുക്തഃ	കൂടിയ [ങ്ങളോടു	തേ	അവിടുത്തേക്ക്
തവ, പുത്രഃ,	അവിടുത്തെ പുത്രൻ,	വിലപിതേന	പ്രലപിക്കുന്നതിന്നോ
പുരുഷോത്തമഃ	പുരുഷോത്തമനായ	രുദിതേന വാ }	കണ്ണീരൊഴുക്കുന്നതി
സഃ;	സാക്ഷാൽ മഹാവിഷ്ണു തന്നെ;	കിം. ? }	ന്നോ എന്താണുള്ളത്.?

യസ്തവാര്യേ ഗതഃ പുത്രസ്ത്യക്ത്വാ രാജ്യം മഹാബലഃ
സാധു കുർവ്വൻ മഹാത്മാനം പിതരം സത്യവാദിനം. 3

"ആര്യേ!	"ആര്യേ!	സാധു	കുറവെന്നിയേ
തവ	ഭവതിയുടെ	സത്യവാദിനം	പറഞ്ഞവാക്കിളക്കാ ത്തവനാക്കി
മഹാബലഃ	അപ്രമേയബലശാലി		
പുത്രഃ	പുത്രൻ [യായ	കുർവ്വൻ,	ചെയ്യുന്നവനായി,
യഃ,	യാതൊരുവനൊ അ	രാജ്യം ത്യക്ത്വാ	രാജ്യത്തെ ത്യജിച്ചു്
മഹാത്മാനം	മഹാത്മാവായ [വൻ,	ഗതഃ.	വനത്തിലേക്കുപോയി രിക്കുന്നു.
പിതരം	പിതാവിനെ		

ശിഷ്ടൈരാചരിതേ സമ്യക്ശശ്വത് പ്രേത്യഫലോദയേ
രാമോ ധർമ്മേ സ്ഥിതഃ ശ്രേഷ്ഠോ ന സ ശോച്യഃ കദാചന. 4

"ശിഷ്ടൈഃ	"ജ്ഞാനികളാൽ	ധർമ്മേ	ധർമ്മത്തിൽ
ആചരിതേ	അനുഷ്ഠിച്ചുവരപ്പെട്ട	സമ്യക്	നിസ്സന്ദേഹമാകുംവണ്ണം
പ്രേത്യ- }	പരമപദപ്രാപ്തി നൽ		
ഫലോദയേ }	കുന്നതായ	ശശ്വത്	എന്നും

സ്ഥിതഃ	അചഞ്ചലഭക്തിയാന്ന	സഃ	അവൻ
രാമഃ,	ശ്രീരാമൻ,	കദാചന	ഒരിക്കലും
ശ്രേഷ്ഠഃ ;	സാക്ഷാൽ മഹാവിഷ്ണുവാകുന്നു ;	ശോച്യഃ ച ന.	കഷ്ടപ്പെടുന്നു എന്ന് ശോചിക്കത്തക്കവനല്ല.

വർത്തതേ ചോത്തമാം വൃത്തിം ലക്ഷ്മണോഽസ്മിൻ സദാഽനഘഃ
ദയാവാൻ സർവ്വഭൂതേഷു ലാഭസ്തസ്യ മഹാത്മനഃ. 5

" സർവ്വഭൂതേഷു	" ഇതുവരെയുള്ള എല്ലാ കാര്യങ്ങളിലും	വൃത്തിം ച	കൈങ്കര്യത്തെയും
അസ്മിൻ	ഈ ശ്രീരാമൻെറ വിഷയത്തിൽ	സദാ	സർവ്വദേശകാലാവസ്ഥകളിലും
ദയാവാൻ	കൈങ്കര്യം ചെയ്യുവന്ന	അനഘഃ	അത്യന്തഭക്തിയുക്തനാ
ലക്ഷ്മണഃ,	ലക്ഷ്മണൻ, [വനായ	വർത്തതേ ;	ചെയ്യുവരുന്നു ; [യി
ഉത്തമാം	പരമപദപ്രാപ്തിഹേതുഭൂതമായ	മഹാത്മനഃ	തത്വജ്ഞനായ
		തസ്യ	അവന്ന്
		ലാഭഃ.	ഇതുതന്നെ കൃതകൃത്യത.

[ഗായത്രിയിലെ അഞ്ചാമത്തെ അക്ഷരമാണ് ഈ ശ്ലോകത്തിൽ ആദ്യാക്ഷരമായി വിന്യസിക്കപ്പെട്ടിട്ടുള്ളതെന്ന് ഗോവിന്ദരാജമതം.]

അരണ്യവാസേ യദ്ദുഃഖം ജാനതീ വൈ സുഖോചിതാ
അനുഗച്ഛതി വൈദേഹീ ധർമ്മാത്മാനം തവാത്മജം. 6

" സുഖോചിതാ	" പാതിവ്രത്യധർമ്മത്തെ അറിയുന്നവളായ	ജാനതീ,	കൂടെവർത്തിച്ച് അനുഭവിക്കുന്നവളായി,
വൈദേഹീ വൈ	വൈദേഹിയും	തവ	അവിടുത്തെ
അരണ്യവാസേ	വനവാസത്തിൽ	ധർമ്മാത്മാനം	ധർമ്മാത്മാവായ
		ആത്മജം	പുത്രനെ
യത് ദുഃഖം	ഉള്ള ദുഃഖത്തെ	അനുഗച്ഛതി.	അനുസരിക്കുന്നു.

കീർത്തിഭൂതാം പതാകാം യോ ലോകേ ഭ്രമയതി പ്രഭുഃ
ദമസത്യവ്രതപരഃ കിം ന പ്രാപ്തസ്തവാത്മജഃ. 7

" ലോകേ	" ലോകത്തിൽ	കീർത്തിഭൂതാം	സർവ്വരാലും പ്രശംസിക്കപ്പെടുന്നതായ
യഃ	യാതൊരുവൻ		
പ്രഭുഃ	ഏതിനേയും ചെയ്യാൻ ശക്തനായി	പതാകാം	കല്യാണഗുണസന്തതിയെ
		ഭ്രമയതി	എങ്ങും പരത്തുന്നുവോ, അപ്രകാരമുള്ള
ദമസത്യ-വ്രതപരഃ	അധർമ്മത്തിൽ മനസ്സ വെക്കാതിരിക്കുക, പറഞ്ഞ വാക്കിളക്കാതിരിക്കുക, ധർമ്മപ്രകാരം നടക്കുക, എന്നിവയിൽ തല്പരനായി	തവ	നിന്തിരുവടിയുടെ
		ആത്മജഃ	തൃക്കുമാരൻ,
		പ്രാപ്തഃ ന	വർത്തിക്കേണ്ട സ്ഥലത്തല്ല വർത്തിക്കുന്നത്,
		കിം ?	എങ്ങനെ ?[എന്നുള്ളത്

[“കീർത്തിയാകുന്ന കൊടിക്കൂറയെ പാറിക്കുന്ന ” എന്നും. “കിം ന പ്രാപ്തഃ ”, എന്നുതന്നെയാണ് സാധിക്കാത്തത്, എന്നും.]

വ്യക്തം രാമസ്യ വിജ്ഞായ ശൌചം മാഹാത്മ്യമുത്തമം
ന ഗാത്രമംശുഭിഃ സൂര്യ്യഃ സംതാപയിതുമർഹതി. 8

" സൂര്യ്യഃ	" ആദിത്യഭഗവാൻ	വിജ്ഞായ,	ഓൎത്ത്,
രാമസ്യ	ശ്രീരാമന്റെ	അംശുഭിഃ	കിരണങ്ങളാൽ
ശൌചം,	ത്രികരണശുദ്ധിയേയും,	ഗാത്രം	ഗാത്രത്തെ
ഉത്തമം	നിസ്തുല്യമായ	സംതാപയിതും അൎഹതി ന.	തപിപ്പിക്കുകയില്ല.
മാഹാത്മ്യം,	മാഹാത്മ്യത്തേയും		
വ്യക്തം	തിരുവവതാരത്തേയും		

[ഇതിലും വരുന്ന ശ്ലോകങ്ങളിലും "ഭയാദസ്യാഗ്നിസ്തപതി ഭയാത്തപതി സൂര്യ്യഃ. ഭയാദിന്ദ്രശ്ചാഗ്നിശ്ച മൃത്യുൎധാവതി പഞ്ചമഃ", "തമേവ ഭാന്തമനുഭാതിസൎവ്വം", "ഭീഷാസ്മാദ്വാതഃ പവതെ" ഇത്യാദി ശ്രുതിവാക്യസാരങ്ങൾ അടങ്ങിയിരിക്കുന്നു.]

ശിവഃ സൎവ്വേഷു കാലേഷു കാനനേഭ്യോ വിനിഃസൃതഃ
രാഘവം യുക്തശീതോഷ്ണഃ സേവിഷ്യതി സുഖോऽനിലഃ. 9

" അനിലഃ	" വായുഭഗവാൻ	യുക്തശീതോഷ്ണഃ	വേണ്ടത്തക്ക ശീതോഷ്ണങ്ങളോടുകൂടിയവനായി
കാനനേഭ്യഃ	തരുനിരതിങ്ങിയ വനങ്ങളിൽനിന്ന്	ശിവഃ	ആരോഗ്യപ്രദമായി
വിനിഃസൃതഃ,	വീശുന്നവനായി,	സുഖഃ	സുഖപ്രദനായി
സൎവ്വേഷു	എല്ലാ	രാഘവഃ	ശ്രീരാമനെ
കാലേഷു	കാലങ്ങളിലും	സേവിഷ്യതി.	സേവിക്കും.

ശയാനമനഘം രാത്രൌ പിതേവാഭിപരിഷ്വജൻ
രശ്മിഭിഃ സംസ്പൃശൻ ശീതൈശ്ചന്ദ്രമാ ഹ്ലാദയിഷ്യതി. 10

" ചന്ദ്രമാഃ	" ചന്ദ്രൻ,	പിതാ	പിതാവ്
രാത്രൌ	രാത്രിയിൽ	ഇവ	എന്നപോലെ
ശയാനം അനഘം	പള്ളികൊണ്ട ദോഷരഹിതനായവനെ	അഭിപരിഷ്വജൻ	അണച്ച്
ശീതൈഃ	ശീതളങ്ങളായ	സംസ്പൃശൻ	തലോടുന്നവനായി,
രശ്മിഭിഃ	കിരണങ്ങളാൽ,	ഹ്ലാദയിഷ്യതി.	ആഹ്ലാദിപ്പിക്കും.

ദദൌ ചാസ്ത്രാണി ദിവ്യാനി യസ്മൈ ബ്രഹ്മാ മഹൌജസേ
ദാനവേന്ദ്രം ഹതം ദൃഷ്ട്വാ തിമിധ്വജസുതം രണേ 11
സ ശൂരഃ പുരുഷവ്യാഘ്രഃ സ്വബാഹുബലമാശ്രിതഃ
അസംത്രസ്തോऽപ്യരണ്യസ്ഥോ വേശ്മനീവ നിവത്സ്യതി 12

" തിമിധ്വജസുതം	" തിമിധ്വജപുത്രനായ	ബ്രഹ്മാ	ബ്രഹ്മാവ്
		മഹൌജസേ	ദിവ്യശക്തിയാൎന്ന
ദാനവേന്ദ്രം	രാക്ഷസേന്ദ്രനെ	യസ്മൈ	യാതൊരുവന്ന്
രണേ	പോരിൽ	ദിവ്യാനി അസ്ത്രാണി	ദിവ്യാസ്ത്രങ്ങളെ
ഹതം	കൊല്ലപ്പെട്ടവനായി		
ദൃഷ്ട്വാ,	കണ്ട്,	ദദൌ ച,	ഉപദേശിച്ചുവോ, അ

ശൂരഃ	ശൌൎയ്യൈകവീരനും	വേശ്മനി	സ്വഭവനത്തിൽ
പുരുഷവ്യാഘ്രഃ	പുരുഷോത്തമനും ആയ	ഇവ	എന്നപോലെ,
സഃ	ശ്രീരാമൻ	അരണ്യസ്ഥഃ അപി	വനഗതനായിരുന്നാലും
സ്വബാഹുബലം	തന്റെ പ്രകൃതിസിദ്ധമായ വീൎയ്യത്തെ	അസംത്രസ്തഃ	അചഞ്ചലമനസ്കനായി
ആശ്രിതഃ,	ആശ്രയിച്ചവനായി,	നിവത്സ്യതി.	വസിക്കുന്നതാണ്.

[“വൈജയന്തമിതിഖ്യാതം പുരം യത്ര തിമിധ്വജഃ” എന്ന് അയോ. കാണ്ഡം. 9-ാം സൎഗ്ഗത്തിൽ പറഞ്ഞിരിക്കുന്ന ശംബരാസുരനെന്നവന്റെ പുത്രനായ അസുരനെ ശ്രീരാമൻ ഹനിച്ചുവെന്നും, ബ്രഹ്മാവ് പ്രീതനായി അസ്ത്രങ്ങൾ കൊടുത്തുവെന്നും, ഗോവിന്ദരാജീയം മുതലായ ചില വ്യാഖ്യനങ്ങളുടെ മതം. ഇക്കഥ വേറെ എങ്ങും പറഞ്ഞിട്ടില്ലെങ്കിലും അയോ. 2-ാംസൎഗ്ഗത്തിൽ “യദാ വ്രജതി സംഗ്രാമം ഗ്രാമാൎത്ഥേ നഗരസ്യ വാ ഗത്വാ സൌമിത്രിസഹിതോ നാവിജിത്യ നിവൎത്തതേ”, എന്ന ശ്ലോകത്തിൽ അന്തൎഭവിച്ചതായ് വിചാരിക്കേണമെന്ന് അഭിപ്രായം. രാമാനുജൻ മുതലായ മററു ചിലരാകട്ടെ, തിമിധ്വജനായ ശംബരന്റെ പുത്രൻ സുബാഹുവാണെന്നും, സുബാഹുവിനെ വധിച്ച ശ്രീരാമന്ന് വിശ്വാമിത്രൻ ദിവ്യാസ്ത്രങ്ങളെ കൊടുത്തതിനെയാണ് ഇതിൽ പറഞ്ഞിരിക്കുന്നതെന്നും പറയുന്നു. ഈ പക്ഷത്തിൽ ‘ബ്രഹ്മാ, എന്ന പദത്തിന്ന് ‘തപസ്സുകൊണ്ട് ബ്രാഹ്മണത്വത്തെ പ്രാപിച്ചവൻ’ അഥവാ ‘ത്രിശങ്കുസ്വൎഗ്ഗം മുതലായവയെ സൃഷ്ടിച്ചവൻ, ആയ വിശ്വാമിത്രൻ’ എന്നൎത്ഥം. ഇതിൽ സുബാഹുവിനെ വധിച്ചതിന്നുമുമ്പുതന്നെ അസ്ത്രോപദേശം കഴിഞ്ഞിരിക്കുന്നു, എന്ന ആക്ഷേപത്തിന്ന്, “ഹതം” എന്ന പദത്തിന്ന് “ഹതപ്രായനായ” എന്നൎത്ഥവും ചിലർ കല്പിക്കുന്നു. “തിമി ധ്വജങ്ങളായിട്ടുള്ളവർ”, സുന്ദോപസുന്ദന്മാർ, അവരുടെ സുതൻ; സുബാഹു. എന്നും ചിലരുടെ പക്ഷം.]

യസ്യേഷുപഥമാസാദ്യ വിനാശം യാന്തി ശത്രവഃ
കഥം ന പൃഥിവീ തസ്യ ശാസനേ സ്ഥാതുമൎഹതി. 13

“യസ്യ	“യാതൊരുവന്റെ	തസ്യ	അപ്രകാരമുള്ള ഇവന്റെ
ഇഷുപഥം	ബാണങ്ങൾക്കെതിരായി	ശാസനേ	അധികാരത്തിൽ
ആസാദ്യ	നില്ക്കുന്ന	സ്ഥാതും	വൎത്തിപ്പാൻ
ശത്രവഃ	ശത്രുക്കൾ	പൃഥിവീ	ലോകം
വിനാശം	നാശത്തെ	കഥം	എങ്ങിനെ
യാന്തി,	പ്രാപിക്കുന്നുവോ,	അൎഹതി ന.	ഇഷ്ടപ്പെടാതിരിക്കും ?

യാ ശ്രീഃ ശൌൎയ്യം ച രാമസ്യ യാ ച കല്യാണസത്വതാ
നിവൃത്താരണ്യവാസഃ സഃ ക്ഷിപ്രം രാജ്യമവാപ്സ്യതി. 14

“രാമസ്യ	“ശ്രീരാമന്ന്	യാ ച ;	യാതൊന്നോ അതും ഉണ്ട് ;
ശ്രീഃ	അമാനുഷദിവ്യശക്തി	സഃ	അപ്രകാരമുള്ള അവൻ
യാ	യാതൊന്നോ അതും,	ക്ഷിപ്രം	കാലംപോയതറിയാതെതന്നെ
ശൌൎയ്യം ച	അനിതരസാധാരണമായ വീൎയ്യവും	നിവൃത്താരണ്യവാസഃ	അരണ്യവാസത്തെ പരിപൂൎത്തിയാക്കിയവനായി
കല്യാണസത്വതാ	സൎവ്വജനമനോഹരവും ദിവ്യവും ആയ സാത്വികഗുണം	രാജ്യം	രാജ്യത്തെ
		അവാപ്സ്യതി.	പ്രാപിക്കും.

സൂൎയ്യസ്യാപി ഭവേത് സൂൎയ്യോ ഹ്യഗ്നേരഗ്നിഃ പ്രഭോഃ പ്രഭുഃ
ശ്രിയഃ ശ്രീശ്ച ഭവേദഗ്ര്യാ കീൎത്ത്യാഃ കീൎത്തിഃ ക്ഷമാക്ഷമാ. 15
ദൈവതം ദേവതാനാം ച ഭൂതാനാം ഭൂതസത്തമഃ
തസ്യ കേ ഹ്യഗുണാ ദേവി വനേ വാപ്യഥവാ പുരേ. 16

"ദേവി!	"ആൎയ്യേ!
ദേവതാനാം	ദൈവങ്ങൾക്കും
ദൈവതം,	ദൈവമായും,
ഭൂതാനാം	ഭക്തന്മാൎക്ക്
ഭൂതസത്തമഃ	ത്രൈലോക്യത്തിലുള്ള സൎവ്വത്തിലുംവെച്ച് ഉത്തമനായ് വിളങ്ങുന്നവനായും,
സൂൎയ്യസ്യ അപി	സൂൎയ്യഭഗവാന്നും
സൂൎയ്യഃ	പ്രകാശത്തെ നൽകുന്ന
ഭവേത്;	വൎത്തിക്കുന്നു; [വനായും,
അഗ്നേഃ	അഗ്നിഭഗവാന്നും
അഗ്നിഃ ച,	ദഹിപ്പിക്കുന്നശക്തിയെനൽകുന്നവനായും,
പ്രഭോഃ	ലോകനിയന്താവിന്നും
പ്രഭുഃ,	അധിഷ്ഠാതാവായും,
ശ്രിയഃ	ദിവ്യശക്തിക്ക്
ശ്രീഃ,	ശക്തിയെ പ്രദാനം ചെയ്യുന്നവനായും,
കീൎത്ത്യാഃ	ദിവ്യതേജസ്സിന്ന്
അഗ്ര്യാ	ഉത്തമമായ
കീൎത്തിഃ ച,	തേജസ്സിനെ നൽകുന്നവനായും,
ക്ഷമാക്ഷമാ	സൎവ്വാധാരഭൂതയായ പൃഥിവിക്കും ആധാരഭൂതനായും,
ഭവേത്;	വൎത്തിക്കുന്നു;
ഹി	ആകയാൽ
തസ്യ	ആ ശ്രീരാമന്ന്
പുരേ	അരമനയിലാകട്ടെ,
അഥവാ	അല്ലെന്നാൽ
വനേ അപി വാ	വനത്തിൽതന്നെയാകട്ടെ,
അഗുണാഃ	നന്മവിളയിക്കാത്തവ
കേ ഹി?	ആരുണ്ടാകും? [രായി

[“ന തത്ര സൂൎയ്യോ ഭാതി ന ചന്ദ്രതാരകം നേമാ വിദ്യുതോ ഭാന്തി കുതോയമഗ്നിഃ, തമേവ ഭാന്തമനുഭാതി സൎവ്വം തസ്യ ഭാസാ സൎവ്വമിദം വിഭാതി”, “അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ”, “തസ്യ നാമമഹദ്യശഃ,” “യസ്മിൻ ദ്യൌഃ പൃഥിവീ ചാന്തരിക്ഷം” “തം ദൈവതാനാം പരമം ച ദൈവതം” ഇത്യാദി ശ്രുതിവാക്യാൎത്ഥങ്ങൾ വിവക്ഷിക്കപ്പെട്ടിരിക്കുന്നു. “ബ്രഹ്മ ഹ ദേവേഭ്യോ വിജിഗ്യേ” ഇത്യാദിയായുള്ള കേനോപനിഷദ്വാക്യങ്ങളും കാണുക.]

പൃഥിവ്യാ സഹ വൈദേഹ്യാ ശ്രിയാ ച പുരുഷൎഷഭഃ
ക്ഷിപ്രം തിസൃഭിരേതാഭിഃ സഹ രാമോഽഭിഷേക്ഷ്യതേ. 17

"സഃ	"അപ്രകാരമുള്ള
പുരുഷൎഷഭഃ	പുരുഷോത്തമനായ
രാമഃ,	ശ്രീരാമൻ,
ഏതാഭിഃ	ഈ
തിസൃഭിഃ	മൂവ്വരായ
പൃഥിവ്യാ	ഭൂമിദേവിയോടും
വൈദേഹ്യാ	സീതാദേവിയോടും
ശ്രിയാ ച	രാജ്യലക്ഷ്മിയോടും
സഹ ഹ	കൂടിത്തന്നെ
ക്ഷിപ്രം	താമസിയാതെ
അഭിഷേക്ഷ്യതേ.	അഭിഷേകം ചെയ്യിക്കപ്പെടും.

ദുഃഖജം വിസൃജന്ത്യാസ്രം നിഷ്ക്രാമന്തമുദീക്ഷ്യ യം
അയോദ്ധ്യായാം ജനാഃ സൎവ്വേ ശോകവേഗസമാഹതാഃ 18
കുശചീരധരം വീരം ഗച്ഛന്തമപരാജിതം
സീതേവാനുഗതാ ലക്ഷ്മീസ്തസ്യ കിം നാമ ദുൎല്ലഭം. 19

അയോദ്ധ്യായാം	അയോദ്ധ്യാനഗരത്തിൽ
സർവ്വഃ	എല്ലാ
ജനഃ,	ജനവും,
അപരാജിതം	ആരാലും ഒരിക്കലും ജയിക്കപ്പെട്ടുവാൻ കഴിയാത്ത
വീരം	ലോകൈകവീരനായ
യം,	യാതൊരുവനെ,
കുശചീരധരം	മരവുരിയുടുത്തവനായി
നിഷ്ക്രാമന്തം	പുറപ്പെട്ട്
ഗച്ഛന്തം	വനത്തിലേക്ക് യാത്രയാകുന്നവനായി
ഉദീക്ഷ്യ,	കണ്ട്,
ശോകവേഗസമാഹതഃ	ശോകാധിക്യത്താൽ പീഡിക്കപ്പെട്ടവരായി,
ദുഃഖജം	ദുഃഖംകൊണ്ടുണ്ടായ
അസ്രം	കണ്ണീർ
വിസൃജന്തി,	വാക്കുന്നുവോ,
ഇവ	സാക്ഷാൽ
ലക്ഷ്മീഃ	ലക്ഷ്മീദേവിയായ
സീതാ	സീത
അനുഗതാ	അനുഗമിക്കുന്നുവോ,
തസ്യ	അപ്രകാരമുള്ളവന്ന്
ദുർല്ലഭം നാമ	ദുർല്ലഭമായുള്ളത്
കിം ?	എന്തൊന്നാണ് ?

ധനുർഗ്രഹവരോ യസ്യ ബാണഖഡ്ഗാസ്ത്രഭൃത് സ്വയം
ലക്ഷ്മണോ വ്രജതി ഹ്യഗ്രേ തസ്യ കിം നാമ ദുർല്ലഭം. 20

“ യസ്യ	“ യാതൊരുവന്റെ
അഗ്രേ	മുമ്പിലായി
ധനുർഗ്രഹവരഃ	വില്ലാളിവീരനായ
ലക്ഷ്മണഃ	ലക്ഷ്മണൻ
ബാണഖഡ്ഗാസ്ത്രഭൃത്	അമ്പും, വാളും, അസ്ത്രങ്ങളും ധരിച്ചവനായി,
സ്വയം	ഇഷ്ടംപോലെ
വ്രജതി,	ചെല്ലുന്നുവോ,
തസ്യ ഹി	അപ്രകാരമുള്ളവന്നും
ദുർല്ലഭം നാമ	അശക്യമായത്
കിം ?	എന്തൊന്നാണുള്ളത് ?

നിവൃത്തവനവാസം തം ദ്രഷ്ടാസി പുനരാഗതം
ജഹി ശോകം ച മോഹം ച ദേവി സത്യം ബ്രവീമി തേ. 21

“ തേ	“ ഭവതിയോട്
സത്യം ബ്രവീമി;	ഞാൻ സത്യമായും പറയുന്നു;
ശോകം ച	ദുഃഖത്തെയും
മോഹം ച	വാസ്തവമറിയായ്ക്കകൊണ്ടുള്ള അജ്ഞാനത്തേയും
ജഹി;	വിട്ടൊഴിച്ചാലും;
ദേവി!	ആര്യേ!
തം	ശ്രീരാമനെ
നിവൃത്തവനവാസം	വനവാസപൂർത്തിവരുത്തിയവനായി
പുനഃ	വീണ്ടും
ആഗതം	തിരിച്ചെഴുന്നെള്ളിയവനായി
ദ്രഷ്ടാസി.	ഭവതി കണ്ടാനന്ദിക്കുമാറാകും.

ശിരസാ ചരണാവേതൌ വന്ദമാനമനിന്ദിതേ
പുനർദ്രക്ഷ്യസി കല്യാണി പുത്രം ചന്ദ്രമിവോദിതം. 22

“ അനിന്ദിതേ!	“ കൽമഷരഹിതയായ
കല്യാണി!	കീർത്തിമതി!
ഏതൌ ചരണൌ	ഈ രണ്ടുപാദങ്ങളേയും
ശിരസാ	തലകുനിച്ച്
വന്ദമാനം	സേവിക്കുന്നവനായ
പുത്രം	പുത്രനെ,
ഉദിതം ചന്ദ്രം	പൂർണ്ണചന്ദ്രനെ
ഇവ,	എന്നവിധം,
പുനഃ	മുമ്പേതിലും അധികമായി
ദ്രക്ഷ്യസി.	ഭവതി കണ്ടാനന്ദിക്കുമാറാകും.

പുനഃ പ്രവിഷ്ടം ദൃഷ്ട്വാ തമഭിഷിക്തം മഹാശ്രിയം
സമുത്സ്രക്ഷ്യസി നേത്രാഭ്യാം ക്ഷിപ്രമാനന്ദജം പയഃ. 23

“ തം	“ ശ്രീരാമനെ	നേത്രാഭ്യാം	ഇരുകണ്ണുകളിൽനിന്നും
ക്ഷിപ്രം	താമസിയാതെ	ആനന്ദജം പയഃ	ആനന്ദാശ്രുവിനെ
അഭിഷിക്തം,	പട്ടാഭിഷിക്തനായി,	പുനഃ	വീണ്ടും
മഹാശ്രിയം	പെരുമയേറിയ ചെങ്കോൽ	സമുത്സ്രക്ഷ്യസി.	ഭവതി പൊഴിക്കുമാറാകും.
പ്രവിഷ്ടം,	ചെല്ലുന്നവനായി,		
ദൃഷ്ട്വാ	കണ്ടാനന്ദിച്ച്,		

മാ ശോകോ ദേവി ദുഃഖം വാ ന രാമേ ദൃശ്യതേഽശിവം
ക്ഷിപ്രം ദ്രക്ഷ്യസി പുത്രം തം സസീതം സഹലക്ഷ്മണം. 24

“ ദേവി!	“ ജ്യേഷ്ഠത്തി!	ദുഃഖം വാ	മനശ്ചാഞ്ചല്യമാകട്ടെ
രാമേ	ശ്രീരാമങ്കൽ	മാ ;	കയ്യേല്ക്കേണ്ടതില്ല ;
അശിവം	ദുഃഖിപ്പിക്കുന്ന യാതൊന്നുംതന്നെ	ക്ഷിപ്രം	ഉടനെ
ദൃശ്യതേ ന ;	അടുക്കുകയില്ല ;	തം പുത്രം	ആ പുത്രനെ
ശോകഃ	(ആകയാൽ) മനോവേദനയാകട്ടെ	സസീതം	സീതാസമേതനായും
		സഹലക്ഷ്മണം	ലക്ഷ്മണസഹിതനായും
		ദ്രക്ഷ്യസി.	ഭവതി കാണാറാകും.

ത്വയാഽശേഷോ ജനശ്ചായം സമാശ്വാസ്യോ യദാഽനഘേ
കിമിദാനീമിദം ദേവി കരോഷി ഹൃദി വിക്ലബം. 25

“ അനഘേ!	“ ദുഃഖമെന്നതറിയാത്ത	ഇദം കിം ?	ഇതെന്താണ് ?
ദേവി!	ഹേ ദേവി!	ത്വയാ	നിന്തിരുവടിയാലാണല്ലോ
യദാ,	ഇപ്രകാരമിരിക്കെ	അയം	ഇങ്ങുള്ള
ഇദാനീം,	ഇപ്പോൾ,	അശേഷഃ ജനഃ ച	എല്ലാ ജനവും
ഹൃദി	ഉള്ളിൽ	സമാശ്വാസ്യഃ	ആശ്വസിപ്പിക്കപ്പെടേണ്ടത്.
വിക്ലബം കരോഷി ;	ഭവതി ദുഃഖത്തിന്നു വഴികൊടുക്കുന്നു ;		

നാർഹാ ത്വം ശോചിതും ദേവി യസ്യാസ്തേ രാഘവഃ സുതഃ
ന ഹി രാമാത് പരോ ലോകേ വിദ്യതേ സത്പഥേ സ്ഥിതഃ. 26

“ ദേവി!	“ ദേവി!	സത്പഥേ	ഉത്തമഗുണവിഷയത്തിൽ
യസ്യാഃ	യാതൊരു, അപ്രകാരമുള്ള	സ്ഥിതഃ	നിലനിന്ന് കൊണ്ടാടപ്പെട്ടവനായി
തേ,	നിന്തിരുവടിക്ക്,	വിദ്യതേ ന ;	ഇല്ലതന്നെ ;
രാഘവഃ	ശ്രീരാഘവൻ	ഹി	ആകയാൽ
സുതഃ ;	പുത്രനാകുന്നു ;	ത്വം	നിന്തിരുവടി
ലോകേ	ഈ ലോകത്തിൽ	ശോചിതും	ദുഃഖിക്കുന്നതിന്ന്
രാമാത്	ശ്രീരാമനെക്കാളും	അർഹാ ന.	പാത്രഭൂതയല്ല.
പരഃ	മറ്റൊരുവൻ		

അഭിവാദയമാനം തം ദൃഷ്ട്വാ സസുഹൃദം സുതം
മുദാഽശ്രു മോക്ഷ്യസേ ക്ഷിപ്രം മേഘലേഖേവ വാർഷികീ. 27

"തം	"ആ	ദൃഷ്ട്വാ,	കണ്ട്,
സുതം	പ്രിയകുമാരനെ	മുദാ,	സന്തോഷത്താൽ
ക്ഷിപ്രം	ശീഘ്രത്തിൽ,	വാർഷികീ	മഴക്കാലത്തിലെ
സസുഹൃദം	സീതാലക്ഷ്മണ സമേതനായി,	മേഘലേഖാ	കാർനിര
		ഇവ,	എന്നപോലെ,
അഭിവാദയമാനം	അടികുപ്പി വണങ്ങുന്നവനായി	അശ്രു മോക്ഷ്യസേ.	ഭവതി കണ്ണീർ പൊഴിക്കും.

പുത്രസ്തേ വരദഃ ക്ഷിപ്രമയോദ്ധ്യാം പുനരാഗതഃ
കരാഭ്യാം മൃദുപീനാഭ്യാം ചരണൌ പീഡയിഷ്യതി. 28

"വരദഃ	"സർവ്വോത്തമമായ മോക്ഷത്തെ നൽകുന്നവനായ	ആഗതഃ,	തിരിച്ചെഴുന്നെള്ളിയവനായി,
തേ പുത്രഃ,	നിന്തിരുവടിയുടെ പുത്രൻ,	മൃദുപീനാഭ്യാം	തടിച്ചുരുണ്ട് മൃദുക്കളായ
അയോദ്ധ്യാം	അയോദ്ധ്യയിലേക്ക്	കരാഭ്യാം	രണ്ടു കരങ്ങളാലും
പുനഃ	വീണ്ടും	ചരണൌ	തിരുവടികളെ
ക്ഷിപ്രം	ഉടനെ	പീഡയിഷ്യതി.	തൊട്ടുവണങ്ങുന്നതാണ്.

അഭിവാദ്യ നമസ്യന്തം ശൂരം സസുഹൃദം സുതം
മുദാഽസ്രൈഃ പ്രോക്ഷസി പുനർമ്മേഘരാജിരിവാചലം. 29

"അഭിവാദ്യ	"അഭിവാദനംചെയ്ത്	അസ്രൈഃ	ബാഷ്പങ്ങളെക്കൊണ്ട്,
നമസ്യന്തം	നമസ്കരിക്കുന്നവനും,	മേഘരാജിഃ	മേഘനിര
സസുഹൃദം	സീതാലക്ഷ്മണസമേതനും,	അചലം	പർവ്വതത്തെ
		ഇവ,	എന്നപോലെയും,
ശൂരം	അചഞ്ചലമനസ്കന	പുനഃ,	അതിലുമധികമായും,
സുതം,	പുത്രനെ, [മായ	പ്രോക്ഷസി."	ഭവതി വർഷിക്കുമാറാകും."
മുദാ	ആനന്ദാധിക്യത്താൽ		

ആശ്വാസയന്തീ വിവിധൈശ്ച വാക്യൈർവ്വാക്യോപചാരേ കുശലാഽനവദ്യാ
രാമസ്യ താം മാതരമേവമുക്ത്വാ ദേവീ സുമിത്രാ വിരരാമ രാമാ. 30

വാക്യോപചാരേ	ശാസ്ത്രപ്രമാണാനുഷ്ഠാനത്തിൽ	രാമസ്യ മാതരം	ശ്രീരാമമാതാവായ
അനവദ്യാ	കുറവററ	താം	ആ കൌസല്യാദേവിയെ,
കുശലാ	നൈപുണ്യവതിയും,	വിവിധൈഃ	പലവാററായ
		വാക്യൈഃ ച	വാക്യങ്ങളാലും
രാമാ	ആർക്കും മനസ്സമാധാനമുണ്ടാക്കുവാൻ തക്ക സാമർത്ഥ്യമുള്ളവളും	ഏവം	ഇപ്രകാരം
		ഉക്ത്വാ	പറഞ്ഞ്
		ആശ്വാസയന്തീ	സമാധാനിപ്പിക്കുന്നവളായി,
സുമിത്രാ ദേവീ,	സുമിത്രാദേവി, [ആയ	വിരരാമ.	വിരമിച്ചു.

നിശമ്യ തല്ലക്ഷ്മണമാതൃവാക്യം
രാമസ്യ മാതുർന്നരദേവപത്ന്യാഃ
സദ്യഃ ശരീരേ വിനനാശ ശോകഃ
ശരദ്ഗതോ മേഘ ഇവാല്പതോയഃ 31

തല്ലക്ഷ്മണ-മാതൃവാക്യം	ലക്ഷ്മണമാതാവായ സുമിത്രയുടെ ആ വാക്യത്തെ
നിശമ്യ,	കേട്ടറിഞ്ഞ്,
നരദേവപത്ന്യാഃ	മഹാരാജ്ഞിയായ
രാമസ്യ മാതുഃ,	ശ്രീരാമമാതാവിന്ന്,
ശോകഃ,	മനസ്സിലുണ്ടായിരുന്ന ദുഃഖം,
അല്പതോയഃ	അല്പം മാത്രം വെള്ളത്തോടു കൂടിയ
ശരദ്ഗതഃ മേഘഃ	ശരത്കാലമേഘം
ശരീരേ ഇവ	സ്വശരീരത്തിൽതന്നെ എന്നപോലെ,
സദ്യഃ	ഉടനടി
വിനനാശ.	ഇല്ലാതായി.

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ ചതുശ്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 4162; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1807.

പഞ്ചചത്വാരിംശഃ സർഗ്ഗഃ = നാല്പത്തഞ്ചാം സർഗ്ഗം.

[പൌരാനുഗമനം = പൌരന്മാർ കൂടെപ്പോകുന്നത്.]

അനുരക്താ മഹാത്മാനം രാമം സത്യപരാക്രമം
അനുജഗ്മുഃ പ്രയാന്തം തം വനവാസായ മാനവാഃ. 1

മാനവാഃ,	പ്രജകൾ,
മഹാത്മാനം	മഹാത്മാവും
സത്യപരാക്രമം	സത്യപരാക്രമനുമായ
രാമം	ശ്രീരാമങ്കൽ
അനുരക്താഃ,	അചഞ്ചലഭക്തിപൂണ്ടവരായി,
വനവാസായ	വനവാസത്തിന്നായി
പ്രയാന്തം	എഴുന്നെള്ളുന്ന
തം	അദ്ദേഹത്തെ
അനുജഗ്മുഃ.	പിൻതുടർന്നുചെന്നു.

നിവർത്തിതേഽപി ച ബലാത് സുഹൃദ്വർഗ്ഗേ ച രാജനി
നൈവ തേ സംന്യവർത്തന്ത രാമസ്യാനുഗതാ രഥം. 2

സുഹൃദ്വർഗ്ഗേ	ബന്ധുവർഗ്ഗവും
രാജനി ച	മഹാരാജാവും
ബലാത്	ശാസ്ത്രവിധിയനുസരിച്ച്
നിവർത്തിതേ അപി,	മടങ്ങിയസമയത്തിലും,
രാമസ്യ	ശ്രീരാമന്റെ
രഥം	രഥത്തെ
അനുഗതാഃ	അനുഗമിച്ചവരായ
തേ ഏവ ച	അവർ എല്ലാവരും
സംന്യവർത്തന്ത.	മടങ്ങിപ്പോകാതിരിന്നു.

[“യമിച്ഛേത് പുനരായാന്തം നൈനം ദൂരമനുവ്രജേത്”, തിരിച്ചുവരേണ്ടവരായ ബന്ധുക്കൾ യാത്രയാകുമ്പോൾ അധികം ദൂരം അനുയാത്രചെയ്യരുതെന്ന് ശാസ്ത്രവിധി.]

അയോദ്ധ്യാനിലയാനാം ഹി പുരുഷാണാം മഹായശാഃ
ബഭൂവ ഗുണസംപന്നഃ പൂർണ്ണചന്ദ്ര ഇവ പ്രിയഃ. 3

അയോദ്ധ്യാനിലയാനാം	അയോദ്ധ്യാവാസികളായ
പുരുഷാണാം	ആളുകൾക്ക്,
ഗുണസംപന്നഃ	സകലഗുണസമ്പന്ന
മഹായശാഃ	മഹായശസ്വിയും [നും ആയ അദ്ദേഹം
പൂർണ്ണചന്ദ്രഃ	പൂർണ്ണചന്ദ്രൻ
ഇവ ഹി	എന്നപോലെതന്നെ
പ്രിയഃ	എല്ലാവരാലും കൊണ്ടാടപ്പെട്ടവനായി
ബഭൂവ.	വിളങ്ങിയിരുന്നു.

സ യാച്യമാനഃ കാകുത്സ്ഥഃ സ്വാഭിഃ പ്രകൃതിഭിസ്തദാ
കുർവ്വാണഃ പിതരം സത്യം വനമേവാന്വപദ്യത. 4

തദാ	ആ സമയം
സഃ കാകുത്സ്ഥഃ,	ആ കാകുത്സ്ഥൻ,
സ്വാഭിഃ	തന്റെ
പ്രകൃതിഭിഃ	പ്രജകളാൽ
യാച്യമാനഃ ഏവ,	പ്രാർത്ഥിക്കപ്പെട്ടവനായിരുന്നിട്ടും,
പിതരം	പിതാവിനെ
സത്യം കുർവ്വാണഃ	സത്യസന്ധനാക്കുന്നവനായി,
വനം	വനവാസത്തിൽതന്നെ
അന്വപദ്യത.	സർവ്വോത്കൃഷ്ടമെന്നു വെച്ചാസക്തിപൂണ്ടു.

അവേക്ഷമാണഃ സസ്നേഹം ചക്ഷുഷാ പ്രപിബന്നിവ
ഉവാച രാമഃ സസ്നേഹാ താഃ പ്രജാഃ സ്വാഃ പ്രജാ ഇവ. 5

രാമഃ	ശ്രീരാമൻ,
താഃ പ്രജാഃ	ആ പ്രജകളെ
സസ്നേഹം	സ്നേഹപുരസ്സരം,
സ്വാഃ പ്രജാഃ	സ്വന്തം സന്തതികളെ
ഇവ	എന്നപോലെ,
അവേക്ഷമാണഃ	കരുതുന്നവനായി,
ചക്ഷുഷാ	ചക്ഷുസ്സിനാൽ
പ്രപിബൻ	കടാക്ഷിച്ചരുളുന്നവനായി
സസ്നേഹം ഇവ	സ്നേഹയുക്തമായ ഈ വാക്യത്തെ
ഉവാച.	അരുളിച്ചെയ്തു.

യാ പ്രീതിർബ്ബഹുമാനശ്ച മയ്യയോദ്ധ്യാനിവാസിനാം
മത്പ്രിയാർത്ഥം വിശേഷേണ ഭരതേ സാ നിവേശ്യതാം. 6

"അയോദ്ധ്യാനിവാസിനാം	അയോദ്ധ്യാവാസികൾക്ക്
മയി	എന്റെ പേരിലുള്ള
ബഹുമാനഃ	ബഹുമാനവും
യാ പ്രീതിഃ	യാതൊരു ഭക്തിയോ
സാ ച,	അതും മുഴുവനും
മത്പ്രിയാർത്ഥം,	എന്റെ ഇഷ്ടപ്രകാരം ചെയ്യുയാണെങ്കിൽ,
വിശേഷേണ	എങ്കലുള്ളതിലും അധികമായി
ഭരതേ	ഭരതന്റെ പേരിൽ
നിവേശ്യതാം.	വെക്കപ്പെടട്ടെ.

സ ഹി കല്യാണചാരിത്രഃ കൈകേയ്യാനന്ദവർദ്ധനഃ
കരിഷ്യതി യഥാവദ്വഃ പ്രിയാണി ച ഹിതാനി ച. 7

"സഃ	"അവൻ	യഥാവത്	പൂർവ്വാചാരപ്രകാരം
കൈകേയ്യാനന്ദവർദ്ധനഃ	കൈകേയീമാതാവിന്റെ ഇഷ്ടപ്രകാരം നടക്കുന്നവനായും	വഃ	നിങ്ങൾക്ക് [തന്നെ
ഹി		ഹിതാനി ച	ന്യായമായുള്ളവയേയും
കല്യാണചാരിത്രഃ	സൽഗുണങ്ങളോടുകൂടിയവനായും	പ്രിയാണി ച	നന്മവിളയിക്കുന്നവയേയും
		കരിഷ്യതി.	ചെയ്യും.

ജ്ഞാനവൃദ്ധോ വയോബാലോ മൃദുർവീര്യഗുണാന്വിതഃ
അനുരൂപഃ സ വോ ഭർത്താ ഭവിഷ്യതി ഭയാപഹഃ. 8

"സഃ	"അവൻ	വീര്യഗുണാന്വിതഃ	വീര്യഗുണയുക്തൻ;
വയോബാലഃ;	ഏതു ജീവദശയിലും പരിശുദ്ധിയാർന്നവൻ,	വഃ	നിങ്ങൾക്ക്
ജ്ഞാനവൃദ്ധഃ;	ഐഹികാമുഷ്മിക ജ്ഞാനനിപുണൻ,	ഭയാപഹഃ	യാതൊരു കുറവും വരുത്താത്തവനായി
മൃദുഃ;	എല്ലാവർക്കും പ്രിയമായി നടക്കുന്നവൻ;	അനുരൂപഃ	കൊണ്ടാടത്തക്കവ
		ഭർത്താ	അരചനായി [നായ
		ഭവിഷ്യതി.	വിളങ്ങും.

സ ഹി രാജഗുണൈര്യുക്തോ യുവരാജഃ സമീക്ഷിതഃ
അപി ചാപി മയാ ശിഷ്ടൈഃ കാര്യം വോ ഭർതൃശാസനം. 9

"രാജഗുണൈഃ	"രാജാക്കന്മാർക്കു വേണ്ടത്തക്ക ഗുണങ്ങളോടു	ഭർതൃശാസനം ഹി	മഹാരാജാവിന്റെ കല്പനയെന്നുവെച്ചാൽ
യുക്തഃ	കൂടിയവനായ	മയാ അപി	എന്നാൽ തന്നെയും
സഃ,	അവൻ,	ശിഷ്ടൈഃ ച	ശ്രേഷ്ഠന്മാരായ നിങ്ങളാലും
വഃ അപി	നിങ്ങൾക്കെല്ലാവർക്കും	കാര്യം.	ഭക്തിപൂർവ്വം അനുസരിക്കേണ്ടതാകുന്നു.
യുവരാജഃ	യുവരാജാവായി		
സമീക്ഷിതഃ;	നിയമിക്കപ്പെട്ടിരിക്കുന്നു;		

ന സന്തപ്യേദ്യഥാ ചാസൗ വനവാസം ഗതേ മയി
മഹാരാജസ്തഥാ കാര്യോ മമ പ്രിയചികീർഷയാ. 10

"മമ	"എന്റെ	മഹാരാജഃ	ദശരഥമഹാരാജാവ്
പ്രിയചികീർഷയാ,	ഇഷ്ടപ്രകാരം നടക്കുകയാണെങ്കിൽ,	യഥാ	എപ്രകാരമായാൽ
മയി	ഞാൻ	സന്തപ്യേത് ന	ദുഃഖിക്കാതിരിക്കുമോ
വനവാസം	വനവാസത്തിന്നു	തഥാ ച	അപ്രകാരം തന്നെ
ഗതേ,	പോയശേഷം,	കാര്യഃ."	നിങ്ങൾ വർത്തിക്കേണ്ടതാണ്."
അസൗ	ഈ		

യഥാ യഥാ ദാശരഥിൎദ്ധൎമ്മ ഏവ സ്ഥിതോഽഭവത്
തഥാ തഥാ പ്രകൃതയോ രാമം പതിമകാമയൻ. 11

ദാശരഥിഃ	ശ്രീരാമൻ	തഥാ തഥാ	അത്രയ്ക്കത്രയും
ധൎമ്മേ ഏവ	ധൎമ്മമൊന്നിൽതന്നെ	പ്രകൃതയഃ	പ്രജകൾ
സ്ഥിതഃ	നിലനിന്നവനായി	രാമം	ശ്രീരാമനെ
യഥാ യഥാ	എത്രയ്ക്കെത്ര	പതിം	രാജാവായി
അഭവത്	വൎത്തിച്ചുവൊ,	അകാമയൻ.	ആഗ്രഹിച്ചു.

ബാഷ്പേണ പിഹിതം ദീനം രാമഃ സൌമിത്രിണാ സഹ
ചകൎഷേവ ഗുണൈൎബ്ബദ്ധ്വാ ജനം പുരനിവാസിനം. 12

സൌമിത്രിണാ	ലക്ഷ്മണനോടു	ഗുണൈഃ	തന്നെ വിട്ടയക്കേണ്ടതിന്നുള്ള കാരണങ്ങളെക്കൊണ്ട്
സഹ	ഒന്നിച്ചിരുന്ന		
രാമഃ;	ശ്രീരാമൻ,		
ബാഷ്പേണ	കണ്ണീർകൊണ്ട്	ബദ്ധ്വാ,	മുറുത്തിട്ടും,
പിഹിതം,	മങ്ങി,		
ദീനം	കഷ്ടദശയിലിരിക്കുന്ന	ചകൎഷ ഇവ.	(തന്റെ അടുക്കലേക്ക്) പിടിച്ചുവലിച്ചതായിട്ടാണ് ഭവിച്ചത്.
പുരനിവാസിനം ജനം	പുരവാസിജനത്തെ,		

[തന്റെ സൽഗുണങ്ങൾകൊണ്ട് ജനത്തെ ബന്ധിച്ച്, തന്റെ അടുക്കലേക്ക് വലിച്ചപോലായി. എന്ന അൎത്ഥം സ്പഷ്ടം.]

തേ ദ്വിജാസ്ത്രിവിധം വൃദ്ധാ ജ്ഞാനേന വയസൌജസാ
വയഃപ്രകമ്പശിരസോ ദൂരാദൂചുരിദം വചഃ. 13

ജ്ഞാനേന	ജ്ഞാനംകൊണ്ടും	വയഃപ്രകമ്പശിരസഃ	പ്രായാധിക്യത്താൽ വിറയ്ക്കുന്ന ശിരസ്സോടുകൂടിയവരായി
വയസാ	വയസ്സുകൊണ്ടും		
ഓജസാ	തപസ്സുകൊണ്ടും		
ത്രിവിധം	ഈ മൂന്നുകൊണ്ടും	ദൂരാത്	ദൂരത്തിൽനിന്നുതന്നെ
വൃദ്ധാഃ	യോഗ്യന്മാരായ	ഇദം വചഃ	ഇപ്രകാരം വാക്യത്തെ
തേ ദ്വിജാഃ,	അവിടെയുണ്ടായിരുന്ന ബ്രാഹ്മണർ,	ഊചുഃ.	ഉരചെയ്തു.

വഹന്തോ ജവനാ രാമം ഭോ ഭോ ജാത്യാസ്തുരംഗമാഃ
നിവൎത്തദ്ധ്വം ന ഗന്തവ്യം ഹിതാ ഭവത ഭൎത്തരി. 14

"ഭോ ഭോ!	"ഹേ, ഹേ!	ഗന്തവ്യം ന;	പോകുന്നത് ന്യായമല്ല;
രാമം	ശ്രീരാമനെ	നിവൎത്തദ്ധ്വം;	നിങ്ങൾ തിരിച്ചുവരുവിൻ
വഹന്തഃ	വഹിച്ചുകൊണ്ടുപോകുന്ന		
ജാത്യാഃ	ശ്രേഷ്ഠങ്ങളായ	ഭൎത്തരി	യജമാനന്റെ പേരിൽ
ജവനാഃ	ദ്രുതഗതിയാന്ന	ഹിതാഃ	കൃതജ്ഞതയുള്ളവരായി
തുരംഗമാഃ!	കുതിരകളെ!	ഭവത.	ഇരിപ്പിൻ.

കൎണ്ണവന്തി ഹി ഭൂതാനി വിശേഷേണ തുരംഗമാഃ
യൂയം തസ്മാന്നിവൎത്തദ്ധ്വം യാചനാം പ്രതിവേദിതാഃ. 15

" ഭൂതാനി	" പ്രാണികൾ	തസ്മാത്	അതിനാൽ
കൎണ്ണവന്തി ;	ചെവിയുള്ളവ ;	യൂയം	നിങ്ങൾ
തുരംഗമാഃ ഹി	കുതിരകളാകട്ടെ	യാചനാം	അപേക്ഷയെ
വിശേഷേണ ;	അതിലും വിശേഷിച്ചുള്ളവ ;	പ്രതിവേദിതാഃ	അനുസരിച്ച്
		നിവൎത്തദ്ധ്വം.	മടങ്ങിയാലും.

ധൎമ്മതഃ സ വിശുദ്ധാത്മാ വീരഃ ശുഭദൃഢവ്രതഃ
ഉപവാഹ്യസ്തു വോ ഭൎത്താ നാപവാഹ്യഃ പുരാദ്വനം. 16

" വഃ	" നിങ്ങളുടെ	ധൎമ്മതഃ	ന്യായമായി
ഭൎത്താ	യജമാനൻ	ഉപവാഹ്യഃ ;	നാട്ടിലേക്ക് വഹിച്ചുകൊണ്ടു പോകപ്പെടത്തക്കവൻ ;
വിശുദ്ധാത്മാ,	പരിശുദ്ധമൂൎത്തി ;	പുരാത്	അല്ലാതെ നഗരത്തിൽ
ശുഭദൃഢവ്രതഃ ;	നന്മചെയ്യുക എന്ന ദൃഢവ്രതത്തെ കയ്ക്കൊണ്ടവൻ ;	വനം	കാട്ടിലേക്ക് [നിന്ന്
വീരഃ ;	സൎവ്വഭൂതദയാവാൻ ;	അപവാഹ്യഃ ന."	കൊണ്ടുപോകപ്പെടേണ്ടവനല്ല."
തു	ആകയാൽ		
സഃ	അദ്ദേഹം		

ഏവമാൎത്തപ്രലാപാംസ്താൻ വൃദ്ധാൻ പ്രലപതോ ദ്വിജാൻ
അവേക്ഷ്യ സഹസാ രാമോ രഥാദവതതാര സഃ. 17

സഃ	ആ	ആൎത്തപ്രലാപാൻ	അത്തൽമൂലം പുലമ്പുന്നവരായി
രാമഃ	ശ്രീരാമൻ	പ്രലപതഃ	നിരൎത്ഥകവാക്യങ്ങളോതുന്നവരായി
താൻ	ആ	അവേക്ഷ്യ	കണ്ട്,
വൃദ്ധാൻ	മഹാന്മാരായ	സഹസാ	പെട്ടെന്ന്
ദ്വിജാൻ	ബ്രാഹ്മണരെ,	രഥാത്	രഥത്തിൽനിന്ന്
ഏവം	ഇപ്രകാരം	അവതതാര.	താഴോട്ടിറങ്ങി.

പദ്ഭ്യാമേവ ജഗാമാഥ സസീതഃ സഹലക്ഷ്മണഃ
സംനികൃഷ്ടപദന്യാസോ രാമോ വനപരായണഃ. 18

" സസീതഃ	" സീതയോടുകൂടിയും	അഥ	ആ സമയം
സഹലക്ഷ്മണഃ	ലക്ഷ്മണസഹിതനായും	പദ്ഭ്യാം ഏവ	കാൽനടയായിത്തന്നെ
വനപരായണഃ	വനവാസത്തിൽ നിശ്ചയംകൊണ്ടവനായ	സംനികൃഷ്ടപദന്യാസഃ	മെല്ലെ മെല്ലെ കാലടി വെച്ചുകൊണ്ട്
രാമഃ,	ശ്രീരാമൻ,	ജഗാമ.	എഴുന്നെള്ളി.

[ബ്രാഹ്മണവാക്യത്തെ തട്ടിക്കൊണ്ട് പോകരുതെന്ന ഭാവംകൊണ്ടും, പിൻമടങ്ങരുതെന്നതുകൊണ്ടും, അവർ ഒപ്പം എത്തുന്നതുവരെ കാൽനടയായ്ത്തന്നെ മെല്ലെ നടന്നുകൊണ്ടിരുന്നു. എന്നു താല്പൎയ്യം. ഗൊ. ര.]

ദ്വിജാതീൻ ഹി പദാതീംസ്താൻ രാമശ്ചാരിത്രവത്സലഃ
ന ശശാക ഘൃണാചക്ഷുഃ പരിമോക്തും രഥേന സഃ. 19

ഹി	എന്തെന്നാൽ,
ചാരിത്രവത്സലഃ	സദ്വൃത്തിയിൽ അചഞ്ചലനിഷ്ഠയാന്നവനും
ഘൃണാചക്ഷുഃ	കരുണാകടാക്ഷയുക്തനും ആയ
സഃ രാമഃ,	ആ ശ്രീരാമൻ,
രഥേന	രഥത്തിലിരുന്നുകൊണ്ട്
പദാതീൻ	കാൽനടയായി വന്നുകൊണ്ടിരുന്ന
താൻ	ആ
ദ്വിജാതീൻ	ബ്രാഹ്മണരെ
പരിമോക്തും ശശാക ന.	സമാധാനിക്കാതെ അയപ്പാൻ ഇഷ്ടപ്പെട്ടില്ല.

ഗച്ഛന്തമേവ തം ദൃഷ്ട്വാ രാമം സംഭ്രാന്തചേതസഃ
ഊചുഃ പരമസംതപ്താ രാമം വാക്യമിദം ദ്വിജാഃ 20

പരമസംതപ്താഃ	ഏററം ദുഃഖിക്കുന്നവരായി
സംഭ്രാന്ത ചേതസഃ	ചിത്തംപതറിക്കൊണ്ടിരുന്ന
ദ്വിജാഃ,	ആ ബ്രാഹ്മണർ,
തം	ആ
രാമം	ശ്രീരാമനെ
ഗച്ഛന്തം ഏവ	കാൽനടയായി പോയ്ക്കൊണ്ടിരിക്കുന്നവനായി
ദൃഷ്ട്വാ	കണ്ട്
രാമം	ശ്രീരാമനോടായി
ഇദം	ഇപ്രകാരം
വാക്യം	വാക്യത്തെ
ഊചുഃ.	ഉണർത്തിച്ചു.

ബ്രാഹ്മണ്യം കൃത്സ്നമേതത് ത്വാം ബ്രഹ്മണ്യമനുഗച്ഛതി
ദ്വിജസ്കന്ധാധിരൂഢാസ്ത്വാമഗ്നയോഽപ്യനുയാന്ത്യമീ. 21

“ ഏതത്	“ ഈ
ബ്രാഹ്മണ്യം	വൈദികഗോഷ്ഠി
കൃത്സ്നം	മുഴുവനും
ബ്രഹ്മണ്യം	വേദപ്രതിപാദ്യനായ
ത്വാം	നിന്തിരുവടിയെ
അനുഗച്ഛതി;	അനുഗമിക്കുന്നു;
അമീ	ഈ
അഗ്നയഃ അപി	ഗാർഹപത്യം, ആഹവനീയം, ദക്ഷിണം എന്ന മൂന്നു അഗ്നികളും
ദ്വിജസ്കന്ധാധിരൂഢാഃ	ബ്രാഹ്മണരുടെ ചുമലിൽ വഹിക്കപ്പെട്ടവയായി,
ത്വാം	നിന്തിരുവടിയെ
അനുയാന്തി.	പിൻതുടരുന്നു.

വാജപേയസമുത്ഥാനി ഛത്രാണ്യേതാനി പശ്യ നഃ
പൃഷ്ഠതോഽനുപ്രയാതാനി ഹംസാനിവ ജലാത്യയേ. 22

“ വാജപേയസമുത്ഥാനി	“ വാജപേയയജ്ഞങ്ങളിൽ ലഭിച്ചവയും,
ജലാത്യയേ	വെള്ളം വാർന്നുപോയ കാലത്തിൽ
ഹംസാൻ ഇവ,	ഹംസങ്ങളെപ്പോലെയായ്ത്തീർന്നവയും,
നഃ	ഞങ്ങളുടെ
പൃഷ്ഠതഃ	പിന്നിൽ
അനുപ്രയാതാനി	വന്നുകൊണ്ടിരിക്കുന്നവയും ആയ
ഏതാനി	ഈ
ഛത്രാണി	കുടകളെ
പശ്യ.	കണ്ടാലും.

അനവാപ്താതപത്രസ്യ രശ്മിസന്താപിതസ്യ തേ
ഏഭിശ്ഛായാം കരിഷ്യാമഃ സ്വൈശ്ഛത്രൈർവ്വാജപേയികൈഃ. 23

"അനവാപ്താതപത്രസ്യ	"കുടയില്ലാത്തവനായി
രശ്മിസന്താപിതസ്യ	സൂൎയ്യകിരണങ്ങളാൽ വാട്ടുന്ന
തേ,	നിന്തിരുവടിക്ക്,
വാജപേയികൈഃ	വാജപേയയാഗങ്ങളിൽ ലഭിച്ചവയായ
സ്വൈഃ	ഞങ്ങളുടെ
ഏഭിഃ ഛത്രൈഃ	ഈ കുടകളാൽ,
ഛായാം	തിരുമേനി വാടാതിരിക്കുന്ന കൈങ്കൎയ്യത്തെ
കരിഷ്യാമഃ.	ഞങ്ങൾ ചെയ്തു കൃതാൎത്ഥരാകട്ടെ.

["യാവജ്ജീവം ന കഞ്ചന പ്രത്യവരോഹേത്. ബൃഹസ്പതിസവേന വാ പ്രത്യവരോഹണീയേന യജ്ഞേന ശ്വേതച്ഛത്രീ വിജ്ഞായതേ." എന്നിങ്ങിനെ വാജപേയയാഗം ചെയ്തവൎക്ക് വെളുത്ത കുട ധരിപ്പാനുള്ള വിധി.]

യാ ഹി നഃ സതതം ബുദ്ധിർവ്വേദമന്ത്രാനുസാരിണീ
ത്വത്കൃതേ സാ കൃതാ വത്സ വനവാസാനുസാരിണീ. 24

"വത്സ!	"സൎവ്വകൎമ്മസമാരാദ്ധ്യനായുള്ളോവേ!
നഃ	ഞങ്ങളുടെ
യാ ബുദ്ധിഃ,	യാതൊരു ഏകാഗ്ര [ബുദ്ധി,
സതതം	നിരന്തരമായി
വേദമന്ത്രാനുസാരിണീ ഹി	വേദമന്ത്രങ്ങളോതുന്നതിനാൽ യാതൊരു വസ്തുവിനെ കാണ്മാൻ മുതിരുന്നുവോ,
സാ	ആ ബുദ്ധി,
ത്വത്കൃതേ	നിന്തിരുവടി കാരണമായി
വനവാസാനുസാരിണി	വനവാസം കയ്ക്കൊണ്ട നിന്തിരുവടിയെത്തന്നെ അനുഗമിച്ചതായി
കൃതാ.	ഭവിച്ചിരിക്കുന്നു.

[ഇത്രകാലം ഏകാഗ്രതയോടെ മന്ത്രവിഷയമായി വൎത്തിച്ചിരുന്ന ഞങ്ങളുടെ ബുദ്ധി ഇപ്പോൾ നിന്തിരുവടിയുടെ വനവാസത്തെക്കുറിച്ചോൎക്കുന്നതായിത്തീൎന്നിരിക്കുന്നു. ഞങ്ങൾ നിന്തിരുവടിയെ അനുഗമിപ്പാൻ തീൎച്ചയാക്കിയിരിക്കുന്നു എന്നു താല്പൎയ്യം. ഗോ. രാ.]

ഹൃദയേഷ്വവതിഷ്ഠന്തേ വേദാ യേ നഃ പരം ധനം
വത്സ്യന്ത്യപി ഗൃഹേഷ്വേവ ദാരാശ്ചാരിത്രരക്ഷിതാഃ. 25

"യേ	"യാതൊരു
വേദാഃ	വേദങ്ങൾ
നഃ	ഞങ്ങളുടെ
ഹൃദയേഷു	ഹൃദയങ്ങളിൽ
അവതിഷ്ഠന്തേ	കുടികൊണ്ടിരിക്കുന്നു
പരം ഏവ ധനം;	അവയെക്കാളും [ണ്ടോ, വിലയേറിയ ധനമാകുന്നു നിന്തിരുവടി;
ദാരാഃ	(ആകയാൽ ഞങ്ങൾ കൂടെ വന്നാൽ) ഭാൎയ്യമാർ,
ചാരിത്രരക്ഷിതാഃ	പാതിവ്രത്യധൎമ്മത്താൽ രക്ഷിക്കപ്പെട്ടവരായി
ഗൃഹേഷു	ഗൃഹങ്ങളിൽ
വത്സ്യന്തി അപി?	വസിക്കേണ്ടിവരികയില്ലയോ?

[ഞങ്ങൾ കാട്ടിലേക്ക് കൂടെ വരുന്നതായാൽ, വേദങ്ങൾ ഞങ്ങളുടെ ഹൃദയത്തിൽതന്നെയിരിക്കുന്നതുകൊണ്ട് വേദോച്ചാരണഫലം വനത്തിലും സിദ്ധിക്കും. പത്നിമാർ അവരുടെ ചാരിത്രംകൊണ്ട് രക്ഷിക്കപ്പെടുകയുംചെയ്യും. എന്ന് ഗോ. രാ.]

ന പുനർന്നിശ്ചയഃ കാര്യസ്ത്വദ്ഗതൌ സുകൃതാ മതിഃ
ത്വയി ധർമ്മവ്യപേക്ഷേ തു കിം സ്യാദ്ധർമ്മമപേക്ഷിതും. 26

"ത്വദ്ഗതൌ	"നിന്തിരുവടിക്ക് ഇപ്പോൾ നേർന്നതായ കാര്യത്തിൽ	സുകൃതാ	(ഞങ്ങൾക്കുള്ള) സർവ്വസ്വമായ
നിശ്ചയഃ	തിരുവുള്ളത്തിൽ കയ്ക്കൊണ്ടതായ നിശ്ചയപ്രകാരം,	മതിഃ;	പ്രാർത്ഥനയാകുന്ന ഇത്
കാര്യഃ ന;	ചെയ്യാതിരുന്നാലും;	പുനഃ തു	ഇല്ല, എന്നുവന്നാൽ
ധർമ്മവ്യപേക്ഷേ	ധർമ്മത്തിൽ സുസ്ഥിതനായ	ധർമ്മം	ഇഹത്തിൽ ഞങ്ങൾക്ക് ചെയ്യേണ്ടതായ കടമ,
ത്വയി	നിന്തിരുവടിയ്ക്കൽ,	അപേക്ഷിതും	ചെയ്തുതീർക്കേണ്ടതായി
		കിം സ്യാത്.	മറെറന്തൊന്നാണുള്ളത്?

["ത്വദ്ഗതൌ, ത്വന്നിവർത്തനരൂപഗതൌ, മതിഃ സുകൃതാ," (നിന്തിരുവടി മടങ്ങിപ്പോരേണ്ടതിനെപ്പററി നല്ല ആലോചനചെയ്തു തീർച്ചയാക്കിക്കഴിഞ്ഞു); "നിശ്ചയഃ, വനഗമനനിശ്ചയഃ, പുനഃ ന കാര്യഃ" (ഇനി വനയാത്രയ്ക്കൊരുങ്ങരുത്; "ത്വയി ധർമ്മവ്യപേക്ഷേ" (നിന്തിരുവടി ബ്രാഹ്മണപ്രാർത്ഥനാരൂപമായ ധർമ്മത്തെ നിരാകരിക്കുന്നുവെങ്കിൽ), "കിം ധർമ്മം അപേക്ഷിതും സ്യാത്?", (പിന്നെ ധർമ്മത്തെ ആരാണ് അപേക്ഷിക്കുക?) ഗൊ. രാ.]

യാചിതോ നോ നിവർത്തസ്വ ഹംസശുക്ലശിരോരുഹൈഃ
ശിരോഭിർന്നിഭൃതാചാര മഹീപതനപാംസുലൈഃ. 27

"നിഭൃതാചാര!	"സുസ്ഥിരമായ ധർമ്മനിഷ്ഠയാർന്നുള്ളോവേ!	ശിരോഭിഃ	(കുമ്പിട്ട) ശിരസ്സുകളെക്കൊണ്ട്
ഹംസശുക്ല-ശിരോരുഹൈഃ	ഹംസംപോലെ വെളുത്ത തലരോമമുള്ളവയും	യാചിതഃ	പ്രാർത്ഥിക്കപ്പെട്ടവനായ നിന്തിരുവടി
മഹീപതന-പാംസുലൈഃ	നിലത്തുവീണു പൊടി പുരണ്ടിരിക്കുന്നവയും ആയ	നഃ	ഞങ്ങൾക്കുവേണ്ടി
		നിവർത്തസ്വ.	തിരിച്ചെഴുന്നെള്ളിയാലും.

ബഹൂനാം വിതതാ യജ്ഞാ ദ്വിജാനാം യ ഇഹാഗതാഃ
തേഷാം സമാപ്തിരായത്താ തവ വത്സ നിവർത്തനേ. 28

"വത്സ!	"സർവ്വകർമ്മസമാരാദ്ധ്യ!	യേ,	ഏവയോ,
ബഹൂനാം	വലിയവരായ	തേഷാം	അവയ്ക്ക്
ദ്വിജാനാം	ബ്രാഹ്മണരുടെ	ഇഹ	ഈ ലോകത്തിൽ
ആഗതാഃ	കാര്യങ്ങളായി	സമാപ്തിഃ,	ഇച്ഛിച്ചതായഫലം,
വിതതാഃ	അനുഷ്ഠിക്കപ്പെട്ടവയായ	തവ	നിന്തിരുവടിയുടെ
		നിവർത്തനേ	നിവർത്തനത്തിലാണ്
യജ്ഞാഃ	പഞ്ചമഹായജ്ഞങ്ങൾ	ആയത്താ.	സ്ഥിതിചെയ്യുന്നത്.

[പല ബ്രാഹ്മണരും തുടങ്ങിവെച്ചിട്ടുള്ളതായ യാഗങ്ങൾ, അങ്ങ് മടങ്ങിവന്നാലേ പൂർത്തിയാകുകയുള്ളൂ. അങ്ങ് തിരിച്ചെഴുന്നെള്ളുന്നില്ലെങ്കിൽ, ആയവ അങ്ങയാൽ വിഘ്നപ്പെടുത്തിയവയാകും എന്നു സാരം. ഗൊ. രാ.]

ഭക്തിമന്തി ഹി ഭൂതാനി ജംഗമാऽജംഗമാനി ച
യാചമാനേഷു തേഷു ത്വം ഭക്തിം ഭക്തേഷു ദർശയ. 29

“ജംഗമാജംഗമാനി ഹി	“ജംഗമങ്ങളും സ്ഥാവരങ്ങളും,
ഭൂതാനി ച	ജീവജാലങ്ങളെല്ലാം തന്നെയും,
ഭക്തിമന്തി;	അങ്ങയിൽ ഭക്തിയോടുകൂടി വർത്തിക്കുന്നു;
ഭക്തേഷു	ഭക്തന്മാരും
യാചമാനേഷു	പ്രാർത്ഥിക്കുന്നവരുമായ
തേഷു	അവരിൽ
ത്വം	നിന്തിരുവടി
ഭക്തിം	നിജപ്രകൃതിഗുണത്തെ
ദർശയ.	പ്രകടിപ്പിച്ചാലും.

[“ഭക്തിം ദർശയ”. ആശ്രിതരക്ഷണമെന്ന നൈസർഗ്ഗിക ഗുണത്തെ പ്രദർശിപ്പിച്ചാലും, ഗൊ. രാ.]

അനുഗന്തുമശക്താസ്ത്വാം മൂലൈരുദ്ധൃതവേഗിനഃ
ഉന്നതാ വായുവേഗേന വിക്രോശന്തീവ പാദപാഃ. 30

“പാദപാഃ,	“വൃക്ഷങ്ങൾ,
മൂലൈഃ	വേരുകൾകാരണം
ത്വാം	നിന്തിരുവടിയെ
അനുഗന്തും	പിന്തുടരുവാൻ
അശക്താഃ,	ശക്തിയററവയായി,
ഉന്നതാഃ	എഴുന്നേററു നില്ക്കുന്നവയായി,
ഉദ്ധൃതവേഗിനഃ	തങ്ങൾക്കുള്ള കൊടിയ ദുഃഖത്തെ കാട്ടുന്നവ
ഇവ	എന്നു പോലെ,
വായുവേഗേന	കാററിന്റെ ഊക്കുകൊണ്ട്,
വിക്രോശന്തി.	മുറയിടുന്നു.

നിശ്ചേഷ്ടാഹാരസംചാരാ വൃക്ഷൈകസ്ഥാനനിഷ്ഠിതാഃ
പക്ഷിണോऽപി പ്രയാചന്തേ സർവ്വഭൂതാനുകമ്പിനം. 31

“പക്ഷിണഃ അപി	“പക്ഷികളും
വൃക്ഷൈകസ്ഥാനനിഷ്ഠിതാഃ	മരങ്ങളിൽ ഇരുന്നേടത്തുതന്നെ ഇരുന്നുകൊണ്ട്
നിശ്ചേഷ്ടാഹാരസംചാരാഃ	ദുഃഖംമൂലം ഇളകുവാൻ കഴിയാത്തവയായി
സർവ്വഭൂതാനുകമ്പിനം	സർവ്വപ്രാണികൾക്കും കരുണാവാരിധിയായ നിന്തിരുവടിയോട്
പ്രയാചന്തേ.”	മനഃപൂർവ്വമായി പ്രാർത്ഥിക്കുന്നു.”

ഏവം വിക്രോശതാം തേഷാം ദ്വിജാതീനാം നിവർത്തനേ
ദദൃശേ തമസാ തത്ര വാരയന്തീവ രാഘവം. 32

തേഷാം	ആ
ദ്വിജാതീനാം,	ബ്രാഹ്മണർ,
നിവർത്തനേ	തിരിച്ചെഴുന്നെള്ളേണ്ട സംഗതിയിൽ
ഏവം വിക്രോശതാം,	മേൽപ്രകാരം അപേക്ഷിച്ചു കൊണ്ടിരിക്കേ
തത്ര	അവിടെ
തമസാ	തമസാനദി
രാഘവം	ശ്രീരാഘവനെ
വാരയന്തീ ഇവ	തടയുന്ന പോലെ
ദദൃശേ.	വിലങ്ങത്തിൽ കാണപ്പെട്ടു.

[ഗോമതി, സരയൂ [Gogra], എന്ന ഗംഗയുടെ രണ്ടു പോഷകനദികളുടെ ഇടയിൽ കിടക്കുന്നതും ഫൈസബാദ്, അസാംഗാർ, എന്ന ജില്ലകളിൽകൂടി ഒഴുകി ഗംഗയിൽചേരുന്നതും ആയ മററൊരു ചെറുപോഷകനദിയാകുന്നു ‘തമസ’ (Tonse) എന്നത്.]

തതഃ സുമന്ത്രോഽപി രഥാദ്വിമുച്യ
ശ്രാന്താൻ ഹയാൻ സംപരിവർത്ത്യ ശീഘ്രം
പീതോദകാംസ്തോയപരിപ്ലുതാംഗാ-
നചാരയദ്വൈ തമസാവിദൂരേ

തതഃ	അട്ടിക്കിൽ	സംപരിവർത്ത്യ,	(മണലിൽ) ഉരുളിച്ച്,
സുമന്ത്രഃ അപി	സുമന്ത്രരും	പീതോദകാൻ	വെള്ളം കുടിപ്പിച്ചവയായി,
ശ്രാന്താൻ	തളർന്നിരുന്ന	തോയപരിപ്ലുതാംഗാൻ	മേൽ തുടച്ചു കഴുകപ്പെട്ടവയായി,
ഹയാൻ	കുതിരകളെ	തമസാവിദൂരേ വൈ	തമസയുടെ കരയിൽ തന്നെ
രഥാത്	തേരിൽ നിന്ന്	അചാരയത്.	മേയുവാൻ വിട്ടു.
വിമുച്യ,	അഴിച്ചുവിട്ട്,		
ശീഘ്രം	ഉടനെ		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
പഞ്ചചത്വാരിംശഃ സർഗ്ഗഃ = നാല്പത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 4195; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1840.

ഷട്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്താറാംസർഗ്ഗം.

[പൌരമോഹനം = പൌരന്മാരെ തെറ്റിച്ചുപോകുന്നത്.]

തതസ്തു തമസാതീരം രമ്യമാശ്രിത്യ രാഘവഃ
സീതാമുദ്വീക്ഷ്യ സൌമിത്രിമിദം വചനമബ്രവീത്. 1

രാഘവഃ തു	ശ്രീരാമനും	ഉദ്വീക്ഷ്യ	ഉദ്ദേശിച്ച്
രമ്യം	മനോഹരമായ	തതഃ	അക്കാരണത്താൽ,
തമസാതീരം	തമസാനദീതീരത്തെ	സൌമിത്രിം	ലക്ഷ്മണനോടായി
ആശ്രിത്യ,	പ്രാപിച്ച്,	ഇദം വചനം	ഇപ്രകാരം വാക്യത്തെ
സീതാം	സീതാദേവിയെ	അബ്രവീത്.	അരുളിച്ചെയ്തു.

ഇയമദ്യ നിശാ പൂർവ്വാ സൌമിത്രേ പ്രസ്ഥിതാ വനം
വനവാസസ്യ ഭദ്രം തേ ന ചോത്കണ്ഠിതുമർഹസി. 2

"സൌമിത്രേ!	"സൌമിത്രേ!	പ്രസ്ഥിതാ;	എത്തിക്കഴിഞ്ഞു;
വനം	വനവാസത്തിൽ	വനവാസസ്യ	വനവാസത്തിന്റെ
അദ്യ	ഇന്നത്തെ	ഭദ്രം	ചുമതല
ഇയം	ഈ	തേ ച;	നിന്നെച്ചേർന്നതുതന്നെ;
നിശാ	രാത്രി	ഉൽകണ്ഠിതും	ചഞ്ചലപ്പെടുവാൻ
പൂർവ്വാ	ഒന്നാമതായി	അർഹസി ന.	നിനക്കവകാശമില്ല.

പശ്യ ശൂന്യാന്യരണ്യാനി രുദന്തീവ സമന്തതഃ
യഥാനിലയമായദ്ഭിർന്നിലീനാനി മൃഗദ്വിജൈഃ 3

"അരണ്യാനി,	"കാട്ടുകൾ,	നിലീനാനി	ഒതുങ്ങപ്പെട്ടവയായി,
യഥാനിലയം	അതാതിന്റെ വാസസ്ഥലത്തെ	ഇവ	തീരെ
		ശൂന്യാനി	ഉപദ്രവമററവയായി,
ആയദ്ഭിഃ	പ്രാപിക്കുന്നവയായ	സമന്തതഃ	എങ്ങും
മൃഗദ്വിജൈഃ	മൃഗങ്ങളോടും പക്ഷികളോടുംകൂടി	രുദന്തി;	ശബ്ദത്തോടുകൂടിയതായിരിക്കുന്നു;
		പശ്യ.	നോക്കുക.

അദ്യായോദ്ധ്യാ തു നഗരീ രാജധാനീ പിതുർമ്മമ
സസ്ത്രീപുംസാഽഽഗതാനസ്മാൻ ശോചിഷ്യതി ന സംശയഃ. 4

"പിതുഃ	"പിതാവിന്റെ	ആഗതാൻ	ഇങ്ങെത്തിയ
രാജധാനീ	രാജധാനിയായ	അസ്മാൻ	നമ്മെക്കുറിച്ച്
അയോദ്ധ്യാ നഗരീ	അയോദ്ധ്യാപുരി	അദ്യ	ഇപ്പോൾ
		ശോചയിഷ്യതി;	ദുഃഖിച്ചുകൊണ്ടിരിക്കും;
സസ്ത്രീപുംസാ	സ്ത്രീപുരുഷന്മാരടക്കം	മമ സംശയഃ ന.	എനിക്ക് സംശയമില്ല.

അനുരക്താ ഹി മനുജാ രാജാനം ബഹുഭിർഗ്ഗുണൈഃ
ത്വാം ച മാം ച നരവ്യാഘ്ര ശത്രുഘ്നഭരതൌ തഥാ. 5

"നരവ്യാഘ്ര!	"പുരുഷോത്തമ!	ശത്രുഘ്ന- ഭരതൌ തഥാ	ഭരതശത്രുഘ്നന്മാരേയും
മനുജാഃ	ജനങ്ങൾ	ബഹുഭിഃ	വിശിഷ്ടങ്ങളായ
രാജാനം	രാജാവിനേയും	ഗുണൈഃ ഹി	നന്മകൾ കാരണം,
മാം ച	എന്നേയും	അനുരക്താഃ.	സ്നേഹിക്കുന്നു.
ത്വാം ച	നിന്നേയും		

പിതരം ചാനുശോചാമി മാതരം ച യശസ്വിനീം
അപി വാഽന്ധൌ ഭവേതാം തു രുദന്തൌ താവഭീക്ഷ്ണശഃ 6

"പിതരം ച	"പിതാവിനെക്കുറിച്ചും	രുദന്തൌ തു	രോദനം ചെയ്തുകൊണ്ടു തന്നെ വൎത്തിക്കുന്ന
യശസ്വിനീം	യശസ്വിനിയായ		
മാതരം ച	മാതാവിനെക്കുറിച്ചും	തൌ അപി	അവർ രണ്ടുപേരും
അനുശോചാമി;	ഞാൻ അനുതപിക്കുന്നു;	അന്ധൌ	അന്ധന്മാരായി
അഭീക്ഷ്ണശഃ	ഇടവിടാതെ	ഭവേതാം വാ?	തീൎന്നേക്കുമോ എന്നോ?

ഭരതഃ ഖലു ധൎമ്മാത്മാ പിതരം മാതരം ച മേ
ധൎമ്മാൎത്ഥകാമസഹിതൈർവ്വാക്യൈരാശ്വാസയിഷ്യതി. 7

"ഖലു!	"ഒരു സമാധാനമുണ്ട്!	ധൎമ്മാൎത്ഥ- കാമ- സഹിതൈഃ	ധൎമ്മം തന്നെയാണ് ഏററവും കാമ്യം എന്നു കാണിക്കുന്ന
ധൎമ്മാത്മാ	ധൎമ്മാത്മാവായ		
ഭരതഃ	ഭരതൻ	വാക്യൈഃ	സിദ്ധാന്തങ്ങൾകൊണ്ട്
പിതരം,	പിതാവിനെയും,	ആശ്വാസയി- ഷ്യതി.	സമാധാനിപ്പിക്കും.
മേ മാതരം ച	എന്റെ മാതാവിനേയും		

ഭരതസ്യാനൃശംസത്വം സംചിന്ത്യാഹം പുനഃ പുനഃ
നാനുശോചാമി പിതരം മാതരം ചാപി ലക്ഷ്മണ. 8

"ലക്ഷ്മണ!	"ലക്ഷ്മണ!	അഹം	ഞാൻ
ഭരതസ്യ	ഭരതന്റെ	പിതരം	പിതാവിനെക്കുറിച്ചും
ആനൃശംസത്വം	സൽഗുണത്തെ	മാതരം ച	മാതാവിനെക്കുറിച്ചും
പുനഃ പുനഃ	വീണ്ടും വീണ്ടും	അപി	ചിലസമയം
സംചിന്ത്യ,	ഓൎത്ത്,	അനുശോചാമി ന.	ദുഃഖത്തിന്നു വഴിപ്പെടാതിരിക്കുന്നുണ്ട്.

ത്വയാ കാൎയ്യം നരവ്യാഘ്ര മാമനുവ്രജതാ കൃതം
അന്വേഷ്ടവ്യാ ഹി വൈദേഹ്യാ രക്ഷണാൎത്ഥേ സഹായതാ. 9

"നരവ്യാഘ്ര!	"പുരുഷശ്രേഷ്ഠ!	ഹി	ആകയാൽ
വൈദേഹ്യാഃ	സീതയ്ക്കു	മാം	എന്നെ
രക്ഷണാൎത്ഥേ	യാതൊരുകേടും വരാതെ രക്ഷിക്കുന്നകാൎയ്യത്തിൽ	അനുവ്രജതാ	അനുഗമിച്ചവനായ
സഹായതാ	സഹായം	ത്വയാ	നിന്നാൽ,
അന്വേഷ്ടവ്യാ;	ആവശ്യമാണ്;	കാൎയ്യം	ചെയ്യപ്പെടേണ്ടതായ
		കൃതം.	കൃത്യമാകുന്നു ഇത്.

അദ്ഭിരേവ തു സൗമിത്രേ വത്സ്യാമ്യദ്യ നിശാമിമാം
ഏതദ്ധി രോചതേ മഹ്യം വന്യേƒപി വിവിധേ സതി. 10

"സൗമിത്രേ!	"ലക്ഷ്മണ!	അദ്ഭിഃ ഏവ	ജലപാനം മാത്രം ചെയ്തു
അദ്യ	ഇന്നത്തെ	വത്സ്യാമി;	ഞാൻ വസിപ്പാൻ പോകുന്നു;
ഇമാം	ഈ	ഏതത് ഹി	ഇതുതന്നെയാണ്
നിശാം തു,	രാത്രിമാത്രം,	മഹ്യം	എനിക്ക്
വിവിധേ	പലപല	രോചതേ."	നല്ലതെന്നു തോന്നുന്നത്."
വന്യേ	കായ്കനികൾ		
സതി അപി,	ഉണ്ടെന്നിരിക്കിലുംകൂടി,		

ഏവമുക്ത്വാ തു സൗമിത്രിം സുമന്ത്രമപി രാഘവഃ
അപ്രമത്തസ്ത്വമശ്വേഷു ഭവ സൗമ്യേത്യുവാച ഹ. 11

രാഘവഃ	ശ്രീരാഘവൻ	ഉവാച;	ആജ്ഞാപിച്ചു;
ഏവം	ഇപ്രകാരം	"സൗമ്യ!	"പ്രിയപ്പെട്ട സൂത!
സൗമിത്രിം	ലക്ഷ്മണനോടായി	ത്വം	അങ്ങ്
ഉക്ത്വാ തു,	അരുളിച്ചെയ്തു,	അശ്വേഷു	കുതിരകളുടെ കാൎയ്യത്തിൽ
സുമന്ത്രം അപി	സുമന്ത്രരേയും നോക്കി	അപ്രമത്തഃ	ജാഗ്രതയോടെ
ഇതി ഹ	ഇപ്രകാരവും	ഭവ."	വൎത്തിച്ചാലും."

സോऽശ്വാൻ സുമന്ത്രഃ സംയമ്യ സൂര്യേऽസ്തം സമുപാഗതേ
പ്രഭൂതയവസാൻ കൃത്വാ ബഭൂവ പ്രത്യനന്തരഃ 12

സൂര്യേ	സൂര്യൻ	സംയമ്യ,	തളച്ച്,
അസ്തം സമുപാഗതേ	അസ്തമിച്ചശേഷം	പ്രഭൂതയവസാൻ കൃത്വാ	ധാരാളം പുല്ലിട്ടുകൊടുത്ത്,
സഃ	ആ	പ്രത്യനന്തരഃ	മേൽ വേണ്ടകാര്യത്തെ നോക്കുന്നവനായി
സുമന്ത്രഃ,	സുമന്ത്രർ,		
അശ്വാൻ	കുതിരകളെ	ബഭൂവ.	വർത്തിച്ചു.

ഉപാസ്യ തു ശിവാം സന്ധ്യാം ദൃഷ്ട്വാ രാത്രിമുപാഗതാം
രാമസ്യ ശയനം ചക്രേ സൂതഃ സൌമിത്രിണാ സഹ. 13

സൂതഃ,	സുമന്ത്രർ,	തു	ഉടനെ
ശിവാം	ശോഭനമായ	രാമസ്യ	ശ്രീരാമന്ന്
സന്ധ്യാം	സന്ധ്യയെ	ശയനം	ശയനത്തെ,
ഉപാസ്യ,	ഉപാസിച്ചശേഷം,	സൌമിത്രിണാ സഹ	സൌമിത്രിയോടുംകൂടി
ഉപാഗതാം	സമീപിച്ച		
രാത്രിം ദൃഷ്ട്വാ,	രാത്രിയെ ഓർത്ത്,	ചക്രേ.	നിർമ്മിച്ചു.

താം ശയ്യാം തമസാതീരേ വീക്ഷ്യ വൃക്ഷദളൈഃ കൃതാം
രാമഃ സൌമിത്രിണാ സാർദ്ധം സഭാര്യഃ സംവിവേശ ഹ 14

രാമഃ,	ശ്രീരാമനും,	വൃക്ഷദളൈഃ	മരങ്ങളുടെ ഇലകൾ കൊണ്ട്
തമസാതീരേ	തമസാതീരത്തിൽ		
താം	ആ	കൃതാം	നിർമ്മിക്കപ്പെട്ടതായി
ശയ്യാം	ശയ്യയെ,	വീക്ഷ്യ,	കണ്ട്,
സൌമിത്രിണാ	സൌമിത്രിയോടു	സഭാര്യഃ	ഭാര്യാസമേതനായി
സാർദ്ധം	കൂടി,	സംവിവേശ.	ശയിച്ചു.

സഭാര്യം സംപ്രസുപ്തം തം ഭ്രാതരം പ്രേക്ഷ്യ ലക്ഷ്മണഃ
കഥയാമാസ സൂതായ രാമസ്യ വിവിധാൻ ഗുണാൻ. 15

ലക്ഷ്മണഃ	ലക്ഷ്മണൻ	വിവിധാൻ	പലപല
സഭാര്യം	ഭാര്യാസമേതനായി,	ഗുണാൻ	ശോഭനഗുണഗണങ്ങളെക്കുറിച്ച്
തം ഭ്രാതരം	ആ ജ്യേഷ്ഠനെ		
സംപ്രസുപ്തം	ഗാഢനിദ്രയിലാണ്ടവ[നായി]	സൂതായ	സുമന്ത്രരോട്
പ്രേക്ഷ്യ,	കണ്ട്,	കഥയാമാസ.	പറഞ്ഞ് സമയം പോക്കി.
രാമസ്യ	ശ്രീരാമന്റെ		

ജാഗ്രതോരേവ സാ രാത്രിസ്തയോഃ സൌമിത്രിസൂതയോഃ
ജഗാമ തമസാതീരേ രാമസ്യ ബ്രുവതോർഗ്ഗുണാൻ. 16

തമസാതീരേ	തമസാനദീതീരത്തിൽ	ജാഗ്രതോഃ	ഉറക്കമൊഴിച്ചുകൊണ്ടിരുന്നവരായ
രാമസ്യ	ശ്രീരാമന്റെ	തയോഃ	ആ
ഗുണാൻ ഏവ	ഗുണഗണങ്ങളെക്കുറിച്ചുതന്നെ	സൌമിത്രി-സൂതയോഃ	ലക്ഷ്മണസുമന്ത്രന്മാൎക്ക്
ബ്രുവതോഃ	പറഞ്ഞു കൊണ്ട്	സാ രാത്രിഃ	അന്നേ രാത്രി
		ജഗാമ.	കഴിഞ്ഞു കൂടി.

ഗോകുലാകുലതീരായാസ്തമസായാഽവിദൂരതഃ
അവസത് തത്ര താം രാത്രിം രാമഃ പ്രകൃതിഭിഃ സഹ. 17

രാമഃ,	ശ്രീരാമൻ,	അവിദൂരതഃ,	സമീപത്തിൽ,
തത്ര,	ഇപ്രകാരം,	താം രാത്രിം	അന്നെ രാത്രി
ഗോകുലാകുല-തീരായാഃ	ഗോശാലകൾ നിറഞ്ഞ തീരത്തോടു കൂടിയ	പ്രകൃതിഭിഃ സഹ	നഗരജനങ്ങളോടും കൂടി
തമസായാഃ	തമസാനദിയുടെ	അവസത്.	വാസം ചെയ്തു.

ഉത്ഥായ തു മഹാതേജാഃ പ്രകൃതീസ്താ നിശാമ്യ ച
അബ്രവീദ്ഭ്രാതരം രാമോ ലക്ഷ്മണം പുണ്യലക്ഷണം. 18

മഹാതേജാഃ	മഹാതേജസ്വിയായ	പുണ്യലക്ഷണം	പുണ്യകൎമ്മാവായ
രാമഃ	ശ്രീരാമൻ	ഭ്രാതരം	അനുജൻ
ഉത്ഥായ,	പള്ളിയുറക്കുണൎന്ന്,	ലക്ഷ്മണം	ലക്ഷ്മണനോടായി
താഃ	ആ	തു	ഇതിനെക്കുറിച്ചിപ്രകാരം
പ്രകൃതീഃ ച	നഗരജനങ്ങളെക്കുറിച്ചു	അബ്രവീത്.	അരുളിച്ചെയ്തു.
നിശാമ്യ,	ദീൎഘാലോചന ചെയ്ത ശേഷം,		

അസ്മദ്വ്യപേക്ഷാൻ സൌമിത്രേ നിരപേക്ഷാൻ ഗൃഹേഷ്വപി
വൃക്ഷമൂലേഷു സംസുപ്താൻ പശ്യ ലക്ഷ്മണ സാംപ്രതം. 19

" സൌമിത്രേ!	" സുമിത്രാനന്ദനനായ	നിരപേക്ഷാൻ,	ആഗ്രഹം വെടിഞ്ഞവരായി,
ലക്ഷ്മണ!	ലക്ഷ്മണ!	വൃക്ഷമൂലേഷു	മരച്ചുവടുകളിൽ
അസ്മദ്വ്യ-പേക്ഷാൻ	നമ്മെക്കുറിച്ച് അതിപ്രീതിപൂണ്ടവരായി	സംസുപ്താൻ	ഗാഢനിദ്രചെയ്യുന്നവരായ
സാംപ്രതം	ഇപ്പോൾ	ഇമാൻ	ഇവരെ
ഗൃഹേഷു	ഗൃഹസ്ഥന്മാൎക്കുള്ള സ്ത്രീ, ധനം, ഇത്യാദികളിൽ	പശ്യ.	കണ്ടാലും.

യഥൈതേ നിയമം പൌരാഃ കുൎവ്വന്ത്യസ്മന്നിവൎത്തനേ
അപി പ്രാണാനസിഷ്യന്തി ന തു ത്യക്ഷ്യന്തി നിശ്ചയം. 20

"ഏതേ പൌരാഃ,	" ഈ പൌരന്മാർ,	യഥാ തു	അതിന്നെന്നുവെച്ചാൽ
അസ്മന്നി-വൎത്തനേ	നമ്മെതിരിയെക്കൂട്ടിക്കൊണ്ടുപോകുന്ന കാൎയ്യത്തിൽ	പ്രാണാൻ അപി	പ്രാണങ്ങളേയുംകൂടി
നിയമം കുൎവ്വന്തി;	ദീക്ഷിച്ചിരിക്കയാണ്;	അസിഷ്യന്തി;	വിലവെക്കുകയില്ല;
		നിശ്ചയം	തങ്ങടെ സങ്കല്പത്തെ
		ത്യക്ഷ്യന്തി ന.	ത്യജിക്കുകയില്ല.

യാവദേവ തു സംസുപ്താസ്താവദേവ വയം ലഘു
രഥമാരുഹ്യ ഗച്ഛാമ പന്ഥാനമകുതോഭയം. 21

"സംസുപ്താഃ	"ഗാഢനിദ്രപൂണ്ടവരായി
യാവത്- താവത് ഏവ	ഇരിക്കുന്ന സമയത്തിൽ തന്നെ
വയം	നാം
രഥം	രഥത്തിൽ
തു	ഉടനെ
ആരുഹ്യ,	കയറിക്കൊണ്ട്,
ലഘു	വേഗത്തിൽ
അകുതോഭയം ഏവ	തടസ്ഥമില്ലാതെ തന്നെ
പന്ഥാനം	ദൂരസ്ഥലത്തിലേക്ക്
ഗച്ഛാമ.	പൊയ്ക്കൊള്ളുക.

അതോ ഭൂയോऽപി നേദാനീമിക്ഷ്വാകുപുരവാസിനഃ
സ്വപേയുരനുരക്താ മാം വൃക്ഷമൂലാനി സംശ്രിതാഃ. 22

"ഇക്ഷ്വാകു-പുരവാസിനഃ	"അയോദ്ധ്യാപുരവാസികൾ
മാം	എന്റെ പേരിൽ
അനുരക്താഃ	അതിസ്നേഹം പൂണ്ടവരായി,
ഇദാനീം	ഇപ്പോൾ
വൃക്ഷമൂലാനി സംശ്രിതാഃ;	തരുമൂലങ്ങളിൽ കിടന്നുറങ്ങുന്നു;
അതഃ	ഇനി
ഭൂയഃ അപി	അധികനേരമൊന്നും
സ്വപേയുഃ ന.	ഉറങ്ങുകയില്ല.

പൌരാ ഹ്യാത്മകൃതാദ്ദുഃഖാത് വിപ്രമോക്ഷ്യാ നൃപാത്മജൈഃ
ന തേ ഖല്വാത്മനാ യോജ്യാ ദുഃഖേന പുരവാസിനഃ. 23

"ആത്മകൃതാത്	"തങ്ങൾക്കുവേണ്ടി നേന്നിരിക്കുന്ന
ദുഃഖാത്	ദുഃഖത്തിൽനിന്ന്
നൃപാത്മജൈഃ ഹി,	രാജകുമാരന്മാരാൽ തന്നെ
പൌരാഃ	പൌരജനങ്ങൾ
വിപ്രമോക്ഷ്യാഃ;	നിവൃത്തിയാക്കപ്പെടേണ്ടതാണ്;
പുരവാസിനഃ	പുരവാസികളായ
തേ	അവർ,
ആത്മനാ	നമ്മുടെ
ദുഃഖേന	ദുഃഖത്തോടുകൂടി,
ഖലു,	ഒട്ടും
യോജ്യാഃ ന."	ചേന്നനുഭവിക്കുന്നവരാകുവാൻ ഇടകൊടുത്തുപോകരുത്."

അബ്രവീല്ലക്ഷ്മണോ രാമം സാക്ഷാദ്ധമ്മമിവ സ്ഥിതം
രോചതേ മേ മഹാപ്രാജ്ഞ ക്ഷിപ്രമാരുഹ്യതാമിതി. 24

ലക്ഷ്മണഃ	ലക്ഷ്മണൻ,
സാക്ഷാത്	സാക്ഷാൽ
സ്ഥിതം	മൂൎത്തീകരിച്ച
ധമ്മം ഇവ	ധമ്മമായ
രാമം,	ശ്രീരാമനോടായി
ഇതി	ഇപ്രകാരം
അബ്രവീത്;	ഉണൎത്തിച്ചു;
"മഹാപ്രാജ്ഞ!	"എല്ലാമറിഞ്ഞുള്ളോവേ!
മേ	എനിക്ക്
രോചതേ;	ശരിയാണെന്നുതന്നെ തോന്നുന്നു;
ക്ഷിപ്രം ആരുഹ്യതാം."	വേഗം കയറിപ്പോവുക."

അഥ രാമോഽബ്രവീച്ഛ്രീമാൻ സുമന്ത്രം യുജ്യതാം രഥഃ
ഗമിഷ്യാമി തതോഽരണ്യം ഗച്ഛ ശീഘ്രമിതി പ്രഭുഃ. 25

തതഃ	അതിൽപിന്നെ	അബ്രവീത് ;	അരുളിച്ചെയ്തു ;
ശ്രീമാൻ	ശ്രീമാനും	“ അരണ്യം	“ വനത്തിലേക്ക്
പ്രഭുഃ	പ്രഭുവും ആയ	ശീഘ്രം	ഇപ്പോൾതന്നെ
രാമഃ,	ശ്രീരാമൻ,	ഗമിഷ്യാമി ;	ഞാൻ പുറപ്പെടുകയാണ് ;
സുമന്ത്രം	സുമന്ത്രനോടായി	രഥഃ	തേർ
അഥ	ഉടനെ	യുജ്യതാം	തയ്യാറാക്കപ്പെടട്ടെ ;
ഇതി	ഇപ്രകാരം	ഗച്ഛ.”	പോയ്വരിക.”

സൂതസ്തതഃ സന്ത്വരിതഃ സ്യന്ദനം തൈർഹയോത്തമൈഃ
യോജയിത്വാഽഥ രാമായ പ്രാഞ്ജലിഃ പ്രത്യവേദയത്. 26

തതഃ	അപ്പോൾ,	യോജയിത്വാ,	സജ്ജമാക്കി,
സന്ത്വരിതഃ	കാലതാമസമെന്നിയെ	രാമായ	ശ്രീരാമനെനോക്കി
സൂതഃ	സൂതൻ,	പ്രാഞ്ജലിഃ	തൊഴുതുകൊണ്ട്
സ്യന്ദനം	രഥത്തെ	അഥ	ഇങ്ങിനെ
തൈഃ	ആ	പ്രത്യവേദയത്.	ഉണർത്തിച്ചു.
ഹയോത്തമൈഃ	ഉത്തമങ്ങളായ കുതിരകളോടുകൂടി		

അയം യുക്തോ മഹാബാഹോ രഥസ്തേ രഥിനാം വര
ത്വമാരോഹ സുഭദ്രം തേ സസീതഃ സഹലക്ഷ്മണഃ. 27

“ രഥിനാം വര !	“ മഹാരഥനായുള്ളോവേ !	ത്വം	അവിടുന്ന്
മഹാബാഹോ !	മഹാബാഹുവായുള്ളോവേ !	സസീതഃ	സീതാസമേതനായി
തേ	നിന്തിരുവടിയുടെ	സഹലക്ഷ്മണഃ	ലക്ഷ്മണനോടുംകൂടി
രഥഃ	രഥം	ആരോഹ ;	ആരോഹണം ചെയ്താലും ;
അയം	ഇതാ	തേ സുഭദ്രം !”	നിന്തിരുവടിയുടെ തിരുവുള്ളംപോലെ എല്ലാം ഭവിക്കട്ടെ !”
യുക്തഃ ;	തയ്യാറായിരിക്കുന്നു ;		

തം സ്യന്ദനമധിഷ്ഠായ രാഘവഃ സപരിച്ഛദഃ
ശീഘ്രഗാമാകുലാവർത്താം തമസാമതരന്നദീം. 28

രാഘവഃ	ശ്രീരാഘവൻ	ശീഘ്രഗാം	ഒഴുക്കേറിയതും
സപരിച്ഛദഃ	സീതാലക്ഷ്മണ സഹിതനായി	ആകുലാവർത്താം	നീർച്ചുഴികളാർന്നതും ആയ
തം	ആ	തമസാം നദീം	തമസാ നദിയെ
സ്യന്ദനം	തേരിൽ	അതരത്.	കടന്ന് അക്കരപററി.
അധിഷ്ഠായ,	കയറി,		

സ സംതീര്യ്യ മഹാബാഹുഃ ശ്രീമാഞ്ഛിവമകണ്ടകം
പ്രാപദ്യത മഹാമാര്ഗ്ഗമഭയം ഭയദർശിനാം. 29

ശ്രീമാൻ	ശ്രീമാനും	ശിവം,	നന്മയെവിളയിക്കുന്നതും,
മഹാബാഹുഃ	മഹാബാഹുവുമായ	അഭയം	അഭയമായ് വിളങ്ങുന്നതും,
സഃ,	അദ്ദേഹം,		
സംതീര്യ്യ,	രഥത്തിൽനിന്നു താഴെട്ടിറങ്ങി,	അകണ്ടകം	തത്കാലകഷ്ടങ്ങൾക്ക് നിവൃത്തിയായുള്ളതും ആയ
ഭയദർശിനാം	തനിക്കു ദുഃഖത്തെയുണ്ടാക്കിക്കൊണ്ടിരുന്ന ആ പുരജനങ്ങൾക്ക്	മഹാമാർഗ്ഗം	ഒരു നല്ല ഉപായത്തെ
		പ്രാപദ്യത.	ആലോചിച്ചുറച്ചു.

മോഹനാർത്ഥം തു പൌരാണാം സൂതം രാമോഽബ്രവീദ്വചഃ
ഉദങ്മുഖഃ പ്രയാഹി ത്വം രഥമാസ്ഥായ സാരഥേ. 30

രാമഃ	ശ്രീരാമൻ,	അബ്രവീത് ;	അരുളിച്ചെയ്തു ;
പൌരാണാം	പൌരന്മാൎക്ക്,	" സാരഥേ!	" സൂത !
മോഹനാർത്ഥം തു	തങ്ങൾ പോയവഴിയറിയാതിരിപ്പാനായി,	ത്വം	അങ്ങ്
		രഥം ആസ്ഥായ	തേരിനെ നടത്തിക്കൊണ്ട്
സൂതം	സൂതനോടായി	ഉദങ്മുഖഃ	വടക്കമുഖമായി
വചഃ	ഇപ്രകാരം വാക്യത്തെ	പ്രയാഹി.	ചെല്ലുക.

[വടക്കോട്ട് തേരിനെ കൊണ്ടുപോയാൽ ശ്രീരാമൻ അയോദ്ധ്യക്ക് മടങ്ങിയെന്നു പുരജനങ്ങൾ വിചാരിക്കും എന്നു ഭാവം. അയോദ്ധ്യാഭിമുഖമായി താൻ പോകുന്നത് ശരിയല്ലാത്തതുകൊണ്ട് രഥത്തിൽനിന്നിറങ്ങിനിന്നു. എന്ന് ഗൊ. രാ.]

മുഹൂർത്തം ത്വരിതം ഗത്വാ നിവർത്തയ രഥം പുനഃ
യഥാ ന വിദ്യുഃ പൌരാ മാം തഥാ കുരു സമാഹിതഃ. 31

" മുഹൂർത്തം	" രണ്ടുനാഴികനേരം	പൌരാഃ	പൌരന്മാർ
ത്വരിതം	വേഗത്തിൽ	വിദ്യുഃ ന.	(കുളമ്പടികൾ) കാണാതിരിക്കയും വേണം.
ഗത്വാ	ചെന്നശേഷം,		
രഥം	തേരിനെ	മാം സമാഹിതഃ	ഞാൻപറഞ്ഞതോർത്ത്
പുനഃ	വീണ്ടും	യഥാ തഥാ	അപ്രകാരം ആകുമാറ്
നിവർത്തയ ;	തിരിച്ചുകൊണ്ടുവരിക ;	കുരു. "	അങ്ങ് വേണ്ടതുക്കത് ചെയ്യുക. "

രാമസ്യ തു വചഃ ശ്രുത്വാ തഥാ ചക്രേ സ സാരഥിഃ
പ്രത്യാഗമ്യ ച രാമസ്യ സ്യന്ദനം പ്രത്യവേദയത്. 32

സാരഥിഃ,	സാരഥി,	പ്രത്യാഗമ്യ,	തിരിച്ചുവന്ന്,
രാമസ്യ	ശ്രീരാമന്റെ	സ്യന്ദനം	തേരിനെ
വചഃ ശ്രുത്വാ,	കല്പനകേട്ട്,	തു	വീണ്ടും
തഥാ ച	അപ്രകാരംതന്നെ	രാമസ്യ	ശ്രീരാമന്റെ
ചക്രേ ;	ചെയ്തു;	പ്രത്യവേദയത്.	മുമ്പിൽകൊണ്ടുവന്നുനിൎത്തി
സഃ	അദ്ദേഹം		

തൌ സംപ്രയുക്തം തു രഥം സമാസ്ഥിതൌ
തദാ സസീതൌ രഘുവംശവർദ്ധനൌ
പ്രചോദയാമാസ തതസ്തുരംഗമാൻ
സ സാരഥിർയ്യേന പഥാ തപോവനം. 33

തദാ	ആ സമയം
തൌ	ആ രണ്ടു
രഘുവംശ- വർദ്ധനൌ തു,	രഘുകുലതിലകന്മാരും,
സംപ്രയുക്തം	തയ്യാറായിനിന്ന
രഥം	തേരിൽ
സസീതൌ	സീതാദേവിയോടുംകൂടി
സമാസ്ഥിതൌ;	കയറിയിരുന്നു;

തതഃ	അനന്തരം
സഃ	ആ
സാരഥിഃ,	സാരഥി,
തപോവനം	തപോവനത്തിലേക്ക്
പഥാ യേന	പോകുന്നമാർഗ്ഗമായതു കൊണ്ട്,
തുരംഗമാൻ	കുതിരകളെ
പ്രചോദയാമാസ.	ഉത്സാഹപ്പെടുത്തി.

തതഃ സമാസ്ഥായ രഥം മഹാരഥഃ
സസാരഥിർദ്ദാശരഥിർവ്വനം യയൌ
ഉദങ്മുഖം തം തു രഥം ചകാര സഃ
പ്രയാണമാംഗല്യനിമിത്തദർശനാത്. 34

മഹാരഥഃ	മഹാരഥനായ
ദാശരഥിഃ	ശ്രീരാമൻ
രഥം	രഥത്തിൽ
സമാസ്ഥായ,	കയറിക്കൊണ്ട്,
തതഃ	പിന്നെ,
പ്രയാണ- മാംഗല്യ- നിമിത്ത- ദർശനാത്	യാത്രയിൽ നന്മ ചേർക്കുന്നതായ ധർമ്മവിധിയെന്ന കാരണം കൊണ്ട്,

ഉദങ്മുഖം ചകാര;	ഉത്തരദിക്കുനോക്കി പോകുവാനായി കല്പിച്ചു;
സഃ	അദ്ദേഹം
തം	ആ
രഥം	രഥത്തിൽ
സസാരഥിഃ തു	സുമന്ത്രസഹിതനായ്ത്തന്നെ
വനം	വനത്തിലേയ്ക്കു
യയൌ.	പുറപ്പെട്ടു.

[“തസ്മാദുത്തരതോഽഭിപ്രയായീ ജയതി” (ഉത്തരദിക്കുനോക്കി യാത്രചെയ്യുന്നവൻ വിജയിയായി ഭവിക്കുന്നു) എന്ന് തൈത്തരീയശ്രുതി. ഭാരതം ഉദ്യോഗപർവ്വത്തിൽ നാരദൻ ഗാലവനോടു, “യസ്മാദുത്തീര്യ്യതേ പാപാദ്യസ്മാന്നിഃശ്രേയസം ചരേത്; തസ്മാദുത്താരണഫലാദുത്തരേത്യുച്യതേ ബുധൈഃ” എന്നു ഉത്തരദിക്കിന്റെ വൈശിഷ്ട്യത്തെപ്പററി പറയുന്നു; വനപർവ്വത്തിൽ വനവാസത്തിന്നു പുറപ്പെട്ടവരായ പാണ്ഡവന്മാരും ഉത്തരാഭിമുഖമായി യാത്രചെയ്തതായ്ത്തന്നെ പറയപ്പെട്ടിരിക്കുന്നു; “വർദ്ധമാനപുരദ്വാരേണാഭിനിഷ്ക്രമ്യ തേ തദാ; ഉദങ്മുഖാഃ ശസ്ത്രഭൃതഃ പ്രയയുഃ സഹകൃഷ്ണയാ.”]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഷട്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്താറാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 4229; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1874.

സപ്തചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തേഴാംസൎഗ്ഗം

[പൌരനിവൃത്തിഃ = പൌരന്മാർ മടങ്ങുന്നത്.]

പ്രഭാതായാം തു ശൎവ്വൎയ്യാം പൌരാസ്തേ രാഘവം വിനാ
ശോകോപഹതനിശ്ചേഷ്ടാ ബഭൂവുൎഗ്ഗതചേതസഃ. 1

തേ	അ	ശോകോപഹതനിശ്ചേഷ്ടാഃ	ദുഃഖത്താലൊന്നും ചെയ്യാനറിയാത്തവരായി
പൌരാഃ	നഗരവാസികൾ		
ശൎവ്വൎയ്യാം	രാത്രി		
പ്രഭാതായാം തു	പുലൎന്നുടനെ	ഗതചേതസഃ	മനസ്സുമുട്ടിയവരായി
രാഘവം വിനാ	ശ്രീരാമനെകാണാതെ	ബഭൂവുഃ.	ഭവിച്ചു.

ശോകജാശ്രുപരിദ്യൂനാ വീക്ഷമാണാസ്തതസ്തതഃ
ആലോകമപി രാമസ്യ ന പശ്യന്തി സ്മ ദുഃഖിതാഃ. 2

തതഃ	അവിടെ	തതഃ	അതിനാൽ
വീക്ഷമാണാഃ,	തിരയുന്നവരായി,	ശോകജാശ്രുപരിദ്യൂനാഃ	ദുഃഖംകൊണ്ടുള്ള കണ്ണീർ വാൎത്തുകൊണ്ട് വാടിയവരായി
രാമസ്യ	ശ്രീരാമന്റെ		
ആലോകം അപി	യാതൊരു അടയാളവും		
പശ്യന്തി സ്മ ന;	കണ്ടുകിട്ടിയില്ല;	ദുഃഖിതാഃ.	വിവശതപൂണ്ടു.

തേ വിഷാദാൎത്തവദനാ രഹിതാസ്തേന ധീമതാ
കൃപണാഃ കരുണാ വാചോ വദന്തി സ്മ മനസ്വിനഃ. 3

ധീമതാ	ധീമാനായ	കൃപണാഃ	ചെയ്യേണ്ടതെന്തെന്നറിയാത്തവരായി
തേന	അദ്ദേഹത്താൽ		
രഹിതാഃ	കൈവെടിയപ്പെട്ടവരാ[യ	കരുണാഃ	മനസ്താപത്തെ പ്രദൎശിപ്പിക്കുന്ന
തേ	അ		
മനസ്വിനഃ,	പുണ്യശാലികൾ,		
വിഷാദാൎത്തവദനാഃ	ഇച്ഛാഭംഗംമൂലം വാടിയ വദനത്തോടുകൂടിയവരായി	വാചഃ	വാക്കുകളെ
		വദന്തി സ്മ.	അന്യോന്യം ഉരചെയ്തു.

ധിഗസ്തു ഖലു നിദ്രാം താം യയാപഹൃതചേതസഃ
നാദ്യ പശ്യാമഹേ രാമം പൃഥൂരസ്കം മഹാഭുജം. 4

"യയാ	"യാതൊന്നിനാൽ	മഹാഭുജം	മഹാബാഹുവും ആയ
അപഹൃതചേതസഃ	ഓൎമ്മയററവരായ്ത്തീൎന്ന നാം,	രാമം	ശ്രീരാമനെ
		പശ്യാമഹേ ന	കാണാതിരിക്കുന്നുവോ,
അദ്യ	ഇപ്പോൾ	ഖലു,	ഇക്കാരണത്താൽ,
പൃഥൂരസ്കം	വിരിഞ്ഞമാറോടുകൂടിയവനും	താം നിദ്രാം	ആ നിദ്രയെ
		ധിക് അസ്തു.	നിന്ദിക്കേണ്ടതുതന്നെ.

കഥം നാമ മഹാബാഹുഃ സ തഥാഽവിതഥക്രിയഃ
ഭക്തം ജനമഭിത്യജ്യ പ്രവാസം രാഘവോ ഗതഃ. 5

"അവിതഥക്രിയഃ	"ആശ്രയിക്കുന്നവരെ വെടിയുകയില്ലെന്ന സങ്കല്പത്തോടുകൂടിയ	ഭക്തം	ഭക്തികൊണ്ട് ആശ്രയിച്ചവരായ
		ജനം	ഈ ജനത്തെ
മഹാബാഹുഃ	ശ്രീമഹാവിഷ്ണുവായ	അഭിത്യജ്യ	വെടിഞ്ഞു്,
സഃ	ആ,	പ്രവാസം	ദൂരദേശവാസത്തെ
രാഘവഃ,	ശ്രീരാമൻ,	ഗതഃ	കയ്ക്കൊണ്ടത്
തഥാ	അപ്രകാരം	കഥം നാമ ?	എങ്ങിനെ ?

യോ നഃ സദാ പാലയതി പിതാ പുത്രാനിവൌരസാൻ
കഥം രഘൂണാം സ ജ്യേഷ്ഠസ്ത്യക്ത്വാ നോ വിപിനം ഗതഃ. 6

"രഘൂണാം	"രഘുക്കളിൽവെച്ച്	ഇവ,	എന്നവണ്ണം,
ജ്യേഷ്ഠഃ	ഉത്തമനായി	പാലയതി,	പരിപാലിച്ചുവന്നുവോ,
യഃ	യാതൊരുവൻ	സഃ	അദ്ദേഹം
നഃ	നമ്മെ	നഃ	നമ്മെ
സദാ	ഇതുവരെ എല്ലാ	ത്യക്ത്വാ	കൈവെടിഞ്ഞ്
പിതാ	പിതാവ് [യ്പോഴും	വിപിനം	വനത്തിലേക്ക്
ഔരസാൻ	സ്വന്തം	ഗതഃ	എഴുന്നെള്ളി എന്നത്
പുത്രാൻ	പുത്രന്മാരെ	കഥം ?	എങ്ങിനെ ന്യായമാകും?

ഇഹൈവ നിധനം യാമോ മഹാപ്രസ്ഥാനമേവ വാ
രാമേണ രഹിതാനാം ഹി കിമൎത്ഥം ജീവിതം ഹി നഃ. 7

"ഇഹ ഏവ	"ഇവിടെത്തന്നെ	യാമഃ ;	നാം കയ്ക്കൊള്ളുക ;
നിധനം	പ്രായോപവേശത്താൽ മരണത്തേയോ,	ഹി	എന്തെന്നാൽ
		രാമേണ ഹി	ശ്രീരാമനാൽതന്നെ
മഹാപ്രസ്ഥാനം ഏവ വാ	ആഹാരമില്ലാതെ മരിക്കുന്നതുവരെ വടക്കുദിക്കുനോക്കി നടക്കുക എന്ന മഹാപ്രസ്ഥാനത്തെയോ	രഹിതാനാം	ഉപേക്ഷിക്കപ്പെട്ട
		നഃ	നമുക്ക്
		ജീവിതം	ജീവിച്ചിരിക്കുക എന്നത്
		കിമൎത്ഥം ?	എന്തിന്ന് ?

സന്തി ശുഷ്കാണി കാഷ്ഠാനി പ്രഭൂതാനി മഹാന്തി ച
തൈഃ പ്രജ്വാല്യ ചിതാം സൎവ്വേ പ്രവിശാമോഽഥ പാവകം. 8

"ശുഷ്കാണി	"ഉണങ്ങിയ	ചിതാം	ചിതയുണ്ടാക്കി
കാഷ്ഠാനി	വിറകുകൾ	പാവകം	അഗ്നിയെ
മഹാന്തി	വലുതായും	പ്രജ്വാല്യ	ഉജ്ജ്വലിപ്പിച്ച്,
പ്രഭൂതാനി ച	ധാരാളത്തിലും	അഥ	ഇപ്പോൾതന്നെ
സന്തി ;	ഉണ്ട് ;	സൎവ്വേ	നാമെല്ലാരും,
തൈഃ	അവകൊണ്ട്	പ്രവിശാമഃ.	വീണു മരിച്ചുകളയുക.

കിം വക്ഷ്യാമോ മഹാബാഹുരനസൂയഃ പ്രിയംവദഃ
നീതഃ സ രാഘവോऽസ്മാഭിരിതി വക്തും കഥം ക്ഷമം. 9

'' രാഘവഃ	" ' ശ്രീരാഘവൻ	നീതഃ,'	കുറെദൂരം കൂടെചെന്ന് യാത്ര അയക്കപ്പെട്ടു,'
മഹാബാഹുഃ ;	ആജാനുബാഹു ;		
അനസൂയഃ ;	ദോഷരഹിതൻ ;	ഇതി	എന്ന്
പ്രിയം വദഃ ;	ആക്കും പ്രിയമാംവണ്ണം വദിക്കുന്നവൻ ;	വക്തും	(മടങ്ങിച്ചെന്ന്) പറയുന്നത്
അസ്മാഭിഃ	ഞങ്ങളാൽ	കഥം ക്ഷമം ?	എങ്ങിനെ യുക്തമാകും?
സഃ	അദ്ദേഹം	കിം വക്ഷ്യാമഃ ?	നാമെന്തുപറയും ?

സാ നൂനം നഗരീ ദീനാ ദൃഷ്ട്വാऽസ്മാൻ രാഘവം വിനാ
ഭവിഷ്യതി നിരാനന്ദാ സസ്ത്രീബാലവയോധികാ. 10

" സാ	" ആ	ദീനാ	അത്തലാന്ന
നഗരീ,	നഗരം,	സസ്ത്രീബാലവയോധികാ	സ്ത്രീബാലവൃദ്ധജനങ്ങളോടുകൂടിയതായി
രാഘവം വിനാ	ശ്രീരാമനില്ലാതെ		
അസ്മാൻ	നമ്മളെ	നിരാനന്ദാ	ജീവിതത്തിൽ ആഗ്രഹ
ദൃഷ്ട്വാ നൂനം	കണ്ട ഉടനെതന്നെ	ഭവിഷ്യതി.	തീരും. [മററതായി

നിര്യാതാസ്തേന വീരേണ സഹ നിത്യം ധൃതാത്മനാ
വിഹീനാസ്തേന ച പുനഃ കഥം ദ്രക്ഷ്യാമ താം പുരീം. 11

നിത്യം	എല്ലായ്പോഴും	തേന ച	അദ്ദേഹത്തോടും
ധൃതാത്മനാ	ചിത്തത്തേയും ഇന്ദ്രിയങ്ങളേയും ജയിച്ച	വിഹീനാഃ,	കൂടാതെ,
		താം പുരീം	ആ നഗരത്തെ
വീരേണ	ധർമ്മവീരനായ	പുനഃ	വീണ്ടും
തേന സഹ	അദ്ദേഹത്തോടുകൂടി	കഥം	എങ്ങിനെ
നിര്യാതാഃ	യാത്രപോന്ന നാം	ദ്രക്ഷ്യാമഃ ? "	കണ്ടുകൊണ്ടിരിക്കും ? "

ഇതീവ ബഹുധാ വാചോ ബാഹുമുദ്യമ്യ തേ ജനാഃ
വിലപന്തി സ്മ ദുഃഖാർത്താ വിവത്സാ ഇവ ധേനവഃ. 12

തേ	ആ	ബാഹും	കൈ
ജനാഃ	ജനങ്ങൾ,	ഉദ്യമ്യ	തിരുമ്മിക്കൊണ്ട്,
വിവത്സാഃ	കുട്ടികളില്ലാത്ത	ഇതി	ഇപ്രകാരം
ധേനവഃ ഇവ	പശുക്കളെന്നപോലെ,	ബഹുധാ ഇവ	ഇനിയും പലവാറായും,
ദുഃഖാർത്താഃ	ദുഃഖത്താൽ പീഡിക്കപ്പെട്ടവരായി,	വാചഃ	വാക്കുകളെ
		വിലപന്തി സ്മ.	മുറയിട്ടു.

തതോ മാർഗ്ഗാനുസാരേണ ഗത്വാ കിഞ്ചിത് ക്ഷണം പുനഃ
മാർഗ്ഗനാശാദ്വിഷാദേന മഹതാ സമഭിപ്ലുതാഃ. 13

പുനഃ	ഈ സ്ഥിതിയിൽ,
ക്ഷണാൽ	ഒരു സമയത്തിൽ
മാർഗ്ഗാനുസാരേണ	(കുതിരകളുടെ) കുളമ്പടി വഴിക്ക്
തതഃ	അതിനെത്തന്നെ തുടൎന്ന്
കിംചിത്	അല്പം
ഗത്വാ,	ചെന്ന്,
മാർഗ്ഗനാശാത്	ചുവടൊന്നും കാണായ്കയാൽ
മഹതാ	അസഹ്യമായ
വിഷാദേന	ദുഃഖത്താൽ
സമഭിപ്ലുതാഃ.	പരിഭൂതന്മാരാക്കപ്പെട്ടു.

രഥസ്യ മാർഗ്ഗനാശേന ന്യവർത്തന്ത മനസ്വിനഃ
കിമിദം കിം കരിഷ്യാമോ ദൈവേനോപഹതാ ഇതി. 14

മനസ്വിനഃ,	പുണ്യാത്മാക്കളായ അവർ,
രഥസ്യ	രഥത്തിന്റെ
മാർഗ്ഗനാശേന,	ചുവടു കാണായ്കകൊണ്ട്
"കിം ഇദം?	"ഇതെന്താണ്?
ദൈവേന	വിധിവശാൽ
ഉപഹതാഃ	കഷ്ടത്തിലകപ്പെട്ടവരായ നാം
കിം	എന്തു
കരിഷ്യാമഃ!"	ചെയ്യും!"
ഇതി	എന്നു പറഞ്ഞുകൊണ്ട്
ന്യവർത്തന്ത.	ചെന്നവഴിക്കുതന്നെ മടങ്ങി.

തതോ യഥാഗതേനൈവ മാർഗ്ഗേണ ക്ലാന്തചേതസഃ
അയോദ്ധ്യാമഗമൻ സർവ്വേ പുരീം വ്യഥിതസജ്ജനാം. 15

സർവ്വേ	എല്ലാവരും
ക്ലാന്തചേതസഃ,	ചിത്തം തളർന്നവരായി,
യഥാഗതേന	വന്നതായ യാതൊരു
ഏവ	അതേ
മാർഗ്ഗേണ,	വഴിയായി,
തതഃ	ആ സമയം
വ്യഥിതസജ്ജനാം	മാഴ്കുന്നവരായ സജ്ജനങ്ങളോടുകൂടിയ
അയോദ്ധ്യാം പുരീം	അയോദ്ധ്യാപുരിക്ക്
അഗമൻ.	വന്നുചേർന്നു.

ആലോക്യ നഗരീം താം ച ക്ഷയവ്യാകുലമാനസാഃ
അവർത്തയന്ത തേഽശ്രൂണി നയനൈഃ ശോകപീഡിതൈഃ. 16

തേ,	അവർ,
ക്ഷയവ്യാകുലമാനസാഃ ച	തങ്ങൾക്കുണ്ടായ ഉടവുകൊണ്ട് അവശമായ ചിത്തത്തോടുകൂടിയവരായി,
താം	ആ
നഗരീം	നഗരത്തെ
ആലോക്യ,	നോക്കി,
ശോകപീഡിതൈഃ	ദുഃഖംമൂലം തിരുമ്മിക്കലങ്ങിയ
നയനൈഃ	നേത്രങ്ങളാൽ
അശ്രൂണി	അശ്രുക്കളെ
അവർത്തയന്ത.	വാർത്തു.

["ക്ഷയം" (ഹർഷക്ഷയം) എന്നു തിലകം.]

ഏഷാ രാമേണ നഗരീ രഹിതാ നാതിശോഭതേ
ആപഗാ ഗരുഡേനേവ ഹ്രദാദുദ്ധൃതപന്നഗാ. 17

രാമേണ രഹിതാ	ശ്രീരാമനില്ലാത്ത
ഏഷാ	ആ
നഗരീ,	പട്ടണം,
ഗരുഡേന	ഗരുഡനാൽ
ഹ്രദാത്	പോട്ടിൽനിന്ന്
ഉദ്ധൃതപന്നഗാ	എടുത്തുകൊണ്ടുപോകപ്പെട്ട പാമ്പോടുകൂടിയ
ആപഗാ ഇവ	നദി എന്നപോലെ
അതിശോഭതേ ന.	നിശ്ശബ്ദമായ് കാണപ്പെട്ടു.

ചന്ദ്രഹീനമിവാകാശം തോയഹീനമിവാർണ്ണവം
അപശ്യന്നിഹതാനന്ദം നഗരം തേ വിചേതസഃ. 18

വിചേതസഃ	മനസ്സുമുട്ടിയിരുന്നവരായ	ആകാശം ഇവ,	ആകാശംപോലെയിരിക്കുന്നതായും,
തേ,	അവർ,	തോയഹീനം	വെള്ളമില്ലാത്ത
നഗരം	പട്ടണത്തെ	അർണ്ണവം ഇവ	കടൽപോലെയിരിക്കുന്നതായും
നിഹതാനന്ദം,	ഉത്സാഹമററിരിക്കുന്നതായും,	അപശ്യൻ.	കണ്ടു.
ചന്ദ്രഹീനം	ചന്ദ്രനില്ലാത്ത		

തേ താനി വേശ്മാനി മഹാധനാനി
ദുഃഖേന ദുഃഖോപഹതാ വിശന്തഃ
നൈവ പ്രജജ്ഞുഃ സ്വജനം ജനം വാ
നിരീക്ഷമാണാഃ പ്രവിനഷ്ടഹർഷാഃ. 19

തേ,	അവർ,	ദുഃഖേന	കഷ്ടപ്പെട്ട്
ദുഃഖോപഹതാഃ,	ദുഃഖപരവശരായി,	നിരീക്ഷമാണാഃ ഏവ,	നോക്കുന്നവരായിട്ടുംകൂടി,
പ്രവിനഷ്ടഹർഷാഃ,	വിവേകമററവരായി,	സ്വജനം	ബന്ധുജനത്തെത്തന്നെയാകട്ടെ,
മഹാധനാനി	സമ്പത്സമൃദ്ധങ്ങളായ	ജനം വാ	ഇതരജനത്തെയാകട്ടെ,
താനി	ആ	പ്രജജ്ഞുഃ ന.	അറിവാൻ കഴിയാത്തവരായ് ഭവിച്ചു.
വേശ്മാനി	ഭവനങ്ങളെ		
വിശന്തഃ,	പ്രാപിച്ചവരായി,		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
സപ്തചത്വാരിംശഃ സർഗ്ഗഃ = നാല്പത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 4248 ; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1893.

അഷ്ടചത്വാരിംശഃ സർഗ്ഗഃ = നാല്പത്തെട്ടാംസർഗ്ഗം.

[പൌരസ്ത്രീവിലാപഃ = പൌരസ്ത്രീകളുടെ വിലാപം.]

തേഷാമേവം വിഷണ്ണാനാം പീഡിതാനാമതീവ ച
ബാഷ്പവിപ്ലുതനേത്രാണാം സശോകാനാം മുമൂർഷയാ 1
അനുഗമ്യ നിവൃത്താനാം രാമം നഗരവാസിനാം
ഉദ്ഗതാനീവ സത്വാനി ബഭൂവുരമനസ്വിനാം. 2

രാമം	ശ്രീരാമനെ	മുമൂർഷയാ	മരണംതന്നെ നല്ലതെന്നു തീർച്ചയാക്കിയ കാരണം,
അനുഗമ്യ	പിൻതുടൎന്നുചെന്ന്	അമനസ്വിനാം	മനുഷ്യർ ഭയപ്പെടുന്നതായ മരണത്തേയും കൂട്ടാക്കാത്തവരായി
നിവൃത്താനാം	മടങ്ങിപ്പോന്നവരും,		
സശോകാനാം	അതേ ദുഃഖത്തോടുകൂടിയവരായി		

ഏവം	മേൽപ്രകാരം
അതീവ	അത്യന്തം
പീഡിതാനാം	പീഡിക്കപ്പെട്ടവരായി,
ബാഷ്പവിപ്ലുതനേത്രാണാം	കണ്ണീരിനാൽ കലങ്ങിയ നേത്രങ്ങളാൎന്നവരായി,
വിഷണ്ണാനാം ച	തെളിവററിരുന്നവരും ആയ
തേഷാം നഗരവാസിനാം	ആ നഗരവാസികളുടെ
സത്വാനി	ആത്മാക്കൾ
ഉദ്ഗതാനി ഇവ	ദേഹങ്ങളെ വിട്ടെഴുന്നവയെന്നപോലെ
ബഭൂവുഃ.	ആയ്ത്തീൎന്നു.

സ്വം സ്വം നിലയമാഗമ്യ പുത്രദാരൈഃ സമാവൃതാഃ
അശ്രൂണി മുമുചുഃ സൎവ്വേ ബാഷ്പേണ പിഹിതാനനാഃ. 3

സൎവ്വേ	എല്ലാവരും
പുത്രദാരൈഃ	പുത്രകളത്രാദികളോടു
സമാവൃതാഃ,	ഒന്നിച്ചിരിക്കാതെ
സ്വം സ്വം	തങ്ങൾ തങ്ങൾക്കുള്ള
നിലയം	ഏകാന്തമായ മുറികളിൽ
ആഗമ്യ,	ചെന്നിരുന്ന്
ബാഷ്പേണ	കണ്ണീരിനാൽ
പിഹിതാനനാഃ	മറയ്ക്കപ്പെട്ടമുഖങ്ങളാൎന്നവരായി
അശ്രൂണി	ബാഷ്പധാരകളെ
മുമുചുഃ.	പൊഴിച്ചു.

ന ചാഹൃഷ്യന്ന ചാമോദൻ വണിജോ ന പ്രസാരയൻ
ന ചാശോഭന്ത പണ്യാനി നാപചൻ ഗൃഹമേധിനഃ. 4

അഹൃഷ്യൻ ച ന;	ഒന്നിലും സന്തോഷിച്ചില്ല;
അമോദൻ ച ന;	ആരെയും ബഹുമാനിച്ചില്ല;
വണിജഃ	വൎത്തകന്മാർ
പ്രസാരയൻ ന;	കച്ചവടശാലകളെ തുറന്നില്ല;
പണ്യാനി ച	വ്യാപാരങ്ങൾ ഒട്ടും തന്നെ
അശോഭന്ത ന;	നടന്നില്ല;
ഗൃഹമേധിനഃ	ഗൃഹസ്ഥന്മാർ
അപചൻ ന.	പാകം ചെയ്തില്ല.

നഷ്ടം ദൃഷ്ട്വാ നാഭ്യനന്ദൻ വിപുലം വാ ധനാഗമം
പുത്രം പ്രഥമജം ലബ്ധ്വാ ജനനീ നാഭ്യനന്ദത. 5

നഷ്ടം വിപുലം	പൊയ്പോയ വലുതായ
ധനാഗമം	ധനം തിരികെ കിട്ടിയതായി
ദൃഷ്ട്വാ വാ,	കണ്ടിട്ടും,
അഭ്യനന്ദൻ ന;	സന്തോഷിച്ചില്ല;
ജനനീ	പെററമാതാവും
പ്രഥമജം	സൎവ്വോത്കൃഷ്ടമായ്
പുത്രം	പുത്രനെ ലഭിച്ചു
ലബ്ധ്വാ	കണ്ണിന്നെതിരിൽ കണ്ടിട്ടും
അഭ്യനന്ദത ന.	ഉത്സാഹമററിരുന്നു.

ഗൃഹേ ഗൃഹേ രുദന്ത്യശ്ച ഭൎത്താരം ഗൃഹമാഗതം
വ്യഗൎഹയന്ത ദുഃഖാൎത്താ വാഗ്ഭിസ്തോത്രൈരിവ ദ്വിപാൻ. 6

ഗൃഹേ ഗൃഹേ	വീടുതോറും
ദുഃഖാൎത്താഃ	ദുഃഖത്താൽ മാഴ്കിയവരായി
രുദന്ത്യഃ,	കരഞ്ഞുകൊണ്ടിരുന്ന സ്ത്രീകൾ,
ഗൃഹം	വീട്ടിൽ
ആഗതം	തിരിച്ചെത്തിയ
ഭൎത്താരം ച,	സ്വഭൎത്താവിനെക്കണ്ട്
ദ്വിപാൻ	ആനകളെ
തോത്രൈഃ ഇവ,	തോട്ടികൾ കൊണ്ടെന്നപോലെ,
വാഗ്ഭിഃ	ഇപ്രകാരമുള്ളവാക്കുകളെക്കൊണ്ട്
വ്യഗൎഹയന്ത.	നിന്ദിച്ചു.

കിം ന തേഷാം ഗൃഹൈഃ കാര്യം കിം ദാരൈഃ കിം ധനേന വാ
പുത്രൈർവ്വാ കിം സുഖൈർവ്വാഽപി യേ ന പശ്യന്തി രാഘവം. 7

“യേ	“യാതൊരുവർ	കിം?	എന്തു?
രാഘവം	ശ്രീരാഘവനെ	ധനേന വാ	മുതൽകൊണ്ടു
പശ്യന്തി ന	ഈ സമയം കണ്ടു സേവിക്കാതിരിക്കുന്നുവോ,	കിം?	എന്തു?
തേഷാം	അവൎക്കു	പുത്രൈഃ വാ	പുത്രന്മാരെക്കൊണ്ടാകട്ടെ
ഗൃഹൈഃ	വീടുകൾകൊണ്ടു	സുഖൈഃ അപി വാ	മററുള്ള ലൌകികഭോഗ്യങ്ങളാൽതന്നെയാകട്ടെ
കാര്യം കിം ന?	എന്തു കാര്യം?		
ദാരൈഃ	ഭാര്യമാരെക്കൊണ്ടു	കിം?	എന്തു?

ഏകഃ സത്പുരുഷോ ലോകേ ലക്ഷ്മണഃ സഹ സീതയാ
യോഽനുഗച്ഛതി കാകുത്സ്ഥം രാമം പരിചരൻ വനേ. 8

“സീതയാ സഹ	“സീതാദേവിയോടുകൂടി	യഃ	യാതൊരുവൻ
		അനുഗച്ഛതി	തുടരുന്നുവോ,
കാകുത്സ്ഥം	കകുത്സ്ഥവംശജനായ	ലക്ഷ്മണഃ	ആ ലക്ഷ്മണൻ
രാമം	ശ്രീരാമനെ	ഏകഃ	ഒരുവൻതന്നെയാണു
വനേ	കാട്ടിൽ	ലോകേ	ലോകത്തിൽ
പരിചരൻ	കൈങ്കര്യം ചെയ്യുന്നവനായി	സത്പുരുഷഃ.	ഭാഗ്യശാലി.

ആപഗാഃ കൃതപുണ്യാസ്താഃ പദ്മിന്യശ്ച സരാംസി ച
യേഷു പാസ്യതി കാകുത്സ്ഥോ വിഗാഹ്യ സലിലം ശുചി. 9

“കാകുത്സ്ഥഃ	“ശ്രീരാമൻ,	താഃ	അപ്രകാരമുള്ള
ശുചി സലിലം	പുണ്യതീർത്ഥത്തെ	ആപഗാഃ	നദികളും
യേഷു	യാതൊന്നുകളിൽ	പദ്മിന്യഃ ച	താമരപ്പൊയ്കകളും
വിഗാഹ്യ	ഇറങ്ങി	സരാംസി ച	സരസ്സുകളും തന്നെ
പാസ്യതി,	പാനംചെയ്യുന്നുവോ	കൃതപുണ്യാഃ.	ഭാഗ്യം ചെയ്തവ.

ശോഭയിഷ്യന്തി കാകുത്സ്ഥമടവ്യോ രമ്യകാനനാഃ
ആപഗാശ്ച മഹാനൂപാഃ സാനുമന്തശ്ച പർവ്വതാഃ. 10

“രമ്യകാനനാഃ	“അഴകേറിയ തോപ്പുകളും,	സാനുമന്തഃ,	വൻപർവ്വതങ്ങളും,
അടവ്യഃ,	കാടുകളും,	പർവ്വതാഃ ച,	ചെറുകുന്നുകളും,
മഹാനൂപാഃ	പുണ്യതീർത്ഥഘട്ടങ്ങളും,	കാകുത്സ്ഥം	ശ്രീരാമനെ
ആപഗാഃ ച,	നദികളും,	ശോഭയിഷ്യന്തി.	ഉല്ലസിപ്പിക്കും.

കാനനം വാഽപി ശൈലം വാ യം രാമോഽനുഗമിഷ്യതി
പ്രിയാതിഥിമിവ പ്രാപ്തം നൈനം ശക്ഷ്യന്ത്യനർച്ചിതും. 11

"യം	"യാതൊരു
കാനനം വാ	കാട്ടിൽതന്നെയാകട്ടെ,
ശൈലം വാ	മലയിൽ തന്നെയാകട്ടെ,
രാമഃ	ശ്രീരാമൻ
അനുഗമിഷ്യതി അപി,	എഴുന്നെള്ളുന്നു എന്നു വെച്ചാൽ,
ഇവ	സർവ്വപ്രകാരത്തിലും
പ്രിയാതിഥിം	പ്രിയപ്പെട്ട അതിഥിയായി
പ്രാപ്തം	എഴുന്നെള്ളിയ
ഏനം	ഇദ്ദേഹത്തെ,
അനർച്ചിതും	പൂജിക്കാതിരിപ്പാൻ
ശക്ഷ്യന്തി ന-	ഒക്കുകയില്ല.

വിചിത്രകുസുമാപീഡാ ബഹുമഞ്ജരിധാരിണഃ
രാഘവം ദർശയിഷ്യന്തി നഗാ ഭ്രമരശാലിനഃ. 12

"വിചിത്രകുസുമാപീഡാഃ	"വിചിത്രങ്ങളായ പുഷ്പങ്ങൾ ശിരോലങ്കാരങ്ങളായുള്ളവയും,
ബഹുമഞ്ജരിധാരിണഃ	പലപൂങ്കൊത്തുകളാർന്നവയും,
ഭ്രമരശാലിനഃ	വണ്ടുകളോടുകൂടിയവയും ആയ
നഗാഃ	വൃക്ഷങ്ങൾ
രാഘവം	ശ്രീരാമന്ന്
ദർശയിഷ്യന്തി.	കാഴ്ചയേകും.

അകാലേ ചാപി മുഖ്യാനി പുഷ്പാണി ച ഫലാനി ച
ദർശയിഷ്യന്ത്യനുക്രോശാദ് ഗിരയോ രാമമാഗതം. 13

"ഗിരയഃ അപി	"മലകളും,
അകാലേ ച	കാലമല്ലാത്ത കാലമെന്നാലുംകൂടി,
ആഗതം	അങ്ങെഴുന്നെള്ളിയിരിക്കുന്ന
രാമം	ശ്രീരാമന്ന്,
അനുക്രോശാത്	ആദരവുമൂലം
മുഖ്യാനി	ഉത്കൃഷ്ടങ്ങളായ
പുഷ്പാണി ച	പൂക്കളെയും
ഫലാനി ച	പഴങ്ങളെയും
ദർശയിഷ്യന്തി.	കാഴ്ചയായ് നൽകും.

പ്രസ്രവിഷ്യന്തി തോയാനി വിമലാനി മഹീധരാഃ
വിദർശയന്തോ വിവിധാൻ ഭൂയശ്ചിത്രാംശ്ച നിർഝരാൻ
പാദപാഃ പർവ്വതാഗ്രേഷു രമയിഷ്യന്തി രാഘവം. 14

"മഹീധരാഃ ച	"പർവ്വതങ്ങളും
വിവിധാൻ	പലമാതിരിയായ
ഭൂയശ്ചിത്രാൻ	അഴകേറിയ
നിർഝരാൻ	അരുവികളെ
വിദർശയന്തഃ	പ്രദർശിപ്പിക്കുന്നവയായി,
വിമലാനി	പരിശുദ്ധമായ
തോയാനി	തീർത്ഥങ്ങളെ
പ്രസ്രവിഷ്യന്തി;	നന്നായ് സ്രവിപ്പിക്കും.
പാദപാഃ	വൃക്ഷങ്ങൾ
രാഘവം	ശ്രീരാമനെ
പർവ്വതാഗ്രേഷു	പർവ്വതശിഖരങ്ങളിൽ
രമയിഷ്യന്തി.	മോദിപ്പിക്കും.

യത്ര രാമോ ഭയം നാത്ര നാസ്തി തത്ര പരാഭവഃ
സ ഹി ശൂരോ മഹാബാഹുഃ പുത്രോ ദശരഥസ്യ ച 15

"രാമഃ	"ശ്രീരാമൻ
യത്ര അത്ര	എങ്ങോ, അവിടെ
പരാഭവഃ	ഇച്ഛാഭംഗം എന്നത്
അസ്തി ന ;	ഇല്ല ;
തത്ര	ആയതുകൊണ്ട്
ഭയം	ആഗ്രഹിച്ചത് ലഭിക്കായ്കയാലുള്ള ദുഃഖം
ന ;	ഇല്ല ;
ഹി	എന്തെന്നാൽ
ദശരഥസ്യ പുത്രഃ	ദശരഥമഹാരാജാവിന്റെ പുത്രനായ് അവതരിച്ചിരിക്കുന്ന
സഃ ച	അദ്ദേഹം തന്നെ,
ശൂരഃ	നിരുപമവീര്യശാലിയായ
മഹാബാഹുഃ.	മഹാവിഷ്ണു.

പുരാ ഭവതി നോ ദൂരാദനുഗച്ഛാമ രാഘവം. 16

“ നഃ	“ നമ്മളെ വിട്ട്	പുരാ ഭവതി	എഴുന്നെള്ളുന്നതിന്നു
ദൂരാത്	ദൂരത്തിൽ	രാഘവം	ശ്രീരാമനെ [മുമ്പ്,
		അനുഗച്ഛാമഃ.	നാം പിൻതുടരുക.

പാദച്ഛായാ സുഖോദൎക്കാ താദൃശസ്യ മഹാത്മനഃ
സ ഹി നാഥോ ജനസ്യാസ്യ സ ഗതിഃ സ പരായണം. 17

“ താദൃശസ്യ	“ അവ്വണ്ണമെല്ലാമിരിക്കുന്ന	നാഥഃ	നാഥനായുള്ളവൻ
മഹാത്മനഃ	മഹാത്മാവിന്റെ	സഃ ഹി;	അദ്ദേഹം ഒരുവൻമാത്രം;
പാദച്ഛായാ	തിരുവടിനിഴൽ ഒന്നു തന്നെയാണ്	സഃ	അദ്ദേഹം ഒരുവൻതന്നെ
സുഖോദൎക്കാ;	ആരെയും കൃതാൎത്ഥനാ	ഗതിഃ;	ശരണമായുള്ളവൻ;
അസ്യ	ഈ [ക്കിച്ചെയ്യുന്നത്;	സഃ	അദ്ദേഹംതന്നെ
ജനസ്യ	ജനത്തിന്നു	പരായണം.	ശരണാഗതരക്ഷകൻ.

വയം പരിചരിഷ്യാമഃ സീതാം യൂയം തു രാഘവം
ഇതി പൌരസ്ത്രീയോ ഭൎത്തൄൻ ദുഃഖാൎത്താസ്തത്തദബ്രുവൻ. 18

“ യൂയം	“ നിങ്ങൾ	പൌരസ്ത്രീയഃ	പൌരസ്ത്രീകൾ
രാഘവം	ശ്രീരാമസ്വാമിക്കും,	ദുഃഖാൎത്താഃ	ദുഃഖാക്രാന്തന്മാരായി
വയം	ഞങ്ങൾ	ഭൎത്തൄൻ	ഭൎത്താക്കന്മാരോട്
സീതാം	സീതാദേവിക്കും,	തത്	മേൽപ്രകാരവും,
തു	അവരവർ	തത് ഇതി	താഴെവരുംപ്രകാരവും
പരിചരിഷ്യാമഃ.”	കൈങ്കൎയ്യം ചെയ്യാം;”	അബ്രുവൻ.	പറഞ്ഞു.

യുഷ്മാകം രാഘവോഽരണ്യേ യോഗക്ഷേമം വിധാസ്യതി
സീതാ നാരീജനസ്യാസ്യ യോഗക്ഷേമം കരിഷ്യതി. 19

“ അരണ്യേ	“ കാട്ടിൽ	വിധാസ്യതി;	തന്നരുളും;
യുഷ്മാകം	നിങ്ങൾക്ക്	സീതാ	സീതാദേവി
യോഗക്ഷേമം	ഐഹികജീവിതത്തിന്നുവേണ്ടതായ സൎവ്വത്തേയും	അസ്യ	ഈ
		നാരീജനസ്യ	സ്ത്രീസമൂഹത്തിന്ന്,
		യോഗക്ഷേമം	വേണ്ടുന്നവയെല്ലാം
രാഘവഃ	ശ്രീരാമൻ	കരിഷ്യതി.	നൽകും.

കോ ന്വനേനാപ്രതീതേന സോത്കണ്ഠിതജനേന ച.
സംപ്രീയേതാമനോജ്ഞേന വാസേന ഹൃതചേതസാ. 20

“ അപ്രതീതേന	“ മനഃസന്തുഷ്ടി ചേൎക്കാത്തതും,	അമനോജ്ഞേന	നിന്ദയ്ക്കു പാത്രീഭവിച്ചതും,
സോത്കണ്ഠിതജനേന	ലോകൎക്കാസകലം യാതൊരു ആ പുണ്യാത്മാവിനെ ഓൎത്ത് ഉൽക്കണ്ഠയുണ്ടാക്കുന്നതും,	ഹൃതചേതസാ ച	മനസ്സിനെ നശിപ്പിക്കുന്നതും ആയ,
		അനേന വാസേന	ഈ വാസംകൊണ്ട്
		കഃ നു	ആർ തന്നെയാണ്
		സംപ്രീയേത?	തൃപ്തിപ്പെടുക?

കൈകേയ്യാ യദി ചേദ്രാജ്യം സ്യാദധൎമ്മ്യമനാഥവത്
ന ഹി നോ ജീവിതേനാൎത്ഥഃ കുതഃ പുത്രൈഃ കുതോ ധനൈഃ. 21

" രാജ്യം	" രാജ്യം	ജീവിതേന	ജീവിച്ചിരിക്കുന്നതു
കൈകേയ്യാഃ യദി ചേത്	കൈകേയിയുടേതായാൽ,	അൎത്ഥഃ	പ്രയോജനം [കൊണ്ട്
		ന;	ഇല്ല;
അധൎമ്മ്യം	നീതിയററതായി	ഹി	അപ്രകാരമിരിക്കെ,
അനാഥവത്	നാഥനററതായി	പുത്രൈഃ	പുത്രന്മാരെക്കൊണ്ട്
സ്യാത്;	തീരും;	കുതഃ ?	ആവേണ്ടതെന്ത് ?
നഃ	നമ്മൾക്ക്	ധനൈഃ	ധനങ്ങൾകൊണ്ട്
		കുതഃ ?	ആവേണ്ടതെന്ത് ?

യയാ പുത്രശ്ച ഭൎത്താ ച ത്യക്താവൈശ്വൎയ്യകാരണാത്
കം സാ പരിഹരേദന്യം കൈകേയീ കുലപാംസനീ. 22

" യയാ	" യാതൊരുവളാൽ,	ത്യക്തൌ,	ത്യജിക്കപ്പെട്ടുവൊ,
ഐശ്വൎയ്യകാരണാത്	രാജ്യാധികാരപ്രഭാവം ഒന്നിനെത്തന്നെ വലുതായിക്കരുതിയ കാരണം,	സാ	ആ
		കുലപാംസനീ	കുലത്തെക്കെടുക്കുന്ന പാപിഷ്ഠയായ
		കൈകേയീ	കൈകേയി
ഭൎത്താ ച	ഭൎത്താവും	അന്യം കം	മററ് ഏവനെയാണ്
പുത്രഃ ച	പുത്രനും,	പരിഹരേത് ?	ത്യജിക്കാതിരിക്കുക ?

കൈകേയ്യാ ന വയം രാജ്യേ ഭൃതകാമാ വസേമഹി
ജീവന്ത്യാ ജാതു ജീവന്ത്യഃ പുത്രൈരപി ശപാമഹേ. 23

" വയം	" ഞങ്ങൾ	ജാതു	ഒരു നിമിഷമെങ്കിലും
രാജ്യേ	രാജ്യത്തിൽ	ജീവന്ത്യഃ	ജീവിച്ചുകൊണ്ട്
ജീവന്ത്യാഃ	വാണുകൊണ്ടിരിക്കുന്ന	വസേമഹി ന;	കാലം കഴിക്കുകയില്ല;
കൈകേയ്യാഃ	കൈകേയിയുടെ	പുത്രൈഃ അപി	പുത്രന്മാരെതൊട്ട്,
ഭൃതകാമാഃ	ആദരവിനെ ഇച്ഛിക്കുന്നവരായി	ശപാമഹേ.	ഞങ്ങൾ ശപഥംചെയ്യുന്നു.

യാ പുത്രം പാൎത്ഥിവേന്ദ്രസ്യ പ്രവാസയതി നിൎഘൃണാ
കസ്താം പ്രാപ്യ സുഖം ജീവേദധൎമ്മ്യാം ദുഷ്ടചാരിണീം. 24

" യാ	" യാതൊരുവൾ	അധൎമ്മ്യാം,	ധൎമ്മത്തെ ഉപേക്ഷിച്ച
നിൎഘൃണാ	ദയയററവളായി	ദുഷ്ടചാരിണീം	ദുഷ്ടയെ
പാൎത്ഥിവേന്ദ്രസ്യ	മഹാരാജാവിന്റെ	പ്രാപ്യ	അണഞ്ഞ്,
പുത്രം	തിരുമകനെ	കഃ	ഏതൊരുവനാണ്
പ്രവാസയതി,	കാട്ടിലേക്കയക്കുന്നു	സുഖം	സന്തുഷ്ടിയോടെ
താം	ആ [വോ,	ജീവേത് ?	വസിക്കുക ?

ഉപദ്രുതമിദം സർവ്വമനാലംബമനായകം
കൈകേയ്യാ ഹി കൃതേ സർവ്വം വിനാശമുപയാസ്യതി. 25

"ഇദം	"ഇപ്പോൾ	അനാലംബം,	ആദരവററതായി,
കൈകേയ്യാഃ കൃതേ	കൈകേയി കാരണമായ്ത്തന്നെ	അനായകം,	താറുമാറായി,
സർവ്വം	ഓരോന്നും	സർവ്വം ഹി	തീരെ
ഉപദ്രുതം,	ആപത്തോടു കൂടിയതായി,	വിനാശം	നാശത്തെ
		ഉപയാസ്യതി.	പ്രാപിക്കും.

ന ഹി പ്രവ്രാജിതേ രാമേ ജീവിഷ്യതി മഹീപതിഃ
മൃതേ ദശരഥേ വ്യക്തം വിലാപസ്തദനന്തരം. 26

"മഹീപതിഃ	"മഹാരാജാവ്,	മൃതേ	തീർപ്പെട്ടാൽ,
രാമേ	ശ്രീരാമൻ	തദനന്തരം	അദ്ദേഹത്തോടു കൂടി തന്നെ
പ്രവ്രാജിതേ	വനത്തിൽ വസിക്കുമ്പോൾ,	വിലാപഃ	ലോകത്തിന്ന് നിർമ്മൂലനാശം എന്നത്
ജീവിഷ്യതി ന;	ജീവിച്ചിരിക്കയില്ല;		
ദശരഥേ	ദശരഥമഹാരാജാവ്	വ്യക്തം ഹി.	സിദ്ധമാകുന്നു.

തേ വിഷം പിബതാലോഡ്യ ക്ഷീണപുണ്യാഃ സ്ഥ ദുർഗ്ഗതാഃ
രാഘവം വാഽനുഗച്ഛധ്വമശ്രുതിം വാഽപി ഗച്ഛത. 27

"ക്ഷീണപുണ്യാഃ	"പുണ്യം ക്ഷയിച്ചവരായി	വാ	അല്ലാത്തപക്ഷം
ദുർഗ്ഗതാഃ	കഷ്ടദശയിൽ ചിരിക്കുന്ന	രാഘവം	ശ്രീരാമനെ
തേ,	ആ നിങ്ങൾ,	അനുഗച്ഛധ്വം;	അനുഗമിപ്പിൻ;
ആലോഡ്യ,	നന്നായാലോചിച്ച്,	അപി വാ	അല്ലെന്നാൽ
വിഷം	വിഷം	അശ്രുതിം ഗച്ഛത.	ചെവിയിൽ കേൾക്കാതവണ്ണം എവിടേക്കെങ്കിലും പോകുവിൻ.
പിബത സ്ഥ;	കുടിച്ചാലും ശരി;		

മിഥ്യാ പ്രവ്രാജിതോ രാമഃ സഭാര്യഃ സഹലക്ഷ്മണഃ
ഭരതേ സന്നിവിഷ്ടാഃ സ്മഃ സൌനികേ പശവോ യഥാ. 28

"സഭാര്യഃ	"ഭാര്യാസമേതനായും	സൌനികേ	കശാപ്പുകാരൻവശം
സഹലക്ഷ്മണഃ	ലക്ഷ്മണസഹിതനായും	പശവഃ	ആടുമാടുകൾ
രാമഃ	ശ്രീരാമൻ	യഥാ	എന്നപോലെ
മിഥ്യാ	ചതിയാൽ	ഭരതേ	ഭരതന്റെ വശം
പ്രവ്രാജിതഃ;	നാട്ടിൽനിന്ന് അയക്കപ്പെട്ടിരിക്കുന്നു;	സന്നിവിഷ്ടാഃ സ്മഃ.	ഞങ്ങൾ ഏല്പിച്ചുകൊടുക്കപ്പെട്ടു.

പൂൎണ്ണചന്ദ്രാനനഃ ശ്യാമോ ഗൂഢജത്രുരരിന്ദമഃ
ആജാനുബാഹുഃ പദ്മാക്ഷോ രാമോ ലക്ഷ്മണപൂൎവ്വജഃ. 29

"ലക്ഷ്മണപൂൎവ്വജഃ	"ലക്ഷ്മണന്നു ജ്യേഷ്ഠനായ
രാമഃ	ശ്രീരാമൻ
പൂൎണ്ണചന്ദ്രാനനഃ;	മുഴുമതിക്കൊത്ത തിരുമുഖമാൎന്നവൻ;
ശ്യാമഃ;	ശ്യാമളവൎണ്ണൻ;
ഗൂഢജത്രുഃ	മാംസളമായ ചുമലുകളാൎന്നവൻ,
അരിന്ദമഃ	ശത്രുക്കളെ ജയിക്കുന്നവൻ,
ആജാനുബാഹുഃ	കാൽമുട്ടുവരെ നീണ്ട ബാഹുക്കളാൎന്നവൻ,
പദ്മാക്ഷഃ.	ചെന്താർനേത്രൻ.

പൂൎവ്വാഭിഭാഷീ മധുരഃ സത്യവാദീ മഹാബലഃ
സൌമ്യശ്ച സൎവ്വലോകസ്യ ചന്ദ്രവത് പ്രിയദൎശനഃ. 30

"പൂൎവ്വാഭിഭാഷീ,	"മുമ്പിൽ സംഭാഷണം ചെയ്യുന്നവൻ,
മധുരഃ,	മനോഹരൻ,
സത്യവാദീ,	പറഞ്ഞവാക്കിളക്കാത്തവൻ,
മഹാബലഃ,	അതിശക്തിമാൻ,
സൌമ്യഃ,	ശാന്തശീലൻ,
സൎവ്വലോകസ്യ ച	ലോകത്തിനെല്ലാം
ചന്ദ്രവത്-പ്രിയദൎശനഃ.	ചന്ദ്രൻപോലെ ആനന്ദകരൻ.

നൂനം പുരുഷശാൎദ്ദൂലോ മത്തമാതംഗവിക്രമഃ
ശോഭയിഷ്യത്യരണ്യാനി വിചരൻ സ മഹാരഥഃ. 31

"പുരുഷശാൎദ്ദൂലഃ	"പുരുഷോത്തമൻ,
മത്തമാതംഗവിക്രമഃ,	മദഗജംപോലെ ഗതിയാൎന്നവൻ,
മഹാരഥഃ,	മഹാരഥൻ,
സഃ,	അപ്രകാരമുള്ള അദ്ദേഹം,
അരണ്യാനി	കാടുകളിൽ
വിചരൻ	സഞ്ചരിക്കുവാനായി
നൂനം	ഇന്നും, എന്നും
ശോഭയിഷ്യതി."	വിളങ്ങും."

താസ്തഥാ വിലപന്ത്യസ്തു നഗരേ നാഗരാഃ സ്ത്രിയഃ
ചക്രുശുൎദുഃഖസന്തപ്താ മൃത്യോരിവ ഭയാഗമേ. 32

നഗരേ	പട്ടണത്തിൽ
താഃ	ആ
നാഗരാഃ സ്ത്രിയഃ	പൌരസ്ത്രീകൾ
തഥാ	മേൽപ്രകാരം
വിലപന്ത്യഃ,	വിലപിച്ചുകൊണ്ട്,
മൃത്യോഃ	കാലന്റെ
ഭയാഗമേ തു	ഭയം നേരുന്ന സമയത്തിൽ
ഇവ	എന്നപോലെ
ദുഃഖസന്തപ്താഃ	ദുഃഖപീഡിതമാരായി
ചക്രുശുഃ.	മുറവിളികൂട്ടി.

ഇത്യേവം വിലപന്തീനാം സ്ത്രീണാം വേശ്മസു രാഘവം
ജഗാമാസ്തം ദിനകരോ രജനീ ചാഭ്യവർത്തത. 33

വേശ്മസു	ഭവനങ്ങളിൽ
സ്ത്രീണാം	സ്ത്രീകൾ
രാഘവം ച	ശ്രീരാമനെക്കുറിച്ചു തന്നെ
ഇതി ഏവം	ഇപ്രകാരമെല്ലാം
വിലപന്തീനാം	വിലപിച്ചുകൊണ്ടിരിക്കെ
ദിനകരഃ	സൂൎയ്യഭഗവാൻ
അസ്തം ജഗാമ;	അസ്തഗിരിയെ പ്രാപിച്ചു
രജനീ	രാത്രിയും
അഭ്യവർത്തത.	ആരംഭിച്ചു.

നഷ്ടജ്വലനസംപാതാ പ്രശാന്താദ്ധ്യായസത്കഥാ
തിമിരേണാഭിലിപ്തേവ സാ തദാ നഗരീ ബഭൌ. 34

തദാ	ആ സമയം
സാ	ആ
നഗരീ	നഗരം
നഷ്ടജ്വലനസംപാതാ	തീ കൂട്ടാത്തതായി,
പ്രശാന്താദ്ധ്യായസത്കഥാ	വേദഘോഷവും പുരാണപാരായണവുമില്ലാത്തതായി,
ഇവ	തീരെ
തിമിരേണാഭിലിപ്താ	ഇരുട്ടടഞ്ഞതായി,
ബഭൌ.	ഭവിച്ചു.

ഉപശാന്തവണിക്പണ്യാ നഷ്ടഹർഷാ നിരാശ്രയാ
അയോദ്ധ്യാ നഗരീ ചാസീന്നഷ്ടതാരമിവാംബരം. 35

അയോദ്ധ്യാ നഗരീ	അയോദ്ധ്യാപുരം
നിരാശ്രയാ	താമസിപ്പാൻ തക്ക സ്ഥലമററതായും
നഷ്ടഹർഷാ	ഉത്സാഹമററതായും,
ഉപശാന്തവണിക്പണ്യാ ച,	പൂട്ടിയിട്ടു കിടക്കുന്ന കച്ചവടച്ചരക്കുകളോടു കൂടിയതായും,
നഷ്ടതാരം	നക്ഷത്രരഹിതമായ
അംബരം ഇവ	ആകാശം പോലെയും
ആസീത്.	ആയ്ത്തീൎന്നു.

തഥാ സ്ത്രിയോ രാമനിമിത്തമാതുരാഃ
യഥാ സുതേ ഭ്രാതരി വാ വിവാസിതേ
വിലപ്യ ദീനാ രുരുദുർവ്വിചേതസഃ
സുതൈർഹി താസാമധികോ ഹി സോऽഭവത്. 36

സ്ത്രിയഃ	സ്ത്രീകൾ
സുതേ	സ്വന്തം പുത്രനൊ
ഭ്രാതരി വാ	സഹോദരനൊ
വിവാസിതേ	നാടുകടത്തപ്പെട്ടാൽ
യഥാ	എപ്രകാരമോ
തഥാ,	അപ്രകാരം,
രാമനിമിത്തം	ശ്രീരാമൻ നിമിത്തം
ആതുരാഃ,	അത്തലാൎന്നവരായി,
ദീനാഃ,	ദീനത പൂണ്ടവരായി,
വിചേതസഃ	മനസ്സു മുട്ടിയവരായി
വിലപ്യ	പ്രലപിച്ച്
രുരുദുഃ;	തേങ്ങിക്കരഞ്ഞു;
ഹി	എന്തെന്നാൽ
താസാം	അവൎക്ക്
സഃ ഹി	അദ്ദേഹം ഒരുവൻ തന്നെയാണ്
സുതൈഃ അധികഃ	മക്കളെക്കാളും പ്രിയപ്പെട്ടവനായി
അഭവത്.	ഇരുന്നത്.

പ്രശാന്തഗീതോത്സവനൃത്തവാദിനീ
വ്യപാസ്തഹർഷാ പിഹിതാപണോദയാ
തദാ ഹ്യയോദ്ധ്യാ നഗരീ ബഭൂവ സാ
മഹാർണ്ണവഃ സംക്ഷുഭിതോദകോ യഥാ. 37

തദാ	ആ സമയം	പ്രശാന്തഗീതോത്സവനൃത്തവാദിനീ	പാട്ടും, ഉത്സാഹവും, നൃത്തും, വാദ്യവും ഇല്ലാത്തതായി,
സാ	ആ	വ്യപാസ്തഹർഷാ	ഉത്സാഹമററതായി,
അയോദ്ധ്യാ നഗരീ,	അയോദ്ധ്യാനഗരം,	പിഹിതാപണോദയാ ഹി	പൂട്ടിക്കിടന്ന പീടികവാതിലുകളോടുകൂടിയതായി
സംക്ഷുഭിതോദകഃ	വെള്ളമെല്ലാം ഛോറാ ഷ്വോയ	ബഭൂവ.	ഭവിച്ചു.
മഹാർണ്ണവഃ യഥാ	വൻകടൽ എന്നപോലെ		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
അഷ്ടചത്വാരിംശഃ സർഗ്ഗഃ = നാല്പത്തെട്ടാംസർഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 4285; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1930

ഏകോനപഞ്ചാശഃ സർഗ്ഗഃ = നാല്പത്തൊമ്പതാംസർഗ്ഗം.

[കോസലാത്യാഗഃ = കോസലരാജ്യത്തെ വിടുന്നത്.]

രാമോऽപി രാത്രിശേഷേണ തേനൈവ മഹദന്തരം
ജഗാമ പുരുഷവ്യാഘ്രഃ പിതുരാജ്ഞാമനുസ്മരൻ. 1

പിതുഃ	പിതാവിൻെറ	തേന	ആ
ആജ്ഞാം ഏവ	ആജ്ഞയെത്തന്നെ	രാത്രിശേഷേണ അപി	രാത്രിപുലരുന്നതിന്ന് മുമ്പുതന്നെ
അനുസ്മരൻ	നിറവേററുന്നതിൽ ദൃഢനിശ്ചയമാന്ന		
പുരുഷവ്യാഘ്രഃ	പുരുഷോത്തമനായ	മഹദന്തരം	വളരെദ്ദൂരം
രാമഃ,	ശ്രീരാമൻ,	ജഗാമ.	യാത്രചെയ്തു.

തഥൈവ ഗച്ഛതസ്തസ്യ വ്യപായാദ്രജനീ ശിവാ
ഉപാസ്യ തു ശിവാം സന്ധ്യാം വിഷയാന്തം വ്യഗാഹത. 2

തഥാ	അപ്രകാരം	ശിവാം	പുണ്യകരമായ
ഗച്ഛതഃ	യാത്രചെയ്തിരുന്ന	സന്ധ്യാം	പ്രാതഃസന്ധ്യയെ
തസ്യ	അദ്ദേഹത്തിന്ന്	ഉപാസ്യ ;	ഉപാസിച്ച്
രജനീ ഏവ	രാത്രിയും	വിഷയാന്തം	അനേകം നാട്ടനഗരങ്ങളാന്ന (ഉത്തരകോസലരാജ്യത്തിൻെറ) തെക്കെഅതൃത്തിയിൽ
ശിവാ	ശുഭമായി		
വ്യപായാത് ;	കഴിഞ്ഞു ;		
തു	ആ സമയം	വ്യഗാഹത.	എത്തി.

ഗ്രാമാൻ വികൃഷ്ടസീമാന്താൻ പുഷ്പിതാനി വനാനി ച
പശ്യന്നതിയയൌ ശീഘ്രം ശനൈരിവ ഹയോത്തമൈഃ
ശൃണ്വൻ വാചോ മനുഷ്യാണാം ഗ്രാമസംവാസവാസിനാം. 3

വികൃഷ്ട-സീമാന്താൻ	നന്നായി പൂട്ടപ്പെട്ട നിലങ്ങളോടുകൂടിയ
ഗ്രാമാൻ	ഗ്രാമങ്ങളേയും
പുഷ്പിതാനി	പുഷ്പിച്ച
വനാനി ച	ഉദ്യാനങ്ങളേയും
പശ്യൻ	നോക്കിക്കൊണ്ട്
ഗ്രാമസംവാസ-വാസിനാം	ഗ്രാമഭവനങ്ങളിൽ വസിക്കുന്ന
മനുഷ്യാണാം	ജനങ്ങളുടെ

വാചഃ	ഇപ്രകാരമുള്ള വാക്കുകളെ
ശൃണ്വൻ,	കേൾക്കുന്നവനായ അദ്ദേഹം,
ശീഘ്രം ഇവ	തൽക്ഷണംതന്നെ
ശനൈഃ	നിശ്ശബ്ദമായി
ഹയോത്തമൈഃ	കുതിരകളെ നടത്തിച്ചുകൊണ്ട്
അതിയയൌ.	ആരുംകാണാതെ മറഞ്ഞു.

വിഗർഹിതാം ഹി കൈകേയീം ക്രൂരാം ക്രൂരേണ കർമ്മണാ
രാജാനം ധിഗ് ദശരഥം കാമസ്യ വശമാഗതം. 4

" ക്രൂരാം	" ദയയററവളെന്ന്
വിഗർഹിതാം	എല്ലാവരാലും നിന്ദിക്കപ്പെട്ടവളായ
കൈകേയീം	കൈകേയിക്കും,
കാമസ്യ	സർവ്വോത്തമമായി ആഗ്രഹിക്കപ്പെട്ട ധർമ്മത്തിന്ന്
വശം ആഗതം	അധീനപ്പെട്ടവനായ

ദശരഥം രാജാനം ഹി	ദശരഥമഹാരാജാവിനും തന്നെ,
കർമ്മണാ,	ഒരൊററ ധർമ്മകൃത്യം മൂലം,
ക്രൂരേണ	എല്ലാവർക്കും ദുഃഖത്തെ വിളയിക്കുന്നതിനാൽ,
ധിക്!	എന്തുകഷ്ടം നേരിട്ടിരിക്കുന്നുവോ!

ഹാ നൃശംസാദ്യ കൈകേയീ പാപാ പാപാനുബന്ധിനീ
തീക്ഷ്ണാ സംഭിന്നമര്യാദാ തീക്ഷ്ണേ കർമ്മണി വർത്തതേ. 5

" ഹാ!	" എന്താശ്ചര്യം!
തീക്ഷ്ണാ	തീവ്രഭക്തികൊണ്ട് ഭർത്താവിന്റെ ഇഷ്ടം പോലെ നടക്കുന്നവളെന്ന്
നൃശംസാ	ലോകരാൽ പ്രശംസിക്കപ്പെട്ടവളായ
കൈകേയീ,	കൈകേയീരാജ്ഞി,
അദ്യ	ഇപ്പോൾ

പാപാനുബന്ധിനീ,	ദുർദ്ദശയെ പ്രാപിച്ചവളായി,
സംഭിന്നമര്യാദാ,	ഇതുവരെ അനുഷ്ഠിച്ചുവന്ന മര്യാദയെ മുറിച്ചെറിഞ്ഞവളായി,
പാപാ	ദുഷ്ടയായി,
തീക്ഷ്ണേ	എല്ലാവർക്കും അഹിതമായ
കർമ്മണി	കൃത്യത്തിൽ
വർത്തതേ.	വർത്തിക്കുന്നു.

യാ പുത്രമീദൃശം രാജ്ഞഃ പ്രവാസയതി ധാർമ്മികം
വനവാസേ മഹാപ്രാജ്ഞം സാനുക്രോശം ജിതേന്ദ്രിയം. 6

“ രാജ്ഞഃ	“ മഹാരാജാവിന്റെ
ഈദൃശം	ഇമ്മാതിരി ഉത്തമഗുണങ്ങളാന്നവനും
ധാമ്മികം	ധമ്മശാലിയും,
മഹാപ്രാജ്ഞം	മഹാബുദ്ധിമാനും,
സാനുക്രോശം	ദയാലുവും,
ജിതേന്ദ്രിയം	ജിതേന്ദ്രിയനും ആയ
പുത്രം	പുത്രനെ
യാ	യാതൊരു അവർ തന്നെ
വനവാസേ	വനവാസത്തിന്നായി
പ്രവാസയതി.	പറഞ്ഞയക്കുന്നു.

കഥം നാമ മഹാഭാഗാ സീതാ ജനകനന്ദിനീ
സദാ സുഖേഷ്വഭിരതാ ദുഃഖാന്യനുഭവിഷ്യതി. 7

“ മഹാഭാഗാ	“ മഹാഭാഗ്യവതിയും
സദാ	ഇതുവരേയും എല്ലായ്പോഴും
സുഖേഷു	സൌഖ്യമായി
അഭിരതാ,	വത്തിച്ചിരുന്നവളും,
ജനകനന്ദിനീ	ജനകപുത്രിയും ആയ
സീതാ	സീതാദേവി
ദുഃഖാനി	കഷ്ടങ്ങളെ
കഥം നാമ	എങ്ങിനെതന്നെ
അനുഭവിഷ്യതി?	സഹിക്കും ?

അഹോ ദശരഥോ രാജാ നിഃസ്നേഹഃ സ്വസുതം പ്രിയം
പ്രജാനാമനഘം രാമം പരിത്യക്തുമിഹേച്ഛതി. 8

“ അഹോ !	“ എന്തൊരാശ്ചയ്യം !
ദശരഥഃ രാജാ	ദശരഥമഹാരാജാവ്,
പ്രജാനാം	ജനങ്ങൾക്കു
പ്രിയം	പ്രിയപ്പെട്ടവനും,
അനഘം	നിരപരാധിയും
സ്വസുതം	സ്വന്തം പുത്രനും ആയ
രാമം	ശ്രീരാമനെ
ഇഹ	ഇപ്പോൾ
നിഃസ്നേഹഃ	ദയയെന്നിയെ
പരിത്യക്തും	നാട്ടിൽനിന്നു് തുരത്തുവാൻ
ഇച്ഛതി !”	സമ്മതിക്കുന്നുവല്ലൊ!”

ഏതാ വാചോ മനുഷ്യാണാം ഗ്രാമസംവാസവാസിനാം
ശൃണ്വന്നതിയയൌ വീരഃ കോസലാൻ കോസലേശ്വരഃ. 9

വീരഃ	ധമ്മവീരനും
കോസലേശ്വരഃ	അയോദ്ധ്യയ്ക്കു് സ്വാമിയുമായ അദ്ദേഹം
ഗ്രാമ-സംവാസ-വാസിനാം	ഗ്രാമവീടുകളിൽ വസിക്കുന്ന
മനുഷ്യാണാം	ജനങ്ങളുടെ
ഏതാഃ	ഈ
വാചഃ	വാക്കുകളെ
ശൃണ്വൻ,	കേട്ടുകൊണ്ടു്,
കോസലാൻ	കോസലരാജ്യങ്ങളെ
അതിയയൌ.	കടന്നു.

തതോ വേദശ്രുതിം നാമ ശീതതോയവഹാം നദീം
ഉത്തീയ്യാഭിമുഖഃ പ്രായാദഗസ്ത്യാദ്ധ്യുഷിതാം ദിശം. 10

തതഃ	അനന്തരം
ശീതതോയ-വഹാം	ശീതളവാഹിനിയായ
വേദശ്രുതിം നാമ	വേദശ്രുതി എന്ന
നദീം	നദി
ഉത്തീയ്യ,	കടന്നു്,
അഗസ്ത്യാ-ദ്ധ്യുഷിതാം	അഗസ്ത്യമഹഷിവസിക്കുന്നതായ
ദിശം അഭിമുഖഃ	തെക്കുദിക്കുനോക്കി
പ്രായാത്.	പ്രയാണംചെയ്തു.

[വേദശ്രുതി എന്ന നദി കിഴക്കുപടിഞ്ഞാറായി ഒഴുകി തമസയിൽ ദക്ഷിണതീരത്തിൽ ചെന്നുചേരുന്ന ഒരു ഉപപോഷകനദിയാകുന്നു.]

ഗത്വാ തു സുചിരം കാലം തതഃ ശീതജലാം നദീം
ഗോമതീം ഗോയുതാനൂപാമതരത്സാഗരംഗമാം. 11

സുചിരം	ഏറെ	ഗോയുതാനൂപാം	ഇരുകരകളിലും പശുക്കളാർന്നും
കാലം	നേരം		
ഗത്വാ	യാത്രചെയ്തു	സാഗരംഗമാം	സമുദ്രത്തിലോട്ടൊഴുകുന്നതുമായ
തതഃ	അതിൽപിന്നെ		
തു	ഇപ്പോൾ	ഗോമതീം നദീം	ഗോമതീനദിയെ
ശീതജലാം	കുളുർത്തജലമാർന്നതും	അതരത്.	തരണംചെയ്തു.

ഗോമതീം ചാപ്യതിക്രമ്യ രാഘവഃ ശീഘ്രഗൈർഹയൈഃ
മയൂരഹംസാഭിരുതാമതരത്സ്യന്ദികാം നദീം. 12

രാഘവഃ	ശ്രീരാമൻ	മയൂരഹംസാഭി-രുതാം	മയിലുകളാലും ഹംസങ്ങളാലും ശബ്ദിക്കപ്പെട്ട
ഗോമതീം	ഗോമതീനദിയെ		
അതിക്രമ്യ ച,	കടന്നശേഷം,		
ശീഘ്രൈഃ	വേഗത്തിൽ പോകുന്ന	സ്യന്ദികാം	സ്യന്ദികയെന്ന
ഹയൈഃ അപി	കുതിരകളോടുകൂടിത്തന്നെ,	നദീം	നദിയെ
		അതരത്.	കടന്നു.

['സ്യന്ദികാ' എന്നത് ഗംഗാഗോമതീസംഗമത്തിന്നു കുറെ നാഴിക മുകളിലായി ഗോമതിയുടെ ദക്ഷിണതീരത്തിൽ ചെന്നുചേരുന്ന 'സോയി' (Sai) എന്ന പോഷകനദിയാകുന്നു.]

സ മഹീം മനുനാ രാജ്ഞാ ദത്താമിക്ഷ്വാകവേ പുരാ
സ്ഫീതാം രാഷ്ട്രാവൃതാം രാമോ വൈദേഹീമന്വദർശയത്. 13

സഃ	ആ	ഇക്ഷ്വാകവേ	ഇക്ഷ്വാകുമഹാരാജാവിന്നായി
രാമഃ	ശ്രീരാമൻ		
വൈദേഹീം,	വൈദേഹിയോട്	ദത്താം,	നല്കപ്പെട്ടതായും,
		സ്ഫീതാം	സർവ്വസമ്പത്സമൃദ്ധിയോടുകൂടിയതായും,
മഹീം	തങ്ങൾ കടന്നതായ ആ കോസലരാജ്യത്തെപ്പറ്റി,	രാഷ്ട്രാവൃതാം	അനേക ദേശങ്ങളോടുകൂടിയതായും,
പുരാ	പണ്ടുകാലത്തിൽ	അന്വദർശയത്.	ഉള്ള ചരിത്രത്തെപ്പറ്റി ഉരചെയ്തു.
മനുനാ രാജ്ഞാ	മനുചക്രവർത്തിയാൽ		

സൂത ഇത്യേവമാഭാഷ്യ സാരഥിം തമഭീക്ഷ്ണശഃ
ഹംസമത്തസ്വരഃ ശ്രീമാനുവാച പുരുഷർഷഭഃ. 14

സാരഥിം	സാരഥിയോട്,	ശ്രീമാൻ	ത്രിലോകപ്രസിദ്ധനും ആയ ശ്രീരാമൻ,
അഭീക്ഷ്ണശഃ	കൂടെക്കൂടെ,		
ഹംസമത്ത-സ്വരഃ	ശുദ്ധാന്തഃകരണത്തോടുകൂടി കളമധുരസ്വരത്തിൽ	തം	അദ്ദേഹത്തെ
		"സൂത,"	"സൂത,"
ആഭാഷ്യ,	സംഭാഷണം ചെയ്തുകൊണ്ട്,	ഇതി,	എന്നു വിളിച്ച്,
		ഏവം	ഇപ്രകാരം
പുരുഷർഷഭഃ	പുരുഷോത്തമനും	ഉവാച.	അരുളിച്ചെയ്തു.

കദാഽഹം പുനരാഗമ്യ സരയ്വാഃ പുഷ്പിതേ വനേ
മൃഗയാം പൎയ്യടിഷ്യാമി മാത്രാ പിത്രാ ച സംഗതഃ. 15

“ അഹം	“ ഞാൻ	പുഷ്പിതേ	പുഷ്പിച്ചതായ
പുനഃ	വീണ്ടും	വനേ	വനത്തിൽ
മാത്രാ	മാതാവിനോടും	ആഗമ്യ	ചെന്ന്
പിത്രാ ച	പിതാവിനോടും	കദാ	എപ്പോഴാണ്
സംഗതഃ,	ചേൎന്നശേഷം,	മൃഗയാം പൎയ്യടിഷ്യാമി ?	വേട്ടയാടുന്നത് ?
സരയ്വാഃ	സരയൂനദിയുടെ		

രാജൎഷീണാം ഹി ലോകേഽസ്മിൻ രത്യൎത്ഥം മൃഗയാ വനേ
കാലേ വൃതാം താം മനുജൈൎദ്ധന്വിനാമഭികാംക്ഷിതാം 16
അത്യൎത്ഥമഭികാംക്ഷാമി മൃഗയാം സരയൂവനേ
രതിൎഹ്യേഷാഽതുലാ ലോകേ രാജൎഷിഗണസമ്മതാ. 17

“ അസ്മിൻ	“ ഈ	ധന്വിനാം	വില്ലാളികളായ
ലോകേ,	ലോകത്തിൽ,	രാജൎഷീണാം	രാജൎഷികൾക്ക്
വനേ,	വനത്തിൽ,	രത്യൎത്ഥം	വിനോദമായി കാലം കഴിക്കുന്നതിന്നായി
ഏഷാ മൃഗയാ	വേട്ടചെയ്യുയെന്നുള്ള ഇത്,	കാലേ	വിധിക്കപ്പെട്ട കാലത്തിൽ
രാജൎഷിഗണസമ്മതാ	രാജൎഷിഗണങ്ങളാൽ സമ്മതിക്കപ്പെട്ട	അഭികാംക്ഷിതാം	ആഗ്രഹിക്കപ്പെടുന്നതും ആയ
അതുലാ	ദോഷരഹിതമായ	മൃഗയാം	നായാട്ടിനെ
രതിഃ ഹി;	വിനോദമാകുന്നു;	സരയൂവനേ	സരയൂനദിക്കരയിലുള്ള കാട്ടിൽ,
താം ഹി,	അപ്രകാരമുള്ളതും,	അത്യൎത്ഥം	അത്യന്തം
ലോകേ	ലോകത്തിൽ	അഭികാംക്ഷാമി.”	ഞാൻ കാംക്ഷിക്കുന്നു.
മനുജൈഃ	മനുഷ്യരാൽ		
വൃതാം,	സമ്മതിക്കപ്പെട്ടതും,		

സ തമധ്വാനമൈക്ഷ്വാകഃ സൂതം മധുരയാ ഗിരാ
തം തമൎത്ഥമഭിപ്രേത്യ യയൌ വാക്യമുദീരയൻ. 18

സഃ	ആ	മധുരയാ	മനോഹരമായ
ഐക്ഷ്വാകഃ	ശ്രീരാമൻ	ഗിരാ	മൊഴിയോടു കൂടി
സൂതം	സാരഥിയോട്	ഉദീരയൻ,	ചെയ്തുകൊണ്ട്,
തം തം അൎത്ഥം അഭിപ്രേത്യ	അതാത് പ്രസക്തിക്കനുസരിച്ചു പോലെ	തം	ആ
വാക്യം	സംഭാഷണത്തെ	അധ്വാനം	വഴി
		യയൌ.	കടന്നു.

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഏകോനപഞ്ചാശഃ സൎഗ്ഗഃ = നാല്പത്തൊമ്പതാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 4303; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1948.

പഞ്ചാശഃ സൎഗ്ഗഃ = അമ്പതാംസൎഗ്ഗം.

[ഗുഹസമാഗമഃ = ഗുഹനെ കാണുന്നത്.]

വിശാലാൻ കോസലാൻ രമ്യാൻ യാത്വാ ലക്ഷ്മണപൂൎവ്വജഃ
അയോദ്ധ്യാഭിമുഖോ ധീമാൻ പ്രാഞ്ജലിൎവ്വാക്യമബ്രവീത്. 1

ധീമാൻ	മഹാപ്രാജ്ഞനായ
ലക്ഷ്മണപൂൎവ്വജഃ,	ലക്ഷ്മണാഗ്രജൻ,
വിശാലാൻ	വിശാലങ്ങളും
രമ്യാൻ	ഭംഗിയേറിയവയുമായ
കോസലാൻ	കോസലനാടുകളെ
യാത്വാ,	കടന്നശേഷം,
പ്രാഞ്ജലിഃ,	അഞ്ജലികൂപ്പികൊണ്ട്,
അയോദ്ധ്യാഭിമുഖഃ	അയോദ്ധ്യയെനോക്കി പ്രാൎത്ഥിച്ചുകൊണ്ട്
വാക്യം	ഇപ്രകാരം വാക്യത്തെ
അബ്രവീത്.	അരുളിച്ചെയ്തു.

ആപൃച്ഛേ ത്വാം പുരി ശ്രേഷ്ഠേ കാകുത്സ്ഥപരിപാലിതേ
ദൈവതാനി ച യാനി ത്വാം പാലയന്ത്യാവസന്തി ച. 2

"കാകുത്സ്ഥപരിപാലിതേ!	"കാകുത്സ്ഥന്മാരാൽ പരിപാലിക്കപ്പെട്ടു വരുന്ന
ശ്രേഷ്ഠേ പുരി!	ഉത്തമ നഗരമേ!
ത്വാം ച	ഭവതിയോടും,
ത്വാം	ഭവതിയെ
ആവസന്തി	അടുത്തിരുന്ന്
പാലയന്തി	പരിപാലിക്കുന്ന
ദൈവതാനി യാനി ച	ദേവന്മാർ യാതൊരുവരോ അവരോടും
ആപൃച്ഛേ.	ഞാൻ യാത്രപറയുന്നു.

നിവൃത്തവനവാസസ്ത്വാമനൃണോ ജഗതീപതേഃ
പുനൎദ്രക്ഷ്യാമി മാത്രാ ച പിത്രാ ച സഹ സംഗതഃ. 3

"നിവൃത്തവനവാസഃ	"വനവാസത്തെ പൂൎത്തിചെയ്തു
ജഗതീപതേഃ	മഹാരാജാവിന്ന്
അനൃണഃ	ചെയ്യേണ്ടതായ കൃത്യത്തെ ചെയ്തവനായി
മാത്രാ ച	മാതാവോടും
പിത്രാ ച	പിതാവോടും
സഹ	കൂടി
സംഗതഃ,	ചേൎന്നവനായി,
ത്വാം പുനഃ	ഭവതിയെ വീണ്ടും
ദ്രക്ഷ്യാമി."	ഞാൻ കണ്ടാനന്ദിക്കാം."

തതോ രുചിരതാമ്രാക്ഷോ ഭുജമുദ്യമ്യ ദക്ഷിണം
അശ്രുപൂൎണ്ണമുഖോ ദീനോഽബ്രവീജ്ജാനപദം ജനം. 4

തതഃ	അട്ടിക്കൽ,
ജാനപദം ജനം,	നാട്ടുപുറത്തിലുള്ള ജനസമൂഹത്തോടായി,
ദീനഃ	(അവരുടെ ദുഃഖത്തെ കണ്ട്) അനുതപിക്കുന്നവനായി,
രുചിരതാമ്രാക്ഷഃ,	തേജോമയങ്ങളായ കലങ്ങിയ നേത്രങ്ങളാൎന്നവനായി
അശ്രുപൂൎണ്ണമുഖഃ,	അശ്രുക്കൾ നിറഞ്ഞ മുഖത്തോടുകൂടിയവനായ അദ്ദേഹം
ദക്ഷിണം	വലത്തെ
ഭുജം	കൈ
ഉദ്യമ്യ	ഉയൎത്തിക്കൊണ്ട്
അബ്രവീത്.	ഇങ്ങിനെയരുളിച്ചെയ്തു.

അനുക്രോശോ ദയാ ചൈവ യഥാഹം മയി വഃ കൃതഃ
ചിരം ദുഃഖസ്യ പാപീയോ ഗമ്യതാമൎത്ഥസിദ്ധയേ. 5

" മയി	" എന്റെ സംഗതിയിൽ
വഃ	നിങ്ങളുടെ
ദയാ ച	അനുതാപവും
അനുക്രോശഃ	ആദരവചനവും
യഥാൎഹം ഏവ	ഉള്ളവണ്ണംതന്നെ
കൃതഃ ;	എന്നാൽ ഗ്രഹിക്കപ്പെട്ടു ;
അൎത്ഥസിദ്ധയേ	കാൎയ്യസിദ്ധിക്കു വേണ്ടി
ഗമ്യതാം ;	എനിക്ക് പോകുവാൻ സമ്മതംനൽകിയാലും ;
ദുഃഖസ്യ ചിരം	ദുഃഖത്തിന്നു ഇനിയും വഴികൊടുക്കുന്നത്
പാപീയഃ."	ഇതിലുമധികം കഷ്ടമാണ്."

[" അൎത്ഥസിദ്ധയേ ഗമ്യതാം " സ്വന്തം കാൎയ്യങ്ങൾ വേണ്ടപോലെ ചെയ്വാൻപോയാലും ; എന്നും.]

തേഽഭിവാദ്യ മഹാത്മാനം കൃത്വാ ചാപി പ്രദക്ഷിണം
വിലപന്തോ നരാ ഘോരം വ്യതിഷ്ഠന്ത ക്വചിത് ക്വചിത്. 6

തേ	ആ
നരാഃ	ജനങ്ങൾ
മഹാത്മാനം	ആ മഹാപുരുഷനെ
അഭിവാദ്യ ച	വന്ദിച്ച്
പ്രദക്ഷിണം കൃത്വാ,	പ്രദക്ഷിണം ചെയ്ത്,
ഘോരം	മനസ്സുരുകുമാറ്
വിലപന്തഃ,	വിലപിക്കുന്നവരായി,
ക്വചിത് ക്വചിത്	അങ്ങുമിങ്ങും
വ്യതിഷ്ഠന്ത അപി.	നിന്നു കൊണ്ടുതന്നെയിരുന്നു.

തഥാ വിലപതാം തേഷാമതൃപ്താനാം ച രാഘവഃ
അചക്ഷുൎവ്വിഷയം പ്രായാദ്യഥാൎക്കഃ ക്ഷണദാമുഖേ. 7

രാഘവഃ ച	ശ്രീരാമനും,
തഥാ	അപ്രകാരം
അതൃപ്താനാം	മനഃസമാധാനംവരാതെ
വിലപതാം	വിലപിക്കുന്നവരായ
തേഷാം	അവൎക്ക്
അചക്ഷുൎവ്വിഷയം,	കണ്ണെത്താതിരിക്കുംവരെ,
ക്ഷണദാമുഖേ	വൈകുന്നേരത്തിൽ
അൎക്കഃ	സൂൎയ്യൻ
യഥാ,	എപ്രകാരമോ അപ്രകാരം,
പ്രായാത്.	വേഗത്തിൽ എഴുന്നെള്ളി.

തതോ ധാന്യധനോപേതാൻ ദാനശീലജനാഞ്ഛിവാൻ
അകുതശ്ചിദ്ഭയാൻ രമ്യാൻ ചൈത്യയൂപസമാവൃതാൻ 8

തതഃ	അവിടെനിന്നും
പുരുഷവ്യാഘ്രഃ,	ആ പുരുഷോത്തമൻ
രഥേന,	രഥത്തിലിരുന്നുകൊണ്ടുതന്നെ,
ധാന്യധനോപേതാൻ	ധനധാന്യങ്ങൾ നിറഞ്ഞവയും
ദാനശീലജനാൻ	ദാനശീലന്മാരായ ജനങ്ങളോടുകൂടിയവയും,
ശിവാൻ	ദുഃഖമററവയും,
അകുതശ്ചിദ്ഭയാൻ	നിൎഭയമായുള്ളവയും,
രമ്യാൻ	രമണീയങ്ങളും,
ചൈത്യയൂപസമാവൃതാൻ	യജ്ഞയൂപസ്തംഭങ്ങളാൽ നിറയപ്പെട്ടവയും

ഉദ്യാനാമ്രവണോപേതാൻ സംപന്നസലിലാശയാൻ
തുഷ്ടപുഷ്ടജനാകീർണ്ണാൻ ഗോപഗോകുലസേവിതാൻ 9

രക്ഷണീയാന്നരേന്ദ്രാണാം ബ്രഹ്മഘോഷാഭിനാദിതാൻ
രഥേന പുരുഷവ്യാഘ്രഃ കോസലാനത്യവർത്തത. 10

ഉദ്യാനാമ്രവണോപേതാൻ	പൂന്തോപ്പുകളും മാന്തോപ്പുകളും നിറഞ്ഞവയും,
സംപന്നസലിലാശയാൻ	വെള്ളം നിറഞ്ഞ രുചിരങ്ങളായ കുളങ്ങളോടു കൂടിയവയും
തുഷ്ടപുഷ്ടജനാകീർണ്ണാൻ	സർവ്വസമൃദ്ധിയാർന്ന സന്തുഷ്ടി പൂണ്ട ജനങ്ങളാർന്നവയും
ഗോപഗോകുലസേവിതാൻ	ഗോപന്മാരും പശുക്കളും നിറഞ്ഞുള്ളവയും
നരേന്ദ്രാണാം	അന്യരാജാക്കന്മാർക്ക്
രക്ഷണീയാൻ,	അടുപ്പാൻ കഴിയാത്തവയും,
ബ്രഹ്മഘോഷാഭിനാദിതാൻ	വേദഘോഷങ്ങൾ എങ്ങും മുഴങ്ങുന്നവയും ആയ
കോസലാൻ	കോസലരാജ്യങ്ങളെ
അത്യവർത്തത.	കടന്നുചെന്നു.

മദ്ധ്യേന മുദിതം സ്ഫീതം രമ്യോദ്യാനസമാകുലം
രാജ്യം ഭോഗ്യം നരേന്ദ്രാണാം യയൗ ധൃതിമതാം വരഃ. 11

ധൃതിമതാം	കയ്യേറ്റകൃത്യത്തെ പൂർത്തിയാക്കുന്നവരിൽ
വരഃ	മുമ്പനായ അദ്ദേഹം
മുദിതം	സന്തുഷ്ടിയുളവാക്കുന്ന
സ്ഫീതം	സമൃദ്ധവും [ത്തും
രമ്യോദ്യാനസമാകുലം	രമ്യോദ്യാനങ്ങളാൽ നിറയപ്പെട്ടതും,
നരേന്ദ്രാണാം	രാജാക്കന്മാർക്ക്
ഭോഗ്യം	കൊണ്ടാടത്തക്ക കാഴ്ചയായിരിക്കുന്നതും ആയ
രാജ്യം	രാജ്യത്തിൽ
മദ്ധ്യേന	യാത്രക്കാർ പോകുന്ന മാർഗ്ഗത്തിലൂടെതന്നെ
യയൗ.	എഴുന്നെള്ളി.

തതസ്ത്രിപഥഗാം ദിവ്യാം ശീതതോയാമശൈവലാം
ദദർശ രാഘവോ ഗംഗാം പുണ്യാമൃഷിനിഷേവിതാം. 12

തതഃ	അതിൽപിന്നെ
രാഘവഃ,	ശ്രീരാമൻ,
ത്രിപഥഗാം	സ്വർഗ്ഗത്തിലും, ഭൂമിയിലും, പാതാളത്തിലും പ്രവഹിക്കുന്നതും
അശൈവലാം	പായലില്ലാതെ
ശീതതോയാം,	കുളുത്ത നീരോട്ടമുള്ളതും
ദിവ്യാം	ദിവ്യവൈഭവത്തോടു കൂടിയതായി
പുണ്യാം	സദ്ഗതിനൽകുന്നതും
ഋഷിനിഷേവിതാം	ഋഷികളാൽ പൂജിക്കപ്പെടുന്നതുമായ
ഗംഗാം	ഗംഗാനദിയെ
ദദർശ.	സന്ദർശിച്ചു.

ആശ്രമൈരവിദൂരസ്ഥൈഃ ശ്രീമദ്ഭിഃ സമലംകൃതാം
കാലേഽപ്സരോഭിർഹൃഷ്ടാഭിഃ സേവിതാംഭോഹ്രദാം ശിവാം 13
ദേവദാനവഗന്ധർവ്വൈഃ കിന്നരൈരുപശോഭിതാം
നാനാഗന്ധർവ്വപത്നീഭിഃ സേവിതാം സതതം ശിവാം 14
ദേവാക്രീഡാശതാകീർണ്ണാം ദേവോദ്യാനയുതാം നദീം
ദേവാർത്ഥമാകാശഗമാം വിഖ്യാതാം ദേവപദ്മിനീം 15
ജലാഘാതാട്ടഹാസോഗ്രാം ഫേനനിർമ്മലഹാസിനീം
ക്വചിദ്വേണീകൃതജലാം ക്വചിദാവർത്തശോഭിതാം 16
ക്വചിത്സ്തിമിതഗംഭീരാം ക്വചിദ്വേഗജലാകുലാം
ക്വചിദ്ഗംഭീരനിർഘോഷാം ക്വചിദ്ഭൈരവനിസ്വനാം 17

അവിദൂരസ്ഥൈഃ	സമീപത്തിലുള്ള
ശ്രീമദ്ഭിഃ	പുണ്യങ്ങളായ
ആശ്രമൈഃ	ആശ്രമങ്ങളാൽ
സമലംകൃതാം,	അലങ്കരിക്കപ്പെട്ടതും,
കാലേ	തക്കസമയത്തിൽ
ഹൃഷ്ടാഭിഃ	സന്തുഷ്ടകളായ
അപ്സരോഭിഃ	അപ്സരസ്ത്രീകളാൽ
സേവിതാംഭോ-ഹ്രദാം,	ജലക്രീഡചെയ്യപ്പെട്ട കയങ്ങളോടുകൂടിയതും,
ശിവാം,	ആരോഗ്യപ്രദമായതും,
ദേവദാനവ-ഗന്ധർവ്വൈഃ	ദേവദാനവഗന്ധർവ്വന്മാരാലും,
കിന്നരൈഃ	കിന്നരന്മാരാലും
ഉപശോഭിതാം,	ആശ്രയിക്കപ്പെട്ടതും,
നാനാഗന്ധർവ്വ-പത്നീഭിഃ	അനേക ഗന്ധർവ്വപത്നികളാൽ
സേവിതാം,	കൊണ്ടാടപ്പെട്ടതും,
സതതം	എല്ലായ്പോഴും
ശിവാം,	ഉത്സവഘോഷമാർന്നതും,
ദേവാക്രീഡാ-ശതാകീർണ്ണാം	ക്രീഡിക്കുന്ന പല ദേവകളാൽ നിറയപ്പെട്ടതും
ദേവോദ്യാന-യുതാം,	ദേവന്മാർക്കുള്ള പല ഉദ്യാനങ്ങളോടുകൂടിയതും
ദേവാർത്ഥം	ദേവന്മാർക്കുവേണ്ടി
ആകാശഗമാം,	ആകാശത്തെ പ്രാപിച്ചതും,
വിഖ്യാതാം,	ത്രിലോകപ്രസിദ്ധിയാർന്നതും,
ദേവപദ്മിനീം	ദേവന്മാർക്കുള്ള താമരകൾ പൂക്കുന്ന
നദീം,	നദിയായുള്ളതും,
ജലാഘാതാട്ട-ഹാസോഗ്രാം,	തിരതല്ലുന്നതിനാലുള്ള വൻഘോഷമാർന്നതും,
ഫേനനിർമ്മല-ഹാസിനീം	നുരകളാകുന്ന വെൺപുഞ്ചിരി തൂകുന്നതും,
ക്വചിത് വേണീകൃത-ജലാം	ഒരിടം ഗംഗ, യമുന, സരസ്വതി എന്ന ത്രിവേണികളുടെസംഗമജലമാർന്നുള്ളതും,
ക്വചിത്	ചിലേടം
ആവർത്ത-ശോഭിതാം	നീർച്ചുഴികളാൽ മനോഹരമായതും,
ക്വചിത്	ചിലേടം
സ്തിമിതഗംഭീരാം	അനക്കമില്ലാതെ ഗംഭീരമായിരിക്കുന്നതും,
ക്വചിത്	ചിലേടം
വേഗ-ജലാകുലാം,	ഒഴുകുന്ന അപാരജലത്തോടുകൂടിയതും,
ക്വചിത്	ചിലേടം
ഗംഭീര-നിർഘോഷാം	ഭേരിവിളയിക്കുന്നതായ നിശ്ശബ്ദതയാർന്നതും
ക്വചിത്	ചിലേടം
ഭൈരവ-നിസ്വനാം,	ഭയങ്കരശബ്ദത്തോടുകൂടിയതും,

ദേവസംഘാപ്ലുതജലാം നിർമ്മലോത്പലസംകുലാം
ക്വചിദാഭോഗപുലിനാം ക്വചിന്നിർമ്മലവാലുകാം 18
ഹംസസാരസസംഘുഷ്ടാം ചക്രവാകോപകൂജിതാം
സദാ മത്തൈശ്ച വിഹഗൈരഭിസന്നാദിതാന്തരാം
ക്വചിത്തീരരുഹൈർവൃക്ഷൈർമ്മാലാഭിരുപശോഭിതാം 19
ക്വചിത്ഫുല്ലോല്പലച്ഛന്നാം ക്വചിത്പദ്മവനാകുലാം
ക്വചിത്കുമുദഷണ്ഡൈശ്ച കുഡ്മളൈരുപശോഭിതാം 20
നാനാപുഷ്പരജോധ്വസ്താം സമദാമിവ ച ക്വചിത്
വ്യപേതമലസംഘാതാം മണിനിർമ്മലദർശനാം 21
ദിശാഗജൈർവ്വനഗജൈർമ്മത്തൈശ്ച വരവാരണൈഃ
ദേവോപവാഹ്യൈശ്ച മുഹുഃ സന്നാദിതവനാന്തരാം 22
പ്രമദാമിവ യത്നേന ഭൂഷിതാം ഭൂഷണോത്തമൈഃ
ഫലൈഃ പുഷ്പൈഃ കിസലയൈർവൃതാം ഗുല്മൈർദ്വിജൈസ്തഥാ 23
ശിംശുമാരൈശ്ച നക്രൈശ്ച ഭുജംഗൈശ്ച നിഷേവിതാം
വിഷ്ണുപാദച്യുതാം ദിവ്യാമപാപാം പാപനാശിനീം 24
താം ശങ്കരജടാജൂടാദ്ഭ്രഷ്ടാം സാഗരതേജസാ
സമുദ്രമഹിഷീം ഗംഗാം സാരസക്രൌഞ്ചനാദിതാം
ആസസാദ മഹാബാഹുഃ ശൃംഗബേരപുരം പ്രതി. 25

ദേവസംഘാപ്ലുതജലാം,	ദേവഗണങ്ങൾ സ്നാനം ചെയ്യുന്ന ജലമാർന്നതും,
നിർമ്മലോത്പലസംകുലാം,	നിർമ്മലമായ താമരപ്പൂക്കൾ നിറഞ്ഞുള്ളതും,
ക്വചിത്	ചിലേടം
ആഭോഗപുലിനാം	വിശാലമായ മണൽത്തിട്ടകളാർന്നതും,
ക്വചിത്	ചിലേടം
നിർമ്മലവാലുകാം,	നിർമ്മലമായ കൂഴാങ്കല്ലുകളോട്ടുകൂടിയതും,
ഹംസസാരസസംഘുഷ്ടാം	ഹംസങ്ങളും നീർക്കോഴികളും ശബ്ദിക്കുന്നതും,
ചക്രവാകോപകൂജിതാം	ചക്രവാകങ്ങളാൽ കൂജനംചെയ്യപ്പെട്ടതും,
സദാ	എല്ലായ്പോഴും
മത്തൈഃ	മദിച്ച
വിഹഗൈഃ	പക്ഷികളാൽ
അഭിസന്നാദിതാന്തരാം ച,	ഒന്നിച്ചുകൂടി ശബ്ദിക്കപ്പെട്ട സ്ഥലങ്ങളാർന്നതും,
ക്വചിത്	ചിലേടം
മാലാഭിഃ	വരിവരിയായി
തീരരുഹൈഃ	കരകളിൽ മുളച്ച
വൃക്ഷൈഃ	വൃക്ഷങ്ങളാൽ
ഉപശോഭിതാം,	രമണീയമായതും,
ക്വചിത്	ചിലേടം,
ഫുല്ലോത്പലച്ഛന്നാം,	വികസിച്ച നീലോല്പലങ്ങളാൽ മൂടപ്പെട്ടതും
ക്വചിത്	ചിലേടം
പദ്മവനാകുലാം	താമരനിരകൾ നിറഞ്ഞുള്ളതും,
ക്വചിത്	ചിലേടം
കുമുദഷണ്ഡൈഃ	ആമ്പൽനിരകളാൽ
കുഡ്മളൈഃ	എല്ലായ്പോഴും വികസിച്ചിരിക്കുന്നവയായി
ഉപശോഭിതാം,	പരിലസിക്കുന്നതും,

മണിനിർമ്മല- ദർശനാം ച,	വൈഡൂര്യം പോലെ നിർമ്മലമായ് കാണപ്പെടുന്നതും,
കചചിത്	ചിലേടം
സമദാം	മദംപൂണ്ട നാരിയെന്ന
ഇവ	പോലെ
നാനാപുഷ്പ- രജോധ്വസ്താം,	പല പൂമ്പൊടികളാൽ വിവർണ്ണയായ്
വ്യപേതമല- സംഘാതാം ച,	മാലിന്യസംബന്ധം തന്നെയില്ലാത്തതും
വരവാരണൈഃ	ഗജശ്രേഷ്ഠന്മാരായ
ദിശാഗജൈഃ	അഷ്ടദിഗ്ഗജങ്ങളാലും
മത്തൈഃ	മദിച്ച
വനഗജൈഃ ച	കാട്ടാനകളാലും
ദേവോപ- വാഹ്യൈഃ ച	ദിവ്യവാഹനങ്ങളാലും
മുഹുഃ	ഇടവിടാതെ
സന്നാദിത- വനാന്തരാം,	ശബ്ദിക്കപ്പെട്ട വനപ്രദേശങ്ങളോടു കൂടിയതും,
ഭൂഷ- ണോത്തമൈഃ	ഉത്തമാലങ്കാരങ്ങളാകുന്ന
ഫലൈഃ	ഫലങ്ങളാലും
പുഷ്പൈഃ	പുഷ്പങ്ങളാലും
കിസലയൈഃ	ഇളം തളിരുകളാലും
ഗുല്മൈഃ	പടിക്കെട്ടുകളാലും (ചെടിക്കുത്തുകളാലും)
തഥാ	അപ്രകാരംതന്നെ
ദ്വിജൈഃ	മത്സ്യങ്ങളാലും
വൃതാം	ശോഭിക്കപ്പെട്ടതും,
യത്നേന	ശ്രദ്ധയോടുകൂടി
ഭൂഷിതാം	അലങ്കരിക്കപ്പെട്ട
പ്രമദാം ഇവ,	യുവതിയെപ്പോലിരിക്കുന്നതും,
ശിംശുമാരൈഃ ച	നീർനായ്ക്കളാലും
നക്രൈഃ ച	മുതലകളാലും
ഭുജംഗൈഃ ച	വെള്ളപ്പാമ്പുകളാലും,
നിഷേവിതാം,	വസിക്കപ്പെട്ടതും,
ദിവ്യാം	ത്രിലോകവാസികളാലും കൊണ്ടാടപ്പെട്ടതായി
വിഷ്ണു- പാദച്യുതാം	വിഷ്ണുപാദത്തിൽനിന്ന് ഉൽപത്തിയായതും,
അപാപാം	പാപമററതും,
പാപനാശിനീം	പാപങ്ങളെ നശിപ്പിക്കുന്നതും,
സാഗര- തേജസാ	സഗരവംശജനായ ഭഗീരഥൻെറ തപോവൈഭവത്താൽ
ശങ്കരജടാ- ജൂടാത്	പരമശിവൻെറ ജടമുടിയിൽനിന്ന്
ഭ്രഷ്ടാം,	ഇറങ്ങിയതും,
സാരസ- ക്രൗഞ്ച- നാദിതാം	കുളക്കോഴികളാലും ക്രൗഞ്ചങ്ങളാലും ശബ്ദിക്കപ്പെട്ടതും
സമുദ്ര- മഹിഷീം ച	സമുദ്രരാജാവിൻെറ പത്നിയും ആയ
താം	ആ
ഗംഗാം	ഗംഗാനദിയെ
മഹാബാഹുഃ	മഹാബാഹുവായ ശ്രീരാമൻ
ശൃംഗബേര- പുരം പ്രതി	ശൃംഗവേരപുരത്തിന്നടുത്തായി
ആസസാദ.	പ്രാപിച്ചു.

[ശൃംഗവേരപുരം എന്നത് അല്ലഹബാദിന്നു താഴെ ഗംഗാതീരത്തിൽ ഇപ്പോൾ മർസാപുരം (Mirzapur) എന്ന നഗരത്തിന്നടുത്താണെന്ന് ഒരുപക്ഷം. അല്ലഹബാദിന്ന്, 22 നാഴിക ദൂരെ വടക്കുപടിഞ്ഞാറായി ഇപ്പോഴുള്ള "സംഗ്റൗർ" (Sangravur) എന്ന ചെറുഗ്രാമമാണെന്നും ഒരു പക്ഷം. ഈ ഗ്രാമത്തിന്നരികായി ഇപ്പോൾ ഗംഗ ഒഴുകുന്നില്ലെങ്കിലും അതിൻെറ ഒരു ശാഖ അതിനെ കുറിക്കുന്നതായ് പറയപ്പെടുന്നു.]

താമൂർമ്മികലിലാവർത്താമന്വവേക്ഷ്യ മഹാരഥഃ
സുമന്ത്രമബ്രവീത് സൂതമിഹൈവാദ്യ വസാമഹേ. 26

മഹാരഥഃ	മഹാരഥനായ അദ്ദേഹം	സൂതം സുമന്ത്രം	സൂതനായ സുമന്ത്രരോ
ഊർമ്മികലിലാവർത്താം	അലകളോടുചേർന്ന ചുഴികളാർന്ന	അബ്രവീത് ;	അരുളിച്ചെയ്തു ; [ടായി
		" അദ്യ	" ഇന്ന്
താം	ആ നദിയെ	ഇഹ ഏവ	ഇട്ടിക്കിൽതന്നെ
അന്വവേക്ഷ്യ,	ആദരിച്ചശേഷം,	വസാമഹേ.	കഴിച്ചുകൂട്ടുക.

അവിദൂരാദയം നദ്യാ ബഹുപുഷ്പപ്രവാളവാൻ
സുമഹാനിംഗുദീവൃക്ഷോ വസാമോഽത്രൈവ സാരഥേ. 27

" സാരഥേ !	" സുമന്ത്രരെ !	സുമഹാൻ	വമ്പിച്ച
നദ്യാഃ	നദിയുടെ	ഇംഗുദീവൃക്ഷഃ	ഇംഗുദീവൃക്ഷം (ഓട
അവിദൂരാത്	അരികത്തായി	അയം ;	ഇതാ ഉണ്ട് ; [മരം)
ബഹുപുഷ്പപ്രവാളവാൻ	ഏറെ പൂക്കളും ഇലകളുമാർന്ന	അത്ര ഏവ	ഇതിന്റെ ചുവട്ടിൽ
		വസാമഃ.	നാം ഇറങ്ങുക.

ദ്രക്ഷ്യാമഃ സരിതാം ശ്രേഷ്ഠാം സംമാന്യസലിലാം ശിവാം
ദേവദാനവഗന്ധർവ്വമൃഗമാനുഷപക്ഷിണാം. 28

ദേവദാനവഗന്ധർവ്വമൃഗമാനുഷപക്ഷിണാം	ദേവന്മാർക്കും, ദാനവന്മാർക്കും, ഗന്ധർവ്വന്മാർക്കും, മൃഗങ്ങൾക്കും, നരന്മാർക്കും, പക്ഷികൾക്കും,	ശിവാം	സർവ്വശോഭനയായി
		സരിതാം	നദികളിൽവെച്ച്
		ശ്രേഷ്ഠാം	ശ്രേഷ്ഠയായി വിളങ്ങുന്നതും ആയ ഇതിനെ
സംമാന്യസലിലാം	പൂജിക്കത്തക്കതായ തീർത്ഥമാർന്നതും	ദ്രക്ഷ്യാമഃ."	നാം സേവിക്കുക."

ലക്ഷ്മണശ്ച സുമന്ത്രശ്ച ബാഢമിത്യേവ രാഘവം
ഉക്ത്വാ തമിംഗുദീവൃക്ഷം തദോപയയതുർഹയൈഃ. 29

ലക്ഷ്മണഃ ച	ലക്ഷ്മണനും	തദാ	അതിൽപിന്നെ
സുമന്ത്രഃ ച,	സുമന്ത്രരും,	തം	ആ
രാഘവം	ശ്രീരാഘവനോട്	ഇംഗുദീവൃക്ഷം	ഇംഗുദീവൃക്ഷത്തെ
'ബാഢം ഏവം'	'അങ്ങിനെയാകട്ടെ'	ഹയൈഃ	കുതിരകളോടുകൂടി,
ഇതി ഉക്ത്വാ,	എന്ന് ഉണർത്തിച്ച്,	ഉപയയതുഃ.	സമീപിച്ചു.

രാമോഽഭിയായ തം രമ്യം വൃക്ഷമിക്ഷ്വാകുനന്ദനഃ
രഥാദവാതരത് തസ്മാത് സഭാര്യഃ സഹലക്ഷ്മണഃ. 30

ഇക്ഷ്വാകുനന്ദനഃ	ഇക്ഷ്വാകുകുലതിലകനായ	അഭിയായ,	കണ്ടറിഞ്ഞ്,
		തസ്മാത്	അതിനാൽ
രാമഃ,	ശ്രീരാമൻ,	രഥാത്	രഥത്തിൽനിന്ന്
തം വൃക്ഷം	ആ വൃക്ഷത്തെ	സഭാര്യഃ	ഭാര്യാസഹിതനായി
രമ്യം	സൌകര്യമുള്ളതുതന്നെയെന്ന്	സഹലക്ഷ്മണഃ	ലക്ഷ്മണനോടുംകൂടി
		അവാതരത്.	ഇറങ്ങി.

സുമന്ത്രോഽപ്യവതീര്യ്യാസ്മാന്മോചയിത്വാ ഹയോത്തമാൻ
വൃക്ഷമൂലഗതം രാമമുപതസ്ഥേ കൃതാഞ്ജലിഃ. 31

സുമന്ത്രഃ അപി	സുമന്ത്രരും	വൃക്ഷമൂലഗതം	മരച്ചുവട്ടിൽ എഴുന്നെ
അസ്മാത്	ഇതിൽനിന്ന്		ള്ളിയിരുന്ന
അവതീര്യ്യ,	താഴത്തിറങ്ങി,	രാമം	ശ്രീരാമന്റെ മുമ്പാകെ
ഹയോത്തമാൻ	ശ്രേഷ്ഠഹയങ്ങളെ	കൃതാഞ്ജലിഃ	അഞ്ജലിഹസ്തനായി
മോചയിത്വാ,	അഴിച്ചുവിട്ട്,	ഉപതസ്ഥേ.	കാത്തുനിന്നു.

തത്ര രാജാ ഗുഹോ നാമ രാമസ്യാത്മസമഃ സഖാ
നിഷാദജാത്യോ ബലവാൻ സ്ഥപതിശ്ചേതി വിശ്രുതഃ. 32

സ്ഥപതിഃ	അട്ടിക്കിന്നധിപനായി	ആത്മസമഃ	പ്രാണസമനായ
രാജാ,	വാണുവന്നിരുന്നവനും	സഖാ ഇതി	മിത്രമെന്ന്
ബലവാൻ	ചതുരംഗസേനാസമേ	വിശ്രുതഃ ച	പ്രസിദ്ധിയാന്നവനുമാ
	തനും	ഗുഹഃ നാമ	ഗുഹൻ എന്നവൻ [യ
നിഷാദജാത്യഃ	വേടജാതിയിൽപ്പെട്ട	തത്ര.	വസിക്കുന്ന സ്ഥലമാ
രാമസ്യ	ശ്രീരാമന്റെ [വനും		മാകുന്നു അത്.

["ഹീനപ്രേഷ്യം ഹീനസഖ്യം ഹീനഗേഹനിഷേവണം" എന്നവ ഉപപാതങ്ങളിൽ പെട്ടവയാണെങ്കിലും "നിഷാദസ്ഥപതിം യാജയേത്," എന്ന് നിഷാദാധിപതിക്ക് യജ്ഞസംബന്ധം ശ്രുതിയിൽ പറയപ്പെട്ടിരിക്കുന്നതിനാലും, രാജാക്കന്മാക്ക് നിഷാദബലസ്വീകരണം ഷഡ്വിധബലങ്ങളിൽ പെട്ടിരിക്കുന്നതിനാലും, ഹീനസഖ്യാദിവിഷയം വിപ്രന്മാരെ സംബന്ധിക്കുന്നതാകയാലും, ശ്രീരാമന്നു ഗുഹനുമായുള്ള സഖ്യം നിഷിദ്ധമല്ലെന്നു ഗ്രാഹ്യം. (ഗോ. രാ. തിലകം.) വാസ്തവത്തിലാകട്ടെ "നശൂദ്രാ ഭഗവദ്ഭക്താ വിപ്രാ ഭാഗവതാഃ സ്മൃതാഃ; സർവ്വവർണ്ണേഷു തേ ശൂദ്രാ യേ ഹ്യഭക്താ ജനാർദ്ദനേ" എന്നു പറഞ്ഞപ്രകാരം ഗുഹൻ ഭക്തോത്തമനാകയാൽ തത്സഖ്യം അത്യന്തം യുക്തമെന്നു ബോദ്ധ്യം. (ഗോ. രാ.)]

സ ശ്രുത്വാ പുരുഷവ്യാഘ്രം രാമം വിഷയമാഗതം
വൃദ്ധൈഃ പരിവൃതോഽമാത്യൈർജ്ഞാതിഭിശ്ചാപ്യുപാഗതഃ. 33

സഃ	ആ ഗുഹൻ	ശ്രുത്വാ,	കേട്ട്,
പുരുഷവ്യാഘ്രം	പുരുഷോത്തമനായ	വൃദ്ധൈഃ	ജ്ഞാനവാന്മാരായ
രാമം	ശ്രീരാമനെ	അമാത്യൈഃ ച	മന്ത്രികളാലും
വിഷയം	നാട്ടിൽ	ജ്ഞാതിഭിഃ അപി	ബന്ധുജനങ്ങളാലും
ആഗതം	എഴുന്നെള്ളിയിരിക്കുന്ന	പരിവൃതഃ	ചൂഴപ്പെട്ടവനായി
	വനായി	ഉപാഗതഃ.	സന്ദർശിപ്പാൻ വന്നു.

തതോ നിഷാദാധിപതിം ദൃഷ്ട്വാ ദൂരാദവസ്ഥിതം
സഹ സൌമിത്രിണാ രാമഃ സമാഗച്ഛദ്ഗുഹേന സഃ. 34

സഃ രാമഃ	ആ ശ്രീരാമൻ,	ദൃഷ്ട്വാ,	കടാക്ഷിച്ച്
ദൂരാത്	ഏറെക്കാലമായി	തതഃ	അതിൽപിന്നെ
അവസ്ഥിതം	അചഞ്ചലഭക്തിയാന്ന	സൌമിത്രിണാ	ലക്ഷ്മണനോടും
	ഭാഗവതോത്തമനായ	ഗുഹേന സഹ	ഗുഹനോടുംകൂടി
നിഷാദാധിപതിം	വേടക്കരചനെ	സമാഗച്ഛത്.	നന്ദിച്ചു.

തമാർത്തഃ സംപരിഷ്വജ്യ ഗുഹോ രാഘവമബ്രവീത്
യഥാഽയോദ്ധ്യാ തഥേദം തേ രാമ കിം കരവാണി തേ. 35

ഗുഹഃ	ഗുഹൻ	തേ	അവിടുത്തേക്കു്
ആർത്തഃ	അത്തൽപൂണ്ടവനായി	അയോദ്ധ്യാ യഥാ തഥാ	{ അയോദ്ധ്യ എപ്രകാരമോ, അപ്രകാരംതന്നെയാണു്
രാഘവം	ശ്രീരാഘവനെ	ഇദം ;	ഇതു് ;
സംപരിഷ്വജ്യ,	ആലിംഗനംചെയ്തു്	തേ	അവിടുത്തേക്കു്
തം	അദ്ദേഹത്തോടായി	കരവാണി കിം?	ഞാൻ ചെയ്യേണ്ടതു് എന്തൊന്നാണു് ?
അബ്രവീത് ;	ഉരചെയ്തു;		
" രാമ !	" ശ്രീരാമ !		

ഈദൃശം ഹി മഹാബാഹോ കഃ പ്രാപ്സ്യത്യതിഥിം പ്രിയം. 36

"മഹാബാഹോ !	" മഹാബാഹുവായുള്ളോവെ !	ഈദൃശം	ഇങ്ങിനെ
		അതിഥിം	അതിഥിയായി
പ്രിയം ഹി	ആശപ്പെട്ടുകൊണ്ടിരിക്കുന്നവനെത്തന്നെ	കഃ	ആക്കു്
		പ്രാപ്സ്യതി?"	ലഭിക്കും ?"

തതോ ഗുണവദന്നാദ്യമുപാദായ പൃഥഗ്വിധം
അർഘ്യം ചോപാനയത് ക്ഷിപ്രം വാക്യം ചേദമുവാച ഹ. 37

ഗുണവത്	ശ്ലാഘ്യവും	ക്ഷിപ്രം	ഉടനെ
പൃഥഗ്വിധം ച	പലമാതിരിയായതുമായ	ഉപാനയത് ;	പ്രദാനംചെയ്തു ;
		തതഃ	പിന്നെ
അന്നാദ്യം	ആഹാരാദികളെ	ഇദം	ഈ
ഉപാദായ,	തിരുമുമ്പിൽവെച്ചു്,	വാക്യം ഹ	വാക്യത്തെയും
അർഘ്യം ച	അർഘ്യം മാത്രം	ഉവാച.	ഉരചെയ്തു.

സ്വാഗതം തേ മഹാബാഹോ തവേയമഖിലാ മഹീ
വയം പ്രേഷ്യാ ഭവാൻ ഭർത്താ സാധു രാജ്യം പ്രശാധി നഃ. 38

"മഹാബാഹോ!	" ഹേ മഹാബാഹോ !	പ്രേഷ്യാഃ ;	ദാസന്മാർ ;
തേ സ്വാഗതം!	നിന്തിരുവടിക്കു സ്വാഗതം !	നഃ	ഞങ്ങൾക്കും
ഇയം	ഈ	രാജ്യം	രാജ്യത്തിന്നും
മഹീ	രാജ്യം	ഭർത്താ	സ്വാമിയായി
അഖിലാ	മുഴുവനും	സാധു	വഴിപോലെ
തവ ;	അവിടുത്തേതാകുന്നു ;	ഭവാൻ	നിന്തിരുവടി
വയം	ഞങ്ങൾ	പ്രശാധി.	വാണാലും.

ഭക്ഷ്യം ഭോജ്യം ച പേയം ച ലേഹ്യം ചോഷ്യമുപസ്ഥിതം
ശയനാനി ച മുഖ്യാനി വാജിനാം ഖാദനം ച തേ. 39

"തേ ച	"നിന്തിരുവടിക്കായി	മുഖ്യാനി	നല്ല
ഭോജ്യം,	ചിത്രാന്നങ്ങളും,	ശയനാനി	മെത്തകളും
ഭക്ഷ്യം,	പലഹാരങ്ങളും,	വാജിനാം	കുതിരകൾക്കു്
പേയം,	പാനീയങ്ങളും,	ഖാദനം ച	തീററിയും
ലേഹ്യം,	ചമ്മന്തികളും,	ച	എല്ലാം
ചോഷ്യം ച,	ഉപ്പേരികളും,	ഉപസ്ഥിതം."	തയ്യാറുണ്ടു്."

ഗുഹമേവം ബ്രുവാണം തു രാഘവഃ പ്രത്യുവാച ഹ
അർച്ചിതാശ്ച പ്രഹൃഷ്ടാശ്ച ഭവതാ സർവ്വഥാ വയം
പദ്ഭ്യാമഭിഗമാച്ചൈവ സ്നേഹസംദർശനേന ച. 40

രാഘവഃ	ശ്രീരാമൻ	സ്നേഹ സംദർശനേന ഏവ	സ്നേഹമൈത്രിയെ നല്ല പോലെ പ്രദർശിപ്പിച്ചതിനാലും
ഏവം ബ്രുവാണം	ഇപ്രകാരം പറയുന്ന		
ഗുഹം	ഗുഹനോടായി		
തു	ഇപ്രകാരം	വയം	ഞങ്ങൾ
പ്രത്യുവാച;	മറുപടിയരുൾചെയ്തു;	ഭവതാ	ഭവാനാൽ
"ഹ!	"വാസ്തവംപറയാം!	സർവ്വഥാ ച	യഥേഷ്ടമായും
പദ്ഭ്യാം	കാൽനടയായി	അർച്ചിതാഃ ച;	പൂജിക്കപ്പെട്ടു;
അഭിഗമാത് ച	വന്നതുകൊണ്ടും	പ്രഹൃഷ്ടാഃ ച.	സന്തുഷ്ടരായിരിക്കുന്നു."

ഭുജാഭ്യാം സാധു വൃത്താഭ്യാം പീഡയൻ വാക്യമബ്രവീത്. 41

വൃത്താഭ്യാം	നീണ്ടുരുണ്ട	പീഡയൻ	ആലിംഗനംചെയ്തു്,
ഭുജാഭ്യാം	ഇരുഭുജങ്ങളാൽ	വാക്യം അബ്രവീത്.	ഇപ്രകാരം വാക്യത്തെ അരുളിച്ചെയ്തു.
സാധു	ഉള്ളം കുളിക്കുമാറു്		

ദിഷ്ട്യാ ത്വാം ഗുഹ പശ്യാമി ഹ്യരോഗം സഹ ബാന്ധവൈഃ
അപി തേ കുശലം രാഷ്ട്രേ മിത്രേഷു ച ധനേഷു ച. 42

"ഗുഹ!	"ഗുഹ!	തേ	ഭവാന്റെ
ബാന്ധവൈഃ സഹ	ബന്ധുക്കളോടുംകൂടി	രാഷ്ട്രേ	പ്രജകളുടെ സംഗതിയിലും
ത്വാം	ഭവാനെ	മിത്രേഷു ച	ബന്ധുരാജാക്കന്മാരുടെ സംഗതിയിലും
അരോഗം	ആരോഗ്യത്തോടെ		
പശ്യാമി!	ഞാൻ കാണുന്നുവല്ലോ;	ധനേഷു ച	ധനവിഷയത്തിലും
ഹി ദിഷ്ട്യാ!	എത്ര സന്തോഷം!	കുശലം അപി?	എല്ലാം കുശലമല്ലേ?

യത്ത്വിദം ഭവതാ കിംചിത് പ്രീത്യാ സമുപകല്പിതം
സർവ്വം തദനുജാനാമി ന ഹി വർത്തേ പ്രതിഗ്രഹേ. 43

"കിംചിത് തു	"സ്വല്പമെന്നാലും	പ്രീത്യാ	പ്രീതിയോടുകൂടി
പ്രതിഗ്രഹേ	അന്യന്റേതിനെ കയ്യേൽക്കുന്ന കാര്യത്തിൽ	സമുപകല്പിതം	കൊണ്ടുവരപ്പെട്ടിരിക്കുന്ന
വർത്തേ ന;	ഞാൻ ഇപ്പോൾ വർത്തിക്കുന്നില്ല;	യത് തത്	യാതൊരു ആ
ഹി,	അതിനാൽ	ഇദം സർവ്വം,	ഇവ എല്ലാററിനേയും
ഭവതാ	ഭവാനാൽ	അനുജാനാമി.	ഞാൻ സ്വീകരിച്ചതായി സമ്മതിക്കുന്നു.

കുശചീരാജിനധരം ഫലമൂലാശിനം ച മാം
വിദ്ധി പ്രണിഹിതം ധൎമ്മേ താപസം വനഗോചരം. 44

"മാം	"എന്നെ	ധൎമ്മേ ച	ആചാരത്തിൽതന്നെ
വനഗോചരം	വനവാസിയായി	പ്രണിഹിതം	വൎത്തിക്കുന്നവനായ
കുശചീരാജിനധരം	ദൎഭ, മരവുരി, തോൽ എന്നവ ധരിച്ചു്,	താപസം	താപസനെന്നു്
ഫലമൂലാശിനം	കായ്കിഴങ്ങുകൾ ഭുജിക്കുന്നവനായി	വിദ്ധി.	ഭവാൻ ഭാവിച്ചാലും.

അശ്വാനാം ഖാദനേനാഹമൎത്ഥീ നാന്യേന കേനചിത്
ഏതാവതാത്ര ഭവതാ ഭവിഷ്യാമി സുപൂജിതഃ. 45

"അശ്വാനാം	"കുതിരകൾക്കുള്ള	ന ;	വേണ്ടതില്ല ;
ഖാദനേന	തീററി ഒന്നുകൊണ്ടു തന്നെ	അത്ര,	ഇപ്പോൾ
അഹം	ഞാൻ	ഭവതാ	ഭവാനാൽ
അൎത്ഥീ ;	തൃപ്തനായിരിക്കുന്നു ;	ഏതാവതാ	ഇതൊന്നുകൊണ്ടുമാത്രം
അന്യേന	മററുള്ളവ	സുപൂജിതഃ	നല്ലപോലെ പൂജിക്കപ്പെട്ടവനായി
കേനചിത്	ഒന്നുംതന്നെ	ഭവിഷ്യാമി.	ഞാൻ ഭവിക്കുന്നു.

[“രാജ്യം ത്യക്തവതൊ വനം പ്രവിശതോ ജാതം ജലപ്രാശനം ത്രൈരാത്രം,” എന്ന അംഗിവേശ്യമുനിവാക്യപ്രകാരം, വനപ്രസ്ഥാനം തുടങ്ങി രണ്ടാമത്തെ രാത്രിയായ ഈ ദിവസവും ജലപ്രാശനം മാത്രമെ ചെയ്തുള്ളു എന്നു ഗ്രാഹ്യം.]

ഏതേ ഹി ദയിതാ രാജ്ഞഃ പിതുൎദശരഥസ്യ മേ
ഏതൈഃ സുസുഖിതൈരശ്വൈഃ ഭവിഷ്യാമ്യഹമൎച്ചിതഃ. 46

"ഏതേ	"ഇവ,	സുസുഖിതൈഃ	നന്നായി ശുശ്രൂഷിക്കപ്പെട്ട
മേ	എന്റെ	ഏതൈഃ	ഈ
പിതുഃ	പിതാവായ	അശ്വൈഃ,	കുതിരകളാൽ,
ദശരഥസ്യ രാജ്ഞഃ	ദശരഥമഹാരാജാവിന്നു്	അഹം	ഞാൻ
		അൎച്ചിതഃ	ആദരിക്കപ്പെട്ടവനായി
ദയിതാഃ ;	പ്രിയപ്പെട്ടവ ;	ഭവിഷ്യാമി ഹി."	ഭവിക്കുമല്ലൊ."

അശ്വാനാം പ്രതിപാനം ച ഖാദനം ചൈവ സോന്വശാത്
ഗുഹസ്തത്രൈവ പുരുഷാംസ്ത്വരിതം ദീയതാമിതി. 47

സഃ ഗുഹഃ	ആ ഗുഹൻ	ഖാദനം ച	തീററും
തത്ര ഏവ,	അപ്രകാരമാകയാൽ,	പ്രതിപാനം ച	വെള്ളവും
പുരുഷാൻ	ആൾക്കാരോടായി	ദീയതാം ;"	കൊടുക്കപ്പെടട്ടെ ;"
"ത്വരിതം	"വേഗത്തിൽ	ഇതി	എന്നു്
അശ്വാനാം ഏവ	കുതിരകൾക്കെല്ലാം	അന്വശാത്.	കല്പിച്ചു.

തതശ്ചീരോത്തരാസംഗഃ സന്ധ്യാമന്വാസ്യ പശ്ചിമാം
ജലമേവാദദേ ഭോജ്യം ലക്ഷ്മണേനാഹൃതം സ്വയം. 48

തതഃ,	അനന്തരം,	അന്വാസ്യ,	ഉപാസിച്ചശേഷം
ചീരോത്തരാസംഗഃ,	മരവുരികൊണ്ടുള്ള ഉത്തരീയത്തെ അരയിൽകെട്ടി,	ലക്ഷ്മണേന	ലക്ഷ്മണനാൽ
		സ്വയം	തന്നാൽതന്നെ
		ആഹൃതം	കൊണ്ടുവരപ്പെട്ട
പശ്ചിമാം സന്ധ്യാം	സായംസന്ധ്യയെ	ജലം ഏവ	ജലത്തെമാത്രം [ണ്ടു.
		ഭോജ്യം ആദദേ.	ആഹാരമായി കൈക്കൊ-

തസ്യ ഭൂമൌ ശയാനസ്യ പാദൌ പ്രക്ഷാല്യ ലക്ഷ്മണഃ
സഭാര്യസ്യ തതോഽഭ്യേത്യ തസ്ഥൌ വൃക്ഷമുപാശ്രിതഃ. 49

ലക്ഷ്മണഃ,	ലക്ഷ്മണൻ,	പ്രക്ഷാല്യ,	കഴുകി തുടച്ചു്,
ഭൂമൌ	നിലത്തു്	തതഃ	അതിൽപിന്നെ
സഭാര്യസ്യ	പത്നീസമേതനായി	വൃക്ഷം അഭ്യേത്യ	വൃക്ഷത്തെ സമീപിച്ചു്
ശയാനസ്യ	ശയിച്ചിരുന്ന[വടികളെ	ഉപാശ്രിതഃ	അതിൽ ചാഞ്ഞുകൊ
തസ്യ പാദൌ	അദ്ദേഹത്തിന്റെതിരു-	തസ്ഥൌ,	കാവൽനിന്നു. [ണ്ടു്

ഗുഹോഽപി സഹ സൂതേന സൌമിത്രിമനുഭാഷയൻ
അന്വജാഗ്രത്തതോ രാമമപ്രമത്തോ ധനുർദ്ധരഃ. 50

തതഃ	അട്ടിക്കിൽ	അനുഭാഷയൻ	സംഭാഷണംചെയ്തുകൊ
ഗുഹഃ അപി	ഗുഹനും	ധനുർധരഃ	വില്ലുംകയ്യുമായി [ണ്ടു്,
സൂതേന സഹ	സാരഥിയോടുംകൂടി	അപ്രമത്തഃ	ജാഗ്രതയോടുകൂടി
സൌമിത്രിം	ലക്ഷ്മണന്റെഅടുക്കൽ	അന്വജാഗ്രത്.	രാത്രിമുഴുവനും ഉറക്കൊ
രാമം	ശ്രീരാമനെപ്പററി		ഴിച്ചുകൊണ്ടിരുന്നു.

തഥാ ശയാനസ്യ തതോഽസ്യ ധീമതോ
യശസ്വിനോ ദാശരഥേർമ്മഹാത്മനഃ
അദൃഷ്ടദുഃഖസ്യ സുഖോചിതസ്യ സാ
തദാ വ്യതീയായ ചിരേണ ശർവ്വരീ. 51

അദൃഷ്ടദുഃഖസ്യ	ദുഃഖമെന്നതറിയാത്ത	തഥാ	അപ്രകാരം
സുഖോചിതസ്യ	സുഖാർഹനും [വനും	ശയാനസ്യ	പള്ളികൊണ്ടിരിക്കുന്ന
ധീമതഃ	സദ്ബുദ്ധിയാന്നവനും		വനും ആയ
യശസ്വിനഃ	കീർത്തിമാനും	അസ്യ	ഇദ്ദേഹത്തിന്നു്,
മഹാത്മനഃ	മഹാത്മാവും	സാ ശർവ്വരീ,	ആ രാത്രി,
ദാശരഥേഃ,	ദശരഥാത്മജനും,	ചിരേണ	എത്രയോ ദീർഘിച്ചു
തദാ തതഃ	ആ സമയം അവിടെ	വ്യതീയായ.	കഴിഞ്ഞുകൂടി. [തായി

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
പഞ്ചാശഃ സർഗ്ഗഃ = അമ്പതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 4354; അയോദ്ധ്യാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1999.

ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാം സർഗ്ഗം.

[ഗുഹലക്ഷ്മണസംവാദം = ഗുഹനും ലക്ഷ്മണനും തമ്മിൽ സംഭാഷണം ചെയ്യുന്നത്.]

തം ജാഗ്രതമദംഭേന ഭ്രാതുരർത്ഥായ ലക്ഷ്മണം
ഗുഹഃ സംതാപസന്തപ്തോ രാഘവം വാക്യമബ്രവീത്. 1

ഗുഹഃ	ഗുഹൻ	സംതാപ-	അദ്ദേഹത്തിൻെറ ബു
അദംഭേന	കാപട്യലേശമില്ലാതെ	സംതപ്തഃ	ദ്ധിമുട്ടിനെ ആലോചി
ഭ്രാതുഃ അർത്ഥായ	ജ്യേഷ്ഠനുവേണ്ടി		ച്ച് പരിതപിക്കുന്ന
ജാഗ്രതം	ഉറക്കൊഴിക്കുന്നവനാ		വനായി,
രാഘവം	രഘുവംശജനായ [യ	വാക്യം	ഇപ്രകാരം ഉരചെയ്തു.
തം ലക്ഷ്മണം	ആ ലക്ഷ്മണനോടായി,	അബ്രവീത്.	

ഇയം താത സുഖാ ശയ്യാ ത്വദർത്ഥമുപകല്പിതാ
പ്രത്യാശ്വസിഹി സാധ്വസ്യാം രാജപുത്ര യഥാസുഖം. 2

“ താത !	“ സ്നേഹിത !	ഉപകല്പിതാ ;	കൊണ്ടുവരപ്പെട്ടിരിക്കു
രാജപുത്ര !	രാജകുമാര !	അസ്യാം	ഇതിൽ [ന്നു ;
ത്വദർത്ഥം	അവിടുത്തേക്കുവേണ്ടി,	യഥാസുഖം	ഇഷ്ടംപോലെ
ഇയം	ഇതാ	സാധു	ഭയമില്ലാതെ
സുഖാ	സുഖമായ	പ്രത്യാശ്വ-	കുറച്ച് ശയിച്ചാലും.
ശയ്യാ	മെത്ത	സിഹി.	

ഉചിതോഽയം ജനഃ സർവ്വഃ ക്ലേശാനാം ത്വം സുഖോചിതഃ
ഗുപ്ത്യർത്ഥം ജാഗരിഷ്യാമഃ കാകുത്സ്ഥസ്യ വയം നിശാം. 3

“ അയം	“ ഈ	സുഖോചിതഃ ;	സുഖംമാത്രംപരിചയി
ജനഃ	ജനതതിയിലുള്ള	കാകുത്സ്ഥസ്യ	ശ്രീരാമന്ന് [ച്ചവൻ ;
സർവ്വഃ	എല്ലാവരും	ഗുപ്ത്യർത്ഥം	കാവലായി
ക്ലേശാനാം	കായക്ലേശം	വയം	ഞങ്ങൾ
ഉചിതഃ ;	പരിചയിച്ചവരാകുന്നു ;	നിശാം	രാത്രിമുഴുവനും ഉറക്കൊ
ത്വം	അങ്ങ്	ജാഗരിഷ്യാമഃ.	ഴിച്ചുകൊണ്ടിരിക്കാം.

ന ഹി രാമാത് പ്രിയതമോ മമാസ്തി ഭുവി കശ്ചന
ബ്രവീമ്യേതദഹം സത്യം സത്യേനൈവ ച തേ ശപേ. 4

“ ഭുവി	“ ഈ ലോകത്തിൽ	സത്യം	വാസ്തവമായും
മമ	എനിക്ക്	അഹം	ഞാൻ
രാമാത്	ശ്രീരാമനെക്കാൾ	ബ്രവീമി ;	പറയുന്നു ;
പ്രിയതമഃ	ഭക്തിക്കുപാത്രീഭവിച്ച	ച	എന്നല്ല
കശ്ചന ഹി	മറെറാരുവനും	സത്യേന ഏവ	സത്യത്തെത്തൊട്ടും
അസ്തി ന ;	ഇല്ല ;	തേ	ഭവാനോട്
ഏതത്	ഇത്	ശപേ.	ശപഥംചെയ്യുന്നു.

അസ്യ പ്രസാദാദാശംസേ ലോകേഽസ്മിൻ സുമഹദ്യശഃ
ധൎമ്മാവാപ്തിം ച വിപുലാമൎത്ഥാവാപ്തിം ച കേവലാം. 5

" അസ്മിൻ	" ഈ
ലോകേ,	ലോകത്തിൽ,
സുമഹത്	സൎവ്വോത്കൃഷ്ടമായ
യശഃ,	ഭക്താനുഗ്രഹവും,
വിപുലാം	വിശേഷഫലത്തെ നൽകുന്ന
ധൎമ്മാവാപ്തിം	ധൎമ്മപ്രാപ്തിയും
കേവലാം	കേവലമായ
അൎത്ഥാവാപ്തിം ച	ധനപ്രാപ്തിയും,
അസ്യ	ഇദ്ദേഹത്തിൻെറ
പ്രസാദാത് ച	കരുണാകടാക്ഷം ഒന്നു കൊണ്ടുതന്നെയെന്ന്
ആശംസേ.	ഞാൻ ദൃഢമായി പറയുന്നു.

സോഽഹം പ്രിയസഖം രാമം ശയാനം സഹ സീതയാ
രക്ഷിഷ്യാമി ധനുഷ്പാണിഃ സൎവ്വതോ ജ്ഞാതിഭിഃ സഹ. 6

" സഃ	" അപ്രകാരമുള്ള
അഹം	ഞാൻ
ധനുഷ്പാണിഃ	ധനുഷ്പാണിയായി
ജ്ഞാതിഭിഃ സഹ	ബന്ധുക്കളോടുംകൂടി
സീതയാ സഹ	സീതാസഹിതനായി
ശയാനം	പള്ളികൊള്ളുന്ന
പ്രിയസഖം	പ്രാണമിത്രമായ
രാമം	ശ്രീരാമനെ
സൎവ്വതഃ	എങ്ങും
രക്ഷിഷ്യാമി.	കാവൽകാത്തുകൊള്ളാം.

ന ഹി മേഽവിദിതം കിഞ്ചിദ്വനേഽസ്മിംശ്ചരതഃ സദാ
ചതുരംഗം ഹ്യപി ബലം സുമഹത് പ്രസഹേമഹി. 7

" അസ്മിൻ	" ഈ
വനേ	കാട്ടിൽ
സദാ	സദാ
ചരതഃ	സഞ്ചരിക്കുന്നവനായ
മേ,	എനിക്ക്,
അവിദിതം	(ഇതിനെക്കുറിച്ച്) അറിയാത്ത സംഗതി
കിഞ്ചിത് ഹി ന;	ഒന്നുംതന്നെയില്ല;
സുമഹത്	വമ്പിച്ച
ചതുരംഗം ബലം അപി	ചതുരംഗപ്പടയേയും
പ്രസഹേമഹി;	ഞങ്ങൾക്ക് എതിൎപ്പാൻ കഴിയും
ഹി. "	സംശയമില്ല. "

ലക്ഷ്മണസ്തം തദോവാച രക്ഷ്യമാണാസ്ത്വയാനഘ
നാത്ര ഭീതാ വയം സൎവ്വേ ധൎമ്മമേവാനുപശ്യതാ. 8

ലക്ഷ്മണഃ	ലക്ഷ്മണൻ
തം	ആ ഗുഹനോട്
തദാ	അപ്പോൾ
ഉവാച ;	ഇങ്ങിനെ ഉരചെയ്തു ;
" അനഘ !	" ഗുണവാനേ !
ധൎമ്മം ഏവ	ധൎമ്മം ഒന്നിനെത്തന്നെ
അനുപശ്യതാ	സൎവ്വവുമായി കണ്ടുകൊണ്ട
ത്വയാ,	അങ്ങയാൽ,
രക്ഷ്യമാണാഃ	രക്ഷിക്കപ്പെടുന്നവരായ
സൎവ്വേ,	എല്ലാവരും,
വയം,	ഞങ്ങളും,
അത്ര	ഇപ്പോൾ ഇവിടെ
ഭീതാഃ ന.	ഭയരഹിതരായി വൎത്തിക്കുന്നു.

കഥം ദാശരഥൌ ഭൂമൌ ശയാനേ സഹ സീതയാ
ശക്യാ നിദ്രാ മയാ ലബ്ധും ജീവിതം വാ സുഖാനി വാ. 9

"ദാശരഥൌ	"ശ്രീരാമൻ	മയാ ലബ്ധും	എന്നാൽ പ്രാപിപ്പാൻ
സീതയാ സഹ	സീതാസമേതനായി	കഥം ശക്യാ?	എങ്ങിനെ കഴിയും?
ഭൂമൌ	നിലത്ത്	ജീവിതം വാ?	ആഹാരാദിയെങ്ങിനെ?
ശയാനേ,	ശയിച്ചുകൊണ്ടിരിക്കെ,	സുഖാനി വാ?	ദേഹസൌഖ്യങ്ങൾ
നിദ്രാ	ഉറക്കമെന്നത്		തന്നെ എങ്ങിനെ?

[8, 9, ശ്ലോകങ്ങൾ ഏകാന്വയമായെടുത്ത്, 'ധർമ്മത്തെ മാത്രം അനുഷ്ഠിക്കുന്നവനായ എന്നാൽ എങ്ങിനെ നിദ്രയെ പ്രാപിപ്പാൻ കഴിയും; ഇത്യാദി" (സത്യ. തീ.) "ത്വയാ നിരക്ഷ്യമാണാഃ, യതൊ രക്ഷ്യമാണാഃ, തസ്മാന്നാത്ര ഭീതാഃ" (അങ്ങയാൽ രക്ഷിക്കപ്പെടാതെ ശ്രീരാമനാൽ രക്ഷിക്കപ്പെടുന്നവരാകയാൽ നമുക്കാർക്കും ഭയമെന്നതില്ല.) എന്നും]

യോ ന ദേവാസുരൈഃ സർവ്വൈഃ ശക്യഃ പ്രസഹിതും യുധി
തം പശ്യ സുഖസംസുപ്തം തൃണേഷു സഹ സീതയാ. 10

"യഃ	"യാതൊരുവൻ	തം,	അപ്രകാരമുള്ളവനെ,
ദേവാസുരൈഃ സർവ്വൈഃ	ദേവാസുരന്മാരെല്ലാവരാലും	സീതയാ സഹ	സീതാസമേതനായി
		തൃണേഷു	പുല്ലുകളിൽ
യുധി	പോരിൽ	സുഖസംസുപ്തം	സുഖമായി നിദ്രചെയ്യുന്നവനായി
പ്രസഹിതും	എതിർപ്പാൻ		
ശക്യഃ ന,	ശക്യമല്ലയോ,	പശ്യ.	ഭവാൻ നോക്കുക.

യോ മന്ത്രതപസാ ലബ്ധോ വിവിധൈശ്ച പരിശ്രമൈഃ
ഏകോ ദശരഥസ്യേഷ്ടഃ പുത്രഃ സദൃശലക്ഷണഃ. 11

"ഏകഃ	"നിസ്തുല്യനും	വിവിധൈഃ	പല
സദൃശലക്ഷണഃ,	തനിക്കുമാത്രംചേർന്ന ശുഭഗുണങ്ങളാന്വ	പരിശ്രമൈഃ ച	നിയമാനുഷ്ഠാനങ്ങളാ [ലും
		ലബ്ധഃ	ലഭിച്ച
ഇഷ്ടഃ,	ലോകാഭിരാമനും, [നും	പുത്രഃ	തിരുമകനും
ദശരഥസ്യ	ദശരഥമഹാരാജാവിന്നു		
മന്ത്രതപസാ	വേദപാരായണാദി പുണ്യഫലത്താലും	യഃ.	യാതൊരുവനോ, അപ്രകാരമുള്ളവനാകുന്നു ഈ ശ്രീരാമൻ.

അസ്മിൻ പ്രവ്രാജിതേ രാജാ ന ചിരം വർത്തയിഷ്യതി
വിധവാ മേദിനീ നൂനം ക്ഷിപ്രമേവ ഭവിഷ്യതി. 12

അസ്മിൻ	ഇദ്ദേഹം	നൂനം	ആകയാൽ
പ്രവ്രാജിതേ,	കാട്ടിലിരിക്കുമ്പോൾ	മേദിനീ ഏവ	രാജ്യവും
രാജാ	മഹാരാജാവ്	ക്ഷിപ്രം	ഉടനെ
ചിരം	അധികം	വിധവാ	നാഥരഹിതയായി
വർത്തയിഷ്യതി ന;	ജീവിച്ചിരിക്കയില്ല;	ഭവിഷ്യതി.	തീരും.

അന്തരക്തജനാകീൎണ്ണാ സുഖലോകപ്രിയാവഹാ
രാജവ്യസനസംസൃഷ്ടാ സാ പുരീ വിനശിഷ്യതി. 13

"അന്തരക്ത-ജനാകീൎണ്ണാ	"രാജഭക്തന്മാരാൽ നിറയപ്പെട്ടതും	സാ പുരീ,	ആ നഗരവും,
സുഖലോക-പ്രിയാവഹാ	ഉത്സവാഡംബരങ്ങളാൽ പ്രിയമായ് വിലസിയിരുന്നതുമായ	രാജവ്യസന-സംസൃഷ്ടാ	രാജാവിന്റെ മരണത്താലുള്ള ദുഃഖംമൂലം പീഡിക്കപ്പെട്ടതായി
		വിനശിഷ്യതി.	പാഴായ്ത്തീരും.

വിനദ്യ സുമഹാനാദം ശ്രമേണോപരതാഃ സ്ത്രിയഃ
നിൎഘോഷോപരതം താത മന്യേ രാമനിവേശനം. 14

"താത!	"പ്രിയസ്നേഹിത!	ഉപരതാഃ	ഒതുങ്ങിക്കിടക്കുന്നവരായും
സ്ത്രിയഃ	സ്ത്രീകൾ	രാമനിവേശനം	ശ്രീരാമന്റെ തൃക്കോവിലകം
സുമഹാനാദം വിനദ്യ	ഉറക്കെ മുറയിട്ട്	നിൎഘോഷോ-പരതം മന്യേ.	നിശ്ശബ്ദമായി കിടക്കുന്നതായും ഞാൻ കരുതുന്നു.
ശ്രമേണ	ക്ഷീണംകൊണ്ട്		

കൌസല്യാ ചൈവ രാജാ ച തഥൈവ ജനനീ മമ
നാശംസേ യദി ജീവന്തി സൎവ്വേ തേ ശൎവ്വരീമിമാം. 15

"രാജാ ച	"മഹാരാജാവും	യദി ഏവ	എന്തൊ,
കൌസല്യാ ച	കൌസല്യാദേവിയും	ഇമാം ശൎവ്വരീം-ഏവ	ഈ രാത്രികൂടി
മമ	എന്റെ		
ജനനീ തഥാ	മാതാവും,	ജീവന്തി ന	ജീവിച്ചിരിക്കയില്ലെന്ന്
തേ സൎവ്വേ,	അവർ എല്ലാവരും	ആശംസേ.	ഞാൻ ഭയപ്പെടുന്നു.

ജീവേദപി ഹി മേ മാതാ ശത്രുഘ്നസ്യാനപേക്ഷയാ
തദ്ദുഃഖം യത്തു കൌസല്യാ വീരസൂൎവ്വിനശിഷ്യതി. 16

"മേ	"എന്റെ	വീരസൂഃ	വീരമാതാവായ
മാതാ	മാതാവ്	കൌസല്യാ	കൌസല്യാദേവി
ശത്രുഘ്നസ്യ	ശത്രുഘ്നന്റെ	യത് തത്	അപ്രകാരമുള്ള ഈ
അനപേക്ഷയാ	വിചാരംകൊണ്ട്	ദുഃഖം ഹി	ദുഃഖത്താൽതന്നെ
ജീവേത് അപി?	ഒരുപക്ഷെ ജീവിച്ചിരിക്കമൊ എന്തൊ?	തു	ഇപ്പോൾ
		വിനശിഷ്യതി.	മരിച്ചുപോകും.

കഥം പുത്രം മഹാത്മാനം ജ്യേഷ്ഠം സന്തമപശ്യതഃ
ശരീരം ധാരയിഷ്യന്തി പ്രാണാ രാജ്ഞോ മഹാത്മനഃ. 17

"മഹാത്മാനം	ദിവ്യതപമാൎന്നവനും	മഹാത്മനഃ	മഹാത്മാവായ
ജ്യേഷ്ഠം	ഉത്തമനും	രാജ്ഞഃ	മഹാരാജാവിന്റെ
സന്തം	പുണ്യവാനുമായ	പ്രാണാഃ	പ്രാണങ്ങൾ
പുത്രം	പുത്രനെ	ശരീരം	ദേഹത്തിൽ
അപശ്യതഃ	കാണ്മാൻ കഴിയാത്തവനായ	കഥം	എങ്ങിനെ
		ധാരയിഷ്യന്തി?	നിലനില്ക്കും?

വിനഷ്ടേ നൃപതൌ പശ്ചാത് കൌസല്യാ വിനശിഷ്യതി
അനന്തരം ച മാതാഽപി മമ നാശമുപൈഷ്യതി. 18

" നൃപതൌ	" മഹാരാജാവു്	അനന്തരം	അതിൽപിന്നെ
വിനഷ്ടേ പശ്ചാത്,	മരിച്ചാൽപിന്നെ,	മമ	എന്റെ
കൌസല്യാ	കൌസല്യാദേവി	മാതാ അപി ച	മാതാവും
വിനശിഷ്യതി;	മരിച്ചുപോകും;	നാശം ഉപൈഷ്യതി.	മരണത്തെ പ്രാപിച്ചുകളയും.

അതിക്രാന്തമതിക്രാന്തമനവാപ്യ മനോരഥം
രാജ്യേ രാമമനിക്ഷിപ്യ പിതാ മേ വിനശിഷ്യതി. 19

" മേ	" എന്റെ	മനോരഥം	അഭീഷ്ടം
പിതാ,	പിതാവു്,	അനവാപ്യ	സാധിക്കാതെ
രാജ്യേ	രാജ്യത്തിൽ	വിനശിഷ്യതി;	അന്തരിച്ചുപോകും;
രാമം	ശ്രീരാമനെ[അവനായി	അതിക്രാന്തം അതിക്രാന്തം.	വന്നതെല്ലാം വന്നുകഴിഞ്ഞു.
അനിക്ഷിപ്യ	വാഴിക്കാൻ സാധിക്കാ-		

സിദ്ധാൎത്ഥാഃ പിതരം വൃത്തം തസ്മിൻ കാലേഽപ്യുപസ്ഥിതേ
പ്രേതകാൎയ്യേഷു സൎവ്വേഷു സംസ്കരിഷ്യന്തി ഭൂമിപം. 20

" തസ്മിൻ	" ആ	സിദ്ധാൎത്ഥാഃ	ഭാഗ്യംചെയ്തവർതന്നെ[യാണ്,
കാലേ ഉപസ്ഥിതേ	സമയം എത്തുമ്പോൾ	വൃത്തം	തീപ്പെട്ട
പ്രേതകാൎയ്യേഷു	ചരമകൃത്യങ്ങൾ	ഭൂമിപം	മഹാരാജാവായ
സൎവ്വേഷു അപി	എല്ലാവററിലും,	പിതരം	പിതാവിനു
		സംസ്കരിഷ്യന്തി.	സംസ്കാരങ്ങൾ ചെയ്യുക.

രമ്യചത്വരസംസ്ഥാനാം സുവിഭക്തമഹാപഥാം
ഹൎമ്മ്യപ്രാസാദസംപന്നാം ഗണികാവരശോഭിതാം 21
രഥാശ്വഗജസംബാധാം തൂൎയ്യനാദവിനാദിതാം
സൎവ്വകല്യാണസംപൂൎണ്ണാം ഹൃഷ്ടപുഷ്ടജനാകുലാം 22
ആരാമോദ്യാനസംപന്നാം സമാജോത്സവശാലിനീം
സുഖിതാ വിചരിഷ്യന്തി രാജധാനീം പിതുർമമ. 23

" മമ	" എന്റെ	ഹൎമ്മ്യപ്രാസാദസംപന്നാം	മാളികകളോടും കോവിലകങ്ങളോടുംകൂടിയതും
പിതുഃ	പിതാവിന്റെ	ഗണികാവരശോഭിതാം	മണമാന്ന മുല്ലപ്പൂക്കളാൽ വിലസുന്നതും;
രമ്യചത്വര-സംസ്ഥാനാം	അഴകാന്ന നാൽക്കൂട്ടവഴികൾ ചേൎന്നതും,	രഥാശ്വഗജ-സംബാധാം	രഥഗജതുരഗങ്ങൾ നിറഞ്ഞുള്ളതും,
സുവിഭക്ത-മഹാപഥാം	ഭംഗിയിൽ ഉണ്ടാക്കപ്പെട്ട രാജവീഥികളോടുകൂടിയതും	തൂൎയ്യനാദ-വിനാദിതാം	വാദ്യഘോഷങ്ങൾ മുഴങ്ങുന്നതും,

സൎവ്വകല്യാണ-സംപൂൎണ്ണാം	സൎവ്വശോഭനവസ്തുക്കളാലും നിറയപ്പെട്ടതും,
ഹൃഷ്ടപുഷ്ട-ജനാകുലാം	സമൃദ്ധിയാൎന്ന് സന്തുഷ്ടിപൂണ്ട ജനങ്ങളാൽ നിറയപ്പെട്ടതും,
ആരാമോദ്യാന-സംപന്നാം	തോപ്പുകളും തോട്ടങ്ങളും നിറഞ്ഞതും,
സമാജോത്സവ-ശാലിനീം	ജനങ്ങൾ കൂട്ടംകൂട്ടമായി കൂടുന്ന ഉത്സവങ്ങളോടുകൂടിയതുമായ
രാജധാനീം	രാജധാനിയിൽ
സുഖിതാഃ വിചരിഷ്യന്തി.	കൃതകൃത്യന്മാർതന്നെയാണ് സഞ്ചരിക്കുക.

അപി ജീവേദ്ദശരഥോ വനവാസാത് പുനൎവ്വയം
പ്രത്യാഗമ്യ മഹാത്മാനമപി പശ്യാമ സുവ്രതം. 24

"ദശരഥഃ,	"ദശരഥമഹാരാജാവു്,
ജീവേത് അപി?	ജീവിച്ചിരിക്കുമോ ?
വയം	ഞങ്ങൾ
വനവാസാത്	വനവാസം കഴിഞ്ഞു്
പുനഃ	വീണ്ടും
പ്രത്യാഗമ്യ	മടങ്ങിവന്നു്
സുവ്രതം	ധൎമ്മശീലനായ
മഹാത്മാനം	ആ മഹാത്മാവിനെ
പശ്യാമ അപി?	സന്ദൎശിക്കുമോ ?

അപി സത്യപ്രതിജ്ഞേന സാൎദ്ധം കുശലിനാ വയം
നിവൃത്തവനവാസേഽസ്മിന്നയോദ്ധ്യാം പ്രവിശേമഹി. 25

"സത്യ-പ്രതിജ്ഞേന	"പറഞ്ഞവാക്കിളക്കാത്തവനായ
അസ്മിൻ	ഇദ്ദേഹം
നിവൃത്ത-വനവാസേ	വനവാസം കഴിച്ചശേഷം
വയം	ഞങ്ങൾ
കുശലിനാ സാൎദ്ധം	സന്തുഷ്ടനായ ഇദ്ദേഹത്തോടുകൂടി
അയോദ്ധ്യാം	അയോദ്ധ്യയ്ക്കു്
പ്രവിശേമഹി അപി?	മടങ്ങിവരുമോ? "

പരിദേവയമാനസ്യ ദുഃഖാൎത്തസ്യ മഹാത്മനഃ
തിഷ്ഠതോ രാജപുത്രസ്യ ശൎവ്വരീ സാഽത്യവൎത്തത. 26

ദുഃഖാൎത്തസ്യ	ദുഃഖാൎത്തനായി
പരിദേവയ-മാനസ്യ	വിലപിച്ചുകൊണ്ടു്
തിഷ്ഠതഃ	വൎത്തിക്കുന്നവനായ
മഹാത്മനഃ	മഹാത്മാവായ
രാജപുത്രസ്യ,	ആ രാജകുമാരന്നു്,
സാ	ആ
ശൎവ്വരീ	രാത്രി
അത്യവൎത്തത.	അങ്ങിനെ കഴിഞ്ഞുകൂടി.

തഥാ ഹി സത്യം ബ്രുവതി പ്രജാഹിതേ
നരേന്ദ്രപുത്രേ ഗുരുസൌഹൃദാദ് ഗുഹഃ
മുമോച ബാഷ്പം വ്യസനാഭിപീഡിതോ
ജ്വരാതുരോ നാഗ ഇവ വ്യഥാതുരഃ. 27

പ്രജാഹിതേ	പ്രജാഭിമാനിയായ	വ്യസനാഭിപീഡിതഃ	അതിദുഃഖാർത്തനായി,
നരേന്ദ്രപുത്രേ	ആ രാജകുമാരൻ	വ്യഥാതുരഃ	അസഹ്യവേദനപൂണ്ടതായി
ഗുരുസൌഹൃദാത്	പിതാവിങ്കലും ജ്യേഷ്ഠങ്കലും ഉള്ള ഭക്തിയാൽ	ജ്വരാതുരഃ	വ്രണംകൊണ്ടു ദുഃഖിക്കുന്ന
തഥാ ഹി	ഇപ്രകാരം	നാഗഃ ഇവ	ആനയെന്നപോലെ,
സത്യം	നിഷ്കളങ്കമായി	ബാഷ്പം	കണ്ണുനീർ
ബ്രുവതി,	ഉരചെയ്യുന്നസമയം,	മുമോച.	പൊഴിച്ചു.
ഗുഹഃ	ഗുഹൻ		

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ അയോദ്ധ്യാകാണ്ഡേ
ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 4381 ; അയോദ്ധ്യാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2026.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ
ശ്രീമദ്രാമായണേ ഷഷ്ഠേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ
ഇപ്രകാരം പണ്ട് അശ്വമേധയാഗമണ്ഡപത്തിൽ ശ്രീരാമസന്നിധിയിൽവെച്ച് കുശലവന്മാരാൽ
32 ദിവസങ്ങളിലായി ഗാനംചെയ്യപ്പെട്ട ശ്രീരാമായണത്തിൽ ആറാംദിവസം
ഗാനംചെയ്യപ്പെട്ട ശ്ലോകങ്ങളുടെ സമാപ്തി.

ശുദ്ധിപത്രം.

(ശ്ലോകങ്ങളിൽ)

ഭാഗം.	ശ്ലോകം.	വരി.	അബദ്ധം.	സുബദ്ധം.
24	29	1	സത പുരുഷോ	സത് പുരുഷോ
67	13	1	ലക്ഷ്മിതേഷു	ല'ക്ഷിതേഷു
152	105	3	സ്യാത-	സ്യാത്
157	4	1	ദശരസ്തഥാ	ദശരഥസ്തഥാ
188	341	1	ഗ്രഹോപമം	ഗൃഹോപമം
228	29	2	തസ്മാസ്ത്വം	തസ്മാത്സ്വം
307	37	2	മങഗളം	മങ് ഗളം
403	15	2	സ്ഥിതാ	സ്ഥിതാം
445	7	3	തന്ത്യാഗേ	തന്ത്യാഗോ
489	14	1	ജാത്യാസ്തുരംഗമഃ	ജാത്യാസ്തുരംഗമാഃ
492	23	2	സ്വൈശ് ശ്ചത്രൈ	സ്വൈശ് ഛത്രൈ
533	49	2	തതോഽഭേത്യ	തതോഽഭ്യേത്യ

(അന്വയാർത്ഥത്തിൽ)

ഭാഗം.	ശ്ലോകം.	പംക്തി.	വരി.	അബദ്ധം.	സുബദ്ധം.
26	35	2	5	ശ്രേഷ്ഠദ്വിജൈഃ	ശ്രേഷ്ഠൈർദ്വിജൈഃ
63	20	2	5	ഉത്സുകം	ഉത്സുകഃ
64	24	1	4	തദാഃ	തദാ
,,	26	2	1	തം	തത്
67	9	2	6	പ്രമുദിതാഃ	പ്രമുദിതഃ
,,	13	1	3	ശിഖരേഷു	ശിഖരാഭ്രേഷു
,,	,,	2	15	സമുച്ഛ്രിതഃ	സമുച്ഛ്രിതാഃ
69	19	2	5	ആകാംക്ഷമാണഃ	ആകാംക്ഷമാണാഃ
79	34	2	3	ആഖാത്ര്യാഃ	ആഖ്യാത്ര്യാഃ
86	22	1	7	രാമസ്യ	രാഘവസ്യ
107	63	2	8	പ്രതിവേദയിഷ്യതി.	പ്രതിവേദയിഷ്യസി.
110	8	2	5	ബഭൂവ.	ബഭൌ.
159	15	2	4	അഭ്യഗമത്	അഭ്യാഗമത്.
160	16	1	2	ആത്തസ്യ	ആർത്തസ്യ
336	14	1	12	ഭരു	ഒരു
357	15	1	7	രാജാനുഗ്രഹേണ	രാജാനുഗ്രഹണേന
480	9	2	4	രാഘവഃ	രാഘവം
496	4	2	4	ശോചയിഷ്യതി	ശോചിഷ്യതി
528	29	1	4	ഏവം	ഏവ.
536	9	1	1	ദശരഥൌ	ദാശരഥൌ